നിക്കൂ·ഖോറാൻ

സി. ജെ. തോമസിൻെറ നാടകങ്ങൾ

[എട്ടു നാടകങ്ങളുടെ സമാഹാരം]

ന7880
12075

സി. ജെ. തോമസ്

Rs. 12

പ്രസാധകന്മാർ

ശ്രീനി പ്രിൻേറഴ്സ് ആൻറ് പബ്ളിഷേഴ്സ്

പേട്ട — തിരുവനന്തപുരം

ഉള്ളടക്കം

പുറം

മുഖവുര

(1) അവൻ വീണ്ടും വരുന്നു 31

(2) ഭൂതം 81

(3) ഈഡിപ്പസ് രാജാവ് 179

(4) അൻറിഗണി 229

(5) ആ മനുഷ്യൻ നീതന്നെ 273

(6) ശാലോമി 333

(7) പിശുക്കൻെറ കല്യാണം 359

8) 1128-ൽ ക്രൈം 27 439

മുഖചിത്രം — സ്കെച്ച് by എ. ജെ.

സി. ജെ.യുടെ ഈ കൃതി പ്രസാധനം ചെയ്യപ്പെടുന്ന വിവരമറിഞ്ഞു, സി. ജെ.യുടെ സുഹൃത്തും സതീർത്ഥ്യനുമായ ശ്രീ. ഏബ്രഹാംജോസഫ് (ബോമ്പേ) പുസ്തകം മനോഹരമാക്കാൻ പല സഹായങ്ങളുംനൽകിയിട്ടുണ്ട്. ബോമ്പേയിലെ ലാർസൻ ആൻറ് ടൗബ്രോ കമ്പനിയിലെ അത്യുന്നത എക്സിക്യൂട്ടീവ് ഓഫീസറായ അദ്ദേഹം മൺമറഞ്ഞ തൻെറ ചങ്ങാതിയുടെ സ്മരണയോടു പല നിലകളിലും കാണിച്ച ആദരവു ഒരു വസ്തുതയായി രേഖപ്പെടുത്തിക്കൊള്ളുന്നു. പുസ്തകത്തിൻെറ കവർജാക്കററും അദ്ദേഹം വരച്ച് സംവിധാനം ചെയ്തു അയച്ചുതന്നതാണ്.

സി. ജെ. തോമസിന്റെ നാടകസാഹിത്യത്തിന് ഒരു മുഖവുര

I

ബഹുമാന്യനായ ഒരു യാക്കോബായ ക്രിസ്തീയപുരോഹിതന്റെ മകനായിട്ടാണ് സി. ജെ. തോമസിന്റെ ജനനം. 1918 നവമ്പറിൽ ജനിച്ച അദ്ദേഹം, തലച്ചോറിൽ ക്യാൻസർ ബാധിച്ചു 1960 ജൂലായിൽ, 42-ാമത്തെ വയസ്സിൽ മരിച്ചു. യുവത്വം ഉച്ചസ്ഥാനത്തെത്തുംമുമ്പേ അസ്തമിച്ചുപോയ ആ ജീവിതം, സ്വാസ്ഥ്യതയറിഞ്ഞിട്ടില്ലാത്ത ഒരു ജീവിതവുമായിരുന്നു. നാനാമുഖപ്രതിഭയുമായി പല രംഗങ്ങളിലും ഉഴറിക്കഴിഞ്ഞ ആ ജീവിതത്തിനിടയിൽ അവശേഷിപ്പിച്ച നാടകങ്ങളാം സി. ജെ. തോമസിനെ അനശ്വരനാക്കിത്തീർക്കുന്നു.

എസ്സ്. എസ്സ്. എൽ. സി. പാസായതോടെ തുടങ്ങി, ആഘാതച്ചുഴികളിലൂടെയുള്ള ആ ജീവിതത്തിന്റെ കറക്കം. ഉപരിപഠനത്തിന് പിതാവ് മകനെ കോളേജിൽ ചേർത്തത് വൈദികവിദ്യാർത്ഥിയായിട്ടായിരുന്നു. ഏറെക്കാലം കഴിയുംമുമ്പ്, ഗൃഹാന്തരീക്ഷത്തിൽ വലിയൊരു ഞെട്ടലുണ്ടാക്കുമാറ്, തോമസ് ''ളോഹ'' കീറിക്കളഞ്ഞു. ഗൃഹനാഥൻ പുരോഹിതനായ ആ വീട്ടിൽ വൈദിക വേഷം കീറിക്കളയുന്ന നടപടിക്ക് സാമാന്യമായ സാഹസികതയിലും കൂടുതൽ സാഹസബുദ്ധി വേണം. വൈദികവൃത്തിയിൽ ബാലനു തോന്നിയ വിപ്രതിപത്തിയിൽ മാത്രം ആ പ്രവൃത്തിയുടെ അർത്ഥം, ആ ഗൃഹാന്തരീക്ഷത്തിൽ, ഒതുങ്ങുകയില്ല. തോമസിന്റെ സ്വഭാവത്തിന്റെയും നടപടികളുടേയും പൂർണ്ണ പ്രാതിനിധ്യമുള്ള ഒരു പ്രതീകമാണ് ജീവിതസുപ്രഭാതത്തിലെ ഈ സാഹസകൃത്യം.

സ്വഭാവഘടനയുടെ കാര്യമാണെങ്കിൽ—''വിശ്വാസാത്മക''മായ ഒരു സ്വഭാവത്തെയാണ് വിശ്വാസനിഷേധപരമായ ഈ നടപടി പ്രകടമാക്കുന്നത്. എന്തിലെങ്കിലും കേവലവിശ്വാസമർപ്പിക്കാതെയുള്ള ജീവിതം വ്യർത്ഥമെന്നു കരുതുന്ന ഒരു പ്രകൃതക്കാരനെയാണ് ഇവിടെ ''വിശ്വാസ'' പ്രയോഗം കൊണ്ട് ഞാനർത്ഥമാക്കുന്നത്. തെററന്നു ബോദ്ധ്യമുള്ള അനേകായിരം കാര്യങ്ങളെ, വിവേകം, പ്രായോഗികബുദ്ധി എന്നിങ്ങനെയുള്ള വലിയ വാക്കുകളുടെ മറ ഉപയോഗിച്ചു കാണാതിരിക്കുക എന്ന നടപടിയാണ് മാന്യത. നിയുക്തമായ ജീവിതവൃത്തി സ്വന്ത വിശ്വാസനിലകളുമായി പൊരുത്തപ്പെട്ടതായിരിക്കണം എന്നു ശഠിക്കുകയും, ആ ശാഠ്യത്തിന്റെ പേരിൽ വിശ്വാസനിഷേധത്തിനു മുതി

രുകയും ചെയ്യുന്ന ''അവിശ്വാസി'' വ്യക്തിയെന്ന നിലയിൽ ഒരു ''ആജന്മവിശ്വാസി''യാണ് — വിശ്വാസത്തിന്റെ പ്രശ്നത്തിന് വ്യക്തിജീവിതത്തിൽ കൂടുതൽ പ്രസക്തി കല്പിക്കുന്ന കൊടിയ വിശ്വാസി! വിശ്വാസത്തിന്റെ ശുഭ്രമായ പ്രകാശവലയത്തിൽ ഒരു കറുത്ത പാടുപോലും സഹിക്കാനാവാത്ത ഇത്തരം കടുംവിശ്വാസികൾ, സ്വഭാവേന വിശ്വാസനിഷേധികളായി മാറുകയും ചെയ്യുന്നു. ഈ സ്വഭാവപ്രക്രിയയുള്ള ലക്ഷണയുക്തമായ ഉദാഹരണമാണ് സി. ജെ. തോമസിന്റെ ജീവചരിത്രം. മാനസികജീവിതത്തേയും ജീവിതവൃത്തികളേയും, മാന്യന്മാരും ബുദ്ധിമാന്മാരും ചെയ്യുന്നതുപോലെ രണ്ടു തട്ടുകളിലായി നീക്കിനിർത്താൻ കഴിയാതിരുന്ന ''ബുദ്ധിശൂന്യ''നായ സി. ജെ. തോമസ്സ്, വിശ്വാസനിഷേധക്കാരനായ 'കടുംവിശ്വാസിയായി' ജീവിതാന്ത്യംവരെ ഉഴറിനടക്കുകയും, സ്നേഹിതന്മാരിൽനിന്നും ശത്രുക്കളിൽനിന്നും ''ജീവിക്കാനറിയാത്ത വിഡ്ഢി'' എന്ന കീർത്തിമുദ്ര നേടുകയും ചെയ്തു.

സാഹിത്യകലാകാരനായ സി. ജെ. തോമസ്സിനെ പഠിക്കാൻ ഭാവിക്കുന്ന നമുക്ക്, ഇവിടെ രണ്ടു കാര്യങ്ങളെ സന്ധിക്കാൻ കഴിയും. വിശ്വാസത്തിന്റെ ഏററവും വലിയ ചെയ്തിയാണല്ലോ സൃഷ്ടി. തീക്ഷ്ണമായ വിശ്വാസമൊന്നു മാത്രമാണ് മഹത്തായ കലാസൃഷ്ടിയുടെ ഗർഭഗൃഹം. നാം മുകളിൽ നിരീക്ഷിച്ചുകഴിഞ്ഞ വ്യക്തിജീവിതത്തിന്റെ ആ ശ്മശാനഭൂമി, തീക്ഷ്ണവിശ്വാസങ്ങളുടെ തലയോട്ടുകൾകൊണ്ടു് കലാസംസൃഷ്ടിക്കു വേണ്ട ഒരു ഗർഭഗൃഹം സി, ജെ. യ്ക്കു ചമച്ചുകൊടുത്തു. വിശേഷാത്തരബുദ്ധിമാനെന്ന സ്ഥാനം എന്നും ചരിത്രത്തിലുള്ള വോൾട്ടെയർ, ആ മഹാബുദ്ധികൊണ്ടു ചമച്ച സാഹിത്യങ്ങൾ ഇന്നു ചരിത്രകൗതുകങ്ങൾപോലുമല്ലല്ലോ. സമ്പൂർണ്ണവിഡ്ഢിയാണെന്ന കാര്യത്തിൽ ഒരു സംശയവും ശേഷിപ്പിക്കാത്ത ഡോസ്റ്റോയേവ്സ്കി ഒരു കാലത്തും മരിക്കാത്ത സാഹിത്യം സൃഷ്ടിച്ചുവയ്ക്കുകയും ചെയ്തു. വിശ്വാസനിഷേധമുൾപ്പെടെ തികച്ചും വിശ്വാസാത്മകനായ സി. ജെ.യുടെ വിശ്വാസാത്മകസത്വത്തിന്റെ സൃഷ്ടിയാണ് അദ്ദേഹത്തിന്റെ നാടകങ്ങൾ.

മറെറാരു ജീവചരിത്രപ്രത്യേകതയുംകൂടി ഇവിടെ നാം ശ്രദ്ധിക്കേണ്ടതായുണ്ടു്. സി. ജെ. യും ബൈബിളുമായുള്ള വേഴ്ചയാണതു്. ബൈബിളിലെ കഥാനായകന്മാരും സംഭവങ്ങളുമായി ഏറിയും കുറഞ്ഞും പരിചയമുള്ളവരാണ് സ്വാഭാവികമായും ക്രിസ്ത്യാനികൾ. പൗരോഹിത്യവിദ്യാർത്ഥിയെന്ന നിലയിൽ തോമസ്സ് ആ ഇതിഹാസം പാഠമായി പഠിക്കുകയും, ആ പാഠങ്ങൾ കൂടുതൽ സുഗ്രാഹ്യമാക്കുമാറു് ക്രിസ്തീയ മതചരിത്രവും മതതത്വചിന്തകളും സ്വായത്തമാക്കുകയും ചെയ്തു. അതിപ്രഗാഢമായ ഒരു വേഴ്ചയായിരുന്നു അതു്. ''ളോഹ'' കീറിക്കളഞ്ഞ തോമസ് മതവിശ്വാസത്തോടു വഴക്കടിച്ചുപോവുമ്പോൾ ഈ ബൈബിൾ നെഞ്ചിലടുക്കിപ്പിടിച്ചുകൊണ്ടാണ, പക്ഷെ പോയതു്. മനുഷ്യഭാവനയിലൂറിയതിൽ വച്ചേററവും ഗംഭീരമനോഹരമായ ആ കലാസൃഷ്ടി, ളോഹ കീറിക്കളഞ്ഞ ആ ''ശെമ്മാശ്ശു''ന്റെ ഹൃദയത്തിനുള്ളിൽ സ്ഥാനം പിടിക്കുകയും ചെയ്തു. മതനിബന്ധനകളിൽനിന്നും മതവേഴ്ചകളിൽനിന്നും വേർപെട്ട നിലയിൽ

തോമസിൻെറ സ്വതന്ത്രമായ ഭാവനകഠംക്കം സങ്കല്പവൈഭവത്തിനും വിഹരിക്കാനുള്ള വിശാലമായ മേച്ചിൽസ്ഥലമായി ബൈബിഠം എന്നും വൎത്തിച്ചു. കാവ്യഭാഷയിൽ വൎണ്ണലയങ്ങഠം ചേൎക്കുന്ന മഴവില്ലായും, സങ്കല്പഭാവനാദികളിൽ നവമനോഹരങ്ങളായ പൂക്കഠം വിരിയിക്കുന്ന ഋതുവിശേഷമായും, ബൈബിഠംമഹാഗ്രന്ഥം ആ ജീവിതത്തിൽ എന്നും ജീവിച്ചു.

II

പൊതുപ്രസ്ഥാനങ്ങളും സ്നേഹബന്ധങ്ങളും ചുമന്നു് കേരളത്തിലെ എല്ലാ പട്ടണസങ്കേതങ്ങളിലും ഉഴറിനടക്കുന്നതിനിടയ്ക്കു്, അവിടത്തെ ആഘാതങ്ങളിൽനിന്നു ജനിച്ചവയാണു് സി. ജെ. തോമസിൻെറ സാഹിത്യപരമായ മിക്ക രചനകളും. സ്വസ്ഥമായ പഠനത്തിൻെറ പ്രത്യക്ഷമായ പ്രേരണയിൽ ഒരുപന്യാസമെഴുതണമെന്ന തോന്നൽ സി. ജെ. യ്ക്കുണ്ടായിരുന്നാൽതന്നെയും, അതു തോന്നൽ മാത്രമായി മിക്കപ്പോഴും കെട്ടുപോവുകയാണു ചെയ്യുന്നതു്. സാഹചര്യത്തിൽനിന്നുണ്ടാവുന്ന എന്തെങ്കിലും പ്രകോപനത്തിനു മാത്രമാണു് സി. ജെ. യെ പിടിച്ചിരുത്തി കടലാസിൽ കാര്യങ്ങഠം എഴുതിപ്പിക്കാൻ കഴിഞ്ഞിരുന്നതെന്നും തോന്നുന്നു. അറക്കവാളിൻെറ വായ്ത്തലപോലെ നീണ്ടിയ ആ ജീവിതം, ഏതാണ്ടതേ ഘടനയുള്ള സാഹിത്യരചനകളെയും അവശേഷിപ്പിച്ചു. സ്വന്തം വികാരതീവ്രതയുടെ ടാങ്കുകഠം വച്ചു്, ഈച്ചകളെയും കൊതുക്കളേയും രൗദ്രഭാവത്തോടെ വെടിവച്ചുകൊല്ലുന്ന ഒരു സി. ജെ. യുടെ ചിത്രവും, മുളങ്കമ്പു കൊണ്ടു ചെത്തിയുണ്ടാക്കിയ സ്വന്തം കളിവാഠം ചുഴററിക്കൊണ്ടു് ദൂരെ നിൽക്കുന്ന സിംഹങ്ങളെ പരമഗൗരവഭാവത്തിൽ ഭീഷണിപ്പെടുത്തി നിൽക്കുന്ന ഒരു സി. ജെ. ചിത്രവും—ഇവ രണ്ടും ആ രചനകളിൽ കാണാൻ കഴിയും. എന്നാൽ നാടകവുമായി സി. ജെ. യ്ക്കുണ്ടായിരുന്ന മാനസികവേഴ്ചയും, ആ രംഗത്തു അദ്ദേഹം നടത്തിയ യത്നങ്ങളും, തികച്ചും ഭിന്നമായ ഒരു ഹൃദയതലത്തിൽ വൎത്തിക്കുന്നു. സാഹിത്യകലയിൽ ജന്മനായുള്ള സിദ്ധിയുടേയും, നാടകരൂപത്തോടു ആ സിദ്ധിക്കുണ്ടായിരുന്ന സഹജാഭിമുഖ്യത്തിൻേറയും അനിരോധ്യപ്രേരണയാണു് സി. ജെ. യെക്കൊണ്ടു നാടകങ്ങഠം എഴുതിച്ചതു്.

നാടകസാഹിത്യത്തെക്കുറിച്ചു സി. ജെ.യ്ക്കുണ്ടായിരുന്ന താത്ത്വികസങ്കല്പവും, നാടകരചയിതാവു് എന്ന നിലയിൽ തനിക്കുണ്ടായ അസ്സൽ അനുഭവവും കൂട്ടിവച്ചു നോക്കുമ്പോഠം, സി. ജെ. എങ്ങിനെ തൻെറ നാടകങ്ങഠം എഴുതി എന്നോൎത്തു ഒരാഠം ആശ്ചര്യപ്പെട്ടുപോവും. 'നാടകം' എന്ന സംജ്ഞ തന്നെ, രംഗത്തവതരിപ്പിക്കാൻ പററുന്ന പ്രത്യേകമായ ഒരു സാഹിത്യരൂപം എന്ന നിൎവ്വചനമുഠംക്കൊള്ളുന്നുണ്ടല്ലോ. ഈ പ്രാഥമികവസ്തുതയെ, അതിനനുബന്ധമായുള്ള എല്ലാ ഉപാധികളിൽനിന്നും വേർപെടുത്തി, നീക്കുപോക്കില്ലാത്ത ഒരു നാടകമതമാക്കി മാററി പ്രചരിപ്പിച്ചയാളാണു് സി. ജെ. തോമസ്. വിശദമായി അപഗ്രഥിച്ചു ചൎച്ച ചെയ്യേണ്ട ഈ കാര്യം ഞാൻ നീക്കിനിൎത്തുന്നു. നാടകക്കമ്പനിക്കാർ രംഗ

പ്രയോഗത്തിനു സ്വീകരിക്കുകയും (എങ്കിൽ മാത്രമാണല്ലോ നാടകസദസ്സിന്റെ പ്രശ്നം വരുന്നതു്) ടിക്കററു വാങ്ങി നാടകം കാണാനെത്തുന്ന (അതതു കാലത്തെ) സമ്മിശ്രസദസ്സിനെ ആദ്യന്തം ആകർഷിച്ചിരുത്തുകയും ചെയ്യുന്നതിനു കഴിവില്ലാത്ത നാടകങ്ങഠം, മറെറന്തായാലും നാടകമല്ല എന്ന ശാഠ്യക്കാരനായിരുന്നു സി. ജെ. അദ്ദേഹത്തിന്റെ ആഗ്രഹമാകട്ടെ അതുപോലുള്ള നാടകങ്ങഠം എഴുതണമെന്നുമായിരുന്നു. വിശ്വനാടകസാഹിത്യത്തിലും നാടകചരിത്രത്തിലുമുള്ള പരന്ന പഠനങ്ങഠം സി. ജെ. യുടെ ഈ നാടകമതത്തിന്റെ പിന്നിലുണ്ടു്. ഗ്രീക്കു ട്രാജഡികഠം, ഷേക്സ്പിയർ, ഇബ്സൻ, ഷെക്കോവ്, ഒനീൽ—ഇവരുടെയൊക്കെ കൃതികളും അവയുടെ ചരിത്രവും പഠിച്ചു സ്വരൂപിക്കപ്പെട്ടതാണു് ഈ സിദ്ധാന്തം. ആ ചിന്താഗതി ഏതാണ്ടിങ്ങിനെ നീങ്ങും. ഏതൻസിലെ വാർഷികനാടകോത്സവങ്ങളിൽനിന്നാണു് ക്ലാസ്സിക്കൽ ഗ്രീക്കുനാടകങ്ങളുടെ ജനനം. സോഫോക്ലിസ്സിന്റെ ട്രാജഡികഠം, തൽക്ഷണമുള്ള അഭിനയാവശ്യത്തിനുവേണ്ടി രചിക്കപ്പെട്ടവയും, തുറന്ന മൈതാനത്തു തടിച്ചുകൂടിയ പൗരസദസ്സുകളെ കൂടുതൽ രസിപ്പിച്ചതിനു് സമ്മാനം നേടിയവയുമാണു്. ഷേക്സ്പിയറാവട്ടെ, ഒരു കമ്മേഴ്സ്യൽ നാടകകമ്പനിയിൽ ചോട്ടാനടനായി കൂടെ സഞ്ചരിച്ചു്, അതതു സീസണിൽ കളിച്ചുനടക്കാൻവേണ്ടി തന്റെ നാടകങ്ങളത്രയും എഴുതിയ ആളാണു്. അതതു കാലത്തെ ''ജനകീയ സ്റ്റേജുമായി'' പ്രത്യക്ഷബന്ധം ഏറിയും കുറഞ്ഞും മററു മഹാരഥന്മാരുടെ നാടകങ്ങഠംക്കുമുണ്ടു്. ഇവിടെ നിന്നുകൊണ്ടു നമുക്കു സി. ജെ. തോമസ്സും, തോമസ്സിന്റെ നാടകങ്ങളും മലയാളക്കരയിലെ നാടക''സ്റ്റേജു''മായി പുലർത്തിയ ബന്ധമെന്തെന്നു നോക്കാം.

പ്രതിഭാസമ്പന്നനായ സി. ജെ. ഉത്കടമായി ആഗ്രഹിച്ചിരുന്നെങ്കിലും, ഒരു നാടകഡയറക്ടറായി നാടകങ്ങഠം സ്റ്റേജിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിനു ഒരിക്കലും കഴിഞ്ഞില്ല. ഉന്നതമായ തന്റെ നാടകാവതരണബോധവുമായി നാടകം സ്റ്റേജുചെയ്യുന്ന സംഘങ്ങളിൽ സി. ജെ. സ്വയം ചെന്നിരുന്നാൽ തന്നെയും, മലയാളക്കരയിലെ നാടകക്കാർക്കു് ഈ ''ഡയറക്ടോറിയൽ ജീനിയസ്സ്'' സ്വീകാര്യനാവുമായിരുന്നില്ല എന്നതും തീർച്ച. അങ്ങിനെ ഈ നാട്ടിലുള്ള നാടകസ്റ്റേജുമായി ഒരു സമ്പർക്കവുമില്ലാതെയും, രംഗത്തുടൻ അവതരിപ്പിക്കപ്പെടും എന്ന പ്രതീക്ഷകൂടാതെയുമാണു് സി.ജെ. തോമസ് 1949-ൽ ''അവൻ വീണ്ടും വരുന്നു'' എന്നു തന്റെ ആദ്യനാടകമെഴുതിയതു് ! സ്റ്റേജിൽവച്ചു മാത്രം ഗുണനിർണ്ണയം നടത്തേണ്ട ആ കൃതി, പുസ്തകമായി അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു ! സാഹിത്യകൃതിയെന്ന നിലയിൽ പ്രചരിച്ച ആ നാടകപ്പുസ്തകം, ഈ നാടിന്റെ രീതിയനുസരിച്ചു ഒരുതരത്തിൽ ആദരിക്കപ്പെടുകയും ചെയ്തു. ''രംഗാവതരണ നാടകമത''ക്കാരനായ സി. ജെ., രംഗത്തെ വിജയത്തിനുവേണ്ടി എല്ലാ സങ്കല്പശേഷിയും മുതലിറക്കി എഴുതിയ ആ നാടകം, തീപ്പിടിപ്പിക്കുന്നത്ര തീക്ഷ്ണമായ ഭാവസാന്ദ്രത രംഗത്തു പ്രകാശിപ്പിക്കാൻ കഴിയുന്ന നാടകമാണെന്നിരുന്നിട്ടും, വർഷംപ്രതി ഒരു നാടകം കളിക്കുന്ന വാർഷികാഘോഷക്കാരുംപ്പടെ നാടകഗ്രൂപ്പുകാരാരും അതിനെ തിരിഞ്ഞു

നോക്കിയില്ല. (അറിയപ്പെട്ട രീതിയിൽ രണ്ടോ മൂന്നോ പ്രാവശ്യം മാത്രമാണ് ഇന്നുവരെ ആ നാടകം സ്റ്റേജു ചെയ്യപ്പെട്ടിട്ടുള്ളത്—അതും ആദ്യം അരങ്ങേറിയതു് പുസ്തകമായിറങ്ങി പല കൊല്ലങ്ങൾ കഴിഞ്ഞാണ്)

ഇതു ആദ്യനാടകത്തിൻെറ കാര്യം. സഫലപ്പെടാതെ പോയെങ്കിലും ശക്തമായ രംഗപ്രയോഗപ്രതീക്ഷകളുടെ പ്രേരണയിൽ ഈ ആദ്യനാടകം എഴുതപ്പെട്ടുവെന്നു വയ്ക്കാം. അപ്പോൾ രണ്ടാമത്തേതും മൂന്നാമത്തേതുമായ നാടകം എന്തു പ്രതീക്ഷയിലെഴുതി? പ്രതീക്ഷയെന്തായാലും, സി. ജെ. പിന്നെയും നാടകങ്ങൾ എഴുതി. മഹത്തായ രണ്ടു നാടകങ്ങളും വിരുദ്ധ സാദൃശ്യങ്ങൾ എന്ന നിലയിൽ അവയുടെ മാഹാത്മ്യം തെളിയിക്കാനുപകരിക്കുന്ന സാമാന്യ നിലവാരമുള്ള രണ്ടുമൂന്നു നാടകങ്ങളും എഴുതി എന്നു മാത്രമല്ല, അവയെല്ലാം പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്വജീവിതത്തിൻെറ വലിയ നേട്ടങ്ങളായ ആ രണ്ടു നാടകങ്ങളും അരങ്ങേറി കാണാനുള്ള ഭാഗ്യം സി. ജെ.യ്ക്കുണ്ടായതുമില്ല. സാഹിത്യകൃതികളെന്ന നിലയിൽ അവയ്ക്കു രണ്ടിനും പ്രചാരമുണ്ടെങ്കിലും, നിസ്സംശയമായും അരങ്ങത്തു വിജയിക്കാവുന്ന ആ രണ്ടു നാടകങ്ങളും നാടകകുതുകികളുടെ അഭിനയതൃഷ്ണയെ അങ്ങനെ ഉണർത്താറേയില്ല! ഞാനോർത്തുപോവുകയാണ്, ഷേക്സ്പിയറെപ്പോലെ ഒരു നാടകകമ്പനിയിൽ നടനായിരുന്നുകൊണ്ടു് ആ കമ്പനിക്കു കളിക്കാൻ, അവരുടെ ക്യാമ്പിലിരുന്നുകൊണ്ടാണ് സി. ജെ. ''1128-ലെ ക്രൈം 27'' എഴുതിയിരുന്നതെങ്കിലുള്ള അവസ്ഥ. ഷേക്സ്പിയറിയൻ രീതിയിലാണ് ആ നാടകമെഴുത്തു നടന്നതെങ്കിൽ, "1128-ൽ ക്രൈം 27'' എന്ന സി. ജെ. നാടകം മലയാളഭാഷയ്ക്കു ലഭിക്കുമായിരുന്നില്ലെന്നു തന്നെയല്ല, നാടകകമ്പനിക്കാരുടെ പേരിൽ ''1957-ൽ ക്രൈം നമ്പർ 1'' എന്ന അസ്സൽ കൊലക്കേസ്സ് ഒന്ന് കോടതിയിൽ നടക്കുകയും ചെയ്യുമായിരുന്നു!

സ്റ്റേജുമായും നടന്മാരുമായും പ്രത്യക്ഷബന്ധം പുലർത്തിക്കൊണ്ടു എഴുതിയതും, നൂറുകണക്കിനു ദിക്കുകളിൽ പതിനായിരക്കണക്കിനുള്ള വൻ സദസ്സുകളുടെ മുമ്പിൽ ഹസ്തതാഡനമദ്ധ്യേ അരങ്ങേറിയതുമായ ഒരു നാടകവും സി. ജെ. തോമസിൻേറതായുണ്ട്. എത്ര പണം മുടക്കിയും ഗംഭീരമായി രംഗപ്രവേശം ചെയ്യിക്കാൻ തയ്യാറായിരുന്ന ''വിമോചനസമരക്കാർക്ക്'' വേണ്ടി നടന്മാരുടെ റിഹേഴ്സൽ ക്യാമ്പിലിരുന്നുകൊണ്ടുതന്നെ എഴുതിയതും, സി. ജെ. കൺകുളിർക്കെ അഭിനയിച്ചു കണ്ടതുമായ നാടകമാണ് ''വിഷവൃക്ഷം.'' അതു കണ്ടിട്ടാണ് സി. ജെ. യുടെ തലച്ചോറിൽ ക്യാൻസർ ബാധിച്ചതെന്നു പറഞ്ഞാൽ തെററായിരിക്കുമെങ്കിലും, അദ്ദേഹത്തെ അടുത്തറിയുന്നവരൊക്കെ സാക്ഷ്യപ്പെടുത്തും, രംഗപ്രയോഗസൗഭാഗ്യം ലഭിച്ച ആ നാടകം അദ്ദേഹത്തെ എങ്ങിനെ ലജ്ജിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തുവെന്ന്! ആ നാടകം മനഃപൂർവ്വമായിത്തന്നെ, സി. ജെ. പുസ്തകമായി പ്രസിദ്ധീകരിക്കയുണ്ടായതുമില്ല!

തോമസിൻെറ ''രംഗപ്രയോഗമതത്തെപ്പററി എതിരു പറയാനല്ല ഈ വശം ഞാൻ വിവരിക്കുന്നതു്. കീഴ്വര കുറെ തടിപ്പിച്ചുവെങ്കിലും,

നാടകചരിത്രത്തെക്കുറിച്ചുള്ള പരന്ന വിജ്ഞാനത്തിൻെറ സൃഷ്ടിയാണ് സി. ജെ. യുടെ ആ സിദ്ധാന്തം എന്നതിൽ എനിക്കു പക്ഷഭേദമേയില്ല· പക്ഷെ സി. ജെ. യുടെ സ്വന്തം നാടകങ്ങളുടെ ചരിത്രവും ഈ സിദ്ധാന്തവും തമ്മിലുള്ള പൊരുത്തക്കേട് നാം നിരീക്ഷിക്കേണ്ടതുണ്ട്. തൻെറ ആദ്യനാടകം സാക്ഷാൽനാടകസ്റ്റേജു തൊട്ടുപോലും നോക്കാതെ തള്ളിക്കളഞ്ഞ സാഹചര്യത്തിൽ, കേരളത്തിലെ ഹിന്ദുക്കൾക്കു ഒട്ടും പരിചയമില്ലാത്തതെന്ന് സി. ജെ. തന്നെ പരാതി പറഞ്ഞ ബൈബിളിലെ ഒരു കഥയെ ആസ്പദിച്ച് മറെറാരു നാടകമെഴുതുന്ന തോമസ്സിൻെറ നടപടി ഒരു കാര്യം വ്യക്തമാക്കുന്നു. കവി കവിതയെഴുതുകയും ചിത്രകാരൻ ചിത്രം വരയ്ക്കുകയും ചെയ്യുന്ന അതേ രീതിയിലാണ്, അനിരോധ്യമായ അതേ ആന്തരികമാത്രപ്രചോദനത്തിൻെറ ശക്തികൊണ്ടാണ്, സി. ജെ. തോമസ് തൻെറ നാടകങ്ങൾ എഴുതിയതു്. അവ മികച്ച സാഹിത്യ കലാസൃഷ്ടികളായി ജീവിക്കുന്നതും, മികച്ച നാടകങ്ങളായി ജീവിക്കാനുള്ള അർഹത അനിഷേധ്യമായവയിൽ കുടികൊള്ളുന്നതും, ഒരു സാഹിത്യകലാകാരൻ നടത്തിയ ആത്മപ്രകാശനയത്നങ്ങളാണവ, എന്നതുകൊണ്ടാണ്. അവിടെ സൃഷ്ടിയായിരുന്നു പ്രശ്നം; സ്റ്റേജും നടനവുമല്ല. തൻെറ ''സ്റ്റേജുസിദ്ധാന്ത''വും കെട്ടിവച്ച് തോമസ് ഈ തരം നാടകങ്ങൾ അന്നെഴുതിയതു്, നാടകകലാരൂപത്തോട് ആ സാഹിത്യകലാകാരനുണ്ടായിരുന്ന സഹജാഭിമുഖ്യത്തിനു തെളിവാണ്.

III

മറെറല്ലാ താല്പര്യങ്ങൾക്കുപരി നാടകസാഹിത്യത്തോടു സി. ജെ. യ്ക്കുണ്ടായിരുന്ന ഭക്തി വെളിവാക്കുന്ന നടപടിയാണു അദ്ദേഹത്തിൻെറ നാടകപരിഭാഷകൾ. ഗ്രീക്കു ട്രാജഡികളെക്കുറിച്ചദ്ദേഹത്തിനുണ്ടായിരുന്ന അത്ഭുതാദരങ്ങൾ അദ്ദേഹവുമായി അടുത്തു പെരുമാറിയവർക്കൊക്കെ അനുഭവപ്പെട്ടുകാണും. ''നമ്മളൊക്കെ ഇനി എന്തോന്നു നാടകമെഴുതാനാണ്! അതെല്ലാം ആ പരമദ്രോഹി എഴുതിക്കളഞ്ഞില്ലേ!''—എന്നിങ്ങനെ പല ശീലിലും സി. ജെ. തോമസ് പറയുമ്പോൾ ആ പറച്ചിലിലെ ''പരമദ്രോഹി'' സോഫോക്ലിസ്സാണെന്നു നമുക്കു പെട്ടെന്നനെ പിടികിട്ടുകയേയില്ല. മേല്പറഞ്ഞ സോഫോക്ലിസ്സുമായി സി. ജെ. അപ്പോൾ ഒരു വാക്കേററവും കഴിഞ്ഞു വന്നതേയുള്ളുവെന്നു തോന്നും സംസാരത്തിൻെറ രീതി കണ്ടാൽ. വാസ്തവത്തിൽ ഒരുതരം പകപോക്കൽ നടപടി പോലെയാണ്, സോഫോക്ളിസ്സിനെയും മററും തോമസ് പരിഭാഷ ചെയ്യതും. സ്വന്തമായ നാടകമെഴുതുന്നതിനു മുമ്പേ സി. ജെ. സോഫോക്ലിസ്സിൻെറ ''ഈഡിപ്പസ്'' പരിഭാഷചെയ്തു. ജീവിതത്തിൽ ഏററവും ഒടുവിലായി സി. ജെ. ചെയ്ത സാഹിത്യപ്രവർത്തനം അരിസ്റ്റോഫനീസ്സിൻെറ ''ലിസിസ്ട്രാററ''യുടെ ഭാഷാന്തരീകരണമായിരുന്നു. വാസ്തവത്തിൽ ന്യായീകരിക്കാനാവാത്തത്ര ശ്രദ്ധ ചെലുത്തിയും സമയമെടുത്തുമാണ് സി. ജെ. തൻെറ മിക്ക നാടകപരിഭാഷകളും നിർവ്വഹിച്ചതു്. വിശ്വനാടകസാഹിത്യത്തിനു

ഒരു ''നാടകഭക്തൻ'' നടത്തിയ നൈവേദ്യമാണ് ആ പരിഭാഷകൾ. ആ പരിഭാഷകളുടെ മേന്മയെപ്പററി ഭിന്നാഭിപ്രായം തോന്നാവുന്നവർ പോലും, ആ യത്നത്തിൻെറ പിന്നിലുള്ള മനോഭാവത്തെ നിസ്സാരമാക്കി ത്തള്ളുകയില്ല.

2400 വർഷങ്ങൾ ജീവിച്ചുകഴിഞ്ഞ ഒരു സൃഷ്ടിയുടെ പരിഭാഷ ശരിപ്പെട്ടോ എന്നു നോക്കാൻ, വാക്കുകൾക്കു പകരം വാക്കുകൾ തിക ച്ചുണ്ടോ എന്നും, അച്ചടിപിശകുകളും അക്ഷരപ്പിശകുകളും ഉണ്ടോ എന്നും നോക്കുന്ന ഭാഷാക്കശാപ്പുകാരായ പണ്ഡിതന്മാർക്കിടയിൽ ജീവിക്കുന്നവ രാണു നാം. ബൈബിളിൻെറ ഇംഗ്ലീഷ് ഭാഷ്യവും പുരോഹിതന്മാർ നിർവ്വഹിച്ച മലയാളഭാഷ്യവും ഒത്തുനോക്കിയിട്ടു മുഴുവൻ വ്യാകരണപ്പിശകു കളും ഭാഷാപരമായ അശുദ്ധികളും മാത്രം കണ്ടു മനംമടുത്തവരാണ് നമ്മുടെ പണ്ഡിതന്മാർ ! ക്രിസ്തുമതപ്രചാരണത്തിനു ജീവിതമർപ്പിച്ച ഭക്തിപ്രതീ കങ്ങളായ മതപണ്ഡിതന്മാർ, ഈശ്വരസേവയുടെ ഭാഗമായി നിർവ്വഹിച്ച ബൈബിൾ പരിഭാഷ വായിച്ചു തോന്നിയ അറപ്പും വെറുപ്പും, ഇവിടെ പണ്ഡിതന്മാർക്കു മാറിക്കിട്ടിയതു്, ഒരു ഫാദർ സി. കെ. മററം ശുദ്ധ മല യാളത്തിൽ തയ്യാറാക്കിയ ബൈബിൾ പരിഭാഷയുടെ ഉദ്ഘാടനച്ചട ങ്ങിൽ പങ്കു പററിയപ്പോഴാണ്''! അങ്ങിനെയുള്ള ഒരു ദിക്കിൽ സി. ജെ. തോമസിൻെറ ''സോഫോക്ലിസ്സ്'' പരിഭാഷകൾ എങ്ങിനെ വിധിക്കപ്പെടും എന്നെനിക്കു തീർച്ചയില്ല. ആ പരിഭാഷകളെപ്പററി ഉദാഹരണമായി ''ഈഡിപ്പസ് രാജാവിനെ'' മുൻനിർത്തി ഒന്നെനിക്കു് സ്വാനുഭവത്തിൽ നിന്നു പറയാൻ കഴിയും. സാമാന്യരീതിയിൽ ഒരു മുക്കാൽ മണിക്കൂറ കൊണ്ടു വായിച്ചു തീർക്കാവുന്നത്ര നീളമേ ആ പരിഭാഷയ്ക്കുള്ളു. കൃത്യം മുക്കാൽ മണിക്കൂറുകൊണ്ടുതന്നെ ആ പുസ്തകം വായിച്ചു മാററിയിടാൻ കഴി യുന്നവരുണ്ടെങ്കിൽ അവരോടു കൂടുതലായൊന്നും പറയാതിരിക്കുകയാണു ഭേദം. സാഹിത്യകലയെക്കുറിച്ചു അല്പം അനുഭവമുള്ളവർക്കു പക്ഷെ രണ്ടു മൂന്നു മണിക്കൂറെങ്കിലുമെടുക്കാതെ അവസാനത്തെ കോറസ്സ് ഗാനം വരെ ആ നാടകവായന നീക്കാനാവുകയില്ല. വായനക്കിടയിൽ നാമറിയാതെ കാഴ്ചയ്ക്കു മറ വീണുകൊണ്ടിരിക്കുകയും, നാം ഓരോരോ ചിന്തകളിൽ മുങ്ങു കയും പൊങ്ങുകയും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതു ആദ്യവായന യുടെ കാര്യം. രണ്ടാമത്തെ വായനയിൽ (മഹിതമായ സാഹിത്യത്തോടു ഹൃദയവേഴ്ചയുള്ളവർ ആ നാടകം തൊട്ടുപോയാൽ വീണ്ടും വായിക്കുകതന്നെ ചെയ്യും) നമ്മുടെ ഭാഷയുടെ ചുക്കിച്ച ഹൃദയം, ശുഷ്കമായ മാംസപേശി കൾ എന്നിവകൊണ്ടുള്ള തടസ്സങ്ങൾ മാറുകയും, മഹത്തമമായ സാഹിത്യ ത്തിൻെറ ധ്വനികൾ അതിലെ വരികൾക്കിടയിൽനിന്നു മുഴങ്ങി കേൾക്കാൻ തുടങ്ങുകയും ചെയ്യും. 2400 കൊല്ലം ജീവിച്ചുകഴിഞ്ഞ ആ നാടകത്തിൻെറ, നാടകീയശക്തിയെങ്കിലും നമ്മുടെ ഭാഷയിലേയ്ക്കു ഒപ്പിയെടുക്കാൻ കഴിഞ്ഞി ട്ടുണ്ടെന്നുള്ളതു് അപൂർവ്വമായ നേട്ടം തന്നെയാണ്. അവയിലെ കാവ്യമഹിമ കൂടി പകർത്താൻ ശ്രമിച്ചാൽ, കവിതയും നാടകവും ഒപ്പം ഹനിക്കപ്പെടുമെന്നു കാണാൻ കഴിഞ്ഞ സി. ജെ. തോമസ്, കവിതയെന്തെന്നും കവിയുടെ ഭാഷയെന്തെന്നും അറിഞ്ഞിരുന്ന വ്യക്തി തന്നെയാണ്. ഈഡിപ്പസ്

അൻറിഗണി എന്നീ രണ്ടു സോഫോക്ലീയൻ നാടകങ്ങളിലും ഉള്ള കോറസ്സ് ഗാനങ്ങൾ, മലയാളകവികളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ കാര്യജ്ഞാനമുള്ള രണ്ടു കവികളെക്കൊണ്ടു പരിഭാഷ ചെയ്യിച്ചിട്ടുകൂടിയാണു തോമസ് ചെയ്തതെന്ന വസ്തുത, അദ്ദേഹം ആ പരിഭാഷകളെ സമീപിച്ച രീതിയിലുള്ള വിനയം വ്യക്തമാക്കുന്നു.

മലയാളത്തിലെ സഹൃദയർക്കു മുമ്പിൽ വിശ്വനാടകസാഹിത്യത്തിൻെറ അതിരുകൾ കാണിച്ചു അന്തസ്സാരമുള്ള ഒരു നാടകാഭിരുചി കേരളത്തിൽ വളർത്തണമെന്ന ആഗ്രഹവും സി. ജെ.യുടെ പരിഭാഷായത്നത്തിനു പിന്നിലുണ്ടെന്നു തോന്നുന്നു. ശ്രേഷ്ഠമായ കലാസൃഷ്ടികൾ 'റെഡിമെയിഡ്' അഭിരുചിയുടെ അഭിനന്ദനം ലഭിക്കുന്നവയല്ലെന്നും, നവമായ മേന്മകൾക്കു അവശ്യം വേണ്ട അഭിരുചിയുടെനവാന്തരീക്ഷം, അവതന്നെ ക്രമേണ സൃഷ്ടിച്ചെടുക്കേണ്ടിവരുമെന്നുമുള്ള പക്ഷക്കാരനായിരുന്ന സി. ജെ. തോമസ്, താനെഴുതിയതും, തനിക്കെഴുതാനുള്ളതുമായ വലിയ നാടകങ്ങൾക്കു അവശ്യം വേണ്ട നവാഭിരുചി സൃഷ്ടിക്കാൻ നടത്തിയ ശ്രമം കൂടിയാവാം ആ പരിഭാഷകൾ. പരിഭാഷചെയ്ത കൃതികളുടെ പ്രാതിനിധ്യസ്വഭാവത്തിൽ അത്തരം ഒരു സൂചന നിശ്ചയമായുമുണ്ട്. സോഫോക്ലിസ്സിൻെറ രണ്ടു ട്രാജഡികളും, അരിസ്റ്റോഫനീസിൻെറ ഒരു കോമഡിയും, മോളിയേയുടെ ഒരു കോമഡിയുടെ ആശയാനുവാദവും ഇബ്സൻ ട്രാജഡികളിൽ ഒന്നിൻെറ പരിഭാഷയും സി. ജെ. യുടേതായിട്ടുണ്ട്. ചാപ്പേക് സഹോദരന്മാരുടെ ''കീടജന്മം'' എന്ന 'പ്രതിരൂപാത്മക–ദാർശനിക നാടകം' സി. ജെ. പരിഭാഷ ചെയ്തതും ഒരു പ്രത്യേക വർഗ്ഗത്തിൻെറ പ്രാതിനിദ്ധ്യം ആ നാടകകലാശില്പത്തിനുള്ളതുകൊണ്ടാവണം.

സാഹിത്യകലാകാരനായ സി. ജെ. യുടെ വൈകാരികാനുഭൂതികൾക്കും സങ്കല്പത്തിനും നിറം പകർന്നതു ബൈബിളും ക്രിസ്തീയേതിഹാസവും ക്രിസ്തീയ മതചരിത്രവുമാണ്. സ്വന്തം സാഹിത്യകലാവൈഭവത്തിനു് നാടകരൂപത്തോടുള്ള ആഭിമുഖ്യം സ്വയം മനസ്സിലാക്കിയ സി. ജെ. നാടകവിദ്യാഭ്യാസം നടത്തിയ സ്കൂളുകളാണ് മേല്പറഞ്ഞ വിശ്വമഹാനാടകങ്ങൾ. പ്രത്യേകിച്ചും സോഫോക്ലിസ്സിൻെറ സ്കൂളിൽനിന്നും, ഏകകാലത്തു ധ്യാനവും ശാപവും നടത്തി, അദ്ദേഹം നാടകവിദ്യാഭ്യാസം നേടാൻ ശ്രമിച്ചു. കാവ്യഭാവനയ്ക്കു ബൈബിളിൽനിന്നും, നാടകകലയ്ക്കു സോഫോക്ലിസ്സിൽനിന്നും ലഭിച്ച ഈ ശിക്ഷണങ്ങൾ, സി. ജെ. തോമസിൻെറ പ്രധാനപ്പെട്ട മൂന്നു നാടകങ്ങളിലും പ്രത്യക്ഷമായി കാണാൻ കഴിയും.

IV

ഏതു കാഴ്ചപ്പാടിലൂടെ നോക്കിയാലും, എന്തൊരുവക അത്ഭുതസൃഷ്ടികളാണ് ആ സോഫോക്ലീയൻ നാടകങ്ങൾ! അവിടെനിന്നും നാടകകലാശിക്ഷണം നേടാൻ ശ്രമിക്കുന്നതു് പരശുരാമനിൽനിന്നും ക്ഷത്രിയകുമാരൻ

ശസ്ത്രവിദ്യ പഠിക്കാൻ ശ്രമിക്കുന്നതുപോലുള്ള ഒരാത്മഹത്യാനടപടിയാണ്. സംഭവപരമ്പരകളെ കാര്യകാരണബന്ധത്തിന്റെ ഒരട്ടക്കിൽ പ്രത്യക്ഷരംഗങ്ങളായി ആവിഷ്കരിക്കാൻ, നാടകസാമാന്യമായ യാതൊരുപാധിയുടേയും സഹായം ഗ്രീസിലെ ഈ അത്ഭുതജീവിക്കില്ല ! ആകെക്കൂടി ആ നാടകങ്ങൾക്കുള്ളത് ഒരേയൊരു രംഗനിർദ്ദേശം മാത്രമാണ്. ''കർട്ടനുയരുമ്പോൾ ഒരു ജനക്കൂട്ടം—ഈഡിപ്പസ് രാജാവു പ്രവേശിക്കുന്നു'' പിന്നെ ''ഓരോരുത്തരും'' അനുക്രമം പ്രവേശിക്കുകയും ചെയ്യുന്നു. പ്രവേശിക്കുന്നവരുടെ പേരു പറയുന്നതൊഴിച്ചാൽ പിന്നെ വിവരണങ്ങളേയില്ല. ആ ഒരു രംഗവേദിയിൽവച്ച ഭാവങ്ങൾ ക്രമേണ തപിച്ചു തപിച്ച് തീപ്പിടിച്ച്, അതു കൊടുംതീയായി ആളിക്കത്തി, ജ്വലിക്കുന്ന കനലുകളും ചാമ്പലുമായി അവിടെത്തന്നെ കെട്ടടങ്ങുന്നു !

സി. ജെ. തോമസിന്റെ നാടകങ്ങൾ താല്പര്യപൂർവ്വം പഠിക്കാൻ ഭാവിക്കുന്നവർ, ഇമ്മാതിരി ചില കാര്യങ്ങളെക്കുറിക്കുള്ള ബോധത്തോടെ വേണം അങ്ങോട്ടു തിരിയാൻ. ''അവൻ വീണ്ടും വരുന്നു'' എന്നതാണല്ലോ സി. ജെ.യുടെ ആദ്യത്തെ നാടകം. സാമാന്യമായ ഒരു സാമുദായികകഥയാണ് ആ നാടകം. 1940 കാലത്തു് രണ്ടാം ലോകമഹായുദ്ധഫലമായി കേരളത്തിലുണ്ടായിരുന്ന ജീവിതാന്തരീക്ഷത്തെ പാവപ്പെട്ട ഒരു ക്രിസ്ത്യീയകുടുംബത്തിന്റെ പശ്ചാത്തലത്തിൽ ഉപജീവിക്കുന്ന ആ നാടകം, സമുദായജീവിതത്തിലെ സാമാന്യവസ്തുതകളെ പരമാവധി വിശ്വാസ്യതയോടെ പകർത്തുന്ന ഒരു കൃതിയാണ്. പാത്രനിബന്ധന, സംഭാഷണങ്ങൾ തുടങ്ങിയവയിലൊന്നിലും നാടകകർത്താവ് സമുദായജീവിതയാഥാത്മ്യങ്ങളെ ലംഘിക്കുന്നില്ല. അനുക്രമം പ്രവൃദ്ധമായിക്കൊണ്ടിരിക്കുന്ന ആദരബുദ്ധിയോടെ ഈ നാടകം വായിച്ചുനീങ്ങുന്ന സഹൃദയൻ പെട്ടന്നനെ ശ്രദ്ധിക്കുകയില്ലെങ്കിലും, നാടകത്തിന്റെ പൊള്ളുന്ന ഭാവതീക്ഷ്ണതയെവിടെനിന്നു വരുന്നു എന്നു ചിന്തിക്കുന്ന നാടകവിദ്യാർത്ഥിയുടെ ശ്രദ്ധയിൽ വേഗം പെടുന്ന ഒരു പ്രത്യേകത ഈ നാടകത്തിനുണ്ട്. കഥാനായകനായ മാത്തുക്കുട്ടിയുടെ വീടിന്റെ മുൻവശത്തുള്ള ഒന്നേയൊരു മുറിയാണ്, സങ്കീർണ്ണമായ സംഭവപരമ്പരകൾ ഉൾക്കൊള്ളുന്ന ഈ നാടകത്തിനു ആകെക്കൂടിയുള്ള രംഗം. പാത്രങ്ങളെ ചുമ്മാ പേരുംപറഞ്ഞു അരങ്ങേററാനും, എല്ലാ സംഭവങ്ങളേയും എല്ലാ ഭാവങ്ങളേയും അത്യത്ഭുതകരമായ വൈഭവത്തോടെ ഈ ഒരു സാധാരണ മുറിയിലേയ്ക്കു ആവാഹിച്ചെടുത്തു ജീവിപ്പിക്കാനും നാടകകൃത്തിനു കഴിഞ്ഞിരിക്കുന്നു! സി. ജെ. തോമസ് എന്ന ക്ഷത്രിയബാലൻ പരശുരാമന്റെ അടുത്തു സൂത്രത്തിൽ ശസ്ത്രവിദ്യ പഠിച്ചെന്നു മാത്രമല്ല, അതിൽ ചിലതു സ്വയം പരീക്ഷിക്കാൻ വൈഭവമുററവനായി, ജീവനോടെ തിരിച്ചു പോരികയും ചെയ്തുവെന്നുള്ളത് ആശ്ചര്യകരം തന്നെയാണ്! ''അവൻ വീണ്ടും വരുന്നു'' എന്ന നാടകത്തിന്റെ, രംഗസംവിധാനത്തിൽ സോഫോക്ലിയൻ വൈഭവം അത്ഭുതകരമായ പാടവത്തോടെ സി. ജെ. പ്രകടിപ്പിച്ചിരിക്കുന്നു.

സി. ജെ.യുടെ കലാപ്രതിഭയിൽ സന്നിവേശിച്ച ബൈബിളിന്റെ സ്വാധീനശക്തിയും കഴിവുമാണ്, പക്ഷെ ഈ നാടകത്തിന്റെ സാഹിത്യ

കലാത്മകമായ വശങ്ങഠം വെളിവാക്കുന്നതു്. വയററുപ്പിഴപ്പിനു പട്ടാളത്തിൽ പോയി, അന്ധനായി തിരിച്ചുവരുന്ന മാത്തുക്കുട്ടി, തന്റെ ഭാര്യ തന്റെ വിശ്വസ്തസ്നേഹിതനിൽനിന്നു ഗർഭം ധരിച്ച സ്ഥിതിവിശേഷത്തെ അഭിമുഖീകരിക്കുന്നതാണു കഥ. മാത്തുക്കുട്ടി, സ്നേഹിതനായ കുഞ്ഞുവക്കി, മാത്തുക്കുട്ടിയുടെ അമ്മ, ഭാര്യ എന്നിവരിൽക്കൂടി സാധാരണ രീതിയിൽ രംഗത്തു നടക്കുന്ന കഥയ്ക്കു്, സ്വയമില്ലാത്ത ഒരു പുതിയ ''ഡൈമൻഷൻ കൊടുക്കാൻ—ഒരു വിശേഷ പരിമാണം അതിലാരോപിക്കാൻ—സി. ജെ. തോമസിനു കഴിഞ്ഞിരിക്കുന്നു. കഥാപാത്രങ്ങഠംക്കും അവരുടെ ഭാഷണങ്ങഠംക്കും അവരുഠംപ്പെടുന്ന സംഭവങ്ങഠംക്കും വ്യാപകമായ പ്രതിരൂപസ്വഭാവമാരോപിക്കുന്ന, അസാധാരണമായ അന്തരീക്ഷസംസൃഷ്ടിയാണു് ഞാനുദ്ദേശിക്കുന്നതു്. ആ അന്തരീക്ഷമാവട്ടെ സി. ജെ. യിലെ പ്രതിഭ ഉഠംക്കൊണ്ടിരുന്ന ബൈബിളിലേക്കു വിരൽ ചൂണ്ടുകയും ചെയ്യുന്നു. നാടകത്തിലെ ഒന്നും രണ്ടും അങ്കങ്ങളുടെ കാര്യമാണു പറയുന്നതു്. മഹത്വപദവിയിലേക്കു കൈനീട്ടി തൊടാൻ ഭാവിച്ച സമതലത്തിൽ വീണുപോയ ഒരു വലിയ നാടകത്തിന്റെ പതനത്തെക്കുറിക്കുന്ന ഭാഗമാണു് ''അവൻ വീണ്ടും വരുന്നി''ലെ മൂന്നാമങ്കം.

ആലോചിച്ചാൽ കൂടുതൽ കൂടുതൽ വിചിത്രമാവുന്ന പ്രമേയഘടനയുള്ള നാടകമാണു് ''അവൻ വീണ്ടും വരുന്നു''. കത്തോലിക്കാ വിവാഹനിയമത്തിന്റെ അപഹാസ്യതയാണോ ഈ നാടകത്തിൽ തോമസിന്റെ പ്രമേയം? ഭർത്താവും കാമുകനും, കാമുകനാൽ ഗർഭിണിയാക്കപ്പെട്ട ഭാര്യയുമുള്ള ഈ നാടകത്തിൽ, സ്ത്രീപുരുഷപ്രേമം, സ്ത്രീയും പുരുഷനുമായുള്ള ഗാർഹസ്ഥ്യസ്നേഹം, ഏതെങ്കിലും രൂപത്തിലുള്ള ശൃംഗാരം, സെക്സ്—ഈവക കാര്യങ്ങഠം എത്തിനോക്കാൻപോലും നാടകകർത്താവു സമ്മതിക്കുന്നില്ല. വീട്ടുകാർ ആലോചിച്ചുണ്ടാക്കിയ വിവാഹത്തിന്റെ ചടങ്ങും കഴിച്ചു് പട്ടാളത്തിൽ പോകുന്ന മാത്തുക്കുട്ടിക്കും ഭാര്യയായ സാറാമ്മയ്ക്കുമിടയിൽ പ്രേമവും സ്നേഹവും ഒരു തരത്തിലും പ്രശ്നമല്ല. അവരെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി നിയമപരമായ ബാദ്ധ്യതയുടേയും സാമാന്യമായ കൃതജ്ഞതയുടേയും ഒരു കണ്ണി മാത്രമാണു്. ജീവിതം ഇരുവക്കും ഒരുപോലെ യൗവ്വനതീക്ഷ്ണമായിരിക്കുമ്പോഠം, നിത്യസമ്പക്കത്തിന്റെ അനിവാര്യമായ ഉരസലിൽ, അറിയാപ്പുറത്തു് മാംസദാഹത്തിനു വശപ്പെട്ടു എന്നതിലധികം പ്രേമവും സ്നേഹവും കുഞ്ഞുവക്കിയും സാറാമ്മയും തമ്മിലുമില്ല. ഒരുമിച്ചു ഒരിക്കൽ മാത്രം കാണിച്ച ഒരു അപരാധമാണു് അവർ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം! പരസ്പരസാന്നിദ്ധ്യം പരസ്പരം നീററുന്ന തീച്ചൂളയാണവക്കോരോരുത്തക്കും. പക്ഷെ അവക്കാക്കും സാദ്ധ്യമല്ല ആ തീച്ചൂളയിൽനിന്നും ഓടി രക്ഷപ്പെടാൻ! ഒരുമിച്ചു നിൽക്കുകയല്ലാതെ ഗത്യന്തരമില്ലാത്ത ചുററുപാടിൽ അവർ ഒരുമിച്ചുനിന്നു നീറുന്നു. ഏതു പ്രമേയത്തെ ഉള്ളിൽ കണ്ടുകൊണ്ടാണു് തോമസ് ഈ രീതിയിൽ തന്റെ ഇതിവൃത്തം നിബന്ധിച്ചതെന്നു് ആ നാടകത്തെ മുമ്പിൽ നിർത്തിക്കൊണ്ടു നാം അഭ്യൂഹിക്കുന്നതിൽ ഒരർത്ഥവുമില്ല. ഇന്നു നമുക്കു കാണാവുന്ന രൂപത്തിൽ, മനുഷ്യചിന്തയുടെ അടിസ്ഥാനപ്രശ്നങ്ങളിൽ ഒന്നായ

പാപത്തിൻെറ പ്രശ്നം നാടകാന്തരീക്ഷത്തിൽ ഒരു ഭാവപ്പകർച്ചയുണ്ടാക്കുന്നുവെന്ന കാര്യം പക്ഷെ അനിഷേധ്യമാണ്.

മറേറതു സാമുദായികകഥയിലായാലും കഥയുടെ വിശ്വാസ്യത മുഴുവൻ ഹനിക്കാൻ പോന്ന ഒരു വികലസൃഷ്ടിയാണ ''അവൻ വീണ്ടും വരുന്നി''ലെ ആ ഉപദേശി. സാമാന്യനിലയിൽ നോക്കുമ്പോൾ, നാടകകർത്താവിൻെറ ഔചിത്യബോധത്തിൻെറ മുമ്പിൽ ആ ഉപദേശി ഒരു ചോദ്യചിഹ്നമാണ്. നാടകത്തിൻെറ ആക്ഷനിലും ചലനത്തിലും കൂടിയേ തീരുവെന്നുള്ള ഒരു പങ്ക് വിളിച്ചുകൂവി നടക്കുന്ന ആ ഉപദേശിക്കില്ല. നാടകകൃത്തിൻെറ സങ്കല്പത്തിൽ അയാൾക്കൊരു പങ്കു കാണണം എന്ന നിർബ്ബന്ധബുദ്ധിയോടെ ചിന്തിക്കുന്നവർ, ആ ഉപദേശി ക്രിസ്തീയ മതാന്ധതയുടെ ഒരു പ്രതീകമാണെന്നും, അയാളിലൂടെ ആ മതാന്ധത ഹസിക്കപ്പെടുകയാണെന്നു ധരിച്ചെന്നുതന്നെ വരാം. ഏതാണ്ടങ്ങിനെ ഒരു ധാരണ നിലവിലുണ്ടുതാനും. ഭ്രാന്തിൻെറ വരമ്പിലേക്കു കാലുയർത്തിനിൽക്കുന്ന 'എക്സെൻട്രിക്'' ആയ ആ ഉപദേശി തോമസിൻെറ നാടകത്തിൽ ഒരു പരിഹാസപാത്രമല്ല എന്നതാണ പരമാർത്ഥം. നാടകത്തിൻെറ അന്തരീക്ഷത്തിലാകെ പേടിപ്പെടുത്തുന്ന അശരീരിപോലെ ആ ഉപദേശി നിറഞ്ഞു നിൽക്കുന്നു. ''അവൻ വീണ്ടും വരുന്നു! ഗുണമുള്ള മണവാട്ടികളെ കാത്തിരിപ്പിൻ!'' എന്നങ്ങിനെയുള്ള വചനങ്ങൾ ഘോഷിക്കുന്ന ഈ ഉപദേശിയാണ് തോമസിൻെറ പ്രതിഭയുടെ അസാമാന്യത ഉദാഹരിക്കുന്ന സൃഷ്ടി. പ്രതിഭയിലും വൈകാരികാനുഭൂതിയിലും ബൈബിൾ ഇഴുകിച്ചേർന്ന ''ശെമ്മാശ്ശനായിരുന്ന'' സി. ജെ. തോമസിൻെറ പ്രതിഭയ്ക്കല്ലാതെ, വായുമണ്ഡലത്തിലേക്കു ''വചനങ്ങൾ'' അട്ടഹസിച്ചു വിടുന്ന ഇത്തരം ഒരു പാത്രത്തെ സൃഷ്ടിക്കാനാവുകയില്ല. ഉപദേശിയാകുന്ന വലിയ തമ്പോറിൽ ഉറക്കെത്തട്ടിയാണ് സി. ജെ. തോമസ് തൻെറ ഈ നാടകത്തിനുള്ള അപൂർവ്വ ധ്വനികൾ സംജാതമാക്കുന്നതു്. നാടകത്തിനുണ്ടെന്നു നാം നിരീക്ഷിച്ച വിശേഷ പരിമാണം (ഡൈമൻഷൻ) ആ ഉപദേശിയാകുന്ന അശരീരി വചസ്സുകൾകൊണ്ടു ചമയ്ക്കപ്പെടുന്നതാണ്. സാമാന്യമായ ചാരിത്ര്യദോഷത്തിൻെറ നിലവിട്ടു്, ''അവൻ വീണ്ടും വരുന്നി''ലെ തെററുകളും സംഘർഷങ്ങളും പാപത്തിൻെറ മഹാപ്രശ്നത്തെ പ്രതീകവല്ക്കരിക്കുന്നതായി തോന്നുന്നതു്, ഉപദേശി ഉച്ചരിക്കുന്ന വചനങ്ങൾ നാടകാന്തരീക്ഷത്തിൽ പരത്തുന്ന ഗംഭീരോദാരമായ ധ്വനികളുടെ ഫലമാണ്. പാപികളെയെല്ലാം വിസ്തരിച്ചു ശിക്ഷിക്കാൻ ഉഗ്രമൂർത്തിയായി അന്തിക്രിസ്തു അവതരിച്ചുവരുന്ന സൂചനകളുമായി ഉപദേശി വന്നുകഴിയുമ്പോൾ, നാടകബീജമായ അപരാധകൃത്യത്തിൻെറ സ്വഭാവംതന്നെ മാറുന്നതായി തോന്നുന്നു. സ്നേഹവും ചുമതലാബോധവുമുള്ള ഒരു നല്ല ഭർത്താവിൻെറ നിലയിൽ സാറാമ്മയുടെ കടുംകൈയിൽ ധർമ്മരോഷം കൊള്ളാൻ നല്ലവനായ മാത്തുക്കുട്ടിക്കവകാശമുണ്ടോ ? നിത്യനിരന്തരസമ്പർക്കത്തിൽ തീക്ഷ്ണയൗവ്വനക്കാരായ ഒരു യുവതിയും യുവാവും മാംസത്തിൻെറ വിളിക്കൊരിക്കൽ വശപ്പെട്ടുപോയതിനു്, അവരെ അധമന്മാരെന്നു മുദ്രകുത്താൻ കഴിയുമോ? ''ഇല്ല'' എന്നല്ലാതെ മറെറാരുത്തരം ഈ ചോദ്യങ്ങൾക്കില്ല.

പക്ഷെ സി. ജെ. യുടെ നാടകത്തിൽ ഉപദേശിയുടെ അശരീരിവചസ്സിൽ കുളിച്ച്, നമ്മെ ശ്വാസംമുട്ടിക്കുന്ന നാടകരംഗം നമ്മുടെ മുമ്പിൽ നിൽക്കുന്നു. ആത്മനിയന്ത്രണംകൊണ്ടു ചെയ്യാതിരിക്കാൻ കഴിയുന്ന അബദ്ധം, മനഃപൂർവ്വം ചെയ്യുകളയുന്ന സാഹസികതയല്ല പാപം. അതൊക്കെ ഏറിയാൽ തരംതാഴ്ന്ന അപകൃത്യങ്ങൾ മാത്രം. സാക്ഷാൽ പാപം ഒരു ദൂഷിതവലയമാണ്. ''ധൈര്യമുണ്ടെങ്കിൽ എന്നെ വധിക്കൂ'' എന്ന ഒരു വെല്ലുവിളിയുമായി നിൽക്കുന്ന അവ്യക്തഭീകരമായ ഒരു സത്വമാണു പാപം. സാമാന്യമായ ശരിക്കും തെററിനും ആ സത്വത്തെപ്പററി വിധി പറയാനാവുകയില്ല. മാത്തുക്കുട്ടി ദ്രോഹിക്കപ്പെട്ടവനല്ലെ ? അതെ. പക്ഷെ മാത്തുക്കുട്ടി ഫലത്തിൽ ദ്രോഹം ചെയ്യവനല്ലേ എന്നു ചോദിച്ചാലും ''അതേ'' എന്നുത്തരം പറയേണ്ടിവരും. ഒരു സ്നേഹിതൻെറ സ്നേഹത്തെ കുഞ്ഞുവർക്കി വഞ്ചിച്ചോ? ഒരു ഭാര്യയുടെ നിലയിൽ സാറാമ്മ വിശ്വാസ വഞ്ചനയാണോ കാണിച്ചതു് ! വസ്തുതകളുടെ സൂക്ഷ്മഭാവം നിരൂപിച്ചാൽ ''ഇല്ല'' എന്നാണുത്തരം ലഭിക്കുക. പക്ഷെ നമ്മുടെ മുമ്പിൽ നിൽക്കുകയാണ്, ഭർത്താവു ജീവൻ പണയപ്പെടുത്തി പട്ടാളത്തിൽ പാടുപെടുമ്പോൾ, സ്നേഹിതനിൽനിന്നും ഗർഭം ധരിച്ച സാറാമ്മ! അന്ധനായ മാത്തുക്കുട്ടിയും കണ്ണിനു കാഴ്ചയുള്ള കുഞ്ഞുവർക്കിയും ആ സാറാമ്മയുടെ ഇരുവശവുമായി നിൽക്കുകയാണ്. പരസ്പരമുള്ള സാമീപ്യം അവരെ ഓരോരുത്തരേയും ദഹിപ്പിക്കുന്നു! പാപത്തിൻെറ ഭയങ്കരമായ ഒരു ചുഴിയിൽപ്പെട്ടു കരകയറാനാവാതെ കിടന്നു പിടയുന്ന നിർഭാഗ്യജീവികളാണവർ. അറിഞ്ഞുകൊണ്ടു ചെയ്യ തെററിൻെറ സൃഷ്ടിയല്ല, അവരെ നീററി ദഹിപ്പിക്കുന്ന ആ തീച്ചുഴി. അതു കൂട്ടതലും വിധിയുടെ കൃതിയാണ്. സി. ജെ. യുടെ നാടകത്തിൻെറ ഒന്നും രണ്ടും രംഗങ്ങളിൽ സാമാന്യമായ സമുദായജീവിതത്തെ അവലംബിക്കുന്ന കഥ, അത്തരം കഥയ്ക്കു സ്വതവേ ഇല്ലാത്ത പ്രതീകാത്മകത കൈവരിക്കുന്നു. മഹത്തായ സാഹിത്യമെന്തെന്നും, വലിയ നാടകമെന്തെന്നും താരതമ്യപ്പെടുത്തി പഠിക്കണമെന്നുള്ളവർ, സി. ജെ. യുടെ ''അവൻ വീണ്ടും വരുന്നു''വെന്ന സാമൂഹ്യനാടകവും ''വിഷവൃക്ഷം'' എന്ന രാഷ്ട്രീയനാടകവും ഒന്നിച്ചു വായിച്ചാൽ മതി. പ്രതിഭാവിലാസം ഒരു സാഹിത്യസൃഷ്ടിയിൽ എന്തെന്തു ഭാവപ്പകർച്ചകൾ വരുത്തുമെന്നും, പ്രതിഭാവിലാസം കൂട്ടിനില്ലാത്ത സാഹിത്യസൃഷ്ടി എന്തുപോലെ നിറം കെട്ടുപോകുമെന്നും ഈ രണ്ടു നാടകങ്ങളും താരതമ്യം ചെയ്യുന്നവർക്കു വ്യക്തമായി കാണാൻ കഴിയും.

V

എഴുതി പ്രസിദ്ധീകരിച്ച ക്രമമനുസരിച്ചു നോക്കിയാൽ സി. ജെ ഏററവും ഒടുവിൽ എഴുതിയ നാടകമാണ് ''ആ മനുഷ്യൻ നീതന്നെ.'' നാടകസാഹിത്യകലയിലുള്ള ശിക്ഷണം പരിപൂർണ്ണമായ പതനത്തിൽ എഴുതിയ നാടകം എന്നു് സി. ജെ. യുടെ ഏതെങ്കിലുമൊരു നാടകത്തെ വിശേഷിപ്പി

കുന്നതിൽ ഒരത്ഭുതവുമില്ല. സി. ജെ. യ്ക്കു ജന്മസിദ്ധിയായുണ്ടായിരുന്ന സാഹിത്യപ്രതിഭയ്ക്കു് നാടകരൂപത്തോടുണ്ടായിരുന്ന ശക്തമായ ആഭിമുഖ്യത്തിന്റെ പ്രചോദനമല്ലാതെ, സ്വന്തം നാടകങ്ങളുംപ്പെടെ നാടകങ്ങൾ സ്റ്റേജു ചെയ്യുന്നതിൽ അനുഭവങ്ങളൊന്നുമില്ലാതിരുന്ന അദ്ദേഹം നാടകകലയിൽ കൂടുതൽ എന്തു പാഠങ്ങൾ പഠിക്കാനാണു്—നാടകസാഹിത്യം വായിച്ചും ചിന്തിച്ചും ലഭിക്കുന്ന അറിവുകളല്ലാതെ ? കാര്യത്തിന്റെ സാരാംശത്തിൽ കടന്നു നോക്കിയാൽ ''ആ മനുഷ്യൻ നീതന്നെ'' തോമസ് ഒടുവിൽ എഴുതിയ നാടകമാണെന്നു പറയുന്നതും ശരിയല്ല. ബൈബിളും സി. ജെ.യുമായുള്ള വേഴ്ച നാം പലവട്ടം നിരീക്ഷിച്ചുകഴിഞ്ഞു. അലസമായ സ്വന്തം സ്വപ്നങ്ങളുടെ മേച്ചിൽസ്ഥലങ്ങളായിരുന്നു അദ്ദേഹത്തിനെന്നും ബൈബിൾ. ബൈബിളിനെ ആധാരമാക്കി സ്വപ്നമാത്രമായി അവസാനിച്ച പല സിനിമാചിത്രങ്ങളും നാടകങ്ങളും സി. ജെ. സൃഷ്ടിയ്ക്കുമായിരുന്നു. മിശിഹായുടെ ജീവിതകഥയെ ആസ്പദിച്ചു ഒരു സിനിമാചിത്രത്തിനുള്ള 'സ്ക്രീൻപ്ലേ' ഒരിക്കൽ അദ്ദേഹം കുറെ എഴുതുകതന്നെ ചെയ്തിട്ടുണ്ടു്. അദ്ദേഹത്തെ എന്നും ഏറെയാകർഷിച്ച പാത്രമാണു് 'ദാവീദ്'—ആട്ടിടയനും, ഗായകനും, കവിയും, രാജാവും രാജ്യതന്ത്രജ്ഞനും, യുദ്ധവീരനും, സർവ്വോപരി കാമുകനുമായ ദാവീദ്. ഈ ദാവീദ്‌രാജാവിന്റെ ജീവിതത്തിലെ ഒരു വശം ചിത്രീകരിക്കുന്ന നാടകം 1959-ലാണു് സി. ജെ. എഴുതിയതെങ്കിലും, ബുദ്ധിയിലും ഭാവനയിലും ഏറെക്കാലം ജീവിച്ചുകഴിഞ്ഞ ഒരു കൃതിയാണതെന്നുള്ളതു സ്പഷ്ടം. സി. ജെ. തോമസ് ഏറെ തപിച്ചും മനപ്പൂർവ്വമായി വളരെ ക്ലേശിച്ചും നിബ്ബന്ധിച്ചെടുത്ത നാടകശില്പമാണു് ''ആ മനുഷ്യൻ നീതന്നെ ''

അനുഗൃഹീതമായ ഭാവനയുടെ തിളച്ചലോഹദ്രാവകത്തെ, അസാധാരണമായ പാണ്ഡിത്യത്തിന്റേയും മേധാശക്തിയുടേയും കരകൗശലജ്ഞാനത്തിന്റേയും മൂശയിൽ ഒഴിച്ചു വാർത്തെടുത്ത ഗംഭീരമായ ഒരു പ്രതിമാശില്പമാണു് സി. ജെ. തോമസിന്റെ ''ദാവീദ്''. ശ്രീകൃഷ്ണൻ കണ്ണൻചിരട്ടയിൽ മണ്ണുവാരിക്കളിക്കുകയും, ശ്രീകൃഷ്ണനെ കാണുന്ന മററു കഥാപുരുഷന്മാരെല്ലാം, ''വെണ്ണകള്ളാ, പെണ്ണുകള്ളാ'' എന്നു കൂവിവിളിക്കുകയും ചെയ്യുന്നതു് മഹാകവികളുടെ വീട്ടുമററത്തുവച്ചു കണ്ടുശീലിച്ച ഒരഭിരുചിയാണു നമ്മുടേതു്. ഞാനും എന്റെ നിത്യജീവിതവുമല്ലാതെ എന്റെ ഭാവനയ്ക്കു വേറെ മൂശയില്ല എന്ന തികഞ്ഞ കഴിവുകേടിനെ, ഒരു കേമത്വമാക്കിക്കരുതിവരുന്നവരാണു നാം ! വലിയ കഥാപാത്രങ്ങളെ വിശ്വാസ്യമാർന്ന വലിപ്പത്തോടെ ചിത്രീകരിക്കാൻ കലാകാരന്റെ സത്വത്തിനും തുല്യമായ വലിപ്പം വേണമെന്ന പാഠം നമ്മളിനിയും, പൊതുവേ, പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്—എഴുത്തച്ഛന്റെ രാമായണവും ഭാരതവും മററും നമ്മുടെ ഭാഷയ്ക്കു് മൂലസമ്പത്തായുണ്ടായിരുന്നിട്ടും !

അതിസങ്കീർണ്ണമായ ഭാവഘടനയും നിറപ്പകിട്ടുമുള്ള ഒരതികായരൂപിയാണു് ബൈബിളിലെ ദാവീദ്‌രാജാവു്—വളരെവളരെ വലിയ ഒരു

മനുഷ്യൻ. അത്തരം മനുഷ്യരുടെ വൈകല്യങ്ങൾക്കുപോലുമുണ്ട് വ്യാഘ്രത്തിൻേറതുപോലെ ഭീകരമായ ഒരു സൗന്ദര്യം! ഈ അത്ഭുതമനുഷ്യനെ, ആ മനുഷ്യനു ചേർന്ന വലിയ അളവിൽ, വലിയോരു ഹൃദയത്തോടെ, പുനഃസൃഷ്ടി ചെയ്യാൻ, തൻെറ 'ദാവീദുനാടകത്തിൽ' സി. ജെ. തോമസിനു കഴിഞ്ഞിരിക്കുന്നു! മലയാളസാഹിത്യത്തിലെ ഒരത്ഭുതസൃഷ്ടി തന്നെയാണ് സി. ജെ. യുടെ ദാവീദ്. നാം നിത്യേന സംസാരിക്കുന്ന മലയാള ഭാഷതന്നെ സംസാരിക്കുകയും, എന്നാൽ ആ സംസാരത്തിലൂറുന്ന ഭാവവിശേഷംകൊണ്ട് ചരിത്രമഹാപുരുഷൻെറ അത്യുന്നതപദവിയിൽ വിശ്വാസ്യതയോടെ വർത്തിക്കുകയുംചെയ്യുന്ന കഥാപാത്രങ്ങൾ മലയാളത്തിൽ എഴുത്തച്ഛൻെറ കൃതികളല്ലാതെ പിന്നെവേറെയുണ്ടോ എന്ന കാര്യം സംശയമാണ്.

സാഹിത്യകലയിലെ മഹത്തായ പാത്രസൃഷ്ടികൾക്കു പിന്നിലുള്ള തത്ത്വം വളരെ ലളിതമായ ഒരു തത്ത്വമാണ്. സൃഷ്ടിക്കപ്പെടുന്ന പാത്രത്തിൻെറ അപൂർവ്വമാഹാത്മ്യം ഹൃദയവേദനം ചെയ്ത് സ്വപ്രതിഭയിൽ അതിനെ സന്നിവേശിപ്പിക്കാൻ പോന്ന മാഹാത്മ്യം സ്രഷ്ടാവിൻെറ സത്വത്തിനുകൂടി കൈവരിക്കാൻ കഴിയുന്ന മുഹൂർത്തത്തിൽ ജനിക്കുന്ന അത്ഭുതമാണ് മഹത്തായ കഥാപാത്രം. പ്രതിഭ പരമാവധി ഉത്തേജിതമാവുന്ന ഒരസുലഭനിമിഷത്തിൽ, കലാകാരൻ മഹാനായ കഥാപുരുഷൻെറ വലിപ്പത്തോളം സ്വയം വളൎന്ന വർത്തിക്കുമ്പോഴാണ്, സി. ജെ. യുടെ ''ദാവീദി''നെപ്പോലുള്ള കഥാപാത്രങ്ങൾ ജനിക്കുന്നത്.

സൂക്ഷ്മഭാവങ്ങൾ സൂക്ഷിച്ചു നിരൂപിക്കുന്തോറും നിങ്ങളെ കൂടുതൽ കൂടുതൽ ആശ്ചര്യപ്പെടുത്താൻ കെൽപ്പുള്ള ഒരു അപൂർവ്വ സാഹിത്യശില്പമാണ് തോമസിൻെറ ''ദാവീദ്നാടകം.'' വായനയുടെ ആവർത്തി കൂടുന്തോറും കൂടുതൽ വലുതാവുന്നതു പോയിട്ട്, ആവർത്തിച്ചു വായിക്കാൻ കഴിയുന്ന കൃതികൾ എത്ര ദുർല്ലഭമാണു മലയാളത്തിൽ! ആവർത്തിച്ചാവർത്തിച്ചു വായിക്കുന്തോറും അർത്ഥങ്ങളുടേയും ഭാവങ്ങളുടേയും പുതിയ പുതിയ മേഖലകൾ അനാവരണം ചെയ്യാൻ കഴിയുന്നതായി മലയാളഭാഷയിൽ ആകെയുള്ള ഏതാനും കൃതികളിൽ പ്രധാനപ്പെട്ട ഒരു കൃതിയാണ് സി. ജെ. യുടെ ''ആ മനുഷ്യൻ നീതന്നെ'' എന്ന ബൈബിൾനാടകം.

ഒരു നാടകശില്പമെന്ന നിലയിൽ അതിനെ അപഗ്രഥിച്ചെന്തെങ്കിലും പറയാൻ ഞാൻ ഇവിടെ മുതിരുന്നില്ല — ''അവൻ വീണ്ടും വരുന്നി''ൻെറ കാര്യത്തിലെന്നപോലെ ഈ നാടകത്തിൻെറയും അവസാനത്തെ അങ്കത്തിൽ തോമസിൻെറ കഴിവുകൾ പതർച്ച കാണിക്കുന്നുവെന്ന വസ്തുത രേഖപ്പെടുത്തുന്നതല്ലാതെ. പക്ഷെ നാടകം വായിക്കാൻ മുതിരുന്നവരോടു ക്ഷമാപണപൂർവ്വം, അതിൻെറ സാഹിത്യപരമായ മഹിമയെക്കുറിച്ചു ചിലതുകൂടി പറയാതിരിക്കാൻ എനിക്കു കഴിയുന്നില്ല. ഏതു മഹാനേയും സാമാന്യനായ വെറും വഷളനാക്കുന്ന ഒരു കഥാസന്ദർഭമാണു സി. ജെ. ഈ നാടകത്തിൽ കൈകാര്യം ചെയ്യാനെടുത്തിരിക്കുന്നത്. നായെപ്പോലെ തന്നോടു ഭക്തിയുള്ള ഒരു ഭടൻെറ യുവതിയായ ഭാര്യ, കുളിക്കുന്നിടത്തേയ്ക്ക്

തലയിൽ മുണ്ടും പുതച്ച് ഒളിച്ചുചെല്ലുന്ന രാജാവ്, ഏതു ദാവീദ്‌രാജാവായാലും അപഹാസ്യനാണ്. മ്ലേച്ഛവും പരിഹാസ്യവുമായ ആ ദൗർബ്ബല്യത്തിന്റെ പ്രത്യക്ഷചിത്രീകരണം ഒരു ദാവീദിന്റെ ദൗർബ്ബല്യത്തിനു ചേർന്ന ''വ്യാഘ്രഗാംഭീര്യ''ത്തോടെതന്നെ ചിത്രീകരിക്കാൻ കഴിഞ്ഞ കഴിവ് അസൂയാവഹംതന്നെയാണ്. എങ്ങോട്ടു ഒരു ചുവടു മാറി ചവിട്ടിയാലും നിത്യസാമാന്യമായ ആഭാസത്വത്തിന്റെ അഴുക്കുകുണ്ടിൽ വീഴാവുന്ന നിലയിൽ നിന്നുകൊണ്ട്, നമ്മുടെ സഹതാപത്തിന്റെ സ്വിച്ചുകളിൽ തട്ടി, അതു ജ്വലിപ്പിച്ച്, ദാവീദിന്റെ അതികായസ്വരൂപത്തെ എന്തു വൈഭവത്തോടെ തോമസ് പ്രകാശിപ്പിക്കുന്നു! നാടകശില്പത്തിന്റെ ഭദ്രതയും, സ്വന്തം വിശ്വാസ്യതയും, ഒരുനവും തട്ടാതെ ഈ നാടകത്തിലെ മറ്റെല്ലാ കഥാപാത്രങ്ങളും ദാവീദിന്റെ വലിപ്പത്തിന്, മിഴിവും വ്യക്തതയും നൽകുന്നുണ്ട്. ലക്കില്ലാത്ത ധീരസാഹസികത്വവും നിയന്ത്രിക്കാനാവാത്ത ചോരത്തിളപ്പുള്ള ലുബ്ധബുദ്ധിയായ ഊറിയ, ഒരുവശത്തു സ്വന്തം ഭൂതകാലത്തിന്റെ ഓർമ്മക്കുറിപ്പായും, കയ്പുരസം കലർന്നുതുടങ്ങിയ ഉപഹാസഭാവമുള്ള വൃദ്ധനായ യോവാബ് സ്വന്തം ഭാവിയുടെ സൂചനയായും, ഇരുവശത്തും നിൽക്കുമ്പോൾ, യുവത്വത്തോടു വിട പറഞ്ഞുകഴിഞ്ഞ ദാവീദ്, ഏകാന്തതയുടെ ഇരുട്ടുകയറിയ തന്റെ ഹൃദയത്തിൽ ഒരു നിഷിദ്ധപ്രേമത്തിന്റെ നിലാവെളിച്ചവും ഒളിച്ചുവച്ചുകൊണ്ടു ഇരിക്കുന്ന ആ ഇരിപ്പു ഗംഭീരമാണ്. സ്വപ്നങ്ങളുടെ ഉല്ക്കകൾക്കു പിന്നാലെ ഹൃദയം പായുകയും, അതിനൊപ്പം ചലിക്കാൻ പ്രായംചെന്ന മനസ്സും ശരീരവും കൂട്ടാക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തിപ്രതിഭാസമാണ് തോമസിന്റെ ദാവീദ്. ഈ കഴിവുകേട്, ഈ പരാധീനത, പക്ഷെ മനസ്സിന്റെ ഇഴകളിൽ പ്രവർത്തിച്ച് മഹാനായ ഒരു രാഷ്ട്രതന്ത്രജ്ഞനെ സൃഷ്ടിച്ചിരിക്കുന്നു! രബ്ബാനഗരത്തെ ക്ഷമാപൂർവ്വം പ്രതിരോധിച്ചു തളർത്തി കീഴ്പ്പെടുത്തുന്ന യുദ്ധതന്ത്രക്കാരൻ, യുവതിയായ ബത്ത്ശേബയേയും ക്ഷമാപൂർവ്വം പ്രതിരോധിച്ചിരിക്കുകയാണ്—രബ്ബയെപ്പോലെ തളർത്തി കീഴ്പ്പെടുത്തിയെടുക്കാൻ. വരുന്നതു വരുമ്പോൾ കാണാമെന്നു കരുതി നേരിട്ടു കയറി ആക്രമണം നടത്തുന്ന കാലം കഴിഞ്ഞിരിക്കുന്നു!

> ''ആദ്യമെല്ലാം ഞാനെന്റെ അസ്വാസ്ഥ്യത ശത്രുരക്തത്തിൽ മുക്കിക്കൊന്നു. പക്ഷെ എത്രകാലം മനുഷ്യൻ കശാപ്പുകൊണ്ടു ആത്മശാന്തി നേടും?....ബത്ത്ശേബാ, ഇന്നെന്റെ ഹൃദയം ശൂന്യമാണ്....എന്റെ ഗാനം നിലച്ചുപോയി. എന്റെ ജീവിതം ഉണങ്ങിപ്പോയി. ഞാനിന്നൊരു മരുഭൂമിയാണ്.''

വലിയ മരുഭൂമിയിൽ ചെറിയോരു ശാദ്വലം കിളിർത്ത കഥയാണ് സി. ജെ. യുടെ ''ആ മനുഷ്യൻ നീതന്നെ''.

VI

''ആ മനുഷ്യൻ നീതന്നെ''യിൽ ബത്ത്ശേബയ്ക്കു ദാവീദ് തന്റെ ഹൃദയം തുറന്നു കാണിച്ചുകൊടുക്കുന്ന ഒരു ഭാഷണമുണ്ട്:—

''അതേ....അതു അഹന്തയായിരിക്കാം. പക്ഷെ ഒരു കവിസ്സിങ്ങനെയല്ലാതെ ചിന്തിക്കാൻ വയ്യ. അയാൾ അല്പനേരത്തേക്കു് സർവ്വാധികാരിയാണു്; സർവ്വാന്തര്യാമിയാണു്; അസ്ഥനാണു്; മഹിമയുടെ മൂർത്തീകരണമാണു്; ദൈവമാണു്—അവൻെറ പ്രതിഭയുടെ പ്രാഭവകാലത്തിൽ. അവൻ ഇടവിട്ടേ ജീവിക്കുന്നുള്ളു—മിന്നിപ്പൊലിയുന്ന ഉല്ക്കകളെപ്പോലെ.''

സൃഷ്ടികർമ്മത്തിൽ മഗ്നമാവുന്ന കവിഹൃദയത്തെപ്പററി ഇതുപോലെ സത്യമാത്രമായ തീക്ഷ്ണപ്രഖ്യാപനങ്ങൾ ഏറെ കാണാൻ വിഷമമാണു്. കേവലഭാവനയിൽ കിളിക്കുന്ന ആശയമല്ലിതു്. വൈകാരിക ദീപ്തിയോടെ ഈ ആശയം കുറിക്കാൻ സി. ജെ. തോമസിനെത്തന്നെ കഴിഞ്ഞുവെന്നു ചിന്തിക്കുന്നവരുണ്ടെങ്കിൽ, അവർക്കുള്ള ഉത്തരമാണു് ''1128-ൽ ക്രൈം 27'' എന്ന നാടകം. സി. ജെ. തോമസിലെ സൃഷ്ടികർത്താവും സി. ജെ. യെന്ന വ്യക്തിയും പരസ്പരം പൂർണ്ണമായി ലയിച്ചു വർത്തിക്കുകയും, സർവ്വാധികാരിയും, സർവ്വാന്തര്യാമിയും, അസ്ഥനും, മഹിമയുടെ മൂർത്തീകരണവുമായി ആ കവി വർത്തിക്കുകയും ചെയ്ത അപൂർവ്വ നിമിഷത്തിൻെറ സൃഷ്ടിയാണു് സി ജെ. യുടെ ''1128-ൽ ക്രൈം 27''.

മൂന്നോ നാലോ ഭിന്ന കാഴ്ചപ്പാടുകളിലും—രൂപഘടനകളിലും—കാണാൻ കഴിയുന്ന ഒരു മാജിക് നാടകമാണു് ''1128-ൽ ക്രൈം 27'', ആ നാടകം പഠിച്ചപ്പോൾ ലിയനാർഡോഡാവിഞ്ചിയുടെ ബാല്യകാലത്തിലെ ഒരു ജീവിതകഥ എനിക്കോർമ്മവന്നു. ബാലനായ ലിയനാർഡോ, തൻെറ മുറിയിൽ അടച്ചുപൂട്ടിയിരുന്നു രഹസ്യമായി ഒരു ചിത്രം രചിച്ചു—താൻ കണ്ടതും തനിക്കു ഭാവിക്കാനായതുമായ ബീഭത്സതയുടെയെല്ലാം പ്രധാന ഘടകങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയ ഒരു സാങ്കല്പിക ഭീകരസത്വത്തിൻെറ ചിത്രം. മകൻെറ രഹസ്യം എന്തെന്നറിയാൻ അച്ഛൻ ഒരു ദിവസം കള്ളത്താക്കോൽവച്ചു മുറി തുറന്നുനോക്കിയെന്നും, മുറിയിൽ ഒരു സത്വത്തെ കണ്ടപാടെ ''അയ്യോ!'' എന്നലറിക്കൊണ്ടു വീടിൻെറ കോണിചാടി തെരുവിലേക്കു പാഞ്ഞെന്നുമാണു കഥ. ബീഭത്സതയുടെ തീക്ഷ്ണതമമായ ഭാവങ്ങളെ മാത്രം സങ്കലനം ചെയ്തു, സമഗ്രമായ ഒരു സാങ്കല്പികരൂപഘടനയ്ക്കുള്ളിൽ അവയെ സജീവമായി വിന്യസിച്ചു്, വശ്യഭീകരമായ ജീവസംസൃഷ്ടിക്കുള്ള കഴിവു്, എന്തൊരു വല്ലാത്ത കഴിവാണു് !

ജീവിതദ്വേഷം, ജീവിതത്തോടുള്ള സ്നേഹം പോലെ തന്നെ മനസ്സിലാക്കാനാവുന്ന ഒരു വികാരമാണു്. പക്ഷെ സ്നേഹമഗ്നമായ വിദ്വേഷവും, വാത്സല്യത്തിൻെറ സ്ഫടികപ്പാത്രത്തിൽ വെട്ടിത്തിളങ്ങുന്ന പുച്ഛവും മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു ഭാവസങ്കലനമാണു്. ''സിനിക്'' എന്ന സംജ്ഞ അതിൻെറ അസ്സലായ അർത്ഥത്തിൽ വിചിത്രമായ ഈ ഭാവസങ്കലനത്തെക്കുറിക്കുന്നു. നിസ്സംഗമായ സന്യാസിഭാവം പാലു് പിരിയുന്നതുപോലെ പുളിച്ചു പിരിയുന്ന മാനസികപ്രക്രിയയാണു്

ശരിയായ അർത്ഥത്തിൽ 'സിനിസിസം'. ശരീരത്തിന്റെ അധികം ഭാഗങ്ങളും വേദനിക്കാതിരിക്കുകയും അപ്പോൾ ചില ഭാഗങ്ങൾ മാത്രം വേദനിക്കുകയും ചെയ്യുന്ന ശാരീരികാവസ്ഥയാണ് 'വേദന'. പക്ഷെ ശരീരമാകെത്തന്നെ, വേദനയറിയുന്ന മനസ്സിനോടൊപ്പം, ഒരു സമഗ്രവേദനയായി മാറിയാലത്തേ അവസ്ഥയെന്തായിരിക്കും? വേദനിക്കുന്ന വ്യക്തിയും വേദനാഭാവവും തമ്മിലും, പുച്ഛം തോന്നുന്ന വ്യക്തിയും പുച്ഛകാരണമായ വിഷയവും തമ്മിലും, നിലവിലുള്ള ഭിന്നതകൾ അവസാനിക്കുകയും ഇവ രണ്ടും ഏകഭാവമായി വർത്തിക്കുകയും ചെയ്യുന്ന ദയനീയമായ മാനസികാവസ്ഥയാണ് 'സിനിസിസം'. മനുഷ്യസംസാരത്തിന്റേയും ചിന്തയുടേയും ചരിത്രത്തിൽ വലിയ സംഭാവനകൾ വികലമായ ഈ ദുഷിഭാവത്തിന്റേതായുണ്ട്. എന്നാൽ കലയുടെ രംഗത്തിൽ കാര്യമായ സംഭാവനകൾ നൽകാൻ, സ്വാഭാവികമായും ഇതിനു കഴിഞ്ഞിട്ടില്ല. സൃഷ്ടി ഒരു വിശ്വാസകർമ്മമാണ് എന്നതുതന്നെ അതിനു കാരണം. സി. ജെ. തോമസിന്റെ ''ക്രൈം നാടകം''—അത്ഭുതമെന്നല്ലാതെ എന്തു പറയട്ടെ—സിനിസിസത്തിന്റെ കലാസൃഷ്ടിയാണ്.

തോമസിനെപ്പററി നമുക്കുള്ള അറിവുകളിലൂടെ നീങ്ങി ഈ ഭാവത്തിന്റെ ജനനം കാണാൻ ശ്രമിക്കുന്നതു പാഴ്പ്പണിയായിരിക്കും. ജീവിതാനുഭവംകൊണ്ടു കൊഴുക്കുമെന്നല്ലാതെ ജീവിതാനുഭവത്തിൽനിന്നു ജനിക്കുന്ന ഒരു ഭാവമല്ലിതു്. സ്വന്തം മനോഘടനയുടെ അടിത്തറയിൽ വിഷധൂളിപോലെ ഈ ഭാവം പേറുന്ന വ്യക്തികൾ, നിർഭാഗ്യജീവിതത്തിനു വിധിക്കപ്പെട്ടവരത്രേ! സി. ജെ. യുടെ കാര്യത്തിൽ പക്ഷെ ഒരു വശം എടുത്തു പറയേണ്ടതുണ്ടു്. ഒരേ സമയത്തു ആജന്മവിശ്വാസിയും ആജന്മസിനിക്കുമായിരുന്നു — ഭൂലോകമണ്ടച്ചാരും ലോകമഹാബുദ്ധിമാനും — സി. ജെ. തോമസ്. സാമാന്യരീതിയിൽനിന്നു ഭിന്നമായി സിനിസിസമെന്ന ഭാവത്തിനു് ജീവത്തായ ഒരു കലാസൃഷ്ടി ചമയ്ക്കാൻ കഴിഞ്ഞതു്, തോമസിൽ വിശ്വാസവും സിനിസിസവും തമ്മിൽ നടത്തിയ സഹവർത്തിത്വത്തിന്റെ ഫലമാണെന്നും തോന്നുന്നു.

നാടകനിഷേധപരമായ ഒരു നാടകമാണ് സി. ജെ. യുടെ ഈ ''ക്രൈം 27''. ഒരു നാടകരചയിതാവിന്റേതെന്നതിലേറെ ഒരു മാജിക്കുകാരന്റെ കൈവിരുതോടെ—സദസ്സിനെ വിഡ്ഢിയാക്കുന്നതിൽ തോന്നുന്ന പുഛരത്തോടെയും—ചമയ്ക്കപ്പെട്ട ആ ''സ്റ്റേജുവിരുദ്ധസ്റ്റേജിൽ'' നിന്നുകൊണ്ടു്, അസ്സൽ ജീവിതത്തിന്റെ പാറക്കട്ടകളും, അസ്സൽ നാടകത്തിന്റെ പാറക്കട്ടകളും കൂട്ടിയിടിച്ചു രസിച്ചു് ''തോമസ്സുഗുരു'' തീപ്പൊരികൾ ചീറിച്ചു് രസിക്കുന്ന ദൃശ്യമാണ് ''ക്രൈം 27''. അവസാനം നാടകവും ജീവിതവും തമ്മിൽ കൂട്ടിമുട്ടി വെറും ധൂളികളായി രണ്ടും ചിതറിപ്പോവുകയും ചെയ്യുന്നു. ''ജീവിതം മിഥ്യയാണ്''' എന്ന പറച്ചിലിലെ ആ ''മിഥ്യാസംജ്ഞപോലും മിഥ്യയാണെന്നു പറയാൻ ശ്രമിക്കുന്ന ഒരു ''മിഥ്യാനാടക''മാണ് ''ക്രൈം 27''. വികലബീഭത്സമായ ആ നാടകവിരുദ്ധനാടകത്തിന്റെ അന്തരീക്ഷത്തിലുള്ള മനോഭാവം ''പോസിറ്റീവ്'' ആയി വിവരിക്കാൻ നമുക്കു വാക്കുണ്ടെന്നു തോന്നുന്നില്ല. നിശ്ച

യമായും ആ ഭാവം പുച്ഛത്തിലോ. പരിഹാസത്തിലോ ദ്വേഷത്തിലോ, ഒതുങ്ങി വർത്തിക്കുന്നില്ല, ഒരു തവളയെ ഓടിച്ചു പിടിച്ച് കൈയിൽവച്ചു പരമനിഷ്കളങ്കമായ ഹാസത്തോടെ അതിൻെറ കൈകാലുകൾ ചീന്തി വേർപെടുത്തിയെറിയുകയും ''മ്യാ–മ്യാ'' എന്ന അതിൻെറ മരണക്കരച്ചിൽ കേട്ടു പല്ലില്ലാത്ത ചിരി ചിരിക്കുകയും ചെയ്യുന്ന കുസൃതിയായ കുട്ടിയുടെ ഭാവത്തോടു സദൃശമാണതെന്നു പറഞ്ഞാൽ ആ പ്രസ്താവം ഏറക്കുറെ ശരിയായിരിക്കും. അസ്സൽ ജീവിതവും, ജീവിതപ്രതിപാദകമായ നാടകവും, രംഗപ്രയോഗതന്ത്രങ്ങളുടെ വൈഭവംമൂലം, അവയുടെ സാക്ഷാൽ ഭിന്നതകൾ നിലനിർത്തുന്ന മട്ടിൽ സ്റ്റേജിലവതരിപ്പിക്കുന്ന തന്ത്രം തികച്ചും പുതുമയുള്ള തന്ത്രമല്ല. ഇററാലിയൻ കവിയായ ലൂയി പിരാൻറല്ലോവിൻെറ ''ഒരു ഗ്രന്ഥകർത്താവിനെ തിരക്കുന്ന ആറു കഥാപാത്രങ്ങൾ'' എന്ന നാടകം ഈ രീതിയിലുള്ള ഒരു പ്രസിദ്ധ നാടകമാണ്. പക്ഷെ ജീവിതം മിഥ്യയാണെന്ന ദാർശനികാശയം വേദനിപ്പിക്കുന്ന ഒരുതരം ചിരിയിലൂടെ രംഗത്താവിഷ്കരിക്കുന്ന ദാർശനിക നാടകമാണതു്. 'ക്രൈം നാടകത്തി'ലെ സ്റ്റേജ് ടെക്നിക്കിൻെറ ആശയം, ബീജരൂപത്തിൽ പിരാൻറല്ലോവിൻെറ (അതുപോലെ ഏതെങ്കിലും പരീക്ഷണനാടകത്തിൻേറയോ) ''സിക്സ് കാരക്ടേഴ്സ്....'' എന്ന നാടകത്തിൽനിന്നു ലഭിച്ചെന്നു വന്നാൽ തന്നെയും, പിരാൻറല്ലോവിൻെറ സ്റ്റേജ് ടെക്നിക്ക് സി. ജെ. തൻെറ നാടകത്തിൽ വെറുതെ അനുകരിക്കുകയാണു ചെയ്തതെന്ന് രണ്ടു നാടകങ്ങളും മനസിലാക്കി വായിക്കുന്നവർ പറയുകയില്ല. സ്റ്റേജ് ടെക്നിക്കിൻെറ പുതുഭൂമിയിലേക്കു്, ലക്കുവിട്ടെന്ന തോന്നൽ ഇടയ്ക്കിടെ നമ്മളിലുളവാക്കുന്ന അതിരുവരെ, സി. ജെ. കൈയേററങ്ങൾ നടത്തുകയും, അനനുകരണീയമായ സ്വന്തം ടെക്നിക്ക് ആവിഷ്കരിക്കുകയും ചെയ്യുന്ന ദൃശ്യമാണ് ''ക്രൈം 27''–ൽ കാണുന്നതു്. എല്ലാ നാടകസങ്കേതങ്ങളേയും, തൻെറ ഈ നാടകത്തിൽ സി. ജെ. തകർത്തു കാണിച്ചിരിക്കുന്നുവെന്നു പറഞ്ഞാൽ, ആ പ്രസ്താവം തെററിദ്ധരിക്കപ്പെട്ടും. നിലവിലുള്ള നാടകസങ്കേതങ്ങളുടെ അപര്യാപ്തതാബോധംമൂലം, തൻേറതായ ഒരു നാടകസങ്കേതത്തിൽ നിന്നുകൊണ്ടു സി. ജെ. അവയെ എതിർത്തുവെന്ന രീതിയിലാണു അതു ധരിക്കപ്പെടുക. പക്ഷെ സി. ജെ. തോമസിൻെറ ഈ ''ക്രൈം'' നാടകത്തിൽ, നാടകസങ്കേതങ്ങളെക്കുറിച്ചെന്നല്ല, യാതൊന്നിനെക്കുറിച്ചും സാമാന്യാർത്ഥത്തിലുള്ള ഒരെതിർപ്പുമില്ല. വൈരൂപ്യദർശനം കൊണ്ടു ചിരിച്ചുപോവുന്നതു് വൈരൂപ്യത്തെപ്പററി എതിരു തോന്നുന്നതുകൊണ്ടല്ലല്ലോ. സ്വാഭാവികമായ അത്തരം ഉപഹാസച്ചിരിയിൽ സ്നേഹഭാവത്തിൻെറ ലാഞ്ഛനയുണ്ടോ എന്നുതന്നെ തോന്നും. നാടകസങ്കേതങ്ങളോടു് (സ്വന്തം നാടകങ്ങളുടെ രംഗപ്രവേശനചരിത്രം മനസ്സിലൂറിക്കിടന്ന ഒരുതരം ഉപബോധപ്രേരണയായി വർത്തിച്ചതുമൂലമാവാം) തനിക്കുള്ള ഉപഹാസമനോഭാവം ഉപയോഗപ്പെടുത്തിയാണ് തൻെറ ഈ നാടകത്തിൻെറ സ്റ്റേജ് ടെക്നിക്കുകളും അതിൻെറ ആകെ രൂപഘടന തന്നെയും സി. ജെ. നിബന്ധിച്ചിട്ടുത്തിരിക്കുന്നതു്. ആ എതിർപ്പുകളും നിഷേധങ്ങളും അടക്കില്ലായ്മയുടെ ഒരു പ്രത്യേക പരുവത്തിൽ നിരത്തി, രൂപവൈകല്യ

ത്തിൻേറതായ ഒരു രൂപഭദ്രത നാടകത്തിൽ ആവിഷ്കൃതമായിരിക്കുന്നു— അടുക്കില്ലായ്മയുടേതായ ഒരടുക്കം. നാടകം നടത്തുകാരനും നാടകവ്യാഖ്യാതാവുമായ ഒരു ഗുരുവുണ്ട്. ഗുരുവിൻെറ അപ്പുറത്തു സ്റ്റേജും, നടന്മാരും, അണിയറയും, പ്രോംപ്ററും, സ്റ്റേജുമാനേജരുമൊക്കെ ഒരടുക്ക്—ഗുരുവിൻെറ ഇപ്പുറത്തു പത്രമാപ്പീസും പത്രാധിപന്മാരും, സാക്ഷാൽ ചക്കിയും കൂട്ടരുമുള്ള വേറൊരടുക്ക്—ഇതിനെല്ലാം പ്രത്യഭിമുഖമായി ഗുരുവിനു തരംപോലെ വിരൽ ചൂണ്ടാൻ ഒരോഡിയൻസും—അങ്ങനെ നാടകവും ജീവിതവും, അതതിൻെറ അസ്സൽ രൂപത്തിൽ, വ്യതിരക്തതാഭാവത്തോടെ ഒരൊററ നാടകസ്റ്റേജിൽ ഒന്നായി പ്രദർശിപ്പിക്കപ്പെടുന്ന നാടകമാണ് സി. ജെ.യുടെ ''ക്രൈം'' നാടകം. ആ രീതിയിൽ നാടകം തുടങ്ങിയാൽ, നാടകം അസംബന്ധമെന്നും, ജീവിതമസംബന്ധമെന്നും, നാടകസങ്കേതങ്ങൾ അസംബന്ധമെന്നും, നിയമസംവിധാനം തീർത്തും അസംബന്ധമെന്നും, പത്രവും മന്ത്രിയും ഒപ്പം അസംബന്ധമെന്നും—ഇങ്ങനെ ''അസംബന്ധ''പ്രഖ്യാപനങ്ങൾ തോരാതെ ഓരോ ഭാഷണത്തിലേയും വരികൾക്കിടയിലൂടെ ധ്വനിച്ചുകൊണ്ടിരിക്കുമ്പോൾ, നിങ്ങൾ പക്ഷെ സ്വയമറിയാതെ ചോദിച്ചുവെന്നു വരും: ''അപ്പോൾ ഗുരുവേ, പിന്നെ എന്താണു ഒരു 'സംബന്ധം ?'' ധാരണാശക്തിയും ഭാവനാശക്തിയുമുള്ളവക്കു അതിനുള്ള ഉത്തരവും അതേ ഗുരുമുഖത്തുനിന്നു കേൾക്കാൻ കഴിയും: ''ഫെടാ, നാശമേ! നീയും ഞാനും അസംബന്ധം എന്നുള്ള നാടകം കണ്ടിട്ടു ഒരു ചോദ്യം കേട്ടില്ലേ! അസംബന്ധം!!''

വധശിക്ഷസ്ഥാസ്പദമായ നിയമസംഹിതയുടെ പൊള്ളത്തരം തുറന്നു കാണിക്കുന്ന നാടകമാണു "ക്രൈം 27" എന്നു പറയപ്പെടാറുണ്ട്. മരണം — അവനവൻെറ മരണം — ഒരു തമാശയാണെന്ന 'എക്സിസ്റ്റൻഷ്യലിസ്റ്റ്'' ആശയം ചിത്രീകരിക്കുകയാണു സി. ജെ യുടെ ലക്ഷ്യമെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. ഇതൊക്കെ ശരിയാണുതാനും. പക്ഷെ നിങ്ങൾ നാടകം ഒന്നു ശ്രദ്ധിച്ചു വായിക്കു (അഭിനയിച്ചുകാണാൻ നമുക്കു ഭാഗ്യമില്ലാത്ത നിലയ്ക്കു്) കോടതികൾ, ജഡ്ജികൾ, കോടതി നടപടിക്രമങ്ങൾ, വക്കീലന്മാർ, കുററാന്വേഷണരീതി, ക്രമസമാധാനപാലനം, പത്രം, പൊതുജനാഭിപ്രായം, മന്ത്രി, ഭാര്യാഭർത്തൃബന്ധം, പിതൃപുത്രബന്ധം— ഇങ്ങനെ സമുദായജീവിതത്തിലെ വലുതും ചെറുതുമായ എല്ലാ സ്ഥാപനങ്ങളും ഈ നാടകസ്റ്റേജിൽനിന്നു നടിച്ചും, ഒന്നു മുഖം കാണിച്ചും ''ഞാൻ അസംബന്ധമാണ്'' എന്നു സ്വയം വിളിച്ചുപറഞ്ഞു പിന്മാറുന്ന കാഴ്ച നിങ്ങൾക്കു കാണാം. സർവ്വാധികാരഭാവത്തിലും, സർവ്വാന്തര്യാമിയായും സി. ജെ. തോമസിലെ ''കറുത്ത'' പ്രതിഭ സമ്പൂർണ്ണപ്രാഭവം കാണിച്ച ആ അപൂർവ്വ നിമിഷത്തിൽ ജനിച്ച 'ബീഭത്സസുഭഗമായ ഈ വികലകലാസൃഷ്ടിയിൽ' എല്ലാ മാനുഷികസ്ഥാപനങ്ങളും ഇഴജന്തുക്കളെപ്പോലെ ഇഴഞ്ഞു വരികയും, നാടകകൃത്തിൻെറ ഒരുതരം വിഷമന്ദഹാസജ്വാലയേററ് അവയെല്ലാം അവിടെ ചത്തുവീഴുകയും ചെയ്യുന്നു! എന്തെല്ലാം കാര്യങ്ങളും സ്ഥാപനങ്ങളുമാണ് അവിടത്തെ വിഷവായു ശ്വസിച്ചു ചത്തുവീഴാൻ ഈ നാടകവിരുദ്ധനാടകത്തിലേക്കു കടന്നുവരുന്നതെന്നു തിട്ട

പ്പെടുത്തിയശേഷം, ഇതിൻെറ ആകെ ദൈർഘ്യം അറുപതു പുറമാണെന്നോർത്താൽ ആരും അത്ഭുതപ്പെട്ടുപോകും. സി. ജെ. തോമസിൻെറ ക്രൈം നാടകത്തിലെ പുറങ്ങളെക്കാൾ അർത്ഥഗർഭമായ അച്ചടിപ്പുറങ്ങൾ മലയാളഭാഷയിൽ ഏതായാലും കുറവാണ്. ഇവിടെ നമുക്ക വിശ്വസിക്കാൻ പ്രയാസം തോന്നുന്ന കാര്യം, ഇത്രയധികം കാര്യങ്ങൾ ഇവിടെ നരച്ചുകയറിയിട്ടും നാടകത്തിൻെറ ആ പ്രത്യേകമായ രൂപഘടനയ്ക്കോ, രൂപഭദ്രതയ്ക്കോ ഒരുലച്ചിലും ഒരിടത്തും സംഭവിക്കുന്നില്ലെന്നുള്ളതാണ്. എന്നുതന്നെയുമല്ല അവയെല്ലാം ഒരിക്കലും വേർപെടുത്താൻ കഴിയാത്തവണ്ണം ആ സമഗ്രരൂപത്തിൻെറ ഘടകങ്ങളായി വർത്തിക്കുകയും ചെയ്യുന്നു! യാതൊരാൾക്കും ഒരിക്കലും ബുദ്ധിശക്തികൊണ്ടും, കരകൗശലവൈഭവംകൊണ്ടും ചിന്തിച്ചു പ്രവർത്തിച്ചുണ്ടാക്കാൻ കഴിയുന്ന ഒരു കാര്യമല്ലിതു്. ജീനിയസ്സിൻെറ, കലർപ്പില്ലാത്ത ജീനിയസ്സിൻെറ, അത്ഭുതശക്തിയെന്തെന്നു ഉദാഹരിക്കുന്ന ഒരു കൃതിയാണ്, മരണം ഒരു ഫലിതമാണെന്നു് ഉദാഹരിക്കുന്ന സി. ജെ. യുടെ ക്രൈം നാടകം.

1918 നവമ്പർ മാസത്തിൽ ജനിച്ച സി. ജെ. തോമസ്, 1960 ജൂലായ് മാസത്തിൽ, മരണം എത്രമേൽ വേദനിപ്പിക്കുന്ന ഒരു സത്യമാണെന്നു നമ്മെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടു മരിച്ചു നാനാഖേമായ പ്രതിഭയുമായി വിവിധ ജീവിതത്തുറകളിൽ ഉഴറിക്കഴിഞ്ഞ സ്വജീവിതത്തിനിടയിൽ ശേഷിപ്പിച്ചുപോയ ഈ നാടകങ്ങൾ, പക്ഷെ അദ്ദേഹത്തെ അനശ്വരനാക്കിത്തീർക്കുന്നു

എടവനക്കാട്
5—2—1970

പി. കെ. ബാലകൃഷ്ണൻ

ജീവചരിത്രക്കുറിപ്പ്

കുത്താട്ടുകുളത്തു് ചൊള്ളമ്പേൽ കുടുംബത്തിൽ, യോഹന്നാൻ കോർ എപ്പിസ്കോപ്പായുടെ മകനായിട്ടാണു് 1918 നവമ്പർ 14-ാംതീയതി സി. ജെ. തോമസ് ജനിച്ചതു്. സ്കൂൾഫൈനൽ വരെയുള്ള വിദ്യാഭ്യാസം കുത്താട്ടുകുളം ഗവമ്മെൻറു് സ്കൂളിലും വടകര ഹൈസ്കൂളിലുമായിരുന്നു. കോട്ടയം സി. എം. എസ്സ്. കോളേജിൽ അദ്ദേഹം ഇൻറർമീഡിയററിനു പഠിക്കാൻ ചേർന്നതു് ഒരു വൈദിക വിദ്യാൎത്ഥിയായിട്ടായിരുന്നെങ്കിലും വൈദികപഠനവുമായി പൊരുത്തപ്പെട്ടുപോകാൻ കഴിഞ്ഞില്ല. 1939-ൽ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ നിന്നും ബി. ഏ. പാസ്സായതിനുശേഷം രണ്ടു കൊല്ലത്തോളം ഒരു അദ്ധ്യാപകനായി വടകര ഹൈസ്കൂളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. മാൎത്താണ്ഡം ഗ്രാമോദ്ധാരണകേന്ദ്രത്തിൽ ചേൎന്നു് ഒരു കൊല്ലത്തെ പരിശീലനം നേടി. അതു കഴിഞ്ഞാണു് തിരുവനന്തപുരം ലോ കോളേജിൽ ചേൎന്നു് നിയമബിരുദം കരസ്ഥമാക്കിയതു്.

ലോ കോളേജിലെ വിദ്യാഭ്യാസജീവിതത്തിനിടയ്ക്കാണു് സി. ജെ. രാഷ്ട്രീയത്തിലേക്കാകൃഷ്ടനായതു്. വിദ്യാർത്ഥി ഫെഡറേഷൻ പ്രവൎത്തനത്തിലൂടെ അദ്ദേഹം കമ്മ്യൂണിസ്ററുപാർട്ടിയിലെത്തി. അഞ്ചാറുകൊല്ലത്തെ സജീവമായ പാർട്ടിപ്രവൎത്തനത്തിനുശേഷം അതിൽനിന്നു രാജിവച്ചു പിരിഞ്ഞു.

രാഷ്ട്രീയപ്രവർത്തനത്തിലേർപ്പെട്ടിരിക്കവേ തന്നെ അദ്ദേഹം രണ്ടു കൃതികൾ പ്രസിദ്ധപ്പെടുത്തിയിരുന്നു: 'സോഷ്യലിസം' (1948 ജൂൺ) 'മതവും കമ്മ്യൂണിസവും' (1948 ജൂലൈ). രാഷ്ട്രീയത്തിൽ നിന്നു വിട്ടശേഷമാണു് 1949 ആഗസ്റ്റിൽ 'അവൻ വീണ്ടും വരുന്നു' എന്ന നാടകം എഴുതിയതു്. തുടൎന്നു്

1950 ഒക്ടോബറിൽ 'ഉയരുന്ന യവനിക' എന്ന നാടകശാസ്ത്രഗ്രന്ഥവും പുറത്തു വന്നു. 'വിലയിരുത്തൽ' എന്ന നിരൂപണഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതു്, 1951 സെപ്തംബറിലായിരുന്നു. ഇവയ്ക്കു പുറമെ പത്തു നാടകങ്ങൾകൂടി സി. ജെ. എഴുതിയിട്ടുണ്ടു്. ഇതിൽ 1128-ൽ ക്രൈം 27, ശാലോമി, ആ മനുഷ്യൻ നീതന്നെ, വിഷവൃക്ഷം എന്നീ നാലെണ്ണം സ്വതന്ത്രകൃതികളും, അൻറിഗണി, ഭൃത്യം, കീടജന്മം, ലിസിസ്ട്രാററാ, ഈഡിപ്പസ് എന്നിവ തർജ്ജമകളുമാണു്. പിശുക്കൻെറ കല്യാണം ഒരനുകരണവും. ഇവനെൻെറ പ്രിയപുത്രൻ, ധിക്കാരിയുടെ കാതൽ, മനുഷ്യൻെറ വളർച്ച എന്നിവയാണു് മററു കൃതികൾ.

ഡെമോക്രാററു്, കഥ, ചിത്രോദയം, പ്രസന്നകേരളം, നവസാഹിതി തുടങ്ങിയവയുടെ പത്രാധിപസമിതിയിൽ സി. ജെ. അംഗമായിരുന്നിട്ടുണ്ടു്. സാഹിത്യപ്രവർത്തക സഹകരണസംഘം, ആൾ ഇന്ത്യാ റേഡിയോ, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റു്, ഡെമോക്രാററിക് പബ്ലിക്കേഷൻസ് എന്നിവയായിരുന്നു അദ്ദേഹത്തിൻെറ മററു പ്രവൎത്തനരംഗങ്ങൾ. മലയാളപുസ്തകങ്ങളുടെ മുഖച്ഛായ മാററുന്നതിൽ സി. ജെ. വഹിച്ചിട്ടുള്ള പങ്കു വളരെ വലുതാണു്. സാഹിത്യപ്രവൎത്തക സഹകരണസംഘത്തിൻെറ ചരിത്രത്തിൽ അവിസ്മരണീയമായ അപൂൎവ്വം പേരുകളിൽ ഒന്നാണു സി. ജെ. തോമസിൻേറതു്.

യശഃശരീരനായ എം. പി. പോളിൻെറ മൂത്തമകൾ റോസിയെയാണു് സി. ജെ. വിവാഹം കഴിച്ചതു്. അവൎക്കു മൂന്നു കുട്ടികളുണ്ടു്. സുപ്രസിദ്ധ കവയിത്രിയായ കൂത്താട്ടുകുളം മേരിജോൺ സി. ജെ. യുടെ സഹോദരിയാണു്.

★

"ഞാൻ"

"എന്നെക്കൂടാതെതന്നെ ഈ പ്രപഞ്ചം നിലനിൽക്കുമെന്നെനിക്കറിയാം. പക്ഷേ, ഞാനില്ലെങ്കിൽ എനിക്കു് ഈ ലോകമില്ല, ഒന്നുമില്ല.

ഞാനില്ലെങ്കിൽ നിങ്ങളുമില്ല. ഇല്ലാത്ത എന്നെ വ്യക്തിവാദിയെന്നു് അധിക്ഷേപിക്കുകയുമില്ലല്ലോ ?

ഞാൻ ജനിക്കുന്നതിനു വളരെ മുമ്പുതന്നെ പ്രപഞ്ചമുണ്ടായിരുന്നു. ഞാൻ മരിച്ചുകഴിഞ്ഞും അതുണ്ടായിരിക്കും. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം എൻെറ അസ്തിത്വമാണു് ആദ്യത്തെ പടി. പ്രപഞ്ചത്തിൻെറ അസ്തിത്വത്തെ ഞാൻ അംഗീകരിക്കണമെങ്കിൽ ഞാൻ ഉണ്ടായിരിക്കണം. അതിനു് എൻെറ സ്വന്തം അസ്തിത്വത്തെ നിഷേധിച്ചിട്ടു കഴിയുകയില്ലല്ലോ? എന്നെ നിഷേധിച്ചാൽ പ്രപഞ്ചത്തിനു നില്ക്കാനാവില്ല. ഞാനില്ലെങ്കിലും പ്രപഞ്ചമുണ്ടു് എന്നു നിങ്ങളല്ലേ പറയുന്നതു് ! ഞാനില്ലെങ്കിൽ ആ പ്രസ്താവനയുടെ ചുവട്ടിൽ ഞാനെങ്ങനെ ഒപ്പുവെയ്ക്കും ? അതുകൊണ്ടു് ഞാനുണ്ടു്, പ്രപഞ്ചമുണ്ടു് — ഞാൻകൂടി ഉൾപ്പെട്ട പ്രപഞ്ചം. ഞാൻ പ്രപഞ്ചത്തിൻെറ ഒരു ഭാഗമാണു്."

— സി. ജെ. തോമസ്

അവൻ വീണ്ടും വരുന്നു

കഥാപാത്രങ്ങൾ

മാത്തുക്കുട്ടി

കുഞ്ഞുവക്കി

ഉപദേശി

സാറാമ്മ

മാത്തുക്കുട്ടിയുടെ അമ്മ

രാഘവൻ (ഫാക്ടറി തൊഴിലാളി)

പതിച്ചി തുടങ്ങിയവർ

ഒന്നാം അങ്കം

രംഗം ഒന്ന്

ഒരു പെറിയ മുറി. പുറകിലും വലത്തുവശത്തും ഓരോ വാതിൽ. ഇടത്തുവശത്തു കിടക്കുന്ന കട്ടിലിന്റെ കീഴിൽ ഒരു കോളാമ്പിയിരിക്കുന്നു. കട്ടിലിന്റെ പുറകിലായി കുറെ കലങ്ങളും കുടങ്ങളും. അതിനടുത്ത് ഒരു മരപ്പെട്ടിയും അതിന്റെ മുകളിൽ ഒരു റാന്തൽവിളക്കും. വലത്തുവശത്തെ മൂലയ്ക്ക് ഒരു പഴയ കസേരയും ഒരു സ്റ്റൂളും. പുറകിലെ വാതിലിന്നു മുകളിലായി ക്രിസ്തുവിന്റേയും പട്ടാളവേഷത്തിലുള്ള ഒരു യുവാവിന്റേയും പടങ്ങൾ തൂക്കിയിരിക്കുന്നു. ചർച്ചിൽ, സ്റ്റാലിൻ, റൂസ്‌വെൽററ് എന്നിവരുടെ പടങ്ങൾ—ദേശീയ സമരനിരയുടെ പ്രസിദ്ധീകരണം—ഒരു പഴയ പഞ്ചാംഗത്തിന്റെ മുകളിൽ ഒട്ടിച്ചിരിക്കുന്നു.

സമയം രാവിലെ ഒമ്പതുമണി. ഏകദേശം അമ്പതുവയസ്സായ ഒരു സ്ത്രീ എന്തോ അന്വേഷിച്ചു മുറിയിൽ ചുററി നടക്കുന്നു. അന്വേഷിക്കുന്നതു് കണ്ടുകിട്ടാത്ത ഭാവത്തിൽ കൈകൾ എളിയിൽവെച്ചു നില്ക്കുന്നു.

സ്ത്രീ: കണ്ടില്ലേ! ഇതിനൊക്കെ എന്നാ പറയാനാ. ഒരു സാതനം എടുത്താലെടുത്തേടത്തു വെയ്ക്കുല്ല. (അകത്തേക്കു നോക്കി) എടീ സാറാമ്മേ,—ഓ, ഇനി, അവളെ ഒന്നു വിളിച്ചു വിളികേൾപ്പിക്കാനാ പാട്. നഞ്ചുതിന്ന മീനേപ്പോലെ വല്ലേടത്തും നോക്കി നടക്കുവാരിക്കും. അല്ലെങ്കിലും ഇപ്പളത്തെ പെണ്ണുങ്ങടെ കാര്യോന്നും പറയണ്ട. (ഇതിനിടയിൽ ചുററും നോക്കിനടന്നു് ഒരു കറിക്കത്തി കണ്ടെടുത്തുകൊണ്ടു്) അമ്പടി, അവളൊരു കക്കത്തി സൂക്ഷിക്കാൻ കണ്ട സ്ഥലം! (പെട്ടിയിൽനിന്നു നാലഞ്ചു വഴുതനങ്ങാ എടുത്തുകൊണ്ടുവന്നു നിലത്തിരുന്നു് കറിക്കൊരുക്കുന്നു.)

ശബ്ദം: (ദൂരത്തിൽനിന്നു്) അവൻ വീണ്ടും വരുന്നു! എന്റെ ജനമേ, ചെവിക്കൊൾവിൻ. അവൻ വീണ്ടും വരുന്നു!

സ്ത്രീ: ആ ഉപദേശിക്കു് വേറെ തൊഴിലൊന്നുമില്ലേ? അയാക്കു് കിറുക്കാന്നാ തോന്നണെ. ഈ വഴിക്കോടെയൊക്കെ വിളിച്ചുപറഞ്ഞോണ്ടു് നടക്കുകതന്നെ—സാറാമ്മേ!

സാറാമ്മ: (അകത്തുനിന്നും) എന്തോ?

സ്ത്രീ: ആ വെല്യ ചെമ്പുകലത്തിൽ വെള്ളം കോരിയിടണം, കെട്ടോ? (ശബ്ദം താഴ്ത്തി) ഒന്നു മേലുകഴുകണന്നു വിചാരിച്ചിട്ടു് ദെവസം നാലായി. അതങ്ങനെയാ? നേരോണ്ടോ, അലക്കൊഴിഞ്ഞിട്ടു്—?

ഉപദേശി: (പ്രവേശിച്ചുകൊണ്ടു്) അവൻ വീണ്ടും വരുന്നു! നിങ്ങളുടെ വിളക്കുകളിൽ എണ്ണയൊഴിച്ചു കാത്തിരിപ്പിൻ. കർത്താവിനു സ്തോത്രം. എന്താ മറിയാമ്മച്ചേടത്തി. സുഖം തന്നെയല്ലേ?

സ്ത്രീ: (എഴുന്നേററു് പരിഭവസ്വരത്തിൽ) ആരു്? ഉപദേശി ഇങ്ങോട്ടുള്ള വഴി അറിയുമോ? ഈയിടെ ഇങ്ങോട്ടൊന്നും കാണാറില്ലായിരുന്നു. (കസേര വലിച്ചു മാററിയിട്ടുകൊണ്ടു്) ഇങ്ങോട്ടിരിക്കാല്ലൊ. ഇവിടെയെങ്ങുമില്ലായിരുന്നോ?

ഉപദേശി: എനിക്കങ്ങിനെ ഒരിടത്തുതന്നെ നില്ക്കാൻ കഴിയുമോ? ഞാൻ കർത്താവിൻെറ ഒരു എളിയ ദാസൻ. കർത്താവരുളിച്ചെയ്തിരിക്കുന്നു, ''ഭൂലോകമെങ്ങും പോയി എൻെറ സുവിശേഷത്തെ അറിയിപ്പിൻ.'' (ഇരിക്കുന്നു) ഈ കാലത്തിൻെറ സ്വഭാവം മറിയാമ്മച്ചേടത്തി കാണുന്നില്ലായിരിക്കും. പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു നിവൃത്തിയാകുവാനുള്ള കാലമായിരിക്കുന്നു. (എഴുന്നേററു്) ലോകാവസാനം അടുത്തിരിക്കുന്നു! ഇപ്പോറം സുപ്രസാദകാലം, ഇപ്പോറംത്തന്നെ രക്ഷാദിവസം.

സ്ത്രീ: ഉപദേശി ഒന്നും കഴിച്ചിട്ടില്ലായിരിക്കും, അല്ലേ?—സാറാമ്മേ! സാറാമ്മേ!—(ഉപദേശിയോടു്) കൊറച്ചു കാപ്പി കുടിച്ചിട്ടു പോകാം.—സാറാമ്മേ! എടീ സാറാമ്മേ!

സാറാമ്മ: (അകത്തുനിന്നും) എന്തോ?

സ്ത്രീ: ഇങ്ങുവാ. നീ എവിടെപ്പോയി കെടക്കുവാ? ശവം, വിളിച്ചാലും കേക്കുല്ല. (ഉപദേശിയോടു്) ഈ യുദ്ധം എന്നു കഴിയും ഉപദേശി?

ഉപദേശി: കാലത്തിൻെറ തികവനുസരിച്ചു സംഭവിക്കേണ്ടതു സംഭവിക്കട്ടെ. കർത്താവിൻെറ തിരുവിഷ്ടത്തെ പരീക്ഷിക്കാതിരിക്കുക. പുറജാതിക്കാരേയും അവിശ്വാസികളേയുംപോലെ ജ്യോതിഷത്തിൽ വിശ്വസിക്കരുതു്.

സ്ത്രീ: എടീ പെണ്ണേ, സാറാമ്മേ!

സാറാമ്മ: (പ്രവേശിച്ചു്) വെള്ളം തിളച്ചുകിടപ്പുണ്ടു്.

സ്രീ: പിന്നെയെന്തിനാ നോക്കിനിക്കണെതു്? ഉപദേശി വന്നിരിക്കണതു കണ്ടില്ലേ? ഒരു കോപ്പയ്ക്കത്തു കാപ്പി എടുത്തോണ്ടുവാ. (സാറാമ്മ മടിച്ചു നില്ക്കുന്നു) ഏ! എന്താ നീ വേരുമൊളച്ചതുപോലെ നിക്കണെ?

സാറാമ്മ: പഞ്ചസാരയില്ല.

ഉപദേശി: വേണ്ടാ, അതിനു വിഷമിക്കണമെന്നില്ല. എനിക്കു കാപ്പി വേണമെന്നില്ല.

സ്രീ: കരുപ്പെട്ടി ഇരുപ്പില്ലേ? (സാറാമ്മ തലകുലുക്കുന്നു) ആ അതു മതി. വേഗം വേണം. (സാറാമ്മ പോകുന്നു) കെട്ടോ ഉപദേശി, ഈ യുദ്ധം കാരണം ഒന്നും കിട്ടാണ്ടായി. വെലയോ അതിലും കഷ്ടം. കണ്ടു്റോളംകൂടിയില്ലായിരുന്നെങ്കിൽ! എന്തു കാലമാണു ദൈവമേ!

ഉപദേശി: അതിലൊന്നും അത്ഭുതപ്പെടേണ്ട, മറിയാമ്മച്ചേടത്തീ. അതങ്ങനെയല്ലാതിരിപ്പാൻ നിവൃത്തിയില്ല. അങ്ങനെയാണു തിരുവിഷ്ടം. ഇതു മറുതലിപ്പിന്റെ കാലം. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം പത്താമദ്ധ്യായം ഇരുപത്തിമൂന്നും ഇരുപത്തിനാലും വാക്യങ്ങൾ: ''നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ. എന്തുകൊണ്ടെന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു, വളരെ പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നതു കാണ്മാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്നതു കേൾപ്പാനും, എങ്കിലും കേട്ടില്ല.'' കർത്താവിനു സ്തോത്രം!

സ്രീ: ഈ ദാരിദ്ര്യത്തിന്റെ എടയ്ക്കു് എന്റെ മാത്തുക്കുട്ടിയും കൂടി ഇല്ലായിരുന്നെങ്കിൽ....(തിരിഞ്ഞു ഭിത്തിയിലെ പടത്തിൽ നോക്കുന്നു) എന്നാലും അവൻ പോയതോക്കുമ്പം ഇനിക്കു് സഹിക്കാമ്മേല. യുദ്ധത്തിനല്ലേ|—അവിടെ എന്തൊക്കെയൊന്നാരു കണ്ടു? എന്റെ പൊറോത്തുരാജാക്കളേ! ഒരു നേർച്ച കഴിച്ചേക്കാം, അവനു് ഒന്നും വരാണ്ടിരിക്കണേ. എന്റെ കൊച്ചിനെ ഒന്നു കണ്ടേച്ചു ചത്തെങ്കിൽ മതിയായിരുന്നു.

ഉപദേശി: മനുഷ്യപുത്രനെച്ചൊല്ലി കരയാതെ, മറിയാമ്മച്ചേടത്തീ. ഈ ലോകം നശ്വരം. (സാവധാനം നടന്നുകൊണ്ടു്) അവസാനകാലം അടുത്തിരിക്കുന്നു. ജനം ദൈവത്തോടു മറുതലിച്ചുതുടങ്ങിയിരിക്കുന്നു. (ശബ്ദമുയർത്തി) ഓരോ സൃഷ്ടിയോടും സ്രഷ്ടാവു് കണക്കു ചോദിക്കുന്ന കാലമടുത്തിരിക്കുന്നു. (സാറാമ്മ കൈയിൽ കാപ്പിയുമായി പുറകിലെ വാതില്ക്കൽ പ്രത്യക്ഷപ്പെടുന്നു) അന്നു് രണ്ടു സ്രീകൾ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരുത്തിയെ അവൻ

സ്വീകരിക്കും. മററവളേയോ അവൻ ചാകാത്ത പുഴവും കെടാത്ത തീയും നിറഞ്ഞ നിത്യനരകത്തിലേക്കു തള്ളും. (കൈകരം ഉയർത്തി ആവേശഭരിതനായി) കിഴക്കുഭാഗത്തു് വെള്ളിമേഘങ്ങളുടെ മുകളിൽ അഗ്നിരഥത്തെ ഞാൻ കാണുന്നു. ഉണർവ്വുള്ള മണവാട്ടികളേ, നിങ്ങളുടെ ദീപങ്ങളെ കൊളുത്തുക! അവൻ വീണ്ടും വരുന്നു.

(സാറാമ്മയുടെ മുഖം വിളറി. കൈയിൽനിന്നും പാത്രം താഴെ വീണുടയുന്നു. ഉപദേശിയും സ്ത്രീയും തിരിഞ്ഞുനോക്കുന്നു.)

സ്ത്രീ: എന്താടീ മൊകത്തു കണ്ണില്ലാണ്ടാ കേറിവരണതു്? ഇവളിവിടെ വന്നുകേറീപ്പം തൊടങ്ങിയതാ ഈ പൊട്ടിക്കലു്. പൊട്ടിക്കലുതന്നെ പൊട്ടിക്കലു്. ഇനി ഒന്നും ഇല്ല പൊട്ടിക്കാൻ. എന്നാലും ഇങ്ങനെ സൂക്ഷമില്ലാത്ത പെണ്ണുങ്ങളൊണ്ടോ! ഇത്തിരിയൊന്നു് സൂക്ഷിച്ചിരുന്നെങ്കിലിപ്പം ഈ കോപ്പ പൊട്ടുവോ? എൻെറ മാത്തുക്കുട്ടീ, നീ നോക്കീട്ടു് ഇങ്ങനെ ഒരെണ്ണത്തിനെ- അല്ല, എൻെറ തലേലെഴുത്തു്! അല്ലാണ്ടെന്നാ!

(സാറാമ്മ മറെറാരു പാത്രത്തിൽ കാപ്പി കൊണ്ടുവരുന്നു.)

ഉപദേശി: (കാപ്പിവാങ്ങി കുടിച്ചുകൊണ്ടു്) കുറച്ചുകൂടി സൂക്ഷിച്ചു പെരുമാറണം കുഞ്ഞേ! മാതാപിതാക്കന്മാരെ പ്രസാദിപ്പിച്ചില്ലെങ്കിൽ ദീർഘായുസ്സില്ല എന്നു പുസ്തകത്തിലെഴുതിയിരിക്കുന്നു. (കാപ്പിപ്പാത്രം തിരിയെ കൊടുക്കുന്നു) കർത്താവിനു സ്തോത്രം!

സ്ത്രീ: ഓ! പെണ്ണിൻെറ ഒരു കൊഞ്ചലു്! വേറെ ആരുടേയും മാപ്പിളമാരു് പട്ടാളത്തി പോയിട്ടില്ലാത്തപോലെ. വന്നു് ഈ തേങ്ങാ ചെരണ്ടു്.

(സാറാമ്മ യന്ത്രംപോലെ അനുസരിക്കുന്നു. വലതുവശത്തെ വാതിലിലൂടെ കുഞ്ഞുവർക്കി—മുപ്പതുവയസ്സ്—പ്രവേശിക്കുന്നു.)

ഉപദേശി: മറിയാമ്മച്ചേടത്തീ, എന്നാ ഞാനൊന്നിറങ്ങട്ടെ. ധൃതിയുണ്ടു്. സാറാമ്മയോടു് വളരെ ദേഷ്യപ്പെടരുതു്. നിൻെറ കോപത്തിൽ സൂര്യൻ അസ്തമിക്കാതിരിക്കട്ടെ. കർത്താവിനു സ്തോത്രം!—(നടന്നുകൊണ്ടു്) അവൻ വീണ്ടും വരുന്നു! എൻെറ ജനമേ, ചെവിക്കൊൾവിൻ. മാനസാന്തരപ്പെടുവിൻ. ഇപ്പോൾ സുപ്രസാദകാലം. (ദൂരത്തിൽ) ഇപ്പോൾത്തന്നെ രക്ഷാകരദിവസം.

(എല്ലാവരും ഉപദേശി പോയവഴി നോക്കിനില്ക്കുന്നു.)

സ്ത്രീ: ഇനി എന്നാ നോക്കി നിക്കുവാടീ? വേഗം ആ തേങ്ങാ ചെരണ്ടിയേച്ചു് രണ്ടു മൊളകും എടുത്തരച്ചു വെയ്ക്കു്—

കുഞ്ഞോക്കി, കുറച്ചിരി. ഞാൻ ഒന്നു മേലുകഴകിയേച്ചു വരാം. (നടക്കുന്നു. പൊട്ടിയ കഷണങ്ങൾ കാണുന്നു) കണ്ടില്ലേ അവളുടെ ചങ്കുററം. കോപ്പ പൊട്ടിയതാണെങ്കിൽ അതു ചെതറിക്കിടക്കുന്നു. അവൾക്കു നഷ്ടമുണ്ടോ. ഇനി ഞാൻതന്നെ പെറുക്കിക്കളയാം. അല്ലാണ്ടെന്നാ ചെയ്യുക.

(കുനിഞ്ഞു പെറുക്കുന്നു. സാറാമ്മ എഴുന്നേററുചെന്നു സഹായിക്കുന്നു.)

കുഞ്ഞുവക്കി: എന്താ വല്യമ്മേ, ഇത്ര ദേഷ്യം? എനിക്കു കാര്യമൊന്നും മനസ്സിലായില്ലല്ലോ. അതു സാറാമ്മ പെറുക്കട്ടെ. കാര്യം പറയൂ.

സ്ത്രീ: കാര്യമെന്നാ? കാര്യോന്നുമില്ല. ആകാശത്തു നോക്കി നടന്നാപ്പിന്നെ അങ്ങനെ അല്ലാണ്ടു വരുമോ?

കുഞ്ഞുവക്കി: ഏതു്? എങ്ങനെ അല്ലാണ്ടു്?

സ്ത്രീ: നിനക്കു കാണാമ്മേലേ കുഞ്ഞോക്കി? (ചൂണ്ടിക്കാണിച്ചുകൊണ്ടു്) ആ കെടക്കണെതു് കാണാമ്മേലേ? നിൻെറ മൊകത്തു കണ്ണില്ലേ? അങ്ങനെയാ പാത്രം സൂക്ഷിക്കണെതു്!

കുഞ്ഞുവക്കി: സാറാമ്മയെന്താ, പാത്രം പൊട്ടിച്ചോ?

സ്ത്രീ: പിന്നെ നിന്നോടല്ലേ ഇപ്പറഞ്ഞതു്?

കുഞ്ഞുവക്കി: ങ്ഹാ, ഒരു കോപ്പയല്ലേ? സാരമില്ല. ഒരബദ്ധം ആർക്കും വരാം.

സ്ത്രീ: അല്ലെങ്കിലുമൊണ്ടു നിനക്കൊരു സമാധാനം പറച്ചില്.

കുഞ്ഞുവക്കി: അത്ര വില കൂടിയതുമല്ലല്ലോ അതു്.

സ്ത്രീ: വെലയൊന്നുമോത്തല്ല. പാത്രം പൊട്ടിയതു് ഐശ്വര്യക്കേടൊണു് അല്ലാ, അതു സൂക്ഷിക്കാഞ്ഞിട്ടല്ലേ? കഷ്ടകാലത്താ ഇതൊക്കെ.

കുഞ്ഞുവക്കി: കഷ്ടകാലമല്ല. നല്ലകാലമാ. ഇതു നോക്കു്.

(കൈയിലിരിക്കുന്ന ഒരു കവർ കൊടുക്കുന്നു.)

സ്ത്രീ: ഇതെന്നതാ? (കവർ തിരിച്ചും മറിച്ചും നോക്കുന്നു. അതു തുറന്നു് ഒരു കടലാസ്സെടുത്തു കുഞ്ഞുവക്കിയുടെ നേരെ നീട്ടുന്നു) ഇതൊന്നു വായിച്ചേ.

കുഞ്ഞുവക്കി: വായിക്കാനൊന്നുമില്ല. അതൊരു കമ്പിയാ: ഇന്നു വൈകിട്ടു മാത്തുക്കുട്ടി വരുമെന്നു്.

സ്ത്രീ: ങ്ഹാ! ശരിയാ? ഇന്നു തന്നെയോ? നേരാണോ? (സന്തോഷത്തോടുകൂടി) ഒന്നുകൂടി വായിച്ചേ, വായിച്ചേ

കുഞ്ഞോക്കി. ഇന്നോ? ഇന്നു തന്നെ വരുമോ? വൈയി ട്ടത്തെ വണ്ടിക്കാണോ?

കുഞ്ഞുവക്കി: ആ! ഇന്നെട്ടുമണിക്കത്തെ വണ്ടിക്കു്.

(സാറാമ്മ എഴുനേററുവന്നു കമ്പി നോക്കിക്കൊണ്ടു നിൽക്കുന്നു. അവളുടെ മുഖത്തു് ഒട്ടും സന്തോഷമില്ല, ഭയം കൂടുതലും.)

സ്ത്രീ: (മുകളിലേക്കു നോക്കി കൈകൾ ചേർത്തുപിടിച്ചുകൊണ്ടു്) കർത്താവെൻെറ പ്രാർത്ഥന കേട്ടു. ഇനി അവനെ കാണാനൊക്കുല്ലാന്നാ ഞാൻ വിചാരിച്ചതു്. എൻെറ കൊച്ചു ക്ഷീണിച്ചാരിക്കും വരണതു്. (സാറാമ്മ പരവശയായി അമ്മയെ ചാരി നില്ക്കുന്നു. അവർ സാറാമ്മയെ താങ്ങുന്നു) നീ ഭാഗ്യമുള്ളവളാടീ സാറാമ്മേ! നീ എന്താ ഒന്നും മിണ്ടാത്തതു്? — ഹാ, ഇതെന്താ! ഈ പെണ്ണിനെന്താ!—എടീ സാറാമ്മേ! ഇവളുടെ ദേഹം മരച്ചു തുടങ്ങിയല്ലോ! (സാവധാനം ഒരു കസേരയിലിരുത്തുന്നു)കുഞ്ഞുവക്കീ, കൊറച്ചു വെള്ളമിങ്ങെടുത്തേ.

(കുഞ്ഞുവക്കി വെള്ളമെടുത്തു കൊണ്ടുവന്നു സാറാമ്മയുടെ മുഖത്തു തളിക്കുന്നു.)

സാറാമ്മ: (പതുക്കെ കണ്ണു തുറന്നുകൊണ്ടു്) ആ! അം...അ...

സ്ത്രീ: സാറാമ്മേ, നിനക്കെന്താ?

സാറാമ്മ: ഒന്നുമില്ല....ഒന്നുമില്ല.

(സാറാമ്മ എഴുനേല്ക്കാൻ ഭാവിക്കുന്നു.)

സ്ത്രീ: വേണ്ട; നീ എഴുനേക്കണ്ട. അല്ലെങ്കിൽ, അവളെ അകത്തു കൊണ്ടുപോയി കെടത്താം. അവൾക്കു തലകറക്കമാണെന്നു തോന്നുന്നു. (സാറാമ്മയെ പിടിച്ചെഴുന്നേല്പിച്ചു് പുറകിലെ വാതിലിൽക്കൂടി പോകുന്നു) പതുക്കെ... പതുക്കെ മതി. ആ...അ...അങ്ങനെ.

(കുഞ്ഞുവക്കി കമ്പിയും കൈയിൽ പിടിച്ചുകൊണ്ടു പുറത്തേക്കു നോക്കിനിൽക്കുന്നു.)

കർട്ടൻ

രംഗം രണ്ടു്

ഒന്നാം രംഗത്തിലെ മുറി തന്നെ. കരിസാമാനങ്ങൾ വർദ്ധിച്ചിട്ടുണ്ടു്. കട്ടിലിൻെറ അടുത്തു സ്ററൂളിട്ടു സാറാമ്മ അതിലിരുന്നു കട്ടിലിൽ കമഴ്ന്നു കിടക്കുന്നു. കുഞ്ഞുവർക്കി ആലോചനാമഗ്നനായി ലാത്തുന്നു. പെട്ടെന്നു നിൽക്കുന്നു. സമയം സന്ധ്യ.

കുഞ്ഞുവക്കി: സാറാമ്മേ !

സാറാമ്മ: (തല പൊക്കാതെ തന്നെ) ഉം —?

കുഞ്ഞുവക്കി: നീ ഇങ്ങോട്ടൊന്നു നോക്കിക്കേ. (അടുത്തുചെന്നു കുലുക്കി വിളിക്കുന്നു) മരുന്നൊന്നും പററുകയില്ല, അല്ലേ? അത്ര കൂടുതലായോ? എത്രയായി?

സാറാമ്മ: (തല പൊക്കി ദേഷ്യത്തോടെ കുഞ്ഞുവക്കിയെ നോക്കുന്നു.) അതറിഞ്ഞിട്ടെന്താ പ്രയോജനം?

കുഞ്ഞുവക്കി: എങ്കിലും പറഞ്ഞുകൂടേ?—എത്രയായി?

സാറാമ്മ: (മറുവശത്തേക്കു നോക്കിക്കൊണ്ട്) നാലു്.

കുഞ്ഞുവക്കി: ഹും! ഇത്രയധികമായിട്ടു് എന്നോടു പറയാതിരുന്നതെന്താ?

സാറാമ്മ: ഇനി സമാധാനം ചോദിക്കാൻ വന്നിരിക്യാ?

കുഞ്ഞുവക്കി: സാറാമ്മ, ദേഷ്യപ്പെടാതെ. ഇനി ദേഷ്യപ്പെട്ടുകൊണ്ടെന്തു ഫലം? നിന്നെപ്പോലെ തന്നെ ഞാനും വിഷമിക്കുന്നുണ്ടു്. പക്ഷേ,...

സാറാമ്മ: ഞാൻതന്നെ അനുഭവിച്ചാൽ മതിയല്ലോ, അല്ലേ?

കുഞ്ഞുവക്കി: ഉത്തരവാദിത്തം മുഴുവനും എൻെറയാണു സാറാമ്മേ. നീ ദേഷ്യപ്പെടാതിരുന്നാൽ മതി. ഞാനെന്തു ചെയ്യണമെന്നു പറയൂ. (സാറാമ്മ പിന്നെയും കമഴ്ന്നു കിടന്നു കരയുന്നു) ഇനി ഇതിൽനിന്നു രക്ഷപ്പെടാനുള്ള വഴി ആലോചിക്കാം. നമ്മളങ്ങോട്ടുമിങ്ങോട്ടും കുററം പറഞ്ഞുകൊണ്ടിരുന്നാൽ എന്തു ഗുണം കിട്ടും? സമയവും ആകാറായി. നീ ഇങ്ങനെ ബഹളം കൂട്ടിയാൽ എനിക്കു് ഒന്നും ചിന്തിക്കാൻകൂടി...

സാറാമ്മ: എനിക്കു ചത്താ മതിയായിരുന്നു. (ഓർമ്മിച്ചു് ഒരു ഞെട്ടലോടു കൂടി) അയ്യോ വേണ്ടാ. എനിക്കു് ഓർക്കുമ്പം പേടിയാകുന്നു. എനിക്കു മരിക്കണ്ട.

കുഞ്ഞുവക്കി: അതിനു നീ മരിക്കുന്ന കാര്യമിവിടെ ആരെങ്കിലും പറഞ്ഞോ? അതു നിനക്കു തോന്നുന്നതാ.

സാറാമ്മ: (ശബ്ദമുയർത്തി) നിങ്ങളൊന്നു മിണ്ടാണ്ടിരിക്കു്.

കുഞ്ഞുവക്കി: ഇത്ര ശബ്ദമുണ്ടാക്കാതെ സാറാമ്മേ! അമ്മ വന്നാൽ—

സാറാമ്മ: (ശബ്ദം താഴ്ത്താതെ) അമ്മ വന്നാൽ?—ഉം?

കുഞ്ഞുവക്കി: കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനി ദേഷ്യപ്പെട്ടതുകൊണ്ടെന്തു...

സാറാമ്മ: ദേഷ്യപ്പെട്ടാൽ...

കുഞ്ഞുവക്കി: എൻെറ സാറാമ്മേ, ശബ്ദമുണ്ടാക്കാതെ. അമ്മ വരാറായി.

സാറാമ്മ: വരട്ടെ. അമ്മ...അമ്മ...അമ്മ വന്നാൽ—(എന്തോ ഓമ്മിക്കുന്നു. പിന്നെയും പൊട്ടിക്കരയുന്നു. ഗദ്ഗദത്തോടു കൂടി) നിങ്ങൾ ദയവായി എന്നെ ഉപദ്രവിക്കാതെ പോകു.

കുഞ്ഞുവക്കി: സാറാമ്മേ, സാറാമ്മേ !

സാറാമ്മ: എനിക്കു വയ്യായേ. ഞാനെങ്ങനെ...എനിക്കു് .. എനിക്കു മരിക്കണം.

കുഞ്ഞുവക്കി: നിരാശപ്പെടാതെ സാറാമ്മേ. നിരാശപ്പെട്ടതു കൊണ്ടെന്തു ഫലം ?

സാറാമ്മ: ഒന്നു മിണ്ടാതിരിക്കാനേ. അയ്യോ ഞാനെന്തു പറയുമോ—ദൈവമേ !...എന്താശിച്ചായിരിക്കും വരുന്നതു് ? ഇവിടെ വരുമ്പളെന്താ കാണുന്നതു് ?... പണമയച്ചു തന്നു് നാലു കൊല്ലം എന്നെ പോററിയതു് ഇതിനാ ? അയ്യോ ! ദൈവമേ ! എനിക്കു മരിക്കണം.

കുഞ്ഞുവക്കി: സാറാമ്മേ, ശബ്ദമുണ്ടാക്കാതെ. അമ്മ കേൾക്കും. തലമുടി കെട്ടിവയ്ക്കു്. കണ്ണുനീരൊക്കെ തുത്തുകള. അമ്മ വല്ലതും സംശയിക്കും.

സാറാമ്മ: (പെട്ടെന്നു ചാടിയെഴുന്നേററു് കുഞ്ഞുവക്കിയോടു്) അമ്മയെന്തു സംശയിക്കാനാ ? അവക്കു മനസ്സുള്ളതു സംശയിക്കട്ടെ. നാലു വർഷങ്ങൾ, അനാഥയായി, സ്നേഹിക്കാൻ ആരുമില്ലാതെ, എന്നെ അരിവെപ്പുകാരിയായി ഇവിടെ ഇട്ടിട്ടു്...കല്യാണം കഴിയുന്നതിനു മുമ്പു് ... പണമുണ്ടാക്കാൻ...

കുഞ്ഞുവക്കി: അരുതു് സാറാമ്മേ, അരുതു്. നമ്മളേതായാലും തെററു ചെയ്തു. ഇനി നമ്മളെത്തന്നെ നീതീകരിക്കയും കൂടി വേണോ ? പോരെങ്കിൽ പണം മോഹിച്ചല്ല മാത്തുക്കുട്ടി പോയതു്. മററു ജോലിക്കു വഴിയില്ലാഞ്ഞിട്ടല്ലേ ?

സാറാമ്മ: (ചെവി പൊത്തിക്കൊണ്ടു്) ഈ വേദാന്തമൊന്നു നിത്താമോ ?

കുഞ്ഞുവക്കി: ഞാനെന്തു ചെയ്യണം, സാറാമ്മേ ?

സാറാമ്മ: എന്നെ ഇവിടന്നു കൊണ്ടുപോകണം.

കുഞ്ഞുവക്കി: എവിടെ ?

സാറാമ്മ: എവിടെയെങ്കിലും. ഇവിടന്നു പോയാ മതി.

കുഞ്ഞുവക്കി: അതു സാദ്ധ്യമല്ല.

സാറാമ്മ: (പിന്നെയും കുപിതയായി) സാദ്ധ്യമല്ല—സാദ്ധ്യമല്ല; നാണമില്ലല്ലോ ഇങ്ങനെ പറയാൻ ! ഞാൻതന്നെ എല്ലാം അനുഭവിക്കണമെന്നായിരിക്കും, അല്ലേ ? നാണംകെട്ട—

കുഞ്ഞുവക്കി: (അല്പം ഗൗരവമായി) പറയുന്നതിനൊക്കെ ഇങ്ങനെ ദേഷ്യപ്പെട്ടതുകൊണ്ടെന്തോ ഗുണം ? ലഹള കൂട്ടുന്നതുകൊണ്ടെന്തു സാധിക്കാനാണു് ? നീ ഒന്നാലോചിച്ചു നോക്കു്. ഇവിടെനിന്നു പോകണമെന്നു നീ പറയുന്നു. എങ്ങനെ പോകാനാണു് ? എൻെറ കൈയിൽ പണമില്ല. എവിടെയെങ്കിലും എത്തിയാൽ പണമില്ലാതെ എങ്ങനെ ജീവിക്കാനാണു് ? കുറേ കഴിയുമ്പോൾ നീ എന്നെ വെറുക്കും. നിന്നെ പോററാൻ കഴിവില്ലാതെ ഞാനും ഏതുവഴിയെങ്കിലും പോകേണ്ടിവരും. നിനക്കു ജീവിക്കേണ്ടേ ? ജീവിക്കണമെങ്കിൽ...പിന്നെ...എന്തിനു്, ഞാൻ തുറന്നു പറയാം ...ജീവിക്കണമെങ്കിൽ നിനക്കു മാനം വില്ക്കേണ്ടിവരും. എൻെറ സാറാമ്മേ, നീ അതിനു തയ്യാറാണോ ?

സാറാമ്മ: അതിനു നിങ്ങൾ എന്നെ വിട്ടു പോകുന്നതെന്തിനാ ? നമുക്കു വല്ല കൂലിവേലയും ചെയ്തു ജീവിക്കാം.

കുഞ്ഞുവക്കി: അതൊന്നും നടക്കുകയില്ല സാറാമ്മേ. സ്നേഹിച്ചിട്ടോ മററോ ഒളിച്ചോടിപ്പോകുന്ന രണ്ടുപേരാണെങ്കിൽ അങ്ങനെ കൂലിവേല ചെയ്തു ജീവിച്ചെന്നു വന്നേക്കാം. നമ്മൾ അപമാനം സഹിക്കാൻ നിവൃത്തിയില്ലാതെ ഓടിപ്പോകുന്നവരാണെന്നു് ഓർമ്മിക്കണം. പോരെങ്കിൽ,കണ്ടാൽ കൊള്ളാവുന്ന പെണ്ണുങ്ങൾക്കു കൂലിവേല കൊണ്ടു മാത്രം ജീവിക്കാൻ കഴിയുകയില്ല.

സാറാമ്മ: (നിരാശയോടെ) ചുരുക്കിപ്പറഞ്ഞാൽ, പോകാൻ സാദ്ധ്യമല്ലെന്നു്.

കുഞ്ഞുവക്കി: പോരെങ്കിൽ അമ്മയ്ക്കും മാത്തുക്കുട്ടിക്കും എന്തു മാനക്കേടായിരിക്കും. അതും അവൻ വരുന്ന ദിവസം.

സാറാമ്മ: (തല കുനിച്ച് കണ്ണീരൊഴുക്കുന്നു.) എൻെറ ദൈവമേ !

കുഞ്ഞുവക്കി: (അടുത്തു ചെന്നു്) കരയാതെ സാറാമ്മേ !

സാറാമ്മ: കരയാതെന്തു ചെയ്യും? മരിക്കാനെനിക്കിഷ്ടമില്ല. മരിക്കുന്നുമില്ല. ഓടിപ്പോകാമെന്നു വെച്ചാൽ, എവിടെ, ആരുടെ കൂടെ? ഇവിടെ എങ്ങനെ കഴിയും?...വരാറായി, വരുമ്പോഴ് എങ്ങനെ മുഖത്തു നോക്കും? എന്റെ...

കുഞ്ഞുവക്കി: ശ്ശ് ശ്ശ് ശ്ശ് മിണ്ടല്ലേ. അമ്മ വരുന്നുണ്ട്. എന്തെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്ക്. വേഗം...

(സാറാമ്മ നിലത്തിരുന്ന് തേങ്ങാ ചിരണ്ടാൻ തുടങ്ങുന്നു. വലതുവശത്തെ വാതിലിൽക്കൂടി ഒരു വലിയ കോഴിയേയും തൂക്കിപ്പിടിച്ചുകൊണ്ട് മാത്തുക്കുട്ടിയുടെ അമ്മ പ്രവേശിക്കുന്നു.)

അമ്മ: കണ്ടോ കുഞ്ഞോക്കീ, ഈ യുദ്ധം വന്നേപ്പിന്നെ മനുഷേരൊക്കെ മഹാ അക്രമക്കാരായിത്തീന്നു.... (കോഴിയെ നീട്ടിപ്പിടിച്ചുകൊണ്ട്) ഈ കോഴിക്കെന്തു വെലവരും?

കുഞ്ഞുവക്കി: എനിക്കറിഞ്ഞുകൂടാ.

അമ്മ: എങ്കിലും ഒരു വെലയില്ലേ?

കുഞ്ഞുവക്കി: ഒരു രൂപാ.

അമ്മ: (വിജയഭാവത്തിൽ) ആ അതാ പറഞ്ഞത്. നല്ല നോട്ട് മൂന്നെണ്ണം അങ്ങെണ്ണി കൊടുത്തിട്ടാ കിട്ടിയത്. അവളുടെ ഒടുക്കത്തെ മേടീരാ ഇത്. എന്നാലും വേണ്ടില്ല. എന്റെ മോന്റെ ചക്രമല്ലേ? അവനല്ലെങ്കിപ്പിന്നെയാക്കാ അതു ചെലവാക്കണെത്? (സംസാരിച്ചുകൊണ്ട് കോഴിയെ ഒരു മൂലയിൽ നിക്ഷേപിക്കുന്നു) എടീ പെണ്ണേ, ഒരു നാലു നറു ക്കെടുത്തു വറക്കണം, ബാക്കികൊണ്ട് ഒരു മപ്പാസും—ഇവക്കെന്നാ, പ്രേതം പിടിച്ചപോലിരിക്കണെത്?

കുഞ്ഞുവക്കി: ക്ഷീണമായിരിക്കും. മാത്തുക്കുട്ടി വരുമ്പോഴ് മാറിക്കൊള്ളും. പിന്നെ, വല്യമ്മേ, കോഴി എവിടുന്നാ കിട്ടിയത്?

അമ്മ: അവളുടെ മുഖത്തേക്കൊന്നു നോക്ക്യേ, ഒരു മാതിരി മൂശേട്ട പിടിച്ച പോലെ. അതും നാലു കൊല്ലം കഴിഞ്ഞ് മാപ്പള വീട്ടി വരുമ്പളു്. (തിരിഞ്ഞു കുഞ്ഞുവക്കിയോട്) നീ എന്നാ ചോദിച്ചത്? കോഴി എവിടുന്നാന്ന്, അല്ലേ? —നീ പോണേനു മുമ്പ് ഇതിനെ ഒന്നു കൊന്നേച്ചുപോണേ കുഞ്ഞോക്കീ—എടീ, നീ ആ അരിയൊന്നു വെന്തോന്നു നോക്ക്. (സാറാമ്മ പാവയെപ്പോലെ പോകുന്നു) അല്ല; കുഞ്ഞോക്കീ, ആ പെണ്ണിനെന്നാ?

കുഞ്ഞുവക്കി: എന്താണോ. ഞാനെങ്ങനെ അറിയാനാണ്?

അമ്മ: നീ ഇത്രോം നേരം ഇവിടെ ഇരുന്നിട്ടു് ഒന്നും ചോദിച്ചില്ലേ ?

കുഞ്ഞുവക്കി: ഇല്ല. ഇനി വല്ലതും വാങ്ങിക്കാനുണ്ടോ ?

അമ്മ: എല്ലാം മേടിച്ചു. മീൻ കിട്ടീല്ല. പഴമിവിടെ പഴുത്തിരുപ്പൊണ്ടു്. പക്ഷേ, പെണ്ണിറ്റിതുപോലെയിരുന്നാ ചെറുക്കൻ വരുമ്പം വിചാരിക്കും ഞാൻ അമ്മായിയമ്മപ്പോരെടുത്തിട്ടാണു്—സാറാമ്മേ, എടീ !

സാറാമ്മ: (അണിയറയിൽ) എന്തോ ?

(പ്രവേശിക്കുന്നു)

അമ്മ: ഈ കടുകിൻെറ കല്ലൊന്നു കളഞ്ഞേ. (സാറാമ്മ അതു ചെയ്യാൻ ഭാവിക്കുന്നു)—വേണ്ട, നീ പോയി തിണ്ണേലു് വെള്ളമൊണ്ടോന്നു നോക്കു്. ഇല്ലെങ്കി കൊറച്ചു് കൊണ്ടുവെയ്ക്കു്. (സാറാമ്മ പോകുന്നു) വണ്ടി വരുമ്പോളത്തേക്കു് നീ തീവണ്ടിയാപ്പീസിലൊന്നു പോയി നിന്നാലോ കുഞ്ഞോക്കീ ?

കുഞ്ഞുവക്കി: പോകണമെങ്കിൽ പോകാം. അല്ല, ഞാൻ പോകാം. അതാണു നല്ലതു്.

അമ്മ: വേണമെന്നില്ല. അവൻ വഴിയൊന്നും മറന്നുപോയിക്കാണുകല്ല—സാറാമ്മേ !

(സാറാമ്മ പ്രവേശിക്കുന്നു)

സാറാമ്മ: വെള്ളമുണ്ടു്.

അമ്മ: എന്നാടീ ഇത്ര താമസം ? ഒന്നനങ്ങിനടന്നേ പെണ്ണേ. നീ ആ കടുകൊന്നു പൊട്ടിച്ചേ. അല്ലെങ്കി വേണ്ട. നീ ഇവിടെയിരുന്നു് തൈരു കലക്കു്. ഞാൻ കടുകു പൊട്ടിച്ചോളാം.

(കടുകുപാത്രവുമെടുത്തു്, അകത്തേക്കു പോകുന്നു. സാറാമ്മ നിലത്തിരുന്നു് തൈരു കലക്കുന്നു. കുറച്ചു സമയം രണ്ടുപേരും നിശ്ശബ്ദം.)

സാറാമ്മ: ഇനി എന്തു ചെയ്യും ?

കുഞ്ഞുവക്കി: ഉം ?—

സാറാമ്മ: എന്തു ചെയ്യുമെന്നു് ?

കുഞ്ഞുവക്കി: അതല്ല. ഞാനാലോചിക്കുകയായിരുന്നു—

സാറാമ്മ: എന്തു് ?

കുഞ്ഞുവക്കി: ഞാനതു് അമ്മയോടു പറഞ്ഞില്ല. ഞാൻ തീവണ്ടിക്കു കാത്തു നിക്കണമെന്നു് കമ്പിയിലുണ്ടായിരുന്നു. ഒഴിയാൻ നോക്കി. പററില്ല.

സാറാമ്മ: കുടിക്കാം. ഈ കഷായം മട്ടുവരെ കുടിക്കാം. രണ്ടു പേക്കും. വേണ്ടുവോളമുണ്ടു്.

അമ്മ: (അകത്തുനിന്നു്) രണ്ടു മൊളകും ഒരുള്ളിയും ആ മോരിൽ ചതച്ചിടണം കെട്ടോ പെണ്ണേ.

സാറാമ്മ: ഓ. (പതുക്കെ) സമയമെന്തായി?

കുഞ്ഞുവക്കി: എട്ടായിക്കാണും.

സാറാമ്മ: വണ്ടി വരാറായോ?

കുഞ്ഞുവക്കി: ഉം.

(ദൂരത്തിൽ തീവണ്ടിയുടെ നീണ്ട വിസിൽശബ്ദം. സാറാമ്മ ഭയത്തോടെ എഴുന്നേൽക്കുന്നു.)

ശബ്ദം: (ദൂരത്തിൽ നിന്നു്) അവൻ വീണ്ടും വരുന്നു! വിധി ദിവസം സമാഗതമായിരിക്കുന്നു.

കുഞ്ഞുവക്കി: ആ നശിച്ച കള്ള ഉപദേശി!—

സാറാമ്മ: വണ്ടി വരുന്നു.

കുഞ്ഞുവക്കി: അയാൾക്കു ഭ്രാന്താണു്.

സാറാമ്മ: ഇപ്പോൾ വരും.

കുഞ്ഞുവക്കി: ഉം.

(യന്ത്രത്തെപ്പോലെ നടന്നു പോകുന്നു.)

സാറാമ്മ: ഉം.

കർട്ടൻ

രംഗം മൂന്നു്

ഒന്നാം രംഗത്തിലെ മുറി. കറിസാമാനങ്ങളും കോഴിയും കാണുന്നില്ല. സ്ററൂളിന്റെ മുകളിൽ റാന്തൽ കത്തിച്ചു വച്ചിരിക്കുന്നു. സാറാമ്മ വിചാരമഗ്നയായി തൈരു കലക്കിക്കൊണ്ടിരിക്കുന്നു. ഒരു ചൂലുമായി അമ്മ പ്രവേശിക്കുന്നു.

അമ്മ: ഇപ്പ കിട്ടണ കടുകുപോലും ചീത്തയാ. ഒരൊററ എണ്ണും പൊട്ടണ്ടേ. ഇങ്ങനെയൊണ്ടോ ഒരു യുദ്ധം. എല്ലാം

മറിച്ചാൻ കുറിച്ചാൻ. കടുകു പൊട്ടൂല്ല; മണ്ണെണ്ണ കത്തൂല്ല. ഒന്നും പണ്ടത്തെപ്പോലെയല്ല. ഇതെന്നാ വണ്ടി വന്നിട്ടു നേരം കൊറച്ചായല്ലോ? അവനെന്താ താമസിക്കുന്നതു്? കുഞ്ഞോക്കിയേം കണ്ടില്ലല്ലോ! അവിടെയെങ്ങാൻ നിക്കുവാരിക്കും.

സാറാമ്മ: (സംശയത്തോടുകൂടി) ഇനി വന്നിട്ടില്ലായിരിക്കുമോ?

അമ്മ: ഏയ്യ് വരാണ്ടിരിക്കുല്ല. നീ ആ മുടിയൊക്കെ ഒന്നു കെട്ടിവയ്ക്കു്. ഒരു നല്ല തുണീം എടുത്തുടുക്കു്. കണ്ടാൽ ഒരു വക്ത്തു വേണ്ടേ? (ദൂരത്തിൽ വിസിൽശബ്ദം. സാറാമ്മ ഞെട്ടുന്നു) നീ എന്തിനാ പെണ്ണേ ഞെട്ടണതു്? വണ്ടി പോണതാ അതു്. അവനിപ്പം വരും.

ശബ്ദം: (ദൂരത്തിൽ) അവൻ വീണ്ടും വരുന്നു! അവൻ വീണ്ടും വരുന്നു!

സാറാമ്മ: (സ്തബ്ധയായിത്തീരുന്നു അല്പസമയം കഴിഞ്ഞു്)അയ്യോ! എന്റെ ദൈവമേ! എനിക്കു വയ്യായേ—എന്റെ—

(ഭ്രാന്തിയെപ്പോലെ എഴുനേറ്റോടുന്നു തൈർക്കലത്തിൽ കാലു തട്ടി മറിഞ്ഞുവീഴുന്നു. ദൂരത്തിൽ പാഞ്ഞുപോകുന്ന തീവണ്ടിയുടെ ശബ്ദം കേൾക്കുന്നു. അമ്മ ഓടിച്ചെന്നു് താങ്ങി എഴുനേല്പിക്കുന്നു)

അമ്മ: അയ്യോ! ഈ പെണ്ണെന്താ കാണിച്ചതു്!—സാറാമ്മേ, മോളേ സാറാമ്മേ—മോളേ കണ്ണു തുറന്നേ. (സാറാമ്മയെ താങ്ങി എഴുനേല്പിച്ചു് ഒരു കട്ടിലിൽ കിടത്തുന്നു. സാറാമ്മയ്ക്കു് അനക്കമില്ല. ഒരു കറുത്ത കണ്ണടയും ധരിച്ച കുഞ്ഞുവക്കിയുടെ തോളിൽ കൈയിട്ടുംകൊണ്ടു് മാത്തുക്കുട്ടി പ്രവേശിക്കുന്നു. അമ്മ കുറച്ചു വെള്ളമെടുത്തു മുഖത്തു തളിക്കുന്നു. എന്നിട്ടും അനക്കമില്ലെന്നു കണ്ടു് ശ്വാസോച്ഛ്വാസം ശരിയാകുന്നതിനു് അവർ സാറാമ്മയുടെ ബോഡീസിന്റെ കെട്ടഴിക്കുന്നു. വിളക്കെടുത്തു കൊണ്ടുവന്നു് അവർ സാറാമ്മയുടെ ശരീരം ആസകലം നോക്കുന്നു. എന്തോ പെട്ടെന്നു് അവരുടെ ശ്രദ്ധയിൽ പെട്ടു ഞെട്ടുന്നു. ഒന്നുകൂടി സൂക്ഷിച്ചു നോക്കുന്നു. സംഭ്രാന്തിയോടുകൂടി പിടഞ്ഞെണീററു മാറത്തടിച്ചുകൊണ്ടു്) ഹയ്യോ! ചതിച്ചോടീ സാറാമ്മേ? ഈ കുടുംബത്തിന്റെ മാനം നീ കളഞ്ഞല്ലോടീ! അയ്യോ! എന്റെ ദൈവമേ! ഇതും കാണാനെനെട വന്നല്ലോ. അതും അവൻ വരണ ദിവസം. എന്റെ മാത്തുക്കുട്ടീ, നീ വരുമ്പോൾ ഞാൻ എന്നാ പറയണതു്?—(തലയ്ക്കു കൈയും കൊടുത്തു നിലത്തിരിക്കുന്നു) എന്റെ ദൈവമേ!

(മാത്തുക്കുട്ടി വാതില്ക്കൽ നിന്നുകൊണ്ട് അമ്മ പറയുന്നതു മുഴുവനും കേൾക്കുന്നു. അവന്റെ കാര്യം ഏതാണ്ടു മനസ്സിലാവുകയും പെട്ടെന്നു കുപിതനാവുകയും ചെയ്യുന്നു. ശരീരം വികാരാവേശംകൊണ്ടു വിറയ്ക്കുന്നു. വിരലുകൾ അസ്വാസ്ഥ്യതകൊണ്ടു പിടയുകയും ചെയ്യുന്നു. കുഞ്ഞുവക്കിയുടെ മുഖത്ത് ഒരപരാധിയുടെഭാവമാണ്. അയാൾ മാത്തുക്കുട്ടിയുടെ അന്ധനയനങ്ങളിലേക്കു ഭയചകിതനായി ഇടയ്ക്കിടയ്ക്കു നോക്കുന്നുണ്ട്. മാത്തുക്കുട്ടിയെ വിട്ടു ദൂരെ മാറി നില്ക്കണമെന്നയാൾക്ക് ആഗ്രഹമുണ്ടെങ്കിലും മാത്തുക്കുട്ടിയുടെ നിസ്സഹായതയോർത്തായിരിക്കാം മനസ്സില്ലാമനസ്സോടെ അവിടത്തന്നെ നിൽക്കുന്നു.)

മാത്തുക്കുട്ടി: (കനത്ത ശബ്ദത്തിൽ) സാറാമ്മേ !

(അമ്മ ഞെട്ടി തിരിഞ്ഞുനോക്കുന്നു. അല്പാല്പമായി ബോധം വീണുതുടങ്ങിയ സാറാമ്മ സാവധാനത്തിൽ എഴുന്നേറ്റ് അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ടു നിൽക്കുന്നു. കുഞ്ഞുവക്കി നിലത്തുതന്നെ നോക്കിക്കൊണ്ടിരിക്കുന്നു.)

അമ്മ: മാത്തുക്കുട്ടീ, മോനേ, നിന്നെ ഒന്നു ക...

മാത്തുക്കുട്ടി: ഛീ ! നിറുത്തു്. നിങ്ങളുടെ പ്രസംഗമൊന്നും എനിക്കു കേൾക്കണ്ട. സാറാമ്മേ, സാറാമ്മേ ! അവളിവിടെയില്ലേ ?

അമ്മ: (അവ്യക്തമായി) ഉണ്ടു്.

മാത്തുക്കുട്ടി: അവൾക്കു മിണ്ടിക്കൂടേ ?

അമ്മ: നിന്റെ കണ്ണിനെന്തുപററി മോനേ ?

മാത്തുക്കുട്ടി: എന്റെ കണ്ണിന്റെയും കാലിന്റെയും കാര്യമല്ല പറഞ്ഞതു്. സാറാമ്മ എന്തു ചെയ്തു ? സാറാമ്മ എങ്ങനെ കുടുംബത്തിന്റെ മാനം കളഞ്ഞുവെന്നാണു ചോദിച്ചതു്.

അമ്മ: അവൾ...അവൾ ഒന്നു്....വീണു. മുഖത്തു വെള്ളം തളി....

മാത്തുക്കുട്ടി: (കോപം അടക്കാൻ കഴിയാതെ കുഞ്ഞുവക്കിയെ വിട്ട് രണ്ടടി മുന്നോട്ടു വെച്ചു.) കണ്ണു പൊട്ടിപ്പോയതുകൊണ്ടു് കള്ളം പറഞ്ഞു കളിപ്പിക്കാമെന്നായിരിക്കും. ഇല്ല, ഇനി അതു നടപ്പില്ല. ഞാനെല്ലാം കേട്ടുകഴിഞ്ഞു. അവൾ പറയുമോ എന്നറിയട്ടെ !

അമ്മ: എന്റെ മോനേ—

മാത്തുക്കുട്ടി: നിറുത്താൻ പറഞ്ഞാൽ ! നിങ്ങളുടെ ഒരു സ്നേഹം! അതല്ലേ കണ്ണു കളഞ്ഞു യുദ്ധം ചെയ്തു പണമയച്ച

തന്നു പോററിയിട്ടും, വരുമ്പോഴം തയാറാക്കി വച്ചിരിക്കുന്നതും? സ്നേഹം! (പുച്ഛഭാവത്തിൽ പല്ലു കടിക്കുന്നു) നിങ്ങളൊന്നും പറയണ്ട. അവളുടെ കഥ അവഠം തന്നെ പറയട്ടെ, —എടീ സാറാമ്മേ!

സാറാമ്മ: (വളരെ താഴ്ന്ന ശബ്ദത്തിൽ) എന്തോ?

മാത്തുക്കുട്ടി: അപ്പോഠം നിനക്കു കേഠംക്കാം, അല്ലേ? നീ ഇവിടെ വാ.

(അവഠം സാവധാനം അടുത്തു ചെല്ലുന്നു. മാത്തുക്കുട്ടി തപ്പിനോക്കുന്നു. സാറാമ്മ കൈകഠം രണ്ടും സ്വയം മാത്തുക്കുട്ടിയുടെ കൈയിൽ കൊടുക്കുന്നു.)

മാത്തുക്കുട്ടി: ഫ്യടീ, അമ്മ പറഞ്ഞതൊക്കെ ശരിയാണോ?

അമ്മ: (ഓടിവന്നു് മാത്തുക്കുട്ടിയുടെ കൈയ്ക്കു പിടിച്ചുകൊണ്ടു്) അവളെ അടിക്കല്ലേ മോനേ. അവഠംക്കു്...

മാത്തുക്കുട്ടി: അതിന്റെ ഇടയ്ക്കു കയറി വരാൻ നിങ്ങളോടാരു പറഞ്ഞു? എടീ സാറാമ്മേ, പറയൂ, ആരാണു് നിന്നെ ഇങ്ങനെ ആക്കിയതു്?

സാറാമ്മ; (നിലത്തു നോക്കിക്കൊണ്ടു്) എനിക്കു വയ്യാ.

മാത്തുക്കുട്ടി: നിന്നോടു ചോദിച്ചതിനുത്തരം പറയാനാ പറഞ്ഞതു്.

(സാറാമ്മ നിസ്സഹായതയോടെ കുഞ്ഞുവക്കിയെ നോക്കുന്നു. ആ നോട്ടം സഹിക്കാൻ നിവൃത്തിയില്ലാതെ കുഞ്ഞുവക്കി മുറിയുടെ മറുഭാഗത്തേക്കു നടക്കുന്നു. സാറാമ്മ കരഞ്ഞുകൊണ്ടു പറയുന്നു.)

സാറാമ്മ: അതെന്നോടു ചോദിക്കല്ലേ. എന്നെ അടിച്ചോളൂ, കൊന്നോളൂ, ഇവിടെനിന്നും ഇറക്കി വിട്ടുകൊള്ളൂ. അതു മാത്രം എന്നോടു ചോദിക്കല്ലേ! ഞാൻ പറയുകയില്ല.

(കരഞ്ഞുകൊണ്ടു മാത്തുക്കുട്ടിയുടെ കാല്ക്കൽ വീഴുന്നു. അയാഠം പിടിച്ചെഴുന്നേല്പിച്ചു നിറുത്തുന്നു)

മാത്തുക്കുട്ടി: നേരേ നില്ക്കടീ. നീ പറയുകയില്ലെന്നല്ലേ? നിന്നെക്കൊണ്ടു പറയിപ്പിക്കാം. (ചവിട്ടാൻ കാലെടുക്കുന്നു. വേണ്ടെന്നുവെച്ചു് അവളുടെ തലമുടിയിൽ പിടിക്കുന്നു) എടീ, ചോദിച്ചതിനു് ഉത്തരം പറയാനാ പറഞ്ഞതു്.

സാറാമ്മ: (നിശ്ശബ്ദയായി നിൽക്കുന്നു. മാത്തുക്കുട്ടി തലമുടി പിടിച്ചു കുലുക്കുന്നു.) ഇല്ല, ഞാൻ പറയുകയില്ല.

മാത്തുക്കുട്ടി: (കോപം പിന്നെയും വർദ്ധിക്കുന്നു) ഇല്ല! ഇല്ലേ തേവിടിശ്ശി! നീ പറയുമോ എന്നു ഞാനൊന്നു നോക്കട്ടെ.

(കഴുത്തിനു പിടിക്കുന്നു. കുഞ്ഞുവക്കി ഓടിച്ചെന്നു തടയുന്നു.)

കുഞ്ഞുവക്കി: വേണ്ടാ, മാത്തുക്കുട്ടീ വേണ്ട. സാറാമ്മയെ ചവിട്ടരുതു്. ഞാനാണിതിനുത്തരവാദി. അവരം സാധു. ഞാനാണവളെ വഴി തെററിച്ചതു്. ഞാൻ നിങ്ങളെ എല്ലാവരേയും വഞ്ചിച്ചു. നിങ്ങളുടെ ഔദാര്യം ഞാൻ ദുരുപയോഗപ്പെടുത്തി. എനിക്കു് മാപ്പിനവകാശമില്ല. പക്ഷേ, ആ പാവത്തിനെ തല്ലരുതേ.

(എല്ലാവരും സ്തബ്ധരാകുന്നു. അമ്മ പെട്ടെന്നു് കോപാക്രാന്തയായി കുഞ്ഞുവക്കിയുടെ നേരെ തിരിയുന്നു.)

അമ്മ: കുടുംബത്തിൽ കേററാൻ കൊള്ളില്ലാത്ത ദുഷ്ടാ! എറങ്ങു് പൊറത്തു്. വിശ്വസിച്ചു വീട്ടിൽക്കേററി കാപ്പിയും ചോറും തന്നു സല്ക്കരിച്ചതിന്റെ നന്ദി കാണിച്ചതു്! നന്ദിയില്ലാത്ത പട്ടീ! ഉം, എറങ്ങു്.

കുഞ്ഞുവക്കി: വല്യമ്മേ, ദേഷ്യപ്പെടേണ്ട. ഞാൻ പോവുകയാണു്. ഞാൻ നിങ്ങളോടൊക്കെ ചതിയാണു ചെയ്തതു്. മാത്തുക്കുട്ടീ! എനിക്കു വേണ്ടി എനിക്കൊന്നും പറയാനില്ല. എങ്കിലും ഒന്നുണ്ടു്: വരാനുള്ളതു വന്നു. സാറാമ്മ അവളുടെ തെററിനു വേണ്ടതിലധികം അനുഭവിച്ചു കഴിഞ്ഞിട്ടുണ്ടു്. ഇനി അവളെ തല്ലുന്നതു കഷ്ടമാണു്. ഞാനാണു തെററുകാരൻ വല്യമ്മേ! ഞാൻ പോകുകയാണു്. നിങ്ങരം ചെയ്തിട്ടുള്ള സഹായങ്ങരംക്കു നന്ദി കാണിക്കാൻ ഞാൻ അശക്തനാണു്. മാത്തുക്കുട്ടി, ക്ഷമിക്കുക.

(നടന്നു പോകുന്നു സാറാമ്മ നോക്കി നിൽക്കുന്നു വാതിൽക്കൽ വച്ചു കുഞ്ഞുവക്കി തിരിഞ്ഞു് സാറാമ്മയെ നോക്കുന്നു; പക്ഷേ, അവരം മുഖം തിരിച്ചു കളയുന്നു. ഒരു നെടുവീർപ്പോടുകൂടി കുഞ്ഞുവക്കി ഇറങ്ങിപ്പോകുന്നു.)

അമ്മ: (നോക്കിനിന്നിട്ടു്) പാലു കൊടുത്ത കൈക്കു കടിക്കുന്ന പാമ്പു്. ദുഷ്ടൻ! ഇവനൊന്നും നരകത്തിലും സ്ഥലം കിട്ടുകേല.

മാത്തുക്കുട്ടി: അവനെയെന്തിനാ പറയുന്നതു്? ഇവളല്ലേ ആളു്! അവനല്ലെങ്കിൽ മറെറാരുത്തൻ.

അമ്മ: നിനക്കും എറങ്ങി പൊയ്ക്കൂടേ അവന്റെ കൂടെ? എന്തു നോക്കി നിക്കുവാ? നിനക്കവിടെയാ സ്ഥലം. (ചൂണ്ടിക്കാണിച്ചുകൊണ്ടു്) അവിടെ—ആ റോട്ടിൽ.

മാത്തുക്കുട്ടി: എന്നു തുടങ്ങിയെടീ, ഈ കച്ചോടം ?

സാറാമ്മ: (മാത്തുക്കുട്ടിയുടെ അന്ധമായ മിഴികളുടെ മുമ്പിൽ തൊഴുതുകൊണ്ടു്) അയ്യോ ! അങ്ങനെ പറയരുതേ, ഞാൻ തെററുകാരിയാണു്. അതിനെന്നെ ഇഷ്ടംപോലെ ശിക്ഷിച്ചോളൂ. ഒരു തെററിനു്, സത്യം...ഒരിക്കൽ മാത്രം...

(കരയുന്നു.)

മാത്തുക്കുട്ടി: (പരിഹാസമായി ചിരിച്ചുകൊണ്ടു്) ഇനി അവൾ കണക്കുമായി വരുകയാണു്. ശരിയായി ! അവൻെറ കണക്കും അവളുടെ വേദാന്തവും !— കേൾക്കട്ടെ, കേൾക്കട്ടെ.

അമ്മ: ഈ മൂധേവി ഇവിടെ കേറിയതിപ്പിന്നെ—എൻെറ ദൈവമേ, നാശമല്ലാതെ ഒന്നും—ഓ !

(കൈകൾ തലയ്ക്കു വെയ്ക്കുന്നു.)

(മാത്തുക്കുട്ടി ചിരി നിർത്തുന്നില്ല. സാറാമ്മ പെട്ടെന്നു നിരാശയും കോപവും കലർന്ന മുഖഭാവത്തോടുകൂടി എഴുനേററു മാത്തുക്കുട്ടിയെ നോക്കി നിൽക്കുന്നു.)

സാറാമ്മ; (പെട്ടെന്നു് കുപിതയായി) മതി. നിറുത്തു്, ഇനി ഞാനെന്തു വേണം ? മരിക്കണോ ? ഇത്ര ചിരിക്കാനെന്തിരിക്കുന്നു ? ഞാൻ തെററു ചെയ്തു. അതിനു മാത്രം അനുഭവിച്ചു കഴിഞ്ഞു. ഇനിയും എന്നെ ഇട്ടു ചവിട്ടുന്നതെന്തിനു് ? എന്നെ ഇറക്കിവിടു്. ഇവിടെ നിറുത്തി കൊല്ലുന്നതെന്തിനു് ? ഞാനൊരു പെണ്ണാണു്. എനിക്കും ജീവിക്കണം. നാലു കൊല്ലം ആരുമേതുമില്ലാതെ, സ്നേഹിക്കാനും സഹായിക്കാനും ആരുമില്ലാതെ എന്ന ഒററയ്ക്കിട്ടിട്ടു് പേരിനു വിവാഹിതയെന്നും പറഞ്ഞു് ഇപ്പോൾ വന്നിരിക്കുന്നു ചോദിക്കാൻ.

(പൊട്ടിക്കരയുന്നു. അപ്രതീക്ഷിതമായ സാറാമ്മയുടെ കോപം കണ്ടു് അത്ഭുതാധീനനായ മാത്തുക്കുട്ടി പെട്ടെന്നുള്ള ഈ കരച്ചിൽ കാണുമ്പോൾ ആകെ അമ്പരന്നുപോകുന്നു. അയാൾ ക്ഷീണിച്ചു കസേര തപ്പുന്നു. സാറാമ്മ അതു മനസ്സിലാക്കി അയാളുടെ കൈയ്ക്കു പിടിച്ചു കസേരയിൽ ഇരുത്തുന്നു. എല്ലാവരും അല്പസമയം നിശ്ശബ്ദം.)

അമ്മ: (മാത്തുക്കുട്ടിയുടെ അടുത്തു ചെന്നു്) എൻെറ മോനേ, നിൻെറ കണ്ണിനെന്തു പററി ? പറ മോനേ. അമ്മ കേൾക്കട്ടെ. (അവർ മാത്തുക്കുട്ടിയെ പിടിച്ചു കുലുക്കിയിട്ടും അയാൾ അനങ്ങുന്നില്ല. നിരാശയോടെ അവർ സാറാമ്മയുടെ നേരെ തിരിയുന്നു) മൂശേട്ട ! ഇവളെ കെട്ടിയിട്ടാ എൻെറ മോൻെറ കണ്ണു പോയതു്. ശവം ! ഇനി എന്തിനാടീ മിഴിച്ചു നോക്കിനിക്കണതു് ?

ശബ്ദം: (ദൂരത്തിൽ) അവൻ വീണ്ടും വരുന്നു ! സത്യവിശ്വാസികളേ ഒരുങ്ങിക്കൊൾക. (സാറാമ്മ ശ്രദ്ധിച്ചിട്ട് ദ്വേഷ്യം കൊണ്ടു പല്ലു കടിക്കുന്നു) അവൻ വരുമ്പോൾ ഉണർവ്വുള്ള കന്യകകളെ അവൻ സ്വീകരിക്കും. (മാത്തുക്കുട്ടി തലയുയർത്തി ശ്രദ്ധിക്കുന്നു) അല്ലാത്തവരെ അവൻ ചാകാത്ത പുഴവും കെടാത്ത തീയുമുള്ള നിത്യനരകത്തിലേക്കു വലിച്ചെറിയും. അവർക്കു്—ഹാ കഷ്ടം !

അമ്മ: അതൊരു ഉപദേശിയാ മോനേ !

(മാത്തുക്കുട്ടി അതു കേൾക്കുന്നില്ല അയാൾ ദാഹിക്കുന്നതു പോലെ കഴുത്തു തടവുന്നു. സാറാമ്മ കാര്യം മനസ്സിലാക്കി ഓടിച്ചെന്നു് വെള്ളമെടുത്തു കൊണ്ടുവന്നു കൊടുക്കുന്നു)

സാറാമ്മ: വെള്ളം !

(മാത്തുക്കുട്ടി വെള്ളം കുടിച്ചിട്ടു തപ്പിയും തടഞ്ഞും നടക്കുന്നു. അയാളുടെ മുമ്പിൽ കിടന്ന ഒരു സ്റ്റൂൾ സാറാമ്മ എടുത്തു മാററുന്നു)

മാത്തുക്കുട്ടി: (നിന്നിട്ടു് ഇടറിയ സ്വരത്തിൽ) ദൈവമേ, എന്തിനു് ഈ കഷ്ടപ്പാടുകൾ എല്ലാം ? എന്തെല്ലാം ഭയങ്കര കാഴ്ചകൾ കണ്ടു ! എന്തെല്ലാം നരകദുഃഖങ്ങൾ അനുഭവിച്ചു ! തലയററ മനുഷ്യശരീരങ്ങളിൽ നിന്നു രക്തം ചീററിപ്പായുന്നതു കണ്ടിട്ടുണ്ടു്. ആ നശിച്ച യുദ്ധത്തിൻെറ ഭയങ്കര ഫലങ്ങൾ—ബോമ്പു പൊട്ടി കാലും തലയും കൈയും കരളും എല്ലാം നാലുപാടും ചിതറുന്നതു കണ്ടിട്ടുണ്ടു്. പ്രാണൻ പോയിട്ടില്ലാത്ത മനുഷ്യശരീരങ്ങൾ കുറുനരികൾ വലിച്ചിഴച്ചുകൊണ്ടു പോകുന്ന ഭയങ്കര കാഴ്ച ! അയ്യോ !...അതൊന്നും ഇത്രയധികം എന്നെ വേദനിപ്പിച്ചിട്ടില്ല.... (കുറേക്കൂടി താഴ്ന്ന ശബ്ദത്തിൽ) അമ്മ മരിച്ചുപോയതായി ഞാൻ സ്വപ്നം കണ്ടിട്ടുണ്ടു്. എൻെറ കണ്ണു പൊട്ടിയപ്പോൾ ഞാൻ മരിച്ചു പോകുമെന്നു ഡോക്ടർമാർ പറഞ്ഞു. പക്ഷേ...പക്ഷേ... (ദുസ്സഹമായ ദുഃഖത്തോടെ ദീർഘനിശ്വാസം ചെയ്യുന്നു) എങ്കിലും എൻെറ സാറാമ്മേ നീ ഇതു്...

സാറാമ്മ: (അടുത്തു വന്നു്) അങ്ങനെ പറയരുതേ. ഞാൻ തെററു ചെയ്തുപോയി. ക്ഷമിക്കാൻ പാടില്ലാത്ത തെററു്. അതിൻെറയെല്ലാം ശിക്ഷ ഞാനനുഭവിച്ചുകൊള്ളാം. ഞാൻ ഒരു സുഖവും ഇച്ഛിക്കുന്നില്ല...എങ്കിലും ..ഒരു വേലക്കാരിയെപ്പോലെ...

(അവളുടെ ശബ്ദം ഇടറുന്നു. ശിരസ്സു നമിച്ച് അവൾ മാത്തുക്കുട്ടിയുടെ പാദം തൊട്ടു നെററിയിൽ വയ്ക്കുന്നു.)

മാത്തുക്കുട്ടി: (സാറാമ്മയുടെ ശിരസ്സിൽ സസ്നേഹം തടവിക്കൊണ്ടു ഗദ്ഗദത്തോടെ) കരയാതെ സാറാമ്മേ, കരയാതെ. (അല്പസമയം നിശ്ശബ്ദനായി നിന്നിട്ടു്) അമ്മേ, എനിക്കു വിശക്കുന്നു.

കർട്ടൻ

രണ്ടാം അങ്കം

രംഗം ഒന്നു്

മാത്തുക്കുട്ടിയുടെ വീട്ടിലെ ഒരു മുറി. പുറകോട്ടും വലത്തു വശത്തേക്കും വാതിലുകൾ. സാറാമ്മ ഒരു മൂക്കിലിരുന്നു് കറിക്കൊരുക്കുന്നു. മാത്തുക്കുട്ടി കൂറത്ത കണ്ണടയും ധരിച്ചു് സാവധാനത്തിൽ ലാത്തിക്കൊണ്ടിരിക്കുന്നു.

മാത്തുക്കുട്ടി: (അകത്തേക്കു തിരിഞ്ഞു്) അമ്മേ ! അമ്മേ !

സാറാമ്മ: എന്തിനാണു് എപ്പോഴും ഇങ്ങനെ അമ്മയെ വിളിക്കുന്നതു് ?

മാത്തുക്കുട്ടി: എനിക്കു കുറച്ചു കാപ്പി വേണം.

സാറാമ്മ: (എഴുന്നേററുകൊണ്ടു്) അതു് എന്നോടു പറഞ്ഞാൽ പോരേ ?

മാത്തുക്കുട്ടി: അമ്മേ !

അമ്മ: (അണിയറയിൽ) ഏ !

മാത്തുക്കുട്ടി: (ഉറക്കെ) എനിക്കു കുറച്ചു കാപ്പി താ.

സാറാമ്മ: ചോദിച്ചതിനുത്തരം പറയാത്തതെന്താ ?

മാത്തുക്കുട്ടി: അതിനു പ്രത്യേകിച്ചു് ഉത്തരമൊന്നും പറയാനില്ല. മനുഷ്യൻ ഏററവും ബുദ്ധിമുട്ടു വരുമ്പോഴ് ഓടിച്ചെല്ലുന്നതു് അമ്മയുടെ അടുക്കലേക്കാണു്.

സാറാമ്മ: എപ്പോഴും ?

മാത്തുക്കുട്ടി: എപ്പോഴും.

സാറാമ്മ: ഭാര്യ ഉണ്ടെങ്കിലും ?

മാത്തുക്കുട്ടി: ഭാര്യയും മക്കളും ഉണ്ടെങ്കിലും ഒരമ്മയെപ്പോലെ സഹിക്കാനും സ്നേഹിക്കാനും ഒരു ഭാര്യക്കും കഴിയില്ല.

(അമ്മ ഒരു കോപ്പ കാപ്പിയുമായി പ്രവേശിക്കുന്നു. ചുമക്കുന്നു. കാപ്പി മാത്തുക്കുട്ടിയുടെ കൈയിൽ പിടിപ്പിച്ചു കൊടുക്കുന്നു.)

അമ്മ: എന്താടീ പെണ്ണേ! ഇത്തിരി കാപ്പി എടുത്തോണ്ടു കൊടുത്തൂക്കൂടെ? അതിനും ഈ വയസ്സുകാലത്തു ഞാൻ തന്നെ വേണോ? ചൊമച്ചിട്ടാണെങ്കി...

(ചുമയ്ക്കുന്നു.)

(സാറാമ്മ നിശ്ശബ്ദമായി മാത്തുക്കുട്ടിയുടെ മുഖത്തേക്കു നോക്കുന്നു. മൂകമായ ആ അഭ്യർത്ഥന അന്ധനായ മാത്തുക്കുട്ടിക്കു നിരർത്ഥകമാണെന്നു കണ്ടു് നിരാശയോടുകൂടി പിന്നെയും തല കുനിച്ചിരുന്നു കറിക്കൊരുക്കുന്നു.)

മാത്തുക്കുട്ടി: (കാപ്പി കുടിക്കുന്നതിനിടയിൽ) അമ്മേ, അതവളുടെ കുററമല്ല. അമ്മ തന്നെ കൊണ്ടുവന്നാൽ മതി എന്നു ഞാൻ പറഞ്ഞിട്ടാണു്.

അമ്മ: അതങ്ങനെയേ വരു. (നിഷേധഭാവത്തിൽ തല കുലുക്കുന്നു) അവരം ഗുണം പിടിക്കുകയില്ല. ഇനിക്കാണെങ്കി ചൊമ കൊണ്ടു്.....ഇന്നലത്തെ മഴ നനഞ്ഞിട്ടാണെന്നാ തോന്നുന്നതു്. ഞാമ്പോയി ഒന്നു കെടക്കട്ടെ.

(കാപ്പിപ്പാത്രവും വാങ്ങിച്ചുകൊണ്ടു് അകത്തേക്കു പോകുന്നു. മാത്തുക്കുട്ടി പോക്കററിൽനിന്നു ബീഡി എടുത്തു കത്തിച്ചുകൊണ്ടു പിന്നെയും നടക്കുന്നു.)

മാത്തുക്കുട്ടി: സാറാമ്മേ!

സാറാമ്മ: എന്തോ!

മാത്തുക്കുട്ടി: നീ എന്താണൊന്നും മിണ്ടാത്തതു്?

സാറാമ്മ: ഞാനെന്തു മിണ്ടാനാ? ആരോടു മിണ്ടാനാ?

മാത്തുക്കുട്ടി; അമ്മമാക്കാണു കൂടുതൽ സ്നേഹം എന്നു പറഞ്ഞതിനു നിനക്കെന്താണു്? നീയും ഒരിക്കൽ—

(പെട്ടെന്നു നിത്തുന്നു.)

സാറാമ്മ) (മുഖം വിളറുന്നു. വേഗം എഴുന്നേററുചെന്നു മാത്തുക്കുട്ടിയുടെ അടുത്തു നിൽക്കുന്നു) അതെ; അതുതന്നെയാണു്. സ്വന്തം ഭാര്യ ആ സ്ഥാനത്തിനർഹയല്ലെന്നു് അറിയാവുന്നവർ അമ്മയുടെ അടുത്തേക്കു തന്നെ പോകും. എന്നോടു ക്ഷമിക്കണേ! ഞാനൊരു പരമാർത്ഥം തുറന്നു പറയുകയാണു്, ഞാൻ അങ്ങയുടെ ജീവിതത്തിനു് ഒരു ഭാരമാണു്. അങ്ങു് എന്നെ സംരക്ഷിച്ചു. ഞാൻ അങ്ങയെ വഞ്ചിച്ചു. അങ്ങയുടെ സ്നേഹത്തിനു് എനിക്കവകാശമില്ല. ഞാൻ പൊയ്ക്കൊള്ളാം. എനിക്കു കോപമോ, അസംതൃപ്തിയോ ഒന്നുമില്ല. ദയവായി എനിക്കു പോകാൻ അനുവാദം തരണേ.

മാത്തുക്കുട്ടി: സാറാമ്മേ, നീ തുറന്നു പറയുന്നതു് എനിക്കു സന്തോഷമാണു്. ഞാനും അതുപോലെ എല്ലാം തുറന്നു പറയാം. നിൻെറ സുഖത്തെപ്പററി എനിക്കു വളരെ കരുതലുണ്ടു്. പക്ഷേ, ഒരു ഭാര്യയെന്ന നിലയ്ക്കു നിന്നെ സ്നേഹിക്കാൻ എനിക്കു കഴിയുന്നില്ല. നീ പരിഭവിക്കണ്ട. കഴിഞ്ഞ മൂന്നു മാസമായി ഞാൻ നിന്നെ സ്നേഹിക്കാൻ ശ്രമിക്കുന്നുണ്ടു്. നാം തമ്മിലുള്ള ബന്ധം പള്ളിയിൽവെച്ചു് എന്തോ ചില ക്രിയകൾ നമ്മുടെ മുമ്പിൽവെച്ചു നടത്തപ്പെട്ടുവെന്നതു മാത്രമാണു്. ഉടനെതന്നെ ഞാൻ യുദ്ധത്തിനു പോവുകയും ചെയ്തു. ഞാൻ തിരിച്ചു വന്നപ്പോഴേക്കും ആ ദുർബ്ബല ബന്ധം കൂടി തകർന്നുകഴിഞ്ഞിരുന്നു. അന്നു നിന്നെ രണ്ടാമതും സ്വീകരിക്കാൻ എന്നെ പ്രേരിപ്പിച്ചതു് എൻെറ കാരുണ്യം മാത്രമായിരുന്നില്ല. അതിൽ സ്വാർത്ഥതയുണ്ടായിരുന്നു. കുറച്ചൊക്കെ എൻെറ സ്വന്തം കുറവിനെപ്പററിയുള്ള ബോധവും. നീ വഴി പിഴച്ചുപോയി. ഞാൻ അന്ധനുമായി. അതുകൊണ്ടു് തകർന്ന രണ്ടു ജീവിതങ്ങൾ കൂട്ടിയിണക്കി പുതിയതൊന്നുണ്ടാക്കാമെന്നു്, ഞാൻ ആശിച്ചു. പക്ഷേ, സ്നേഹം അങ്ങനെ സൃഷ്ടിക്കപ്പെടാവുന്ന ഒന്നല്ലായിരിക്കാം. പ്രായോഗികജീവിതസൗകര്യങ്ങൾ മാത്രമല്ലല്ലോ വിവാഹത്തിൻെറ അടിസ്ഥാനം. (അമ്മ അകത്തുനിന്നു ചുമയ്ക്കുന്നു) നാം തമ്മിൽ ഒരിക്കലും ചേരുകയില്ല; ഇനി പ്രത്യേകിച്ചും —

സാറാമ്മ: (വളരെ ശാന്തമായി താഴ്ന്ന ശബ്ദത്തിൽ) പ്രത്യേകിച്ചു്?

മാത്തുക്കുട്ടി: എൻെറ കണ്ണു പൊട്ടിപ്പോയെങ്കിലും, നിൻെറ ശരീരത്തിലുണ്ടാകുന്ന മാററങ്ങൾ...

സാറാമ്മ: (ചെവി പൊത്തിക്കൊണ്ടു്) അയ്യോ ! നിറുത്തു്. അവിടുന്നു് ഇങ്ങനെ പറയരുതേ. എനിക്കതു സഹിക്കവെയ്യാ ! എന്നെ ഇറക്കിവിട്ടുകൊള്ളുക. ഇങ്ങനെ ജീവനോടെ ദഹിപ്പിക്കാതെയിരിക്കണേ !

മാത്തുക്കുട്ടി: സാറാമ്മേ, ഞാൻ നിന്നെ വേദനിപ്പിക്കാൻ പറയുകയല്ല. എനിക്കു് നിന്നോടു് ഒരുത്തരവാദിത്വമുണ്ടു്. നിന്നെ ഇവിടന്നു പറഞ്ഞയച്ചാൽ നിനക്കാരാണൊരു തുണ ?

സാറാമ്മ: അവിടുത്തെ മനസ്സുഖത്തിനു് അത്യാവശ്യമാണെങ്കിൽ എന്നെ ഇവിടെനിന്നു പറഞ്ഞയച്ചുകൊള്ളുക. ഞാനെവിടെയെങ്കിലും പോയി ജീവിച്ചുകൊള്ളാം. ഞാൻ തെററുകാരിയാണെങ്കിലും എനിക്കുമുണ്ടൊരു ഹൃദയം !

മാത്തുക്കുട്ടി: സാറാമ്മേ, നീ ഇല്ലാത്തതൊന്നും വിചാരിച്ച് മനസ്സു പുണ്ണാക്കണ്ട. എന്റെ കൈകൊണ്ടു് ഈ ജന്മത്തു് ഞാനൊരുതരം ക്രൂരതയും കാണിക്കുകയില്ല. യുദ്ധരംഗം ക്രൂരതയുടെ സ്വഭാവം എന്താണെന്നെന്നെ മനസ്സിലാക്കി ത്തന്നു. നീ പോകാമെന്നു പറയുന്നു. ആരെങ്കിലും നിന്നോടു പോകാൻ പറഞ്ഞോ? പോയാൽ നീ എന്തു ചെയ്യും?

ശബ്ദം: (അണിയറയിൽ) അവൻ വീണ്ടും വരുന്നു!

(രണ്ടുപേരും ഞെട്ടുന്നു.)

മാത്തുക്കുട്ടി: (പെട്ടെന്നു്) സാറാമ്മേ! കുഞ്ഞോക്കി എവിടെയാണെന്നു നിനക്കറിയാമോ?

(സാറാമ്മ നിശ്ശബ്ദം.)

മാത്തുക്കുട്ടി: ചോദിച്ചതു കേട്ടില്ലേ?

സാറാമ്മ: (നിലത്തു നോക്കിക്കൊണ്ടു്) ഇവിടെ എവിടെയോ ഒക്കെ ഉണ്ടു്.

മാത്തുക്കുട്ടി: എന്തു ചെയ്യുകയാണു്?

സാറാമ്മ: എനിക്കറിഞ്ഞുകൂടാ! വെറുതെ അലഞ്ഞു തിരിയുകയാണെന്നു തോന്നുന്നു.

മാത്തുക്കുട്ടി: ഇവിടെ വരാറുണ്ടോ?

സാറാമ്മ: ഇല്ല.

ശബ്ദം: (അണിയറയിൽ) അവൻ വീണ്ടും വരുന്നു! ഉണർവ്വുള്ള മണവാട്ടികളേ, കാത്തിരിപ്പിൻ!

മാത്തുക്കുട്ടി: എങ്കിലും...എന്റെ ഏററവും ഉററ സ്നേഹിതൻ ...എന്തൊരു ലോകം! ദൈവമേ! മനുഷ്യൻ പിശാചായിത്തീരുന്നു.

സാറാമ്മ: (വിങ്ങിപ്പൊട്ടിക്കൊണ്ടു്) അയ്യോ, അങ്ങനെ പറയരുതേ! എന്റെ തെററിനു മററാരെയെങ്കിലും കുററപ്പെടുത്തുന്നതെന്തിനു്? എന്നെ ശിക്ഷിച്ചുകൊള്ളുക.

മാത്തുക്കുട്ടി: ഇനിയും നീ അവനെ നീതീകരിക്കയാണല്ലേ?

സാറാമ്മ: അവിടുന്നു് കോപിക്കരുതേ! ഓരോന്നു ചോദിച്ചു എന്നെക്കൊണ്ടു പറയിക്കുകയാണു്. അദ്ദേഹവും തെററു ചെയ്തു. അതെന്നോടു പറയുന്നതു് ഞാനെങ്ങനെ സഹിക്കും?

മാത്തുക്കുട്ടി: ശരി, ഞാൻ പൊട്ടക്കണ്ണനാണല്ലോ, ഇനിയും എന്നെ വഞ്ചിക്കാമല്ലോ, അല്ലേ?

സാറാമ്മ: അയ്യോ! ഇല്ല, അവിടുന്നു് വന്നതിൽപ്പിന്നീടു ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. ഇനി കാണുകയുമില്ല. ഞാ

ങ്ങളോടു് ക്ഷമിക്കണമെന്നു മാത്രമേ ഞാൻ അപേക്ഷിക്കു ന്നുള്ളു.

മാത്തുക്കുട്ടി: ഞാൻ അവനെ സ്നേഹിച്ചു. അവൻ എന്നെ ദ്രോഹിച്ചു. അവൻ ഈ മൂന്നു മാസമായി എന്നെ ഒന്നു കാണുക കൂടി ചെയ്തിട്ടില്ല. ഇനിയും ഞാൻ അവനോടു ക്ഷമിക്കണം, എന്തിനു് ?

സാറാമ്മ: അങ്ങയുടെ പഴയ സ്നേഹിതൻ അങ്ങയെ ഇന്നു സ്നേഹിക്കുന്നുണ്ടു്. അങ്ങയോടു് ക്ഷമായാചനം ചെയ്യണ മെന്നാഗ്രഹിക്കുന്നുണ്ടു്, പക്ഷേ, അതിനുവേണ്ടി അങ്ങയുടെ അടുത്തു വരാൻ ധൈര്യമില്ലെന്നു മാത്രം.

മാത്തുക്കുട്ടി: ക്ഷമായാചനം ചെയ്യണമെന്നോ ?

സാറാമ്മ: അതേ, അന്നു പല പ്രാവശ്യം ശ്രമിച്ചു ! പക്ഷേ, അങ്ങു് കോപിച്ചിരിക്കുകയായിരുന്നു.

മാത്തുക്കുട്ടി: നീ ഇതെങ്ങനെ അറിഞ്ഞു ?

സാറാമ്മ: ഞാനൊരു പെണ്ണല്ലേ ?

മാത്തുക്കുട്ടി: ചുരുക്കത്തിൽ, നിൻെറ ഹൃദയം ഇപ്പോഴും കുഞ്ഞോക്കിയുടെ അടുത്താണു്.

സാറാമ്മ: പിന്നെയും, പിന്നെയും ഇങ്ങനെ പറഞ്ഞു് എന്നെ വേദനിപ്പിക്കുന്നതെന്തിനാണു് ?

മാത്തുക്കുട്ടി: (നിരാശയോടുകൂടി തിരിഞ്ഞു നിന്നിട്ടു്, തിരിഞ്ഞു്) സാറാമ്മേ ! ഞാൻ ധരിച്ചതാണു തെററു്. ഞാനാണു് നി ങ്ങളെ ദ്രോഹിക്കുന്നതു്. എന്നോടു ക്ഷമിക്ക ! ഇനി ഞാൻ നിങ്ങളുടെ ജീവിതത്തിനു പ്രതിബന്ധമായി നിൽക്കുക യില്ല. ഞാൻതന്നെ പോയേക്കാം.

സാറാമ്മ: (ഓടിവന്നു് മാത്തുക്കുട്ടിയുടെ കൈകരം പിടിച്ചുകൊണ്ടു്) അയ്യോ ! അങ്ങനെ പറയരുതേ, ഞാൻ അങ്ങയെ വഞ്ചിച്ചു, ദ്രോഹിച്ചു. ഇനി ഞാൻ കാരണം അവിടുന്നു് പോകുകയും കൂടി ചെയ്താലോ ? ഞാൻ ആണയിട്ടു പറയുന്നു: ''അദ്ദേഹം ഒരിക്കലും ഇവിടെ വരികയില്ല.''

മാത്തുക്കുട്ടി: സാറാമ്മേ, നീ എന്നെ തെററിദ്ധരിക്കുകയാണു ചെയ്യുന്നതു്. കുഞ്ഞോക്കി ഇവിടെ വരുന്നതിൽ എനിക്കു് ഒരു വിരോധവുമില്ല, ഞാൻ നിന്നെ വെറുത്തിട്ടുമല്ല പോകു ന്നതു്. ഞാൻ നിങ്ങളുടെ ഇടയിൽ ഒരു പ്രതിബന്ധമായതു കൊണ്ടു മാത്രമാണു്.

സാറാമ്മ: അങ്ങു പോയാൽ അമ്മയെന്തു ചെയ്യും ?

മാത്തുക്കുട്ടി: (അല്പസമയം കഴിഞ്ഞു്) മ്മ, ശരിയാണു്, അമ്മയെന്തു ചെയ്യും ? എനിക്കു പോണമെന്നുണ്ടു്. പക്ഷേ, ഞാനെങ്ങനെയാണു് അമ്മയെ ഉപേക്ഷിച്ചു പോകുന്നതു് ? പോരെങ്കിൽ ഞാൻ പൊട്ടക്കണ്ണനുമായിപ്പോയി. അമ്മയ്ക്കു വേണ്ടിയും, എനിക്കു വേണ്ടിയും ഞാൻ ഇവിടെ കുറേക്കാലംകൂടി ജീവിക്കും. നീ അതു സഹിക്കണം.

അമ്മ: (അകത്തുനിന്നു്) മാത്തുക്കുട്ടീ, മോനേ മാത്തുക്കുട്ടീ !

(ചുമയ്ക്കുന്നു.)

സാറാമ്മ: അമ്മ വിളിക്കുന്നു.

അമ്മ: (അകത്തു്) മാത്തുക്കുട്ടീ !

മാത്തുക്കുട്ടി: എന്തോ !

(സാറാമ്മയുടെ നേരെ കൈ നീട്ടുന്നു. സാറാമ്മ മാത്തുക്കുട്ടിയുടെ കൈ പിടിച്ചു് അകത്തേക്കു കൊണ്ടുപോകുന്നു.)

കർട്ടൻ

രംഗം രണ്ടു്

മാത്തുക്കുട്ടിയുടെ മുറി. സ്റ്റേജിൻെറ വലതു വശത്തു് മുന്നോട്ടു മാറി നിന്നുകൊണ്ടു് മാത്തുക്കുട്ടി ഒരു അപരിചിതനുമായി സംസാരിക്കുന്നു.

അപരിചിതൻ: അതു സാരമില്ല.

മാത്തുക്കുട്ടി: കണ്ണുകുടിയില്ലാതെ പിന്നെ എന്നെക്കൊണ്ടു് എന്താണു ചെയ്യാൻ കഴിയുന്നതു് ?

അപരിചിതൻ: വെടിമരുന്നും മററും അവിടെയുണ്ടു്. അതു പടക്കമായി കെട്ടുന്നതും എറിയുന്നതും മററും എങ്ങനെയാണെന്നു പറഞ്ഞുതന്നാൽ മതി.

മാത്തുക്കുട്ടി: അതു് ശരിയാണു രാഘവാ. എങ്കിലും...

അപരിചിതൻ: വരുന്നതിനു് മറെറന്തെങ്കിലും തടസ്സമുണ്ടോ ?

മാത്തുക്കുട്ടി: ഇല്ലെന്നില്ല.

അപരിചിതൻ: പൂർണ്ണമനസ്സില്ലെങ്കിൽ ഞാൻ നിർബന്ധിക്കുന്നില്ല. കാര്യം വളരെ അപകടം പിടിച്ചതാണെന്നു് മാത്തുക്കുട്ടിക്കറിയാമല്ലോ ?

മാത്തുക്കുട്ടി: എൻെറ രാഘവാ! ഇക്കഴിഞ്ഞതുപോലുള്ള ഒരു യുദ്ധം കണ്ട എനിക്കു ഭീരുത്വം എന്നതിൻെറ അർത്ഥംപോലും അറിഞ്ഞുകൂടാ. നിങ്ങളുടെ കൂടെ വരുന്നതിനു് എനിക്കു വിരോധമുണ്ടായിട്ടല്ല. ഇററലിയിലും, ഈജിപ്തിലും വെച്ച് യുദ്ധം ചെയ്യുവാൻ ഞങ്ങൾക്കു് ഉത്സാഹം നൽകിയതു ശത്രുക്കളുടെ നീചമായ ക്രൂരതയായിരുന്നു. ഇവിടെ കാണുന്ന അക്രമവും അനീതിയും എന്നെ വെറളി പിടിപ്പിക്കുന്നുണ്ടു്. ഇവിടെയും ഞാൻ യുദ്ധം ചെയ്യാൻ തയ്യാറാണു്—ജയത്തെപ്പററിപോലും ഞാൻ ചിന്തിക്കുന്നില്ല. ഒന്നു മാത്രമേ എന്നെ വിഷമിപ്പിക്കുന്നുള്ളു. ഞാൻ ഇവിടെനിന്നു പോയാൽ അമ്മയ്ക്കു് ആരും തുണയില്ല.

അപരിചിതൻ: പൊതുഗുണത്തിനു വേണ്ടി സ്വന്ത താല്പര്യങ്ങൾ ബലികഴിക്കാതെ നിവൃത്തിയില്ലെന്നു മാത്തുക്കുട്ടിക്കറിയാമല്ലോ. ഞാൻ എൻെറ അമ്മയെക്കണ്ടിട്ടു് ആറു വർഷം കഴിഞ്ഞു.

മാത്തുക്കുട്ടി: ഞാൻ പറയുന്നതിനെ നീതീകരിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. എങ്കിലും ഉടനെ ഉത്തരം പറയാൻ...

(ഉപദേശി പ്രവേശിക്കുന്നു.)

ഉപദേശി: കർത്താവിനു സ്തോത്രം! എന്താ മാത്തുക്കുട്ടീ, സുഖം തന്നെയല്ലേ?

അപരിചിതൻ: എന്നാൽ മാത്തുക്കുട്ടീ, ഞാൻ പോയിവരട്ടെ.

(ധൃതിയിൽ ഇറങ്ങിപ്പോകുന്നു.)

ഉപദേശി: (സംശയത്തോടെ രാഘവനെ നോക്കിക്കൊണ്ടു്) ആരാണതു്, മാത്തുക്കുട്ടീ?

മാത്തുക്കുട്ടി: (ഉദാസീനമായി) ആ ഫാക്ടറിയിൽ എവിടെയോ ഉള്ള ഒരു മനുഷ്യനാണു്.

ഉപദേശി: അയാൾ എന്തിനു വന്നു?

മാത്തുക്കുട്ടി: ഓ വെറുതെ. ഞങ്ങൾ പണ്ടു് ഒരുമിച്ച് ഫാക്ടറിയിൽ പണിയെടുത്തിട്ടുണ്ടു്.

ഉപദേശി: മറിയാമ്മച്ചേടത്തിക്കെങ്ങനെയിരിക്കുന്നു?

(സാറാമ്മ പ്രവേശിക്കുന്നു.)

മാത്തുക്കുട്ടി: കൂടുതലൊന്നുമില്ല,

ഉപദേശി: ആരു്! ഇതു സാറാമ്മയല്ലേ?

സാറാമ്മ: (മാത്തുക്കുട്ടിയോട്ട്) അമ്മ ഇവിടെ വന്നിരിക്കണമെന്നു പറയുന്നു.

(മാത്തുക്കുട്ടിയുടെ കൈ പിടിച്ചു് അകത്തേക്കു കൊണ്ടുപോകുന്നു)

ഉപദേശി: (കൈകൾ ഉയർത്തി സ്വർഗ്ഗത്തിലേക്കു നോക്കിക്കൊണ്ട്) കർത്താവരുളിച്ചെയ്തിരിക്കുന്നതു നിവൃത്തിയാകുവാനുള്ളകാലമായി. ഇതു മറുതലിപ്പിൻെറ കാലം. ലോകാവസാനത്തിൽ മനുഷ്യപുത്രൻ കിഴക്കുനിന്നു വരുന്നതു ഞാൻ കാണുന്നു. ശിക്ഷാവിധിയുടെ ദിവസം ആസന്നമായിക്കഴിഞ്ഞു. കർത്താവിനു സ്തോത്രം !

(സാറാമ്മയും മാത്തുക്കുട്ടിയും അമ്മയെ താങ്ങിപ്പിടിച്ചു കൊണ്ടുവന്നു കസേരയിൽ ഇരുത്തുന്നു.)

ഉപദേശി: (അടുത്തു ചെന്നിട്ട്) മറിയാമ്മച്ചേടത്തീ, ചുമ കുറവുണ്ടോ ? കുറേ ദിവസമായി ഇങ്ങോട്ടു വരണമെന്നു നോക്കിയിരിക്കുകയായിരുന്നു.

അമ്മ: എൻെറ ഉപദേശി, എനിക്കു തീരെ വയ്യാ. ഒരു വൈദ്യൻ വന്നു മരുന്നു കുറിച്ചു തന്നിട്ടുണ്ടു്. അതു വാങ്ങിക്കാൻ പോകാൻകൂടി ആളില്ല. മാത്തുക്കുട്ടിക്കാണെങ്കിൽ കണ്ണു കണ്ടുകൂടാ (ചുമയ്ക്കുന്നു) ഇവളെങ്ങനെയാ പുറത്തിറങ്ങുന്നതു്? ശാപം വലിച്ചുവെച്ചു കഴിഞ്ഞിട്ടു മനുഷ്യരുടെ മുഖത്തു നോക്കുവാൻ കഴിയുമോ ?

(സാറാമ്മ തല കുനിച്ചുകൊണ്ട് അകത്തേക്കു പോകുന്നു.)

മാത്തുക്കുട്ടി: എന്തിനാണമ്മേ. അവളെ എപ്പോഴും ഇങ്ങനെ ശകാരിക്കുന്നതു് ? വന്നതു വന്നുകഴിഞ്ഞു. ഇനി പറഞ്ഞിട്ടെന്താ പ്രയോജനം ?

അമ്മ: ഇനി എന്താ പ്രയോജനമെന്നോ ? ഒന്നുമില്ല. മുടിഞ്ഞു. എല്ലാം മുടിഞ്ഞു. (കോപത്തോടുകൂടി) ഈ കുടുംബമേ മുടിഞ്ഞു. (ചുമയ്ക്കുന്നു) ഈ മൂധേവിയുടെ ശാപം കാരണമാണു് എനിക്കും സുഖക്കേടു വന്നതു്. അവൾ ഇതിനു് അനുഭവിക്കാതെ...

ഉപദേശി: നിൻെറ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കാതിരിക്കട്ടെ. മറിയച്ചേടത്തി, കർത്താവായ യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. വലിയ കടം ക്ഷമിച്ചു കിട്ടിയവനെപ്പോലെ നാമും ക്ഷമിക്കണം.

അമ്മ: എന്തു ക്ഷമിക്കണമെന്നാ ഉപദേശി പറയുന്നതു് ?

മാത്തുക്കുട്ടി: അമ്മേ, ദേഷ്യപ്പെടാതെ. ദേഹമിളക്കിയാൽ ചുമ വർദ്ധിക്കും—സാറാമ്മേ !

സാറാമ്മ: (അകത്തുനിന്നു്) എന്തോ !

മാത്തുക്കുട്ടി: അമ്മയ്ക്കു് ഒന്നു കുടിക്കാൻ കൊണ്ടുവാ.

അമ്മ: (ചുമയ്ക്കിടയിൽ) എനിക്കു വേണ്ട.

മാത്തുക്കുട്ടി: ചുമ മാറും.

അമ്മ: വേണ്ടെന്നല്ലേ പറഞ്ഞതു് ?

മാത്തുക്കുട്ടി: ഇവിടെ വലിയ തണുപ്പാണു്. ഇവിടെ ഇരുന്നാൽ ചുമയ്ക്കും. അമ്മ അകത്തു പോയി കിടക്കു.

(മാത്തുക്കുട്ടി അമ്മയെ താങ്ങിപ്പിടിച്ച് അകത്തേക്കു കൊണ്ടുപോകുന്നു,)

ഉപദേശി: (തല കുലുക്കിക്കൊണ്ടു്) പാപത്തിന്റെ ഫലം കയ്പുള്ളതാകുന്നു.

(സാറാമ്മ പ്രവേശിക്കുന്നു.)

സാറാമ്മ: എന്റെ ഉപദേശീ !

ഉപദേശി: സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്തു് ?

സാറാമ്മ: ഞാൻ എന്തു ചെയ്യണം, ഉപദേശി ? ഞാൻ തെററു ചെയ്തുപോയി. ഞാൻ അനുതപിക്കുന്നുണ്ടു്. പക്ഷേ, അമ്മ എന്നോടു ക്ഷമിക്കുന്നില്ല. എന്റെ ഭർത്താവു് എന്നെ സ്നേഹിക്കുന്നില്ല.

ഉപദേശി: കർത്താവിൽ ശരണപ്പെടുക.

സാറാമ്മ: അതിനു ഞാനെന്തു ചെയ്യണം ?

(മാത്തുക്കുട്ടി പ്രവേശിക്കുന്നു.)

മാത്തുക്കുട്ടി: ഉപദേശീ, അമ്മയ്ക്കു കൂടുതലാണെന്നു തോന്നുന്നു. മരുന്നു വാങ്ങിക്കാൻ എന്താ മാർഗ്ഗം ?

ഉപദേശി: ആരെയെങ്കിലും അയയ്ക്കണം.

മാത്തുക്കുട്ടി: അതിനിവിടെ ആരുമില്ലല്ലോ.

ഉപദേശി: അതിനു ഞാൻ വഴിയുണ്ടാക്കാം. പക്ഷേ, ഞാൻ പോകുന്നതിനു മുമ്പു് എനിക്കു മാത്തുക്കുട്ടിയോടു് ഒരു സുവിശേഷം അറിയിക്കാനുണ്ടു്.

മാത്തുക്കുട്ടി: എന്താണതു് ?

ഉപദേശി: ക്ഷമിക്കുന്നവർ ഭാഗ്യവാന്മാർ !

മാത്തുക്കുട്ടി: ശരി.

ഉപദേശി: പിന്നെ എന്താണു മാത്തുക്കുട്ടി സാറാമ്മയോടു ക്ഷമിക്കാത്തതു് ?

മാത്തുക്കുട്ടി: ഞാൻ ക്ഷമിച്ചില്ലെന്നാരു പറഞ്ഞു ?

ഉപദേശി: ക്ഷമിച്ചാൽ മാത്രം പോരാ, സ്നേഹിക്കുകയും വേണം.

മാത്തുക്കുട്ടി: അതു് എനിക്കു കഴിയുന്നില്ല.

ഉപദേശി: മാത്തുക്കുട്ടീ, നിങ്ങൾ രണ്ടുപേരും ദൈവസന്നിധിൽവച്ചു് കൂട്ടിച്ചേർക്കപ്പെട്ടവരാണു്. എത്ര വലിയ തെററുകൾ ചെയ്താലും നിങ്ങൾ തമ്മിൽ അകലാൻ നമ്മുടെ വിശ്വാസം നമ്മെ അനുവദിക്കുകയില്ല. ദൈവം കൂട്ടിച്ചേർത്ത വരെ മനുഷ്യൻ അകററാതിരിക്കട്ടെ !

മാത്തുക്കുട്ടി: ദൈവം കൂട്ടിച്ചേർത്തതിനെ...

(ചിന്താമഗ്നനായി ലാത്തുന്നു.)

ഉപദേശി: എന്താ മാത്തുക്കുട്ടി ആലോചിക്കുന്നതു് ?

മാത്തുക്കുട്ടി: ഒരു സംശയം, അത്രയേ ഉള്ളു.

ഉപദേശി: എന്താണതു് ?

മാത്തുക്കുട്ടി: ദൈവം ആരെയാണു കൂട്ടിച്ചേർത്തതു് ? എന്തിനാണു് ഈ യുദ്ധമുണ്ടായതു് ? എന്തിനാണു പട്ടാളത്തിൽ ചേരാൻ മാത്രം ഞാൻ ദരിദ്രനായിത്തീന്നതു് ? ആരാണു് സാറാമ്മയേയും കുഞ്ഞുവക്കിയേയും ഒരുമിച്ചു കൊണ്ടുവന്നതു് ? എൻെറ ഉററ സ്നേഹിതനും, എൻെറ ഭാര്യയും ! എങ്ങനെയാണു് ഇതൊക്കെ സംഭവിച്ചതു് ? ഇതൊക്കെ സംഭവിക്കാൻ ആരാണു കാരണക്കാരൻ ?

ഉപദേശി: അത്തരം ചിന്തകളൊക്കെ കളയൂ. മാത്തുക്കുട്ടീ, രാജിയാണു ജീവിതത്തിൻെറ വിജയരഹസ്യം. പുല്ലുകളെ നോക്കുക, കൊടുങ്കാററടിക്കുമ്പോൾ അവ വളഞ്ഞുകൊടുക്കുന്നു, ഒടിയുന്നതുമില്ല.

മാത്തുക്കുട്ടി: ഏതായാലും രാജി എനിക്കു വയ്യാ. ഞാൻ യുദ്ധക്കളത്തിൽനിന്നു തിരിച്ചു വന്നവനാണെന്നു് ഓമ്മിക്കണം.

ഉപദേശി: ഏതായാലും മാത്തുക്കുട്ടീ, ആലോചിക്കു്. ദ്രുതഗതിയിൽ ഒന്നും പ്രവത്തിക്കരുതു്. ഞാൻ ഇനിയും താമസിച്ചാൽ മരുന്നിൻെറ കാര്യം കുഴപ്പത്തിലാകും.

(ഇറങ്ങിപ്പോകുന്നു.)

മാത്തുക്കുട്ടി: സാറാമ്മേ !

സാറാമ്മ: എന്തോ ?

മാത്തുക്കുട്ടി: നീ എന്നോടു പരിഭവിക്കരുതു്. എനിക്കു നിന്നോടു യാത്ര പറയാതെ നിവൃത്തിയില്ല. ഞാനിവിടെ താമസിക്കുന്നതു് നിനക്കും എനിക്കും ഒരുപോലെ വിഷമമാണു്.

സാറാമ്മ: അപ്പോൾ അമ്മയോ ?

മാത്തുക്കുട്ടി: അമ്മ !—

(ചിന്താധീനനായി തലയ്ക്കു കൈയ്യും കൊടുത്തു് കസേരയിൽ ഇരിക്കുന്നു.)

മാത്തുക്കുട്ടി: അപ്പോൾ മരുന്നു വാങ്ങിക്കാൻ എന്താണൊരു വഴി? ഉപദേശി ഈ വിളിച്ചു പറഞ്ഞുകൊണ്ടു നടക്കുകയല്ലാതെ ആരെയെങ്കിലും പറഞ്ഞയയ്ക്കുമോ എന്തോ ?

(ഒരു വശത്തുനിന്നു് കുഞ്ഞുവക്കി സാവധാനത്തിൽ പ്രവേശിക്കുന്നു.) സാറാമ്മ അല്പം ഭയത്തോടുകൂടി മാത്തുക്കുട്ടിയുടെ മുഖത്തേക്കു നോക്കുന്നു.)

മാത്തുക്കുട്ടി: ആരാതു് ?

കുഞ്ഞുവക്കി: ഞാൻ...ഞാൻ, കുഞ്ഞുവക്കി.

മാത്തുക്കുട്ടി: (കസേരയിൽനിന്നും ചാടി എഴുനേൽക്കുന്നു.) കുഞ്ഞുവക്കിയോ ?

കുഞ്ഞുവക്കി: അതെ.

മാത്തുക്കുട്ടി: എന്തിനു് ?

കുഞ്ഞുവക്കി: ഉപദേശി പറഞ്ഞയച്ചു, എന്തോ മരുന്നു വാങ്ങണമെന്നു്.

മാത്തുക്കുട്ടി: (അല്പനേരം മൗനമായി നിന്നിട്ടു്) സാറാമ്മേ ! ആ കുറിപ്പും പണവും എടുത്തു കൊടുക്കു്. കുഞ്ഞുവക്കി പോയി മരുന്നു വാങ്ങിക്കൊണ്ടു വരട്ടെ.

(അകത്തുനിന്നു് ചുമ കേൾക്കുന്നു. സാറാമ്മ പോയി പണവും ഒരു കുറിപ്പും എടുത്തു കൊണ്ടുവന്നു്, ഒന്നു മടിച്ചു നിന്നതിനുശേഷം മാത്തുക്കുട്ടിയുടെ കൈയിൽ പിടിപ്പിച്ചുകൊടുക്കുന്നു.)

മാത്തുക്കുട്ടി: ഇതാ കുഞ്ഞുവക്കി.

(കുഞ്ഞുവക്കി പണവും കടലാസും വാങ്ങിച്ചു് നിശ്ശബ്ദനായി ഇറങ്ങിപ്പോകുന്നു.)

മാത്തുക്കുട്ടി: (ദീർഘനിശ്വാസത്തോടുകൂടി) അമ്മയ്ക്കുവേണ്ടി അതും കൂടിയാകട്ടെ.

സാറാമ്മ: അയ്യോ, അങ്ങനെ പറയരുതേ.

(പൊട്ടിക്കരയുന്നു. മാത്തുക്കുട്ടിയുടെ കസേരയുടെ പുറകിൽ പോയി നിൽക്കുന്നു.)

കർട്ടൻ

രംഗം മൂന്ന്

മാത്തുക്കുട്ടിയുടെ മുറിയുടെ ഇടതു വശത്ത് ഒരു കട്ടിൽ. തലയണകൾ കൊണ്ട് തല പൊക്കിവച്ച് അമ്മ അതിൽ കിടക്കുന്നു. ഇടയ്ക്കിടയ്ക്കു ചുമച്ചു കോളാമ്പിയിൽ തുപ്പുന്നു സാറാമ്മയും മാത്തുക്കുട്ടിയും ശുശ്രൂഷിച്ചുകൊണ്ട് അടുത്തു നിൽക്കുന്നു.

അമ്മ: മാത്തുക്കുട്ടീ, മോനേ!

മാത്തുക്കുട്ടീ: എന്താമ്മേ?

അമ്മ: വെള്ളം.

(സാറാമ്മ വെള്ളമെടുത്തു മാത്തുക്കുട്ടിയുടെ കൈയിൽ കൊടുക്കുന്നു. മാത്തുക്കുട്ടി അമ്മയ്ക്കു കൊടുക്കുന്നു. അവർ കുറച്ചു കുടിക്കുന്നു.)

അമ്മ: മിററം തുത്തുകാണുല്ല. എനിക്ക് ഒരു പണീം എടുക്കാമ്മേലാണ്ടായി. എല്ലാം ഇവളു കാരണമാ. (ചുമയ്ക്കുന്നു) മൂശേട്ട!

(ചുമയ്ക്കുന്നു.)

മാത്തുക്കുട്ടി: അമ്മേ, വർത്തമാനം പറഞ്ഞാൽ ചുമ കൂടും.

അമ്മ: കൂടട്ടെ. (ചുമയ്ക്കുന്നു) ചുമച്ചു ചുമച്ചുമരിക്കട്ടെ. ഇവൾക്കു പിന്നെ ഇഷ്ടംപോലെ ആവാമല്ലൊ. മരുന്നു മേടിച്ചോ? എന്ത്യേ? ആ ഉപദേശിയേയും കണ്ടില്ലല്ലോ?

(അമ്മ ശക്തിയായി ചുമയ്ക്കുന്നു.)

മാത്തുക്കുട്ടി: ഉപദേശിയല്ല മരുന്നു വാങ്ങാൻ പോയിരിക്കുന്നതു്, കുഞ്ഞോക്കിയാണു്.

അമ്മ: കുഞ്ഞോക്കിയോ? ആ ചതി...

(ചുമയ്ക്കുന്നു. ചുമ നിൽക്കാത്തതുകൊണ്ട് സാറാമ്മയും മാത്തുക്കുട്ടിയും അടുത്തു ചെന്നു പുറം തടവുകയും മററും ചെയ്യുന്നു. കുഞ്ഞുവക്കി മരുന്നുമായി പ്രവേശിച്ചു നിശ്ശബ്ദനായി നിൽക്കുന്നു)

കുഞ്ഞുവക്കി: (കുറച്ചു സമയം കഴിഞ്ഞ്) മരുന്നു്.

മാത്തുക്കുട്ടി: ആ, കുഞ്ഞോക്കി വന്നോ?—സാറാമ്മേ, ആ മരുന്നിങ്ങു വാങ്ങിക്കു. (സാറാമ്മ വളരെ സാവധാനത്തിൽ നടന്നുചെന്നു് മരുന്നു വാങ്ങിക്കുന്നു) ഒരു കോപ്പയിലൊഴിച്ചു കൊണ്ടുവാ.

(സാറാമ്മ മരുന്നൊഴിച്ച് അമ്മയ്ക്കു കൊടുക്കുന്നു.)

അമ്മ: എനിക്കു വേണ്ട.

മാത്തുക്കുട്ടി: അതു കുടിക്കമ്മേ! നല്ല മരുന്നാണു്.

അമ്മ: എനിക്കു വേണ്ടന്നല്ലേ പറഞ്ഞതു്?—

(ചുമയ്ക്കുന്നു.)

(സാറാമ്മ മരുന്നു മാത്തുക്കുട്ടിയുടെ കൈയിൽ കൊടുക്കുന്നു.)

മാത്തുക്കുട്ടി: ഇതെങ്ങനെയാ ഞാൻ കൊടുക്കുന്നതു്? അതു താഴെയെങ്ങാൻ പോകും—കുഞ്ഞോക്കി!

(കുഞ്ഞുവക്കി മുന്നോട്ടു വന്നു് മരുന്നു വാങ്ങിച്ച് അമ്മയുടെ വായിൽ ഒഴിച്ചുകൊടുക്കുന്നു. അമ്മ കുടിക്കുന്നു കുഞ്ഞുവക്കിയും സാറാമ്മയും പരസ്പരം നോക്കുന്നു. സാറാമ്മ തല കുനിക്കുന്നു,)

അമ്മ: കുഞ്ഞോക്കീ, നീ ഇതുവരെ എവിടെയായിരുന്നു?

കുഞ്ഞുവക്കി: ഇവിടെഒക്കെ ഉണ്ടായിരുന്നു.

(മാത്തുക്കുട്ടി സ്റ്റേജിൻെറ മുൻഭാഗത്തേക്കു നടക്കുന്നു. സാറാമ്മ അമ്മയെ വീശിക്കൊണ്ടിരിക്കുന്നു,)

കുഞ്ഞുവക്കി: മാത്തുക്കുട്ടീ?

മാത്തുക്കുട്ടി: ഉം?

കുഞ്ഞുവക്കി: എന്നോടൊന്നും മിണ്ടുകയില്ലേ?

മാത്തുക്കുട്ടി: എന്താണു മിണ്ടേണ്ടതു്?

കുഞ്ഞുവക്കി: ചെറുപ്പത്തിലെ സ്നേഹമോർത്തിട്ടെങ്കിലും എന്നോടു ക്ഷമിക്കു! മാത്തുക്കുട്ടീ, മനുഷ്യനു തെററുകൾ വരാമെന്നു ഞാൻ പറയാതെ മാത്തുക്കുട്ടിക്കറിയാമല്ലോ? എന്നോടു ക്ഷമിക്കു.

മാത്തുക്കുട്ടി: ഇല്ല. എനിക്കു വയ്യാ. ഞാൻ കള്ളം പറയുന്നില്ല.

കുഞ്ഞുവക്കി: അമ്മപോലും എന്നോടു ക്ഷമിച്ചതു കണ്ടില്ലേ ?

മാത്തുക്കുട്ടി: അമ്മ ഇതുവരെ സാറാമ്മയോടു ക്ഷമിച്ചോ ? അവളുടെ കൈയിൽനിന്നു മരുന്നുപോലും വാങ്ങികുടിക്കാത്തതു കണ്ടില്ലേ ?

കുഞ്ഞുവക്കി: മാത്തുക്കുട്ടി സാറാമ്മയോടു ക്ഷമിച്ചില്ലെങ്കിൽ പിന്നെ എന്തുകൊണ്ടാ എന്നോടു ക്ഷമിക്കാത്തതു് ?

മാത്തുക്കുട്ടി: നിങ്ങൾ തമ്മിലുള്ള ബന്ധമാണു് നാം തമ്മിലുള്ള അകൽച്ച. കൂടുതൽ ചോദിക്കാതെ, കുഞ്ഞോക്കി, അധികം താമസിക്കാതെ ഞാൻ ഇവിടെനിന്നും പോവുകയാണു്.

കുഞ്ഞുവക്കി: എങ്ങോട്ടു് ?

മാത്തുക്കുട്ടി: അപകടംപിടിച്ച ഒരു ജോലിക്കു്, ശമ്പളം കിട്ടാത്ത ഒരു യുദ്ധക്കളത്തിലേക്കു്. നാട്ടിന്നും നാട്ടാർക്കും വേണ്ടി ജീവിതം സമർപ്പിച്ച ചിലരുടെകൂടെ.

കുഞ്ഞുവക്കി: പിന്നെ അമ്മയ്ക്കാരാണൊരു രക്ഷ ?

മാത്തുക്കുട്ടി: അമ്മ സാറാമ്മയോടു ക്ഷമിച്ചില്ലെങ്കിലും, നിന്നെ വേഗം സ്വീകരിച്ചല്ലോ ? അതുകൊണ്ടു് ഇനി നീ ഇവിടെ നിൽക്കുക. അന്ധനായ എന്നെക്കൊണ്ടു് ആർക്കും ഒരു പ്രയോജനവും ഇല്ല. അതുകൊണ്ടു് ഞാൻ പോകട്ടെ.

കുഞ്ഞുവക്കി: മാത്തുക്കുട്ടീ, അതു തെററല്ലേ ?

(ഉപദേശി പ്രവേശിക്കുന്നു.)

ഉപദേശി: യെറുശലേം പുത്രിമാരേ, നിങ്ങൾക്കു ഹാ, കഷ്ടം! മാത്തുക്കുട്ടീ, മറിയാമ്മച്ചേടത്തിക്കു് എങ്ങനെയിരിക്കുന്നു ? മരുന്നു കൊടുത്തോ ?

മാത്തുക്കുട്ടി: മരുന്നു കൊടുത്തു.

ഉപദേശി: (കട്ടിലിനടുത്തു ചെന്നു്) മറിയാമ്മച്ചേടത്തി ദുഃഖിക്കരുതു്. കർത്താവു് തൻെറ വിശ്വസ്തമണവാട്ടിയെ സ്വീകരിച്ചുകൊള്ളും. ഞാൻ ആശ്വാസത്തിൻെറ ദൂതനാണു്. ഞാൻ പോകട്ടെ.

അമ്മ: ഉപദേശി പോവുകയാണോ ?

ഉപദേശി: (ശബ്ദമുയർത്തി) ഞാൻ പോകുന്നു. കർത്താവിൻെറ ആത്മാവു് എന്നെ നയിക്കുന്നു. അവൻ വിളിക്കുന്നിടത്തേക്കു ഞാൻ പോകും. രണ്ടാമത്തെ വരവിൻെറ കാലമായി.

(പോകുന്നു.)

അമ്മ: കുഞ്ഞോക്കി, ഈ മരുന്നു് എത്ര പ്രാവശ്യം കുടിക്കണ മെന്നാ പറഞ്ഞതു് !

കുഞ്ഞുവക്കി: അഞ്ചാറു പ്രാവശ്യം കുടിച്ചാ മതി.

അമ്മ: വൈദ്യനെ ഇങ്ങോട്ടൊന്നു വിളിച്ചുകൊണ്ടു വരാമോ?

കുഞ്ഞുവക്കി: കൊണ്ടുവരാം.

(മാത്തുക്കുട്ടി ലാത്തിക്കൊണ്ടിരിക്കുന്നു. രാഘവൻ സാവധാനത്തിൽ പ്രവേശിച്ചു മാത്തുക്കുട്ടിയെ അരികിലേക്കു വിളിച്ചു രഹസ്യമായി എന്തോ സംസാരിക്കുന്നു. സാറാമ്മ അകത്തേക്കു പോകുന്നു. അല്പസമയം കഴിഞ്ഞു് അമ്മ കലശലായി ച്ഛർദ്ദിക്കുന്നു. എല്ലാവരും കട്ടിലിനടുത്തു് ഓടിയെത്തുന്നു. സാറാമ്മ വീശുന്നു. കുഞ്ഞുവക്കി തലയണ ശരിയാക്കി വെയ്ക്കുന്നു. അമ്മ ഞരങ്ങുകയും മൂളുകയും ചെയ്യുന്നു.)

അമ്മ: അയ്യോ ! എനിക്കു വയ്യേ ! ഒന്നു കുടിക്കാൻ... അയ്യോ ! (കുഞ്ഞുവക്കി മരുന്നു കുടിക്കാൻ കൊടുക്കുന്നു)എനിക്കു മരുന്നു വേണ്ടായേ, വെള്ളം...വെള്ളം. എൻെറ മാത്തുക്കുട്ടീ! എൻെറ കർത്താവേ ! (കുഞ്ഞുവക്കി വെള്ളമെടുത്തു മാത്തുക്കുട്ടിയുടെ കൈയിൽ പിടിപ്പിച്ചു് ഒഴിച്ചുകൊടുക്കുന്നു) എന്നെ ഒന്നു വീശു. മാത്തുക്കുട്ടീ, ഞാൻ മരിക്കുവാ.

(കുഞ്ഞുവക്കി വീശുന്നു.)

കുഞ്ഞുവക്കി: സാറാമ്മേ, കുറച്ചു വെള്ളംകൂടി എടുത്തുകൊണ്ടുവാ.

(സാറാമ്മ അകത്തേക്കു പോകുന്നു.)

അമ്മ: വെള്ളം—എൻെറ കർത്താവേ !

(അമ്മ മരണലക്ഷണങ്ങൾ കാണിക്കുന്നു. സാറാമ്മ വെള്ളവുമായി പ്രവേശിക്കുന്നു.)

അമ്മ: എൻെറ....കുഞ്ഞുവക്കി, എൻെറ മകൻ...കണ്ണില്ലാതെ ...കർത്താവേ !...നോക്കിക്കൊള്ളണേ !

(മരിക്കുന്നു.)

(എല്ലാവരും അടുത്തു വന്നു നില്ക്കുന്നു. മാത്തുക്കുട്ടി അമ്മയുടെ ശരീരം കെട്ടിപ്പിടിച്ചു കരയുന്നു. സാറാമ്മ കാല്ക്കൽ മുട്ടുകുത്തി നിൽക്കുന്നു. കുഞ്ഞുവക്കിയും പ്രവേശിക്കുന്നു.)

മാത്തുക്കുട്ടി: (സാവധാനം എഴുന്നേററു്) രാഘവാ !

(രാഘവൻ അടുത്തു വരുന്നു. മാത്തുക്കുട്ടി രാഘവൻെറ കൈയിൽ മുറുക്കിപ്പിടിക്കുന്നു.)

മാത്തുക്കുട്ടി : സാറാമ്മേ, കുഞ്ഞുവക്കീ, എനിക്കിനി പോകാം....

(സാറാമ്മ എഴുന്നേററോടിവന്നു കുഞ്ഞുവക്കിയുടെ കൈയിൽ പിടിക്കുന്നു.)

സാറാമ്മ: അയ്യോ! ഇപ്പൊഴോ! ഇതെന്തു ഭ്രാന്താണു്?

മാത്തുക്കുട്ടി: ഉടനേതന്നെ വേണമെന്നില്ലല്ലോ..എനിക്കീ വീടുമായിട്ടുണ്ടായിരുന്ന ഏക ബന്ധം തകൎന്നുപോയി.

ഇനി ഞാൻ പോവുകയാണു്.

സാറാമ്മ: അമ്മ!

കുഞ്ഞുവക്കി: മാത്തുക്കുട്ടീ, എന്താണീ പറയുന്നതു്? — അമ്മ!

മാത്തുക്കുട്ടി: മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ.

(സാറാമ്മയും കുഞ്ഞുവക്കിയും പരസ്പരം നോക്കുന്നു. സാറാമ്മ അമ്മയുടെ കണ്ണുകഠം അടയ്ക്കുന്നു. ഒരു വെള്ളത്തുണി എടുത്തു ശരീരം മൂടുന്നു. പിന്നീടു് കുറെ മെഴുകുതിരികഠം ഓരോന്നായി കത്തിച്ചു കട്ടിലിൻെറ തലയ്ക്കൽ വെയ്ക്കുന്നു. അതു കഴിഞ്ഞു രണ്ടുപേരും അടുത്തടുത്തായി മുട്ടുകുത്തി നിന്നു പ്രാർത്ഥിക്കുന്നു.)

കർട്ടൻ

മൂന്നാം അങ്കം

രംഗം ഒന്നു്

മാത്തുക്കുട്ടിയുടെ വീടു്. കട്ടിൽ, കസേര, സ്റ്റൂം മുതലായവ അവിടവിടെയായി ചിതറിക്കിടക്കുന്നു. ഒരു മൂലയിൽ ഒരു റാന്തൽവിളക്കിരിക്കുന്നു. ആകെപ്പാടെ ഒരു താറുമാറായ അന്തരീക്ഷം. വലിയ വയറുമായി സാറാമ്മ ഒരു കസേരയിൽ ഇരിക്കുന്നു. കുഞ്ഞുവക്കി അതിനടുത്തു നിന്നു സാറാമ്മയുമായി സംസാരിക്കുന്നു. സമയം പകൽ പത്തുമണി.

സാറാമ്മ: കുട്ടി എന്തായിരിക്കും ?

കുഞ്ഞുവക്കി: പെണ്ണു്.

സാറാമ്മ: ഓ, പിന്നെ! പെണ്ണു്!—ആണായിരിക്കും.

കുഞ്ഞുവക്കി: അതെന്തുകൊണ്ടു് ?

സാറാമ്മ: പെണ്ണായതെന്തുകൊണ്ടു് ?

കുഞ്ഞുവക്കി: ദുരിതത്തിലല്ലേ ജനിച്ചതു്; അനുഭവിക്കണ്ടേ കുറെ ?

(ഉപദേശി പ്രവേശിക്കുന്നു. സാറാമ്മ എഴുനേൽക്കുന്നു.)

ഉപദേശി: കർത്താവിനു സ്തോത്രം! സാറാമ്മേ, നീ എഴുനേററു വിഷമിക്കേണ്ട.

(സാറാമ്മ കസേരയിൽ പിടിച്ചുകൊണ്ടു നിൽക്കുന്നു.)

സാറാമ്മ: ഓ, വേണ്ട. ഞാനിവിടെ നിന്നുകൊള്ളാം.

ഉപദേശി: കുഞ്ഞുവക്കീ, ഞാൻ നിന്നെ കാണാനാണു വന്നതു്.

കുഞ്ഞുവക്കി: ഉം ?

ഉപദേശി: (സാറാമ്മയോടു്) കുഞ്ഞേ, നീ അകത്തു പൊയ്ക്കോ. ഞങ്ങൾക്കു ചില കാര്യങ്ങളൊക്കെ പറയാനുണ്ടു്.

സാറാമ്മ: വേണ്ട ഉപദേശി, എന്തിനാണ് ഇത്ര വളച്ചുകെട്ടുന്നതു്? ഞങ്ങഠം രണ്ടുപേരും നേരേതന്നെ കേട്ടുകൊള്ളാം. ഭാര്യയും ഭത്താവും തമ്മിലുള്ള പെരുമാററമെങ്ങനെയാണെന്നു് ഉപദേശിക്കറിഞ്ഞുകൂടാ എന്നു തോന്നുന്നു.

(കസേരയിൽ ഇരിക്കുന്നു.)

ഉപദേശി: ഭാര്യയും ഭർത്താവും!

(ആലോചിച്ചു നിൽക്കുന്നു)

സാറാമ്മ: ഉം? എന്താ ആലോചിക്കുന്നതു്?

ഉപദേശി: ഏതു പള്ളിയിൽവെച്ചാണു നിങ്ങളുടെ വിവാഹം നടന്നതു്?

സാറാമ്മ: ഈ പള്ളിയിൽവെച്ചു തന്നെ.

കുഞ്ഞുവക്കി: അതിനു പള്ളി വേണമെന്നുണ്ടോ?

ഉപദേശി: പുരോഹിതനും വേണ്ടേ?

കുഞ്ഞുവക്കി: കിട്ടാൻ മാർഗ്ഗമില്ലെങ്കിൽ കൂടാതെ കഴിക്കണം.

ഉപദേശി: ഞാൻ തുറന്നു പറയുകയാണു്, കുഞ്ഞുവക്കി, നീ എന്നോടു പരിഭവിക്കേണ്ട. ദൈവത്തിൻെറ ജോലി ചെയ്യുന്നതിൽ മുഖം നോക്കാൻ നിവൃത്തിയില്ല. മാത്തുക്കുട്ടി പോയിട്ടു് ഇന്നു രണ്ടു മാസം തികയുന്നു. നിങ്ങഠം രണ്ടുപേരും ഇങ്ങനെ ഇവിടെ ഒരുമിച്ചു താമസിക്കയും. ഇതു ദൈവത്തിനും മനുഷ്യനും നിരക്കാത്ത പ്രവൃത്തിയാണു്.

കുഞ്ഞുവക്കി: തല്ക്കാലം ഞാൻ ദൈവത്തേയും മനുഷ്യനേയുമല്ല നോക്കാൻ നിശ്ചയിച്ചിരിക്കുന്നതു്. സാറാമ്മയെയാണു്.

ഉപദേശി: അതു ദൈവം നോക്കിക്കൊള്ളും.

കുഞ്ഞുവക്കി: പട്ടിണിക്കുള്ള തുറന്ന വഴി.

ഉപദേശി: ദൈവം അങ്ങനെ തിരുമനസ്സാകുന്നെങ്കിൽ മനുഷ്യൻ അതും അനുഭവിക്കണം.

കുഞ്ഞുവക്കി: (സാറാമ്മയെ നോക്കിക്കൊണ്ടു്) അവളുടെ ഈ അവസ്ഥയിലുമോ?

ഉപദേശി: തീർച്ചയായും. അതും ദൈവത്തെ ഭാരമേല്പിക്കുക.

കുഞ്ഞുവക്കി: ദൈവത്തിനു് ഒരു വയററാട്ടിയേയും പരിചയമില്ല. വൈദ്യനെ വിളിക്കാനും മരുന്നു വാങ്ങാനും അദ്ദേഹത്തിനു നേരവുമില്ല.

ഉപദേശി: (ചെവി പൊത്തുന്നു.) ദൈവദൂഷണം പറയാതെ കുഞ്ഞുവക്കി.

കുഞ്ഞുവക്കി: ഒരു വെറും പരമാൎത്ഥം.

ഉപദേശി: കുഞ്ഞുവക്കീ, ഇതു വെറും സ്വാൎത്ഥതയാണു്. സുഖത്തിനുവേണ്ടി അറിഞ്ഞുകൊണ്ടു പാപം ചെയ്യുകയാണു്.

കുഞ്ഞുവക്കി: (ക്ഷുഭിതനായി) ആരുടെ സ്വാൎത്ഥത? ആരുടെ സുഖം? എൻേറയോ? ഒരു സ്വൈരവുമില്ലാതെ, അപവാദത്തിൻെറ നടുവിൽക്കിടന്നു്, ഉമിത്തീപോലെ നീറി ദഹിക്കുന്നതോ? ഉപദേശിക്കറിയാമോ, മനുഷ്യർ എന്തൊക്കെയാണു പറയുന്നതെന്നു്?

ഉപദേശി: അതു തന്നെയാണു ഞാനും ചോദിക്കുന്നതു്.

കുഞ്ഞുവക്കി: മുറിവുള്ളവനല്ലേ വേദനയറിയുന്നതു്. അവരെന്തു പറയുന്നുവെന്നു് എനിക്കറിയാം. അതുകേട്ടു് എൻെറ ചെവിയാണു തഴമ്പിക്കുന്നതു്. അവൾക്കു് എന്താണു വേണ്ടതെന്നും എനിക്കറിയാം, അനന്യശരണയായ സാറാമ്മയെ അവരുടെ കാമക്കളത്തിനു വിലകുറഞ്ഞ ഒരു പാവയായി കിട്ടണം. പോരെങ്കിൽ വളരെ അനുസരണമുള്ള ഒരു അടുക്കളവേലക്കാരിയായിട്ടും. ഇല്ല; ഞാനതു സമ്മതിക്കയില്ല. ഞങ്ങൾ ചെയ്തതു തെററാണെന്നു ഞങ്ങൾക്കറിയാം. പക്ഷേ, ഇനിയും സാറാമ്മയെ ഉപേക്ഷിച്ചുപോയി, ആ തെററു വർദ്ധിപ്പിക്കാൻ ഞാൻ തയ്യാറില്ല,

ഉപദേശി: ഇഹലോകസുഖത്തിനുവേണ്ടി നീ ആത്മാവിനെ നശിപ്പിക്കുകയാണു്.

കുഞ്ഞുവക്കി: ആത്മാവിനെ ഞാൻ കണ്ടിട്ടില്ല. പക്ഷേ, വലിയ വയറും വലിച്ചുകൊണ്ടു സഹായമഭ്യൎത്ഥിക്കുന്ന സാറാമ്മയെ എനിക്കു കാണാൻ കഴിയും. മാത്തുക്കുട്ടിയുടെ അമ്മ മരിച്ചു; മാത്തുക്കുട്ടി വീടു വിടുകയും ചെയ്തു. എവിടെയാണെന്നൊരു തുമ്പുമില്ല. ഇനി ആരാണു സാറാമ്മയെ രക്ഷിക്കാനുള്ളതു്, അവളുടെ സ്ഥിതിക്കു്? ഏററവും ഉത്തരവാദിത്വം ഉള്ള ആൾ തന്നെ ആ കടമയും നിർവ്വഹിക്കട്ടെയെന്നാണു ഞാൻ തീരുമാനിച്ചതു്. കരുണയെന്നൊന്നു നിങ്ങളുടെ വേദപുസ്തകത്തിലില്ലേ, ഉപദേശീ?

ഉപദേശി: ഉണ്ടു്. പക്ഷേ, സാറാമ്മ അനന്യശരണയല്ല. അവൾ ഇന്നും മാത്തുക്കുട്ടിയുടെ ഭാര്യയാണു്.

സാറാമ്മ: എ ! (മുഖം വിളറുന്നു. എഴുന്നേററുനിന്നു അല്പം ആലോചിച്ചിട്ടു താലി പൊട്ടിച്ചു ദൂരെയെറിയുന്നു) അല്ല !

(എല്ലാവരും സ്തബ്ധരാകുന്നു.)

ഉപദേശി: (ആകാശത്തിലേക്കു നോക്കി) ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർതിരിക്കാതിരിക്കട്ടെ !

കുഞ്ഞുവക്കി: ആരാണു ദൈവത്തിന്നു ഈ ജോലി കൊടുത്തതു് ? ദൈവം അവരെ എവിടെവെച്ചാണു കൂട്ടിച്ചേർത്തതു് ?

ഉപദേശി: പുരോഹിതൻ ദൈവത്തിൻെറ പ്രതിപുരുഷനാണു്.

കുഞ്ഞുവക്കി: അല്ല, സാരമില്ല. ദൈവത്തെക്കൊണ്ടു് എനിക്കു് വലിയ ശല്യമില്ല. മനുഷ്യനാണു് ഉപദ്രവിക്കുന്നതു്.

ഉപദേശി: പുരോഹിതൻ ആ കർമ്മത്തിൽ സമുദായത്തിനുവേണ്ടി സാക്ഷിനിൽക്കുന്നയാളാണു്.

കുഞ്ഞുവക്കി: സാക്ഷിയോ ?

ഉപദേശി: അതെ, സാക്ഷി. മനുഷ്യൻ സാമൂഹ്യജീവിയാണു്. അവൻെറ എല്ലാ കർമ്മങ്ങൾക്കും നടപടികൾക്കും സാക്ഷി കൂടിയേ തീരൂ.

കുഞ്ഞുവക്കി: സാക്ഷി കിട്ടാൻ നിവൃത്തിയില്ലെങ്കിൽ—

ഉപദേശി: എല്ലാററിനും തക്കുത്തരം പറയാതെ, കുഞ്ഞുവക്കീ.

കുഞ്ഞുവക്കി: ന്യായം തക്കുത്തരമാകുന്നതെങ്ങനെയാണു് ?

ഉപദേശി: ഞാൻ തോററു. (പോകാൻ ഭാവിക്കുന്നു. പുറത്തേക്കു നോക്കിക്കൊണ്ടു്) യറുശലേമേ ! നിനക്കു...ഹാ കഷ്ടം! എത്ര പ്രാവശ്യം ഞാൻ നിന്നെ രക്ഷിക്കാൻ ശ്രമിച്ചു. നീ അതു ചെവിക്കൊണ്ടില്ല. പിടക്കോഴി കുഞ്ഞുങ്ങളെയെന്നോണം ഞാൻ നിന്നെ എൻെറ ചിറകുകളുടെ കീഴിൽ ചേർത്തുകൊള്ളുമായിരുന്നു. എങ്കിലും, നീ കൈക്കൊണ്ടില്ല. ചാകാത്ത പുഴവും കെടാത്ത തീയ്യും നിറഞ്ഞ നിത്യനരകത്തിലേക്കു്—

സാറാമ്മ: അയ്യോ, ഉപദേശീ !

കുഞ്ഞുവക്കി: ശപിക്കാതെ ഉപദേശി. എന്നെ പരീക്ഷിക്കാതെ. ബലഹീനനും പാപിയുമായ ഒരു സാധുമനുഷ്യൻ ഒരു സല്ക്കർമ്മമെങ്കിലും ചെയ്തു് ആശ്വസിച്ചുകൊള്ളട്ടെ.

ഉപദേശി: ഞാൻ പോകുന്നു. കുഞ്ഞുവക്കീ, മറക്കരുതു്.

(പോകുന്നു)

സാറാമ്മ: ഈ ഉപദേശി ഒരു വലിയ ബാധയാണു്.

(കുഞ്ഞുവക്കി നിശ്ശബ്ദനായി ഒരു കസേരയിൽ ഇരിക്കുന്നു.)

സാറാമ്മ: എന്താണൊന്നും മിണ്ടാത്തതു്?

കുഞ്ഞുവക്കി: ഞാൻ ആലോചിക്കുകയാണു്.

സാറാമ്മ: എന്തു്?

കുഞ്ഞുവക്കി: സാക്ഷിയുടെ കാര്യം. ഉപദേശി പറഞ്ഞതിൽ കാര്യമുണ്ടു്. എനിക്കു് ഇന്നു നിന്നെ ഉപേക്ഷിച്ചിട്ടു പോകാം. അതു സമുദായം ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടാണു സാക്ഷി വേണമെന്നു വന്നിരിക്കുന്നതു്!

(രണ്ടുപേരും മുഖത്തോടുമുഖം നോക്കുന്നു.)

സാറാമ്മ: അദ്ദേഹമാണു നമ്മുടെ വിവാഹത്തിന്റെ സാക്ഷിയും പുരോഹിതനുമെല്ലാം.

കുഞ്ഞുവക്കി: അതു വയ്യാ. മാത്തുക്കുട്ടിക്കു് അതിനു് അവകാശമില്ല.

സാറാമ്മ: അദ്ദേഹം പോയിട്ടു് ഇതുവരെ ഒരു വിവരവുമില്ലല്ലോ.

കുഞ്ഞുവക്കി: ഞാൻ അന്വേഷിച്ചു. ഒളിവിലെവിടെയോ ആണു്. രാഘവനേയും കാണുന്നില്ല.

സാറാമ്മ: വല്ല അപകടവും പിണഞ്ഞുകാണുമോ? എന്റെ ദൈവമേ, നോക്കിക്കൊള്ളണേ! കുഞ്ഞുമില്ല. പാവം!

കുഞ്ഞുവക്കി: സാറാമ്മേ, നീ ഇപ്പോഴും മാത്തുക്കുട്ടിയെ സ്നേഹിക്കുന്നുണ്ടോ?

സാറാമ്മ: അസൂയയോ?

കുഞ്ഞുവക്കി: അല്ല.

സാറാമ്മ: സംശയമോ?

കുഞ്ഞുവക്കി: അതും അല്ല. അസൂയയുമില്ല സംശയവുമില്ല. എന്തോ ഒരു വികാരം. സാക്ഷി വേണമെന്നു തോന്നുന്നു.

സാറാമ്മ: ഞാനെങ്ങനെ അദ്ദേഹത്തെ മറക്കും?

കുഞ്ഞുവക്കി: സകലതും ക്ഷമിച്ചതിന്റെ നന്ദിയായിരിക്കും.

Martyr
Recalcit Conformist
T.S. Eliot
Agent

55

സാറാമ്മ: അല്ല, അതു മാത്രമല്ല.

കുഞ്ഞുവക്കി: പിന്നെ ?

സാറാമ്മ: ഞങ്ങഠം അന്യരാണോ ? ഒരുകാലത്തു്....

കുഞ്ഞുവക്കി: സാറാമ്മേ, അതെന്നെ ഓമ്മിപ്പിക്കാതെ. പുരുഷന്മാക്കും അസൂയയുണ്ടെന്നു് ഓമ്മിക്കു്. ഒരുകാലത്തു്... അതെ, ആ കാലമാണു് എനിക്കോത്തുകൂടാത്തതു്.

സാറാമ്മ: പിന്നെയെന്തിനാണു് അങ്ങു് ഈ കുന്തമൊക്കെ കുത്തിപ്പൊക്കി കൊണ്ടുവരുന്നതു് ?

കുഞ്ഞുവക്കി: സാറാമ്മേ, ക്ഷമിക്കൂ. ഞാൻ നിന്നെ വേദനിപ്പിച്ചു. അതു് ഓമ്മയില്ലാതെ ചെയ്തുപോയതാണു്. വിവാഹജീവിതത്തിൽ ഇങ്ങനെ പലതും പരസ്പരം ക്ഷമിക്കുകയും മറക്കുകയും ചെയ്യേണ്ടതുണ്ടു്.

ശബ്ദം: പാപത്തിൻെറ ശമ്പളം മരണമത്രേ !

(രണ്ടുപേരും ഞെട്ടുന്നു. സാറാമ്മ കുഞ്ഞുവക്കിയുടെ അടുത്തുചെന്നു കസേരയിൽ ചാരിനിൽക്കുന്നു.)

സാറാമ്മ: ഈ ആധി എന്നു തീരും, ദൈവമേ !

കർട്ടൻ

രംഗം രണ്ടു്

സ്ഥലം മുമ്പിലത്തെ രംഗത്തിലേതു തന്നെ. പല്ലെല്ലാം കൊഴിഞ്ഞുപോയ ഒരു കിഴവിയും സാറാമ്മയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. സമയം സന്ധ്യ.

കിഴവി: അതോത്തു് എൻെറ കുഞ്ഞു വെഷമിക്കണ്ട.

സാറാമ്മ: എങ്കിലും എങ്ങനെയാ വല്യമ്മേ, കഴിച്ചുകൂട്ടുന്നതു് ? മനുഷ്യരുടെ മുഖത്തു നോക്കണ്ടേ ?

കിഴവി: നിങ്ങളുടെ ചെറുപ്പംകൊണ്ടു് ഇങ്ങനെയൊക്കെ തോന്നുന്നതാ. ഇങ്ങനെ എത്ര കണ്ടതാ ഈ ലോകം. ഈ വയസ്സിനിടയ്ക്കു് ഇങ്ങനെ എത്രപേരുടെ കണ്ണീരു ഞാൻ കണ്ടു ! അവരൊക്കെ ഇന്നു സൊകമായി ജീവിക്കുവാ !

സാറാമ്മ: എൻെറ കാര്യം മാത്രം അല്ലല്ലോ.

കിഴവി: ആള് കൂടെയില്ലാതെ എത്രപേരാ കെടന്നു വെഷമി ക്കണ്ണെ. എൻെറ കുഞ്ഞു വെഷമിക്കേണ്ട. എല്ലാം വെല്ല്യമ്മ നോക്കിക്കോളാം.

സാറാമ്മ: വല്യമ്മയ്ക്കു് എന്നോടു വെറുപ്പു തോന്നുന്നില്ലേ?

കിഴവി: വെറുപ്പോ! എന്തിനു? എനിക്കെന്താ കുഞ്ഞേ, എൻെറ തൊഴില്യ നോക്കിയാ പോരേ? തള്ളയ്ക്കും പുള്ളയ്ക്കും ഒന്നും പററരുതു്. എങ്ങനെയൊണ്ടായി, ആക്കൊണ്ടായീ ന്നൊക്കെ ഞാനെന്തിനാ നോക്കണെതു്? പാവങ്ങൾക്കു മാനാപമാനം വല്ലോമൊണ്ടോ? നമ്മളൊക്കെ എന്തിനാ ഇതൊക്കെ ആലോചിക്കണെതു്?

സാറാമ്മ: (മുഖം അല്പമൊന്നു വിളറി) പാവങ്ങൾക്കു്, നമുക്കു്...

(കുഞ്ഞുവർക്കി പ്രവേശിക്കുന്നു.)

കുഞ്ഞുവർക്കി: വല്യമ്മ എപ്പഴാ വന്നതു്? ഞങ്ങൾ നോക്കി യിരിക്കുകയായിരുന്നു.

കിഴവി: ഞാൻ കൊറച്ചുനേരായി വന്നിട്ടു്. സാറാമ്മയോടു് ഓരോ നാട്ടുവത്മാനം പറഞ്ഞോണ്ടിരിക്കുവാന്നു.

കുഞ്ഞുവർക്കി: അവൾക്കു് ഏതാണ്ടു് അടുത്തിട്ടുണ്ടെന്നാ തോ ന്നുന്നതു്.

സാറാമ്മ: പോയ കാര്യമെന്തായി?

കുഞ്ഞുവർക്കി: മാത്തുക്കുട്ടിയെപ്പററി ഒരു വിവരവുമില്ല. രാഘ വനെ കാണാനാണെങ്കിൽ ഒരു നിവൃത്തിയുമില്ല. അവിടെ യേതാണ്ടു ബഹളമാണു്.

സാറാമ്മ: എന്തു ബഹളം?

കുഞ്ഞുവർക്കി: ഫാക്ടറിയിൽ പണിമുടക്കമാണു്. വെടിയോ ഏതാണ്ടൊക്കെ നടന്നു. കുറേപ്പേരു ചത്തു. രണ്ടു പോലീസു കാരും ചത്തുവെന്നാണു കേട്ടതു്!

സാറാമ്മ: എന്തിനാ ഈ പണിമുടക്കം?

കിഴവി: അതറിയാമ്മേലേ? കൂലി കൂടുതൽ കിട്ടാനാണു്. എൻെറ മകനുമുണ്ടു പണിമുടക്കത്തിൽ. എൻെറ ദൈവമേ, അവനൊന്നും പററിയേക്കല്ലേ.

സാറാമ്മ: കൂലി....ആ....

(നിത്തുന്നു.)

കുഞ്ഞുവക്കി: നീ എന്താണു പറയാൻവന്നതു് ?

സാറാമ്മ: ഒന്നുമില്ല. വല്യമ്മേ, വീട്ടിൽ പോകുന്നുണ്ടെങ്കിൽ വേഗം പോയിട്ടു വരണം. അല്ലെങ്കിൽ എന്തിനാ പോകുന്നതു് ?

കിഴവി: ഒള്ളല്ല. ഇനിക്കു പോവാതിരിക്കാമ്മേല സാറാമ്മേ. ഞാൻ പോയേച്ചു വേഗം വരാം.

സാറാമ്മ: അധികം ഇരുട്ടുന്നതിനു മുമ്പുതന്നെ വരണേ.

(കിഴവിയുടെ ചെവിയിൽ എന്തോ പറയുന്നു. കിഴവി തലകുലുക്കിക്കൊണ്ടു് ഇറങ്ങിപ്പോകുന്നു)

കുഞ്ഞുവക്കി: നീ ഏതാണ്ടു പറയാൻ തുടങ്ങിയതെന്താ ?

സാറാമ്മ: മറെറാന്നുമല്ല. കൂലിയുടെ കാര്യം തന്നെയാണു്. ഇങ്ങനെ എത്രനാളാ കഴിയുന്നതു് ? എന്തെങ്കിലും ഒരു വരുമാനം വേണ്ടേ? കുറച്ചു ദിവസമായി ഞാൻ അതുതന്നെ ആലോചിക്കുകയായിരുന്നു.

കുഞ്ഞുവക്കി: ഞാനും ആലോചിച്ചു. ഒരു നിവൃത്തിയും കാണുന്നില്ല. കണക്കെഴുത്തുപോലും ഇനി കിട്ടുകയില്ല. ഇടനിലക്കാരുടെയൊക്കെ ഗതിയിതാണു്. സമുദായത്തോടു പിണങ്ങിയാൽ പട്ടിണി മിച്ചം.

സാറാമ്മ: നമ്മൾ ഒരു ഇടനിലക്കാരാണെന്നു് ആരുപറഞ്ഞു ? ആ വല്യമ്മ പറഞ്ഞോണ്ടിരുന്നതു് അതുതന്നെയാ. നമ്മൾ ഒരു പടി താഴോട്ടിറങ്ങി.

കുഞ്ഞുവക്കി: ശരിയാണു്. സമുദായത്തിനു് അതൊക്കെ ചെയ്യാനുള്ള ശക്തിയുണ്ടു്.

സാറാമ്മ: അതു മാത്രമല്ല ! പണത്തിന്റെ കാര്യവും. ഇനി കൂലിവേലയല്ലാതെ എന്താ നിവൃത്തി ?

കുഞ്ഞുവക്കി: അതു തന്നെയാണു് എനിക്കും തോന്നുന്നതു്. നീ എന്തു പറയുമെന്നു വിചാരിച്ചു മിണ്ടാതിരുന്നതാണു്.

സാറാമ്മ: എനിക്കെന്താ പ്രത്യേകത ? മനുഷ്യനു ജീവിക്കണ്ടേ ?

കുഞ്ഞുവക്കി: (ആലോചിച്ചുകൊണ്ടു്) മാത്രമല്ല, താഴ്ന്നവന്റെ സന്മാർഗ്ഗക്രമത്തിനുമുണ്ടു് വ്യത്യാസം. അവനു വേറൊരു നിയമമാണു്. നമ്മുടെ തെററു് അവന്റെ കണ്ണിൽ ക്ഷമിക്കത്തക്കതായിരിക്കും. അവർ നമ്മെ സ്വീകരിക്കുകയും ചെയ്യും.

സാറാമ്മ: ആ വല്യമ്മയുടെ സംസാരം കേട്ടപ്പോൾ എനിക്കും അങ്ങനെ തോന്നി. അവരുടെ നിയമമൊക്കെ ജീവിക്കാൻ വേണ്ടിയുള്ളതാണ്.

കുഞ്ഞുവക്കി: പണിമുടക്കു കഴിയട്ടെ. ആ ഫാക്ടറിയിൽത്തന്നെ പോയിച്ചേരാം.

സാറാമ്മ: ഒരു സമാധാനം. കൊച്ചിനെ പട്ടിണി കിടത്താതെയിരിക്കാമല്ലൊ.

കുഞ്ഞുവക്കി: കൊച്ച് !

(ആലോചനാനിമഗ്നനാകുന്നു.)

സാറാമ്മ: ഏ— ?

കുഞ്ഞുവക്കി: സാറാമ്മേ !

സാറാമ്മ: എന്തിനാണ് എന്നെ വിളിക്കുന്നത് ? ഞാനിവിടെ നിൽക്കുകയല്ലേ—

കുഞ്ഞുവക്കി: അല്ല....

സാറാമ്മ: എന്ത് അല്ല ?

കുഞ്ഞുവക്കി: അല്ല. ഞാനോർക്കുകയായിരുന്നു, ആ നിരപരാധിയെ നാം കൊല്ലാനാലോചിച്ചതല്ലേ—കഷ്ടം !

സാറാമ്മ: (മുഖം വിളറുന്നു) അതോർമ്മിപ്പിക്കാതെ. ഇനി ആലോചിച്ചിട്ടെന്തു ഫലം ? കഴിഞ്ഞതു കഴിഞ്ഞു.

കുഞ്ഞുവക്കി: അതെ, അതു കഴിഞ്ഞു. നാം ആ തെററിൽനിന്നു രക്ഷയും നേടി. പക്ഷേ, ആ മഹാപാതകം ചെയ്തിരുന്നെങ്കിൽ ?—

സാറാമ്മ: നാം ഇന്നു സന്മാർഗ്ഗികരാ— മര്യാദക്കാർ. സമുദായം നമ്മെ പീഡിപ്പിക്കുകയും ചെയ്യുകയില്ലായിരുന്നു.

കുഞ്ഞുവക്കി: ഏതായാലും അതു ഭാഗ്യമായി ! എത്ര കരഞ്ഞാലും അതു കൂടാതെ കഴിഞ്ഞല്ലോ !

സാറാമ്മ: പിന്നെ, ഇനിക്കൊരാശ.

കുഞ്ഞുവക്കി: ഉം ?

സാറാമ്മ: അവനു്....

കുഞ്ഞുവക്കി: ഹ്ഉം ! അവനാണെന്നെന്താ ഇത്ര നിശ്ചയം ?

സാറാമ്മ: അവനാണെങ്കിലേ ഇനിക്കു ചോദിക്കാനുള്ളു.

കുഞ്ഞുവക്കി: അവനാണെങ്കിൽ എന്തു വേണം ?

സാറാമ്മ: മാത്തുക്കുട്ടി എന്നു പേരിടണം.

(കുഞ്ഞുവക്കിയുടെ മുഖം ചുവക്കുന്നു. സാറാമ്മയ്ക്കും ഒരു പരിഭ്രമം.)

കുഞ്ഞുവക്കി: സാറാമ്മേ !

സാറാമ്മ: എന്തോ !

കുഞ്ഞുവക്കി: എനിക്കു നിന്നോടു് ഒരു കാര്യം ചോദിക്കാനുണ്ടു്.

സാറാമ്മ: അതിനു പ്രത്യേകം അനുവാദം ചോദിക്കുവാനുണ്ടോ ?

കുഞ്ഞുവക്കി: നീ ചോദിച്ചതുകൊണ്ടു ഞാനും—നിന്റെ ഇഷ്ടം ഒരു പ്രാവശ്യമെങ്കിലും എതിക്കാൻ എനിക്കു് അനുവാദം തരണം.

സാറാമ്മ: ഞാൻ ഒന്നും നിർബ്ബന്ധിക്കുകയില്ല. ഇഷ്ടമുള്ളതു മാത്രം മതി.

കുഞ്ഞുവക്കി: നീ ചോദിച്ചതു് എനിക്കു് ഇഷ്ടമല്ല.

സാറാമ്മ: പേരിടുന്നതോ ? വേണ്ടെങ്കിൽ വേണ്ട. ഞാൻ അദ്ദേഹത്തിന്റെ കരുണയോർത്തു പറഞ്ഞുപോയതാണു്.

കുഞ്ഞുവക്കി: സാറാമ്മേ, നീ പിന്നെയും മാത്തുക്കുട്ടിയുടെ കാര്യം പറയാതെ.

സാറാമ്മ: അദ്ദേഹം നമ്മോടു കരുണയല്ലേ കാണിച്ചുള്ളു.

കുഞ്ഞുവക്കി: അതെ. അതുകൊണ്ടു തന്നെയാണു് എനിക്കു വിഷമം. (ചുററും നോക്കുന്നതിനിടയിൽ ഭിത്തിയിലിരിക്കുന്ന മാത്തുക്കുട്ടിയുടെ പടം കാണുന്നു) സാറാമ്മേ, ആ പടം അവിടെയിരിക്കുന്നതു പോലും എനിക്കു സഹിക്കുന്നില്ല. (ഒരു സ്ററൂൾ എടുത്തിട്ടു് പടം എടുത്തുകൊണ്ടു താഴെയിറങ്ങുന്നു) ഞാൻ ഈ പടം കളയാൻ പോവുകയാണു്. മാത്തുക്കുട്ടിയോടു നന്ദിയില്ലാഞ്ഞിട്ടല്ല; നിന്നെ സ്നേഹിക്കുന്നതുകൊണ്ടു്.

സാറാമ്മ: അതിനു് ആ പടം കളയണമെന്നുണ്ടോ ?

(രാഘവൻ ഓടിക്കിതച്ചു പ്രവേശിക്കുന്നു. ദേഹത്തു കുറച്ചു രക്തം തെറിച്ചിട്ടുണ്ടു്.)

കുഞ്ഞുവക്കി: എന്താ രാഘവാ ഇതു് ?

രാഘവൻ: ഫാക്ടറിയിൽ വെടി നടന്നു. ഞങ്ങൾ കൈബോമ്പെറിഞ്ഞു. ഒത്തിരിപ്പേർ ചത്തു.

കുഞ്ഞുവക്കി: മാത്തുക്കുട്ടി എവിടെ ?

രാഘവൻ: (നിലത്തു നോക്കിക്കൊണ്ട്) എനിക്കറിഞ്ഞുകൂടാ. ചിലപ്പോൾ വെടി....

സാറാമ്മ: അയ്യോ ദൈവമേ !

(കുഞ്ഞുവക്കിയെ ചാരിനിൽക്കുന്നു.)

കുഞ്ഞുവക്കി: ഉള്ളതു പറയൂ രാഘവാ !

രാഘവൻ: (തലയുയർത്തി) മാത്തുക്കുട്ടി ഞങ്ങൾക്കുവേണ്ടി മരിച്ചു. ഞാനിതറിയിക്കാനാണു വന്നതു്. ഇനി പോകട്ടെ.

കുഞ്ഞുവക്കി: നിൽക്കൂ, ഞാനും വരാം.

രാഘവൻ: വേണ്ട. ശവങ്ങളെല്ലാം മണ്ണെണ്ണയൊഴിച്ചു് അവർ കത്തിച്ചുകളഞ്ഞു.

(പോകാൻ ഭാവിക്കുന്നു)

സാറാമ്മ: പോകരുതു രാഘവാ, ഇവിടെയെങ്ങാനും ഒളിച്ചു്...

രാഘവൻ: വേണ്ട. നമ്മുടെ വർഗ്ഗം യുദ്ധത്തിൽനിന്നു് ഒളിച്ചോടുകയില്ല. യുദ്ധത്തിനുവേണ്ടി ഒളിക്കുകയേ ഉള്ളു. ഏതായാലും ഇനി കൂലി കിട്ടും—തീർച്ച.

(പോകുന്നു.)

കുഞ്ഞുവക്കി: അതെ, എനിക്കു നാളെ കൂലി കിട്ടാൻ മാത്തുക്കുട്ടിതന്നെ പ്രയത്നിക്കണം. സ്നേഹിതാ, സഹോദരാ !

സാറാമ്മ: (ഫോട്ടോ വാങ്ങിക്കാൻ കൈനീട്ടുന്നു)

കുഞ്ഞുവക്കി: വേണ്ട, നിൻെറ കൈയിൽനിന്നു താഴെയെങ്ങാൻ വീണുപോകും.

(ഫോട്ടോ ഒരുപ്രാവശ്യം നെററിയിൽ വെച്ചിട്ടു് സ്ററൂളെടുത്തിട്ടു് പൂർവ്വസ്ഥാനത്തു വെയ്ക്കുന്നു. പിന്നീടു് താഴെയിറങ്ങി പടത്തിൻെറ നേരേ നോക്കി തൊഴുന്നു)

ശബ്ദം: (അണിയറയിൽ) ഇതോ വിനാശകാലം ! ജനം ജനത്തോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യും !

(രംഗം ക്രമേണ ഇരുളുന്നു. സാറാമ്മ മൂലയിൽനിന്നു റാന്തലെടുത്തു് സ്ററൂളിൽ വെയ്ക്കുന്നു.)

കർട്ടൻ

രംഗം മൂന്നു്

കഴിഞ്ഞ രംഗത്തിലെ മുറിതന്നെ. റാന്തൽ കത്തിച്ചു് സ്ററൂളിന്മേൽ വച്ചിരിക്കുന്നു. കുഞ്ഞുവക്കി അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ചുററും ബീഡിമുറികളും തീപ്പെട്ടിക്കോലുകളും ചിതറിക്കിടക്കുന്നു. രാഘവൻ റാന്തലുമായി പ്രവേശിക്കുന്നു. സമയം രാത്രി.

രാഘവൻ: രാത്രി കഴിയാറായി.

കുഞ്ഞുവക്കി: സൂര്യനുദിച്ചോ ?

രാഘവൻ: ഇല്ല, പെരുമീനുദിച്ചുപൊങ്ങി.

(കിഴവി പുറകിലത്തെ വാതിലിൽക്കൂടി പ്രവേശിക്കുന്നു.)

കുഞ്ഞുവക്കി: എന്താ വല്യമ്മേ, എങ്ങനെയിരിക്കുന്നു ?

കിഴവി: ഒന്നൂല്ല. പേടിക്കണ്ട, എൻെറ മോനോടു പോയി കെടന്നോളാൻ പറയാൻ സാറാമ്മ പറഞ്ഞു.

കുഞ്ഞുവക്കി: എനിക്കുറക്കം വരുന്നില്ല. വല്യമ്മ ചെല്ല്. അവൾ തന്നെയല്ലേ ?

കിഴവി: തന്നേം മററുമല്ല. രണ്ടു പെണ്ണുങ്ങൾ വന്നിട്ടൊണ്ട്. എന്നാലും ഞാൻ വേണം.

(പോകുന്നു.)

കുഞ്ഞുവക്കി: പിന്നെ എന്താ ഇത്ര നേരത്തെ ഇറങ്ങിയതു് ?

രാഘവൻ: ആറുമണിക്കു ജോലിക്കു പോകണം. എന്നാ നേരത്തേതന്നെ വിശേഷമൊന്നറിഞ്ഞിട്ടു പോകാമെന്നുവെച്ചു.

കുഞ്ഞുവക്കി: വിശേഷമൊന്നുമില്ല. രാത്രിയൊക്കെ അങ്ങനെ നോവും വേദനയുമായി കഴിച്ചു.

രാഘവൻ: അപ്പോ ശിവരാത്രിയായിരുന്നു അല്ലേ ?

കുഞ്ഞുവക്കി: ഓ, അതങ്ങനെയൊക്കെ കിടക്കും.

രാഘവൻ: (മടിയിൽനിന്നു ബീഡിയും തീപ്പെട്ടിയുമെടുത്തു നീട്ടിക്കൊണ്ട്) കുഞ്ഞോക്കിച്ചേട്ടൻ വലിക്കുന്നോ ?

കുഞ്ഞുവക്കി: വേണ്ട. ഒരുപാടു വലിച്ചു.

രാഘവൻ: (നിലത്തു നോക്കി ബീഡിമുറികൾ കണ്ടുകൊണ്ട്) ഇതെന്തുമാത്രമാ വലിച്ചുതീർത്തതു് ! രാജ്യം മുഴുവനും ബീഡിമുറിയും തീപ്പെട്ടിക്കൊള്ളിയും. ഇതു് ആ ഉപദേശി പറയുന്നപോലെയാ.

കുഞ്ഞുവക്കി: ഉപദേശി എന്താ പറയുന്നതു് ?

രാഘവൻ: ആ, ഏതോ അഞ്ചു മണവാട്ടികൾ രാത്രി മുഴുവനും ആരെയോ കാത്തിരുന്നെന്നു്.

(ബീഡി കത്തിച്ചു വലിക്കുന്നു.)

കുഞ്ഞുവക്കി: അവരും ഒരുപാടു ബീഡി വലിച്ചായിരിക്കും.

രാഘവൻ: അതല്ല. ഈ കാത്തിരിപ്പു്. ആരെയെങ്കിലും നോക്കിയിരിക്കുന്നതു വലിയ മിനക്കേടാണു്.

കുഞ്ഞുവക്കി: ഇവിടെ മണവാട്ടിയൊന്നുമില്ല. പ്രസവം കൊണ്ടാണു് ആരംഭം.

(രണ്ടുപേരും ചിരിക്കുന്നു. അകത്തുനിന്നു് 'അയ്യോ', 'എനിക്കു മേലേ എന്നെല്ലാം നിലവിളി കേൾക്കുന്നു. രണ്ടുപേരും അകത്തേക്കു നോക്കുന്ന ശബ്ദം പിന്നെയും തുടരുന്നു. രാഘവനും കുഞ്ഞുവക്കിയും നടന്നു പുറകിലത്തെ വാതിലിന്റെ അടുത്തു ചെന്നു നിൽക്കുന്നു.)

കുഞ്ഞുവക്കി: വല്യമ്മേ!

കിഴവി: എന്റെ മോൻ ഒന്നും പേടിക്കണ്ട. ഇനി കുറച്ചു സമയം എടുത്തേക്കും, പോയി കിടന്നുറങ്ങിക്കോ.

(കിഴവി പോകുന്നു.)

ശബ്ദം: (അണിയറയിൽ) അവൻ വീണ്ടും വരുന്നു!

കുഞ്ഞുവക്കി: അയാൾക്കു ഭ്രാന്താണു്. നേരം വെളുത്തില്ല. അതിനുമുമ്പേ തുടങ്ങി പ്രസംഗം!

രാഘവൻ: അങ്ങേക്കങ്ങനെയൊന്നുമില്ല. ചെലപ്പോ രാത്രിക്കും വിളിച്ചുപറഞ്ഞോണ്ടു നടക്കും. ഞാൻ പോകട്ടെ. എനിക്കു നേരമായി.

(കുഞ്ഞുവക്കി പിന്നെയും നടക്കുന്നു. മാത്തുക്കുട്ടിയുടെ പടത്തിന്റെയടുത്തു കുറേനേരം നോക്കിനിൽക്കുന്നു. പിന്നീടു് ഒരു ബീഡി കത്തിക്കുന്നു.)

കുഞ്ഞുവക്കി: വൈകിട്ടു കാണുമോ?

രാഘവൻ: (പോകാൻ ഭാവിക്കുന്നു) കാണാം. അല്ല, ഇതാരാണു്, ഉപദേശിയല്ലേ?

(ഉപദേശി പ്രവേശിക്കുന്നു. രാഘവൻ ഇറങ്ങിപ്പോകുന്നു.)

ഉപദേശി: എങ്ങനെയിരിക്കുന്നു കുഞ്ഞുവക്കീ?

കുഞ്ഞുവക്കി: വിശേഷമൊന്നുമില്ല. ഉപദേശി പിണങ്ങിയായിരിക്കും എന്നു ഞാൻ വിചാരിച്ചു.

ഉപദേശി: ഞാൻ ആരോടും പിണങ്ങുകയില്ല. പാപത്തെ ഞാൻ വെറുക്കുന്നു. പാപിയെ ഞാൻ സ്നേഹിക്കുന്നു,

കുഞ്ഞുവക്കി: ഉപദേശിയുടെ സ്നേഹവും ഇങ്ങനെയാണോ?

ഉപദേശി: എന്നുവച്ചാൽ? എനിക്കു മനസ്സിലായില്ല.

കുഞ്ഞുവക്കി: സ്നേഹവും ഇങ്ങനെ ആകാശത്തിലാണോ എന്നു്.

ഉപദേശി: എന്നിട്ടും മനസ്സിലായില്ല.

കുഞ്ഞുവക്കി: ഉപദേശി എങ്ങനെയാണു പാപിയെ പാപത്തിൽനിന്നു വേർതിരിച്ചിട്ടു സ്നേഹിക്കുന്നതു്. അതുപോലെ നന്മയെ സ്നേഹിക്കുന്നതും മനുഷ്യനിൽനിന്നു വിട്ടാണോ എന്നു മാത്രമാണു ചോദിച്ചതു്.

ഉപദേശി: എനിക്കൊന്നും മനസ്സിലായില്ല. മനസ്സിലായാലും ഞാനുത്തരം പറയുന്നുമില്ല.

കുഞ്ഞുവക്കി: ഉപദേശി പരിഭവിക്കണ്ട. ഞാൻ വെറുതെ പറഞ്ഞതാണു്.

ഉപദേശി: കുഞ്ഞുവക്കി, ഞാൻ ഹൃദയമില്ലാത്തവനല്ല. ഞാൻ ഭ്രാന്തനുമല്ല. ഞാൻ നിൻെറ ഗുണത്തെ ഉദ്ദേശിച്ചു മാത്രം പറഞ്ഞതാണു്. നിനക്കതു രസിക്കുന്നില്ലെങ്കിൽ ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല. (നടക്കുന്നു) കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.

കുഞ്ഞുവക്കി, ഉപദേശി! (ഉപദേശി നിൽക്കുന്നു) മാത്തുക്കുട്ടി മരിച്ചുപോയി.

ഉപദേശി: ഞാനറിഞ്ഞു. അതുകൊണ്ടെന്തു്? അതുകൊണ്ടും നിങ്ങൾ ഭാര്യാഭർത്താക്കന്മാരായിട്ടില്ല. കർത്താവിനു സ്തോത്രം!

(ഇറങ്ങിപ്പോകുന്നു.)

(കുഞ്ഞുവക്കി ഒരു ബീഡി കത്തിക്കാൻ ആരംഭിക്കുന്നു. അകത്തു് എന്തോ ചില ശബ്ദങ്ങൾ കേട്ടു് അങ്ങോട്ടു നോക്കുന്നു. അകത്തുനിന്നു കുട്ടിയുടെ കരച്ചിൽ കേൾക്കുന്നു; ബീഡിയും തീപ്പെട്ടിയും താഴെയിട്ടു കുഞ്ഞുവക്കി പുറകിലത്തെ വാതില്ക്കലേക്കോടുന്നു.)

കിഴവി: (പ്രവേശിച്ചു്) പെററു!

(മുറിയിൽ പ്രകാശം വർദ്ധിക്കുന്നു.)

ശബ്ദം: (അണിയറയിൽ) പ്രഭാതത്തെ സൃഷ്ടിച്ച ദൈവത്തിന്നു സ്തോത്രം!

കുഞ്ഞുവക്കി: (ആകാംക്ഷയോടെ) എന്താണു്?

കിഴവി: (ചുക്കിച്ചുളിഞ്ഞ മുഖത്തു് ഒരു കൊഞ്ചലോടെ) ആണു്.

(കുഞ്ഞുവക്കി കണ്ണടച്ചു കുറച്ചുനേരം നിശബ്ദനായി നിൽക്കുന്നു. കിഴവി പല്ലില്ലാത്ത ഒരു ചിരിയുമായി അകത്തേക്കു പോകുന്നു.)

കുഞ്ഞുവക്കി: എൻെറ മകൻ!

(റാന്തലെടുത്തു കെട്ടത്തിവയ്ക്കുന്നു.)

ശബ്ദം: (അണിയറയിൽ) അവൻ സമാധാനത്തിൻെറ ദൂതൻ!

കുഞ്ഞുവക്കി: സമാധാനത്തിൻെറ ദൂതനോ! ശൃംഖലയോ, സാക്ഷിയോ, പുരോഹിതനോ എന്തെങ്കിലുമായിക്കൊള്ളട്ടെ. (മാത്തുക്കുട്ടിയുടെ പടത്തിൻെറ അടുത്തു പോയി നിന്നുകൊണ്ടു്) സാറാമ്മേ! നിൻെറ ഇഷ്ടം തന്നെയാകട്ടെ. (അകത്തുനിന്നും കുട്ടിയുടെ കരച്ചിൽ ആവർത്തിച്ചു കേൾക്കുന്നു) എൻെറ കൊച്ചു മാത്തുക്കുട്ടി!

ശബ്ദം: (അണിയറയിൽ) അവൻ വീണ്ടും വരുന്നു.

(സുപ്രസന്നമായ മുഖത്തോടുകൂടി കുഞ്ഞുവർക്കി ബീഡിയും തീപ്പെട്ടിയും നിലത്തുനിന്നെടുത്തു കസേരയിൽ പോയി ഇരിക്കുന്നു. ചാരിക്കിടന്നുകൊണ്ടു് ബീഡി കത്തിച്ചു പുക മുകളിലേക്കു വിടുന്നു.)

കർട്ടൻ

★

ഇബ്സൻെറ

ഭൂതം

പരിഭാഷകന്റെ കുറിപ്പ്

ഭൂതം—അതാണ് ഇബ്സന്റെ നാടകകലയുടെ പ്രതീകം. കാലഹരണം പ്രാപിച്ച വിശ്വാസങ്ങൾക്കും, ഇന്നലത്തെ പാപകർമ്മങ്ങൾക്കും എല്ലാം പ്രതിനിധീഭവിക്കുന്ന ഭൂതങ്ങൾ ഇബ്സന്റെ പ്രപഞ്ചത്തിൽ മനുഷ്യജീവികളോടൊപ്പം ഇടകലർന്ന് അവരിൽനിന്നു തിരിച്ചറിയാൻ വയ്യാത്തവണ്ണം ജീവിക്കുന്നു. ഭൂതകാലത്തിന്റേതു മാത്രമല്ല, ഭാവിയുടെയും. ഭൂതഭാവി വർത്തമാനകാലങ്ങളും ശരീരങ്ങളും ആത്മാക്കളുമെല്ലാം കെട്ടിമറിയുന്ന ഇബ്സനീയരംഗം ഒരുവക ചതുർമ്മാനലോകം തന്നെയാണ്. വ്യക്തമായി മനസ്സിലാക്കേണ്ടതു് ഒന്നുമാത്രമേയുള്ളു. കലാപരമായ യാതൊരു അസാധാരണത്വത്തിനും വേണ്ടി കെട്ടിയുണ്ടാക്കിയതല്ല, ഈ സവിശേഷത. ഇബ്സന്റെ ജീവിതവീക്ഷണം നാട്യരംഗത്തു പ്രതിഫലിച്ചപ്പോൾ അനിവാര്യമായി സംജാതമായ ഒരു രൂപവിശേഷം മാത്രമാണിതു്. നിസ്സഹായനായ മനുഷ്യൻ അപ്രതിഹതമായ വിധിയന്ത്രത്തിരിപ്പുമായി രമ്യപ്പെടാൻ വ്യർത്ഥമായി പാടുപെടുന്ന ചിത്രമായിരുന്നു, യവന നാടകകൃത്തുക്കളെപ്പോലെ, ഇബ്സനും നാടകവിഷയമായെടുത്തതു്. യവനകൃതികളിൽ ഈ വിധി തോന്ന്യാസക്കാരായ ദേവകളാണെങ്കിൽ, ഇബ്സനിൽ അതു് പാരമ്പര്യത്തിന്റെ രൂപത്തിലാണവതരിച്ചിരിക്കുന്നതു്.

ഇന്നലെ എന്ന ഭൂതം ഇന്നിനെയും നാളെയെയും ദുരന്തത്തിലേക്കു വലിച്ചിഴക്കുന്നു—ശാരീരികമായും ആത്മീയമായും. ഈ അധോഗതിയെ തടയുന്ന കാര്യത്തിൽ "മനുഷ്യവർഗ്ഗം പരാജയപ്പെട്ടിരിക്കുന്നു", എന്നാണ് ഇബ്സന്റെ തീരുമാനം.

''പാവയുടെ വീടു്'' എന്ന നാടകത്തിനു നേരിടേണ്ടിവന്ന തീവ്രവിമർശനമാണ് 'ഭൂതം' എഴുതാൻ ഇബ്സനെ പ്രേരിപ്പിച്ചതു്. പാവയാകാൻ ഇഷ്ടപ്പെടാത്ത ഭാര്യ വീടുവിട്ടിറങ്ങുന്നതു് ഏതു പരിതഃസ്ഥിതിയിലും തെററാണെന്നു വിധിച്ച വിമർശകലോകത്തിനു കടിക്കാനിട്ടുകൊടുത്ത എല്ലാണ് ഈ നാടകം. ഇവിടെ മിസ്സിസ് ആൽവിങ്ങ് വീടു വിടുന്നില്ല, ശീലാവതിയായിത്തന്നെ കഴിയുന്നു പക്ഷെ, നോറയ്ക്കു വരുത്തിവയ്ക്കാവുന്നതിലേറെ ദുരന്തമതുകൊണ്ടു വരുത്തിക്കൂട്ടുന്നു. എതിർവാദമുണ്ടെങ്കിൽ കേൾക്കട്ടെ, എന്ന വെല്ലുവിളിയാണ് ഇബ്സൻ മുഴക്കുന്നതു്.

അഭിനയയോഗ്യതയോടൊപ്പം മൂലത്തോടു വിശ്വസ്തത പാലിക്കാൻ യത്നിക്കുന്ന പരിഭാഷകൻ ഇല്ലത്തുനിന്നിറങ്ങിയെന്നും അമ്മാത്തെത്തി

യില്ലെന്നും വരിക സ്വാഭാവികമാണ്. സാഹിത്യമാത്രമായ കൃതികളിൽത്തന്നെ പദാനുപദവിവർത്തനം വരുത്തിക്കൂട്ടുന്ന വൈകൃതങ്ങൾ അനുഭവിച്ചിട്ടുള്ളവക്ക് ദൃശ്യസാഹിത്യതർജ്ജമയിലെ ചതിക്കുഴികൾ കാണാൻ കഴിയും. വിദേശീയശൈലി മലയാളസദസ്സിനു നിരർത്ഥകമാണ്; നാടകത്തിന്റെ യാഥാർത്ഥ്യഭാവത്തെ അതു ഹനിക്കും. മറുവശത്തു്, നാടൻപ്രയോഗങ്ങൾ വിദേശീയപാത്രങ്ങളുടെ നാവിൽ അസ്ഥാനസ്ഥിതമാണെന്നും തോന്നും. ചുരുക്കത്തിൽ, സുന്ദരമായ ശൈലികളെല്ലാംതന്നെ പുറത്തു പോവും; സംഭാഷണം വിരസമായും തീരും. ഈ ദുർഘടപ്രശ്നത്തിനു മുമ്പിൽ എവിടെയാണു നിർത്തുക, എന്താണു വജ്ജിക്കുക, സ്വാതന്ത്ര്യത്തിന്റെ അളവെന്തു്— ഇതൊന്നും ഖണ്ഡിതമായി പറയാനാവതല്ല. ഔചിത്യം മാത്രമേ ആധാരമുള്ളു. ഔചിത്യമെന്നതിൽ, ഭാവാംശത്തിൽ മൂലകൃതിയിലെ ആശയഗതിയും രൂപപക്ഷത്തിൽ അഭിനയസൗകര്യവുമാണു ദീക്ഷിച്ചിട്ടുള്ളതെന്നു മാത്രം പറയാം.

സി. ജെ. തോമസ്

ഭൂതം

പാത്രങ്ങൾ

മിസ്സിസ് ആൽവിങ്ങ്	ഒരു വിധവ.
ഓസ്വോൾഡ് ആൽവിങ്ങ് ...	അവരുടെ പുത്രനായ ഒരു ചിത്രകാരൻ.
മാൻഡേഴ്സ്	ഇടവക വികാരി.
എങ്സ്ട്രാൻഡ്	ഒരു മരപ്പണിക്കാരൻ.
റെജീന	അയാളുടെ മകൾ; മിസ്സിസ് ആൽവിങ്ങിന്റെ ഭൃത്യ.

പടിഞ്ഞാറൻ നോർവ്വേയിലെ ഒരു വലിയ തീരത്തെ ഫിയോർഡുകളൊന്നിനടുത്തുള്ള ആൽവിങ്ങ് ഭവനത്തിൽ വച്ചാണ് സംഭവങ്ങൾ നടക്കുന്നതു്.

ഒന്നാം അങ്കം

രംഗം—ഒരു തോട്ടത്തോടു തൊട്ടുള്ള വലിയ ഒരു മുറി. ഇടത്തെ ഭിത്തിയിൽ ഒരു വാതിലുണ്ട്. വലത്തെതിൽ രണ്ട്. മുറിയുടെ മദ്ധ്യത്തിൽ ഒരു വട്ടമേശയും അതിനു ചുറ്റും കസേരകളും. മേശപ്പുറത്ത് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ മുതലായവ കിടപ്പുണ്ട്. രംഗത്തിന്റെ മുൻഭാഗത്തായി ഇടത്തുവശത്തെ ഭിത്തിയിൽ ഒരു ജനലുണ്ട്. അതിനു താഴെ ഒരു സോഫായും സോഫായ്ക്കടുത്ത് ഒരു ചെറിയ മേശയും. മുറിയുടെ പിൻഭാഗത്ത്, അല്പംകൂടി ചെറുതായ ഒരു മുറിയിൽ പൂച്ചട്ടികൾ വച്ച് അലങ്കരിച്ചിരിക്കുന്നു. അതിന്റെ പിന്നിലെ കണ്ണാടിമതിലിന്നപ്പുറം നോർവ്വീജിയൻ കടൽത്തീര രംഗം കാണാം—ധാരധാരയായുള്ള മഴകൊണ്ട് അല്പം മങ്ങിയതായിട്ട്.

തോട്ടത്തിലേയ്ക്കുള്ള വാതിലിനടുത്തായി എങ്സ്ട്രാൻഡ് നിൽക്കുന്നു. അയാളുടെ ഇടത്തേ കാലിന് അല്പം മുടന്തുണ്ട്. ചെരുപ്പിന്റെ അടിയിൽ ചെറിയ തടിക്കഷണം വച്ചുപിടിപ്പിച്ചിരിക്കുന്നു. കൈയിൽ ഒരു പൂത്താരയുമായി നിൽക്കുന്ന റെജീന അയാൾ അകത്തേയ്ക്കു പ്രവേശിക്കുന്നതു തടയാൻ ശ്രമിക്കയാണ്.

റെജീന: (ശ്വാസമടക്കിക്കൊണ്ട്) നിങ്ങൾക്കെന്താണു വേണ്ടത്? അവിടെ നിന്നാൽ മതി. നിങ്ങൾ മഴനനഞ്ഞൊലിക്കുന്നു.

എങ്സ്ട്രാൻഡ്: എന്റെ പെണ്ണേ! ദൈവത്തിന്റെ നല്ല മഴയല്ലേ.

റെജീന: ചെകുത്താന്റെ സ്വന്തം. അതാണീ മഴ!

എങ്സ്ട്രാൻഡ്: കർത്താവേ! റെജീനാ, എന്തൊരു ഭാഷയാണിത്? (മുടന്തി മുന്നോട്ടു നീങ്ങി) ഞാൻ നിന്നോടു പറയാൻ വന്നതേ....

റെജീന: അങ്ങനെ കടപടാന്നു ശബ്ദമുണ്ടാക്കാതിരിക്കു മാടാ! കൊച്ചുസാറ് മുകളിലുറങ്ങിക്കിടക്കുകയാണ്.

എങ്സ്ട്രാൻഡ്: ഇപ്പോഴും ഉറങ്ങുകയോ? നേരം ഉച്ചയായിട്ടും?

റെജീന: അതു നിങ്ങളന്വേഷിക്കേണ്ട കാൎയ്യമില്ല.

എങ്ങ്സ്ട്രാൻഡ്: കഴിഞ്ഞ രാത്രി ഞാൻ ഭേഷായിട്ടൊന്നു കുടിച്ചു രസിച്ചു.

റെജീന: അക്കാൎയ്യത്തിൽ എനിക്കു യാതൊരു സംശയവു മില്ല.

എങ്ങ്സ്ട്രാൻഡ്: അതെ പെണ്ണേ, നമ്മളൊക്കെ ബലഹീന ന്മാരായ മൎത്ത്യരല്ലെ ?...

റെജീന: തീർച്ചയായും.

എങ്ങ്സ്ട്രാൻഡ്: നിനക്കറിയാമല്ലോ, ഇഹത്തിൻെറ പരീ ക്ഷകൾ എത്ര തരത്തിലാണെന്നു ? ഇതൊക്കെയാണെ ങ്കിലും രാവിലെ അഞ്ചര മണിക്കു ഞാൻ ജോലി തുടങ്ങി.

റെജീന: ശരി. ശരി. പക്ഷേ, തല്ക്കാലം ഒന്നു പോയാട്ടെ. എനിക്കു ഇവിടെ നില്ക്കാൻ കഴിയില്ല, നിങ്ങളുമായി ഏൎപ്പാടാക്കാൻ നിൽക്കുന്നതുപോലെ.

എങ്ങ്സ്ട്രാൻഡ്: എന്താക്കാൻ ?—

റെജീന: നിങ്ങളിവിടെ നിൽക്കുന്നതു ആരും കാണാൻ ഞാൻ സമ്മതിക്കുകയില്ല. ഇപ്പോൾ മനസ്സിലായില്ലേ ? ഇനി നിങ്ങൾക്കു പോകാം.

എങ്ങ്സ്ട്രാൻഡ്: (കുറച്ചുകൂടി അടുത്തിട്ടു) അക്കാൎയ്യം പറയണ്ട ! നമ്മൾ തമ്മിൽ ഒരിത്തിരി രഹസ്യം പറഞ്ഞുകഴിയുന്ന തിനു മുമ്പു്. ഇന്നുച്ച കഴിയുമ്പോഴേയ്ക്കും സ്കൂൾകെട്ടിടത്തി ലെ എൻെറ പണി കഴിയും. രാത്രി പട്ടണത്തിലേയ്ക്കുള്ള ബോട്ടിൽ ഞാൻ വീട്ടിൽ പോവുകയും ചെയ്യും.

റെജീന: (പിറുപിറുക്കുന്നു) സുഖമായി പോയ്‌വരൂ !

എങ്ങ്സ്ട്രാൻഡ്: അതിനു നന്ദിയുണ്ടു് എൻെറ പെണ്ണേ. നാളെയാണു് അനാഥമന്ദിരം ഉൽഘാടനം ചെയ്യുന്നതു്. കെങ്കേമൻ ഒരാഘോഷമുണ്ടാവും. കുടിക്കാൻ വീൎയ്യമുള്ളതു് കുറെയധികം. ഇല്ലേ ? പക്ഷേ, പരീക്ഷകളിൽനിന്നൊഴി ഞ്ഞുനില്ക്കാൻ ജേക്കബ് എങ്ങ്സ്ട്രാൻഡിനു കഴിവില്ലെന്നു് ആരും പറയാനിടവരികയില്ല.

റെജീന: ആങ്ഹാ ?

എങ്ങ്സ്ട്രാൻഡ്: അതെ. എന്താണെന്നുവച്ചാൽ നാളെ ഇവി ടെ കുറച്ചധികം മാന്യന്മാരുണ്ടായിരിക്കും. പട്ടണത്തിൽ നിന്നു് മാൻഡേഴ്സ് അച്ചനും വരുന്നുണ്ടെന്നു കേട്ടു.

റെജീന: എന്തിനു് നാളെ? അദ്ദേഹം ഇന്നുതന്നെ വരുന്നുണ്ടു്.

എങ്ംസ്ട്രാൻഡ്: അതാണു് ഞാൻ പറഞ്ഞതു് ! അദ്ദേഹമെന്നെ യാതൊരു കുററവും പറയരുതെന്നാണെൻെറ നോട്ടം. മനസ്സിലായോ ?

റെജീന: അതാണു നിങ്ങളുടെ വിദ്യ. അല്ലേ ?

എങ്ംസ്ട്രാൻഡ്: നീ എന്താണീ പറയുന്നതു് ?

റെജീന: (അർത്ഥഗർഭമായി അയാളെ നോക്കിക്കൊണ്ടു്) ഇക്കുറി മിസ്റ്റർ മാൻഡേഴ്സിനെ എങ്ങനെ കബളിപ്പിക്കാനാണു ഭാവം ?

എങ്ംസ്ട്രാൻഡ്: ശ് ! ശ് ! നിനക്കു കിറുക്കുണ്ടോ ? നിനക്കു തോന്നുന്നുണ്ടോ, ഈ ഞാൻ മിസ്റ്റർ മാൻഡേഴ്സിനെ കബളിപ്പിക്കുമെന്നു് ? ഇല്ല, ഇല്ല—എനിക്കങ്ങനെ ഒന്നും ചെയ്യാൻ വയ്യാത്ത ഒരു സ്നേഹിതനാണു് മിസ്റ്റർ മാൻഡേഴ്സ്. എന്നും അങ്ങനെതന്നെയായിരുന്നു. പക്ഷേ, ഞാൻ നിന്നോടു പറയാൻ വന്നതു്, ഞാൻ വീട്ടിലേയ്ക്കു തിരിച്ചു പോകുന്നതിനെപ്പററിയാണു്.

റെജീന: നിങ്ങഠം എത്ര വേഗം പോകുന്നോ അത്രയും ഉപകാരം.

എങ്ംസ്ട്രാൻഡ്: ശരി. പക്ഷേ, നിന്നെയുംകൂടി കൊണ്ടുപോകണമെന്നാണു് എൻെറ ആഗ്രഹം.

റെജീന: (അത്ഭുതംകൊണ്ടു് വാപൊളിച്ചു്) എന്നെയുംകൂടി കൊണ്ടുപോകണമെന്നോ ? എന്നാണോ നിങ്ങഠം പറഞ്ഞതു് ?

എങ്ംസ്ട്രാൻഡ്: നിന്നെ എൻെറകൂടെ വീട്ടിലേയ്ക്കു കൊണ്ടുപോകണമെന്നു്. എന്നാണു ഞാൻ പറഞ്ഞതു്.

റെജീന: (പുച്ഛസ്വരത്തിൽ) നിങ്ങളെന്നെ വീട്ടിൽ കൊണ്ടുപോവുകയെന്നതു് ഒരിക്കലുമുണ്ടാവുകയില്ല.

എങ്ംസ്ട്രാൻഡ്: അതൊക്കെ നമുക്കു തീർച്ചയാക്കാം.

റെജീന: അതെ, അതിനെപ്പററി നമ്മഠംതന്നെ തീർച്ചയാക്കുമെന്നു നിങ്ങഠം ഉറപ്പിച്ചുകൊള്ളൂ. മിസ്സിസ് ആൽവിങ്ങിനെപ്പോലുള്ള ഒരു മാന്യ വളർത്തിയെടുത്ത ഞാൻ. അവരുടെ സ്വന്തം കുട്ടിയെപ്പോലെയാണു് അവർ എന്നെ വളർത്തിയതു്. നിങ്ങഠംക്കു തോന്നുന്നുണ്ടോ, ഞാൻ നിങ്ങളുടെ—നിങ്ങളുടെ—കൂടെ വരുമെന്നു് ? അതും നിങ്ങളുടേതുപോലുള്ള ഒരു വീട്ടിലേയ്ക്കു് ?

എങ്സ്ട്രാൻഡ്: എന്തു ഭ്രാന്താണു് നീ ഇപ്പറയുന്നതു് ? എടീ ചരക്കേ, നീ നിൻെറ അപ്പൻ പറയുന്നതിനെ എതിർക്കുക യാണോ ?

റെജീന: (അയാളുടെ നേരെ നോക്കാതെ പിറുപിറുക്കുന്നു)ഞാൻ നിങ്ങളുടെതല്ലെന്നു നിങ്ങൾ എത്ര തവണ പറഞ്ഞിട്ടുണ്ടു് ?

എങ്സ്ട്രാൻഡ്: ത്ഫൂ ! നീ അതൊക്കെ കാര്യമായിട്ടെടുക്കുന്നതെന്തിനു് ?

റെജീന: എത്ര തവണയാണു നിങ്ങൾ എന്നെ ചീത്ത പറഞ്ഞതു്. എന്നെ വിളിച്ചതു്....മോൾ എന്നല്ലേ ? നാണമില്ലല്ലോ ?

എങ്സ്ട്രാൻഡ്: അത്തരമൊരു വൃത്തികെട്ട വാക്കു് ഞാൻ ഒരിക്കലും ഉപയോഗിച്ചിട്ടില്ലെന്നു ഞാൻ ആണയിട്ടു സത്യംചെയ്യാം.

റെജീന: ഓ, ഇനി നിങ്ങൾ എന്തു വാക്കാണുപയോഗിച്ചതെന്നാണു കാര്യം.

എങ്സ്ട്രാൻഡ്: പോരെങ്കിൽ, അതു് ഞാൻ കുടിച്ചു തുമ്പില്ലാതിരുന്നപ്പോഴാണുതാനും. ങ്ഹും ! ഇഹത്തിലെ പരീക്ഷകൾ എത്രതരത്തിലാണെന്നറിയാമോ, റെജീനാ ?

റെജീന: ഛീ !

എങ്സ്ട്രാൻഡ്: നിൻെറ അമ്മ ക്ഷോഭിച്ചു വഷളത്തരം പറഞ്ഞപ്പോഴാണു് ഞാനങ്ങനെ പറഞ്ഞതു്. അവൾക്കു നേരേ പാട്ടിനു് ഒരു കൈവച്ചുകൊടുക്കാതെ രക്ഷയുണ്ടായിരുന്നില്ല പെണ്ണേ. കൊച്ചമ്മ ചമയുകയാണവളുടെ സ്ഥിരം ജോലി, (ഹാസ്യമായനുകരിച്ചുകൊണ്ടു്) ''വിട്ടു, ജേക്കബ്ബ് ! എന്നെ വെറുതെ വിട്ടേയ്ക്കൂ ! ഞാൻ മൂന്നു വർഷക്കാലം റോസെൻ വോൾഡിൽ ആൽവിങ്ങ് ഭവനത്തിലായിരുന്നുവെന്നു ദയവായി സ്മരിക്കൂ. അവരാണെങ്കിൽ കൊട്ടാരത്തിൽ പരിചയമുള്ളവരാണു് !'' (ചിരിക്കുന്നു) കർത്താവേ, രക്ഷിക്കണേ ! അവൾ അവിടെ ജോലി ചെയ്തിരുന്നപ്പോൾ ക്യാപ്റ്റൻ ആൽവിങ്ങിനു കൊട്ടാരത്തിൽ എന്തോ ഏർപ്പാടുണ്ടായിരുന്നെന്നതു് അവൾക്കു് ഒരിക്കലും മറക്കാൻ കഴിഞ്ഞില്ല.

റെജീന: പാവപ്പെട്ട അമ്മ—നിങ്ങൾ അവരെ ദ്രോഹിച്ചു്, കഴിവതും വേഗംതന്നെ ശവക്കുഴിയിലെത്തിച്ചു.

എങ്സ്ട്രാൻഡ്: (തോൾ കുലുക്കിക്കൊണ്ടു്) ശരിയാണു്, ശരിയാണു്. എല്ലാററിനും ഞാൻ തന്നെയാണുത്തരവാദി.

റെജീന: (മുഖം തിരിച്ചുകളയുന്നതിനിടയിൽ ശ്വാസമമർത്തിക്കൊണ്ടു്) ഛീ !—ആ കാലുംകൂടിയാവുമ്പോൾ—

എങ്ങ്സ്ട്രാൻഡ്: നീ എന്താ പെണ്ണേ പറയുന്നതു് ?

റെജീന: (പതുക്കെ) മുറിക്കാലൻ !

എങ്ങ്സ്ട്രാൻഡ്: നീ എന്താ പറഞ്ഞതു് ?

റെജീന: നിങ്ങൾക്കു മനസ്സിലാവില്ല.

എങ്ങ്സ്ട്രാൻഡ്: നിനക്കിവിടെ നല്ല വിദ്യാഭ്യാസം കിട്ടിയിട്ടുണ്ടു്, സംശയമില്ല. അതിനിപ്പോൾ നല്ല പ്രയോജനമുണ്ടാകും റെജീനാ.

റെജീന: (അൽപനേരത്തെ മൗനത്തിനു ശേഷം) ഞാൻ പട്ടണത്തിലേയ്ക്കു വരണമെന്നു നിങ്ങൾ പറഞ്ഞതു് എന്തിനുവേണ്ടിയാണു് ?

എങ്ങ്സ്ട്രാൻഡ്: ഒരപ്പൻ തന്റെ ഒററ മകളെ വിളിക്കുന്നതെന്തിനാണെന്നു ചോദിക്കാനുണ്ടോ ? ഭാര്യയും മരിച്ചു ജീവിക്കുന്ന ഒരു പാവമല്ലേ ഞാൻ ?

റെജീന: ആ കഥയൊന്നും എന്റെയടുത്തു ചെലവാക്കണ്ട. എന്നെ വിളിക്കുന്നതെന്തിനാണെന്നു പറയൂ.

എങ്ങ്സ്ട്രാൻഡ്: നീന്നോടു പറയാമല്ലോ. ഞാൻ ഒരു പുതിയ ഏർപ്പാടു് ആലോചിച്ചു വച്ചിരിക്കയാണു്.

റെജീന: (ചൂളം വിളിക്കുന്നു) എത്ര തവണയായി നിങ്ങൾ അതു നോക്കുന്നു ! പക്ഷേ, എല്ലായ്പോഴും തോററുതൊപ്പിയിട്ടും.

എങ്ങ്സ്ട്രാൻഡ്: ങ്ഹാ, പക്ഷേ, ഇക്കുറി നീ നോക്കിക്കോളൂ റെജീനാ ! എന്റെ തല തെറിച്ചുപോട്ടെ, ഞാനിക്കുറി....

റെജീന: (നിലത്തു ചവുട്ടിക്കൊണ്ടു്) പിരാകാതിരുന്നുകൂടേ ?

എങ്ങ്സ്ട്രാൻഡ്: ശ്—ശ്—ശരി പെണ്ണേ, നീ പറയുന്നതു ശരിയാണു്. മുഴവനും ശരി. ഞാൻ പറയാൻ വന്നതു് ഇത്രേയുള്ളു. ഞാൻ ഈ പുതിയ അനാഥമന്ദിരപ്പണികൊണ്ടു് ഇത്തിരി കാശുണ്ടാക്കിവച്ചിട്ടുണ്ടു്.

റെജീന: കാശുണ്ടാക്കിയെങ്കിൽ അതു നിങ്ങൾക്കു കൊള്ളാം. അത്രതന്നെ.

എങ്ങ്സ്ട്രാൻസ്: ഈ നാട്ടുമ്പുറത്തു് എങ്ങനെയാണു് ഒരുത്തൻ ആ പണം ചെലവാക്കുക ?

റെജീന: അതുകൊണ്ടു് ?

എങ്ങ്സ്ട്രാൻഡ്: എനിക്കു തോന്നി, കേട്ടോ, ആ പണം ലാഭമുള്ള വല്ലതിലും മുടക്കിയാലെന്താണെന്നു്. കപ്പൽ

ക്കാക്കുള്ള ഒരു ഹോട്ടലിൻെറ കാര്യമാണു് എൻെറ മന
സ്സിൽ വന്നതു്....

റെജീന: ഈശ്വരാ !

എങ്ങ്സ്ട്രാൻഡ്: ഒരൊന്നാംതരം ഹോട്ടൽ, മനസ്സിലായോ? അല്ലാതെ ഈ സാധാരണ കപ്പൽക്കാക്കുള്ള പന്നിക്കുഴിയല്ല. അതൊന്നുമല്ലെന്നേ! കപ്പിത്താന്മാരും മററുദ്യോഗസ്ഥന്മാരും വരുന്ന സ്ഥലം. നിനക്കറിയാമല്ലോ, ശരിക്കും നല്ല യാളുകളാണവർ.

റെജീന: അതിനു് ഞാൻ എന്താണു്....

എങ്ങ്സ്ട്രാൻഡ്: നീയും അതിലൊക്കെയൊന്നു കൂടണം. വെറുതേ ഒരു കാഴ്ചമാത്രം, മനസ്സിലായോ? ഞാൻ പറഞ്ഞേക്കാമല്ലോ മോളെ, നിനക്കു ഭാരമുള്ള യാതൊരു പണിയുമുണ്ടായിരിക്കയില്ല. നിനക്കിഷ്ടമുള്ളതു മാത്രം ചെയ്താൽ മതി.

റെജീന: ആങ്ഹാ, അതു ശരി !

എങ്ങ്സ്ട്രാൻഡ്: പക്ഷെ, നമുക്കു് അവിടെ കുറച്ചു പെണ്ണുങ്ങളും വേണം. അതു പകൽപോലെ വ്യക്തമാണു്. എന്താണെന്നുവെച്ചാൽ സന്ധ്യക്കു സ്ഥലം അല്പം ഭംഗിയാകണ്ടേ? ഇത്തിരി ആട്ടവും പാട്ടും മററും മററും. അവർ കപ്പൽക്കാരാണെന്നോർമ്മിക്കണം. ജീവിതസമുദ്രത്തിലെ സഞ്ചാരികൾ! (കുറച്ചുകൂടി അവളോടടുത്തു്) റെജീനാ, നീ ബുദ്ധിയില്ലാതെ നിൻെറതന്നെ വഴി മുട്ടിക്കരുതു്. നീ ഇവിടെ താമസിച്ചതുകൊണ്ടു് എന്തു ഗുണമാണു്? കൊച്ചമ്മയുടെ ചെലവിൽ നീ സമ്പാദിച്ച ഈ വിദ്യാഭ്യാസംകൊണ്ടെന്തു ചെയ്യാനാണു്? പണിതീർന്ന അനാഥശാലയിലെ കുട്ടികളെ നീയാണു നോക്കാൻപോകുന്നതെന്നു കേട്ടു. അതു നിന്നെപ്പോലുള്ള ഒരുത്തിക്കു പററിയ ജോലിയാണോ? ഈ വൃത്തികെട്ട പീക്രികൾക്കുവേണ്ടി നിൻെറ ആരോഗ്യവും കഴിവും നശിപ്പിക്കാൻ നിനക്കു വല്ല ഭ്രാന്തുമുണ്ടോ?

റെജീന: ഇല്ല. ഞാൻ ഉദ്ദേശിക്കുന്നതുപോലെയാണു കാര്യങ്ങൾ നടക്കുന്നതെങ്കിൽ....അതു സംഭവിച്ചെന്നും വരാം. ആരറിഞ്ഞു? സംഭവിച്ചേക്കാം !

എങ്ങ്സ്ട്രാൻഡ്: എന്തു സംഭവിച്ചേക്കാം?

റെജീന: അതു നിങ്ങളന്വേഷിക്കണ്ട. നിങ്ങൾ സമ്പാദിച്ചു വച്ചിരിക്കുന്നതു കുറെയധികമുണ്ടോ?

എങ്ങ്സ്ട്രാൻഡ്: മൊത്തം തുകയാക്കി പറഞ്ഞാൽ, ഏതാണ്ടു നാല്പതോ അമ്പതോ പവൻ കാണും.

റെജീന: അതു മോശമല്ലല്ലോ.

എങ്ങ്സ്ട്രാൻഡ്: ആരംഭിക്കാൻ അതു മതി, മോളെ.

റെജീന: അതിൽനിന്നു് എനിക്കൊന്നും തരികയില്ലേ ?

എങ്ങ്സ്ട്രാൻഡ്: ഇല്ല. തല പോയാലും ഞാൻ തരികയില്ല.

റെജീന : ഇത്തിരി തുണി വാങ്ങിക്കാൻ മാത്രമെങ്കിലും തരില്ലേ ? ഒരിക്കലെങ്കിലും....

എങ്ങ്സ്ട്രാൻഡ്: എൻെറകൂടെ പട്ടണത്തിലേയ്ക്കു പോരെ. നിനക്കു ധാരാളം തുണി വാങ്ങിത്തരാം.

റെജീന: ഫൂ !...ഞാൻ മനസ്സുവച്ചാൽ അതൊക്കെ എനിക്കു തന്നെയുണ്ടാക്കാനറിയാം.

എങ്ങ്സ്ട്രാൻഡ്: പക്ഷെ, റെജീനാ, ഇതിനു് ഒരു പിതാവിൻെറ കൈക്കൂടി ഉണ്ടായിരിക്കയാണു ഭേദം. ഇപ്പോഴാണെങ്കിൽ ലിററിൽ ഹാർബർ തെരുവിൽ ഒരു രസികൻ വീടു കിട്ടാനുണ്ടു്. വലിയ അച്ചാരമൊന്നും കൊടുക്കണമെന്നു് അവർക്കു നിർബന്ധമില്ല. നമുക്കതു കപ്പൽക്കാർക്കുള്ള ഒരു നല്ല സങ്കേതമാക്കിത്തീർക്കാം. മനസ്സിലായോ ?

റെജീന: പക്ഷെ, ഞാൻ നിങ്ങളുടെകൂടെ താമസിക്കാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങളുമായി എനിക്കു യാതൊരിടപാടുമില്ല. അതുകൊണ്ടു്, വേഗം സ്ഥലംവിട്ടോളൂ.

എങ്ങ്സ്ട്രാൻഡ്: നീ എൻെറകൂടെ അധികകാലമൊന്നും താമസിക്കുകയില്ല മോളേ. അത്ര ഭാഗ്യമെനിക്കില്ല—നിൻെറ ചീട്ടെല്ലാം ശരിക്കു കളിക്കാനറിയാമെങ്കിൽ. ഈ കഴിഞ്ഞ ഒന്നോ രണ്ടോ കൊല്ലമായി നീ എത്ര സുന്ദരിയായിത്തീർന്നിരിക്കു....

റെജീന: എന്നിട്ടു്....?

എങ്ങ്സ്ട്രാൻഡ്: അധികം താമസിയാതെ വല്ല കപ്പൽ ഉദ്യോഗസ്ഥനും വരുകില്ലേ ? ഒരു പക്ഷേ, ഒരു കപ്പിത്താൻതന്നെ.

റെജീന: ഞാൻ അത്തരക്കാരെയാരേയും നിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നില്ല. കപ്പൽക്കാർക്കു എററിക്കെററില്ല.

എങ്ങ്സ്ട്രാൻഡ്: അവർക്കെന്താണില്ലാത്തതു് ?

റെജീന: ഞാൻ പറഞ്ഞില്ലേ, എനിക്കു കപ്പൽക്കാരെ നന്നായിട്ടറിയാം. അവർ വിവാഹം കഴിക്കാൻ കൊള്ളാവുന്ന കൂട്ടരല്ല.

എങ്ങ്സ്ട്രാൻഡ്: ശരി. അവരെ കല്യാണം കഴിക്കാൻ മിനക്കെടേണ്ട. അല്ലാതെയും അതുപോലെയുള്ള ആദായമുണ്ടാക്കാം.

(രഹസ്യമായി) ഞാൻ പറഞ്ഞ ആ ആളില്ലേ, ആ ഇംഗ്ലീഷു കാരൻ—ആ സവാരിക്കപ്പലുള്ളയാരം—അയാരം എനിക്കു് എഴുപതു പവൻ തന്നു. തന്നെന്നേ! അവളാണെങ്കിൽ നിന്നെ ക്കാളും ഒട്ടും മെച്ചമല്ലതാനും.

റെജീന: (മുന്നോട്ടു നീങ്ങി) കടക്കു പുറത്തു് !

എങ്ങ്സ്ട്രാൻഡ്: (പുറകോട്ടു മാറി) നില്ല്, നില്ല്—നീ എന്നെ തല്ലാനാണോ ഭാവം ?

റെജീന: അതെ. താൻ അമ്മയെപ്പററി അങ്ങനെ സംസാരി ച്ചാൽ ഞാൻ അടിക്കും. പടിക്കു പുറത്തു കടക്കാനാണു ഞാൻ പറഞ്ഞതു്. (തോട്ടത്തിന്റെ വാതിൽവരെ തള്ളിക്കൊണ്ടു പോകുന്നു) വാതിൽ വലിച്ചടയ്ക്കരുതു്. കൊച്ചസാറു്....

എങ്ങ്സ്ട്രാൻഡ്: ....ഉറങ്ങുകയാണു്. എനിക്കറിയാം. ആ ചെറുപ്പക്കാരൻ മിസ്റ്റർ ആൽവിങ്ങിനെപ്പററി നിന്റെ താല്പര്യം ബഹുരസമായിരിക്കുന്നു.(ശബ്ദം താഴ്ത്തി)ആങ്ഹാ! ഇനി അയാളെയായിരിക്കുമോ...?

റെജീന: കിണ്ണാണിക്കാതെ പുറത്തിറങ്ങാൻ! തന്റെ തലയ്ക്കു ലക്കില്ല മനുഷ്യാ. വേണ്ടാ, അതിലേ പോകണ്ട, മാൻഡേഴ്സ് അച്ചൻ ആ വഴിക്കു വരുന്നുണ്ടു്. അടുക്കളയുടെ ഗോവ ണിവഴി പൊയ്ക്കോളു.

എങ്ങ്സ്ട്രാൻഡ്: (വലതുവശത്തേയ്ക്കു മാറി) ശരി, ശരി. അങ്ങനെ യാകട്ടെ. പക്ഷേ, ആ വരുന്ന പുള്ളിയുമായി അല്പമൊന്നു സംസാരിച്ചുനോക്കൂ. കുട്ടികാരക്കു തന്തയോടുള്ള കടമയെ ന്താണെന്നു് ആ പുള്ളിക്കാരൻ പറഞ്ഞുതരും. എന്തായാലും നീ ഓർത്തോളൂ. ഞാൻ നിന്റെ അപ്പനാണു്. പള്ളിക്കണക്കു കൊണ്ടു ഞാനതു തെളിയിക്കും.

റെജീന തുറന്നുകൊടുത്ത മററേ വാതിലിൽക്കൂടി അയാരം ഇറങ്ങി പ്പോകുന്നു. വാതിലടച്ചുകഴിഞ്ഞു് അവരം ധൃതിയായി കണ്ണാടിയിൽ നോ ക്കി കൈലേസുകൊണ്ടു സ്വയം വീശുകയും കോളർ ശരിയാക്കി വയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം അവരം പൂക്കരം ശരിയാക്കി വയ്ക്കുന്നതിൽ ശ്രദ്ധ വയ്ക്കുന്നു. തോട്ടത്തിലേയ്ക്കുള്ള വാതിലിൽ കൂടി മാൻഡേഴ്സ് പൂപ്പുരയി ലേയ്ക്കു പ്രവേശിക്കുന്നു. അദ്ദേഹം ഒരു പുറങ്കുപ്പായം ധരിച്ചിട്ടുണ്ടു്. കയ്യിൽ ഒരു കുട. ഒരു ചെറിയ സഞ്ചി നാടയിൽ തൂക്കി തോളിൽക്കൂടി പുറത്തേ യ്ക്കിട്ടിട്ടുണ്ടു്.

മാൻഡേഴ്സ്: സുഖം തന്നെയല്ലേ, മിസ് എങ്ങ്സ്ട്രാൻഡ്?

റെജീന: (അത്ഭുതഭാവത്തിൽ പ്രസന്നയായി തിരിഞ്ഞു നോക്കിക്കൊണ്ടു്) ആഹാ, മിസ്റ്റർ മാൻഡേഴ്സ്, സുഖം തന്നെ. അപ്പോരം ബോട്ടു വന്നു, അല്ലേ ?

മാൻഡേഴ്സ്: ഇപ്പോൾ വന്നതേയുള്ളു. (മുറിക്കകത്തേയ്ക്കു നടക്കുന്നു) മഹാ മുഷിപ്പനാണ്, ഈ തോരാത്ത മഴ.

റെജീന: (അദ്ദേഹത്തെ അനുഗമിച്ചുകൊണ്ട്) അച്ഛാ, കൃഷിക്കാർക്ക് ഒന്നാംതരം മഴയാണിത്.

മാൻഡേഴ്സ്: നീ പറയുന്നതു ശരിയാണ്. ഞങ്ങൾ പട്ടണവാസികൾ അക്കാര്യമൊന്നും ഓർമ്മിക്കാറില്ല. (പുറംകുപ്പായം ഊരാനാരംഭിക്കുന്നു)

റെജീന: അതു ഞാനൂരിത്തരാം. ഇതാ ഇങ്ങനെ. അയ്യോ! ഇതു മുഴുവനും നനഞ്ഞിരിക്കുന്നല്ലൊ! ഞാനിത് അകത്തു കൊണ്ടുപോയി ഇടാം. അച്ചന്റെ കുടയും ഇങ്ങു തന്നേയ്ക്കുക. ഞാനതു് വിടർത്തിവച്ചേക്കാം. ഉണങ്ങിക്കൊള്ളും.

റെജീന ആ സാധനങ്ങളുമായി മറുവശത്തുള്ള വാതിൽവഴി പുറത്തേയ്ക്കു പോകുന്നു. മാൻഡേഴ്സ് സഞ്ചിയും തൊപ്പിയും ഒരു കസേരയിൽ വയ്ക്കുന്നു. റെജീന വീണ്ടും പ്രവേശിക്കുന്നു.

മാൻഡേഴ്സ്: ആഹാ, കെട്ടിടത്തിനകത്തു കടന്നപ്പോൾ എന്തൊരു സുഖം! ഇവിടെ എല്ലാവർക്കും സുഖം തന്നെയല്ലേ?

റെജീന: അതെ അച്ഛാ.

മാൻഡേഴ്സ്: നാളത്തെ കാര്യത്തിനുവേണ്ടി എല്ലാവർക്കും ധൃതിപ്പണിയായിരിക്കും.

റെജീന: അതെ. ജോലി പിടിപ്പതുണ്ട്.

മാൻഡേഴ്സ്: മിസ്സിസ് ആൽവിങ്ങ് ഇവിടെ ഉണ്ടായിരിക്കുമല്ലോ?

റെജീന: ഉണ്ട്. അവരിപ്പോൾ മുകളിലേയ്ക്കു പോയതേയുള്ളു. കൊച്ചുസാറിന് കൊക്കോ കൊടുക്കാൻ.

മാൻഡേഴ്സ്: അപ്പോഴതു ശരിയാണ്! ഞാൻ ബോട്ടുകടവിൽവച്ചു കേട്ടു, ഓസ്‌വോൾഡ് തിരിച്ചെത്തിയെന്ന്.

റെജീന: ശരിയാണ്. അദ്ദേഹം മിനിയാന്നു വന്നു. ഇന്നേ വരുകയുള്ളുവെന്നാണു ഞങ്ങൾ വിചാരിച്ചിരുന്നതു്.

മാൻഡേഴ്സ്: സുഖമായിത്തന്നെയല്ലേ എത്തിയതു്?

റെജീന: സുഖംതന്നെ അച്ഛാ. പക്ഷേ, വളരെ യാത്രാക്ഷീണമുണ്ട്. അദ്ദേഹം പാരീസിൽനിന്നു നേരിട്ടു വരികയായിരുന്നു—എന്നുവച്ചാൽ അദ്ദേഹം വഴിക്കെങ്ങും താമസിച്ചില്ല. അദ്ദേഹമിപ്പോൾ ഉറങ്ങുകയായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ട് — അച്ചൻ ക്ഷമിക്കണം —

നമ്മാം അല്പംകൂടി പതുക്കെ സംസാരിക്കുകയായിരിക്കും ഭേദം.

മാൻഡേഴ്സ്: അങ്ങനെയാകട്ടെ. നമുക്കു വളരെ നിശ്ശബ്ദമായിരിക്കാം.

റെജീന: (ചാരുകസേര മേശയ്ക്കരികിലേയ്ക്കു നീക്കിയിടുന്നതിനിടയിൽ) അച്ചൻ ഇവിടെ ഇരിക്കു. സുഖമായി ഇരിക്കു. (അവഠം അദ്ദേഹത്തിൻെറ പാദം വയ്ക്കാൻ ഒരു പാദപീഠം ഇട്ടുകൊടുക്കുന്നു) എന്താ? സൗകര്യമായില്ലേ?

മാൻഡേഴ്സ്: കൊള്ളാം, കൊള്ളാം. വളരെ സുഖമായിരിക്കുന്നു. (അവളെ നോക്കുന്നു) ഞാൻ പറയാമല്ലോ, മിസ്സ് എങ്സ്ട്രാൻഡ്, ഞാൻ കഴിഞ്ഞ തവണ കണ്ടതിൽപിന്നെ നിങ്ങഠം വളരെ വളൎന്നിട്ടുണ്ട്.

റെജീന: അങ്ങേയ്ക്കങ്ങനെ തോന്നുന്നുണ്ടോ? മിസ്സിസ് ആൽവിങ്ങും പറയുന്നത്, ഞാൻ മുതിൎന്നുവെന്നാണ്.

മാൻഡേഴ്സ്: മുതിൎന്നുവെന്നോ! ആ, കുറച്ചു—അങ്ങിനെ വേണമല്ലോ.

(അല്പനേരത്തെ മൗനം)

റെജീന: അങ്ങു വന്നെന്നു ഞാൻ ചെന്നു കൊച്ചമ്മയോടു പറയാം.

മാൻഡേഴ്സ്: യാതൊരു ധൃതിയുമില്ല എൻെറ കുഞ്ഞേ, ഞാനൊരു കാൎയ്യം ചോദിക്കട്ടെ. പ്രിയപ്പെട്ട റെജീനാ, നിൻെറ അപ്പൻ എങ്ങനെയാണിവിടെ ജീവിക്കുന്നത്?

റെജീന: ഒരുമാതിരി സുഖമായിത്തന്നെയാണച്ചാ.

മാൻഡേഴ്സ്: കഴിഞ്ഞ പ്രാവശ്യം അയാഠം പട്ടണത്തിൽ വന്നപ്പോഠം എന്നെ കാണാൻ എത്തിയിരുന്നു.

റെജീന: ആഹാ! അച്ചനോടു സംസാരിക്കാൻ തരം കിട്ടുന്നതു് വളരെ സന്തോഷമാണെന്നു പറയാറുണ്ട്.

മാൻഡേഴ്സ്: നീ മിക്കവാറും എല്ലാ ദിവസവും അയാളെ കാണാറുണ്ടെന്നു് വിശ്വസിക്കുന്നു.

റെജീന: ഞാനോ?.....ഉവ്വ്, ഞാൻ കാണാറുണ്ട്. എന്നുവച്ചാൽ സൗകര്യം കിട്ടുമ്പോഠം എല്ലാം.

മാൻഡേഴ്സ്: നിൻെറ അപ്പനു് വേണ്ടത്ര സ്വഭാവനിഷ്ഠയില്ല, മിസ്സ് എങ്സ്ട്രാൻഡ്. ഒരു സഹായഹസ്തം അയാഠംക്കു വളരെ ആവശ്യമാണു്.

റെജീന: അതെ. അക്കാൎയ്യത്തിൽ എനിക്കു സംശയമില്ല.

മാൻഡേഴ്സ്: ആശ്രയിക്കാവുന്ന ഒരു സുഹൃത്തു് അയാൾക്കാവശ്യമാണു്. തികഞ്ഞ വിവേകമുള്ള ഒരാൾ. കഴിഞ്ഞ പ്രാവശ്യം അയാൾ എന്നെക്കാണാൻ വന്നപ്പോൾ അക്കാര്യം തുറന്നു സമ്മതിക്കുകയുണ്ടായി.

റെജീന: ശരിയാണു്. അങ്ങനെയേതാണ്ടു് എന്നോടും പറഞ്ഞിട്ടുണ്ടു്. പക്ഷേ, ഞാനില്ലാതെ മിസ്സിസ് ആൽവിങ്ങ് എന്തു ചെയ്യുമെന്നെനിക്കറിഞ്ഞുകൂടാ. പ്രത്യേകിച്ചും ഇപ്പോൾ, ഈ അനാഥമന്ദിരംകൂടി നോക്കാനുള്ളപ്പോൾ. മിസ്സിസ് ആൽവിങ്ങിനെ വിട്ടുപോകുന്ന കാര്യത്തിൽ എനിക്കു തീരെ ഇഷ്ടമില്ല. അവർ അത്രമാത്രം സ്നേഹത്തോടെയാണു് എന്നോടു പെരുമാറിയിട്ടുള്ളതു്.

മാൻഡേഴ്സ്: പക്ഷേ, എന്റെ കുഞ്ഞേ, മകൾക്കു് അപ്പനോടു ചില കടമകളെല്ലാമില്ലേ — പക്ഷേ, നേരത്തേ മിസ്സിസ് ആൽവിങ്ങിന്റെ സമ്മതം വാങ്ങിയിരിക്കണം.

റെജീന: എങ്കിലും ഇത്ര പ്രായമായ ഞാൻ ഭാര്യയില്ലാത്ത ഒരു പുരുഷന്റെ വീട്ടുകാരിയാകുന്നതു് അത്ര ഭംഗിയാണോ എന്നൊരു ശങ്ക.

മാൻഡേഴ്സ്: എന്തു്!! പ്രിയപ്പെട്ട മിസ്സ് എങ്സ്ട്രാൻഡ്, നിങ്ങളുടെ സ്വന്തം പിതാവിനെപ്പററിയാണു നാം സംസാരിക്കുന്നതു് !

റെജീന: അതെ, അതു സമ്മതിച്ചു. എങ്കിലും —ഞാൻ പറയുന്നതു്, ഒരു നല്ല കുടുംബവും മാന്യനായ ഒരു പുരുഷനുമായിരുന്നെങ്കിൽ—

മാൻഡേഴ്സ്: പക്ഷേ, പ്രിയപ്പെട്ട റെജീനാ—

റെജീന: —എനിക്കു സ്നേഹിക്കാനും, യഥാർത്ഥത്തിൽ അപ്പനെപ്പോലെ പെരുമാറാനും കഴിയുന്ന ഒരാളായിരുന്നെങ്കിൽ—

മാൻഡേഴ്സ്: ശ് ! ശ് ! എന്റെ കുഞ്ഞേ.

റെജീന: പട്ടണത്തിൽ താമസിക്കണമെന്നു് എനിക്കു വളരെ മോഹമുണ്ടു്. ഇവിടെ ഒരുതരം വനവാസമാണു്. ഏകാന്തജീവിതത്തിന്റെ സ്വഭാവം അച്ചനു് ശരിക്കറിയാമായിരിക്കുമല്ലോ. എന്നല്ല, എനിക്കു ജോലിചെയ്യാൻ നല്ല കഴിവും സന്നദ്ധതയുമുണ്ടു്, അക്കാര്യം ഞാൻതന്നയാണു പറയുന്നതെങ്കിലും സത്യമാണു്. എനിക്കു പററിയ ഒരു ജോലി എവിടെയെങ്കിലും കിട്ടാനുണ്ടോ അച്ചാ ?

മാൻഡേഴ്സ്: ഇല്ല. എനിക്കു യാതൊരറിവുമില്ല.

റെജീന: എങ്കിലും. പ്രിയപ്പെട്ട അച്ചാ—ഏതായാലും എന്നെ മറന്നുകളയല്ലേ അച്ചാ. വല്ല അവസരവും കിട്ടുകയാണെങ്കിൽ—

മാൻഡേഴ്സ്: (എഴുന്നേററുകൊണ്ട്) ഇല്ല. ഞാൻ നിങ്ങളെ മറക്കുകയില്ല മിസ്സ് എങ്സ്ട്രാൻഡ്.

റെജീന; എന്താണെന്നുവച്ചാൽ, ഞാൻ—

മാൻഡേഴ്സ്: ദയവുചെയ്തു് ഞാനിവിടെ വന്നിട്ടുണ്ടെന്നു് മിസ്സിസ് ആൽവിങ്ങിനോടു പറയൂ.

റെജീന: അവരെ ഉടനെ വിളിച്ചുകൊണ്ടു വരാം അച്ചാ.

ഇടത്തുവശത്തേയ്ക്കു പോകുന്നു. മാൻഡേഴ്സ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഒന്നോ രണ്ടോ തവണ നടക്കുന്നു. പിന്നീടു് കയ്യും പുറകിൽ കെട്ടി തോട്ടത്തിലേയ്ക്കു നോക്കിക്കൊണ്ടു് മുറിയുടെ പുറകിലെ അററത്തു പോയി നിൽക്കുന്നു. അല്പനേരം കഴിഞ്ഞു മടങ്ങി മേശയ്ക്കരികേ വന്നു് ഒരു പുസ്തകമെടുത്തു പേരു മറിച്ചുനോക്കി, ഒന്നു ഞെട്ടി, മററു ചില പുസ്തകങ്ങളും എടുത്തു നോക്കുന്നു.

മാൻഡേഴ്സ്: ങ്ഹും !—ആങ്ഹാ !

ഇടത്തുവശത്തെ വാതിലിൽക്കൂടി മിസ്സിസ് ആൽവിങ്ങ് പ്രവേശിക്കുന്നു. അവരെ അനുഗമിച്ചു പ്രവേശിക്കുന്ന റെജീന ഉടൻതന്നെ വലത്തുവശത്തു മുൻഭാഗത്തുള്ള വാതിലിൽക്കൂടി പുറത്തേയ്ക്കു പോകുന്നു.

മിസ്സിസ് ആൽവിങ്ങ്: (കൈ നീട്ടിക്കൊണ്ടു്) വളരെ സന്തോഷം മിസ്റ്റർ മാൻഡേഴ്സ്.

മാൻഡേഴ്സ്: സുഖം തന്നെയല്ലേ, മിസ്സിസ് ആൽവിങ്ങ്? ഇതാ ഞാൻ പറഞ്ഞതുപോലെ എത്തിയിരിക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: എന്തൊരു കൃത്യനിഷ്ഠ !

മാൻഡേഴ്സ്: ഒന്നിറങ്ങി പോരാൻ എന്തു വിഷമമായിരുന്നെന്നോ ? ഈ പള്ളിയോഗങ്ങളും, കമ്മിററികളും—

മിസ്സിസ് ആൽവിങ്ങ്: അച്ചൻ കുറെ നേരത്തേ പോന്നതു വലിയ കാര്യമായി. ഭക്ഷണത്തിനു മുമ്പുതന്നെ നമ്മുടെ കാര്യമൊക്കെത്തീർക്കാമല്ലോ. പക്ഷേ. അച്ചന്റെ പെട്ടിയും മററുമെവിടെ ?

മാൻഡേഴ്സ്: (ധൃതഗതിയിൽ) എന്റെ സാമാനങ്ങളെല്ലാം ഗ്രാമത്തിലെ പീടികയിലാണു്. രാത്രി ഞാനവിടെയാണു കിടക്കുന്നതു്.

മിസ്സിസ് ആൽവിങ്ങ്: (പുഞ്ചിരി അമർത്തിക്കൊണ്ടു്) ഇപ്രാവശ്യം രാത്രി ഇവിടെ കഴിച്ചുകൂട്ടാമെന്നു ഞാൻ പറഞ്ഞാൽ വല്ല ഫലവുമുണ്ടോ ?

മാൻഡേഴ്സ്: ഇല്ല, ഇല്ല. എങ്കിലും ക്ഷണത്തിനു നന്ദി. ഞാനവിടെ കഴിച്ചുകൊള്ളാം, പതിവുപോലെ. ബോട്ടിൽ കയറാൻ അത്ര സൗകര്യമാണ്, അവിടെനിന്ന്.

മിസ്സിസ് ആൽവിങ്ങ്: എല്ലാം അച്ചന്റെ ഇഷ്ടംപോലെ. പക്ഷേ, നമുക്കു രണ്ടുപേക്കും ഈ വയസ്സായ കാലത്ത്, എനിക്കു തോന്നുന്നു, കാര്യങ്ങൾക്ക് അല്പം വ്യത്യാസമുണ്ടെന്ന്.

മാൻഡേഴ്സ്: ഹാ! ഹാ! നിങ്ങൾ ഫലിതം പറഞ്ഞേ അടങ്ങൂ. ഇന്നു നിങ്ങൾക്കു നല്ല ഉന്മേഷമുണ്ടായിരിക്കുന്നതു സ്വാഭാവികം മാത്രമാണ്. ഒന്നാമതായി, നാളത്തെ മഹൽകർമ്മം. പോരെങ്കിൽ നിങ്ങളുടെ പുത്രൻ ഓസ്‌വോൾഡ് വീട്ടിലെത്തിയിരിക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: അതെ, എന്താ ഞാനൊരു ഭാഗ്യവതിയല്ലേ? അവൻ വീട്ടിൽ വന്നിട്ടു രണ്ടു കൊല്ലമായി. ഈ വർഷകാലം മുഴുവനും ഇവിടെതന്നെ താമസിക്കാമെന്നും അവൻ പറയുന്നു.

മാൻഡേഴ്സ്: ആങ്ഹാ, അങ്ങനെയാണോ? അതു വളരെ നന്നായി. ഉത്തമമായ മാതൃഭക്തി. എന്താണെന്നുവെച്ചാൽ, റോമിലെയോ പാരീസിലെയോ ജീവിതത്തിൽ, പല ആകർഷണങ്ങളും അയാൾക്കുണ്ടായിരിക്കുമെന്നാണു ഞാൻ കരുതുന്നത്.

മിസ്സിസ് ആൽവിങ്ങ്: പക്ഷേ, ഇവിടെ അവന് അവന്റെ അമ്മയുണ്ട്, മനസ്സിലായില്ലേ? അവനെ ദൈവമനുഗ്രഹിക്കട്ടെ, അവനിപ്പോഴും അവന്റെ അമ്മയെ മറന്നിട്ടില്ല.

മാൻഡേഴ്സ്: സ്ഥലത്തില്ലാതിരിക്കയും കലയിൽ മുഴുകുകയും ചെയ്യുന്നതുകൊണ്ട് സഹജമായ സ്നേഹബന്ധങ്ങൾ മങ്ങിപ്പോവുകയാണെങ്കിൽ അതു വളരെ കഷ്ടമാണ്.

മിസ്സിസ് ആൽവിങ്ങ്: തീർച്ചയായും കഷ്ടമാണ്. പക്ഷേ, അവന്റെ കാര്യത്തിൽ അങ്ങനെയൊന്നും ഭയപ്പെടാനില്ല. ഭാഗ്യവശാൽ അച്ചൻ അവനെക്കണ്ടാലാളറിയുമോ എന്നു കാണാൻ എനിക്കൊരു ജിജ്ഞാസ. അവനിപ്പോൾ താഴത്തേയ്ക്കു വരും. അവൻ മുകളിലത്തെ സോഫായിൽ കിടന്നു വിശ്രമിക്കുകയാണ്. പക്ഷേ, പ്രിയപ്പെട്ട സ്നേഹിതാ ഇരിക്കൂ.

മാൻഡേഴ്സ്: വളരെ നന്ദി. ഞാൻ നിങ്ങൾക്ക് അസൗകര്യമൊന്നുമുണ്ടാക്കുന്നില്ലെന്നു വിശ്വസിക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: ഹേയ്, ഇല്ല. (മേശയ്ക്കടുത്തു് ഇരിപ്പുറപ്പിക്കുന്നു.)

മാൻഡേഴ്സ്: ശരി. എങ്കിൽ ഇതാ, ഇതെല്ലാം ഒന്നു നോക്കു — (കസേരയിലിരിക്കുന്നു; സഞ്ചിയിൽനിന്നു് ഒരു കടലാസുകെട്ടെടുത്തു് മേശയുടെ എതിർവശത്തു കിടക്കുന്ന കസേരയിലിരുന്നു് കടലാസുകെട്ടു വയ്ക്കാൻ ഒരൊഴിഞ്ഞ സ്ഥലം കണ്ടുപിടിക്കാൻ ശ്രമിക്കുന്നു.) അപ്പോൾ ആദ്യമായി ഈ.... (പെട്ടെന്നു നിറുത്തി) ഈ പുസ്തകങ്ങൾ എന്തിനാണിവിടെ വച്ചിരിക്കുന്നതു് മിസ്സിസ് ആൽവിങ്ങ് ?

മിസ്സിസ് ആൽവിങ്ങ്: ആ പുസ്തകങ്ങൾ? അതു ഞാൻ വായിക്കുകയാണു്.

മാൻഡേഴ്സ്: നിങ്ങൾ ഇത്തരം പുസ്തകങ്ങൾ വായിക്കാറുണ്ടോ ?

മിസ്സിസ് ആൽവിങ്ങ്: പിന്നെയില്ലേ ?

മാൻഡേഴ്സ്: ഈ തരത്തിലുള്ള പുസ്തകങ്ങൾ വായിക്കുന്നതുകൊണ്ടു് നിങ്ങൾക്കു് എന്തെങ്കിലും പ്രയോജനമോ സന്തോഷമോ തോന്നാറുണ്ടോ ?

മിസ്സിസ് ആൽവിങ്ങ്: അതുകൊണ്ടു് എനിക്കു കുറച്ചുകൂടി ആത്മവിശ്വാസം വർദ്ധിക്കുന്നുണ്ടെന്നു പറയാം.

മാൻഡേഴ്സ്: അത്ഭുതം തന്നെ! പക്ഷേ, അതെങ്ങനെയാണു സാധിക്കുന്നതു് ?

മിസ്സിസ് ആൽവിങ്ങ്: പറയാം. എനിക്കുതന്നെ തോന്നിയിട്ടുള്ള പല കാര്യങ്ങൾക്കും അവയിൽ വിശദീകരണം ഉണ്ടു്. അല്ലെങ്കിൽ അവയ്ക്കു് പിൻബലം കിട്ടും. പക്ഷേ, ഉള്ളതു പറഞ്ഞാലുണ്ടല്ലോ, മി. മാൻഡേഴ്സ്, ഈ പുസ്തകങ്ങളിൽ പുതിയതായി യാതൊന്നുമില്ലെന്നുള്ളതാണു് എന്നെ വിസ്മയിപ്പിക്കുന്നതു്. മിക്കയാളുകളും വിചാരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന കാര്യങ്ങൾക്കപ്പുറം അവയിൽ ഒന്നുമില്ല. പിന്നെയൊന്നു മാത്രമുണ്ടു്, ഇതൊന്നും ആരും അത്ര സാരമാക്കാറില്ല, അല്ലെങ്കിൽ സ്വയം സമ്മതിക്കുകയില്ല

മാൻഡേഴ്സ്: ദൈവമേ! യഥാർത്ഥത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ മിക്കയാളുകളും— ?

മിസ്സിസ് ആൽവിങ്ങ്: തീർച്ചയായും ഞാനങ്ങനെ വിശ്വസിക്കുന്നു.

മാൻഡേഴ്സ്: ഏതായാലും ഇവിടെ ഈ നാട്ടുമ്പുറത്തങ്ങനെയല്ലല്ലോ. നമ്മേപ്പോലുള്ളവരുടെയിടയ്ക്കു്.

മിസ്സിസ് ആൽവിങ്ങ്: അതെ, നമ്മേപ്പോലുള്ളവരുടെ ഇടയിലും.

മാൻഡേഴ്സ്: എന്തു്! ഇതു ഞാൻ—!

മിസ്സിസ് ആൽവിങ്ങ്: ഈ പുസ്തകങ്ങളോടു് നിങ്ങരംക്കുള്ള എതിർപ്പുകരം എന്തെല്ലാമാണു് ?

മാൻഡേഴ്സ്: ഏന്താണെതിർപ്പെന്നോ ? ഇത്തരം കൃതികളിൽ ഞാൻ വലിയ താല്പര്യം കാണിക്കാനിടയില്ലെന്നു നിങ്ങരംക്കറിയാമായിരിക്കുമല്ലോ ?

മിസ്സിസ് ആൽവിങ്ങ്: എന്നുവച്ചാൽ യാതൊരറിവുമില്ലാത്ത എന്തിനെയോ ആണു് നിങ്ങരം നിഷിദ്ധമെന്നു വിധിക്കുന്നതു്.

മാൻഡേഴ്സ്: ഈ പുസ്തകങ്ങളെ അംഗീകരിക്കാതിരിക്കാൻ വേണ്ടത്ര ഞാൻ അവയെപ്പററി വായിച്ചിട്ടുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: ശരി. പക്ഷേ, നിങ്ങളുടെ സ്വന്ത അഭിപ്രായം—

മാൻഡേഴ്സ്: പ്രിയപ്പെട്ട മിസ്സിസ് ആൽവിങ്ങ്, മററുള്ളവരുടെ അഭിപ്രായങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അനേക സന്ദർഭങ്ങളുണ്ടു് ഈ ജീവിതത്തിൽ. അതാണു് ഈ ലോകത്തിൻെറ സമ്പ്രദായം. അങ്ങനെയായിരിക്കേണ്ടതാവശ്യവുമാണു്. മറിച്ചാണെങ്കിൽ സമുദായത്തിൻെറ അവസ്ഥ എന്തായിരിക്കും ?

മിസ്സിസ് ആൽവിങ്ങ് : നിങ്ങരം പറയുന്നതു ശരിയായിരിക്കാം.

മാൻഡേഴ്സ്: അതു പോകട്ടെ. ഇത്തരം സാഹിത്യത്തിനു കുറെയേറെ ആകർഷണശക്തിയുണ്ടെന്ന കാര്യം, സ്വാഭാവികമായി ഞാൻ നിഷേധിക്കുന്നില്ല. നിങ്ങരം നിങ്ങളുടെ പുത്രനെ വിഹരിക്കാനനുവദിച്ചിരിക്കുന്ന ആ വിശാലലോകത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നുവെന്നു കേരംക്കാറുള്ള ചിന്താപ്രവണതകളുമായി പരിചയം നേടണമെന്നുള്ള നിങ്ങളുടെ താൽപ്പര്യത്തെയും ഞാൻ കുററപ്പെടുത്തുന്നില്ല. പക്ഷെ—

മിസ്സിസ് ആൽവിങ്ങ്: പക്ഷേ ?

മാൻഡേഴ്സ്: (ശബ്ദം താഴ്ത്തി) പക്ഷേ, അതിനെപ്പററി ആരും സംസാരിക്കാറില്ല, മിസ്സിസ് ആൽവിങ്ങ്. ഒരുവൻെറ സ്വന്ത മുറിയുടെ ഒതുക്കത്തിൽവച്ചു് വായിക്കുകയോ

ചിന്തിക്കുകയോ ചെയ്യുന്നതിനൊക്കെ, നിശ്ചയമായും എല്ലാവരോടും കണക്കു കേൾപ്പിക്കേണ്ടതില്ല.

മിസ്സിസ് ആൽവിങ്ങ് : തീർച്ചയായും അതാവശ്യമില്ല. ഞാൻ നിങ്ങളുടെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു.

മാൻഡേഴ്സ്: നിങ്ങൾക്കു ഈ അനാഥമന്ദിരത്തോടുള്ള ചുമതല തന്നെ ഓർത്തുനോക്കൂ. എനിക്കറിയാൻ കഴിഞ്ഞിടത്തോളം, നിങ്ങൾ അതു പണിയാൻ നിശ്ചയിച്ച കാലത്തു് ഈവക വിഷയങ്ങളെപ്പററി നിങ്ങൾക്കുണ്ടായിരുന്ന അഭിപ്രായം ഇന്നത്തേതിൽനിന്നു് വളരെ ഭിന്നമായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: അതു ഞാൻ തുറന്നു സമ്മതിക്കുന്നു. പക്ഷേ, അനാഥമന്ദിരത്തെപ്പററി –

മാൻഡേഴ്സ്: അനാഥമന്ദിരത്തെപ്പററിയാണു നാം സംസാരമാരംഭിച്ചതു്. ശരിതന്നെ. എങ്കിലും — പ്രിയപ്പെട്ട മിസ്സിസ് ആൽവിങ്ങ്, നിങ്ങൾ സൂക്ഷിച്ചു ചുവടുവയ്ക്കണം. ഇനി നമുക്കു ബിസിനസ്സുകാര്യങ്ങൾ നോക്കാം. (ഒരു ലക്കോട്ടിൽനിന്നു കുറെ കടലാസുകൾ പുറത്തെടുത്തു്) ഇതു കണ്ടോ ?

മിസ്സിസ് ആൽവിങ്ങ്: പ്രമാണങ്ങൾ ?

മാൻഡേഴ്സ്: അതെ. എല്ലാം ഇതിലുണ്ടു്. സകലതും ശരിയായിട്ടാണിരിക്കുന്നതു്. അതെല്ലാം സമയത്തു കിട്ടുക അത്ര എളുപ്പകാര്യമായിരുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ മേൽ എനിക്കു കുറച്ചധികം സമ്മർദ്ദംതന്നെ ചെലുത്തേണ്ടിവന്നു. വസ്തുസംബന്ധമായ കാര്യമാകുമ്പോൾ ഈ ഉദ്യോഗസ്ഥന്മാർക്കു് എന്തൊരു വല്ലാത്ത കണിശമാണെന്നോ ? പക്ഷേ, ഇതാ അതെല്ലാം കിട്ടിക്കഴിഞ്ഞു. (കടലാസുകൾ മറിക്കുന്നു) ഇതാ റോസെൻവോൾഡ് എസ്റ്റേററിലെ, ഡോൾവിക്ക് എന്നു വിളിക്കപ്പെടുന്ന വസ്തുവും, അതിൽ പുതിയതായി പണികഴിപ്പിച്ചിട്ടുള്ള സ്കൂൾ, അദ്ധ്യാപകഭവനങ്ങൾ, ചാപ്പൽ മുതലായ കെട്ടിടങ്ങളും കൈമാററം ചെയ്യുന്ന തീറാധാരം. ഇതാ, ഇതാണു സ്ഥാപനത്തിൻെറ നിയമാവലികളുള്ള നിയമസമ്മതപത്രം. കേട്ടോളൂ. (വായിക്കുന്നു) ''ക്യാപ്ററൻ ആൽവിങ്ങ് അനാഥമന്ദിരത്തിൻെറ വ്യവസ്ഥകൾ.''

മിസ്സിസ് ആൽവിങ്ങ്: (കടലാസുകൾ കുറച്ചുസമയം നോക്കിയിട്ടു്) ഇതെല്ലാം വളരെ ശരിയായിട്ടുണ്ടെന്നു തോന്നുന്നു.

മാൻഡേഴ്സ്: ക്യാപ്ററൻ എന്നു വയ്ക്കുകയാണു നല്ലതെന്നു് എനിക്കു തോന്നി. കൊട്ടാരത്തിൽ നിങ്ങളുടെ ഭർത്താവിനു

ണ്ടായിരുന്ന 'ചേംബർലെയിൻ' സ്ഥാനത്തെക്കാൾ 'ക്യാപ്ററൻ്' പൊങ്ങച്ചം കുറയും.

മിസ്സിസ് ആൽവിങ്ങ്: ശരി ശരി. നിങ്ങൾക്കു് ഉത്തമമെന്നു തോന്നുന്നതു തന്നെയാകട്ടെ.

മാൻഡേഴ്സ്: ഇതാ, ഇതു് ബാങ്കിലടച്ചിട്ടുള്ള പണത്തിൻെറ രസീതാണു്. ആ തുകയുടെ പലിശ അനാഥമന്ദിരത്തിൻെറ നിത്യച്ചെലവിനായി നീക്കിവച്ചിരിക്കുകയാണു്.

മിസ്സിസ് ആൽവിങ്ങ്: വളരെ സന്തോഷം. പക്ഷേ, ഇതെല്ലാം അച്ചൻതന്നെ സൂക്ഷിക്കുകയാണു് കൂടുതൽ സൗകര്യമെന്നാണെനിക്കു തോന്നുന്നതു്.

മാൻഡേഴ്സ്: സസന്തോഷം ഞാനതു ചെയ്തുകൊള്ളാം. തല്ക്കാലത്തേയ്ക്കു് പണം ബാങ്കിൽതന്നെ കിടക്കുകയാണു് നല്ലതെന്നു തോന്നുന്നു. പലിശനിരക്കു് മോശമാണെന്നു് സമ്മതിക്കണം. നാലു ശതമാനം, ആറുമാസത്തെ നോട്ടീസ്. കുറേക്കഴിഞ്ഞു് നല്ല ഒരു ഒററി—എന്നുവച്ചാൽ മുൻ ചാർജ്ജ് ഉണ്ടായിരിക്കരുതു്, ഉറപ്പുള്ള ഈടുമായിരിക്കണം —ഒരൊററിക്കു വഴിയുണ്ടെങ്കിൽ അതിനെപ്പററി തുടന്നാലോചിക്കാം.

മിസ്സിസ് ആൽവിങ്ങ്: അങ്ങനെതന്നെ, മിസ്റ്റർ മാൻഡേഴ്സ്, അക്കാര്യമെല്ലാം നിങ്ങൾക്കാണു ശരിക്കറിവുള്ളതു്.

മാൻഡേഴ്സ്: ഏതായാലും ഞാനതു നോക്കിത്തന്നെയിരിക്കാം. പക്ഷേ, നിങ്ങളോടു ചോദിക്കണമെന്നു പലപ്പോഴും വിചാരിച്ചിട്ടുള്ള ഒരു കാര്യം ഇതു സംബന്ധിച്ചുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: അതെന്താണു്?

മാൻഡേഴ്സ്: കെട്ടിടങ്ങൾ ഇൻഷ്വർ ചെയ്യണോ, വേണ്ടയോ?

മിസ്സിസ് ആൽവിങ്ങ്: പിന്നെ ഇൻഷ്വർ ചെയ്യാതെ എങ്ങനെയാണു്?

മാൻഡേഴ്സ്: ഹാ! പക്ഷേ—വരട്ടെ—കാര്യം കുറച്ചുകൂടി ശ്രദ്ധിച്ചാലോചിച്ചുനോക്കു.

മിസ്സിസ് ആൽവിങ്ങ്: എനിക്കുള്ളതെല്ലാം ഇൻഷ്വർ ചെയ്തിട്ടുണ്ടു്. ഈ വീടും അതിലുള്ളതൊക്കെയും. കന്നുകാലികൾ, അങ്ങനെ സകലതും.

മാൻഡേഴ്സ്: അതങ്ങനെയല്ലേ ചെയ്യേണ്ടതു് ? അതെല്ലാം നിങ്ങളുടെ സ്വന്തം ധനമാണു്. ഞാനും അതുതന്നെയാണു ചെയ്യുന്നതു്. പക്ഷേ, ഇക്കാര്യം ഒന്നു വേറെതന്നെയാണു്. അനാഥമന്ദിരം കുറേക്കൂടി ദിവ്യമായ ചില ലക്ഷ്യങ്ങൾക്കു സമർപ്പിച്ചിരിക്കുന്നതല്ലേ ?

മിസ്സിസ് ആൽവിങ്ങ്: സംശയമില്ല. പക്ഷേ—

മാൻഡേഴ്സ്: എല്ലാ അപകടങ്ങൾക്കുംവേണ്ടി ഇൻഷൂർ ചെയ്യുന്നതിൽ ലവലേശം തെററില്ലെന്നു് ആത്മാർത്ഥമായി എനിക്കു പറയാൻ കഴിയും. അതാണു് എൻെറ വ്യക്തിപരമായ അഭിപ്രായം.

മിസ്സിസ് ആൽവിങ്ങ്: എനിക്കും അതുതന്നെയാണഭിപ്രായം.

മാൻഡേഴ്സ്: പക്ഷേ, ഈ ഭാഗങ്ങളിലുള്ള ആളുകളുടെ മനോഭാവമെന്താണു് ?

മിസ്സിസ് ആൽവിങ്ങ്: അവരുടെ അഭിപ്രായമോ ?

മാൻഡേഴ്സ്: അഭിപ്രായഭിന്നതയുള്ള ഏതെങ്കിലും കുറെയാളുകൾ—വകവയ്ക്കത്തക്ക ആളുകൾ ഇവിടെയുണ്ടോ ?

മിസ്സിസ് ആൽവിങ്ങ്: വകവയ്ക്കത്തക്കവരെന്നു പറഞ്ഞതുകൊണ്ടു് എന്താണർത്ഥമാക്കുന്നതു് ?

മാൻഡേഴ്സ്: സമ്പത്തും സ്വാധീനശക്തിയും കൊണ്ടു്, ചിലയാളുകളുടെ അഭിപ്രായത്തെ വിലമതിച്ചേ തീരൂ എന്നു വരാറുണ്ടു്. അങ്ങനെയുള്ളവരെയാണു് ഞാൻ പ്രത്യേകമായി ഉദ്ദേശിക്കുന്നതു്.

മിസ്സിസ് ആൽവിങ്ങ്: അങ്ങനെയുള്ള ഏതാനുമാളുകൾ ഇവിടെയുണ്ടു്. അവക്കു രസിച്ചെന്നു വരികയില്ല, നാം—

മാൻഡേഴ്സ്: ങ്ഹാ, കണ്ടോ. പട്ടണത്തിൽ അങ്ങനെയുള്ളവർ വളരെയുണ്ടു്. ഉദാഹരണമായി, എൻെറ കൂട്ടത്തിലുള്ള എല്ലാ അച്ചന്മാരുടെയും ഇടവകക്കാർ. നിങ്ങൾക്കോ, എനിക്കോ, ദൈവത്തിൻെറ സംരക്ഷണത്തിൽ വേണ്ടത്ര വിശ്വാസമില്ലാ എന്നാണതിനർത്ഥമെന്നു് വ്യാഖ്യാനിക്കാൻ അവക്കു വളരെ വിഷമമൊന്നുമുണ്ടാകയില്ല.

മിസ്സിസ് ആൽവിങ്ങ്: പക്ഷേ. പ്രിയപ്പെട്ട അച്ചാ, നിങ്ങളെ സംബന്ധിച്ചിടത്തോളം, നിങ്ങൾക്കു പൂർണ്ണബോദ്ധ്യമുണ്ടല്ലോ—

മാൻഡേഴ്സ്: ശരി. എനിക്കറിയാം, എനിക്കറിയാം. എനിക്കു് ആ കാൎയ്യത്തെപ്പററി സംശയമൊന്നുമില്ല, സത്യം. പക്ഷേ, നമ്മുടെ പ്രവൃത്തിയെ തെററായിട്ടും ദ്രോഹപരമായിട്ടും വ്യാഖ്യാനിക്കുന്നതു തടയാൻ നമുക്കു കഴിവുണ്ടായിരിക്കയില്ല. അത്തരം കാൎയ്യങ്ങൾ വളരെ വേഗം അനാഥമന്ദിരപ്രവൎത്തനത്തെ സാരമായി ബാധിച്ചേക്കാനിടയുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: ങ്ഹാ, അതാണു് അതിൻെറ ഫലമെങ്കിൽ—

മാൻഡേഴ്സ്: മാത്രമല്ല, എൻെറ വിഷമസ്ഥിതി, എന്നല്ല വ്യസനകരമായ അവസ്ഥ എന്നുതന്നെ ഞാൻ പറയട്ടെ— അക്കാൎയ്യവും തീരെ എനിക്കവഗണിക്കാൻ വയ്യാ. പട്ടണത്തിലെ ഉൽകൃഷ്ടവൃത്തങ്ങളിൽ ഈ അനാഥമന്ദിരത്തിൻെറ കാൎയ്യം വളരെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടു്. പോരെങ്കിൽ ഈ അനാഥമന്ദിരം കൊണ്ടു പട്ടണത്തിനു കുറെയൊക്കെ പ്രയോജനമുണ്ടാകുമല്ലോ. ഇതുകൊണ്ടു പട്ടണത്തിലെ യാചകനികുതിക്കു കാൎയ്യമായ കുറവുണ്ടാകുമെന്നും ഞാനാശിക്കുന്നു. പക്ഷെ, ഞാൻ ഇക്കാൎയ്യത്തിൽ നിങ്ങളുടെ ഉപദേശകനായതുകൊണ്ടും, അതിൻെറ സാമ്പത്തികകാൎയ്യങ്ങൾ നടത്താമെന്നേററതുകൊണ്ടും, കുബുദ്ധികൾ ആദ്യമായി ആക്രമിക്കുന്നതെന്നെയായിരിക്കും എന്നു എനിക്കു ഭയമുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: അതെ. നിങ്ങൾ അതിനിട കൊടുക്കരുതു്.

മാൻഡേഴ്സ്: ചില പത്രങ്ങളിലും മാസികകളിലും എന്നെപ്പററി തീർച്ചയായിട്ടും വരാവുന്ന ആക്രമണങ്ങളുടെ കാര്യം പിന്നെ പറയാനുമില്ല.

മിസ്സിസ് ആൽവിങ്ങ്: അക്കാൎയ്യത്തെപ്പററി ഇനി എന്തിനാണു സംസാരിക്കുന്നതു്, പ്രിയപ്പെട്ട മി. മാൻഡേഴ്സ്. അതു തീരുമാനമായി.

മാൻഡേഴ്സ്: അപ്പോൾ ഇൻഷൂർ ചെയ്യണ്ട എന്നാണു് നിങ്ങളുടെ ഇഷ്ടം ?

മിസ്സിസ് ആൽവിങ്ങ്: വേണ്ട. ആ ആലോചന ഉപേക്ഷിക്കുകതന്നെ.

മാൻഡേഴ്സ് : (കസേരയിൽ ചാരിക്കിടന്നുകൊണ്ടു്) പക്ഷേ, എന്തെങ്കിലും അത്യാഹിതം സംഭവിക്കുന്നുവെന്നു സങ്കല്പിക്കുക. വരാൻപോകുന്നതെങ്ങനെയറിയാം ? അങ്ങനെ സംഭവിച്ചാൽ നിങ്ങൾ ആ നഷ്ടം തീൎക്കാൻ സന്നദ്ധയാകുമോ ?

മിസ്സിസ് ആൽവിങ്ങ്: ഇല്ല. ഞാൻ തുറന്നു പറഞ്ഞേക്കാം. യാതൊരു പരിതസ്ഥിതിയിലും അങ്ങനെ ചെയ്യാൻ ഞാൻ തയ്യാറില്ല.

മാൻഡേഴ്സ്: എങ്കിലും മിസ്സിസ് ആൽവിങ്ങ് നിങ്ങാം ക്കറിയാമല്ലൊ, എത്ര ഭാരിച്ച ഒരു ചുമതലയാണ് നാം ഭര മേൽക്കുന്നതെന്നു്.

മിസ്സിസ് ആൽവിങ്ങ്: പക്ഷേ, നമുക്കു് മററു മാർഗ്ഗമുണ്ടെന്നു അങ്ങേയ്ക്കു തോന്നുന്നുണ്ടോ ?

മാൻഡേഴ്സ്: ഇല്ല. അതാണു വാസ്തവം. നമുക്കു മറെറാരു മാർഗ്ഗമില്ല. നാം ഒരു തെററിദ്ധാരണയ്ക്കു കാരണമുണ്ടാക്കരുതു്. അതേസമയം സമുദായത്തെ വെറുപ്പിക്കുന്ന യാതൊന്നും ചെയ്യാൻ നമുക്കു് അവകാശവുമില്ല.

മിസ്സിസ് ആൽവിങ്ങ്: അങ്ങു അതു ചെയ്യരുതു്. പ്രത്യേകിച്ചും ഒരച്ചനായിരിക്കുന്നതുകൊണ്ടു്.

മാൻഡേഴ്സ്: കൂടാതെ, നമ്മുടെ ഈ പ്രസ്ഥാനത്തിനു് തികഞ്ഞ സൗഭാഗ്യമുണ്ടായിരിക്കുമെന്നാണു് എൻെറ ഉറച്ച വിശ്വാസം — പോരാ, അതൊരു വിശിഷ്ട സംരക്ഷണത്തിൻ കീഴിലായിരിക്കുമെന്നു തന്നെ.

മിസ്സിസ് ആൽവിങ്ങ്: നമുക്കങ്ങനെ ആശിക്കാം, അച്ചാ.

മാൻഡേഴ്സ്: എങ്കിൽ അക്കാര്യം അങ്ങനെതന്നെയിരിക്കട്ടെ, അല്ലേ ?

മിസ്സിസ് ആൽവിങ്ങ്: നിശ്ചയമായും.

മാൻഡേഴ്സ്: അങ്ങനെയാകട്ടെ. നിങ്ങളുടെ ഇഷ്ടംപോലെ. (എന്തോ കുറിക്കുന്നു) അപ്പോൾ ഇൻഷൂറൻസ് വേണ്ട.

മിസ്സിസ് ആൽവിങ്ങ്: ഇതിനെപ്പററി ഇന്നു് അങ്ങു സംസാരിക്കാനിടവന്നതു് വളരെ വിചിത്രമായിരിക്കുന്നു.

മാൻഡേഴ്സ്: ഞാൻ പല പ്രാവശ്യവും നിങ്ങളോടു് ഇക്കാര്യം പറയാൻ ഉദ്ദേശിച്ചതാണു്.

മിസ്സിസ് ആൽവിങ്ങ് : എന്താണെന്നുവെച്ചാൽ ഇന്നലെ അവിടെ ഒരു തീപിടുത്തമുണ്ടാകാൻ തുടങ്ങിയതാണു്.

മാൻഡേഴ്സ്: വാസ്തവം ?

മിസ്സിസ് ആൽവിങ്ങ്: പക്ഷേ, യഥാർത്ഥത്തിൽ കാര്യം ഗൗരവമുള്ളതൊന്നുമായിരുന്നില്ല. മരപ്പണിസ്ഥലത്തു കുറച്ചു ചെത്തുപൂളിനു തീപിടിച്ചു.

മാൻഡേഴ്സ്: എങ്സ്ട്രാൻഡ് ജോലിചെയ്യുന്ന സ്ഥലത്തോ?

മിസ്സിസ് ആൽവിങ്ങ്: അതെ. അയാൾ തീപ്പെട്ടിക്കൊള്ളികളിടുന്നതും തീരെ അലക്ഷ്യമായിട്ടാണെന്നാണു പറയുന്നതു്.

മാൻഡേഴ്സ്: പാവം! അയാൾക്കു് മനസ്സിൽ എന്തെല്ലാമാണെന്നറിയാമോ? എന്തെല്ലാം മനശ്ശല്യങ്ങൾ! ദൈവകൃപയാൽ, അയാൾ ഒരു വിശുദ്ധജീവിതം നയിക്കാൻ വളരെ പരിശ്രമിക്കുന്നുണ്ടെന്നാണു കേട്ടതു്.

മിസ്സിസ് ആൽവിങ്ങ്: ആങ്ഹാ! ഇതാരു പറഞ്ഞു?

മാൻഡേഴ്സ്: അങ്ങനെയാണു് അയാൾതന്നെ എന്നോടു പറഞ്ഞതു്. അയാൾ ഒരു നല്ല വേലക്കാരനുമാണു്.

മിസ്സിസ് ആൽവിങ്ങ്: അതെയതെ, കുടിക്കാതിരിക്കുമ്പോൾ.

മാൻഡേഴ്സ്: ഹാ! അയാളുടെ ആ വേദനാകരമായ ദൗർബ്ബല്യം! പക്ഷേ, അയാളുടെ കാലിലെ വേദനകൊണ്ടാണു കുടിക്കുന്നതെന്നു് അയാൾ എന്നോടു പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം അയാൾ പട്ടണത്തിൽ വന്നപ്പോൾ, എനിക്കു് യഥാർത്ഥത്തിൽ അയാളോടലിവു തോന്നി. റെജീനയെ കാണാൻ സൗകര്യമുള്ള ഇവിടെ ജോലിയുണ്ടാക്കിക്കൊടുത്തതിനു്, അയാൾ വീട്ടിൽ വന്നു വളരെ നന്ദിയോടെ കൃതജ്ഞത പറഞ്ഞു.

മിസ്സിസ് ആൽവിങ്ങ്: അയാൾ അവളെയധികം കാണുന്നില്ല.

മാൻഡേഴ്സ്: പക്ഷേ, അയാൾ അവളെ എല്ലാ ദിവസവും കാണുന്നുണ്ടെന്നാണു് എന്നോടു പറഞ്ഞതു്.

മിസ്സിസ് ആൽവിങ്ങ്: ഓ, ചിലപ്പോൾ ഉണ്ടായിരിക്കാം.

മാൻഡേഴ്സ്: ഇഹലോകമോഹങ്ങൾ അയാളെ അലട്ടുമ്പോൾ, അയാളെ നിയന്ത്രിക്കാൻ കഴിവുള്ള ഒരാളുണ്ടായിരിക്കണമെന്നു് അയാൾക്കു ശക്തിയായ ആഗ്രഹമുണ്ടു്. അതാണു് ജേക്കബ്ബ് എങ്സ്ട്രാൻഡിനെ നാം സ്നേഹിച്ചുപോകുന്നതു്. അയാൾ കൊച്ചു കുട്ടിയെപ്പോലെ നമ്മുടെ അടുത്തു വന്നു ദൗർബ്ബല്യങ്ങളെല്ലാം ഏററുപറയുന്നു. കഴിഞ്ഞ പ്രാവശ്യം അയാൾ എന്നെ കണ്ടു സംസാരിക്കാൻ വന്നപ്പോൾ—നോക്കൂ, മിസ്സിസ് ആൽവിങ്ങ്, റെജീന അയാളുടെകൂടെ വീട്ടിലുണ്ടായിരിക്കുന്നതു് അയാളുടെ ജീവിതത്തിനു് അത്യന്താപേക്ഷിതമാണെങ്കിൽ —

മിസ്സിസ് ആൽവിങ്ങ്: (പെട്ടെന്നെഴുന്നേററ്) റെജീനാ !

മാൻഡേഴ്സ്: — നിങ്ങൾ അതെതിർത്തുകൂടാ മിസ്സിസ് ആൽവിങ്ങ്.

മിസ്സിസ് ആൽവിങ്ങ്: തീർച്ചയായും ഞാനതിനെ സർവ്വശക്തിയുമുപയോഗിച്ചെതിർക്കും. പോരെങ്കിൽ, നിങ്ങൾക്കറിയാമല്ലോ, റെജീനയ്ക്കു് അനാഥമന്ദിരത്തിൽ ജോലിയുണ്ടെന്നു് ?

മാൻഡേഴ്സ്: പക്ഷേ, ഒന്നോർക്കണം. എന്തൊക്കെയാണെങ്കിലും അയാൾ അവളുടെ അപ്പനല്ലേ—

മിസ്സിസ് ആൽവിങ്ങ് : അയാൾ അവൾക്കു് എത്രമാത്രം യോഗ്യനായ ഒരപ്പനാണെന്നു് എനിക്കാണറിവുള്ളതു്. ഇല്ല, എൻെറ സമ്മതത്തോടുകൂടി അവൾ അയാളുടെ കൂടെ പോവുകയില്ല.

മാൻഡേഴ്സ്: (എഴുന്നേററ്) പ്രിയപ്പെട്ട മിസ്സിസ് ആൽവിങ്ങ്, ഇത്ര വേഗം തീരുമാനങ്ങളെടുക്കരുതേ. പാവം എങ്ങ്സ്ട്രാൻഡിനെ നിങ്ങൾ ദയനീയമായി തെററിദ്ധരിക്കുന്നു. ഇതു കണ്ടാൽ തോന്നും നിങ്ങൾ ഭയപ്പെടുന്നതു്—

മിസ്സിസ് ആൽവിങ്ങ്: (കുറെക്കൂടി ശാന്തയായി) കാര്യമതല്ല. റെജീനയെ ഞാൻ ഏറെറടുത്തിരിക്കയാണു്. അവൾ എൻെറ ചുമതലയിൽത്തന്നെയിരിക്കുകയും ചെയ്യും. (ശ്രദ്ധിച്ചുകൊണ്ടു്) ശ്ശ്. മിസ്റ്റർ മാൻഡേഴ്സ്, ആ വിഷയം ഇനി പറയരുതേ. (അവരുടെ മുഖം ആനന്ദംകൊണ്ടു പ്രകാശിക്കുന്നു) കേൾക്കുന്നില്ലേ ? ഓസ്‌വോൾഡ് ഇറങ്ങി വരികയാണു്. തല്ക്കാലം നമുക്കു് അവനെപ്പററി ചിന്തിച്ചാൽ മതി.

ഓസ്‌വോൾഡ് നേരിയ ഒരു പുറംകുപ്പായവുമായി ഇടത്തുവശത്തെ വാതിലിൽക്കൂടി പ്രവേശിക്കുന്നു. തൊപ്പി കയ്യിലെടുത്തിരിക്കുന്നു. ഒരു വലിയ 'മീർഷോം' പൈപ്പ് വലിക്കുന്നുണ്ടു്.

ഓസ്‌വോൾഡ്: (വാതില്ക്കൽ നിന്നുകൊണ്ടു്) മാപ്പു്. നിങ്ങൾ ഇവിടെയുണ്ടെന്നു ഞാനറിഞ്ഞില്ല. ആഫീസുമുറിയിലായിരിക്കുമെന്നു വിചാരിച്ചു. (അകത്തേയ്ക്കു കടന്നു്) എപ്പോൾ വന്നു, മിസ്റ്റർ മാൻഡേഴ്സ് ?

മാൻഡേഴ്സ്: (ഓസ്‌വാൾഡിനെ തുറിച്ചു നോക്കിക്കൊണ്ടു്) ഹും! അല്ലാ. ആരാണിതു്....

മിസ്സിസ് ആൽവിങ്ങ്: എന്താ, അവനെങ്ങിനെയിരിക്കുന്നു, മിസ്റ്റർ മാൻഡേഴ്സ് ?

മാൻഡേഴ്സ്: ഞാൻ......ഞാൻ......ഇല്ല. ഇതു് ഓസ്‌വോാൾഡ് തന്നെയാണോ ?

ഓസ്‌വോാൾഡ്: അതെ. ആ മുടിയനായ പുത്രൻ തന്നെയാണിതു്, അച്ഛാ.

മാൻഡേഴ്സ്: അങ്ങനെ പറയാതെ കുഞ്ഞേ...

ഓസ്‌വോാൾഡ്: എങ്കിൽ പോകട്ടെ. മടങ്ങിയെത്തിയ സന്തതി, എന്താ ?

മിസ്സിസ് ആൽവിങ്ങ്: അച്ഛാ, അവൻ ചിത്രകാരനാവുന്നതിനെ അങ്ങു് എതിർത്ത കാലമാണു് അവൻ ഓർമ്മിക്കുന്നതു്.

മാൻഡേഴ്സ്: നമുക്കെല്ലാം തെററുപററാം. ആദ്യം ആപൽകരമെന്നു നമുക്കു തോന്നുന്ന പലതും പിന്നീടു്.... (ഓസ്‌വോാൾഡിൻെറ കൈ പിടിച്ചു കുലുക്കുന്നു) വരൂ, വരൂ പ്രിയപ്പെട്ട ഓസ്‌വോാൾഡ്, പേരു വിളിക്കുന്നതിൽ വിരോധമില്ലല്ലോ.

ഓസ്‌വോാൾഡ്: അതല്ലെങ്കിൽ പിന്നെ എന്നെ എന്തെന്നു വിളിക്കും ?

മാൻഡേഴ്സ്: സന്തോഷം ഓസ്‌വോാൾഡ്. പ്രിയപ്പെട്ട ഓസ്‌വോാൾഡ്, ഞാൻ പറയുന്നതിത്രയേയുള്ളു. ചിത്രകാരൻെറ തൊഴിലിനോടു് എനിക്കു നിരപേക്ഷമായ വെറുപ്പൊന്നുമുണ്ടെന്നു നിങ്ങൾ ധരിക്കരുതു്. ആ തൊഴിലിൽ പോലും ആത്മസത്തയുടെ പരിശുദ്ധി പാലിക്കാൻ കഴിയുന്ന പലരുമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു.

ഓസ്‌വോാൾഡ്: അങ്ങനെയായിരിക്കുമെന്നു നമുക്കാശിക്കുക തന്നെ.

മിസ്സിസ് ആൽവിങ്ങ്: (ആനന്ദം കൊണ്ടു പ്രസാദിച്ചു്) ആത്മസത്തയും ബാഹ്യസത്തയും ഒരുപോലെ വിശുദ്ധമായിരിക്കുന്ന ഒരാളെയെങ്കിലും എനിക്കറിയാം. അവനെ ഒന്നു നോക്കു, മിസ്റ്റർ മാൻഡേഴ്സ്.

ഓസ്‌വോാൾഡ്: (മുറിയിൽക്കൂടി നടക്കുന്നു) അതെ. അതെയമ്മേ. ശരി തന്നെ.

മാൻഡേഴ്സ്: സംശയമെന്തു് ? അതാക്കും നിഷേധിക്കാൻ കഴികയില്ല. നിങ്ങൾ കുറെയൊക്കെ പ്രസിദ്ധനായിക്കഴിഞ്ഞെന്നും ഞാൻ കേട്ടു. പലപ്പോഴും ഞാൻ നിങ്ങളെപ്പററി വർത്തമാനപത്രങ്ങളിൽ വായിച്ചിട്ടുണ്ടു് എല്ലാം വളരെ പ്രശംസാപരമായ വാർത്തകളാണുതാനും. എങ്കിലും പറയണ

മല്ലോ, കുറച്ചു നാളായി നിങ്ങളുടെ പേരും അങ്ങിനെയ ധികം കാണാറില്ല.

ഓസ്‌വോാൾഡ്: (പൂച്ചട്ടികൾ വച്ചിരിക്കുന്ന മുറിയുടെ നേരെ തിരിഞ്ഞുകൊണ്ടു്) ഈയിടെ ഞാനധികമൊന്നും വരയ്ക്കാറില്ല.

മിസ്സിസ് ആൽവിങ്ങ്: മററുള്ളവരെപ്പോലെ ചിത്രകാരന്മാക്കും കുറച്ചൊരു വിശ്രമം വേണ്ടേ ?

മാൻഡേഴ്സ്: തീർച്ചയായും, തീർച്ചയായും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവർ അടുത്ത യത്നത്തിനുവേണ്ടി തയ്യാറാവുകയും ശക്തി ആർജ്ജിക്കുകയും ചെയ്യുയായിരിക്കും.

ഓസ്‌വോാൾഡ്: അതെ അമ്മേ, ഭക്ഷണം തയ്യാറായോ ?

മിസ്സിസ് ആൽവിങ്ങ്: അര മണിക്കൂറിനകം. അവനു വിശപ്പിനും മററും കുറവില്ല, ഭാഗ്യം !

മാൻഡേഴ്സ്: പുകയിലയോടു നല്ല പ്രതിപത്തിയുമുണ്ടു്.

ഓസ്‌വോാൾഡ്: അപ്പൻെറ പൈപ്പു മുകളിലത്തെ മുറിയിലിരിക്കുന്നതു കണ്ടു. എന്നിട്ടു് ...

മാൻഡേഴ്സ്: ങ്ഹാ ! അതാണു കാര്യം ! ആഹാ !

മിസ്സിസ് ആൽവിങ്ങ്: എന്തു് ?

മാൻഡേഴ്സ്: പൈപ്പും കടിച്ചു പിടിച്ചു നിങ്ങൾ ആ വാതില്ക്കൽ വന്നപ്പോൾ, ഓസ്‌വോാൾഡിൻെറ അപ്പൻ തന്നെയാണെന്നെനിക്കു തോന്നി.

ഓസ്‌വോാൾഡ്: ഉവ്വോ ?

മിസ്സിസ് ആൽവിങ്ങ്: ആ പറയുന്നതിലത്ഥമില്ല. ഓസ്‌വോാൾഡിനു് എൻെറ ഛായയാണു്.

മാൻഡേഴ്സ്: അതെ. പക്ഷേ, ഓസ്‌വോാൾഡിൻെറ വായ്ക്കു്, ചുണ്ടുകൾക്കെന്നു പറയാം, എന്തോ ഒരു സവിശേഷതയുണ്ടു്. അതു് മിസ്റ്റർ ആൽവിങ്ങിനെത്തന്നെ ഓർമ്മപ്പെടുത്തുന്നു; പ്രത്യേകിച്ചും പുകവലിക്കുമ്പോൾ.

മിസ്സിസ് ആൽവിങ്ങ്: എനിക്കങ്ങനെ തോന്നുന്നേയില്ല. എൻെറ അഭിപ്രായം ഓസ്‌വോാൾഡിനു് ഒരു പുരോഹിതൻെറ വായു് ആണെന്നാണു്.

മാൻഡേഴ്സ്: ഉം, ശരിയാണു്. എൻെറ പല വൈദിക സഹോദരന്മാക്കും അങ്ങനെയുള്ള മുഖലക്ഷണമുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: എങ്കിലും പൈപ്പു് താഴെ വെയ്ക്കു മകനെ. ഈ മുറിയിൽ പുകവലിക്കുന്നതു് എനിക്കിഷ്ടമില്ല.

ഓസ്ംവോറംഡ്: (പൈപ്പ് താഴെ വയ്ക്കുന്നു) അങ്ങനെയാകട്ടെ. ഞാൻ ഒന്നു പരീക്ഷിച്ചുനോക്കിയെന്നേയുള്ളു, പഴയ ഓർമ്മ കൊണ്ടു്. ഞാൻ കുട്ടിയായിരുന്നപ്പോറം ഇതു വലിച്ചുനോക്കിയിട്ടുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: നീ !

ഓസ്ംവോറംഡ്: അതെ, ഞാൻ. ഞാൻ തീരെ കൊച്ചു കുട്ടിയായിരുന്നപ്പോഴാണ്, അപ്പൻ നല്ലവണ്ണം രസിച്ചിരിക്കുമ്പോറം ഞാൻ മുകളിലെ മുറിയിലേയ്ക്കു ചെന്നതു് എനിക്കിപ്പോഴും ഓർമ്മയുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: ഓ. അക്കാലത്തെപ്പററി നിനക്കെന്തോർമ്മിക്കാൻ കഴിയും ?

ഓസ്ംവോറംഡ്: ഉവ്വ്. അപ്പച്ചൻ എന്നെ മടിയിലിരുത്തിയതും പൈപ്പ് വലിക്കാൻ തന്നതുമെല്ലാം ഞാൻ ശരിയായിട്ടോർമ്മിക്കുന്നുണ്ടു്. ''വലിക്കെടാ മോനേ, ശരിക്കു വലിക്കു്'', എന്നാണപ്പൻ പറഞ്ഞതു്. എൻെറ മുഴുവൻ ശക്തിയുമുപയോഗിച്ചു ഞാൻ വലിച്ചു. വിളറി, നെററിയിലെല്ലാം വിയർപ്പു പൊടിയുന്നതുവരെ. അപ്പോറം അപ്പൻ ചിരിച്ചു. എന്തൊരു രസം പിടിച്ച ചിരി...

മാൻഡേഴ്സ്: വളരെ അസാധാരണമായ ഒരു നടപടി.

മിസ്സിസ് ആൽവിങ്ങ്: പ്രിയപ്പെട്ട അച്ചാ, ഇതെല്ലാം ഓസ്ംവോറംഡ് സ്വപ്നം കണ്ടതാണ്.

ഓസ്ംവോറംഡ്: അല്ല, അമ്മേ. അതു സ്വപ്നമൊന്നുമായിരുന്നില്ല. എന്താണെന്നുവച്ചാൽ, അപ്പോറം അമ്മ മുറിയിലേയ്ക്കു വന്നു, ഓർമ്മിക്കുന്നില്ലേ ? എന്നിട്ടെന്നെ എൻെറ മുറിയിലേയ്ക്കു കൊണ്ടുപോയി, അവിടെ ഞാൻ ഛർദ്ദിച്ചു. അമ്മ കരയുന്നതും ഞാൻ കണ്ടു. അപ്പൻ സാധാരണയായി ഇത്തരം വികൃതികറം കാട്ടാറുണ്ടായിരുന്നോ ?

മാൻഡേഴ്സ്: ചെറുപ്പത്തിൽ അദ്ദേഹം മഹാ രസികനായിരുന്നു.

ഓസ്ംവോറംഡ്: എങ്കിലും ജീവിതത്തിൽ അപ്പച്ചൻ എന്തെല്ലാം ചെയ്തു. പ്രയോജനകരമായ എത്ര നല്ല കാര്യങ്ങറം —അധികകാലം ജീവിച്ചില്ലെങ്കിലും.

മാൻഡേഴ്സ്: അതെ, പ്രിയപ്പെട്ട ഓസ്ംവോറംഡ് ആൽവിങ്ങ്, നിങ്ങറം വഹിക്കുന്നതു്, തികച്ചും ഊർജ്ജസ്വലനും ഗണനീയനുമായ ഒരു വ്യക്തിയുടെ നാമധേയമാണ്. നിങ്ങളുടെ പ്രയത്നങ്ങറംക്കു് അതൊരു പ്രോത്സാഹനമായിരിക്കുമെന്നുതന്നെ ഞങ്ങളാശിക്കുന്നു.

ഓസ്‌വോാൾഡ്: നിശ്ചയമായും അതങ്ങനെയായിരിക്കേണ്ടതാണ്.

മാൻഡേഴ്സ്: ഏതായാലും അദ്ദേഹത്തിൻെറ ഓർമ്മയെ വാഴ്ത്തുന്ന ദിവസത്തേയ്ക്കു് നിങ്ങാം വരാമെന്നു വച്ചതു് യുക്തമായി.

ഓസ്‌വോാൾഡ്: എൻെറ അപ്പനുവേണ്ടി അത്രയെങ്കിലും ചെയ്യണ്ടേ ?

മിസ്സിസ് ആൽവിങ്ങ്: ഇത്രയുംനാം അവൻ എൻെറകൂടെ താമസിക്കാമെന്നു സമ്മതിച്ചതു്—അതാണ്. അവൻ ചെയ്തതിൽ വച്ചേററം നല്ല കായ്യം.

മാൻഡേഴ്സ്: അതെ. ഈ വർഷക്കാലമെല്ലാം നിങ്ങാം ഇവിടെ താമസിക്കാൻ നിശ്ചയിച്ചിരിക്കയാണെന്നു കേട്ടു.

ഓസ്‌വോാൾഡ്: ഞാനിവിടെ എത്രകാലമുണ്ടായിരിക്കുമെന്നു് തീർച്ചയില്ല, മിസ്റ്റർ മാൻഡേഴ്സ്. ഹാ, വീട്ടിൽ തിരിച്ചെത്തുന്നതു് എത്ര സന്തോഷമാണെന്നോ ?

മിസ്സിസ് ആൽവിങ്ങ്: (പ്രസന്നയായി) പിന്നെയല്ലാതെ !

മാൻഡേഴ്സ്: (സഹതാപത്തോടുകൂടി ഓസ്‌വോാൾഡിനെ നോക്കിക്കൊണ്ടു്) എൻെറ ഓസ്‌വോാൾഡ്, നിങ്ങാം തീരെ പിഞ്ചുകുട്ടിയായിട്ടാണ് ബാഹ്യലോകത്തിലേയ്ക്കു കാൽ കുത്തിയതു്.

ഓസ്‌വോാൾഡ്: ശരിയാണ്. ചിലപ്പോഴെനിക്കു തോന്നാറുണ്ടു് ഞാൻ തീരെ കുട്ടിയായിരുന്നില്ലേ എന്നു്.

മിസ്സിസ് ആൽവിങ്ങ്: ഒരിക്കലുമല്ല; ചുണയുള്ള ഒരു കുട്ടിക്കു് അതാണേററം നന്നു്. പ്രത്യേകിച്ചും ഒരു ഏകസന്താനത്തിനു്. അവരെ മാതാപിതാക്കന്മാരുടെകൂടെ വീട്ടിലിരുത്തി കൊഞ്ചിക്കുന്നതു കഷ്ടമാണ്.

മാൻഡേഴ്സ്: അതു ഭിന്നാഭിപ്രായത്തിനു് വകയുള്ള വിഷയമാണ് മിസ്സിസ് ആൽവിങ്ങ്. ഒരു കുട്ടിയുടെ സ്വന്തം വീടാണ് അവനു് ഏററവും യോജിച്ച സ്ഥലം; അങ്ങനെയായിരിക്കയും വേണം.

ഓസ്‌വോാൾഡ്: അവിടെ ഞാൻ മിസ്റ്റർ മാൻഡേഴ്സിനോടു പരിപൂണ്ണമായി യോജിക്കുന്നു.

മാൻഡേഴ്സ്: നിങ്ങളുടെ മകൻെറ കായ്യം തന്നെയെടുക്കുക. ഓഹോ, അതിനെപ്പററി നമുക്കു് അയാളുടെ കോംക്കെത്തന്നെ സംസാരിക്കാം. അയാളുടെ കായ്യത്തിലുണ്ടായ ഭവിഷ്യ

ത്തെന്താണു് ? വയസ്സു് ഇരുപത്താറോ ഇരുപത്തേഴോ ആയിരിക്കുന്നു; പക്ഷേ, ക്രമീകൃതമായ ഒരു കുടുംബമെന്താണെന്നു മനസ്സിലാക്കുന്നതിനുള്ള അവസരമിതുവരെ ലഭിച്ചിട്ടില്ല.

ഓസ്‌വോരംഡ്: ക്ഷമിക്കണം മിസ്റ്റർ മാൻഡേഴ്‌സ്, അവിടെ നിങ്ങരംക്കു തികച്ചും തെററു പററിയിരിക്കുന്നു.

മാൻഡേഴ്‌സ്: ആങ്ഹാ! നിങ്ങളുടെ വിദേശവാസം മിക്കവാറും കലാകാരന്മാരുടെ കൂട്ടത്തിലായിരുന്നുവെന്നാണു് ഞാൻ ധരിച്ചതു്.

ഓസ്‌വോരംഡ്: അങ്ങനെയായിരുന്നു.

മാൻഡേഴ്‌സ്: പ്രത്യേകിച്ച ചെറുപ്പക്കാരായ കലാകാരന്മാരുടെ കൂടെ.

ഓസ്‌വോരംഡ്: അങ്ങനെതന്നെ.

മാൻഡേഴ്‌സ്: പക്ഷേ, ഞാൻ മനസ്സിലാക്കിയിട്ടുള്ളതു് ഈ മാന്യന്മാക്കു് കുടുംബവും വീടുമൊക്കെ സംരക്ഷിക്കാനുള്ള വകയില്ലെന്നാണു്.

ഓസ്‌വോരംഡ്: മിസ്റ്റർ മാൻഡേഴ്‌സ്, വിവാഹം ചെയ്യാൻ കഴിവില്ലാത്തവർ അവരുടെയിടയിൽ അനവധിയുണ്ടു്.

മാൻഡേഴ്‌സ്: അതാണു ഞാൻ പറയുന്നതു്.

ഓസ്‌വോരംഡ്: എങ്കിലും, അവക്കും സ്വന്തമായി ഒരു വീടുണ്ടാകാം. അനേകക്കുണ്ടുതാനും. ഭംഗിയായി ക്രമീകരിച്ച, സുഖമായ ജീവിതവുമാണവ.

അയാരം പറയുന്നതു് സശ്രദ്ധം കേട്ടുകൊണ്ടിരിക്കുന്ന മിസ്സിസ് ആൽവിങ്ങ് അനുഭാവപൂവ്വം തലകുലുക്കുന്നു. പക്ഷേ, ഒന്നും പറയുന്നില്ല.

മാൻഡേഴ്‌സ്: ഓ. ഞാൻ അവിവാഹിതരുടെ മടകളെയല്ല ഉദ്ദേശിക്കുന്നതു്. വീടെന്നു പറഞ്ഞതുകൊണ്ടു് ഞാൻകുടുംബജീവിതമെന്നാണത്ഥമാക്കുന്നതു് — ഭാൎയ്യയും കുട്ടികളുമായി ജീവിക്കുന്നവരുടെ വീടു്.

ഓസ്‌വോരംഡ്: അതുതന്നെ. അല്ലെങ്കിൽ കുട്ടികളും കുട്ടികളുടെ അമ്മയുമായി.

മാൻഡേഴ്‌സ്: (ഞെട്ടി കൈ കൂപ്പിക്കൊണ്ടു്) ഈശ്വരാ !

ഓസ്‌വോരംഡ്: എന്താണു കാൎയ്യം ?

മാൻഡേഴ്‌സ്: എന്തു്, കുട്ടികളുടെ അമ്മയുമായി ജീവിക്കുന്നെന്നോ ?

ഓസ്‌വോൾഡ്: എന്ത്, ഏ? അപ്പോൾ നിങ്ങൾ പറയുന്നതു് അയാൾ തൻെറ കുട്ടികളുടെ അമ്മയെ ഉപേക്ഷിക്കണമെന്നാണോ?

മാൻഡേഴ്സ്: അപ്പോൾ നിങ്ങൾ സംസാരിക്കുന്നതു്, കൂടിത്താമസം എന്നറിയപ്പെടുന്ന ആ നെറികെട്ട ഏപ്പാടിനെപ്പററിയാണു്?

ഓസ്‌വോൾഡ്: ആ മനുഷ്യരുടെ ജീവിതത്തിൽ കാര്യമായ എന്തെങ്കിലും നെറികേട്ട ഞാൻ കണ്ടിട്ടില്ല.

മാൻഡേഴ്സ്: പക്ഷേ, ഒരു മാതിരി മാനംമര്യാദയായി വളന്ന ഒരു പുരുഷനും, സ്ത്രീക്കും അത്തരം ഒരു ജീവിതരീതിയോടിണങ്ങിച്ചേരാൻ കഴിയുമെന്നാണോ നിങ്ങൾ പറയുന്നതു്? പോരെങ്കിൽ ഒരു മറവും കൂടിയില്ല!

ഓസ്‌വോൾഡ്: മറെറന്താണു് അവർ ചെയ്യേണ്ടതു്? ദരിദ്രനായ ഒരു ചിത്രകാരൻ, ഒരു സാധു പെൺകുട്ടിയും. വിവാഹം ചെയ്യാൻ എത്ര പണമുണ്ടെങ്കിലാണ കഴിയുക. പിന്നെയെന്താണ പോംവഴി?

മാൻഡേഴ്സ്: അവരെന്താണ ചെയ്യേണ്ടതെന്നോ? ശരി മിസ്റ്റർ ആൽവിങ്ങ്, ഞാൻ പറഞ്ഞുതരാം അവരെന്താണ ചെയ്യേണ്ടതെന്നു്. ആദ്യം മുതലേ അവർ പരസ്പരം അകന്നു ജീവിക്കണം. അതാണവർ ചെയ്യേണ്ടതു്.

ഓസ്‌വോൾഡ്: രക്തത്തിനു ചൂടുള്ള കമിതാക്കളുടെമേൽ ആ ഉപദേശത്തിനു കാര്യമായ യാതൊരു ഫലവുമുണ്ടാകയില്ല.

മിസ്സിസ് ആൽവിങ്ങ്: ഇല്ല. അതുണ്ടാവുകയില്ല.

മാൻഡേഴ്സ്: (വിടാതെ) ഇത്തരം ചെയ്തികളെല്ലാം അധികാരികൾ വച്ചുപൊറുപ്പിക്കുന്നുവെന്നോക്കുമ്പോൾ! പരസ്യമായി ഇതെല്ലാം നടത്താൻ സമ്മതിക്കുന്നുവെന്നു്! (മിസ്സിസ് ആൽവിങ്ങിൻെറ നേരെ തിരിഞ്ഞു്) അപ്പോൾ, നിങ്ങളുടെ പുത്രനെപ്പററി ആശങ്കിക്കുവാൻ എനിക്കു ന്യായമുണ്ടായിരുന്നില്ല, അല്ലേ? പരസ്യമായ വ്യഭിചാരം നിരന്തരമായ സാഹചര്യങ്ങളിൽ—എന്നല്ല, അതു വാഴ്ത്തപ്പെടുന്ന അന്തരീക്ഷത്തിൽ.....

ഓസ്‌വോൾഡ്: ഞാൻ ഒരു കാര്യം പറയട്ടെ മിസ്റ്റർ മാൻഡേഴ്സ്. ഈ നെറികെട്ട കുടുംബങ്ങളിൽ ചിലതിൽ ഞാൻ—ഞാൻ ഞായറാഴ്ചതോറും ഒരു നിത്യാതിഥിയായിരുന്നു.....

മാൻഡേഴ്സ്: ഞായറാഴ്ചകളിലും !

ഓസ്വോാഡ്: അതെ. അതാണല്ലോ വിശ്രമദിവസം. അസഭ്യമായ ഒരു പദം ഞാനവിടെ കേട്ടിട്ടില്ല. അസാന്മാ ർഗ്ഗികമെന്നു പറയാവുന്ന യാതൊന്നും ഞാനവിടെ കണ്ടി ട്ടില്ല. ഇല്ല, പക്ഷെ, കലാകാരന്മാരുടെ കേന്ദ്രങ്ങളിൽ അ സാന്മാർഗ്ഗികമായതു ഞാൻ എവിടെവച്ചാണു കണ്ടിട്ടുള്ള തെന്നു നിങ്ങഠംക്കറിയാമോ ?

മാൻഡേഴ്സ്: ഇല്ല. ഭാഗ്യവശാൽ എനിക്കറിയില്ല.

ഓസ്വോാഡ്: ശരി, അങ്ങനെയാണെങ്കിൽ അക്കഥ പറ യുവാൻ എനിക്കു രസമുണ്ട്. നിങ്ങളുടെ ഈ മാതൃകാഭർത്താ ക്കന്മാരും പിതാക്കന്മാരുമില്ലേ, അവർ പാവപ്പെട്ട കലാ കാരന്മാരുടെ ദരിദ്രഭവനങ്ങളിൽ നേരിട്ടു ഹാജരായി, അ വരെ ബഹുമാനിക്കുന്ന സന്ദർഭങ്ങളിൽ ഞാൻ അതു കണ്ടി ട്ടുണ്ട്. അപ്പോഠം ഞങ്ങഠംക്കു ചിലതൊക്കെ മനസ്സിലാ ക്കാനും ഇടയായിട്ടുണ്ടെന്നു പറയാം. ഞങ്ങഠം സ്വപ്നം കാണുകപോലും ചെയ്യിട്ടില്ലാത്ത സ്ഥലങ്ങളും കാര്യങ്ങളും ഞങ്ങഠംക്കു പറഞ്ഞുതരാൻ ഈ മാന്യന്മാർക്കു കഴിവുണ്ടായി രുന്നു.

മാൻഡേഴ്സ്: എന്ത്, നിങ്ങഠം എന്നെ വിശ്വസിപ്പി ക്കാൻ ശ്രമിക്കുന്നതു്, മാന്യന്മാരായ മനുഷ്യർ അവരുടെ വീട്ടിൽനിന്നു പുറത്തിറങ്ങിയാൽ....

ഓസ്വോാഡ്: ഈ മാന്യന്മാർ തിരിച്ചു വീട്ടിലെത്തു മ്പോഠം വിദേശങ്ങളിൽ വ്യഭിചാരം എത്ര സർവ്വസാധാരണ മാണെന്നു നെടുനെടുങ്കൻ പ്രസംഗങ്ങഠം ചെയ്യുന്നതു നിങ്ങഠം കേട്ടിട്ടില്ലായിരിക്കുമോ ?

മാൻഡേഴ്സ്: തീർച്ചയായും കേട്ടിട്ടുണ്ട്. പക്ഷേ,....

മിസ്സിസ് ആൽവിങ്ങ്: ഞാനുമതു കേട്ടിട്ടുണ്ട്.

ഓസ്വോാഡ്: ശരി. നിങ്ങഠംക്ക്, അവർ പറയുന്നതു സംശയലേശമെന്യേ വിശ്വസിക്കാം. അവരിൽ ചിലർ ഇക്കാര്യത്തിൽ വിദഗ്ദ്ധന്മാരാണ്. (ശിരസ്സു കൈയിൽ താങ്ങി ക്കൊണ്ട്) ഓ, അവിടത്തെ മനോഹരമായ ജീവിതത്തിൻെറ മഹനീയസ്വാതന്ത്ര്യം ഇങ്ങനെ കരിതേയ്ക്കപ്പെടുന്നുവെന്നോ ർക്കുമ്പോഠം !

മിസ്സിസ് ആൽവിങ്ങ്: ക്ഷോഭിക്കാതെ, ഓസ്വോാഡ്. അതുകൊണ്ടെന്താണു പ്രയോജനം ?

ഓസ്വോാഡ്: ഒരു പ്രയോജനവുമില്ല. അമ്മ പറയുന്നതു തികച്ചും ശരിയാണ്, പോരെങ്കിൽ അതെനിക്കു നല്ലതു

മല്ല. അമ്മേ, എൻെറ ദുസ്സഹമായ ക്ഷീണമാണിതിനൊക്കെ കാരണം. ഞാൻ പോയി ഒന്നു നടന്നിട്ടു വരാം, ഭക്ഷണത്തിനു മുമ്പ്. മാപ്പ്, മിസ്റ്റർ മാൻഡേഴ്സ്. നിങ്ങൾക്ക് ഈ വികാരം മനസ്സിലാക്കാൻ സാധ്യമല്ല. പക്ഷെ, എന്നെ അതിങ്ങനെയാണു ബാധിക്കുന്നതു്. (വലത്തുവശത്തു ദൂരെയുള്ള വാതിലിൽ കൂടി പോകുന്നു.)

മിസ്സിസ് ആൽവിങ്ങ്: പാവം, എൻെറ മകൻ!

മാൻഡേഴ്സ്: നിങ്ങൾ പറയുന്നതു തികച്ചും ശരിയാണു്. ഇതൊക്കെ അയാളെ എവിടെയാണെത്തിച്ചതെന്നു നോക്കു. (മിസ്സിസ് ആൽവിങ്ങ് മാൻഡേഴ്സിൻെറ നേരേ നോക്കുന്നു. പക്ഷേ, ഒന്നും സംസാരിക്കുന്നില്ല) അയാൾ സ്വയം മുടിയനായ പുത്രൻ എന്നാണു വിളിച്ചതു്. അതെത്ര ശരിയാണു്! കഷ്ടം! എത്ര ശരി! (മിസ്സിസ് ആൽവിങ്ങ് അദ്ദേഹത്തെ ഉററു നോക്കുന്നു) ഇതിനെപ്പററി നിങ്ങൾക്കെന്താ പറയാനുള്ളതു്?

മിസ്സിസ് ആൽവിങ്ങ്: ഓസ്വോൾഡ് പറഞ്ഞ ഓരോ വാക്കും അക്ഷരംപ്രതി ശരിയാണെന്നാണു ഞാൻ പറയുന്നതു്.

മാൻഡേഴ്സ്: ശരിയോ? ഇത്തരം തത്വങ്ങളിൽ വിശ്വസിക്കുന്നതോ?

മിസ്സിസ് ആൽവിങ്ങ്: മിസ്റ്റർ മാൻഡേഴ്സ്, എൻെറ ഇവിടത്തെ ഏകാന്തമായ ഈ ജീവിതത്തിനിടയിൽ, അവൻെറ അഭിപ്രായങ്ങളിൽ തന്നെയാണു് ഞാനും എത്തിച്ചേർന്നിരിക്കുന്നതു്. പക്ഷേ, സംഭാഷണങ്ങളിൽ ഇതുപോലുള്ള വിഷയങ്ങളെ സ്പർശിക്കാൻ ഞാൻ ധൈര്യപ്പെട്ടിട്ടില്ലെന്നു മാത്രം. ഇനി അതിനാവശ്യവുമില്ല. എൻെറ മകൻ എനിക്കുവേണ്ടി സംസാരിക്കും.

മാൻഡേഴ്സ്: മിസ്സിസ് ആൽവിങ്ങ്, നിങ്ങൾ അകമഴിഞ്ഞ സഹതാപമർഹിക്കുന്നുണ്ടു്. ഒരു വാക്കു വളരെ കാര്യമായി നിങ്ങളോടു പറയേണ്ടതു് എൻെറ കടമയാണു്. ഇപ്പോൾ നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതു നിങ്ങളുടെ സാമ്പത്തികകാര്യങ്ങളന്വേഷിക്കുന്നയാളോ ഉപദേശകനോ അല്ല. നിങ്ങളുടെ പഴയ സ്നേഹിതനോ നിങ്ങളുടെ മരിച്ചുപോയ ഭർത്താവിൻെറ ഉത്തമ സുഹൃത്തോ അല്ല. നിങ്ങളുടെ ആത്മീയഗുരുവാണു നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതു്—മുമ്പൊരിക്കൽ, നിങ്ങളുടെ ജീവിതത്തിലെ ഏററവും ഗൗരവമായ ആ സന്ദർഭത്തിൽ നിന്നതുപോലെ.

മിസ്സിസ് ആൽവിങ്ങ്: എന്നിട്ടു് എൻെറ ആത്മീയഗുരുവിനു് എന്നോടു പറയാനുള്ളതെന്താണു്?

മാൻഡേഴ്സ്: ആദ്യമായി എനിക്കു നിങ്ങളുടെ സ്മരണമണ്ഡലത്തെ ഒന്നുണർത്തുകയാണു വേണ്ടതു്. സന്ദർഭവും വളരെ ഉചിതമായിരിക്കുന്നു. നിങ്ങളുടെ ഭർത്താവിൻെറ പത്താം ചരമവാർഷികം നാളെയാണു്. നാളെ, പരേതൻെറ സ്മാരകം ഉൽഘാടനം ചെയ്യപ്പെടും. ആ സന്ദർഭത്തിൽ വന്നുകൂടുന്ന സദസ്സിനോടു ഞാൻ സംസാരിക്കാൻ പോകയാണു്. പക്ഷേ, ഇന്നു് എനിക്കു നിങ്ങളോടു തനിച്ചാണു സംസാരിക്കാനുള്ളതു്.

മിസ്സിസ് ആൽവിങ്ങ്: അങ്ങനെയാകട്ടെ, മിസ്റ്റർ മാൻഡേഴ്സ്. ആരംഭിക്കു് !

മാൻഡേഴ്സ്: വിവാഹാനന്തരം ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ നിങ്ങൾ ഒരു ഭയങ്കരത്തത്തിൻെറ വക്കിലെത്തിച്ചേർന്ന കഥ നിങ്ങൾ മറന്നുപോയോ? നിങ്ങൾ വീടും കുടുംബവുമുപേക്ഷിച്ചുവെന്നു്, നിങ്ങൾ ഭർത്താവിനെ വിട്ടു് ഓടിയെന്നു്—അതെ; മിസ്സിസ് ആൽവിങ്ങ് ഒളിച്ചോടി. അദ്ദേഹം കേണപേക്ഷിച്ചിട്ടും തിരിച്ചു പോകാൻ സമ്മതിച്ചുമില്ല.

മിസ്സിസ് ആൽവിങ്ങ്: ആ ആദ്യവർഷം എന്തവണ്ണനീയമായ കഷ്ടതയായിരുന്നു എൻെറ ജീവിതമെന്നു് അങ്ങു മറന്നുപോയോ?

മാൻഡേഴ്സ്: ഈ ലോകത്തിൽ ആനന്ദത്തിനുവേണ്ടി മോഹിക്കുന്നതു്, നിഷേധമനഃസ്ഥിതിയുടെ അടിമയാവുക മാത്രമാണു്. ആനന്ദം ലഭിക്കാൻ നമുക്കെന്തവകാശമാണുള്ളതു്? ഇല്ല, മിസ്സിസ് ആൽവിങ്ങ്, നാം നമ്മുടെ കടമകൾ ചെയ്തുതീർക്കണം. നിങ്ങളുടെ കടമയാണെങ്കിൽ, നിങ്ങൾ തിരഞ്ഞെടുക്കുകയും വിശുദ്ധബന്ധത്താൽ യോജിപ്പിക്കുകയും ചെയ്ത ആ മനുഷ്യനോടു് ഒട്ടിച്ചേരുകയെന്നതായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: അന്നു് എൻെറ ഭർത്താവു് എന്തൊരു കെട്ട ജീവിതമാണു നയിച്ചിരുന്നതെന്നു് അങ്ങേയ്ക്കു ശരിക്കറിയാം. എന്തെല്ലാം വഷളത്തങ്ങളാണു് അദ്ദേഹം ചെയ്തിരുന്നതെന്നും.

മാൻഡേഴ്സ്: അദ്ദേഹത്തെപ്പററിയുണ്ടായിരുന്ന കിംവദന്തികൾ എനിക്കു നന്നായിട്ടറിയാം. അവയ്ക്കു് അടിസ്ഥാനമുണ്ടെങ്കിൽ അവയെ ഞാനൊരിക്കലും നീതീകരിക്കയില്ല. പക്ഷേ, സ്വന്തം ഭർത്താവിൻെറമേൽ വിധിയെഴുതുകയെന്നതു് ഒരു ഭാര്യയുടെ കർത്തവ്യമല്ല. സർവ്വശക്തൻ നിങ്ങളുടെ

ചുമലിലേററിയ കുരിശു താഴ്മയോടെ ചുമക്കുവാനാണു നിങ്ങൾ കടപ്പെട്ടിരിക്കുന്നതെന്നു നിങ്ങൾ ഗണിക്കേണ്ടിയിരുന്നു. പക്ഷേ, അതിനു പകരം നിങ്ങൾ ആ കുരിശിനെ ധിക്കരിച്ചു, ചഞ്ചലനായ ആ മനുഷ്യൻെറ കാലുകൾക്കു ബലം കൊടുക്കാതെ അദ്ദേഹത്തെ ഉപേക്ഷിച്ചു. നിങ്ങളുടെ പ്രവൃത്തി നിങ്ങളുടെ സൽപ്പേരിനേയും ശ്രേയസ്സിനേയും അപകടത്തിലാക്കുന്നതായിരുന്നു. അക്കൂട്ടത്തിൽ മററുള്ളവരുടെ മാനവും നിങ്ങൾ അപകടത്തിൻെറ വക്കത്തെത്തിച്ചു.

മിസ്സിസ് ആൽവിങ്ങ്: മററുള്ളവരുടെ? ഒരാളുടെ എന്നായിരിക്കും അങ്ങുദ്ദേശിക്കുന്നതു്.

മാൻഡേഴ്സ്: നിങ്ങൾ എൻെറ അടുത്തു് അഭയം തേടിയതു് അവിവേകത്തിൻെറ ഉച്ചകോടിയായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: ഞങ്ങളുടെ ആത്മീയഗുരുവിൻെറയടുത്തു്? ഞങ്ങളുടെ ആത്മസുഹൃത്തിൻെറയടുത്തു്?

മാൻഡേഴ്സ്: അതുകൊണ്ടു പ്രത്യേകിച്ചും. എനിക്കു വേണ്ടത്ര ആത്മബലമുണ്ടായിരുന്നതിനു് നിങ്ങൾ ദൈവത്തോടു നന്ദി പറയുക. അതുകൊണ്ടാണു നിങ്ങളുടെ ഘോരമായ ലക്ഷ്യത്തിൽനിന്നു പിന്തിരിപ്പിക്കാൻ എനിക്കു കഴിഞ്ഞതു്. വിവാഹംചെയ്ത ഭർത്താവിങ്കലേയ്ക്കു മടങ്ങിച്ചെല്ലുകയെന്ന കടമ നിറവേററാൻ നിങ്ങളെ വിജയകരമായി പ്രേരിപ്പിക്കാൻ എനിക്കു കഴിഞ്ഞതും അങ്ങനെ തന്നെയാണു്.

മിസ്സിസ് ആൽവിങ്ങ്: അതെ മിസ്റ്റർ മാൻഡേഴ്സ്. അതിനു കാരണക്കാരൻ അങ്ങുതന്നെയാണു്.

മാൻഡേഴ്സ്: ദിവ്യമായ ഒരു ശക്തിയുടെ എളിയ ഉപകരണം മാത്രമായിരുന്നു ഞാൻ. നിങ്ങളെ കടമയുടേയും അനുസരണത്തിൻെറയും നുകത്തിൻ കീഴിൽ കൊണ്ടുവരികയെന്നതു് നിങ്ങളുടെ ശിഷ്ടായുസ്സിന്മേൽ മുഴുവനും വിശിഷ്ടാനുഗ്രഹത്തിൻെറ വിത്തു പാവുകയായിരുന്നു എന്നതും സത്യമല്ലേ? ഞാൻ പ്രവചിച്ച മാതിരിയിൽ തന്നെയല്ലേ നിങ്ങളുടെ അനന്തരാനുഭവങ്ങൾ? നിങ്ങളുടെ ഭർത്താവു്, ഉചിതമായിത്തന്നെ, അപഥസഞ്ചാരത്തിൽനിന്നു് വിരമിച്ചില്ലേ? അതിനുശേഷം അദ്ദേഹം ജീവിതശേഷം മുഴുവനും നിങ്ങളെ സ്നേഹിച്ചും മാനമായിട്ടും ജീവിച്ചില്ലേ? അദ്ദേഹം അയൽവാസികൾക്കെല്ലാം ഒരുപകാരിയായിത്തീർന്നില്ലേ? നിങ്ങൾ അദ്ദേഹത്തിൻെറ എല്ലാ പരിപാടികളിലും ക്രമേണ ഒരു സഹപ്രവർത്തകയായിത്തീരത്തക്കവണ്ണം അദ്ദേഹം നിങ്ങളെ അദ്ദേഹത്തിൻെറ നിലയിലേയ്ക്കുയർത്തിയില്ലേ?—

ഉത്തമയായ ഒരു സഹപ്രവത്തകയായിരുന്നു നിങ്ങളെന്ന കഥ എനിക്കറിയാം മിസ്സിസ്സ് ആൽവിങ്ങ്.— ആ പ്രശംസ ഞാൻ നിങ്ങൾക്ക തരുന്നു. എന്നാൽ നിങ്ങളുടെ ജീവിതത്തിലെ രണ്ടാമത്തെ ഗുരുതരമായ അപഭ്രംശത്തിലേയ്ക്കു വരട്ടെ.

മിസ്സിസ്സ് ആൽവിങ്ങ്: നിങ്ങളെന്താണുദ്ദേശിക്കുന്നതു് ?

മാൻഡേഴ്സ്: അന്നൊരിക്കൽ ഒരു ഭാൎയ്യയുടെ ചുമതലയെ നിങ്ങൾ അവഗണിച്ചതുപോലെ ഇന്നു് ഒരു മാതാവിനുള്ള ചുമതല നിങ്ങൾ വിസ്മരിക്കുകയാണു്.

മിസ്സിസ്സ് ആൽവിങ്ങ്: ഓ !

മാൻഡേഴ്സ്: നിങ്ങളുടെ ജീവിതകാലം മുഴുവനും തന്നിഷ്ടം നിങ്ങളെ അടിമപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ വാസനകളെല്ലാം അന്യായവും അവ്യവസ്ഥിതവുമായ വഴിക്കാണു തിരിയുന്നതു്. ഏതെങ്കിലും ഒരു നിയന്ത്രണത്തിനു വഴങ്ങാൻ നിങ്ങൾ ഒരിക്കലും സമ്മതിച്ചിട്ടില്ല. ജീവിതത്തിൽ അസുഖകരമെന്നു തോന്നിയതെല്ലാം നിങ്ങൾ വലിച്ചെറിയും—ഇഷ്ടമുള്ളപ്പോൾ തള്ളിക്കളയാവുന്ന ഒരു ഭാരമാണതെന്ന മട്ടിൽ. ഒരു ഭാൎയ്യയായിരിക്കുന്നതിൽ നിങ്ങൾക്കു് ഇഷ്ടം തോന്നിയില്ല: അതുകൊണ്ടു് ഭത്താവിനെ ഉപേക്ഷിച്ചു. ഒരമ്മയുടെ കടമകൾ നിങ്ങൾക്ക വിരസമായി തോന്നി; മകനെ അന്യരുടെകൂടെ അയയ്ക്കുകയും ചെയ്തു.

മിസ്സിസ്സ് ആൽവിങ്ങ്: അതു ശരിയാണു്. ഞാനതു ചെയ്തു.

മാൻഡേഴ്സ്: അതുകൊണ്ടാണു് നിങ്ങൾ അവനു് അന്യയായിത്തീന്നതു്.

മിസ്സിസ്സ് ആൽവിങ്ങ്: അല്ല, അല്ല; ഞാൻ അന്യയായിട്ടില്ല.

മാൻഡേഴ്സ്: ഉവ്വു്. അങ്ങനെയായിരിക്കയും വേണം. ഏതു രൂപത്തിലുള്ള ഒരു പുത്രനെയാണു് നിങ്ങൾക്ക തിരിച്ചുകിട്ടിയിരിക്കുന്നതു് ? ഇതിനെപ്പററി ശാഢമായി ചിന്തിക്കണം മിസ്സിസ്സ് ആൽവിങ്ങ്. ഭത്താവിന്റെ കാൎയ്യത്തിൽ നിങ്ങൾക്ക ഭയങ്കരമായ തെററു പററി. അദ്ദേഹത്തിനു സ്മാരകം പണിയുന്നതുകൊണ്ടു് നിങ്ങൾ ആ തെററു സമ്മതിക്കുകയാണു്. ഇപ്പോൾ, മകന്റെ കാൎയ്യത്തിൽ എത്രമാത്രം തെററു പററി എന്നു നിങ്ങൾ സമ്മതിച്ചേ തീരൂ. പാപത്തിന്റെ മാൎഗ്ഗത്തിൽനിന്നു് അയാളെ വീണ്ടെടുക്കാൻ ഇനിയും സമയമുണ്ടായിരിക്കാം. ഒരു പുതിയ ജീവിതം

ആരംഭിക്കുക. അയാളെ രക്ഷിക്കാൻ—കഴിയുന്നത്ര രക്ഷിക്കാൻവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുള—എന്തെന്നാൽ (ചൂണ്ടുവിരൽ ഉയർത്തിക്കൊണ്ടു്) നിങ്ങരം യഥാൎത്ഥത്തിൽ ഒരു കുററവാളിയായ അമ്മയാണു്, മിസ്സിസ് ആൽവിങ്ങ്. നിങ്ങളോടിത്ര പറയുന്നതു് എൻെറ ചുമതലയാണെന്നു ഞാൻ കരുതുന്നു.

(അല്പനേരത്തെ മൗനം)

മിസ്സിസ് ആൽവിങ്ങ്: (ആത്മനിയന്ത്രണത്തോടെ സാവധാനമായി) നിങ്ങരംക്കു പറയാനുള്ളതു് പറഞ്ഞുകഴിഞ്ഞു, മിസ്റ്റർ മാൻഡേഴ്സ്. നാളെ നിങ്ങരം എൻെറ ഭൎത്താവിൻെറ സ്മരണയ്ക്കായി ഒരു പ്രസംഗവും ചെയ്യും. നാളെ ഞാൻ സംസാരിക്കുകയില്ല. പക്ഷെ, ഇപ്പോരം നിങ്ങളോടു് അല്പം പറയണമെന്നെനിക്കുണ്ടു്; നിങ്ങരം എന്നോടു സംസാരിച്ചതുപോലെ തന്നെ.

മാൻഡേഴ്സ്: പരിപൂൎണ്ണ സമ്മതം. സംശയമില്ല, നിങ്ങളുടെ പ്രവൃത്തിക്കു് എന്തെങ്കിലും ചില ഒഴികഴിവുകരം...

മിസ്സിസ് ആൽവിങ്ങ്: ഇല്ല; എനിക്കു നിങ്ങളോടു്, ഒരു കാൎയ്യം പറയണമെന്നേയുള്ളു.

മാൻഡേഴ്സ്: ശരി.

മിസ്സിസ് ആൽവിങ്ങ്: എന്നെപ്പററിയും എൻെറ ഭൎത്താവിനെപ്പററിയും, നിങ്ങരം പറയുന്ന മാതിരി എന്നെ ധൎമ്മമാൎഗ്ഗത്തിലേയ്ക്കു തിരിച്ചു വിട്ടതിനു ശേഷമുള്ള ഞങ്ങളുടെ ജീവിതരീതിയെപ്പററിയും. ഇപ്പോരം നിങ്ങരം പറഞ്ഞതിൽ യാതൊന്നുംതന്നെ നിങ്ങരം നേരിട്ടറിഞ്ഞതല്ല. ആ നിമിഷംമുതൽ നിങ്ങരം ഞങ്ങളുടെ വീട്ടിൽ കാലുകുത്തിയിട്ടില്ല—ഞങ്ങളുടെ നിത്യസുഹൃത്തായ നിങ്ങരം !

മാൻഡേഴ്സ്: നിങ്ങളും ഭൎത്താവും ഉടനെതന്നെ പട്ടണം വിട്ടു് നാട്ടുമ്പുറത്തേയ്ക്കു താമസം മാററിയെന്നു നിങ്ങളോൎമ്മിക്കണം.

മിസ്സിസ് ആൽവിങ്ങ്: അതെ. പക്ഷെ, എൻെറ ഭൎത്താവു ജീവിച്ചിരുന്ന കാലത്തു് നിങ്ങരം ഒരിക്കലെങ്കിലും ഇവിടെ വന്നു ഞങ്ങളെ കാണുകയുണ്ടായില്ല. അനാഥമന്ദിരത്തിൻെറ നടത്തിപ്പു സംബന്ധിച്ചു മാത്രമാണു നിങ്ങരം ഇവിടെ വന്നു് എന്നെ കണ്ടതു്.

മാൻഡേഴ്സ്: (താഴ്ന്നതും ചഞ്ചലവുമായ സ്വരത്തിൽ) ഹെലെൻ—അതൊരു കുററപ്പെടുത്തലാണെങ്കിൽ — ഞാനപേക്ഷിക്കുന്നു, പരിഗണിക്കേണ്ടതായ...

മിസ്സിസ് ആൽവിങ്ങ്: ...ചില ഉത്തരവാദിത്തങ്ങൾ നിങ്ങളുടെ തൊഴിലിനുണ്ടെന്നു്. ശരി. പ്രത്യേകിച്ചും ഞാൻ ഭർത്താവിൽനിന്നൊളിച്ചോടിപ്പോകാൻ ശ്രമിച്ച ഒരു ഭാര്യയായതുകൊണ്ടു്. അത്തരം തെറിച്ച പെണ്ണുങ്ങളെ എത്ര സൂക്ഷിച്ചാലും അധികമായിപ്പോകുന്നതല്ല.

മാൻഡേഴ്സ്: എന്റെ പ്രിയപ്പെട്ട...മിസ്സിസ് ആൽവിങ്ങ്...നിങ്ങൾ വല്ലാതെ കടത്തിപ്പറയുന്നു...

മിസ്സിസ് ആൽവിങ്ങ്: അതെയതെ. ഞാൻ ഉദ്ദേശിക്കുന്നതു് ഇത്രയേയുള്ളു. ഒരു ഭാര്യയെന്ന നിലയ്ക്കു് എന്റെ ജീവിതത്തെ നിങ്ങൾ വിമർശിക്കുമ്പോൾ, നിങ്ങൾക്കു് അതിനു് ആധാരമായിട്ടുള്ളതു് കിംവദന്തി മാത്രമാണു്.

മാൻഡേഴ്സ്: ഞാനതു സമ്മതിക്കുന്നു. അതിനു പുറമേ ?

മിസ്സിസ് ആൽവിങ്ങ്: ശരി മിസ്റ്റർ മാൻഡേഴ്സ്, ഞാൻ നിങ്ങളോടു സത്യം മുഴുവനും തുറന്നു പറയാൻ പോകയാണു്. ഒരിക്കൽ നിങ്ങളെ അതറിയിപ്പിക്കണമെന്നു ഞാൻ പ്രതിജ്ഞയെടുത്തിരുന്നു. നിങ്ങളോടു മാത്രം.

മാൻഡേഴ്സ്: എന്തായിരിക്കാം ആ സത്യം ?

മിസ്സിസ് ആൽവിങ്ങ്: സത്യമിതാണു്. എന്റെ ഭർത്താവു മരണംവരെ തന്റെ കൊള്ളരുതായ്മകൾ തുടർന്നുവെന്നു തന്നെ.

മാൻഡേഴ്സ്: (കസേര തപ്പിക്കൊണ്ടു്) നിങ്ങളെന്താണീപ്പറയുന്നതു് ?

മിസ്സിസ് ആൽവിങ്ങ്: വിവാഹിതനായി പത്തൊമ്പതു വർഷം ജീവിച്ചതിനു ശേഷവും—പഴയതുപോലെതന്നെ വഷളൻ—ആഗ്രഹങ്ങളുടെ കാര്യത്തിലെങ്കിലും—നിങ്ങൾ ഞങ്ങളുടെ വിവാഹകർമ്മം നടത്തുന്നതിനുമുമ്പെന്നപോലെ തന്നെ വഷളൻ.

മാൻഡേഴ്സ്: അദ്ദേഹത്തിന്റെ ബാല്യചാപല്യങ്ങളെ—വികൃതികളെ—വേണമെങ്കിൽ തെററുകളെ എന്നുതന്നെ പറഞ്ഞുകൊള്ളു—വഷളത്തങ്ങളായി നിങ്ങൾ പറയുമോ ?

മിസ്സിസ് ആൽവിങ്ങ്: അദ്ദേഹത്തെ ചികിൽസിച്ചുകൊണ്ടിരുന്ന വൈദ്യൻ അങ്ങനെയാണു പറഞ്ഞതു്.

മാൻഡേഴ്സ്: നിങ്ങൾ പറയുന്നതെനിക്കു മനസ്സിലാകുന്നേയില്ല.

മിസ്സിസ് ആൽവിങ്ങ്: നിങ്ങൾ മനസ്സിലാക്കുകയെന്നതു് അത്രയ്ക്കാവശ്യവുമല്ല.

മാൻഡേഴ്സ്: അതെനിക്കു തലകറക്കമുണ്ടാക്കുന്നു. നിങ്ങളുടെ വിവാഹം, വൈവാഹികജീവിതത്തിൽ നിങ്ങൾ കഴിച്ചുകൂട്ടിയ ആ വർഷങ്ങളെല്ലാം അദൃശ്യമായ ഒരു ദുരിതഗർത്തം മാത്രമായിരുന്നുവെന്നു വിചാരിക്കാൻ...

മിസ്സിസ് ആൽവിങ്ങ്: അതായിരുന്നു. അതു മാത്രമായിരുന്നു. ഇപ്പോൾ നിങ്ങൾ എല്ലാം മനസ്സിലാക്കിയിരിക്കുന്നു.

മാൻഡേഴ്സ്: ഇതു്, ഇതെന്നെ അമ്പരപ്പിക്കുന്നു. എനിക്കതു മനസ്സിലാക്കാൻ കഴിയുന്നില്ല. എനിക്കതു ഗ്രഹിക്കാൻ വയ്യാ. അതെങ്ങനെ സംഭവിച്ചു? ഇത്തരം കാര്യങ്ങൾ എങ്ങനെ ഒളിച്ചുവെയ്ക്കും?

മിസ്സിസ് ആൽവിങ്ങ്: അതിനു വേണ്ടിയായിരുന്നു നിരന്തരമായി ഞാൻ യത്നിച്ചിരുന്നതു്; ഓരോ ദിവസവും. ഓസ്വോൾഡുണ്ടായപ്പോൾ എനിക്കു തോന്നി, സ്ഥിതി അല്പം ഭേദപ്പെട്ടിട്ടുണ്ടെന്നു്. പക്ഷെ, അതു വളരെക്കാലം നീണ്ടുനിന്നില്ല. അതിനുശേഷം എൻെറ സമരം ഇരട്ടി ദുഷ്കരമായിത്തീർന്നു. എൻെറ കുട്ടിയുടെ അച്ഛൻ ഏതു തരത്തിലുള്ള ഒരു മനുഷ്യനാണെന്നു് ആരുമറിയാതിരിക്കാൻ വേണ്ടിയുള്ള ഒരു ഭയങ്കര സമരം. അദ്ദേഹത്തിൻെറ വശ്യത എത്ര ശക്തിയേറിയതായിരുന്നുവെന്നു് നിങ്ങൾക്കറിയാം. അദ്ദേഹത്തെപ്പററി മനുഷ്യർക്കു നല്ലതു മാത്രമേ ചിന്തിക്കാൻ കഴിയൂ എന്നുതന്നെ തോന്നി. ജീവിതരീതി പ്രശസ്തിയെ ഒരു തരത്തിലും ബാധിക്കാത്ത മനുഷ്യരിലൊരാളാണദ്ദേഹം എന്നു തോന്നി. പക്ഷെ, അവസാനം, മിസ്റ്റർ മാൻഡേഴ്സ് — നിങ്ങൾ ഇതുംകൂടി കേട്ടേ തീരൂ — അവസാനം മറെറല്ലാററിനെക്കാളും ബീഭത്സമായ ഒന്നു സംഭവിച്ചു.

മാൻഡേഴ്സ്: നിങ്ങൾ എന്നോടു പറഞ്ഞതിനെക്കാളും ബീഭത്സമായിട്ടുള്ളതോ?

മിസ്സിസ് ആൽവിങ്ങ്: എല്ലാമെനിക്കു വ്യക്തമായിട്ടറിയാമെങ്കിലും, അദ്ദേഹം പുറത്തു പോവുമ്പോൾ ചെയ്യുന്നതെല്ലാം രഹസ്യമായി ചെയ്യട്ടെയെന്നു ഞാൻ വച്ചിരുന്നു. പക്ഷെ, അപവാദം ഞങ്ങളുടെ സ്വന്തം വീട്ടിനകത്തു തന്നെയായിത്തീരുമെന്ന പതനത്തിലായപ്പോൾ...

മാൻഡേഴ്സ്: നിങ്ങൾ പറയുന്നതിൻെറ അർത്ഥം നിങ്ങൾക്കുതന്നെ ബോധമുണ്ടോ? ഇവിടെയോ?

മിസ്സിസ് ആൽവിങ്ങ്: അതെ. ഇവിടെ. ഞങ്ങളുടെ സ്വന്തം വീട്ടിൽ തന്നെ. അവിടെവച്ചാണു്, (അടുത്തുള്ള വാതില്ക്കലേയ്ക്കു ചൂണ്ടിക്കൊണ്ടു്) ആ ഭക്ഷണമുറിക്കകത്തുവച്ചാണു് എനി

ക്കതിനെപ്പററി ആദ്യമായിട്ടൊരു സൂചന കിട്ടിയതു്. അവിടെ എനിക്കെന്തോ കാൎയ്യമുണ്ടായിരുന്നു. വാതിൽ മലക്കെത്തുറന്നുകിടന്നിരുന്നു. പൂച്ചട്ടി വച്ചിരിക്കുന്ന മുറിയിലെ ചെടികറം നനയ്ക്കുവാനുള്ള വെള്ളവുമായി വേലക്കാരി കയറിവരുന്ന ശബ്ദം ഞാൻ കേട്ടു.

മാൻഡേഴ്സ്: എന്നിട്ടു് ?

മിസ്സിസ് ആൽവിങ്ങ്: അധികം താമസിയാതെ എൻെറ ഭർത്താവു കയറിവരുന്ന ശബ്ദവും കേട്ടു. അദ്ദേഹം അവളോടു് എന്തോ പതുക്കെ പറയുന്നതു കേട്ടു. അപ്പോറം ഞാൻകേട്ടതു്, (വിരസമായ ചിരിയോടെ) അതു് എൻെറ ചെവികളിൽ ഇപ്പോഴും മുഴങ്ങുന്നു. എൻെറ സ്വന്തം വേലക്കാരി: ''എന്നെ വിടൂ മിസ്റ്റർ ആൽവിങ്ങ്, എന്നെ വിട്ടേയ്ക്കൂ !'' എന്നു് എൻെറ വേലക്കാരി പിറുപിറുക്കുന്നതു ഞാൻ കേട്ടു.

മാൻഡേഴ്സ്: എത്ര മര്യാദയില്ലാത്ത ഫലിതമാണദ്ദേഹം തട്ടിവിട്ടതു് ? പക്ഷേ, ഞാൻ പറയുന്നതു വിശ്വസിക്കൂ, മിസ്സിസ് ആൽവിങ്ങ്, ഫലിതത്തിലപ്പുറമൊന്നുമില്ല.

മിസ്സിസ് ആൽവിങ്ങ്: എന്താണു വിശ്വസിക്കേണ്ടതെന്നു് എനിക്കു താമസിയാതെ മനസ്സിലാക്കാൻ കഴിഞ്ഞു. ആ പെണ്ണിനോടു എൻെറ ഭൎത്താവിനു തോന്നിയതു് ചെയ്യാൻ കഴിഞ്ഞു. ആ ചങ്ങാത്തത്തിനു് ഭവിഷ്യത്തുകളുമുണ്ടായി, മിസ്റ്റർ മാൻഡേഴ്സ്.

മാൻഡേഴ്സ്: (കല്ലായിത്തീർന്നതുപോലെ) ഇതെല്ലാം ഈ വീട്ടിൽവച്ചു തന്നെയോ ? ഈ വീട്ടിൽവച്ചു് ?

മിസ്സിസ് ആൽവിങ്ങ്: ഈ വീട്ടിൽവച്ചുള്ള എൻെറ അനുഭവങ്ങറം കുറച്ചൊന്നുമല്ല. സന്ധ്യയ്ക്കും, രാത്രിയിലും അദ്ദേഹത്തെ വീട്ടിൽ ഇരുത്താൻവേണ്ടി, മുകളിലുള്ള അദ്ദേഹത്തിൻെറ മുറിയിൽവച്ചു നടത്തുന്ന അദ്ദേഹത്തിൻെറരഹസ്യമദിരോത്സവങ്ങളിലെല്ലാം ഞാൻ കൂട്ടിരിക്കേണ്ടിവന്നു—അദ്ദേഹത്തിൻെറകൂടെ ഒരുമിച്ചിരിക്കയും, നിരർത്ഥകമായ അശ്ലീലസംസാരം ശ്രദ്ധിക്കുകയും. മൃഗീയബലം പ്രയോഗിച്ചാലെ കിടത്തിയുറക്കാൻ കഴിയൂ...

മാൻഡേഴ്സ്: (വിറച്ചുകൊണ്ടു്) എന്നിട്ടും ഇവയെല്ലാം നിങ്ങറംക്കു സഹിക്കാൻ കഴിഞ്ഞു !

മിസ്സിസ് ആൽവിങ്ങ്: എനിക്കെൻെറ കൊച്ചു മോനുണ്ടായിരുന്നു. എല്ലാം അവനുവേണ്ടി സഹിച്ചു. പക്ഷേ, എല്ലാററിനും മകുടം ചൂടിയ അവമതിയുണ്ടായപ്പോറം—എൻെറ

സ്വന്തം വേലക്കാരി—ഇതിനൊരറുതി വരുത്തണമെന്നു ഞാൻ നിശ്ചയിച്ചു. ഞാൻ വീട്ടിലെ അധികാരം സ്വന്തമാക്കി—പരിപൂൎണ്ണമായിത്തന്നെ—അദ്ദേഹത്തോടും മററുള്ളവരോടും. അദ്ദേഹത്തിനുനേരെ പ്രയോഗിക്കാനുള്ള ഒരായുധം എനിക്കു കിട്ടിയെന്നു മനസ്സിലായില്ലേ? അദ്ദേഹം സംസാരിക്കാൻ ധൈൎയ്യപ്പെട്ടില്ല. അപ്പോഴാണു ഞാൻ ഓസ്‌വോൾഡിനെ അയച്ചുകളഞ്ഞതു്. അവനന്നു് ഏതാണ്ടു് ഏഴുവയസ്സു പ്രായമുണ്ടു്. കാൎയ്യങ്ങൾ കാണാനും ചോദ്യം ചോദിക്കാനും കുട്ടികൾ ആരംഭിക്കുന്ന പ്രായം. എന്റെ സ്നേഹിതാ, ഇതെല്ലാം എനിക്കു സഹിക്കാൻ കഴിയുമായിരുന്നു. ദുഷിച്ച ഈ ഗൃഹത്തിന്റെ അന്തരീക്ഷം ശ്വസിച്ചാൽ അവനും വിഷബാധയേൽക്കും എന്നെനിക്കു തോന്നി. അതുകൊണ്ടാണു ഞാനവനെ അയച്ചുകളഞ്ഞതു്. അവന്റെ പിതാവു ജീവിച്ചിരുന്ന കാലമെല്ലാം അവൻ ഇവിടെ വരാതിരുന്നതിന്റെ കാരണം നിങ്ങൾക്കിപ്പോൾ മനസ്സിലായിക്കാണും. അതെന്നെ എത്രമാത്രം വേദനിപ്പിച്ചുവെന്നു് ആൎക്കും മനസ്സിലാകയില്ല.

മാൻഡേഴ്സ്: തീർച്ചയായും അനുകമ്പാർഹമായ ഒരനുഭവമാണു നിങ്ങളുടേതു്.

മിസ്സിസ് ആൽവിങ്ങ്: എനിക്കെന്റെ ജോലിയില്ലായിരുന്നെങ്കിൽ ഒരിക്കലും അതിൽക്കൂടി കടന്നുപോകുവാൻ എനിക്കു കഴിയുമായിരുന്നില്ല. ഞാൻ പ്രയത്നിച്ചുവെന്നു് എനിക്കു തീർച്ചയായും അവകാശപ്പെടാം. സ്വത്തുക്കളുടെ വിലയിലുള്ള വർദ്ധനവും, പരിഷ്കാരങ്ങളും, എന്റെ ഭർത്താവിനു മാനവും പ്രശംസയും ലഭിച്ച നടപടികളുമെല്ലാം—അവയിലേതിനെപ്പററിയെങ്കിലും അദ്ദേഹത്തിനു താല്പൎയ്യമുണ്ടായിരുന്നുവെന്നു് അങ്ങു് വിചാരിക്കുന്നുണ്ടോ? പഴയ സിവിൽ ലിസ്ററും വായിച്ചു് ദിവസം മുഴുവനും സോഫായിൽ കിടക്കുന്ന അദ്ദേഹം! ഇല്ല, നിങ്ങൾ അതുംകൂടി അറിഞ്ഞിരിക്കട്ടെ. വെളിവുള്ള സമയങ്ങളിലെല്ലാം അദ്ദേഹത്തിന്റെ നില പാലിച്ചതു് ഞാൻ മൂലമാണു്. പിന്നെയും കുടിച്ചു ലക്കില്ലാതാകയോ, തന്റെ ദയനീയസ്ഥിതിയെപ്പററി മോങ്ങാൻ തുടങ്ങുകയോ ചെയ്യുമ്പോഴൊക്കെ അതിന്റെ ഭാരം പേറിയിരുന്നതും ഞാൻതന്നെയാണു്.

മാൻഡേഴ്സ്: എന്നിട്ടു് ഈ മനുഷ്യനുവേണ്ടിയാണു് നിങ്ങൾ സ്മാരകം പണിയുന്നതു് ?

മിസ്സിസ് ആൽവിങ്ങ്: അസ്വസ്ഥമായ ഒരു മനസ്സാക്ഷിയുടെ ശക്തി നിങ്ങൾക്കു് അവിടെക്കാണാം.

മാൻഡേഴ്സ്: അസ്വസ്ഥമായ ഒരു മനസ്സാക്ഷിയോ? നിങ്ങൾ എന്താണുദ്ദേശിക്കുന്നതു്?

മിസ്സിസ് ആൽവിങ്ങ്: സത്യം പുറത്തു വരുകയും അതു വിശ്വസിക്കപ്പെടുകയും ചെയ്യാതിരിക്കുകയെന്നതു് അസാദ്ധ്യമാണെന്നുള്ള ഭയം എനിക്കെപ്പോഴമുണ്ടായിരുന്നു. അതുകൊണ്ടാണു്, ഈ അനാഥശാല നിലനില്ക്കേണ്ടതു്—എല്ലാ കിംവദന്തികളെയും അമർത്താനും, സംശയങ്ങളെല്ലാം തീർക്കാനും വേണ്ടിത്തന്നെ.

മാൻഡേഴ്സ്: അക്കാര്യത്തിൽ നിങ്ങൾ ഒട്ടും പുറകിലായിട്ടില്ല, മിസ്സിസ് ആൽവിങ്ങ്.

മിസ്സിസ് ആൽവിങ്ങ്: എനിക്കു മററൊരു നല്ല കാരണം കൂടിയുണ്ടായിരുന്നു. എന്റെ മകൻ ഓസ്‌വോൾഡ്, അവന്റെ പിതാവിന്റെ വകയായ ഒരൊററ പൈപോലും അവകാശമാക്കരുതെന്നു ഞാൻ നിശ്ചയിച്ചു.

മാൻഡേഴ്സ്: അങ്ങനെയാണെങ്കിൽ, മിസ്റ്റർ ആൽവിങ്ങിന്റെ സ്വത്തുകൊണ്ടാണു്...

മിസ്സിസ് ആൽവിങ്ങ്: അതെ. വർഷംതോറും ഞാൻ ഈ അനാഥശാലയ്ക്കു കൊടുത്തിരുന്ന തുകയാണു് അദ്ദേഹത്തിന്റെ സ്വത്തു്. ഞാനതിനു ശരിയായി കണക്കു സൂക്ഷിച്ചിട്ടുണ്ടു്. ഈ സമ്പത്താണു പഴയകാലത്തു ലെഫ്ററനൻറ് ആൽവിങ്ങിനെ കല്യാണച്ചന്തയിൽ മോഹിക്കത്തക്ക വരനാക്കിത്തീർത്തതു്.

മാൻഡേഴ്സ്: എനിക്കു മനസ്സിലായി.

മിസ്സിസ് ആൽവിങ്ങ്: അതു് എന്നെ വാങ്ങിച്ച പണമായിരുന്നു. അതു് ഓസ്‌വോൾഡിന്റെ കൈയിലേക്കു് ഏല്പിക്കുവാൻ ഞാൻ സന്നദ്ധയായിരുന്നില്ല. എന്റെ മകനു ലഭിക്കുന്നതെല്ലാം എന്റേതായിരിക്കുമെന്നു ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കയാണു്.

ഓസ്‌വോൾഡ് വലത്തുവശത്തു് അകലെയുള്ള വാതിലിൽക്കൂടി പ്രവേശിക്കുന്നു. അയാൾ കോട്ടും ഹാററും പുറത്തു വച്ചിട്ടാണു വന്നിരിക്കുന്നതു്.

മിസ്സിസ് ആൽവിങ്ങ്: തിരിച്ചെത്തിയോ, എന്റെ പ്രിയപ്പെട്ട മകനേ?

ഓസ്‌വോൾഡ്: ഉവ്വ്. തോരാത്ത ഈ മഴയത്തു് പുറത്തെന്തു ചെയ്യാനാണു്. അത്താഴം ശരിയായിക്കഴിഞ്ഞുവെന്നു കേട്ടു. അതു നന്നായി.

റെജീന ഒരു പാഴ്സലുമായി ഭക്ഷണമുറിയിൽനിന്നു പ്രവേശിക്കുന്നു.

റെജീന; കൊച്ചമ്മയ്ക്കൊരു പാഴ്സൽ. (അതു് അവക്കു കൊടുക്കുന്നു)

മിസ്സിസ് ആൽവിങ്ങ്: (മാൻഡേഴ്സിനെ നോക്കിക്കൊണ്ടു്) നാളെ പാടാനുള്ള കീർത്തനമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മാൻഡേഴ്സ്: ഉം...!

റെജീന: അത്താഴം തയ്യാറായി.

മിസ്സിസ് ആൽവിങ്ങ്: ശരി. ഞങ്ങളുടനെ വരാം. ഞാനിതൊന്നു...(പാഴ്സൽ തുറക്കാനാരംഭിക്കുന്നു)

റെജീന: (ഓസ്‌വോൾഡിനോടു്) അങ്ങേയ്ക്കു് ചുവന്ന വീഞ്ഞോ വെള്ളയോ വേണ്ടതു് ?

ഓസ്‌വോൾഡ്: രണ്ടും, മിസ് എങ്സ്ട്രാൻഡ്.

റെജീന: അങ്ങനെയാകട്ടെ മിസ്റ്റർ ആൽവിങ്ങ്. (ഭക്ഷണമുറിയിലേയ്ക്കു പോകുന്നു)

ഓസ്‌വോൾഡ്: ഞാൻ അതു തുറക്കാൻ സഹായിച്ചുതരാം.

അവളുടെ പുറകെ മുറിയിലേയ്ക്കു പോകുന്നു. വാതിൽ തുറന്നു മലർത്തിയിട്ടാണു് പോകുന്നതു്.

മിസ്സിസ് ആൽവിങ്ങ്: അതെ. ഞാൻ വിചാരിച്ചതുപോലെതന്നെ. ഇതാ മിസ്റ്റർ മാൻഡേഴ്സ്, ഇതാണാ കീർത്തനം.

മാൻഡേഴ്സ്: (കൈ കോർത്തുപിടിച്ചു്) നാളെ ആ പ്രസംഗം ചെയ്യുവാൻ എനിക്കു് എങ്ങനെയാണു ശക്തിയുണ്ടാവുക.

മിസ്സിസ് ആൽവിങ്ങ്: ഓ. അതൊക്കെ നിങ്ങൾ കഴിച്ചുകൂട്ടും.

മാൻഡേഴ്സ്: (ഭക്ഷണമുറിയിൽ കേൾക്കാത്തവണ്ണം ശബ്ദം താഴ്ത്തി) അതെ. നാം സംശയങ്ങൾക്കിട കൊടുക്കരുതു്.

മിസ്സിസ് ആൽവിങ്ങ്: പാടില്ല. അപ്പോൾ ഈ ദീർഘമായ ഭീകരഫലിതം അവസാനിക്കുകയും ചെയ്യും. നാളെ കഴിഞ്ഞാൽ എന്റെ മരിച്ച ഭർത്താവു് ഈ വീട്ടിൽ ജീവിച്ചിട്ടേയില്ലെന്നു് എനിക്കു തോന്നിത്തുടങ്ങും. പിന്നെ ഇവിടെ എന്റെ മകനും അവന്റെ അമ്മയും മാത്രമേ ഉണ്ടായിരിക്കയുള്ളു.

ഭക്ഷണമുറിയിൽ ഒരു കസേര മറിഞ്ഞുവീഴുന്ന ശബ്ദം. അതിനു ശേഷം റെജീനയുടെ തീക്ഷ്ണമായ മർമ്മരശബ്ദം, ''ഓസ്‌വോഠംഡ്! നിങ്ങഠംക്ക ഭ്രാന്തുണ്ടോ? എന്നെ വിട്ടു.''

മിസ്സിസ് ആൽവിങ്ങ്: (ഭയന്നു ഞെട്ടിവിറച്ച്) അയ്യോ !

പകുതി തുറന്നുകിടക്കുന്ന വാതിലിനുനേരെ അവർ ആധിയോടെ നോക്കുന്നു. ഓസ്‌വോഠംഡ് ചുമയ്ക്കുകയും മൂളിപ്പാട്ടു പാടുകയും ചെയ്യുന്ന ശബ്ദം. അതുകഴിഞ്ഞു കുപ്പിയുടെ കോക്ക് ഊരുന്ന ശബ്ദം.

മാൻഡേഴ്സ്: (ക്ഷുഭിതനായി) എന്താണു കാര്യം? അതെന്താണു മിസ്സിസ് ആൽവിങ്ങ്?

മിസ്സിസ് ആൽവിങ്ങ്: (പതറിയ ശബ്ദത്തിൽ) ഭൂതം. പൂപ്പുരയിലെ ചങ്ങാതികഠം...വീണ്ടും !

മാൻഡേഴ്സ്. നിങ്ങളെന്താണു പറയുന്നതു്! റെജീനാ? അവഠം...?

മിസ്സിസ് ആൽവിങ്ങ്: അതെ. വരൂ. ഒരക്ഷരം ശബ്ദിക്കരുതു്. (മാൻഡേഴ്സിൻെറ കൈക്കു പിടിച്ച് വേച്ചു വേച്ചു ഭക്ഷണമുറിയിലേക്കു പോകുന്നു.)

കർട്ടൻ

രണ്ടാം അങ്കം

രംഗം പഴയതുതന്നെ പശ്ചാത്തലരംഗം ഇപ്പോഴും മൂടൽമഞ്ഞു മൂടി ക്കിടക്കുന്നു. മാൻഡേഴ്സും മിസ്സിസ് ആൽവിങ്ങും ഭക്ഷണമുറിയിൽ നിന്നു പ്രവേശിക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: (വാതില്ക്കൽ നിന്നുകൊണ്ടു ഭക്ഷണമുറിയിലേയ്ക്കു വിളിക്കുന്നു)ഓസ്‌വോൾഡ്, നീ ഇങ്ങോട്ടു വരുന്നില്ലേ?

ഓസ്‌വോൾഡ്: ഇല്ല. ഞാനല്പനേരം പുറത്തു നടന്നിട്ടു വരാം.

മിസ്സിസ് ആൽവിങ്ങ്: അങ്ങനെയാകട്ടെ. കാലാവസ്ഥ കുറേശ്ശെ തെളിയുന്നുണ്ടു്. (അവർ ഭക്ഷണമുറിയുടെ വാതിലടച്ചു ഹാളിലേയ്ക്കുള്ള വാതില്ക്കൽ ചെന്നു വിളിക്കുന്നു) റെജീനാ !

റെജീന: (അണിയറയിൽ) എന്തു്, കൊച്ചമ്മേ ?

മിസ്സിസ് ആൽവിങ്ങ്: അലക്കുമുറിയിലേയ്ക്കു ചെന്നു് ആ പൂമാലയൊക്കെ ഒന്നു ശരിയാക്കി വയ്ക്കു്.

റെജീന: ഓ.

അവൾ പോയിക്കഴിഞ്ഞുവെന്നു നിശ്ചയം വരുത്തിക്കഴിഞ്ഞു മിസ്സിസ് ആൽവിങ്ങ് വാതിലടയ്ക്കുന്നു.

മാൻഡേഴ്സ്: അയാൾക്കു നാം പറയുന്നതു കേൾക്കാൻ പാടില്ലായിരിക്കുമല്ലോ ?

മിസ്സിസ് ആൽവിങ്ങ്: വാതിലടച്ചിരിക്കുമ്പോൾ വയ്യാ. പോരെങ്കിൽ അവൻ പുറത്തേയ്ക്കു പോവുകയുമാണു്.

മാൻഡേഴ്സ്: എനിക്കിപ്പോഴും അമ്പരപ്പു മാറിയിട്ടില്ല.

മിസ്സിസ് ആൽവിങ്ങ്: (അങ്ങുമിങ്ങും നടക്കുകയും വികാരക്ഷോഭമടക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടു്) എന്റെ കഥയും അതുതന്നെ. പക്ഷേ, നമ്മളെന്താണു ചെയ്യുക ?

മാൻഡേഴ്സ്: അതെ. നമ്മളെന്താണു ചെയ്യുക. സത്യം പറഞ്ഞാൽ, എനിക്കറിഞ്ഞുകൂടാ. ഇത്തരം കാൎയ്യങ്ങളുമായി എനിക്കു യാതൊരു പരിചയവുമില്ല.

മിസ്സിസ് ആൽവിങ്ങ്: ഗൗരവമായ യാതൊന്നും നടന്നുകഴിഞ്ഞിട്ടില്ലെന്ന് എനിക്കുറപ്പുണ്ട്.

മാൻഡേഴ്സ്: ദൈവം രക്ഷിക്കട്ടെ. പക്ഷേ, എങ്കിലും ഇതു തീരെ അനാശാസ്യമായ പെരുമാററമാണ്.

മിസ്സിസ് ആൽവിങ്ങ്: ഓസ്വോരംഡ് ഒരു താഴ്ന്ന വേഷംകെട്ടുനടത്തിയെന്നതിൽക്കവിഞ്ഞൊന്നുമില്ലെന്നു തീൎച്ച.

മാൻഡേഴ്സ്: ഉം. ഞാൻ പറഞ്ഞതല്ലോ, ഈവക കാൎയ്യങ്ങളിൽ എനിക്കു യാതൊരു പരിചയവുമില്ലെന്ന്. എങ്കിലും എനിക്കു തോന്നുന്നതു്—

മിസ്സിസ് ആൽവിങ്ങ്: അവരം ഈ വീട്ടിനു പുറത്തു പോകണം. ഉടനെതന്നെ. അത്രയും കാൎയ്യം പകൽപോലെ വ്യക്തമാണ്...

മാൻഡേഴ്സ്: അതെ. അതു വളരെ വ്യക്തമാണ്.

മിസ്സിസ് ആൽവിങ്ങ്: പക്ഷേ, അവളെങ്ങോട്ടു പോകും? നീതിയായിരിക്കുമോ, നാമവളെ...

മാൻഡേഴ്സ്: എങ്ങോട്ടെന്നോ? അവളുടെ അപ്പൻെറ അടുത്തേയ്ക്കു്. എന്താ സംശയം?

മിസ്സിസ് ആൽവിങ്ങ്: ആരുടെ അടുത്തേയ്ക്കെന്നാണു പറഞ്ഞതു്?

മാൻഡേഴ്സ്: അവളുടെ—ഓ, എങ്സ്ട്രാൻഡ്. അവളുടെ ...എൻെറ ദൈവമേ! ഇതെങ്ങനെ സംഭവിക്കും? മിസ്സിസ് ആൽവിങ്ങ്, ഇതെല്ലാമാണെങ്കിലും നിങ്ങരം തെററിദ്ധരിച്ചതാണെന്നു വന്നുകൂടെ?

മിസ്സിസ് ആൽവിങ്ങ്: അതാണല്ലോ കഷ്ടം. തെററിദ്ധാരണയ്ക്കുള്ള ഇടകൂടിയില്ല. ജോവന്നായ്ക്കു് അതേന്നോടു സമ്മതിക്കാതെ നിവൃത്തിയുണ്ടായിരുന്നില്ല. എൻെറ ഭൎത്താവിനു നിഷേധിക്കാൻ കഴിവുമില്ല. അതുകൊണ്ടു കാൎയ്യം ഒതുക്കിത്തീൎക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല.

മാൻഡേഴ്സ്: ഇല്ല. അതു മാത്രമേ ചെയ്യാനുള്ളൂ.

മിസ്സിസ് ആൽവിങ്ങ്: പെണ്ണിനെ അപ്പോഴെ പറഞ്ഞയച്ചു. കാര്യം പുറത്താക്കാതിരിക്കാൻവേണ്ടി ഒരു നല്ല തുകയും

കൊടുത്തു. ബാക്കിയെല്ലാം, പട്ടണത്തിലെത്തിയതിനുശേഷം അവരാതന്നെ ചെയ്തതാണു്. മരപ്പണിക്കാരൻ എങ്ങ്സ്ട്രാൻഡുമായി പഴയ പരിചയം അവരം പുതുക്കി. കൈയിൽ പണം കുറെയുണ്ടെന്നു സൂചിപ്പിച്ചുകൊണ്ടും, എന്നിട്ടു കളിക്കപ്പലുമായി വേനൽക്കാലത്തു് ഇവിടെ എത്തിയ വിദേശിയെപ്പററി ഒരു പഴങ്കഥയും കെട്ടിച്ചമച്ചു. അങ്ങനെ വളരെ ധൃതഗതിയിൽ അവരുടെ വിവാഹവും നടന്നു – ഓ, അങ്ങാണല്ലോ അവരുടെ വിവാഹം നടത്തിക്കൊടുത്തതു്.

മാൻഡേഴ്സ്: എനിക്കിതു മനസ്സിലാകുന്നേയില്ല—എങ്ങ്സ്ട്രാൻഡ് കല്യാണക്കാര്യം പറയാൻ വന്നതു ഞാനിപ്പോഴും ഓർമ്മിക്കുന്നു. അയാരം പശ്ചാത്താപം കൊണ്ടു നിറഞ്ഞിരുന്നു. അയാളും ആ സ്ത്രീയുമായി നടന്ന ചാപല്യങ്ങളെപ്പററി അയാരം സ്വയം വളരെ ശക്തിയായി കുററപ്പെടുത്തി,

മിസ്സിസ് ആൽവിങ്ങ്: അതു വേണമല്ലോ. കുററം അയാരം ഏറേറ കഴിയൂ.

മാൻഡേഴ്സ്: പക്ഷേ, എന്തൊരു വഞ്ചന! അതും എന്നോടു്! ജേക്കബ് എങ്ങ്സ്ട്രാൻഡിനെപ്പററി എനിക്കിതു വിശ്വസിക്കാൻ പ്രയാസമാണു്. നിശ്ചയമായും ഞാനയാളോടു ഗൗരവമായി കുറച്ചു പറയുന്നുണ്ടു്. ആ വിവാഹത്തിൻെറ അസാന്മാർഗ്ഗികത നോക്കൂ. വെറും പണത്തിനുവേണ്ടി മാത്രം! എത്ര പണമാണു് ആ സ്ത്രീയുടെ കൈവശമുണ്ടായിരുന്നതു്?

മിസ്സിസ് ആൽവിങ്ങ്: എഴുപതു പവൻ.

മാൻഡേഴ്സ്: ഒന്നാലോചിച്ചുനോക്കൂ. കേവലം എഴുപതു പവനുവേണ്ടി, ഒരു വ്യഭിചാരിണിയെ വിവാഹം ചെയ്യാൻ സമ്മതിക്കുക!

മിസ്സിസ് ആൽവിങ്ങ്: അപ്പോരം എൻെറ കഥയോ? ഒരു വ്യഭിചാരി എന്നെ വിവാഹംചെയ്യാൻ ഞാൻ സമ്മതിച്ചില്ലേ?

മാൻഡേഴ്സ്: ദൈവം ക്ഷമിക്കട്ടെ. നിങ്ങളെന്താണു പറയുന്നതു—വ്യഭിചാരി?

മിസ്സിസ് ആൽവിങ്ങ്: ജോവന്ന എങ്ങ്സ്ട്രാൻഡിൻെറകൂടെ പള്ളിയിലേയ്ക്കു പോയപ്പോരം അവരാക്കുണ്ടായിരുന്ന പരിശുദ്ധിയെക്കാരം കൂടുതലായിരുന്നു എൻെറകൂടെ പള്ളിയിലേയ്ക്കു വന്ന മനുഷ്യൻെറതെന്നാണോ അങ്ങു ധരിച്ചിരിക്കുന്നതു്?

മാൻഡ്ഡേഴ്സ്: അതു രണ്ടും രാപകൽ ഭേദമുള്ള കാര്യങ്ങളാണു്.

മിസ്സിസ് ആൽവിങ്ങ്: അത്രയധികം വ്യത്യാസമൊന്നുമുള്ളതല്ല. കൊടുത്ത വിലയെ സംബന്ധിച്ചിടത്തോളം വളരെ വ്യത്യാസമുണ്ടായിരുന്നെന്നതു സത്യം. വെറും എഴുപതു പവനും, ഒരു വലിയ സമ്പത്തും.

മാൻഡ്ഡേഴ്സ്: തികച്ചും ഭിന്നമായ ഇവ രണ്ടും നിങ്ങളെങ്ങിനെയാണു താരതമ്യപ്പെടുത്തുന്നതു്? നിങ്ങൾ നിങ്ങളുടെ ഹൃദയത്തോടു ചോദിച്ചു എന്നാണു ഞാൻ ധരിച്ചിരിക്കുന്നതു്—ബന്ധുജനങ്ങളോടും.

മിസ്സിസ് ആൽവിങ്ങ്: (മറുവശത്തേയ്ക്കു നോക്കിക്കൊണ്ടു്)എൻെറ ഹൃദയമെന്നു വിളിക്കുന്ന സാധനം ഏതു വഴിക്കാണു തിരിഞ്ഞിരുന്നതെന്നു് അങ്ങു മനസ്സിലാക്കിയിരുന്നു എന്നാണു് എൻെറ ധാരണ.

മാൻഡ്ഡേഴ്സ്: (ശബ്ദതടസ്സത്തോടെ) അങ്ങനെ എന്തെങ്കിലും എനിക്കറിയാമായിരുന്നെങ്കിൽ ഞാൻ നിങ്ങളുടെ വീട്ടിൽ ഒരു നിത്യനായിരിക്കുകയില്ലായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: ശരി; ഏതായാലും ഒരു കാര്യം തീർച്ച. ഞാൻ എൻെറ ഇഷ്ടം നോക്കിയതേയില്ല.

മാൻഡ്ഡേഴ്സ്: എങ്കിലും നിങ്ങൾ മുറപ്രകാരം നിങ്ങൾക്കു വേണ്ടപ്പെട്ടവരോടു ചോദിച്ചല്ലോ? അമ്മയോടും രണ്ടു് അമ്മായിമാരോടും?

മിസ്സിസ് ആൽവിങ്ങ്: അതെ, അതു ശരിയാണു്. അവർ മൂന്നുപേരുംകൂടി എനിക്കുവേണ്ടി എല്ലാ കാര്യങ്ങളും ഉറപ്പിച്ചു. ഇത്തരമൊരവസരം നഷ്ടപ്പെടുത്തുന്നതു് എത്ര മൗഢ്യമായിരിക്കുമെന്നു് അവർ വ്യക്തമായി തെളിയിച്ചു. അവരെങ്ങിനെയതു സാധിച്ചുവെന്നു് ഇന്നെനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. മോഹനമായ ആ പ്രതീക്ഷകൾ എവിടെയവസാനിച്ചുവെന്നു് എൻെറ അമ്മയ്ക്കു കാണാൻ കഴിഞ്ഞെങ്കിൽ!

മാൻഡ്ഡേഴ്സ്: അതിൻെറ ഫലത്തിനു് ആരും ഉത്തരവാദിയല്ല. ഏതായാലും ഒന്നു പറയാം, ആ വിവാഹം തികച്ചും വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടിയാണു നടന്നതു്.

മിസ്സിസ് ആൽവിങ്ങ്: (ജനലിനടുത്തേയ്ക്കു നടന്നു്) ഓ, വ്യവസ്ഥാപിതമാർഗ്ഗം! എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്, ലോകത്തിലെ നരകത്തിൻെറ മുഴുവനും മൂലം അതാണെന്നു്.

മാൻഡേഴ്സ്: മിസ്സിസ് ആൽവിങ്ങ്, അങ്ങനെ പറയു ന്നതു പാപകരമാണ്.

മിസ്സിസ് ആൽവിങ്ങ്: അങ്ങനെയായിരിക്കാം. പക്ഷേ, ഞാനിനി ഈ കടമകൾക്കും വിശ്വാസങ്ങൾക്കും യാതൊരു പ്രാധാന്യവും കല്പിക്കാൻ വിചാരിക്കുന്നില്ല. എനിക്കു വയ്യ! എനിക്ക് എൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരു തണം.

മാൻഡേഴ്സ്: നിങ്ങൾ പറയുന്നതിൻെറ അർത്ഥമെന്താണ്?

മിസ്സിസ് ആൽവിങ്ങ്: (ജനലിൽ മുട്ടിക്കൊണ്ട്) എൻെറ ഭർത്താവ് ഏതുതരം ജീവിതമാണു നയിച്ചിരുന്നതെന്നു ഞാനൊരിക്കലും മറയ്ക്കരുതായിരുന്നു. പക്ഷേ, മററാരു തരത്തിൽ ചെയ്യാൻ അന്നെനിക്കു കഴിവില്ലായിരുന്നു—എനിക്കു വേണ്ടിയാണെങ്കിൽത്തന്നെയും. ഞാൻ തീരെ ഭീരുവായിരുന്നു.

മാൻഡേഴ്സ്: ഭീരു ?

മിസ്സിസ് ആൽവിങ്ങ്: നടന്നതെന്തെങ്കിലും മനുഷ്യരറിഞ്ഞിരുന്നെങ്കിൽ, അവർ പറയുമായിരുന്നു, ''സാധു മനുഷ്യൻ. ഒളിച്ചോടിപ്പോയ ഒരു ഭാര്യയേയും വച്ചുകൊണ്ട് അയാൾ വഴിതെററി പോകുന്നതു സ്വാഭാവികം മാത്രമാണ്'' എന്ന്.

മാൻഡേഴ്സ്: അവർക്കങ്ങനെ പറയുവാൻ കുറച്ചു ന്യായവുമുണ്ട്.

മിസ്സിസ് ആൽവിങ്ങ്: (മാൻഡേഴ്സിൻെറ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ട്) ഞാനൊരു കഴിവുള്ളസ്ത്രീയായിരുന്നെങ്കിൽ, ഓസ്വോൾഡിനെ വിശ്വസിച്ച് അവനോടു പറയേണ്ടതായിരുന്നു, ''എൻെറ മകനേ, നിൻെറ അപ്പൻ ഒരു കൊള്ളരുതാത്തവനായിരുന്നു...''

മാൻഡേഴ്സ്: കഷ്ടം! ഈ സ്ത്രീ ഇങ്ങനെ...

മിസ്സിസ് ആൽവിങ്ങ്: ഞാൻ നിങ്ങളോടു പറഞ്ഞതു മുഴുവനും, ആദ്യാവസാനം ഞാൻ അവനോടു പറയുമായിരുന്നു.

മാൻഡേഴ്സ്: നിങ്ങളുടെ സംസാരം കേട്ടിട്ടു ഞാൻ ഞെട്ടിപ്പോകുന്നു, മിസ്സിസ് ആൽവിങ്ങ്.

മിസ്സിസ് ആൽവിങ്ങ്: എനിക്കറിയാം. എനിക്കു നന്നായിട്ടറിയാം. ഓർക്കുമ്പോൾ ഞാൻതന്നെ ഞെട്ടിപ്പോകാറുണ്ട്. (ജനലിനടുത്തുനിന്നു തിരിച്ചു വരുന്നു) അത്രയ്ക്കു ഭീരുത്വമെനിക്കുണ്ട്.

മാൻഡേഴ്സ്: നിങ്ങരം നിങ്ങളുടെ കടമ നിവ്വഹിച്ചതിനെ ഭീരുത്വമെന്നു വിളിക്കുന്നതെങ്ങനെ? ഒരു കുട്ടി അതിൻെറ മാതാപിതാക്കന്മാരെ സ്നേഹിക്കുകയും ആദരിക്കുകയും വേണമെന്നതു നിങ്ങരം മറന്നുപോയോ?

മിസ്സിസ് ആൽവിങ്ങ്: ഇങ്ങനെ പൊതുതത്വങ്ങരം മാത്രം പറഞ്ഞിട്ടെന്താണു പ്രയോജനം? ചോദ്യം ഇങ്ങനെയാണെന്നു വിചാരിക്കുക, ''ഓസ്‌വോരംഡ് മിസ്റ്റർ ആൽവിങ്ങിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണോ?''

മാൻഡേഴ്സ്: നിങ്ങരം ഒരമ്മയാണ്. നിങ്ങളുടെ അന്തരാത്മാവു നിങ്ങളോടു പറയുന്നില്ലേ, നിങ്ങളുടെ പുത്രൻെറ ആദർശബോധത്തെ തകത്തുകളയരുതെന്നു്?

മിസ്സിസ് ആൽവിങ്ങ്: ഓ, ആദശ്ങ്ങരം! ആദശ്ങ്ങരം! ഞാനിതുപോലെ ഒരു ഭീരുവല്ലായിരുന്നെങ്കിൽ!

മാൻഡേഴ്സ്: ആദർശങ്ങളെ നിന്ദിക്കരുതു്, മിസ്സിസ് ആൽവിങ്ങ്. ക്രൂരമായി പ്രതികാരം നടത്തുന്ന ഒരു സമ്പ്രദായം അവയ്ക്കുണ്ടു്. ഇപ്പോരം ഓസ്‌വോരംഡിൻെറ കായ്യം തന്നെയെടുക്കുക. നിർഭാഗ്യവശാൽ അയാരംക്കു വളരെയധികം ആദശ്ങ്ങളൊന്നുമില്ല. എങ്കിലും എനിക്കു കാണാൻ കഴിഞ്ഞിടത്തോളം അയാരംക്കു പിതാവു് ഏതാണ്ടൊരാദശ്ം തന്നെയാണ്.

മിസ്സിസ് ആൽവിങ്ങ്: നിങ്ങരം പറയുന്നതു ശരിയാണ്.

മാൻഡേഴ്സ്: മാത്രമല്ല, അയാരംക്കു പിതാവിനെക്കുറിച്ചുള്ള ധാരണ നിങ്ങരം എഴുത്തുകരംമൂലം സൃഷ്ടിച്ചു പുലത്തിയ ഒന്നാണ്.

മിസ്സിസ് ആൽവിങ്ങ്: അതെ. കടമയും മററുള്ളവരോടുള്ള ആദരവും എന്നെ സ്വാധീനപ്പെടുത്തി. അതുകൊണ്ടാണു് ഞാനെൻെറ മകനോടു കളവു പറഞ്ഞതു്, വഷ്ങ്ങരം തുടരെ; അയ്യോ, എന്തൊരു ഭീരു! എന്തൊരു ഭീരുവാണ് ഞാൻ!

മാൻഡേഴ്സ്: മിസ്സിസ് ആൽവിങ്ങ്, നിങ്ങരം നിങ്ങളുടെ പുത്രൻെറ മനസ്സിൽ സുന്ദരമായ ഒരു സങ്കല്പത്തെ പടുത്തുയർത്തിയിരിക്കുന്നു. വിലയിടിച്ചുകളയരുതാത്ത ഒന്നാണതു്.

മിസ്സിസ് ആൽവിങ്ങ്: ആരറിഞ്ഞു, അതിത്ര ആശാസ്യമായ ഒന്നാണെന്നു്!— പക്ഷേ, ഏതായാലും റെജീനയുമായുള്ള യാതൊരു സമ്പക്കവും ഞാൻ അനുവദിക്കാനുദ്ദേശിക്കുന്നില്ല. ആ പാവം പെണ്ണിനെ കഴപ്പത്തിലാക്കാൻ അവനു സ്വാതന്ത്ര്യമുണ്ടായിരുന്നുകൂടാ.

മാൻഡേഴ്സ്: ഒരിക്കലും വയ്യാ. ദൈവമേ ! എന്തൊരു ഭയങ്കര സംഗതിയായിരിക്കും അതു്.

മിസ്സിസ് ആൽവിങ്ങ്: അവനതു് ഗൗരവമായിട്ടാണോ എടുത്തിരിക്കുന്നതെന്നു് ഒന്നറിഞ്ഞിരുന്നെങ്കിൽ ! അതുകൊണ്ടു് അവനു് ആനന്ദമുണ്ടാകുമോ എന്നു്...

മാൻഡേഴ്സ്: ഏതു രൂപത്തിൽ ? എനിക്കു മനസ്സിലായില്ല.

മിസ്സിസ് ആൽവിങ്ങ്: പക്ഷേ, അതു നടപ്പില്ല. നിർഭാഗ്യവശാൽ റെജീനക്കതിനുള്ള കരുത്തില്ല.

മാൻഡേഴ്സ്: എന്നുവെച്ചാൽ ? നിങ്ങളെന്താണിപ്പറയുന്നതു് ?

മിസ്സിസ് ആൽവിങ്ങ്: ഞാനിത്തരം ഒരെല്ലില്ലാത്ത ഭീരുവല്ലായിരുന്നെങ്കിൽ ഞാൻ അവനോടു പറയും, ''നീ അവളെ വിവാഹം ചെയ്യുകയോ, മറേറതെങ്കിലും നിശ്ചയമുണ്ടാക്കുകയോ ചെയ്തുകൊള്ളൂ. അതിൽ വഞ്ചനയുണ്ടായിരിക്കരുതെന്നു മാത്രം.''

മാൻഡേഴ്സ്: ദൈവം നിങ്ങൾക്കു മാപ്പു തരട്ടെ ! അവർ തമ്മിൽ വിവാഹം ചെയ്യുകയെന്നതുപോലെ അസാദ്ധ്യവും ഗർഹണീയവുമായ ഒരു നടപടി നിർദ്ദേശിക്കുന്നതു കാര്യമായിട്ടു തന്നെയാണോ ?

മിസ്സിസ് ആൽവിങ്ങ്: അസാദ്ധ്യം എന്നാണോ നിങ്ങൾക്കു തോന്നുന്നതു് ? മുഖത്തു നോക്കി പറയൂ അച്ചാ, ഇവക്കുള്ളിടത്തോളം രക്തബന്ധമുള്ള അനവധി ദമ്പതികൾ ഈ നാട്ടുമ്പുറത്തില്ലേ ?

മാൻഡേഴ്സ് : എനിക്കൊരക്ഷരം പോലും മനസ്സിലാകുന്നില്ല.

മിസ്സിസ് ആൽവിങ്ങ്: തീർച്ചയായും നിങ്ങൾക്കു മനസ്സിലാകുന്നുണ്ടു്.

മാൻഡേഴ്സ്: എനിക്കു തോന്നുന്നതു്, നിങ്ങൾ ചില പ്രത്യേക പരിതഃസ്ഥിതികളെ ഉദ്ദേശിച്ചായിരിക്കും സംസാരിക്കുന്നതു് എന്നാണു്. കുടുംബജീവിതം അർഹിക്കുന്ന തരത്തിൽ ഇന്നു നിഷ്കളങ്കമല്ലെന്നതു്, നിർഭാഗ്യവശാൽ, വാസ്തവം തന്നെ. പക്ഷെ, നിങ്ങൾ സൂചിപ്പിക്കുന്ന തരത്തിലുള്ള സംഗതികൾ, ഏതായാലും ഉറപ്പായിപ്പറയുക അസാദ്ധ്യമാണു്. ഇവിടെ, നേരെമറിച്ചു്, നിങ്ങൾ—ഒരമ്മ അനുവദിക്കുകയാണു് സ്വന്ത...

മിസ്സിസ് ആൽവിങ്ങ്: പക്ഷേ, ഞാൻ അതനുവദിക്കുന്നില്ലല്ലൊ. യാതൊരു കാരണവശാലും ഞാനതു് അനുവദിക്കുകയില്ല. അതുതന്നെയല്ലെ ഞാൻ പറഞ്ഞുകൊണ്ടിരുന്നതു്.

മാൻഡേഴ്സ്: ഇല്ല. പക്ഷെ, നിങ്ങൾ പറയുന്നതു് അതു നിങ്ങളൊരു ഭീരുവായതുകൊണ്ടാണെന്നാണു്. പക്ഷെ, നിങ്ങളത്രയൊരു ഭീരുവല്ലെന്നു വയ്ക്കുക. ദൈവമേ! എത്ര അവജ്ഞാകരമായ ഒരു ബന്ധം!

മിസ്സിസ് ആൽവിങ്ങ്: അക്കഥ പറഞ്ഞാൽ, നാമെല്ലാം അത്തരമൊരു ബന്ധത്തിൻെറ സന്തതിപരമ്പരയാണെന്നാണല്ലൊ നമ്മെ പഠിപ്പിച്ചിരിക്കുന്നതു്. അല്ലേ, മിസ്റ്റർ മാൻഡേഴ്സ്? ഈ അവസ്ഥയ്ക്കെല്ലാം ഉത്തരവാദിയാരാണു്?

മാൻഡേഴ്സ്: നിങ്ങളുമായി എനിക്കത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ വയ്യാ, മിസ്സിസ് ആൽവിങ്ങ്. അതിനു യോജിച്ച മാനസികാവസ്ഥയല്ല നിങ്ങൾക്കുള്ളതു്. പക്ഷെ, നിങ്ങൾ പറയുന്ന, ഭീരുത്വംകൊണ്ടാണു് നിങ്ങൾ...

മിസ്സിസ് ആൽവിങ്ങ്: അതിൻെറ അർത്ഥമെന്താണെന്നു ഞാൻ പറഞ്ഞുതരാം. എനിക്കൊരിക്കലും ഉഴിഞ്ഞുകളയാൻ വയ്യാത്ത ദുരാത്മാക്കൾ എന്നെ ബാധിച്ചിരിക്കുന്നതുകൊണ്ടു്, എനിക്കെപ്പോഴും ഭയമാണു്.

മാൻഡേഴ്സ്: എന്തു ബാധിച്ചിരിക്കുന്നു?

മിസ്സിസ് ആൽവിങ്ങ്: ദുരാത്മാക്കൾ. ഓസ്‌വോൾഡിൻേറയും റെജീനയുടേയും ശബ്ദം അതിനകത്തു കേട്ടപ്പോൾ, കണ്ണിനു മുമ്പിൽ ഭൂതത്തെ കാണുന്നതുപോലെയായിരുന്നു. നാമെല്ലാം ഭൂതങ്ങളാണെന്നുപോലും എനിക്കു തോന്നാറുണ്ടു്, മിസ്റ്റർ മാൻഡേഴ്സ്. നാം മാതാപിതാക്കന്മാരിൽനിന്നും ആർജ്ജിച്ചതു മാത്രമല്ല നമ്മിൽ കുടികൊള്ളുന്നതു്; മരിച്ചു മണ്ണടിഞ്ഞ വിശ്വാസങ്ങളും പഴഞ്ചൻ ധാരണകളുമെല്ലാം കൂടിയാണു്. അവ നമ്മിൽ സജീവമായിരിക്കയില്ല. എങ്കിലും ഒളിഞ്ഞുകിടക്കുന്നുണ്ടു്, അവയിൽനിന്നു വിമുക്തരാകാൻ കഴിയുകയുമില്ല. വർത്തമാനപത്രമെടുത്തു വായിക്കുമ്പോഴൊക്കെ വരികൾക്കിടയിൽക്കൂടി ഭൂതങ്ങൾ നുഴഞ്ഞു പോകുന്നതായി എനിക്കു തോന്നാറുണ്ടു്. ലോകം മുഴുവനും ഭൂതങ്ങളായിരിക്കണം. മണൽത്തരികളെപ്പോലെ അനന്തമായിരിക്കണം അവ. നമ്മളോ, നാം വെളിച്ചത്തെ ഭയപ്പെടുകയും ചെയ്യുന്നു—നാമെല്ലാവരും.

മാൻഡേഴ്സ്: ങ്ഹാ! അതാ പുറത്തു വന്നു, നിങ്ങളുടെ വായനയുടെ ഫലം. ഒന്നാംതരം ഫലമാണതു കായ്ചതു്— ഈ വൃത്തികെട്ട, വിധ്വംസക, യുക്തിവാദസാഹിത്യം!

മിസ്സിസ് ആൽവിങ്ങ്: എൻെറ സ്നേഹിതാ, നിങ്ങാംക്ക വിടെ തെററിപ്പോയി. എൻെറ ചിന്ത തുടങ്ങിവെച്ചതു നിങ്ങളാണ്. അതിനു ഞാൻ നിങ്ങളോട്ട് ആത്മാർത്ഥമായി നന്ദി പറയുന്നു.

മാൻഡേഴ്സ്: ഞാൻ ?

മിസ്സിസ് ആൽവിങ്ങ്: അതെ. എൻെറ കടമയെന്നും ചുമതലയെന്നുമൊക്കെ നിങ്ങാം പറഞ്ഞ എന്തിനോ കീഴടങ്ങാൻ എന്നെ നിർബന്ധിച്ചതുകൊണ്ട്; ഹീനമായ എന്തിനേയുമെന്നപോലെ എൻെറ ആത്മാവു വെറുത്തതിനെ നിങ്ങാം ശരിയെന്നും ന്യായമെന്നും പുകഴ്ത്തിയതുകൊണ്ട്. അതുകൊണ്ടാണ്, ഞാൻ നിങ്ങളുടെ ഉപദേശങ്ങളെപ്പററി ചുഴിഞ്ഞാലോചിക്കാനിടയായതു്. അവയിൽ ഒരൊററ കാര്യമേ എനിക്കു ഗ്രഹിക്കേണ്ടതായിട്ടുണ്ടായിരുന്നുള്ളു, പക്ഷെ, അതൊന്നു മനസ്സിലായിക്കഴിഞ്ഞപ്പോാം ആ സംഹിത മുഴുവനും ഛിന്നഭിന്നമായിപ്പോയി. അപ്പോഴാണ്, അതു് യന്ത്രസൃഷ്ടി മാത്രമാണെന്ന് എനിക്കു മനസ്സിലായതു്.

മാൻഡേഴ്സ്: (മൃദുവായി വികാരവായ്പോടെ) ഇതു മാത്രമാണോ, എൻെറ ജീവിതത്തിലെ ഏററവും ഭാരിച്ച സമരം കൊണ്ടു ഞാൻ സാധിച്ചതു് ?

മിസ്സിസ് ആൽവിങ്ങ്: നിങ്ങളുടെ ജീവിതത്തിലെ ഏററവും ലജ്ജാവഹമായ പരാജയമെന്നു പറയുകയായിരിക്കും ഭേദം.

മാൻഡേഴ്സ്: ഹെലെൻ, അതെൻെറ ജീവിതത്തിലെ ഏററവും മികച്ച വിജയമായിരുന്നു—എൻെറമേൽ തന്നെയുള്ള വിജയം.

മിസ്സിസ് ആൽവിങ്ങ്: അതു നാം രണ്ടുപേരോടും ചെയ്ത ഒരപരാധമായിരുന്നു.

മാൻഡേഴ്സ്: അപരാധം ! നിങ്ങാം ഏതാണ്ട് അസ്ഥിരബുദ്ധിയോടെ എൻെറ അടുക്കലേയ്ക്ക് ഓടിവന്നു്, ''ഇതാ ഞാൻ; എന്നെ സ്വീകരിക്കു,'' എന്നു നിലവിളിച്ചപ്പോാം, ശരിയായ ഭർത്താവിനടുത്തേയ്ക്കു മടങ്ങിപ്പോകാൻ നിങ്ങളോടഭ്യർത്ഥിച്ചതാണോ എൻെറ അപരാധം ? അതൊരപരാധമാണത്രെ!

മിസ്സിസ് ആൽവിങ്ങ്: ആണെന്നെനിക്കു തോന്നുന്നു.

മാൻഡേഴ്സ്: നമുക്കു രണ്ടുപേക്കും പരസ്പരം മനസ്സിലാക്കാൻ സാദ്ധ്യമല്ല.

മിസ്സിസ് ആൽവിങ്ങ്: ഏതായാലും ഇപ്പോൾ സാദ്ധ്യമല്ല.

മാൻഡേഴ്സ്: ഒരിക്കലും. എൻെറ അന്തരംഗത്തിൻെറ അടിത്തട്ടിൽപോലും, നിങ്ങളെ ഒരന്യൻെറ ഭാര്യയായിട്ടല്ലാതെ ഞാൻ പരിഗണിച്ചിട്ടില്ല.

മിസ്സിസ് ആൽവിങ്ങ്: നിങ്ങൾ വിശ്വസിക്കുന്നതു തന്നെയാണോ പറയുന്നതും ?

മാൻഡേഴ്സ്: ഹെലെൻ...

മിസ്സിസ് ആൽവിങ്ങ്: വികാരങ്ങൾ മറക്കാനെത്ര എളുപ്പമാണ് !

മാൻഡേഴ്സ് : ഞാനങ്ങനെയല്ല. ഞാനെന്തായിരുന്നോ അതുതന്നെയാണിന്നും.

മിസ്സിസ് ആൽവിങ്ങ്: ശരി, ശരി. നമുക്കാ പഴയ കാലങ്ങളെപ്പററി ഇനി സംസാരിക്കണ്ട. നിങ്ങൾ അനേക കമ്മിററികളിലും കാര്യങ്ങളിലും മുഴകിയിരിക്കയാണ്. ഞാനോ, ഇവിടെ അകത്തും പുറത്തുമുള്ള ഭൂതങ്ങളുമായി സമരംചെയ്തു കഴിയുന്നു.

മാൻഡേഴ്സ്: നിങ്ങളുടെ പുറത്തുള്ളവയെ അമർത്താൻ എനിക്കു നിങ്ങളെ സഹായിക്കാൻ കഴിയും. ഇന്നു ഞാൻ നിങ്ങളിൽനിന്നു കേട്ട ഭയങ്കരമായ അഭിപ്രായങ്ങൾക്കു ശേഷം നിരാശ്രയയായ ഒരു യുവതിയെ നിങ്ങളുടെ സംരക്ഷണയിൽ ഈ വീട്ടിൽ വിട്ടേച്ചു പോകുവാൻ എനിക്കു നിർവ്വാഹമില്ല.

മിസ്സിസ് ആൽവിങ്ങ്: അവളെ എങ്ങനെയെങ്കിലും ഒരു സ്ഥാനത്തുറപ്പിക്കുകയായിരിക്കും ഉത്തമം എന്നു നിങ്ങൾക്കു തോന്നുന്നില്ലേ? എന്നുവച്ചാൽ,കൊള്ളാവുന്ന ഒരു വിവാഹം?

മാൻഡേഴ്സ്: സംശയമില്ല. ഇതൊന്നുമല്ലെങ്കിലും അതവൾക്കു നല്ലതാണെന്നാണെൻെറ പക്ഷം. റെജീനയുടെ ഈ പ്രായത്തിൽ—എനിക്കീവക കാര്യങ്ങളെക്കുറിച്ച് അത്ര അറിയില്ല—എങ്കിലും...

മിസ്സിസ് ആൽവിങ്ങ്: റെജീന വളരെ വേഗം മുതിർന്നു.

മാൻഡേഴ്സ്: അതെ. എത്രവേഗം. അവളെ സ്ഥിരീകരണത്തിനു പഠിപ്പിച്ചപ്പോൾത്തന്നെ അവൾ വല്ലാതെ വളന്നിരിക്കുന്നുവെന്ന്—ശാരീരികമായി—എനിക്കു തോന്നിയെന്നാണെൻെറയോമ്മ. പക്ഷെ, തല്ക്കാലത്തേയ്ക്കു്, അവൾ ഏതായാലും വീട്ടിലേയ്ക്കു പോവുകതന്നെ വേണം. അവ

ളുടെ അപ്പൻെറ സംരക്ഷണയിൽ — ഓ, എങ്ഗ്സ്ട്രാൻഡ് അവളുടെ അപ്പനല്ലല്ലോ—അയ്യയ്യോ മററാരാണെങ്കിലും വേണ്ടില്ല, അയാഠം എന്നിൽനിന്നു സത്യം മറച്ചു വയ്ക്കുമെന്നും !

ഹാളിലേയ്ക്കുള്ള വാതില്ക്കൽ മുട്ടുന്ന ശബ്ദം.

മിസ്സിസ് ആൽവിങ്ങ്: അതാരായിരിക്കും ? അകത്തേയ്ക്കു വരൂ !

എങ്ഗ്സ്ട്രാൻഡ് പള്ളിയിൽ പോകാനുള്ള വേഷത്തിൽ വാതില്ക്കൽ പ്രത്യക്ഷപ്പെടുന്നു

എങ്ഗ്സ്ട്രാൻഡ്: ദയവുചെയ്തു് എനിക്കു മാപ്പു തരണം. പക്ഷേ...

മിസ്സിസ് ആൽവിങ്ങ്: ആഹാ, എങ്ഗ്സ്ട്രാൻഡാണോ ?

എങ്ഗ്സ്ട്രാൻഡ്: വേലക്കാരികളെ ആരെയും അവിടെ കണ്ടില്ല. അതുകൊണ്ടു ഞാൻ വാതിൽക്കൽ മുട്ടിക്കളയാമെന്നങ്ങു ധൈര്യപ്പെട്ടു.

മിസ്സിസ് ആൽവിങ്ങ്: അതു സാരമില്ല. അകത്തേയ്ക്കു വരൂ, നിങ്ങഠംക്കെന്നോടു് എന്തെങ്കിലും പറയാനുണ്ടോ ?

എങ്ഗ്സ്ട്രാൻഡ്: (അകത്തേയ്ക്കു കടന്നു്) ഇല്ല കൊച്ചമ്മേ. ഒന്നുമില്ല. ബഹുമാനപ്പെട്ട അച്ചനുമായി ഒരു വാക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

മാൻഡേഴ്സ്: (അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു്) ആഹാ ? നിങ്ങഠംക്കെന്നോടു സംസാരിക്കാനുണ്ടു്, അല്ലേ ?

എങ്ഗ്സ്ട്രാൻഡ്: ഓ, അച്ചാ. എനിക്കച്ചനോടു് ഒരു വാക്കു പറഞ്ഞാൽ കൊള്ളാമെന്നു വളരെ ..

മാൻഡേഴ്സ്: (അയാളുടെ മുമ്പിൽ നിന്നുകൊണ്ടു) നിങ്ങഠംക്കെന്താണു വേണ്ടതെന്നറിഞ്ഞാൽ കൊള്ളാം.

എങ്ഗ്സ്ട്രാൻഡ്: അച്ചാ, കാര്യമിതാണു്: ഞങ്ങളെല്ലാം കൂലി വാങ്ങി പിരിഞ്ഞുപോവുകയാണു്. കൊച്ചമ്മയോടു പറഞ്ഞാൽ തീരാത്ത നന്ദിയുണ്ടു്. പണിയെല്ലാം കഴിഞ്ഞതുകൊണ്ടു നമുക്കെല്ലാവക്കുംകൂടി — അത്ര ആത്മാർത്ഥമായി ജോലി ചെയ്തവരല്ലേ നാമെല്ലാം—ഇന്നു വൈകിട്ടു കുറച്ചു പ്രാർത്ഥിച്ചു പിരിഞ്ഞാൽ — അതാണൊരു ഭംഗിയും ചേർച്ചയും.

മാൻഡേഴ്സ്: പ്രാത്ഥനയോ? അനാഥമന്ദിരത്തിൽവച്ചോ?

എങ്ഗ്സ്ട്രാൻഡ് : എന്നാണു് ഞാനുദ്ദേശിച്ചതു് അച്ചാ. പക്ഷേ, അവിടുത്തേയ്ക്കു് അതു സൗകര്യമല്ലെങ്കിൽ—

മാൻഡേഴ്സ്: സൗകര്യംതന്നെ— പക്ഷേ...ങ്ഹും ?

എങ്സ്ട്രാൻഡ്: അവിടെവെച്ചുതന്നെ സന്ധ്യയായാൽ ഇത്തിരി പ്രാർത്ഥിക്കുന്നതു് എനിക്കൊരു പതിവാണു്.

മിസ്സിസ് ആൽവിങ്ങ്: നിങ്ങൾക്കോ ?

എങ്സ്ട്രാൻഡ്: അതെ കൊച്ചമ്മേ, ചിലപ്പോഴൊക്കെ. സ്വല്പം അനുഗ്രഹത്തിനുവേണ്ടി എന്നു പറയാം. പക്ഷേ, ഞാനൊരു പാവപ്പെട്ടജോലിക്കാരനല്ലെ. എനിക്കു് അതിനുവേണ്ട നൽവരവുമില്ല, കഷ്ടം. അപ്പോൾ ഞാനോർത്തു, മാൻഡേഴ്സച്ചൻ ഇവിടെയുണ്ടല്ലോ, ഒരു പക്ഷേ ...

മാൻഡേഴ്സ്: നോക്കു, എങ്സ്ട്രാൻഡ്, ആദ്യമായി എനിക്കു തന്നോടു് ഒരു ചോദ്യം ചോദിക്കാനുണ്ടു്. അതിനു പററിയ ഒരു ആത്മീയാവസ്ഥയാണോ തനിക്കുള്ളതു് ? തന്റെ മനഃസാക്ഷി സ്വച്ഛവും സ്വതന്ത്രവുമാണോ ?

എങ്സ്ട്രാൻഡ്: ഈ പാപിയെ ദൈവംതന്നെ തുണയ്ക്കട്ടെ. എന്റെ മനഃസാക്ഷി നമുക്കു തമ്മിൽ സംസാരിക്കാൻമാത്രം നല്ല വിഷയമല്ല അച്ചാ.

മാൻഡേഴ്സ്: പക്ഷേ, അതിനെപ്പററിത്തന്നെയാണു നമുക്കു സംസാരിക്കാനുള്ളതു്. എന്റെ ചോദ്യത്തിനു താനെന്തുത്തരം പറയുന്നു ?

എങ്സ്ട്രാൻഡ്: എന്റെ മനസ്സാക്ഷി ! അതു്, ചിലപ്പോഴൊക്കെ എന്നെ വിഷമിപ്പിക്കുന്നുണ്ടു്. അതങ്ങനെയാണല്ലോ.

മാൻഡേഴ്സ്: അത്രയെങ്കിലും താൻ സമ്മതിക്കുന്നുണ്ടല്ലോ. ഇനി യാതൊന്നും മറയ്ക്കാതെ എന്നോടു തുറന്നു പറയൂ— തനിക്കു് റെജീനയുമായിട്ടുള്ള ബന്ധമെന്താണു് ?

മിസ്സിസ് ആൽവിങ്ങ്: (ധൃതിയിൽ) മിസ്റ്റർ മാൻഡേഴ്സ് !

മാൻഡേഴ്സ്: (അവരെ സമാധാനപ്പെടുത്തിക്കൊണ്ടു്) അതെനിക്കു വിട്ടേയ്ക്കുക.

എങ്സ്ട്രാൻഡ്: റെജീനയുമായിട്ടോ ? ദൈവമേ ! അവിടുന്നെന്നെ ഭയപ്പെടുത്തിക്കളഞ്ഞു. (മിസ്സിസ് ആൽവിങ്ങിനെ നോക്കിക്കൊണ്ടു്) റെജീനയ്ക്കു കുഴപ്പമൊന്നും പററിയിട്ടില്ലല്ലോ, ഉണ്ടോ ?

മാൻഡേഴ്സ്: ഇല്ലെന്നു വയ്ക്കുക. തനിക്കു് അവളുമായുള്ള ബന്ധമാണെനിക്കറിയേണ്ടതു്. താൻ അവളുടെ അപ്പനാണെന്നല്ലേ ഭാവിക്കുന്നതു് ?

എങ്സ്റ്റ്രാൻഡ്: (ചഞ്ചലനായി) ങ്ഹാ—ഉം അവിടുത്തേയ്ക്കറിയാമല്ലോ ഞാനും എൻെറ പാവം ജോവന്നായുമായി എന്താണു നടന്നതെന്നു്.

മാൻഡേഴ്സ്: വളവുതിരിവുകളൊന്നും ഇനി വേണ്ട. തൻെറ മരിച്ചുപോയ ഭാൎയ്യ ഇവിടംവിട്ടു പോകുന്നതിനു മുമ്പു് മിസ്സിസ് ആൽവിങ്ങിനോടു സകലതും തുറന്നു പറഞ്ഞു.

എങ്സ്റ്റ്രാൻഡ്: എന്തു്? അച്ചൻ പറയുന്നതു്....അവരു് അങ്ങനെ ചെയ്തെന്നാണോ?

മാൻഡേഴ്സ്: എങ്സ്റ്റ്രാൻഡ്, കാൎയ്യമെല്ലാം പുറത്തായിരിക്കുന്നു.

എങ്സ്റ്റ്രാൻഡ്: അവിടുന്നു പറയുന്നതു്, എന്നോടു വാക്കു പറയുകയും സത്യം ചെയ്യുകയും ചെയ്തിട്ടു് അവരു്....

മാൻഡേഴ്സ്: അവരു് ഒരു സത്യം ചെയ്തോ?

എങ്സ്റ്റ്രാൻഡ്: എന്നില്ല. അവരു് വാക്കു പറഞ്ഞതേയുള്ളു. പക്ഷെ, പെണ്ണുങ്ങളെപ്പോലെ ഗൗരവമായി.

മാൻഡേഴ്സ്: എന്നിട്ടു് ഇക്കാലമെല്ലാം താൻ സത്യാവസ്ഥ എന്നിൽനിന്നു മറച്ചുവെച്ചു. തന്നിൽ പരിപൂൎണ്ണവും അചഞ്ചലവുമായ വിശ്വാസമുണ്ടായിരുന്ന എന്നിൽനിന്നു്!

എങ്സ്റ്റ്രാൻഡ്: എനിക്കു സങ്കടമുണ്ടു്. ഞാനങ്ങനെ ചെയ്തു.

മാൻഡേഴ്സ്: തന്നിൽനിന്നു് ഇത്തരം പെരുമാററമാണോ ഞാനർഹിച്ചതു്, എങ്സ്റ്റ്രാൻഡ്? എൻെറ കഴിവനുസരിച്ചുള്ള വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഉള്ള സഹായം തരാൻ ഞാൻ എപ്പോഴും തയ്യാറായിരുന്നില്ലേ? ഉത്തരം പറയൂ, അങ്ങനെയായിരുന്നില്ലേ?

എങ്സ്റ്റ്രാൻഡ്: അതു സത്യമാണു്. അങ്ങയുടെ സഹായമില്ലെങ്കിൽ ഞാൻ എത്രയോ വട്ടംചുററിപ്പോയേനെ.

മാൻഡേഴ്സ്: അതിനിതാണു താൻ എനിക്കു പ്രതിഫലം തരുന്നതു്. എന്നേക്കൊണ്ടു പള്ളിക്കണക്കിൽ തെററായതെല്ലാം എഴുതിക്കുക. എന്നിട്ടു് സത്യാവസ്ഥയനുസരിച്ചും എന്നോടുള്ള കടപ്പാടനുസരിച്ചും അറിയിക്കേണ്ട വിവരം ഇത്രയും വർഷങ്ങളായിട്ടു് അറിയിക്കാതിരിക്കുക. തൻെറ പെരുമാററം പൊറുക്കാനാവാത്തതാണു് എങ്സ്റ്റ്രാൻഡ്. ഇന്നുമുതൽ നാം തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരിക്കയുമില്ല.

എങ്സ്ട്രാൻഡ്: (നിശ്വാസത്തോടെ) അതെ. അതാണിതിൻെറ അത്ഥമെന്നെനിക്കു മനസ്സിലായി.

മാൻഡേഴ്സ്: അതെ. എന്താണെന്നുവെച്ചാൽ താൻ ചെയ്തതു് എങ്ങനെയാണു തനിക്കു നീതീകരിക്കാൻ കഴിയുക ?

എങ്സ്ട്രാൻഡ്: ആ പാവം പെണ്ണു ചെന്നു് അവളുടെ കുഴപ്പത്തെപ്പററിയെല്ലാം പറഞ്ഞു് അവളുടെ നാണക്കേടു വലുതാക്കാൻ കഴിയുമോ. അച്ചാ, ഒന്നാലോചിച്ചുനോക്കൂ, എൻെറ പാവം ജോവന്നായുടെ സ്ഥാനത്തു് അച്ചനായിരുന്നെന്നു....

മാൻഡേഴ്സ്: ഞാൻ !

എങ്സ്ട്രാൻഡ്: എൻെറ ദൈവമേ, അച്ചൻ അതുപോലെയായിത്തീരുകയെന്നല്ല ഞാൻ ഉദ്ദേശിച്ചതു്. ലോകരറിഞ്ഞാൽ മാനക്കേടുള്ള എന്തെങ്കിലും ബഹുമാനപ്പെട്ട അച്ചനുണ്ടായിരുന്നു എന്നു വയ്ക്കുക. നമ്മഠം പുരുഷന്മാർ, ഒരു പാവം സ്ത്രീയെ അത്ര കഠിനമായി വിമശിച്ചുകൂടാ, അച്ചാ.

മാൻഡേഴ്സ്: ഞാനങ്ങനെ ചെയ്യുന്നില്ലല്ലൊ. നിങ്ങളെയാണു ഞാൻ കുററപ്പെടുത്തുന്നതു്.

എങ്സ്ട്രാൻഡ്: ബഹുമാനപ്പെട്ട അച്ചൻ ഒരു ചെറിയ ചോദ്യം ചോദിക്കാൻ എനിക്കനുവാദം തരുമോ ?

മാൻഡേഴ്സ്: ചോദിച്ചോളൂ.

എങ്സ്ട്രാൻഡ്: പാപികളെ രക്ഷിക്കുന്നതു് ഒരു പുരുഷൻെറ കടമയാണെന്നു് അവിടുന്നു കരുതുന്നില്ലേ ?

മാൻഡേഴ്സ്: തീർച്ചയായും അങ്ങനെതന്നെയാണു്.

എങ്സ്ട്രാൻഡ്: ഒരു പുരുഷൻ തൻെറ വാക്കു പാലിക്കേണ്ടതുമല്ലേ ?

മാൻഡേഴ്സ് : തീർച്ചയായും അങ്ങനെ വേണ്ടതാണു്. പക്ഷേ....

എങ്സ്ട്രാൻഡ്: ജോവന്നായ്ക്കു് ഈ ഇംഗ്ലീഷുകാരനുമായി ആ അബദ്ധം പിണഞ്ഞപ്പോഠം—അതോ ഇനി അമേരിക്കക്കാരനോ റഷ്യാക്കാരനോ എന്തായിരുന്നോ — അപ്പോഠം അവഠം പട്ടണത്തിലേയ്ക്കു വന്നു. പാവം ! അവഠം ഒന്നോ രണ്ടോ പ്രാവശ്യം എന്നെ നിരസിച്ചതാണു്. അവഠംക്കന്നു സുന്ദരക്കുട്ടന്മാരെ മാത്രമെ നോട്ടമുണ്ടായിരുന്നുള്ളു. എനിക്കു് ഈ ചട്ടുകാലുമുണ്ടായിരുന്നു, അന്നും. കപ്പൽക്കാരും മററും കുടിച്ചുമറിയുന്ന ഒരു നൃത്തശാലയിൽ ഞാൻ കയറിച്ചെന്ന

കഥയും മററും ബഹുമാനപ്പെട്ട അച്ചൻ ഓക്കുന്നുണ്ടായിരിക്കും. എന്നിട്ട ഞാനവരോട്ട് അവരുടെ പാപങ്ങളിൽനിന്നു പിന്തിരിയണമെന്നു് ഉപദേശിച്ചപ്പോഠം....

മിസ്സിസ്സ് ആൽവിങ്ങ്: (ജനലിനടുത്തുനിന്നു ചുമയ്ക്കുന്നു) ങ്ഹ്ഹം !

മാൻഡേഴ്സ്: എനിക്കറിയാം എങ്ങ്സ്റ്റാൻഡ്. ആ മൃഗങ്ങഠം തന്നെ താഴോട്ടെറിഞ്ഞു. ആ കഥ താൻ എന്നോട്ട് ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. തൻെറ കാലിൻെറ കുഴപ്പം തനിക്കൊരു ബിരുദമാണ്.

എങ്ങ്സ്റ്റാൻഡ്: എനിക്കതിനു പ്രത്യേക ബഹുമതിയൊന്നും വേണമെന്നില്ല അച്ചാ. പക്ഷെ, ഞാൻ പറയാൻ വന്നതിത്ര മാത്രമാണ്. അവഠം കരച്ചിലും പല്ലുകടിയുമായി എൻെറയടുത്തു വന്നു. അച്ചാ, സത്യം പറഞ്ഞാൽ അതെൻെറ ഹൃദയം തകത്തുകളഞ്ഞു.

മാൻഡേഴ്സ്: ആഹാ ! അ ങ്ങ നെ യാ ണ ല്ലേ, എങ്ങ്സ്റ്റാൻഡ്. എന്നിട്ട് ?

എങ്ങ്സ്റ്റാൻഡ്: എന്നിട്ട് ഞാൻ അവളോട്ട പറഞ്ഞു, ''ആ അമേരിക്കക്കാരൻ എവിടെയോ സമുദ്രത്തിൽ ചുററിത്തിരിയുകയാണ്. നീയൊ ജോവന്നാ ?'' ഞാൻ പറഞ്ഞു, ''ഒരു പാപം ചെയ്ത് അപരാധിയായിരിക്കയാണ്. പക്ഷേ, ഇതാ ജേക്കബ് എങ്ങ്സ്റ്റാൻഡ് രണ്ടു് ഉറച്ച കാലുകളിൽ നിൽക്കുന്നു.'' അതൊരു വെറും അലങ്കാരപ്രയോഗം മാത്രമായിരുന്നു അച്ചാ.

മാൻഡേഴ്സ്: എനിക്കു നന്നായിട്ട മനസ്സിലാകുന്നുണ്ട്. മുഴുവനും പറയൂ.

എങ്ങ്സ്റ്റാൻഡ്: അങ്ങനെയാണച്ചാ, ഞാനവളെ രക്ഷിച്ച് എൻെറ ഭായ്യയാക്കിയതു്. എത്ര അലക്ഷ്യമായിട്ടാണ് അവഠം ആ അപരിചിതനുമായി പെരുമാറിയതെന്നു് ആരുമറിയാതിരിക്കാൻവേണ്ടി.

മാൻഡേഴ്സ്: അനുകമ്പാപൂണ്ണമായ പ്രവത്തികഠം തന്നെയാണവ. എനിക്കു ന്യായീകരിക്കാൻ കഴിയാത്തതു് താൻ പണം സ്വീകരിക്കാൻ സന്നദ്ധനായി എന്നതാണ്.

എങ്ങ്സ്റ്റാൻഡ്: പണം ? ഞാൻ ? ഒരു ദമ്പിടിപോലുമില്ല.

മാൻഡേഴ്സ്: (ചോദ്യരൂപത്തിൽ മിസ്സിസ് ആൽവിങ്ങിനോട്ട്) പക്ഷേ—

എങ്ങ്സ്റ്റാൻഡ്: പിന്നെ, ഒന്നുണ്ട്. ഓ എനിക്കോമ്മ വരുന്നു. അങ്ങു പറയുന്നതു ശരിയാണ്. ജോവന്നായുടെ

കയ്യിൽ എന്തോ അല്പം പണമുണ്ടായിരുന്നു. പക്ഷേ, എനിക്കതറിഞ്ഞിട്ടു് എന്താണു കാര്യം. 'ആട്ടിയോടിക്കൂ, ദുഷ്ടമായ പണപ്പിശാചിനെ.' ഞാൻ പറഞ്ഞു, ''അതു നിൻെറ പാപത്തിൻെറ കൂലിയാണു്. ഈ ദുഷിച്ച സ്വർണ്ണം—അതോ നോട്ടായിരുന്നോ എന്തോ—അതു് നമുക്കാ അമേരിക്കക്കാരൻെറ മുഖത്തു വലിച്ചെറിയാം.'' പക്ഷേ, ബഹുമാനപ്പെട്ട അച്ചാ, അയാൾ കടൽ കടന്നു പൊയ്ക്കഴിഞ്ഞിരുന്നു.

മാൻഡേഴ്സ് പ്രിയ സ്നേഹിതാ, അപ്പോൾ അതായിരുന്നു സംഭവിച്ചതു്. അല്ലേ ?

എങ്സ്ട്രാൻഡ്: അങ്ങനെയാണച്ചാ. അതുകൊണ്ടു ജോവന്നായും ഞാനുംകൂടി തീരുമാനിച്ചു, ആ പണം കുട്ടിയെ വളത്താൻവേണ്ടി ഉപയോഗിച്ചുകളയാമെന്നു്. അങ്ങനെയാണു് ആ പണം ചെലവായതു്. അതിലെ ഓരോ തുട്ടിനും എൻെറ കൈയിൽ കണക്കുമുണ്ടു്.

മാൻഡേഴ്സ്: കാര്യത്തിൻെറ നില ഇതുകൊണ്ടു് വളരെ വല്ലാതെ മാറിയിരിക്കുന്നു.

എങ്സ്ട്രാൻഡ്: ബഹുമാനപ്പെട്ട അച്ചാ, ഇതാണു കാര്യം. റെജീനയ്ക്കു ഞാൻ ഒരു നല്ല അപ്പനായിരുന്നെന്നു പറയാനും ഞാൻ മടിക്കുന്നില്ല. എൻെറ കഴിവനുസരിച്ചു മാത്രം— ഞാനൊരു ബലഹീനനായ പാപി മാത്രമല്ലേ—കഷ്ടം !

മാൻഡേഴ്സ്: ശി...ശി, പ്രിയപ്പെട്ട എങ്സ്ട്രാൻഡ്—

എങ്സ്ട്രാൻഡ്: അതെ. ഞാൻ കുട്ടിയെ വളത്തി. വേദത്തിൽ പറയുന്നതുപോലെ, പാവം ജോവന്നായെ സ്നേഹവും അനുസരണവുമുള്ള ഒരു ഭാര്യയാക്കിത്തീർക്കുകയും ചെയ്തു. പക്ഷേ, ഈ ലോകത്തിൽവച്ചു് ആകെ ഒരൊററ നല്ല കാര്യം ചെയ്യുന്നതിനു്, ബഹുമാനപ്പെട്ട അച്ചൻെറ അടുത്തു വന്നു് അതിനു പ്രശംസ വാങ്ങാനൊ പൊങ്ങച്ചം പറയാനോ ഒന്നും എനിക്കു തോന്നിയില്ല. ഇല്ല. ജേക്കബ് എങ്സ്ട്രാൻഡ് അങ്ങനെയൊരു കാര്യം ചെയ്യുമ്പോൾ അവൻ നാവടക്കി നിൽക്കും. നിർഭാഗ്യവശാൽ ഇതു് എപ്പോഴും സംഭവിക്കാറില്ലെന്നു ഞാൻ മറന്നിട്ടില്ല. പോരെങ്കിൽ ഞാൻ അച്ചനെക്കാണാൻ വരുമ്പോഴൊക്കെ കുഴപ്പങ്ങളെക്കുറിച്ചും പാപത്തെക്കുറിച്ചുമല്ലാതെ ഒന്നിനെപ്പററിയും ഞാൻ സംസാരിക്കാറുമില്ല. എന്താണെന്നുവച്ചാൽ, ഞാൻ പറയും—മനസ്സാക്ഷി ചിലപ്പോഴൊക്കെ നമ്മോടു വളരെ കഠിനമായി പെരുമാറും.

മാൻഡേഴ്സ്: എനിക്കു കൈ തരൂ, ജേക്കബ് എങ്സ്ട്രാഡ്.

എങ്സ്ട്രാൻഡ്: അച്ഛാ, എനിക്കു വയ്യാ !

മാൻഡേഴ്സ്: മറയത്തരം ! (കൈ പിടിച്ചു കുലുക്കുന്നു) നീ നല്ലവനാണ്.

എങ്സ്ട്രാൻഡ്: താഴ്മയായി ഞാൻ അങ്ങയോടു മാപ്പു ചോദിക്കാൻ ധൈര്യപ്പെടുകയാണ്....

മാൻഡേഴ്സ്: നീ അല്ല, ഞാൻ നിന്നോടാണു മാപ്പു പറയേണ്ടതു്.

എങ്സ്ട്രാൻഡ്: അങ്ങനെയല്ല, അച്ഛാ.

മാൻഡേഴ്സ്: അതെ. തീർച്ചയായിട്ടും അങ്ങനെയാണ്. ഹൃദയംഗമമായി ഞാനതു ചെയ്യുകയും ചെയ്യുന്നു. നിന്നെ ഇത്ര ഭയങ്കരമായി തെററിദ്ധരിച്ചതു് എന്നോടു ക്ഷമിക്കുക. എൻെറ ആത്മാർത്ഥമായ പശ്ചാത്താപവും, നിന്നോടുള്ള സ്നേഹവും കാണിക്കുവാൻ എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ, ഞാൻ വാക്കുതരുന്നു....

എങ്സ്ട്രാൻഡ്: അങ്ങു കാര്യമായിട്ടാണൊ പറയുന്നതു് ?

മാൻഡേഴ്സ്: എനിക്കു് അതു വളരെ ആനന്ദകരമായിരിക്കും.

എങ്സ്ട്രാൻഡ്: ഉള്ളതു പറഞ്ഞാൽ, അച്ചനതു് ഇപ്പോൾ തന്നെ ചെയ്യാൻ കഴിയും. ഇവിടുന്നു് എനിക്കു കിട്ടിയ കൂലിയിൽനിന്നു് ഞാൻ ലുബ്ധിച്ചുണ്ടാക്കിയ പണംകൊണ്ടു പട്ടണത്തിൽ കപ്പൽക്കാർക്കുള്ള ഒരു കേന്ദ്രം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: നിങ്ങളോ ?

എങ്സ്ട്രാൻഡ്: അതെ. ഏതാണ്ടു് ഒരു സങ്കേതംപോലെ. ഈ കപ്പൽക്കാർ കരയ്ക്കു വന്നു് അലഞ്ഞു നടക്കുമ്പോൾ എന്തെല്ലാം പരീക്ഷകളാണ് അവരെ പിടികൂടുന്നതെന്നറിയാമോ ? എൻെറ ഉദ്ദേശ്യമിതാണ്; ഈ സങ്കേതത്തിൽ അവർക്കു മാതാപിതാക്കന്മാരെപ്പോലുള്ള ശുശ്രൂഷ ലഭിക്കണം.

മാൻഡേഴ്സ്: ഇപ്പോഴെ മിസ്സിസ് ആൽവിങ്ങ്, നിങ്ങളെന്തു പറയും !

എങ്സ്ട്രാൻഡ്: ഇങ്ങനെയൊരു ഏർപ്പാടു തുടങ്ങാൻ എൻെറ കയ്യിൽ കോപ്പില്ലെന്നെനിക്കറിയാം. പക്ഷേ, ദൈവം

എന്നെ അനുഗ്രഹിച്ചേയ്ക്കും. എന്നെ സഹായിക്കാൻ ആരെങ്കിലും കൈനീട്ടുകയുംകൂടി ചെയ്താൽ....

മാൻഡേഴ്സ്: അതുതന്നെ. ഇതിനെപ്പററി നമുക്കു കൂടുതൽ സംസാരിക്കണം. തൻെറ പ്രസ്ഥാനം എന്നെ വല്ലാതെ ആകർഷിച്ചിരിക്കുന്നു. പക്ഷെ, അതിനുമുമ്പ് അനാഥമന്ദിരത്തിൽ ചെന്ന് അവിടമെല്ലാം വൃത്തിയാക്കി, വിളക്കുമെല്ലാം കത്തിച്ചുവയ്ക്കു. അന്തരീക്ഷം അല്പം വിശുദ്ധമായിത്തീരട്ടെ. പ്രിയപ്പെട്ട എങ്സ്ട്രാൻഡ്, അതിനുശേഷം നമുക്ക് അല്പനേരം ആദ്ധ്യാത്മികമായി ചെലവഴിക്കാം. വേണ്ടത്ര ആത്മീയ ഉണർവ്വ് തനിക്കുണ്ടെന്ന് ഇപ്പോഴെനിക്കു ബോദ്ധ്യമായി.

എങ്സ്ട്രാൻഡ്: എനിക്കും അങ്ങനെ വിശ്വാസം തോന്നുന്നുണ്ടച്ചാ. ഞാൻ പോകുന്നു. കൊച്ചമ്മേ എനിക്കു ചെയ്തുതന്ന എല്ലാ സഹായത്തിനും നന്ദി. എനിക്കുവേണ്ടി, റെജീനയെ കാര്യമായി നോക്കിക്കൊള്ളണേ. (കണ്ണിൽനിന്നൊരു കണ്ണീർകണം തുടച്ചുകളയുന്നു) പാവം ജോവന്നായുടെ കുട്ടി. അത്ഭുതമാണ്, അവഠം എൻെറ ജീവിതത്തിൻെറ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു, എൻെറ ഹൃദയം അവളുടെ കൈയിലാണ്. അതാണ് എൻെറ ഉള്ളിലെ അവസ്ഥ. സത്യം. (തല കുനിച്ച് വന്ദിച്ച് ഇറങ്ങിപ്പോകുന്നു)

മാൻഡേഴ്സ്: മിസ്സിസ് ആൽവിങ്ങ്, ഇപ്പോഠം നിങ്ങഠംക്ക് അയാളെപ്പററി എന്തു തോന്നുന്നു. തികച്ചും ഭിന്നമായ ഒരു വിശദീകരണമാണല്ലൊ അയാഠം തന്നതു്.

മിസ്സിസ് ആൽവിങ്ങ്: തികച്ചും ഭിന്നം തന്നെ.

മാൻഡേഴ്സ്: കണ്ടോ, അന്യരെ കുററം വിധിക്കുന്നതിൽ നാമെത്ര സൂക്ഷിക്കണമെന്ന് ഇതിൽനിന്നു മനസ്സിലാക്കണം. പക്ഷേ, നമുക്കാണ് തെററു പററിയതെന്ന കാര്യം ഇവിടെ വളരെ സന്തോഷകരമാണ്. നിങ്ങഠംക്കും അങ്ങനെതന്നെ തോന്നുന്നില്ലേ?

മിസ്സിസ് ആൽവിങ്ങ്: എനിക്കു തോന്നുന്നതു്....മിസ്റ്റർ മാൻഡേഴ്സ്, അങ്ങൊരു മുഴപ്പക്കുട്ടിയ ശിശുവാണെന്നും, എന്നും അങ്ങനെതന്നെയായിരിക്കുമെന്നുമാണ്.

മാൻഡേഴ്സ്: ഞാൻ?

മിസ്സിസ് ആൽവിങ്ങ്: (അദ്ദേഹത്തിൻെറ തോളിൽ കൈവെച്ചുകൊണ്ട്) എനിക്കിതുംകൂടി തോന്നുന്നു, അങ്ങയെ ഒന്നു തഴുകിയാൽ കൊള്ളാമെന്നു്.

മാൻഡേഴ്സ്: (പെട്ടെന്നു പിന്നോക്കം മാറിക്കൊണ്ട്) അയ്യയ്യോ ! എൻെറ ദൈവമേ ! എന്തൊരു തോന്നൽ !

മിസ്സിസ് ആൽവിങ്ങ്: (പുഞ്ചിരിച്ച്) പേടിക്കേണ്ടാ.

മാൻഡേഴ്സ്: (മേശയ്ക്കരികെ നിന്നുകൊണ്ട്) തീരെ അതിരു കടന്ന രീതിയിലാണു നിങ്ങൾ പെരുമാറുന്നത്. ഇനി എനിക്കീ കടലാസുകളെല്ലാം അടുക്കി ശരിയാക്കി സഞ്ചിയിൽ വയ്ക്കണം. (അതു ചെയ്യുന്നു) അതു ശരി. അപ്പോൾ, ഞാൻ തല്ക്കാലത്തേയ്ക്കു യാത്ര പറയട്ടെ. ഓസ്‌വോൾഡ് തിരിച്ചു വരുമ്പോൾ നിങ്ങൾ കണ്ണു തുറന്നിരിക്കണം. ഞാൻ ഉടൻതന്നെ തിരിച്ചുവന്നു നിങ്ങളെ കണ്ടുകൊള്ളാം.

അദ്ദേഹം തൊപ്പിയെടുത്ത് ഹാളിലേയ്ക്കുള്ള വാതിൽവഴി പുറത്തിറങ്ങിപ്പോകുന്നു. മിസ്സിസ് ആൽവിങ്ങ് ഒന്നു നിശ്വസിച്ച് ജനലിൽക്കൂടി പുറത്തേയ്ക്കു നോക്കി ഒന്നോ രണ്ടോ സാധനങ്ങൾ ശരിയാക്കി വച്ചതിനു ശേഷം ഭക്ഷണമുറിയിലേയ്ക്കു പോകാൻ തുടങ്ങുന്നു. അമർത്തപ്പെട്ട ഒരു നിലവിളിയോടെ അവർ വാതിൽക്കൽ സ്തംഭിച്ചു നിൽക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോൾഡ്, നീ ഇപ്പോഴും ഇവിടെത്തന്നെ ഇരിക്കുകയാണോ ?

ഓസ്‌വോൾഡ്: (ഭക്ഷണമുറിയിൽനിന്ന്) ചുരുട്ടു വലിച്ചുകഴിഞ്ഞിട്ടു പോകാമെന്നുവച്ചു.

മിസ്സിസ് ആൽവിങ്ങ്: നീ പുറത്തേയ്ക്കു പോയിക്കാണുമെന്നാണു ഞാൻ വിചാരിച്ചത്.

ഓസ്‌വോൾഡ്: (ഭക്ഷണമുറിയിൽനിന്ന്) ഇത്തരം കാലാവസ്ഥയിലോ ? (ഒരു ഗ്ലാസ് ഉരയുന്ന ശബ്ദം. മിസ്സിസ് ആൽവിങ്ങ് വാതിലടയ്ക്കാതെ, തയ്യൽസാമാനങ്ങളുമായി ജന്നലിന്നടുത്തുള്ള സോഫയിൽ ചെന്നിരിക്കുന്നു.) ഇപ്പോൾ ഇറങ്ങിപ്പോയതു് മിസ്റ്റർ മാൻഡേഴ്സല്ലേ ?

മിസ്സിസ് ആൽവിങ്ങ്: അതെ. അദ്ദേഹം അനാഥമന്ദിരത്തിലേയ്ക്കു പോയിരിക്കയാണ്.

ഓസ്‌വോൾഡ്: ങ്ഹാ ! (കുപ്പിയും ഗ്ലാസും തമ്മിലുരയുന്ന ശബ്ദം പിന്നെയും കേൾക്കുന്നു)

മിസ്സിസ് ആൽവിങ്ങ്: (മുഖത്തു വല്ലായ്മയോടെ) ഓസ്‌വോൾഡ്, മകനെ, ആ ബ്രാണ്ടി സൂക്ഷിക്കണം. അതിനു വല്ലാത്ത ലഹരിയാണ്.

ഓസ്‌വോൾഡ്: ഈ തണുപ്പിന് അതൊരു രക്ഷയാണ്.

മിസ്സിസ് ആൽവിങ്ങ്: നിനക്ക് ഇങ്ങോട്ടു വന്നുകൂടെ ?

ഓസ്‌വോൾഡ്: അവിടെവച്ചു പുക വലിക്കുന്നതു് അമ്മയ്ക്കിഷ്ടമല്ലല്ലോ.

മിസ്സിസ് ആൽവിങ്ങ്: ഇവിടെവച്ചു വലിച്ചോളൂ. സമ്മതിച്ചിരിക്കുന്നു.

ഓസ്‌വോംഡ്: ശരി. എങ്കിൽ ഞാനങ്ങോട്ടു വരാം. ഒരു തുള്ളിക്കൂടിമാത്രം, ഇതാ കഴിഞ്ഞു. (ചുരുട്ടു വലിച്ചുകൊണ്ടു പ്രവേശിക്കുന്നു. വാതിൽ അടയ്ക്കുന്നു. അൽപനേരത്തെ മൗനം) അച്ചനെങ്ങോട്ടാണു പോയതു് ?

മിസ്സിസ് ആൽവിങ്ങ്: പറഞ്ഞില്ലേ, അനാഥമന്ദിരത്തിലേയ്ക്കു പോയെന്നു്.

ഓസ്‌വോംഡ്: ഓ, ശരി. പറഞ്ഞതാണു്.

മിസ്സിസ് ആൽവിങ്ങ്: ഇത്രനേരം ഇങ്ങനെയിരിക്കരുതു് ഓസ്‌വോംഡ്.

ഓസ്‌വോംഡ്: (ചുരുട്ടു പുറകിൽ മറച്ചു പിടിച്ചുകൊണ്ടു്) പക്ഷേ, അമ്മേ അതെന്തൊരു സുഖമാണെന്നോ ? (ഒരു കൈകൊണ്ടു അവരെ തഴുകുന്നു) എൻെറ സുഖം ഒന്നാലോചിച്ചുനോക്കൂ. വീട്ടിൽ വന്നുചേരുക, എൻെറ അമ്മയുടെ മുറിയിൽ അമ്മയുടെ കൂടെയിരിക്കുക. അമ്മ തരുന്ന ഭക്ഷണം കഴിക്കുക.

മിസ്സിസ് ആൽവിങ്ങ്: എൻെറ മകനെ !

ഓസ്‌വോംഡ്: (പുക വലിച്ചുകൊണ്ടു അങ്ങിങ്ങു നടക്കുന്നതിനിടയിൽ അല്പം ക്ഷമകേടോടെ) ഞാൻ പിന്നെ ഇവിടെ എന്താണു ചെയ്യേണ്ടതു് ? എനിക്കു യാതൊരു തൊഴിലുമില്ല...

മിസ്സിസ് ആൽവിങ്ങ്: തൊഴിലില്ലെന്നോ ?

ഓസ്‌വോംഡ്: ഇല്ല. ഈ മുടിഞ്ഞ കാലാവസ്ഥയിൽ, സൂര്യൻെറ ഒരു രശ്മിയെങ്കിലും കാണാനില്ലാതെ...... (പിന്നെയും നടക്കുന്നു) ജോലിചെയ്യാൻ വയ്യെങ്കിൽ അതു്...

മിസ്സിസ് ആൽവിങ്ങ്: നീ വീട്ടിലേയ്ക്കു പോന്നതു് ബുദ്ധിയാണെന്നെനിക്കു തോന്നുന്നില്ല.

ഓസ്‌വോംഡ്: അമ്മേ, എനിക്കു വരാതെ ഗത്യന്തരമില്ലായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: നീ എൻെറകൂടെ താമസിക്കുന്നതിൻെറ സുഖം പത്തു വട്ടം ഞാനപേക്ഷിക്കാം. പക്ഷേ നിനക്കു്...

ഓസ്‌വോംഡ്: (മേശയ്ക്കടുത്തു നിശ്ചലനായി നിന്നു്) ഞാൻ വീട്ടിൽ വരുന്നതു് അമ്മയ്ക്കുത്ര സന്തോഷമാണോ, പറയൂ അമ്മേ.

മിസ്സിസ് ആൽവിങ്ങ്: നിനക്കതു സംശയമാണോ ?

ഓസ്‌വോംഡ്: ഞാൻ ഇവിടെയോ എവിടെയോ ആയിരുന്നാലും അമ്മയ്ക്കു് ഒന്നുമില്ല എന്നാണു് എൻെറ ധാരണ,

മിസ്സിസ് ആൽവിങ്ങ്: എന്നു നിൻെറ അമ്മയോടു പറയാൻ നിനക്കെങ്ങനെ കഴിയുന്നു, ഓസ്‌വോാൾഡ്?

ഓസ്‌വോാൾഡ്: ഇത്രകാലം എന്നെ കൂടാതെതന്നെ അമ്മ സുഖമായി ജീവിച്ചില്ലേ?

മൗനം. ക്രമേണ ഇരുൾ വ്യാപിക്കുന്നു. ഓസ്‌വോാൾഡ് അസ്വസ്ഥനായി അങ്ങുമിങ്ങു നടക്കുന്നു. അയാൾ ചുരുട്ടു കളഞ്ഞിരിക്കുന്നു.

ഓസ്‌വോാൾഡ്: (മിസ്സിസ് ആൽവിങ്ങിനടുത്തു നിന്നുകൊണ്ട്) അമ്മേ, ഞാനീ സോഫയിൽ അമ്മയുടെ അടുത്തിരുന്നുകൊള്ളട്ടേ.

മിസ്സിസ് ആൽവിങ്ങ്: എൻെറ മകൻ ഇരുന്നോളൂ.

ഓസ്‌വോാൾഡ്: (ഇരുന്നുകൊണ്ട്) എനിക്ക് അമ്മയോട് ഒരു കാര്യം പറയാനുണ്ട്.

മിസ്സിസ് ആൽവിങ്ങ്: (ആശങ്കയോടെ) എന്താണ്?

ഓസ്‌വോാൾഡ്: (ദൂരത്തിലേയ്ക്കു മിഴിച്ചുനോക്കി) ഇനിയും എനിക്കിതു സഹിക്കാൻ ശക്തിയില്ല.

മിസ്സിസ് ആൽവിങ്ങ്: എന്തു സഹിക്കാൻ? നീ എന്താണു പറയുന്നത്?

ഓസ്‌വോാൾഡ്: (പഴയപടി) അതെഴുതി അറിയിക്കാൻ എനിക്കു ധൈര്യമുണ്ടായില്ല. ഇവിടെ വന്നിട്ടാകട്ടെ...

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോാൾഡിൻെറ കയ്യിൽ കടന്നുപിടിച്ച്) ഓസ്‌വോാൾഡ്, എന്താണിത്?

ഓസ്‌വോാൾഡ്: ഇന്നലെയും ഇന്നും എൻെറ ചിന്തകളെ മറന്നുകളയാൻ ഞാൻ ശ്രമിച്ചു—അവയിൽനിന്നു രക്ഷപെടാൻ. പക്ഷെ, എനിക്കു വയ്യാ.

മിസ്സിസ് ആൽവിങ്ങ്: (എഴുന്നേററ്) തുറന്നു പറയൂ ഓസ്‌വോാൾഡ്.

ഓസ്‌വോാൾഡ്: (അവരെ പിടിച്ചിരുത്തിക്കൊണ്ട്) ശാന്തമായിരിക്കമ്മേ. ഞാനതു പറയാം. യാത്രയെല്ലാം കഴിഞ്ഞിട്ട് എനിക്കു വല്ലാത്ത ക്ഷീണമാണ്.

മിസ്സിസ് ആൽവിങ്ങ്: അതിനെന്താ?

ഓസ്‌വോാൾഡ്: അതല്ല കാര്യം. ഇതൊരു സാധാരണ ക്ഷീണമല്ല...

മിസ്സിസ് ആൽവിങ്ങ്: (എഴുനേൽക്കാൻ ശ്രമിച്ചുകൊണ്ട്) ഓസ്‌വോാൾഡ്, നിനക്കു വല്ല രോഗവും പിടിപെട്ടോ...?

ഓസ്‌വോൾഡ്: (പിന്നെയും പിടിച്ചിരുത്തി) അനങ്ങാതിരിക്കമ്മേ. ക്ഷമയോടെ കേൾക്കൂ. രോഗമെന്നു പറഞ്ഞുകൂടാ—നാം സാധാരണ രോഗമെന്നു പറയുന്നതല്ല. (തല കൈകളിൽ താങ്ങിക്കൊണ്ടു്) അമ്മേ, എൻെറ ബുദ്ധിയാണു തകർന്നതു്—തകർന്നു പൊടിഞ്ഞുപോയിരിക്കുന്നു ഇനി ഒരിക്കലും എനിക്കു ജോലിചെയ്യാൻ കഴിവുണ്ടാകയില്ല. (കൈകൾകൊണ്ടു് മുഖം പൊത്തി വിങ്ങിക്കരഞ്ഞുകൊണ്ടു് അമ്മയുടെ മടിയിലേയ്ക്കുവീഴുന്നു)

മിസ്സിസ് ആൽവിങ്ങ്: (വിളറി.വിറച്ച്) ഓസ്‌വോൾഡ്! എൻെറ നേരെ നോക്കൂ. ഇല്ല, ഇല്ല; അതു ശരിയല്ല.

ഓസ്‌വോൾഡ്: (ആശയററ മുഖഭാവത്തോടെ തലയുയർത്തി നോക്കിക്കൊണ്ടു്) ഒരിക്കലും ജോലി ചെയ്യാൻ കഴിയാതാവുക! ഒരിക്കലും! ഒരിക്കലും! ജീവിക്കുന്ന ശവം! അമ്മേ, ഇത്ര ഭയങ്കരമായിട്ടെന്തെങ്കിലുമുണ്ടോ?

മിസ്സിസ് ആൽവിങ്ങ്: എൻെറ പാവപ്പെട്ട മോനേ! ഇതെങ്ങനെ സംഭവിച്ചു?

ഓസ്‌വോൾഡ്: (എഴുന്നേററിരുന്നുകൊണ്ടു്) അതാണമ്മേ എനിക്കു മനസ്സിലാകാത്തതു്. ഒരുതരത്തിലും ഞാൻ ലക്കില്ലാതെ ജീവിച്ചിട്ടില്ല. സത്യമാണമ്മെ, ഞാനൊരിക്കലും അങ്ങനെ ചെയ്തിട്ടില്ല.

മിസ്സിസ് ആൽവിങ്ങ്: എൻെറ മകനേ എനിക്കാകാര്യത്തിലൊരു സംശയവുമില്ല.

ഓസ്‌വോൾഡ്: എന്നിട്ടും ഇതാണല്ലോ എനിക്കു വന്നുകൂടിയതു്. ഈ ഭയങ്കര കഷ്ടത.

മിസ്സിസ് ആൽവിങ്ങ്: അതൊക്കെ ശരിയായിക്കോളും എൻെറ മോനേ. നീ കണക്കററു ജോലി ചെയ്തിട്ടാണു്. ഞാൻ പറയുന്നതു വിശ്വസിക്കു മോനെ. അത്രേയുള്ളു കാര്യം.

ഓസ്‌വോൾഡ്: (പ്രസാദമില്ലാതെ, ഞാനും അങ്ങനെയാണാദ്യം വിചാരിച്ചതു്. പക്ഷെ, അങ്ങനെയല്ല.

മിസ്സിസ് ആൽവിങ്ങ്: കാര്യമെല്ലാം പറയൂ മോനേ.

ഓസ്‌വോൾഡ്: ഞാൻ പറയാം.

മിസ്സിസ് ആൽവിങ്ങ്: എപ്പോഴാണു നിനക്കു് ആദ്യമായി എന്തെങ്കിലും കുഴപ്പമുണ്ടെന്നു തോന്നിയതു്?

ഓസ്‌വോൾഡ്: കഴിഞ്ഞ പ്രാവശ്യം ഞാൻ വീട്ടിൽ വന്നു കഴിഞ്ഞു തിരിച്ചു പാരീസിലെത്തിയപ്പോഴാണു്. എനിക്കു തലയ്ക്കകത്തു വല്ലാത്ത ഒരു വേദന തോന്നി—മിക്കവാറും

തലയുടെ പുറകിലായിരുന്നു. കഴുത്തിനു മുകളിലേയ്ക്കു് ഒരു ഇരുമ്പുവളയംകൊണ്ടു ഞെക്കുന്നതുപോലെ.

മിസ്സിസ് ആൽവിങ്ങ്: എന്നിട്ടു് ?

ഓസ്‌വോൾഡ്: ആദ്യമെനിക്കതത്ര കാര്യമായി തോന്നിയില്ല. എനിക്കു ചെറുപ്പത്തിലുണ്ടായിരുന്ന ആ തലവേദന മാത്രമാണെന്നു ഞാൻ വിചാരിച്ചു.

മിസ്സിസ് ആൽവിങ്ങ്: ശരിയാണു്.

ഓസ്‌വോൾഡ്: പക്ഷേ, അതല്ലായിരുന്നു. എനിക്കു വേഗം അതു മനസ്സിലായി, എനിക്കൊട്ടും ജോലി ചെയ്യാൻ വയ്യാതായി. ഞാൻ വളരെ പരിശ്രമിച്ചു് ഏതെങ്കിലുമൊരു വലിയ ചിത്രം വരയ്ക്കാൻ തുടങ്ങും. പക്ഷെ, എൻെറ സകല കഴിവുകളും എന്നെ വിട്ടൊഴിഞ്ഞതായിട്ടും ശക്തി തളർന്നതായിട്ടും എനിക്കു തോന്നി. എനിക്കു് ഓർമ്മശക്തി തന്നെ ശരിക്കു നിർത്താൻ വയ്യാതായി. എൻെറ തല ആടുന്നതു പോലെ—എല്ലാം കിടന്നു കറങ്ങുന്നു ! എന്തൊരു ഭയങ്കര അനുഭവമായിരുന്നു അതു്! അവസാനം ഞാൻ ഒരു ഡോക്ടറെ വരുത്തി—അദ്ദേഹമാണു് എന്നോടു സത്യമെല്ലാം പറഞ്ഞു തന്നതു്.

മിസ്സിസ് ആൽവിങ്ങ്: എന്നു പറഞ്ഞാൽ !

ഓസ്‌വോൾഡ്: അദ്ദേഹം അവിടെയുള്ളവരിൽ ഏററവും സമർത്ഥനായ ഡോക്ടറായിരുന്നു. എനിക്കു് അനുഭവപ്പെട്ടതെല്ലാം അദ്ദേഹം വിശദമായി പറയിച്ചു. അതു കഴിഞ്ഞിട്ടു് ഇതുമായി യാതൊരു ബന്ധവുമില്ലാത്ത വളരെയേറെ ചോദ്യങ്ങൾ അദ്ദേഹമെന്നോടു ചോദിച്ചു. എന്താണു അദ്ദേഹത്തിൻെറ ലക്ഷ്യമെന്നു് എനിക്കു മനസ്സിലായില്ല.

മിസ്സിസ് ആൽവിങ്ങ്: പിന്നെ ?

ഓസ്‌വോൾഡ്: ''നിങ്ങളുടെ ജനനം മുതല്ക്കേ രോഗബീജം നിങ്ങളിലുണ്ടായിരുന്നു,'' എന്നാണദ്ദേഹം പറഞ്ഞവസാനിപ്പിച്ചതു്. എന്തോ ഒരു ഫ്രഞ്ചുപേരും അദ്ദേഹം പറഞ്ഞു.

മിസ്സിസ് ആൽവിങ്ങ്: അദ്ദേഹം പറഞ്ഞതിൻെറ അർത്ഥമെന്താണു് ?

ഓസ്‌വോൾഡ്: എനിക്കുമതു മനസ്സിലായില്ല. കുറേക്കൂടി വ്യക്തമായി പറയാൻ ഞാനാവശ്യപ്പെട്ടപോൾ — ആ കള്ളൻ പറയുകയാണു് — (കൈ ചുരുട്ടിക്കൊണ്ടു്) അയ്യോ !

മിസ്സിസ് ആൽവിങ്ങ്: എന്താണദ്ദേഹം പറഞ്ഞതു് ?

ഓസ്‌വോൾഡ്: ''പിതാക്കളുടെ പാപങ്ങൾ സന്തതിപരമ്പരകൾ അനുഭവിക്കേണ്ടിവരുന്നു,'' എന്നു്.

മിസ്സിസ് ആൽവിങ്ങ്: (പതുക്കെ എഴുന്നേററുകൊണ്ടു്) പിതാക്കന്മാരുടെ പാപങ്ങൾ...

ഓസ്‌വോരംഡ്: ഞാൻ അദ്ദേഹത്തിൻെറ കരണത്തടിച്ച പോയേനെ.

മിസ്സിസ് ആൽവിങ്ങ്: (അങ്ങുമിങ്ങും നടന്നുകൊണ്ടു്) പിതാക്കന്മാരുടെ പാപങ്ങരം...

ഓസ്‌വോരംഡ്: (ദുഃഖകരമായ പുഞ്ചിരിയോടെ)അദ്ദേഹത്തിൻെറ ധാരണ അസാദ്ധ്യമാണെന്നു ഞാൻ ഉറപ്പിച്ചു പറഞ്ഞു. പക്ഷേ, അദ്ദേഹം ഞാൻ പറഞ്ഞതിനു് ഒരു വിലയും വച്ചില്ലേ! എന്നിട്ടും അദ്ദേഹത്തിൻെറ വാശി അടങ്ങുന്നില്ലെന്നു കണ്ടപ്പോരം ഞാൻ അമ്മയുടെ എഴുത്തുകരം എടുത്തുകൊണ്ടു വന്നു് അതിൽ അപ്പനെപ്പററി എഴുതിയിരുന്നതെല്ലാം തർജ്ജമചെയ്തു കേരംപ്പിച്ചു...

മിസ്സിസ് ആൽവിങ്ങ്: ആങ്ങ്ഹാ, എന്നിട്ടു് ?

ഓസ്‌വോരംഡ്: അപ്പോരം പിന്നെ അദ്ദേഹം വഴിതെററിയെന്നു സമ്മതിക്കാതൊക്കുമോ? അപ്പോഴാണു് എനിക്കു സത്യം മനസ്സിലായതു്. വിശ്വസിക്കാനാവാത്ത ആ പരമാർത്ഥം. ഞാൻ എൻെറ ചങ്ങാതികളുമായി കഴിച്ച ആ സന്തോഷകരമായ ജീവിതവുമായി എനിക്കു യാതൊരു ബന്ധവും ഉണ്ടായിരുന്നുകൂടായിരുന്നു. അതു് എൻെറ ആരോഗ്യത്തിനു പററിയതായിരുന്നില്ല. എല്ലാം എൻെറ തെററു്!

മിസ്സിസ് ആൽവിങ്ങ്: അല്ല. അല്ല ഓസ്‌വോരംഡ്. അതു ശരിയല്ല.

ഓസ്‌വോരംഡ്: മററു യാതൊരു കാരണവും ഉണ്ടാകാൻ വഴിയില്ലെന്നാണദ്ദേഹം പറഞ്ഞതു്. അതാണേററവും ഭയങ്കരം. എൻെറ ജീവിതം മുഴുവനും നശിക്കുക—എൻെറ വിവേകമില്ലായ്മ കൊണ്ടുമാത്രം. ഈ ലോകത്തിൽ ആഗ്രഹമുള്ള ഒരേ ഒരു കാര്യം ചെയ്യാൻ...അതുണ്ടാവുകയില്ല—അതിനെപ്പററി ആലോചിക്കാൻകൂടി കഴിവുണ്ടാകയില്ല. അയ്യോ, എനിക്കെൻെറ ജീവിതം ഒരിക്കൽകൂടി ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...ചെയ്തതു മായ്ച്ചുകളയാൻ കഴിഞ്ഞിരുന്നെങ്കിൽ...

(സോഫയിൽ കമന്നുകിടന്നു മുഖം മറയ്ക്കുന്നു. മിസ്സിസ് ആൽവിങ്ങ് കൈകരം കൂട്ടിത്തിരുമ്മി, ആത്മസംയമനത്തിനു് യത്നിച്ചുകൊണ്ടു് നിശ്ശബ്ദയായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു)

ഓസ്‌വോരംഡ്: (അൽപം കഴിഞ്ഞു് കൈമുട്ടുകരം ഊന്നി എഴുനേററു നോക്കുന്നു) അതെനിക്കു ജന്മനാ സിദ്ധിച്ച വല്ലതുമായിരുന്നെങ്കിൽ; എൻെറ കഴിവിനപ്പുറമായ വല്ലതും! പക്ഷെ, അതിനുപകരം തന്നത്താൻ അവമാനകരമായി, മൂഢമായി, ആലോചനയില്ലാതെ സ്വന്തം സുഖവും ആരോഗ്യവും—ലോകത്തിലുള്ള എല്ലാം—ഭാവിയും ജീവിതവുമൊക്കെ—എറിഞ്ഞുകളയുക !

മിസ്സിസ് ആൽവിങ്ങ്: അല്ല. അല്ല. എൻെറ മോനെ. അങ്ങനെയല്ല. (ഓസ്‌വോംഡിൻെറ അടുത്തേയ്ക്ക തല കുനിച്ച്) ഇതൊന്നും നീ വിചാരിക്കുന്നത്ര ആശയററതല്ല.

ഓസ്‌വോംഡ്. ഇല്ല. അമ്മയ്ക്കറിയില്ല. (പാടിയെണീററ്) എൻെറ അമ്മേ, എന്നിട്ട് ഇതെല്ലാം അമ്മയുടെ അടുത്തേയ്ക്ക കൊണ്ടുവരിക. പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്, അമ്മ എന്നെ ഇത്രയധികം സ്നേഹിക്കാതിരുന്നെങ്കിൽ എന്ന്.

മിസ്സിസ് ആൽവിങ്ങ്: ഞാനോ, ഓസ്‌വോംഡ്? എനിക്കാകെയുള്ള മകനെ? നീ മാത്രമാണെൻെറ ലോകം. എനിക്കു മറെറാരു താല്പര്യവുമില്ല.

ഓസ്‌വോംഡ്: (അമ്മയുടെ കൈകൾ പിടിച്ച ചുംബിച്ചുകൊണ്ട്) അതെയതെ. എനിക്കതെല്ലാമറിയാം. വീട്ടിലെത്തുമ്പോൾ എനിക്കതു മനസ്സിലാകും. പക്ഷേ, അതാണ് ഏററവും ദുസ്സഹമായതു്. പക്ഷേ, അമ്മയ്ക്കിപ്പോൾ കാര്യമെല്ലാം മനസ്സിലായില്ലേ. ഇനി ഇന്നു നമുക്ക് ആ കാര്യം സംസാരിക്കേണ്ട. എനിക്കു വളരെനേരം അതിനെപ്പററി ചിന്തിക്കാൻ വയ്യാ. (നടക്കുന്നു) എനിക്കെന്തെങ്കിലും കുടിക്കാൻ തരു, അമ്മേ.

മിസ്സിസ് ആൽവിങ്ങ്: കുടിക്കാൻ? എന്താണു വേണ്ടതു്?

ഓസ്‌വോംഡ്: എന്തായാലും വേണ്ടില്ല. ഇവിടെ മദ്യമിരുപ്പുണ്ടോ?

മിസ്സിസ് ആൽവിങ്ങ്: ഉണ്ട്. പക്ഷേ, എൻെറ ഓസ്‌വോംഡ്....

ഓസ്‌വോംഡ്: വേണ്ടെന്നു പറയല്ലേ അമ്മേ. സാരമില്ലമ്മേ. കാന്തിന്നുന്ന ഈ ചിന്തകളെ മറക്കാൻ എനിക്കെന്തെങ്കിലും വേണം, (പൂപ്പുരയിലേയ്ക്കു കടന്ന്) ഹോ, എന്തൊരു മഴയാണിവിടെ. (മിസ്സിസ് ആൽവിങ്ങ് മണിയടിക്കുന്നു) തോരാത്ത ഈ മഴയും. ആഴ്ചതോറും. ഇതിങ്ങനെ ഒരു മാസം തുടരെ നിൽക്കും. ഒരൊററ സൂര്യരശ്മിയെങ്കിലും കാണാനുണ്ടോ? ഞാൻ വീട്ടിൽ വന്നിട്ടുള്ളപ്പോഴൊരിക്കലെങ്കിലും സൂര്യപ്രകാശം കണ്ടിട്ടില്ല.

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോംഡ്, നീ എന്നെ വിട്ടു പോകാൻ ആലോചിക്കയാണോ?

ഓസ്‌വോംഡ്: ങ്ഹും! (ദീർഘമായി നിശ്വസിക്കുന്നു) ഞാൻ യാതൊന്നിനെപ്പററിയും ആലോചിക്കുന്നില്ല. ആലോചി

ക്കവാനുള്ള കഴിവില്ല. (താഴ്ന്ന സ്വരത്തിൽ) അതൊക്കെ ഉപേക്ഷിക്കുകയേ നിവൃത്തിയുള്ളു.

റെജീന: (ഭക്ഷണമുറിയിൽനിന്നു പ്രവേശിച്ച്) എന്നെ വിളിച്ചോ കൊച്ചമ്മേ ?

മിസ്സിസ് ആൽവിങ്ങ്: ഉവ്വ്. വിളക്കു കത്തിച്ചുകൊണ്ടു വരൂ.

റെജീന: ഉടനെ കൊണ്ടുവരാം. കത്തിച്ചു വച്ചിരിക്കയാണ്. (ഇറങ്ങിപ്പോകുന്നു)

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോൾഡിന്റെ അടുത്തു ചെന്ന്) ഓസ്‌വോൾഡ്, എന്നിൽനിന്നു് ഒന്നും മറയ്ക്കരുതേ.

ഓസ്‌വോൾഡ്: ഞാനൊന്നും മറയ്ക്കുന്നില്ലമ്മേ. (മേശയ്ക്കടുത്തു ചെന്ന്)വളരെയധികം പറഞ്ഞു കഴിഞ്ഞുവെന്നാണ് എന്റെ വിചാരം.

റെജീന വിളക്കു കൊണ്ടുവന്ന് മേശപ്പുറത്തു വയ്ക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: റെജീനാ, ഒരു ചെറിയ കുപ്പി ഷാമ്പെയിൻ കൊണ്ടുവന്നാൽ തരക്കേടില്ല.

റെജീന: ഇതാ വന്നേച്ചു. (പോകുന്നു)

ഓസ്‌വോൾഡ്: (അമ്മയുടെ മുഖത്തു പിടിച്ചുകൊണ്ട്) അതാണു ശരി. എനിക്കറിയാം. എന്റെ അമ്മ എന്നെ ദാഹിച്ചിരിക്കാൻ സമ്മതിക്കയില്ലെന്നു്.

മിസ്സിസ് ആൽവിങ്ങ്: പാവം മോനേ, ഇനി നീ എന്തു ചോദിച്ചാലും ഞാനെങ്ങനെ തരാതിരിക്കും ?

ഓസ്‌വോൾഡ് : (ആകാംക്ഷയോടെ) അമ്മേ, അതു സത്യമാണോ ? അമ്മ അതു് അറിഞ്ഞുകൊണ്ടു പറയുകയാണോ ?

മിസ്സിസ് ആൽവിങ്ങ്: എന്തറിഞ്ഞുകൊണ്ടു് ?

ഓസ്‌വോൾഡ്: എന്തായാലും അമ്മ എനിക്കു തരാതിരിക്കുകയില്ലെന്നു്.

മിസ്സിസ് ആൽവിങ്ങ്: എന്റെ ഓസ്‌വോൾഡ്...

ഓസ്‌വോൾഡ്: ശ് ശ് ശ്

റെജീന ഒരു താലത്തിൽ ഷാമ്പെയിൽകുപ്പിയും രണ്ടു ഗ്ലാസ്സുകളുമായി പ്രവേശിച്ച് അവ മേശപ്പുറത്തു വയ്ക്കുന്നു.

റെജീന: കുപ്പി തുറക്കണോ ?

ഓസ്‌വോൾഡ്: വേണ്ട. ഞാൻതന്നെ തുറന്നുകൊള്ളാം.

റെജീന പോകുന്നു.

മിസ്സിസ് ആൽവിങ്ങ്: (മേശയ്ക്കരികിൽ ഇരിപ്പുറപ്പിച്ച്) എന്തായാലും തരാതിരിക്കുകയില്ലെന്നു നീ പറഞ്ഞപ്പോഠം നീ എന്താണുദ്ദേശിച്ചതു് ?

ഓസ്‌വോറംഡ്: (കുപ്പി തുറക്കുന്ന തിരക്കിനിടയിൽ) ആദ്യം നമുക്കൊരു ഗ്ലാസോ മറേറാ കുടിക്കാം.

അയാഠം അടപ്പൂരി ഒരു ഗ്ലാസ് നിറച്ചുകഴിഞ്ഞു് രണ്ടാമത്തേതു നിറയ്ക്കാൻ തുടങ്ങുകയാണ്.

മിസ്സിസ് ആൽവിങ്ങ്: (കൈകൊണ്ടു രണ്ടാമത്തെ ഗ്ലാസ് മൂടിപ്പിടിച്ച്) വേണ്ട, മോനേ. എനിക്കു വേണ്ട.

ഓസ്‌വോറംഡ്: ഓ, ശരി. എന്നാൽ ഞാൻതന്നെ ആയിക്കളയാം.

ഒരു ഗ്ലാസ് കുടിച്ചു തീർത്തു്, രണ്ടാമത്തും ഒഴിച്ചു കുടിച്ച് മേശയ്ക്കടുത്തിരിക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: (പ്രതീക്ഷയോടെ) ഇനി പറയൂ.

ഓസ്‌വോറംഡ്: (അവരെ നോക്കാതെ) ആദ്യം ഇതു പറയൂ. ഭക്ഷണസമയത്തു് അമ്മയും മിസ്റ്റർ മാൻഡേഴ്‌സും വളരെ അസാധാരണമായി...മൗനമായിട്ടാണു പെരുമാറിയതെന്നു് എനിക്കു തോന്നി.

മിസ്സിസ് ആൽവിങ്ങ്: നീയതു കണ്ടോ ?

ഓസ്‌വോറംഡ്: ഉവ്വ്. ങ്ഹും.(അല്പം കഴിഞ്ഞു്)അമ്മയ്ക്കു്.... റെജീനയെപ്പററി അമ്മയ്ക്കെന്തു തോന്നുന്നു ?

മിസ്സിസ് ആൽവിങ്ങ് : അവളെപ്പററി എന്തു തോന്നുന്നുവെന്നോ ?

ഓസ്‌വോറംഡ്: അതെ. അവഠം കൊള്ളാം, അല്ലേ ?

മിസ്സിസ് ആൽവിങ്ങ്: എൻെറ ഓസ്‌വോറംഡ്, എന്നെപ്പോലെ നിനക്കവളെ അറിയില്ല.

ഓസ്‌വോറംഡ്: അതുകൊണ്ടു് ?

മിസ്സിസ് ആൽവിങ്ങ്: അവഠം വളരെക്കാലം അവളുടെ വീട്ടിൽ നിന്നു. കുറേക്കൂടി നേരത്തേ ഞാൻ അവളെ എടുത്തു വളർത്തേണ്ടതായിരുന്നു.

ഓസ്‌വോറംഡ്: അതെ. പക്ഷേ, അവളെ കാണാൻ കൊള്ളാം. ഇല്ലേ, അമ്മേ ? (ഗ്ലാസ് നിറയ്ക്കുന്നു)

മിസ്സിസ് ആൽവിങ്ങ്: റെജീനയ്ക്കു പല കുററങ്ങളുമുണ്ടു്.

ഓസ്‌വോറംഡ്: ശരി. പക്ഷേ, അതുകൊണ്ടെന്താണു് ?

മിസ്സിസ് ആൽവിങ്ങ്: എങ്കിലും എനിക്കവളെ ഇഷ്ടമാണ്. ഞാൻ അവളുടെ ഭാരം ഏറെറടുത്തിരിക്കയുമാണ്. ഒരിക്കലും അവൾക്കൊരപകടം വരാൻ ഞാൻ സമ്മതിക്കയില്ല.

ഓസ്‌വോൾഡ്: (ചാടി എണീററ്) അമ്മേ, എനിക്കു റെജീന മാത്രമാണ് രക്ഷാമാർഗ്ഗം.

മിസ്സിസ് ആൽവിങ്ങ്: (എണീററ്)നീ എന്താണിപ്പറയുന്നതു്?

ഓസ്‌വോൾഡ്: ഈ ദുരിതമെല്ലാം ഒററയ്ക്കു വഹിച്ചുകൊണ്ടു പോകാൻ എനിക്കു കഴിവില്ല.

മിസ്സിസ് ആൽവിങ്ങ്: അതിനു ഞാനില്ലേ, നിന്നെ സഹായിക്കാൻ ?

ഓസ്‌വോൾഡ്: ശരിയാണ്. ഞാനും അങ്ങനെയാണു വിചാരിച്ചതു്. അമ്മയുടെ അടുത്തേയ്ക്കു ഞാൻ വന്നതും അതുകൊണ്ടു തന്നെയാണ്. പക്ഷേ, അതുകൊണ്ടു പ്രയോജനമില്ല. എനിക്കതു മനസ്സിലായി. എനിക്കിവിടെ ജീവിക്കാൻ സാദ്ധ്യമല്ല.

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോൾഡ് !

ഓസ്‌വോൾഡ്: അമ്മേ, എനിക്കു വേറൊരു തരത്തിലുള്ള ജീവിതം വേണം. അതുകൊണ്ട് എനിക്കിവിടെനിന്നു പോകണം. അമ്മ അതു കാണുന്നതെനിക്കിഷ്ടമില്ല.

മിസ്സിസ് ആൽവിങ്ങ്: ഭാഗ്യമില്ലാത്ത മകനെ ! പക്ഷേ, ഓസ്‌വോൾഡ്, നിനക്കിങ്ങനെ സുഖമില്ലാതിരിക്കുമ്പോൾ....

ഓസ്‌വോൾഡ് : സുഖമില്ലാതിരിക്കുക മാത്രമായിരുന്നെങ്കിൽ ഞാനിവിടെത്തന്നെ താമസിക്കുമായിരുന്നു. ഈ ലോകത്തിൽ എൻെറ ഏററവും നല്ല ചങ്ങാതി അമ്മയാണ്.

മിസ്സിസ് ആൽവിങ്ങ്: അതെ മോനേ. ഞാനല്ലേ ഏററവും നല്ല ചങ്ങാതി.

ഓസ്‌വോൾഡ്: (അസ്വസ്ഥനായി അങ്ങിങ്ങു നടന്ന്) പക്ഷേ, ഈ നരകമെല്ലാം — പശ്ചാത്താപം, സങ്കടം, ഭീതി — അയ്യോ ഈ ഭയങ്കര ഭീതി !

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോൾഡിൻെറ പുറകെ നടന്നുകൊണ്ട്) ഭീതി! എന്തു ഭീതി! നീയെന്താണു ഭയപ്പെടുന്നതു്?

ഓസ്‌വോൾഡ്: അമ്മേ, അതിനെപ്പററി ഇനി ഒന്നും ചോദിക്കരുതേ. എന്താണെന്ന് എനിക്കുതന്നെ പറഞ്ഞു

ഒപ്പിക്കാൻ വയ്യാ. (മിസ്സിസ് ആൽവിങ്ങ് മണിയടിക്കുന്നു) അമ്മേ, എന്താണു വേണ്ടതു് ?

മിസ്സിസ് ആൽവിങ്ങ്: എനിക്കെന്റെ മകൻ സന്തോഷമായിരിക്കണം. അതാണെനിക്കു വേണ്ടതു്. അവൻ ഒന്നിനെപ്പററിയും ആലോചിച്ചു വിഷമിക്കരുതു്. (വാതിൽക്കൽ പ്രത്യക്ഷപ്പെടുന്ന റെജീനയോടു്) കുറച്ചു ഷാമ്പെയിൻകൂടി. ഒരു വലിയ കുപ്പി.

ഓസ്‌വോാൾഡ്: അമ്മേ !

മിസ്സിസ് ആൽവിങ്ങ്: ഈ നാട്ടുമ്പുറത്തുകാരായ ഞങ്ങൾക്കു് ജീവിക്കാനറിയില്ലെന്നാണോ നീ ധരിച്ചിരിക്കുന്നതു് ?

ഓസ്‌വോാൾഡ്: അവൾ എത്ര സുന്ദരിയാണെന്നു നോക്കു്. എന്തു സൗന്ദര്യം ! ഒന്നാംതരം ആരോഗ്യവും !

മിസ്സിസ് ആൽവിങ്ങ് : (മേശയ്ക്കടുത്തിരുന്നുകൊണ്ടു്) നീയിരിക്കു് ഓസ്‌വോാൾഡ്. നമുക്കു ശാന്തമായി കുറച്ചു പറയാനുണ്ടു്.

ഓസ്‌വോാൾഡ് : (ഇരുന്നുകൊണ്ടു്) അമ്മയ്ക്കറിഞ്ഞുകൂടായിരിക്കും. എനിക്കു റെജീനയോടും ഒരു ചെറിയ കടം വീട്ടാനുണ്ടു.

മിസ്സിസ് ആൽവിങ്ങ്: നിനക്കു് ?

ഓസ്‌വോാൾഡ്: ഓ, അതൊരു വെറും ചാപല്യമെന്നോ മററോ പറയാം, അനാവശ്യമൊന്നുമില്ല കേട്ടോ. കഴിഞ്ഞ തവണ ഞാനിവിടെ വന്നപ്പോൾ....

മിസ്സിസ് ആൽവിങ്ങ്: ഉം.

ഓസ്‌വോാൾഡ്: അവൾ പാരീസിനെപ്പററി പലപ്പോഴും ചോദിക്കാറുണ്ടായിരുന്നു. ഞാൻ അവിടത്തെ ഓരോ കാര്യങ്ങൾ പറയും. എന്നിട്ടു് ഒരു ദിവസം ഞാൻ ചോദിച്ചു, ''അവിടെയൊന്നു പോയാൽ കൊള്ളാമെന്നു നിനക്കു തോന്നുന്നില്ലേ ?'' എന്നു്.

മിസ്സിസ് ആൽവിങ്ങ്: എന്നിട്ടു് ?

ഓസ്‌വോാൾഡ്: അവളുടെ മുഖം തുടുത്തു. എന്നിട്ടു പറഞ്ഞു, ''ഉവ്വു്. എനിക്കു വളരെ ആശയുണ്ടു്.'' ''ആകട്ടെ'' ഞാൻ പറഞ്ഞു, ''അതിനു വഴിയുണ്ടാക്കാം,'' എന്നോ മററോ.

മിസ്സിസ് ആൽവിങ്ങ്: പിന്നെ ?

ഓസ്‌വോാൾഡ്: ഞാനതൊക്കെ മറന്നുപോയില്ലേ. പക്ഷേ, മിനിയാന്നു ഞാൻ അവളോടു ചോദിച്ചു, ഞാൻ തിരിച്ചു വന്നതു് അവൾക്കു സന്തോഷമല്ലേ എന്നു്....

മിസ്സിസ് ആൽവിങ്ങ്: ഉം.

ഓസ്‌വോൾഡ്: അവൾ എൻെറ നേരെ വല്ലാതൊന്നു നോക്കിക്കൊണ്ടു ചോദിച്ചു, ''അപ്പോൾ എൻെറ പാരീസ് യാത്രയുടെ കാര്യമോ ?''

മിസ്സിസ് ആൽവിങ്ങ്: അവളുടെ പാരീസ്‌യാത്രയോ !

ഓസ്‌വോൾഡ്: പിന്നെ ഞാനവളോടു ചോദിച്ചു മനസ്സിലാക്കി, അവളതു വളരെ കാര്യമായിട്ട് എടുത്തിരിക്കയാണെന്നും അവൾ എന്നെപ്പററിത്തന്നെ ആലോചിച്ചു കഴിയുകയാണെന്നും. അവൾ അതിനുവേണ്ടി ഫ്രഞ്ചുപോലും പഠിക്കാൻ തുടങ്ങിയിരുന്നു.

മിസ്സിസ് ആൽവിങ്ങ്: അപ്പോൾ അതുകൊണ്ടാണ്....

ഓസ്‌വോൾഡ്: അമ്മേ, ഈ നല്ല ഒന്നാംതരം പെൺകുട്ടി അങ്ങനെ എൻെറ മുമ്പിൽ നില്ക്കുന്നതു കണ്ടപ്പോൾ — ഞാൻ ഇതുവരെ അവളെ ഒട്ടും ശ്രദ്ധിച്ചിരുന്നില്ല—പക്ഷേ, ഇപ്പോൾ എനിക്കു സ്വയം അർപ്പിച്ചുകൊണ്ടു കൈയും നീട്ടിയെന്നതുപോലെ അവളവിടെ നില്ക്കുന്നതു കണ്ടപ്പോൾ....

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോൾഡ് !

ഓസ്‌വോൾഡ്: അപ്പോഴെനിക്കു മനസ്സിലായി എൻെറ രക്ഷ അവളിലാണിരിക്കുന്നതെന്ന്. എന്താണെന്നുവച്ചാൽ ഞാൻ അവളിൽ ജീവിതാനന്ദം കണ്ടെത്തി.

മിസ്സിസ് ആൽവിങ്ങ്: (ഞെട്ടി) ജീവിതാനന്ദം ! അതിലാണോ രക്ഷാമാർഗ്ഗം ?

റെജീന: (ഭക്ഷണമുറിയിൽനിന്ന് ഷാമ്പെയിൻകുപ്പിയുമായി പ്രവേശിച്ച്) ഞാൻ കുറച്ചു താമസിച്ചുപോയി. പക്ഷേ, നിലയറയിൽ പോകേണ്ടിവന്നതുകൊണ്ടാണ്. (കുപ്പി മേശപ്പുറത്തു വയ്ക്കുന്നു)

ഓസ്‌വോൾഡ്: ഒരു ഗ്ലാസ്സുംകൂടി കൊണ്ടുവരൂ.

റെജീന: (ഓസ്‌വോൾഡിൻെറ നേരെ അത്ഭുതത്തോടുകൂടി നോക്കിക്കൊണ്ട്) കൊച്ചമ്മയുടെ ഗ്ലാസ് അതാ ഇരിക്കുന്നു.

ഓസ്‌വോൾഡ്: കണ്ടു. ഒരെണ്ണം നിനക്കുവേണ്ടി കൊണ്ടുവരാനാണു പറഞ്ഞത്. (റെജീന ഞെട്ടുന്നു. മിസ്സിസ് ആൽവിങ്ങിൻെറ നേരെ ഒളികണ്ണുയയ്ക്കുന്നു) എന്താ ?

റെജീന: (താഴ്ന്ന സ്വരത്തിൽ) കൊച്ചമ്മേ....

മിസ്സിസ് ആൽവിങ്ങ്: ഗ്ലാസു കൊണ്ടുവരൂ, റെജീനാ.

റെജീന ഭക്ഷണമുറിയിലേയ്ക്കു പോകുന്നു.

ഓസ്‌വോൾഡ്: (അവളെത്തന്നെ നോക്കിക്കൊണ്ട്) അമ്മ അവളുടെ നടപ്പു സൂക്ഷിച്ചിട്ടുണ്ടോ? ഉറപ്പും ആത്മവിശ്വാസവുമുള്ള നടപ്പ്!

മിസ്സിസ് ആൽവിങ്ങ്: അതു വയ്യാ, ഓസ്‌വോൾഡ്!

ഓസ്‌വോൾഡ്: അതു തീരുമാനിച്ച കാര്യമാണ്. അമ്മയതു മനസ്സിലാക്കണം. തടഞ്ഞിട്ടു കാര്യമില്ല. (റെജീന ഗ്ലാസുമായി പ്രവേശിക്കുന്നു. ഗ്ലാസു കയ്യിൽ പിടിച്ചുകൊണ്ടു നിൽക്കുന്നു) ഇരിക്കൂ റെജീന.

റെജീന ചോദ്യഭാവത്തിൽ മിസ്സിസ് ആൽവിങ്ങിനെ നോക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: (ഭക്ഷണമുറിയുടെ വാതിലിനടുത്തുള്ള ഒരു കസേരയിൽ റെജീന ഇരിക്കുന്നു. ഗ്ലാസ് അപ്പോഴും കയ്യിലുണ്ട്) ഓസ്‌വോൾഡ്! ജീവിതാനന്ദത്തെപ്പററി നീ എന്താണു പറഞ്ഞുകൊണ്ടിരുന്നത്?

ഓസ്‌വോൾഡ്: എൻെറ അമ്മേ, ജീവിതാനന്ദം! ഇവിടെ ഈ വീട്ടിൽവച്ച് അതെന്താണെന്നറിയാൻ കഴിയില്ല. എനിക്ക് ഇവിടെവെച്ചോരിക്കലും അതനുഭവിക്കാൻ ഒക്കുകയില്ല.

മിസ്സിസ് ആൽവിങ്ങ്: നീ എൻെറകൂടെ താമസിക്കുമ്പോഴം പോലും?

ഓസ്‌വോൾഡ്: വീട്ടിൽവച്ചു സാദ്ധ്യമല്ല. പക്ഷേ, അമ്മയ്ക്കതു മനസ്സിലാകയില്ല.

മിസ്സിസ് ആൽവിങ്ങ്: ഉവ്വ്, എനിക്കു തോന്നുന്നു. എനിക്കേതാണ്ടു മനസ്സിലായിത്തുടങ്ങിയിട്ടുണ്ടെന്ന് — നിന്നെ.

ഓസ്‌വോൾഡ്: അതും, പ്രയത്നത്തിൻെറ ആനന്ദവും — രണ്ടും യഥാർത്ഥത്തിൽ ഒന്നുതന്നെ, മൗലികമായി. പക്ഷേ, അതിനേപ്പററിയും അമ്മയ്ക്കറിഞ്ഞുകൂടാ.

മിസ്സിസ് ആൽവിങ്ങ്: ഒരു പക്ഷേ, നീ പറയുന്നതായിരിക്കും ശരി. അപ്പനേപ്പററി കുറേക്കൂടിപറയൂ ഓസ്‌വോൾഡ്.

ഓസ്‌വോൾഡ്: ഞാൻ പറയുന്നതിത്രയേയുള്ളു. പ്രയത്നമെന്നതു പാപത്തിൻെറ ശാപവും ശിക്ഷയുമാണെന്ന ധാരണയോടെയാണ് ഇവിടെ മനുഷ്യരെ വളർത്തുന്നത്; ജീവിതം ഒരു യാതനയാണെന്നും. എത്രയുംവേഗം അതു കടന്നുകൂടുന്നോ അത്രയും നന്നാണെന്നുമാണ് അവർപഠിച്ചുവച്ചിരിക്കുന്നത്

മിസ്സിസ് ആൽവിങ്ങ്: അതെ. ഒരുവക കണ്ണീരിൻെറ താഴ്‌വര. അങ്ങനെയാക്കിത്തീർക്കാൻ നാം ബോധപൂർവ്വം പരിശ്രമിക്കുന്നുമുണ്ട്.

ഓസ്‌വോൾഡ്: പക്ഷെ, അവിടെയുള്ള മനുഷ്യർ ഇതൊന്നും വകവച്ചുകൊടുക്കുകയില്ല. ഇത്തരം തത്വങ്ങളിൽ വിശ്വസിക്കുന്ന യാതൊരാളും അവിടെയില്ല. ജീവിച്ചിരിക്കുക എന്നതുതന്നെ ആഹ്ലാദകരമായ ഒരു വസ്തുവായിട്ടാണവിടെയുള്ളവർ ഗണിക്കുന്നത്. അമ്മേ, ഞാൻ വരച്ച ചിത്രങ്ങളെല്ലാം ജീവിതാനന്ദത്തെപ്പററിയുള്ളതായിരുന്നുവെന്നത് അമ്മ ശ്രദ്ധിച്ചിട്ടുണ്ടോ? ജീവിതാനന്ദത്തെപ്പററി, നിരന്തരമായി. അവിടെ പ്രകാശമുണ്ട്; വെയിലും, ഉത്സവമനോഭാവവും. മനുഷ്യരുടെ മുഖം സന്തോഷംകൊണ്ടു ശോഭിക്കുന്നു. അതുകൊണ്ടാണ് ഇവിടെ അമ്മയുടെകൂടെ വീട്ടിൽ താമസിക്കാൻ ഭയപ്പെടുന്നത്.

മിസ്സിസ് ആൽവിങ്ങ്: ഭയപ്പെടുന്നു! ഇവിടെ എന്റെകൂടെ നിനക്കെന്തിനെപ്പററിയാണു ഭയം?

ഓസ്‌വോൾഡ്: എന്നിൽ ശക്തിയായിട്ടുള്ള ഈ വികാരങ്ങളെല്ലാം വികൃതമായി അധഃപതിക്കുമെന്നാണെന്റെ ഭയം.

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോൾഡിനെ സൂക്ഷിച്ചു നോക്കിക്കൊണ്ട്) അങ്ങനെ സംഭവിച്ചേയ്ക്കുമെന്നാണോ നിന്റെ ഭയം?

ഓസ്‌വോൾഡ്: അതു സംഭവിക്കുമെന്നെനിക്കു നിശ്ചയമുണ്ട്. അവിടത്തെ ജീവിതം പോലെതന്നെ ഇവിടെ ജീവിച്ചാലും കാര്യമില്ല. അതു രണ്ടും തമ്മിൽ എന്തോ ഒരു മാററമുണ്ടായിരിക്കും.

മിസ്സിസ് ആൽവിങ്ങ്: (വളരെ ശ്രദ്ധാപൂർവ്വം ഓസ്‌വോൾഡ് പറയുന്നതു കേട്ടുകഴിഞ്ഞ് ആലോചനാമഗ്നമായ മുഖഭാവത്തോടെ പറയുന്നു) ഇപ്പോഴെനിക്കു മനസ്സിലായി, അതെല്ലാം എങ്ങനെ സംഭവിച്ചുവെന്ന്.

ഓസ്‌വോൾഡ്: എന്താണമ്മയ്ക്കു മനസ്സിലായത്?

മിസ്സിസ് ആൽവിങ്ങ്: ആദ്യമായിട്ടാണു ഞാനതു മനസ്സിലാക്കുന്നത്. ഇനി എനിക്കു തുറന്നു പറയുകയും ചെയ്യാം.

ഓസ്‌വോൾഡ്: (എഴുന്നേററ്) അമ്മേ, എനിക്കു മനസ്സിലായില്ല.

റെജീന: (അവളും എഴുന്നേററുകഴിഞ്ഞ്) ഞാൻ പോവുകയായിരിക്കും നല്ലതെന്നു തോന്നുന്നു.

മിസ്സിസ് ആൽവിങ്ങ്: വേണ്ട. ഇവിടെ നിൽക്കു്. ഇപ്പോൾ എനിക്കു സംസാരിക്കാം. ഇപ്പോൾ എന്റെ മകനേ, നിന്നെ മുഴുവൻ സത്യവുമറിയിക്കാം. ഓസ്‌വോൾഡ്, റെജീനാ, നിങ്ങൾ...

ഓസ്‌വോാംഡ്: ശ്—ശ്—ശ്—അതാ അച്ഛൻ വരുന്നു.

മാൻഡേഴ്സ് ഹാാംവാതിൽക്കൽക്കൂടി പ്രവേശിക്കുന്നു.

മാൻഡേഴ്സ്: പ്രിയ സ്നേഹിതരെ, വളരെ പ്രയോജനകരമായ കുറച്ചു സമയം ഞങ്ങളവിടെ ചെലവഴിച്ചു.

ഓസ്‌വോാംഡ്: ഞങ്ങളിവിടേയും.

മാൻഡേഴ്സ്: എങ്സ്ട്രാൻഡിനു അയാളുടെ നാവികാലയത്തിനു സഹായം ആവശ്യമാണു്. റെജീന അയാളുടെകൂടെ പോയി അയാളെ സഹായിക്കണം,

റെജീന: എനിക്കു വയ്യാ, അച്ഛാ.

മാൻഡേഴ്സ്: (അവളെ അപ്പോഴാണു കാണുന്നതു്) എന്തു്! നീ ഇവിടെയോ? അതും ഒരു വീഞ്ഞുഗ്ലാസുമായി.

റെജീന: (പെട്ടെന്നു ഗ്ലാസ് താഴെ വച്ചു്) ക്ഷമിക്കണം അച്ഛാ.

ഓസ്‌വോാംഡ്: റെജീന എൻെറകൂടെ പോരുകയാണു് മിസ്റ്റർ മാൻഡേഴ്സ്.

മാൻഡേഴ്സ്: പോരുകയോ? നിങ്ങളുടെകൂടെ?

ഓസ്‌വോാംഡ്: അതെ എൻെറ ഭാര്യയായിട്ടു്—അവാക്കതു നിർബന്ധമാണെങ്കിൽ.

മാൻഡേഴ്സ്: പക്ഷേ...എൻെറ ദൈവമേ...

റെജീന: ഞാൻ നിരപരാധിയാണച്ഛാ.

ഓസ്‌വോാംഡ്: അല്ലാ. ഞാനിവിടെത്തന്നെ താമസിച്ചാൽ അവളും നിൽക്കും.

റെജീന: (താനറിയാതെ) ഇവിടെ!

മാൻഡേഴ്സ്: നിങ്ങാം എന്നെ അമ്പരപ്പിക്കുന്നു, മിസ്സിസ് ആൽവിങ്ങ്.

മിസ്സിസ് ആൽവിങ്ങ്: എനിക്കിപ്പോാം തുറന്നു സംസാരിക്കാവുന്നതുകൊണ്ടു് ഇതു രണ്ടും സംഭവിക്കയില്ല.

മാൻഡേഴ്സ്: പക്ഷേ, നിങ്ങളങ്ങനെ ചെയ്യുമോ? ഇല്ല. ഇല്ല. ഇല്ല.

മിസ്സിസ് ആൽവിങ്ങ്: ഉവ്വ്. എനിക്കതിനു കഴിയും. ഞാനതു ചെയ്യുകയും ചെയ്യും. ആരുടേയും ആദർശത്തെ തകർക്കാതെതന്നെ.

ഓസ്‌വോാംഡ്: അമ്മേ, ഇത്രമാത്രം എന്നിൽനിന്നു മറച്ചുവയ്ക്കുന്ന കാര്യമെന്താണു്?

റെജീന: (ചെവിയോർത്തു) കൊച്ചമ്മേ! കേട്ടോ! ആരോ പുറത്തുകിടന്നു വിളിക്കുന്നു.

(പൂപ്പുരയിലേയ്ക്കു പോയി പുറത്തേയ്ക്കു നോക്കുന്നു)

ഓസ്‌വോൾഡ്: (ഇടത്തുവശത്തെ ജനലിനടുത്തേയ്ക്കു ചെന്ന്) കാഴ്ച മെന്താണാവോ? ഈ പ്രകാശമെവിടെനിന്നാണു വരുന്നത്?

റെജീന: (ഉച്ചത്തിൽ) അനാഥമന്ദിരത്തിനു തീപിടിച്ചു.

മിസ്സിസ് ആൽവിങ്ങ്: (ജനലിനടുത്തേയ്ക്കു ചെന്ന്) തീ പിടിച്ചു!

മാൻഡേഴ്സ്: തീയോ? അസാദ്ധ്യം. ഞാനവിടെനിന്നു പോന്നിട്ട് ഒരു നിമിഷമേ ആയുള്ളു.

ഓസ്‌വോൾഡ്: എൻെറ പൊതിയെവിടെ—അല്ലെങ്കിലതു സാരമില്ല—എൻെറ അപ്പൻെറ അനാഥശാല... ! (തോട്ടത്തിലേയ്ക്കുള്ള വാതിലിൽക്കൂടി ഓടിമറയുന്നു)

മിസ്സിസ് ആൽവിങ്ങ്: എൻെറ ഷാളെവിടെ റെജീനാ? അതു മുഴവൻ കത്തിക്കാളുകയാണ്.

മാൻഡേഴ്സ്: എത്ര ഭയങ്കരം, മിസ്സിസ് ആൽവിങ്ങ്! ആ തീ പാപപങ്കിലമായ ഈ ഗൃഹത്തിന്മേലുള്ള ശിക്ഷാവിധിയാണ്.

മിസ്സിസ് ആൽവിങ്ങ്: അങ്ങനെതന്നെ. വരൂ റെജീന.

അവരും റെജീനയും പോകുന്നു

മാൻഡേഴ്സ്: (കൈ ചേർത്തുപിടിച്ച്) ഇൻഷൂറൻസുമില്ല! (അവരുടെ പുറകെ പോകുന്നു)

കർട്ടൻ

മൂന്നാം അങ്കം

മുമ്പിലത്തെ രംഗംതന്നെ. എല്ലാ വാതിലുകളും മലക്കെ തുറന്നുകിടക്കുന്നു. വിളക്കു മേശപ്പുറത്തിരുന്നു കത്തുന്നുണ്ട്. പുറകുവശത്തെ ജനലിൽ കൂടി വരുന്ന ജ്വാലാപ്രകാശമൊഴിച്ചു പുറത്തെല്ലാം അന്ധകാരം. മിസ്സിസ് ആൽവിങ്ങ് ഒരു ചെറിയ ഷാളും തലയിലിട്ടു പൂപ്പുരയിൽനിന്നു പുറത്തേയ്ക്കു നോക്കുകയാണ്. ഒരു ഷാളും പുതച്ചുകൊണ്ട് റെജീനയും അവരുടെ അല്പം പിന്നിലുണ്ട്.

മിസ്സിസ് ആൽവിങ്ങ്: സകലതും കത്തിനശിച്ചു—നിലംവരെ.

റെജീന: നിലയറ ഇപ്പോഴും കത്തുന്നുണ്ട്.

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോൾഡെന്താണ് തിരിച്ചു വരാത്തതെന്നു മനസ്സിലാകുന്നില്ല. യാതൊന്നും രക്ഷിക്കാൻ കഴിയുമെന്ന് ആശിക്കാനിടയില്ല.

റെജീന: ഞാൻ അദ്ദേഹത്തിൻെറ തൊപ്പി കൊണ്ടുപോയി കൊടുക്കട്ടേ?

മിസ്സിസ് ആൽവിങ്ങ്: അവൻ തൊപ്പിപോലുമെടുത്തില്ലേ?

റെജീന: (ഹാളിലേയ്ക്കു ചൂണ്ടിക്കാണിച്ചു) ഇല്ല. അതവിടെ തൂക്കിയിട്ടുണ്ട്.

മിസ്സിസ് ആൽവിങ്ങ്: വേണ്ട. അവൻ വേഗം തിരിച്ചു വരാതിരിക്കയില്ല. അവനെന്തു ചെയ്യുകയാണെന്നു ഞാൻ നോക്കിയിട്ടു വരാം. (തോട്ടത്തിലേയ്ക്കുള്ള വാതിൽവഴിയായി പുറത്തേയ്ക്കു പോകുന്നു)

മാൻഡേഴ്സ് ഹാളിൽനിന്നു അകത്തേയ്ക്കു വരുന്നു

മാൻഡേഴ്സ്: മിസ്സിസ് ആൽവിങ്ങ് ഇവിടെയില്ലേ?

റെജീന: ഇപ്പോഴം തോട്ടത്തിലേയ്ക്കിറങ്ങിയതേയുള്ളു,

മാൻഡേഴ്സ്: എൻെറ ജീവിതത്തിൽ ഇത്ര ഭയങ്കരമായ ഒരു രാത്രി ഉണ്ടായിട്ടില്ല.

റെജീന: എത്ര ഭയങ്കരമായ നിർഭാഗ്യമാണച്ചാ !

മാൻഡേഴ്സ്: അക്കഥ പറയല്ലേ. എനിക്കതിനെപ്പററി ഓർമ്മിക്കാൻപോലും ധൈര്യമില്ല.

റെജീന: എങ്ങനെയാണതു സംഭവിച്ചതു് ?

മാൻഡേഴ്സ്: എന്നോടു ചോദിച്ചിട്ടു ഫലമില്ല, മിസ് എങ്സ്ട്രാൻഡ്. ഇനി നീയും പറയുമായിരിക്കും...നിൻെറ അപ്പൻ പറഞ്ഞതു മതിയായില്ലേ ?

റെജീന: എൻെറ അപ്പനെന്തുചെയ്തു ?

മാൻഡേഴ്സ്: എന്നെ ഭ്രാന്തു പിടിപ്പിക്കാറാക്കി.

എങ്സ്ട്രാൻഡ്: (ഹാളിൽനിന്നു പ്രവേശിച്ച്) അച്ചൻ !

മാൻഡേഴ്സ് : (ഞെട്ടിത്തിരിഞ്ഞു്) താൻ എൻെറ പുറകെ ഇവിടെയും എത്തിയോ ?

എങ്സ്ട്രാൻഡ്: ഉവ്വ്. ദൈവം തുണയ്ക്കട്ടെ, ബഹുമാനപ്പെട്ട അച്ചാ. എന്തൊരു കഷ്ടമാണ് !

മാൻഡേഴ്സ്: (അങ്ങുമിങ്ങും നടന്നു്) എൻെറ ദൈവമേ !

റെജീന: എന്താണീ പറയുന്നതു് ?

എങ്സ്ട്രാൻഡ്: ഞങ്ങളുടെ ചെറിയ പ്രാർത്ഥനായോഗമാണ് ഈ കുഴപ്പമെല്ലാം ഉണ്ടാക്കിവച്ചതു്. നിനക്കു മനസ്സിലായില്ലേ ? (റെജീനയോടു രഹസ്യമായി) കള്ളക്കിഴവനെ ഇപ്പൊ പിടികിട്ടിയെടീ പെണ്ണേ. (ഉറച്ച്) ഇങ്ങനെയൊന്നിനു കാരണം ബഹുമാനപ്പെട്ട അച്ചനാണെന്നതാണ് ഓർക്കാൻ വയ്യാത്തതു്.

മാൻഡേഴ്സ്: എങ്സ്ട്രാൻഡ്, ഞാൻ ഉറപ്പിച്ചുപറയുന്നു...

എങ്സ്ട്രാൻഡ്: പക്ഷേ, അച്ചാ, അവിടെ മററാരുടേയും കൈയിൽ വിളക്കില്ലായിരുന്നു.

മാൻഡേഴ്സ്: (നിശ്ചലനായി നിന്നു്) എന്നു താൻ പറയുന്നു. പക്ഷേ, ഒരു വിളക്കും എടുത്തതായിട്ടെനിക്കോർമ്മയില്ല.

എങ്സ്ട്രാൻഡ്: പക്ഷേ, അവിടുന്നു് ഒരു മെഴുകുതിരിയെടുത്തു് വിരലുകൊണ്ടു് ഞെക്കിക്കെടുത്തുന്നതും അതിൻെറ തീയുള്ള നൂൽക്കഷണം എറിഞ്ഞുകളയുന്നതും ഞാൻ വ്യക്തമായി കണ്ടതാണ്.

മാൻഡേഴ്സ്: താനതു കണ്ടോ ?

എങ്സ്ട്രാൻഡ്: വ്യക്തമായിക്കണ്ടു.

മാൻഡേഴ്സ്: എനിക്കതു മനസ്സിലാകുന്നേയില്ല. കൈകൊണ്ടു മെഴുകുതിരി കെടുത്തുന്നതു് എൻെറ പതിവേയല്ല.

എങ്സ്ട്രാൻഡ്: അതെ. അച്ചനങ്ങിനെ ചെയ്യുക അസാധാരണമാണ്. പക്ഷെ, അതുകൊണ്ടു് ഇത്ര വലിയ അപകടം സംഭവിക്കുമെന്നു് ആരെങ്കിലും വിചാരിക്കുമോ ?

മാൻഡേഴ്സ്: (അസ്വസ്ഥനായി മുമ്പോട്ടും പുറകോട്ടും നടന്നുകൊണ്ടു്) ഞാനെങ്ങനെ അറിയും ?

എങ്സ്ട്രാൻഡ്: ഇൻഷ്വറും ചെയ്തിട്ടില്ലായിരുന്നു, അല്ലേ അച്ചാ.

മാൻഡേഴ്സ്: ഇല്ല. ഇല്ലെന്നു ഞാൻ പറഞ്ഞതു കേട്ടില്ലേ.

എങ്സ്ട്രാൻഡ്: അച്ചനതു് ഇൻഷ്വർ ചെയ്തില്ല, എന്നിട്ടു് അതിനു തീവയ്ക്കുകയും ചെയ്തു. ദൈവമേ, എന്തൊരു കഷ്ടകാലം !

മാൻഡേഴ്സ്: (നെററിയിൽനിന്നു വിയർപ്പു തുടച്ചുകൊണ്ടു്) അതു ശരിയാണു് എങ്സ്ട്രാൻഡ്.

എങ്സ്ട്രാൻഡ്: നോക്കണേ. നാടിനൊക്കെ ഗുണം ചെയ്യേണ്ട ഒരു അനാഥമന്ദിരമാണിങ്ങനെ പോയതു്. പത്രക്കാർ അച്ചനെ വെറുതെ വിടുമെന്നു് എനിക്കു തോന്നുന്നില്ല.

മാൻഡേഴ്സ്: ഇല്ല. അതുതന്നെയാണു് ഞാനും ആലോചിക്കുന്നതു്. അതാണു് ഇതിലേറ്റവുംവച്ചു ദുസ്സഹമായ കാര്യം. ആ ദുഷ്ടബുദ്ധികളുടെ ആരോപണങ്ങളും ആക്രമണങ്ങളും— ഓർക്കുമ്പോഠം വിറച്ചുപോകുന്നു.

മിസ്സിസ് ആൽവിങ്ങ്: (തോട്ടത്തിൽനിന്നു പ്രവേശിച്ചു്) അവനെ ആ തീയുടെ അടുത്തുനിന്നു കൊണ്ടുവരാൻ സാദ്ധ്യമല്ല.

മാൻഡേഴ്സ് ഓ, മിസ്സിസ് ആൽവിങ്ങും വന്നല്ലോ.

മിസ്സിസ് ആൽവിങ്ങ്: മിസ്റ്റർ മാൻഡേഴ്സ്, ഏതായാലും അങ്ങേയ്ക്കു് ആ ഉൽഘാടനപ്രസംഗം ചെയ്യാതെ കഴിക്കാമല്ലോ.

മാൻഡേഴ്സ്: അതു ഞാൻ വളരെ സന്തോഷത്തോടെ—

മിസ്സിസ് ആൽവിങ്ങ്: (വിരസമായ സ്വരത്തിൽ) അതു സംഭവിച്ചതു് ഒരു കണക്കിൽ നന്നായി. ഈ അനാഥമന്ദിരം ഒരിക്കലും അഭിവൃദ്ധിപ്പെടുമായിരുന്നില്ല.

മാൻഡേഴ്സ്: ഇല്ലെന്നാണോ നിങ്ങഠം പറയുന്നതു് ?

മിസ്സിസ് ആൽവിങ്ങ് : അങ്ങേയ്ക്കു് അങ്ങനെ തോന്നുന്നുണ്ടോ ?

മാൻഡേഴ്സ്: എങ്കിലും ഇതൊരു അസാധാരണ നിർഭാഗ്യം തന്നെ,

മിസ്സിസ് ആൽവിങ്ങ്: നമുക്കതു് വെറും ഒരു സാമ്പത്തിക കാര്യമെന്ന നിലയിൽ മാത്രം പരിഗണിച്ചാൽ മതി. നിങ്ങൾ അച്ഛനെ കാത്തു നിൽക്കുകയാണോ എങ്ങ്സ്റ്റ്രാൻഡ് ?

എങ്ങ്സ്റ്റ്രാൻഡ്: (ഹാളിലേയ്ക്കുള്ള വാതിൽക്കൽ) അതെ.

മിസ്സിസ് ആൽവിങ്ങ്: അച്ചൻ വന്നിട്ടെ പോകുന്നുള്ളുവെങ്കിൽ നിൽക്കണ്ട. അവിടെയെങ്ങാനും ഇരിക്കു.

എങ്ങ്സ്റ്റ്രാൻഡ്: വേണ്ട. എനിക്കിവിടെ നിന്നാൽ മതി.

മിസ്സിസ് ആൽവിങ്ങ്; (മാൻഡേഴ്സിനോട്) അങ്ങ് അടുത്ത ബോട്ടിനുതന്നെ പോവുമായിരിക്കും ?

മാൻഡേഴ്സ്: ഉവ്വ്. ഒരു മണിക്കൂറിനുകം.

മിസ്സിസ് ആൽവിങ്ങ്: ദയവായി ആ പ്രമാണങ്ങളെല്ലാം അച്ചൻ കൊണ്ടുപൊയ്ക്കൊള്ളു. എനിക്കിനി അതിനെപ്പററി യാതൊന്നുമറിയണ്ട. എനിക്കിപ്പോൾ മറെറാരു കാര്യത്തെപ്പററി ആലോചിക്കാനുണ്ടു്...

മാൻഡേഴ്സ്: മിസ്സിസ് ആൽവിങ്ങ്...

മിസ്സിസ് ആൽവിങ്ങ്: പിന്നീടു നിങ്ങളുടെ്യുക്തംപോലെ പ്രവത്തിക്കാനുള്ള ഒരു മുക്ത്യാർ ഞാനയച്ചുതരാം.

മാൻഡേഴ്സ്: സസന്തോഷം ഞാനതു ചെയ്യാം. ആദ്യത്തെ ദാനത്തിൻെറ ഉദ്ദേശ്യമെല്ലാം ഇനി മാറേറണ്ടിവരുമല്ലോ.

മിസ്സിസ് ആൽവിങ്ങ്: സംശയമില്ല.

മാൻഡേഴ്സ്: തല്ക്കാലം അതു ശരിയാക്കാൻ ഞാനൊരു വഴി പറയാം. സോൾവിക്ക്വസ്തു ഇടവകയിലേയ്ക്കു് എഴുതിക്കൊടുക്കുക. ആ ഭൂമിക്കു തീർച്ചയായും കുറച്ചു വിലയൊക്കെയുണ്ടു്. അതെന്തെങ്കിലും ഒരാവശ്യത്തിനു കൊള്ളിക്കാം. ബാങ്കിൽ കിടക്കുന്ന പണത്തിൻെറ പലിശയാണെങ്കിൽ അതു പട്ടണത്തിൽ പ്രയോജനപ്പെടുന്ന എന്തെങ്കിലുമൊരു കാര്യത്തിനു ചെലവാക്കാൻ വഴിയുണ്ടാകും.

മിസ്സിസ് ആൽവിങ്ങ്: അച്ചൻെറ ഇഷ്ടംപോലെയൊക്കെ ചെയ്തുകൊള്ളു. ഇതിലൊന്നിലും എനിക്കു യാതൊരു താല്പര്യവുമില്ല.

എങ്ങ്സ്റ്റ്രാൻഡ്: എൻെറ നാവികസങ്കേതത്തെപ്പററിക്കൂടി ഓർമ്മയിരിക്കണേ, അച്ചാ.

മാൻഡേഴ്സ്: അതെ, അതും ഒരു കാര്യമാണു്. പക്ഷേ, അതിനെപ്പററി ഗൗരവമായിട്ടാലോചിക്കണം.

എങ്സ്ട്രാൻഡ്: (സ്വയം) ആലോചിക്കുക. പിശാച്ച് പിടിക്കട്ടെ. ദൈവമേ!

മാൻഡേഴ്സ്: നിർഭാഗ്യവശാൽ ഇതു സംബന്ധമായി എനിക്കെന്തെങ്കിലും ചെയ്യാൻ എത്രകാലത്തേയ്ക്കുകൂടി അധികാരമുണ്ടായിരിക്കുമെന്നും നിശ്ചയിച്ചുകൂടാ. പൊതുജനാഭിപ്രായം എന്നെ അതിൽനിന്നു പുറന്തള്ളുകില്ലേ എന്നു്. തീയുടെ കാരണത്തെക്കുറിച്ചുള്ള അന്വേഷണഫലമനുസരിച്ചാണു് അതെല്ലാം ഇരിക്കുന്നതു്.

മിസ്സിസ് ആൽവിങ്ങ്: അങ്ങെന്താണു പറയുന്നതു്?

മാൻഡേഴ്സ്: എന്തായിരിക്കും ഫലമെന്നു മുൻകൂട്ടി പറയാൻ ഒരുവനും സാദ്ധ്യമല്ല.

എങ്സ്ട്രാൻഡ്: (മാൻഡേഴ്സിനോടു ചേർന്നു നിന്നുകൊണ്ടു്) പറയാം. ഒരാൾക്കു്. ഇതാ നിൽക്കുന്നു ആ ആൾ – ഞാൻ— ജേക്കബ് എങ്സ്ട്രാൻഡ്!

മാൻഡേഴ്സ്: ശരിതന്നെ. പക്ഷേ...

എങ്സ്ട്രാൻഡ്: (ശബ്ദം താഴ്ത്തി) പഴഞ്ചൊല്ലിൽ പറയുന്നതുപോലെ, സഹായിച്ച ആളിനെ ആവശ്യംവരുമ്പോൾ ഉപേക്ഷിക്കുന്ന സ്വഭാവക്കാരനല്ല ജേക്കബ് എങ്സ്ട്രാൻഡ്.

മാൻഡേഴ്സ്: അതെ, പ്രിയപ്പെട്ട എങ്സ്ട്രാൻഡ്. പക്ഷേ, എന്താണു വഴി?

എങ്സ്ട്രാൻഡ്: ജേക്കബ്എങ്സ്ട്രാൻഡ് രക്ഷിതാവായ ഒരു മാലാഖയാണെന്നു പറഞ്ഞാലും അതിൽ തെററില്ല ബഹുമാനപ്പെട്ട അച്ചാ!

മാൻഡേഴ്സ്: ഇല്ല, ഇല്ല. അതു സ്വീകരിക്കാനെനിക്കു വിഷമമാണു്.

എങ്സ്ട്രാൻഡ്: പക്ഷേ, അതങ്ങനെയാണു സംഭവിക്കാൻ പോകുന്നതു്. മററൊരാളുടെ കുററം സ്വയം ഏറെറടുത്ത ഒരാളെ ഇതിനുമുമ്പു് എനിക്കു പരിചയമുണ്ടു്.

മാൻഡേഴ്സ്: (കൈപിടിച്ചു്) ആയിരത്തിലൊന്നേ തന്നെപ്പോലെയുള്ളു! തൻെറ നാവികസങ്കേതത്തിൻെറ കാര്യത്തിൽ സഹായം ലഭിക്കാതിരിക്കയില്ല. അക്കാര്യം ഉറപ്പിച്ചുകൊള്ളൂ.

എങ്സ്ട്രാൻഡ് നന്ദിപറയാൻ ശ്രമിക്കുന്നു. പക്ഷേ, വികാരത്തള്ളൽ മൂലം പരാജയപ്പെടുന്നു.

മാൻഡേഴ്സ്: (സഞ്ചി തോളിൽ തൂക്കിയിട്ടുകൊണ്ടു്) ഇനി നമുക്കു പോകണം. നമുക്കു് ഒരുമിച്ചു സഞ്ചരിക്കാം.

എങ്സ്ട്രാൻഡ്: (ഭക്ഷണമുറിയുടെ വാതില്ക്കൽവച്ചു രഹസ്യമായി റെജീനയോട്) എൻെറക്കൂടെ പോരെ, ചരക്കേ! മുട്ടയ്ക്കകത്തെ ഉണ്ണിപോലെ സുഖമായിട്ടിരിക്കാം.

റെജീന: (തലകുലുക്കിക്കൊണ്ട്) ദയവായി...

അവൾ ഹാളിലേയ്ക്കു പോയി മാൻഡേഴ്സിൻെറ പെട്ടിയും മററും കൊണ്ടുവരുന്നു.

മാൻഡേഴ്സ്: ഞാൻ പോകട്ടെ മിസ്സിസ് ആൽവിങ്. നിയമസമാധാനങ്ങളുടെ ആത്മാവ് ഈ ഗൃഹത്തിന്മേൽ ആവസിക്കട്ടെ.

മിസ്സിസ് ആൽവിങ്: അങ്ങനെയാകട്ടെ മിസ്ററർ മാൻഡേഴ്സ്.

തോട്ടത്തിലേയ്ക്കുള്ള വാതിലിൽകൂടി ഓസ്വോൾഡ് പ്രവേശിക്കുന്നതു കണ്ടു മിസ്സിസ് ആൽവിങ് പൂപ്പുരയിലേയ്ക്കു പോകുന്നു.

എങ്സ്ട്രാൻഡ്: (അയാളും റെജീനയുംകൂടി മാൻഡേഴ്സിൻെറ പുറംകുപ്പായം ഇടാൻ സഹായിക്കുന്നതിനിടയിൽ) ഞാൻ പോവുകയാണു കൊച്ചേ. നിനക്കു എന്തെങ്കിലും വിഷമമുണ്ടായാൽ, ജേക്കബ് എങ്സ്ട്രാൻഡിനെ എവിടെ കാണാമെന്നു അറിയാമോ? (ശബ്ദം താഴ്ത്തി) ലിററിൽ ഹാർബർ തെരുവ്— ങ്ഹും! (ഓസ്വോൾഡിനോടും മിസ്സിസ് ആൽവിങ്ങിനോടുമായി) കപ്പൽക്കാർക്കുള്ള എൻെറ ചെറിയ സ്ഥാപനത്തിനു 'ആൽവിങ്ഭവനം' എന്നായിരിക്കും പേരു്. എൻെറ ആശകളെല്ലാം നടപ്പിൽ വന്നാൽ, പരേതനായ മിസ്റ്റർ ആൽവിങ്ങിൻെറ പേരിനെ അതു നീതീകരിക്കയും ചെയ്യും.

മാൻഡേഴ്സ്: ഹ്ഉം! ങ്ഹും! പ്രിയപ്പെട്ട എങ്സ്ട്രാൻഡ്, വരൂ, വരൂ. പോകട്ടെ കേട്ടോ.

മാൻഡേഴ്സും എങ്സ്ട്രാൻഡും ഹാളിലേയ്ക്കുള്ള വാതിലിൽക്കൂടി പോകുന്നു.

ഓസ്വോൾഡ്: (മേശയ്ക്കടുത്തേയ്ക്കു ചെന്നു്) എന്തു ഭവനത്തെപ്പററിയാണയാൾ പറഞ്ഞുകൊണ്ടിരുന്നതു്?

മിസ്സിസ് ആൽവിങ്: അയാളും അച്ഛനുംകൂടി തുടങ്ങാനാലോചിക്കുന്ന ഏതോ ഭവനം.

ഓസ്വോൾഡ്: അതും ഇതുപോലെ കത്തിച്ചാമ്പലാകും.

മിസ്സിസ് ആൽവിങ്: എന്തുകൊണ്ടാണു നിനക്കങ്ങനെ തോന്നുന്നതു്?

ഓസ്‌വോാംഡ്: എല്ലാം കത്തിയെരിയും. എന്റെ അപ്പന്റെ സ്മരണയ്ക്കുള്ളതൊന്നും അവശേഷിക്കുകയില്ല. ഇതാ ഈ ഞാനും ദഹിക്കുകയാണു്.

റെജീന ഭയചകിതയായി ഓസ്‌വോാംഡിനെ നോക്കുന്നു.

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോാംഡ്, നീ ഇത്രയധികം നാൗ അവിടെ താമസിക്കരുതായിരുന്നു. എന്റെ പാവം മോൻ!

ഓസ്‌വോാംഡ്: (മേശയ്ക്കടുത്തിരുന്നുകൊണ്ടു്) അമ്മ പറയുന്നതു ശരിയാണെന്നെനിക്കു തോന്നുന്നുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: നിന്റെ മുഖം മുഴുവൻ നനഞ്ഞിരിക്കുന്നു ഓസ്‌വോാംഡ്. ഞാനതു തുടച്ചുതരാം. (അവരുടെ കൈലേസുകൊണ്ടു് ഓസ്‌വോാംഡിന്റെ മുഖം തുടയ്ക്കുന്നു)

ഓസ്‌വോാംഡ്: (നിവ്വികാരനായി മുമ്പിലേയ്ക്കു നോക്കിയിരുന്നുകൊണ്ടു്) മതി, അമ്മേ.

മിസ്സിസ് ആൽവിങ്ങ്: നിനക്കു ക്ഷീണം തോന്നുന്നില്ലേ, ഓസ്‌വോാംഡ്? നിനക്കു് ഉറക്കം വരുന്നുണ്ടോ?

ഓസ്‌വോാംഡ്: (അസ്വസ്ഥനായി) വേണ്ട, വേണ്ട, ഉറങ്ങണ്ട. ഞാനൊരിക്കലും ഉറങ്ങുന്നില്ല. ഉറങ്ങുകയാണെന്നു ഭാവിക്കുന്നെന്നു മാത്രം. (വിഷാദത്തോടെ) അതെല്ലാം ക്രമേണ വന്നുകൊള്ളും.

മിസ്സിസ് ആൽവിങ്ങ്: (ആശങ്കയോടെ ഓസ്‌വോാംഡിനെ നോക്കിക്കൊണ്ടു്) ഏതായാലും എന്റെ മോനേ, നിനക്കു തീരെ സുഖമില്ല.

റെജീന: (നേരേ ചോദിക്കുന്നു) മിസ്റ്റർ ആൽവിങ്ങിനു സുഖക്കേടാണോ?

ഓസ്‌വോാംഡ്: (അക്ഷമനായി) ആ വാതിലെല്ലാം അടയ്ക്കു, ഈ മാരകമായ ഭയം...

മിസ്സിസ് ആൽവിങ്ങ്: വാതിലെല്ലാം അടയ്ക്കു റെജീനാ. (റെജീന വാതിലെല്ലാം അടച്ചതിനുശേഷം ഹാളിലേയ്ക്കുള്ള വാതിലിനടുത്തു നിൽക്കുന്നു. മിസ്സിസ് ആൽവിങ്ങ് ഷോാം എടുത്തു മാററുന്നു. റെജീനയും തഥൈവ. മിസ്സിസ് ആൽവിങ്ങ് ഒരു കസേരയെടുത്തു് ഓസ്‌വോാംഡിനടുത്തു കൊണ്ടുപോയി ഇട്ടു് അതിലിരിക്കുന്നു) ഇതു കൊള്ളാം, ഞാൻ നിന്റെയടുത്തുതന്നെയിരിക്കാം.

ഓസ്‌വോാംഡ്: അതെ. അങ്ങനെതന്നെ. റെജീനയും ഇവിടെ വേണം. റെജീന എപ്പോഴും എന്റെയടുത്തുണ്ടായിരിക്കണം. നീ എനിക്കൊരു തുണ ചെയ്യണം, റെജീനാ. നീ അതു ചെയ്യുകയില്ലേ?

റെജീന: എനിക്കൊന്നും മനസ്സിലാകുന്നില്ല.

മിസ്സിസ് ആൽവിങ്ങ്: ഒരു തുണ ?

ഓസ്‌വോാംഡ്: അതെ. അതിനാവശ്യം വരുമ്പോരം.

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോാംഡ്, നിനക്കു തുണ ചെയ്യാൻ നിൻെറ അമ്മയില്ലേ ?

ഓസ്‌വോാംഡ്: അമ്മ ! (പുഞ്ചിരിക്കുന്നു) ഇല്ലമ്മേ, അമ്മയ്ക്കു തരാൻ കഴിയുന്ന തുണയല്ല ഞാനുദ്ദേശിക്കുന്നതു്. (വികൃതമായി ചിരിച്ച്) ഹ ഹ ഹ (അവരെ ഗൗരവമായി നോക്കുന്നു) ഏതായാലും നിനക്കുതന്നെയാണതിനവകാശം. (വികാരത്തോടെ) നീ എന്തുകൊണ്ടാണു് എന്നെ ഓസ്‌വോാംഡെന്നു വിളിക്കാത്തതു്, റെ ജീ നാ ? നി ന ക്കെ ന്തു കൊ ണ്ടു് ഓസ്‌വോാംഡ് എന്നു പറഞ്ഞുകൂടാ ?

റെജീന: (താഴ്ന്ന സ്വരത്തിൽ) കൊച്ചമ്മയ്ക്കതിഷ്ടമാവുകയില്ല.

മിസ്സിസ് ആൽവിങ്ങ്: നിനക്കങ്ങനെ വിളിക്കാനുള്ള അവകാശം കിട്ടാനധികം താമസിക്കേണ്ടിവരികയില്ല. ഇവിടെ ഞങ്ങളുടെ അടുത്തു വന്നിരിക്കൂ. (റെജീന പതുക്കെ മടിച്ചു മടിച്ച് അവരുടെ അടുത്തു മേശയ്ക്കു മറുവശത്തായി ഇരിക്കുന്നു) എന്നിട്ടു് എൻെറ പാവപ്പെട്ട മോനേ, ഞാൻ എൻെറ മനസ്സിൽനിന്നു് ഒരു വലിയ ഭാരമിറക്കാൻ പോകയാണു്.

ഓസ്‌വോാംഡ്: അമ്മയോ ?

മിസ്സിസ് ആൽവിങ്ങ്: പശ്ചാത്താപമെന്നും, സങ്കടമെന്നും, ആത്മനിന്ദയെന്നുമെല്ലാം നീ പറയുന്നതു്.

ഓസ്‌വോാംഡ്: അമ്മയ്ക്കങ്ങനെ ചെയ്യാൻ കഴിയുമോ ?

മിസ്സിസ് ആൽവിങ്ങ്: ഇപ്പോഴതെല്ലാം ചെയ്യാം ഓസ്‌വോാംഡ്. കുറച്ചുമുമ്പു നീ ജീവിതാനന്ദത്തെപ്പററി സംസാരിക്കുകയായിരുന്നു. നീ പറഞ്ഞതു് എൻെറ ജീവിതത്തിൽ മുഴുവൻ ഒരു പുതിയ വെളിച്ചം വീശി.

ഓസ്‌വോാംഡ്: അമ്മ പറയുന്നതു ലേശമെങ്കിലും എനിക്കു മനസ്സിലാകുന്നില്ല,

മിസ്സിസ് ആൽവിങ്ങ്: ചെറുപ്പത്തിൽ പട്ടാളത്തിലായിരുന്ന കാലത്തു നിൻെറ അപ്പനെ കാണേണ്ടതായിരുന്നു. അന്നദ്ദേഹം ജീവിതാനന്ദംകൊണ്ടു നിറഞ്ഞിരുന്നു.

ഓസ്‌വോാംഡ്: എനിക്കറിയാം.

മിസ്സിസ് ആൽവിങ്ങ്: അടങ്ങാത്ത പ്രസരിപ്പും, ഉന്മേഷവുംകൊണ്ടു നിറഞ്ഞിരുന്ന അദ്ദേഹത്തെ ഒന്നു നോക്കിയാൽ മതി, എനിക്കു് ഉത്സവമനസ്ഥിതിയായി.

ഓസ്‌വോൾഡ്: എന്നിട്ട് ?

മിസ്സിസ് ആൽവിങ്ങ്: എന്നിട്ട് ഈ കുട്ടി—അന്നദ്ദേഹം ഒരു കൊച്ചു കുട്ടി മാത്രമായിരുന്നു—ജീവിതാനന്ദം നിറഞ്ഞ ഈ കുട്ടി ഒരു ചെറിയ പട്ടണത്തിൽ താമസമുറപ്പിക്കേണ്ടി വന്നു. അവിടെ ആനന്ദത്തിനുള്ള മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല—വഷളത്തങ്ങൾ മാത്രം. ഇവിടെ വന്നു ലക്ഷ്യമില്ലാത്ത ഒരു ജീവിതം നയിക്കേണ്ടതായിട്ടാണദ്ദേഹത്തിനു വന്നുകൂടിയതു്. സ്ഥാനം മാത്രമുള്ള ഒരുദ്യോഗമായിരുന്നു അദ്ദേഹത്തിനു്. മനസ്സുചെലുത്തിജോലിചെയ്യേണ്ട യാതൊരാവശ്യവുമുണ്ടായിരുന്നില്ല. വെറും പതിവുചടങ്ങിനപ്പുറം ഒന്നും ശ്രദ്ധിക്കേണ്ട. ജീവിതാനന്ദമെന്നു പറഞ്ഞാൽ മനസ്സിലാവുന്ന ഒരൊററ ചങ്ങാതിയെങ്കിലുമില്ല. ഉള്ളതു മടിയന്മാരും കുടിയന്മാരും.

ഓസ്‌വോൾഡ്: അമ്മേ !

മിസ്സിസ് ആൽവിങ്ങ്: അങ്ങനെ സംഭവിക്കേണ്ടതു സംഭവിച്ചു.

ഓസ്‌വോൾഡ്: സംഭവിക്കേണ്ടതു് ! എന്താണു് ?

മിസ്സിസ് ആൽവിങ്ങ്: നീ ഇവിടെത്തന്നെ കഴിയേണ്ടി വന്നാൽ എന്തുണ്ടാവുമെന്നു് ഇന്നു സന്ധ്യയ്ക്കു നീതന്നെ പറഞ്ഞില്ലേ ?

ഓസ്‌വോൾഡ്: എന്നു പറഞ്ഞാൽ, അമ്മ പറയുന്നതു്, അപ്പൻ....

മിസ്സിസ് ആൽവിങ്ങ്: നിൻെറ സാധുപിതാവു് അദ്ദേഹത്തിൻെറ നിറഞ്ഞു കവിഞ്ഞൊഴുകിയിരുന്ന ജീവിതാനന്ദത്തിനു യാതൊരു ചാലും കണ്ടെത്തിയില്ല. ഞാനാണെങ്കിൽ, ഈ വീട്ടിലേയ്ക്കു യാതൊരു ആഹ്ലാദമനോഭാവവും കൊണ്ടുവന്നതുമില്ല,

ഓസ്‌വോൾഡ്: അമ്മയും കൊണ്ടുവന്നില്ല !

മിസ്സിസ് ആൽവിങ്ങ്: ചുമതല മുതലായി ഞാൻ ഇവിടെ വെച്ചു വിശ്വസിച്ചിരുന്ന കുറെ കാര്യങ്ങൾ മാത്രമാണു് എന്നെ പഠിപ്പിച്ചിട്ടുണ്ടായിരുന്നതു്. എല്ലാം ചുമതലയ്ക്കു ചുററും തിരിയുന്നതായി തോന്നി. എൻെറ ചുമതല. അദ്ദേഹത്തിൻെറ ചുമതല—അങ്ങനെ ഞാൻ നിൻെറ അപ്പൻെറ വീടു് അദ്ദേഹത്തിനു ദുസ്സഹമാക്കിത്തീർത്തുകാണുമെന്നു തോന്നുന്നു, ഓസ്‌വോൾഡ്.

ഓസ്‌വോൾഡ്: ഇക്കാര്യമൊന്നും അമ്മ എനിക്കയച്ച എഴുത്തുകളിൽ കാണിക്കാതിരുന്നതെന്താണു് ?

മിസ്സിസ് ആൽവിങ്ങ്: അദ്ദേഹത്തിൻെറ മകനോടു പറയാവുന്ന കാര്യങ്ങളാണ് ഇതെല്ലാം എന്നെനിക്കു തോന്നിയിരുന്നില്ല.

ഓസ്‌വോൾഡ്: പിന്നെ അമ്മയ്ക്കു് എന്താണു തോന്നിയതു്?

മിസ്സിസ് ആൽവിങ്ങ്: നീ ജനിക്കുന്നതിനുമുമ്പെ നശിച്ചുകഴിഞ്ഞ ഒരു മനുഷ്യനായിരുന്നു നിൻെറ അപ്പൻ എന്നു മാത്രം.

ഓസ്‌വോൾഡ്: (ശ്വാസം മുട്ടിയ ശബ്ദത്തിൽ) ഹാ! എഴുന്നേററു ജനലിനടുത്തേയ്ക്കു പോകുന്നു)

മിസ്സിസ് ആൽവിങ്ങ്: പിന്നെ എൻെറ മനസ്സിൽ രാവും പകലും ഒരേ ഒരു ചിന്തയേ ഉണ്ടായിരുന്നുള്ളു. എൻെറ മകനോളംതന്നെ റെജീനയ്ക്കും ഈ വീട്ടിൽ അവകാശമുണ്ടെന്നു്.

ഓസ്‌വോൾഡ്: (ഞെട്ടിത്തിരിഞ്ഞു്) റെജീനാ!

റെജീന: (എണീററു ശ്വാസംമുട്ടലോടെ) എനിക്കു്!

മിസ്സിസ് ആൽവിങ്ങ്: അതെ. ഇപ്പോൾ നിങ്ങൾക്കു രണ്ടുപേക്കും കാര്യം മനസ്സിലായി.

ഓസ്‌വോൾഡ്: റെജീനാ!

റെജീന: (സ്വയം) അപ്പോൾ അമ്മയും ആ തരത്തിലുള്ളവളായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: നിൻെറ അമ്മയ്ക്കു് അനേക സൽഗുണങ്ങളുണ്ടായിരുന്നു, റെജീനാ.

റെജീന: ശരി. പക്ഷേ, അമ്മയും ആ കൂട്ടത്തിൽ പെട്ടതുതന്നെ. എനിക്കുമങ്ങനെ പലപ്പോഴും തോന്നിയിട്ടുണ്ടു്. പക്ഷേ...എങ്കിൽ, കൊച്ചമ്മേ ഞാൻ ഉടനെതന്നെ പൊയ്ക്കൊള്ളട്ടെ.

മിസ്സിസ് ആൽവിങ്ങ്: യഥാർത്ഥത്തിൽ നിനക്കു പോകണമെന്നുണ്ടോ, റെജീന?

റെജീന: അതെ. തീർച്ചയായും എനിക്കു പോകണമെന്നുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: നിൻെറ ഇഷ്ടംപോലെ ചെയ്യാം. നിശ്ചയമായും. പക്ഷേ...

ഓസ്‌വോൾഡ്: (റെജീനയുടെ അടുത്തു ചെന്നു്) ഇനി പോവുകയോ? ഇതു നിൻെറ വീടാണു്.

റെജീന: ദയവുചെയ്തു്...മിസ്റ്റർ ആൽവിങ്ങ്—ഓ, ഇപ്പോൾ എനിക്കു് ഓസ്‌വോൾഡ് എന്നു വിളിക്കാം. പക്ഷെ, ഈ

രീതിയിലല്ല എനിക്കു് ആ സ്വാതന്ത്ര്യം കിട്ടുമെന്നു ഞാനാശിച്ചതു്.

മിസ്സിസ് ആൽവിങ്ങ്: റെജീന, ഞാൻ നിന്നോടെല്ലാം തുറന്നു പറഞ്ഞിട്ടില്ല.

റെജീന: ഇല്ല. ഉണ്ടെന്നു് ഞാനും പറയുകയില്ല. ഓസ്വോാഡിനു രോഗമാണെന്നു ഞാനറിഞ്ഞിരുന്നെങ്കിൽ... ഇപ്പോഠ പ്രത്യേകിച്ചു ഞങ്ങഠ തമ്മിൽ കാര്യമായി യാതൊന്നുമുണ്ടാകാൻ നിവൃത്തിയില്ലാത്തപ്പോഠ... ഇല്ല എനിക്കീ നാട്ടമ്പുറത്തു്, രോഗികളെ ശുശ്രൂഷിച്ചു, ആരോഗ്യം നശിപ്പിക്കാൻ കഴിയില്ല,

ഓസ്വോാഡ്: ഇത്ര അടുത്ത ബന്ധമുള്ള ഒരുവനു വേണ്ടിപ്പോലും ?

റെജീന: ഇല്ല, എനിക്കു വയ്യാ. ഒരു പെണ്ണു തന്റെ ചെറുപ്പം കൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാക്കണം. അല്ലെങ്കിൽ എന്താണു കഥയെന്നു മനസ്സിലാകുന്നതിനുമുമ്പേ അവഠ പെരുവഴിയിലാകും. എന്നിലും ജീവിതാനന്ദമുണ്ടു്, മിസ്സിസ് ആൽവിങ്ങ്.

മിസ്സിസ് ആൽവിങ്ങ്: നിർഭാഗ്യവശാൽ, അതു ശരിയാണു്. പക്ഷേ, സ്വയം നശിക്കരുതേ റെജീനാ,

റെജീന: ഓ, സംഭവിക്കാനുള്ളതു സംഭവിക്കും. ഓസ്വോാഡ് അപ്പനെപ്പോലെയാണെങ്കിൽ, ഞാൻ എന്റെ അമ്മയെപ്പോലെയാണെന്നും വരാം. മിസ്സിസ് ആൽവിങ്ങ്, എന്റെ ഇക്കാര്യം മിസ്റ്റർ മാൻഡേഴ്സിനറിയാമോ എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: മിസ്റ്റർ മാൻഡേഴ്സിനു സർവ്വവും അറിയാം.

റെജീന: (ഷാഠം ധരിച്ചുകൊണ്ടു്) അങ്ങനെയാണെങ്കിൽ കഴിയുന്നത്ര വേഗം ബോട്ടിൽ പോവുകയാണു് ഏററവും നല്ലതെന്നു തോന്നുന്നു. പെരുമാറാൻ കൊള്ളാവുന്ന ഒരു മാന്യനാണു മിസ്റ്റർ മാൻഡേഴ്സ്. ആ പണത്തിൽ ഒരംശത്തിനു് എനിക്കും അവകാശമുണ്ടെന്നു തീർച്ച—ആ വൃത്തികെട്ട മരപ്പണിക്കാരനോളമെങ്കിലും.

മിസ്സിസ് ആൽവിങ്ങ്: നിനക്കതു കിട്ടുന്നതിൽ വളരെ സന്തോഷമുണ്ടു റെജീനാ.

റെജീന: (നോട്ടം അവരുടെ മുഖത്തുറപ്പിച്ചു്) ഒരു മാന്യന്റെ മകഠപ്പോലെ എന്നെ വളർത്തുകയെങ്കിലും ചെയ്യാമായിരുന്നുള

അതു കുറേക്കൂടി നന്നായിരുന്നു. (തലകുലുക്കുന്നു)ഓ, സാരമില്ല (തുറക്കാത്ത കുപ്പിയുടെ നേരെ നോക്കിക്കൊണ്ടു്) ഒരിക്കൽ, ഞാനും മാന്യന്മാരുടെ കൂടെയിരുന്നു് ഷാമ്പെയിൻ കുടിക്കുന്നുണ്ടു്, തീർച്ച.

മിസ്സിസ് ആൽവിങ്ങ്: റെജീനാ, എന്നെങ്കിലും നിനക്കൊരു വീടു വേണ്ടിവന്നാൽ എന്റെ അടുത്തേയ്ക്കു പോരു്.

റെജീന: വേണ്ടാ. വളരെ നന്ദി, മിസ്സിസ് ആൽവിങ്ങ്. മിസ്റ്റർ മാൻഡേഴ്സിനു് എന്നിൽ താല്പര്യമുണ്ടെന്നെനിക്കറിയാം. എനിക്കു കാലം തീരെ ചീത്തയായാൽ, എനിക്കു സുഖം കിട്ടുന്ന ഒരു വീടെങ്കിലും എനിക്കറിയാം.

മിസ്സിസ് ആൽവിങ്ങ്: അതെവിടെയാണു് ?

റെജീന: 'ആൽവിങ്ങ് ഭവന'ത്തിൽ.

മിസ്സിസ് ആൽവിങ്ങ്: റെജീനാ—എനിക്കു നിശ്ചയമുണ്ടു് —നീ നിന്റെ നാശത്തിനാണു പോകുന്നതു്.

റെജീന: ഭൂ ! ഞാൻ പോകുന്നു.

(അവരം തലകുനിച്ചു വന്ദിച്ച് ഹാളിൽകൂടി പുറത്തേയ്ക്കു പോകുന്നു.)

ഓസ്‌വോാംഡ്: (ജനലിനടുത്തുനിന്നു് പുറത്തേയ്ക്കു നോക്കിക്കൊണ്ടു്) അവരം പോയോ ?

മിസ്സിസ് ആൽവിങ്ങ്: ഉവ്വു്.

ഓസ്‌വോാംഡ്: (സ്വയം മന്ത്രിക്കുന്നു) ഇതു സർവ്വത്ര അബദ്ധമാണെന്നെനിക്കു തോന്നുന്നു.

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോാംഡിനടുത്തു ചെന്നു് തോളിൽ കൈവച്ചുകൊണ്ടു്) ഓസ്‌വോാംഡ്, എന്റെ മോനേ, ഇതു നിനക്കു വല്ലാത്ത ഒരടിയായിരിക്കും, അല്ലേ ?

ഓസ്‌വോാംഡ്: (അവരുടെ നേരെ തിരിഞ്ഞു്) അപ്പനെപ്പററിയുള്ള ഈ കാര്യങ്ങളോ ?

മിസ്സിസ് ആൽവിങ്ങ്: അതെ, നിന്റെ ഭാഗ്യംകെട്ട അപ്പനെക്കുറിച്ചു്. അതു നിനക്കു വഹിക്കാൻ വിഷമമാണെന്നാണെന്റെ ഭയം.

ഓസ്‌വോാംഡ്: അങ്ങനെ വിചാരിക്കുന്നതെന്തിനാണു് ? അതെല്ലാം എനിക്കു് ഒരു പുതുമയായിരുന്നു. പക്ഷേ, എന്നെ സാരമായി ബാധിക്കുന്നില്ലല്ലോ ?

മിസ്സിസ് ആൽവിങ്ങ്: ബാധിക്കുന്നില്ലെന്നോ, നിന്റെ അപ്പന്റെ ജീവിതം ഇത്ര ഭയങ്കരമായ ഒരു ദുരന്തമായിരുന്നതു് ?

ഓസ്‌വോംഡ്: തീർച്ചയായും എനിക്കദ്ദേഹത്തോട് സഹതാപമുണ്ട്—മററാരോടുമെന്നതുപോലെ. പക്ഷേ...

മിസ്സിസ് ആൽവിങ്ങ്: അതിലധികമില്ലെന്നോ? സ്വന്തം അപ്പനുവേണ്ടിപ്പോലും...

ഓസ്‌വോംഡ്: (ക്ഷമകെട്ട്) അപ്പൻ! അപ്പൻ! എൻെറ അപ്പനെക്കുറിച്ച് എനിക്കു യാതൊരറിവുമുണ്ടായിരുന്നില്ല. അപ്പൻ കാരണം ഞാനൊരിക്കൽ ഛർദ്ദിച്ചുവെന്നല്ലാതെ അപ്പനെപ്പററി എനിക്കു യാതൊരോർമ്മയുമില്ല.

മിസ്സിസ് ആൽവിങ്ങ്: ഇതു ഭയങ്കരമായിരിക്കുന്നു. എന്തു സംഭവിച്ചാലും ഒരു കുട്ടിക്കു സ്വന്തം പിതാവിനോടു കുറച്ചു സ്നേഹമുണ്ടായിരിക്കേണ്ടതല്ലേ?

ഓസ്‌വോംഡ്: കൃതജ്ഞതയുണ്ടാവേണ്ട യാതൊരു കാര്യവും ഇല്ലാതിരിക്കുമ്പോഴുമോ? യാതൊരു പരിചയവും ഇല്ലെങ്കിലുമോ? അമ്മയും ഈ പഴയ അന്ധവിശ്വാസങ്ങളിലെല്ലാം വിശ്വസിക്കുന്നുണ്ടോ? അമ്മ! മററു കാര്യങ്ങളിൽ ഇത്ര വിശാലമനസ്സയായ അമ്മ!

മിസ്സിസ് ആൽവിങ്ങ്: അതൊരു വെറും അന്ധവിശ്വാസമാണെന്നാണോ നീ പറയുന്നതു്?

ഓസ്‌വോംഡ്: അതമ്മയ്ക്കുതന്നെ ശരിക്കറിയാമല്ലോ അമ്മേ. അതും ഈ ലോകത്തിൽ വിതരണം ചെയ്യപ്പെടുന്ന വിശ്വാസങ്ങളിലൊന്നാണതു്.

മിസ്സിസ് ആൽവിങ്ങ്: വിശ്വാസ ഭൂതങ്ങൾ!

ഓസ്‌വോംഡ്: (മുറിയിൽ നെടുനീളെ നടന്നുകൊണ്ടു്) അതെ. അവയെ ഭൂതങ്ങളെന്നു വിളിക്കാം.

മിസ്സിസ് ആൽവിങ്ങ്: (ഉദ്വേഗത്തോടെ) അപ്പോൾ ഓസ്‌വോംഡ്, നീ എന്നെയും സ്നേഹിക്കുന്നില്ല!

ഓസ്‌വോംഡ്: ഏതായാലും അമ്മയെ എനിക്കു പരിചയമുണ്ടല്ലോ...

മിസ്സിസ് ആൽവിങ്ങ്: നിനക്കെന്നെ പരിചയമുണ്ടു്! അത്രേയുള്ളു!!

ഓസ്‌വോംഡ്: എന്നല്ല. അമ്മയ്ക്കു് എന്നോടെത്ര സ്നേഹമുണ്ടെന്നുമെനിക്കറിയാം. അതിനെങ്കിലും എനിക്കമ്മയോടു നന്ദി വേണമല്ലോ. പക്ഷേ, ഇപ്പോൾ എനിക്കു രോഗമായതുകൊണ്ടു് എനിക്കു വളരെ സഹായം ചെയ്യാൻ കഴിയും.

മിസ്സിസ് ആൽവിങ്ങ്: അതെ, ഓസ്‌വോംഡ്. എനിക്കെന്തെല്ലാം ചെയ്യാൻ കഴിയും. എനിക്കു ചിലപ്പോൾ

നിൻെറ രോഗത്തോടു നന്ദി തോന്നാറുണ്ടു്. അതുകൊണ്ടാണല്ലൊ നീ എൻെറയടുത്തേയ്ക്കു വരാനിടയായതു്. എനിക്കറിയാം, നീ ഇതുവരെ എൻേറതായിത്തീൎന്നിട്ടില്ല. നിന്നെ സ്വന്തമാക്കിത്തീൎത്തേ പററൂ.

ഓസ്‌വോാംഡു്: (അക്ഷമയോടെ) അതെ. അതെ. അതെ. അങ്ങനെയെല്ലാമാണു പറയേണ്ടതു്? അമ്മേ, ഞാനൊരു രോഗിയാണെന്നോൎക്കണം. എനിക്കാരെപ്പററിയും ചിന്തിക്കാൻ ഇടയില്ല. എൻെറ കാൎയ്യം നോക്കുന്നതുതന്നെ പിടിപ്പതു പണിയാണു്.

മിസ്സിസ് ആൽവിങ്ങ്: (മൃദുവായി) ഞാൻ വളരെ ക്ഷമയോടെ കാത്തിരിക്കും.

ഓസ്‌വോാംഡു്: സന്തോഷമായിരിക്കയും വേണമമ്മേ.

മിസ്സിസ് ആൽവിങ്ങ്: അതേ മോനേ, നീ പറയുന്നതു വളരെ ശരിയാണു്. (ഓസ്‌വോാംഡിനടുത്തു ചെന്നു്) ഇപ്പോൾ ഞാൻ നിൻെറ പശ്ചാത്താപവും ആത്മനിന്ദയുമെല്ലാം മാററിയില്ലേ?

ഓസ്‌വോാംഡു്: അമ്മ അതു ചെയ്തു. പക്ഷേ, ആരാണു് ഈ ഭയം മാററാൻ പോകുന്നതു്?

മിസ്സിസ് ആൽവിങ്ങ്: ഭയം?

ഓസ്‌വോാംഡു്: (മുറിയിലൂടെ നടന്നുകൊണ്ടു്) ഒരു നല്ലവാക്കു പറഞ്ഞാൽ റെജീന അതു ചെയ്യുമായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: എനിക്കു നീ പറയുന്നതു മനസ്സിലാകുന്നില്ല. എന്തു ഭയമാണു്? അതുമായി റെജീനയ്ക്കെന്താണു ബന്ധം?

ഓസ്‌വോാംഡു്: നേരം വളരെയായോ അമ്മേ?

മിസ്സിസ് ആൽവിങ്ങ്: നേരം വെളുക്കാറായി. (പൂപ്പുരയുടെ ജനലിൽക്കൂടി നോക്കുന്നു) മലമുകളിലെല്ലാം പ്രഭാതമായിട്ടുണ്ടു്. ആകാശവും തെളിയുന്നുണ്ടു്, ഓസ്‌വോാംഡു്. അല്പം കഴിഞ്ഞാൽ സൂൎയ്യനെക്കാണാം.

ഓസ്‌വോാംഡു്: അതെനിക്കു സന്തോഷമാണു്. ഇതൊക്കെയാണെങ്കിലും ഇനിയും ജീവിക്കാനും ആനന്ദിക്കാനും ഉള്ള പലതും എനിക്കു കിട്ടുമായിരിക്കും.

മിസ്സിസ് ആൽവിങ്ങ്: അതാണെൻെറയും ആശ.

ഓസ്‌വോാംഡു്: ജോലി ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും...

മിസ്സിസ് ആൽവിങ്ങ്: എൻെറ മകനെ, അധികം താമസിയാതെ നിനക്കു ജോലി ചെയ്യാനും കഴിവുണ്ടാകും. ഇനി

ആ വേദനിപ്പിക്കുന്ന കാര്യങ്ങളെപ്പററി ആലോചിച്ചു വിഷമിക്കുകയെങ്കിലും വേണ്ടല്ലോ.

ഓസ്‌വോൾഡ്: വേണ്ട. ആ പേക്കിനാവുകളെ അമ്മ അകററിത്തന്നതു വലിയ കാര്യമായി. ഈ ഒരു കാര്യത്തിൽ നിന്നുകൂടി എനിക്കു രക്ഷപ്പെടാൻ കഴിഞ്ഞിരുന്നെങ്കിൽ! (കട്ടിലിൽ ഇരിക്കുന്നു) അമ്മേ, നമുക്കൊരിത്തിരി സംസാരിക്കാം.

മിസ്സിസ് ആൽവിങ്ങ്: അതെ. നമുക്കു സംസാരിക്കാം. (ഒരു ചാരകസേര കട്ടിലിനടുത്തേയ്ക്കു നീക്കിയിട്ട് അതിലിരിക്കുന്നു)

ഓസ്‌വോൾഡ്: സൂര്യനുദിക്കയാണ് — അമ്മയ്ക്കു കാര്യമല്ലമറിയാം. അതുകൊണ്ട് എനിക്കു യാതൊരു ഭയവും തോന്നുന്നില്ല.

മിസ്സിസ് ആൽവിങ്ങ്: എന്തു കാര്യമെനിക്കറിയാമെന്നാണു നീ പറഞ്ഞത്?

ഓസ്‌വോൾഡ്: (അവർ പറയുന്നതു ശ്രദ്ധിക്കാതെ) അമ്മേ, ഈ ലോകത്തിൽ എനിക്കുവേണ്ടി അമ്മ എന്തു വേണമെങ്കിലും ചെയ്യുമെന്ന് ഇന്നു വൈകിട്ട് അമ്മ പറഞ്ഞില്ലേ?

മിസ്സിസ് ആൽവിങ്ങ്: ഉവ്വ്. ഞാൻ അങ്ങനെ പറഞ്ഞു.

ഓസ്‌വോൾഡ്: അമ്മ വാക്കു പാലിക്കുമോ?

മിസ്സിസ് ആൽവിങ്ങ്: തീർച്ചയായും. എന്റെ മോനേ, നീയില്ലാതെ എന്തിനുവേണ്ടിയാണു ഞാൻ ജീവിക്കുന്നത്?

ഓസ്‌വോൾഡ്: അതെ. അതെ. അമ്മേ, ഞാൻ പറയുന്നതു ശ്രദ്ധിക്കു. അമ്മയ്ക്കു നല്ല ആത്മബലമുണ്ടെന്നു എനിക്കറിയാം. ഞാൻ പറയുന്നത് അമ്മ ശാന്തമായി കേൾക്കണമെന്നാണ് എന്റെ അപേക്ഷ.

മിസ്സിസ് ആൽവിങ്ങ്: ഇത്ര ഭയങ്കരമായ കാര്യമെന്താണ്?

ഓസ്‌വോൾഡ്: അമ്മ നിലവിളിക്കരുത്, കേട്ടോ. അതിനു വാക്കു പറയണം. നാമതു വളരെ ശാന്തമായി പറഞ്ഞു തീർക്കാൻ പോകയാണ്. അമ്മ അതിനു വാക്കു തരുമോ?

മിസ്സിസ് ആൽവിങ്ങ്: തരാം, തരാം. ഞാൻ വാക്കു പറയുന്നു—എന്താണെന്നു പറയൂ.

ഓസ്‌വോൾഡ്: ശരി. എങ്കിൽ പറയാം. എന്റെ ഈ ക്ഷീണമില്ലേ? അതും എന്റെ ജോലിയെപ്പററി ചിന്തിക്കാനുള്ള വിഷമവുമെല്ലാം—അമ്മ മനസ്സിലാക്കണം—അതല്ല, എന്റെ രോഗം.

മിസ്സിസ് ആൽവിങ്ങ്: പിന്നെ എന്താണ് ഈ രോഗം?

ഓസ്‌വോൾഡ്: എൻെറ രോഗം ജന്മദത്തമാണ്. (നെററിയിൽ തൊട്ട്, ശാന്തമായി) അത്, ഇവിടെയാണ്...

മിസ്സിസ് ആൽവിങ്ങ്: (ഏതാണ്ട മൊഴി മുട്ടിയതുപോലെ) ഓസ്‌വോൾഡ്! അല്ല, അല്ല...

ഓസ്‌വോൾഡ്: നിലവിളിക്കരുതേ. എനിക്കതു സഹിക്കില്ല. അതെ, ഞാൻ പറയുന്നു, അതിവിടെ കാത്തുനിൽക്കുകയാണ്. ഏതു സമയത്തും, ഏതു നിമിഷത്തിലും അതു പൊട്ടിപ്പുറപ്പെട്ടേക്കാം.

മിസ്സിസ് ആൽവിങ്ങ്: എത്ര ഭയങ്കരമാണ്...

ഓസ്‌വോൾഡ്: മിണ്ടല്ലേ. ഇതാണ് എൻെറയവസ്ഥ.

മിസ്സിസ് ആൽവിങ്ങ്: (ചാടി എണീററ്) അതു ശരിയല്ല, ഓസ്‌വോൾഡ്. അതസാദ്ധ്യമാണ്. അതായിരിക്കയില്ല!

ഓസ്‌വോൾഡ്: ഞാൻ വിദേശത്തായിരുന്നപ്പോൾ ഒരിക്കൽ അതു വന്നു. പെട്ടെന്നു മാറുകയും ചെയ്തു. പക്ഷേ, എനിക്കു വന്ന രോഗത്തെപ്പററി പിന്നെ ഞാനറിഞ്ഞപ്പോൾ ഈ മാറാത്ത ഭയം എന്നെ പിടികൂടി.

മിസ്സിസ് ആൽവിങ്ങ്: അപ്പോൾ അതാണു നിൻെറ ഭയം?

ഓസ്‌വോൾഡ്; അതെ. അമ്മയ്ക്കറിയാമല്ലോ അതെത്ര ഭയങ്കരമാണെന്ന്. അത് എന്തെങ്കിലും മാരകമായ രോഗമായിരുന്നെങ്കിൽ...കഴിയുന്നത്ര ജീവിക്കണമെന്നെനിക്കാഗ്രഹമുണ്ടെങ്കിലും, മരണത്തെപ്പററി എനിക്കത്ര ഭയമൊന്നുമില്ല.

മിസ്സിസ് ആൽവിങ്ങ്: ഓസ്‌വോൾഡ്, നീ ജീവിക്കണം!

ഓസ്‌വോൾഡ്: പക്ഷേ, ഇതെത്ര ഭയങ്കരമാണ്. വീണ്ടും നിസ്സഹായനായ ഒരു കുട്ടിയായിത്തീരുക. വല്ലവരും ഭക്ഷണം കഴിപ്പിക്കണം, വല്ലവരും...അയ്യോ! അതു പറയാൻതന്നെ വിഷമം.

മിസ്സിസ് ആൽവിങ്ങ്: എൻെറ മോനെനോക്കാൻ അവൻെറ അമ്മയുണ്ട്.

ഓസ്‌വോൾഡ്: (എണീററ്) ഇല്ല. ഒരിക്കലുമില്ല. അതാണു ഞാനനുവദിക്കയില്ലാത്തത്. അനേകവർഷക്കാലം അങ്ങനെയായിരിക്കയെന്നത് എനിക്കോൎമ്മിച്ചുകൂടാ; അങ്ങനെ നരച്ചു വയസ്സനാവുക! ഞാൻ മരിക്കുന്നതിനുമുമ്പേ അമ്മ മരിച്ചെന്നും വരാം. (മിസ്സിസ് ആൽവിങ്ങിൻെറ കസേരയിലിരിക്കുന്നു) ഡോക്ടർ പറഞ്ഞു, അതത്രവേഗം മരണത്തിലവ

സാനിക്കണമെന്നില്ലെന്നും. തലച്ചോറു മൃദുവായിത്തീരുകയെന്നോ മറേറാ ആണും അദ്ദേഹം പറഞ്ഞതും. (ദുഃഖപൂർവ്വം പുഞ്ചിരിക്കുന്നു) ആ പ്രയോഗം എനിക്കു വളരെ രസിച്ചു. അതു ചുവന്ന വില്ലീസു കർട്ടൻപോലെ, താലോലിക്കാൻ സുഖമുള്ള എന്തിനേയോ ആണെന്നെ ഓർമ്മിപ്പിക്കുന്നതും.

മിസ്സിസ് ആൽവിങ്ങ്: (നിലവിളിക്കുന്നു) ഓസ്‌വോൾഡ് !

ഓസ്‌വോൾഡ്: (ചാടി എണീററു മുറിയിൽക്കൂടി നടക്കുന്നു)ഇപ്പോൾ അമ്മ റെജീനയേയും എൻെറയടുത്തു നിന്നയച്ചിരിക്കുന്നു. അവളെങ്കിലും എനിക്കുണ്ടായിരുന്നെങ്കിൽ. എനിക്കറിയാം, അവൾ എന്നെ തുണസ്സുമായിരുന്നു.

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോൾഡിനടുത്തു ചെന്നു്)എൻെറ പ്രിയപ്പെട്ട മോനേ, നീ എന്താണിപ്പറയുന്നതു ? ഈ ലോകത്തിൽ ഏതു തരത്തിലുള്ള തുണയാണും ഞാൻ നിനക്കു തരികയില്ലാത്തതു ?

ഓസ്‌വോൾഡ്: വിദേശത്തുവച്ചു ഞാൻ രോഗത്തിൽനിന്നു രക്ഷപെട്ടപ്പോൾ ഡോക്ടർ പറഞ്ഞു, അതിനിയുണ്ടാകുമ്പോൾ—ഉണ്ടാകുമെന്നദ്ദേഹത്തിനു നിശ്ചയമുണ്ടു്—പിന്നെ യാതൊരാശസ്സും വഴിയില്ലെന്നും.

മിസ്സിസ് ആൽവിങ്ങ്: അയാൾ ഇത്ര നിർദ്ദയമായി...

ഓസ്‌വോൾഡ്: സത്യം പറയണമെന്നു ഞാൻ നിർബന്ധിച്ചു. എനിക്കു കാര്യങ്ങൾ ശരിയാക്കാനുണ്ടെന്നു ഞാൻ പറഞ്ഞു.... (ഒരു കള്ളച്ചിരിയോടെ) അതു സത്യവുമായിരുന്നു. (കോട്ടിൻെറ അകത്തെ പോക്കററിൽനിന്നു് ഒരു ചെറിയ പൊതിയെടുക്കുന്നു) അമ്മേ, ഇതു കണ്ടോ ?

മിസ്സിസ് ആൽവിങ്ങ്: അതെന്താണു ?

ഓസ്‌വോൾഡ്: മോർഫിയാപൊടി.

മിസ്സിസ് ആൽവിങ്ങ്: (ഭയത്തോടെ ഓസ്‌വോൾഡിനെ നോക്കിക്കൊണ്ടു്) എൻെറ മകനേ, ഓസ്‌വോൾഡ് !

ഓസ്‌വോൾഡ്: ഞാൻ പന്ത്രണ്ടു പൊതി ലുബ്ധിച്ചുവച്ചു.

മിസ്സിസ് ആൽവിങ്ങ്: (അതു തട്ടിപ്പറിക്കാൻ ശ്രമിച്ചുകൊണ്ടു്) അതിങ്ങു തരൂ, ഓസ്‌വോൾഡ്.

ഓസ്‌വോൾഡ്: സമയമായില്ല, അമ്മേ. (അതു തിരിച്ചു പോക്കററിൽ നിക്ഷേപിക്കുന്നു)

മിസ്സിസ് ആൽവിങ്ങ്: എനിക്കിതു കഴിഞ്ഞുപോകാൻ കഴിവുണ്ടാകയില്ല.

ഓസ്‌വോരംഡ്: അമ്മ രക്ഷപെട്ടേ തീരൂ. റെജീന ഇവിടെയുണ്ടായിരുന്നെങ്കിൽ ഞാൻ എൻെറ യഥാൎത്ഥ അവസ്ഥ അവളോടു വളരെ ശാന്തമായി പറയുമായിരുന്നു. അവസാനത്തെ ഈ സഹായം ചെയ്യാൻ ഞാൻ ആവശ്യപ്പെടുകയും ചെയ്യേനെ. അവരം എന്നെ സഹായിക്കുമായിരുന്നെന്നും എനിക്കു നിശ്ചയമുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: ഒരിക്കലുമില്ല.

ഓസ്‌വോരംഡ്: രോഗംകൊണ്ടു്, ഞാൻ അങ്ങനെ നിസ്സഹായനായി ഒരു ശിശുവിനെപ്പോലെ, യാതൊരാശയുമില്ലാതെ, യാതൊരു രക്ഷാമാൎഗ്ഗവുമില്ലാതെ കിടക്കുന്നതു കണ്ടാലും....?

മിസ്സിസ് ആൽവിങ്ങ്: ഈ ജന്മത്തിൽ റെജീന അങ്ങനെയൊന്നു ചെയ്യുകയില്ല.

ഓസ്‌വോരംഡ്: റെജീന അതു ചെയ്യുമായിരുന്നു. അവരംക്കു ജീവിതത്തെപ്പററി അത്രയ്ക്കു ഗൗരവമുള്ള. പോരെങ്കിൽ എന്നെപ്പോലെയുള്ള ഒരു രോഗിയെ പരിചരിക്കുന്നതു് അവരംക്കു വളരെവേഗം മുഷിപ്പനായി തോന്നുകയും ചെയ്യും.

മിസ്സിസ് ആൽവിങ്ങ്: എങ്കിൽ അവരം പോയതു ഭാഗ്യം.

ഓസ്‌വോരംഡ്: ഇപ്പോരം അമ്മയാണെനിക്കു് ആ സഹായം ചെയ്യേണ്ടതു്.

മിസ്സിസ് ആൽവിങ്ങ്: (ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു്) ഞാനോ ?

ഓസ്‌വോരംഡ്: അമ്മയ്ക്കല്ലേ അതിനേററവും അവകാശം ?

മിസ്സിസ് ആൽവിങ്ങ്: ഞാൻ ! നിൻെറ അമ്മ !

ഓസ്‌വോരംഡ്: അതുകൊണ്ടുതന്നെ.

മിസ്സിസ് ആൽവിങ്ങ്: നിനക്കു ജീവൻതന്ന ഞാനോ ?

ഓസ്‌വോരംഡ്: എനിക്കു ജീവൻ തരാൻ ഞാനൊരിക്കലും ആവശ്യപ്പെട്ടില്ല. ഏതുതരം ജീവനാണെനിക്കു തന്നതു്. എനിക്കതു വേണ്ട. അമ്മ അതു തിരിച്ചെടുത്തേ തീരൂ !

മിസ്സിസ് ആൽവിങ്ങ്: ദൈവമേ ! ഓടിവായേ ! (ഹാളിലേയ്ക്കോടുന്നു)

ഓസ്‌വോരംഡ്: (പുറകെ ഓടുന്നു) എന്നെ വിട്ടേച്ചു പോകരുതേ. അമ്മ എവിടെയാണു പോകുന്നതു് ?

മിസ്സിസ് ആൽവിങ്ങ്: (ഹാളിൽനിന്നു്) ഡോക്ടറെ വിളിക്കാൻ. ഓസ്‌വോരംഡ്, എന്നെ വിടു.

ഓസ്‌വോാഡ്: (ഹാളിലേയ്ക്കു കടന്നു്) അമ്മ പോകണ്ട. ആരും ഇങ്ങോട്ടു വരികയും വേണ്ട. (താക്കോൽ തിരിക്കുന്നു)

മിസ്സിസ് ആൽവിങ്ങ്: (തിരിച്ചുവന്നു്) ഓസ്‌വോാഡ്! ഓസ്‌വോാഡ്!—എൻെറ മകനെ!

ഓസ്‌വോാഡ്: (കൂടെ എത്തി) നിങ്ങൾക്ക് ഒരമ്മയുടെ ഹൃദയമുണ്ടോ? ഞാൻ ഈ ഭയങ്കരയാതന അനുഭവിക്കുന്നതു കണ്ടിരിക്കാൻ അമ്മയ്ക്കു കഴിയുമോ?

മിസ്സിസ് ആൽവിങ്ങ്: (അല്പനേരത്തെ മൗനത്തിനുശേഷം സ്വയം നിയന്ത്രിച്ചുകൊണ്ടു്) ഇതാ ഞാൻ നിന്നോടു വാക്കു പറയുന്നു.

ഓസ്‌വോാഡ്: അമ്മ അതു ചെയ്യുമോ?

മിസ്സിസ് ആൽവിങ്ങ്: ആവശ്യം വന്നാൽ. പക്ഷേ, അതിനാവശ്യമുണ്ടാകയില്ല. ഇല്ല, ഇല്ല. അതൊരിക്കലുമുണ്ടാകയില്ല.

ഓസ്‌വോാഡ്: നമുക്കങ്ങനെ ആശിക്കാം. കഴിയുന്നത്ര കാലം നമുക്കു ഒരുമിച്ചു ജീവിക്കാം. അമ്മയോടു എനിക്കു വളരെ നന്ദി തോന്നുന്നുണ്ടു്.

മിസ്സിസ് ആൽവിങ്ങ് കട്ടിലിനടുത്തേയ്ക്കു മാററിയിട്ട ചാരുകസേരയിൽ ഓസ്‌വോാഡ് ഇരിക്കുന്നു. സൂര്യോദയത്തിൻെറ പ്രകാശം വന്നുതുടങ്ങി. വിളക്കു് അപ്പോഴും മേശപ്പുറത്തിരുന്നെരിയുന്നുണ്ടു്.

മിസ്സിസ് ആൽവിങ്ങ്: (വളരെ സൂക്ഷിച്ചു സമീപിച്ചുകൊണ്ടു്) നിനക്കിപ്പോൾ കുറച്ചുകൂടി ശാന്തത തോന്നുന്നുണ്ടോ?

ഓസ്‌വോാഡ്: ഉവ്വ്.

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോാഡിൻെറ അടുത്തുനിന്നു് തല ഓസ്‌വോാഡിനോടടുപ്പിച്ചു്) ഇതെല്ലാം നിൻെറ ഒരു ദുഃസ്വപ്നം മാത്രം. എൻെറ മോനേ, ഇനി നീ അമ്മയുടെക്കൂടെ വീട്ടിൽ താമസിച്ചു് കുറച്ചു വിശ്രമിക്കണം. കുട്ടിക്കാലത്തെപ്പോലെ നീ ചോദിക്കുന്നതെല്ലാം നിനക്കു കിട്ടും. ഇതാ നോക്കു്, രോഗം മാറിയതു കണ്ടില്ലേ. എത്ര വേഗമതു പോയി. എനിക്കറിയാം അതു പോകുമെന്നു്. കണ്ടോ ഓസ്‌വോാഡ്, എത്ര നല്ല ഒരു ദിവസമാണു വരാൻ പോകുന്നതു്. തെളിഞ്ഞ വെയിൽ. ഇനി നിനക്കു നിൻെറ വീടൊക്കെ ഒന്നു ശരിക്കു കാണാൻ കഴിയും.

അവർ മേശയ്ക്കടുത്തു ചെന്നു് വിളക്കു കെടുത്തുന്നു. പ്രഭാതമായി. ദൂരത്തിലുള്ള ഹിമവാഹിനികളും കൊടുമുടികളും പ്രഭാതപ്രകാശത്തിൽ കുളിച്ചുനിൽക്കുന്നു.

ഓസ്‌വോാംഡ്: (ഈ മോഹനരംഗത്തോടു പുറംതിരിഞ്ഞ്, കസേരയിൽ നിശ്ചലനായിരിക്കുന്ന ഓസ്‌വോാംഡ് പെട്ടെന്നു പറയുന്നു) അമ്മേ, എനിക്കു സൂര്യനെ തരൂ !

മിസ്സിസ് ആൽവിങ്ങ്: (മേശയ്ക്കടുത്തുനിന്ന് അത്ഭുതത്തോടെ ഓസ്‌വോാംഡിനെ നോക്കി) നീ എന്താണു പറഞ്ഞത് ?

ഓസ്‌വോാംഡ്: (ഒരു വിരസസ്വരത്തിൽ ആവർത്തിക്കുന്നു) സൂര്യൻ! സൂര്യൻ !

മിസ്സിസ് ആൽവിങ്ങ്: (ഓസ്‌വോാംഡിനെ സമീപിച്ച്) ഓസ്‌വോാംഡ്, നിനക്കെന്താണ് ? (ഓസ്‌വോാംഡ് കസേരയിൽ ചുരുങ്ങിക്കൂടുന്നതായി തോന്നുന്നു. എല്ലാ മാംസപേശികളും അയയുന്നു. മുഖത്തെ ഭാവമെല്ലാം അപ്രത്യക്ഷമായി. കണ്ണുകൾ ശൂന്യമായി മിഴിക്കുന്നു. മിസ്സിസ് ആൽവിങ്ങ് ഭയംകൊണ്ടു വിറയ്ക്കുന്നു) എന്താണിത്? (നിലവിളിക്കുന്നു) ഓസ്‌വോാംഡ്, നിനക്കെന്താണ് ? (മുട്ടുകുത്തിനിന്ന് ഓസ്‌വോാംഡിനെ പിടിച്ചു കുലുക്കുന്നു) ഓസ്‌വോാംഡ് ! ഓസ്‌വോാംഡ്, നിനക്കെന്നെ മനസ്സിലാകുന്നില്ലേ ?

ഓസ്‌വോാംഡ്: (പഴയതുപോലെ വികാരശൂന്യമായ സ്വരത്തിൽ) സൂര്യൻ....സൂര്യൻ !

മിസ്സിസ് ആൽവിങ്ങ്: (നിരാശയോടെ ചാടിയെണീററ് കൈകൊണ്ടു തലയിൽ തല്ലുന്നു) എനിക്കിതു സഹിക്കാൻ വയ്യേ! (ഭയംകൊണ്ടു സ്തംഭിച്ചതുപോലെ ശബ്ദമടക്കി പറയുന്നു) എനിക്കിതു വയ്യാ, വയ്യാ ! (പെട്ടെന്ന്) അവനെവിടെയാണിതു വച്ചിരിക്കുന്നത് ? (ഓസ്‌വോാംഡിൻെറ പോക്കററു തപ്പിനോക്കുന്നു) ഇതാ! (അല്പം പുറകോട്ടു മാറിയിട്ടു നിലവിളിക്കുന്നു) ഇല്ല. ഇല്ല. ഇല്ല— അതെ— ഇല്ല. ഇല്ല ! (ഒന്നുരണ്ടടി അകലെനിന്ന്. വിരലുകൾ തലമുടിയ്ക്കിടയിലിട്ട് നിശ്ശബ്ദമായ ഭീതിയോടെ ഓസ്‌വോാംഡിനെ നോക്കുന്നു)

ഓസ്‌വോാംഡ്: (മുമ്പിലത്തേതുപോലെ നിശ്ചലനായിരുന്ന്) സൂര്യൻ....സൂര്യൻ !

★

സോഫോക്ളിസിന്റെ

ഈഡിപ്പസ് രാജാവു്

[ഇതിലെ കോറസ് ഗാനങ്ങൾ പരിഭാഷ ചെയ്തിട്ടുള്ളതു് ശ്രീ. എൻ. വി. കൃഷ്ണവാരിയരാണു്]

സോഫോക്ലീസിനെപ്പററി

ക്രിസ്ത്വബ്ദത്തിനു മുമ്പ് 465–ൽ, ആഥെൻസിനടുത്തുള്ള കൊളോണസ് ഗ്രാമത്തിൽ സോഫോക്ലിസ് ജനിച്ചു. ധനികകുടുംബത്തിൽ ജനിച്ച സോഫോക്ലിസിനു് വിദ്യാഭ്യാസത്തിനും രാജ്യസേവനത്തിനും വേണ്ടത്ര അവസരം ലഭിച്ചു. ആഥെൻസിൻെറ സുവർണ്ണദശയിലാണ് അദ്ദേഹം ജീവിച്ചിരുന്നതു്. പെരിക്ലിസ്, ഈസ്കിലസ്, ഹെറോഡോട്ടസ്, അനക്സാഗോറസ്, യൂറിപ്പിഡിസ്, ഫീഡിയാസ്, അസ്പാഷിയ എന്നിങ്ങനെ ചരിത്രത്തിലും കലാരംഗത്തും അനശ്വരത സമ്പാദിച്ച അനേകം പ്രതിഭാശാലികൾ അദ്ദേഹത്തിൻെറ സമകാലികരായിരുന്നു.

യുവാവായിരുന്നപ്പോൾത്തന്നെ ആഥെൻസിലെ കലാരംഗത്തു പ്രവേശിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. ഗ്രീക്കുകാരും പേർഷ്യക്കാരുമായി സാലമിസ് ദ്വീപിനടുത്തുവച്ച് ബി. സി. 480–ൽ നടന്ന യുദ്ധത്തിൽ ഗ്രീക്കുകാർ വിജയികളായി. ഈ വിജയത്തിൻെറ ആഘോഷമായി ആഥെൻസിൽ നടന്ന നൃത്തത്തെ നയിക്കുവാൻ, അന്നു് പതിനാറു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന സോഫോക്ലിസ് തിരഞ്ഞെടുക്കപ്പെട്ടു. അന്നുതന്നെ അദ്ദേഹം സംഗീതം വശമാക്കിയിരുന്നു. അന്നത്തെ മുഖ്യ നാടകകൃത്തായ ഈസ്കിലസിൻെറ നാടകങ്ങൾ കാണുവാനും സോഫോക്ലിസിനു അവസരം ലഭിച്ചിരിക്കണം. പത്തുവർഷം കൊണ്ടു് സോഫോക്ലിസ് ഈസ്കിലസിനെ കവച്ചുവച്ചു. പിന്നീടു് തുടർച്ചയായി നാല്പതു വർഷത്തോളു് അദ്ദേഹത്തിനു് നാടകങ്ങൾക്കുള്ള ഒന്നാം സമ്മാനമോ രണ്ടാംസമ്മാനമോ ലഭിച്ചുകൊണ്ടിരുന്നു. ജീവിച്ചിരുന്നപ്പോൾത്തന്നെ ഐതിഹ്യപാത്രമായിത്തീരാൻമാത്രം വിജയകരമായിരുന്നു അദ്ദേഹത്തിൻെറ സാഹിത്യം. തൊണ്ണൂറാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. ജീവിച്ചിരിക്കുമ്പോഴുള്ള മഹിമ മരിക്കുമ്പോഴും അദ്ദേഹത്തെ കൈവെടിഞ്ഞില്ല. അദ്ദേഹം മരിക്കുമ്പോൾ സ്പാർട്ടൻ സേനാനിയായ ലൈസാണ്ടർ ആഥെൻസ് നഗരത്തെ പ്രതിരോധിച്ചുകൊണ്ടിരിക്കയായിരുന്നു. എങ്കിലും സോഫോക്ലിസിൻെറ ശരീരം കൊളോണസ്സിൽ കൊണ്ടുപോയി അദ്ദേഹത്തിൻെറ പൂർവ്വികന്മാരുടെ കല്ലറയിൽ സംസ്കരിക്കാൻ ലൈസാണ്ടർ അനുവാദം കൊടുത്തു. ദീവന്നാസ്യോസ്ദേവൻ ലൈസാണ്ടർക്കു് ഉറക്കത്തിൽ പ്രത്യക്ഷനായി കല്പിച്ചതനുസരിച്ചാണു ലൈസാണ്ടർ ഇങ്ങനെ ചെയ്തതെന്നാണു കഥ.

സോഫോക്ലിസ് നൂറു നാടകങ്ങൾ രചിച്ചുവെന്നാണ് ഐതിഹ്യം. പക്ഷേ, ഇന്നു് അവശേഷിച്ചിട്ടുള്ളതു് ഏഴു മാത്രമാണ്. അവയിൽ

ഏററവും പ്രസിദ്ധമായിട്ടുള്ളതു്. 'തീബൻ നാടകങ്ങരം' എന്നറിയപ്പെടുന്ന മൂന്നെണ്ണമാണു്. വിധിവൈപരീത്യത്താൽ മാതാവിനെ പരിഗ്രഹിക്കാനിടവന്ന ഈഡിപ്പസ് എന്ന തീബൻരാജാവിൻെറ കഥയാണു് നാടകങ്ങരംക്കാധാരം. ഇവയിൽ 'ഈഡിപ്പസ് രാജാവു്'' എന്നതാണു് പരിപൂർണ്ണ ലക്ഷണയുക്തമായ നാടകം എന്നു് അരിസ്റ്റോട്ടിൽ ഗണിക്കുന്നു. മറെറാരുതരത്തിൽ പറഞ്ഞാൽ ഈ നാടകത്തിൻെറ അടിസ്ഥാനത്തിലാണു് അരിസ്റ്റോട്ടിൽ തൻെറ കാവ്യദർശനം രൂപപ്പെടുത്തിയതു്. ഈഡിപ്പസിൻെറ മരണത്തെചിത്രീകരിക്കുന്ന, ''കൊളോണസ്സിലെ ഈഡിപ്പസ്'' എന്ന കൃതിയാണു് സോഫോക്ലിസിൻെറ പരിപക്വമായ കലാസൃഷ്ടി എന്നാണു് ആധുനിക വിമർശകമതം. കഥയുടെ അവസാനഭാഗമായ 'അൻറിഗണി', അദ്ദേഹം ആദ്യം എഴുതിയ നാടകങ്ങളിലൊന്നാണു്.

ഈഡിപ്പസ് രാജാവിൻെറ കഥ

തീബ്സിലെ രാജാവായ ലയൂസ്സിനു സന്താനങ്ങരം പിറക്കായ്കയാൽ അദ്ദേഹം ഡൽഫി ക്ഷേത്രത്തിൽ പ്രശ്നം വയ്പിച്ചു. ലയൂസ്സിനു പിറക്കുന്ന പുത്രൻ അച്ഛനെ കൊല്ലുമെന്നും, അതുകൊണ്ടു സന്തതിയുണ്ടാവാതിരിക്കുന്നതു് ഭാഗ്യമായി കരുതണമെന്നും പ്രശ്നത്തിൽ അരുളപ്പാടുണ്ടായി. ഭീകരമായ ഈ സത്യം ലയൂസ് രാജ്ഞിയായ യക്കോസ്റ്റയെ അറിയിച്ചതേയില്ല. എന്നു മാത്രവുമല്ല യക്കോസ്റ്റാരാജ്ഞിയെ രാജാവു മാററി പാർപ്പിക്കുകയും ചെയ്തു. ഭത്താവിൻെറ വിശ്വാസ്യതയിൽ സംശയം തോന്നിയ രാജ്ഞി ഒരു തന്ത്രം പ്രയോഗിച്ചു. ലയൂസിനെ വീഞ്ഞുകൊടുത്തു മയക്കിയ ശേഷം അദ്ധപ്രജ്ഞനായ ഭത്താവുമായി യക്കോസ്റ്റ സഹശയനം ചെയ്തു. ഇതിൽനിന്നും ജനിച്ച പുരുഷപ്രജയാണു ഈഡിപ്പസ്. ഈ ശിശു പിതൃഹന്താവായിരിക്കുമെന്നറിയാമായിരുന്ന ലയൂസ് ശിശുവിൻെറ കാലുകരം തുളച്ചു കമ്പികൊണ്ടു ബന്ധിച്ചു് ബിതറോൺ മലയിൽ മരിക്കുവാനായി അതിനെ ഉപേക്ഷിച്ചു. (ഈഡിപ്പസ് എന്നാൽ വ്രണിതപാദൻ എന്നാണർത്ഥം) സന്തതിയില്ലാതെ ദുഃഖിച്ചിരുന്ന കോറിന്തു രാജാവിൻെറ ആട്ടിടയന്മാർ ഈ ശിശുവിനെ കണ്ടെത്തി. വ്രണിതപാദനായ ശിശുവിനു് ഈഡിപ്പസ് എന്ന പേരും വിളിച്ചു അവർ കോറിന്തു് രാജാവായ പോളിബസിനെ ഏല്പിച്ചു.

കോറിന്തു രാജകുമാരനായി വളന്ന ഈഡിപ്പസിനു്, അച്ഛൻെറ ഛായയില്ല എന്നു ഒരിക്കൽ ആരോ ആക്ഷേപിച്ചു. ഈഡിപ്പസ് രാജകുമാരൻ കുപിതനായി. സംശയനിവൃത്തി വരുത്തുവാൻ ഡെൽഫി ക്ഷേത്രത്തിലെത്തി. ''വിശുദ്ധസ്ഥലത്തുനിന്നു ദൂരെപ്പോകൂ നീചാ! നീ നിൻെറ

അച്ഛനെക്കൊന്ന അമ്മയെ വേഠംക്കും!'' എന്നായിരുന്ന അരുളപ്പാട്ട്. വെളിപാട്ട കേട്ട അന്തംവിട്ട ഈഡിപ്പസ് കുമാരൻ, അരുളപ്പാടിലെ വിനയൊഴിക്കാൻ അച്ഛനെന്നു് താൻ കരുതിയിരുന്ന പൊളീബസിൻെറ രാജ്യം വിട്ട പലായനം ചെയ്തു. വഴിക്കുവച്ച രഥത്തിൽ യാത്രചെയ്യുന്ന ഒരാളെ അദ്ദേഹം കണ്ടുമുട്ടി. ഒരു തീർത്ഥയാത്രക്കിറങ്ങിയ ലയൂസ് രാജാവായിരുന്ന അതു്. രാജാവു ഈഡിപ്പസിനോട്ട വഴിമാറി നിൽക്കാൻ ആജ്ഞാപിച്ചു. ഈഡിപ്പസ് കൂട്ടാക്കാഞ്ഞപ്പോഠം ധിക്കാരിയായ സാരഥി രഥമോടിച്ചു കയററി ഈഡിപ്പസിൻെറ കാലിൽ പരിക്കേല്പിച്ചു. ഈഡിപ്പസ് അയാളെ അടിച്ചുകൊന്ന ബഹളത്തിൽ വിരണ്ട കുതിരകഠം ലയൂസിനേയും വലിച്ചുകൊണ്ടു പാഞ്ഞു. അങ്ങിനെ ലയൂസ് മരിക്കുകയും, ആ മരണത്തിനു കാരണക്കാരൻ ഈഡിപ്പസാവുകയും ചെയ്തു.

കഥയൊന്നുമറിയാത്ത ഈഡിപ്പസ് നടന്നു നടന്നു തീബ്സിൽ എത്തി. അക്കാലത്തു തീബ്സ് ഒരു ദുർദ്ദേവതയുടെ ബാധതാൽ അരിഷ്ടിക്കുകയായിരുന്നു. ഈ സത്വത്തിൻെറ ഉത്തരം കിട്ടാത്ത ചോദ്യത്തിനു് ഈഡിപ്പസ് ശരിയായ ഉത്തരം നൽകുകയും, അങ്ങിനെ പരാജിതയായ ആ ബീഭത്സ സത്വം ആത്മഹത്യ ചെയ്യാനിടയാക്കുകയും ചെയ്തു. ദുർദ്ദേവതാബാധയൊഴിഞ്ഞ തീബൻജനത അതിനു കാരണക്കാരനായ ഈഡിപ്പസിനെ രാജാവായി തിരഞ്ഞെടുത്തു. തങ്ങളുടെ റാണിയായ യക്കോസ്റ്റയെ പുതിയ രാജാവായ ഈഡിപ്പസിനു് അവർ റാണിയായി നൽകുകയും ചെയ്തു. നാലു സന്താനങ്ങഠം അവരുടെ ആ ദാമ്പത്യത്തിൽനിന്നും പിറന്നതിനു ശേഷമാണു് ആ കൊട്ടം പാപത്തിൻെറ ഫലങ്ങഠം പ്രത്യക്ഷപ്പെടാൻ തുടങ്ങിയതു്. ഡെൽഫി ക്ഷേത്രത്തിൽ പ്രശ്നം വച്ചപ്പോഠം ലയൂസ് രാജാവിൻെറ രക്തപാതകമാണു് തീബ്സിനെ ബാധിച്ചിരിക്കുന്ന കൊട്ടം വിനകഠംക്കു കാരണമെന്നു അരുളപ്പാടുണ്ടായി. തീബൻജനതയുടെ ആ മുൻ രാജാവിൻെറ പാതകിയാരെന്നതെപ്പററി ഈഡിപ്പസ് രാജാവു് ഉടനെ അന്വേഷണം തുടങ്ങി. ആ അന്വേഷണത്തിൻെറ തുടക്കത്തിൽനിന്നാണു് സോഫോക്ലിസ് തൻെറ ഈ നാടകം തുടങ്ങുന്നതു്.

പാത്രങ്ങൾ

ഈഡിപ്പസ്	...	...	തീബ്സിലെ രാജാവു
യക്കോസ്ത	...	...	തീബ്സിലെ രാജ്ഞി
ക്രീയോൺ	...	...	യക്കോസ്തയുടെ സഹോദരൻ
തീറേസിയാസ്	...	...	ഒരു പ്രാശ്നികൻ
ഇസ്മേനി, ആൻറിഗണി	...	...	യക്കോസ്തയിൽ ഈഡിപ്പസി നുള്ള പെൺമക്കൾ
	...	...	പുരോഹിതൻ, ദൂതൻ,
	...	...	ഇടയൻ, പൗരന്മാർ തുടങ്ങിയവർ

പൂർവ്വാങ്കം

(ഹൃദയഭേദകമായ മുറവിളികൾ. സങ്കടകരമായ കീർത്തനാലാപം. കർട്ടനുയരുമ്പോൾ രംഗത്തു് കുരുത്തോല വീശിക്കൊണ്ടു് മുട്ടുകുത്തി നിൽക്കുന്ന ഒരു ജനസമൂഹത്തെയാണു് കാണുന്നതു്. പുറകിലത്തെ വാതിൽ തുറന്നു് ഈഡിപ്പസ് പ്രവേശിക്കുന്നു. ഈഡിപ്പസ് കൈയുയർത്തുമ്പോൾ പെട്ടെന്നു് എല്ലാം നിശബ്ദമാകുന്നു. ജനങ്ങൾ തലകുനിച്ചു് വന്ദിക്കുന്നു.)

ഈഡിപ്പസ്: തീബ്സിലെ പൗരന്മാരേ, ഈ പ്രാർത്ഥനയുടെ അർത്ഥമെന്താണു്? പച്ചിലച്ചില്ലകളും പുഷ്പഹാരങ്ങളും! നഗരം നിറഞ്ഞുകവിയുന്ന സുഗന്ധധൂപം. വേദന മാറ്റുവാനുള്ള കീർത്തനങ്ങൾ. അലമുറകൾ. എന്താണിതിന്റെയൊക്കെ താല്പര്യം? എന്തിനുവേണ്ടിയാണു് ഈ ബലിപീഠങ്ങൾക്കു് മുമ്പിൽ നിങ്ങൾ സാഷ്ടാംഗപ്രണാമം ചെയ്യുന്നതു്? ദൂതന്മാരെ അയച്ചറിയേണ്ട ഒരു കാര്യമല്ല ഇതെന്നു തോന്നി. അതുകൊണ്ടാണു് ഞാൻതന്നെ, നിങ്ങളേവരും അറിയുന്ന ഈഡിപ്പസ് രാജാവുതന്നെ, നേരിട്ടിങ്ങോട്ടു വന്നതു്. (പുരോഹിതനോടു്) വന്ദ്യനായ പുരോഹിതാ, പറയൂ. പ്രായംകൊണ്ടു നോക്കിയാലും അവർക്കൊക്കെ വേണ്ടി സംസാരിക്കേണ്ടതു് അങ്ങാണല്ലോ. എന്താണു് കാര്യം? വല്ല അത്യാപത്തുമാണോ? അതോ ഇനി നിങ്ങൾക്കെന്തെങ്കിലും ആഗ്രഹങ്ങളുണ്ടോ? എന്തുതന്നെയായാലും ഞാനതു് ചെയ്തുതരാം. ഇത്തരമൊരു പൊതുപ്രാർത്ഥന നിരസിക്കണമെങ്കിൽ ഞാനെത്ര കഠിനഹൃദയനായിരിക്കണം!

പുരോഹിതൻ: പ്രഭോ, മഹാരാജാവേ, അങ്ങു് കാണുന്നതുപോലെ ഞങ്ങളിവിടെ കൂടിയിരിക്കയാണു്. കുട്ടികളുണ്ടു്, കിഴവന്മാരുണ്ടു്. പിഞ്ചു കുട്ടികൾ മുതൽ വയസ്സുചെന്നു് കൂനിയവർവരെ. സിയൂസിന്റെ പൂജാരിയായ എന്നെപ്പോലുള്ള പുരോഹിതന്മാരും, നമ്മുടെ ഉത്തമയുവാക്കന്മാരുമെല്ലാം. ഇവിടെ മാത്രമല്ല, ചന്തസ്ഥലത്തും അഥേനദേവിയുടെയും ആദിത്യഭഗവാന്റെയും ക്ഷേത്രങ്ങളിലും അവർ ഇത്തരം പച്ചിലകളുമായി ഇരിക്കുന്നുണ്ടു്.

അങ്ങ് കണ്ടിരിക്കുമല്ലോ, നമ്മുടെ നഗരം രക്ഷയില്ലാത്ത മരണത്തിന്റെ വേലിയേററത്തിൽ പെട്ടിരിക്കയാണെന്നു്. ക്ഷാമം....പകർച്ചവ്യാധികൾ. വയലിൽ കൃഷി കരിയുന്നു,...കന്നുകൾ മേച്ചിൽപ്പുറങ്ങളിൽ പിടഞ്ഞു ചാകുന്നു....പെണ്ണുങ്ങൾക്കു് പിറക്കുന്നതെല്ലാം ചാപിള്ളകൾ. മരണപ്പിശാചു് തീബ്സ് നഗരത്തെ ഗ്രസിച്ചു് കാഡ്മസ് വംശത്തെ ശൂന്യമാക്കി, പാതാളം വിലാപംകൊണ്ടു് നിറയുന്നു.

ഇന്നു ഞങ്ങൾ അങ്ങയുടെ അടുത്തു് അഭയാൎത്ഥികളായി വരുന്നെങ്കിൽ അതു് അങ്ങു് ഈശ്വരസമനായതുകൊണ്ടല്ല; മനുഷ്യരിൽ മുഖ്യനായതുകൊണ്ടാണു്. മഹാരാജാവേ, ജനങ്ങളുടെ നേതാവാണങ്ങു്. നിത്യജീവിതത്തിലെന്നതുപോലെ, മനുഷ്യർ മനുഷ്യാതീതശക്തികളുമായിടപെടുന്ന സന്ദർഭങ്ങളിലും ഞങ്ങളെ നയിച്ചിട്ടുള്ളതും മററാരുമല്ല. ഈ നഗരത്തിൽ ഒരു വെറും വഴിപോക്കനായിവന്ന അങ്ങാണു്, ആ ഭയങ്കര രാക്ഷസി സ്ഫിംക്സിന്റെ അടിമത്തത്തിൽ നിന്നു ഞങ്ങളെ മോചിപ്പിച്ചതെന്നും ഞങ്ങൾ മറന്നിട്ടില്ല. ഞങ്ങളിൽനിന്നു് ഒരു സഹായവും അങ്ങേയ്ക്കുണ്ടായില്ല. എങ്കിലും ഈശ്വരാനുഗ്രഹംകൊണ്ടു് അങ്ങു് ഞങ്ങളുടെ ജീവൻ വീണ്ടെടുത്തു.

കീർത്തിമാനായ ഈഡിപ്പസ് രാജാവേ, ഇന്നും അങ്ങാണു് ഞങ്ങൾക്കാശ്രയം. ഈശ്വരനോ മനുഷ്യനോ കഴിയുന്ന ഏതെങ്കിലും രക്ഷ ഞങ്ങൾക്കു് തരൂ. അനുഭവജ്ഞാനം ശക്തിയാണു്. മഹാനായ മനുഷ്യാ, തീബ്സിനു് ജീവൻ കൊടുക്കു. അങ്ങയുടെ പ്രശസ്തിയെ കാത്തുരക്ഷിയ്ക്കു. അങ്ങൊരിക്കൽ ഞങ്ങളെ രക്ഷിച്ചതു് ഈ ആപത്തിൽ വീഴാനായിരുന്നുവെന്നു് വരാതിരിക്കട്ടെ. നമ്മുടെ നഗരത്തെ രക്ഷിയ്ക്കു. അതിനെ എന്നെന്നും സംരക്ഷിയ്ക്കു.

അന്നത്തെ അനുകൂലഗ്രഹങ്ങൾ അങ്ങയെ തുണയ്ക്കട്ടെ. അങ്ങയുടെ രാജത്വം ശൂന്യതയുടെമേൽ ആകാതിരിക്കട്ടെ. മനുഷ്യചൈതന്യമില്ലാത്ത കപ്പലിലും കോട്ടയിലും എന്തു ശക്തിയാണുള്ളതു്?

ഈഡിപ്പസ്: മക്കളേ, ഞാൻ നിങ്ങളെയോൎത്തു് ദുഃഖിക്കുകയാണു്. എന്നെ വിശ്വസിക്കു. നിങ്ങൾ എന്നിൽനിന്നു് പ്രതീക്ഷിക്കുന്നതെന്താണെന്നു് എനിക്കറിയാം. ഈ അത്യാപത്തു് ഞാനറിയാത്തതല്ല. നിങ്ങൾ ഓരോരുത്തൎക്കും അവനവന്റെ ദുഃഖമേയുള്ളു. എന്റെ ഹൃദയം നിങ്ങളേവരുടേയും ദുഃഖഭാരമാണു് വഹിക്കുന്നതു്. ഞാനുറങ്ങുകയല്ല; കരയുക

യാണ്. ഞാൻ ചിന്തകളുടെ നൂലാമാലകളിൽപെട്ട് കറങ്ങുകയാണ്. പക്ഷേ, ഞാൻ വെറുതേയിരിക്കുകയായിരുന്നില്ല. ഒരുപായമേ തോന്നിയുള്ളു. അതു് ചെയ്തിട്ടുമുണ്ടു്. എൻെറ മച്ചുനൻ ക്രിയോണിനെ പൈത്തോസിലെ ആദിത്യക്ഷേത്രത്തിലേയ്ക്കയച്ചിട്ടുണ്ടു്. അവിടെ വെളിച്ചപ്പെട്ടു് കല്പനയുണ്ടാവും, മേൽച്ചെയ്യേണ്ട കാ ര്യ ങ്ങ ളെ പ്പ റ റി. ക്രിയോൺ വരേണ്ട സമയമായിട്ടുണ്ടു്. ഇതിനു മുമ്പുതന്നെ എത്തേണ്ടതാണ്. ഏതായാലും അദ്ദേഹം വരാത്ത താമസം. ഈശ്വരാജ്ഞ എന്തായാലും ഞാനതു് ചെയ്യും, നിശ്ചയം.

പുരോഹിതൻ: അത്രയേ വേണ്ടൂ. (ദൂരത്തുനിന്നു ആരോ വരുന്നതു കണ്ടുകൊണ്ടു്) അതാ, അകലെ ആളുകൾ ആംഗ്യം കാട്ടുന്നു. അതെ. അദ്ദേഹം തന്നെയാണ്.

ഈഡിപ്പസ്: ചിരിക്കുന്നുണ്ടു്. ഭഗവാനേ, നല്ല വർത്തമാനമായിരിക്കണേ!

പുരോഹിതൻ: നല്ലതുതന്നെ. അദ്ദേഹം ചൂടിയിരിക്കുന്ന ചില്ലയുടെ അർത്ഥമതാണ്.

ഈഡിപ്പസ്: അറിയാമല്ലോ. കേൾക്കത്തക്ക അകലമേയുള്ളു. (ഉറച്ച്) സഹോദരാ, എന്താണ് വർത്തമാനം? വെളിപാടെന്താണ്?

(ക്രിയോൺ പ്രവേശിക്കുന്നു)

ക്രിയോൺ: നല്ലതാണ്. എന്നുവച്ചാൽ, എല്ലാം യഥാവിധി നടക്കുമെങ്കിൽ ദുഃഖത്തിൽനിന്നു് സുഖം.

ഈഡിപ്പസ്: വെളിപാടെന്താണ്? ഭയത്തിനും ആശങ്കും നടുവിലാണ് ഞാൻ.

ക്രിയോൺ: പറയാം. എല്ലാം പറയാം. പക്ഷേ, ഇത്രയുമാളുകളുടെ മുമ്പിൽവച്ചു വേണോ? നമുക്കകത്തു പോകാം.

ഈഡിപ്പസ്: എല്ലാവരുടെയും മുമ്പിൽവെച്ചു് പറഞ്ഞോളൂ... അവരുടെ വിധി എന്നെയും ബാധിക്കുന്നു; എൻെറ ജീവനെക്കാളേറെ.

ക്രിയോൺ: വെളിച്ചപ്പെട്ടു് കല്പനയുണ്ടായതിങ്ങനെയാണ്: ഈ മണ്ണിൽ പിറന്നു്, ഈ മണ്ണിൽ പുലന്നു്, ഈ മണ്ണിനെ കെടുക്കുന്നൊരു നീചവസ്തുവുണ്ടു്. അതിനെ അകററിയാൽ രക്ഷ. വെച്ചിരുന്നാൽ മുടിയും.

ഈഡിപ്പസ്: ഏതു നീചവസ്തു? എന്തു ശുദ്ധീകരണമാണാവശ്യം?

ക്രിയോൺ: ഒരാളെ നാടുകടത്തണം. അല്ലെങ്കിൽ രക്തത്തിനു പകരം രക്തം. രക്തപാതകമാണ് തീബ്സിൻെറ ശാപകാരണം.

ഈഡിപ്പസ്: രക്തം ! ആരുടെ രക്തം ?

ക്രിയോൺ: അങ്ങ് വരുന്നതിനുമുമ്പ് ഞങ്ങൾക്കൊരു രാജാവുണ്ടായിരുന്നു. ലയൂസ്.

ഈഡിപ്പസ്: കേട്ടിട്ടുണ്ട്. കണ്ടിട്ടില്ല.

ക്രിയോൺ: അദ്ദേഹം കൊല്ലപ്പെട്ടു. ആ അജ്ഞാതനായ കൊലപാതകിയെ ശിക്ഷിക്കണമെന്നാണ് വെളിപാടിന്റെ അർത്ഥം.

ഈഡിപ്പസ്: ഘാതകനെവിടെ? ആ പഴയ പാതകത്തിന്റെ മാഞ്ഞ കാൽപ്പാടുകൾ നാമെവിടെ തിരയും ?

ക്രിയോൺ: ഘാതകനിവിടെയുണ്ട്. അതാണ് ഈശ്വരനിയോഗം. വെളിച്ചപ്പെട്ടതിങ്ങനെയാണ്. ''തേടിയവൻ കാണും: തേടാത്തതു് കാണില്ല.''

ഈഡിപ്പസ്: ലയൂസിന്റെ ഈ അപമൃത്യു എവിടെവച്ചായിരുന്നു ? വീട്ടിലോ, വയലിലോ വിദേശത്തോ ?

ക്രിയോൺ: തീർത്ഥയാത്രയ്ക്കെന്നു പറഞ്ഞ് അദ്ദേഹം നാടുവിട്ടു. പിന്നെ ഞങ്ങൾ അദ്ദേഹത്തെ കണ്ടിട്ടില്ല.

ഈഡിപ്പസ്: യാതൊരു വർത്തമാനവും കിട്ടിയില്ലേ? ദൃക്സാക്ഷികളായി വിശ്വസിക്കാവുന്നവരാരും കൂടെയുണ്ടായിരുന്നില്ലേ ?

ക്രിയോൺ: എല്ലാവരും മരിച്ചുപോയി; ഒരാളൊഴികെ, അയാൾ പേടിച്ചോടി. അയാൾക്കാണെങ്കിൽ ഒററക്കാര്യമേ പറയാനുണ്ടായിരുന്നുള്ളു.

ഈഡിപ്പസ്: എന്താണതു് ? ഒന്നിൽനിന്നു് പലതും തെളിയും. കിട്ടുന്നതൊരു തുമ്പാണെങ്കിൽ.

ക്രിയോൺ: കൊള്ളക്കാർ—ഒരാളല്ല, പലർ—രാജാവിന്റെ സംഘത്തെ ആക്രമിച്ച് കൊലപ്പെടുത്തിയെന്നാണ് അവന്റെ കഥ.

ഈഡിപ്പസ്: ഇവിടെത്തന്നെ തക്ക പിൻബലമില്ലാതെ വെറും കൊള്ളക്കാർ ഇത്തരമൊരാക്രമണത്തിനു് ധൈര്യപ്പെടുകയില്ല.

ക്രിയോൺ: അങ്ങനെയുമൊരഭിപ്രായമുണ്ടായി. പക്ഷെ, അതിനെത്തുടർന്നുണ്ടായ കുഴപ്പങ്ങൾക്കിടയിൽ പ്രതികാരം നടത്താനാരുമുണ്ടായില്ല.

ഈഡിപ്പസ്: കുഴപ്പങ്ങൾ ? എന്താണവ ? ഒരു രാജാവിന്റെ ദുർമ്മരണത്തെക്കുറിച്ചന്വേഷിക്കാൻപോലും നിവൃത്തിയില്ലാത്ത കുഴപ്പമോ ?

ക്രിയോൺ: അക്കാലത്താണു് കടങ്കഥകളുംകൊണ്ടു് സ്ഫിൻക്സു് രാക്ഷസി എത്തിയതു്. ഊടുകിട്ടാത്ത രഹസ്യങ്ങളിൽനിന്നു് അടിയന്തരപ്രശ്നങ്ങളിലേയ്ക്കു് ഈ പുതിയ ആപത്തു് ഞങ്ങളെ തിരിച്ചുവിട്ടു.

ഈഡിപ്പസ്: നമുക്കു് ചുവട്ടിൽ നിന്നുതന്നെ തുടങ്ങാം. എല്ലാം വെളിച്ചത്തു വരട്ടെ. വെളിപാടരുളിയ ആദിത്യഭഗവാനു് നമസ്കാരം. മരിച്ചവരോടുള്ള കടമ ചൂണ്ടിക്കാണിച്ചതിനു് നിങ്ങൾക്കു് നന്ദി. ദൈവത്തിനും രാജ്യത്തിനും വേണ്ടി ഞാൻ എന്തും ചെയ്യും. ഇതെന്റെ കാര്യമാണു്. അന്യരിൽ നിന്നല്ല, എന്നിൽ നിന്നുതന്നെ ഈ ശാപം ഞാൻ കഴുകിക്കളയും. ലയൂസിന്റെനേരേ ഉയർന്ന കൈ—അതേതെങ്കിലുമാകട്ടെ—എനിക്കെതിരായി ഉയരുകയില്ലെന്നാരു കണ്ടു? അപ്പോൾ ലയൂസിനെ സേവിക്കുന്നതു് എന്നെ സേവിക്കുകയാണു്. മക്കളേ, എഴുനേൽക്കു. ആ ചില്ലകളെല്ലാം ദൂരെക്കളയൂ. തീബ്സിലെ സകല പൗരന്മാരോടും പ്രഖ്യാപിക്കു അവർക്കുവേണ്ടി ഞാൻ ചെയ്യാത്തതായിട്ടൊന്നുമില്ലെന്നു്. ഭഗവൽകൃപയാൽ നാം ജയിക്കും. അല്ലെങ്കിൽ....നശിക്കും.

(ഈഡിപ്പസ് കൊട്ടാരത്തിലേയ്ക്കു് പോകുന്നു)

പുരോഹിതൻ: എഴുനേൽക്കു, മക്കളേ. നാം ചോദിച്ചതെല്ലാം രാജാവു് വാഗ്ദാനം ചെയ്തു. വെളിപാടരുളിയ ആദിത്യഭഗവാനോടു് നമുക്കു പ്രാർത്ഥിക്കാം. അവിടുന്നുതന്നെ എഴുന്നുള്ളി നമ്മുടെ കഷ്ടതയിൽനിന്നു് നമ്മെ കരകേററാൻ.

(എല്ലാവരും പോകുന്നു)

ഗായകസംഘം. പുരുഷന്മാർ:

തരുണോജ്ജ്വലദീപ്തിതൻ നഗരിയിൽ, ത്തീബ്സിലി-
ന്നരുളപ്പാടൊന്നിതാ കേൾക്കാകുന്നു:
പിടയുകയാണെന്റെ ഹൃദയം ഭയത്തിനാൽ,
തുണചെയ്യണമാദിത്യാ, തമ്പുരാനേ !
പറയുവാനരുതാത്ത ദുഃഖങ്ങൾ, തീചൊരി–
ഞ്ഞെരിയും പകരുന്ന രോഗബാധ,
കരിവു് പാടങ്ങളിൽ, ഗർഭപാത്രങ്ങളിൽ
മരണത്തിൻ ഭീഷണ ജൈത്രയാത്ര,
കഠിനങ്ങൾ, വാളുകൾ കൂട്ടിമുട്ടാതെതാൻ
കൊടുപോർ മുഴങ്ങുന്ന നാലുപാടും
കരയുവാനില്ലൊരാ, ളലിവില്ല കരൾകളിൽ,
കഠിനവ്യഥയിതിൽ പച്ചയില്ല;
കനകത്തിൻ വില്ലേന്തി, പ്പൊൻതേരിൽ, നിൻനഗരി
കരകേററാനെഴുന്നള്ളൂ, തമ്പുരാനേ.

രംഗം ഒന്നു്

ഈഡിപ്പസ്: (പ്രവേശിച്ചു്) നിങ്ങൾ പ്രാർത്ഥിച്ചല്ലോ. അതു് ഫലിക്കുകയും ചെയ്യും; നിങ്ങൾക്കു് വേണ്ട മോചനം ലഭിക്കുന്നതിനുവേണ്ടി എന്നോടു സഹകരിക്കുമെങ്കിൽ. ഒരന്യനാട്ടുകാരനായിട്ടാണു് ഞാൻ സംസാരിക്കുന്നതു്. കഴിഞ്ഞ കഥകളെപ്പററി എനിക്കു് കേട്ടുകേൾവി മാത്രമേയുള്ളു. എന്തെങ്കിലും ഒരു തുമ്പു് കിട്ടാതെ ഞാനെങ്ങിനെയാണു് ആ കൊലപാതകിയെ കണ്ടുപിടിക്കുക? പുതുതായി നിങ്ങൾ സ്വീകരിച്ച ഒരു പൗരനെന്ന നിലയ്ക്കാണു് ഞാനീ പ്രഖ്യാപനം ചെയ്യുന്നതു്......ലബ്ഡാക്കസ്സിൻെറ പുത്രനായ ലയ്യൂസിനെ കൊന്നതു നിങ്ങളിലാരെങ്കിലുമാണെങ്കിൽ, കുററസമ്മതത്തിനുള്ള അവസരം ഇതാണു്.

(മൗനം)

ആരുടെയെങ്കിലും മനസ്സാക്ഷി അവനെ കുററപ്പെടുത്തുന്നെങ്കിൽ, അവൻ സ്വയം കീഴടങ്ങട്ടെ. അവൻെറ ശിക്ഷ ലഘുവായിരിക്കും. നാടുകടത്തലിനപ്പുറമൊന്നും അവൻ ഭയപ്പെടേണ്ടതില്ല.

(പിന്നെയും മൗനം)

അല്ലാ, ഇനി കൊലപാതകി ഏതെങ്കിലും വിദേശിയാണെങ്കിൽ, അതു് പ്രസ്താവിക്കൂ. അവനു് എൻെറ പാരിതോഷികവും നാട്ടുകാരുടെ നന്ദിയും.

(എന്നിട്ടും നിശ്ശബ്ദം)

പക്ഷെ, നിങ്ങൾ സംസാരിക്കുകയില്ലെങ്കിൽ....ആരെങ്കിലും ഭയംകൊണ്ടു് തന്നെത്താനോ മററാരെങ്കിലുമോ മറച്ചുപിടിക്കുന്നുവെന്നു് കണ്ടാൽ, ഞാനിതാ അവൻെറ ശിരസ്സിൽ എൻെറ വിധി പ്രസ്താവിക്കുന്നു: അവനാരു തന്നെയായിരുന്നാലും, ഞാൻ ഭരിക്കുന്ന ഈ രാജ്യത്തെ സകല പ്രജകളുമായി അവനു് സംസർഗ്ഗം നിരോധിച്ചിരിക്കുന്നു. യാതൊരു ഗൃഹവും അവനു് പൊറുതി നൽകരുതു്. പ്രാർത്ഥനയിൽനിന്നും യാഗകർമ്മങ്ങളിൽനിന്നും അവൻ ഭ്രഷ്ടനായിരിക്കും. പൈത്തിയൻ വെളിപാടുപ്രകാരം അവൻ ഭ്രഷ്ടനും, മ്ലേഛനും ശപ്തനുമായിരിക്കട്ടെ. ദൈവത്തോടും മരിച്ചവരോടുമുള്ള എൻെറ കടമ ഞാനിങ്ങനെയാണു് നിർവ്വഹിക്കുന്നതു്. എൻെറ പ്രാർത്ഥനയിതാണു്. അജ്ഞാത

നായ ആ ഘാതകനും അവനു് സഹായികളുണ്ടെങ്കിൽ അവരും, ഈ നീചകൃത്യത്തിനുവേണ്ടി, മരണപര്യന്തം അപമാനമുദ്ര വഹിക്കണം. ഈ ശാപത്തിൽനിന്നു് ഞാനും വിമുക്തനല്ല; ഞാനറിഞ്ഞുകൊണ്ടു് അവനെ എന്റെ വീട്ടിൽ സ്വീകരിച്ചാൽ, ഈ ശാപങ്ങളൊക്കെയും എന്റെ ശിരസ്സിൽത്തന്നെ പതിക്കട്ടെ. എന്നോടും, ദൈവത്തോടും, വ്യാധിബാധിതമായ ഈ രാജ്യത്തോടും നിങ്ങഠംക്കുള്ള കടമയെ മുൻനിർത്തി ഈ പ്രഖ്യാപനം നടപ്പിൽ വരുത്തുക. ഈശ്വരാജ്ഞയ്ക്കു മുമ്പായിത്തന്നെ ശുദ്ധികർമ്മങ്ങളൊന്നും നടക്കാതിരുന്നതാണെനിക്കാശ്ചര്യം. ഉത്തമനും, നിങ്ങളുടെ രാജാവുമായ ഒരു മനുഷ്യന്റെ മരണത്തെപ്പററി ശരിയായ അന്വേഷണം നടത്തേണ്ടതായിരുന്നു. അതെങ്ങിനെയുമിരിക്കട്ടെ. ഇന്നു് അദ്ദേഹത്തിന്റെ സ്ഥാനത്തു ഞാനാണു്. അദ്ദേഹത്തിന്റെ ശയ്യയും ഭാര്യയും എന്റേതായിരിക്കുന്നു. അദ്ദേഹത്തിനു് സന്തതിയുണ്ടായിരുന്നെങ്കിൽ ഞങ്ങഠം തമ്മിൽ എന്തൊരു ബന്ധമായിരുന്നേനെ ! പക്ഷെ, അദ്ദേഹം കൊല്ലപ്പെട്ടു. ലബ്ഡാക്കസിന്റെ പുത്രനായ ലയൂസിന്റെ ഘാതകനെ കണ്ടുപിടിക്കുവാൻവേണ്ടി ഞാൻഎന്തും ചെയ്യും. എന്റെ സ്വന്തം അച്ഛനുവേണ്ടിയെന്നതുപോലെ ഞാൻ അദ്ദേഹത്തിനുവേണ്ടി പൊരുതും.

ഈ ആജ്ഞയെ അവഗണിക്കുന്നവരെ ദേവന്മാർ ശപിക്കട്ടെ. അവക്കു് ഭൂമി ഊഷരവും, സ്ത്രീകഠം വന്ധ്യകളുമായിരിക്കട്ടെ. ഈ തീബ്സിലെ മഹാമാരികളും, അവശ്യപ്പുറവും അവരെ മരണത്തോളം പിന്തുടരട്ടെ ! എന്നോടൊപ്പം നിൽക്കുന്ന പൌരന്മാരേ, നീതിയും ദേവകളും നിരന്തരം നിങ്ങളെ തുണയ്ക്കട്ടെ.

ജനങ്ങഠം: മഹാരാജാവേ, അങ്ങയുടെ ശാപത്തിന്റെ മുമ്പിൽ ഞങ്ങഠംക്കു് പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാനല്ല ആ കൃത്യം ചെയ്തതു്. പാതകിയെ ചൂണ്ടിക്കാണിക്കുവാനും എനിക്കു് കഴിവില്ല. വെളിപാടുണ്ടായതു് ആദിത്യഭഗവാനിൽനിന്നാണല്ലോ. ഘാതകനെ കണ്ടുപിടിക്കുവാനും അവിടത്തേയ്ക്കു കഴിയും.

ഈഡിപ്പസ്: തീർച്ചയായും. പക്ഷേ മനസ്സില്ലാത്ത ഒരീശ്വരനെക്കൊണ്ടു് സംസാരിപ്പിക്കുന്നതു് മനുഷ്യശക്തിക്കതീതമാണു്.

ജനങ്ങഠം: എനിക്കൊന്നു് തോന്നുന്നു.

ഈഡിപ്പസ്: പറഞ്ഞോളൂ. ഒന്നോ, രണ്ടോ, മൂന്നോ, ഞാൻ സകലതും കേഠംക്കാൻ തയ്യാറാണു്.

ജനങ്ങരം: പ്രശ്നകാര്യങ്ങളിൽ ആദിത്യഭഗവാനോടടുത്തു നില്ക്കുന്നതു് ഗുരു തീറേസിയാസാണു്. നമ്മുടെ അന്വേഷണത്തിൽ നമ്മെ ഏററവും സഹായിക്കാൻ കഴിവുള്ളതദ്ദേഹത്തിനാണു്.

ഈഡിപ്പസ്: ഞാനോക്കാതിരുന്നില്ല. ക്രിയോണാണെനിക്കതു് പറഞ്ഞുതന്നതു്. അദ്ദേഹത്തെക്കൊണ്ടുവരാൻ ആളയച്ചിട്ടുണ്ടു്. രണ്ടുവട്ടം. ഇതിനു മുമ്പുതന്നെ ഇവിടെ എത്താത്തതിൽ ആശ്ചര്യമുണ്ടു്.

ജനങ്ങരം: പിന്നെയുള്ളതു് കിംവദന്തികളാണു്. പക്ഷേ എല്ലാം ഒരുവക മുത്തശ്ശിക്കഥകരം.

ഈഡിപ്പസ്: കിംവദന്തികളോ? എന്താണവ? എനിക്കവയെല്ലാം കേരംക്കണം.

ജനങ്ങരം: പെരുവഴിയിൽവെച്ചു് യാത്രക്കാരാരോ കൊന്നുവത്രേ.

ഈഡിപ്പസ്: അതു ഞാനും കേട്ടിട്ടുണ്ടു്. പക്ഷേ അതിനും തെളിവില്ല.

ജനങ്ങരം: അങ്ങയുടെ ശാപം കേട്ടിട്ടും വകവെയ്ക്കാത്തവൻ അസാമാന്യ ധീരനായിരിക്കണം.

ഈഡിപ്പസ്: അത്തരമൊരു കൃത്യം ചെയ്തവൻ വെറും വാക്കുകളെ ഭയപ്പെടുമോ?

ജനങ്ങരം: ഒരാരംക്കതു കണ്ടുപിടിക്കാൻ കഴിയും. അതാ അവർ അദ്ദേഹത്തെ കൊണ്ടുവരുന്നു. ആ ശരീരം സത്യത്തിൻെറ അവതാരമാണു്.

(അന്ധനായ തീറേസിയാസ് ഒരു കുട്ടിയുടെ കൈയും പിടിച്ചു് പ്രവേശിക്കുന്നു)

ഈഡിപ്പസ്: തീറേസിയാസ്, താങ്കളുടെ അറിവിന്നപ്പുറമായതു് ഒന്നുമില്ലെന്നു് ഞങ്ങരംക്കറിയാം. ഇഹത്തിലേയും പരത്തിലേയും ചെയ്തികളും ദൈവികവും മാനുഷികവുമായ സകല വിജ്ഞാനവും അങ്ങയുടെ ഉള്ളംകൈയിലാണു്. കണ്ണില്ലെങ്കിലും താങ്കരം ഹൃദയംകൊണ്ടു് തീബ്സിൻെറ ദുസ്ഥിതി കാണുന്നുണ്ടാവണം. താങ്കളാണു് ഞങ്ങളുടെ ഏക സംരക്ഷകൻ. താങ്കരം കേട്ടുകാണും, ഞങ്ങരം ആദിത്യഭഗവാനോടപേക്ഷിച്ചു. ഭഗവാൻെറ വെളിപാടും കിട്ടി. ലയൂസിൻെറ ഘാതകന്മാരെ കണ്ടുപിടിച്ചു് ശിക്ഷിച്ചാൽ മാത്രമേ ഞങ്ങരംക്കു രക്ഷയുള്ളു. പക്ഷിശാസ്ത്രത്തിലോ താങ്കരംക്കറിയാവുന്ന മറേറതെങ്കിലും ശകുനശാസ്ത്രത്തിലോ ഉള്ള വിജ്ഞാനം താങ്കരം ഉപയോഗിക്കുക. ഇതു് താങ്കരംക്കു തന്നെ വേണ്ടിയാണു്; തീബ്സിനു വേണ്ടിയാണു്; എനിക്കു വേണ്ടിയാണു്. ഘാതകനെപ്പറഞ്ഞു്, ലയൂസിൻെറ

ദുർമ്മരണംകൊണ്ടു് ഭ്രഷ്ടരായ ഞങ്ങളെ എല്ലാം രക്ഷിക്കൂ. താങ്കളേ ഗതിയുള്ളു. തൻെറ സകല ശക്തിയുമുപയോഗിച്ചു് കൂടപ്പിറപ്പുകളെ രക്ഷിക്കുകയല്ലേ മനുഷ്യൻെറ ഏററവും ഉത്തമമായ കത്തവ്യം ?

തീറേസിയാസ്: വിവേകം സംസാരിക്കുന്നു. പക്ഷേ വിവേകം പ്രയോജനപ്പെടാത്തിടത്തു് വിവേകി വ്യസനിക്കുന്നു. അതറിഞ്ഞ ഞാൻ അതു മറന്നതെങ്ങിനെ ? വരേണ്ടതില്ലായിരുന്നു.

ഈഡിപ്പസ്: തീറേസിയാസ്, ഇതാണോ താങ്കൾ ഞങ്ങൾക്കു് തരുന്ന പ്രോത്സാഹനം ?

തീറേസിയാസ്: വീട്ടിൽ പോകാൻ എന്നെ അനുവദിക്കൂ. സ്വന്തം ഭാരം വഹിക്കാൻ അങ്ങേയ്ക്കുതാവും നല്ലതു്, എനിക്കെൻെറയും.

ഈഡിപ്പസ്: സൂക്ഷിച്ചു സംസാരിക്കൂ തീറേസിയാസ്. താങ്കൾ മറുപടി പറയാതിരിക്കുന്നതു് മാതൃനഗരിയായ തീബ്സിനോടു് സ്നേഹത്തെയല്ല കാണിക്കുന്നതു്.

തീറേസിയാസ്: തിരുമേനി, അങ്ങയുടെ സംസാരം അപഥത്തിലേയ്ക്കാണു് പോകുന്നതെന്നു് എനിക്കു തോന്നുന്നു. അതുകൊണ്ടു് ഞാൻ കരുതി സംസാരിക്കുകയാണു്.

ഈഡിപ്പസ്: ഈശ്വരന്മാരെയോർത്തു് അറിയാമെങ്കിൽ പറയൂ. ഞങ്ങളെല്ലാവരുടെയും അപേക്ഷയാണിതു്. ഞങ്ങളിതാ യാചിക്കുന്നു.

തീറേസിയാസ്: നിങ്ങളെല്ലാം അന്ധന്മാർ. എനിക്കു മനസ്സില്ല. എൻെറ ആത്മാവിനെ ഞെരിക്കുന്ന ആ രഹസ്യങ്ങൾ വെളിപ്പെടുത്താൻ—അവിടുത്തേയും.

ഈഡിപ്പസ്: എന്തു് ? അറിയാം. പക്ഷേ, പറയില്ല! നഗരമങ്ങു് നശിക്കട്ടെ അല്ലേ.

തീറേസിയാസ്: ഞാൻ അങ്ങയെ രക്ഷിക്കാനാണു് ശ്രമിക്കുന്നതു്—എന്നെയും. ഇനി ചോദിക്കണ്ട. വെറുതേയാണതു്. ഞാനൊരക്ഷരം പറയില്ല.

ഈഡിപ്പസ്: ഒരക്ഷരവും ? അഹങ്കാരി ! കള്ളൻ ! നീ പറയുന്നതു കേട്ടാൽ കല്ലുകൾപോലും കത്തിജ്ജ്വലിക്കും. നീ ഒരിക്കലും ഒന്നും പറയുകയില്ല, അല്ലേ ? അവസാനനിമിഷം വരെ നിർബന്ധം പിടിക്കും അല്ലേ ?

തീറേസിയാസ്: എന്നെ പഴിക്കുന്നതെന്തിനു് ? അവനവൻെറ കുടുംബം നേരെയാക്കുക.

ഈഡിപ്പസ്: കേട്ടില്ലേ! ഇത്തരം വാക്കുകൾ, രാജ്യത്തെ അവമാനിക്കുന്ന ഇത്തരം വാക്കുകൾ, ഒരു മഹർഷിയെപ്പോലും ചൊടിപ്പിക്കും.

തീറേസിയാസ്: വരാനുള്ളതു് വഴിയിൽ തങ്ങുകയില്ല. ഞാനെന്നെന്നേയ്ക്കും മൂകനായിത്തീർന്നാലും.

ഈഡിപ്പസ്: വരാനുള്ളതു് എന്തെന്നു് പറയുകയാണു് നിൻെറ തൊഴിൽ.

തീറേസിയാസ്: ഇനി ഒരക്ഷരം ഞാൻ പറയില്ല. അങ്ങു് എത്ര വേണമെങ്കിലും കോപിച്ചുകൊള്ളു.

ഈഡിപ്പസ്: കോപിക്കാൻ തന്നെയാണു് ഭാവം. എനിക്കു് തോന്നുന്നതു് ധൈര്യമായി പറയുകയും ചെയ്യും. എനിക്കു് തോന്നുന്നതിതാണു്. ഈ പാതകം ചെയ്യാൻ നിനക്കുമുണ്ടായിരുന്നു ഒരു പങ്കു്. നിൻെറ കൈകൊണ്ടല്ലെങ്കിൽ, ഗൂഢാലോചനകൊണ്ടു്. നീ കുരുടനല്ലായിരുന്നെങ്കിൽ ഞാൻ പറയുമായിരുന്നു, നീയാണു്, നീ മാത്രമാണു്, ആ കൃത്യം ചെയ്തതെന്നു്.

തീറേസിയാസ്: പറയും അല്ലേ? എന്നാൽ ഇതാ കേട്ടുകൊള്ളു. അങ്ങു് പ്രഖ്യാപിച്ച ആ ശാപം വീണിരിക്കുന്നതു്, അങ്ങയുടെ ശിരസ്സിൽത്തന്നെ! ഇന്നുമുതൽ എന്നോടോ, ഇവിടെയുള്ള മററാരോടെങ്കിലുമോ അങ്ങേയ്ക്കു് സംസാരിച്ചുകൂടാ. ഈ രാജ്യത്തെ തീണ്ടുന്ന ആ ശപ്തവസ്തു അങ്ങാണു്. അങ്ങുതന്നെ!!

ഈഡിപ്പസ്: എന്തൊരു ധൈര്യം! ഇവനു് നാണവുമില്ലേ? ഈ ധിക്കാരവുംകൊണ്ടു് രക്ഷപ്പെട്ടുകൊള്ളാമെന്നാണോ വ്യാമോഹം?

തീറേസിയാസ്: ഞാൻ എപ്പോഴേ രക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സത്യമാണു് എൻെറ കവചം,

ഈഡിപ്പസ്: ഇതാരുടെ വേലയാണു്? ഇതാണോ പ്രശ്നം നോക്കൽ?

തീറേസിയാസ്: അങ്ങാണെന്നെ പഠിപ്പിച്ചതു്. എൻെറ ഇഷ്ടത്തിനെതിരായി എന്നെക്കൊണ്ടു് പറയിച്ചതാണു്.

ഈഡിപ്പസ്: ഒരിക്കൽക്കൂടി കേൾക്കട്ടെ. തെററു പററരുതല്ലോ.

തീറേസിയാസ്: അതു് വേണ്ടിടത്തോളം വ്യക്തമായില്ലേ? അതോ, ഇനിയുമെന്നെ പരീക്ഷിക്കയാണോ?

ഈഡിപ്പസ്: സംശയം പാടില്ല. ഒന്നുകൂടി പറയൂ.

തീറേസിയാസ്: ഞാൻ പറയുന്നു, നിങ്ങൾ തേടുന്ന കൊലയാളി നിങ്ങൾ തന്നെയാണു്.

ഈഡിപ്പസ്: രണ്ടു പ്രാവശ്യം ! എടാ, നീ ഇതിനു് പശ്ചാത്തപിക്കും.

തീറേസിയാസ്: കുറെക്കൂടി വേണോ, അങ്ങയുടെ കോപത്തിനെരിക്കാൻ ?

ഈഡിപ്പസ്: ആകട്ടെ. ഭ്രാന്തുകൾ പുറകേ പുറകേ. നിനക്കറിയാവുന്നതെല്ലാം കേൾക്കട്ടെ.

തീറേസിയാസ്: എനിക്കിതുമറിയാം,—അങ്ങേയ്ക്കറിയില്ലാതാനും,—പ്രേമപൂർണ്ണമായ അങ്ങയുടെ ദാമ്പത്യം പാപപങ്കിലമാണു്. സ്വന്ത നാശത്തെപ്പററി അന്ധമായ ജീവിതം.

ഈഡിപ്പസ്: അപകടശങ്കയില്ലാതെ, സ്വതന്ത്രമായി ഇതൊക്കെ പറഞ്ഞുകൂട്ടാമെന്നാണോ നീ ധരിച്ചിരിക്കുന്നതു് ?

തീറേസിയാസ്: തീർച്ചയായും. രക്ഷിക്കാൻ എന്തെങ്കിലും കഴിവു്, സത്യത്തിനുണ്ടെങ്കിൽ.

ഈഡിപ്പസ്: സത്യം രക്ഷിക്കും. പക്ഷേ, നിന്നെയല്ല. ഇല്ലെടാ നാണംകെട്ട പൊട്ടക്കണ്ണൻ കഴുതേ ! നിന്നെ രക്ഷിക്കയില്ല.

തീറേസിയാസ്: നാളെ, അങ്ങു് ഈ പേരുകളെല്ലാം കേൾക്കേണ്ടിവരുമല്ലോ എന്നോർത്തു് ഞാൻ അങ്ങയോടു് സഹതപിക്കുകയാണു്.

ഈഡിപ്പസ്: നിത്യാന്ധകാരത്തിൽ കഴിയുന്ന നിനക്കു് എന്നോടൊ ? കണ്ണുള്ള ആരോടെങ്കിലും എന്താണു് ചെയ്യാൻ കഴിയുക ?

തീറേസിയാസ്: ഞാനല്ല, നിങ്ങളെ തള്ളിയിടുന്നതു്. ആദിത്യഭഗവാൻെറ കൈകൾ അതു് ചെയ്യും.

ഈഡിപ്പസ്: (ക്രിയോണിൻെറ സന്ദേശവുമായി എന്തോ ബന്ധം സംശയിച്ചു്) ക്രിയോൺ ! നിൻെറയല്ലെങ്കിൽ ഈ സൂത്രം അയാളുടെതായിരിക്കും.

തീറേസിയാസ്: അദ്ദേഹത്തിൻെറതുമല്ല. നിങ്ങളുടെ ശത്രു നിങ്ങൾ തന്നെ.

ഈഡിപ്പസ്: (അതേ വിചാരധാരയിൽ) ഹാ ! സമ്പത്തു്. രാജപദവി. ജീവിതായോധനത്തിൽ ബുദ്ധിയോടേററുമുട്ടുന്ന ബുദ്ധി—ഇവയ്ക്കൊക്കെ വേണമോ, അസൂയ കൂടപ്പിറപ്പായി! ഇത്രയുംനാളും എൻെറ മിത്രമായിരുന്ന, എൻെറ ഏററവും വിശ്വസ്തമിത്രമായിരുന്ന ക്രിയോൺ, എൻെറ അധികാരം തട്ടിയെടുക്കാൻവേണ്ടി എൻെറ പുറകെ പതുങ്ങി നടക്കണമോ ? അതും ഞാൻ ചോദിക്കാതെ, ഈ നഗരം പാരി

തോഷികമായി എനിക്കു് തന്ന അധികാരം! ഈ കള്ളനെ, ദൂരയിൽ കാഴ്ചയുള്ളവനും പ്രവചനത്തിലന്ധനുമായ ഈ കുരുട്ടുവിദ്യക്കാരനെ, എനിക്കെതിരായി ഉപയോഗിക്കണമോ? (തീറേസിയാസിനോടു്) നിന്റെ പ്രസിദ്ധമായ ഈ പ്രവചനവിദ്യക്കെന്തായിരുന്നു പ്രയോജനം? പട്ടിത്തലയുമായി ആ രാക്ഷസി വന്ന കാലത്തു് നീ എവിടെയായിരുന്നു? നമ്മുടെ ജനത്തെ രക്ഷിക്കാൻ നിനക്കൊററ വാക്കെങ്കിലും പറയാനുണ്ടായിരുന്നോ? സാധാരണ ബുദ്ധിക്കു് എത്തുപ്പെടാത്ത ഒരു കടംകഥയായിരുന്നു അതു്. ഒരു ദിവ്യജ്ഞാനി അതിനുത്തരം പറയേണ്ടതുമായിരുന്നു. പക്ഷേ, നിന്നിൽനിന്നു് ഉത്തരമൊന്നും ഉണ്ടായില്ല. അന്നു് നീയും നിന്റെ പക്ഷിശാസ്ത്രവും, ദൈവശാസ്ത്രവും എല്ലാം നിശ്ശബ്ദമായിരുന്നു. ഞാൻ, അജ്ഞനായ ഈഡിപ്പസ് വന്നു്, വെറും സാധാരണ ബുദ്ധികൊണ്ടു്—പക്ഷിശാസ്ത്രം കൊണ്ടല്ല — ആ കടങ്കഥക്കാരിയുടെ വായടച്ചു. ആ എന്നെയാണു്, ക്രിയോണിന്റെ മന്ത്രിയാകാമെന്നു് മോഹിച്ചു് നീ ആട്ടിയോടിക്കാൻ ശ്രമിക്കുന്നതു്! നീയും നിന്റെ പങ്കാളിയും പശ്ചാത്തപിക്കും, ഈ കുരുതിയാടന്വേഷണത്തിനു്. കിഴട്ടു കഴുതേ, നീ നരച്ചല്ലോ, അല്ലെങ്കിൽ നിന്റെ ദുഷ്ടതയ്ക്കു് തക്ക ശിക്ഷയുണ്ടായിരുന്നു.

പൗരന്മാർ: തിരുമേനീ, കോപാഗ്നിയിൽ മതിമറന്നാണു് നിങ്ങൾ രണ്ടുപേരും സംസാരിക്കുന്നതു്. തീർച്ചയായും ഇതു് ശരിയല്ല. ഈശ്വരാജ്ഞ എങ്ങിനെ നിർവ്വഹിക്കണമെന്നതിലാണു് നാമിപ്പോൾ ശ്രദ്ധിക്കേണ്ടതു്.

തീറേസിയാസ്: അങ്ങു് രാജാവാണു്. എങ്കിലും ഒരു കാര്യത്തിൽ—ഉത്തരം പറയാനുള്ള അവസരത്തിൽ—നാമൊപ്പമാണു്. ആ അവകാശം ഞാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഞാൻ അങ്ങയെയല്ലാ, ലോക്സിയാസിനെയാണു് സേവിക്കുന്നതു്. ക്രിയോണിന്റെ രക്ഷാധികാരവും എനിക്കാവശ്യമില്ല. എന്റെ അന്ധതയെ പരിഹസിക്കാനാണു് അങ്ങേയ്ക്കു് ദയവുണ്ടായതു്. കണ്ണില്ലാഞ്ഞിട്ടാണോ സ്വന്തം നാശം അങ്ങേയ്ക്കു കാണാൻ കഴിയാത്തതു്? കണ്ണുണ്ടു്; പക്ഷേ ഏതു തരം സംസർഗ്ഗമാണെന്നു് കണ്ടുകൂടാ. അങ്ങു് ആരുടെ പുത്രനാണു്? ഞാൻ അങ്ങയോടു് പറയുന്നു, അങ്ങയുടെ സ്വന്തം രക്തത്തോടു്. മണ്ണിനടിയിലും, അതിനു് മുകളിലും ഉള്ള സ്വന്തം രക്തത്തോടു്, അങ്ങു് ഭയങ്കരമായ ദ്രോഹം ചെയ്തിരിക്കുന്നു. അങ്ങതറിയുന്നുമില്ല. അതിശീഘ്രമായൊരിരുതലഖഡ്ഗം — അമ്മയുടെയും അച്ഛന്റെയും ശാപം — അങ്ങയെ ഈ മണ്ണിൽനിന്നു് തുരത്തുകളയും. തെളിഞ്ഞ കണ്ണുകൾ അന്നു് കുരുണ്ടുപോകും. അന്നു്, അങ്ങയുടെ ആശകളുടെ

താവളത്തിലേയ്ക്കു് അങ്ങയെ മാടിവിളിച്ച മധുര വിവാഹ ഗാനമെന്തെന്നും, അങ്ങാരെന്നും, അങ്ങയെ അച്ഛനെന്നു് വിളിക്കുന്നവർ ആരെന്നും, അങ്ങറിയുമ്പോൾ, ഊഹിക്കാൻ കഴിയാത്ത വേദനയോടെ അങ്ങു് അലറിക്കരയുമ്പോൾ, അന്നു് യാതൊരിടവും ബധിരമാകാതിരിക്കട്ടെ. കിതറോണിലെ ഓരോമൂലയിലും അതു് പ്രതിദ്ധ്വനിക്കട്ടെ. ക്രിയോണിനോടു് കയർത്തുകൊള്ളു യഥേഷ്ടം; എൻെറ വാക്കുകളോടും. മനുഷ്യനനുഭവിച്ചിട്ടില്ലാത്ത അവമതി അങ്ങയെ പാതാളത്തോളം ചവുട്ടിത്താഴ്ത്തും.

ഈഡിപ്പസ്: ഞാനിതിനിയും സഹിക്കണമോ? കടന്നുപോ കൺമുന്നിൽനിന്നു് ! പോ ! വേഗം പോ ! വന്നേടത്തേയ്ക്കു് തന്നെ പോ !

തീറേസിയാസ്: ഞാൻ പോവുകയാണു്. അങ്ങയുടെ ഇഷ്ടമനുസരിച്ചാണു് ഞാനിവിടെ വന്നതു്; എൻെറതല്ല.

ഈഡിപ്പസ്: കേൾക്കാൻപോകുന്ന ഭ്രാന്തിനെപ്പററി എനിക്കെന്തെങ്കിലും രൂപമുണ്ടായിരുന്നെങ്കിൽ ഞാനതിനു് മിനക്കെടുകയില്ലായിരുന്നു.

തീറേസിയാസ്: അങ്ങയ്ക്കു് ഞാൻ ഭ്രാന്തനാണു്. പക്ഷേ അങ്ങയുടെ അച്ഛനമ്മമാരുടെ അഭിപ്രായം വേറെയാണു്.

ഈഡിപ്പസ്: എന്താണതു് ? എൻെറ അച്ഛനമ്മമാരോ ? എൻെറ ജന്മദാതാക്കൾ—ആരാണതു് ?

തീറേസിയാസ്: ഇന്നു് അങ്ങയുടെ ജന്മദിനമാണു്—മരണനാഴികയും.

ഈഡിപ്പസ്: എടോ മനുഷ്യാ, തനിക്കിനിയും—കടങ്കഥയിലേ സംസാരിക്കാൻ കഴിയുകയുള്ളോ ?

തീറേസിയാസ്: കടങ്കഥകളഴിക്കുന്നതിൽ അങ്ങു് വിരുതനാണെന്നു് കേട്ടിട്ടുണ്ടു്.

ഈഡിപ്പസ്: എൻെറ മഹിമ ചൂണ്ടിയാണെന്നെ അധിക്ഷേപിക്കുന്നതു്, അല്ലേ.

തീറേസിയാസ്: മഹിമയല്ല, അങ്ങയുടെ ഭയങ്കര ദൗർഭാഗ്യം. അങ്ങയുടെ നാശവും.

ഈഡിപ്പസ്: അതു സാരമില്ല. ഞാനീ നാടിനെ നാശത്തിൽ നിന്നു് രക്ഷിച്ചു. അതുമതി.

തീറേസിയാസ്: ശരി. ഞാൻ പോകട്ടെ. കുട്ടീ ! കൈതരൂ. എന്നെ വീട്ടിലേയ്ക്കു് കൊണ്ടുപോകൂ.

ഈഡിപ്പസ്: ഒരു വലിയ നഷ്ടമല്ല. കുട്ടിയുടെകൂടെ പൊയ്ക്കോ.

തീറേസിയാസ്: (ക്ഷോഭിച്ച തിരിഞ്ഞുകൊണ്ട്) ഇല്ല. പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞിട്ടു. അങ്ങയുടെ മുഖത്തുനോക്കി, അങ്ങയുടെ ശക്തിയെല്ലാം തൃണവൽഗണിച്ചുകൊണ്ട് പറയാം. അങ്ങ് വേട്ടയാടാൻ നിശ്ചയിച്ച ആ പാതകി, ലയൂസിൻെറ ഘാതകൻ, ഇവിടെയുണ്ട്. വിദേശിയെന്ന ഭാവത്തിൽ നമ്മുടെ അതിഥിയായി കഴിയുന്നു. പക്ഷെ അചിരേണ അതു വെളിപ്പെടും—അവൻെറ നാശത്തിനായി അവൻ തീബ്സിൽ പിറന്നവനാണെന്നു്. കണ്ടുകൊണ്ടുവന്നവൻ കുരുടനായി മടങ്ങും. ഇന്നു് ധനവാൻ, അന്നു് യാചകൻ. വടിയും കുത്തി, തപ്പിത്തടഞ്ഞു് മറുനാട്ടിലേയ്ക്കു് അവൻ പോകും. സ്വന്തം അരുമക്കിടാങ്ങൾക്കു് അച്ഛനും സഹോദരനും. പെററ തള്ളയ്ക്കു് ഒരേ സമയം പുത്രനും ഭർത്താവും. പിതൃഹന്താവു്, മാതൃഭർത്താവു്. അകത്തുപോയി ആലോചിച്ചുനോക്കു്. ഞാൻ പറഞ്ഞതു് തെററന്നു് തെളിയിക്കാൻ കഴിയുമ്പോൾ, അന്നു് വിളിക്കു എന്നെ പൊട്ടക്കണ്ണനെന്നു്.

(എല്ലാവരും പോകുന്നു)

ഗായകസംഘം:

ഇടിവെട്ടുംപോൽ, ഹിമാവൃതമാം പർണ്ണാസ്സസ്സിൻ
മുടിയിൽ ദേവന്മാർതൻ ശാസനം മുഴങ്ങുന്നു.
രാജരക്തത്താൽബ്ഭൂമി കതിർത്തോ,നാരാകിലും
ക്രൂരമാമക്കർമ്മത്തിൻ ഫലമർഹിച്ചേതീരൂ.
മിന്നൽപോൽ ദേവന്മാർതൻ ശാസനം ജ്വലിക്കുന്നു;
മന്നിലപ്പാപിയ്ക്കിനിത്താവളമുണ്ടാവില്ല.
കാട്ടിലോ ഗുഹയിലോ, കാട്ടുകാളപോലവ-
നോട്ട;മാച്ചെവിയിലോ ഭീഷണം ശാപാക്രോശം !
അവ്യക്തം പ്രവാചകനോതിയ;തെങ്ങും ധ്വാന്തം;
സുവ്യക്തമല്ലോ പക്ഷേ ദേവന്മാർക്കിരുട്ടേതും.
എൻനൃപൻവിദ്വാൻ,ധീരൻസജ്ജനപ്രിയൻസൌമ്യൻ;
എങ്കിലും ദേവന്മാരേ, നിങ്ങൾതൻ പോക്കജ്ഞാതം.

രംഗം രണ്ട്

ക്രിയോൺ: (പ്രവേശിച്ച്) പൗരന്മാരേ, എൻെറ പേരിൽ രാജാവ് അവമാനകരമായ ഒരാരോപണം കൊണ്ടുവന്നതായി കേട്ടു. ഞാനതു പൊറുക്കില്ല. ഈ ആപൽഘട്ടത്തിൽ വാക്കിലോ പ്രവൃത്തിയിലോ അദ്ദേഹത്തിനെതിരായി എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നാണദ്ദേഹം കരുതുന്നതെങ്കിൽ, മരണമാണ് ഭേദം. അത്തരമൊരു അപമാനവും വഹിച്ചുകൊണ്ടുള്ള ജീവിതം അതിദീർഘമാണ്. സ്നേഹിതരേ, നാട്ടുകാരേ, ഒരു വെറും അപമാനം മാത്രമല്ല, രാജ്യദ്രോഹപരമായ ഒരു കുററം ആണ് എന്നിലാരോപിക്കപ്പെട്ടിരിക്കുന്നതു്,

പൗരന്മാർ: എനിക്കു് തോന്നുന്നതു്, അതു് വീണ്ടുവിചാരമില്ലാതെ മുൻകോപംകൊണ്ടു് പറഞ്ഞുപോയതാണെന്നാണു്.

ക്രിയോൺ: എൻെറ ദുഷ്പ്രേരണകൊണ്ടു് പ്രവാചകൻ കള്ളം പറഞ്ഞതാണെന്നു് അദ്ദേഹം പറഞ്ഞില്ലേ ?

പൗരന്മാർ: പറഞ്ഞു. പക്ഷേ അദ്ദേഹമെന്താണുദ്ദേശിച്ചതെന്നു് എനിക്കു് മനസ്സിലായില്ല.

ക്രിയോൺ: കണ്ണിമയ്ക്കാതെ പറഞ്ഞു അല്ലേ ? എൻെറ പേരിലുള്ള ഈ കുററാരോപണം. അതു കരുതിക്കൂട്ടിത്തന്നെ ചെയ്തതാണു് ?

പൗരന്മാർ: തമ്പുരാൻെറ പ്രവൃത്തികൾ ഞങ്ങൾ ചുഴിഞ്ഞു നോക്കാറില്ല. പക്ഷേ ഇതാ അദ്ദേഹം വരുന്നു, ചോദിക്കാമല്ലോ.

ഈഡിപ്പസ്: (പ്രവേശിച്ച്) ആരു്, ഇതു് ക്രിയോണല്ലേ. എന്താണു് വിശേഷിച്ചു് ? എൻെറ ജീവനെതിരായി ഗൂഢാലോചന നടത്തി എൻെറ കിരീടം മോഷ്ടിക്കാൻ ശ്രമിച്ചു കഴിഞ്ഞു്, എൻെറ വാതില്ക്കൽ വരാൻ നിനക്കു് ധൈര്യമുണ്ടല്ലോ. ഞാനാരെന്നാണു് നീ വിചാരിച്ചതു്; ഭീരുവോ. മഠയനോ. നിൻെറ ഈ ഗൂഢാലോചന കാണാൻ കണ്ണും, നേരിടാൻ തലച്ചോറും എനിക്കില്ലെന്നു് നീ കരുതിയോ. ഹൗ ! എന്തൊരു വങ്കൻ ഗൂഢാലോചന ! സഹായികളും സ്നേഹിതന്മാരും ധനവും ഒന്നുമില്ലാത്ത നീയാണു് കിരീടം

തേടിത്തിരിച്ചിരിക്കുന്നതു്. എടാ, രാജ്യം പിടിക്കാൻ ആളും പണച്ചാക്കുകളും വേണം.

ക്രിയോൺ: എൻെറ മറുപടിയുംകൂടി കേൾക്കുക. എല്ലാം അറിഞ്ഞുകഴിഞ്ഞു് വിധിക്കുക.

ഈഡിപ്പസ്: നിൻെറ വാചാലതയ്ക്കു് എന്നെയൊന്നും പഠിപ്പിക്കാൻ കഴിയുമെന്നു് തോന്നുന്നില്ല. നീ എൻെറ ജന്മശത്രുവാണു്, അതു് തീർച്ച.

ക്രിയോൺ: ആദ്യംതന്നെ...

ഈഡിപ്പസ്: എന്തും പറഞ്ഞുകൊള്ളൂ, നീ സത്യവാനാണെന്നതൊഴിച്ചു്.

ക്രിയോൺ: ഈ ദുശ്ശാഠ്യം അങ്ങേയ്ക്കു് ഭൂഷണമാണെന്നു് കരുതുന്നുണ്ടോ ?

ഈഡിപ്പസ്: സ്വന്തം കുഡുംബത്തിനെതിരായി ഗൂഢാലോചന നടത്തിയിട്ടു് രക്ഷപ്പെട്ടുകൊള്ളാമെന്നു് നീ കരുതുന്നുണ്ടോ ?

ക്രിയോൺ: അങ്ങിനെ കരുതണമെങ്കിൽ ഞാനൊരു വിഡ്ഢിയായിരിക്കണം. എങ്കിലും പറയൂ, ഞാനങ്ങേക്കെന്തു ദ്രോഹം ചെയ്തു എന്നാണങ്ങു് ധരിച്ചിരിക്കുന്നതു് ?

ഈഡിപ്പസ്: ആ കള്ളപ്രവാചകനെ ക്ഷണിച്ചുവരുത്താൻ എന്നെ പ്രേരിപ്പിച്ചതു് നീയല്ലേ ?

ക്രിയോൺ: അതെ, ഇനിയും ഞാനതുതന്നെ ചെയ്യും.

ഈഡിപ്പസ്: പറയൂ...എത്രകാലം മുമ്പാണു് ലയൂസ്...

ക്രിയോൺ: ഊം...ലയൂസ്...എനിക്കു് മനസ്സിലായില്ല.

ഈഡിപ്പസ്: ലയൂസ്...അപ്രത്യക്ഷനായിട്ടെത്രകാലമായി?

ക്രിയോൺ: വളരെക്കാലമായി. നല്ല ഓർമ്മയില്ല.

ഈഡിപ്പസ്: അന്നും ഈ കിഴട്ടു് പ്രവാചകനു് തൊഴിലിതുതന്നെയായിരുന്നോ ?

ക്രിയോൺ: ആയിരുന്നു: ഇന്നത്തെപ്പോലെതന്നെ അന്നും സമ്മാന്യനുമായിരുന്നു.

ഈഡിപ്പസ്: അന്നെങ്ങാൻ അയാളെൻെറപേർ പറഞ്ഞുവോ?

ക്രിയോൺ: ഉള്ളതായിട്ടെനിക്കറിവില്ല.

ഈഡിപ്പസ്: ലയൂസിൻെറ മരണത്തെപ്പററി അന്വേഷണങ്ങളൊന്നും നടത്തിയില്ലേ ?

ക്രിയോൺ: തീർച്ചയായും. പക്ഷേ നിഷ്ഫലമായിരുന്നു.

ഈഡിപ്പസ്: ഈ ത്രികാലജ്ഞാനി അന്നെന്തേ മൗനമവലംബിച്ചതു് ?

ക്രിയോൺ: എൻെറ അറിവിനപ്പുറമുള്ള കാര്യങ്ങളെപ്പററി പറയാൻ എനിക്കു ധൈര്യമില്ല.

ഈഡിപ്പസ്: ഒന്നു നിനക്കറിയാം. അതു് ഏററു പറയുന്നതായിരിക്കും ബുദ്ധി.

ക്രിയോൺ: എനിക്കറിവുള്ളതു് ഞാൻ തുറന്നു് സമ്മതിക്കാം. എനിക്കെന്തറിവുണ്ടെന്നാണങ്ങു പറയുന്നതു് ?

ഈഡിപ്പസ്: ഇതുതന്നെ. നിൻെറ പ്രേരണയില്ലെങ്കിൽ, എന്നെ ലയുസിൻെറ ഘാതകനെന്നു് വിളിക്കാൻ ആ പ്രവാചകൻ ധൈര്യപ്പെടുകയില്ലായിരുന്നു.

ക്രിയോൺ: അദ്ദേഹമങ്ങിനെ പറഞ്ഞുവെങ്കിൽ ഇനി അങ്ങു തന്നെ തീരുമാനിച്ചുകൊള്ളു. പക്ഷേ അങ്ങെന്നോടു ചോദിച്ചതുപോലെ, ഞാനും ചിലതൊക്കെ ചോദിക്കട്ടെ.

ഈഡിപ്പസ്: തുടങ്ങിക്കൊള്ളു. എൻെറ ശിരസ്സിൽ രക്തപാതകമേററാൻ നിന്നെക്കൊണ്ടാവില്ല.

ക്രിയോൺ: അങ്ങു് എൻെറ സഹോദരിയുടെ ഭത്താവാണോ?

ഈഡിപ്പസ്: അതെ.

ക്രിയോൺ: ഭരണത്തിലും ധനത്തിലും അവർ അങ്ങയുടെ തുല്യ പങ്കാളിയല്ലേ ?

ഈഡിപ്പസ്: അവരാഗ്രഹിക്കുന്നതെല്ലാം എടുക്കാനുള്ള അവകാശമുണ്ടവർക്കു്.

ക്രിയോൺ: ഈ സ്ഥാനത്തിൽ എനിക്കുമില്ലേ മൂന്നിലൊന്നവകാശം.

ഈഡിപ്പസ്: തീർച്ചയായും. നിൻെറ വഞ്ചന അതിനീചമായിത്തീരുന്നതും അതുകൊണ്ടുതന്നെ.

ക്രിയോൺ: പക്ഷേ ഞാനതു് നിഷേധിക്കുന്നു. ചിന്തിച്ചു നോക്കു്. അസുഖകരമായൊരു സിംഹാസനത്തിനുവേണ്ടി, രാജപദവിയിലുള്ളൊരു ശാന്തജീവിതം ആരെങ്കിലും വെച്ചുമാറുമോ ? രാജാവെന്ന നാമധേയം വഹിക്കുവാൻ ഞാനൊരിക്കലും ആഗ്രഹിച്ചിട്ടില്ല. രാജപദവിയിലുള്ള ഒരു ജീവിതം മതിയെനിക്കു്. ശാന്തനായ ഒരുവനു് ഇതിലപ്പുറം എന്തുവേണം ? ന്യായമായ എൻെറ സകല ആവശ്യങ്ങളും അങ്ങെനിക്കു് തരും. അങ്ങയുടെ സ്ഥാനത്താണെങ്കിലോ, എനിക്കു് സുഖകരമല്ലാത്ത പലതും എനിക്കു് ചെയ്യേണ്ടിവരും. പരിതാപം വേണ്ടാത്ത രാജപദവിയെക്കാൾ ഞാനെങ്ങനെയാണു് സിംഹാസനത്തെ സ്നേഹിക്കുക. എനിക്കു് ചേരുന്നതിലധികം മേന്മയ്ക്കാഗ്രഹിക്കാൻ മാത്രം ഞാൻ ഭ്രാന്തനല്ല. എല്ലാവരും എന്നെ മാനിക്കുന്നു; ഞാൻ എല്ലാവരുടെയും സ്നേഹിതനുമാണു്. എന്നല്ല, അങ്ങയെ സമീപിക്കാൻ ഏററവും വിജയകരമാർഗ്ഗം എന്നിൽ

കൂടിയാണെന്നുപോലും ജനങ്ങൾക്കറിയാം. ഇത്തരമൊരു ജീവിതം മാററി ഞാൻ മററതു് സ്വീകരിക്കുമോ ? ഇല്ല. ഒരു മായൻ മാത്രമേ അത്തരമൊരു ചതിചെയ്യൂ. രാജ്യദ്രോഹം! അതെൻെറ പ്രസ്ഥാനമല്ല ഈഡിപ്പസ്. എൻെറ സ്നേഹിതന്മാരുടെയുമല്ല.

എന്നെ പരീക്ഷിക്കണമെങ്കിൽ—ആദ്യമായി ഡെൽഫിയിലെ ക്ഷേത്രത്തിൽചെന്നു് ഞാൻ കൊണ്ടുവന്ന സന്ദേശം സത്യമാണോ എന്നു് ചോദിക്കു്. രണ്ടാമതു്, പ്രവാചകനും ഞാനുമായി എന്തെങ്കിലും കൂട്ടുകെട്ടുണ്ടെന്നു് തെളിയിക്കു്. അതു കഴിഞ്ഞു് എന്നെ മരണശിക്ഷയ്ക്കു് വിധിക്കു്; ആ വിധിക്കു് എൻെറ അംഗീകാരം കൂടിയുണ്ടായിരിക്കും. പക്ഷേ, വെറും സംശയത്തെ അടിസ്ഥാനമാക്കി, എൻെറ അസാന്നിദ്ധ്യത്തിൽ കുററം ചുമത്തപ്പെടുവാൻ ഞാൻ സമ്മതിക്കയില്ല. ഒരു മാന്യൻെറ സല്പേരിൽ, അപവാദം കൊണ്ടു് കളങ്കം ചേർക്കുന്നതു് ഒരു കുററമാണു്. ദുഷ്ടന്മാരെ കണ്ണടച്ചു് യോഗ്യരായി ഗണിക്കുന്നതു് മറെറാന്നും. യോഗ്യനായ ഒരു സ്നേഹിതനെ പുറത്തെറിയുമ്പോൾ നഷ്ടപ്പെടുന്നതു് നമ്മുടെ ജീവനാണു്; നമ്മുടെ ഏററവും വിലപിടിച്ച സമ്പത്താണു്. കാലം ഇതു തെളിയിക്കും. കാലത്തിനു മാത്രമേ സത്യം തെളിയിക്കാൻ കഴിയൂ. ദുഷ്ടൻ ഒരുദിവസം പുറത്തുവരും.

പൗരന്മാർ: നല്ല വാക്കുകൾ. വിവേകികൾ കേൾക്കുകയും പാലിക്കുകയും ചെയ്യേണ്ട വാക്കുകൾ. ശീഘ്രവികാരങ്ങൾ അപകടകരങ്ങളാണു്.

ഈഡിപ്പസ്: ശീഘ്രതയുള്ളൊരു ഗൂഢാലോചനക്കാരൻ പ്രവർത്തനം തുടങ്ങിയാൽ ശീഘ്രത്തിൽതന്നെ മറുകൈ നോക്കുകയാണു് രക്ഷ. സ്നേഹിതാ, അവൻ അവൻെറ തരം നോക്കിയിരിക്കുമ്പോൾ ഞാനെൻെറ അവസരം പാഴാക്കാമോ ?

ക്രിയോൺ: പിന്നെ, അങ്ങേയ്ക്കെന്താണു് വേണ്ടതു്. എന്നെ ബഹിഷ്കരിക്കണമോ ?

ഈഡിപ്പസ്: ഒരിക്കലും വേണ്ട. ബഹിഷ്കരിക്കുന്നതിലും ഞാനിഷ്ടപ്പെടുന്നതു് മരണംതന്നെ.

ക്രിയോൺ: അങ്ങയെ ദ്രോഹിച്ചതെങ്ങനെയാണെന്നു് കാണിക്കാൻ...

ഈഡിപ്പസ്: പഴയ പിടിവാദത്തിൽതന്നെയാണു് തുടങ്ങുന്നതു്, അല്ലേ ?

ക്രിയോൺ: അങ്ങേയ്ക്കു് തെററിയെന്നറിയാവുന്നതുകൊണ്ടു്.

ഈഡിപ്പസ്: ഇല്ലെന്നെനിക്കു നിശ്ചയമുണ്ടു്.

ക്രിയോൺ: അങ്ങേയ്ക്കങ്ങിനെ തോന്നിയേയ്ക്കാം. എനിക്കങ്ങിനെയല്ല.

ഈഡിപ്പസ്: നീ വഞ്ചകനാണ്.

ക്രിയോൺ: തെററിയതു് അങ്ങേയ്ക്കാണെങ്കിലോ.

ഈഡിപ്പസ്: രാജാക്കന്മാർ ഭരിച്ചേ കഴിയൂ.

ക്രിയോൺ: ഭരണം നീതിയുക്തമല്ലെങ്കിൽ, വേണ്ട.

ഈഡിപ്പസ്: തീബ്സ് നഗരമേ അതു കേൾക്കു്. എൻെറ നഗരമേ !

ക്രിയോൺ: അങ്ങയുടേയോ ? അതെൻേറതും കൂടിയല്ലേ.

പൗരന്മാർ: തിരുമേനിമാരേ നിറുത്തു, നിറുത്തു. ഇതാ റാണി യൊക്കാസ്റ്റാ വരുന്നു. അവർ ഈ കലഹത്തിനു് ശാന്തിയുണ്ടാക്കും.

യൊക്കാസ്റ്റാ: (കൊട്ടാരത്തിൽനിന്നു് പ്രവേശിച്ചു്) എന്തിനാണീ വാക്കുതർക്കമെല്ലാം. കലഹപ്രിയരായ പുരുഷന്മാർ ! ഈ ആപൽക്കാലത്തു് ചില്ലറ കാര്യങ്ങൾ പറഞ്ഞു് വഴക്കടിക്കാൻ ഇവർക്കു നാണമില്ലല്ലോ. പ്രഭോ, നമുക്കകത്തേയ്ക്കു പോകാം. ക്രിയോൺ, അങ്ങും വീട്ടിൽ പോകൂ. കാര്യമില്ലാത്ത എന്തോ കാര്യം പറഞ്ഞു വലുതാക്കുകയാണു് നിങ്ങൾ,

ക്രിയോൺ: അങ്ങിനെയല്ല, സഹോദരീ. നിങ്ങളുടെ ഭർത്താവു് ഈഡിപ്പസ് യാതൊരു വിചാരണയുമില്ലാതെ എന്നെ ശിക്ഷിച്ചിരിക്കയാണ്. മരണമോ നാടുകടത്തലോ തിരഞ്ഞെടുക്കാം.

ഈഡിപ്പസ്: അതു് ശരിയാണ്. എനിക്കെതിരായി അവൻ ഗൂഢാലോചന നടത്തിയെന്നു് ഞാൻ കണ്ടുപിടിച്ചു.

ക്രിയോൺ: അത്തരമൊരുദ്ദേശ്യം എനിക്കുണ്ടായിരുന്നെങ്കിൽ ഈശ്വരശാപം എൻെറമേൽ നിത്യമായി പതിയട്ടെ.

യൊക്കാസ്റ്റാ: ദൈവത്തെയോർത്തു് അതു് വിശ്വസിക്കൂ ഈഡിപ്പസ്. അദ്ദേഹത്തിൻെറ പ്രതിജ്ഞയോർത്തു്, എന്നെയോർത്തു്, ഈ കൂടിയിരിക്കുന്ന സാക്ഷികളെയോർത്തു് അതു് വിശ്വസിക്കൂ.

പൗരന്മാർ: മഹാരാജാവേ സമ്മതിക്കൂ. കരുണ കാണിക്കൂ. കീഴടങ്ങൂ.

ഈഡിപ്പസ്: ഞാൻ കീഴടങ്ങുന്നതെന്തിനു് ?

പൗരന്മാർ: ഇതുവരെ ചതിച്ചിട്ടില്ലാത്ത അദ്ദേഹത്തിൻെറ പ്രതിജ്ഞ അദ്ദേഹത്തിൻെറ രക്ഷയാണ്.

ഈഡിപ്പസ്: നിങ്ങൾ ചോദിക്കുന്നതെന്താണെന്നറിയാമോ?

പൗരന്മാർ: അറിയാം.

ഈഡിപ്പസ്: ഒന്നു പറയൂ.

പൗരന്മാർ: അദ്ദേഹം സൗഹാർദ്ദം പ്രതിജ്ഞ ചെയ്തിരിക്കുകയാണു്. അപ്പോഠം ഒരു വെറും വാക്കിനുവേണ്ടി, ഒരു സ്നേഹിതനെ, യാതൊരു വിചാരണയുംമില്ലാതെ വലിച്ചെറിയുന്നതു് ബുദ്ധിയാണോ ?

ഈഡിപ്പസ്: നിങ്ങഠം ആവശ്യപ്പെടുന്നതു് ഞാൻ മരിക്കുകയോ നാടുകടത്തപ്പെടുകയോ ചെയ്യണമെന്നാണു്.

പൌരന്മാർ: ശാന്തം പാപം ! ജീവന്റെ പ്രഭുവായ ആദിത്യഭഗവാൻതന്നെ അതിൽനിന്നു് നമ്മെ രക്ഷിക്കട്ടെ. അങ്ങിനെയൊരു ചിന്ത എനിക്കുണ്ടായിരുന്നെങ്കിൽ ഞാൻ ഈശ്വരനും മനുഷ്യനും കൊള്ളരുതാത്തവനായി പോകട്ടെ. പക്ഷെ ഞങ്ങളുടെ ഈ ആപൽഘട്ടത്തിൽ. തിരുമേനിമാരേ നിങ്ങളുടെ ഈ കലഹം ഞങ്ങളുടെ മുറിവിൽ കൊള്ളി വയ്ക്കുകയാണു്.

ഈഡിപ്പസ്: എങ്കിൽ, അയാഠം പോകട്ടെ. അതിന്റെ ഫലം എന്റെ മരണമോ രാജ്യഭ്രംശമോ ആണെങ്കിലും. നിങ്ങളാണു് അയാളല്ല എന്റെ ഹൃദയത്തെ സ്പർശിച്ചതു്. അയാളെ ഞാനെന്നും വെറുക്കും.

ക്രിയോൺ: കോപത്തിലെ പാരുഷ്യംതന്നെ കരുണയിലും. അത്തരം പ്രകൃതികഠംക്കു് ആത്മപീഡയാണനുഭവം.

ഈഡിപ്പസ്: കടന്നുപോകുമോ നീ !

ക്രിയോൺ: ഞാൻ പോകുന്നു. അങ്ങയാൽമാത്രം അനീതിപരമായി വിധിക്കപ്പെട്ടവനായിട്ടു്.

(ക്രിയോൺ പോകുന്നു)

പൗരന്മാർ: തമ്പുരാട്ടീ, ഒരു നിമിഷം പോയി വിശ്രമിക്കാൻ മഹാരാജാവിനെ പ്രേരിപ്പിക്കണേ.

യൊക്കാസ്റ്റാ: ഈ കുഴപ്പമെങ്ങിനെയുണ്ടായി ?

പൗരന്മാർ: കാടുകയറിയ അഭ്യൂഹം. അടിസ്ഥാനമില്ലാത്ത അപവാദത്തിന്റെ വ്രണം വേദനിച്ചു.

യൊക്കാസ്റ്റാ: എന്നിട്ടന്യോന്യം പഴിക്കലും ?

പൗരന്മാർ: അങ്ങിനെതന്നെ.

യൊക്കാസ്റ്റാ: എന്തിനു് ?

പൗരന്മാർ: അതു ചോദിക്കരുതേ. ദുർഭഗമായ നമ്മുടെ രാജ്യത്തിന്റെ കഷ്ടതതന്നെ വേണ്ടുവോളമുണ്ടു്. ഇനി ഈ കാര്യം. അതു നിൽക്കുന്നിടത്തുതന്നെ നിൽക്കുന്നതാണു് നന്നു്.

ഈഡിപ്പസ്: കൊള്ളാം ! നിങ്ങഠം പററിയ മദ്ധ്യസ്ഥന്മാർ തന്നെ !

പൗരന്മാർ: ഞങ്ങൾ പറയുന്നതു് കേൾക്കൂ മഹാരാജാവേ. ഞങ്ങളെ വിശ്വസിക്കൂ. ഞങ്ങളുടെ നാടിന്റെ ദുഷ്ക്കാലത്തു് തന്റെ ജ്ഞാനംകൊണ്ടു് ഞങ്ങളെ രക്ഷിച്ചവന്റെ കൈകളിൽനിന്നു്, ഇനിയും കൊടുങ്കാററിൽക്കൂടി ശാന്തിയിലേയ്ക്കു് നയിക്കുവാനുള്ള ആ കൈകളിൽനിന്നു്, ലക്കില്ലാതെ വഴുതിപ്പോകാൻമാത്രം മൗഢ്യമില്ല ഞങ്ങൾക്കു്.

യൊക്കാസ്റ്റാ: എന്നോടു് പറയുകയില്ലേ. ഞാൻ അപേക്ഷിക്കുകയാണു്. അദ്ദേഹത്തോടീ കൊടുംവിരോധം തോന്നാൻ എന്താണു് കാരണം?—പറയൂ.

ഈഡിപ്പസ്: പറയാം. ഈ മാന്യന്മാരെക്കാൾ ഞാൻ നിന്നെയാണു് വിലമതിക്കുന്നതു്. കുററം ക്രിയോണിന്റെയാണു്. എനിക്കെതിരായ ഗൂഢാലോചനയും അവന്റേതു തന്നെ.

യൊക്കാസ്റ്റാ: അദ്ദേഹത്തിന്റെ തെറെറന്താണു്? എന്തു് ഗൂഢാലോചന?

ഈഡിപ്പസ്: അയാൾ പറയുന്നു, ഞാനാണു് ലയൂസിനെ കൊന്നതെന്നു്.

യൊക്കാസ്റ്റാ: സ്വന്തം അറിവിൽനിന്നോ, കേട്ടുകേൾവിയോ?

ഈഡിപ്പസ്: ആ! അവിടെയാണയാളുടെ കൗശലം. ഒരു കള്ളപ്രവാചകനെ ആയുധമാക്കി അവൻ മറഞ്ഞുനിൽക്കയാണു്,

യൊക്കാസ്റ്റാ: അത്രയേ ഉള്ളുവെങ്കിൽ നിങ്ങൾ രക്ഷപെട്ടു. യാതൊരു മനുഷ്യനും പ്രവചനശക്തിയില്ല. എനിക്കതിനു് തെളിവുമുണ്ടു്. ലയൂസിനൊരു വെളിപാടുണ്ടായി—ആദിത്യഭഗവാനിൽനിന്നല്ല, ഭഗവാന്റെ പൂജാരികളിൽനിന്നു്—അദ്ദേഹം സ്വന്തം പുത്രന്റെ കൈയ്യാൽ മരിക്കുമെന്നു്. അദ്ദേഹത്തിനു് എന്നിലുണ്ടായ പുത്രന്റെ കൈയ്യാൽ എന്നിട്ടെന്തുണ്ടായി. ഒരു മുക്കൂട്ടപ്പെരുവഴിയിൽ വെച്ചു് പുറനാട്ടുകൊള്ളക്കാരുടെ കൈയ്യാൽ അദ്ദേഹം കൊല്ലപ്പെട്ടുവെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്. കുട്ടിയുടെ കാര്യമാണെങ്കിൽ, അതു് മൂന്നു ദിവസം പ്രായമാകുന്നതിനു മുമ്പു് അതിന്റെ പാദങ്ങൾ തുളച്ചു് കമ്പിയിട്ടു്—അദ്ദേഹമല്ല കേട്ടോ, ഭൃത്യന്മാരാണു് — അതിനെ വിജനമായ പർവ്വതത്തിൽ മരിക്കാൻവേണ്ടി ഉപേക്ഷിച്ചു. ഭഗവാന്റെ വെളിപാടല്ലായിരുന്നെന്നു് തെളിഞ്ഞില്ലേ. പുത്രൻ അച്ഛനെ കൊന്നില്ല. അച്ഛൻ വളരെ പേടിച്ചെങ്കിലും അദ്ദേഹം പുത്രനാലല്ല കൊല്ലപ്പെട്ടതു്. എങ്കിലും വെളിപാടു് അങ്ങനെയായിരുന്നു. പിന്നെയെന്തിനാണു് അങ്ങു് ഇതിനെയൊ

ക്കെ വകവയ്ക്കുന്നതു്. ഈശ്വരൻെറ ഇഷ്ടം അവിടുത്തെ ഇഷ്ടം പോലെ നമുക്കു് വെളിപ്പെടുത്തിത്തരും.

ഈഡിപ്പസ്: യൊക്കാസ്റ്റാ, നീ പറഞ്ഞതു് എനിക്കു് അസുഖമുണ്ടാക്കുന്നു. ഞാൻ ഓർമ്മിക്കുകയാണു്...എന്തോ ഒന്നു് എന്നിൽ കിടന്നു് ഇളകുന്നു.

യൊക്കാസ്റ്റാ: എന്തു് ! എന്താണു് കാര്യം ? അങ്ങു് വല്ലാതെ വിറയ്ക്കുകയും ഞെട്ടുകയും ചെയ്യുന്നല്ലോ.

ഈഡിപ്പസ്: ലയ്യൂസ് കൊല്ലപ്പെട്ടതു് ഒരു മുക്കൂട്ടപ്പെരുവഴിയിലാണെന്നല്ലേ നീ പറഞ്ഞതു് ?

യൊക്കാസ്റ്റാ: അങ്ങിനെയാണു് കേട്ടതു്. ഇന്നും അങ്ങനെയാണു് വിശ്വാസം.

ഈഡിപ്പസ്: എവിടെ ? ഏതു രാജ്യത്തു് ?

യൊക്കാസ്റ്റാ: ഫോസിസ് എന്ന സ്ഥലത്തുവച്ചു്. അവിടെ വഴി ഡെൽഫിയിലേയ്ക്കും ഭോലിയായിലേയ്ക്കും പിരിഞ്ഞു പോകുന്നില്ലേ? അവിടെ.

ഈഡിപ്പസ്: ഇതു നടന്നിട്ടെത്രകാലമായി ?

യൊക്കാസ്റ്റാ: അങ്ങയുടെ ഭരണം തുടങ്ങുന്നതിനല്പം മുമ്പു്.

ഈഡിപ്പസ്: ഈശ്വരാ, അവിടുന്നെന്താണെന്നോടു ചെയ്യുന്നതു് !

യൊക്കാസ്റ്റാ: എന്താണീഡിപ്പസ് ? എന്താണങ്ങയുടെ മനസ്സിൽ ?

ഈഡിപ്പസ്: ചോദിക്കാതെ ! പറയൂ ലയ്യൂസിൻെറ രൂപം എങ്ങനെ ? പ്രായം ?

യൊക്കാസ്റ്റാ: ഉയരം കൂടി, തല വെള്ളിപോലെ നരച്ചു്... ഏകദേശം അങ്ങയെപ്പോലെ.

ഈഡിപ്പസ്: ഭാഗ്യദോഷീ ! ഞാനാണോ ആ ശപ്തൻ !

യൊക്കാസ്റ്റാ: എൻെറ പ്രഭോ, എന്താണിതു് ? എനിക്കു് പേടിയാവുന്നു.

ഈഡിപ്പസ്: ആ പ്രവാചകനു് കണ്ണുകളുണ്ടോ ? ഇതു് സംഭാവ്യമാണോ ? ആകട്ടെ. ഒന്നുകൂടി പറയൂ, തെളിവിനുവേണ്ടി.

യൊക്കാസ്റ്റാ: എനിക്കു് പേടിയാവുന്നു! അറിയാവുന്നതെല്ലാം പറയാം.

ഈഡിപ്പസ് : അദ്ദേഹത്തിൻെറകൂടെ ആരുണ്ടായിരുന്നു ? കുറച്ചുമാത്രമോ അതോ അംഗരക്ഷകന്മാരും മററനുചരന്മാരുമെല്ലാരുമോ ?

യൊക്കാസ്റ്റാ: ആകെ അഞ്ചുപേർ. മുമ്പിൽ ഒരു ഒച്ചയാട്ടുകാരൻ. തേരു് ഒന്നുമാത്രം; ലയ്യൂസിൻെറ.

ഈഡിപ്പസ്: വ്യക്തം. അയ്യോ സകലതും വ്യക്തം. നിന്നോടിതാരു പറഞ്ഞു?

യൊക്കാസ്റ്റാ: ഒരു ഭൃത്യൻ. അവൻ മാത്രമാണ് രക്ഷപെട്ടതു്.

ഈഡിപ്പസ്: ഇപ്പോഴുമുണ്ടോ അവനിവിടെ?

യൊക്കാസ്റ്റാ: ഇല്ല. അവൻ തിരിച്ചു വന്നപ്പോൾ അവൻെറ യജമാനൻെറ സിംഹാസനത്തിൽ അങ്ങയെയാണ കണ്ടതു്. ഉടനെ, നഗരത്തിൽനിന്നു് ദൂരെ ഒരാട്ടിടയനാകാൻ അവനെ അയയ്ക്കണമെന്നു് അവനെന്നോടു് നിർബന്ധമായി യാചിച്ചു. ഞാൻ വിടുകയും ചെയ്തു. അവനതിൽ കൂടുതൽ ചോദിച്ചാലും ഞാൻ കൊടുക്കുമായിരുന്നു. പാവം! ഒരു നല്ല അടിമ!

ഈഡിപ്പസ്: അവനെ വേഗം ഇവിടെ വരുത്താൻ കഴിയുമോ?

യൊക്കാസ്റ്റാ: കഴിയും. എന്തിനാണു് ചോദിക്കുന്നതു്?

ഈഡിപ്പസ്: യൊക്കാസ്റ്റാ, ഞാൻ പറഞ്ഞതു്...ഞാൻ പറഞ്ഞതു കുറച്ചേറിപ്പോയി എന്നു ഭയമുണ്ടു്. അതുകൊണ്ടു് എനിക്കീ മനുഷ്യനെ കണ്ടേ കഴിയൂ.

യൊക്കാസ്റ്റാ: ശരി. അവനെക്കാണാം. പക്ഷേ അതിനിടയിൽ അങ്ങയുടെ ഹൃദയത്തെ വിഷമിപ്പിക്കുന്നതെന്താണെന്നെനിക്കു് കേൾക്കരുതോ?

ഈഡിപ്പസ്: തീർച്ചയായും. എന്നല്ല, ഇക്കാണുന്നതെല്ലാം സത്യമാണെങ്കിൽ അതാദ്യമായി അറിയേണ്ടതും നീയാണു്. കേൾക്കൂ. കോറിന്തിലെ പോളിബസാണെൻെറ അച്ഛൻ. അമ്മ ഡോറിസ്കാരി മെറോപ്പിയും. അവിടെ ഞാനേതാണ്ടൊരു പ്രമാണിയായിക്കഴിയുകയായിരുന്നു; ഒരു പ്രത്യേക സംഭവംവരെ. ഞാനതിനു് അനാവശ്യമായി മനസ്സുനീററി എന്നു് നിനക്കു് തോന്നിയേക്കും. ഒരു വിരുന്നിൽവച്ചു് കുടിച്ചു് മറിഞ്ഞ ഒരു ചങ്ങാതി പറഞ്ഞു, ഞാനെൻെറ അച്ഛൻെറ മകനല്ലെന്നു്. അതെനിക്കു കൊണ്ടു. എങ്കിലും ഞാനപ്പോൾ മൗനമായി സഹിച്ചു. പിറേറദിവസം ഞാനെൻെറ അച്ഛനോടും അമ്മയോടും ചോദിച്ചു. അവർ ഇക്കഥ പറഞ്ഞവരോടു് ശക്തിയായി കോപിക്കയാണുണ്ടായതു്. തല്ക്കാലം ഞാൻ ആശ്വസിച്ചു. എങ്കിലും ആ വ്രണം ഉണങ്ങിയില്ല. മാത്രമല്ല, ഇത്തരം കഥകൾ എങ്ങിനെയോ പ്രചരിക്കുകയും ചെയ്യും. ഒടുവിൽ അച്ഛനമമ്മയുമറിയാതെ ഞാൻ ഡെൽഫിക്കു പോയി. പക്ഷേ, ഞാൻ നിരാശനായി മടങ്ങി. ചോദ്യത്തിനുത്തരം ലഭിക്കുന്നതിനു പകരം ഒരു ഭീകര കഥയാണു് ഞാൻ കേട്ടതു്. ഞാൻ എൻെറ അമ്മയെ വിവാഹംചെയ്തു് ശപ്തമായ ഒരു തലമുറയ്ക്കു് അച്ഛനാകു

മെന്നും, ഞാൻ അച്ഛനെ കൊല്ലുമെന്നും എല്ലാം. ഇതു കേട്ട് ഞാൻ കോറിന്തുവിട്ടോടി. തെണ്ടിയായാലും ആ ഭയങ്കര പ്രവചനം സംഭവിക്കരുതല്ലോ. എന്റെ യാത്ര എന്നെ എത്തിച്ചതു് ലയൂസ് മരിച്ച ആ സ്ഥലത്തായിരുന്നു. കേൾക്കു യൊക്കാസ്റ്റാ, നടന്നതിതാണ്. ഞാനവിടെ എത്തിയപ്പോൾ കണ്ടതു് നീ പറഞ്ഞതുപോലെയുള്ള ഒരൊച്ചയാട്ടുകാരനും പുറകേ ഒരു കതിരവണ്ടിയുമായിരുന്നു. ഒച്ചയാട്ടുകാരൻ എന്നെ ആട്ടിപ്പായിക്കാൻ ശ്രമിച്ചു; കൂട്ടത്തിൽ അവന്റെ യജമാനന്റെ പരുഷമായ ഉത്തരവും. വണ്ടിക്കാരൻ എന്നെ ഒരു തള്ള്; ഞാനവനെ അടിച്ചു. വണ്ടിക്കു പുറത്തേയ്ക്കു് തലയിട്ടു നോക്കിക്കൊണ്ടിരുന്ന ആ വൃദ്ധൻ ഞാൻ കടന്നുപോയപ്പോൾ വണ്ടിക്കാരന്റെ ഇരുമുനയുള്ള തോട്ടികൊണ്ടു് എന്റെ തലയ്ക്കടിച്ചു. ഞാൻ പലിശകൂട്ടി തിരിച്ചുകൊടുത്തു. എന്റെ വലത്തുകൈയ്യിലിരുന്ന വടി അതിന്റെ പണി ചെയ്തു. അയാൾ തലകുത്തി വണ്ടിക്കകത്തുതന്നെ വീണു. അകമ്പടിക്കാരെയും ഞാൻ അടിച്ചുകൊന്നു.

ഹാ, ആ വൃദ്ധൻ ലയൂസാണെങ്കിലോ? അയ്യോ, എന്നെക്കാൾ ഭാഗ്യദോഷിയായിട്ടൊരു മനുഷ്യനുണ്ടോ! ഈശ്വരനാലും മനുഷ്യനാലും വെറുക്കപ്പെട്ട മനുഷ്യൻ. ആരും അഭയം തന്നുകൂടാത്തതും, മിണ്ടിക്കൂടാത്തതുമായ മനുഷ്യൻ ഞാനാണ്. ഞാൻ ഉച്ചരിച്ച ശാപം എന്റെ ശിരസ്സിൽ തന്നെ. അദ്ദേഹത്തെ കൊന്ന കൈകൾ അദ്ദേഹത്തിന്റെ ഭാര്യയെ തീണ്ടി! ഇതെന്റെ പാപമാണോ? ഇവിടെനിന്നു് ഞാൻ ഭ്രഷ്ടൻ. വീട്ടിലേയ്ക്കു് പോകാനും നിവൃത്തിയില്ല. അവിടെ എന്റെ അച്ഛൻ പോളിബസിനെ കൊല്ലാനും അമ്മയെ ഭാര്യയാക്കാനും ഇടയായെങ്കിലോ? ഏതു ഭയങ്കര ഈശ്വരനാണ് ഈ വിധി എന്റെ മേൽ വരുത്തിയതു്? ഈശ്വരന്മാരേ, അതു് വരുത്തരുതേ. അത്തരം പാതകങ്ങളുടെ കറ പറ്റുന്നതിനുമുമ്പു് മരിച്ചു് മണ്ണടിയാനിടവരണേ!

പൗരന്മാർ: തമ്പുരാനേ, ഈ വാർത്തകൾ ഭയങ്കരങ്ങളാണ്. എങ്കിലും നമ്മുടെ സാക്ഷി വരുന്നതുവരെ ആശ കൈവെടിയരുതു്.

ഈഡിപ്പസ്: അതു മാത്രമാണെന്റെ ആശ. ആ ആട്ടിടയൻ.

യൊക്കാസ്റ്റാ: അവനിൽനിന്നു് അങ്ങെന്തു സഹായമാണ് പ്രതീക്ഷിക്കുന്നതു്.

ഈഡിപ്പസ്: ഇതുതന്നെ. അവന്റെ കഥ നിന്റെ കഥയോടു് യോജിക്കുന്നെങ്കിൽ ഞാൻ രക്ഷപ്പെട്ടു.

യൊക്കാസ്റ്റാ: ഏതു കാര്യത്തിൽ? ഞാനെന്താണു പറഞ്ഞതു്?

ഈഡിപ്പസ്: കൊള്ളക്കാരാണെന്നു് അവൻ പറഞ്ഞുവെന്ന ല്ലേ. നീ പറഞ്ഞതു്? അവൻ ഇപ്പോഴം കൊള്ളക്കാർ എന്നാ ണു് പറയുന്നതെങ്കിൽ, അതു് ഞാനായിരിക്കുകയില്ലല്ലോ. ഒരാരം പലരാകാൻ നിവൃത്തിയില്ലല്ലോ. പക്ഷേ അവൻ പറയുന്നതു് ഏകനായ ഒരു വഴിയാത്രക്കാരനെപ്പററിയാണെ ങ്കിൽ പിന്നെ രക്ഷയില്ല. വിരൽ ചൂണ്ടുന്നതു് എൻെറ നേരേ തന്നെയാണു്.

യൊക്കാസ്ലാ: പക്ഷേ ഞാൻ പറയുന്നു, അവൻ അതു പറഞ്ഞതാ ണു്. ഇനി അവനു് മറിച്ചു പറയാൻ നിവൃത്തിയില്ല. ഇവ രെല്ലാം കേട്ടതാണു്, ഞാൻ മാത്രമല്ല. അവൻ വല്ലതും മാററിപ്പറഞ്ഞാൽതന്നെ, ലയൂസ് മരിച്ചതു് പ്രവചനപ്പടി യാണെന്നു് വരുന്നതല്ല. ആദിത്യഭഗവാൻ പറഞ്ഞതു് എൻെറ മകൻ അദ്ദേഹത്തെ കൊല്ലുമെന്നായിരുന്നു. അതു സംഭവിക്കാനിടയില്ല. പകരം എൻെറ മകൻ തന്നെയാണു് മരിച്ചതു്. പ്രവചനം! മണ്ണാങ്കട്ട! ഇനി അതിനുവേണ്ടി ഞാനൊരു ചെറുവിരൽ ഉയർത്തുകയില്ല.

ഈഡിപ്പസ്: വാസ്തവം. എന്നാലും ഇടയൻ വരട്ടെ. ആരെ യെങ്കിലും അയയ്ക്കൂ.

യൊക്കാസ്ലാ: ഇപ്പോരംതന്നെ. നമുക്കകത്തു പോകാം. അങ്ങ യുടെ ഇഷ്ടമാണെൻേറതു്.

(എല്ലാവരും പോകുന്നു)

ഗായകസംഘം:

ദിവ്യമായ് നിത്യമായ് സത്യമായ് ദീപ്തമായ്,
ഭവ്യമായുണ്ടൊരു ധമ്മതത്വം.
ഇല്ല വാർദ്ധക്യവു,മില്ല മരണവു,–
മില്ലതിന്നെന്നുമൊരന്യധാത്വം.
ആയതിൽ താങ്ങിയേ നിൽക്കുന്നിതാകാശ,–
മായതേ സൂര്യൻെറ രാജമാഗ്ഗം!
ഗർവ്വമതിൻ ഗിരിദുഗ്ഗോന്നതിയിൽനി–
ന്നുർവ്വിയിൽ വീണു തകന്നേ തീരൂ.
ഈശ്വരരോഷത്തിൻ ജ്വാലയിൽ, പാപത്തിൻ
പാഴ്ച്ചിറകേതു കരിഞ്ഞിടാത്തൂ?
ആദിത്യ, നിൻപേർ നിഷേധിക്കപ്പെട്ടുപോയ്
ആകെ മങ്ങിപ്പോയ് ഭവൽപ്രഭാവം.
തെററായ് പ്രവാചകവാക്യങ്ങളെങ്കിലോ,
മത്ത്യൻെറ വിശ്വാസം ധ്വസ്തമായി!
എങ്ങുമുണന്നവ,നെങ്ങും ഭരിപ്പവ–
നെങ്ങും നിറഞ്ഞവനീശൻ നിത്യൻ;
ഹാ, നിഷേധിസ്സൊസ്സഹമ്മതികൊണ്ടു നീ,
മാനുഷ, തീക്ഷ്ണോഗ്രമാമഹത്വം!

രംഗം മൂന്ന്

യൊക്കാസ്റ്റാ: (പുഷ്പഹാരങ്ങളും സുഗന്ധധൂപവുമായി പ്രവേശിക്കുന്നു) മാന്യരേ, ക്ഷേത്രങ്ങളിലെല്ലാം പൂജ കഴിക്കാൻ ഞാൻ അർച്ചനകളുമായി വരികയാണു്. രാജാവിനു് സുഖമില്ല. എന്തോ ഭയാശങ്കകൾ അദ്ദേഹത്തെ ഞെരുക്കുകയാണു്. കഴിഞ്ഞതു പേടിച്ചു് ഇന്നത്തെപ്പററി ഒന്നും തീരുമാനിക്കാൻ അദ്ദേഹത്തിനു കഴിയുന്നില്ല. ഭയം വളർത്തുന്ന ഓരോന്നും അദ്ദേഹം തപ്പിപ്പിടിക്കുകയാണു്. സമാധാനിപ്പിക്കാനെനിക്കു് കഴിയുന്നില്ല. ആദിത്യഭഗവാനേ, അങ്ങാണെനിക്കേററവും അടുത്തുള്ള ഈശ്വരൻ. ഞങ്ങളുടെ നായകൻ തളർന്നിരിക്കുന്നു. നീചമായ ഈ ശാപത്തിൽനിന്നും ഞങ്ങളെ കരകേററിയാലും. (അർച്ചനകൾ ചെയ്യുന്നു)

(കോറിന്തിൽനിന്നൊരു ദൂതൻ പ്രവേശിച്ചു്)

ദൂതൻ: മാന്യരേ, വന്ദനം. ഞാൻ ഈഡിപ്പസിൻെറ കൊട്ടാരം അന്വേഷിച്ചു വരികയാണു്. അങ്ങോട്ടുള്ള വഴി ഒന്നു പറഞ്ഞുതരാമോ? നിങ്ങൾക്കറിയാമെങ്കിൽ എനിക്കു അദ്ദേഹത്തെ ഒന്നു കാണിച്ചുതരൂ.

പൗരന്മാർ: കൊട്ടാരം ഇതുതന്നെ. അദ്ദേഹം അകത്തുണ്ടു്. ഈ മാന്യസ്ത്രീ അദ്ദേഹത്തിൻെറ ഭാര്യയാണു്. അദ്ദേഹത്തിൻെറ മക്കളുടെ അമ്മയും.

ദൂതൻ: ഈശ്വരൻ അനുഗ്രഹിക്കട്ടെ, അവരുടെ സകലത്തിനെയും. അത്തരമൊരാൾക്കു് ചേർന്ന പത്നി.

യൊക്കാസ്റ്റാ: നിങ്ങൾക്കു് നന്നായി വരട്ടെ. നിങ്ങൾ എന്താണു് കൊണ്ടുവരുന്നതു്; അപേക്ഷയോ, സന്ദേശമോ?

ദൂതൻ: നിങ്ങളുടെ ഭർത്താവിനും അദ്ദേഹത്തിൻെറ ഗൃഹത്തിനും ശുഭവർത്തമാനം.

യൊക്കാസ്റ്റാ: എന്തു വർത്തമാനം? ആരിൽനിന്നു്?

ദൂതൻ: കോറിന്തിൽനിന്നു്. ഈ വർത്തമാനത്തിൽ നിങ്ങൾ സന്തോഷിക്കാതിരിക്കാൻ നിവൃത്തിയില്ല. അല്പം ദുഃഖിച്ചാലും.

യൊക്കാസ്റ്റാ: ഒരേ സമയം ദുഃഖിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതെന്തു വർത്തമാനമാണു്.

ദൂതൻ: ഞങ്ങളുടെ ജനങ്ങൾ ഈഡിപ്പസിനെ കോറിന്തു രാജ്യത്തിൻെറ മുഴുവനും രാജാവാക്കാൻ പോകയാണു്. അങ്ങിനെയാണു് സംസാരം.

യൊക്കാസ്റ്റാ : അപ്പോൾ പോളിബസ് രാജാവല്ലാതായിത്തീർന്നോ ?

ദൂതൻ: ദേവീ, പോളിബസ് രാജാവു് തീപ്പെട്ടു. സംസ്കാരവും കഴിഞ്ഞു.

യൊക്കാസ്റ്റാ: എന്തു് ? മരിച്ചു ! ഈഡിപ്പസിൻെറ അച്ഛൻ മരിച്ചു !

ദൂതൻ: അതെ, വാസ്തവം.

യൊക്കാസ്റ്റാ: (പരിചാരികയോടു്) എടീ, ഓടിച്ചെല്ലു്. ഈ വർത്തമാനം നിൻെറ യജമാനനെ അറിയിക്കു്. (പരിചാരിക പോകുന്നു) എവിടെ ആ ദിവ്യവെളിപാടുകൾ ! അദ്ദേഹത്തെ കൊന്നുപോയേയ്ക്കാമെന്നു ഭയന്നു് ഇത്രകാലം ഈഡിപ്പസ് ആരെ ഒഴിഞ്ഞുമാറിയോ, ആ പോളിബസ് മരിച്ചിരിക്കുന്നു. വെറും സാധാരണ മരണം. ഈഡിപ്പസിനതിൽ യാതൊരു പങ്കുമില്ലതാനും.

ഈഡിപ്പസ്: (പ്രവേശിച്ചു്) പ്രിയപ്പെട്ട യൊക്കാസ്റ്റാ, എന്തിനാണെന്നെ വിളിച്ചുവരുത്തിയതു്.

യൊക്കാസ്റ്റാ: ഇയാൾ പറയുന്നതു കേൾക്കു. എന്നിട്ടു് പുകൾ പെററ ആ വെളിച്ചപ്പാടുകൾക്കെന്തു പററിയെന്നു പറയൂ.

ഈഡിപ്പസ്: ആരാണിയാൾ? എന്തു വർത്തമാനമാണയാൾ കൊണ്ടുവന്നതു്?

യൊക്കാസ്റ്റാ: അയാൾ കോറിന്തിൽനിന്നു വരികയാണു്. അങ്ങയുടെ അച്ഛൻ പോളിബസ് മരിച്ചു...മരിച്ചു !

ഈഡിപ്പസ്: അതു് ശരിയോ ? നിങ്ങൾതന്നെ പറയൂ.

ദൂതൻ: ഞാൻതന്നെ പറയാം—ഇതാണങ്ങേയ്ക്കാദ്യമറിയേണ്ടതെങ്കിൽ, മനുഷ്യരെല്ലാം പോകേണ്ട വഴി അദ്ദേഹം പോയി.

ഈഡിപ്പസ്: വല്ലവരുടെയും കൈയ്യാലോ, വെറും രോഗബാധ കൊണ്ടോ ?

ദൂതൻ: രോഗം മാത്രമല്ല; വാർദ്ധക്യവും.

ഈഡിപ്പസ്: ശരി. ശരി. അപ്പോൾ യൊക്കാസ്റ്റാ ആദിത്യക്ഷേത്രത്തിലെ അഗ്നികുണ്ഡവും, വെളിപാടുകളും, പക്ഷിശാസ്ത്രവും എല്ലാം എന്തായി ? അവയനുസരിച്ചു് ഞാനെൻെറ അച്ഛനെ കൊല്ലേണ്ടതായിരുന്നു. പക്ഷേ അദ്ദേഹം ശവക്കുഴിയിലായി. ആയുധം തൊട്ടിട്ടില്ലാത്ത ഞാനിവിടെയും. ഒരു കണക്കിൽ പറയാം, ഞാനദ്ദേഹത്തെ കൊന്നു

വെന്നും. എന്നെക്കാണാത്ത വ്യസനംകൊണ്ടാണദ്ദേഹം മരിച്ചതെന്നും. എന്നാലും വെളിപാട് അക്ഷരംപ്രതി നിറവേറിയിട്ടില്ല; അതു് പോളിബസിനെപ്പോലെ മരിച്ചുകിടക്കുന്നു.

യൊക്കാസ്റ്റാ: അതല്ലേ ഞാനിതുവരെ പറഞ്ഞുകൊണ്ടിരുന്നതു് ?

ഈഡിപ്പസ്: അതേ. പക്ഷേ ഭയം എന്നെ വഴിതെററിച്ചു.

യൊക്കാസ്റ്റാ: ഇനി അതു് മറന്നുകളയൂ.

ഈഡിപ്പസ്: ഇനിയുമുണ്ടു്, ആ മറേറക്കാര്യം...അമ്മ...

യൊക്കാസ്റ്റാ: ഭയം!! ആണുങ്ങൾക്കു് ഭയമെന്നൊന്നുണ്ടോ? വിധിയാണു് നമ്മുടെ ജീവിതത്തെ ഭരിക്കുന്നതു്. ഭാവി അജ്ഞേയമാണു്. ഇന്നും നാളെയും ഉത്തമമായി ജീവിക്കുക. അമ്മയെ വിവാഹം കഴിക്കുമെന്നും മററും ഭയപ്പെടണ്ട. ആ പേക്കിനാവു് പലരും കണ്ടതാണു്. ജീവിക്കണമെങ്കിൽ ഇതൊക്കെ മറക്കണം.

ഈഡിപ്പസ്: അമ്മ മരിച്ചശേഷം അതൊക്കെപ്പറയാം. പക്ഷേ അവർ മരിച്ചിട്ടില്ല. അതുവരെ, നീ എന്തൊക്കെ പറഞ്ഞാലും എനിക്കു് ഭയപ്പെടാതിരിക്കാൻ നിവൃത്തിയില്ല.

യൊക്കാസ്റ്റാ: എങ്കിലും അച്ഛൻ മരിച്ചതൊരാശ്വാസമല്ലേ ?

ഈഡിപ്പസ്: സമ്മതിച്ചു. പക്ഷേ അവർ ജീവിക്കുമ്പോൾ എനിക്കു് രക്ഷയില്ല,

ദൂതൻ: അങ്ങിപ്പോഴും ഭയപ്പെടുന്ന ആ സ്ത്രീ ആരാണു്.

ഈഡിപ്പസ്: മെറോപ്പി റാണി. പോളിബസിൻെറ ഭാര്യ.

ദൂതൻ: അവർ—അവരെങ്ങിനെയാണു് അങ്ങയുടെ ജീവിതം അപകടത്തിലാക്കുന്നതു് ?

ഈഡിപ്പസ്: അതു സംബന്ധിച്ചു് മാരകമായൊരു വെളിപാടുണ്ടു്.

ദൂതൻ: ഒരപരിചിതനോടു് പറയാവുന്ന എന്തെങ്കിലുമാണോ?

ഈഡിപ്പസ്: പറയാൻ വിരോധമില്ല. ആദിത്യഭഗവാൻെറ അരുളപ്പാടുണ്ടായിരുന്നു, ഞാൻ എൻെറ സ്വന്തം കൈകൊണ്ടു് അച്ഛനെ വധിക്കുമെന്നും, അമ്മയെ വിവാഹം ചെയ്യുമെന്നും. ഞാൻ കോറിന്തുവിട്ടുപോരാൻ കാരണം ഇതാണു്. എങ്കിലും ഞാൻ ഭാഗ്യവാനാണു് — അച്ഛനമ്മമാരുടെ അഭാവം അപരിഹാര്യമാണെങ്കിലും.

ദൂതൻ: ഇതു പേടിച്ചാണോ അങ്ങിത്രകാലം നാടുവിട്ടു കഴിഞ്ഞതു് ?

ഈഡിപ്പസ്: അതെ. എൻെറ അച്ഛനെ കൊല്ലുകയില്ലെന്നു് ഞാൻ ഉറച്ചു.

ദൂതൻ: എന്നാൽ ഞാൻ മറേറക്കാര്യത്തിൽ അങ്ങേയ്ക്കു് മുക്തി നൽകാം. ഞാൻ അങ്ങേയ്ക്കു് ഗുണം ചെയ്യുവാനാണു് വന്നതു്...

ഈഡിപ്പസ്: നന്ദികാട്ടുന്നതിൽ എനിക്കു് ലുബ്ധില്ല.

ദൂതൻ: സത്യം പറഞ്ഞാൽ, അങ്ങു് തിരിച്ചുവരുമ്പോൾ—

ഈഡിപ്പസ്: ഇല്ല. ഞാനിനി ഒരിക്കലും വീട്ടിലേയ്ക്കില്ല.

ദൂതൻ: യുവാവേ, നിങ്ങൾ ആകെ തെററിദ്ധരിച്ചിരിക്കയാണു്.

ഈഡിപ്പസ്: എങ്ങിനെ? ഈശ്വരനെയോർത്തു്, ദയവായി പറഞ്ഞുതരു.

ദൂതൻ: അങ്ങയെ വീട്ടിൽനിന്നു് നിരോധിക്കുന്ന ഈ ഭയം—

ഈഡിപ്പസ്: അതെ, അതുതന്നെ. ആദിത്യഭഗവാൻെറ വാക്കുകൾ ഇനിയും നിർവഹിക്കപ്പെട്ടെന്നു വരാം.

ദൂതൻ: അച്ഛനമ്മമാർ വഴിയുള്ള ശാപത്തിൻെറ ഭയം, അല്ലേ?

ഈഡിപ്പസ്: അതെ. അതാണെന്നെ നിരന്തരം അലട്ടുന്ന ബാധ.

ദൂതൻ: എല്ലാം വെറുതേ. അങ്ങയുടെ ഭയത്തിനർത്ഥമില്ല മഹാരാജാവേ.

ഈഡിപ്പസ്: ഞാനവരുടെ പുത്രനാണെന്നോർക്കണം.

ദൂതൻ: അല്ല. പോളിബസ് അങ്ങയുടെ ബന്ധുവേയല്ല.

ഈഡിപ്പസ്: ബന്ധുവല്ല! പോളിബസ്; എൻെറ അച്ഛനല്ലെന്നോ?

ദൂതൻ: എന്നോളം മാത്രം.

ഈഡിപ്പസ്: എന്താണിതു്. നിങ്ങളോളം എന്നോ? വ്യക്തമായി പറയൂ.

ദൂതൻ: പറയാം. ഞാനങ്ങയുടെ പിതാവല്ല. പോളിബസുമല്ല.

ഈഡിപ്പസ്: അദ്ദേഹം എന്നെ മകനെന്നു് വിളിച്ചിരുന്നു.

ദൂതൻ: പറയാം. ഞാനാണങ്ങയെ അദ്ദേഹത്തിനു് കൊടുത്തതു്.

ഈഡിപ്പസ്: കൊടുത്തതു്! എന്നിട്ടദ്ദേഹം എന്നെ മകനെപ്പോലെ സ്നേഹിച്ചു?

ദൂതൻ: അദ്ദേഹത്തിനു് പുത്രഭാഗ്യമില്ലായിരുന്നു.

ഈഡിപ്പസ്: എന്നെ... കണ്ടുകിട്ടിയതോ... വാങ്ങിയതോ?

ദൂതൻ: കണ്ടുകിട്ടി. കിഥറോൺ മലയിലെ ഒരു വള്ളിക്കുടിലിൽ.

ഈഡിപ്പസ്: നിങ്ങളെന്തിനവിടെപ്പോയി ?

ദൂതൻ: ഞാൻ ആടു മേയ്ക്കുകയായിരുന്നു.

ഈഡിപ്പസ്: നിങ്ങളൊരാട്ടിടയനായിരുന്നോ ?

ദൂതൻ: ആയിരുന്നു. അതുമൂലം ഭാഗ്യവശാൽ അങ്ങയുടെ രക്ഷിതാവും.

ഈഡിപ്പസ്: അതെങ്ങിനെ. നിങ്ങളെന്നെ കണ്ടെടുത്തപ്പോൾ എനിക്ക് എന്തെങ്കിലും അപായമോ വേദനയോ ഉണ്ടായിരുന്നോ ?

ദൂതൻ: അങ്ങയുടെ കണങ്കാലുകളിലെ വടുക്കളാണതിനുത്തരം.

ഈഡിപ്പസ്: ആ പഴയ കഥ ! അതു് പറഞ്ഞേ തീരു എന്നുണ്ടോ ?

ദൂതൻ: അങ്ങയുടെ കാലുകൾ വിലങ്ങിട്ട് വിളക്കിയിരുന്നു. ഞാനാണതറുത്തു് അങ്ങയെ സ്വതന്ത്രനാക്കിയതു്.

ഈഡിപ്പസ്: ശരിയാണു്. തൊട്ടിൽ മുതൽ ഞാനാ കളങ്കം വഹിക്കുന്നുണ്ടു്,

ദൂതൻ: അങ്ങയുടെ പേരിൻെറ അർത്ഥവും അതുതന്നെയാണല്ലോ.

ഈഡിപ്പസ്: ഈശ്വരന്മാരേ ......ആരാണിതു ചെയ്തതു്, അച്ഛനോ അമ്മയോ ?

ദൂതൻ: അറിഞ്ഞുകൂടാ. അങ്ങയെ എനിക്കു് തന്നവനോടു് ചോദിക്കണം.

ഈഡിപ്പസ്: തന്നവൻ ! അപ്പോൾ നിങ്ങളല്ലേ എന്നെ കണ്ടെത്തിയതു് ?

ദൂതൻ: മറെറാരാട്ടിടയൻ എന്നെ ഏല്പിച്ചു.

ഈഡിപ്പസ്: അയാളാരാണെന്നറിയാമോ ?

ദൂതൻ: ലയൂസിൻെറ ഭൃത്യന്മാരിലൊരാളാണെന്നു തോന്നുന്നു.

ഈഡിപ്പസ്: ലയൂസ്. ഞങ്ങളുടെ പഴയ രാജാവു്.

ദൂതൻ: അതെ, ലയൂസ് രാജാവു്. അയാൾ അദ്ദേഹത്തിൻെറ ഭൃത്യനായിരുന്നു.

ഈഡിപ്പസ്: അയാളിപ്പോഴുമുണ്ടോ ? എനിക്കൊന്നു് കാണാൻ പററുമോ ?

ദൂതൻ: അതിനുത്തരം ഇവിടുള്ളവർ പറയണം.

ഈഡിപ്പസ്: മാന്യ പൗരന്മാരേ, നിങ്ങളാരെങ്കിലുമയാളെയറിയുമോ—ഈ മനുഷ്യൻ പറയുന്ന ആ ഇടയനെ ? ആരെങ്കിലും അയാളെ നഗരത്തിലോ നാട്ടിൻപുറത്തോ കണ്ടി

ട്ടുണ്ടോ. അറിയാമെങ്കിൽ പറയൂ. ഈ രഹസ്യത്തിൻെറ അടി കാണാനുള്ള അവസരമിതാണു്.

പൗരന്മാർ: അങ്ങു് ആളയച്ചിരുന്ന ഇടയൻ തന്നെയായിരിക്കണം അയാളെന്നാണു് എനിക്കു് തോന്നുന്നതു്. പക്ഷേ കുറേക്കൂടി കൃത്യമായി പറയാൻ റാണിക്കാണു് കഴിയുക.

ഈഡിപ്പസ്: യൊക്കാസ്റ്റാ, നാമാളയച്ചിരിക്കുന്നവനെ നിനക്കു് ശരിയായിട്ടറിയാമല്ലോ. അയാൾ തന്നെയായിരിക്കുമോ ഇപ്പറയുന്നതും.

യൊക്കാസ്റ്റ: (ഭയംകൊണ്ടു വിളത്തു്)ആരായാലെന്തു് ?...അയാൾ ആരെയാണുദ്ദേശിക്കുന്നതു് ?... ഇനി എന്തായാലും ഒന്നുമില്ല.....അയാൾ പറഞ്ഞതു് മറന്നേക്കൂ.....എന്തായാലും ഒന്നുമില്ല,

ഈഡിപ്പസ്: അസംബന്ധം ! ഈ തുമ്പു് അതിൻെറ അററം വരെ പരിശോധിക്കണം. എൻെറ ജനനരഹസ്യം മനസ്സിലാവുന്നതുവരെ.

യൊക്കാസ്റ്റാ: അരുതു്. ദൈവത്തെയോർത്തു്...,അങ്ങേയ്ക്കു് ജീവിക്കണമെങ്കിൽ ഈ അന്വേഷണം മതിയാക്കുക.... ഞാനനുഭവിച്ചതു് ഇനിയും പോരെന്നോ !

ഈഡിപ്പസ്: ഭയപ്പെടാനൊന്നുമില്ല. ഞാൻ മൂന്നു തലമുറയായി അടിമസന്തതിയാണെന്നു വന്നാലും, നിൻെറ കുലീനതയ്ക്കൊന്നും വരാനില്ല.

യൊക്കാസ്റ്റാ: എങ്കിലും വേണ്ടാ ! ഞാൻ യാചിക്കുന്നു, അതു് ചെയ്യരുതേ.

ഈഡിപ്പസ്: ചെയ്തേതീരൂ. എനിക്കു് സത്യമറിയാതിരിക്കാൻ നിവൃത്തിയില്ല,

യൊക്കാസ്റ്റാ: ഞാൻ പറയുന്നതാണു് ശരിയെന്നെനിക്കറിയാം. അങ്ങയുടെ ഗുണത്തിനുവേണ്ടി ഞാൻ മുന്നറിയിപ്പു നൽകുന്നു.

ഈഡിപ്പസ്: എൻെറ നന്മ ! ഈ പ്രേതം കുറെക്കാലമായി എന്നെ ബാധിച്ചിട്ടു്.

യൊക്കാസ്റ്റാ: ശപ്തനായ മനുഷ്യാ! സത്യമറിയുന്നതിനുമുമ്പു് നിങ്ങൾ മരിച്ചെങ്കിൽ !

ഈഡിപ്പസ്: ആരെങ്കിലും ചെന്നു് ആ ഇടയനെ കൂട്ടിക്കൊണ്ടു വരട്ടെ ! ഈ മാന്യസ്ത്രീ അവരുടെ കുലമഹിമയും പുലർത്തി ഇരുന്നുകൊള്ളട്ടെ.

യൊക്കാസ്റ്റാ: നശിച്ച ശപ്തൻ ! ഇതാണെൻെറ അന്ത്യവാക്കുകൾ—എന്നെന്നേയ്ക്കും.

(യൊക്കാസ്റ്റാ പോകുന്നു)

പൗരന്മാർ: മഹാരാജാവേ, റാണി ഇത്രയധികം ക്ഷോഭിച്ചു് ഇവിടംവിട്ടോടിയതു് എന്താണു്? അവർ പറയാൻ ധൈര്യപ്പെടാത്ത കാര്യങ്ങളിൽ എന്തോ ഭയങ്കര വിപത്തുണ്ടെന്നു് ഞാൻ ഭയപ്പെടുന്നു.

ഈഡിപ്പസ്: സകലതും പുറത്തുവരട്ടെ—എത്ര ബീഭത്സമായാലും. എൻെറ ജനനരഹസ്യം, അതെത്ര നീചമായാലും, പുറത്തു വരുകതന്നെ വേണം. ആ സ്ത്രീ, സ്ത്രീസഹജമായ അഹങ്കാരത്തെയും കടന്നാണു് എൻെറ താഴ്ന്ന ജനനത്തിൽ ലജ്ജിക്കുന്നതു്. ഞാൻ ഭാഗ്യദാതാവായ ശ്രീയുടെ സന്താനമാണു്. അവരാണെൻെറ മാതാവു്. ഞാനതിൽ ലജ്ജിക്കുന്നില്ല. ഋതുക്കൾ എൻെറ സഹോദരിമാരാണു്. ഞാൻ ഉയരുന്നതും താഴുന്നതും അവരുടെകൂടെ. അങ്ങിനെ ജനിച്ച എനിക്കു് ഞാനല്ലാതെ മററാരുമാകേണ്ട. ഞാനാരാണെന്നു് ഞാനറിയുകയും ചെയ്യും.

ഗായകസംഘം:

സത്യമാണെൻെറ പ്രവചനമെങ്കിലോ,
പൃഥ്വിയിൽ നീളെപ്പരസ്യമാക്കും
നാളെയുദിക്കുന്ന പൂന്തിങ്കൾ നമ്മുടെ
നാഥൻെറ ജന്മരഹസ്യമെല്ലാം.
ഞങ്ങൾ കിഥറോണെപ്പററിയേ പാടുന്നു;
മംഗളശീലനാം തമ്പുരാന്നു്
അച്ഛനുമമ്മയുമായയുമായതു
നിശ്ചയമായും കിഥെറോണല്ലോ.
ഏതോ വനദേവതയോ പ്രസവിച്ചു
ഭൂതിപ്രദനെൻെറ തമ്പുരാനെ ?
പർവ്വതസഞ്ചാരി കാമുകൻ 'പാൻ' ദേവ-
നർവ്വീപതിക്കു ജനകനെന്നോ ?
ദേവനാം ഫീബസ്സേ, നിൻഹിതംപോലെതാ-
നാവട്ടെയേതു,മതുല്യഭാസ്സേ !

രംഗം നാല്

ഈഡിപ്പസ്: മാന്യരേ, നമ്മുടെ ഇടയനാണ് വരുന്നതെന്നു് തോന്നുന്നു. ഞാനയാളെ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും, അയാൾ തന്നെയാണെന്നു് ഞാൻ വിചാരിക്കുന്നു. അയാളും നമ്മുടെ കോറിന്തുകാരൻ സ്നേഹിതനും ഏതാണ്ട് സമപ്രായവുമാണ്. അയാളുടെ കൂട്ടത്തിൽ വരുന്നതു് എൻെറ ആളുകളുമാണ്. അതയാൾ തന്നെയായിരിക്കണം. പക്ഷെ നിങ്ങൾക്കാണ് തീർച്ച പറയാൻ കഴിയുക; നിങ്ങൾക്കയാളെ അറിയാമെങ്കിൽ.

പൗരന്മാർ: അതെ, അയാൾതന്നെ. എനിക്കയാളെ അറിയാം. ലയൂസിൻെറ ആട്ടിടയൻ; അദ്ദേഹത്തിനുള്ളവരിൽ ഒന്നാമൻ.

(വൃദ്ധനായ ഒരിടയൻ പരികർമ്മികളുമായി പ്രവേശിക്കുന്നു)

ഈഡിപ്പസ്: മാന്യനായ കൊറിന്തുകാരാ, ആദ്യം നിങ്ങളുടെ തെളിവു്. നിങ്ങൾ പറഞ്ഞ ഇടയൻ ഇതുതന്നെയാണോ ?

ദൂതൻ: ഇതുതന്നെ.

ഈഡിപ്പസ്: വൃദ്ധനായ ഇടയാ, എൻെറ മുഖത്തു നോക്കി, ഞാൻ ചോദിക്കുന്നതിനുത്തരം പറയൂ. നിങ്ങൾ ലയൂസിൻെറ അടിമയായിരുന്നോ ?

ഇടയൻ: അതേ, തമ്പുരാനെ. ഇവിടെ ജനിച്ചുവളർന്നവൻ. വാങ്ങിയതല്ല.

ഈഡിപ്പസ്: എന്തായിരുന്നു നിങ്ങളുടെ തൊഴിൽ ?

ഇടയൻ: അധികകാലവും ആടുമേയ്ക്കലായിരുന്നു.

ഈഡിപ്പസ്: നാടിൻെറ ഏതു ഭാഗത്താണ് നിങ്ങൾ ജോലിചെയ്തിരുന്നതു് ?

ഇടയൻ: ങ്ാ...ആ...കിഥറോൺ മലയിലും മററും.

ഈഡിപ്പസ്: ഈ മനുഷ്യനെ മുമ്പു് കണ്ടതായിട്ടോർമ്മിക്കുന്നുണ്ടോ ?

ഇടയൻ: ആരാണിയാൾ. ഞാനെവിടെവെച്ചു് കാണാനാണ് ?

ഈഡിപ്പസ്: ഇതാ, ഈ മനുഷ്യൻ. എവിടെയെങ്കിലുംവച്ചു് കണ്ടിട്ടുണ്ടോ ?

ഇടയൻ: ഉണ്ടെന്നു് പറഞ്ഞുകൂടാ. ഞാൻ....ഓർമ്മിക്കുന്നില്ല.

ദൂതൻ: എനിക്കതിലത്ഭുതമില്ല. ഞാനയാളുടെ ഓർമ്മയൊന്നുണർത്താം. അയാളും ഞാനുംകൂടി കിഥറോൺ മലകളിൽ ഒരുമിച്ച് കഴിച്ച കാലങ്ങൾ അയാൾ മറക്കുകയില്ല. അയാൾക്ക് രണ്ടാട്ടിൻപററമുണ്ടായിരുന്നു; എനിക്കൊന്നും. വസന്തം മുതൽ ശരൽക്കാലംവരെ മൂന്ന് ഋതുക്കൾ ഞങ്ങളൊരുമിച്ചുണ്ടായിരുന്നു. വർഷകാലത്ത് ഞാൻ എൻെറ പററത്തെ കൊറിന്തിലേയ്ക്ക് നയിക്കും. അയാൾ അയാളുടേതിനെ തീബ്സിൽ ലയ്യൂസിൻെറ കൂട്ടകളിലേയ്ക്കും. അങ്ങിനെയായിരുന്നില്ലേ ?

ഇടയൻ: അത് ശരിയാണ്. കഴിഞ്ഞിട്ട് കാലം കുറെയായി.

ദൂതൻ: എങ്കിൽ നിങ്ങൾ ഒരാൺകുട്ടിയെ എന്നെ ഏല്പിച്ച് സ്വന്തം കുട്ടിയെപ്പോലെ നോക്കിക്കൊള്ളണമെന്ന് പറഞ്ഞതോർക്കുന്നുണ്ടായിരിക്കുമല്ലോ.

ഇടയൻ: (ഭയപ്പെട്ട്) നിങ്ങളെന്താണ് പറയുന്നത് ? എന്നെക്കൊണ്ടെന്തു പറയിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത് ?

ദൂതൻ: ചങ്ങാതി, തൻെറ ആൺകുട്ടി ഇതാ നിൽക്കുന്നു.

ഇടയൻ: നീ മുടിഞ്ഞുപോട്ടെ! വായാടി! മിണ്ടാതിരുന്നുകൂടെ?

ഈഡിപ്പസ്: ഏയ് കിഴവൻ, അയാളാണ് നിങ്ങളേക്കാൾ മര്യാദയ്ക്ക് സംസാരിക്കുന്നതെന്ന് തോന്നുന്നു.

ഇടയൻ: തമ്പുരാനേ, ഞാനെന്തു തെററാണ് ചെയ്തത് ?

ഈഡിപ്പസ്: ഇയാളുടെ ചോദ്യത്തിന് ശരിയായ ഉത്തരം പറയാത്തതുതന്നെ.

ഇടയൻ: അയാൾ പറയുന്നതെന്തൊണെന്ന് അയാൾക്ക് ലക്കില്ല. അയാൾ അസംബന്ധമാണ് പറയുന്നത്.

ഈഡിപ്പസ്: താൻ മനസ്സോടെ പറഞ്ഞില്ലെങ്കിൽ, നിർബ്ബന്ധിപ്പിച്ച് പറയിക്കുകയേ ഗത്യന്തരമുള്ളു.

ഇടയൻ: ദൈവത്തെയോർത്ത് ഈ കിഴവനെ ഉപദ്രവിക്കരുതേ.

ഈഡിപ്പസ്: ആരവിടെ. ഇവൻെറ കൈകൾ കെട്ടു !

ഇടയൻ: തമ്പുരാനേ, എന്താണിത്. അവിടുത്തേയ്ക്കെന്താണറിയേണ്ടത് ?

ഈഡിപ്പസ്: അയാൾ പറയുന്ന ആ ശിശു ? താനാണോ അയാൾക്കതിനെ കൊടുത്തത് ?

ഇടയൻ: അതെ. ഞാനന്നുതന്നെ മരിച്ചിരുന്നെങ്കിൽ !

ഈഡിപ്പസ്: സത്യം പറഞ്ഞില്ലെങ്കിൽ ഇന്നതുണ്ടാകും.

ഇടയൻ: അതു പറയുന്നതാണെൻെറ മരണം.

ഈഡിപ്പസ്: ഇനിയും ഒഴിഞ്ഞുമാറുകയാണോ ?

ഇടയൻ: ഞാൻ പറഞ്ഞല്ലോ, ഞാനാണു് കൊടുത്തതെന്നു്. ഇനിയെന്തു വേണം ?

ഈഡിപ്പസ്: ആ കുട്ടിയെവിടന്നു വന്നു ! നിൻെറ വീട്ടിൽ നിന്നോ, മററെവിടെന്നെങ്കിലുമോ ?

ഇടയൻ: എൻെറയല്ല. മററൊരാളുടെ.

ഈഡിപ്പസ്: ഏതു മനുഷ്യൻ ? ഏതു വീടു് ?

ഇടയൻ: ഈശ്വരന്മാരെയോർത്തു്, യജമാനനേ, ഇനി ചോദിക്കരുതേ.

ഈഡിപ്പസ്: പറയൂ ! ഇനി ഞാൻ മിണ്ടിയാൽ അതു് നിൻെറ മരണശിക്ഷയായിരിക്കും.

ഇടയൻ: അതു്....ലയൂസിൻെറ വീട്ടിലെയായിരുന്നു.

ഈഡിപസ്: അടിമ ? അതോ ലയൂസിൻെറ സ്വന്തമോ ?

ഇടയൻ: ഞാനതും പറയണോ ?

ഈഡിപ്പസ്: നീ പറയണം. എനിക്കു് കേട്ടേ തീരൂ.

ഇടയൻ: അദ്ദേഹത്തിൻെറ കുട്ടിയാണെന്നാണു് പറഞ്ഞതു്. റാണിക്കു് സകലതും അറിയാം.

ഈഡിപ്പസ്: അവരാണു് നിനക്കതിനെ തന്നതു്.

ഇടയൻ: അതെ, തിരുമേനീ.

ഈഡിപ്പസ്: എന്തിനുവേണ്ടി ?

ഇടയൻ: നശിപ്പിച്ചുകളയാൻ.

ഈഡിപ്പസ്: അവർ പെററ കുഞ്ഞിനെ ?

ഇടയൻ: അതെ തിരുമേനി. ഏതോ ഭയങ്കര ശാപം കൊണ്ടാണെന്നാണവർ പറഞ്ഞതു്.

ഈഡിപ്പസ്: എന്തു ശാപം ?

ഇടയൻ: ആ കുട്ടി അച്ഛനെ കൊല്ലുമെന്നു്.

ഈഡിപ്പസ്: ഈശ്വരാ, നീ എന്തിനു് ആ കുട്ടിയെ ഇയാംക്കു് കൊടുത്തു ?

ഇടയൻ: എനിക്കതിനെ കൊല്ലാൻ ശക്തിയുണ്ടായില്ല. ഞാൻ വിചാരിച്ചു, ഇയാം അതിനെ കൊണ്ടുപോയി മറേറതെങ്കിലും രാജ്യത്തു് വളർത്തിക്കൊള്ളുമെന്നു്. അയാം അതിൻെറ ജീവനെ രക്ഷിച്ചു. അതിവിടെയാണവസാനിച്ചതു്. അങ്ങാണോ ശിശുവെങ്കിൽ, അങ്ങേയ്ക്കു്, അയ്യോ, കഷ്ടം !

ഈഡിപ്പസ്: ഹാ, കഷ്ടം ! എല്ലാം തെളിഞ്ഞു. എല്ലാം അറിഞ്ഞു. ഇനി ഒന്നുമില്ല മറവിൽ. പ്രകാശമേ, ഞാനിനി ഒരിക്കലും നിൻെറ മുഖത്തു നോക്കാതിരിക്കട്ടെ. പാപ

ത്തിൽ ജനിച്ചു. വിവാഹം പാപപങ്കിലം. ഞാൻ രക്തം ചിന്തിയതും പാപം. ഹാ !

(എല്ലാവരും പോകുന്നു)

ഗായകസംഘം:

മർത്ത്യജീവിതവല്ലിയിൽശ്ശൂന്യത
മാത്രമത്രേ വിടൎന്നതിന്നോളവും !
വേദനയിലുണരും കിനാവുകൾ
മേദിനിയിതിൽസ്സൗഖ്യങ്ങളെല്ലാർക്കും,
ഇന്നലെയാളും മന്നനീഡിപ്പസ്സ
മന്നിൽ മാന്യൻ, സമസ്തഭാഗ്യാകരം.
ഇന്നെവിടെയാ നിർഭാഗ്യ ? നക്കഥ
ഭിന്നമാക്കാതെയുണ്ടേതു ഹൃത്തടം ?
ഹാ, വരൻ, പുത്രൻ;നമ്മ വധു;വെന്തു
ദേവമാനുഷശപ്തം പരിണയം !
അച്ഛനെപ്പോൽ മകനെപ്പുണന്നൊരാ-
വക്ഷസ്സെന്തുകൊണ്ടപ്പോൾ പിളൎന്നീല ?
ആ നിഷിദ്ധമാം വിത്തുവീഴ്കെ, ക്രുദ്ധ-
മായ് കളിമണ്ണെന്തട്ടഹസിച്ചീല ?
കാണുമൊക്കെയും കാലം, വിധിനൽകും,
നാംനിനക്കാതിരിക്കുന്ന വേളയിൽ;
ഇന്നലത്തെ പ്രഭാതപ്രദീപ്തിതാ-
നിന്നെനിക്കന്തമററ നിശാന്ധ്യമായ് ?

ഉത്തരാങ്കം

ദാസി: (കൊട്ടാരത്തിൽനിന്നും പ്രവേശിച്ച്) തീബ്സിലെ മാന്യ പൗരന്മാരേ, കേൾക്കാനും കാണാനും പോകുന്ന സംഭവങ്ങളെച്ചൊല്ലി കണ്ണീരൊഴുക്കുവിൻ; നിങ്ങൾ ഉത്തമ പൗരന്മാരും ലബ്ഡാക്കസ്സിൻെറ കുലത്തോട് കൂറുള്ളവരുമാണെങ്കിൽ നിങ്ങൾ കരയൂ. ഇസ്റ്റർ കടലിലെയും ഫാസീബിലെയും വെള്ളമത്രയും പോരാ, ഇക്കൊട്ടാരത്തിലടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യമത്രയും കഴുകിക്കളയാൻ. ഭയങ്കരങ്ങളിൽ ഭയങ്കരമായ പ്രവൃത്തി, കരുതിക്കൂട്ടിച്ചെയ്ത കടുംകൈ; അതു് കഴുകിക്കളയാൻ സാധ്യമല്ല.

പൗരന്മാർ: അറിഞ്ഞും കണ്ടും കഴിഞ്ഞ കാര്യങ്ങൾ തന്നെ ഞങ്ങളെ ദുഃഖത്തിൻെറ അതിർത്തി കാണിച്ചു. ഇനി ഇക്കഥയിലെന്തുണ്ടു കൂട്ടിച്ചേർക്കാൻ.

ദാസി: ആദ്യമായി...ചുരുക്കിപ്പറയാം...റാണി മരിച്ചു.

പൗരന്മാർ: അയ്യോ കഷ്ടം! ഇതെങ്ങിനെ സംഭവിച്ചു?

ദാസി: സ്വന്തകൈയ്യാൽ. നിങ്ങൾക്കതു കാണാനിടവന്നില്ല, വരികയുമില്ല; ഭാഗ്യവാന്മാർ! ആ അന്ത്യയാതന ഞാൻ കണ്ടു. ഞാനതൊരിക്കലും മറക്കുകയില്ല. കഴിവുള്ളതു് പറയുകയും ചെയ്യാം.

ക്ഷുഭിതയായി അവർ പടി കടന്നകത്തേയ്ക്കോടുന്നതു് നിങ്ങൾതന്നെ കണ്ടതാണല്ലോ. നേരിട്ടു പോയതു് മണിയറയിലേയ്ക്കാണു്, വലിച്ചു പറിച്ചുകൊണ്ടു്. അകത്തു കടന്ന ഉടനെ വാതിൽ കൊട്ടിയടച്ചു. മൺമറഞ്ഞ ലയൂസിനെ വിളിച്ചു് അവർ അലമുറയിട്ടു. ഏറെ നാൾ മുമ്പു് താൻ ഗർഭത്തിൽ വഹിച്ച മകനെയോർത്തും അവർ നിലവിളിച്ചു – അച്ഛനെ കൊന്ന മകനെ; ബീഭത്സമായൊരു വിവാഹാഭാസത്തിൻെറ ഫലങ്ങളായ മററു മക്കളെ അവർക്കു് നേടിക്കൊടുത്ത മകനെ! അവർ വിലപിച്ചു; അതിശപ്തമായ ആ സന്താനങ്ങളെയോർത്തും. ഭർത്താവിനു് പിറന്ന ഭർത്താവു്! മകനു് പിറന്ന മക്കൾ! ഞങ്ങളിതു കേട്ടതേയുള്ളു. അവരുടെ മരണം ഞങ്ങൾ കണ്ടില്ല. അപ്പോഴേയ്ക്കും അലമുറയിട്ടുകൊണ്ടു് മഹാരാജാവു് പാഞ്ഞുവരുന്നു. ''ഒരു വാൾ'', ''ഒരു വാൾ'', അദ്ദേഹം അലറുന്നു. ''എവിടെ ആ

ഭാര്യ—എന്റെ ഭാര്യയല്ല — എന്റെ ഭാര്യയല്ല — എന്നെ വിതച്ച, ഞാൻ വിള കൊയ്തെടുത്ത ആ മണൽകട്ട എവിടെ''. ഏതു് പിശാചു് വഴികാട്ടിയോ, അദ്ദേഹം കിടപ്പറയിലേക്കോടി. ഏതോ യുദ്ധത്തിലെന്നപോലെ അദ്ദേഹം അലറിക്കൊണ്ടു് വാതിലിൽ ചെന്നലച്ചു. വാതിൽ പറിഞ്ഞുപോയി. അദ്ദേഹം അകത്തായി. അതാ, ഞങ്ങരം കണ്ടതാണു്—ഒരു സ്ത്രീ കുരുക്കിൽ തൂങ്ങിനിന്നാടുന്നു ! മഹാരാജാവും അതു കണ്ടു. കരഞ്ഞുകൊണ്ടദ്ദേഹം ആ കയറഴിച്ചു, തമ്പുരാട്ടിയെ നിലത്തു കിടത്തി. അതുകൊണ്ടവസാനിച്ചില്ല. അവരുടെ വസ്ത്രം ബന്ധിച്ചിരുന്ന സ്വർണ്ണസൂചികളൂരി അദ്ദേഹം തന്റെ കണ്ണുകളിൽ ആഞ്ഞു തറച്ചു. പിന്നെയും പിന്നെയും. ആ കണ്ണുകളിനി തന്റെ ലജ്ജാഭാരത്തെ കാണരുതു്; തന്റെ മഹാപാപത്തെയും. താനൊരിക്കലും കാണാതിരിക്കേണ്ടതിനെ ആ കണ്ണുകളിനി കാണുകയില്ല. കാണാൻ കൊതിച്ചവരെയും കാണില്ല. ഇനിക്കാണുന്നതു് ഇരുട്ടുമാത്രം. ഇതും പറഞ്ഞുകൊണ്ടു് അദ്ദേഹം കൃഷ്ണമണി കുത്തിക്കീറി, തുടരെത്തുടരെ. താടിയിലൂടെരക്തബാഷ്പം പ്രവഹിച്ചു. തുള്ളികളായിട്ടല്ല, കുത്തിയൊലിക്കുന്ന ചോരപ്പുഴകളായി.

അങ്ങിനെ രണ്ടുപേർ പാപം ചെയ്തു. രണ്ടു ശിരസ്സുകളിൽ ഒന്നു മാത്രമല്ല, ഭർത്താവും ഭാര്യയും, ഒരുമിച്ചു്. ശിക്ഷാവിധിയും നടന്നു. അവരുടെ കഴിഞ്ഞുപോയ സൗഭാഗ്യം നീതികൊണ്ടു് സമ്പാദിച്ചതായിരുന്നു. പക്ഷെ ഇന്നു് അവിടെ ദുരന്തം, മരണം, നാശം, കണ്ണിൽ അപമാനം, അറിയപ്പെടുന്ന എല്ലാ കഷ്ടതകളും ഒരുമിച്ചു് നടമാടുകയാണു്.

പൗരന്മാർ: അദ്ദേഹമിപ്പോഴും വേദനയനുഭവിക്കുകയാണോ?

ദാസി: അദ്ദേഹം അട്ടഹസിക്കുകയാണു്. വാതിലുകളെല്ലാം മലർക്കെത്തുറക്കാൻ. തീബ്സ് നഗരവാസികരം കാണട്ടെ പിതൃഹന്താവിനെ, മാതൃ..ഓ അതു പറയാൻ നാവു് പൊങ്ങുന്നില്ല. ഉടനെ അദ്ദേഹം നാടുവിടും; സ്വന്തം ശാപത്തിൽനിന്നു് തന്റെ ഗൃഹത്തെ രക്ഷിക്കുവാൻ. പക്ഷേ പാവം ! അദ്ദേഹത്തിനു് വയ്യാ. കൂട്ടിക്കൊണ്ടുപോകാനും ആരുമില്ല. ദുസ്സഹമായ വേദനയാണു്. അതാ വാതിൽ തുറക്കുന്നു. നിങ്ങരംക്കു് തന്നെ കാണാമല്ലോ. എന്തൊരു കാഴ്ച ! എങ്ങിനെ കരയാതിരിക്കും....

(അന്ധനായ ഈഡിപ്പസ് പ്രവേശിക്കുന്നു)

പൗരന്മാർ: (ആ കാഴ്ച സഹിക്കാൻ വയ്യാതെ അവർ വസ്ത്രാഞ്ചലത്താൽ മുഖം മറയ്ക്കുന്നു) അയ്യോ ! അസഹ്യമായ ബീഭത്സത. കണ്ടതിലേററം ഭയങ്കരമായ വൈരൂപ്യം. എന്തൊരു ക്രൂര

മായ യാതന. തകന്ന ശിരസ്സേ, വിധിയുടെ ഏതു ഭയങ്കര പിശാചാണു് അങ്ങയെ ചവുട്ടി മെതിച്ചതു്. അയ്യോ, ഞാൻ കണ്ണു പൊത്തട്ടെ, കാണാനാഗ്രഹമുണ്ടെങ്കിലും. കേൾക്കാനാഗ്രഹിക്കുന്നതു തന്നെയാണു് ഞാൻ ഏററവും ഭയപ്പെടുന്നതും.

ഈഡിപ്പസ്: എന്തൊരു വേദന....ഞാനെവിടെയാണു്? ഇക്കേൾക്കുന്നതു് എൻെറ ശബ്ദം തന്നെയാണോ? എന്തൊരു വിധിയാണിതു്?

പൗരന്മാർ: മനുഷ്യനു് കേൾക്കാൻ വയ്യാത്തതു്, കണ്ണുകൾക്കു് കാണാനും.

ഈഡിപ്പസ്: ഹാ, ഇരുട്ടു്. അസഹ്യമായ, രക്ഷപെടാനാവാത്ത, പകലില്ലാത്ത ഇരുട്ടു്. കാററത്തിളകാത്ത കാളമേഘം. അയ്യോ, പിന്നെയും ആ വേദന! ശരീരത്തിലും ഈ വേദന, ആത്മാവിൽ ആ ഭയങ്കര ഓർമ്മയും.

പൗരന്മാർ: അതങ്ങിനെയാണു്. ഇത്തരം വേദനകൾ രണ്ടുവട്ടം അനുഭവിച്ചേ തീരൂ. ഒരിക്കൽ ശരീരത്തിലും പിന്നീടു് ആത്മാവിലും.

ഈഡിപ്പസ്: എൻെറ ആ വിശ്വസ്ത സ്നേഹിതന്മാർ തന്നെയാണോ അടുത്തു നിൽക്കുന്നതു്? നിങ്ങളുടെ കൈയ്യാണെനിക്കു് വഴികാട്ടി. നിങ്ങളിപ്പോഴും അടുത്തുണ്ടോ? മുഖം കണ്ടുകൂടെങ്കിലും, ആ കേൾക്കുന്ന ശബ്ദം നിങ്ങളുടെതാണു്.

പൗരന്മാർ: ആ കണ്ണുകൾ! ഏതു പൈശാചികശക്തിയാണങ്ങയെക്കൊണ്ടിതു ചെയ്യിച്ചതു്?

ഈഡിപ്പസ്: ആദിത്യഭഗവാൻ. സ്നേഹിതരേ, ആദിത്യഭഗവാനാണു് ഈ യാതന എൻെറമേൽ ഏററിയതു്. അവിടുത്തെ കൈകൊണ്ടല്ല. ഞാൻ തന്നെയാണതു ചെയ്തതു്. എല്ലാം വൈരൂപ്യമാണെങ്കിൽ കണ്ണെന്തിനു്?

പൗരന്മാർ: അതു ശരിയാണു്.

ഈഡിപ്പസ്: എനിക്കു് കാണാൻ ഇനി സൗന്ദര്യമെന്തിരിക്കുന്നു? കാഴ്ചയിലോ ശബ്ദത്തിലോ എവിടെയാണു് സൗന്ദര്യം? കൊണ്ടുപോകൂ. ഈ നാട്ടിനു് പുറത്തേക്കു് എന്നെ കൊണ്ടുപോകൂ. വേഗം. ഞാൻ നശിച്ചു. ദേവന്മാർക്കും നിന്ദ്യനായി. ഇത്രയധികം ശപ്തൻ ആരുണ്ടു്!

പൗരന്മാർ: രണ്ടുവശത്തും പീഡിപ്പിക്കപ്പെട്ടവൻ. ശരീരത്തിലെന്നപോലെ ആത്മാവിലും. ആ കടങ്കഥ അഴിക്കാൻ കഴിയാതിരുന്നെങ്കിൽ!

ഈഡിപസ്: എൻെറ വിലങ്ങു വെട്ടി മരണത്തിനു പകരം ജീവൻ തന്ന ഉപകാരി ശപിക്കപ്പെടട്ടെ. അതൊരു നഷ്ട

ക്കുവടമായിരുന്നു. എനിക്കും എന്നെ സംബന്ധിക്കുന്ന വക്കും മരണം ഒരു അനുഗ്രഹമായിരുന്നേനെ.

പൗരന്മാർ: - എനിക്കും അങ്ങനെ തോന്നുന്നുണ്ട്.

ഈഡിപ്പസ്: ഇപ്പോഴ്! അച്ഛന്റെ രക്തം ചിന്തിയവൻ. അമ്മയുടെ ഭർത്താവ്. ഈശ്വരന്ന് വേണ്ടാത്തവൻ. അവമാനിതൻ. സഹോദരന്മാരായ മക്കളുടെ പിതാവ്. —അയ്യോ! ഈഡിപ്പസിനില്ലാത്ത ഹതം ഏതാണ്?

പൗരന്മാർ: എങ്കിലും ഇതു വേണ്ടിയിരുന്നില്ല. ഇരുട്ടിൽ ജീവിക്കുന്നതിൽ ഭേദം മരിക്കുകയായിരുന്നു.

ഈഡിപ്പസ്: ചെയ്യാൻ കഴിവുള്ളതിൽവെച്ച് ഇതല്ല ഏററവും നല്ലതെന്ന് വിശ്വസിക്കാൻ എനിക്ക് നിവൃത്തിയില്ല. ഇനി എനിക്ക് പാഠങ്ങളൊന്നും പഠിക്കാനില്ല. കണ്ണുകളുമായി ഞാൻ ശവക്കുഴിയ്ക്കപ്പുറത്തു ചെന്നാൽ ഞാനെന്റെ അച്ഛനേയും അമ്മയേയും കാണേണ്ടിവരികയില്ലേ. യാതൊരു മരണത്തിനും തീക്കാനാവാത്ത മഹാപാപമല്ലേ ഞാനവക്കെതിരേ ചെയ്തതു്. അവർ ജനിച്ചതെങ്ങനെയെന്നോർക്കുമ്പോഴ് എനിക്കെന്റെ കുഞ്ഞുങ്ങളെ കാണാൻ കഴിയുമോ? ആ വിചിത്രകാഴ്ച കാണാൻ കണ്ണുകഴ്വേണോ? തീബ്സിന്റെ ഗോപുരങ്ങളും പ്രതിമകളും എനിക്കു കാണാമോ? ഞാനല്ലേ അതു കാണുന്നതിൽനിന്ന് എന്നെ നിരോധിച്ചിരിക്കുന്നതു്. ലയൂസിന്റെ പുത്രനെ, ദേവന്മാക്കും മനുഷ്യക്കും വേണ്ടാത്ത ആ ശപ്തവസ്തുവിനെ, ആട്ടിയോടിക്കാൻ ഞാൻ തന്നെയല്ലേ ആജ്ഞാപിച്ചതു്? ആ മഹാപാപി ഞാൻ തന്നെയെന്നു് തെളിഞ്ഞപ്പോഴ് എനിക്കെന്തിനാണ് കാഴ്ച. ഈ ജനങ്ങഴ് എന്നെ തുറിച്ചുനോക്കുന്നതു് കാണാനോ? കേഴ്വിയും വേണ്ട. അതു നശിപ്പിക്കാൻ എന്തെങ്കിലും മാഗ്ഗമുണ്ടായിരുന്നെങ്കിൽ ഞാനതു ചെയ്തേനെ. കഴിയുമെങ്കിൽ നീചമായ ഈ ശരീരം ഞാൻ ശൂന്യതയിൽ പൊതിഞ്ഞേനെ. മനസ്സിനു് വേദനയ്ക്കപ്പുറമെത്താൻ കഴിഞ്ഞെങ്കിൽ ശാന്തി ലഭിക്കുമായിരുന്നു.

കിഥാറോൺ മലകളേ, എന്റെ വളർത്തമ്മേ, നീയെന്തിനു വേണ്ടിയാണോ എന്നെ രക്ഷിച്ചതു്? എന്നെയെങ്ങിനെ ലഭിച്ചുവെന്നു് ലോകത്തോടു പ്രഖ്യാപിക്കുന്നതിനു പകരം എന്നെ മരിക്കാനനുവദിക്കരുതായിരുന്നോ? കോറിന്തേ, പോളിബസേ, നിങ്ങളുടെ വളർത്തുപുത്രന്റെ ബാലസൗന്ദര്യത്തിൽ ചീഞ്ഞഴുകിയിരുന്ന ദുഷ്ട് നിങ്ങഴ് കണ്ടിരുന്നോ. ഇപ്പോഴ് സകല പാപവും തെളിഞ്ഞു. പാപത്തിന്റെ സന്തതി! ഹാ, കാടു തെളിച്ചിടത്തെ നിശബ്ദമായ ആ മുക്കൂട്ടപ്പെരുവഴി! അതിനടുത്തുള്ള കുററിക്കാട്.

ആ മണ്ണിലാണ് ഞാനെൻെറ അച്ഛൻെറ ചോര വീഴ്ത്തിയതു്—അല്ല എൻെറ രക്തം. അവയെല്ലാം എന്നെ ഓർമ്മിക്കുമോ? ഞാനെന്തിനാണ് അതുവഴി തീബ്സിലേയ്ക്ക് വന്നതെന്നും? അശുദ്ധപാപം. പിറന്ന ഗർഭത്തിൽ ഗർഭോല്പാദനം ചെയ്യാൻ! അച്ഛൻ, സഹോദരൻ, പുത്രൻ; വധു, ഭാര്യ, അമ്മ—ഒരൊററ ആസുരദാമ്പത്യത്തിൽ കുഴഞ്ഞുചേന്ന ബന്ധങ്ങരം! ഒരൊററ കുററത്തിൽ മനുഷ്യപാപങ്ങളെല്ലാം. പറയാൻ വയ്യാത്ത അവയെപ്പററി ഞാനിനി പറയുന്നില്ല. —എന്നെ ഒളിപ്പിക്കു ദൈവത്തെയോർത്തു—എന്നെയൊളിപ്പിക്കു. എന്നെ കൊല്ലൂ. എന്നെ കടലിൽ കെട്ടിത്താഴ്ത്തു. കൊണ്ടുപോകൂ.

(പൗരന്മാർ ഈഡിപ്പസിൻെറ തപ്പുന്ന കൈകളിൽനിന്നു ഒഴിയുന്നു)

ദയവുചെയ്തു് എന്നെ കൊണ്ടുപോകണേ. എന്നെ തൊടാൻ പേടിക്കേണ്ട. എൻെറ ശാപം എൻെറമേൽ മാത്രമാണ്.

പൗരന്മാർ: അതാ ക്രിയോൺ വരുന്നു. അങ്ങയുടെ ആശകരംക്കുത്തരം പറയുന്നതും ചെയ്യുന്നതും അദ്ദേഹമാണ്. അദ്ദേഹമാണ് ഇപ്പോരം നിങ്ങരംക്കു പകരം ഞങ്ങളുടെ രക്ഷിതാവ്.

ഈഡിപ്പസ്: ഞാനെന്താണദ്ദേഹത്തോടു പറയുക. എൻെറ എന്തഭ്യർത്ഥനയാണ് അദ്ദേഹത്തിനു് ന്യായമായിത്തോന്നുക. ഇപ്പോരം തെളിഞ്ഞില്ലേ, ഞാനദ്ദേഹത്തെ എത്രയോ ഭയങ്കരമായി ദ്രോഹിച്ചെന്നു്.

ക്രിയോൺ: (പ്രവേശിച്ച്) ഈഡിപ്പസ്, ഞാൻ വന്നിരിക്കുന്നതു് നിങ്ങളുടെ അധഃപതനത്തിൽ നിങ്ങളെ അധിക്ഷേപിക്കാനല്ല. കഴിഞ്ഞ തെററുകളെപ്പററി കുററപ്പെടുത്താനുമല്ല.

സ്നേഹിതനേ, ആദിത്യഭഗവാനോടു്, ജീവൻെറ പ്രഭുവിനോടു് നിങ്ങരംക്കുള്ള ഭക്തിയെ ഓർമ്മിക്കു്—മനുഷ്യരോടില്ലെങ്കിൽ വേണ്ട. അശുദ്ധവസ്തു പുറത്തിറക്കരുതു്. മണ്ണിനും വെള്ളത്തിനും വായുവിനും അതിനെ സ്വീകരിക്കാനും വയ്യാ. അദ്ദേഹത്തെ അകത്തു കൊണ്ടുപോകൂ. ഇത്തരം കഷ്ടത, ബന്ധുക്കളൊഴിച്ചാരും കാണരുതു്.

ഈഡിപ്പസ്: പ്രിയസ്നേഹിതാ, ഒററ ദയക്കേ ഞാൻ യാചിക്കുന്നുള്ളൂ. അങ്ങയുടെ ഈ കാരുണ്യം എനിക്കു പ്രതീക്ഷിക്കാവുന്നതല്ല. ഒന്നുമാത്രം—ദൈവത്തെയോർത്തു്—അങ്ങേയ്ക്കുവേണ്ടി, എനിക്കുവേണ്ടിയല്ല—

ക്രിയോൺ: ഇത്ര വിനീതമായി യാചിക്കുന്നതു് എന്തിനുവേണ്ടിയാണ്?

ഈഡിപ്പസ്: ഇക്ഷണം എന്നെ ഇവിടെനിന്നോടിക്കൂ. മനുഷ്യൻെറ കൺമുമ്പിൽനിന്നു്.

ക്രിയോൺ: ഞാൻ ഈശ്വരാജ്ഞ പ്രതീക്ഷിച്ചിരിക്കയല്ലായിരുന്നെങ്കിൽ അതു നേരത്തേ നടക്കമായിരുന്നു.

ഈഡിപ്പസ്: ഈശ്വരാജ്ഞ വ്യക്തമല്ലേ. നീചനായ പിതൃഹന്താവു, മരിക്കണം. അവനിതാ നിൽക്കുന്നു.

ക്രിയോൺ: അങ്ങിനെതന്നെ. പക്ഷെ ഇപ്പോഴത്തെ പരിതസ്ഥിതിയിൽ എനിക്കു വ്യക്തമായി നിർദ്ദേശം ലഭിക്കണം.

ഈഡിപ്പസ്: നശിച്ച എൻെറ ജീവിതത്തെപ്പററിയോ ? ഇത്രശ്ശു ശപ്തമായ ഒരാളിനുവേണ്ടി ഈശ്വരാജ്ഞ ആരായുമോ ?

ക്രിയോൺ: ഈശ്വരനെ വിശ്വസിക്കാൻമാത്രം തെളിവു കിട്ടിയില്ലേ ?

ഈഡിപ്പസ്: കിട്ടി. ഒന്നുകൂടിയേ എനിക്കു ചോദിക്കാനുള്ളു. അകത്തു കിടക്കുന്നവരുടെ സംസ്കാരം. അങ്ങേയ്ക്കു യുക്തമെന്നു തോന്നുന്നെങ്കിൽ വിധിപ്രകാരം നടത്തണേ. അവർ നിങ്ങളുടെ സഹോദരിയാണു്; നിങ്ങൾ വേണ്ടതു ചെയ്യും. എന്നെ സംബന്ധിച്ചാണെങ്കിൽ, എൻെറ സാന്നിദ്ധ്യം എൻെറ മാതൃഭൂമിയെ തീണ്ടാതിരിക്കട്ടെ. ഞാൻ മലകളിലേയ്ക്കു പൊയ്ക്കൊള്ളാം. അവിടെത്തന്നെ മരിക്കാം.

കിഥറോൺ ! എൻെറ നാമധേയവുമായി എന്നെന്നും ഘടിപ്പിക്കപ്പെട്ട ആ നാമധേയം. എൻെറ മരണക്കിടക്കയായി എൻെറ അച്ഛനമ്മമാർ തിരഞ്ഞെടുത്ത ആ മലയിൽ തന്നെ അവരുടെ ഹിതം നിവർത്തിച്ചുകൊണ്ടു ഞാൻ പോയി മരിക്കാം. എങ്കിലും എനിക്കറിയാം, വാർദ്ധക്യം, രോഗം, അപകടം—ഇവകൊണ്ടൊന്നും ഞാൻ മരിക്കുകയില്ല. ഇതുവരെ ഞാൻ മരണത്തിൽനിന്നു രക്ഷപെട്ടതു ഇതിലും ബീഭത്സമായ എന്തോ വിധികൂടി അനുഭവിക്കാനാണു്. നടക്കട്ടെ. പിന്നെ...കുട്ടികൾ. ക്രിയോൺ, ആൺകുട്ടികളെപ്പററി വിഷമിക്കണ്ട. അവരെങ്ങിനെയെങ്കിലും പിഴച്ചുകൊള്ളും. പക്ഷേ പെൺകുട്ടികൾ...ആ കുഞ്ഞുങ്ങൾ ഒരു നേരമെങ്കിലും അവരുടെ അച്ഛൻെറകൂടെയല്ലാതെ ഭക്ഷണം കഴിച്ചിട്ടില്ല. എല്ലാം പങ്കുവച്ചിരുന്നു. അവരെ നോക്കിക്കൊള്ളണേ ക്രിയോൺ...ക്രിയോൺ...എനിക്കവരെ ഒരി

ക്കൽക്കൂടി തൊടുവാനും കരയുവാനും—ഒരിക്കൽ മാത്രം ... അനുവദിക്കുമെങ്കിൽ! ദയവായി കരുണ തോന്നണേ .. അവരെ ഒന്നു തൊടാൻ....എങ്കിൽ എനിക്കവരെ കാണുന്നിടത്തോളം ആശ്വാസം ലഭിക്കും.

(ഇസ്മേനിയും അൻറിഗണിയും പ്രവേശിച്ച് ഈഡിപ്പസിൻെറ മുമ്പിൽ നിൽക്കുന്നു)

എന്തു്. എൻെറ ഓമനകൾ കരയുകയാണോ? ക്രിയോണിനും കരുണ തോന്നിയോ? അവരെ എൻറടുത്തയച്ചു, അല്ലേ! ഓമനമക്കളേ, നിങ്ങളാണോ അതു്?

ക്രിയോൺ: അവരിതാ. ഞാനവരെ കൊണ്ടുവന്നിരിക്കുന്നു. നിങ്ങൾ അവരെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നു് എനിക്കറിയാം. ഇന്നും നിങ്ങൾ അവരെ സ്നേഹിക്കുന്നു.

ഈഡിപ്പസ്: ക്രിയോൺ, ഇതിനുവേണ്ടി ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. എൻെറ ജീവിതയാത്രയെക്കാൾ നിങ്ങളുടേതു് സുകരമായിരിക്കട്ടെ. എൻെറ മക്കളേ, നിങ്ങൾ എവിടെയാണു്. വരൂ. നിങ്ങളുടെ സഹോദരൻെറ കൈകൾ പിടിക്കൂ. അവയാണു് നിങ്ങളുടെ അച്ഛൻെറ കണ്ണുകൾ ഇരുട്ടിക്കളഞ്ഞതു്. നിങ്ങൾ സ്നേഹിച്ചിരുന്ന അച്ഛൻെറ കണ്ണുകൾ. നിങ്ങളുടെ അച്ഛനായപ്പോൾ ഞാനറിഞ്ഞിരുന്നില്ല, ഞാനെന്താണു് ചെയ്യുന്നതെന്നു്. ആ കണ്ണുകൾക്കു് നിങ്ങളെക്കാണാൻ കഴിയില്ല. പക്ഷേ അവ നിങ്ങളുടെക്കൂടെ കരയുന്നുണ്ടു്. വരാനിരിക്കുന്ന ദുഃഖകാലത്തു് നിങ്ങൾ എങ്ങനെ ലോകത്തെ നേരിടും എന്നാണു് ഞാനാലോചിക്കുന്നതു്. വിശുദ്ധദിവസങ്ങളും, വിശേഷദിവസങ്ങളും, ഉത്സവദിനങ്ങളും നിങ്ങൾക്കു് സന്തോഷം തരികയില്ല. മററുള്ളവർ കളിക്കുമ്പോൾ നിങ്ങൾ ശോകമൂകരായി വീട്ടിലേക്കു് പോകണം. നിങ്ങൾക്കു് വിവാഹകാലമാകുമ്പോൾ എൻെറ മക്കൾക്കും മക്കളുടെ മക്കൾക്കും ഒട്ടിനില്ക്കുന്ന അപവാദത്തെ അവഗണിക്കാൻ യുവാക്കന്മാരുണ്ടാകുമോ? ഒരൊററയാളെങ്കിലും? നമുക്കു് ചേരാത്ത എന്തെങ്കിലും ഒരു ദുഷ്പേരു് ലോകത്തിലുണ്ടോ? അച്ഛനെ കൊന്ന മകൻ? ജനിച്ച ശയ്യ അശുദ്ധമാക്കിയവൻ! ജനിച്ചിടത്തു് ജനിപ്പിച്ചവൻ! അവരിതെല്ലാം നിങ്ങളുടെ മുഖത്തു് മുദ്രകുത്തും.

പിന്നെയെവിടെയാണു് നിങ്ങാംക്കു് വരന്മാരുണ്ടാവുക! ഇല്ല. ഒരിക്കലുമില്ല. നിങ്ങളുടെ ജീവിതം വന്ധ്യമായിത്തന്നെ അവസാനിക്കും. ക്രിയോൺ, നിങ്ങളിപ്പോഴും അവരുടെ ബന്ധുവാണു്. അവർക്കുള്ള ഏക അച്ഛൻ. അവരെ ജനിപ്പിച്ചവൻ ഇനി അവരുടെ അച്ഛനല്ല. ഈ അനാഥകുട്ടികാം...അവരെ തെണ്ടിത്തിരിയാൻ ഇടയാക്കരുതേ. അവരുടെ ജീവിതം എൻേറതുപോലെയാക്കരുതേ. അവരെ പോററണേ. പിഞ്ചു കുട്ടികാം, പാവങ്ങാം, അവർക്കു് നിങ്ങളല്ലാതെ ആശ്രയമില്ല. നിങ്ങാം അതു ചെയ്യുമോ... എനിക്കു് വാക്കു നരു. (ക്രിയോൺ കൈകൊടുക്കുന്നു) സ്നേഹിതാ! കുഞ്ഞുങ്ങളേ നിങ്ങാം വളർന്നുവരുമ്പോാം പലതും മനസ്സിലാക്കും. അതൊന്നും നിങ്ങാംക്കിന്നു് മനസ്സിലാകയില്ല. പക്ഷേ നിങ്ങാം പ്രാർത്ഥിക്കുമ്പോാം ഇതു ചോദിക്കുക, നന്നായിട്ടു കഴിയുന്ന കാലത്തോളം മാത്രം ജീവിക്കാൻ. അങ്ങനെയെങ്കിൽ നിങ്ങാംക്കു് നിങ്ങളുടെ അച്ഛനെക്കാാം നന്നായി ജീവിക്കാം.

ക്രിയോൺ: അതു മതി. ഇനി നിങ്ങാം അകത്തേയ്ക്കു പോകു.

ഈഡിപ്പസ്: ഞാൻ പോയേ തീരൂ! എനിക്കിഷ്ടമില്ലെങ്കിൽപോലും.

ക്രിയോൺ: എല്ലാററിനുമൊരതിർത്തിയുണ്ടു്.

ഈഡിപ്പസ്: നിങ്ങാം എനിക്കു് വാക്കു തന്നിരിക്കയല്ലേ?

ക്രിയോൺ; എന്തു വാക്കു്?

ഈഡിപ്പസ്: എന്നെ ഇവിടുന്നയയ്ക്കാൻ.

ക്രിയോൺ: അതു് ഭഗവാൻ തീരുമാനിക്കണം. ഞാനല്ല.

ഈഡിപ്പസ്: ഏതു ദൈവമാണു് എന്നെപ്പററി പറയുക?

ക്രിയോൺ: എങ്കിൽ നിങ്ങളുടെ ഇഷ്ടം സാധിക്കും.

ഈഡിപ്പസ്: നിങ്ങളുടെ സമ്മതവും.

ക്രിയോൺ: എൻെറ അറിവിനപ്പുറം ഞാനൊന്നും പറയില്ല.

ഈഡിപ്പസ്: (തൃപ്തനായി, എങ്കിലും വിമനസ്സായി) എന്നെ കൊണ്ടുപോകു.

ക്രിയോൺ: നടക്കു. (ഈഡിപ്പസ് കുട്ടികളെ ചേർത്തു പിടിച്ചുകൊണ്ടു കൊട്ടാരത്തിലേയ്ക്കു നടക്കുന്നു) പക്ഷേ കുട്ടികളെ വിട്ടേക്കു.

ഈഡിപ്പസ്: ഇല്ല. അവരെ എന്നിൽനിന്നെടുക്കരുതു്.

ക്രീയോൺ: ഉത്തരവുകളുടെ കാലം കഴിഞ്ഞു. ഇനി അനുസരിക്കു. നിങ്ങളുടെ വാഴ്ച അവസാനിച്ചു.

(ഈഡിപ്പസ് അകത്തേക്കു നയിക്കപ്പെടുന്നു)

ഗായകസംഘം:

നിഖിലവന്ദ്യനെ, ദിവ്യജ്ഞാനിയെ-
സ്സുഖസമൃദ്ധിയിൽ സർവ്വാഭികാമ്യനെ,
നിയതിയെങ്ങു ഹാ, വീഴ്ത്തിയീഡിപ്പസ്സു്
നൃപനെ,യപ്പൊക്കമെ,ങ്ങീപ്പതനവും ।

നരനു മൃത്യുവെല്ലായ്പ്പോഴുമെത്തിടാം;
നരകമാണെന്നും നാകത്തിനപ്പുറം;
സുഖിതനെന്നൊരാളേയും വിളിയ്ക്കായ്ക
സുഖമവൻ ചിതയിങ്കലെത്തുംവരെ,

★

സോഫോക്ലിസിൻെറ

അൻറിഗണി

[ഇതിലെ കോറസ് ഗാനങ്ങൾ പരിഭാഷ
ചെയ്തതു് പ്രൊഫ: ജി. കുമാരപിള്ളയാണു്]

ഒരു പ്രാരംഭക്കുറിപ്പ്

ചട്ടങ്ങളുടെ തലനാരിഴയ്ക്കു്, മനുഷ്യത്വത്തെക്കാളേറെ വില കല്പിച്ച ഒരു മനുഷ്യന്റെ കഥയാണിതു്; അന്ധമായി സ്നേഹിച്ച ഒരു യുവതിയുടെയും.

പ്രാചീനയവനനഗരമായ തീബ്സ്—ആദിത്യഭഗവാന്റെ സ്വന്ത നഗരമെന്നു വിഖ്യാതമായ തീബ്സ്—നഗരസ്ഥാപകനായ കാഡ്മസിന്റെ വംശജനായ ഈഡിപ്പസ് രാജാവു് വിധിവൈപരീത്യത്താൽ സ്വന്ത മാതാവിനെ പരിഗ്രഹിച്ച പാപത്തിനു് സ്വയം അന്ധനാക്കപ്പെട്ടു ദേശാന്തരിയായി മരിച്ചു. അവശേഷിച്ച രണ്ടു പുത്രന്മാരും പുത്രിമാരും തീബ്സിൽ അമ്മാവനായ ക്രിയോണിന്റെ സംരക്ഷണയിൽ വളർന്നുവന്നു. രാജ്യാവകാശത്തിനുവേണ്ടി പുത്രന്മാർ തമ്മിൽ കലഹിച്ചു. ബഹിഷ്കൃതനായ പോളിനീക്കസ് ആർഗ്ഗോസിലെ രാജപുത്രിയെ വേട്ടു് ഒരു സൈന്യശേഖരവുമായി തിരിച്ചെത്തി നഗരത്തെ പ്രതിരോധിച്ചു. തുടർന്നുണ്ടായ യുദ്ധത്തിൽ ആർഗ്ഗോസ് സൈന്യം തോറേറാടി. സഹോദരന്മാർ തമ്മിൽ പരസ്പരം വധിക്കയും ചെയ്യുന്നു. പടത്തലവനായ ക്രിയോൺ കൊട്ടാരത്തിലേയ്ക്കു തിരിച്ചുവരികയാണു്.

അടുത്ത പ്രഭാതത്തിൽ . . . .

പാത്രങ്ങൾ

ക്രിയോൺ	...	...	തീബ്സ് രാജാവു്
ഇസ്മെനി	...	...	ഈഡിപ്പസിന്റെ പുത്രി
അൻറിഗണി	...	...	,, ,,
ഹേമൺ	...	...	ക്രിയോണിന്റെ പുത്രൻ
തീറേസിയാസ്	...	...	ഒരു പ്രാശ്നികൻ
യൂറിഡിഖി	...	...	ക്രിയോണിന്റെ റാണി

പൗരന്മാർ, ദൂതൻ, കാവൽക്കാർ തുടങ്ങിയവർ

പൂർവ്വരംഗം

(രംഗം: തീബ്സിലെ കൊട്ടാരത്തിൻെറ മുൻവശം)

(ഇസ്മെനി, കൊട്ടരാത്തിൻെറ മദ്ധ്യകവാടത്തിൽനിന്നു പ്രവേശിക്കുന്നു. അൻറിഗണി ആശങ്കാധീനയായി പുറകേയും. വാതിൽ ചേർത്തടച്ചിട്ട് അൻറിഗണി ഇസ്മെനിയുടെ അടുത്തു വന്ന് രഹസ്യം പറയുന്ന ഭാവത്തിൽ)

അൻറിഗണി: ഇസ്മെനീ, എൻെറ ഇസ്മെനീ, ഇതെന്തൊരു ദുർവ്വിധിയാണ്. അച്ഛൻ മരിച്ചിട്ടും അദ്ദേഹത്തിൻെറ ദുരിതം നമ്മെ പിന്തുടരുകയാണെന്നു തോന്നുന്നു. വേദന, ദുഃഖം, അവമതി—നീയും ഞാനും അനുഭവിക്കാത്ത കഷ്ടത ഇനി എന്താണുള്ളത്? ഇതൊന്നും പോരാഞ്ഞിട്ടാണ്..! ഇന്നത്തെ രാജശാസനമെന്താണെന്ന് നീ കേട്ടോ? നമുക്കേററവും പ്രിയപ്പെട്ടവരെ ശത്രുക്കളെയെന്നതുപോലെ ദ്രോഹിക്കുക!

ഇസ്മെനി: നമ്മുടെ സ്വന്തക്കാരെയോ? ഞാനൊന്നുമറിഞ്ഞില്ല. എന്നുവച്ചാൽ ചേട്ടന്മാർ രണ്ടുപേരും പരസ്പരം വെട്ടിമരിച്ചതല്ലാതെ. ആർഗ്ഗോസ്സൈന്യം കഴിഞ്ഞരാത്രി തന്നെ പിന്മാറിയെന്നുമറിഞ്ഞു. അതല്ലാതെ യാതൊരു വർത്തമാനവും ഞാനറിഞ്ഞില്ല—നല്ലതായിട്ടോ ചീത്തയായിട്ടോ.

അൻറിഗണി: നീ അറിഞ്ഞിട്ടില്ലെന്ന് എനിക്കു തോന്നി. അതുകൊണ്ടാണ് നിന്നെ ഇങ്ങോട്ടു വിളിച്ചുകൊണ്ടുവന്നത്. ഒരു രഹസ്യം പറയാനുണ്ട്. ഇവിടെ ആക്കും ഒളിച്ചുനിന്നു കേരംക്കാൻ സൗകര്യമില്ല.

ഇസ്മെനി: കാര്യമെന്താണെന്നു പറയൂ അൻറിഗണീ. തുടക്കം കേട്ടിട്ടുതന്നെ എന്തോ ഭയങ്കര വാർത്തയാണെന്നു തോന്നുന്നല്ലോ.

അൻറിഗണി: നീതന്നെ പറയൂ. നമ്മുടെ സഹോദരന്മാരിൽ ഒരാരംക്ക് ശവസംസ്കാരബഹുമതികരം സകലതും. മററെയാരംക്ക്, അവമാനം. ഈററിയോക്ലീസിനെ അവർ സർവ്വാഡംബരപൂർവ്വം സംസ്കരിച്ചു എന്നാണു ഞാൻ കേട്ടത്.

മുറപ്രകാരമുള്ള ഉദകക്രിയകളെല്ലാം അദ്ദേഹത്തിനുവേണ്ടി നടത്തപ്പെട്ടു. അങ്ങനെതന്നെ ദയനീയമായി മരിച്ചതല്ലേ പോളിനീക്കസും. പക്ഷേ, അദ്ദേഹത്തിനു സംസ്കാരമേ പാടില്ലെന്നാണ് രാജകല്പന. വിലാപവും പാടില്ല. പോളിനീക്കസിന്റെ ശരീരം കഴുകൾക്ക് കൊത്തിവലിക്കുവാനുള്ള ഒരു സദ്യയായിരിക്കണമത്രെ. ഇതാണ് ഇന്നത്തെ രാജശാസന....യോഗ്യനായ ക്രിയോൺ! നമ്മെയുദ്ദേശിച്ചാണീ നിരോധനം. അതെ, എന്നെയുദ്ദേശിച്ചതന്നെ. ക്രിയോൺ ഇപ്പോൾ വരും, ആജ്ഞ അറിയാത്തവരുമുണ്ടെങ്കിൽ അവർക്കുവേണ്ടി ഒരിക്കൽക്കൂടി അതു പ്രഖ്യാപിക്കാനും നടപ്പിലാക്കാനുംവേണ്ടി. ഇതു വെറും പേപ്പിടിയൊന്നുമല്ല. കല്ലെറിഞ്ഞുകൊല്ലുകയാണാജ്ഞാലംഘനത്തിനു ശിക്ഷ. കാര്യമെല്ലാം മനസ്സിലായില്ലേ? ഇപ്പോഴാണ് നിന്റെ തറവാടിത്തം കാണേണ്ടതു്.

ഇസ്മേനി: പാവം, അൻറിഗണീ, കാര്യമിങ്ങനെയൊക്കെയാണെങ്കിൽ നിനക്കുവേണ്ടി എനിക്കെന്തു ചെയ്യാൻ കഴിയുമെന്നാണു നീ പറയുന്നതു്? അതോ ഇനി ഞാൻ വല്ലതും ചെയ്യാതിരിക്കുകയാണോ വേണ്ടതു്?

അൻറിഗണി: നീയെന്നെയൊന്നു് സഹായിക്കുമോ? ഒരു കാര്യം ചെയ്യാൻ എന്റെകൂടെ കൂടാമോ? പറയൂ. ഉവ്വോ?

ഇസ്മേനി: എന്തു ചെയ്യാനാണു്? ഏ്? നീ എന്താണിപ്പറയുന്നതു്?

അൻറിഗണി: ആ ശരീരം എടുത്തു പൊക്കാൻ ഒന്നു സഹായിക്കണം. നമ്മൾ രണ്ടുപേരുമുണ്ടെങ്കിൽ...

ഇസ്മേനി: എന്തു്! സംസ്കരിക്കാനോ? കല്പന ലംഘിച്ചു്?

അൻറിഗണി: അദ്ദേഹം എന്റെമാത്രം ചേട്ടനല്ല. നിനക്കിഷ്ടമായാലുമില്ലെങ്കിലും പോളിനീക്കസ്സ് നിന്റെയും ചേട്ടനാണു്. ഞാനൊരിക്കലും എന്റെ ചേട്ടനെ ഉപേക്ഷിക്കുകയില്ല.

ഇസ്മേനി: ക്രിയോൺ ഇങ്ങനെയൊരു കല്പന പുറപ്പെടുവിച്ചിരിക്കുമ്പോൾ എങ്ങനെയാണതു ചെയ്യുക?

അൻറിഗണി: എന്നെ എന്റെ ചേട്ടനിൽനിന്നകററിനിറുത്താൻ അയാൾക്കു് യാതൊരധികാരവുമില്ല.

ഇസ്മേനി: അൻറിഗണീ, സഹോദരീ, നീ എന്താണിപ്പറയുന്നതു്? കഴിഞ്ഞതെല്ലാം നീ മറന്നുപോയോ? നിർഭാഗ്യവാനായ അച്ഛൻ നരകയാതന അനുഭവിച്ചു മരിച്ചു. സ്വന്തപാപം സ്വയം തെളിയിച്ചു്, സ്വന്ത കൈകൊണ്ടു് അന്ധനാക്കപ്പെട്ടു്.......അയ്യോ! എനിക്കോർമ്മിക്കാൻ വയ്യാ!

അമ്മയോ? - അച്ഛൻെറ മാതാവും ഭാര്യയുമായ ആ ദൗർഭഗ തൂങ്ങിമരിക്കയും ചെയ്തു. അതുകഴിഞ്ഞു് ഈററിയോക്ലിസും പോളിനീക്കസും പരസ്പരം വെട്ടിക്കൊന്നു. അങ്ങനെ നമ്മരം രണ്ടുപേർ മാത്രമായി. ഇനി ഈ ആജ്ഞ ധിക്കരിച്ചാൽ നമ്മുടെ സ്ഥിതി എന്തായിരിക്കും?... അൻറിഗണീ, ശാന്തമായിട്ടാലോചിച്ചുനോക്കു്. നമ്മരം പാവപ്പെട്ട രണ്ടു പെണ്ണുങ്ങരം പുരുഷന്മാരോടു് എങ്ങനെയാണെതിർക്കുക? നമ്മെ ഭരിക്കുന്നവർ നമ്മെക്കാരം ശക്തന്മാരാണു്. അനുസരിക്കുകയേ ഗതിയുള്ളൂ. അല്ലെങ്കിൽ, ഭവിഷ്യത്തു് ഇതിലപ്പുറമായിരിക്കും. മരിച്ചവരെനിക്കു മാപ്പുതരട്ടെ. ആജ്ഞ ലംഘിച്ചു പ്രവർത്തിക്കാനെനിക്കു കെല്പില്ല. നില മറക്കുന്നതു് ഭ്രാന്താണൻറിഗണീ.

അൻറിഗണി: ആഹാ!—നിനക്കങ്ങനെയാണു തോന്നുന്നതെങ്കിൽ ഞാൻ നിൻെറ സഹായത്തിനാവശ്യപ്പെടുന്നില്ല... എന്നല്ല നീയിനി അതു തരാമെന്നുവച്ചാൽത്തന്നെ എനിക്കതു വേണ്ട. നീ നിൻെറ കാര്യം നോക്കിക്കൊള്ളൂ. ഞാനെൻെറ ചേട്ടനെ സംസ്കരിക്കും. അതിനുവേണ്ടി മരിച്ചാൽത്തന്നെയെന്തു്? ഭക്തിക്കുററത്തിനു് മരണശിക്ഷയനുഭവിച്ചു ചേട്ടൻെറകൂടെ സംസ്കരിക്കപ്പെടുന്നതെനിക്കാനന്ദമാണു്. എന്നെന്നേയ്ക്കും ഞാനവിടെ കിടന്നുകൊള്ളാം. ജീവിച്ചിരിക്കുന്നവരെ പ്രീണിപ്പിക്കാൻ സമയം കുറച്ചേയുള്ളൂ ഇസ്മേനീ. മരിച്ചവരെ സ്നേഹിക്കാനോ, കല്പാന്തകാലവും. നീ നിൻെറ ഇഷ്ടംപോലെ ജീവിച്ചുകൊള്ളൂ; പരാശക്തിയുടെ സകല ദിവ്യാജ്ഞകളെയും ലംഘിച്ചുകൊണ്ടു്.

ഇസ്മേനി: ഞാനവയെ ധിക്കരിക്കുന്നില്ല. രാജ്യത്തിനെതിരായി പ്രവത്തിക്കാനുള്ള ശക്തി എനിക്കില്ലെന്നുമാത്രം.

അൻറിഗണി: ആ ഒഴികഴിവു് നിന്നെ തൃപ്തിപ്പെടുത്തുന്നുണ്ടെങ്കിൽ അങ്ങനെയാകട്ടെ. ഞാൻ പോവുകയാണു്. എൻെറ ചേട്ടൻെറമേൽ കുറച്ചു പൊടിമണ്ണെങ്കിലും വാരിയിടട്ടെ,

ഇസ്മേനി: അൻറിഗണീ, നിൽക്കു്, നിൽക്കു്. എനിക്കു പേടിയാവുന്നു. നിനക്കു വല്ലതും...

അൻറിഗണി: എന്നെയോർത്താരും വിഷമിക്കണ്ട. സ്വന്ത കാര്യം നോക്കിക്കൊണ്ടാൽ മതി.

ഇസ്മേനി: ആരെയും അറിയിക്കല്ലേ, ഒരുത്തരേയും. ഞാനൊരക്ഷരം മിണ്ടുകയില്ല.

അൻറിഗണി: നീ ചെന്നു സർവലോകത്തോടും പ്രഖ്യാപിക്കു്. അല്ലെങ്കിലാണു ഞാൻ നിന്നെ വെറുക്കുന്നതു്.

ഇസ്മേനി: നിൻെറ ഹൃദയം കത്തിയെരിയുകയാണു്. എൻെറതാണെങ്കിൽ ഭയംകൊണ്ടു മരവിച്ചു.

അൻറിഗണി: എന്തിനു്?....എനിക്കെൻെറ യഥാത്ഥ കടമ എന്താണെന്നറിയാം. ആരോടാണെന്നും.

ഇസ്മെനി: അതു നടത്താൻ കഴിഞ്ഞാലല്ലേ? പക്ഷേ, നീ പരാജയപ്പെട്ടമല്ലോ.

അൻറിഗണി: പരിശ്രമിച്ചുകഴിഞ്ഞല്ലേ വിജയവും പരാജയവും നിണ്ണയിക്കുക.

ഇസ്മെനി: നടക്കാത്ത കാര്യ്യത്തിനിറങ്ങിത്തിരിക്കുന്നതു ഭ്രാന്താണന്റിഗണീ.

അൻറിഗണി: ഇനിയും നീ അതാവർത്തിച്ചാൽ ഞാൻ നിന്നെ വെറുക്കും. ചേട്ടനും നിന്നെ വെറുക്കും. നിനക്കതു വരേണ്ടതുമാണു്. എൻെറ ഭ്രാന്തുമായി എന്നെ വെറുതേ വിട്ടേയ്ക്കുക. അഭിമാനകരമായ ഒരു മരണം എനിക്കു നിഷേധിക്കുവാൻ യാതൊരു ശിക്ഷയ്ക്കും കഴിവില്ല.

(പോകുന്നു)

ഇസ്മെനി: അത്ര നിർബ്ബന്ധമാണെങ്കിൽ നിൻെറ ഭോഷത്തം തന്നെ നടക്കട്ടെ. ഒന്നുമാത്രം മറക്കരുതു്....നിന്നെ സ്നേഹിക്കുന്നവർ എന്നും നിന്നെ സ്നേഹിക്കും.

(പോകുന്നു)

(തീബൻ പൗരന്മാർ പ്രവേശിക്കുന്നു)

അരുണദേവാ! ജയിക്ക നീയെങ്ങളിൽ
പരമചൈതന്യമെന്നും പൊഴിക്ക നീ;
ഏഴ്ഗോപുരം ചൂഴ്ന്നുനിന്നീടുമീ
നാകതുല്യമാം തീബ്സിൻ നഗരിയിൽ
ഇതുവരേയ്ക്കും പുലന്നതില്ലിത്രമേൽ
മഹിതമായൊരു കാവ്യകലോത്സവം.

ഇരുളിനൊപ്പമായ് ശത്രുസൈന്യങ്ങളെ
കനകകാല്യമേ! ദൂരെപ്പറത്തി നീ.
മനുജരക്തം കുടിച്ചു തിമിക്കുവാൻ
ചിറകടിച്ചടിച്ചാക്കും കഴുക്കറൾപോൽ
ഏഴ്ഗോപുരദ്വാരത്തിലൊപ്പമായ്
വാപിളത്തിവന്നെത്തിയരാതികൾ;
ചോരവീണു കുതിന്ന കൈവാളുകൾ
ഘോരമായ്നിന്നു കൂത്താടി ചുററിനും.

ഇവിടെ നമ്മൾതൻ ദുഗ്ഗശൃംഗങ്ങളിൽ
ജയജയാരവം പേത്തും മുഴക്കവേ
ദേവദേവനെഝിക്കരിച്ചീടുമാ-
റാഹവോന്മദംകൊണ്ടു കൂത്താടവേ

ഓത്തിരിക്കാതവക്കുമേലുഗ്രമാം
മേഘഗർജ്ജനം പൊട്ടീ പൊടുന്നനെ.
എട്ടുദിക്കും വിറയ്ക്കവേയന്ധരായ്
ഞെട്ടിവീണാരരാതികൾ ചുററിനും.
വിസ്മയത്തിൻ നഗരിയാം തീബ്സിനെ
ഭസ്മമാക്കുവാൻ വെമ്പിയ മൂഢരെ
കാററിനൊപ്പം പറപ്പിച്ചു നമ്മളെ
കാത്തുകൊള്ളും ദയാമയനീശ്വരൻ.

(സംഘനൃത്തം)

ഗാനം : ഓടീമാററലരയ്യയ്യാ !
പാടീടാമിനിയാടീടാം;
പകലിരവൊന്നായാടീടാം.

തങ്കത്തേരുകളുരുളും വീഥികൾ
തിങ്ങിയ നഗരിയിലെങ്ങെങ്ങും
നമ്മുടെ നഗരിയിലെങ്ങെങ്ങും.

പൊന്തുകയായീ ജയഘോഷം;
എങ്ങും നമ്മുടെ ജയഘോഷം;
പേർത്തും നമ്മുടെ ജയഘോഷം.

ആമോദത്തോടേവരുമൊത്തിനി
ദേവനികേതം പൂകീടാം;
ദേവനു പൂജകളേകീടാം.

മദകരമാമീ വിജയമൊരത്ഭുത-
മദിരോത്സവമായ് കൊണ്ടാടാം
സാമോദം ഹാ ! കൊണ്ടാടാം.

ഒരു പൗരൻ: നോക്കൂ, അതാ, ക്രീയോൺ വരുന്നു.

രണ്ടാമൻ: മീനോക്യസിൻെറ പുത്രൻ !

മൂന്നാമൻ: നമ്മുടെ പുതിയ രാജാവ് !

ഒന്നാമൻ: ഈ പ്രത്യേക പ്രഖ്യാപനംകൊണ്ട് നമ്മെ വിളിച്ചു കൂട്ടിയിരിക്കുന്നതെന്തിനാണെന്നാണ് ഞാനാലോചിക്കുന്നതു്.

ഒന്നാം രംഗം

(മദ്ധ്യകവാടം തുറന്നു് ക്രിയോൺ പ്രവേശിക്കുന്നു)

ക്രിയോൺ: പൗരപ്രമുഖ്യരേ, നമ്മുടെ നഗരം ഈശ്വരാനുഗ്രഹംകൊണ്ടു് ഒരു അന്തച്ഛിദ്രക്കൊടുങ്കാററിനെ തരണം ചെയ്തു് ശാന്തിയിലെത്തിയ സന്ദർഭത്തിലാണു് എൻെറ സകല പ്രജകളിൽനിന്നും നിങ്ങളെ പ്രത്യേകമായി ഞാനിവിടെ ക്ഷണിച്ചുവരുത്തിയിരിക്കുന്നതു്. ലയ്യൂസ് രാജാവിൻെറ ഭരണകാലത്തും മഹാനായ ഈഡിപ്പസിൻെറ ബുദ്ധിപൂർവ്വകമായ വാഴ്ചയിലും അദ്ദേഹത്തിൻെറ പുത്രന്മാർ പരസ്പരം കൊന്നൊടുക്കുന്നതുവരെ അവരുടെ ഭരണത്തിലും നിങ്ങൾ ഉത്തമപൗരന്മാരായിരുന്നുവെന്നും അവരെയെല്ലാം വിശ്വസ്തതയോടെ സേവിച്ചു എന്നും എനിക്കറിയാം. ഈററിയോക്ലിസും പോളിനീക്സസും പരസ്പരം സഹോദരരക്തം ചിന്തി മരിച്ചു. അവശേഷിച്ച ഞാൻ അങ്ങനെ സിംഹാസനാവകാശിയായിത്തീർന്നിരിക്കുന്നു.

ഒരു മനുഷ്യൻെറ യഥാർത്ഥ നിറമെന്തു്, അവൻെറ ബുദ്ധിയും ആത്മാവും ഏതു തരമാണു്, ഇവയെല്ലാം ഭരണത്തിൻെറ ചാണയിൽ ഉരച്ചറിയേണ്ട കാര്യങ്ങളാണു്. ഉപദേശം ചോദിക്കുവാൻ നാവുയരാത്ത രാജാവു് നാശത്തിലേയ്ക്കുള്ള പെരുവഴിയിലാണെന്നതു്, ഏറെക്കാലമായി ഞാൻ പുലർത്തിപ്പോരുന്ന ഒരു വിശ്വാസമാണു്. ഇന്നും ആ വിശ്വാസം മാറിയിട്ടില്ല. സ്വന്ത സൗഹൃദങ്ങൾക്കു് രാഷ്ട്രത്തെക്കാളേറെ വിലമതിക്കുന്നവൻ ശപ്പനാണു്. അത്തരക്കാരെപ്പററി എനിക്കു നല്ലതായിട്ടൊന്നും പറയാനില്ല. എൻെറ പ്രജകളെ എന്താപത്തു ഭീഷണിപ്പെടുത്തുന്നതായിക്കണ്ടാലും ഞാനതു തുറന്നു പറയും. അതിനു സർവ്വദർശിയായ ഭഗവാൻ തന്നെ സാക്ഷി. മാതൃരാജ്യത്തിനു ശത്രുവായ യാതൊരുത്തനും എൻെറ സൗഹൃദം പ്രതീക്ഷിക്കേണ്ടതില്ല. ഒന്നെനിക്കു നിശ്ചയമുണ്ടു്; നമ്മുടെ നഗരമാണു് നമ്മുടെ ജീവൻ. നഗരത്തിൻെറ സുരക്ഷിതത്വത്തിൽ മാത്രമേ സൗഹൃദത്തിനു സ്ഥാനമുള്ളൂ. ഇതാണു പൊതുക്ഷേമത്തിനുള്ള എൻെറ നയപ്രഖ്യാപനം.

ഈ തത്ത്വത്തെ ആസ്പദമാക്കിയാണു്, ഈഡിപ്പസിൻെറ പുത്രന്മാരെപ്പററിയുള്ള രാജശാസനം ഞാൻ പുറ

പ്പെട്ടവിച്ചിട്ടുള്ളതു്. ''നഗരത്തെ രക്ഷിക്കാൻവേണ്ടി പട വെട്ടി വീരസ്വർഗ്ഗം വരിച്ച ഈററിയോക്ലിസിനു് സകല കർമ്മങ്ങളും ബഹുമതികളും ചേർന്നുള്ള ശവസംസ്കാരവും കൊടുത്തിരിക്കുന്നു. അപരനു്---നിങ്ങൾക്കറിയാം ഞാനാരെയാണുദ്ദേശിക്കുന്നതെന്നു് — ഈററിയോക്ലിസിൻെറ സഹോദരൻ പോളിനീക്കസിനു്, സ്വന്ത നഗരത്തിനു കൊള്ളി വെയ്ക്കാൻ, സ്വന്ത ദൈവങ്ങളെ അവമാനിക്കാൻ, സ്വന്ത ജനത്തെ രക്തത്തിൽ കുളിപ്പിച്ചു് അവരെ അടിമകളാക്കുവാൻ, വിദേശവാസത്തിൽനിന്നു മടങ്ങിയെത്തിയ പോളിനീക്കസിനു് യാതൊരു ശവസംസ്കാരവും സിദ്ധിക്കയില്ല. അയാൾക്കൊരു ശവകുടീരത്തിൻെറ ആവശ്യമില്ല. അയാൾക്കുവേണ്ടി ആരും വിലപിക്കേണ്ടതുമില്ല. അവയെല്ലാം ഇതിനാൽ നിരോധിച്ചിരിക്കുന്നു. നായ്ക്കൾക്കും കഴുക്കൾക്കും കടിച്ചുവലിക്കുവാൻവേണ്ടി ആ ശവം ഉപേക്ഷിച്ചിരിക്കുന്നു—സകല ലോകത്തിനും ഭയങ്കരമായ ഒരു മാതൃകാപാഠമായി. എൻെറ കഴിവിൽ നിൽക്കുന്നിടത്തോളം നന്മയെ തിന്മ ജയിച്ചുകൂടെന്നു് എനിക്കു നിർബന്ധമുണ്ടു്. ജീവിച്ചാലും മരിച്ചാലും തൻെറ നഗരത്തിൻെറ രക്ഷകൻ പൂജിതനായിരിക്കണം.

പൗരൻ: മഹാരാജാവേ, അങ്ങു് ബന്ധുവിനും ശത്രുവിനും വിധിയെഴുതിയിരിക്കുന്നു. മരിച്ചവർക്കെന്നതു പോലെ ജീവിച്ചിരിക്കുന്ന ഞങ്ങൾക്കും അതു ബാധകമാണു്.

ക്രിയോൺ: എങ്കിൽ അതു പരിപാലിക്കുന്നതിൽ ശ്രദ്ധിക്കു.

പൗരൻ: പ്രഭോ, ഇത്തരം ഭാരിച്ച ചുമതലകൾ യുവാക്കന്മാരെ ഭരമേല്പിക്കയാണുത്തമം.

ക്രിയോൺ: ശവത്തിനു കാവൽ ഏർപ്പെടുത്തിക്കഴിഞ്ഞു.

പൗരൻ: പിന്നെ ഞങ്ങൾക്കു് എന്തു ചുമതലയാണു് ശേഷിക്കുന്നതു്?

ക്രിയോൺ: ആജ്ഞാലംഘനത്തിനു കൂട്ടുനില്ക്കാതിരിക്കുക മാത്രം.

പൗരൻ: മരണത്തെ പേടിയില്ലാത്ത മഠയന്മാരുണ്ടോ?

ക്രിയോൺ: അതെ. മരണമാണു ശിക്ഷ. എങ്കിലും ദ്രവ്യാഗ്രഹം പലരെയും വഴിതെററിക്കാറുണ്ടു്.

(ക്രിയോൺ പോകാൻ ഭാവിക്കുന്നു. രംഗത്തിൻെറ പാർശ്വത്തിൽ നിന്നു് ഒരു ഭടൻ [കാവൽക്കാരൻ] പ്രവേശിക്കുന്നു. ക്രിയോൺ ആശങ്കയോടെ കാത്തുനിൽക്കുന്നു)

കാവൽക്കാരൻ: തിരുമേനീ...എ...എനിക്കു...ശ്വാസം നിൽക്കുന്നില്ല. കുററം എൻെറയല്ല...ധൃതികൊണ്ടല്ല. അതിനു്

ഞാൻ ഓടിയും മററുമില്ല...വാസ്തവം മറിച്ചാണു്...ഞാൻ വഴിക്കു പലയിടത്തും തങ്ങി. നടന്നതും പതുക്കെയാണു്. ഞാനാലോചിച്ചു, മരിക്കാനിത്ര ധൃതിപിടിക്കണോ...... പിന്നെത്തോന്നി: ''പമ്പരവിഡ്ഢി, ഇക്കാര്യം തിരുമേനിയോടു് മററാരെങ്കിലും പറയും...അപ്പോൾ നിൻെറ തല ഇരിക്കേണ്ടേടത്തിരിക്കയില്ല...'' അങ്ങനെ ഞാൻ ഇവിടെയെത്തി. വേഗം പതുക്കെ വന്നു. എങ്കിലും അത്ര വേഗത്തിലുമല്ല...പക്ഷേ, ഞാൻ കാര്യം പറഞ്ഞില്ലല്ലോ!...ചിലപ്പോൾ അതിൽ കാര്യമൊന്നും കാണുകയില്ല. എന്തെങ്കിലും വരട്ടെ; പറഞ്ഞുകളയാം. എല്ലാം ഈശ്വരഹിതമാണെന്നു വച്ചു് സമാധാനിക്കാം.

ക്രിയോൺ: ഇതെന്തു മാരണം! എടാ, കാര്യമെന്താണെന്നു പറയൂ.

കാവൽക്കാരൻ: തിരുമേനീ, ആദ്യമേ ഒന്നു പറയട്ടെ. ഞാനല്ല അതു ചെയ്തതു്. ആരാണു് അതു ചെയ്തതെന്നും ഞാൻ കണ്ടില്ല. ഞാൻ ചെയ്യാത്ത കുററത്തിനു് എന്നെ ശിക്ഷിക്കുന്നതു കഷ്ടമാണേ.

ക്രിയോൺ: എന്താണിത്ര വളച്ചുകെട്ടു്? കാര്യമത്ര ഭയങ്കരമാണോ?

കാവൽക്കാരൻ: അതേ തിരുമേനീ! പറയാൻ വയ്യാത്ത തരത്തിൽ ഭയങ്കരം!

ക്രിയോൺ: ശരി. വേഗം പറഞ്ഞിട്ടു പോകൂ.

കാവൽക്കാരൻ: കാര്യമിതാണു്..ആ ശവം....അതാരോ കുഴിച്ചിട്ടു.

ക്രിയോൺ: എന്തു്!

കാവൽക്കാരൻ: ഇല്ല, ഇല്ല; ശരിക്കു കുഴിച്ചിട്ടില്ല. അതിൻെറ പുറത്തു് ആരോ മണ്ണുവാരിയിട്ടിരിക്കുന്നു, സംസ്കരിച്ചതുപോലെ. അതൊക്കെ മതിയെന്നാണാളുകൾ പറയുന്നതു്.

ക്രിയോൺ: ആരാണിതിനു ധൈര്യപ്പെട്ടതു്?

കാവൽക്കാരൻ: തിരുമേനീ, എനിക്കറിയില്ല. മൺവെട്ടിയോ കുന്താലിയോ ഒന്നും അവിടെ കണ്ടില്ല. മണ്ണു മാന്തണ്ടേ? നിലമാണെങ്കിൽ ഉണങ്ങി കല്ലുപോലെ കിടക്കുന്നു...വണ്ടിച്ചക്രത്തിൻെറ പാടും കാണാനില്ല. ചെയ്തതാരാണെങ്കിലും ആൾ മിടുക്കനാണു്. എന്തെങ്കിലും ഒരടയാളം അവിടെ വേണ്ടേ! ആദ്യത്തെ തവണക്കാരൻ അതു ചൂണ്ടിക്കാണിച്ചപ്പോൾ ഞങ്ങളങ്ങു ഞെട്ടിപ്പോയി. ശവക്കുഴിയും മററുമില്ല; എങ്കിലും ശവം മൂടാൻമാത്രം മണ്ണുണ്ടു്. ഈശ്വരഭക്തനായ വല്ല വഴിപോക്കനും ചെയ്തതാണെന്നു തോന്നും.

മൃഗങ്ങളൊന്നും കടിച്ചുവലിച്ച ലക്ഷണവുമില്ല. പിന്നെപ്പറയാനുണ്ടോ? ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കുററപ്പെടുത്താൻ തുടങ്ങി. ആക്കുവേണമെങ്കിലും ചെയ്യാവുന്ന കാര്യമല്ലേയുള്ളു? സമരി പറയാനുണ്ടോ ആരെങ്കിലും! കാര്യം അടിയിലവസാനിച്ചേനെ. ഒന്നും തെളിയിക്കാൻ നിവൃത്തിയില്ലാത്തപ്പോളങ്ങനെയാണ്. എല്ലാവരും ഒഴിഞ്ഞു പറഞ്ഞു. ചുട്ടുപഴുത്ത ഇരുമ്പിൽ പിടിച്ച് ഈശ്വരനെക്കൊണ്ടു സത്യം ചെയ്യാനും തീയിൽ നടക്കാനുമെല്ലാം എല്ലാവരും തയ്യാറായിരുന്നു. കുററം ചെയ്തിട്ടില്ലെന്നും ചെയ്ത ആളാരാണെന്നറിയില്ലെന്നും മാത്രമല്ല, ചെയ്യാൻ ധൈര്യമുള്ള ഒരുത്തനെയെങ്കിലും അറിയില്ലെന്നുകൂടി.

ഞങ്ങളങ്ങനെ മിഴിച്ചു നിന്നുപോയി, പേടിച്ചരണ്ട്. എന്താ കാര്യം? ഇതു തിരുമേനിയെ അറിയിക്കുന്നതെങ്ങനെ എന്നൊരാൾ ചോദിച്ചു: എന്താ ചെയ്യുക? തല പോകാതെ അതു ചെയ്യാൻ വല്ല വഴിയുമുണ്ടോ? അല്ലെങ്കിലും തലപോകും. ഒളിക്കാമോ? അതും വയ്യാ. ഒടുക്കം ഞങ്ങൾ ചീട്ടിടാൻ തീരുമാനിച്ചു. ചീട്ടു വീണതു് എനിക്കു്. ഞാൻ പണ്ടേതന്നെ ഭാഗ്യദോഷിയാണ്. തിരുമേനിക്കു് ഈ കഥ കേൾക്കാനിഷ്ടമില്ലെന്നെനിക്കറിയാം. അത്രയും കൂടിയില്ല, എനിക്കതു പറയാൻ. ചീത്ത വർത്തമാനത്തിനു് ഒരിക്കലും സ്വാഗതമില്ലല്ലോ.

പൗരൻ: പ്രഭോ, എനിക്കൊരു സംശയം. തോന്നിയിട്ടു് കുറച്ചു സമയമായി. ഇതു്......ഈശ്വരനിയോഗമായിരിക്കുമോ?

ക്രിയോൺ: ഛീ! നിറുത്തു്. എൻെറ ക്ഷമയ്ക്കും അതിരുണ്ടു്. വൃദ്ധനാണെന്നുവച്ചു് കിഴട്ടു കഴുതയെപ്പോലെ പുലമ്പാമെന്നാണോ ഭാവം? ചീഞ്ഞളിഞ്ഞ ഒരു ശവത്തെ ദേവന്മാർ ആദരിച്ചുവെന്നു പറയുന്നതു് ഈശ്വരനിന്ദയാണു്. അവരെക്കുറിച്ചു് അവനു വലിയ മതിപ്പായിരുന്നു, അല്ലേ? അവർ വന്നു് ഒരു രക്ഷകർത്താവിനെപ്പോലെ അവനെ സംസ്കരിച്ചായിരിക്കും! അവരുടെ ക്ഷേത്രങ്ങൾ ചുട്ടുപൊടിക്കാനും, വിശുദ്ധസ്ഥലങ്ങൾ കൊള്ളചെയ്യാനും, അവരുടെ അരുളപ്പാടുകളെ ധിക്കരിക്കാനും, നാടു് കുട്ടിച്ചോറാക്കാനും വന്ന മനുഷ്യൻ—അത്തരക്കാരെ ദേവന്മാർ സ്നേഹിക്കുന്നുവെന്നാണോ നിങ്ങൾ ധരിച്ചുവച്ചിരിക്കുന്നതു്? അല്ല; അതു് ഈശ്വരസ്വഭാവമല്ല. എനിക്കറിയാം, ഈ നഗരത്തിൽ ഒരു കൂട്ടം അസംതൃപ്തരുണ്ടു്. എൻെറ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും എതിരാളികൾ. രഹസ്യമായി ആക്ഷേപിച്ചു തലയാട്ടുന്നവർ. അരാജകപ്പരിഷ! എനിക്കു നിശ്ചയമുണ്ടു്, അവരാണിതിനുത്തരവാദികളെന്നു്. അവരുടെ

കിങ്കരന്മാർ കോഴപററിച്ചെയ്തതാണിതു്. പണം! മനുഷ്യവർഗ്ഗത്തിൻെറ ശാപമാണതു്. അതിഭയങ്കരമായ ഒരുശാപം! മനുഷ്യരെ ഗൃഹഭ്രഷ്ടരാക്കുന്നതും, നഗരങ്ങൾ നശിപ്പിക്കുന്നതും, മനുഷ്യർക്ക് ദുർമ്മാർഗ്ഗദർശിയാകുന്നതും പണമാണു്. പണം അവമതിയിലേയ്ക്കും നാശത്തിലേയ്ക്കും വഴിതെളിക്കുന്നു. (കാവൽക്കാരനോട്) നീ കരുതിക്കൊൾക. ഈ ശവസംസ്കാരം നടത്തിയവരെ നീ കണ്ടുപിടിച്ചു കൊണ്ടുവരാത്തപക്ഷം, ഈശ്വരനാണ നീ മരിക്കും. സുഖമായി മരിക്കാമെന്നും വ്യാമോഹിക്കണ്ട. അന്യർക്കു് ഒരു ഗുണപാഠമായി, ഓരോ എല്ലും ഒടിഞ്ഞു്, ഓരോ പേശിയും പറിഞ്ഞു് ഇഞ്ചിഞ്ചായി സത്യം സമ്മതിച്ചു നീ മരിക്കും. അവകാശമുള്ളിടത്തുമാത്രം കൂലി ചോദിക്കാനും, ഇല്ലാത്തിടത്തു കൈയിട്ടു വാരാതിരിക്കാനും നീ പഠിക്കും. കള്ളത്തരം ലാഭമല്ല, നഷ്ടമാണെന്നു നീ മനസ്സിലാക്കും.

കാവൽക്കാരൻ: എനിക്കൊരു വാക്കുകൂടി പറയാനുണ്ടു്.

ക്രിയോൺ: ഒററവാക്കും കേൾക്കണ്ട. നിൻെറ ഓരോ വാക്കും എനിക്കു കുത്തിക്കൊള്ളുന്നു.

കാവൽക്കാരൻ: ചെവിക്കാണോ മനസ്സാക്ഷിക്കും കൂടിയോ ?

ക്രിയോൺ: എടാ, നീ എന്നോടു വക്കാണത്തിനു വരികയാണോ ?

കാവൽക്കാരൻ: എൻെറ വാക്കുകൾ അങ്ങയുടെ ചെവിക്കു് രസിക്കുന്നില്ലായിരിക്കും. പക്ഷേ, അങ്ങയുടെ ആത്മാവിൻെറ വേദനയ്ക്കു കാരണക്കാരൻ ഞാനല്ല...

ക്രിയോൺ: പോ അവിടുന്നു്! നീ ഒരു നാക്കു മാത്രമാണു്.

കാവൽക്കാരൻ: എങ്കിൽ ഞാനായിരിക്കുകയില്ലല്ലോ ആ കുററം ചെയ്തതു് ?

ക്രിയോൺ: അതെ; തീർച്ച. പണത്തിനുവേണ്ടി സ്വയം വാടകയ്ക്കു കൊടുത്തവൻ!

കാവൽക്കാരൻ: ഇത്ര തെളിഞ്ഞ ബുദ്ധി ഇങ്ങനെയുള്ള അബദ്ധം ധരിക്കുന്നല്ലോ!

ക്രിയോൺ: ധരിക്കുന്നതൊക്കെ നിനക്കു് തോന്നിയതുപോലെ. പക്ഷേ, ഇതു ചെയ്തവനെ കണ്ടുപിടിച്ചില്ലെങ്കിൽ ഒന്നു നീ ധരിക്കും, അന്യായമായ സമ്പാദ്യം ലാഭമല്ലെന്നു്.

(ക്രിയോൺ കൊട്ടാരത്തിനകത്തേയ്ക്കു പോകുന്നു)

കാവൽക്കാരൻ: പിട്ടിച്ചോട്ടെ. അവരെങ്ങനെയെങ്കിലും അവനെ പിടിച്ചോട്ടെ. പക്ഷേ, ഒരു കാര്യമെനിക്കറിയാം. പിടിച്ചാലുമില്ലെങ്കിലും അവൻെറ തലേലെഴുത്തു്. എന്തായാലും ഞാനിനി ഇവിടെ വന്നു നില്ക്കുയുമുണ്ടാവില്ല. ഇതു

വരെയെങ്കിലും രക്ഷപ്പെട്ടതിനു് ഈശ്വരനു നന്ദി. ഇതു തന്നെ എൻെറ സകല പ്രതീക്ഷയ്ക്കും അപ്പുറമാണു്.

(കാവൽക്കാരൻ വന്നവഴിയേ പോകുന്നു)

(പൗരസംഘം പ്രവേശിക്കുന്നു)

അത്ഭുതങ്ങൾതൻ നൃത്തമണ്ഡല-
മിദ്ധരാതലം മോഹനം;
അത്ഭുതങ്ങൾക്കുമത്ഭുതമെന്നാൽ
മർത്ത്യശക്തിതൻ വിക്രമം.

ചക്രവാതമേററാത്തലയ്ക്കട്ടെ-
യത്യഗാധമാം സാഗരം;
സപ്തസാഗരവീഥികൾതോറും
തത്തിയെത്തുന്നു മാനവൻ

നിത്യജീവിതസിദ്ധിയാലെന്നു-
മത്ഭുതാംഗിയാം ഭൂമിയെ
ദേവതകൾക്കുമമ്മയായൊര-
മ്പ് ഭൂമിദേവിയെപ്പോലുമേ
കായശക്തിതൻ ത്തുവിയർപ്പിനാൽ
കീഴിലാക്കുന്നു മാനവൻ.

സാഗരങ്ങളിൽ കാനനങ്ങളിൽ
വാനവീഥിയിലെന്നുമേ
ജീവജാലങ്ങൾക്കേകനാഥനായ്
ലാലസിക്കുന്നു മാനവൻ.

ഘോരകാനന സാർവ്വഭൗമനായ്
വാണിടും മൃഗരാജനെ
നേർത്തുനേരത്തൊരു കൗശലത്തിനാൽ
പാട്ടിലാക്കുന്നു മാനവൻ.

ഇദ്ധരാതലം തന്നിലില്ലൊന്നും
മർത്ത്യശക്തിക്കു മീതെയായ്;
ഭാവഹാവങ്ങൾക്കേതിനും പോന്ന
രൂപമേകുന്ന ഭാഷയും
വായുവേഗത്തിൽ പാഞ്ഞുപാഞ്ഞുപോം
ദേവതുല്യമാം ബുദ്ധിയും
ഏതിനുംപോന്ന വീരസാഹസ;-
മേതിനുംപോന്ന കൗശലം—
ഇദ്ധരാതലം തന്നിലില്ലൊന്നും
മർത്ത്യശക്തിക്കു മീതെയായ്.

നന്മതിന്മകൾക്കേതിനും പോന്ന
കർമ്മചൈതന്യമാന്നവൻ

ശക്തിയാർന്നവൻ ബുദ്ധിവൈഭവ-
സിദ്ധിയാർന്നവൻ മാനവൻ.
ദേവദാസനായ് ദേശധർമ്മത്തിൻ
മാനവും കാത്തു നില്പവൻ
എത്രമേൽ ശക്തനെത്രമേൽ വന്ദ്യ-
നെത്ര ദിവ്യനബ്ഭാഗ്യവാൻ –
ധർമ്മബോധത്തെ വിസ്മരിക്കയാ-
ലുന്മദാന്ധനായേകനായ്
പാപമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന
ലോകനിന്ദ്യനാം ദുർഭഗൻ
വന്നിടായ്കൊരു ബന്ധുവായെൻെറ
മന്ദിരാങ്കണം പൂകുവാൻ.

ഒരു പൗരൻ: ഈശ്വരാ, എന്താണിക്കാണുന്നത് !

രണ്ടാമൻ: കുമാരിയോ ! ഹേയ്, അവരായിരിക്കുകയില്ല.

മൂന്നാമൻ: അതെ, അവർ തന്നെയാണ്.

ഒന്നാമൻ: അൻറിഗണി !

രണ്ടാമൻ: പാവം കുമാരി !

മൂന്നാമൻ: അതെ, ഭാഗ്യഹീനനായ ഈഡിപ്പസിൻെറ പുത്രിയെയാണവർ കൊണ്ടുവരുന്നത്.

ഒന്നാമൻ: രാജശാസനം ലംഘിക്കാനുള്ള സാഹസികത്വം അവൾക്കുണ്ടോ ?

രണ്ടാം രംഗം

(കാവൽക്കാരൻ പ്രവേശിക്കുന്നു. രണ്ടു ഭടന്മാരുടെ നടുവിലായി അൻറിഗണി പുറകേയുണ്ടു്)

കാവൽക്കാരൻ: കിട്ടി, അവളെ കിട്ടി! ഈ സ്ത്രീയാണാ കൃത്യം ചെയ്തതു്? തൊണ്ടിയോടുകൂടി പിടിച്ചു! തിരുമേനിയെങ്ങോട്ടു പോയി ?

പൗരൻ: അതാ അദ്ദേഹം കൊട്ടാരത്തിൽനിന്നിറങ്ങിവരുന്നു.

(ക്രിയോൺ പ്രവേശിക്കുന്നു)

ക്രിയോൺ: എന്താണിതു്? ഞാനെന്താണിക്കാണുന്നതു് ?

കാവൽക്കാരൻ: തിരുമേനീ, പ്രതിജ്ഞകൾ വളരെ ആപല്ക്കരമാണു്. അതു നമ്മെ നുണയന്മാരാക്കിയെന്നു വരും. ഇനി ഒരിക്കലും അങ്ങയുടെ മുമ്പിൽ വരികയില്ലെന്നു ഞാൻ സത്യം ചെയ്തിട്ടു സമയമധികമായില്ല. അങ്ങെനിക്കൊരു നല്ല കഷായമാണു തന്നതു്. അപ്രതീക്ഷിതമായ സന്തോഷത്തിനടുത്തെത്തുന്ന ഒരു സന്തോഷമില്ല. അങ്ങനെ ഞാൻ തിരിച്ചുവന്നു. എൻെറ സത്യത്തിനു വിരുദ്ധമായിട്ടാണെങ്കിലും, ആ സംസ്കാരകർമ്മം നടത്തിക്കൊണ്ടിരുന്ന ഈ സ്ത്രീയെയും പിടിച്ചുകൊണ്ടു പോന്നു. ഇപ്രാവശ്യം നറുക്കിടേണ്ട കാര്യമുണ്ടായില്ല. ഇതെൻെറ സ്വന്ത വിജയമാണു്; മററാരുടെയുമല്ല. ഇതാ, അങ്ങേരോള്ളു. വിചാരണചെയ്തു ശിക്ഷിക്കുക. ഈ നശിച്ച ഏർപ്പാടിൽനിന്നു ഞാൻ സ്വതന്ത്രനായിയെന്നു വിശ്വസിക്കുന്നു.

ക്രിയോൺ: ഇവളെ നീ എങ്ങനെ കണ്ടെത്തി? എവിടെനിന്നു പിടിച്ചു ?

കാവൽക്കാരൻ: അവൾ സ്വന്ത കൈകൊണ്ടു് ആ ശവം സംസ്കരിക്കുകയായിരുന്നു !—സത്യം.

ക്രിയോൺ: നിനക്കു സുബോധമുണ്ടോ? നീ പറയുന്നതിൻെറ ഗൗരവം നീ ശരിയായി മനസ്സിലാക്കുന്നുണ്ടോ ?

കാവൽക്കാരൻ: ഞാൻ പറഞ്ഞതു മനസ്സിലായില്ലേ? തിരുമേനീ, അങ്ങു് സംസ്കരിക്കരുതെന്നു പറഞ്ഞു് ഇട്ടിരുന്ന ആ ശവം ഇവൾ സംസ്കരിക്കുന്നതു ഞാൻ എൻെറ രണ്ടു കണ്ണുകൊണ്ടും കണ്ടതാണു്,

ക്രിയോൺ: അവളെങ്ങനെ കാണാനും പിടിക്കപ്പെടുവാനും ഇടയായി.

കാവൽക്കാരൻ: ഇതാണുണ്ടായതു്: ഞാൻ അവിടെ തിരിച്ചെത്തി. തിരുമേനിയുടെ ഭീഷണികളോർത്തു് എന്റെ ഉള്ള കിടുകിടുങ്ങുന്നുണ്ടായിരുന്നു. ആദ്യം ഞങ്ങരം ആ ശരീരത്തിന്മേലുണ്ടായിരുന്ന മണ്ണെല്ലാം തുടച്ചു കളഞ്ഞു് അതിനെ നഗ്നമാക്കി. എന്നിട്ടു് ഞങ്ങരം കുന്നിന്റെ മുകളിൽ കാററടിക്കാത്ത വശം നോക്കി ഇരുന്നു. എന്തൊരു ദുർഗ്ഗന്ധമാണെന്നോ! ആരും ഉറങ്ങാതിരിക്കാൻ പരസ്പരം സൂക്ഷിച്ചു. ഇക്കുറിയെങ്കിലും കളിപ്പു പററരുതല്ലോ. അങ്ങനെ കുറച്ചു സമയം കഴിഞ്ഞു. നേരം ഉച്ചയായി. തീപൊള്ളുന്ന വെയിൽ. പെട്ടെന്നൊരു ചുഴലിക്കാററു്; സ്വർഗ്ഗത്തിൽനിന്നൊരു ബാധപോലെ, മരങ്ങളുടെ ഇലകളെല്ലാം പറിച്ചെറിഞ്ഞു്, ഭൂമി മുഴുവനും അടിച്ചു പരത്തി, ആകാശം പൊടികൊണ്ടു നിറച്ചു. കണ്ണടയ്ക്കാതെ അതിൽ നിവർന്നുനില്ക്കാൻ സാദ്ധ്യമല്ല. കണ്ണു തുറന്നപ്പോഴുണ്ടു് ഈ സ്ത്രീ അവിടെ നില്ക്കുന്നു; കൂടുകാണാതെ പോയ പക്ഷി കരയുന്നതുപോലെ കരഞ്ഞുകൊണ്ടു്. അവരം ആ ദേഹത്തു നോക്കി മണ്ണു തുടച്ചുകളഞ്ഞവരെ പിരാകി. എന്നിട്ടവരം കൈകൊണ്ടു് പൊടിമണ്ണെടുത്തു വിതറി. അവരം കൊണ്ടുവന്നിരുന്ന ഭരണിയിൽനിന്നു വിശുദ്ധതൈലമെടുത്തു ശവത്തിന്മേൽ മൂന്നു വട്ടം തളിച്ചു. ഇത്രയായപ്പോഴേക്കും ഞങ്ങരം അവളെ പിടികൂടി. അവരംക്കു യാതൊരു കൂസലുമില്ല. കഴിഞ്ഞപ്രാവശ്യം മണ്ണിട്ടതവളാണെന്നു ഞങ്ങരം പറഞ്ഞിട്ടു് അവരം സമ്മതിക്കയാണു ചെയ്തതു്. എന്തൊരു ഭാഗ്യം! സ്വന്തം തൊലി രക്ഷിക്കാതൊക്കുമോ? എങ്കിലും ഒരു കണക്കിനു് അതിനുവേണ്ടി മററൊരാരം കുഴപ്പത്തിലാകുന്നതു കഷ്ടമാണേ! പ്രത്യേകിച്ചു യാതൊരു വിരോധവുമില്ലാത്ത ഒരാരം, പക്ഷേ, ഉള്ളതു പറയാമല്ലോ: എന്റെ ജീവനേക്കാരം ഞാൻ മററാരുടേയും ജീവനെ വിലവച്ചിട്ടില്ല; വാസ്തവം.

ക്രിയോൺ: (അൻറിഗണിയോടു്) ഉം, നിനക്കെന്തു പറയാനുണ്ടു്? നീ എന്തിനാണു മുഖം തിരിച്ചുകളയുന്നതു്? കുററം സമ്മതിക്കുന്നോ, നിഷേധിക്കുന്നോ?

അൻറിഗണി: തീർച്ചയായും സമ്മതിക്കുന്നു. നിഷേധിക്കുന്നില്ല.

ക്രിയോൺ: (കാവൽക്കാരനോടു്) എടാ, നിനക്കു പോകാം. നിനക്കിനി കുററമില്ല. (കാവൽക്കാരൻ പോകുന്നു) ചുരുക്കിപ്പറയൂ അൻറിഗണീ, ഈ കൃത്യം ചെയ്യുന്നതിനെക്കുറിച്ചുള്ള നിരോധനം നീ അറിഞ്ഞിരുന്നോ?

അൻറിഗണി: എങ്ങനെ അറിയാതിരിക്കും ? അത്ര വ്യക്തമായിരുന്നല്ലൊ.

ക്രിയോൺ: എന്നിട്ടും അതിനെ ധിക്കരിക്കാൻ നീ ധൈര്യപ്പെട്ടു, അല്ലേ ?

അൻറിഗണി: അതെ. ആ കല്പന ഈശ്വരേച്ഛയായിരുന്നില്ല. പാതാളത്തിലെ ധർമ്മദേവതയ്ക്കും ആ കല്പനയ്ക്കുത്തരവാദിത്തമുണ്ടായിരുന്നില്ല. കേവലം ഒരു മനുഷ്യനായ അങ്ങയുടെ കല്പനകൾക്ക്, സ്വർഗ്ഗത്തിൻെറയും ദേവന്മാരുടെയും അലിഖിതനിയമങ്ങളെ കവച്ചുവയ്ക്കാൻ ശക്തിയുണ്ടെന്നു ഞാൻ ഗണിക്കുന്നില്ല. ഈശ്വരോത്ഭവം എങ്ങനെയാണെന്നെനിക്കറിയില്ല. എങ്ങനെയായാലും അവർ ക്ഷണപോലെ കുരുത്തവരല്ല. അവർ അമർത്യരാണ്. അവരുടെ നിയമങ്ങളെ ലംഘിച്ചവളായി അവരുടെ മുമ്പിൽ നില്ക്കാൻ ഞാൻ തയ്യാറില്ല—അതു് ഈ ലോകത്തിലെ ഏതു മനുഷ്യനുവേണ്ടിയായിരുന്നാലും. ഞാൻ മരിക്കേണ്ടിവരുമെന്നു് എനിക്കു നേരത്തെ അറിയാമായിരുന്നു, അങ്ങയുടെ കല്പനയുണ്ടെങ്കിലുമില്ലെങ്കിലും. എന്നെപ്പോലെ, ജീവിതം ഒരു നീണ്ട നരകമായിത്തീർന്നിരിക്കുന്ന ഒരാൾക്കു് മരണം എത്ര നേരത്തേ സംഭവിക്കുന്നോ അത്രയും നന്നു്. ഈ ശിക്ഷ അത്ര വേദനകരമല്ല. എൻെറ ഉടപ്പിറന്നവൻ അങ്ങനെ സംസ്കാരം ലഭിക്കാതെ അവിടെ കിടന്നാൽ അതാണു ദുസ്സഹം. ഇതു ഞാൻ സഹിച്ചുകൊള്ളാം. ഇതെല്ലാം നിങ്ങൾക്കു് ബുദ്ധിശൂന്യതയായിത്തോന്നുന്നുണ്ടോ ?...അതോ, എന്നെ വിധിക്കുന്നതാണോ വിഡ്ഢിത്തം ?

പൗരൻ: അവർ അവരുടെ അച്ഛൻെറ നിർബന്ധശീലം മുഴുവൻ കാണിക്കുന്നുണ്ടു്. സകലതും തനിക്കെതിരായിരിക്കുമ്പോൾ കീഴടങ്ങാത്തതു ബുദ്ധിയല്ല.

ക്രിയോൺ: കണ്ടറിയാമല്ലോ. ദുർവാശി പെട്ടെന്നു തകരും. കട്ടംപതമിട്ടാൽ എത്ര നല്ല ഉരുക്കുമൊടിയും. ചെറിയ ഒരു നുല്ല മതിയല്ലോ എത്ര ഭയങ്കര കുതിരയെയും അടക്കി നിർത്താൻ. അഹങ്കാരം ചെറുപ്പക്കാർക്കു ഭൂഷണമല്ല. ആജ്ഞ ലംഘിച്ചപ്പോഴെ അവൾ ധിക്കാരം കാണിച്ചു. എന്നിട്ടിപ്പോൾ ദ്രോഹത്തിനു പുറമേ അധിക്ഷേപവും. അവൾ ആ കൃത്യത്തിൽ അഭിമാനം കൊള്ളുകയാണു്. പക്ഷേ......എനിക്കു ജീവനുണ്ടെങ്കിൽ എൻെറ കല്പനകളെ അവൾ സസുഖം ലംഘിക്കുകയില്ല. അവൾ എൻെറ ഭാഗിനേയിയാണു്, ശരിതന്നെ. പക്ഷേ, അവളതിലും സ്വന്തമായിക്കൊള്ളട്ടെ, എൻെറ സ്വന്തം രക്തം തന്നെയായിക്കൊള്ളട്ടെ, ഇതിനുള്ള ശിക്ഷ അനുഭവിച്ചേ തീരൂ. അവൾ മാത്രമല്ല, അവ

ളുടെ സഹോദരിയും. അവളും ഈ കൃത്യത്തിൽ പങ്കാളിയായിരിക്കണം.

അവളെ കൂട്ടിക്കൊണ്ടു വരൂ. അവൾ കൊട്ടാരത്തിനകത്തുണ്ടായിരുന്നു. ഞാൻതന്നെ കണ്ടതാണ്. മുഖത്തൊരമ്പരപ്പു കണ്ടു. കുററം ചെയ്തവരുടെ മുഖത്തു് അതു പ്രതിഫലിക്കും. കുററത്തിൽതന്നെ പിടിക്കപ്പെട്ടിട്ടു് പിന്നെയും ന്യായവാദം നടത്തുന്നവർ നശിച്ചുകഴിഞ്ഞിരിക്കുന്നു.

അൻറിഗണി: പിടുത്തമെല്ലാം കഴിഞ്ഞല്ലോ. ഇനി വധശിക്ഷയിൽ കവിഞ്ഞു വല്ലതുമുണ്ടോ ?

ക്രിയോൺ: ഇല്ല. അതിലപ്പുറമൊന്നുമില്ല. എനിക്കതു മതി.

അൻറിഗണി: പിന്നെയെന്തിനു സമയം കളയുന്നു ? അങ്ങു പറയുന്ന യാതൊന്നും എനിക്കു കേൾക്കണമെന്നില്ല; എൻെറ വാക്കുകൾ അങ്ങേയ്ക്കെന്നതുപോലെതന്നെ. ഞാനെൻെറ ചേട്ടനെ സംസ്കരിച്ചു. അതിൽ കവിഞ്ഞ എന്തു ബഹുമതിയാണെനിക്കു വേണ്ടതു് ? ഭയംകൊണ്ടു വായടഞ്ഞുപോയില്ലെങ്കിൽ, ഞാൻ ചെയ്ത കൃത്യം അതിമഹനീയമാണെന്നു് ഇവരെല്ലാം പറയുമായിരുന്നു. യഥേഷ്ടം പറയുകയും പ്രവർത്തിക്കുകയും ചെയ്യുകയെന്നതു് രാജാക്കന്മാർക്കു മാത്രമുള്ള പ്രത്യേകാവകാശമാണല്ലോ.

ക്രിയോൺ: നിനക്കു തെററിപ്പോയി. എൻെറ പ്രജകളാരും നിന്നോടു യോജിക്കുന്നില്ല.

അൻറിഗണി: ഉവ്വു്, രാജാവേ, അവർ യോജിക്കുന്നുണ്ടു്. പക്ഷേ, അങ്ങയുടെ മുഖത്തു നോക്കി അതു പറയാൻ അവർ ധൈര്യപ്പെടുന്നില്ലെന്നുമാത്രം.

ക്രിയോൺ: നീ ഭ്രഷ്ടയാണെന്നു മാത്രമല്ല, നിനക്കു ലജ്ജയുമില്ല.

അൻറിഗണി: ലജ്ജയോ ? ചേട്ടനെ സംസ്കരിക്കുന്നതിൽ ലജ്ജിക്കാനെന്തിരിക്കുന്നു ?

ക്രിയോൺ: അക്കൂട്ടത്തിൽതന്നെ മരിച്ച അവൻെറ ശത്രുവും നിൻെറ സഹോദരനല്ലേ ?

അൻറിഗണി: അതെ. ഏകോദരസഹോദരങ്ങളാണു ഞങ്ങൾ.

ക്രിയോൺ: അവരിലൊരാളെ ആദരിക്കുന്നതു് അപരനെ അവഹേളിക്കുകയാണു്.

അൻറിഗണി: മരിച്ചവരിലാരും എൻെറമേൽ അങ്ങനെയൊരാരോപണം കൊണ്ടുവരികയില്ല.

ക്രിയോൺ: നിശ്ചയമായും. അവനെപ്പോലെ നീ ആ രാജ്യദ്രോഹിയേയും ബഹുമാനിച്ചാൽ.

അൻറിഗണി: അദ്ദേഹത്തിൻെറകൂടെ മരിച്ചതു് അടിമകളാരു മല്ല, അദ്ദേഹത്തിൻെറ സ്വന്ത സഹോദരൻ തന്നെയാണു്.

ക്രിയോൺ: അവൻ സ്വന്ത നാടിനെ ആക്രമിക്കയായിരുന്നു, മററവൻ അതിനെ സംരക്ഷിക്കുകയും.

അൻറിഗണി: അങ്ങനെയായാലും മരിച്ചവരോടൊരു കടമ യുണ്ടു്.

ക്രിയോൺ: നന്മയെയും തിന്മയെയും ഒരുപോലെ ബഹു മാനിക്കാതിരിക്കയാണു കടമ.

അൻറിഗണി: ആരറിഞ്ഞു! മരിച്ചവരുടെ ലോകത്തിൽ അതായിരിക്കാം നിയമം.

ക്രിയോൺ: മരിച്ചുവെന്നതുകൊണ്ടു് ശത്രു സുഹൃത്താവുന്നില്ല.

അൻറിഗണി: ഞാൻ ജനിച്ചതു സ്നേഹിക്കാനാണു്, വെറുക്കാ നല്ല.

ക്രിയോൺ: എങ്കിൽ നീ ചെന്നു മരിച്ചവരുടെ ഇടയിൽ നിൻെറ സ്നേഹം പങ്കുവയ്ക്കു്. ഞാനുള്ളകാലം ഇവിടെ പെൺ വാഴ്ച അനുവദിക്കയില്ല.

(ഇസ്മേനി കൊട്ടാരത്തിൽനിന്നു പ്രവേശിക്കുന്നു)

പൗരൻ: അതാ, ഇസ്മേനി കരഞ്ഞുകൊണ്ടു വരുന്നു. മുഖം തുടു ത്തിരിക്കുന്നു; നെററി ഇരുണ്ടും. മുഖമാകെ കണ്ണീരിൽ കുളി ച്ചിട്ടുണ്ടു്.

ക്രിയോൺ: ഇഴയുന്ന അണലിസർപ്പം! എൻെറ ഹൃദ്രക്തം കുടിക്കാൻവേണ്ടി ഒളിക്കുന്നതു് എൻെറ കൊട്ടാരത്തിൽ തന്നെ. രണ്ടു രാജദ്രോഹികളുംകൂടി എൻെറ സിംഹാസന ത്തിനു തുരങ്കംവെയ്ക്കുകയാണല്ലേ? ഈ ശവസംസ്കാരത്തിൽ നിനക്കുള്ള പങ്കു സമ്മതിക്കുന്നോ? അതോ, നീ സകലതും നിഷേധിക്കുകയാണോ?

ഇസ്മേനി: ഇല്ല. ഞാനതു നിഷേധിക്കുന്നില്ല...അവളും അതു് അനുവദിക്കുമെങ്കിൽ. ഞങ്ങൾ രണ്ടുപേരും ഒരുപോലെ കുററക്കാരാണു്.

അൻറിഗണി: അല്ല. അതു നീതിയല്ല. ഞാൻ നിന്നോടു സഹായമഭ്യർത്ഥിച്ചപ്പോൾ നീ അതു നിഷേധിച്ചു. നിൻെറ സഹായമില്ലാതെതന്നെ ഞാനതു നിർവഹിച്ചു.

ഇസ്മേനി: പക്ഷേ, നിൻെറ അപകടത്തിൽ നിൻെറകൂടെ നില്ക്കാൻ എനിക്കു് യാതൊരു മടിയുമില്ല.

അൻറിഗണി: ചെയ്തതാരാണെന്നു് മരണവും മരിച്ചവനും സാക്ഷിപറയട്ടെ. വെറും വാക്കുകാർ എൻെറ ചങ്ങാതി കളല്ല.

ഇസ്മെനി: സഹോദരീ, എന്റെ സഹോദരീ, ഞാനും നിന്റെ കൂടെ മരിച്ചുകൊള്ളട്ടെ. ചേട്ടനെ ആരാധിക്കുവാൻ എന്നെയും അനുവദിക്കൂ.

അൻറിഗണി: നീ എന്റെകൂടെ മരിക്കയില്ല. നീ കൈകൊണ്ടു തൊടാത്തതിൽ നിനക്കു് അവകാശമില്ല......ഒരു മരണം മതി.

ഇസ്മെനി: നീ മരിച്ചാൽ പിന്നെ ഞാനെന്തിനു ജീവിക്കണം?

അൻറിഗണി: ക്രീയോണിനോടു ചോദിക്കൂ. നിനക്കു് അദ്ദേഹത്തെയല്ലേ ബഹുമാനം ?

ഇസ്മെനി: എന്നെ ഇങ്ങനെ വേദനിപ്പിക്കുന്നതുകൊണ്ടു് നിനക്കെന്തു ഗുണമാണു് ?

അൻറിഗണി: യാതൊന്നുമില്ല...എന്റെ ഫലിതങ്ങൾകൂടി കയ്പുള്ള വേദനകളായിത്തീന്നിരിക്കുന്നു!

ഇസ്മെനി: എന്നിൽനിന്നു നിനക്കെന്തു സഹായമാണു വേണ്ടതെന്നു പറയൂ.

അൻറിഗണി: തന്നത്താൻ സഹായിച്ചുകൊണ്ടാൽ മതി. ഞാൻ തടയുന്നില്ല.

ഇസ്മെനി: ദയവുകാണിക്കു് അൻറിഗണീ. എനിക്കു് നിന്റെ കൂടെ മരിച്ചുകൂടേ ?

അൻറിഗണി: നീ തെരഞ്ഞെടുത്തതുതന്നെ നടക്കട്ടെ. നീ തെരഞ്ഞെടുത്തതു് ജീവിതം. ഞാനെടുത്തതു് മരണവും.

ഇസ്മെനി: അതു് മരണമാണെന്നു ഞാൻ പറഞ്ഞിരുന്നല്ലൊ.

അൻറിഗണി: നിന്റെ മാൎഗ്ഗം ശരിയാണെന്നു ചിലർക്കു തോന്നി. ചിലക്കു് എന്റെതാണു് ശരിയെന്നും.

ഇസ്മെനി: അതുകൊണ്ടെന്തു് ? ഇപ്പോൾ രണ്ടുപേരും തെററി. രണ്ടുപേരും മരണശിക്ഷയ്ക്കു് വിധിക്കപ്പെട്ടിരിക്കുന്നു.

അൻറിഗണി: ഇല്ല, ഇല്ല; നീ ജീവിക്കണം. എന്റെ ഹൃദയം വളരെ നേരത്തേ മരിച്ചതാണു്. അതുകൊണ്ടു് മരിച്ചവരെ സഹായിക്കേണ്ട ചുമതല എൻേറതായിരുന്നു.

ക്രീയോൺ: എനിക്കു തോന്നുന്നു, ഇതു രണ്ടിനും ഭ്രാന്താണെന്നു്. ഒന്നിനു് ഇപ്പോൾ തുടങ്ങിയതു്. മററവൾക്കു് ജനിച്ചതു മുതലുണ്ടു്.

ഇസ്മെനി: അതിലത്ഭുതമുണ്ടോ ? ദുർവിധിയേററാൽ ഏതു മനസ്സുകു്തിയാണു് തകരാത്തതു് ?

ക്രീയോൺ: നിന്റെ വിധി നീ അവളുടേതിനോടു ചേൎത്തപ്പോൾ നിൻേറതേതായാലും തകൎന്നു.

ഇസ്മെനി: എൻെറ സഹോദരിയെ കൂടാതെ ജീവിക്കാൻ എനിക്കെങ്ങനെ മനസ്സുവരും ?

ക്രിയോൺ: നിനക്കൊരു സഹോദരിയില്ല. അവരം മരിച്ചു കഴിഞ്ഞതായി കണക്കാക്കിയാൽ മതി.

ഇസ്മെനി: അങ്ങേയ്ക്കവളെ ശിക്ഷിക്കാൻ കഴിയുമോ ? സ്വന്ത പുത്രൻെറ വധുവിനെ ?

ക്രിയോൺ: അയാരംക്കുഴാൻ നിലം വേറെയുണ്ടു്.

ഇസ്മെനി: അവരുടെ പ്രേമബന്ധത്തിലുമുയന്ന ഒരെണ്ണം അറിയപ്പെട്ടിട്ടില്ല.

ക്രിയോൺ: എൻെറ ഒരു പുത്രൻ ഇത്ര നീചയായ ഒരു ത്തിയെ വേരംക്കയില്ല.

അൻറിഗണി: സാധു ഹേമൺ ! അങ്ങയുടെ അച്ഛൻ അങ്ങയെ എത്ര നീചമായി അധിക്ഷേപിക്കുന്നു !

ക്രിയോൺ: നീയും നിൻെറ കാമുകനും ! നിങ്ങരം രണ്ടുപേരെയും ഞാൻ വെറുക്കുന്നു.

പൗരൻ: പ്രഭോ, അങ്ങു് അവരെ അദ്ദേഹത്തിൻെറ കൈയിൽനിന്നെടുത്തുകളയുമോ ?

ക്രിയോൺ: ഞാനല്ല, മരണമാണവളെ കൊണ്ടുപോകുന്നതു്.

പൗരൻ: തിരുമേനിയുടെ ഇഷ്ടം. അവരുടെ മരണം തീർച്ചപ്പെട്ടുവെന്നു തോന്നുന്നു.

ക്രിയോൺ: അതു തീർച്ചതന്നെ. അതിനു് താമസവുമില്ല. അവരെ അകത്തു കൊണ്ടുപോയി സൂക്ഷിക്കുവിൻ. പെണ്ണുങ്ങരം അവിടെയാണിരിക്കേണ്ടതു്. മരണത്തിൻെറ വായിൽനിന്നു് ഒളിച്ചോടാത്ത ധീരത ആക്കുമില്ല.

(സ്ത്രീകളെ അകത്തേയ്ക്കു കൊണ്ടുപോകുന്നു)

(പൗരസംഘം പ്രവേശിക്കുന്നു)

ഒരുനാളും പാപത്തിൻ സ്പർശത്താൽ പുളയാത്ത
മനുജന്മാരെത്രയ്ക്കു ഭാഗ്യവാന്മാർ.
ലവലേശമെന്നാലും പാപത്തിൻ കറയാന്ന
നിഹതമാം വംശത്തെയെന്നുമെന്നും
അണുമാത്രം പതറാതെ നേക്കുന്നിതുഗ്രമാം
ജഗദീശശാപത്തിൻ വജ്രപാതം.
കരയെല്ലാം വിറകൊള്ളും കൊടുങ്കാററാൽ കടൽതോറും
കരിനീലത്തിരമാലത്തുടലുപോലെ
നിഹതമാവംശത്തെ നേക്കുന്നിതെന്നെന്നും
ജഗദീശരോഷത്തിൻ വജ്രപാതം.

ദുരിതത്തിൻ വക്ത്രത്തിൽ പിടയുന്നു ഞെരിയുന്നു
ലബഡാക്കസ് രാജാവിൻ വംശമെന്നും.
പതിയുന്നു മക്കഠംക്കായ് മക്കഠംതൻ മക്കഠംക്കായ്
പതിതനാം താതൻെറ പാപഭാരം
നരകിക്കുന്നിമ്മട്ടിലെത്രയോ കാലമായ്
ലബഡാക്കസ് രാജാവിൻ വംശജന്മാർ.

നിഹതമാവംശത്തിൻ തായ്‌വേരിലന്ത്യമായ്
കതിരിട്ട പൊന്തിയ കുമ്പുപോലും
ലവലേശം ദാക്ഷിണ്യമേലാത്ത ദേവൻെറ
പ്രഹരത്താലിന്നിതാ ചൂളകയായ്.

അകലത്തായകലത്തായ് കനകത്തിൻ കതിർച്ചൂടും
മലമോളിൽ വാഴുന്ന ദേവദേവാ !
ഒരുനാളും തളരാതെ കാലത്തിൻ നാഥനായ്
മരണത്തെ വെല്ലുന്ന ദേവദേവാ !
നരവംശധാർഷ്ട്യമിന്നെത്രമേൽ വാച്ചാലു-
മവിടത്തെ വെല്ലുവാനാവതുണ്ടോ.
അവിടുന്നു കല്പിച്ചോരതിരിന്നു മീതെയാ-
യുയരുന്ന മാനവശീഷ്മെന്നും
നിലതെററിവീഴുന്നു പാതാളക്കൊട്ടതീയി-
ലറിയുന്നേനെങ്ങളാ നിത്യസത്യം.

മൂന്നാം രംഗം

പൗരൻ: ഇതാ അങ്ങയുടെ പുത്രൻ വരുന്നു. അദ്ദേഹത്തിന്റെ ഭാവിവധുവിന്റെ ദുർവിധിയെപ്പററി സങ്കടം പറയാനായിട്ടായിരിക്കുമോ വരുന്നതു് !

ക്രിയോൺ: ഉടനെ അറിയാം. അതിനു ജ്യോത്സ്യൻ വേണ്ട.

(ഹേമൺ പ്രവേശിക്കുന്നു)

മകനേ, നിനക്കു നിശ്ചയിച്ചിരുന്ന യുവതിയെപ്പററി എന്റെ അന്ത്യതീരുമാനം നീ അറിഞ്ഞുകാണും. പരിഭവമൊന്നുമില്ലല്ലോ? അതുകൊണ്ടു് നമ്മുടെ സൗഹൃദത്തിനു് ഉലച്ചിൽ തട്ടിയിട്ടില്ലെന്നു ഞാനാശിക്കുന്നു.

ഹേമൺ: അങ്ങയുടെ പുത്രനാണു ഞാൻ. അങ്ങയുടെ ബുദ്ധിപൂർവകങ്ങളായ തീരുമാനങ്ങളാണു് എന്റെ ജീവിതത്തെ ഭരിക്കുന്നതു്. എന്നും ഞാനവയെ അനുസരിക്കുകയുംചെയ്യും. യാതൊരു പ്രേമബന്ധവും അതിലുപരിയാണെന്നു ഞാൻ ഗണിക്കുന്നില്ല.

ക്രിയോൺ: അങ്ങനെയാണു പറയേണ്ടതു്. നിന്റെ അച്ഛന്റെ ഹിതത്തിനാണു് നിന്റെ ഹൃദയത്തിൽ പ്രഥമസ്ഥാനമുണ്ടായിരിക്കേണ്ടതു്. പിതാക്കന്മാരുടെ അഭിലാഷം, അനുസരണവും ഭക്തിയുമുള്ള പുത്രന്മാരുണ്ടാവാനാണു്; തന്റെ ശത്രുക്കളെ വെട്ടിവീഴ്ത്തുകയും തന്റെ സ്നേഹിതന്മാരെ സ്നേഹിക്കുകയും ചെയ്യുന്ന മക്കളുണ്ടാകുവാൻ. നിർഗ്ഗുണന്മാരായ പുത്രന്മാരെ ജനിപ്പിക്കുന്നതു് ദുരിതത്തിന്റെ അച്ഛനാവുകയാണു്; ശത്രുക്കൾക്കു് ഒരു പരിഹാസപാത്രം. എന്റെ മകനേ, സ്ത്രീയുടെ കാമകൗശലങ്ങൾ കൊണ്ടു വഞ്ചിക്കപ്പെടരുതേ. ഭാര്യ കൊള്ളരുതാത്തവളാണെങ്കിൽ സുഖമായിരിക്കുകയില്ല നീ സമ്പാദിക്കുന്നതു്. വെറുപ്പായിത്തീർന്ന പ്രേമത്തേക്കാൾ വേദനിക്കുന്ന വ്രണമില്ല. ഈ യുവതി നമ്മുടെ ശത്രുവാണു്. അവളെ ഉപേക്ഷിക്കൂ. അവൾ പാതാളത്തിൽച്ചെന്നു് ഒരു വരനെ തേടട്ടെ. ഭയങ്കരമായ ഒരു രാജദ്രോഹകുററത്തിൽ അവളെ പിടിച്ചു കഴിഞ്ഞു—ഈ നഗരത്തിലെ ഏക രാജദ്രോഹി. അവൾ മരിക്കാതിരുന്നാൽ ഞാനും ഒരു രാജദ്രോഹിയായി എന്നാണർത്ഥം. സീയൂസിനോടവൾ പ്രാർത്ഥിച്ചേയ്ക്കും. അവിടുന്നു്

കുടുംബസ്നേഹത്തിൻെറ ഭരദേവതയാണല്ലോ! പക്ഷേ സ്വന്തഗൃഹത്തിൽ ഒരു രാജദ്രോഹിയെ പൊറുപ്പിച്ചുകൊണ്ടു് പുറത്തു ഞാനെങ്ങനെ ഭരിക്കും?

സ്വന്ത കുടുംബത്തെ ശരിയായി ഭരിക്കുന്നവൻ ഒരു നല്ല രാജ്യതന്ത്രജ്ഞനായിരിക്കും. സ്വന്ത സുഖത്തിനുവേണ്ടി നിയമം ലംഘിക്കുകയോ വളയ്ക്കുകയോ ചെയ്യുന്നതും, അനുസരിക്കേണ്ടിടത്തു് ആജ്ഞാപിക്കുന്നതും പാപകരമാണു്. അതു ഞാനനുവദിക്കുകയില്ല. രാഷ്ട്രപതിയെ ഏതു ചെറിയ കാര്യത്തിലും — അതു തെററായിരുന്നാലും ശരിയായിരുന്നാലും —അനുസരിച്ചേ തീരൂ. സ്വന്ത കുടുംബത്തെ ശരിയായി ഭരിക്കുന്നവൻ നിശ്ചയമായും ഉത്തമനായ രാജാവായിരിക്കും. എന്നല്ല, വിശ്വസ്തനായ പ്രജയും അങ്ങനെതന്നെ വേണം. സമരത്തിൻെറ കൊടുങ്കാററടിക്കുമ്പോൾ അവൻ ആശ്രയിക്കാവുന്ന ഒരു താങ്ങായിരിക്കും—പടക്കളത്തിൽ ഉറച്ച ഒരു ചങ്ങാതിയും. ധിക്കാരത്തോളം വലിയ ഒരപകടം വേറെയില്ല. അതുകൊണ്ടു് രാഷ്ട്രങ്ങൾ നശിക്കുന്നു, കുടുംബങ്ങൾ തകരുന്നു. സൈന്യങ്ങൾ തോൽക്കുന്നതും വിജയം പരാജയമായി മാറുന്നതും അതുകൊണ്ടുതന്നെ. അനുസരണം ശതക്കണക്കിനാളുകളെ രക്ഷിക്കുന്നു. അതുകൊണ്ടു ഞാൻ നിയമത്തെ മുറുകെ പിടിക്കുകയാണു്. അതു ലംഘിക്കപ്പെടുകയില്ല—പ്രത്യേകിച്ചും ഒരു സ്ത്രീയ്ക്കുവേണ്ടി. തോല്ക്കേണ്ടിവന്നാൽത്തന്നെ അതൊരു പുരുഷൻെറ കൈകൊണ്ടാകട്ടെ. ഒരു സ്ത്രീ എന്നെ തോല്പിച്ചു എന്നു് വന്നുകൂടാ.

പൗരൻ: തിരുമേനി പറയുന്നതിൽ കാര്യമുണ്ടെന്നാണു് ഈ വൃദ്ധനു തോന്നുന്നതു്.

ഹേമൺ: അച്ഛാ, മനുഷ്യജ്ഞാനം ഈശ്വരദത്തമാണു് — ഈശ്വരദാനങ്ങളിൽവച്ചേററവും വിശിഷ്ടമായതു്! അങ്ങയുടെ തെററുകൾ ചൂണ്ടിക്കാണിക്കുവാൻമാത്രം ഞാൻ കുശാഗ്രബുദ്ധിയല്ല; ആകണമെന്നാഗ്രഹവുമില്ല. എല്ലാ മനുഷ്യരും അങ്ങയുടെ അഭിപ്രായങ്ങളെ അംഗീകരിക്കുന്നെന്നു് അതിനർത്ഥമില്ല. എങ്കിലും അങ്ങയുടെ കാവൽക്കാരനായിരിക്കേണ്ട ചുമതല എനിക്കുണ്ടു്. മററുള്ളവർ പറയുന്നതും ചെയ്യുന്നതും, അവർ വാഴ്ത്തുന്നതും ശപിക്കുന്നതും ഞാനറിയേണ്ടതാണു്. ഒരു നോട്ടം മതി അങ്ങേയ്ക്കിഷ്ടമില്ലാത്ത സ്വരങ്ങളെല്ലാം നിശബ്ദമാക്കാൻ. പക്ഷേ, ഇരുട്ടത്തെ പിറുപിറുക്കലുകൾ ഞാൻ കേൾക്കുന്നുണ്ടു്. ഈ പാവപ്പെട്ട പെണ്ണു്, യുദ്ധത്തിൽ മരിച്ച സ്വന്ത സഹോദരനെ സംസ്കരിച്ചുവെന്ന മഹൽകൃത്യത്തിനു്, സ്വന്ത സഹോദരനെ നായ്ക്കൾക്കു കടിക്കാനും കഴുകന്മാർക്കു് കൊത്തിവലിക്കാനു

മായി നഗ്നമായി ഉപേക്ഷിക്കാതെ സംസ്കരിച്ചുവെന്ന കുററത്തിനു്, ഒരു സ്ത്രീക്കനുഭവിക്കാവുന്നതിൽ ഏററവും ക്രൂരവും അനീതിപരവുമായ ശിക്ഷയ്ക്കു വിധിക്കപ്പെട്ട ഈ പെണ്ണു്, സകല മനുഷ്യരിലും ഉണർത്തുന്ന സഹതാപശബ്ദങ്ങൾ എനിക്കു കേൾക്കാം. നഗരത്തിലെ സംസാരം അവൾ സ്വർണ്ണകിരീടമാണർഹിക്കുന്നതെന്നാണു്.

അച്ഛാ, അങ്ങയുടെ ആനന്ദത്തിൽ കവിഞ്ഞു് ഞാൻ യാതൊന്നിനെയും വിലമതിക്കുന്നില്ല. അതിലപ്പുറം ഒരു പുത്രനു് എന്താണാഗ്രഹിക്കാനുള്ളതു് ? ഒരച്ഛനു് ഇതിലപ്പുറമെന്താണു വേണ്ടതു് ? അതുകൊണ്ടു ഞാനപേക്ഷിക്കുന്നു, അങ്ങയുടെ ആദ്യത്തെ ചിന്ത അവസാനത്തേതുമാകാതിരിക്കട്ടെ. മററു പോംവഴികൾ അങ്ങാലോചിക്കണം. സ്വന്തബുദ്ധിയും വാക്കും ഇച്ഛയുമാണു് സർവ്വസ്വമെന്നു ഗണിക്കുന്നതു് നിശ്ചയമായും ഉപരിപ്ലവബുദ്ധിയേയും ഹൃദയശൂന്യതയേയും കാണിക്കുന്നു. തെററു സമ്മതിച്ചു് വഴങ്ങേണ്ടിടത്തു വഴങ്ങുകയെന്നതു് സർവ്വജ്ഞന്മാർക്കുപോലും ആക്ഷേപകരമല്ല. നദീതീരത്തു നിൽക്കുന്ന മരങ്ങൾ വെള്ളപ്പൊക്കത്തിൻെറ ഒഴുക്കിനു തലകുനിച്ചുകൊടുത്താൽ രക്ഷപെടും. അല്ലെങ്കിൽ ഒടിയും. കൊടുങ്കാററിൽ പായു് ചുരുട്ടാത്ത കപ്പൽ മുങ്ങിയേ തീരൂ.

അതുകൊണ്ടു്, പ്രിയപ്പെട്ട അച്ഛാ, ശാന്തനായി എൻെറ എളിയ അഭിപ്രായം ശ്രദ്ധിക്കൂ. ഒരിക്കലും തെററാത്ത ജ്ഞാനം നല്ലതാണു്. പക്ഷേ, അതപൂർവമാണു്. അതു കഴിഞ്ഞാൽ പിന്നെ നല്ല ഉപദേശം സ്വീകരിക്കയാണു വേണ്ടതു്.

പൗരൻ: മഹാരാജാവേ, കുമാരൻ പറയുന്നതു് ശ്രദ്ധേയമാണു്. അങ്ങു പറയുന്നതിലും കാര്യമുണ്ടു്. രണ്ടു വശത്തും ന്യായങ്ങളുണ്ടു്.

ക്രിയോൺ: നല്ല കഥയായി ! എൻെറ ഈ പ്രായത്തിൽ ഇനി ഈ പീക്കിരിച്ചെറുക്കൻെറയടുത്തുനിന്നു് ഞാൻ പാഠം പഠിക്കണോ ?

ഹേമൺ: ലജ്ജിക്കേണ്ട പാഠമൊന്നുമില്ല, ഈ പ്രശ്നം പ്രായത്തിൻെറതല്ല. ശരിയും തെററും തമ്മിലുള്ളതുമാത്രം.

ക്രിയോൺ: ചോദിക്കട്ടെ; നിയമം ധിക്കരിച്ചു ചെയ്യുന്ന ഒരു കർമ്മത്തെ വാഴ്ത്തുന്നതു ശരിയാണെന്നു നീ പറയുമോ?

ഹേമൺ: ഇല്ല; ചെയ്ത കർമ്മം അവമാനകരമാണെങ്കിൽ.

ക്രിയോൺ: ഈ സ്ത്രീയുടെ പ്രവൃത്തി അവമാനകരമല്ലേ ?

ഹേമൺ: തീബ്സിലെ ജനങ്ങൾ അങ്ങനെ വിചാരിക്കുന്നില്ല.

ക്രിയോൺ: തീബ്സിലെ ജനങ്ങൾ! എന്നുമുതലാണ് തീബ്സിലെ ജനങ്ങൾ എന്നെ ആജ്ഞാപിക്കാൻ തുടങ്ങിയതു്?

ഹേമൺ: അതൊരു ബാലിശമായ ഉത്തരമല്ലേ അച്ഛാ?

ക്രിയോൺ: അല്ല, ഞാൻ രാജാവാണു്. എനിക്കെന്നോടു മാത്രമാണു് ഉത്തരവാദിത്തം.

ഹേമൺ: ഏകവ്യക്തിരാഷ്ട്രമോ? അതെന്തൊരു രാഷ്ട്രമാണു്?

ക്രിയോൺ: എന്തു്! ഓരോ രാഷ്ട്രവും അതിൻെറ രാജാവിൻെറ വകയല്ലേ?

ഹേമൺ: അങ്ങൊരുത്തമരാജാവായിരിക്കും, ഒരു വിജനദ്വീപിലാണെങ്കിൽ.

ക്രിയോൺ: ആഹാ! നീയാപ്പെണ്ണിൻെറ പക്ഷത്താണെങ്കിൽ...

ഹേമൺ: അല്ല, അല്ല; പെണ്ണെന്നു പറഞ്ഞതു് അങ്ങല്ലെങ്കിൽ...അങ്ങേയ്ക്കുവേണ്ടി മാത്രമാണു് ഞാനീ പാടെല്ലാം പെടുന്നതു്.

ക്രിയോൺ: എന്നിട്ടാണോ നീ പറയുന്ന ഓരോ വാക്കിലും നീ എന്നെ ധിക്കരിക്കുന്നതു്? തെമ്മാടി!

ഹേമൺ: അങ്ങു പറയുന്നതു് തെററായതുകൊണ്ടു മാത്രം. തെററു്.

ക്രിയോൺ: തെററു്! എൻെറ സ്വന്തം അധികാരത്തെ മാനിക്കുന്നതാണോ തെററു്?

ഹേമൺ: വിശുദ്ധമായ സകലതിനെയും ചവുട്ടിത്തേയ്ക്കുന്നതാണോ മാനം?

ക്രിയോൺ: നാണംകെട്ട ഭീരു. ഒരു പെണ്ണിനോളം മനക്കരുത്തുപോലും നിനക്കില്ല.

ഹേമൺ: എനിക്കു് ലജ്ജിക്കാനൊന്നുമില്ല.

ക്രിയോൺ: നീ അവൾക്കു വേണ്ടിയല്ലേ വാദിക്കുന്നതു്?

ഹേമൺ: അല്ല; അങ്ങേയ്ക്കുവേണ്ടി...എനിക്കുവേണ്ടി...മരിച്ചവരുടെ ദേവന്മാർക്കുവേണ്ടി.

ക്രിയോൺ: മരണത്തിനിപ്പുറം നീ അവളെ വിവാഹം ചെയ്കയില്ല.

ഹേമൺ: എങ്കിൽ അവൾ ഏകാകിയായി മരിക്കേണ്ടിവരികയുമില്ല.

ക്രീയോൺ: എന്തെടാ, ധിക്കാരീ ! അതൊരു ഭീഷണി യാണോ ?

ഹേമൺ: ലക്കില്ലായ്മയ്ക്കെതിരു പറയുന്നതു ഭീഷണിയാകു മെങ്കിൽ.

ക്രീയോൺ: സ്നേഹിതാ, ലക്കില്ലായ്മയെന്താണെന്നു നീ പഠിക്കാൻ പോവുകയാണു്. ആ പാഠം അത്ര സുഖകരമാ യിരിക്കയുമില്ല.

ഹേമൺ: അച്ഛാ, അവിടുന്നെൻെറ അച്ഛനല്ലായിരുന്നെങ്കിൽ അങ്ങേയ്ക്കു ഭ്രാന്താണെന്നു ഞാൻ പറയുമായിരുന്നു.

ക്രീയോൺ: എടാ ചെറുക്കാ, എന്നെ മയക്കാമെന്നു് വ്യാമോ ഹിക്കേണ്ട. അതെല്ലാം നിൻെറ കാമുകിയോടെടുത്താൽ മതി.

ഹേമൺ: അവസാനത്തെ വാക്കു് അങ്ങേയ്ക്കുതന്നെ പറയണ മെന്നാണല്ലേ ?

ക്രീയോൺ: തീർച്ചയായും ! മാത്രമല്ല, നിൻെറ ധിക്കാര ത്തിനു് നിന്നെ ഞാൻ നല്ല പാഠം പഠിപ്പിക്കയും ചെയ്യും. സകല ദേവന്മാരുമാണ, സത്യം! (അകത്തേയ്ക്കു നോക്കി) ആ പെൺപിശാചിനെ പുറത്തേയ്ക്കു കൊണ്ടുവരൂ. അവരം ഇപ്പോഝത്തന്നെ മരിക്കട്ടെ, അവളുടെ മണവാളൻെറ കൺ മുമ്പിൽവച്ചുതന്നെ.

ഹേമൺ: ആ കാഴ്ച, കാണാൻ ഞാനുണ്ടായിരിക്കയില്ല. നി ശ്ചയം. ഈ നിമിഷത്തിനുശേഷം അങ്ങും എന്നെ കാണുക യുണ്ടാവില്ല. അതിനിഷ്ടമുള്ളവർ അങ്ങയുടെ ദുഷ്ടതയ്ക്കും വിഡ്ഢിത്തത്തിനും സാക്ഷിനിൽക്കട്ടെ.

(പോകുന്നു)

പൗരൻ: അദ്ദേഹം വല്ലാതെ ക്ഷോഭിച്ചു ബദ്ധപ്പെട്ടാണോടി യിരിക്കുന്നതു്. കുപിതരായ ചെറുപ്പക്കാർ എന്തു ചെയ്യുക യില്ലെന്നാരു കണ്ടു !

ക്രീയോൺ: അവൻ ചെന്നു് ഇഷ്ടംപോലെ ചെയ്യട്ടെ. അ വൻ മനുഷ്യൻെറ കഴിവിന്നപ്പുറം കോപിച്ചാലും ഈ പെണ്ണിന്നു രക്ഷയില്ല.

പൗരൻ: തിരുമേനീ, അവർ രണ്ടുപേരും മരിക്കണമെ ന്നാണോ ?

ക്രീയോൺ: അല്ല ! നിരപരാധി മരിച്ചിട്ടാവശ്യമില്ല.

പൗരൻ: മറേറ കുമാരിക്കെന്തു ശിക്ഷയാണു് ?

ക്രീയോൺ: അവളെ ഞാൻ മനുഷ്യൻ ചവുട്ടിയിട്ടില്ലാത്ത വനത്തിൽ കൊണ്ടുപോയി ഒരു ഗുഹയിലിട്ടു് മതിലുകെട്ടി

അടങ്ങും; നമ്മുടെ നഗരത്തിന്മേൽ രക്തപാതകം വരാതിരിക്കാൻ. വേണ്ടത്ര ഭക്ഷണവും കൊടുക്കും. അവിടെ അവളുടെ ഇഷ്ടദേവതയായ മരണത്തെ ഭജിക്കട്ടെ. മരണം അവളെ രക്ഷിക്കുമോ എന്നു നോക്കാം. അല്ലെങ്കിൽ, മരണത്തെപൂജിക്കുന്നവരുടെ ഗതി എന്തെന്നവരുംമനസ്സിലാക്കട്ടെ.

(പോകുന്നു)

(പൗരസംഘം പ്രവേശിക്കുന്നു)

പ്രണയത്തിൽ തിറവാന്ന വൈഭവത്തെ
വിജയിക്കും ശക്തിയേതിജ്ജഗത്തിൽ ?
പ്രേമത്തിൻ ശക്തിയെ വെന്നുനിൽക്കും
സേനാധിനാഥനേതിജ്ജഗത്തിൽ ?

അലയടിച്ചാർക്കുന്ന സാഗരത്തിൽ
അലയാഴിയേഴിന്നുമപ്പുറത്തിൽ
എവിടെയും പാറുന്ന നിർഭയമായ്
പ്രണയത്തിൻ ധീരമാം വൈജയന്തി.

വിരഹാർത്തയാമൊരു കാമിനിതൻ
പനിനീർപൂവൊത്തോരു പൂങ്കവിളിൽ
ഇവിടെയിക്കൊട്ടാരവാതിലിങ്കൽ
പ്രണയത്തിൻ ചൈതന്യം വിങ്ങിനിൽപ്പൂ.

പുലിവാലിൽ ചുറ്റുന്ന ദേവനെയും
പ്രണയത്തിൻ ഗൂഢമാമിന്ദ്രജാലം.
പ്രണയത്തിൻ മായിക മന്ദഹാസം
വിരചിക്കും മോഹത്തെയുമ്മവെല്ലാൻ
പാപത്തിൻ പാതാളഗഹ്വരത്തിൽ
പായുന്ന സിദ്ധരാം ബുദ്ധിമാന്മാർ

പ്രണയാർദ്രയാമൊരു കാമിനിതൻ
നയനത്തിൽ മിന്നുന്ന തൂവെളിച്ചം
ഈരേഴലോകവും ഭസ്മമാക്കാൻ
പോരുന്നൊരഗ്നിയായ് മാറിയേക്കാം.

"ആ മനുഷ്യൻ നീ തന്നെ" ആദ്യമായി തിരുവനന്തപുരത്തു് (1969) "സുവർണ്ണരേഖ" സ്റ്റേജ്ചെയ്തപ്പോൾ — ബത്ത്ശേബയും ദാവീദുമാണ് രംഗത്തിൽ.

നാലാം രംഗം

(വാതിൽ തുറന്നു് കാവൽക്കാരുമായി അൻറിഗണി പ്രവേശിക്കുന്നു)

പൗരൻ: ഹാ, എന്തൊരു ദുസ്സഹമായ കാഴ്ച ! എങ്ങനെ കരയാതിരിക്കും ? ഉണരാത്ത ഉറക്കത്തിൻെറ മണവറയിലേയ്ക്കു്, അതാ, അൻറിഗണി പ്രവേശിക്കുന്നു.

അൻറിഗണി: നാട്ടുകാരേ, ഇതെൻെറ അവസാന യാത്രയാണു്. ഞാൻ പകലിനെ വിട്ടുപിരിയുകയാണു്. എൻെറ വിശ്രമസ്ഥലത്തു്, ആ നിശ്ശബ്ദനദിക്കക്കരെ, മരണം എന്നെ കൊണ്ടാകും. വിവാഹദിനമില്ല; വിവാഹസംഗീതവുമില്ല. മരണമാണെൻെറ സ്ത്രീധനം.

പൗരൻ: എങ്കിലും, കുമാരീ, അനുഗ്രഹവും മഹത്വവും ആ വിശ്രമസ്ഥലത്തേയ്ക്കു നിങ്ങളെ അനുഗമിക്കും. നിങ്ങളുടെ സൗന്ദര്യം കാന്തിനിന്നുന്ന കരവാളത്തിൻെറയും കാരിരുമ്പിൻെറയും കരസ്പർശമേല്ക്കാതെ, സ്വാതന്ത്ര്യം ഓജസ്വിയുമായിട്ടാണു കുമാരി പോകുന്നതു്. ചരിത്രത്തിലിതിനു സമമായിട്ടൊരു സംഭവമുണ്ടായിട്ടില്ല.

അൻറിഗണി: ററാൻറലസിൻെറ പുത്രി, പാവപ്പെട്ട ആ ഫ്രിഗിയൻ പെൺകുട്ടി, അവളെ ആശ്ലേഷിച്ചു് ബന്ധനസ്ഥയാക്കിയ കരിമ്പാറയിൽ മരണപര്യന്തം ബന്ധനസ്ഥയായിരുന്നു. മഞ്ഞും മഴയും അവളുടെമേൽ വീണു് കണ്ണീരോടു ചേർന്നൊലിച്ചു. പാവം, അവൾതളർന്നു മരിച്ചു! എൻെറ ഉറക്കവും അങ്ങനെതന്നെയായിരിക്കും.

പൗരൻ: അവൾ അനശ്വരയായ ഒരു ദേവിയായിരുന്നു. നാമോ വെറും മർത്ത്യർ. ഒരു ദേവിയോടൊപ്പം വിധിക്കപ്പെടുവാൻ ഇടയാകുന്നതു മനുഷ്യക്കു് അതിരററ മഹത്വമാണു്. അറുതിയില്ലാത്ത മരണം—എങ്കിലും അനശ്വരമായ കീത്തി.

അൻറിഗണി: നിങ്ങൾ എന്നെ പരിഹസിക്കുകയാണു്. ഈശ്വരാ, ഞാൻ ജീവിച്ചിരിക്കുമ്പോൾതന്നെ ഈ ആക്ഷേപവും അനുഭവിക്കണമെന്നുണ്ടോ? എൻെറ നഗരത്തിലെ മാന്യപൗരന്മാരേ, തീബ്സ് നഗരമേ, നദീതടങ്ങളേ, രഥതുരഗങ്ങളേ, മരണത്തിനും ജീവനുമിടയ്ക്കു കിടന്നു പിട

യുവാൻവേണ്ടി, കരിങ്കൽഗുഹയിലേയ്ക്കു്, തണുത്ത ആ കുഴിമാടത്തിലേയ്ക്കു് എന്നെ തള്ളിവിടുമ്പോഴും എനിക്കുവേണ്ടി കരയാൻ ഒരു സുഹൃത്തില്ല !

പൗരൻ: കുഞ്ഞേ, നീ ധീരതയുടെ അതൃത്തികളെല്ലാം ലംഘിച്ചു. സിംഹാസനസ്ഥമായ നിയമത്തോടേററുമുട്ടി. കുമാരി അച്ഛൻെറ പാപത്തിനുവേണ്ടി പ്രായശ്ചിത്തം ചെയ്യുകയാണു്.

അൻറിഗണി: എൻെറ അച്ഛൻ...! ആ ഓമ്മ എൻെറ ആത്മാവിനെ ദഹിപ്പിക്കുന്നു. ലബ്ഡാക്കസ് വംശത്തിൻെറ നിത്യശാപം. ബീഭത്സമായ മാതൃപുത്രവിവാഹം....എൻെറ അച്ഛൻ!...അച്ഛനമമ്മയും...എന്തൊരു ഭയങ്കരമായ അവമതി!...അവരെ ഞാനിന്നനുഗമിക്കയാണു്. അവിവാഹിതയായി, ശാപഗ്രസ്തയായി; സ്വസഹോദരൻെറ നാരകീയമായ വിവാഹംതന്നെ എനിക്കും മരണത്തിലേയ്ക്കു വഴി തെളിച്ചുകൊണ്ടു്.

പൗരൻ: ഭക്തികമ്മങ്ങരം ഉത്തമമാണു മകളേ. പക്ഷേ, ഭരണകത്താക്കരം അനുസരണക്കേടിനെ പൊറുക്കുകയില്ല. അതു് സ്വയം കൃതാനത്ഥവുമാണു്.

അൻറിഗണി: അതുകൊണ്ടു് ഇതുവഴി പോകയും വേണം. മരണവിലാപമില്ല. വിവാഹഗാനമില്ല. ഇന്നുമുതൽ സൂര്യ്യനില്ല. പ്രകാശം നിന്നുപോയി. എൻെറ വേർപാടിൽ കരയുന്ന സുഹൃത്തുമില്ല.

(ക്രീയോൺ പ്രവേശിക്കുന്നു)

ക്രീയോൺ: മരണവാതില്ക്കൽ കരച്ചിലും പിഴിച്ചിലും! മരണത്തെ മാററാൻ അതിനു കഴിവുണ്ടായിരുന്നെങ്കിൽ ഈ കരച്ചിലവസാനിക്കയില്ലായിരുന്നു. അവളെ ഉടൻ കൊണ്ടുപോയി ആ കൽത്തുറുങ്കിലടയ്ക്കുവിൻ. അവളെ ഉപേക്ഷിച്ചേയ്ക്കുക. മരിക്കട്ടെ, മരിക്കാനിഷ്ടമുണ്ടെങ്കിൽ. അല്ലെങ്കിൽ ജീവിക്കട്ടെ—ആ തുറുങ്കിനകത്തു്. അവളുടെ ഇഹലോകവാസം ഇന്നവസാനിച്ചിരിക്കുന്നു. എങ്കിലും അവളുടെ രക്തം എൻെറ ശിരസ്സിന്മേലായിരിക്കുകയില്ല.

അൻറിഗണി: അങ്ങനെ എൻെറ മണവറയിലേയ്ക്കു്, നിത്യമായ ആ കാരാഗൃഹത്തിലേയ്ക്കു്, മരിച്ചു മൺമറഞ്ഞ എൻെറ പിതാമഹന്മാരോടു ചേരുവാൻ, ഞാൻ പോകുന്നു. എൻെറ വംശത്തിൽഅവസാനത്തെതായി. ഏററവും ദുഃഖിതയായി. കാലം തികയാതെതന്നെ. എങ്കിലും എൻെറ അച്ഛൻ, എന്നെ സ്വാഗതം ചെയ്യും. അമ്മ, എന്നെ സ്വീകരിക്കും. ചേട്ടാ, എന്നെ കാത്തുനിൽക്കണേ! നിങ്ങളോരോരുത്ത

രെയും സംസ്കരിച്ചതു് ഈ കൈകളാണു്. നിങ്ങാംക്കവേണ്ടി പിണ്ഡം വച്ചതും ഈ കൈകാം തന്നെ. പോളിനീക്കസേ, അങ്ങേയ്ക്കുവേണ്ടി ആ കർമ്മം നിർവ്വഹിച്ചതിനാണു് ഞാനീ ശിക്ഷയനുഭവിക്കുന്നതു്; ഉത്തമന്മാക്കറിയാം അതു് അങ്ങയുടെ ബഹുമതിക്കായിരുന്നുവെന്നു്.

പക്ഷേ, ഒരു ഭത്താവിനുവേണ്ടിയോ പുത്രനുവേണ്ടിയോ ഞാനാ നിരോധനം ലംഘിക്കുമായിരുന്നില്ല. എന്തിനു്? എനിക്കു മറെറാരു ഭത്താവിനെ ലഭിക്കും; ഭത്താവുണ്ടെങ്കിൽ മറെറാരു പുത്രനെയും. എന്നാൽ അച്ഛനുമമ്മയുമില്ലാത്ത എനിക്കു് എങ്ങനെയാണൊരു സഹോദരനെ ലഭിക്കുക?

അങ്ങനെ അങ്ങയെ സ്നേഹിച്ചതിനാണു ചേട്ടാ, ക്രിയോൺ എന്നെ കൊല്ലുന്നതും, എനിക്കു് ഭ്രഷ്ടു് കല്പിക്കുന്നതും. മണവാട്ടിയായിട്ടില്ല; അമ്മയായിട്ടില്ല. സ്നേഹിതരില്ല. ഏകാകിയായി, അവസാനമില്ലാത്ത മരണമനുഭവിക്കാൻ ഏതീശ്വരാജ്ഞയാണു ഞാൻ ലംഘിച്ചതു്? എങ്കിലും, ഏതു ദേവനാണെന്നെ രക്ഷിക്കാൻ കഴിയുക? ഭക്തി ഈശ്വരനിന്ദയായി ഗണിക്കപ്പെടുമ്പോാം എനിക്കെന്താശയാണുള്ളതു്? ഇതു് ഈശ്വരഹിതമാണെങ്കിൽ മരണം കൊണ്ടു ഞാനെൻെറ പാഠം പഠിച്ചുകൊള്ളാം. പക്ഷേ, എൻെറ ശത്രുക്കളാണു തെററു ചെയ്തതെങ്കിൽ... എനിക്കു വന്നതിലധികം വരണമെന്നു ഞാനാഗ്രഹിക്കുന്നില്ല.

പൗരൻ: ചീറിപ്പായുന്ന അതേ വികാരാഗ്നിതന്നെ അവളുടെ ആത്മാവിൽ ഇപ്പോഴും കത്തിക്കാളുകയാണു്.

ക്രിയോൺ: കാവൽക്കാരുടെ ജോലി ചെയ്തുതീക്കുവാൻ ഇനി വൈകിച്ചുകൂടെന്നുള്ളതിനു് അതൊരു ന്യായം കൂടിയായി. അല്ലെങ്കിൽ, അവരും ശിക്ഷ അനുഭവിക്കും.

പൗരൻ: ആ വാക്കിൽ ധ്വനിക്കുന്നതു മരണം തന്നെ; തർക്കമില്ല. കഷ്ടം!

ക്രിയോൺ: അതിലപ്പുറം യാതൊന്നുമാശിക്കാനില്ല. തീച്ച.

അൻറിഗണി: ദേവന്മാരേ, എൻെറ നഗരമേ, എൻെറ വീടേ, തീബ്സിലെ ഭരണാധികാരികളേ, കാലചക്രം നിശ്ചലമല്ല. നിങ്ങളുടെ രാജവംശത്തിൻെറ അവസാനസന്തതി ഇദ്ദേഹത്തിൻെറ തടവുകാരിയായി ഇതാ പോകുന്നു, യഥാത്ഥത്തിൽ ആദരിക്കേണ്ടതിനെയെല്ലാം ആദരിച്ചു എന്ന കുററത്തിനുവേണ്ടി.

(അൻറിഗണിയെ കൊണ്ടുപോകുന്നു)

(പൗരസംഘം പ്രവേശിക്കുന്നു)

വിധിവിഹിതമത്രമേൽ ക്രൂരമാണായതിൻ
പിടിയിലമരുന്നവരം നീ മാത്രമല്ലയേ !
സുരകുല ഗണാധിപപ്രേമത്തിനർഹയായ്
വിലസിയമനോജ്ഞയാംഡാനിയെയോർപ്പുഞാൻ
അവളുമൊരു മൂകമാം കാരാലയത്തിലാ-
യിരുളിലതിദീനയായ് വീണടിഞ്ഞില്ലയോ ?
അലകടലുലച്ചപോം നാവികപ്രൗഢിയീ
കവചനിവഹങ്ങളും ശക്തിദുർഗ്ഗങ്ങളും
കനകമയമോടിയും വൻപും പ്രതാപവും
നിയതിയൊടു നേക്കവാൻ പോന്നതല്ലോക്ക നീ
മികവെഴുമെഡോണിയാ ദേശത്തിനീശനായ്
വിരുതനതിവൻപനായ് വാണൊരാ മന്നവൻ
വെറിയെഴുമഹന്തയാൽ ധിക്കരിച്ചാനവൻ
മധുരമദിരോത്സവപ്രേമിയാം ദേവനെ
ഉടനവനെ വീഴ്ത്തിനാൻ ദേവദേവാത്മജൻ
നിഖിലജനവന്ദ്യനാം ദേവൻ നിരങ്കുശൻ
അതിഭയദമാകുമക്കല്ലറയ്ക്കുള്ളിലായ്
നിഹതനവനെത്രനാരം വീണടിഞ്ഞീടിനാൻ !
ഒരുനിമിഷമോക്ക നീ ഫീനിയൂസ് മന്നനെ;-
യവരുടെയനാഥരാം പിഞ്ചുപൈതങ്ങളെ.
കുടിലയൊരു ചിററമ്മയന്ധമാം പോരിനാ-
ലവരെയിരു കണ്ണും പൊടിച്ചവിട്ടീലയോ ?
പതിതയൊരു ദേവശാപാത്തയാമമ്മതൻ
കഠിനതരപാപം ചുമന്നിതാ ബാലകർ.

നിയതിയുടെ മായയാൽ നെയ്തുപോരുന്നൊരാ
മൃദുലമൃദുലങ്ങളാം ലൂതതന്തുക്കളിൽ
ഞൊടിയിടയിലമ്മട്ടു ചുററിപ്പിണഞ്ഞുപോ-
യവളു; മത്തു മട്ടിലായ് നീയുമെൻ പൈതലേ !

അഞ്ചാം രംഗം

(അന്ധനായ തീറേസിയാസ് ഒരു ബാലനാൽ നീതനായി പ്രവേശിക്കുന്നു)

തീറേസിയാസ്: ബഹുമാന്യ തീബൻ പൗരന്മാരേ, ഒരേ കാഴ്ച പങ്കുവച്ചു ജീവിക്കുന്ന എൻെറ ചങ്ങാതിയും ഞാനും നിങ്ങളെ വന്ദിക്കുന്നു. നേതാവിനെ അനുഗമിക്കാനല്ലാതെ അന്ധനെന്തു കഴിയും ?

ക്രിയോൺ: വന്ദ്യപ്രവാചകാ, നമസ്കാരം. അങ്ങിങ്ങോട്ടു വന്നതു് എന്തെങ്കിലും പ്രത്യേക വിശേഷമുണ്ടായിട്ടാണോ?

തീറേസിയാസ്: അതെ: വിശേഷമുണ്ടു്: ഉപദേശത്തെ ആദരിക്കാൻ കഴിയുമെങ്കിൽ ഉപദേശവും.

ക്രിയോൺ: ഞാനൊരിക്കലും ഉപദേശം ധിക്കരിച്ചിട്ടില്ല.

തീറേസിയാസ്: ഇന്നുവരെയുള്ള ഐശ്വര്യവും അതുകൊണ്ടു തന്നെ.

ക്രിയോൺ: അതിനു് എനിക്കങ്ങയോടുള്ള കടപ്പാടു് ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

തീറേസിയാസ്: എങ്കിൽ ഇതു ശ്രദ്ധിച്ചുകേൾക്കൂ. ക്രിയോൺ രാജാവേ. അങ്ങു് ഒരു കത്തിമുനയിലാണു നിൽക്കുന്നതു്.

ക്രിയോൺ: ഉത്തമപ്രവാചകാ, ഇതു് അങ്ങു പറയുന്നതായതുകൊണ്ടു് കാര്യം അതിഗൗരവമായിരിക്കണമല്ലോ? മുഴുവനും പറയൂ.

തീറേസിയാസ്: പറയാം. ഇതു് എനിക്കു ലഭിച്ച വെളിപാടാണു്, ക്ഷേത്രത്തിൽ പ്രശ്നം വച്ചുകൊണ്ടിരുന്നപ്പോൾ ഭീകരമായ ചില ശബ്ദങ്ങൾ ഞാൻ കേട്ടു, പക്ഷികൾ തമ്മിൽ ഭയങ്കരമായി കൊത്തുകൂടുകയും ചിറകടിക്കുകയും ചെയ്യുന്നതുപോലെ; ഏതോ പ്രാകൃതശബ്ദത്തിലുള്ള അലച്ചകളും മുറവിളികളും. മാന്തിക്കീറുന്ന ഭയങ്കര നഖങ്ങൾ ആ ശബ്ദങ്ങളിൽക്കൂടി എനിക്കു കാണാൻ കഴിഞ്ഞു. ഭയചകിതനായി പ്രശ്നവിധിപ്രകാരമുള്ള യാഗം ഞാൻ ബലിപീഠത്തിലർപ്പിച്ചു. തത്സമയം പ്രത്യക്ഷമാകേണ്ട അഗ്നി ഉണ്ടായില്ല. അതിനു പകരം നാറുന്ന ജലം ഭസ്മത്തിൽ വന്നുവീണു ചീറുകയും പൊട്ടുകയും ചെയ്തു. പിത്തജലം പുകഞ്ഞു

പൊങ്ങി. കൊഴുപ്പ് ഉരുകിയൊഴുകി മൃഗത്തിൻെറ തുടകാം നഗ്നമാക്കി. ഞാൻ മററുള്ളവക്കുവേണ്ടി കാണുന്നു; ഈ ബാലൻ എനിക്കുവേണ്ടിയും. ഇതെല്ലാം ഇവൻ വിവരിച്ചു തന്നതാണു്. എൻെറ അന്വേഷണമെല്ലാം തെളിയിച്ചതു പരാജയം മാത്രമായിരുന്നു.

എന്താണിതിനൊക്കെ കാരണം ?

അങ്ങാണീ വിന വരുത്തിവച്ചതു്. നമ്മുടെ ക്ഷേത്രങ്ങളെയും ബലിപീഠങ്ങളെയും തീണ്ടുന്ന ഈ കളങ്കം, നായ്ക്കളും കഴുക്കളും വെട്ടിനുണയുന്ന ഈ വിഷം, ഈഡിപ്പസിൻെറ രക്തമാണു്. അദ്ദേഹത്തിൻെറ ദുർഭഗനായ പുത്രൻെറ ധമനികളിൽക്കൂടി ഒഴുകിയ രക്തംതന്നെ. നമ്മുടെ ദഹനയാഗങ്ങളും ഹോമയാഗങ്ങളും സങ്കീർത്തനങ്ങളും ദേവകാം വെറുക്കുന്നു. മനുഷ്യൻ ചിന്തിയ മനുഷ്യരക്തത്തിൻെറ മട്ടുററിക്കുടിച്ച പക്ഷികാം ദുർനിമിത്തങ്ങളല്ലാതെ മററെന്താണു കാണിക്കുക ? മകനേ കോംക്കു: പാപം ചെയ്യാത്ത മനുഷ്യരില്ല. പക്ഷേ, പാപം ചെയ്യുവനെല്ലാം എന്നേയ്ക്കുമായി നശിച്ചവനല്ല; ആശയററവനുമല്ല; പശ്ചാത്തപിക്കുവാൻ മനസ്സുണ്ടെങ്കിൽ. തന്നിഷ്ടത്തിനടിമപ്പെടുന്നതു മൂഢൻ മാത്രമാണു്.

മരിച്ചവരുടെ അവകാശം അവർക്കു കൊടുക്കൂ. ചത്തവനെ കുത്തരുതു്. ശവത്തെ കുത്തുന്നതു ഭൂഷണമല്ല. ഞാൻ സവ്വാത്മനാ അങ്ങയുടെ ക്ഷേമത്തെ കാംക്ഷിക്കുന്നു. അതിനുവേണ്ടിത്തന്നെയാണു ഞാൻ സംസാരിക്കുന്നതും. വിവേകപൂണ്ണമായ ഉപദേശം അനർഘമാണു്. അതിനെ നിഷേധിക്കരുതേ !

ക്രിയോൺ: എൻെറ നേരെയാണു നിങ്ങാം വിരൽ ചൂണ്ടുന്നതു്. നിങ്ങളെല്ലാവരും അമ്പെയ്യുന്നതും എൻെറ നേരെയാണു്. നിങ്ങളുടെ തൊഴിൽ എനിക്കു പണ്ടേ അറിയാം. ഞാൻ നിങ്ങാംക്കൊരു കച്ചവടച്ചരക്കാണല്ലേ ? നടക്കട്ടെ, നിങ്ങളുടെ കച്ചവടം ! പക്ഷേ, കിഴവാ, ഇതുംകൂടി ഓർമ്മവെച്ചോളൂ-സാർഡിനിയായിലെ മുഴുവൻ വെള്ളിയും ഇന്ത്യയിലെ മുഴുവൻ സ്വണ്ണവും കൊടുത്താലും ആ രാജദ്രോഹിക്കൊരു കുഴിമാടം വാങ്ങാമെന്നു വ്യാമോഹിക്കണ്ട. കഴുക്കാം ആ ശവം കൊത്തിവലിച്ചു കൊണ്ടുപോയി സിയൂസിൻെറ സിംഹാസനത്തെത്തന്നെ അശുദ്ധമാക്കട്ടെ. ഞാനീ തീരുമാനത്തിൽനിന്നു് അണുമാത്രപോലും വ്യതിചലിക്കുകയില്ല. ഈശ്വരനന്മയെ കളങ്കപ്പെടുത്താൻ യാതൊരു മനുഷ്യപ്രവൃത്തിക്കും കഴിവില്ല. തീറേസിയാസ്, നന്മയെന്ന

ഭാവത്തിൽ ലാഭക്കൊതിവടത്തിനിറങ്ങുന്ന തിന്മ മനുഷ്യനു വരുത്തിവെയ്ക്കുന്ന അധഃപതനം ഭയങ്കരമായിരിക്കും.

തീറേസിയാസ്: ഈശ്വരാ, ഈ ലോകത്തിൽ വിവേകമെന്നൊന്നും അവശേഷിച്ചിട്ടുണ്ടോ?

ക്രിയോൺ: ഈ പൊതുകുററാരോപണത്തിനർത്ഥമെന്താണ്?

തീറേസിയാസ്: വിവേകത്തെക്കാൾ ഉൽകൃഷ്ടമായ നൽവരമെന്താണുള്ളത്?

ക്രിയോൺ: അതെ. അതുതന്നെ. അതിൻെറ അഭാവത്തെക്കാൾ വലിയ ദ്രോഹമെന്താണെന്നാണ ഞാൻ ചോദിക്കുന്നത്?

തീറേസിയാസ്: അങ്ങ് സ്വന്തം രോഗത്തിൻെറ ലക്ഷണമാണ പറയുന്നത്.

ക്രിയോൺ: പുരോഹിതാ, ഞാൻ നിങ്ങളോട്ട വക്കാണത്തിനു തയ്യാറില്ല.

തീറേസിയാസ്: എൻെറ പ്രശ്നഫലം കളവാണെന്നു പറയുന്നതിനർത്ഥം മറെറന്താണ്?

ക്രിയോൺ: ധനദുർമ്മോഹം പ്രശ്നക്കാരുടെ സ്ഥിരം ബാധയാണ്.

തീറേസിയാസ്; കൊള്ള രാജാക്കന്മാരുടെ ബാധയും.

ക്രിയോൺ: ആരോടാണിങ്ങനെ സംസാരിക്കുന്നതെന്നു നിങ്ങൾക്കോർമ്മയുണ്ടോ?

തീറേസിയാസ്: തീർച്ചയായും. ഞങ്ങളുടെ രാജാവും സംരക്ഷകനും—എൻെറ മാർഗ്ഗനിർദ്ദേശംകൊണ്ട്.,....

ക്രിയോൺ: നിങ്ങൾ ബുദ്ധിമാനായിരിക്കാം. പക്ഷേ, അതുകൊണ്ട സത്യസന്ധനാണെന്നു വരുന്നില്ല.

തീറേസിയാസ്: പറയാൻ മടിച്ചതും അങ്ങെന്നെക്കൊണ്ട പറയിക്കും.

ക്രിയോൺ: സകലതും പറഞ്ഞുകൊള്ളു. അതിനൊക്കെ കൂലി ചോദിക്കാതിരുന്നാൽ മതി.

തീറേസിയാസ്: അതാണെൻെറ ലക്ഷ്യമെന്നാണോ ഇപ്പോഴും വിശ്വാസം?

ക്രിയോൺ: എൻെറ തീരുമാനങ്ങൾ നിങ്ങളുടെ ചന്തയിൽ വില്പനയ്ക്കില്ല.

തീറേസിയാസ്: എങ്കിൽ ഇതുംകൂടി കേട്ടുകൊള്ളു. ആദിത്യഭഗവാൻെറ പ്രദക്ഷിണം ഇനി പലതു കഴിയുന്നതിനു മുമ്പുതന്നെ, രക്തത്തിൻെറ വിലയായി, രണ്ട കടങ്ങൾക്കവേണ്ടി, അങ്ങ് അങ്ങയുടെ സ്വന്തം പുത്രനെ മരണത്തി

നായി സമർപ്പിച്ചുകഴിഞ്ഞിരിക്കും—അങ്ങ് അതിനീച മായി ജീവനോടെ സംസ്കരിച്ച ആ ജീവനുവേണ്ടിയും, പാതാളദേവതകളെ അവഹേളിച്ചുകൊണ്ട് അങ്ങ് സംസ്ക്ക രിക്കാതെ നിന്ദിച്ചുപേക്ഷിച്ച ആ ശവത്തിനുവേണ്ടിയും. ഈ വിധി മാററുവാൻ നിങ്ങൾക്ക ശക്തിയില്ല. ദേവ കൾക്കുതന്നെ അതിനു കഴിവില്ല. നിങ്ങളുടെ കർമ്മഫലമാ ണതു്. ഇച്ചെയ്തതു ദേവന്മാരായിരുന്നാൽപ്പോലും പ്രതികാര ദേവകൾ ഇതു പൊറുക്കുകയില്ല. അവർ അങ്ങയെ ഉററു നോക്കിക്കൊണ്ടിരിക്കയാണു്. അങ്ങയുടെ ദുഷ്കൃത്യംകൊ ണ്ടുതന്നെ അവർ അങ്ങയെ കുരുക്കിലാക്കും. ഈ പറഞ്ഞ തെല്ലാം കൂലിക്കുവേണ്ടി പറഞ്ഞതാണല്ലേ? അനതിവിദൂര ഭാവിയിൽ മനുഷ്യൻെറ വിലാപധ്വനികൊണ്ടു് അങ്ങ യുടെ രാജകീയമണ്ഡപങ്ങൾ വിറയ്ക്കും. അപ്പോൾ സത്യമെ ന്താണെന്നു് നിങ്ങൾക്ക മിന്നിത്തെളിയും. അങ്ങു സംസ്കാരം നിരോധിച്ച സകല മനുഷ്യരുടെയും നഗരങ്ങൾ, തീബ്സി നെതിരായി ആയുധമേന്തിയിരിക്കുന്നു. നായ്ക്കളും നരികളും അവരുടെ ഗൃഹങ്ങളെ അശുദ്ധമാക്കുന്നുണ്ടു്.

അങ്ങ് എൻെറ ഹൃദയത്തെത്തന്നെ വ്രണപ്പെടുത്തിയതു കൊണ്ടാണു് ഞാനിത്രയും പറഞ്ഞുപോയതു്. ഇതെല്ലാം അങ്ങയുടെ ഹൃദയത്തിൽ ശരതുല്യം തറയ്ക്കട്ടെ! അവയുടെ മൂർച്ച അങ്ങറിഞ്ഞേ തീരൂ. കുഞ്ഞേ, എന്നെ വീട്ടിലേയ്ക്കു കൊണ്ടുപോകൂ. അദ്ദേഹത്തിൻെറ കോപം ഏതെങ്കിലും ചെറുപ്പക്കാരുടെമേൽ തീർക്കട്ടെ. അല്ലെങ്കിൽ, വികാര ത്തിനും നാവിനും കടിഞ്ഞാണിടാൻ പഠിക്കട്ടെ. നടക്കു്.

(തീറേസിയാസും ബാലനും പോകുന്നു)

പൗരൻ: പ്രഭോ, അദ്ദേഹം പോയി. എന്തു ഭയങ്കരമായ പ്രവ ചനങ്ങൾ! വൃദ്ധനായ എൻെറ അനുഭവത്തിൽ അദ്ദേഹ ത്തിൻെറ വാക്കുകൾ വ്യർത്ഥമായതായിട്ടറിവില്ല.

ക്രിയോൺ: ശരിയാണു്. എൻെറ ഹൃദയം തകരുന്നു. കീഴട ങ്ങുന്നതു മഹാവിഷമം. ഈ ശാപത്തെ നേരിട്ടെതിർക്കുകയെ ന്നതു് അസാദ്ധ്യമാണു്. രണ്ടു വഴിയും ദുർഘടം.

പൗരൻ: മഹാനായ രാജാവേ, അഭിപ്രായം പറയുന്നതില ങ്ങേയ്ക്കനിഷ്ടമില്ലെങ്കിൽ......

ക്രിയോൺ: ഞാനെന്താണു ചെയ്യേണ്ടതു്? പറയൂ. എന്തു ചെയ്യാനും ഞാൻ സന്നദ്ധനാണു്.

പൗരൻ: കുമാരിയെ കൽത്തുറുങ്കിൽനിന്നു മോചിപ്പിക്കൂ. ശവ സംസ്കാരം ലഭിക്കാത്ത ആ നിർഭാഗ്യവാനു് ഒരു കുടീരം പണിയുകയും ചെയ്യൂ.

ക്രിയോൺ: ഈ നിർദ്ദേശം ഞാൻ സ്വീകരിക്കണമെന്നാണോ നിങ്ങളുടെ യഥാർത്ഥമായ ആഗ്രഹം ?

പൗരൻ: അതെ. ഉടൻതന്നെ. ഈശ്വരകോപത്തിനു കാലവിളംബമുണ്ടാകാറില്ല.

ക്രിയോൺ. ഇതു കഠിനംതന്നെ...എങ്കിലും ഞാനതു ചെയ്യേ കഴിയൂ. വിധിയെ ജയിക്കുന്ന കവചമില്ലെന്നെനിക്കറിയാം.

പൗരൻ: എന്നാൽ പുറപ്പെടുകയാണുത്തമം. ആ കർമ്മം അന്യകരങ്ങൾക്കുള്ളതല്ല. അങ്ങുതന്നെ അതു ചെയ്യണം.

ക്രിയോൺ: ഈ നിമിഷംതന്നെ. ആരവിടെ ? എല്ലാവരും കുന്താലിയും മൺവെട്ടിയുമായി മലയിലേയ്ക്കു വരൂ. ഞാൻ തീരുമാനിക്കുന്നു, ബന്ധിച്ചവൻതന്നെ മുക്തിയും കൊടുക്കണം. ദിവ്യനിയോഗമനുസരിച്ചാണു് മനുഷ്യൻ ജീവിക്കേണ്ടതെന്നു് എനിക്കു തീർത്തും ബോദ്ധ്യമായിരിക്കുന്നു.

(പോകുന്നു)

(പൗരസംഘം പ്രവേശിക്കുന്നു)

പലനാടുകൾ പലപേരിലുമറിയുന്നൊരു ദേവാ !
ദുരിതത്തിനു കുളിരേകിന ജഗദീശ്വരതനയാ !
മുഴകുന്നിതു പലനാടുകൾ തവപൂജയിലെന്നാൽ
അവിടങ്ങളിലെഴുനള്ളുവതതിശോഭനമെന്നാൽ
കണികാണ്മതിനുഴറുന്നാ മതിമോഹനവദനം
തവജീവനു മിഴിവേകിയ നഗരം പ്രിയനഗരം.
നറുമുന്തിരി വിളയുന്നൊരു സമഭൂമിയിലൂടെ
വനനീലിമയിടതിങ്ങിയ മലനാടുകളൂടെ
വിജയോന്മദ മദിരോത്സവ ശുഭനേത്തനലോലം
തവവിഗ്രഹമതിമോഹനമണയുന്നതുനേരം
എതിരേല്പിതു നഗരംവഴി മധുരോജ്ജ്വലനാദം
തവസേവയിലുയരുന്നൊരു സങ്കീർത്തനനാദം
വനദേവികൾ വിളയാടിന തെളിനീരിനു മേലേ
എതിരേല്പിതു ദീപാവലിയണിയും ഗിരിശിഖരം.
സുരവീഥിയെ മുകരുന്നൊരു മലമാലകൾ താണ്ടി
നെടുവീർപ്പുകളുയരുന്നൊരു തിരമാലകൾ താണ്ടി
ശുഭതാരകനികരത്തൊടു കളഗീതികൾ പാടി
പുളകോദ്ഗമമിളകുന്നൊരു സുരനർത്തനമാടി
എഴുനള്ളുക കരുണാമൃതമരുളുന്നൊരു ദേവാ !
തവസുന്ദര നഗരത്തിനു വരമേകുക ദേവാ !

ആറാം രംഗം

(ഒരു വശത്തുനിന്നു് ദൂതൻ പ്രവേശിക്കുന്നു)

ദൂതൻ: കാഡ്മസ്സ് വംശമേ, ആംഫിയൻ കുലമേ, കേശക്കൂ. യാതൊരു മനുഷ്യജന്മത്തെയും, അതെത്ര ശ്രേഷ്ഠമോ നികൃഷ്ടമോ ആയിക്കൊള്ളട്ടെ, ഞാൻ വാഴ്ത്തുകയില്ല,—താഴ്ത്തുകയില്ല. ഭാഗ്യചക്രത്തോടൊപ്പം ചഞ്ചലമാണു് മനുഷ്യസുഖവും ദുഃഖവും. ഊഹിച്ചറിയാൻ കഴിയാത്തതാണു്, ഭാവി. എനിക്കു ക്രിയോണിനോടസൂയ തോന്നിയിട്ടുണ്ടു്. അദ്ദേഹം തൻെറ രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിച്ചു, പരമാധികാരം ഏറെറടുത്തു; അതു യോഗ്യമായി വഹിക്കുകയും ചെയ്തു. ഒരു രാജഗൃഹത്തിൻെറ ഉത്തമനായ അധിപതി. പക്ഷേ, ഇന്നദ്ദേഹത്തിനെന്തുണ്ടു് ? ഒന്നുമില്ല. ജീവിതസുഖങ്ങളില്ലാത്ത ജന്മം മരണമാണു്. സചേതനമായ പിണം. അദ്ദേഹം കുബേരനാണു്. അദ്ദേഹം മഹാരാജാവാണു്. എങ്കിലും ആനന്ദരഹിതമായ ജീവിതം ജീവിതമല്ല—കേവലം പുകയുടെ നിഴൽമാത്രം.

പൗരൻ: രാജഗൃഹത്തിലെ പുതിയ എന്തത്യാഹിതവാർത്തയാണു് നിങ്ങൾ കൊണ്ടുവരുന്നതു് ?

ദൂതൻ: മരണം. അവശേഷിക്കുന്നവരുടെമേൽ അതിൻെറ ശാപവും.

പൗരൻ: ആരാണു മരിച്ചതു് ? കൊന്നതാരു് ? പറയൂ.

ദൂതൻ: മരിച്ചതു് ഹേമൺ......കൊന്നതു് അദ്ദേഹത്തിൻെറ സ്വന്തം...

പൗരൻ: സ്വന്തം അച്ഛൻ ?

ദൂതൻ: സ്വന്തം കൈകൾ. തിരുമേനി ആ കുമാരിയെ വധിച്ചതാണതിനു കാരണം.

പൗരൻ: പ്രവചനം ഫലിച്ചു ?

ദൂതൻ: ഇനിച്ചെയ്യാനുള്ളതെന്തെന്നു മാന്യന്മാരായ നിങ്ങൾ തീരുമാനിക്കണം.

(കൊട്ടാരവാതിൽ തുറക്കുന്നു)

പൗരൻ: അതാ, യൂറിഡിഖി രാജ്ഞി തിരുമനസ്സുകൊണ്ടല്ലേ വരുന്നതു്? പുത്രൻെറ ദുരന്തം അവർ കേട്ടുകാണുമായിരിക്കും.

(യൂറിഡിഖി ചേടികളാൽ പരിസേവിതയായി പ്രവേശിക്കുന്നു)

യൂറിഡിഖി: സ്നേഹിതരേ, നിങ്ങൾ പറഞ്ഞതിൽ ചില തെല്ലാം ഞാൻ കേട്ടു. ഞാൻ അഥേനക്ഷേത്രത്തിൽ തൊഴാൻ പുറപ്പെട്ടതാണു്. ഓടാമ്പലിൽ കൈവെച്ചപ്പോഴേയ്ക്കും എൻെറ ദൗർഭാഗ്യത്തിനു നിങ്ങളുടെ സംസാരമാണെൻെറ ചെവിയിൽ വന്നലച്ചതു്. എനിക്കു ബോധക്ഷയമുണ്ടായി. ഇവർ എന്നെ താങ്ങിപ്പിടിച്ചു രക്ഷിച്ചു. കാര്യമെന്താണു്? എന്തായാലും കേൾക്കട്ടെ. കഷ്ടത എനിക്കു പുതിയൊരനുഭവമല്ല.

ദൂതൻ: ദേവീ, ഞാൻ കണ്ടതു പറയാം. മുഴുവനും പറയാം. ഞാനതു് ഒളിച്ചുവെച്ചതുകൊണ്ടു് ഇനി, ഞാനൊരു നുണയനായിത്തീരുമെന്നല്ലാതെ മററു ഗുണമില്ല. സത്യം തന്നെയാണുത്തമമെന്നു് എനിക്കു തോന്നുന്നു.

ആ വയലിലെ കുന്നിൻമുകൾ വരെ, പോളിനീക്കസിൻെറ ശവം കുറുനരികൾ കടിച്ചുകീറിയിട്ടിരിക്കുന്ന ആ സ്ഥലംവരെ, ഞാൻ മഹാരാജാവിൻെറ സേവകന്മാരുടെകൂടെ പോയി. നിരത്തുകളുടെ ദേവതയോടും പാതാളാധീശനോടും ഞങ്ങൾ കരുണയ്ക്കായി പ്രാർത്ഥിച്ചു. വിശുദ്ധജലത്തിൽ ശവം കഴുകി, പുതിയ ചുള്ളിക്കമ്പുകൾ കൊണ്ടുണ്ടാക്കിയ ചിതയിൽവച്ചു ദഹിപ്പിച്ചു. ഭസ്മത്തിനു മുകളിൽ ഒരു മൺകുമ്പാരവും ഉണ്ടാക്കി. അതിനുശേഷം ഞങ്ങൾ ആ തുറുങ്കിലേയ്ക്കു നടന്നു. അതാണു കുമാരിയുടെ മരണമണവറ. ഞങ്ങൾ അവിടെ എത്തുന്നതിനു മുമ്പുതന്നെ അവിടത്തെ കാവൽക്കാരൻ തുറുങ്കിനകത്തു് എന്തോ ഭയങ്കര ശബ്ദങ്ങൾ കേട്ടു ഭയന്നു് തിരുമേനിയുടെ അടുത്തേയ്ക്കോടിവന്നു. അയാൾ ഞങ്ങളുടെ അടുത്തെത്തിയപ്പോഴേയ്ക്കും കല്ലറയിൽ നിന്നു് ഒരു ദീനരോദനം കേട്ടു. തിരുമേനി തൻെറ വിധിയെ ശപിച്ചുകൊണ്ടു പറഞ്ഞു: ''ഞാൻ ആശങ്കിച്ചതു നടന്നു കഴിഞ്ഞു. ഭാഗ്യഹീനമായ എൻെറ ജീവിതത്തിലെ ഏററവും ശപ്തമായ യാത്ര ഇതാണു്. അതാ, എൻെറ മകൻെറ നിലവിളി കേൾക്കുന്നു. നിങ്ങൾ ചെന്നു നോക്കി വരൂ. കൽപ്പണി തകർന്നുകിടക്കുന്ന ആ വിടവിൽക്കൂടി അകത്തു കടക്കാം. നാം കേട്ട ശബ്ദം ഹേമണിൻെറതാണോ എന്നെനിക്കറിയണം. അതോ, ഇനി ദേവകൾ എന്നെ പരിഹസിക്കയാണോ? ആരറിഞ്ഞു?'' ഞങ്ങൾ പോയി പറഞ്ഞതുപോലെ നോക്കി. കല്ലറയുടെ അങ്ങേയററത്തു കുമാരി തൂങ്ങിനിൽക്കുന്നു......! വസ്ത്രത്തിൻെറ വിളുമ്പു കീറിയെടു

ത്താണ്ട് കയറുണ്ടാക്കിയതു്. ഭാഗ്യഹീനനായ കുമാരൻ.... ഹേമൺ...തൻെറ വധുവിനെക്കൊന്ന അച്ഛൻെറ ക്രൂരതയെ ശപിച്ചുകൊണ്ടു് കുമാരിയുടെ ശരീരത്തെ കെട്ടിപ്പിടിച്ചു നിൽക്കുന്നു. തിരുമേനി ഒന്നു ഞരങ്ങി. അദ്ദേഹം കല്ലറയിലേയ്ക്കു കടന്നു. അദ്ദേഹം പറഞ്ഞു: ''പാവം മകനേ, നീ എന്താണു ചെയ്യുന്നതു് ? എന്തു ഭ്രാന്താണു നിന്നെ ഇവിടെ കൊണ്ടുവന്നതു് ? പോകാം. നമുക്കിവിടെ നില്ക്കണ്ട. വരൂ, ഹേമൺ.'' കുമാരൻ ഒരു നിമിഷം നീറുന്ന കോപത്തോടെ അച്ഛനെ തുറിച്ചുനോക്കി. എന്നിട്ടു പെട്ടെന്നു തിരുമേനിയുടെ മുഖത്തു തുപ്പി! അതുകഴിഞ്ഞു് വാളൂരി വെട്ടി. തിരുമേനി ഒഴിഞ്ഞുമാറി ഓടിപ്പോന്നു. സാധുകുമാരൻ ആ വാൾ തൻെറ നെഞ്ചിൽ കുത്തിയിറക്കി, അൻറിഗണിയുടെ ശരീരത്തിൽ ചുററിപ്പിടിച്ചു നിന്നു. അദ്ദേഹത്തിൻെറ രക്തം കുമാരിയുടെ കവിളിൽക്കൂടി ഒഴുകി.

(യൂറിഡിഖി കൊട്ടാരത്തിലേയ്ക്കു പോകുന്നു)

: കരണംകൊണ്ടു് വിവാഹിതരായ രണ്ടു ശവങ്ങൾ ! അവിവേകം എത്ര മനുഷ്യമാരകമായ ഒരാപത്താണെന്നു് വിളിച്ചറിയിക്കുന്ന ഒരു പാഠമായിരുന്നു അക്കാഴ്ച.

പൗരൻ: രാജ്ഞി ഒരക്ഷരം മിണ്ടാതെയാണല്ലോ പോയതു് ! എന്താണതിനർത്ഥം ?

ദൂതൻ: എനിക്കു പേടി തോന്നുന്നു. ഇവിടെവച്ചു സങ്കടം കാണിച്ചുകൂടല്ലോ. ശാന്തമായി എവിടെയെങ്കിലും പോയിരുന്നു കരയട്ടെ. അതാണു നല്ലതു്. സാഹസികത്തമൊന്നും കാട്ടാതിരിക്കാനുള്ള ഔചിത്യം അവക്കുണ്ടു്.

പൗരൻ: അങ്ങനെയുമാകാം. പക്ഷേ, അതിരുകടന്ന വിലാപത്തെക്കാൾ അപകടകരമാണു പരിപൂർണ്ണമൗനം.

ദൂതൻ: ഞാൻ പോയി അവരുടെ ദുഃഖത്തിൽ മാരകമായ ലക്ഷ്യം വല്ലതുമുണ്ടോ എന്നറിഞ്ഞു വരാം. നിങ്ങൾ പറഞ്ഞതുപോലെ ഇത്തരം മൗനം അപകടകരമാണു്.

(ദൂതൻ കൊട്ടാരത്തിലേയ്ക്കു പോകുന്നു)

ഏഴാം രംഗം

പൗരൻ: അതാ നോക്കു്. തിരുമേനി അതീവ ദുഃഖിതനായി വരുന്നു. അദ്ദേഹം ചുമക്കുന്നതു് അന്യർ വരുത്തിവെച്ച വിന യൊന്നുമല്ല; സ്വന്തം കർമ്മഫലമാണു്.

(ക്രിയോണും സേവകന്മാരും ഹേമണിന്റെ ശരീരവുമായി ഒരു വശത്തു നിന്നു പ്രവേശിക്കുന്നു)

ക്രിയോൺ: നിർദ്ദയമായ ദുർവാശിയുടെ ദുരന്തമാണിതു്!— മരണം! ഇതാ മരിച്ചവനും കൊലയാളിയും. ഒരേ രക്ത ത്തിന്റെ സന്തതികൾ. യാന്ത്രികനിയമത്തിന്റെ തിക്തക ഫലം. മകനേ, നിന്റെ അവിവേകമല്ല, എന്റെ ബുദ്ധി ശൂന്യതയാണു നിന്നെ കൊന്നതു്.

പൗരൻ: അങ്ങു് സത്യം ഗ്രഹിച്ചപ്പോഴെയ്ക്കും കാലം വൈകി പ്പോയി. കഷ്ടം!

ക്രിയോൺ: വേദനയാണെന്റെ വിദ്യാലയം. ഈശ്വര നാണു് എന്റെ ശിരസ്സിൽ ഈ ഭയങ്കരശിക്ഷ ഏററിയതു്, എന്റെ ദുഷ്കർമ്മമദ്ധ്യത്തിൽ തന്നെ, ജീവിതത്തിലെ സകല സുഖങ്ങളെയും ചവുട്ടിത്തേച്ചുകൊണ്ടു് ഈശ്വരൻ എന്നെ വലിച്ചെറിഞ്ഞിരിക്കുന്നു. അഹോ, മനുഷ്യന്റെ യാതനയ്ക്കെന്തൊരു കയ്പ്പു്!

(രണ്ടാമത്തെ ദൂതൻ കൊട്ടാരത്തിൽനിന്നു പ്രവേശിക്കുന്നു)

ദൂതൻ: തിരുമേനീ, അങ്ങു് സങ്കടങ്ങളുടെമാത്രം രാജാവാണു്. അവിടത്തെ കൈയിൽത്തന്നെയുണ്ടു് ഒരു ദുരന്തം...അകത്തു് ഇനിയുമുണ്ടു്, വേറെ.

ക്രിയോൺ: ഇനിയെന്താണു്? ഇതിലപ്പുറം എന്തു വേദന യാണുള്ളതു്?

ദൂതൻ: അവർ...അവിടത്തെ രാജ്ഞി...മരിച്ചു...ഈ സാധു കുമാരന്റെ അമ്മ. അവരുടെ വ്രണം ഉണങ്ങിയിട്ടുപോലു മില്ല...പാവം രാജ്ഞി!

ക്രിയോൺ: മതിവരാത്ത മരണമേ, ഇനിയെങ്കിലും എന്നെ സ്വീകരിച്ചുകൂടേ? എന്റെ ആത്മാവു് എപ്പോഴേ ദഹിച്ചു കഴിഞ്ഞു?...എന്റെ ജീവിതസഖി മരിച്ചുവെന്നോ?...മര ണത്തിനു മരണംകൊണ്ടു മകുടം ചാർത്തി, അല്ലേ?

പൗരൻ: നോക്കൂ, ഇനി എന്താണു മറയ്ക്കാനുള്ളതു് ?

(കൊട്ടാരവാതിൽ തുറക്കപ്പെടുന്നു. അകത്തു് യൂറിഡിഡിഖിയുടെ ശവശരീരം കാണാം)

ക്രിയോൺ: ഭയങ്കരതയ്ക്കുമേൽ ഭയങ്കരത! ഇനി എന്തു ദുരിതമാണോ എനിക്കു വിധിച്ചിരിക്കുന്നതു് !...ഇവിടെ എന്റെ കൈയിൽ എന്റെ സന്താനം......അവിടെ......അവരം, അവന്റെ അമ്മ. ഭാഗ്യംകെട്ട മകൻ, ഭാഗ്യംകെട്ട അമ്മ.

ദൂതൻ: ഇരുളം തിങ്ങുന്ന ആ സന്ധ്യയ്ക്കു് ബലിപീഠത്തിന്റെ മുമ്പിൽ തേച്ചുമിനുക്കിയ കത്തിയുമായി രാജ്ഞി അല്പനേരം നിന്നു. മരിച്ചവരെ—മൂത്ത മകനെയും ഈ കുമാരനെയും—വിളിച്ചു കരഞ്ഞുകൊണ്ടു്. അവരെ കൊന്ന അങ്ങയെ ആ അമ്മ മരണശാപംകൊണ്ടു ശപിച്ചു.

ക്രിയോൺ: ആഴമററ ഈ ദുരിതത്തിൽനിന്നു് എന്നെ കരകേററാൻ ഒരു വാളും ഉയരുകയില്ലേ?

ദൂതൻ: തീർച്ചയായും അവിടുന്നു് രണ്ടു മരണങ്ങളുടെ പാതകം വഹിക്കുന്നു. അതായിരുന്നു രാജ്ഞിയുടെ അന്ത്യവചനങ്ങൾ.

ക്രിയോൺ: അവസാനമെന്തുചെയ്തു ?

ദൂതൻ: മകൻ മരിച്ചുവെന്നറിഞ്ഞയുടനെ അവർ മൂർച്ചയേറിയ ആ കത്തി സ്വന്ത ഹൃദയത്തിൽ കുത്തിക്കയററി.

ക്രിയോൺ: ഇതിന്റെയെല്ലാം പാപം ഞാനല്ലാതെ ആരേൽക്കും? ഞാനാണവളെ കൊന്നതു്;—സത്യം. എന്നെ എങ്ങോട്ടെങ്കിലും കൊണ്ടുപോകൂ. എനിക്കിനി ജീവിക്കേണ്ട.

പൗരൻ: അതുതന്നെയാണുത്തമം; ജീവിതം നരകമായിക്കഴിഞ്ഞാൽ ചെയ്യുന്നതു് എത്രയും വേഗംതന്നെ നടക്കട്ടെ.

ക്രിയോൺ: എന്റെ അവസാനനാഴിക, ഏററവും നല്ല നാഴിക. എനിക്കു വിധിച്ചിട്ടുള്ള ഏക ആനന്ദം. വരൂ, ഇനിമേൽ ഞാനൊരു പകൽ കാണാതിരിക്കട്ടെ. വരൂ, നമുക്കു പോകാം.

പൗരൻ: ഭാവി ആരറിഞ്ഞു! ഇന്നത്തെക്കാര്യം മാത്രമേ നമ്മുടെ നിയന്ത്രണത്തിലുള്ളൂ. അതിനപ്പുറം, മററു കൈകളിൽ സ്ഥിതിചെയ്യുന്നു.

ക്രിയോൺ: ഞാൻ ചോദിച്ചതല്ലാതെ യാതൊന്നും എനിക്കു വേണ്ട.

പൗരൻ: യാതൊന്നും ചോദിക്കണ്ട. വരാനുള്ളതിൽനിന്നൊഴിഞ്ഞുനില്ക്കാൻ മർത്ത്യനു കഴിവില്ല.

ക്രിയോൺ; ഞാൻ വെറും പൂജ്യമാണു്. എനിക്കു ജീവിതമില്ല. എന്നെ കൊണ്ടുപോകൂ. വിവരമില്ലാതെ ഭാര്യയെയും പുത്രനെയും കൊലചെയ്ത ദുരഭിമാനിയായ എന്നെ കൊണ്ടുപോകൂ. ഞാനെങ്ങോട്ടാണു പോകേണ്ടതു്? എവിടെയാണു സഹായമഭ്യർത്ഥിക്കേണ്ടതു്? എൻെറ ചുററും എല്ലാം തകരുന്നു — എല്ലാം. ഉയരത്തിൽനിന്നു വരുന്നതോ, ദുസ്സഹദുരന്തം. എൻെറ കരങ്ങൾ പാപപങ്കിലമാണു്; എൻെറ ശിരസ്സു് വിധിവൈപരീത്യഭാരംകൊണ്ടു് അവനമ്രവും.

(പോകുന്നു)

(പൗരസംഘം പ്രവേശിക്കുന്നു)

ഊററംകൊണ്ടു മദിച്ചുയന്ന തലകൾ
നീളെത്തകന്നീടവേ
വാർദ്ധക്യത്തിലൊരൊററയുണ്മയിതുതാൻ
കാണുന്നിതെൻ കണ്ണുകൾ.
ആക്കുംപോന്ന വിവേകശീലമെവിടെ-
പ്പൂജിപ്പു ദേവേശനെ
ചാത്തും ജീവിതഭാഗധേയമവിടെ-
സ്സൗവർണ്ണകോടീരകം.

★

ആ മനുഷ്യൻ നീതന്നെ!

പാത്രങ്ങൾ

ദാവീദ്	...	...	യിസ്രായേൽ രാജാവ്
യോവാബ്	...	...	സേനാപതി
ഊറിയാ	...	...	ശതാധിപൻ
ഇസഹാക്ക്	...	...	ഒരു യഹൂദപ്രഭു
അമാസ	...	...	സർവ്വാധികാര്യക്കാർ
എലിയാം	...	...	ബത്ത്ശേബയുടെ പിതാവ്
യൂദാ	...	...	കൊട്ടാരം ഷണ്ഡൻ
നാഥാൻ	...	...	പ്രവാചകൻ
ബത്ത്ശേബ	...	...	ഊറിയാവിൻെറ ഭാര്യ
അന്ന	...	...	ബത്ത്ശേബയുടെ ചേടി

പ്രഭുക്കന്മാർ, ഭടന്മാർ, സ്ത്രീകൾ, വേദശാസ്ത്രികൾ മുതലായവർ

സ്ഥലം : യെറുശലേം.

[ഈ നാടകത്തിൽ പാടേണ്ട ഗാനങ്ങൾ ബൈബിളിൽനിന്നു് എടുത്തിട്ടുള്ളവയാണ്. അഭിനയിക്കാനാഗ്രഹിക്കുന്നവർക്ക് സൗകര്യമനുസരിച്ച് ഗാനങ്ങൾ രചിച്ച് പാടുകയായിരിക്കും സൗകര്യം.]

പൂർവ്വാങ്കം

(ഒരു ക്രിസ്ത്യൻ ഭവനം. മുറിയുടെ മദ്ധ്യത്തിലെ മേശയിൽ അതി ഭീമമായ ഒരു ബൈബിൾ. പുറകിലെ കസേരയിലിരിക്കുന്ന ഒരു കൊച്ചു കുട്ടി വിരൽകൊണ്ടു പുസ്തകത്തിൽ ചൂണ്ടി വായിക്കുകയാണ്. കുട്ടി ശബ്ദി ക്കുന്നില്ല. പശ്ചാത്തലത്തിൽ മന്ദമായ ഓർഗൻ സംഗീതത്തോടുകൂടി ഗംഭീരശബ്ദത്തിൽ വേദവായന കേൾക്കാം.)

........അതിൻെറശേഷം അമ്മോന്യരുടെ രാജാവു മരിച്ചു. അവൻെറ മകനായ ഹാനൂൻ അവനു പകരം രാജാവായി. അപ്പോൾ ദാവീദ്, ''ഹാനൂൻെറ അപ്പനായ നാഹാശ് എനിക്കു ദയചെയ്തതുപോലെ അവൻെറ മകനു ഞാനും ദയചെയ്യും,'' എന്നു പറഞ്ഞു് അവൻെറ അപ്പനെക്കുറിച്ചു് അവനോടു് ആശ്വാസവാക്കു പറവാൻ തൻെറ ഭൃത്യന്മാരെ പറഞ്ഞയച്ചു. ദാവീദിൻെറ പ്രഭുക്കന്മാർ അമ്മോന്യരുടെ ദേശത്തു് എത്തിയപ്പോൾ അമ്മോന്യപ്രഭുക്കന്മാർ തങ്ങളുടെ യജമാനനായ ഹാനൂനോടു്, ''ദാവീദ് നിൻെറ അപ്പനെ ബഹുമാനിച്ചിട്ടാകുന്നു ആശ്വസിപ്പിക്കുന്നവരെ നിൻെറ അടുക്കൽ അയച്ചതു് എന്നു തോന്നുന്നുവോ? പട്ടണത്തെ ശോധനചെയ്തു് ഒററുനോക്കുവാനും അതിനെ നശിപ്പിച്ചുകളവാനും അല്ലയോ ദാവീദ് ഭൃത്യ ന്മാരെ നിൻെറ അടുക്കൽ അയച്ചതു്,'' എന്നു പറഞ്ഞു. അപ്പോൾ ഹാനൂൻ ദാവീദിൻെറ ഭൃത്യന്മാരെ പിടിച്ചു് അവരുടെ താടിയെ പാതി ക്ഷൗരം ചെയ്തു് അവരുടെ അങ്കികളെ നടുവിൽ ആസനംവരെ മുറിപ്പിച്ചു് അവരെ അയച്ചു....തങ്ങൾ ദാവീദിനു വെറുപ്പുള്ളവരായിത്തീർന്നു എന്നു് അമ്മോ ന്യർ കണ്ടപ്പോൾ അവർ ആളയച്ചു് ബത്ത്രെഹോബിലെ ആരാമ്യരിൽനി ന്നും സോബയിലെ ആരാമ്യരിൽനിന്നും ഇരുപതിനായിരം കാലാളുകളെയും തോബിൽനിന്നു പന്തീരായിരം പേരെയും കൂലിക്കു വരുത്തി. ദാവീദ് അതു കേട്ടപ്പോൾ യോവാബിനെയും ശൂരന്മാരുടെ സകല സൈന്യത്തെയും അയച്ചു....ദാവീദ് ആരാമ്യരിൽ എഴുനൂറു തേരാളികളെയും നാല്പതിനാ യിരം കുതിരപ്പടയാളികളെയും കൊന്നു. അവരുടെ സേനാപതിയായ ശോബക്കിനെയും വെട്ടിക്കൊന്നു...പിറെറ ആണ്ടിൽ യോവാബിനെയും അ വനോടുകൂടെ തൻെറ ചേവകരെയും എല്ലാ യിസ്രായേലിനെയും അയച്ചു....

(കുട്ടി ഉറക്കംതൂങ്ങി മലർത്തിവെച്ചിരിക്കുന്ന പുസ്തകത്തിൽ കമഴ്ന്നു കിടന്നുറങ്ങുന്നു. ശബ്ദം മങ്ങി മാഞ്ഞുപോകുന്നു. പെട്ടെന്നു കുതിരക്കുളമ്പടി യുടെ ആരവം ദൂരെനിന്നു കേൾക്കാറാകുന്നു; പടഹധ്വനിയും)

കർട്ടൻ

അങ്കം 1

ഒന്നാംരംഗം

(യെരുശലേം. ദാവീദ് രാജാവിൻെറ കൊട്ടാരത്തിൽ രണ്ടാംനില യിലുള്ള സിംഹാസനമണ്ഡപം. പരുക്കൻ കല്ലുകൾകൊണ്ടു പണിത ഭിത്തികൾ. ഇരുപാർശ്വങ്ങളിലും തടിച്ച തൂണുകളുണ്ട്. അവയ്ക്കപ്പുറത്തേയ്ക്കു മണ്ഡപം നീണ്ടുകിടക്കുന്നു എന്നാണ് സങ്കല്പം. മുറിയുടെ പിൻഭാഗത്തു മദ്ധ്യത്തിലായി ഏഴ് പടികളുള്ള ഒരു വേദികയിലാണു സിംഹാസനം. ഇടത്തുവശത്തായി ഒരു ശയ്യാതലവും അതിനോടു ചേൻ്റ് ചെറിയ ഒരു മേശയും. വലതുവശത്ത് ഏതാനും പീഠങ്ങളും മുൻപോട്ടു മാറി സുഗന്ധം പുകയ്ക്കുന്നതിനുള്ള മുക്കാലിയും. ശയ്യാതലത്തിനടുത്ത് ഒരു വലിയ കിന്നരം വച്ചിട്ടുണ്ട്. സിംഹാസനത്തിന് ഇരുവശങ്ങളിലുമുള്ള വളച്ചുവാതിലുകൾക്കിടയിൽക്കൂടി വെണ്മാടം കാണാം; വെണ്മാടത്തിൻെറ അഴികൾക്കപ്പുറം ആകാശവും. കർട്ടനുയരുമ്പോൾ ദാവീദ് ശയ്യാതലത്തിൽ ചാരിക്കിടന്ന് പ്രഭുക്കന്മാരുടെ സംസാരം ശ്രദ്ധിക്കുകയാണ്. വലതുവശത്തുള്ള പീഠങ്ങളിൽ യോവാബും വൃദ്ധനായ ഇസഹാക്കും ഇരിക്കുന്നു. അവരുടെ പുറകിൽ ഏലിയാം, ഊറിയാ, സെബൂലൂൻ, അമാസ എന്നിവർ നിൽക്കുന്നു. കൊട്ടാരം ഷണ്ഡനായ യൂദാ രാജാവിൻെറ പുറകിൽ നിൽക്കുന്നുണ്ട്.

(സമയം സന്ധ്യയോടടുത്ത്)

ദാവീദ്: കണ്ണുള്ളതു, തുറക്കാൻ മാത്രമല്ല, അടയ്ക്കാൻ കൂടിയാണ്.

ഊറിയാ: എനിക്കു മനസ്സിലായില്ല.

ദാവീദ്: രുചിക്കുന്നതേ മനസ്സിലാകൂ. നിനക്കു യുദ്ധം ചെയ്യണം. ഊറിയാ, ഒരു കാര്യം ഓർമ്മയിരിക്കട്ടെ. ഇതെല്ലാം നിൻെറ പ്രശസ്തിക്കു വേണ്ടിയല്ല. ദാവീദ് രാജാവിനു വേണ്ടിയുമല്ല. യിസ്രായേൽ ചെയ്യുന്നതെല്ലാം, ഇന്നുവരെ ചെയ്തതെല്ലാം, യഹോവയുടെ മഹത്വത്തിനാണ്. ഇനിയും അങ്ങനെതന്നെ ആയിരിക്കും. നിനക്കു യുദ്ധമാണു വേണ്ടതു്. യിസ്രായേലിനതാവശ്യമില്ല. വിജയം മാത്രം.

എലിയാം: യുദ്ധം ചെയ്യാതെ വിജയമെങ്ങനെ കിട്ടുമെന്നാണവൻെറ സംശയമെന്നു തോന്നുന്നു.

ദാവീദ്: വിജയമെങ്ങനെ കിട്ടുമെന്നല്ല, വിജയമെന്തിനു കിട്ടുന്നെന്നാണ്. വീരന്മാരുടെയൊക്കെ കഥയിതാണ്. അവൻ യോനാഥാൻെറ പാരമ്പര്യക്കാരനാണ്. സ്വപ്നം കാണുന്നതു ശിംശോനെയും.

ഊറിയാ: ഒരിക്കൽ ...

ദാവീദ്: (ചിരിച്ച്) ഒരിക്കൽ. ഉം. അതു ശരിയാണൂറിയാ. ഒരിക്കൽ ഞാനുമിങ്ങനെയൊക്കെ ചിന്തിച്ചിരുന്നു. നീ പ്രായത്തിൻെറ കാര്യം മറന്നുപോകുന്നു. ഞാനിന്നു ചെറുപ്പമല്ല. എങ്കിലും ജീവിച്ചതു് ശൗലിൻെറയും യോനാഥാൻെറയും കൂടെയായിരുന്നു. പക്ഷേ, അക്കാലത്തും ഞാനിഷ്ടപ്പെട്ട ജീവിതം അതായിരുന്നില്ല.

ഊറിയാ: എനിക്കത്ഭുതമായിരിക്കുന്നു !

ദാവീദ്: അതെ, ഊറിയാ ! ഒരോടക്കുഴലും അപ്പൻെറ ആടുകളും. ആ പുൽമേടുകൾ സ്വർഗ്ഗം തന്നെയായിരുന്നു. അന്നു ഞാൻ പാടിപ്പോയി: ''യഹോവാ എൻെറ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു. സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു്......'' സ്വസ്ഥതയ്ക്കുവേണ്ടി ഞാനിന്നെന്തുതന്നെ കൊടുക്കയില്ല ! ആ പുല്ലാങ്കുഴലിനുവേണ്ടി ഈ ചെങ്കോൽ... ഓ ! ഞാൻ എന്നെത്തന്നെ മറന്നുപോയി !

ഇസഹാക്ക്: അത്ഭുതമില്ല. ഊറിയാ ഒന്നു മനസ്സിലാക്കണം. യുദ്ധം ഒരു രസമല്ല; ഒരാവശ്യം മാത്രമാണ്. നമുക്കും അവക്കുംകൂടി ഒരുമിച്ചു ജീവിക്കാൻ ഈ നാട്ടിൽ ഇടമില്ല. അതുകൊണ്ടു് ഒരു കൂട്ടർ തോറേറ മതിയാവൂ. എങ്ങനെ ഏററവും എളുപ്പം അവരെ അമർത്താമെന്നു മാത്രമേ ആലോചിക്കേണ്ടതുള്ളു. തുറന്ന യുദ്ധമാണു പററിയതെങ്കിൽ അങ്ങനെ. നിരോധനമെങ്കിൽ അതു്.

ഊറിയാ: ധർമ്മയുദ്ധമല്ല.

ദാവീദ്: അല്ല. ആരു പറഞ്ഞു ആണെന്നു് ? യാതൊരു യുദ്ധവും ധർമ്മയുദ്ധമല്ല. മിസ്രയീമിൽനിന്നു തിരിച്ചതുമുതൽ നാം നിരന്തരമായി യുദ്ധം ചെയ്യുന്നുണ്ടു്. ഇതെല്ലാം ധർമ്മയുദ്ധമായിരുന്നെങ്കിൽ നാമെവിടെയെത്തുമായിരുന്നു ? അനേക തലമുറകളായി അവർ അനുഭവിക്കുന്ന നാടു് നാം ബലമായി പിടിച്ചടക്കുന്നതിലെവിടെയാണു ധർമ്മം കുത്തിച്ചെലുത്തുക ?

ഊറിയാ: ഉന്നതമായ ഒരു ലക്ഷ്യമുണ്ടായിരിക്കയാണു് സൈന്യത്തിനുത്സാഹം.

ദാവീദ്: ഉന്നതമായ ലക്ഷ്യം! ഹും! നിൻെറയൊരു വീരാത്മകത്വം! മരിച്ച വീരന്മാരുടെ ഭാര്യമാരോടു ചോദിക്കു് വീരസ്വർഗ്ഗം മററു മരണങ്ങളെക്കാൾ എത്ര കേമമാണെന്നു്!

ഊറിയാ: എൻെറ ഭാര്യ അത്തരം ഭീരുത്വത്തിനു്....

ദാവീദ്: (ചിരിച്ചു്) അതിനു് നീ മരിച്ചുകഴിഞ്ഞില്ലല്ലോ. ഈ യുദ്ധത്തിന്ന മരിക്കാൻ മാർഗ്ഗവുമില്ല. കഷ്ടം! (ചിരി തുടരുന്നു)

ഇസഹാക്കു്: കാര്യങ്ങളുടെ നിലപാടെങ്ങനെയെന്നു നോക്കണ്ടേ?

ദാവീദ്: യോവാബു് പറയൂ.

യോവാബു്: ആരാമ്യർ അടുത്തെങ്ങും യുദ്ധത്തിനിറങ്ങുകയില്ല. അവക്കു വേണ്ടതു കിട്ടിക്കഴിഞ്ഞു. അവർ നമ്മുടെ ദൂതന്മാരുടെ തലമുടി വടിച്ചുകളഞ്ഞു. നാം അതിന്നു പകരം അവരുടെ തലയും കളഞ്ഞു. കാര്യം സമമായി. സമയലാഭം പുറമേയും. അപ്പോൾ ആ വശത്തുനിന്നു് അപകടമില്ല. (നിലത്തുനോക്കിചിരിച്ചുകൊണ്ടു്) പെണ്ണുങ്ങൾ ആയുധമെടുത്തില്ലെങ്കിൽ—

ഇസഹാക്കു്: അതിലും ഇസ്രായേൽ തോല്ക്കാറില്ല. (സംഘത്തിൽ പ്രായമായവർ ചിരിക്കുന്നു)

യോവാബു്: യെബൂസ്യരെയും കാര്യമാക്കാനില്ല. പൊതുശത്രുവിനെതിരായി യോജിക്കുകയെന്നും മററും പറഞ്ഞാൽ അവക്കു മനസ്സിലാകയില്ല. അവർ കാണിക്കുന്നതൊന്നും യുദ്ധതന്ത്രമല്ല, — മുട്ടാപ്പോക്കാണു്. അങ്ങുകൂടിയുണ്ടായിരുന്നെങ്കിൽ—

ദാവീദ്: വയ്യാ യോവാബു്. തല പണയംവെയ്ക്കാതെ ഭരിക്കാൻ മാത്രം ഞാൻ യുദ്ധം ചെയ്യും. ഇനി സമരമഹിമയൊക്കെ നിങ്ങൾക്കു്.

ഇസഹാക്കു്: യഹോവയ്ക്കുവേണ്ടി.

ഊറിയാ: യഥാർത്ഥത്തിൽ ഇതൊരു സമരമല്ലല്ലോ.

ദാവീദ്: ബുദ്ധിയുപയോഗിച്ചു നടത്തുന്നതു സമരമല്ലെന്നാണോ?

യോവാബു്: ഞങ്ങൾ പരിചയിച്ച വിദ്യയല്ലെന്നു മാത്രം.

ദാവീദ്: സാരമില്ല. പഠിപ്പിച്ചുതരാം. (പെട്ടെന്നെഴുന്നേററു യോവാബിൻെറ വാൾ വാങ്ങിച്ചു രംഗത്തിൻെറ നടുക്കു വന്നു് ഒരു കാൽമുട്ടുകുത്തിനിന്നു് വാൾകൊണ്ടു് നിലത്തു വരച്ചു കാണിക്കുന്നു. മററുള്ളവർ എഴുന്നേററു് പുറകിൽ വന്നുനിന്നു ശ്രദ്ധിക്കുന്നു) ഇതാ, ഇതാണു് യോർദ്ദാൻനദി. ഇവിടെ നിങ്ങൾ നദി കടക്കുന്നു. ഇവിടെ നിന്നു നേരേ കിഴക്കോട്ടു പോവുക. അവിടെയെങ്ങും ഒരാ

ക്രമണവും ഉണ്ടാകയില്ല. ആരാമ്യരുടെ നില നാംകണ്ടല്ലോ? ഇതാ, ഇവിടെ രബ്ബ. ഇതു രബ്ബയ്ക്കു പടിഞ്ഞാറുവശത്തുള്ള മൈതാനം.

ഇസഹാക്ക്: അങ്ങ് ഈ വഴികളൊന്നും മറന്നിട്ടില്ലല്ലോ!

ദാവീദ്: എങ്ങനെ മറക്കും? അന്നു തലയ്ക്കു ഭാരമില്ലായിരുന്നു. കിരീടം പിന്നീടല്ലേ കിട്ടിയുള്ളു. പോരെങ്കിൽ ശമുവേലിൻെറ എണ്ണയാണു തലയിൽ. ശരി, ഊറിയാ, മൈതാനത്തിലെത്തിയാലെന്തു ചെയ്യണം?

ഊറിയാ: ഒന്നും ചെയ്യണ്ടെന്നല്ലേ?

ദാവീദ്: കയറി ആക്രമിക്കണ്ട എന്നു മാത്രം. യുദ്ധം വേണ്ടെന്നല്ല. ഇതാ, ഈ വശത്ത് ഒരു പാറക്കെട്ടുണ്ട്. അതുവഴി എലിയാം ഒരു ചെറുസൈന്യവുമായി പട്ടണത്തിൻെറ കിഴക്കുവശത്തെത്തി താവളമടിക്കുക. പക്ഷേ, അപകടം കിടക്കുന്നത്, ഇതാ, ഇവിടെ വടക്കുവശത്താണ്. അവിടെയാണ് അവരുടെ കിണറുകൾ. അത് അവർ പെട്ടെന്ന് ഒഴിഞ്ഞുമാറുകയില്ല. ഊറിയാ ആ കിണറുകൾ പിടിക്കണം. പട്ടണത്തിലേയ്ക്ക് ആരെയും കടക്കാനും, പട്ടണത്തിൽനിന്നു പുറത്തുപോവാനും സമ്മതിക്കരുത്. (എഴുന്നേററു നടന്നുകൊണ്ട്) മുപ്പതു ദിവസത്തിനകം രബ്ബ കീഴടങ്ങും...... ഒററുകാരെ അയച്ചോ?

യോവാബ്: അവർ നേരത്തേ പോയിട്ടുണ്ട്. അവിടെ വലിയ തയ്യാറൊന്നുമുണ്ടെന്നു തോന്നുന്നില്ല.

ദാവീദ്: വെള്ളത്തിൻെറ കാര്യം പ്രത്യേകം ശ്രദ്ധിക്കു, യോവാബ്. എനിക്കിത്തരം യുദ്ധമാണിഷ്ടം. ഈ വെട്ടും തടയുമെല്ലാം ഞാൻ വെറുത്തു.

ഇസഹാക്ക്: അങ്ങേയ്ക്കിവിടെത്തന്നെയുണ്ടല്ലോ പിടിപ്പതു യുദ്ധം.

ദാവീദ്: ഇസഹാക്കിൻെറ നാക്കിൻെറ മൂർച്ച വാളിനുമുണ്ടായിരുന്നെങ്കിൽ!

ഊറിയാ: ഈ യുദ്ധത്തിൽ?

ദാവീദ്: അവൻെറ ഇളക്കം തീർന്നിട്ടില്ല. ചെറുപ്പക്കാരാ, നിനക്കിതു മനസ്സിലാകയില്ലേ? അനാവശ്യമായി ഒരൊററ ആളിനെ ചെലവാക്കാൻ യിസ്രായേലിനു് കഴിവില്ല. യുദ്ധം ജീവിതവ്രതമോ മറേറാ ആണോ? നിനക്കു കൊല്ലാൻ മാത്രമല്ല സാദ്ധ്യത. ഊറിയാ; കൊല്ലപ്പെടാൻ കൂടിയുണ്ടെന്നോർമ്മിക്കു. യുദ്ധമെന്നു പറഞ്ഞാൽ വല്ലവരുടേയും കഴുത്തു വെട്ടുന്നതു മാത്രമാണ് ചിലക്കോർമ്മ. സ്വന്തം തലയ്ക്കു സ്ഥാനഭ്രംശം സംഭവിക്കാമെന്നു മറക്കേണ്ട. നിനക്കു മുമ്പും

യിസ്രായെലിൽ വീരന്മാരുണ്ടായിട്ടുണ്ടു്. ശിംശോൻ എവിടെയാണവസാനിച്ചതു് ? യോനാഥാനിന്നെവിടെ ? ശൗലിൻെറ കുന്തത്തണ്ടു് നിനക്കെട്ടത്തു പൊക്കുവാൻ കഴിയുമായിരുന്നില്ല, ഊറിയാ. (കുറെക്കൂടി ശാന്തനായി) ഞാനിത്രയെല്ലാം പറഞ്ഞതുകൊണ്ടു് അമ്മോന്യരോടു് കരുണകാണിക്കണമെന്നർത്ഥമില്ല. അവരത്ര പന്തിയായ അയൽക്കാരല്ല. ഊറിയാ, നീ നിരാശപ്പെടാനില്ല. യുദ്ധങ്ങൾ ഇനിയും കിടക്കുന്നതേയുള്ളു. എപ്പോഴാണു് പുറപ്പെടുക യോവാബു് ?

യോവാബു്: നാളെ അതിരാവിലെ എന്നാണു വച്ചിരിക്കുന്നതു്.

ദാവീദു്: ശരി. അതു മതിയാകണം. രാവിലെ തിരിച്ചാൽ സന്ധ്യയോടെ യോർദ്ദാനിലെത്താം. ഇവിടത്തെ കാര്യങ്ങൾ എല്ലാം ഞാൻതന്നെ നോക്കിക്കൊള്ളാം. അമാസയ്ക്കു പുറമേ ഇസഹാക്കുമുണ്ടല്ലോ ?—ശരി.

(എല്ലാവരും എഴുന്നേൽക്കുന്നു)

ദാവീദു്: യഹോവാ അനുഗ്രഹിക്കട്ടെ !

(എല്ലാവരും കുനിഞ്ഞു് ഏഴുപ്രാവശ്യം നിലംതൊട്ടു വന്ദിച്ചു പോകുന്നു)

രണ്ടാം രംഗം

(ഊറിയാവിൻെറ ഭവനം. ഒരു സാധാരണ യിസ്രായേൽ ഗൃഹമാണു്. ധനപ്രതാപമില്ല. രണ്ടുമൂന്നു പീഠങ്ങളും ഒരു മഞ്ചവും മാത്രം. ഭിത്തിയിൽ ചില ആയുധങ്ങൾ ചാരിവച്ചിട്ടുണ്ടു്. പുറകിൽ ഇടത്തുമാറി അടുക്കളയിലേയ്ക്കുള്ള വാതിൽ. വലതുവശത്തു് പുറത്തേയ്ക്കുള്ള വാതിൽ. കർട്ടനുയരുമ്പോൾ ബത്ത്ശേബ ഒരു സങ്കീർത്തനം പാടിക്കൊണ്ടിരിക്കുന്നു. അന്ന അതിനു് കിന്നരം വായിച്ചുകൊടുക്കുന്നു. സമയം രാത്രി.

ഗാനം: (സങ്കീർത്തനം 23) ''യഹോവാ എൻെറ ഇടയനാകുന്നു: എനിക്കു് മുട്ടുണ്ടാകയില്ല. പച്ചയായ പുൽപുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു. സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേയ്ക്കു് എന്നെ നടത്തുന്നു. എൻെറ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു. കൂരിരുൾത്താഴ്വരയിൽക്കൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടി ഇരിക്കുന്നുവല്ലോ. എൻെറ വടിയും കോലും എന്നെ ആശ്വ

സിപ്പിക്കുന്നു. എൻെറ ശത്രുക്കരം കാൺകെ നീ എനിക്കു് വിരുന്നൊരുക്കുന്നു. എൻെറ തലയെ എണ്ണകൊണ്ടഭിഷേകം ചെയ്യുന്നു; എൻെറ പാനപാത്രവും നിറഞ്ഞുകവിയുന്നു. നന്മയും കരുണയും എൻെറ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും: ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.''

(പാട്ടവസാനിക്കാറാകുമ്പോരം ഊറിയാ പ്രവേശിക്കുന്നു. ബത്ത്ശേബ പുഞ്ചിരിക്കുന്നതല്ലാതെ പാട്ട നിറുത്തുന്നില്ല. ഊറിയാ ഒരു പീഠത്തിലിരുന്നു് ഒരോടക്കുഴലെടുത്തു് സൂക്ഷിച്ചു നോക്കുന്നു. ബത്ത്ശേബ പാട്ടു നിറുത്തി എഴുന്നേൽക്കുന്നു. അന്ന അടുക്കളയിലേയ്ക്കു പോകുന്നു)

ബത്ത്ശേബ: എന്താ, വായിച്ചാൽക്കൊള്ളാമെന്നുണ്ടോ ?

ഊറിയാ: (ഓടക്കുഴൽ താഴെ വച്ചു്) എനിക്കു് മററു ചിലതാണു പരിചയം.

ബത്ത്ശേബ: രണ്ടും ഒരുമിച്ചായിക്കൂടേ ?

ഊറിയാ: അതൊരാരംക്കേ കഴിയൂ.

ബത്ത്ശേബ: ഉം ?

ഊറിയാ: (ലക്ഷ്യമില്ലാതെ ദൂരത്തിലേക്കു ചൂണ്ടി) അവിടെ.

ബത്ത്ശേബ: ഓടക്കുഴൽ പ്രസിദ്ധമാണു്.

ഊറിയാ: കവിണയാണു് പ്രസിദ്ധം.

ബത്ത്ശേബ: ഗോല്യാത്തും മററും പഴങ്കഥകളല്ലേ ?

ഊറിയാ: അതു് ആരംഭം മാത്രമായിരുന്നു. പിന്നെയാണു് കഥകരം തുടങ്ങുന്നതു്.

ബത്ത്ശേബ: സമ്മതിച്ചു. പക്ഷേ, ഏതാണു നിലനിൽക്കുന്നതു് ?

ഊറിയാ: ആ സമരങ്ങളെല്ലാം മറന്നുപോകുമെന്നാണോ വിചാരം ?

ബത്ത്ശേബ: അതിൻെറ മണം പോയിക്കഴിഞ്ഞും ആ പാട്ടുകരം പ്രതിദ്ധ്വനിക്കും.

ഊറിയാ: പെണ്ണല്ലേ ? അങ്ങനെയേ തോന്നൂ.

ബത്ത്ശേബ: ഞങ്ങരം ജീവൻെറ കക്ഷിക്കാരാണു്.

ഊറിയാ: ഞങ്ങളോ ?

ബത്ത്ശേബ: ചോദിക്കാനുണ്ടോ ! മരണത്തിൻെറ.

(അന്ന ഒരു പാത്രത്തിൽ എന്തോ കൊണ്ടുവരുന്നു. ഊറിയാ അതു കുടിച്ചുകഴിഞ്ഞു് പാത്രം കൊടുക്കുന്നു.)

ഊറിയാ: മരണം കൂടാതെ രാജത്വവുമുണ്ടാകയില്ല.

ബത്ത്ശേബ: എന്തുകൊണ്ടു പാടില്ല ? അദ്ദേഹം ആരെയും കൊല്ലുന്നതിനു മുമ്പാണു് പ്രവാചകൻ അദ്ദേഹത്തെ അഭി

ഷേകം ചെയ്യതു്. വെറും ഒരിടയച്ചെറുക്കൻ. അന്നു് ഓട ക്കഴൽ മാത്രമേ ഉണ്ടായിരുന്നുള്ള.

ഊറിയാ: പക്ഷേ, പിന്നീടു് വാളെടുത്തു.

ബത്തു്ശേബ: അതിൻെറ പാപം കഴകിക്കളഞ്ഞതും സങ്കീ ർത്തനംകൊണ്ടു്.

ഊറിയാ: (നിരാശനായി എഴുന്നേററു്) ആണുങ്ങളുടെ ജോലി യുദ്ധ മാണു്.

ബത്തു്ശേബ: (ചിരിച്ചു്)പെണ്ണുങ്ങഠക്കു കീഴടങ്ങാനുമറിയാം. പോവാറായിക്കാണുമല്ലോ? വിശക്കുന്നില്ലേ? (എഴുന്നേററു് അടുക്കളയിലേക്കു പോകുന്നു)

(ഊറിയാ എഴുന്നേററു് എന്തോ പിറുപിറുത്തുകൊണ്ടു് ചുററിനടക്കുന്നു. എലിയാം പ്രവേശിച്ചു് നോക്കിനിൽക്കുന്നു)

എലിയാം: എന്താണൂറിയാ പിറുപിറുക്കുന്നതു്?

ഊറിയാ: ഒന്നുമില്ല.

എലിയാം: യുദ്ധത്തിൻെറ കാര്യമായിരിക്കും.

ഉറിയാ: എന്തു യുദ്ധം? ഇതു യുദ്ധമാണോ? എനിക്കെത്ര ആ ലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഒരു ചെറിയ പട്ടണം, നേരേയങ്ങു് ആക്രമിക്കാനുള്ളതിനു പകരം ഒട്ടകവും കഴുതയു മെല്ലാമായി അവിടെപ്പോയി കുടിയേറിപ്പാക്കുക. മിന ക്കേടു്!

(ബത്തു്ശേബയും അന്നയും ഭക്ഷണപാനീയങ്ങളുമായി പ്രവേശിക്കുന്നു)

ബത്തു്ശേബ: അപ്പനെപ്പോഠം വന്നു?

എലിയാം: വന്നേയുള്ള.

ബത്തു്ശേബ: (ഭക്ഷണസാധനങ്ങഠം പീഠത്തിൽ നിരത്തുന്നതിനിട യിൽ) എന്താ, കൂട്ടിലിട്ട സിംഹത്തെപ്പോലെ നടക്കുന്നതു്?

എലിയാം: ഭക്ഷണം കഴിക്കു് ഉറിയാ. ഉടനെ പോകാനുള്ള താണു്.

ബത്തു്ശേബ: ഇന്നു വന്നപ്പോഠം തുടങ്ങിയതാണു് ഈ മട്ടു്. എന്തു പററി?

എലിയാം: ഒന്നും പററിയതല്ല. രബ്ബയിൽ ആക്രമണമില്ല. നിരോധനം മാത്രം.

ബത്തു്ശേബ: ഓഹോ മനസ്സിലായി. വീരനായ ഊറിയാ വിനു് സാമർത്ഥ്യം കാണിക്കാനുള്ള അവസരം നഷ്ടപ്പെട്ടു അല്ലേ? (ഊറിയാ കുപിതനായി ബത്തു്ശേബയെ നോക്കുന്നു; ബത്തു് ശേബ പെട്ടെന്നുടവു മാററുന്നു) എന്നെ വിധവയാക്കരുതേ. കഴു ത്തിൽ തലയുംവച്ചു തിരിച്ചെത്തുന്നതാണു കാര്യം. വല്ലവ ൻെറയും യുദ്ധത്തിനൊക്കെ...

ഊറിയാ: വല്ലവൻേറയോ ?

ബത്ത്ശേബ: എന്താണു സംശയം ? ദാവീദ്‌രാജാവിനു ചക്രവർത്തിയാകണമെങ്കിൽ തന്നത്താൻ പോയി പടവെട്ടട്ടെ. കൊട്ടാരത്തിൽ മുന്നൂറു ഭാര്യമാരുമായി സുഖിച്ചിരിക്കുക. എന്നിട്ടു മററുള്ളവരെ കുരുതി കഴിക്കയും. ഈ തൊഴിൽ വേണ്ടെന്നു വച്ചുകൂടെ?—അതില്ല. നിരന്തരമായി യുദ്ധം. പെണ്ണുങ്ങൾക്കു പേടിയില്ലാതെ വീട്ടിലൊന്നിരിക്കാൻ...

ഊറിയാ: ഛീ ! നീ എന്താണിപ്പറയുന്നതു് ? ഇതു് ആരെങ്കിലും കേട്ടാലോ ? ഊറിയാവിൻെറ ഭാര്യ ഒരു ഭീരുവാണെന്നു്....

ബത്ത്ശേബ: എനിക്കൊരു ഭീരുത്വവുമില്ല. അങ്ങേയ്ക്കുമതറിയാം. ധൈര്യമായി പോയി പടവെട്ടി മടങ്ങിവരൂ. പക്ഷേ, വേണ്ടാത്തിടത്തു തലയിട്ടു യുദ്ധം വരുത്തിവയ്ക്കുന്ന ഏർപ്പാടു് എനിക്കിഷ്ടമല്ല. അതുകൊണ്ടു് അങ്ങേക്കെന്താണു ഗുണം ?

ഊറിയാ: യിസ്രായേലിൻെറ ഗുണം എൻെറ ഗുണമല്ലേ ? ഇന്നും നമുക്കൊരു നാടുണ്ടായിക്കഴിഞ്ഞിട്ടില്ല. അതു പടവെട്ടി പിടിച്ചടക്കിയേ ഉണ്ടാകൂ. പെണ്ണുങ്ങൾക്കിതു വല്ലതുമറിയണോ ?

എലിയാം: നിങ്ങളിങ്ങനെ ലഹള കൂട്ടിക്കൊണ്ടിരുന്നാൽ സമയം പോകും. വല്ലതും കഴിച്ചിട്ടു പാളയത്തിലെത്തണം. ബത്ത്ശേബാ, അവൻ പടക്കളത്തിലേക്കാണു പോകുന്നതു്, നീ അവനു് ഉന്മേഷം കൊടുക്കുകയാണു വേണ്ടതു്...അല്ല, നീ ഇങ്ങനെ ബലഹീനത കാണിക്കാറില്ലായിരുന്നല്ലോ !

ബത്ത്ശേബ: ശരിയാണു്. എനിക്കു സുഖമില്ല. അതുകൊണ്ടായിരിക്കാം. നിങ്ങൾ ഭക്ഷണം കഴിക്കൂ.

ഊറിയാ: അത്രയധികമൊന്നും പേടിക്കാനില്ല ബത്ത്ശേബാ.

ബത്ത്ശേബ: ഇന്നു രാത്രിതന്നെ പോകുന്നുണ്ടോ ?

എലിയാം: ഇല്ല. രാവിലേയാണു്. എങ്കിലും എല്ലാവരും പാളയത്തിൽ കിടക്കണമെന്നാണു തീർച്ചയാക്കിയതു്. എന്താ ഊറിയാ, നാളെ പോയാൽ മതിയെന്നുണ്ടോ ?

ബത്ത്ശേബ: ഇല്ല. ഇല്ല. അദ്ദേഹം മാത്രം ഇന്നു ചെന്നില്ലെങ്കിൽ മോശമല്ലേ ?

എലിയാം: സമയമായി.

(എലിയാമും ഊറിയായും എഴുന്നേററു പോകാൻ തയ്യാറാവുന്നു)

യോവാബ്: (പ്രവേശിച്ച്) ഞാൻ വിചാരിച്ചതുപോലെ തന്നെ !

എലിയാം: } അങ്ങ് !
ഊറിയാ: }

ബത്ത്ശേബ: അദ്ദേഹം താമസിച്ചുപോയി എന്നാണു സൂചിപ്പിച്ചതെങ്കിൽ—

യോവാബ്: ഞാനൊന്നും സൂചിപ്പിച്ചില്ല ബത്ത്ശേബാ ! സുന്ദരിമാരുടെ ഭർത്താക്കന്മാർക്കു യുദ്ധത്തിനു പുറപ്പെടാൻ സമയം കൂടുതൽ വേണം.

എലിയാം: ഇപ്രാവശ്യം അങ്ങയുടെ കണക്കു തെററി.

യോവാബ്: തെററിയെന്നോ ? പേടികൊണ്ടെന്നല്ല ഞാൻ പറഞ്ഞതു്. സ്ത്രീകളുടെ വിചാരം നാം പടക്കളത്തിലെത്തിയാൽ എന്തെങ്കിലും അപകടം നോക്കി ഓടി നടക്കുകയാണെന്നാണു്.

(അന്ന യോവാബിനു വീഞ്ഞു കൊടുക്കുന്നു)

യോവാബ്: ഈ യുദ്ധത്തിൽ അപകടമൊന്നുമില്ല, ബത്ത്ശേബാ !

ഊറിയാ: യുദ്ധമുണ്ടോ ? എവിടെ ?

യോവാബ്: നിനക്കാ പല്ലവി തന്നെ. അതല്ല; ഊറിയാവിനു ഭയപ്പെടേണ്ടവർ അമ്മോന്യരുടെയിടയിലില്ല. നമുക്കു പോകാം എലിയാം. ഊറിയാ പുറകെ വരട്ടെ.

ഊറിയാ: ഞാനും വരുന്നു. അന്നാ, ബത്ത്ശേബയെ നോക്കിക്കൊള്ളു. ഞങ്ങൾ ഉടനേ തിരിച്ചുവരും.

(അവർ പോകുന്നു. ഒരു നിമിഷം നിന്നിട്ട് ബത്ത്ശേബ പെട്ടെന്നു പൊട്ടിക്കരയുന്നു.)

അന്ന: (ഓടിച്ചെന്നു് ആശ്വസിപ്പിച്ചുകൊണ്ടു്) ശ്ശ്ശീ, മോശം... ഇതെന്താണു ബത്ത്ശേബാ!...

ബത്ത്ശേബ: എനിക്കറിയില്ല അന്നാ. ഞാനിതുവരെ ഒരു തരത്തിൽ സഹിച്ചു...ഇനി വയ്യാ. അന്നാ, അദ്ദേഹമിനി വരുമോ?—(വിങ്ങിപ്പൊട്ടിക്കരയുന്നു)

കർട്ടൻ

മൂന്നാം രംഗം

(കൊട്ടാരത്തിലെ സിംഹാസനമണ്ഡപം. പുറകിലത്തെ വാതിലു കളുടെ തിരശ്ശീലകൾ വലിച്ചു മാററിയിട്ടിരിക്കുന്നു. അഴികൾക്കപ്പുറം കാണുന്ന ആകാശം രക്തനിറമാണ്. വെൺമാടത്തിൽ പ്രകാശമുണ്ട്; മുറിക്ക കത്തു് കുറച്ചേയുള്ളു. കർട്ടനുയരുമ്പോൾ യൂദാ ധൂപപാത്രത്തിൽ തീയിട്ടുകൊ ണ്ടിരിക്കയാണ്. അയാൾ ഇടയ്ക്കിടെ വലതുവശത്തേയ്ക്കു നോക്കുന്നുണ്ട്. ദൂര ത്തിൽനിന്നു മേളമൊന്നുമില്ലാതെ ഒരു ഗാനം കേൾക്കാം. യൂദാ അതു കേൾക്കുന്നില്ല.)

ഗാനം: (ഉത്തമഗീതം 1.)''അവൻ തൻെറ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിൻെറ പ്രേമം വീഞ്ഞിലും രസകരമാകുന്നു. നിൻെറ തൈലം സൗരഭ്യമായതു്; നിൻെറ നാമം പകർന്ന തൈലം പോലെയിരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു. നിൻെറ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു് എന്നെ പള്ളിയറയികളിലേക്കു് കൊണ്ടുവന്നിരിക്കുന്നു. ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിൻെറ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു് ഉചിതംതന്നെ.''

(ഗാനത്തെ തുടന്നു് ബത്ത്ശേബയുടെയും അന്നയുടെയും ശബ്ദങ്ങൾ കേൾക്കുന്നു. യൂദാ മണ്ഡപം ഭംഗിയാക്കുന്ന ജോലിയിൽത്തന്നെ ഏർപ്പെട്ടിരിക്കുന്നു)

ബത്ത്ശേബ: അന്നാ, ഈ ഉടുപ്പു് ആ കല്പിന്മേൽ വയ്ക്കു. അവിടെയല്ല...നനയും...അപ്പുറത്തു്....ഇതാ...ഇതുംകൂടി... ശ്ർർർ! എന്തൊരു തണുപ്പു്!

അന്ന: ഇപ്പോഴതു തോന്നും.

ബത്ത്ശേബ: പോടീ അവിടുന്നു്.

അന്ന: ഉം. എന്നെയാണു നോക്കാനേല്പിച്ചിരിക്കുന്നതു്.

ബത്ത്ശേബ: ഇനി നിൻെറ നോട്ടത്തിൻെറ കുറവേയുള്ളു.

അന്ന: പിന്നെ ആരു നോക്കണമെന്നാണു്?

ബത്ത്ശേബ: അസത്തിൻെറ നാക്കു പിഴുതുകളയണം!

അന്ന: ചോദിക്കാനാളില്ലെന്നാണോ?

ബത്ത്ശേബ: ഉണ്ടായിരുന്നു. പണ്ടു്. യിസ്രായേലിലെ ചെറുപ്പക്കാർ മുഴവനും.

അന്ന: പറയുന്നതു കേട്ടോ?

ബത്ത്ശേബ: (പാടുന്നു)''അവൻ തന്റെ അധരങ്ങളാൽ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.''

(പെട്ടെന്നു യൂദാ മററു ജോലികൾ നിറുത്തി, വീഞ്ഞുപാത്രമെടുത്തു തയ്യാറായി നിൽക്കുന്നു. വലതുവശത്തുനിന്നു ദാവീദ് കണ്ണും തിരുമ്മി പ്രവേശിക്കുന്നു. ഉറക്കം പൂർണ്ണമായി വിട്ടുമാറിയിട്ടില്ല. യൂദാ ഒഴിച്ചുകൊടുക്കുന്ന വീഞ്ഞു കുടിച്ച് പാത്രം യൂദായ്ക്കെറിഞ്ഞുകൊടുത്ത് സാവധാനം ഉലാത്തുന്നു.)

അന്ന: ബത്ത്ശേബാ!

ബത്ത്ശേബ: ഉം?

അന്ന: അദ്ദേഹം പോയിട്ടിന്നെത്രയായി?

ബത്ത്ശേബ: നീയെന്തിനാണിതൊക്കെയറിയുന്നത്?

അന്ന: കാര്യമില്ല; സമ്മതം. ദിവസമെണ്ണുന്നവരോടു ചോദിച്ചുവെന്നു മാത്രം.

ബത്ത്ശേബ: പോടീ. എന്തിനെല്ലാം ദിവസമെണ്ണാം!

അന്ന: എണ്ണാമേ, എണ്ണാം ബത്ത്ശേബാ!....

ബത്ത്ശേബ: (പാടുന്നു) ''നിന്റെ നാമം പകന്ന തൈലം പോലെ ഇരിക്കുന്നു; അതുകൊണ്ടു് കന്യകമാർ നിന്നെ....''

(ഇതിനിടയിൽ ദാവീദ് വെണ്മാടത്തിലേക്കു നടക്കുന്നു. ഒരാവത്തി വെണ്മാടത്തിലൂടെ നടന്നു് തിരിച്ചുവരുമ്പോൾ വാതിലിന്റെ അടുത്തുവച്ച് ദൂരത്തിലെന്തോ കണ്ടതുപോലെ പെട്ടെന്നു നിന്നു സൂക്ഷിച്ചു നോക്കുന്നു. അല്പം കഴിഞ്ഞ് കള്ളക്കണ്ണിട്ടു യൂദായെ നോക്കുന്നു. യൂദാ വീഞ്ഞുപാത്രം നിറച്ചു നില്ക്കയാണ്. ദാവീദ് വീഞ്ഞു വാങ്ങി യൂദായോട് പൊയ്ക്കൊള്ളാൻ ആംഗ്യം കാണിച്ച്, തനിയെയായപ്പോൾ പാത്രം പീഠത്തിൽവെച്ചു വീണ്ടും വെണ്മാടത്തിലേക്കു പൊകുന്നു. അഴികളോടു ചേർന്നുനിൽക്കുന്ന ദാവീദിന്റെ മുഖത്ത് അന്തിച്ചുവപ്പു വീഴുന്നുണ്ടു്. ഇതിനിടയിലെല്ലാം ദൂരത്തിലെ സംഭാഷണം തുടരുകയാണ്. ദാവീദ് പൂർണ്ണമായി ഉണർന്നിട്ടുണ്ടു്. വല്ലാതെ അസ്വസ്ഥനമായിരിക്കുന്നു.)

ബത്ത്ശേബ: നീയെന്താ ചോദിച്ചതു്?

അന്ന: അല്ല, ഞാനോക്കുകയായിരുന്നു, ദാവീദ് രാജാവിനു് എത്ര ഭാര്യമാരുണ്ടു്?

ബത്ത്ശേബ: എന്താ? കൂട്ടത്തിൽ പേരെഴുതിക്കണോ?

അന്ന: ഇനി ഈ വയസ്സുകാലത്താണ്. ഇത്രയധികമെന്തിനാണെന്നോർത്തുപോയി എന്നുമാത്രം.

ബത്ത്ശേബ: ചന്ദ്രൻ ഒന്നു മതി. നക്ഷത്രങ്ങൾ നിരവധി.

അന്ന: മറിച്ചായിക്കൂടേ?

ബത്ത്ശേബ: ആകാമായിരിക്കാം. എനിക്കു് അറിഞ്ഞുകൂടാ. വേണ്ടതാനം.(മൂളുന്നു)''തൈലംപോലെ ഇരിക്കുന്നു ...'

അതുകൊണ്ടു്...ഈ തലമുടി ഒന്നു പിന്നു്...മുറുക്കിപ്പിന്നു്. ഉം...വേണ്ട; കെട്ടണ്ട.

അന്ന: അങ്ങോട്ടു തിരിഞ്ഞുനിൽക്കു്.

ബത്ത്ശേബ: (മൂളുന്നു) "...അതുകൊണ്ടു് കന്യകമാർ..."

അന്ന: (പരിഭ്രമിച്ച്) ബത്ത്ശേബാ!

ബത്ത്ശേബ: ഒന്നു മിണ്ടാതിരി. നേരം കുറെയായി. പോകണ്ടേ?

അന്ന: അതല്ല ബത്ത്ശേബാ...(പെട്ടെന്നു നിയന്ത്രണംവിട്ടു പൊട്ടിച്ചിരിക്കുന്നു)

ബത്ത്ശേബ: എന്താണിളിക്കുന്നതു്? എനിക്കു തണുത്തു വിറയ്ക്കുന്നു. ആ ഉടുപ്പിങ്ങെടുക്കു്.

അന്ന: (ചിരി നിറുത്താതെ) ഇനിയെന്തിനാണു്?

ബത്ത്ശേബ: ഏ! നീയെന്താണീപ്പറയുന്നതു്?

അന്ന: ഓ. എനിക്കു് നാണമാവുന്നു.

ബത്ത്ശേബ: കൊഞ്ചിക്കുഴയാതെ കാര്യം പറയാൻ.

അന്ന: അതാ നോക്കു് കൊട്ടാരത്തിൻെറ...

ബത്ത്ശേബ: കൊട്ടാരത്തിൻെറ?

അന്ന: വെൺമാടത്തിൽ—ആരോ....

ബത്ത്ശേബ: ശവം; എന്നിട്ടു് നീ ഇതുവരെ പറയാതെ....

അന്ന: ഞാനിപ്പഴല്ലേ കണ്ടതു്.

ബത്ത്ശേബ: ആരാണതു്?

അന്ന: കൊട്ടാരത്തിൻെറ വെൺമാടത്തിലാരായിരിക്കും?

ബത്ത്ശേബ: അയ്യോ!

അന്ന: ഉം. തിരുമേനിതന്നെ.

ബത്ത്ശേബ: വരൂ, പോകാം. വേഗമാകട്ടെ.

(ദാവീദ് വല്ലാതെ അസ്വസ്ഥനായിക്കഴിഞ്ഞിരിക്കുന്നു. പല പ്രാവശ്യം വീഞ്ഞു കുടിച്ചുനോക്കി. സ്വയം നിയന്ത്രിക്കാനുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ കൈകൊട്ടുന്നു. യൂദാ പ്രവേശിക്കുന്നു)

ദാവീദ്: യൂദാ, ആരാണു് കുളത്തിൽ കുളിക്കുന്നതു്?

യൂദാ: സ്ത്രീകളായിരിക്കും. ഞങ്ങളങ്ങോട്ടു് പോകാറില്ല.

ദാവീദ്: പോയി നോക്കിയിട്ടു വരൂ.

(ദാവീദ് സ്വയം മറന്നു നിലത്തു നോക്കി നിൽക്കുന്നു. അമാസ പ്രവേശിക്കുന്നു.)

ദാവീദ്: ആരാണതു്? (തലയുയർത്തി അല്പമൊന്നു മിഴിച്ച്) അമാസയോ!

അമാസ: രബ്ബയിൽനിന്നു് ആളു വന്നിട്ടുണ്ടു്.

ദാവീദ്: (വിരസമായി) എന്താണു വിശേഷം ?

അമാസ: പ്രത്യേകിച്ചൊന്നുമില്ല. ജയിക്കാൻ വിഷമമില്ലെന്നാണു്. നിരോധം തുടങ്ങി. ദൂതനെ വിളിക്കണോ ?

(യൂദാ പ്രവേശിച്ച് ഒതുങ്ങിനിൽക്കുന്നു)

ദാവീദ്: പ്രത്യേകിച്ചൊന്നുമില്ലെന്നല്ലേ പറഞ്ഞതു് ? അവർ കിണറുകരം പിടിച്ചോ ?

അമാസ: ആദ്യമേ പിടിച്ചു.

ദാവീദ്: കൊള്ളാം ! അമ്മോന്യർ ഇങ്ങോട്ടാക്രമിച്ചോ ?

അമാസ: പറയത്തക്ക ആക്രമണമൊന്നുമുണ്ടായില്ലെന്നാണു്.

ദാവീദ്: പ്രതീക്ഷിച്ചതുതന്നെ. എന്നാൽ ദൂതനെ പറഞ്ഞയയ്ക്കു.

(അമാസ പോകുന്നു. ദാവീദ് ആംഗ്യം കാണിച്ച് യൂദായെ വിളിക്കുന്നു)

യൂദാ: ഊറിയാവിന്റെ ഭാര്യ.

ദാവീദ്: എലിയാമിന്റെ മകളല്ലേ ?

യൂദാ: അതെ.

ദാവീദ്: കൂടെയുണ്ടായിരുന്നതാരാണു് ?

യൂദാ: ദാസി അന്ന—ഒരു വിധവയാണു്.

(ആരോ വരുന്ന ശബ്ദം കേട്ട് യൂദായോട് എന്തോ രഹസ്യം പറഞ്ഞയയ്ക്കുന്നു. അമാസയും ഇസഹാക്കും പ്രവേശിക്കുന്നു)

ദാവീദ്: എന്താ ഇസഹാക്ക് ?

അമാസ: ഇസഹാക്കുമായി അന്നാലോചിച്ച കാര്യം....

ദാവീദ്: ഏതു് ?

ഇസഹാക്ക്: അതു നില്ക്കട്ടെ. രബ്ബയിൽനിന്നെന്താണു് വർത്തമാനം ? ഞങ്ങളെക്കൊണ്ടു വല്ല പ്രയോജനവും...

അമാസ: വയസ്സെഴുപത്താറായി. ഇല്ലേ ?

ദാവീദ്: എത്ര വയസ്സായാലെന്താണു് ? വീരന്മാരെന്നും വീരന്മാർ തന്നെ !

ഇസഹാക്ക്: വയസ്സായെങ്കിലും യഹോവയ്ക്കുവേണ്ടി ഒരു വാളെടുക്കാൻ ഇന്നും കഴിയും.

അമാസ: ഇസഹാക്കിനു് ഒരു നിർദ്ദേശമുണ്ടു്. അന്നു ദേവാലയം പണിയുവാൻ കുറെ വെള്ളിയും പൊന്നും സംഭരിക്കുന്ന കാര്യം പറഞ്ഞല്ലോ ? രബ്ബയിൽ വെള്ളിയുണ്ടെന്നാണു ഇസഹാക്കിന്റെ പക്ഷം.

ദാവീദ്: അതു വയ്യല്ലോ ഇസഹാക്ക് ! രബ്ബ കൊള്ളയിടേണ്ട എന്നാണു ഞാൻ പറഞ്ഞതു്. ദേവാലയം പണിയാതെയും നിവൃത്തിയില്ല. ഇസഹാക്ക്, യിസ്രായേലിന്റെ സിംഹാസനം ഇതുവരെ ഉറച്ചിട്ടില്ല.

ഇസഹാക്ക്: എന്നു പറയുന്നതു സങ്കടമാണ്.

ദാവീദ്: ഞാൻ എൻെറ കാര്യമല്ല ഉദ്ദേശിക്കുന്നതു്. എൻെറ നില ഉറച്ചതാണ്,—ശരി. പക്ഷേ, സാക്ഷിയിൻ പെട്ടകം ഒരു വെറും കൂടാരത്തിൽ കഴിയുന്നിടത്തോളംകാലം യിസ്രായേൽ സിംഹാസനം ഉറച്ചിട്ടില്ല.

ഇസഹാക്ക്: ദേവാലയം നമുക്കു കൂടിയേ തീരൂ.

ദാവീദ്: പക്ഷേ, ഈ കൈകൾകൊണ്ടതു സാധിക്കുമോ എന്നു സംശയമാണ്. ഈ കൈകൾ മുഴവൻ രക്തമാണ്. ഏതായാലും വസ്തുക്കളെല്ലാം ശേഖരിക്കുകതന്നെ. ഇസഹാക്കിൻെറ ഒട്ടകങ്ങളെ പെട്രായിലേക്കൊന്നയയ്ക്കു. (യൂദാ പ്രവേശിച്ച് ആകാംക്ഷയോടെ നിൽക്കുന്നു) ചന്ദനം, അകിൽ, ദേവദാരു ഇവയെല്ലാം എത്രമാത്രം കിട്ടുമെന്നു് അറിഞ്ഞു വയ്ക്കുക.

ഇസഹാക്ക്: ഈ വൃദ്ധൻെറ കഴിവു മുഴവനും അങ്ങേയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചിരിക്കുന്നു. പക്ഷേ, രബ്ബയിൽ...

ദാവീദ്: അതു കൂടാതെ കഴിക്കാം. (എഴുന്നേറ്റ്) യഹോവ അനുഗ്രഹിക്കട്ടെ !

(അമാസയും ഇസഹാക്കും വന്ദിച്ചു പോകുന്നു. അന്ന ഇടതുവശത്തു പ്രവേശിച്ചു വിഷമിച്ചു നിൽക്കുകയാണ്. വലതുവശത്തേക്കു നോക്കിനിൽക്കുന്ന രാജാവ് അതു കാണുന്നില്ല. യൂദാ, അന്നയെ ചൂണ്ടിക്കാണിച്ചു പോകുന്നു. രാജാവ് ഞെട്ടിത്തിരിഞ്ഞ് അന്നയെ കാണുന്നു.)

ദാവീദ്: അന്നാ !

അന്ന: തിരുമേനീ !

ദാവീദ്: ഒരു കാര്യം പറയാനായിട്ടാണു വിളിച്ചതു്. എന്താണെന്നറിയാമോ ?

അന്ന: അറിഞ്ഞുകൂടാ.

ദാവീദ്: (മുഖത്തു നോക്കാതെ) നീ പോയി ബത്ത്ശേബയെ കൂട്ടിക്കൊണ്ടു വരണം...ഉം...എന്താണൊന്നും മിണ്ടാത്തതു് ?

അന്ന: മിണ്ടാനെനിക്കു ധൈര്യമില്ല.

ദാവീദ്: എന്തുകൊണ്ടു് ?....മനസ്സിലുള്ളതു പറഞ്ഞുകൊള്ളൂ.

അന്ന: (പെട്ടെന്നു തലയുയർത്തി) തിരുമേനീ, അദ്ദേഹം പോയിട്ടു് മൂന്നുനാലു ദിവസമേ ആയിട്ടുള്ളൂ.

ദാവീദ്: അതെല്ലാം എനിക്കറിയാം. പക്ഷേ, എനിക്കു് ബത്ത്ശേബയെ കണ്ടേ തീരൂ,

അന്ന: അവിടുന്നു ബത്ത്ശേബയുടെ ഇഷ്ടമെന്താണെന്നാലോചിക്കുന്നില്ലെന്നു തോന്നുന്നു.

ദാവീദ്: ബത്ത്ശേബയ്ക്കും സ്വപ്നങ്ങളുണ്ടായിരിക്കാം ! ഇല്ലെന്നെങ്ങനെ പറയാൻ കഴിയും !

അന്ന: അതു പതിവല്ല.

ദാവീദ്: അല്ലായിരിക്കാം. അന്നാ, നിന്റെ മനോഭാവം എനിക്കു മനസ്സിലാകുന്നുണ്ട്. എനിക്കതിൽ പരിഭവമില്ല. പക്ഷേ, അതുകൊണ്ടൊന്നും പ്രയോജനമില്ല. ഇതു ഞാൻ തീർച്ചയാക്കിയ കാര്യമാണ്. ബത്ത്ശേബ ഏകാകിയായി വരണമെന്നില്ല. അന്നയുംകൂടെ വന്നുകൊള്ളൂ.

അന്ന: ഞാനെന്റെ ചുമതല ചെയ്തു. അങ്ങ് യിസ്രായേലിന്റെ പ്രഭുവാണ്. ഒരു സാധുസ്ത്രീക്കിതിലപ്പുറം ചെയ്യേണ്ടതായിട്ടില്ല. എങ്കിലും വേദനിപ്പിക്കുന്ന ഈ ജോലിയിൽനിന്നു് ഒരു വിധവയെ ഒഴിച്ചുനിറുത്തുകയായിരുന്നു കരുണ. അങ്ങയുടെ ആജ്ഞ ഞാനവളെ അറിയിക്കാം.

ദാവീദ്: ആജ്ഞ !

അന്ന: അങ്ങനെയാണെനിക്കു തോന്നുന്നതു്. മററന്തായാലും അവൾ അനുസരിക്കുകയില്ല. അനുസരിച്ചുകൂടാത്തതാണ്. പക്ഷേ, രാജകല്പനയ്ക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ഒരു പ്രജയും ഇഷ്ടപ്പെടുകയില്ല.

ദാവീദ്: അതൊരു വേണ്ടാത്ത വ്യാഖ്യാനമാണ്.....ശരി. അതായിരിക്കാം അന്നയ്ക്കു തോന്നുന്നതു്. ഏതായാലും ഇതൊരു രാജകല്പനയാക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഇപ്രാവശ്യം ഞാൻതന്നെ തോല്ക്കാം. അന്ന പോകൂ.

(അന്ന വന്ദിച്ചു പോകുന്നു. ചിന്താഗ്രസ്തനായി കുറച്ചിട നടന്നു് രാജാവു വീണ്ടും പാത്രമെടുത്തു കുടിക്കാനൊരുമ്പെടുന്നു. അതിൽ വീഞ്ഞില്ല)

കർട്ടൻ

നാലാം രംഗം

(ഊറിയാവിന്റെ ഭവനം. ബത്ത്ശേബയും അന്നയും സംസാരിച്ചിരിക്കയാണ്. രണ്ടുപേരും ചിരിക്കുന്നു)

ബത്ത്ശേബ: മതി, മതി. എനിക്കാ കാര്യമോർക്കുമ്പോൾ നാണമാകുന്നു.

അന്ന: അദ്ദേഹത്തിനതു നാണമൊന്നും കണ്ടില്ല.

ബത്ത്ശേബ: എനിക്കതു മനസ്സിലാകുന്നില്ല. ഈ വയസ്സു കാലത്തു്!

അന്ന: ഞാനൊട്ടും മടിച്ചില്ല, കുറച്ചങ്ങു പറഞ്ഞുകൊടുത്തു.

ബത്ത്ശേബ: ഇവിടെ വന്നിരുന്നു് എന്തു വേണമെങ്കിൽ തട്ടിമൂളിക്കാമല്ലോ.

അന്ന: പിന്നെ? രാജാവായാലെന്താ? മാനവും മര്യാദയു മൊന്നും വേണ്ടേ?

ബത്ത്ശേബ: അന്നയുടെ മട്ടു കണ്ടിട്ടു് അന്നയേയും നോട്ട മിട്ടതുപോലെ തോന്നുന്നു.

അന്ന: ഇനി എന്നെയും വെറുതേ വിടുമോ എന്നാരറിഞ്ഞു!

(രണ്ടുപേരും പൊട്ടിച്ചിരിക്കുന്നു. ചിരിക്കിടയിൽ ദാവീദ് തല മൂടിപ്പു തച്ചുകൊണ്ടു പ്രവേശിക്കുന്നു. സ്ത്രീകളുടെ ചിരി പെട്ടെന്നു നിൽക്കു ന്നു. അവർ എഴുന്നേററു ഭയപ്പെട്ടു നിൽക്കുന്നു)

ദാവീദ്: ഭയപ്പെടണ്ട അന്നാ. നിങ്ങൾ അങ്ങോട്ടു വന്നില്ലെ ങ്കിൽ ഞാൻ ഇങ്ങോട്ടു വരും. (അന്ന പോകാൻ ഭാവിക്കുന്നു) അന്ന എവിടെപ്പോകുന്നു? അന്നയ്ക്കുംകൂടി കേൾക്കാൻ വയ്യാത്ത തൊന്നും ഞാൻ ബത്ത്ശേബയോടു സംസാരിക്കുന്നില്ല.

അന്ന: ക്ഷമിക്കണം തിരുമേനീ. ഞാൻ അടുക്കളയിലുണ്ടാ യിരിക്കും. ആവശ്യമുള്ളപ്പോൾ വിളിച്ചാൽ മതി.

(പുറകിലത്തെ വാതിലിൽക്കൂടി പോകുന്നു)

ദാവീദ്: എന്താ ബത്ത്ശേബാ, മിഴിച്ചു നിൽക്കുന്നതു്? വീട്ടിൽ അതിഥികൾ വന്നാൽ സ്വീകരിക്കണ്ടേ?

ബത്ത്ശേബ: ഞങ്ങൾക്കു് ഇതുപോലുള്ള അതിഥികൾ പതി വില്ല. (ഒരു പീഠമെടുത്തു ശരിയാക്കിയിടുന്നു. ദാവീദ് ഇരിക്കുന്നു)

ദാവീദ്: എന്താണു നിശ്ശബ്ദമായിക്കളഞ്ഞതു്? നിങ്ങൾ പറ ഞ്ഞതു ഞാൻ കേട്ടതിൽ വിഷമിക്കാനില്ല. അത്രയെല്ലാം ഞാൻ പ്രതീക്ഷിച്ചതുതന്നെയാണു്.

ബത്ത്ശേബ: അങ്ങു്...ഇവിടെ...

ദാവീദ്: അതിലെന്താണത്ഭുതം? എനിക്കു വന്നുകൂടാത്ത സ്ഥലമല്ല ഇതു്. അവിടെ ഇരിക്കാൻ ക്ഷമയുണ്ടാകാഞ്ഞതു കൊണ്ടു് ഇങ്ങോട്ടു പോന്നുവെന്നുമാത്രം.

ബത്ത്ശേബ: എങ്കിലും...രാത്രി...

ദാവീദ്: എനിക്കു കളവു പറയാൻ വശമില്ല. അതിനാവശ്യ മുണ്ടെന്നും തോന്നുന്നില്ല. രാത്രിയായതുകൊണ്ടുതന്നെയാ ണിങ്ങോട്ടു പോന്നതു്.

ബത്ത്ശേബ: എന്താണു പറയേണ്ടതെന്നെനിക്കറിഞ്ഞുകൂടാ.

ദാവീദ്: ഒന്നും പ്രത്യേകിച്ച പറയാനുമില്ല. എനിക്കു ബത്ത്ശേബയെ കണ്ടേതീരൂ എന്നു തോന്നി. അങ്ങോട്ടു ക്ഷണിച്ചു;—വന്നില്ല. അതുകൊണ്ട്, ഇങ്ങോട്ടു വന്നു. കുറച്ചു കഴിഞ്ഞു പോകയും ചെയ്യും.

ബത്ത്ശേബ: (അന്ന കൊണ്ടുവന്ന വീഞ്ഞു വാങ്ങി രാജാവിനു കൊടുത്തുകൊണ്ട്) നല്ല മധുരമുണ്ടായിരിക്കയില്ല.

ദാവീദ്: കൈകൾക്കുള്ള മധുരം മതി. (കുറേശ്ശെ കുടിക്കുന്നു) ബത്ത്ശേബാ !...

ബത്ത്ശേബ: അങ്ങ് എന്നെ ധർമ്മസങ്കടത്തിലാക്കുകയാണ്. ഒന്നും മിണ്ടാതിരിക്കുന്നതു ശരിയല്ല. എന്തു സംസാരിച്ചാലും തെററായിരിക്കയും ചെയ്യും.

ദാവീദ്: അതിഥികളോടു സംസാരിക്കുന്നതിലെന്തു തെററുണ്ടാകാനാണ് ?

ബത്ത്ശേബ: അതിഥി സാധാരണക്കാരനല്ലാതിരിക്കുമ്പോൾ...

ദാവീദ്: കുറച്ചു സമയത്തേയ്ക്കു സാധാരണക്കാരനാണെന്നു സങ്കല്പിക്കു. (അന്ന കുറച്ചു പഴങ്ങൾ കൊണ്ടുവന്നു വയ്ക്കുന്നു) അന്ന, ഞാൻ വരുമെന്നറിഞ്ഞിരുന്നതുപോലെ തോന്നുന്നു.

അന്ന: ഇല്ല. ഇല്ല. ഞാനൊരു സാധു കിഴവിയാണ്, തിരുമേനീ.

ദാവീദ്: അതെ. അതുതന്നെയാണ് ഞാൻ പറഞ്ഞതിനർത്ഥം (അന്ന വന്ദിച്ചു പോകുന്നു) ബത്ത്ശേബാ, എന്താണിതു പരിഭ്രമം ?

ബത്ത്ശേബ: എൻെറ ശക്തിക്കപ്പുറം ചിലതുണ്ട്.

ദാവീദ്: അതോ, എൻെറ ശക്തിക്കപ്പുറമെന്നാണോ ഉദ്ദേശിക്കുന്നത് ?

ബത്ത്ശേബ: അല്ല.

ദാവീദ്: എങ്കിൽ അതെന്താണെന്നു പറയൂ.

ബത്ത്ശേബ: അങ്ങാരാണെന്നു മറക്കാൻ.

ദാവീദ്: ഞാനാരാണ് ?

ബത്ത്ശേബ: അതു ഞാൻ പറയണോ ?

ദാവീദ്: വേണം.

ബത്ത്ശേബ: എന്നെ വിഷമിപ്പിക്കാതെ.

ദാവീദ്: രാജാവാണെന്നാണോ ? അതിലപ്പുറം എന്നിൽ യാതൊന്നുമില്ലേ ?

ബത്ത്ശേബ: പരാക്രമിയാണ്.

ദാവീദ്: അതിലും ഹൃദ്യമായിട്ടൊന്നുമില്ലേ ?

ബത്ത്ശേബ: ഗായകൻ.

ദാവീദ്: എന്നെ ഗായകനായി കാണുന്നതെനിക്കു സന്തോഷമാണ്. ഇന്നെനിക്കു പാടാൻ കഴിവില്ലെങ്കിലും. ബത്ത്ശേബ സംസാരിക്കേണ്ട.—പാടിയാൽ മതി.

ബത്ത്ശേബ: ഇതവസരമാണോ ?

ദാവീദ്: അല്ലായിരിക്കാം. പാടാൻ ഞാൻ നിർബന്ധിക്കുന്നുമില്ല. ഞാൻ ഗായകനായിട്ടുമല്ല ഇന്നിവിടെ വന്നതു്.

ബത്ത്ശേബ: പിന്നെ !

ദാവീദ്: വെറുമൊരു മനുഷ്യൻ. ഒരു പുരുഷൻ.

ബത്ത്ശേബ: അതു ന്യായമല്ല തിരുമേനി.

ദാവീദ്: ന്യായവുമന്യായവും പരിഗണിക്കാനുള്ള കഴിവു് എന്നിലവശേഷിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഞാൻ ഈ തീർത്ഥയാത്രയ്ക്കിറങ്ങിത്തിരിക്കയില്ലായിരുന്നു. അതു മനസ്സിലാക്കാൻ മാത്രം ബുദ്ധി ബത്ത്ശേബയ്ക്കുണ്ടു്. എല്ലാ സ്ത്രീകൾക്കും അതുണ്ടെന്നാണെന്റെ അനുഭവം. ബത്ത്ശേബയുടെ ഇഷ്ടംപോലെ എന്നെ സ്വീകരിച്ചുകൊള്ളു. പക്ഷേ, കൊച്ചു കുട്ടികളെപ്പോലെ സങ്കല്പം അഭിനയിക്കാനുള്ള പ്രായമല്ല എനിക്കു്. ബത്ത്ശേബയ്ക്കും —

ബത്ത്ശേബ: അഭിനയിക്കണമെന്നു് എനിക്കും മോഹമില്ല. പക്ഷേ, കണ്ണു തുറന്നാൽ കാണുന്നതു പേടിപ്പിക്കുന്നതാണെങ്കിൽ കണ്ണടയ്ക്കുകയാണുചിതം.

ദാവീദ്: എന്താണു പേടിപ്പിക്കുന്നതു് ?

ബത്ത്ശേബ: ഇതെവിടെ അവസാനിക്കും ? ഞാൻ പറയുന്നതു് അവിവേകമാണെങ്കിൽ ക്ഷമിക്കുക. അങ്ങെന്നെ നിർബന്ധിച്ചു പറയിക്കുകയാണു്.

ദാവീദ്: എവിടെ അവസാനിക്കുമെന്നു് ബത്ത്ശേബയ്ക്കു തീരുമാനിക്കാനോ പ്രവചിക്കാനോ കഴിവില്ല. എനിക്കുമില്ല.

ബത്ത്ശേബ: ഇതെല്ലാം അങ്ങയുടെ വരുതിക്കുള്ളിലായിക്കാണുമെന്നു ഞാൻ പ്രതീക്ഷിച്ചു.

ദാവീദ്: എന്റെ പ്രായവും അനുഭവജ്ഞാനവുമാണു് ബത്ത്ശേബ ഉദ്ദേശിക്കുന്നതെങ്കിൽ...ബത്ത്ശേബാ, അതൊരു നീണ്ട കഥയാണു്. ഞാൻ രാജാവാണു്, ശക്തനാണു്. എനിക്കു സർവ്വൈശ്വര്യങ്ങളുമുണ്ടു്. സമ്മതിച്ചു. പക്ഷേ, ഞാനിന്നും ഏകാകിയാണു്. (എഴുന്നേററു നടക്കുന്നു) യോനാഥാൻ മരിച്ചതിൽ പിന്നീടു് ഞാൻ സ്നേഹമെന്തെന്നറിഞ്ഞിട്ടില്ല. ഞാൻ ഒരു സഖിയെ കണ്ടെത്തിയുമില്ല...ഇന്നലെവരെ.

ബത്ത്ശേബ: അങ്ങു സഖിയെയാണു തേടിയതെങ്കിൽ കണ്ടെത്തിയ സമ്പ്രദായം നല്ലതല്ല.

ദാവീദ്: ഞാനതു സമ്മതിക്കുന്നില്ല. സമ്പ്രദായങ്ങളെല്ലാം എനിക്കൊരുപോലെയാണ്. മീഖളിനെ ഞാൻ കണ്ടെത്തി. അവൾ എന്നെ വിട്ടുപോയി. ഞാൻ പ്രതികാരം നടത്തി. പക്ഷേ, അതുകൊണ്ട് എൻെറ മനസ്സിനു സ്വാസ്ഥതയുണ്ടായില്ല. അബിഗയിൽ എന്നെ കണ്ടെത്തി. ഒരു നല്ല ദാസി. അതിലപ്പുറമൊന്നുമില്ല. പിന്നെയുള്ളവരുടെ കഥയും വ്യത്യസ്തമല്ല. നിരന്തരമായി ശല്യപ്പെടുത്തുന്ന കുറെ സന്തതികളെ ലഭിച്ചതുമാത്രം മിച്ചം. ആദ്യമെല്ലാം ഞാനെൻെറ അസ്വാസ്ഥത ശത്രുരക്തത്തിൽ മുക്കിക്കൊന്നു. എത്ര കാലം മനുഷ്യർ കശാപ്പുകൊണ്ട് ആത്മശാന്തി നേടും? പാടാനാണെങ്കിൽ, അക്കാലം കഴിഞ്ഞുപോയി. ബത്ത്ശേബാ, ഇന്നെൻെറ ഹൃദയം ശൂന്യമാണ്.

ബത്ത്ശേബ: തിരുമേനീ, അങ്ങയുടെ സംസാരം എനിക്കു സംഗീതമാണ്! പക്ഷേ, ഞാനതിൽ ദഹിക്കുന്നു. യിസ്രായേലിൻെറ അഭിഷിക്തൻ ഒരു വെറും ദാസിയുടെ മുമ്പിൽ ചെറിയവനാകരുതേ! അതിൽ ഭേദം ഞാൻ മരിക്കുകയാണ്!

ദാവീദ്: പ്രേമം ഒരുവനെ ചെറുതാക്കുന്നെങ്കിൽ ഞാൻ ഒരു മണൽത്തരിയോളമായിക്കൊള്ളട്ടെ...കൽത്തുണ്ടുകളെ രാജാക്കന്മാരാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ!...ബത്ത്ശേബാ, പണ്ടൊരിക്കൽ ശൗലിനോടു യുദ്ധം ചെയ്യാൻ കഴികയില്ലെന്നു ഞാൻ പറഞ്ഞപ്പോൾ ശമുവേൽപ്രവാചകൻ എന്നോടു പറഞ്ഞു, എനിക്കുവേണ്ടിയല്ല ഞാൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടതെന്ന്. അന്നു ഞാനതിൻെറ അർത്ഥം മുഴുവനും മനസ്സിലാക്കിയില്ല. ഒളിച്ചു നടക്കുക, ബഹുമാനിക്കുന്ന രാജാവിനെതിരായി ലഹളയ്ക്കു പുറപ്പെടുക, ആത്മസുഹൃത്തിൻെറ കിരീടം പിടിച്ചുപറിക്കുക—ഇതൊന്നും സന്തോഷകരമായ ചുമതലകളല്ല. നിരന്തരമായ സമരം, മുഖസ്തുതിക്കാരായ അന്തേവാസികൾ, ദുഷ്ടന്മാരായ സേവകർ; ബത്ത്ശേബാ, കിരീടം ഒരു ആനന്ദമല്ല.

ബത്ത്ശേബ: അങ്ങേയ്ക്കു വിശ്വസ്തസ്നേഹിതന്മാരില്ലെന്നാണോ പറയുന്നത്?

ദാവീദ്: ഇല്ല. ബത്ത്ശേബാ, ഞാനൊരേകാന്തനാണ്. ഒരു ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിലെ ഏകാകി. എൻെറ അന്തഃപ്പുരത്തെയായിരിക്കും നീ ഉദ്ദേശിക്കുന്നത്. ഒരു പാറ്റം

ദുരാഗ്രഹികളായ പെണ്ണുങ്ങാംക്കു് ഒരു ഹൃദയമെങ്ങനെ പങ്കി ട്ടുകൊടുക്കും ? അതു പ്രേമമല്ല; വെറും നാടകം. ഞാനതു കണ്ടു മുഷിഞ്ഞു. എല്ലാററിനും പിന്നിൽ ഞാനൊരു കവിയാണു്. പക്ഷേ, എൻെറ ഗാനം നിന്നുപോയി. എൻെറ ജീവിതം ഉണങ്ങിപ്പോയി. ഞാനിന്നൊരു മരുഭൂമിയാണു്.

ബത്തു്ശേബ: അങ്ങു് വിഷാദത്തിനടിമപ്പെടുകയാണു്.

ദാവീദു്: മഴക്കാലത്തു് ഉണക്കച്ചുള്ളികാം തളിർക്കാറുണ്ടെ ന്നെനിക്കറിയാം. ബത്തു്ശേബാ, എനിക്കൊരു സഖി വേണം—ബാല്യചാപല്യങ്ങാംക്കല്ല—ഒരു ജീവിതസഖി. സ്ത്രീകളുമായി എനിക്കുണ്ടായ വേഴ്ചകളൊന്നും സന്തോഷ കരമായിരുന്നില്ലെന്നു് നിനക്കറിയാം. പ്രിയപ്പെട്ട ബത്തു് ശേബാ, എന്നെ രാജാവായിക്കാണാതെ! പരാക്രമിയായി ട്ടല്ല, കവിയായിട്ടുമല്ല; എന്നെ ഒരു മനുഷ്യനായിക്കാണൂ. ഒരു സ്ത്രീയുടെ സ്നേഹത്തിൻവേണ്ടി ദാഹിക്കുന്ന പുരുഷനാ യിട്ടുമാത്രം.

ബത്തു്ശേബ: തിരുമേനീ, എൻെറ ഹൃദയം അങ്ങയെ കാണി ച്ചാൽ കൊള്ളാമെന്നുണ്ടു്. പക്ഷേ, ഞാനൊരു കവിയല്ല. എനിക്കു തോന്നുന്നതു പറയാൻ അറിഞ്ഞുകൂടാ. അങ്ങൊരു സഖിയെയാണന്വേഷിക്കുന്നതെങ്കിൽ അതു് അങ്ങേയ്ക്കു പണ്ടേ ലഭിച്ചുകഴിഞ്ഞു. എങ്കിലും തിരുമേനീ, നാം രണ്ടു പേരും അസ്വതന്ത്രരാണു്. നാം കാലം തെററിയവരാണു്.

ദാവീദു്: നമുക്കു് കഴിഞ്ഞ കാലത്തെക്കുറിച്ചു് ചിന്തിക്കണ്ട. ഭാവിയെപ്പററിയും ചിന്തിക്കണ്ട. നമുക്കു വർത്തമാനകാല ത്തിൽ ജീവിക്കാം. കഴിഞ്ഞതു കഴിഞ്ഞു. വരാനുള്ളതു് അ ജ്ഞാതവുമാണു്. രണ്ടിനോടും നമുക്കൊന്നും ചെയ്യാൻ കഴി യില്ല. 'ഇന്നു്' മാത്രമാണു് നമ്മുടെ സ്വാധീനത്തിലുള്ളതു്.

ബത്തു്ശേബ: 'ഇന്നു്' നമ്മുടെ സ്വാധീനത്തിലുണ്ടോ ?

ദാവീദു്: അതെ. എന്നാണെൻെറ വിശ്വാസം. അതു് അഹ ന്തയായിരിക്കാം. എങ്കിലും ഒരു കവിക്കു് അങ്ങനെയ ല്ലാതെ ചിന്തിക്കാൻ വയ്യാ. അയാാം അല്പനേരത്തേയ്ക്കു സർ വ്വാധികാരിയാണു്, സർവ്വാന്തര്യാമിയാണു്, അന്ധനാണു്, മഹിമയുടെ മൂർത്തീകരണമാണു്, ദൈവമാണു്,—അവൻെറ പ്രതിഭയുടെ പ്രഭാവകാലത്തിൽ. അവൻ ഇടവിട്ടേ ജീവിക്കു ന്നുള്ളു; മിന്നിപ്പൊലിയുന്ന ഉല്ക്കകളെപ്പോലെ. ഒരു പ്രകാശ

പ്രസരത്തിനും അട്ടത്തതിനുമിടയ്ക്കു് ഒരു അന്ധകാരശൂന്യത ഉണ്ടായിരിക്കും.

ബത്തു്ശേബ: തിരുമേനി മതിമറന്നുപോകുന്നു. ഞാൻ ബന്ധനസ്ഥയാണു്.

ദാവീദു്: അതെ, നീ വിവാഹിതയാണു്. മുറിവുകളുണ്ടാവാതെ സംസാരിക്കാൻ വിഷമമുള്ള വിഷയമാണതു്. അതിൻെറ മുകളിൽ ഒരു നിശ്ശബ്ദാവരണം ഇടുകയായിരിക്കും നല്ലതു്. പക്ഷേ, ഞാനതു ചെയ്യുന്നില്ല. നമുക്കു് ആ വാസ്തവത്തിൽനിന്നു് ഒളിച്ചോടാൻ കഴിയുകയില്ല. അതു് ഒരു വല്ലാത്ത വേലിതന്നെ. പക്ഷേ, ഒന്നുണ്ടു്...ബത്തു്ശേബാ, യാതൊരു കന്യകയും പ്രേമത്തിൻെറ യഥാർത്ഥ വിലയറിയുന്നില്ല; ശാരീരികമായതുപോലും.

ബത്തു്ശേബ: തിരുമേനീ, സമയം പോവുന്നു. അങ്ങേയ്ക്കു് പോകാറായി.

ദാവീദു്: എനിക്കെന്നെ നിയന്ത്രിക്കാൻ കഴിയുന്നില്ല. എന്തോ ഒന്നെന്നെ പിടിച്ചുലയ്ക്കുന്നു—ദാവീദിനെക്കാൾ പതിന്മടങ്ങു ശക്തിയുള്ള എന്തോ ഒന്നു്. ചരിത്രമാണെന്നെ പ്രചോദിപ്പിക്കുന്നതെന്നുവരെ എനിക്കു തോന്നിപ്പോകുന്നു. പക്ഷേ, അതു പതിവാണു്. എല്ലാ തെററുകാരും അവരുടെ കുററങ്ങൾക്കു് ദിവ്യനീതികൾ കണ്ടുപിടിക്കാറുണ്ടു്. ഏതായാലും ഈ ഒഴുക്കിനെതിരായി നീന്താൻ എനിക്കു ശക്തിയില്ല. ഞാൻ കണ്ണടച്ചു് അതിനു കീഴടങ്ങുകയാണു്—നിനക്കും. ഞാൻ നിന്നെ നിർബ്ബന്ധിക്കുകയില്ല; പ്രലോഭിപ്പിക്കുകയുമില്ല. പക്ഷേ, ഞാനെന്നും നിൻെറ ഓർമ്മയിൽ ഉണ്ടായിരിക്കും. എന്തോ അപ്രമേയമായതെല്ലാം സംഭവിക്കാനിരിക്കുന്നു എന്നെനിക്കു തോന്നുന്നു. നല്ലതോ ചീത്തയോ എന്നെനിക്കു നിശ്ചയമില്ല. എൻെറ ജീവിതം ഇതുവരെ ഒരു ഭാഗ്യക്കുറിയായിരുന്നു. ഇനിയുമങ്ങനെയായിരിക്കട്ടെ. എനിക്കു് രാജാവാകണമെന്നില്ലായിരുന്നു. പക്ഷേ, ശമുവേൽ പ്രവാചകൻ അതെന്നിൽ ഉണർത്തി. ഉല്ക്കർഷേച്ഛ എന്നിൽ തീപിടിച്ചു. ബത്തു്ശേബയെ ഞാനിന്നലെയാണാദ്യം കണ്ടതു്. അതിൽനിന്നെന്തെല്ലാം സംഭവിക്കുമെന്നെനിക്കറിഞ്ഞുകൂടാ. വരുന്നതെല്ലാം വരട്ടെ.

ബത്തു്ശേബ: പ്രഭോ! നാം മണലാരണ്യത്തിൻെറ മദ്ധ്യത്തിലെ ഏകാകികളല്ല.

ദാവീദ്: നാവുകഠം ചിലയ്ക്കും. അതിനെ അവഗണിക്കാൻ മാത്രം ശക്തനാണു ദാവീദ്‌രാജാവ്. ആശങ്കകളെല്ലാം ഞാൻ തെക്കൻകാററിൽ പറപ്പിക്കുന്നു. ഞാൻ യോർദ്ദാനെപ്പോലെ ഒഴുകും. സ്വതന്ത്രമായി, ശക്തിയോടെ. ബത്ത്‌ശേബാ, ഞാൻ പോകുന്നു. നിനക്കു സംസാരിക്കാൻ ശക്തിയില്ലെന്നെനിക്കറിയാം. നിൻെറ അഭിപ്രായം കേഠക്കാനല്ല ഞാൻ വന്നതു്. എൻേറതു പറയുവാനാണ്. യഹോവ അനുഗ്രഹിക്കട്ടെ.

(രാജാവ് ബദ്ധപ്പെട്ടു പോകുന്നു. അന്ന വന്ന് ബത്ത്‌ശേബയെ താങ്ങുന്നു)

ബത്ത്‌ശേബ: അന്നാ, യോർദ്ദാനെവിടെയാണവസാനിക്കുന്നതു്?

അന്ന: എവിടെയെങ്കിലുമവസാനിക്കട്ടെ, സകലതും എവിടെയെങ്കിലുമവസാനിക്കാറുണ്ട്.

കർട്ടൻ

അങ്കം 2

ഒന്നാംരംഗം

(രബ്ബയ്ക്കു പുറത്തുള്ള മൈതാനം ഊറിയാവിൻെറ കൂടാരം. ഒരു മൂലയിൽ ഊറിയാ നിലത്തിരുന്നു് വാരം മിനുക്കുകയാണു്. യോവാബ് ഒരു പാത്രം വീഞ്ഞു കുടിച്ചുകൊണ്ടു് പീഠത്തിലിരിക്കുന്നു. പ്രകാശത്തിനു് ഒരു ചെറിയ വിളക്കു മാത്രം. സമയം രാത്രി)

ഊറിയാ: യുദ്ധം എന്നു പറഞ്ഞാൽ യുദ്ധം എന്നല്ലാതെ, അങ്ങു പറയുന്ന ഈ വ്യാകരണമൊന്നും എനിക്കു മനസ്സിലാവുകയില്ല.

യോവാബ്: ആട്ടുകൊററന്മാർ തമ്മിൽ ഇടിക്കുന്നതുപോലെ! ....നീ ചിന്തിക്കുന്നതു് അസ്ഥികൊണ്ടാണോ?

ഊറിയാ: പടത്തലവനു് എന്തും പറയാമല്ലൊ.

യോവാബ്: ഒന്നാലോചിച്ചുനോക്കു് ഊറിയാ. കൈയുടെ തരിപ്പു തീർക്കാനാണു യുദ്ധം ചെയ്യുന്നതെങ്കിൽ കണ്ട പാറക്കൂട്ടത്തിലൊക്കെപ്പോയി ഇടിച്ചാൽപ്പോരെ? ആടും മനുഷ്യരും തമ്മിൽ ചില വ്യത്യാസമൊക്കെയുണ്ടു്.

ഊറിയാ: ഉണ്ടു്. ഒന്നു മററതിനെ തിന്നുന്നു.

യോവാബ്: നിൻെറ ബുദ്ധിയിൽ ആ ഒരു വ്യാഖ്യാനമേ കണ്ടുള്ളു. (പുറത്തേക്കു നോക്കി) എലിയാമിനെ കാണുന്നില്ലല്ലോ.

ഊറിയാ: ഞാൻ പോയി നോക്കിവരാം.

യോവാബ്: വേണ്ട. എലിയാം അപകടത്തിലൊന്നും ചാടുകയില്ല.

ഊറിയാ: പിന്നെ ഞാനാണോ അപകടത്തിൻെറ കുത്തകയെടുത്തിരിക്കുന്നതു്?

യോവാബ്: എന്നല്ല അനിയാ പറഞ്ഞതു്. യുദ്ധം ചെയ്യുന്നതു് ഓരോ കാര്യം കാണാനാണു്. അതിനുള്ള എളുപ്പ വഴി നോക്കണം.

ഊറിയാ: അതുതന്നെ ഞാനും പറഞ്ഞതു്.

യോവാബ്: ചിലപ്പോൾ നേരിട്ടുള്ള യുദ്ധമല്ല, നേരിട്ടുള്ള വഴി എന്നു തോന്നിയിട്ടുണ്ടോ ?

ഊറിയാ: ഇല്ല. തോന്നുകയുമില്ല.

യോവാബ്: എന്തിന്റെയോ മുമ്പിൽ മുത്തുകളിടുന്നതിനെപ്പററി പഴഞ്ചൊല്ലുണ്ടു്.

ഊറിയാ: (ചാടിയെണീററു്) യോവാബ്, അങ്ങു പടത്തലവനാണു്. പക്ഷേ...

യോവാബ്: കുഞ്ഞേ. ക്ഷോഭിക്കാതിരിക്കു്. നിനക്കെന്നെ ഭയപ്പെടുത്താൻ കഴിയുമോ ! നീ നിന്റെ ഇഷ്ടംപോലെ ചിന്തിച്ചുകൊള്ളൂ. പക്ഷേ, പ്രവൎത്തിക്കാനൊക്കുകയില്ല. നിനക്കു ചിലതെല്ലാം മനസ്സിലാക്കിത്തരാമെന്നു വിചാരിച്ചു പറഞ്ഞുനോക്കിയതാണു്. നിനക്കതു വേണ്ടെന്നാണെങ്കിൽ...

(എലിയാം ഊരിയ വാളുമായി പ്രവേശിക്കുന്നു. തോളിനു താഴെ തുണി ചുററിയിരിക്കുന്നതിൽ രക്തം പൊടിക്കുന്നുണ്ടു്.)

യോവാബ്: (എഴുനേററു്) എന്താണിതു് എലിയാം.

എലിയാം: (വാൾ താഴെയെറിഞ്ഞു്) ഒന്നുമില്ല.

യോവാബ്: പോയ കാൎയ്യം ?

എലിയാം: നടന്നു. പത്തുകുടം വെള്ളം മോഷ്ടിക്കാനൊരു ശ്രമം നടന്നു. (ചിരിക്കുന്നു)

യോവാബ്: ഇതെങ്ങനെ പററി ?

എലിയാം: അവർ പതിയിരിക്കുന്നുണ്ടായിരുന്നു. ബന്യാം വീണു.

ഊറിയാ: ബന്യാം !

എലിയാം: സാരമില്ല. ഒരാളല്ലേ ?

ഊറിയാ: ഒരാളതു സാരമില്ലേ ? നമുക്കു് ആക്രമിക്കണം.

യോവാബ്: നിൽക്കു് ഊറിയാ. നാം ആ പഴയ തക്കത്തിൽ ചെന്നുചേരും.

എലിയാം: ധൃതിപിടിക്കണ്ട ഊറിയാ. അവർ തകരാറായി. (എലിയാം ആംഗ്യം കാണിക്കുന്നു. ഊറിയാ വീണ്ടെടുത്തു കൊടുക്കുന്നു.) യുദ്ധത്തിൽ മരിക്കുന്ന ഓരോരുത്തനും ഒരു ബന്യാമാണു്. അതുകൊണ്ടാണു് നിരോധനം മതിയെന്നുവച്ചതു്.

ഊറിയാ: ഈ തത്വം കേട്ടു് ഞാൻ മടുത്തു. നാഥാന്റേതുകൂടെ പോവുകയായിരുന്നു ഇതിൽ ഭേദം. ഇതു സൈന്യമാണോ സന്ന്യാസിസംഘമാണോ ?

യോവാബ്: ഊറിയാ, നിനക്കു് എന്റെ പ്രായമാകുമ്പോൾ —

എലിയാം: ഈ നിലയ്ക്കു് അവനു നിങ്ങളുടെ പ്രായമാകുമെന്നു വിചാരിക്കാൻ യാതൊരു ന്യായവും കാണുന്നില്ല.

ഊറിയാ: തല നരയ്ക്കുന്നതുവരെ ജീവിച്ചുകൊള്ളാമെന്നു് ഞാൻ സത്യമൊന്നും ചെയ്തിട്ടില്ല.

എലിയാം: ഊറിയാ, നീ വിചാരിക്കുന്നുണ്ടോ യോവാബു് ഭീരുവാണെന്നു് ?

ഊറിയാ: ഇല്ല. അതുകൊണ്ടു് ?

എലിയാം: പിന്നെയെന്തുകൊണ്ടാണു് അദ്ദേഹമിങ്ങനെ പറയുന്നതു് ?

ഊറിയാ: രാജാവു പറഞ്ഞതുകൊണ്ടു്.

എലിയാം: രാജാവു പറഞ്ഞതു് അനുസരിക്കാൻ നിനക്കെന്താണു വിരോധം? അദ്ദേഹം പറഞ്ഞിട്ടല്ലേ ഈ യുദ്ധമെല്ലാം ?

ഊറിയാ: അദ്ദേഹം പറഞ്ഞിട്ടാണു്. പക്ഷേ, അദ്ദേഹത്തിനു വേണ്ടിയല്ല; യിസ്രായേലിനു വേണ്ടിയാണു്.

എലിയാം: യിസ്രായേലിനു വേണ്ടതെന്താണെന്നദ്ദേഹത്തിനറിയാമായിരിക്കയില്ലേ ?

ഊറിയാ: തീർച്ചയായും. പക്ഷേ, നാം ഈ കല്പന ലംഘിച്ചാൽ അദ്ദേഹത്തിനു സന്തോഷമായിരിക്കും.

എലിയാം: എന്തുകൊണ്ടാണങ്ങനെ തോന്നുന്നതു് ?

ഊറിയാ: ഏററവും കുറഞ്ഞ അപകടം നേരിടാൻ മാത്രമേ രാജാവു നമ്മെ ഏല്പിക്കു. അപകടമുള്ള കാര്യങ്ങരം ധീരമായി ഏറെറടുത്തു ചെയ്യേണ്ടതു നാമാണു്. ശത്രുവിനോടു ധീരമായി പടവെട്ടാതെ എനിക്കു തിരിച്ചു പോവാൻ ലജ്ജയാകുന്നു. അവിടെച്ചെന്നു രാജാവിൻെറ മുമ്പിൽ നില്ക്കണ്ടേ ?

യോവാബു്: അവനു രാജാവിനെപ്പററി വല്ലാത്ത മതിപ്പാണെന്നു തോന്നുന്നു.

ഊറിയാ: അതിലെന്താണത്ഭുതം ?

എലിയാം: ഞങ്ങളറിഞ്ഞിട്ടില്ലാത്ത എന്താണു നിനക്കറിയാവുന്നതു് ?

ഊറിയാ: നിങ്ങരംക്കറിയാവുന്നതുമാത്രം മതി. ഗോല്യാത്തു് പോരേ ?

യോവാബു്: ശത്രുവിനെ എറിഞ്ഞുകൊല്ലുന്നതു് ഇടയക്കുട്ടികരംക്കു ചേരും.

ഊറിയാ: ശൗലിനെ എറിഞ്ഞാണോ തോല്പിച്ചതു് ?

യോവാബു്: അല്ല.

ഊറിയാ: അങ്ങനെ എത്രയെണ്ണം ! എണ്ണിപ്പറഞ്ഞിട്ടെന്താകാര്യം? അദ്ദേഹത്തെ അംഗീകരിക്കാത്തവക്കു് എന്തു പറഞ്ഞാലും സമ്മതമാകയില്ല.

എലിയാം: എന്നാരാണിവിടെ പറഞ്ഞതു് ?

ഊറിയാ: പിന്നെയെന്താണീ പറഞ്ഞതിനത്ഥം ?

യോവാബ്: കൂടുതലൊന്നുമില്ല. ദാവീദ്‌രാജാവു്, ശിംശോനല്ല, ശൗലുമല്ല, യോനാഥാനുമല്ല, ആ വഗ്ഗത്തിൽപ്പെട്ടവനുമല്ല, എന്നുമാത്രം.

ഊറിയാ: അദ്ദേഹത്തെ എങ്ങനെ സ്നേഹിക്കാതിരിക്കും ?

എലിയാം: അദ്ദേഹത്തെ ആരും സ്നേഹിച്ചതായിട്ടെനിക്കറിവില്ല, സ്ത്രീകളൊഴിച്ചു്. അവരും അധികകാലം നിൽക്കാറില്ല.

യോവാബ്: ദാവീദ് ഒരു രാജാവാണൂറിയാ. അതു മറക്കരുതു്.

ഊറിയാ: രാജാവെന്നു പറയുന്നതു് ഒരു ചീത്തപ്പേരാണോ ?

യോവാബ്: എന്തോ, നീതന്നെ നോക്കു് ! (ഒരു ചുരുളെടുത്തു് ഊറിയായുടെ കൈയിൽ കൊടുത്തു്) ഇതാ ഇവിടംമുതൽ. എലിയാം, നമുക്കൊന്നു പോയിവരാം. നേരം കുറെയായി.

(യോവാബും എലിയാമും പുറത്തേയ്ക്കു പോകുന്നു. ഊറിയാ ചുരുളെടുത്തു് അതിൽ ശ്രദ്ധിക്കുന്നു. ഗംഭീരമായ ഒരു ശബ്ദം ദൂരത്തിൽനിന്നു വരുന്നു.)

ശബ്ദം: ....അങ്ങനെ രാജാവിന്നായി അപേക്ഷിച്ച ജനത്തോടു ശമുവേൽ യഹോവയുടെ വചനങ്ങളെ അറിയിച്ചു പറഞ്ഞതെന്തെന്നാൽ: നിങ്ങളെ വാഴുവാനിരിക്കുന്ന രാജാവിൻെറ ന്യായം ഇതായിരിക്കും. അവൻ നിങ്ങളുടെ പുത്രന്മാരെ തനിക്കു തേരാളികളും കുതിരച്ചേവകരും ആക്കും. അവൻെറ രഥങ്ങൾക്കു മുമ്പേ അവർ ഓടേണ്ടിയും വരും. അവൻ അവരെ ആയിരത്തിനും അമ്പതിനും അധിപന്മാരാക്കും. തൻെറ നിലം കൃഷിചെയ്യാനും തൻെറ വിള കൊയ്യാനും തൻെറ പടക്കോപ്പും തേർക്കോപ്പും ഉണ്ടാക്കുവാനും അവരെ നിയമിക്കും. അവൻ നിങ്ങളുടെ പുത്രിമാരെ തൈലക്കാരത്തികളും വെപ്പുകാരത്തികളും അപ്പക്കാരത്തികളും ആയിട്ടു് എടുക്കും. അവൻ നിങ്ങളുടെ വിശേഷമായ നിലങ്ങളും മുന്തിരിത്തോട്ടങ്ങളും ഒലീവുതോട്ടങ്ങളും എടുത്തു തൻെറ ഭൃത്യന്മാക്കു കൊടുക്കും. അവൻ നിങ്ങളുടെ വിളവുകളിലും മുന്തിരിത്തോട്ടങ്ങളിലും ദശാംശം എടുത്തു തൻെറ ഷണ്ഡന്മാക്കും ഭൃത്യന്മാക്കും കൊടുക്കും. അവൻ നിങ്ങളുടെ ദാസന്മാരെയുംദാസിമാരെയും നിങ്ങളുടെ കോമളയുവാക്കളെയും നിങ്ങളുടെ കഴുതകളെയും പിടിച്ചു് തങ്ങളുടെ വേലയ്ക്കു് ആക്കും. അവൻ നിങ്ങളുടെ ആടുകളിൽ പത്തിലൊന്നു് എടുക്കും. നിങ്ങൾ അവനു ദാസന്മാരായിത്തീരും. നിങ്ങൾ

തിരഞ്ഞെടുത്തിരിക്കുന്ന രാജാവിന്റെ നിമിത്തം അന്നു നിങ്ങൾ നിലവിളിക്കും....

ഊറിയാ: ഛീ! രാജ്യദ്രോഹം! എന്തെല്ലാം വേണ്ടാതനങ്ങളാണ് എഴുതിക്കൂട്ടിയിരിക്കുന്നത്! (കുപിതനായി ചുരുൾ നിലത്തെറിഞ്ഞു ചവുട്ടിത്തേയ്ക്കുന്നു.)

രണ്ടാംരംഗം

(ദാവീദിന്റെ കൊട്ടാരം. ദാവീദ് ശയ്യാതലത്തിൽ കിടക്കുന്നു. ബത്ത്ശേബ ഒരു പീഠത്തിലിരുന്നു പാടുന്നു. അന്ന അടുത്തിരുന്നു കിന്നരം വായിക്കുന്നു.)

ബത്ത്ശേബ: (പാടുന്നു. ഉത്തമഗീതം. 2) ''അതാ എന്റെ പ്രിയന്റെ സ്വരം. അവൻ മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുംകൊണ്ടു് വരുന്നു. എന്റെ പ്രിയൻ ചെറുമാനിനും കലമാൻകുട്ടിക്കും തുല്യൻ; ഇതാ അവൻ നമ്മുടെ മതിലിനു പുറമേ നിൽക്കുന്നു; അവൻ കിളിവാതിലിലൂടെ നോക്കുന്നു; അഴികൾക്കിടയിൽക്കൂടി ഉളിഞ്ഞുനോക്കുന്നു. എന്റെ പ്രിയൻ എന്നോടു് പറഞ്ഞതു്: എന്റെ പ്രിയേ, എഴുന്നേല്ക്ക; എന്റെ സുന്ദരീ, വരിക. ശീതകാലം കഴിഞ്ഞു; മഴയും മാറിപ്പോയല്ലോ. പുഷ്പങ്ങൾ ഭൂമിയിൽ കാണായിവരുന്നു. വള്ളിത്തലമുറിക്കും കാലം വന്നിരിക്കുന്നു; കുറുപ്രാവിന്റെ ശബ്ദവും നമ്മുടെ നാട്ടിൽ കേൾക്കുന്നു. അത്തിക്കായ്കൾ പഴുക്കുന്നു; മുന്തിരിവള്ളി പൂത്തു് സുഗന്ധം വീശുന്നു; എന്റെ പ്രിയേ എഴുന്നേല്ക്ക; എന്റെ സുന്ദരീ, വരിക.''

(പാട്ടുകഴിഞ്ഞു് അന്ന പുറത്തു പോകുന്നു. ബത്ത്ശേബ ഒരു വിശറിയെടുത്തു രാജാവിന്റെ അടുത്തുചെന്നു വീശുന്നു)

ദാവീദ്: ഞാനല്ലേ വീശേണ്ടതു്? ബത്ത്ശേബ എന്റെ അതിഥിയാണു്.

ബത്ത്ശേബ: പക്ഷേ, വിയർക്കുന്നതു ഞാനല്ലല്ലോ,

ദാവീദ്: സൗന്ദര്യം ബുദ്ധിയുടെ ശത്രുവാണെന്നാണു ഞാൻ ധരിച്ചിരുന്നതു്.

ബത്ത്ശേബ: മുഖസ്തുതി കേൾക്കുകയല്ലേ രാജാക്കന്മാരുടെ പതിവു്;—പറയുകയാണോ?

ദാവീദ്: ഭാഗ്യവാനായ ഊറിയാ !

ബത്ത്ശേബ: മഹാനായ ദാവീദ്രാജാവിനില്ലാത്ത ഭാഗ്യമെന്താണ് ?

ദാവീദ്: യൗവനം.

ബത്ത്ശേബ: അങ്ങത്ര വൃദ്ധനാണോ ?

ദാവീദ്: അല്ലെന്നാണ് നിൻെറ അഭിപ്രായമെങ്കിൽ...

ബത്ത്ശേബ: എൻെറ അഭിപ്രായത്തിനെന്തു പ്രസക്തിയാണ് ?

ദാവീദ്: അഭിപ്രായമനുസരിച്ചല്ലേ സമ്മതവും.

ബത്ത്ശേബ: സമ്മതമോ ? എനിക്കൊന്നും മനസ്സിലാകുന്നില്ല.

ദാവീദ്: എല്ലാം മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ ജീവിതത്തിനൊരത്ഥവുമില്ല. പ്രത്യേകിച്ചും ബത്ത്ശേബ ഒരത്ഭുതമായിരിക്കയാണെനിക്കിഷ്ടം.

ബത്ത്ശേബ: എനിക്കെന്താണ പ്രത്യേക? വിശേഷിച്ചും ഈ കൊട്ടാരത്തിൽ ?

ദാവീദ്: കനാൻനാട്ടിൽ കുന്നുകളനവധിയുണ്ട്. ഹെമ്മോൻ ഒന്നു മാത്രമേയുള്ളു.

ബത്ത്ശേബ: ഭൂമിശാസ്ത്രം പഠിപ്പിക്കാനാണോ അങ്ങെന്നെ ക്ഷണിച്ചതു് ?

ദാവീദ്: ഓ, അക്കാര്യ്യം വിട്ടുപോയി. ശിക്ഷിക്കാനാണ്.

ബത്ത്ശേബ: കുററമെന്താണ് ?

ദാവീദ്: കുററമെല്ലാം വഴിയേ പറയാം. വിചാരണയാണ് നടക്കാൻ പോകുന്നതു്.

ബത്ത്ശേബ: വിചാരണകഠം രാജാവിൻെറ കിടപ്പറയിൽ വച്ചു നടത്താറുണ്ടോ ?

ദാവീദ്: കുററത്തിൻെറ സ്വഭാവമനുസരിച്ചിരിക്കും. (പെട്ടെന്നു എഴുനേററ്) ബത്ത്ശേബാ, എന്തിനെന്നെക്കൊണ്ടിങ്ങനെ സംസാരിപ്പിക്കുന്നു ?

ബത്ത്ശേബ: തിരുമേനീ, എനിക്കെല്ലാം മനസ്സിലാകുന്നുണ്ട്. പക്ഷേ, അങ്ങെൻെറ നിലയോർക്കു.

ദാവീദ്: എന്തു നില ?

ബത്ത്ശേബ: ഊറിയാവിൻെറ ഭാര്യ.

ദാവീദ്: (ക്ഷോഭിച്ച്) ഊറിയാവിൻെറ ഭാര്യ! ഊറിയാവിൻെറ ഭാര്യ! — സ്വന്തമൊരു പേരില്ലാത്തതുപോലെ. ഊറിയാ, ഊറിയാ—എപ്പോഴും ഊറിയാ, ഷണ്ഡൻ നോക്കി

യാലും ഊററിയാവിന്റെ ഭാര്യ. അന്നസ്സും ഊററിയാവിന്റെ ഭാര്യ. നിനക്കും അങ്ങനെതന്നെ. അല്ല ബത്ത്ശേബാ, നീ എനിക്കു് ബത്ത്ശേബയാണു്. ഇന്നും, എന്നും.

ബത്ത്ശേബ: തിരുമേനീ, പല ഹൃദയങ്ങളും പരസ്വമായി ക്കഴിഞ്ഞവയാണു്.

ദാവീദ്: ശരീരമെന്നു പറയൂ.

ബത്ത്ശേബ: ...ഹൃദയവും.

ദാവീദ്: ഇല്ല. ഇല്ല. അതു ബത്ത്ശേബ വെറുതെ പറയുകയാണു്. എന്നെ അകററാൻമാത്രം. ഞാനതു വിശ്വസിക്കുകയില്ല. നീനക്കെന്നെ മറക്കാൻ കഴികയില്ല. (അടുത്തു ചെന്നു കൈകളും പിടിച്ചുകൊണ്ടു്) ബത്ത്ശേബാ, നമുക്കീ അഭിനയം നിറുത്താം.

ബത്ത്ശേബാ: അഭിനയമൊന്നുമല്ല തിരുമേനീ, ഞാനങ്ങയെ ബഹുമാനിക്കുന്നു. ഭയപ്പെടുന്നു. അങ്ങെന്റെ ആരാധനാപാത്രമാണു്. അങ്ങയുടെ ഗാനങ്ങൾ എന്റെ ഹൃദയത്തുടിപ്പുകളാണു്. അവയില്ലാതെ എനിക്കൊരു നിമിഷം കഴിയാനൊക്കുകയില്ല; പക്ഷേ, ഞാൻ സ്വതന്ത്രയല്ല.

ദാവീദ്: സ്നേഹിക്കാൻ സ്വാതന്ത്ര്യമാവശ്യമില്ല.

ബത്ത്ശേബ: അദ്ദേഹം കവിയല്ല; പക്ഷേ, സത്യസന്ധനാണു്. നല്ലവനാണു്.

ദാവീദ്: ബത്ത്ശേബാ, ഒരു നിമിഷത്തേക്കെങ്കിലും ഊററിയാവിനെപ്പററിയല്ലാതെ സംസാരിച്ചുകൂടേ?

ബത്ത്ശേബ: അദ്ദേഹത്തെ എങ്ങനെ മറക്കും?

ദാവീദ്: മറന്നേ കഴിയൂ. ബത്ത്ശേബാ, കണ്ണടച്ചിരുട്ടാക്കാതെ. കണ്ണു തുറന്നു നോക്കു്. കനാൻനാടിന്റെ കിരീടമാണു ഞാനടിയറവെയ്ക്കുന്നതു്. നിനക്കറിയാം ഒരു രക്തപ്പുഴയിൽക്കൂടി നീന്തി സമ്പാദിച്ചതാണതെന്നു്. അതിനെ തട്ടിയെറിയരുതു്.

ബത്ത്ശേബ: തിരുമേനീ, എനിക്കു വയ്യാ. അങ്ങു് യിസ്രായേലിന്റെ അഭിഷിക്തനാണു്. ഹൃദയങ്ങളുടെ ചക്രവർത്തിയും. (ക്ഷീണിതയായി വീഴാൻ ഭാവിക്കുന്നു. രാജാവു താങ്ങിയിരുത്തുന്നു)

കർട്ടൻ

(ഊറിയായുടെ കൂടാരം. പകൽസമയം. യോവാബും എലിയാമും പ്രവേശിച്ച് ചുററും നോക്കുന്നു. ആരെയും കാണുന്നില്ല.)

എലിയാം: എവിടെയോ പോയിരിക്കുകയാണ്. വല്ല അപകടവും പിടിച്ചു പണി തോന്നിക്കാണും.

യോവാബ്: സാരമില്ല. ഈ പ്രായത്തിൽ ഇത്തരം യുദ്ധം മഹാ മുഷിപ്പനാണ്.

എലിയാം: വല്ല കുഴപ്പവുമുണ്ടാകാതിരുന്നാൽ മതി.

യോവാബ്: ഏതായാലും അബ്ശാലോമിൻെറകൂടെ കൂട്ടുകയും മററും ചെയ്യുകയില്ലായിരിക്കും.

എലിയാം: ഇല്ല. വീരാരാധനക്കാരനല്ലേ?

യോവാബ്: എന്നു തീർത്തുപറയാമോ? അബ്ശാലോം ഈയിടെ വളരെ ജനകീയമായിട്ടുണ്ട്. ഉത്തരവാദമില്ലാത്ത ചെറുപ്പക്കാരനല്ലേ? പോരെങ്കിൽ അയാൾ രാജാവാകുമ്പോൾ എന്തെങ്കിലും കിട്ടുമെന്നു കരുതി കുറേപ്പേർ കൂടെ കൂടിയിട്ടുണ്ട്.

എലിയാം: അതിലൊന്നും ഊറിയാ പെടുകയില്ല. ഇത്തരക്കാർക്കു വളഞ്ഞ വഴി മനസ്സിലാകയില്ല.

(ഊറിയാ പ്രവേശിക്കുന്നു)

യോവാബ്: ഊറിയാ! എവിടെപ്പോയിരുന്നു?

ഊറിയാ: കോട്ടയുടെ ഒരു വശം ബലം കുറഞ്ഞതാണെന്നു തോന്നി. ഒന്നു നോക്കിവയ്ക്കാമെന്നുവച്ചു.

എലിയാം: അതൊക്കെ അപകടമാണൂറിയാ. പോരെങ്കിൽ നാം കോട്ട ആക്രമിക്കാൻ ഉദ്ദേശിക്കുന്നുമില്ല.

യോവാബ്: അതു പോകട്ടെ. ഞാൻ ഇന്നലെ തന്ന പത്രം വായിച്ചോ?

ഊറിയാ: ഭാഗ്യവശാൽ മുഴുവനുമായില്ല.

യോവാബ്: ഭാഗ്യവശാൽ?

ഊറിയാ: അതെ, എനിക്കീ നുണകളൊന്നും കേൾക്കണ്ട.

യോവാബ്: നുണയോ? നിനക്കറിയാമോ അതാരുടെ വാക്കുകളാണെന്ന്?

ഊറിയാ: ആരുടെയെങ്കിലുമാകട്ടെ. അങ്ങു പറയുന്ന അതു് ശമുവേലിൻേറതാണെന്ന്. ആണെങ്കിൽത്തന്നെയെന്തു്? അതു ശൗലിനെക്കുറിച്ചു പറഞ്ഞതാണ്.

യോവാബ്: ഊറിയാ, നീ രണ്ടു കാര്യങ്ങറം മറന്നുപോയി: ഒന്നു്, പ്രവാചകന്മാർക്കു സ്വന്ത വചനങ്ങളില്ല; അവർ യഹോവയുടെ നാവുകളാണു്. രണ്ടു്, ശൗൽ മാത്രമല്ല, ദാവീദും രാജാവാണു്.

ഊറിയാ: അങ്ങേയ്ക്കു രാജാവിനോടസൂയയുണ്ടെങ്കിൽ എനിക്കതിൽ പങ്കില്ല.

യോവാബ്: നീ മതിമറന്നു സംസാരിക്കുന്നു.

ഊറിയാ: ഞാൻ മതിമറന്നു പ്രവർത്തിക്കുകയും ചെയ്യും. അബ്ശാലോം യോഗ്യനായ ഒരു രാജാവായിരിക്കുമെന്നു് എനിക്കു വിശ്വാസമില്ല. ഈ വാറം എൻെറ കൈയിലുള്ള കാലമെല്ലാം ഞാൻ എൻെറ രാജാവിനുവേണ്ടി പടവെട്ടും. വേണ്ടിവന്നാൽ അങ്ങേയ്ക്കെതിരായിത്തന്നെ.

എലിയാം: ഊറിയാ, നീ എന്താണിപ്പറയുന്നതു് ?

യോവാബ്: സാരമില്ല എലിയാം. അവൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. ഊറിയാ, ദാവീദ്‌രാജാവിനു് അനന്തരാവകാശിയെ തേടുന്ന ചുമതല എൻെറതല്ല. ഞാനെപ്പോഴും അദ്ദേഹത്തിൻെറ പക്ഷത്താണു്. അദ്ദേഹത്തിനുവേണ്ടി ഞാനെൻെറ അമ്മാവനെ ചതിച്ചു കൊന്നു.

ഊറിയാ: ഇതൊക്കെ ശരിയാണെങ്കിൽ എന്തുകൊണ്ടു നമുക്കു ആക്രമിച്ചുകൂടാ ? എനിക്കൊരു ചെറുസൈന്യം തന്നാൽ മതി.

യോവാബ്: അതുമാത്രം വയ്യാ.

ഊറിയാ: എന്തുകൊണ്ടു് ? പറയൂ, ദൈവത്തെയോർത്തു പറയൂ, എന്തുകൊണ്ടു് ?

യോവാബ്: നീ പരാക്രമിയാണെന്നു് പ്രസിദ്ധി സമ്പാദിക്കണമെന്നദ്ദേഹത്തിനാഗ്രഹമില്ല. ഭടന്മാർ അദ്ദേഹത്തെക്കാറം പ്രസിദ്ധരാകുന്നതു നല്ലതിനല്ല. പഴയ പ്രശസ്തിയാണു് ദാവീദിൻെറ സിംഹാസനത്തിൻെറ ഉറപ്പു്.

ഊറിയാ: എനിക്കതു വിശ്വസിക്കാൻ വിഷമം. അദ്ദേഹം പ്രശസ്തിക്കുമപ്പുറമെത്തിയിരിക്കുന്നു.

യോവാബ്: എത്തിയായിരിക്കും. പക്ഷേ, അദ്ദേഹമതറിഞ്ഞിട്ടില്ല. വേണ്ടാതനത്തിൽ തലയിടണ്ട. ഏതായാലും നിനക്കുവേണ്ടി ഞാനൊരിക്കൽക്കൂടി ചോദിച്ചുനോക്കാം. നാളെ ദൂതൻ പോകുന്നുണ്ടു്.

കർട്ടൻ

നാലാംരംഗം

(ദാവീദിൻെറ കൊട്ടാരം. ദാവീദ് ആലോചനാമഗ്നനായിരിക്കയാണ്. യൂദാ അടുത്തു നിന്നു വീഞ്ഞു പകർന്നുകൊടുക്കുന്നുണ്ടു്. അന്നയും ബത്ത്ശേബയും പ്രവേശിച്ച് ഒതുങ്ങിനിൽക്കുന്നു.)

ദാവീദ്: എന്താണു മടിച്ചുനിന്നതു്? പേടിയൊക്കെ പോയില്ലേ?

ബത്ത്ശേബ: ഇനി പേടിച്ചിട്ടു കാര്യമില്ല.

ദാവീദ: (പെട്ടെന്നെണീററു്) എന്താണതു്! എന്താണതു്!

(അമാസ പരിഭ്രമിച്ചു പ്രവേശിക്കുന്നു)

ദാവീദ്: അമാസ.

അമാസ: രബ്ബയിൽനിന്നു ദൂതൻ വന്നിട്ടുണ്ടു്.

ദാവീദ്: പ്രത്യേകിച്ചു് വിശേഷം വല്ലതുമുണ്ടെങ്കിൽ വേഗം പറഞ്ഞേച്ചു പോകൂ.

അമാസ: പ്രത്യേകിച്ചൊന്നുമില്ല. അമ്മോന്യർ ഇങ്ങോട്ടാക്രമിച്ചേയ്ക്കുമെന്നു ഭയമുണ്ടു്. ഇവിടെയുള്ള സൈന്യത്തെക്കൂടി അങ്ങോട്ടയച്ചാൽ തരക്കേടില്ല.

ദാവീദ്: എന്തിനു്?

അമാസ: വേണ്ടിവന്നാൽ പട്ടണം ആക്രമിക്കാൻ.

ദാവീദ്: ഇവൻെറയെല്ലാം തലയ്ക്കുകത്തു കടന്നല്ലു കയറിയിരിക്കയാണു്. പട്ടണം നിരോധിച്ചാൽ മതിയെന്നു യോവാബിനോടു പറയൂ. എത്ര ദിവസമെങ്കിലുമാകട്ടെ. ഇവിടെയുള്ള ചെറിയ സൈന്യത്തെ അങ്ങോട്ടയയ്ക്കുണ്ട. ഒരു ഭടനെങ്കിലും അനാവശ്യമായി നഷ്ടപ്പെട്ടാൽ യോവാബു് അതിനു സ്വന്ത ശിരസ്സുകൊണ്ടു് ഉത്തരം പറയേണ്ടിവരുമെന്നു പറഞ്ഞേയ്ക്കുക.

അമാസ: ഇസഹാക്കു് വന്നിട്ടുണ്ടു്.

ദാവീദ്: എനിക്കു സുഖമില്ല.

(അമാസ വന്ദിച്ചു പോകുന്നു. ദാവീദ് ബത്ത്ശേബയുടെ കൈ പിടിച്ചു മുന്നോട്ടു കൊണ്ടുവരുന്നു.)

ദാവീദ്: ഒരു സൈ്വരവുമില്ല, അല്ലേ ബത്ത്ശേബാ? എന്താണൊന്നും മിണ്ടാത്തതു്? ഇത്ര ആലോചിക്കുന്നതെന്താണു്? യുദ്ധത്തെപ്പററിയാണോ?

ബത്ത്ശേബ; അല്ല. എന്നെപ്പററിത്തന്നെയാണു്.

ദാവീദ്: അതിത്ര സങ്കടമുള്ള വിഷയമാണോ ?

ബത്ത്ശേബ: സങ്കടത്തിനും സന്തോഷത്തിനും കാരണം ഒന്നുമതി.

ദാവീദ്: കടങ്കഥ വിട്ട കാര്യം പറയൂ.

ബത്ത്ശേബ: ചില കാര്യങ്ങറം പറയാൻ കടങ്കഥയല്ലാതെ മററു ഭാഷയില്ല.

ദാവീദ്: അതിൻെറ ഫലം കാര്യം മനസ്സിലാവാതിരിക്കുക യായിരിക്കും.

ബത്ത്ശേബ: മനസ്സിലായാലും പ്രയോജനമില്ലെങ്കിലോ ?

ദാവീദ്: അങ്ങനെയുമുണ്ടോ ?

ബത്ത്ശേബ: രാജാക്കന്മാരുടെ ശക്തിക്കും അതിരുണ്ട്.

ദാവീദ്: അറിഞ്ഞിട്ട വേണമല്ലോ തീരുമാനിക്കാൻ.

ബത്ത്ശേബ: മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും ഫലം ഒന്നുതന്നെ.

ദാവീദ്: പിന്നെയും കടങ്കഥതന്നെ. പൊരുളെന്താണ് ?

ബത്ത്ശേബ: പൊരുഠം ഇതുതന്നെ. അങ്ങു വിഷമിക്കണ്ട. ഞാൻ അങ്ങയോട്ട് എന്നെന്നേയ്ക്കുമായി യാത്ര പറയാനാണു വന്നിരിക്കുന്നത്. അധികകാലത്തിനുമുമ്പ് ഊറിയാവിൻെറ ഭാര്യ കല്ലെറിയപ്പെട്ടും. ബത്ത്ശേബ ഇനി അങ്ങയുടെ കുളം തീണ്ടുകയില്ല. മററു സ്ത്രീകറംക്ക് അഭിമാനിക്കാവുന്നിടത്തു ബത്ത്ശേബയ്ക്കു മരണമാണു പ്രതിഫലം. പ്രഭോ ! അങ്ങെന്നെ തെററിദ്ധരിക്കരുത്. ഇതു യഹോവയുടെ ശിക്ഷയാണ്. എന്നെ മറന്നുകളയൂ. (പെട്ടെന്നു നടന്നു മറയുന്നു)

ദാവീദ്: ബത്ത്ശേബാ ! ബത്ത്ശേബാ!...എന്താണിത് ? ...യൂദാ, അന്നയെ വിളിക്കു. (യൂദാ പോകുന്നു) എന്താണവറം പറഞ്ഞത് ?...മരണം ! ...ഹാ!..,അങ്ങനെയോ? ...ആയിരിക്കയില്ല...എങ്കിൽ...എങ്കിൽ...സകലതും നശിച്ചു....

(യൂദാ അന്നയെയും കൂട്ടി വരുന്നു. ദാവീദും അന്നയും വെൺമാടത്തിലേയ്ക്കു പോകുന്നു.)

കർട്ടൻ

അങ്കം 3

ഒന്നാം രംഗം

(ഊറിയാവിൻെറ കൂടാരം. ഊറിയാ കിടന്നുറങ്ങുകയാണ്. യോവാബ് ക്ഷുഭിതനായി പ്രവേശിക്കുന്നു)

യോവാബ്: ഊറിയാ ! ഊറിയാ ! (ഊറിയാ കണ്ണു തുറന്നു നോക്കുന്നു) ഊറിയാ, എഴുനേൽക്കു !

ഊറിയാ: (എഴുനേൽക്കുന്നതിനിടയിൽ) ഉം ?

യോവാബ്: ഇതെന്തൊരു കൂത്താണ് !

ഊറിയാ: എന്തു് ?

യോവാബ്: നീ ഉടൻ യരുശലേമിലെത്തണമെന്നു്.

ഊറിയാ: (പൂർണ്ണമായി ഉണർന്നു്) ഞാനോ ?

യോവാബ്: ഉം. രാജകല്പന. വേഗം തയാറാകു.

ഊറിയാ: കാര്യമറിയാമോ ?

യോവാബ്: ഞാനെങ്ങനെയറിയും ?

ഊറിയാ: എഴുത്തിലൊന്നുമില്ലേ ?

യോവാബ്: ഇല്ല.

ഊറിയാ: എന്തെങ്കിലും കാര്യമുണ്ടായിരിക്കും.

യോവാബ്: അതു ശരി. പക്ഷേ, എന്താണതു് ?

ഊറിയാ: എത്രയോ കാര്യങ്ങളുണ്ടാകാം.

യോവാബ്: ഉദാഹരണമായി ?

ഊറിയാ: യുദ്ധവർത്തമാനം വല്ലതും അറിയാൻ.

യോവാബ്: പടനായകന്മാരെ മിനക്കെടുത്തിയല്ലേ വിവരമറിയുന്നതു് ? പോരെങ്കിൽ ഇവിടെനിന്നയച്ച ദൂതൻ മടങ്ങിയെത്തിയതേയുള്ളു. അപ്പോഴേക്കും വരുന്നു ഒരാരംകൂടി. അവിടെയെന്താണിത്ര ബഹളം?...സഖായി ! (ഒരു ഭടൻ പ്രവേശിക്കുന്നു) വേഗം ചെന്നു് എലിയാമിനെ കൂട്ടിക്കൊണ്ടു വരൂ. (ഭടൻ പോകുന്നു)...എന്തു കാര്യമായാലും പറഞ്ഞുകൂടേ ? ഞാൻകൂടി അറിയരുതാത്ത കാര്യമെന്താണ് ? ഇവിടെ അമ്മോന്യർ ഏതുസമയത്തും ആക്രമിച്ചേക്കാം. അവർ ഗതിമുട്ടി നിൽക്കുകയാണ്. ആ സമയത്തു പടനായകന്മാരെ... അതും ഊറിയാവിനെത്തന്നെ,..ഛെ !

ഊറിയാ: എന്തെങ്കിലും കാൎയ്യം ഉണ്ടായിരിക്കും.

യോവാബ്: അതു മനുഷ്യക്കു മനസ്സിലാകണ്ടേ? യഹോവയുടെ അരുളപ്പാടോ മറേറാ ആണോ? ഈ യുദ്ധത്തെക്കാരം പ്രധാനമായി അവിടെ എന്തു്... (എലിയാം പ്രവേശിക്കുന്നു) കേട്ടോ എലിയാം, ഊറിയാ ഉടനെ യരുശലേമിലെത്തണമെന്നു്. (യോവാബിൻെറ കൈയിലിരിക്കുന്ന ചുരുൾ എലിയാമിനെ റിഞ്ഞുകൊടുക്കുന്നു)

എലിയാം: അറിഞ്ഞു. എനിക്കുമതിൻെറയൎത്ഥം മനസ്സിലാകുന്നില്ല.

യോവാബ്: ഊറിയാവിനെ രാജാവു നേരിട്ടറിയുന്നതുതന്നെ പ്രതീക്ഷിച്ചതല്ല. കണ്ടിട്ടുണ്ടെന്നല്ലാതെ...

എലിയാം: ഇനി അബ്ശാലോം വല്ല ഭ്രാന്തും ആരംഭിച്ചിട്ടുണ്ടായിരിക്കുമോ?

യോവാബ്: ഉണ്ടെങ്കിലതറിയിച്ചുകൂടേ? അതു ഞാനാണല്ലോ ആദ്യം അറിയേണ്ടതു്.

ഊറിയാ: അങ്ങറിയാതെ എല്ലാം ശരിപ്പെടുത്തിക്കൊള്ളാമെന്നായിരിക്കും.

യോവാബ്: പിന്നെ എന്തിനാണു് ഇത്ര വലിയ സൈന്യത്തെ മിനക്കെടുത്തി യെരുശലേമിനു പുറത്തിട്ടിരിക്കുന്നതെന്നാണു വിചാരിച്ചതു്. രബ്ബ പിടിക്കാനോ? അതിനീ സൈന്യമാവശ്യമില്ല. ഞാനും വേണ്ട. അബ്ശാലോം വികൃതി തുടങ്ങുമ്പോഴാണു് ഊറിയാവിൻെറ അവസരം വരുന്നതു്.

ഊറിയാ: മാപ്പു്, യോവാബ്!

യോവാബ്: ആ വിഷയം പോകട്ടെ. ഊറിയാ പോയിവരൂ. രാജകല്പനയ്ക്കു ഭടന്മാർ കാരണമന്വേഷിക്കാറില്ല.

ഊറിയാ: എനിക്കു് ഒരു സംശയം.

യോവാബ്: ഉം?

ഊറിയാ: അതു ശരിയായിരിക്കണമെന്നില്ല. എങ്കിലും...

യോവാബ്: എന്തെങ്കിലുമാകട്ടെ. പറയൂ.

ഊറിയാ: ഇവിടത്തെ യുദ്ധത്തെപ്പററി വല്ലതും...

യോവാബ്: നീയാണോ ഇവിടെ പടത്തലവൻ?

ഊറിയാ: അതല്ല. ആക്രമിക്കുന്ന കാൎയ്യം ഞാനാണല്ലോ പറഞ്ഞതു്.

യോവാബ്: അക്കാൎയ്യത്തിൽ നിനക്കു തെററിദ്ധാരണ വേണ്ട, ആക്രമിക്കുന്ന കാൎയ്യത്തെപ്പററി തിരുമേനി എന്തു പറഞ്ഞു, സഖായി?

സഖായി: ദേഷ്യപ്പെട്ടു,

യോവാബ്: പറഞ്ഞതു പറയാൻ !

സഖായി: അങ്ങയുടെ തലയിൽ കടന്നല്വ കയറിയിരിക്കുക യാണെന്നും.

യോവാബ്: കേട്ടോ ഊറിയാ, ആ കടന്നൽ നിനക്കുള്ളതാ ണു്. അവിടെച്ചെല്ലുമ്പോഠ ഈ കടന്നലൊന്നും ഉണ്ടായിരി ക്കണ്ട. വേഗമാകട്ടെ.

ഊറിയാ: ഇനി സമയം കളയണ്ട. (പുറത്തേക്കു പോകുന്നു)

യോവാബ്: സഖായീ, ഇവിടെ വരൂ. നീ അവിടെ പ്രത്യേ കമായി വല്ലതും കണ്ടോ ?

സഖായി: പ്രത്യേകമായി എന്നുവെച്ചാൽ ?

യോവാബ്: അവിടെ പ്രത്യേകിച്ചു് ആരെങ്കിലും വന്നി ട്ടുണ്ടോ ?

സഖായി: ഇല്ല.

യോവാബ്: അബ്ശാലോമിൻെറ വത്തമാനം വല്ലതുമുണ്ടോ?

സഖായി: ഇല്ല.

യോവാബ്: ഇതെന്തു മറിമായം ! ഇനി ആ ചെറുപ്പക്കാര നെക്കൊണ്ടു കിടക്കപ്പൊറുതിയുണ്ടാകയില്ല.

എലിയാം: എന്തെങ്കിലുമാകട്ടെ, കണ്ടറിയാമല്ലോ !

കർട്ടൻ

രണ്ടാം രംഗം

(ബത്ത്ശേബയുടെ ഭവനം. അവർ ഊറിയാവിനെ സ്വീകരിക്കാൻ തയ്യാറാവുകയാണു്. ബത്ത്ശേബ വല്ലാത്ത പരിഭ്രമത്തിലാണു്. ഇടയ്ക്കി ടയ്ക്കു കരയുന്നുമുണ്ടു്. അന്ന വളരെയധികം സംസാരിക്കുന്നു. ബത്ത്ശേബ വളരെ കുറച്ചേ പറയുന്നുള്ളു, അതുതന്നെ വളരെ താഴ്ന്ന ശബ്ദത്തിൽ, മന സ്സില്ലാമനസ്സോടെ. വിളക്കുകഠ കത്തുന്നുണ്ടു്. സമയം രാത്രി.)

അന്ന: അല്പംകൂടി ചുണയായിട്ടു നടക്കു ബത്ത്ശേബാ.

ബത്ത്ശേബ: എനിക്കു ക്ഷീണമൊന്നുമില്ല.

അന്ന: ഭർത്താവു വരണമെന്നേയില്ലെന്നു തോന്നും.

ബത്ത്ശേബ: അന്നാ !...(കരയുന്നു)

അന്ന: (ഓടിയെത്തി ആശ്വസിപ്പിച്ചുകൊണ്ടു) അയ്യോ കരയാതെ. വല്ലവരും കണ്ടാൽ തോന്നുമല്ലോ എന്തോ കാര്യമുണ്ടെന്നും.

ബത്ത്ശേബ: ഇതിലപ്പുറം...എന്തു...കാര്യം...

അന്ന: അങ്ങനെയാണെന്നിരിക്കട്ടെ. എന്നാൽത്തന്നെ അതു തന്നെയാണോ ആലോചിക്കേണ്ടതു്? അതങ്ങു മറന്നുകളയൂ. വേണ്ടാത്തതോർമ്മിക്കുന്ന സമയംകൊണ്ടു് വേണ്ടതു വല്ലതു മാലോചിച്ചിരുന്നെങ്കിൽ. സാരമില്ല. പെണ്ണല്ലേ ജാതി? കരഞ്ഞാലേ ആശ്വാസമുള്ളു. ഞാൻ അടുക്കളയിലൊന്നു നോക്കിയിട്ടുവരാം.

(അന്ന അടുക്കളയിലേയ്ക്കു പോകുന്നു. ബത്ത്ശേബ ഊറിയാവിന്റെ പടക്കോപ്പുകൾ ഓരോന്നായി നോക്കിനടക്കുന്നു. ഒരു കഠാരി കണ്ടു് അതെടുത്തു സൂക്ഷിച്ചുനോക്കുന്നു. അന്നയുടെ കാൽപ്പെരുമാററംകേട്ടു് ഞെട്ടി കഠാരി താഴെ വീഴുന്നു.)

അന്ന: (ഒന്നുമറിയാത്ത ഭാവത്തിൽ) ആ ഇറച്ചിയെല്ലാം കരിഞ്ഞു പോയി. വായാടിക്കൊണ്ടുനിന്നാൽ ഇങ്ങനെയാണു്.

ബത്ത്ശേബ: ഉള്ളതൊക്കെ മതി അന്നാ.

അന്ന: മതിയെന്നങ്ങു പറഞ്ഞാൽ പോരാ. പടക്കളത്തിൽ നിന്നാണു വരുന്നതു്. ഒരു കാളയെത്തിന്നാനുള്ള വിശപ്പു കാണും. എന്നെയെങ്ങാൻ തിന്നുകളയും. ബത്ത്ശേബയ്ക്കു പിന്നെ ഭയപ്പെടാനില്ല.

(യൂദാ ഒരു പാത്രവുമായി പ്രവേശിക്കുന്നു)

അന്ന: എന്താണതു് യൂദാ?

യൂദാ: കൊട്ടാരത്തിൽനിന്നു് ഊറിയാവിന്നായി കൊടുത്തയച്ചതാണു്.

അന്ന: എന്താണദ്ദേഹം താമസിക്കുന്നതു്?

യൂദാ: ഇപ്പോൾ വരും.

അന്ന: ഇവിടെ ഇറച്ചിയല്ല അത്യാവശ്യം, അതു ഭക്ഷിക്കുവാനുള്ള ആളിനെയാണു്,

യൂദാ: വരുന്നു. വരുന്നു. ഇങ്ങനെ ധൃതിപിടിച്ചാലോ?

അന്ന: തിരുമേനിയുമായി സംസാരിച്ചുനിൽക്കുകയായിരിക്കും.

യൂദാ: തിരുമേനിയുടെ അടുത്തുനിന്നു പോന്നു. കാവല്ക്കാരുമായി എന്തോ സംസാരിക്കുന്നതു കണ്ടു.

അന്ന: നിൽക്കു യൂദാ. ഭക്ഷണം കഴിഞ്ഞു പോകാം.

യൂദാ: ഞാനിവിടെ നിന്നാൽ എനിക്കു കിട്ടുന്നതു് എന്റെ വളർച്ചയ്ക്കു യോജിച്ചതായിരിക്കുകയില്ല.

അന്ന: പോയേ തീരൂ എന്നാണോ?

യൂദാ: ഉടനെ. അദ്ദേഹം ഏതു നിമിഷത്തിലും വന്നുചേരാം. അതിനുമുമ്പേ ഞാൻ...(പോകുന്നു)

അന്ന: ഇതൊന്നും എടുത്തു ശരിയാക്കിവയ്ക്കു, ബത്ത്ശേബാ.

(ബത്ത്ശേബ വാതിൽക്കൽ പോയി പുറത്തേയ്ക്കു നോക്കിനിൽക്കുന്നു. അന്ന അകത്തുപോയി തിരിച്ചുവന്ന് അല്പം കഴിഞ്ഞ്)

അന്ന: ബത്ത്ശേബാ !

ബത്ത്ശേബ: (ഞെട്ടിത്തിരിഞ്ഞു്) ഉം ?

അന്ന: എന്താണിത്ര ഞെട്ടുന്നതു് ? അങ്ങനെ വാതിൽക്കൽ പോയി നോക്കിനിൽക്കുന്നതു ശരിയല്ല.

(അന്നയും വാതിൽക്കലെത്തി പുറത്തേയ്ക്കു നോക്കുന്നു)

ബത്ത്ശേബ: അതെന്താണു് അനങ്ങുന്നതു് ? ഒരു പന്തമല്ലേ?

അന്ന: എവിടെ ?

ബത്ത്ശേബ: (ചൂണ്ടിക്കാണിച്ചു്) അവിടെ....അതാ....

അന്ന: അവിടെയെങ്ങുമൊരു പന്തവുമില്ല. വെറുതേ തോന്നുകയാണു്. അവിടെ നില്ക്കണ്ട. ഇങ്ങോട്ടു പോരെ.

ബത്ത്ശേബ: (ചൂണ്ടിക്കൊണ്ടു്) അതാ... ആ ...

അന്ന: അതു ചെകുത്താൻെറ പന്തമാണു് ! വരുമ്പോൾ വരട്ടെയെന്നു്. (ബത്ത്ശേബയെ പിടിച്ചുകൊണ്ടുവന്നിരുത്തുന്നു) എന്തെല്ലാം വീരസ്യങ്ങൾ പറയാനുണ്ടാകും ! ആണുങ്ങളും വായാടികളാണു്. യുദ്ധത്തിൻെറ കാര്യം പറഞ്ഞാലവസാനമില്ല. നമ്മളും കേൾക്കേണ്ടിവരും കുറെ. കഴുതയുടെ കൊമ്പുകൊണ്ടു ഏഴായിരം പേരെ...പിന്നെ നൂററിയൊന്നു് അഗ്രചർമ്മം.... പിന്നെ ഗോല്യാത്തിൻെറ മകനെ (പെട്ടെന്നു നിറുത്തി ഭക്ഷണസാധനം തൊട്ടുനോക്കി) ഇതെല്ലാം തണുത്തല്ലൊ. ബത്ത്ശേബാ, നമുക്കു പാടാം. (കിന്നരമെടുത്തു കൊണ്ടുവരുന്നു)

ബത്ത്ശേബ: എനിക്കു വയ്യ. (ഒരു മൂലയിൽ പോയിരുന്നു് മുഖം പൊത്തിക്കരയുന്നു)

അന്ന: (വാതിൽക്കൽപ്പോയി, കുറേനേരം പുറത്തേയ്ക്കു നോക്കി നിശ്വസിച്ചു്, വീഞ്ഞുപാത്രമെടുത്തു് അതിൽ കുറച്ചൊഴിച്ചു് ബത്ത്ശേബയുടെ അടുത്തു കൊണ്ടുവരുന്നു) ഇതാ, അല്പം കുടിക്കു. ദാഹം മാറും. ഞാൻ കുടിച്ചുകാണിക്കാം. (അല്പം വായിലൊഴിച്ചു പെട്ടെന്നു തുപ്പി) അയ്യേ ! ഇതാണോ ആണുങ്ങൾ ഇത്ര രസമായി കുടിക്കുന്നതു് ! ഒട്ടകത്തിൻെറ വായു് വേണം. (പെട്ടെന്നു സകല ഉത്സാഹവും പോയി നിശ്ചലയാകുന്നു. വാതിൽക്കൽ പോയി പുറത്തേയ്ക്കു നോക്കിനിൽക്കുന്നു. പരിപൂർണ്ണനിശ്ശബ്ദം. കുറച്ചുസമയം നിന്നുകഴിഞ്ഞു് ബത്ത്ശേബയുടെ അടുത്തു വരുന്നു.) ബത്ത്ശേബാ, ഞാൻ പോയി അന്വേഷിച്ചുവരാം.

ബത്ത്ശേബ: (ചാടിയെണീററു് അന്നയെ പിടിച്ചു്) വേണ്ട, വേണ്ട.

അന്ന: ഈ കിഴവിക്കെന്തു വരാനാണ്? ബത്ത്ശേബ ഇവിടെ ഇരുന്നാൽ മതി. ഞാനുടനെ വരാം.

ബത്ത്ശേബ: വേണ്ട.

അന്ന: ഉം?

ബത്ത്ശേബ: എനിക്കു പേടിയാണ്.

അന്ന: ഊറിയാവിൻെറ ഭാര്യയ്ക്കു പേടി! ആരെങ്കിലും കേൾക്കും.

ബത്ത്ശേബ: എനിക്കു വയ്യാ. പോകണ്ട അന്നാ.

അന്ന: ഓ. ഒരു പേടിക്കാരി! എനിക്കു കേൾക്കണ്ട.

ബത്ത്ശേബ: വേണ്ട, അന്നാ. എന്നെ തനിച്ചാക്കി പോകണ്ട. വരുമ്പോൾ വരട്ടെ. എനിക്കു പേടിയാണ്. വേണ്ട. വേണ്ട.

അന്ന: വേണ്ടെങ്കിൽ വേണ്ട. (അന്ന വാതില്ക്കൽ പോയി നോക്കുന്നു)

ബത്ത്ശേബ: അദ്ദേഹം വരികയില്ല.

അന്ന: (ഞെട്ടി) ഏ!

ബത്ത്ശേബ: അദ്ദേഹം വരികയില്ല. വല്ല സംശയവുമുണ്ടായിരിക്കും. എനിക്കു നേരത്തേയറിയാമിതു നടക്കുകയില്ലെന്ന്. (പൊട്ടിക്കരയുന്നു)

അന്ന: ഒന്നു മിണ്ടാതിരിക്കാമോ? പ്രവചനവുംകൊണ്ടു വരികയാണ്. വെറുതേ അവിടെയിരിക്ക്. വേണ്ടാത്തതേ തലയിൽ കയറൂ. ഇവിടെയിരുന്നു പാടിക്കോളൂ. അന്നാ കിഴവി പാടിയ പാട്ടൊന്നു പാടിക്കോളൂ. ഞാനിതാ പോയിവരാം. (കിന്നരമെടുത്തു ബത്ത്ശെബയുടെ വിരലുകളിൽ പിടിപ്പിക്കുന്നു) പാടിക്കൊള്ളൂ. ഞാൻ ഉടനെ വരാം. (പോകുന്നു)

(ബത്ത്ശേബ സല്പസമയം അറിയാതെ കമ്പി മീട്ടുന്നു. എന്നിട്ടു കരഞ്ഞുകൊണ്ടു പാടുന്നു)

ബത്ത്ശേബ: (പാടുന്നു: സങ്കീർത്തനം 38.) ''യഹോവേ, ക്രോധത്തോടെ എന്നെ ശിക്ഷിക്കരുതേ; ഉഗ്രനീരസത്തോടെ ദണ്ഡിപ്പിക്കയുമരുതേ. നിൻെറ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കുന്നു; നിൻെറ കൈ എൻെറമേൽ ഭാരമായിരിക്കുന്നു. നിൻെറ നീരസം ഹേതുവായി എൻെറ ദേഹത്തിൽ സൗഖ്യമില്ല; എൻെറ പാപം ഹേതുവായി എൻെറ അസ്ഥികളിൽ സ്വസ്ഥതയുമില്ല.''

(പാട്ടവസാനിക്കാറാകുമ്പോഴേയ്ക്കും വിളക്ക് കത്തിയടങ്ങുന്നു. രംഗമെല്ലാം കൂരിരുട്ട്)

കർട്ടൻ

മൂന്നാം രംഗം

(അടുത്ത ദിവസം സന്ധ്യ. ദാവീദിന്റെ കൊട്ടാരം. ദാവീദ് ഇരിക്കുന്നു യൂദാ അടുത്തുണ്ട്. അമാസ അല്പം മാറിനിൽക്കുന്നു)

ദാവീദ്: എന്താണു പറയുന്നതു്? അവൻ പോയില്ലെന്നോ?

യൂദാ: പോയില്ല.

ദാവീദ്: ഹെയ്. അങ്ങനെ വരില്ല.

യൂദാ: എങ്ങനെയോ.

ദാവീദ: പിന്നെയെവിടെയായിരുന്നു?

യൂദാ: ഇവിടെ.

ദാവീദ്: ഇവിടെയോ?

യൂദാ: ഇവിടെ കാവൽക്കാരുടെകൂടെക്കിടന്നുറങ്ങി.

ദാവീദ്: ഒരു പടനായകൻ കാവൽക്കാരുടെകൂടെക്കിടന്നുറങ്ങുകയോ?

യൂദാ: അതെ, തിരുമേനീ!

ദാവീദ്: എനിക്കിതു മനസ്സിലാകുന്നില്ല. ഇത്രയും കാലം പാളയത്തിൽ ജീവിച്ച മനുഷ്യൻ!...അസാദ്ധ്യം, അസാദ്ധ്യം!...അവൻ മഠയനാണോ?

യൂദാ: എങ്ങനെ പറയും?

ദാവീദ്: അല്ലെങ്കിൽ...ഏയ്, അങ്ങനെ വരില്ല.

യൂദാ: ഇല്ല. അതിനിടയില്ല.

ദാവീദ്: ഇതൊരത്ഭുതമാണല്ലോ! അവനെന്തുകൊണ്ടു പോയില്ലട? അതിനൊരു കാരണം വേണ്ടേ?...അവനിന്നു പകലെന്തു ചെയ്യുകയായിരുന്നു?

യൂദാ: ഭടന്മാരോടു കഥകൾ പറഞ്ഞു കഴിച്ചു.

ദാവീദ്: ആഹാ! അപ്പോൾ അവനു വല്ലതുമൊക്കെ ചെയ്യാൻ സൗകര്യം കിട്ടിയിരുന്നെങ്കിലോ!... (പെട്ടെന്നെഴുന്നേററു നടക്കുന്നു) ആ...അങ്ങനെയായാലെന്താ?...വേണ്ട......വേണ്ട. അതു വേണ്ടിവരികയില്ല. ഇത്രയും കാലം കഴിഞ്ഞിട്ടു വീട്ടിൽ വരുമ്പോൾ ഒരുത്തനു ഭാര്യയെ കാണണ്ട...ഏ!

അമാസ: അയാളിന്നു പോകും.

യൂദാ: ഉം.

അമാസ: ഇവിടെ ഇന്നൊരു രാജകീയവിരുന്നുണ്ടു്.

ദാവീദ്: ഞാനറിഞ്ഞില്ലല്ലോ!

അമാസ: ഇത്തരം ചെറിയ കാര്യങ്ങൾ എല്ലാം അങ്ങന്വേഷിക്കണമെങ്കിൽ പിന്നെ ഞങ്ങളെന്തിനാണു്? അനേക

വീരകൃത്യങ്ങളും കഴിഞ്ഞു് ഊറിയാ യുദ്ധരംഗത്തുനിന്നു മടങ്ങിവരുമ്പോൾ ഒരു വിരുന്നു കൊടുക്കേണ്ടതല്ലേ ?

ദാവീദ്: യുദ്ധമില്ലാത്ത സ്ഥലത്താണു വീരകൃത്യങ്ങൾ !

അമാസ: ചില്ലറ യുദ്ധങ്ങളുണ്ടായിരുന്നു. യോവാബ് അയാളെപ്പററി വളരെ നല്ല അഭിപ്രായമാണു അറിയിച്ചിരിക്കുന്നതു്. അതുകൊണ്ടാണല്ലോ തിരുമേനിതന്നെ അയാളെ ക്ഷണിച്ചുവരുത്തിയതു്. വിരുന്നിനു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തിട്ടുണ്ടു്.

ദാവീദ്: അമാസ, എനിക്കൊന്നും വ്യക്തമാകുന്നില്ല.

അമാസ: വിരുന്നിൻെറ ആരംഭത്തിൽ തിരുമേനിയുടെ സാന്നിദ്ധ്യം കൂടിയേ തീരൂ എന്നില്ല.

ദാവീദ്: ഉം...ഉം...അമാസയുടെ പരിപാടിതന്നെ നടക്കട്ടെ. (ഇടതുവശത്തേയ്ക്കു പോകുന്നു)

(യൂദാ പുറത്തേയ്ക്കു പോകുന്നു. നർത്തകികൾ പ്രവേശിച്ചു തയ്യാറായി നിൽക്കുന്നു. അല്പം കഴിഞ്ഞു് യൂദായും ഊറിയായും പ്രവേശിക്കുന്നു)

അമാസ: ഊറിയാ, എന്താണിവിടെ നടക്കാൻ പോകുന്നതെന്നു പറയാമോ ?

ഊറിയാ: ഞാനെങ്ങനെ പറയും ?

അമാസ: (ഊറിയായ്ക്കു വീഞ്ഞു കൊടുത്തുകൊണ്ടു്) എങ്കിൽ, നിനക്കു രാജാവിനെപ്പററി യാതൊന്നുമറിയില്ല.

ഊറിയാ: എന്നു പറഞ്ഞാൽ ?

അമാസ: സേവനത്തിനു കൂലി കൊടുക്കാത്ത കൂട്ടത്തിലല്ല, അദ്ദേഹം.

ഊറിയാ: പക്ഷേ, ഞാനെന്തു ചെയ്തിട്ടുണ്ടു് ?

അമാസ: നിനക്കു യോവാബിനെയുമറിയില്ല.

ഊറിയാ: യോവാബിനെ ?

അമാസ: നിൻെറ സേവനങ്ങളെപ്പററി യോവാബ് വിശദമായ വർത്തമാനങ്ങൾ അയച്ചുകൊണ്ടിരുന്നു എന്നു മാത്രം. ഒരാളെ മനസ്സിലാക്കാൻ യുദ്ധം വലുതായിരിക്കണമെന്നില്ലല്ലോ ? ഞെരിഞ്ഞിലിൽ മുന്തിരിപ്പഴം കായ്ക്കാറില്ല.

ഊറിയാ: എന്തൊരു മനുഷ്യൻ !

അമാസ: തിരുമേനിയോടാണു നന്ദി പറയേണ്ടതു്. (നർത്തകികളോടു് ആംഗ്യം കാണിക്കുന്നു. അവർ നൃത്തം തുടങ്ങുന്നു) ഊറിയായ്ക്കു വേണ്ടിയാണു് ഈ വിരുന്നു് !

ഊറിയാ: വിരുന്നു് !

അമാസ: എന്താ വിശപ്പു തോന്നുന്നില്ലായിരിക്കും ?

ഊറിയാ: ഒരിക്കലുമല്ല. ഞാനിപ്പോഴും വിശപ്പു തന്നെ യാണും.

(നൃത്തം മുറയ്ക്കു നടക്കുന്നു. ഊറിയാ മുറയ്ക്കു കുടിക്കുന്നുണ്ടു്. ഇതിനിട യിൽ രാജാവും ചില പ്രഭുക്കന്മാരും പ്രവേശിക്കുന്നു. നൃത്തം അവസാനി ക്കുന്നു)

അമാസ: ഇനി നമുക്കു വിരുന്നുമുറിയിലേയ്ക്കു പോകാം.

(എല്ലാവരും അകത്തേയ്ക്കു പോകുന്നു. ദാവീദ് ഊറിയാവിനെ ഒരു വശത്തേയ്ക്കു വിളിച്ചു രഹസ്യമായി സംസാരിക്കുന്നു)

ദാവീദും: ഇന്നലെ ഞാൻ ഊറിയാവിനും അല്പം ഭക്ഷണം കൊടുത്തയച്ചിരുന്നു.

ഊറിയാ: ഞാൻ വീട്ടിൽ പോയില്ല.

ദാവീദും: പോയില്ല? പോകരുതെന്നു ഞാൻ പറഞ്ഞി രുന്നോ?

ഊറിയാ: തിരുമേനി പറഞ്ഞില്ല. എങ്കിലും ഞാനെങ്ങനെ പോകും? എൻെറ ചങ്ങാതികളെല്ലാം ഇപ്പോഴും പാളയ ത്തിലല്ലേ?

ദാവീദും: അതുകൊണ്ടെന്തും?

ഊറിയാ: അതിനു മനസ്സുവരുന്നില്ല തിരുമേനി! അവർ മരണത്തിൻെറ നടുവിലാണു ജീവിക്കുന്നതും.

ദാവീദും: കൊള്ളാം! ഊറിയാ, നിൻെറ മനഃസ്ഥിതി ശ്ലാഘിക്കേണ്ടതുതന്നെ. എങ്കിലും ഇന്നു പൊയ്ക്കൊള്ളൂ.

ഊറിയാ: വേണ്ട, ഞാൻ പോകുന്നില്ല.

ദാവീദും: വേണ്ട, ഏ?

ഊറിയാ: തിരുമേനീ, എന്നെ പരീക്ഷിക്കരുതേ. ഞാനൊരു ഭടനാണും, അവിടത്തെ ഭടൻ! അങ്ങും എൻെറ സ്ഥിരത പരീക്ഷിച്ചുനോക്കുമെന്നും എനിക്കറിയാമായിരുന്നു. ഞാന ങ്ങയെ നിരാശപ്പെടുത്തുകയില്ല.

ദാവീദും. പക്ഷേ, ഊറിയാ, ഞാനല്ലേ പറയുന്നതും? നീ ഇന്നു വീട്ടിൽ പൊയ്ക്കോളൂ. ചങ്ങാതിമാരോടുള്ള ചുമതല യെപ്പററിയും വിഷമിക്കണ്ട. രാജാവാണു നിനക്കനുവാദം തരുന്നതും. വേണമെങ്കിൽ അതൊരാജ്ഞയായി കണ ക്കാക്കാം. വിരുന്നു കഴിഞ്ഞും നിനക്കു പോകാം.

ഊറിയാ: ഇല്ല തിരുമേനീ! കാട്ടുകുതിരകൾക്കും എന്നെ അങ്ങോട്ടു വലിച്ചുകൊണ്ടു പോകാൻ കഴിവില്ല. എൻെറ കടമയാണെൻെറ സുഖം.

ദാവീദും: ഊറിയാ, നിൻെറ തലയ്ക്കു ലഹരി പിടിച്ചിട്ടുണ്ടെ ന്നു തോന്നുന്നു.

ഊറിയാ: ഞാനല്പം അധികം കുടിച്ചുപോയി.

ദാവീദ്: വേണമെങ്കിൽ കുട്ടിനാളയയ്ക്കാം.

ഊറിയാ: എന്തിനു് ?

ദാവീദ്: വീട്ടിലേയ്ക്കു്.

ഊറിയാ: ഞാൻ വീട്ടിൽ പോകുന്നില്ലല്ലോ.

ദാവീദ്: പിന്നെയെന്താണു പരിപാടി !

ഊറിയാ: രബ്ബ.

ദാവീദ്: ഈ നിലയിലോ ?

ഊറിയാ: ഭക്ഷണം ചെല്ലുമ്പോൾ എല്ലാം ശരിയാകും.

ദാവീദ്: ഊറിയാ, ഞാൻ പറയുന്നതു കേൾക്കു്. ഭക്ഷണം കഴിച്ചിട്ടു വീട്ടിൽച്ചെന്നു് സുഖമായി കിടന്നുറങ്ങു്. നാളെ രബ്ബയ്ക്കു പോകാം.

ഊറിയാ: തിരുമേനീ, സംസാരിച്ചും ഭക്ഷിച്ചും ഞാൻ ഒട്ടു വളരെ സമയം കളഞ്ഞു. യോവാബു് വിചാരിക്കും ഞാൻ ഭീരുവാണെന്നു്.

(അമാസ പ്രവേശിക്കുന്നു)

അമാസ: ഊറിയാ, അവർ നിന്നെ കാത്തിരിക്കുകയാണു്. (ഊറിയാ അകത്തേയ്ക്കു പോകുന്നു) എൻെറ ബുദ്ധി പരാജയപ്പെട്ടു. അങ്ങു് വിരുന്നിനു വരണം.

ദാവീദ്: (മുഖത്തു് ഒരു പൈശാചികഭാവം) തോൽവി എനിക്കിഷ്ടമല്ല. അത്രമാത്രം എൻെറ തലച്ചോറു് ഉണങ്ങിപ്പോയിട്ടില്ല...അമാസാ, ദാവീദ്‌രാജാവു് തൻെറ ദാസന്മാരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കാറുണ്ടു്. അതെ അമാസാ, ഞാൻ വിശാലഹൃദയനായ ഒരു രാജാവാണു്. എനിക്കു് ഉപദേശം കേൾക്കാനുമറിയാം, എൻെറ ശതാധിപന്മാരിൽ നിന്നുകൂടി. അവർ എന്നെക്കാൾ സമരതന്ത്രജ്ഞരായിരിക്കുന്നതു് ചിലപ്പോൾ ഗുണകരമാണു്. എഴുത്തുസാമഗ്രികൾ കൊണ്ടുവരൂ. (അമാസ എഴുത്തുസാമഗ്രികൾ സജ്ജീകരിക്കുന്നതിനിടയിൽ രാജാവു് സ്വയം സംസാരിച്ചുകൊണ്ടു ചുററിനടക്കുകയാണു്) രബ്ബയിലെ സമരം കുറെനാളായി നിർജ്ജീവമായിരിക്കുകയാണു്. ഇതു് യോവാബിനു പ്രത്യേകമുള്ള കല്പനയാണു്. എഴുതിക്കൊള്ളൂ...''രബ്ബയുടെ നിരോധനത്തെപ്പററി നമ്മുടെ മുൻ തീരുമാനം മാററാൻ നിശ്ചയിച്ചിരിക്കുന്നു...'' ...ഉം?...ഉം?...''നാം ഹിത്യനായ ഊറിയാവിൻെറ നിർദ്ദേശം സ്വീകരിക്കുന്നു...''...ഉം...''പരീക്ഷാർത്ഥം അവൻ കോട്ടയെ ആക്രമിക്കട്ടെ ! സൈന്യം ചെറുതു മതി...''

(ശബ്ദം കുറഞ്ഞുവന്നു് നിശ്ശബ്ദമാകുന്നു)

കർട്ടൻ

നാലാം രംഗം

(രബ്ബയുടെ മുൻവശത്തുള്ള വിശാലമായ മൈതാനം. ദൂരത്തിൽ രബ്ബയു ടെമതിലുകരം കാണാം. ഒരു പാളയത്തിലിരുന്നു യോവാബ് എഴുത്തു വായി ക്കയാണ്. എഴുത്തിലെ വാചകങ്ങരം കഴിഞ്ഞ രംഗത്തിൽ ദാവീദ് പറ ഞ്ഞുകൊടുത്തുകൊണ്ടിരുന്നതിൻെറ തുടർച്ചയാണ്. ആ ഭാഗങ്ങരം അശരീ രിയായി കേരംക്കാം. അതിനിടയിൽ യോവാബ് തൻെറ സ്വന്താഭിപ്രായ ങ്ങരം പ്രകടിപ്പിക്കുന്നുണ്ട്)

...''ഊറിയാതന്നെ സൈന്യത്തെ നയിക്കണം...'' ഉം. നടക്കട്ടെ. വീരനല്ലേ?... ''...ആക്രമണം പരാജയപ്പെട്ട മെന്നു തോന്നിയാൽ ഭടന്മാർ ഊറിയാവെ വിട്ട് പിൻമാറി ക്കൊള്ളട്ടെ...'' ഉം...അതെന്തൊരു സമരതന്ത്രമാണും?... ''സമരതന്ത്രങ്ങരം ഉപദേശിക്കുവാൻ മുതിരുന്നവർ അതിനു വേണ്ടി ത്യാഗമനുഷ്ഠിക്കാൻ സന്നദ്ധതയുള്ളവരായിരിക്ക ണം...'' ...എന്നിട്ടും അതിനൊരു അർത്ഥാന്തരന്യാസവും! ശരി, നടക്കട്ടെ. ഈ കഴുത അവിടെച്ചെന്നും എന്താണാവോ ചെയ്യുന്നതു്!... ''...ആക്രമണം ശൂരന്മാരുടെ നേരേതന്നെയാ യിരിക്കട്ടെ. ഈ നിർദ്ദേശങ്ങളൊന്നും ഊറിയാവറിയേണ്ട തുമില്ല!...'' ...അതു കൊള്ളാം. അത്രയെങ്കിലും വ്യക്തമാ യല്ലൊ... ''...വളരെ വലിയ സൈന്യത്തെ ചെലവാക്കാ തിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക...'' ...വേണമെങ്കിൽ അവനെ ഒററയ്ക്കും അയച്ചേയ്ക്കുക! പാവം ചെറുപ്പക്കാരൻ. ബലിയാടുപോലെ! ഇതെന്നെ ഏല്പിക്കേണ്ടിയിരുന്നില്ല. എന്തു ചെയ്യാം, ചെയ്യാതൊക്കുമോ? കാര്യം വ്യക്തമായി. ഇനി കാരണവുംകൂടി ഒന്നറിഞ്ഞിരുന്നെങ്കിൽ.. (ദൂരത്ത് ആ രെയോ കണ്ടു് കൈകാണിക്കുന്നു) രാജാവും ഇത്ര കൈവിട്ടു പ്രവ ൎത്തിക്കണമെങ്കിൽ....

(ഊറിയാ പ്രവേശിക്കുന്നു)

ഊറിയാ: എന്തിനാണു വിളിച്ചതു്? വിശേഷം വല്ലതു മുണ്ടോ?

യോവാബ്: നീ കൊണ്ടുവന്നതു് വിശേഷം തന്നെയാണും!

ഊറിയാ: ഞാൻ കൊണ്ടുവന്നതോ!

യോവാബ്: (എഴുത്തു കാണിക്കുന്നു) അതെ. നിൻെറ മനസ്സിലു ള്ളതുതന്നെ.

ഊറിയാ: (കൈ നീട്ടുന്നു) എൻെറ മനസ്സിലുള്ളതോ?

യോവാബ്: (എഴുത്തു കൊടുക്കാതെ) വേഗം പോയി തയാറായിക്കോളൂ. ഒരു ചെറിയ സംഘത്തെയും വിളിക്കാം. കോട്ട മതിൽ കയറി അകത്തു കടക്കണം. വിവരമെല്ലാം പിന്നീടു പറയാം. (ഊറിയാ പോകുന്നു) അതിനും ഞാൻ വേണം — രാജഭക്തൻ!

morality of kingship

(പുറത്തു കാഹളശബ്ദം)

കർട്ടൻ

അഞ്ചാം രംഗം

(ഊറിയാവിന്റെ ഭവനം. ബത്ത്ശേബ ഒരു പീഠത്തിലിരിക്കുന്നു. ദാവീദ് പുറത്തുപിടിച്ചുകൊണ്ട് ആശ്വസിപ്പിക്കാൻ ശ്രമിക്കുകയാണ്)

ദാവീദ്: ബത്ത്ശേബാ!

ബത്ത്ശേബ: തിരുമേനീ! എന്റെ തിരുമേനീ! അവിടുന്നു പോകണം. അങ്ങയോടുകൂടി ഇരിക്കാൻ എനിക്കാഗ്രഹമില്ലാഞ്ഞിട്ടല്ല. ദൈവത്തിനറിയാം, അങ്ങയെ വിട്ടിരിക്കാനെന്തു വിഷമമാണെന്ന്. പക്ഷേ, എന്തിനാണങ്ങിവിടെ ഇരിക്കുന്നത്? എനിക്കാണെങ്കിൽ കല്ലേറാണ്. അതു് ഒഴിക്കാൻ നിവൃത്തിയില്ല. അങ്ങയുടെ സൽപ്പേരുകൂടി കളങ്കപ്പെടുത്തേണ്ടയാവശ്യമുണ്ടോ? അങ്ങ് യിസ്രായേലിന്റെ അഭിഷിക്തനാണ്. അങ്ങിവിടെ ആയിരുന്നുകൂടാ. ദയവുചെയ്തു പോകൂ.

ദാവീദ്: ബത്ത്ശേബാ അങ്ങോട്ടു വരാത്തതുകൊണ്ടാണു ഞാനിവിടെ വന്നത്.

ബത്ത്ശേബ: ഞാനെങ്ങനെ അവിടെ വരും? ഈ അവസ്ഥയിൽ? ഇനി മറയ്ക്കാനും എളുപ്പമല്ല, അങ്ങേയ്ക്കുവേണ്ടിയാണു ഞാനവിടെ വരാതിരിക്കുന്നത്.

ദാവീദ്: ബത്ത്ശേബയ്ക്കുവേണ്ടിയാണു ഞാനിവിടെ വരുന്നത്.

ബത്ത്ശേബ: അങ്ങേയ്ക്കെന്റെ വേദന കുറയ്ക്കാൻ കഴികയില്ല. എനിക്കു വേദന വർദ്ധിക്കുന്നതേയുള്ളൂ. അങ്ങയുടെ അപകടമോർത്ത്.

ദാവീദ്: ഞാനൊരു ഭീരുവല്ല ബത്ത്ശേബാ! എനിക്കു വല്ലതും ചെയ്യാനുണ്ടായിരിക്കുമെന്നു വിചാരിക്കൂ.

ബത്ത്ശേബ: (അല്പം ആശങ്കയോടെ) എന്ത്?

ദാവീദ്: കല്ലേറല്ലാതെ പോംവഴിയില്ലെന്നാണോ ?

ബത്ത്ശേബ: യിസ്രായേലിൻെറ നിയമങ്ങൾ അലംഘ്യങ്ങളല്ലേ...പൈശാചികമാണെങ്കിലും ?

ദാവീദ്: ന്യായാധിപന്മാരല്ലേ അതു തീരുമാനിക്കേണ്ടതു് ?

ബത്ത്ശേബ: മോശയുടെ ന്യായപ്രമാണം തിരുത്തിയെഴുതാൻ അങ്ങേയ്ക്കും ശക്തിയില്ല.

ദാവീദ്: ഇല്ലായിരിക്കാം. പക്ഷേ, അതുകൊണ്ടു് എൻെറ കൈ ദുർബലമായിപ്പോയി എന്നു വിചാരിക്കണ്ട.

ബത്ത്ശേബ: എന്തിനാണീ ബുദ്ധിമുട്ടെല്ലാം ? എന്നെ വിട്ടു പോകൂ ! യിസ്രായേലിൽ സ്ത്രീകളവസാനിച്ചുപോയിട്ടില്ല. പോകൂ !

ദാവീദ്: ബത്ത്ശേബാ, ഇനിയും എന്നെ മനസ്സിലാക്കിയില്ലേ ? എൻെറ സ്നേഹം അത്ര നിസ്സാരമാണെന്നാണോ തോന്നുന്നതു് ?

ബത്ത്ശേബ: നിസ്സാരമല്ല; അസാദ്ധ്യം !

ദാവീദ്: തീരുമാനങ്ങളെടുക്കുന്നതു സാവകാശമായിട്ടു മതി. പ്രത്യേകിച്ചും നിരാശാകരമായവ.

ബത്ത്ശേബ: എല്ലാം അങ്ങയുടെ ഇഷ്ടം !

(വാതിലിൽ മുട്ടുന്ന ശബ്ദം)

യൂദാ: (പ്രവേശിച്ചു്) അമാസ.

ദാവീദ്: ഇവിടെയോ ?

യൂദാ: അത്യാവശ്യ കാര്യമാണു്.

(അമാസ പ്രവേശിക്കുന്നു)

അമാസ: തിരുമേനി കോപിക്കരുതേ. അവസരവും ഔചിത്യവുമെല്ലാം എനിക്കറിയാം. പക്ഷേ, യോവാബ് ചില വത്തമാനങ്ങൾ അറിയിച്ചിട്ടുണ്ടു്. തിരുമേനി എവിടെയാണെങ്കിലും ഒരു നിമിഷം കളയാതെ അറിയിക്കണമെന്നാണു നിർദ്ദേശം.

ദാവീദ്: വേഗം പറഞ്ഞിട്ടു പോകൂ.

അമാസ: നല്ല വത്തമാനമല്ല. ഒരു പരാജയം !

ദാവീദ്: പരാജയം ?

അമാസ: ഒരാക്രമണം നടത്തി പരാജയപ്പെട്ടു.

ദാവീദ്: ആരാണവരോടു്...

അമാസ: ഒരു ചെറുസൈന്യം ആക്രമിച്ചു. കോട്ടമതിലിൻെറ താഴെയെത്തിയപ്പോൾ അമ്മോന്യർ കല്ലെറിഞ്ഞു. മിക്കവരും വീണുപോയി.

ദാവീദ്: എന്തൊരു മൗഢ്യമാണിതു്! അമാലേക്കു് മരിച്ച തെങ്ങനെയെന്നോർമ്മയില്ലേ? ആ വിദ്യതന്നെ നമുക്കെതിരായി പ്രയോഗിക്കുക! കഷ്ടം! യോവാബിനു വയസ്സായി. അയാളെ മാററണം.

(ഇതിനിടയിൽ യൂദാ ഊറിയാവിൻെറ പടത്തൊപ്പിയും വാളും കൊണ്ടുവന്നു് ഒരു പീഠത്തിൽ വയ്ക്കുന്നു. ബത്ത്ശേബ അമ്പരന്നു് അതിൽ ത്തന്നെ ദൃഷ്ടിയുറപ്പിക്കുന്നു)

അമാസ: (നിലത്തു നോക്കി) തിരുമേനീ, ഊറിയാവു മരിച്ചു. (ബത്ത്ശേബ ഒരലർച്ചയോടെ താഴെ വീഴുന്നു. ദാവീദ് അവളെ എടുത്തു് ഒരു പീഠത്തിലിരുത്തുന്നു)അദ്ദേഹമാണു സൈന്യത്തെ നയിച്ചതു്. ധീരമായി പടവെട്ടി. പക്ഷേ, ശത്രുക്കളുടെ എണ്ണം വളരെ കൂടുതലായിരുന്നു.

ദാവീദ്: ധീരനായ ഊറിയാ! അവൻ ഉത്തമനായിരുന്നു! ബത്ത്ശേബാ, യുദ്ധത്തിൽ ഇങ്ങനെയൊക്കെ സംഭവിക്കാറുണ്ടു്. വളരെ വേദനാകരമാണു്. പക്ഷേ, അതെല്ലാം സംഭവിച്ചേ തീരൂ. അമാസാ, ശ്രദ്ധിച്ചു കേൾക്കൂ: എൻെറ ദാസനായ ഊറിയാവെക്കൊന്ന നഗരം ജീവിക്കരുതു്. ഊറിയാ മരിച്ചു; പക്ഷേ, അവൻെറ ആഗ്രഹം സാധിക്കണം. രബ്ബ ആക്രമിച്ചു്, കോട്ടകൾ ഇടിച്ചു നിരത്തി, വീടുകൾക്കു തീവെച്ചു്, സകല പുരുഷന്മാരെയും കൊന്നൊടുക്കി, സ്ത്രീകളെ അടിമകളാക്കി വില്ക്കണം. രബ്ബ് ചരിത്രത്തിൽനിന്നു മായ്ച്ചുകളയണം, ഇതാണെൻെറ തീരുമാനം. ഇതു നിവ്വഹിച്ചാലല്ലാതെ യോവാബു് എൻെറ മുഖം കാണരുതു്, ഉടൻ യോവാബിനെ അറിയിക്കു്.

(അമാസയും യൂദായും പോകുന്നു. ദാവീദ് ബത്ത്ശേബയ്ക്കു വീണ്ടെടുത്തു കൊടുക്കുന്നു)

ബത്ത്ശേബ: വേണ്ട...വേണ്ട.

ദാവീദ്: പ്രിയപ്പെട്ട ബത്ത്ശേബാ, കരയരുതു്. യിസ്രായേലിൽ സ്ത്രീകൾ കരയാറില്ല.

ബത്ത്ശേബ: തിരുമേനീ! ഞാനദ്ദേഹത്തെ സ്നേഹിച്ചിരുന്നു.

(ദാവീദ് മുഖത്തടിച്ചതുപോലെ വിഷണ്ണനായി മാറിനിൽക്കുന്നു)

ദാവീദ്: ഞാൻ മാപ്പപേക്ഷിക്കുന്നു.

ബത്ത്ശേബ: എൻെറയും അദ്ദേഹത്തിൻെറയും രാജാവു് മാപ്പിരക്കുന്നതെന്തിനു്?

ദാവീദ്: വേദനയോടെയാണെങ്കിലും ആ അദ്ധ്യായമവസാനിച്ചു. ഇനി ലോകം നമുക്കു സ്വാതന്ത്ര്യമാണു്.

ബത്ത്ശേബ: അങ്ങു പറയുന്നതെന്താണു്?

ദാവീദ്: ഇതുതന്നെ. യിസ്രായേലിൽ ചില സന്ദർഭങ്ങളി ലെ വല്ലായ്മ ഏഴു ദിവസം മാത്രമാണ്. അതിൻെറ ശേഷം യിസ്രായേലിനു് ഒരു പുതിയ റാണിയുണ്ടായിരിക്കും. അനേകരുടെ തലമുറയിൽ അവസാനത്തെ റാണി.

ബത്ത്ശേബ: ഇങ്ങനെ സംസാരിക്കാൻ പററിയ സന്ദർഭമാണോ ഇതു് ?

ദാവീദ്: അല്ലായിരിക്കാം. പക്ഷേ, ഔചിത്യം ദീക്ഷിക്കാത്ത ആവശ്യങ്ങളുണ്ടു്...അന്നാ ! (അന്ന പ്രവേശിക്കുന്നു) എൻെറ ബത്ത്ശേബയെ നോക്കിക്കൊള്ളൂ. ഞാൻ പോകുന്നു ! എൻെറ റാണിയെ കരയിക്കരുതു്. ബത്ത്ശേബാ, മരണത്തെ മറക്കൂ, ജീവിതമാണു് നാളേക്കുള്ളതു്.

(ബത്ത്ശേബ സാവധാനം നടന്നുചെന്നു് ഊറിയാവിൻെറ പടത്തൊപ്പി എടുത്തു് അതിൽ സൂക്ഷിച്ചു നോക്കി കരയുന്നു. വിറയ്ക്കുന്ന വിരലുകൾകൊണ്ടു് അതെടുത്തു കവിളോടു ചേർത്തുവയ്ക്കുമ്പോൾ ഒരു വലിയ ശബ്ദത്തോടെ അതു താഴെ വീഴുന്നു)

ബത്ത്ശേബ: ദൈവമേ !

അന്ന: സാരമില്ല. അതിനു വലിയ ഭാരമാണു്. കിരീടങ്ങൾക്കു ഭാരം കുറയും; അതു് ബത്ത്ശേബയുടെ കൈയിൽ നിന്നു വഴുതിപ്പോകയുമില്ല.

കർട്ടൻ

അങ്കം 4

ഒന്നാം രംഗം

(ദാവീദിന്റെ കൊട്ടാരം. ഒരു വിരുന്നിനു വേണ്ട ഒരുക്കങ്ങളെല്ലാമുണ്ട്. ചുമരുകളിൽ പന്തങ്ങൾ തിരുകിവച്ചിരിക്കുന്നു. മേശകളിൽ വീഞ്ഞ്, മുന്തിരി, ഈത്തപ്പഴം, മാതളം. ഇറച്ചി മുതലായ ഭക്ഷണപാനീയങ്ങൾ നിരത്തിവച്ചിട്ടുണ്ട്. സുഗന്ധപാത്രത്തിൽനിന്നു ധൂപമുയരുന്നു. പ്രഭുക്കന്മാർ, പടനായകന്മാർ, ശാസ്ത്രികൾ, സ്ത്രീകൾ മുതലായവർ ചുററിത്തിരിയുന്നു. എല്ലാവരും കുടിക്കുകയും മററുള്ളവരെക്കൊണ്ടു കുടിപ്പിക്കുകയും ചെയ്യുന്നു. അണിയറയിൽ ഒരു സങ്കീർത്തനം പാടുന്നതു കേൾക്കാം. ഒരു കുടിയൻ അതിനൊത്തു നൃത്തം ചെയ്‌വാൻ ശ്രമിച്ചു താഴെ വീഴുന്നു. രംഗത്തിന്റെ വലത്തു് മുൻഭാഗത്തായി നിൽക്കുന്ന ഒരു സംഘം സംസാരിക്കുന്നു)

യോവാബ്: രാജാവിന്റെ ഏററവും പുതിയ വസ്ത്രം.

ഒരു പ്രഭു: പുതിയതല്ല.

രണ്ടാമൻ: എങ്കിലും രക്താംബരമാണ് !

ഒരു സ്ത്രീ: (രംഗത്തിന്റെ പുറകിൽ ഇടത്തേ മൂലയിൽ നിന്ന്) ആരുടെ രക്തം ?

രണ്ടാമത്തെവൾ: ശ്—ശ്. പതുക്കെപ്പറയൂ. വല്ലവരും കേൾക്കും.

യോവാബ്: (ആംഗ്യം കാണിച്ച്) തല പോകും.

(എല്ലാവരും ചിരിക്കുന്നു)

ഒന്നാമത്തെ സ്ത്രീ: വസ്ത്രമല്ല കാരണം. അതില്ലായ്മയാണ്.

രണ്ടാമത്തെവൾ: ഛീ ! നാക്കിനു കടിഞ്ഞാണില്ല.

രണ്ടാമൻ: ഈ രാജ്യത്തു് അങ്ങനെയൊരേർപ്പാടില്ല.

യോവാബ്: പ്രായം കൂടുംതോറും വസ്ത്രങ്ങളുടെ എണ്ണം കൂടിയാണു വരുന്നതു്.

ഒന്നാമത്തെവൾ: വേറെ തൊഴിലൊന്നുമില്ലല്ലോ !

ഒരു പ്രഭു: വയസ്സമ്പതായില്ലേ ?

രണ്ടാമത്തെവൾ: അമ്പതത്ര കടന്ന വയസ്സാണോ ?

രണ്ടാമൻ: പ്രായം പ്രതിബന്ധമല്ല.

യോവാബ്: ആ തീരുമാനം സ്ത്രീകൾക്ക വിട്ടുകൊടുക്കു.

(യൂദാ പരിഭ്രാന്തനായി പ്രവേശിക്കുന്നു)

യൂദാ: തിരുമേനി ഇവിടെയില്ലേ?

രണ്ടാമൻ: ഇല്ല. എന്താണു്?

യോവാബ്: രാജ്ഞിയുടെ അടുത്തു കാണും.

യൂദാ: ഞാനവിടെനിന്നാണു വരുന്നതു്.

(ബദ്ധപ്പെട്ടു് ഓടിപ്പോകുന്നു)

ഒന്നാമത്തെവൾ: എന്താണിത്ര ധൃതി?

യോവാബ്: രാജ്ഞിക്കു സുഖമില്ലാതിരിക്കയാണു്.

ഒരു പ്രഭു: അതിനിടയിൽ ഈ വിരുന്നു വച്ചതാണെനിക്കു മനസ്സിലാകാത്തതു്.

യോവാബ്: ദാവീദ്‌രാജാവിനെ നിങ്ങൾക്കു മനസ്സിലായിട്ടില്ല.

ഒന്നാമത്തെവൾ: ഏതായാലും സൗന്ദര്യം കണ്ടാലറിയാം.

രണ്ടാമത്തെവൾ: അസൂയ!

ഒന്നാമത്തെവൾ: എനിക്കു ഭർത്താവിനെ വച്ചുമാററണമെന്നാഗ്രഹമില്ല.

രണ്ടാമത്തെവൾ: രാജാവായാലും?

ഒന്നാമത്തെവൾ: വേണ്ട.

രണ്ടാമൻ: ഭർത്താവു സമ്മതിച്ചിട്ടു വേണ്ടേ?

ഒന്നാമൻ: ഊറിയാ സമ്മതിച്ചതായി എനിക്കറിവില്ല.

(അവർ കൂട്ടംകൂടിയിരുന്നു ചിരിക്കുന്നു. ഇടത്തുനിന്നു് രാജാവും യൂദായും പ്രവേശിക്കുന്നു. ചിരി നിൽക്കുന്നു. ഒരു സ്ത്രീ കുടിച്ചുകൊണ്ടിരുന്ന വീഞ്ഞു പാത്രം മറക്കുമ്പോൾ അതു താഴെ വീഴുന്നു. ദാവീദ് അതു കുനിഞ്ഞെടുത്തു് അവൾക്കു കൊടുക്കുന്നു)

ദാവീദ്: അതു കളയണ്ട മിറിയാം. വിരുന്നുകാർ കുടിക്കാനുള്ളതാണു്. യോവാബ്, എനിക്കൊരു പുത്രനുണ്ടായിരിക്കുന്നു.

(രാജാവും യൂദായും അകത്തേക്കു പോകുന്നു)

യോവാബ്: എന്തൊരു ആത്മനിയന്ത്രണം!

ഒന്നാമൻ: എന്താണങ്ങനെ പറയുന്നതു്?

യോവാബ്: അദ്ദേഹം സർവ്വത്ര കുഴപ്പങ്ങളുടെ നടുവിലാണു്. ജീവിതം മുഴുവനും അദ്ദേഹത്തിനു സമരമാണു്. അതിനു പുറമേ ആലോചനകളും ഗൂഢാലോചനകളും. പുത്രന്മാരാണെങ്കിൽ ഒന്നെങ്കിലും വേണ്ടേ കൊള്ളാവുന്നതായിട്ടു്.

രാജ്ഞിയാണെങ്കിൽ ഈ നിലയിൽ. എങ്കിലും അദ്ദേഹം രബ്ബയ്ക്കുവേണ്ടി ഈ വിരുന്നു തരികയാണ്. രാജകാര്യം രാജ്ഞിയേക്കാൾ പ്രധാനമാണദ്ദേഹത്തിന്. എന്തൊരു രാജാവ്! യിസ്രായേലിന് ഇങ്ങനെയൊരു രാജാവുണ്ടായിട്ടില്ല. ഇനി ഉണ്ടാകയുമില്ല.

(രാജാവും എലിയാമും പ്രവേശിക്കുന്നു)

എലിയാം: തിരുമേനി, അങ്ങവിടെ നിന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അവിടെ വൈദ്യനുണ്ടല്ലോ. ഇവരാണെങ്കിൽ അങ്ങയെ കാത്തിരിക്കുന്നു.

(യോവാബ് ഒരു പാത്രത്തിൽ വീഞ്ഞെടുത്ത് ഒരു മുട്ടു കുത്തിനിന്ന് ദാവീദിനു നീട്ടുന്നു. അദ്ദേഹം അതു വാങ്ങി കുടിക്കാൻ ആരംഭിക്കുമ്പോൾ പുറത്തുനിന്ന് വലിയ ബഹളം. അമാസ വിയർത്തൊലിച്ചു പ്രവേശിക്കുന്നു)

അമാസ: തിരുമേനി, എല്ലാം പോയി.

ദാവീദ്: (അക്ഷോഭ്യനായി) എന്താണമാസാ? അബ്ശാലോം ആക്രമിക്കയാണോ?

അമാസ: കൊട്ടാരം വളഞ്ഞിരിക്കയാണ്.

(യോവാബ് വെണ്മാടത്തിലേക്കോടുന്നു)

ദാവീദ്; സൈന്യം?

അമാസ: മറുപക്ഷം ചേർന്നു.

യോവാബ്: തിരുമേനി, അങ്ങ് ആയുധമെടുക്കണം.

ദാവീദ്: അല്ലെങ്കിൽ?

യോവാബ്: അവർ കൊട്ടാരം പിടിക്കും.

ദാവീദ്: പിടിക്കട്ടെ.

യോവാബ്: തിരുമേനി, അബ്ശാലോമിനു കിരീടമാണു വേണ്ടതു്.

ദാവീദ്: അതു് അവന്റെ അവകാശമല്ലേ? എന്റെ സീമന്തപുത്രൻ.

യോവാബ്: അതു പാടില്ല.

ദാവീദ്: എന്തുകൊണ്ടു്?

യോവാബ്: അതു് യഹോവയ്ക്കെതിരാണ്. യിസ്രായേലിനെതിരാണ്,

ദാവീദ്: യോവാബ്, ഞാൻ ക്ഷീണിച്ചു.

യോവാബ്: അതു വയ്യാ. അങ്ങു ക്ഷീണിച്ചിട്ടില്ല. ക്ഷീണിക്കാൻ വയ്യാ. അങ്ങു് ഞങ്ങൾക്കുവേണ്ടി ഗോല്യാത്തിനെ കൊന്നു. ഞങ്ങൾക്കുവേണ്ടി ശൗലിനെ തോല്പിച്ചു. ഞങ്ങളെ ഒരു ജനതയാക്കിത്തീർത്തു. ഇന്നു ഞങ്ങളെ കൈവെടിയരുതു്. അങ്ങു് ആയുധമെടുത്തേ തീരൂ.

ദാവീദ്: ദയവുചെയ്തു് എന്നെ വിടു. നിങ്ങൾ അബ്ശാലോമിനെ സ്വീകരിച്ചുകൊള്ളൂ. ഒരു കിരീടത്തിൻെറ ഭാരമെന്താണെന്നു് അവനറിയട്ടെ.

യോവാബ്: ഞങ്ങളതനുവദിക്കയില്ല. പിതാവിനെതിരായി എഴുന്നേൽക്കുന്നവൻ യിസ്രായേലിൽ രാജാവായിക്കൂടാ. (വാളൂരുന്നു)

എലിയാം: (വാളൂരി) അബ്ശാലോം ഈ കൊട്ടാരത്തിൽ ജീവനോടെ കാൽകുത്തുകയില്ല.

ദാവീദ്: യഹോവയുടെ ഇഷ്ടം നടക്കട്ടെ. (ക്ഷീണിച്ച് ഇരിക്കാൻ ഭാവിക്കുന്നു. പുറത്തുനിന്നു് നാഥാൻെറ വടിയുടെ ശബ്ദം) അതെന്താണു് ?

യൂദാ: (പ്രവേശിച്ച്) നാഥാൻ.

ദാവീദ്: നാഥാൻ !

യൂദാ: അതെ തിരുമേനീ. പ്രവാചകൻ സമയം കാത്തു നില്ക്കയാണു്.

ദാവീദ്: ഉടനെ കൂട്ടിക്കൊണ്ടു വരൂ. അല്ലെങ്കിൽ വേണ്ട. ഞാൻതന്നെ പോകാം.

അമാസ: തിരുമേനീ ! വേണ്ട.

ദാവീദ്: എന്തു് ?

അമാസ: അങ്ങു പോകണ്ട.

ദാവീദ്: പ്രവാചകനെ താമസിപ്പിക്കുകയോ ?

അമാസ: അദ്ദേഹം വിശ്രമിക്കട്ടെ.

ദാവീദ്: പാടില്ല. യഹോവയുടെ പ്രവാചകൻ.

അമാസ: വേണ്ട. വേണ്ട തിരുമേനീ. എൻെറ അപേക്ഷ കേൾക്കണം.

ദാവീദ്: എന്താണിത്ര നിർബന്ധം അമാസാ? പറയൂ, കാര്യമെന്തെങ്കിലുമുണ്ടോ ? നേരം വൈകുന്നു.

അമാസ: വിരുന്നു കഴിഞ്ഞു് അദ്ദേഹത്തെ കണ്ടാൽ മതി.

ദാവീദ്: പോരാ. അദ്ദേഹം എന്തോ കാര്യമുണ്ടായിട്ടായിരിക്കും വന്നതു്.

അമാസ: എങ്കിലും ഈ വീഞ്ഞിൻെറയിടയ്ക്കു്...

ദാവീദ്: അതൊന്നും സാരമില്ല. (നടക്കാൻ തുടങ്ങുമ്പോൾ വാതില്ക്കൽ കാണുന്നതു് നാഥാനെയാണു്. എല്ലാം നിശബ്ദം! ദാവീദ് മുട്ടുകുത്തുന്നു) യഹോവയുടെ പ്രവാചകനു് നമസ്കാരം.

നാഥാൻ: (പ്രവേശിച്ച്) യഹോവാ വാഴ്ത്തപ്പെട്ടവൻ.

ദാവീദ്: (പീഠം സജ്ജീകരിച്ചുകൊണ്ടു്) വരാൻ അല്പം താമസിച്ചുപോയി; വിരുന്നിൻെറ ബഹളംകൊണ്ടു്...രബ്ബയിലെ വിജയത്തിനുവേണ്ടി ഒരു വിരുന്നു്.

നാഥാൻ: യഹോവയുടെ വിജയം.

ദാവീദ്: എന്തെങ്കിലും പ്രത്യേക ആവശ്യം ?

നാഥാൻ: ഒരാവശ്യമുണ്ട്.

ദാവീദ്: (പുഞ്ചിരിയോടെ) വൈരാഗികൾക്ക് ആവശ്യങ്ങളുണ്ടോ ?

നാഥാൻ: ചിലപ്പോൾ. ഈ ആഘോഷത്തിനിടയിൽ ഒരു വൈരാഗി വന്നുകൂടുന്നതിൽ വിരോധമൊന്നും ഇല്ലല്ലോ

ദാവീദ്: തീർച്ചയായും ഇല്ല. ഏതു സമയവും അങ്ങ് സ്വാഗതാർഹനാണ്.

നാഥാൻ: സന്തോഷം.

ദാവീദ്: എന്തെങ്കിലും ഭക്ഷണം ?

നാഥാൻ: വേണ്ട, എനിക്കു വ്രതമാണ്. എനിക്കീ ആഘോഷത്തിൽ അല്പം പങ്കെടുത്താൽ കൊള്ളാമെന്നുണ്ട്. എങ്ങനെയാണു വേണ്ടതെന്നൊരു രൂപവുമില്ല. അങ്ങ് സിംഹാസനത്തിലിരിക്കൂ. (നാഥാൻ ദാവീദിനെ സിംഹാസനത്തിലിരുത്തുന്നു) ഒരു പുത്രനുണ്ടായെന്നു കേട്ടു.

ദാവീദ്: യഹോവയുടെ കൃപയാൽ.

നാഥാൻ: ഉം...ഉം...ഞാനൊരു കഥ പറയാം. നിങ്ങൾക്ക് ധൃതിയൊന്നുമില്ലല്ലോ ?...എല്ലാവരും ഇരിക്കിൻ. ഉം... എല്ലാവരും...കഥ ഇതാണ്: ഒരു പട്ടണത്തിൽ രണ്ടു പുരുഷന്മാർ ഉണ്ടായിരുന്നു. ഒരുത്തൻ ധനവാൻ; മററവൻ ദരിദ്രൻ, ധനവാന് ആടുമാടുകൾ അനവധിയുണ്ടായിരുന്നു. ദരിദ്രനോ ?—താൻ വിലയ്ക്കുവാങ്ങി വളർത്തിയ ഒരു പെൺകുഞ്ഞാടല്ലാതെ ഒന്നും ഉണ്ടായിരുന്നില്ല. അതു് അവൻെറയടുക്കലും അവൻെറ മക്കളുടെയടുക്കലും വളർന്നുവന്നു. അതു് അവൻ തിന്നുന്നതിൽ ഓഹരി തിന്നുകയും അവൻ കുടിക്കുന്നതിൽ ഓഹരി കുടിക്കയും ചെയ്തു. അവനു് ഒരു മകളെപ്പോലെയും ആയിരുന്നു. ധനവാൻെറ അടുക്കൽ ഒരു വഴിയാത്രക്കാരൻ വന്നു. തൻെറ അടുക്കൽ വന്ന വഴിപോക്കനുവേണ്ടി പാകം ചെയ്‌വാൻ സ്വന്ത ആടുകളിൽ ഒന്നിനെ എടുപ്പാൻ മനസ്സാകാതെ അവൻ ആ ദരിദ്രൻെറ കുഞ്ഞാടിനെ പിടിച്ചു് തൻെറ അടുക്കൽ വന്ന ആളിനുവേണ്ടി പാകംചെയ്തു.

ദാവീദ്: യഹോവയാണ ഇതു ചെയ്തവൻ മരണയോഗ്യൻ. അവൻ കരുണയില്ലാതെ ഇതു ചെയ്തതുകൊണ്ട് ഈ ആടിനുവേണ്ടി നാലിരട്ടി പകരം കൊടുക്കണം.

നാഥാൻ: അതു ന്യായമാണ്.

ദാവീദ്: ഇതു് യഥാർത്ഥത്തിൽ നടന്നതു തന്നെയോ ?

നാഥാൻ: അതെ.

ദാവീദ്: ഇത്തരം കുററങ്ങൾക്കുള്ള ശിക്ഷ താമസിച്ചുകൂടാ. ഇതു ചെയ്തതാരാണു്?

നാഥാൻ: ഉടനെ വേണ്ട. ഈ ആഘോഷങ്ങളെല്ലാം കഴിഞ്ഞിട്ടു് ശാന്തമായി...

ദാവീദ്: അങ്ങനെയല്ല. സന്തോഷത്തിൽ മതിമറന്നു് നീതിനിർവ്വഹണം മറക്കരുതല്ലോ? ഈ ആഘോഷത്തിനിടയിൽത്തന്നെയാണു് ആ കർമ്മം നടത്തേണ്ടതു്.

നാഥാൻ: എന്തിനിത്ര ധൃതി? സാവകാശമായിട്ടാകാമല്ലോ!

ദാവീദ്: പോരാ, എനിക്കതറിയണം. ദാവീദിൻെറ ഭരണകാലത്തു് യിസ്രായേലിൽ നീതിതന്നെ നടക്കണം. യഹോവയാണ അതു നടക്കയും ചെയ്യും. ആരാണവൻ?

നാഥാൻ: നിർബന്ധമാണോ?

ദാവീദ്: അങ്ങെന്നെ ക്ഷോഭിപ്പിക്കുന്നു. ഇനിയും അവനെ മറച്ചുപിടിച്ചാൽ അങ്ങു് അവൻെറ പങ്കാളിയാണെന്നു് ഞാൻ പറയും.

നാഥാൻ: അതിത്ര ഭയങ്കരമാണോ? ഒരു വെറും ആടു്.

ദാവീദ്: (കുപിതനായി) അതു് ഞാനാണു തീരുമാനിക്കേണ്ടതു്. (മുന്നോട്ടാഞ്ഞു്) ആ മനുഷ്യൻ? ..

നാഥാൻ: ആ മനുഷ്യൻ...(നിലത്തു നോക്കുന്നു)

ദാവീദ്: ഉം?

നാഥാൻ: (മുന്നോട്ടു വന്നു് സിംഹാസനത്തിൻെറ താഴത്തെ പടിയിൽ ചവുട്ടി രാജാവിനെ വിരൽ ചൂണ്ടിക്കൊണ്ടു്) ആ മനുഷ്യൻ നീതന്നെ! യിസ്രായേലിൻെറ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിന്നെ യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്തു. നിന്നെ ശൗലിൻെറ കൈയിൽനിന്നും വിടുവിച്ചു. ഞാൻ നിനക്കു് നിൻെറ യജമാനൻെറ ഗൃഹത്തെയും നിൻെറ മാർവ്വിടത്തിലേക്കു നിൻെറ യജമാനൻെറ ഭാര്യമാരെയും തന്നു. യിസ്രായേൽഗൃഹത്തെയും യഹൂദാഗൃഹത്തെയും നിനക്കു തന്നു. പോരാത്തതെല്ലാം ഞാൻ നിനക്കു തരുമായിരുന്നു. നീ യഹോവയുടെ കല്പന ലംഘിച്ചു് അവനു് അനിഷ്ടമായുള്ളതു ചെയ്തതെന്തിനു്? ഹിത്യനായ ഊറിയാവിനെ വാളുകൊണ്ടു വെട്ടി അവൻെറ ഭാര്യയെ നിനക്കു ഭാര്യയായിട്ടു് എടുത്തു. അവനെ അമ്മോന്യരുടെ വാൾകൊണ്ടു കൊല്ലിച്ചു.

(ഇതിനിടയിൽ രാജാവു് ക്രമേണ ബോധശൂന്യനായിക്കൊണ്ടിരിക്കുകയാണ്. ''അയ്യോ!'' എന്നു വിളിച്ചുകൊണ്ടു് യോവാബും മററും ഓടിച്ചെന്നു് രാജാവിനെ താങ്ങി താഴെ ഇറക്കുന്നു. സർവ്വത്ര ബഹളം. എലിയാം മാത്രം നിശ്ചലനായി ഒരു മൂലയ്ക്കു നിൽക്കുകയാണ്.)

നാഥാൻ: പാപത്തിൻെറ കൂലി മരണമത്രേ.

കർട്ടൻ

രണ്ടാം രംഗം

(രാജാവും, യോവാബ് മുതലായ പ്രഭുക്കന്മാരും. രാജാവു് ക്ഷീണിതനാണ്. വസ്ത്രത്തിലും ശ്രദ്ധയില്ല.)

ദാവീദ്: അപകടമൊന്നുമില്ലെന്നാണു നിങ്ങൾ പറയുന്നതു്.

യോവാബ്: അതെ തിരുമേനി. വൈദ്യനും അങ്ങനെതന്നെ പറഞ്ഞു.

ദാവീദ്: എനിക്കതു വിശ്വസിക്കാൻ വിഷമമാണ്.

യോവാബ്: അങ്ങയുടെയിഷ്ടം. ഞങ്ങൾക്കു തോന്നിയതങ്ങനെയാണ്. ഇനി നമുക്കു് അബ്ശാലോമിനെ നേരിടാം. ഉപവാസമെല്ലാം കഴിഞ്ഞില്ലേ?

ദാവീദ്: ഇല്ല യോവാബ്. എനിക്കെൻെറ മാർഗ്ഗം വ്യക്തമല്ല. മരണം വന്നേ കഴിയൂ. ആർക്കാണെന്നറിയില്ല. ഈ ദിവസങ്ങളെല്ലാം ഞാൻ ഉപവസിച്ചു, പ്രാർത്ഥിച്ചു. പക്ഷേ, ഈ പ്രായശ്ചിത്തംകൊണ്ടൊന്നും മരണദൂതൻ ഈ ഗൃഹത്തെ ഒഴിഞ്ഞുപോയിട്ടില്ല. എൻെറ പാപം ഇതുകൊണ്ടൊന്നും കഴുകിക്കളയപ്പെട്ടിട്ടുമില്ല. പാപം കഴുകിക്കളയപ്പെടാവുന്നതല്ല. അതു കത്തിയെരിഞ്ഞേ അടങ്ങൂ. ജീവനു പകരം ജീവൻ—അതാണ് യിസ്രായേലിൻെറ നിയമം; പാപത്തിൻെറയും. അതെൻെറമേൽത്തന്നെ ആയിരിക്കട്ടെ എന്നാണെൻെറ പ്രാർത്ഥന.

യോവാബ്: തിരുമേനീ, പൊറുക്കണം. ഈ മനോഭാവം ശരിയാണെന്നു തോന്നുന്നില്ല. അബ്ശാലോം പടിവാതിക്കലുണ്ടു്, ഭ്രാന്തുപിടിച്ച ഒരു സൈന്യവുമായി. അവരെ ഇനിയും തടഞ്ഞുനിറുത്തുക സാധ്യമല്ല. അങ്ങു് ഒരിക്കൽ കൂടി പടവെട്ടിയേ മതിയാകൂ.

ദാവീദ്: ഈ കൈകളിൽ ബലം ഇല്ലാ യോവാബ്!

യോവാബ്: പാറാവുകാർക്ക് അങ്ങയെ കണ്ടാൽ മതി; അല്ലെങ്കിൽ അവർ കീഴടങ്ങും. അങ്ങു പറഞ്ഞ ആ മരണം സംഭവിച്ചുവെന്നും വരാം.

ദാവീദ്: അതാണ് യഹോവയുടെ ഇഷ്ടമെങ്കിൽ!

യോവാബ്: യഹോവയുടെ നാമം വെറുതേ എടുക്കുന്നതെന്തിന്? ഇവിടെ ഒരു രാജാവിൻെറ ചുമതലയാണു കാര്യം.

ദാവീദ്: എൻെറ പ്രഥമ ചുമതല എൻെറ പാപത്തോടുള്ളതാണ്. ആ കണക്കാദ്യം തീരണം. അതിനുമുമ്പ് എനിക്കു യഹോവയുടെ അനുഗ്രഹമുണ്ടായിരിക്കയില്ല. യോവാബിനു തോന്നുന്നുണ്ടായിരിക്കാം, ഞാൻ ഭീരുത്വം കാണിക്കയാണെന്ന്. അങ്ങനെയല്ല, പ്രിയപ്പെട്ട യോവാബ്. എനിക്കു തെററിയെന്നു കണ്ടാൽ ഞാനതിനെ അംഗീകരിക്കുന്നു. എൻെറ കയ്പുള്ള പാനീയം ഞാൻ കുടിച്ചുതീർക്കും. (അകത്തുനിന്നൊരു കൂട്ടനിലവിളി) എന്താണത്?

(രാജാവു പരിഭ്രാന്തനായി അകത്തേക്കോടുന്നു. യൂദാ അനുഗമിക്കുന്നു. അകത്തു നിലവിളി തുടരുന്നു. രംഗത്തുള്ളവർ കൂടിനിന്നു രഹസ്യം പറയുന്നു. കുറെക്കഴിഞ്ഞ് യൂദാ വിഷാദഭാവത്തിൽ പ്രവേശിക്കുന്നു)

യോവാബ്: എന്താണു യൂദാ!

യൂദാ: മരിച്ചു!

പല ശബ്ദങ്ങൾ: രാജ്ഞിയോ?

യൂദാ: അല്ല!...കുട്ടി!...

യോവാബ്: രാജ്ഞിക്കെങ്ങനെ?

യൂദാ: രാജ്ഞിക്കപകടമില്ല.

യോവാബ്: യഹോവയുടെ ഇഷ്ടം! യഹോവയ്ക്കു മഹത്വം!

യൂദാ: ഇനി അദ്ദേഹത്തെക്കൊണ്ടെങ്ങനെ യുദ്ധം ചെയ്യിക്കും?

യോവാബ്: യുദ്ധം ചെയ്യുണ്ടായിരുന്നു. അദ്ദേഹമൊന്നു പുറത്തു വന്നിരുന്നെങ്കിൽ!

യൂദാ: അബ്ശാലോം ജയിച്ചതുതന്നെ. അമാസ അത്ര നേരത്തേ കണ്ടു.

യോവാബ്: ആ പ്രവാചകനാണീ കുഴപ്പം ഉണ്ടാക്കിയത്. അബ്ശാലോമിനു നാം ഭാരമായിത്തോന്നും.

ഇസഹാക്ക്: എങ്കിലും തിരുമേനി ഇങ്ങനെ നമ്മെ കൈവെടിയുമെന്ന്...

ദാവീദ്: (ഊരിയ വാളുമായി പ്രവേശിച്ച്) ഇല്ല, ഇസഹാക്ക്. ദാവീദ്‌രാജാവു നിങ്ങളെ കൈവെടിയുകയില്ല. നിങ്ങൾക്കത്ഭുതം തോന്നുന്നുണ്ടായിരിക്കാം. എൻെറ പ്രായശ്ചിത്തം കഴിഞ്ഞിരിക്കുന്നു. ഞാൻ എൻെറ പാപത്തിനുവേണ്ടി

കരഞ്ഞു. പാപത്തിൻെറ ഫലം മരണമേററെടുത്തു. സംഭവി ക്കേണ്ടതു സംഭവിച്ചു. ഇനി ജനങ്ങളോടും നിങ്ങളോടുമുള്ള എൻെറ ചുമതല. യഹോവ എന്നോടുകൂടിയുണ്ടു്. യൂദാ! (യൂദാ പുറത്തേക്കോടുന്നു. ഒരു നിമിഷത്തിനുള്ളിൽ ഗംഭീരമായ കാഹള ധ്വനിയും പെരുമ്പറശബ്ദവും) യോവാബ് പോയി അബ്ശാ ലോമിനെ വിളിച്ചുകൊണ്ടു വരൂ. (യോവാബ് പോകുന്നു. യൂദാ പ്രവേശിച്ചു രാജാവിനു കുടിക്കാൻ കൊടുക്കുന്നു) ഒരു ലഹളത്തലവൻ!

(യോവാബ് ഓടി പ്രവേശിക്കുന്നു)

യോവാബ്: തിരുമേനി പറഞ്ഞതു ചെയ്യാൻ നിവൃത്തി യില്ല.

ദാവീദ്: എന്തു്?

യോവാബ്: അബ്ശാലോമിനോളം വേഗത്തിലോടാൻ കഴിവുള്ള ഒരു ദൂതനെ കിട്ടിയില്ല. തിരുമേനി ആയുധമെടു ത്തെന്നറിഞ്ഞപ്പോൾ സൈന്യം കുമാരൻെറ നേരേ തി രിഞ്ഞു.

ദാവീദ്: എൻെറ മകൻ മരിച്ചു. യഹോവയുടെ നാമം വാ ഴ്ത്തപ്പെടട്ടെ! (അകത്തേക്കു നോക്കി) സൈന്യങ്ങളുടെ യഹോ വയ്ക്കു് ഒരു സങ്കീർത്തനം.

(വാദ്യസംഘം ഒരു കീർത്തനമാരംഭിക്കുന്നു)

കർട്ടൻ

★

ശാലോമി

[ഒരു റേഡിയോനാടകം]

ശാലോമി

ശബ്ദങ്ങൾ

വേദവായനക്കാരൻ, നർത്തകൻ, ഹെറോദ്യ, ഫെലിക്സ്, ശാലോമി, ഹേറോദേസ്, യോഹന്നാൻ, ചുങ്കക്കാരൻ, ഭടൻ, മാലാഖ, സെഖര്യാസ്, പ്രഭുക്കന്മാർ, മററു ശബ്ദങ്ങരം.

[സംഗീതപശ്ചാത്തലം ദേവാലയസമ്പ്രദായത്തിൽ]

വേദവായനക്കാരൻ: ''മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ വാക്കാവിതു്: കത്താവിൻെറ വഴി ഒരുക്കുവിൻ; അവൻെറ പാത നിരപ്പാക്കുവിൻ. എല്ലാ താഴ്‌വരയും നികന്നുവരും; എല്ലാ മലയും കുന്നും താഴും; വളഞ്ഞതു ചൊവ്വായും ദുർഘട മായതു് നിരന്ന വഴിയായും തീരും; സകല ജഡവും ദൈവ ത്തിൻെറ രക്ഷയെ കാണും,'' എന്നിങ്ങനെ യെശയ്യാപ്രവാ ചകൻെറ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെതന്നെ.

(ശബ്ദം ക്രമേണ കുറഞ്ഞവസാനിക്കുന്നു. ചെണ്ടയുടെ ശബ്ദമാരംഭി ക്കുന്നു. തുടന്നു് സംഗീതോപകരണങ്ങളുടെ ശബ്ദവും. അല്പംകൂടിക്കഴിഞ്ഞു് നത്തകിയുടെ ചിലങ്കയും കേരംക്കുന്നു. നൃത്തമേളം വർദ്ധിക്കുന്നു. ഹേറോ ദേസ് രംഗത്തിൽ വരുന്നതുവരെ ഉയന്നും താഴ്ന്നും തുടരുകയും ചെയ്യണം)

നത്തകൻ: (താളത്തിനൊപ്പിച്ചു്) ഇടത്തു്... ഇടത്തു്... ആ. അ! ...കഴുത്തു്... അങ്ങിനെ. അങ്ങിനെ... വിരലു സൂക്ഷിക്കണം ഉം... ആ... (ശബ്ദം താഴ്ത്തി) ദേവീ, രാജകുമാരി എത്ര വേഗം പഠിക്കുന്നു!

ഹെറോദ്യ: ങ്ഹാ! എൻെറ മകളല്ലേ.

നത്തകൻ: അത്രയ്ക്കായിട്ടില്ല. (ഉറച്ചു്) ഇടത്തു്... ആ ആ... ഒന്നു കൂടി. നന്നായി കുനിയണം.

(ആരോ നടന്നുവരുന്ന ശബ്ദം)

ഫെലിക്സ്: ജോർ ! ജോർ ! (ഹസ്തതാഡനം)

നർത്തകൻ: ശ്...ശ്ശ്...

ഹെറോദ്യ: ഹെയ് ചെറുപ്പക്കാരാ, നിങ്ങൾക്കെന്താണിവിടെ കാര്യം ?

ഫെലിക്സ്: ഉം ! എന്തൊരു ചോദ്യം ?

ഹെറോദ്യ: മറുചോദ്യം ഉത്തരമാകയില്ല.

ഫെലിക്സ്: ഞാൻ കലയുടെ കാമുകനാണ്.

ഹെറോദ്യ: കലയുടെ മാത്രം ? ഭാഗ്യമായി.

ഫെലിക്സ്: എന്റെ ഹൃദയം അനന്തവിശാലമാണ്.

ഹെറോദ്യ: റോമിലെ തെരുവുകൾപോലെ.

(രണ്ടുപേരും ചിരിക്കുന്നു)

ഫെലിക്സ്: വേണ്ടത്ര പരിചയമുള്ളവരല്ലേ പറയുന്നത്.

ഹെറോദ്യ: റോമൻ തെരുവുതെണ്ടികളും യഹൂദ രാജകുമാരികളുമായി വ്യത്യാസമുണ്ട്.

ഫെലിക്സ്: അതുകൊണ്ടാണല്ലോ ഫെലിക്സിനെ ഇവിടെ കാണുന്നത്.

നർത്തകൻ: (അല്പം അകലെനിന്ന്) അല്ല. അല്ല...രണ്ടു കയ്യും കൂട്ടിച്ചേർത്ത്...ങ്ഹാ...ശരി...അങ്ങനെ.

ഹെറോദ്യ; ഫെലിക്സ്, നിങ്ങൾ അദ്ദേഹത്തെ അറിയുമോ ?

ഫെലിക്സ്: നർത്തകനാണെന്നുമാത്രം. ഈജിപ്റ്റ് ?

ഹെറോദ്യ: അല്ല. ഇന്ത്യ. പരിചയപ്പെടേണ്ട ആളാണ്. പണ്ഡിതരേ, ഇത് റോമൻ സേനാപതി ഫെലിക്സ്.

നർത്തകൻ: നമസ്കാരം.

ഫെലിക്സ്: കൊള്ളാം. കൊള്ളാം.

(പെട്ടെന്ന് ചിലങ്കയുടെയും പക്കമേളത്തിന്റെയും ശബ്ദം നിലയ്ക്കുന്നു)

ഹെറോദ്യ: എന്ത് ശാലോമി, നീ എന്താണ നിർത്തിക്കളഞ്ഞത് ?

ശാലോമി: (അല്പമകലെനിന്ന് ഉച്ചത്തിൽ) നിങ്ങളെന്താണവിടെ ഗൂഢാലോചന ?

ഹെറോദ്യ: ഒന്നുമില്ല. ആടിക്കോളൂ.

ശാലോമി: ആരും കാണാനില്ലെങ്കിൽ ഞാനെന്തിനാടുന്നു ?

നർത്തകൻ: ഞാൻ ശ്രദ്ധിക്കുന്നുണ്ട്.

ഫെലിക്സ്: പണ്ഡിതർ മാത്രമല്ല.

ശാലോമി: അറിയാം. അതാണു കുഴപ്പം.

ഫെലിക്സ്: കുഴപ്പമെന്താണ് ?

ശാലോമി: ഇതു കവാത്തല്ല.

ഫെലിക്സ്: നിർഭാഗ്യവശാൽ !

ശാലോമി: ഉം? ആയിരുന്നെങ്കിൽ ?

ഹെറോദ്യ: മതി. മതി. തുടരു ശാലോമി.

(ചിലങ്ക പിന്നെയും കേൾക്കുന്നു. അല്പസമയത്തേയ്ക്ക് നൃത്തം മാത്രം. പിന്നെയും സംസാരം താഴ്ന്ന സ്വരത്തിൽ തുടരുന്നു)

ഹെറോദ്യ: പണ്ഡിതർ !

നർത്തകൻ: ദേവീ !

ഹെറോദ്യ: ഈ നൃത്തസമ്പ്രദായം വളരെ പ്രചരിക്കുന്നുണ്ടോ?

നർത്തകൻ: വളരെ,

ഫെലിക്സ്: നിങ്ങളുടെ നാട്ടിൽനിന്നു് പലതും പ്രചരിക്കുന്നുണ്ടെന്നു തോന്നുന്നു.

നർത്തകൻ: ഉണ്ടു്. സ്വർണ്ണം, കലകൾ മതങ്ങൾ...

ഫെലിക്സ്: തീർന്നില്ല.

ഹെറോദ്യ: നിങ്ങളെന്താണുദ്ദേശിക്കുന്നതു് ?

ഫെലിക്സ്: കിറുക്കു്, ഭ്രാന്തു്....

നർത്തകൻ: ഏ !

ഫെലിക്സ്: ഈശ്വരന്മാർ ഭക്ഷണം തന്നിട്ടുള്ളപ്പോൾ പട്ടിണി കിടക്കുക. പട്ടുള്ളപ്പോൾ തോലുടുക്കുക. വീടുണ്ടെങ്കിലും ഗുഹകളിൽ താമസിക്കുക.

ഹെറോദ്യ: പണ്ഡിതരേ, ഫെലിക്സിനു് സന്യാസികളോടു് ബദ്ധവിരോധമാണു്.

നർത്തകൻ: ഞങ്ങളുടെ നാട്ടിൽ പകലും രാത്രിയുമുണ്ടു്.

ഹെറോദ്യ: ഫെലിക്സ്, അങ്ങേയ്ക്കു തെററിപ്പോയി. സന്യാസിമാർ ഇവിടെയുമുണ്ടു്. അങ്ങു് നാസിർ വ്രതക്കാരെ കണ്ടിട്ടുണ്ടോ ?

ഫെലിക്സ്: ഭാഗ്യവശാൽ, ഇല്ല. അവരെന്തു ചെയ്യുന്നു ?

ഹെറോദ്യ: ഒന്നും ചെയ്യുന്നില്ല.

നർത്തകൻ: ഞങ്ങളുടെ സന്യാസിമാർ തപസ്സു ചെയ്യുന്നു.

ഹെറോദ്യ: ഇടയ്ക്കു് മദംപൊട്ടി ഓടിനടക്കുമോ ?

ഫെലിക്സ്: അതു പോകട്ടെ. അവരാണോ ഈ സ്നാനം കഴിപ്പിക്കാൻ നടക്കുന്നതു് ?

നർത്തകൻ: ഞങ്ങൾ സ്നാനം കഴിക്കാറുണ്ടു്. പ്രയാഗഘട്ടമെന്നു കേട്ടിട്ടുണ്ടോ ?

ഹെറോദ്യ: കൂടാതെ കഴിഞ്ഞാൽ മതി.

ഫെലിക്സ്: പണ്ഡിതരേ, എനിക്കല്പം നൃത്തം പഠിച്ചാൽ കൊള്ളാമെന്നൊരു മോഹം.

നൎത്തകൻ: ചവുട്ടിത്തിരുമ്മണം.

ഫെലിക്സ്: എന്നെയോ ?

നൎത്തകൻ: അതെ.

ഫെലിക്സ്: ഒരു റോമൻ പടയാളിയെ ചവിട്ടുമെന്നോ ?

നൎത്തകൻ: പടയാളിയായതുകൊണ്ടുതന്നെ.

ഫെലിക്സ്: അങ്ങനെയും വന്നുകൂടി. കേട്ടോ രാജകുമാരീ, ഏതായാലും നൃത്തം പഠിച്ചേ കഴിയൂ.

ഹെറോദ്യ: ഒട്ടകം ഭ്രാന്തിളകിയതുപോലിരിക്കും.

(എല്ലാവരും പൊട്ടിച്ചിരിക്കുന്നു. ബഹളത്തിനിടയിൽ ''ഫെലിക്സ്! ഫെലിക്സ്?'' എന്നു് ഹേറോദേസിന്റെ ശബ്ദം ഉയൎന്നു കേൾക്കുന്നു; കാൽപെരുമാററം. നൃത്തം നിലയ്ക്കുന്നു)

ഹേറോദേസ്: എന്താണിതു് ഫെലിക്സ് ? രാജ്യം തകരുമ്പോൾ പെണ്ണുങ്ങൾക്കു് കൂട്ടിരിക്കയാണോ ?

ഫെലിക്സ്: എന്തുപററി ?

ഹേറോദേസ്: എന്തുപററി ! എന്തുപററി ! ഉത്തരവാദമില്ലാത്ത ചെറുപ്പക്കാരൻ !

ഫെലിക്സ്: തിരുമേനീ ! ഞാൻ ഉത്തരവാദം മറക്കുന്നതല്ലേ അങ്ങേയ്ക്കു ക്ഷേമം ?

ഹേറോദേസ്: ഫെലിക്സ്, നിങ്ങൾ എന്റെ ഉദ്യോഗസ്ഥനല്ല, സമ്മതിച്ചു. പക്ഷേ എന്റെ അധികാരം ഗലീലയിൽ അവസാനിച്ചാൽ അന്നു് റോമൻ സാമ്രാജ്യവും അവസാനിച്ചു. അറേത്താസ് നിങ്ങളുടെ സാമന്തനല്ല.

ഫെലിക്സ്: അറേത്താസിനു് ഇവിടെ എന്തു കാൎയ്യം ?

ഹേറോദേസ്: അതുതന്നെയാണു് ഞാനും ചോദിക്കുന്നതു്. അറബിരാജാവിനു് യഹൂദന്റെ നാട്ടിൽ യാതൊരു കാൎയ്യവുമില്ല. പക്ഷേ അയാളതു് വകവയ്ക്കുമെന്നു തോന്നുന്നില്ല; അയാളുടെ സൈന്യവും വകവയ്ക്കുമെന്നു തോന്നുന്നില്ല.

ഹെറോദ്യ: വളച്ചുകെട്ടാതെ കാൎയ്യം പറഞ്ഞുകൂടെ ?

ഹേറോദേസ്: കാൎയ്യവും കാരണവുമെല്ലാം നീതന്നെ. ആ ശവം മക്കാറസിൽനിന്നു് ഒളിച്ചോടി. ഓ, ഫെലിക്സിനറിഞ്ഞുകൂടായിരിക്കും. എന്റെ അറബിഭാൎയ്യ. അവൾ അവളുടെ അച്ഛന്റെയടുത്തു് ആവലാതി ബോധിപ്പിച്ചിരിക്കയാണു്. അയാൾ കോപ്പുംകൂട്ടി പുറപ്പെട്ടിരിക്കുന്നത്രേ, മക്കാറസ് പിടിക്കാനാണു് ശ്രമം.

ഹെറോദ്യ: എവിടെയോ കിടന്ന അറബിപ്പെണ്ണുങ്ങളെ വേട്ടു കൊണ്ടുവന്നു് കുഴപ്പമുണ്ടാക്കിയതിനു് ഞാനെന്തു പിഴച്ചു ? അറേത്താസ് ആക്രമിച്ചാൽ അടിച്ചോടിക്കണം.

ഹേറോദേസ്: അന്തഃപ്പുരത്തിലിരുന്നു് മൊഴിഞ്ഞാൽ മതിയല്ലോ. അതിനു് എവിടെയാണു് സൈന്യം? യഹൂദന്മാർ സൈന്യത്തിൽ ചേരുകയില്ല.

ഹെറോദ്യ: ചേർന്നില്ലെങ്കിൽ, അറബിയായിരിക്കും നാടു ഭരിക്കുന്നതു്. അത്രതന്നെ,

ഹേറോദേസ്: അവൾക്കു ഞാനും അയാളും സമമാണത്രേ.

ഫെലിക്സ്: തർക്കിച്ചുനിന്നിട്ടെന്തു കാര്യം? നമുക്കുടനെ പുറപ്പെടാം. എന്റെ സൈന്യം തയ്യാറുണ്ടു്.

ഹേറോദേസ്: ഒട്ടും താമസിച്ചുകൂടാ. ഉടനെ പോകണം. ഹെറോദ്യ, ഞങ്ങൾ പോകുന്നു.

ഹെറോദ്യ: എങ്ങോട്ടു്?

ഹേറോദേസ്: മക്കാറസിലേയ്ക്കു്.

ഹെറോദ്യ: ഞാനും വരുന്നു.

ഹേറോദേസ്: എന്തിനു്? അറേത്താസിനെ നോക്കി തോല്പിക്കാനോ?

ഹേറോദ്യ: (കുപിതയായി അലറുന്നു) ഞാൻ വരുന്നുവെന്നാണു പറഞ്ഞതു്! കേട്ടോ ഹേറോദേസ്, ഞാനും വരുന്നുവെന്നു്! എന്തിനെന്നു് ഞാൻ ആലോചിച്ചുകൊള്ളാം. ഹെറോദ്യയാണു് പറയുന്നതു്.

(ശബ്ദം മങ്ങി നിലയ്ക്കുന്നു)

(ഒരു സാർത്ഥവാഹിസംഘം പുറപ്പെടുന്നതിന്റെ ശബ്ദകോലാഹലം. ഒട്ടകമണിയുടെ കിലുക്കം, രഥങ്ങളുടെ ശബ്ദം, ആയുധങ്ങളുടെ മുഴക്കം. ''ഏയ്, അവിടെ!'' ''സെബുലൂൻ!'' ''വേഗം, വേഗം,'' ''തിരുമേനി പുറപ്പെട്ടുകഴിഞ്ഞു്'' ''നഫ്താലി!'' ''അതും ഇരിക്കട്ടെ'' മുതലായി പലവിധ ആളുകളും വിളികളും കേൾക്കാം. പശ്ചാത്തലത്തിൽ പെരുമ്പറയുടെ ധ്വനിയും സമരരംഗവും മുഴങ്ങുന്നുണ്ടു്. അല്പനേരംകൊണ്ടു് ബഹളം വർദ്ധിച്ചു്, (''മക്കാറസിലേയ്ക്കു്!'' മക്കാറസിലേയ്ക്കു്! ' ''അറേത്താസിനു് മരണം!'' ''മരണം!'' മുതലായ ഗർജ്ജനങ്ങളിലെത്തുന്നു. വലിയ ഒരു ബഹളത്തോടെ സൈന്യം പുറപ്പെടുന്നു. ശബ്ദം കുറഞ്ഞു കുറഞ്ഞു് രഥത്തിന്റെ ഉലച്ചിലും ചക്രങ്ങളുടെ ഉരുളലും മാത്രമായിത്തീരുന്നു)

ഫെലിക്സ്: ശാലോമീ!

ശാലോമി: ഉം.

ഫെലിക്സ്: വല്ലതും പറയൂ.

ശാലോമി: ഉം.

ഫെലിക്സ്: അതു് സംസാരമല്ല.

ശാലോമി: ഉം.

ഫെലിക്സ്: അല്ലെന്നോ ആണെന്നോ?

ശാലോമി: ഉം.

ഫെലിക്സ്: എന്നെ പരിഹസിക്കുകയാണ്.
ശാലോമി: ഉം.
ഫെലിക്സ്: എന്നോട് പിണക്കമാണോ?
ശാലോമി: ഉം.
ഫെലിക്സ്: (വികാരാവേഗത്തോടെ) ശാലോമീ ! ശാലോമീ !
ശാലോമി: (വളരെ ഉച്ചത്തിൽ) എന്തോ ! (സാധാരണ ശബ്ദത്തിൽ സ്വയം) എന്തൊരു കാമുകൻ ദൈവമേ ! ഒരു നിമിഷം തനിച്ചിരിക്കാൻ സമ്മതിക്കയില്ല. അങ്ങേയ്ക്കു് വെറുതേയിരുന്നുകൂടെ ?
ഫെലിക്സ്: മാപ്പ്. രാജകുമാരിയ്ക്കെന്തോ വിഷമമുണ്ടെന്നു തോന്നുന്നു. എന്നോട് പറഞ്ഞുകൂടെ.
ശാലോമി: ഫെലിക്സ്, നിങ്ങൾ ഉപദ്രവിക്കാതിരിക്കൂ.
ഫെലിക്സ്: ശാലോമീ, ഇത്ര പെട്ടെന്നെന്താണ് സംഭവിച്ചത്. ഇതുവരെ ഞാനിത്ര അന്യനായിരുന്നില്ലല്ലോ. ഞാനെന്റെ ചുമതലകൂടി മറന്നു...
ശാലോമി: ഞാൻ പറഞ്ഞോ ചുമതല ഉപേക്ഷിക്കാൻ ? ഈ പെങ്കോന്തൻരാജാവിനെ റോമാക്കാർ കരിശിലേററിയാൽ എനിക്കെന്തു ചേതം ?
ഫെലിക്സ്: പിന്നെയെന്താണ് കുഴപ്പം ?
ശാലോമി: കുഴപ്പമുണ്ടെന്നാരു പറഞ്ഞു ? പെണ്ണുങ്ങളെയും കെട്ടിവലിച്ച് യുദ്ധത്തിനു് !

(തുപ്പുന്ന ശബ്ദം)

ഫെലിക്സ: അതിനു് ഞാനല്ലല്ലോ ഉത്തരവാദി.
ശാലോമി: ചോദിച്ചോ, ആരാണുത്തരവാദിയെന്നു് ?
ഫെലിക്സ് : ശാലോമി ഇങ്ങിനെ ദേഷ്യപ്പെടാതെ. പുറകോട്ടു നോക്കൂ. അതാ ആ രഥത്തിൽ എത്ര രമ്യമായിട്ടാണു് നിങ്ങളുടെ അമ്മയും ഹേറോദേസുംകൂടി ...

(ശബ്ദം മങ്ങിപ്പോകുന്നു)

* * *

ഹെറോദ്യ: അതിനു് ആദ്യമായി വേണ്ടതു് ഈ പ്രഭുക്കന്മാരെ വരുത്തി ഒരു വിരുന്നു കൊടുക്കുകയാണു്.
ഹേറോദേസ്: രാജ്യകാര്യം വേശ്യാലയം പോലെയല്ലേ നടത്തുന്നതു്.
ഹെറോദ്യ: ഒന്നു പറഞ്ഞില്ല, അതിനുമുമ്പേ വേണ്ടാത്തതോരോന്നു പറഞ്ഞുതുടങ്ങിയല്ലോ.
ഹേറോദേസ്: അക്കാര്യമെല്ലാം ഞാനാലോചിച്ചുകൊള്ളാം.
ഹെറോദ്യ: അറേത്താസിന്റെ മകളുടെ രുചി പോയിട്ടില്ല അല്ലേ ?

ഹേറോദേസ്: തെററൊന്നുമില്ല. ഹാഗോറിൻെറ സന്തതിയാണ്.

ഹെറോദ്യ: ശരിതന്നെ. പക്ഷേ മകളെയല്ല, അച്ഛനെയാണ കിട്ടാൻ പോകുന്നതു്.

ഹേറോദേസ്: എന്നാൽ അയാളെ തോല്പിച്ചു് രാജ്യത്തെയും ഭർത്താവിനെയും രക്ഷിക്കു്. ക്ലെയോപാട്രാ അങ്ങിനെ ചെയ്യുവെന്നു് കേട്ടിട്ടുണ്ടു്.

ഹെറോദ്യ: ഇങ്ങിനെ ഓരോന്നു പറഞ്ഞിട്ടെന്തു പ്രയോജനം? നമ്മുടെ സൈന്യം തീരെ ചെറുതാണ്. ജനങ്ങൾ അങ്ങയെ വെറുക്കുന്നു.

ഹേറോദേസ്: പിന്നെ ചിലരൊക്കെ എന്നെ സ്നേഹിക്കുന്നുണ്ടു്; അതുമതി.

ഹെറോദ്യ: എന്നെ ആരും കുറുക്കനെന്നു വിളിക്കുന്നില്ല.

ഹേറോദേസ്: എൻെറ സ്ഥാനപ്പേരുകൾ എണ്ണിപ്പറയാൻ റോമായിലെ തെരുവുകളിൽനിന്നൊരാളെ കെട്ടിവലിച്ചു കൊണ്ടുവരേണ്ടിയിരുന്നില്ല.

ഹെറോദ്യ: ഒട്ടകക്കാരൻെറ വർഗ്ഗത്തിനു് പലതും പറയാൻ തോന്നും.

ഹേറോദേസ്: ഹെറോദ്യാ, വെറുതേ കലഹമുണ്ടാക്കണ്ട.

ഹെറോദ്യ: പറഞ്ഞുപറഞ്ഞു് കലഹത്തിനുത്തരവാദി ഞാനായി. പോകട്ടെ, എൻെറ വിധി. പക്ഷേ അങ്ങെന്തു പറഞ്ഞാലും ഈ പ്രഭുക്കന്മാരെക്കൂടാതെ നമുക്കു് ഭടന്മാരെ കിട്ടുകയില്ല. അവരെ വശത്താക്കണം.

ഹേറോദേസ്: അതു് എൻെറ ഭാർയ്യയുടെ സൗന്ദര്യ്യം കൊണ്ടല്ല.

ഹെറോദ്യ: ആണെന്നാരു പറഞ്ഞു? അവർ റോമയെ വെറുക്കുന്നു. സ്വാതന്ത്ര്യത്തിനെന്നു പറഞ്ഞാൽ അവർ നമ്മോടു സഹകരിക്കും. അല്ലാതെ മറെറന്തു മാർഗ്ഗമാണുള്ളതു് ?

ഹേറോദേസ്: ഇതാ (ഒരു പെട്ടിയിൽ ഇടിക്കുന്ന ശബ്ദം) ഇതുതന്നെ മാർഗ്ഗം. യഹൂദന്മാരെ, വിലകൊടുത്തല്ലാതെ വാങ്ങാൻ കഴികയില്ല. ആൾക്കൂട്ടം കാണുന്നിടത്തു് ഇതു വാരി വിതറിക്കൊള്ളൂ.

ഹെറോദ്യ: പണത്തിനൊരവസാനമില്ലേ ?

ഹേറോദേസ്: ഗലീലയിൽ ഇനിയും പണമുണ്ടു്.

ഹെറോദ്യ: ഉണ്ടായിരിക്കാം. അതു് നമുക്കു ലഭിക്കണമെന്നു് എനിക്കു നിർബന്ധമില്ല.

ഹേറോദേസ്; ലഭിക്കണമെന്നു് എനിക്കു നിർബന്ധമുണ്ടു്.

ഹെറോദ്യ: ലഭിക്കുമെന്നുതന്നെയിരിക്കട്ടെ. എങ്കിലും ഒരാദർശം പറയുന്നതാണു് കുറേക്കൂടി ബുദ്ധി. സ്വാതന്ത്ര്യമെന്നു പറയുമ്പോഠംത്തന്നെ ഉന്മേഷം ഉണ്ടാകും.

ഹേറോദേസ്: തത്തയെപ്പോലെ പറഞ്ഞതുതന്നെ ആവർത്തിക്കുകയാണു്! സ്വാതന്ത്ര്യത്തിൻെറ കാര്യം പറയുന്നതുകൊണ്ടൊരു ഗുണവുമില്ല.

ഹെറോദ്യ: എന്താണെന്നു പറഞ്ഞുകൂടെ? രഹസ്യം വല്ലതുമുണ്ടോ?

ഹേറോദേസ്: രഹസ്യമല്ല. പരസ്യമാണു്. സ്വാതന്ത്ര്യത്തിൻെറ കാര്യമെല്ലാം അവർ മിശിഹായ്ക്കു വിട്ടുകൊടുത്തിരിക്കയാണു്. മിശിഹായെ മാത്രമേ അവർ അനുഗമിക്കയുള്ളു. ആരാണു് മിശിഹാ എന്നവക്കറിഞ്ഞുകൂടാ. മക്കാബിയസിൻെറ പുറകേ അവർ നടന്നു. അങ്ങിനെ മററു പലരുടെയും. ആകെക്കൂടി കിട്ടിയ മിച്ചം കുറെ അധികം ശാപമേററ തടിക്കഷണങ്ങളായിരുന്നു. അങ്ങിനെ നിരാശപ്പെട്ടിരിക്കുന്നവരോടു് സ്വാതന്ത്ര്യത്തിൻെറ കാര്യം പറയുക! അതും ഞാൻ!!

ഹെറോദ്യ: അങ്ങേയ്ക്കെന്തുകൊണ്ടു് മിശിഹായായിക്കൂടാ?

ഹേറോദേസ്: ഏ! ഞാൻ മിശിഹായോ!... അതെ. അതൊരു വിദ്യയാണു്. എന്തുകൊണ്ടായിക്കൂടാ?... ഹെറോദ്യ, നീ ബുദ്ധിമതിതന്നെ!

ഹെറോദ്യ: എൻെറ ഭർത്താവു് ചക്രവർത്തിയാകുവാൻവേണ്ടി.

ഹേറോദേസ്: ചക്രവർത്തിനിയാകുന്നതിൽ ഒരു താല്പര്യവുമില്ല, അല്ലേ?

ഹെറോദ്യ: അങ്ങു് ചക്രവർത്തിയാണെങ്കിൽ മാത്രം.

ഹേറോദേസ്: പക്ഷേ...ഹെറോദ്യ!

ഹെറോദ്യ: എന്തു്?

ഹേറോദേസ്: അതു വളരെ ആപല്ക്കരമായ വഴിയാണു്.

ഹെറോദ്യ: ആപത്തെവിടെയാണു്? ജനങ്ങഠം വിശ്വസിക്കയില്ലെന്നോ?

ഹേറോദേസ്: അതല്ല. രാജത്വമുള്ളതുകൊണ്ടു് അവരെ വിശ്വസിപ്പിക്കാം. പക്ഷേ, ഇതിൻെറ മണം റോമയിലെത്തിയാൽ തല പോകും.

ഹെറോദ്യ: അതിനു്, ആരാണിതും കെട്ടിച്ചുമന്നു് റോമയിലേയ്ക്കു പോകുന്നതു്?

ഹേറോദേസ്: ഫെലിക്സിൻെറ ഉദ്യോഗമെന്താണെന്നാണു് ധരിച്ചിരിക്കുന്നതു്?

ഹെറോദ്യ: ഇതുവരെ എന്തായിരുന്നോ, അറിഞ്ഞുകൂടാ. ഇപ്പോഠം നത്തകനാണു്.

ഹേറോദേസ്: നത്തകനോ?

ഹെറോദ്യ: അതെ. അയാളുടെ കാര്യംകൊണ്ടു് വിഷമിക്കണ്ട. അതു ഞാനേററു.

ഹേറോദേസ്: ആ ഏർപ്പാടെനിക്കിഷ്ടമില്ല.

ഹെറോദ്യ: ഞാനേൽക്കുന്നതോ? സാധു! പേടിച്ചുപോയി. റോമൻ യുവാക്കന്മാർ അത്ര സമത്ഥന്മാരായിരുന്നെങ്കിൽ ഞാൻ ഗലീലയിലേയ്ക്കു പോരുമായിരുന്നോ?

ഹേറോദേസ്: നീയും നിൻെറ റോമയും...നിറുത്തു്!

ഹെറോദ്യ: പ്രാണനാഥാ, ക്ഷോഭിക്കാതിരിക്കു്. അക്കാര്യം ശാലോമി നോക്കിക്കൊള്ളും.

ഹേറോദേസ്: ഇതൊക്കെ നോക്കാൻ വേറെ ആളുണ്ടു്.

ഹെറോദ്യ: ശരി. ഒരു വഴിയുണ്ടാക്കാം. രഥം നിറുത്താൻ പറയൂ. ഞാൻ ഫെലിക്സിൻെറ രഥത്തിൽ പോകാം. ശാലോമി ഇങ്ങു പോരട്ടെ.

ഹേറോദേസ്: ശല്യം ചെയ്യാതെ ഹെറോദ്യാ.

ഹെറോദ്യ: ശ്—ശ്—അതെന്താണു് പുഴവക്കത്തു് ഒരാഠം കൂട്ടം? നമുക്കു പണമെറിയണം.

ഹേറോദേസ്: നിൽക്കു്. നിൽക്കു്. എന്താണെന്നറിയട്ടെ. (അല്പം ഉച്ചത്തിൽ) അബ്ദീശായി, രഥങ്ങഠം നിൽക്കട്ടെ.

(കാഹളം മുഴങ്ങുന്നു. രഥങ്ങളുടെ കലുക്കവും സംഘഗാനവും നിലയ്ക്കുന്നു)

യോഹന്നാൻ: (ദൂരത്തിൽനിന്നു്) സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ! മരുഭൂമിയിൽ വിളിച്ചു പറയുന്നവൻെറ വാക്കാവിതു്: ''കത്താവിൻെറ വഴി ഒരുക്കുവിൻ; അവൻെറ പാത നിരപ്പാക്കുവിൻ. എല്ലാ താഴ്‌വരയും നികന്നുവരും; എല്ലാ മലയും കുന്നും താഴും. വളഞ്ഞതു ചൊവ്വായും, ദുർഘടമായതു് നിരന്ന വഴിയായും തീരും. സകല ജഡവും ദൈവത്തിൻെറ രക്ഷയെ കാണും.''

ഹേറോദേസ്: യോഹന്നാനാണെന്നു തോന്നുന്നു.

ഹെറോദ്യ: സ്നാപകനോ?

ഹേറോദേസ്: അതെ.

ഹെറോദ്യ: മിശിഹാമാരുടെ ഒരു കൊയ്ത്താണു് ഈ കാലം.

ഹേറോദേസ്: ശബ്ദമുണ്ടാക്കാതെ. നമുക്കു കുറച്ചുകൂടി അടുത്തു നിൽക്കാം.

(രഥമുരുളുന്ന ശബ്ദം)

യോഹന്നാൻ: (കുറേക്കൂടി ഉച്ചത്തിൽ) സർപ്പസന്തതികളേ, വരുവാനുള്ള കോപത്തിൽനിന്നു് ഒഴിഞ്ഞു് ഓടിപ്പോകുവാൻ നിങ്ങൾക്കു് ഉപദേശിച്ചുതന്നതു് ആർ ? മാനസാന്തരത്തിനു യോഗ്യമായ ഫലം കായു്പിൻ. അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ടു് എന്നു മനസ്സാ പറയാൻ തുനിയരുതു്. അബ്രഹാമിന്നു് ഈ കല്ലുകളിൽനിന്നു് മക്കളെ ഇളക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇപ്പോൾതന്നെ വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വെച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു ചുട്ടുകളയുന്നു.

ഒരു ശബ്ദം: ഗുരോ, അങ്ങു് ഏലിയാവാണോ ?

യോഹന്നാൻ: അല്ല.

മറെറാരു ശബ്ദം: അങ്ങു മോശയാണോ ?

യോഹന്നാൻ: അല്ല.

മൂന്നാമത്തെ ശബ്ദം: ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന രക്ഷകനാണങ്ങെന്നു് വരുമോ ?

യോഹന്നാൻ: ഇല്ല, ഇല്ല; ഞാൻ വെറുമൊരു മനുഷ്യൻ. ഞാനൊരു മുന്നോടി മാത്രമാണു്. ഞാൻ നിങ്ങളെ വെള്ളം കൊണ്ടു മാത്രം സ്നാനം കഴിപ്പിക്കുന്നു. എന്നാൽ എന്നിലും ബലവാനായവൻ വരുന്നു. അവൻെറ ചെരുപ്പിൻെറ വാറു് അഴിപ്പാൻ ഞാൻ യോഗ്യനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും സ്നാനം കഴിപ്പിക്കും. അവന്നു് വീശുമുറം കൈയിൽ ഉണ്ടു്. അവൻ കളത്തെ മുററും വെടിപ്പാക്കി ഗോതമ്പു് കളപ്പുരയിൽ കൂട്ടിവെയ്ക്കയും, പതിർ കെടാത്ത തീയിൽ ഇട്ടു് ചുട്ടുകളകയും ചെയ്യും.

ഒരു ശബ്ദം: ഗുരോ, ഞങ്ങൾ എന്തു ചെയ്യണം ?

യോഹന്നാൻ: രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണസാധനങ്ങൾ ഉള്ളവരും അങ്ങനെതന്നെ ചെയ്യണം.

ചുങ്കക്കാരൻ; ഗുരോ, ഞാനൊരു ചുങ്കക്കാരനാണു്. എനിക്കു് മററു തൊഴിലൊന്നുമില്ല. എനിക്കെന്തെങ്കിലും ആശയ്ക്കു വഴിയുണ്ടോ ?

യോഹന്നാൻ: നിങ്ങളോടു് കല്പിച്ചതിൽ അധികം പിരിക്കരുതു്. അതു മതി.

ഭടൻ: ഞങ്ങൾ പട്ടാളക്കാരെന്തു ചെയ്യണം ?

യോഹന്നാൻ: കൊള്ള ചെയ്യാതിരിക്കുക. ചതിവു് ഒന്നും എടുക്കരുതു്. ന്യായമായി ലഭിക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുക.

ഹെറോദ്യ: (രഹസ്യമായി) പട്ടാളക്കാരുണ്ടു്! നമുക്കു കുറെ പണം വിതറിനോക്കാം. കാണാമല്ലൊ അവരെന്തു ചെയ്യുമെന്നു്.

ഹേറോദേസ്: സൂക്ഷിക്കണം. പ്രവാചകൻ കോപിച്ചേയ്ക്കും.

ഹെറോദ്യ: ഇല്ല. ആരെങ്കിലും നമ്മോടു ചേരാതിരിക്കയില്ല. പണമല്ലേ? അങ്ങു് എഴുന്നേററുനിന്നു് സംസാരിക്കണം.

ഹേറോദേസ്: (വികാരത്തോടെ) എൻെറ ജനമേ, ഇസ്രായേലേ, എഴുന്നേല്പിൻ! അറേത്താസ് നമ്മുടെ നാടു് ആക്രമിച്ചിരിക്കുന്നു. ഓരോ യഹൂദനും ആയുധമെടുക്കണം. എല്ലാവരും മക്കാറസിലേയ്ക്കു്!

(പണമെറിയുന്നതിൻെറയും അതു പെറുക്കുന്ന ബഹളത്തിൻെറയും ശബ്ദം)

യോഹന്നാൻ: എന്താണിതു്? (ഭയങ്കര ശബ്ദത്തിൽ) നിശ്ശബ്ദം! (എല്ലാം ശാന്തമാവുന്നു) പിശാചിൻെറ സന്തതി! ഇന്നലെ നിങ്ങളുടെ കൈയിൽനിന്നു് കൊള്ളചെയ്ത പണം ഇന്നു് നിങ്ങളുടെ മുമ്പിൽ വലിച്ചെറിയുമ്പോൾ, നിങ്ങൾ ഭ്രാന്തിളകിയ പന്നികളെപ്പോലെ അതിനു മുമ്പിൽ കിടന്നു മറിയുന്നു. നാണംകെട്ട വർഗ്ഗം! നിങ്ങൾ എങ്ങനെ രക്ഷിക്കപ്പെടും? (അല്പം നിറുത്തി) ഹേറോദേസ്, വെറുക്കപ്പെട്ട നാടുവാഴീ, ഫീലിപ്പോസിൻെറ ഭാര്യയായ ആ രാജകീയ വേശ്യയെ മോഷ്ടിച്ചെടുത്ത മൃഗമേ, നിൻെറ ധനപ്രതാപം പ്രദർശിപ്പിക്കുവാൻകണ്ട സ്ഥലം ഇതാണല്ലേ! ഈ വിശുദ്ധസ്ഥലത്താണു് നീ സൈന്യശേഖരം നടത്തുന്നതു്. ഹേറോദേസ്, ഭൂമിയിലുള്ള യാതൊരു സൈന്യത്തിനും നിന്നെ രക്ഷിക്കാൻ കഴിയുകയില്ല. തലമുറകൾക്കു മുമ്പേ ശപിക്കപ്പെട്ടവനാണു് നീ. നിൻെറ ശരീരം പുഴവും കൃമിയും അരിച്ചു തിന്നുന്ന കാലം വിദൂരമല്ല.

(ആൾക്കൂട്ടം ആർത്തുവിളിക്കുന്നു. ''രാജ്യദ്രോഹി'', ''ഊളൻ'', ''കള്ളൻ'', ''കുറുക്കൻ'', ''വേശ്യ'' മുതലായ വിളികൾ കേൾക്കാം. പെട്ടെന്നു രഥങ്ങൾ നീങ്ങിത്തുടങ്ങുന്നു)

യോഹന്നാൻ: നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു് ചുട്ടുകളയും...

ഹേറോദേസ്: (രഥത്തിൻെറ ശബ്ദത്തിനിടയിൽ) അങ്ങനെ മിശിഹായാകാനുള്ള പരിപാടിയും അവസാനിച്ചു.

ഹെറോദ്യ: ഉം......(സ്വയം)......വെട്ടി തീയിൽ ഇട്ടു് ചുട്ടുകളയും...

(അല്പം കഴിഞ്ഞു്)

ഒരാൾ: ഈ പ്രവാചകനെവിടെനിന്നു വരുന്നു?

മററൊരാാം: കേട്ടിട്ടില്ലേ? പ്രസിദ്ധമായ കഥയാണല്ലോ!

* * *

വേദവായനക്കാരൻ: അബീയാക്കൂറിൽ സെഖയ്യാവ് എന്നു പേരുള്ളോരു പുരുഷൻ ഉണ്ടായിരുന്നു; അവൻെറ ഭാര്യ അഹറോൻെറ പുത്രിമാരിൽ ഒരുത്തി ആയിരുന്നു; അവൾക്കു എലീശബത്തു് എന്നു പേർ. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിൻെറ സകല കല്പനകളിലും ന്യായങ്ങളിലും കുററമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. എലീശബത്തു് മച്ചിയാകകൊണ്ടു് അവക്കു് സന്തതിയില്ലാഞ്ഞു; ഇരുവരും വയസ്സു ചെന്നവരും ആയിരുന്നു.

അവൻ കൂറിൻെറ ക്രമപ്രകാരം ദൈവസന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തുവരുമ്പോൾ; പൗരോഹിത്യമര്യാദപ്രകാരം കർത്താവിൻെറ മന്ദിരത്തിൽ ചെന്നു് ധൂപം കാട്ടുവാൻ അവനു് നറുക്കു വന്നു. ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കെയും പുറത്തു് പ്രാത്ഥിച്ചുകൊണ്ടിരുന്നു.

(ദേവാലയത്തിലെ പ്രാത്ഥനയുടെയും ഓർഗൻ സംഗീതത്തിൻെറയും ശബ്ദം ആരംഭിക്കുന്നു. വേദവായനക്കാരൻെറ ശബ്ദം കുറേശ്ശെ മങ്ങുന്നു)

അപ്പോൾ കത്താവിൻെറ ദൂതൻ ബലിപീഠത്തിൻെറ വലത്തുഭാഗത്തു്...

മാലാഖ: സെഖയ്യാവേ, ഭയപ്പെടേണ്ട; നിൻെറ പ്രാത്ഥനയ്ക്കുത്തരമായി, നിൻെറ ഭാര്യ എലീശബത്തു് ഒരു മകനെ പ്രസവിക്കും. അവന്നു യോഹന്നാൻ എന്നു പേർ ഇടേണം. നിനക്കു് സന്തോഷവും ഉല്ലാസവും ഉണ്ടാകും. അവൻെറ ജനനത്തിങ്കൽ പലരും സന്തോഷിക്കും. അവൻ കർത്താവിൻെറ സന്നിധിയിൽ വലിയവൻ ആകും. വീഞ്ഞും മദ്യവും കുടിക്കയില്ല. അമ്മയുടെ ഗർഭത്തിൽവെച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയും. അവൻ ഇസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കത്താവിങ്കലേയ്ക്കു് തിരിച്ചു വരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേയ്ക്കും, വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേയ്ക്കും തിരിച്ചുകൊണ്ടു്, ഒരുക്കമുള്ളൊരു ജനത്തെ കത്താവിനുവേണ്ടി ഒരുക്കുവാൻ അവന്നു മുമ്പായി ഏലിയാവിൻെറ ആത്മാവോടും ശക്തിയോടുംകൂടി നടക്കും.

സെഖയ്യാവു്: ഇതു ഞാൻ എന്തൊന്നിനാൽ അറിയും? ഞാൻ വൃദ്ധനും എൻെറ ഭാര്യ വയസ്സുചെന്നവളുമല്ലോ?

മാലാഖ: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു. നിന്നോടു് സംസാരിപ്പാനും ഈ സദ്വത്തമാനം നിന്നെ അറിയിപ്പാനും, എന്നെ അയച്ചിരിക്കുന്നു.

തക്കസമയത്തു് നിവൃത്തി വരുവാനുള്ള ഈ വാക്കു് വിശ്വസിക്കായ്കകൊണ്ടു് അതു സംഭവിക്കുംവരെ നീ സംസാരിപ്പാൻ കഴിയാതെ മൗനമായിരിക്കും.

(ദേവാലയശബ്ദങ്ങൾ അവസാനിക്കുന്നു)

വേദവായനക്കാരൻ. ആ നാളുകൾ കഴിഞ്ഞിട്ടു് അവൻെറ ഭാര്യ എലീശബത്തു് ഗർഭം ധരിച്ചു...എലീശബത്തിനു് പ്രസവിപ്പാനുള്ള കാലം കഴിഞ്ഞപ്പോൾ അവൾ ഒരു മകനെ പ്രസവിച്ചു...എട്ടാംനാളിൽ അവർ പൈതലിനെ പരിഛേദന ചെയ്‌വാൻ വന്നു; അപ്പൻെറ പേർ പോലെ അവനു് സെഖര്യാവു് എന്നു പേർ വിളിപ്പാൻ ഭാവിച്ചു. അവൻെറ അമ്മയോ, അല്ല അവനു് യോഹന്നാൻ എന്നു് പേർ ഇടണം എന്നു പറഞ്ഞു...പിന്നെ അവന്നു് എന്തു പേർ വിളിപ്പാൻ വിചാരിക്കുന്നു എന്നു് അപ്പനോടു് ആംഗ്യം കാട്ടി ചോദിച്ചു. അവൻ ഒരു എഴുത്തുപലക ചോദിച്ചു. അവൻെറ പേർ.....,

സെഖര്യാവു്: യോഹന്നാൻ.

വേദവായനക്കാരൻ: എന്നു് എഴുതി.

പല ശബ്ദങ്ങൾ : യോഹന്നാൻ ! യോഹന്നാൻ ! യോഹന്നാൻ ! യോഹന്നാൻ ! യോഹന്നാൻ...

(ശബ്ദം ക്രമേണ കുറഞ്ഞു കുറഞ്ഞു് നിശ്ശബ്ദം)

* * *

(അല്പം കഴിഞ്ഞു്)

ഹെറോദ്യ: ഇതെത്ര പ്രാവശ്യം പറയണം? ആ ഭ്രാന്തനെ തടവിലാക്കു്.

ഹേറോദേസു്: സാധ്യമല്ല.

ഹെറോദ്യ: സാധ്യമല്ല, സാധ്യമല്ല. നാണമില്ലല്ലോ ഇങ്ങനെ പറയാൻ. അങ്ങു് ഗലീലയിലെ രാജാവല്ലേ? അങ്ങാരെയാണു് ഭയപ്പെടുന്നതു്? അവനെ തുറങ്കിലടയ്ക്കു. വേണ്ടിവന്നാൽ കൊന്നുകളയൂ. അല്ലെങ്കിൽ ഒരൊററ ഭടനെ കിട്ടുകയില്ല.

ഹേറോദേസു്: വീട്ടിലിരുന്നു് പെണ്ണുങ്ങൾക്കു് ഓരോന്നു പറയാം.

ഹെറോദ്യ: പറയുക മാത്രമല്ല, യുദ്ധവും ചെയ്യും.

ഹേറോദേസു്: എന്നോടു്, അല്ലേ?

ഹെറോദ്യ: എന്തൊരു മുൻകോപമാണിതു്? ഇങ്ങിനെയാണെങ്കിൽ ചക്രവത്തിയായതുതന്നെ!

ഹേറോദേസു്: എനിക്കൊരു ചക്രവർത്തിയുമാകണ്ട. ഉള്ള നില കാത്തുകൊണ്ടാൽ മതി.

ഹെറോദ്: ഉള്ള നില സുരക്ഷിതമാണെങ്കിലല്ലേ ?

ഹേറോദേസ്: ഇല്ലെങ്കിൽ വേണ്ട. നിൻെറ വിരോധം തീൎക്കുവാൻ ഞാനെൻെറ സിംഹാസനം പണയപ്പെടുത്തുകയില്ല.

ഹെറോദ്യ: അതെനിക്കറിയാം. സിംഹാസനമല്ല, ഒരു മണൽത്തരിയെങ്കിലും അങ്ങെനിക്കുവേണ്ടി പണയപ്പെടുത്തുകയില്ല. അന്ന് റോമയിൽവച്ച് വികാരം കൊടുമ്പിരികൊണ്ടപ്പോൾ പറഞ്ഞതിനൊന്നും ഞാൻ വില കല്പിച്ചിട്ടില്ല. അതൊന്നും ഞാൻ പ്രതീക്ഷിച്ചുമില്ല. ഞാൻ പറയുന്നതൊന്നും എനിക്കു വേണ്ടിയുമല്ല. പക്ഷേ ഭീരുക്കൾക്കിതൊക്കെ എങ്ങിനെ മനസ്സിലാകും ?

ഹേറോദേസ്: മൂശേട്ട ! എനിക്കു വേണ്ട മഹിമകളെല്ലാമിന്നുണ്ട്.

ഹെറോദ്യ: പേരു വിളിക്കാനും പഠിച്ചു ! ഫീലിപ്പോസ് അത്രയൊന്നും പഠിച്ചിട്ടില്ലായിരുന്നു. റോമയിൽവച്ച് ഈ പാദങ്ങൾ നക്കിത്തുടച്ചുകൊണ്ടിരുന്നപ്പോൾ മററു ചിലൎക്കും അത്ര ധൈൎയ്യമുണ്ടായിരുന്നില്ല.

ഹേറോദേസ്: കുലട !

ഹെറോദ്യ: അൻറിപേററുടെ അന്തഃപുരത്തിലാണ് കുലടകൾ ധാരാളമുണ്ടായിരുന്നത്. സഹോദരരക്തം കുടിക്കുന്ന കൗലടേയന്മാരും. വേണ്ടാതനം പറയണ്ട, ഹേറോദേസ്. ഞാൻ നിങ്ങളുടെ അറബിത്തവളയെപ്പോലെ ഒളിച്ചോടുന്നവളല്ല. ഞാൻ ഗലീലയിലെ റാണിയാണ്. ആ അവകാശം സീസർ അംഗീകരിക്കുമോ എന്നെനിക്കറിയണം,

ഹേറോദേസ്: സീസറിനെതിരായി ഗൂഢാലോചന നടത്തുന്നവളാണ് അങ്ങോട്ടു പരാതിയുമായിപ്പോകുന്നത് !

ഹെറോദ്യ: ഗൂഢാലോചന നടത്തിയെങ്കിൽ ആൎക്കുവേണ്ടി ?

ഹേറോദേസ്: ഹെറോദ്യാ, ഞാൻ പറഞ്ഞു, എനിക്കു ചക്രവൎത്തിയാകേണ്ടെന്ന്. എന്നെ ശല്യപ്പെടുത്താതെ പോകൂ, എനിക്കു കോപം വരും.

ഹെറോദ്യ: (തുപ്പുന്നു) എത്ര പുഴക്കളാണ് കോപിക്കുന്നതെന്നറിയാമോ ? കാണട്ടെ, അക്കാഴ്ചയൊന്ന് !

ഹേറോദേസ്: ഹെറോദ്യാ !

ഹെറോദ്യ: ഓ, ആ നോട്ടം ! ഭയങ്കരം ! ! ഭയങ്കരം ! ! !

(പൊട്ടിച്ചിരിക്കുന്നു)

ഹേറോദേസ്: ഹെറോദ്യാ !

ഹെറോദ്യ: ഉം ! ഇദുമ്യസിംഹത്തിൻെറ ഗൎജ്ജനം ! ശബ്ദം തെളിയാത്തതു് പിതാമഹന്മാൎക്ക് അല്പം ജംബൂകരക്തം കൂടി കലൎന്നുപോയതുകൊണ്ടാണ്.

(പിന്നെയും പൊട്ടിച്ചിരിക്കുന്നു)

ഹേറോദേസ്: നിറുത്തെടീ വേശ്യേ, നിൻെറ ഈ കോലം തുള്ളൽ.

ഹെറോദ്യ: ഹാവൂ! എന്തൊരു ധീരത! ഹേ മനുഷ്യാ, ഞാൻ ഫീലിപ്പോസിനെ വിട്ടുപോന്നതു് നിങ്ങളുടെ സൗന്ദര്യം കണ്ടല്ല, ചെവി തുറന്നു കേൾക്കു്, അയാൾക്കാണത്തമില്ലാത്തതുകൊണ്ടാണു്? സ്വന്തം അഭിമാനത്തിനും അധികാരത്തിനുംവേണ്ടി ഒരു ഭ്രാന്തൻ സന്യാസിയെപ്പോലും തൊടാൻ ധൈര്യമില്ലാത്ത ഭീരുവിനെ ഉണക്കപ്പുല്ലുപോലെ ഞാനുപേക്ഷിച്ചുപോകും.

ഹേറോദേസ്: പോകുമെടീ പോകും. നിൻെറ പരാതി എനിക്കാണത്തമില്ലെന്നല്ലേ. ഒരിക്കലെങ്കിലും ഞാൻ ആണാകാൻ തീരുമാനിച്ചു. (തികഞ്ഞ പരിഹാസഭാവത്തിൽ) ഹെറോദ്യാ, പ്രാണനാഥേ, ഇതാ ഇവിടെ മുട്ടുകുത്തു്. ഇവിടെ. ഉം. (വാൾ വലിച്ചൂരുന്നു) എന്നിട്ടു മാപ്പു പറയൂ. ഉം. ഉടൻ! ഉം!

ഹെറോദ്യ: (അൽപ്പനേരത്തെ മൗനത്തിനുശേഷം പൊട്ടിക്കരയുന്നു) ദൈവമേ...അയ്യോ...ഇതു്...അവിടത്തെ ശിക്ഷയാണു്... ദൈവമേ...എത്ര നല്ല ഒരു ഭർത്താവിനെ വിട്ടാണു് ഞാൻ ഇറങ്ങിത്തിരിച്ചതു്. ആ സാധുവിനെ ഞാൻ ചതിച്ചു... എല്ലാം ത്യജിച്ചു...ദൈവമേ......എനിക്കു വയ്യാ. ഞാൻ വിചാരിച്ചു...എന്തെല്ലാം പ്രതീക്ഷകളായിരുന്നു...എന്തെല്ലാം സ്വപ്നങ്ങൾ...(അല്പംകൂടി കരഞ്ഞിട്ട് പെട്ടെന്നു ശാന്തയായി) ഹേറോദേസ്, അങ്ങയുടെ ഇഷ്ടംപോലെയാകട്ടെ. ഞാൻ മരിക്കാൻ തയ്യാറാണു്. അങ്ങില്ലെങ്കിൽ എനിക്കീ ലോകത്തിൽ യാതൊന്നും വേണ്ട. ഞാൻ ഒന്നുമാത്രമേ യാചിക്കുന്നുള്ളു. ശാലോമി കൊച്ചാണു്. അവളോടു് ഇങ്ങനെ ഒന്നും ചെയ്യരുതേ.

(ഹെറോദ്യ പിന്നെയും കരയുന്നു)

ഹേറോദേസ്: നീ എന്താണിപ്പറയുന്നതു്?

ഹെറോദ്യ: (വിങ്ങിപ്പൊട്ടിക്കൊണ്ട്)അ...അവൾ ചെറുപ്പമാണു്. ഞാൻ ചെയ്ത തെററാണിതു്. അവളെ റോമയിൽതന്നെ താമസിപ്പിക്കേണ്ടതായിരുന്നു. ഇനി പറഞ്ഞിട്ടെന്താണു ഫലം. ഭാഗ്യമില്ലാത്തവളാണു ഞാൻ. ഹേറോദേസ്, വേഗമാകട്ടെ. എനിക്കീ ജീവിതം ദുസ്സഹമാണു്. അങ്ങയുടെ വാളുകൊണ്ടുതന്നെ. അതാണെനിക്കിഷ്ടം. ആ കൈകൾകൊണ്ടുതന്നെ. എനിക്കേററവും ഇഷ്ടപ്പെട്ട ആ കൈകൾ കൊണ്ടുതന്നെ.

ഹേറോദേസ്: ഹെറോദ്യാ, എൻെറ ഹെറോദ്യാ, മാപ്പു തരൂ. ഞാൻ എന്തൊക്കെയോ പറഞ്ഞുപോയി. കരയാതെ, കരയാതെ. അറേത്താസും യോഹന്നാനും എല്ലാംകൂടി എന്നെ ഭ്രാന്തു പിടിപ്പിച്ചു. കരയാതെ.

ഹെറോദ്യ: എനിക്കു മരിക്കണം.

ഹേറോദേസ്: നീ എന്തിനു മരിക്കണം?

ഹെറോദ്യ: ഞാൻ എന്തിനു ജീവിക്കുന്നു? അങ്ങെന്നെ ഉപേക്ഷിക്കും. ഇന്നല്ലെങ്കിൽ നാളെ. എൻെറ ജീവിതത്തിനു് അൎത്ഥമില്ല.

ഹേറോദേസ്: അതൊക്കെ മറന്നുകളയൂ. കോപത്തിൽ പറയുന്നതു് ആരെങ്കിലും കാൎയ്യമായിട്ടെടുക്കാറുണ്ടോ?

(വാതം വലിച്ചെറിയുന്ന ശബ്ദം)

ഹെറോദ്യ: (ഉറച്ചു കരയുന്നു) ഇതെല്ലാം എന്തിനു്? അങ്ങു് ഒരു ചക്രവൎത്തിയായിക്കാണണമെന്നു് ഞാൻ ആഗ്രഹിച്ചു. അതിനുവേണ്ടി ഞാൻ ഫെലിക്സിനെ വശപ്പെടുത്തി. പ്രഭുക്കന്മാരെ സൽക്കരിച്ചു. മഹാനായ ഹേറോദേസിൻെറ പൌത്രനും മഹാനായിരിക്കണമെന്നു ഞാൻ ആശിച്ചു. പക്ഷെ, യോഹന്നാൻ അതൊന്നും അനുവദിക്കുകയില്ല.

ഹേറോദേസ്: യോഹന്നാനെക്കൊണ്ടു വിഷമിക്കണ്ട. അയാളെ നമുക്കു തടവിലാക്കാം.

ഹെറോദ്യ: എവിടെ? എപ്പോൾ?

ഹേറോദേസ്: ഇവിടെത്തന്നെ. ഇന്നുതന്നെയാവാം. പക്ഷേ ഫെലിക്സിൻെറ കാൎയ്യമാണു് എനിക്കു സംശയം തീരാത്തതു്.

ഹെറോദ്യ: അതു സാരമില്ല, ശാലോമിയുടെ അമ്മയുടെ ഭൎത്താവിനെതിരായി അയാൾ ഒന്നും ചെയ്യയില്ലെന്നു ഞാൻ വാക്കുതരാം.

ഹേറോദേസ്: നല്ല ഉദ്യോഗം! ശാലോമിയുടെ അമ്മ... ഒന്നുകൂടി പറയൂ.

ഹെറോദ്യ: (ചിരിച്ചുകൊണ്ടു്) അതും പോകും സൂക്ഷിച്ചിരുന്നില്ലെങ്കിൽ.

ഹേറോദേസ്: ഉം?

ഹെറോദ്യ: നമുക്കു കലഹിക്കണ്ട. എല്ലാം അങ്ങയുടെ ഇഷ്ടം പോലെ മതി. നമുക്കു വിരുന്നിനു പോകാം.

ഹേറോദേസ്: അങ്ങിനെയാകട്ടെ.

* * *

(അല്പം കഴിഞ്ഞു്)

വേദവായനക്കാരൻ: ഹേറോദേസ് തൻെറ സഹോദരനായ ഫീലിപ്പോസിൻെറ ഭാൎയ്യ ഹെറോദ്യ നിമിത്തം, അവൾ നിനക്കു ഭാൎയ്യയായിരിക്കുന്നതു വിഹിതമല്ല, എന്നു യോഹന്നാൻ അവനോടു പറഞ്ഞതുകൊണ്ടുതന്നെ, അവനെ പിടിച്ചു തടവിൽ ആക്കിയിരുന്നു. അവനെ കൊല്ലുവാൻ മനസ്സുണ്ടാ

യിട്ടും പുരുഷാരം അവനെ പ്രവാചകൻ എന്നു് എണ്ണുകയാൽ അവരെ ഭയപ്പെട്ടു...

(അല്പസമയം നിശ്ശബ്ദം)

* * *

(കൽത്തുറുങ്കിൻെറ ഇരുമ്പുവാതിലുകരം തുറക്കുന്ന ശബ്ദം)

യോഹന്നാൻ: ആരാണതു് ?

ശാലോമി: ഞാനാണു്.

യോഹന്നാൻ: ഞാൻ ?

ശാലോമി: ശാലോമി.

യോഹന്നാൻ: ഏതു ശാലോമി ?

ശാലോമി: ശാലോമി. ഗലീലയിലെ രാജകുമാരി.

യോഹന്നാൻ: പൊയ്ക്കോള്ള. ഇവിടെ യാതൊരു സ്ത്രീയേയും കണ്ടുകൂടാ; രാജകുമാരിയായാലും തെണ്ടിയായാലും. എനിക്കതിഷ്ടമല്ല.

ശാലോമി: അങ്ങയുടെ ഇഷ്ടപ്രകാരമല്ലല്ലോ അങ്ങിവിടെ എത്തിയതു്.

യോഹന്നാൻ: (കുപിതനായി) അതുകൊണ്ടു് ?

ശാലോമി: ഒരു സ്ത്രീയാണങ്ങയെ ഇവിടെയെത്തിച്ചതു്. മറെറാരു സ്ത്രീ അങ്ങയെ സ്വതന്ത്രനാക്കാൻ പോകുന്നു.

യോഹന്നാൻ: സ്ത്രീയേ, പുറത്തു പോകൂ. ഞാൻ നിങ്ങളോടു സ്വാതന്ത്ര്യം ചോദിച്ചില്ല.

ശാലോമി: യോഹന്നാൻ ! അങ്ങയുടെ ശബ്ദം കേട്ടതു മുതൽ ഞാനങ്ങയെ ആരാധിക്കുന്നു.

യോഹന്നാൻ: (സംയമനം വെടിഞ്ഞു്) പുറത്തുപോ പിശാചീ. പരീക്ഷിക്കാൻ വന്നിരിക്കുന്നു. പോ. അല്ലെങ്കിൽ പുഴവിനെപ്പോലെ ചവുട്ടി അരച്ചുകളയും.

ശാലോമി: ഇസ്രായേൽ പ്രവാചകന്മാർ സ്ത്രീകളെ തല്ലാറുണ്ടോ ?

യോഹന്നാൻ: തീർച്ചയായും സപ്പത്തിൻെറ തല ചതയ്ക്കണം.

ശാലോമി: (ചിരിച്ചു്) എന്നാലും വിരോധമില്ല. എന്നെ തൊടാതെ അടിക്കാനൊക്കുകയില്ലല്ലോ ?

യോഹന്നാൻ: യഹോവാ ! ഇതെന്തു മാരണമാണു്! കരാഗൃഹത്തിൽക്കൂടി സ്വൈരം തരികയില്ലെന്നോ ?

ശാലോമി: യോഹന്നാൻ ?

യോഹന്നാൻ: നിറുത്താനാണു പറഞ്ഞതു്. ദൈവമേ, ഇതെന്തൊരു ദ്രോഹം ! ഹേറോദേസിനു എന്നെ ദ്രോഹിക്കണമെങ്കിൽ സിംഹങ്ങളുടെ ഗുഹയിലിട്ടുകൂടെ. ഭ്രാന്തുപിടിച്ച പെണ്ണുങ്ങളെ പറഞ്ഞയയ്ക്കണോ ?

ശാലോമി: എന്നെ ഹേറോദേസ് അയച്ചതല്ല. അങ്ങനെ അയയ്ക്കുകയുമില്ല. ഞാനങ്ങോട്ടു ചെല്ലുന്നതാണയാൾക്കിഷ്ടം.

യോഹന്നാൻ; അവനും നീയും ശപിക്കപ്പെടട്ടെ !

ശാലോമി: അങ്ങു് കോപിക്കുമ്പോൾ ഇരട്ടി സുന്ദരനാകുന്നുണ്ടു്. അങ്ങു് തികച്ചും ഒരു പുരുഷനാണു്. പൗരുഷത്തെ എങ്ങനെ മാനിക്കാതിരിക്കും !

യോഹന്നാൻ: ഇവിടെനിന്നു കൊഞ്ചിക്കുഴയാതെ പോകാനാണു പറഞ്ഞതു്.

ശാലോമി: യോഹന്നാൻ, അങ്ങു് മിശിഹായാണെന്നു ഞാൻ വിശ്വസിക്കുന്നു.

യോഹന്നാൻ: ഛീ ! നീ ആ വാക്കുച്ചരിക്കുകയോ ?

ശാലോമി: യോഹന്നാൻ, അങ്ങു് ക്ഷോഭിക്കാതെ. ഇതാ ശാലോമി രാജകുമാരി, അങ്ങയുടെ ദാസി. ഈ പാദത്തിലടിയറവെയ്ക്കപ്പെടാത്ത കിരീടങ്ങൾ കനാൻനാട്ടിലില്ല. ഒന്നു തല കുനിച്ചാൽ മതി, ഹേറോദേസിന്റെ സിംഹാസനം എന്റേതായിരിക്കും. എങ്കിലും ഞാൻ ഇതാ ഈ കാരാഗൃഹത്തിലേയ്ക്കാണു വന്നതു്. പുരുഷത്വത്തെ തേടി; അങ്ങയുടെ കാൽക്കൽ ! എനിക്കങ്ങയെ മതി. യോഹന്നാൻ, എന്നെ സ്വീകരിക്കൂ. ജനങ്ങൾ അങ്ങയെ ആരാധിക്കുന്നു. അങ്ങു കനാൻനാടു ഭരിക്കണം.

യോഹന്നാൻ: (കൈകൊട്ടുന്നു) നാഥാൻ ! നാഥാൻ ! ഈ സ്ത്രീയെ കൊണ്ടുപോകൂ, എനിക്കു് ഹേറോദേസിനെ കാണണം.

ശാലോമി: ആ കുറുക്കൻ വരികയില്ല. അയാൾക്കങ്ങയെ ഭയമാണു്; എന്നെയും.

യോഹന്നാൻ: സ്ത്രീയേ, എന്റെ ക്ഷമ ഇനിയും പരീക്ഷിക്കരുതു്.

ശാലോമി: അങ്ങിങ്ങനെ പെരുമാറുന്നതു് ബുദ്ധിശൂന്യമാണു്. എന്റെ അമ്മ അങ്ങയെ സ്നേഹിക്കുന്നില്ല.

യോഹന്നാൻ: നിന്റെ അമ്മ ! പിശാചിന്റെ വർഗ്ഗം ! പോ മറയത്തു്.

ശാലോമി: യോഹന്നാൻ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. എന്നെ സ്വീകരിക്കു്. ഞാൻ ആടാം, പാടാം, അങ്ങയുടെ കൂടെ പ്രാർത്ഥിക്കാം. മരുഭൂമികളിൽ വന്നു തപസ്സുചെയ്യാം. അങ്ങു് ഉത്തമപ്രവാചകനാണു്. യഹോവയുടെ അഭിഷിക്തനാണു്. ഹേറോദേസിനെയും ആ വർഗ്ഗത്തെയും നമുക്കു് ആട്ടിപ്പായിക്കാം. ഇതു പറയുന്നതു് ശാലോമിയാണു്; ഗലീലയിലെ കന്യകയായ രാജകുമാരി ശാലോമി. ക്ലെയോപാട്രാ എന്റെ ദാസിയാകാനേ പററൂ. യോഹന്നാൻ

ശാലോമി ഇതുവരെ പുരുഷൻെറ മുമ്പിൽ മുട്ടു മടക്കിയിട്ടില്ല. യോഹന്നാൻ, യോഹന്നാൻ...

(ഭിത്തിയിലേയ്ക്കെറിയപ്പെട്ട എന്തോ വസ്തു, ശാലോമിയുടെ സംസാരത്തിനു വിരാമമിടുന്നു)

യോഹന്നാൻ: (അലറുകയാണു്) ഛീ ! പുറത്തു് !

ശാലോമി: (ശാന്തയായി) യോഹന്നാൻ, നമുക്കു് ഇനിയും കാണാം. അപ്പോരം അങ്ങായിരിക്കുകയില്ല ആജ്ഞാപിക്കുന്നതു്. അങ്ങെന്നെ നായെപ്പോലെ ആട്ടിയോടിച്ചു. ഒരിക്കൽ നമുക്കിതു കണക്കു പറയാം. ഹേറോദേസിൻെറ സിംഹാസനം അതിനുവേണ്ടി തകർന്നാൽ എനിക്കെന്തു്... ഇതാ നാഥാൻ, വാതിലടച്ചുകൊള്ളൂ.

(കാൽപെരുമാററവും ഇരുമ്പുവാതിലടയുന്ന ശബ്ദവും)

* * *

(രാജകീയവിരുന്നിൻെറ ബഹളം. പാത്രങ്ങരം ഇടയുന്ന ശബ്ദം)

ഒരു പ്രഭു: നോക്കു്, അവർ മിന്നിത്തിളങ്ങുകയാണു്.

രണ്ടാമൻ: പ്രായംകൊണ്ടൊരു കോട്ടവും തട്ടിയിട്ടില്ല.

മൂന്നാമൻ: പക്ഷേ, ഹേറോദേസിൻെറ കണ്ണു് വേറെ വഴിക്കാണു്.

രണ്ടാമൻ: ശ് ! ശ് ! മിണ്ടരുതേ. അവർ ഇങ്ങോട്ടാണു വരുന്നതു്.

(കാല്പെരുമാററം)

ഒന്നാമൻ: റാണീ, തിരുമേനി ഭാഗ്യവാനാണു്.

ഹെറോദ്യ: മുഖസ്തുതി ഒരു കലയാണു്, മെർദ്ദേഖായി.

രണ്ടാമൻ: ലോകത്തിൻെറ സൗന്ദര്യസമ്പത്തു് !

ഹെറോദ്യ: ശാലോമി കേരംക്കരുതേ.

(എല്ലാവരും ചിരിക്കുന്നു)

ഒന്നാമൻ: ആകാശത്തിൽ രണ്ടു ചന്ദ്രനുണ്ടെങ്കിൽ സാർത്ഥവാഹിസംഘത്തിനെന്തു ചേതം ?

മൂന്നാമൻ: സംഘത്തലവൻ ഷെയ്ക്കിനു് വഴിതെററിപ്പോയെന്നു വരും.

ഹെറോദ്യ: (വീഞ്ഞൊഴിക്കുന്ന ശബ്ദം) കുടിക്കൂ എലിയാസർ ?

മൂന്നാമൻ: അവിടുന്നൊഴിച്ചുതന്നാൽ ഗലീലക്കടൽ മുഴുവനും കുടിക്കാം.

ഒന്നാമൻ: ഹൃദയത്തിൻെറ വീഞ്ഞു് ഇങ്ങിനെ കഴിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ !

ഹെറോദ്യ: ഒരു കവിയുമുണ്ടല്ലോ കൂട്ടത്തിൽ !

ഒന്നാമൻ: പുഷ്പഗന്ധമേററാൽ ഏതു മുരത്ത വണ്ടും മുരളും.

മൂന്നാമൻ: യഹൂദാമരുഭൂമികളിൽ ഭ്രാന്തിന്റെ വേലിയേററമാണു്.

ഹെറോദ്യ: ഓ! അതു പറഞ്ഞപ്പോഴാണു് ഓർമ്മിച്ചതു്: യോഹന്നാനെ തടവിലാക്കിയിരിക്കയാണു്.

ഒന്നാമൻ: } മൂവരും ചേർന്നു് { എന്തു് ?
രണ്ടാമൻ: } { ഏ!
മൂന്നാമൻ: } { എപ്പോരം ?

ഹെറോദ്യ: ഇന്നു്. അയാരം അറേത്താസിനെ സഹായിക്കുകയാണു്. സൈന്യത്തിൽ കുഴപ്പമുണ്ടാക്കുന്നു. അറേത്താസിനെ തോല്പിച്ചുകഴിഞ്ഞു വിട്ടയയ്ക്കാം.

ഒന്നാമൻ: ബുദ്ധിയുള്ളവർ തീരുമാനിക്കട്ടെ.

മൂന്നാമൻ: ഇതത്ര ബുദ്ധിയാണോ എന്നാണു സംശയം.

ഹെറോദ്യ: എന്താ, നിങ്ങളും ഭീരുക്കളാണോ ? പ്രിയ പ്രഭുക്കന്മാരെ, നിങ്ങരം എനിക്കുവേണ്ടി നില്ക്കയില്ലേ ? ബഹുമാനപ്പെട്ട ശാസ്ത്രിമാരും പരീശന്മാരും ഈ വേദവിപരീതിക്കു് കൂട്ടനിൽക്കുകയില്ല. നിങ്ങളോ ?

ഒന്നാമൻ: ഞാനുണ്ടു്.

രണ്ടാമൻ: } (ഒരുമിച്ചു് ഉച്ചത്തിൽ) { ഞാനും.
മൂന്നാമൻ: } { എന്നേയും കണക്കാക്കിക്കോളൂ.

ഹേറോദേസ്: (ദൂരത്തിൽനിന്നു്) ഏയു്! അവിടെ എന്താണു് വിശേഷം ?

ഒന്നാമൻ: ഞങ്ങരം അങ്ങേയ്ക്കുവേണ്ടി യുദ്ധം ചെയ്യാൻ പ്രതിജ്ഞയെടുക്കുകയാണു്.

ഹേറോദേസ്: (ചിരിച്ചു്) എനിയ്ക്കുവേണ്ടിയോ ഹെറേദ്യയ്ക്കുവേണ്ടിയോ?

രണ്ടാമൻ: രണ്ടുപേക്കും വേണ്ടി.

ഹേറോദേസ്: അറിയാം, ആകട്ടെ, ഹെറേദ്യാ, ഇന്നെന്തു നൃത്തമാണുള്ളതു്?

ഹെറോദ്യ: ഒന്നുമില്ല.

ഹേറോദേസ്: ഒന്നുമില്ലേ?

ഹെറോദ്യ: ഇല്ല, നത്തകികളെല്ലാം തീബേയ്യാസിലാണു്. ഇവിടെ യുദ്ധമാണു വേണ്ടതു്.

ഹേറോദേസ്: നർത്തകികളുടെ റാണിയല്ലേ ഇവിടെയുള്ളതു്! ശാലോമി!

ഹെറോദ്യ: വേണ്ട, അവരംക്കു നല്ല സുഖമില്ല. അവരം നൃത്തം ചെയ്യയില്ല.

ശാലോമി: ഞാൻ നൃത്തം ചെയ്യുന്നുണ്ടു്.

ഹേറാദേസ്: മിടുക്കി! ശാലോമി, വേഗം തയ്യാറായി വരൂ!

ഹെറോദ്യ: ശാലോമി!

ശാലോമി: വെറുതെ ദേഷ്യപ്പെടേണ്ട. പ്രഭുക്കന്മാർക്കാണെങ്കിൽ ഒരു നൃത്തം കൂടിയേ തീരൂ എന്നാണ്, അല്ലേ?

രണ്ടാമൻ: തീർച്ചയായും.

(കാൽപെരുമാററം)

ഹെറോദ്യ: (രഹസ്യമായി) ശാലോമി! രാജാവു് കുടിച്ചു ലക്കില്ലാതിരിക്കുകയാണ്.

ശാലോമി: നൃത്തം കാണാൻ ഏററവും പററിയ അവസ്ഥ.

ഹെറോദ്യ: ഫെലിക്സ്, നോക്കു്.......

ശാലോമി: ഈ ചിലങ്ക ഒന്നു് കെട്ടിത്തരൂ ഫെലിക്സ്. (ചിലങ്കയുടെ ശബ്ദം) കുറച്ചുകൂടി ഉയർത്തികെട്ടൂ; അതെ! അവിടെ... ....ങ്ഹാ! കാലിൽ തൊടരുതു്. ഈ പുരുഷന്മാർക്കു് വിരലുവിറയ്ക്കാതെ യാതൊന്നും ചെയ്യാനറിഞ്ഞുകൂടാ

ഫെലിക്സ്: (താഴ്ന്ന സ്വരത്തിൽ) ശാലോമീ, റാണിപറയുന്നതു്......

ശാലോമി: ഫെലിക്സ്, ഈ മനുഷ്യരുടെ മുമ്പിൽവച്ചു് പ്രേമിക്കാതെ.

ഹെറോദ്യ: ശാലോമി, എനിക്കിതിഷ്ടമല്ല.

ശാലോമി: ബലമുള്ളവനിൽനിന്നു് മധുരമുണ്ടായി എന്നു് പറഞ്ഞതാരാണു്? ദലീലയോ?

ഒന്നാമൻ: അല്ല, അവളുടെ ബലിമൃഗം: ശിംശോൻ.

ശാലോമി: അവരം ശിംശോൻെറ ക്ഷുരകത്തിയാരുന്നു.

ഹേറോദേസ്: (ദൂരത്തുനിന്നു്) എന്താ താമസം, ശാലോമീ?

ശാലോമി:- ഒന്നുമില്ല. അലാറാതിരുന്നാൽ മതി; (ശബ്ദം താഴ്ത്തി) കിന്നരത്തിൻെറ കമ്പിപൊട്ടിപ്പോകും.

(നൃത്തം തുടങ്ങുന്നു. തുടർന്നുള്ള സംഭാഷണം വളരെ താഴ്ന്ന ശബ്ദത്തിലാണു നടക്കുന്നതു്.)

ഒന്നാമൻ: ആ പാദങ്ങൾ നോക്കു്.

രണ്ടാമൻ: മാടപ്രാവുപോലെ.

ഒന്നാമൻ; കടഞ്ഞെടുത്ത കണങ്കാൽ.

മൂന്നാമൻ: എനിക്കു് അതിലും ഉയർന്ന പ്രതീക്ഷകളുണ്ടു്.

ഹെറോദ്യ: നിങ്ങൾക്കുണ്ടാകും. എനിക്കറിയാം. കള്ളൻ!

ഹേറോദേസ്: (ഉച്ചത്തിൽ) ഭേഷ്!

ഹെറോദ്യ: ലഹരിയാണു്.

രണ്ടാമൻ: അതെ, റൂബേൻ, ആ പാത്രമിങ്ങുതരൂ,

ഒന്നാമൻ: അതാ രാജകുമാരി മൂടുപടം എറിഞ്ഞു കളയുന്നു.

മൂന്നാമൻ; ഉത്തരീയവും.

ഒന്നാമൻ: ആഹാ, നിലയങ്കിയും വേണ്ടേ?

രണ്ടാമൻ: യഹോവാ, ഇതെവിടെ അവസാനിക്കും?

ഒന്നാമൻ: അതാ തിരുമേനി സിംഹാസനത്തിൽനിന്നെഴുന്നേല്ക്കുന്നു.

ഹെറേദ്യ: ഞാനങ്ങോട്ടു ചെല്ലട്ടെ.

(കാൽപെരുമാററം)

(നൃത്തം തുടരുന്നു. അല്പം കഴിഞ്ഞു്)

ഹെറോദ്യ: അവിടെയിരിക്കൂ. ദയവുചെയ്തു് ഇരിക്കൂ. അങ്ങു് വീണുപോകും.

ഹെറോദേസ്: (മദോന്മത്തനായി) നിന്നെ ആരു വിളിച്ചു? പോ ദൂരെ.

ഹെറോദ്യ: വീഴും, വീഴും, ഇരിക്കൂ.

ഹേറോദേസ്: ദൂരെ! മുടിഞ്ഞുപോട്ടെ.

(വീഴുന്ന ശബ്ദം)

ഹെറോദ്യ; സാറാ, വെള്ളം! എഴുന്നേല്ക്കണ്ട. ഞാൻ വീശാം.

ഹെറോദേസ്: വീഞ്ഞു്......വീ......ഞ്ഞു്.

ഹെറോദ്യ: വെള്ളം കുടിച്ചാൽ മതി. ഇതാ.

ഹേറോദേസ്: ഹാ! ആ (വെള്ളം കുടിക്കുന്നശബ്ദം) ശാലോമീ, സൂക്ഷിക്കൂ, സൂക്ഷിക്കൂ. പറന്നു പൊയ്ക്കളയരുതു്.

(നൃത്തം അവസാനിക്കുന്നു.)

ഹെറോദ്യ: ഇതാ ഇവിടെ ഇരിക്കൂ, ഉം.

ഹെറോദേസ്: പാവം, ക്ഷീണിച്ചുപോയി. വരൂ, ഇവിടെ വരൂ, ഈ വീഞ്ഞു് കുടിക്കൂ.

ശാലോമി: എനിക്കു് വീഞ്ഞു വേണ്ട.

ഹേറോദേസ്: ഹെറോദ്യാ അവളെ വീശു്, വല്ലാത്ത ഉഷ്ണം.

ശാലോമി: എന്നെ ആരും വീശണ്ട.

ഹേറോദേസ്: വാ ശാലോമീ, എൻെറകൂടെ ഇരിക്കാം: ഈ സിംഹാസനത്തിൽ, ഞാൻ വീശിത്തരാം.

ശാലോമി: വേണ്ട.

ഹേറോദേസ്: നിനക്കെന്തു വേണം? ചോദിച്ചോളൂ.

ശാലോമി: എനിക്കൊന്നും വേണ്ട,

ഹേറോദേസ്: അതൊക്കെകയില്ല, ചോദിക്കണം. ഗലീല നാടിൻെറ പകുതിയായാലും തരാം.

ശാലോമി: വീൺവാക്ക പറയാതെ. അങ്ങ് ഒരു ചതി യനാണു്.

ഹേറോദേസ്: ഞാനോ? ഹേറോദേസോ?

ശാലോമി: അങ്ങ് വാക്ക പാലിക്കയില്ല.

ഹേറേദേസ്: ആരു പറഞ്ഞു? യഹോവയാണ സത്യം.

ശാലോമി: എന്തു സത്യം?

ഹേറോദേസ്: യഹോവയാണ സത്യം, ശാലോമി ചോദി ക്കുന്നതെന്തായാലും തരാം.

ശാലോമി: എനിക്കു്......

ഹേറോദേസ്: ഉം. പറയൂ, മുഴവനും പറയൂ.

ശാലോമി: എനിക്കു് ഒരു വെള്ളിത്തലത്തിൽ...

ഹേറോദേസ്: എന്താ നിറുത്തിക്കളഞ്ഞതു്? നോക്ക ഹെ റോദ്യാ, അവളുടെ വിദ്യ. അവരം നിൻെറ മകരം തന്നെ. വെള്ളിത്താലത്തിൽ എന്തു വേണം?

ശാലോമി: യോഹന്നാൻെറ ശിരസ്സു്.

ഹേറോദേസ്: യഹോവാ!

ഹെറോദ്യ: ശാലോമി!

ശാലോമി: എൻെറ വീട്ടു്.

ഹേറോദേസ്: (ഞരങ്ങി, മൂളി) വേണ്ടാ, ശാലോമി! അതു വേണ്ട. നിനക്കെന്തിനാണതു്?

ശാലോമി: (ദൃഢമായി) യോഹന്നാൻെറ ശിരസ്സു്!

ഹേറോദേസ്: ശാലോമീ!

ശാലോമി: തിരുമേനി വാക്കപാലിക്കണം.

ഹേറോദേസ്: അതാപത്താണു് ശാലോമി. നീ യോഹ ന്നാനെ എടുത്തോളൂ. തലയെന്തിനാണു്.

ഹെറോദ്യ: ചോദിക്കണ്ട ശാലോമി! ഈ ഭീരു തരികയില്ല.

ഹേറോദേസ്: പിശാചീ! എനിക്കറിയാം നിനക്കിതിൽ കയ്യുണ്ടെന്നു്. നിനക്കാണാശിരസ്സുവേണ്ടതു്! നീയാണിതു പറഞ്ഞുകൊടുത്തതു്.

ശാലോമി: തിരുമേനീ, സമയം പോകുന്നു.

ഹേറോദേസ്: വേണ്ട, ശാലോമീ.

ശാലോമി: യോഹന്നാൻെറ ശിരസ്സു്!

ഹേറോദേസ്: (അല്പം കഴിഞ്ഞ്) ബൽശസ്സാർ! അവരം ചോദിക്കുന്നതു കൊടുക്കു.

(അല്പനേരം കഴിയുന്നു.)

ശാലോമി: യോഹന്നാൻ! യോഹന്നാൻ! അങ്ങേയ്ക്കിതു് ഒഴിക്കാമായിരുന്നു. അങ്ങേയ്ക്കു് കേരംക്കാമോ, യോഹന്നാൻ?

(ശത്രുക്കരം കോട്ട ആക്രമിക്കുന്ന ഇരമ്പൽ ശബ്ദം. വാളുകരം കൂട്ടിമുട്ടുന്നു. കല്ലുകരം വന്നു വീഴുന്നു. ഭയങ്കര ബഹളം.)

ആഹാ! അവർ കോട്ട ആക്രമിക്കുകയാണല്ലേ?... ..എനിക്കെന്താണു്? യോഹന്നാൻ, അങ്ങാണിതു വരുത്തിവെച്ചതു് .....അങ്ങേയ്ക്കു് കാണാമോ....അങ്ങയുടെ കൊച്ചു ശാലോമി ...അങ്ങയുടെ ഓമന......

ഒരു ശബ്ദം: (പെട്ടെന്നു്) അതാണാപിശാചി! കൊല്ലുവളെ!

(ശാലോമിയുടെ ഭയങ്കര നിലവിളിയും വാരം വീശുന്ന ശബ്ദവും)

(നിശ്ശബ്ദം)

* * *

വേദവായനക്കാരൻ: അവൻെറ ശിഷ്യന്മാർ ചെന്നു് അവൻെറ ഉടൽ എടുത്തു് കുഴിച്ചിട്ടു. പിന്നെ വന്നു് യേശുവിനെ അറിയിച്ചു.

ഒരു ശബ്ദം: (ശാന്തഗംഭീരവും മധുരമനോഹരവും)

നിങ്ങരം എന്തുകാണ്മാൻ മരുഭൂമിയിലേയ്ക്കു പോയി? കാററിനാൽ ഉലയുന്ന ഓടമോ? അല്ല, എന്തുകാണ്മാൻ പോയി? മാർദ്ദവ വസ്ത്രം ധരിച്ച മനുഷ്യനെയൊ? മോടിയുള്ള വസ്ത്രം ധരിച്ചു് സുഖഭോഗികളായി നടക്കുന്നവർ രാജധാനികളിൽ അത്രേ. അല്ല. എന്തു കാണ്മാൻപോയി? ഒരു പ്രവാചകനെയോ? അതെ, പ്രവാചകനിലും മികച്ചവനെത്തന്നെ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ എൻെറ ദൂതനെ നിനക്കുമുമ്പായി അയയ്ക്കുന്നു; അവൻ നിൻെറ മുമ്പിൽ നിൻെറ വഴി ഒരുക്കും എന്നു് എഴുതിയിരിക്കുന്നതു് അവനെക്കുറിച്ചാകുന്നു. സ്ത്രീകളിൽനിന്നു് ജനിച്ചവരിൽ യോഹന്നാനെക്കാരം വലിയവൻ ആരുമില്ല.

★

പിശുക്കൻെറ കല്യാണം

[മോളിയേയുടെ ലുബ്ബൻ എന്ന നാടകത്തിൻെറ
സ്വാതന്ത്ര്യമായ ആശയാനുവാദം]

പിശൂക്കൻെറ കല്യാണം

കഥാപാത്രങ്ങൾ

ചെറിയാൻമാപ്പിള, പോത്തൻ, തൊമ്മി, മാത്തു,
ശോശാമ്മ, ഏലി, മേരിക്കുട്ടി, ഔത, വക്കി, തരകൻ.

രംഗം ഒന്നു്

[ചെറിയാൻമാപ്പിള പ്രവേശിക്കുന്നു. ഇരിക്കുന്നു. കൈയിൽ ഒരു വടി. പുറകെ വക്കിയുമുണ്ടു്]

ചെറിയാൻമാപ്പിള: പോടാ അപ്പുറത്തു്. ങ്ഹ്ഹ! നടക്കുന്ന ഓരോരുത്തനൊക്കെ. കള്ളൻ. എടാ, വക്കീ! നിൻെറ പഞ്ചായം എനിക്കു കേൾക്കണ്ട. എൻെറ വീട്ടിൽനിന്നു് കടന്നു പുറത്തുപോ!

വക്കി: (ഒരു മൂലയ്ക്കു ചാരിനിന്നു് സദസ്സിനോടു്) ഈ ശനിപിടിച്ച കിഴവനെപ്പോലെ ഒരു ദുഷ്ടനെ ഞാൻ കണ്ടിട്ടില്ല. എനിക്കു തോന്നുന്നതു് ഇയാളെ പിശാചു പിടിച്ചിട്ടുണ്ടെന്നാണു്.

ചെറിയാൻമാപ്പിള: എന്താടാ നീ അവിടെനിന്നു പിറുപിറുക്കുന്നതു്?

വക്കി: (ഞെളിഞ്ഞുനിന്നു്) എന്നെ എന്തിനാണിറക്കിവിടുന്നതു്?

ചെറിയാൻമാപ്പിള: നീ എന്നോടു ന്യായം ചോദിക്കാൻ വന്നിരിക്കയോ? നായെ! കടക്കെടാ പുറത്തു്. അല്ലെങ്കിൽ നിൻെറ പുറം ഞാൻ അടിച്ചു പൊളിക്കും.

വക്കി: ഞാൻ ചെറിയാച്ചനോടെന്തു ചെയ്തു?

ചെറിയാൻമാപ്പിള: നിന്നോടു് പോകാനാ പറഞ്ഞതു്.

വക്കി: പോത്തൻകുട്ടി പറഞ്ഞു, ഞാൻ ഇവിടെ കാത്തു നില്ക്കണമെന്നു്.

ചെറിയാൻമാപ്പിള: പോയി വെട്ടവഴിയിൽ കാത്തുനിൽക്കു്. എൻെറ വീട്ടിൽ തൂണുപോലെ നില്ക്കുണ്ട വക്കീ! എനിക്കറിയാം നീ ഇങ്ങനെ കൂടിയിരിക്കുന്നതെന്തിനാണെന്നു്. നടക്കുന്നതെല്ലാം പാത്തുനിന്നു കാണണം. കണ്ടതിലൊക്കെ കൈയിട്ടു വാരണം. എൻെറ കാര്യങ്ങളെല്ലാം ഒളിഞ്ഞുനിന്നു നോക്കണം. എൻെറ എല്ലാ പ്രവൃത്തികളും സൂക്ഷിച്ചു കാണണം. എന്നുവെച്ചാൽ എൻെറ സ്വത്തു മുഴുവനും മോട്ടിക്കാൻ നീ നോക്കിനടക്കുകയാണെന്നത്ഥം.

വക്കീ: എങ്ങനെയാ ചെറിയാച്ചാ, ഞാൻ മോട്ടിക്കുന്നതു്? ഉള്ളതു മുഴുവനും വച്ചുപൂട്ടി താക്കോൽ അരഞ്ഞാണത്തിൽ കെട്ടിത്തൂക്കിനടക്കുന്ന ഒരുത്തൻെറ മുതലെങ്ങനെയാ മോട്ടിക്കുക?

ചെറിയാൻമാപ്പിള: എനിക്കിഷ്ടമുള്ളതെല്ലാം ഞാൻ വച്ചുപൂട്ടും. എനിക്കു തോന്നുമ്പോഠം തോന്നുന്നിടത്തു് ഞാൻ കാവൽ നിൽക്കും. കണ്ടിടത്തൊക്കെ ഒളിഞ്ഞുനോക്കും. അതിനു നിനക്കെന്തു വേണം? ശല്യം! ചക്കയെരക്കുപോലെ ഒട്ടിക്കൂടിയിരിക്കയാണു്. (സദസ്യരോടു്) എൻെറ നിക്ഷേപത്തിൻെറ കാര്യ്യം വല്ലതും അവൻ അറിഞ്ഞിട്ടുണ്ടോ; ആവോ? എടാ! ചോദിക്കുന്നതിനുത്തരം പറയണം. ഞാൻ ഇവിടെ നിധി ഒളിച്ചുവച്ചിട്ടുണ്ടെന്നു് നീ പറഞ്ഞുപരത്തുന്നില്ലേ?

വക്കീ: ചെറിയാച്ചനിവിടെ നിധി ഒളിച്ചുവച്ചിട്ടുണ്ടെന്നോ? അതിനു് ഞാനെന്തു വേണം?

ചെറിയാൻമാപ്പിള: അല്ല തെമ്മാടി. അതല്ല ഞാൻ പറഞ്ഞതു്. (സദസ്യരോടു്) അവനു് ചെവി അല്പം പതുക്കെയാണെന്നു തോന്നുന്നു. (ഉറക്കെ) നീ നുണ പറഞ്ഞുനടക്കുന്നുവെന്നാണു് ഞാൻ പറഞ്ഞതു്.

വക്കീ: പണമുണ്ടെന്നോ? ചെറിയാച്ചനു് പണമുണ്ടെങ്കിലെന്തു്? ഇല്ലെങ്കിലെന്തു്? ഞങ്ങഠംക്കതുകൊണ്ടെന്താ പ്രയോജനം?

ചെറിയാൻമാപ്പിള: (അടിക്കാൻ കൈ ഓങ്ങിക്കൊണ്ടു്) നീ തക്കുത്തരം പറയുകയാണല്ലേ. ഒരു ചെററ മൂരാച്ചി വാദിക്കാൻ വന്നിരിക്കുന്നു. ഛും! കടക്കു പുറത്തു്. കടക്കാനല്ലേ പറഞ്ഞതു്! (വക്കീ അകത്തേയ്ക്കു നടക്കുന്നു) ഛീ! അകത്തേക്കാണോ പോണതു്! പുറത്തു പോടാ.

വക്കീ: (തിരിച്ചുവന്നു്) വഴി തെററിപ്പോയതാ.

ചെറിയാൻമാപ്പിള: ങ്ഹാ? വഴി തെററിയതാണല്ലേ? ഞാനൊന്നു നോക്കട്ടെ. നീ എന്താണു് മോട്ടിച്ചു കൊണ്ടു പോകുന്നതു്?

വക്കി: എന്തു മോട്ടിച്ചുകൊണ്ടു പോകാനാ? ഇവിടെ ഒന്നുമില്ലെന്നു ചെറിയാച്ചൻ തന്നെയല്ലേ പറഞ്ഞതു്.

ചെറിയാൻമാപ്പിള: ഇവിടെ വാ. നിൻെറ കൈ രണ്ടും കാണട്ടെ.

വക്കി: ഇതാ കണ്ടോട്ടെ.

ചെറിയാൻമാപ്പിള: മററതും.

വക്കി: മററതോ?

ചെറിയാൻമാപ്പിള: അതെ.

വക്കി: (കൈ തിരിച്ചും മറിച്ചും കാണിച്ചു്) ഇതാ നല്ലവണ്ണം നോക്കിയാട്ടെ.

ചെറിയാൻമാപ്പിള: (കാംസം ചൂണ്ടിക്കാട്ടി) നീ അതിൽ വല്ലതും ഒളിച്ചുവെച്ചിട്ടുണ്ടോ?

വക്കി: ചെറിയാച്ചൻതന്നെ നോക്കിയാട്ടെ.

ചെറിയാൻമാപ്പിള: (തപ്പിനോക്കി) ഈ വീതികൂടിയ കാംസം മോഷ്ടിക്കുന്ന സാധനങ്ങൾ ഒളിച്ചുവെയ്ക്കാൻപററിയതാണു്. ഇതു വടക്കേയിന്ത്യയിൽനിന്നു കൊണ്ടുവന്നതാണു്. ഇത്തരം കാംസക്കാരെയെല്ലാം തൂക്കിലിട്ടു കൊല്ലണം.

വക്കി: (സദസ്യരോടു്) ഇത്തരമൊരറുക്കീസിൻെറ മുതലും മോട്ടിക്കാനെന്തു രസമായിരിക്കും. ഹ—ഹ—ഹ!

ചെറിയാൻമാപ്പിള: എന്താടാ നീ പറഞ്ഞതു്?

വക്കി; ഒന്നുമില്ലേ.

ചെറിയാൻമാപ്പിള: നീ ഏതാണ്ടു മോട്ടിക്കുന്ന കാര്യം പറഞ്ഞല്ലോ.

വക്കി: ഞാൻ വല്ലതും കട്ടോയെന്നു ചെറിയാച്ചൻ എല്ലായിടത്തും തപ്പിനോക്കുന്നുവെന്നാണു് പറഞ്ഞതു്.

ചെറിയാൻമാപ്പിള: ഹമ്പട കള്ളാ! അപ്പോ ഞാൻ ചിലതൊക്കെ മറന്നുപോയിരുന്നു; അല്ലേ? നിൻെറ പോക്കററു് നോക്കട്ടെ. (പോക്കററിൽനിന്നു മുറിബീഡികൾ എടുത്തു്) എത്ര മുറിബീഡിയാടാ ഇതു്? പതിനൊന്നെണ്ണം. നീ ഇതു് ഇവിടെനിന്നു് പെറുക്കിയെടുത്തതല്ലേടാ? (സ്വന്തം പോക്കററിൽ നിക്ഷേപിച്ചു്) പോടാ—പോ, പോ—പോ.

വക്കി: (സദസ്യരോടു്) സാർവ്വലൗകികപിശുക്കന്മാർ—മുർദാബാദു്!

ചെറിയാൻമാപ്പിള: നീ എന്താടാ പറഞ്ഞതു്?

വക്കി: ഒന്നുമില്ലേ! ആ മുറിബീഡിയിൽ തീയോ മറേറാ കണ്ടേക്കാമെന്നു്...

ചെറിയാൻമാപ്പിള: ഹയ്യോ! (രണ്ടു ചാട്ടം ചാടി) ചതിച്ചോടാ. എൻെറ പോക്കററു് കത്തും. (ബീഡി തപ്പി പുറത്തെടുക്കുന്നു)

ഈ കോട്ടു് മേടിച്ചിട്ടു് ഇരുപത്തിമൂന്നു കൊല്ലമേ ആയിട്ടുള്ളു.

വക്കി: (സദസ്യരോടു്) പിശുക്കന്മാരുടെ രാജാവു് — സിന്ദാബാദു്.

ചെറിയാൻമാപ്പിള: നീ എന്താടാ പറഞ്ഞതു് ?

വക്കി: ഞാനെന്താ പറഞ്ഞതു് ?

ചെറിയാൻമാപ്പിള: പിശുക്കന്മാരെപ്പററി നീ എന്താടാ പറഞ്ഞതു് ?

വക്കി: തുലഞ്ഞുപോട്ടേ എന്നു് ?

ചെറിയാൻമാപ്പിള: ആരു തുലഞ്ഞുപോട്ടേ എന്നു് ?

വക്കി: പിശുക്കന്മാർ.

ചെറിയാൻമാപ്പിള: എന്നുവെച്ചാൽ ?

വക്കി: (ദൂരത്തേക്കു ചൂണ്ടി) ദ്രോഹികരം! അറുത്ത കൈക്കു് ഉപ്പിടാത്ത ദുഷ്ടന്മാർ!

ചെറിയാൻമാപ്പിള: നീ ആരെയാണു് അങ്ങനെ പറയുന്നതു്?

വക്കി: ചെറിയാച്ചനെന്തിനാ ചൊടിക്കുന്നതു് ?

ചെറിയാൻമാപ്പിള: ഹും ! ചൊടിക്കാൻ എനിക്കവകാശമില്ലേ ?

വക്കി: ഞാൻ ചെറിയാച്ചനെപ്പററിയാണു പറയുന്നതെന്നാണോ ചെറിയാച്ചൻ വിചാരിക്കുന്നതു് ?

ചെറിയാൻമാപ്പിള: ഞാൻ വിചാരിക്കുന്നതു ഞാൻ വിചാരിക്കുന്നു. നീ സംസാരിക്കുന്നതാരോടാണെന്നാണു ഞാൻ ചോദിക്കുന്നതു് ?

വക്കി: എന്നോടുതന്നെ. ചെറിയാച്ചൻ കേട്ടിട്ടുണ്ടോ, നാടകത്തിൽ ആത്മഗതം എന്നൊരേർപ്പാടുണ്ടു്. അതും ഒരുവക സംസാരമാണു്.

ചെറിയാൻമാപ്പിള: വക്കീ! ഞാൻ നിൻെറ കരണക്കുററിയോടു സംസാരിക്കും.

വക്കി: ഞാൻ വല്ല പിശുക്കന്മാരെക്കുറിച്ചും സംസാരിക്കുമ്പോരം ചെറിയാച്ചനെന്തിനാ ശുണ്ഠിപിടിക്കുന്നതു് ?

ചെറിയാൻമാപ്പിള: വായിൽത്തോന്നിയതു പറയാമെന്നായോടാ ? മിണ്ടാതിരിക്കാനല്ലേ നിന്നോടു പറഞ്ഞതു്.

വക്കി: ഞാനാരുടേയും പേരു പറഞ്ഞില്ലല്ലോ.

ചെറിയാൻമാപ്പിള: ഇനി മിണ്ടിപ്പോയാൽ ഞാൻ നിന്നെ കൊന്നുകളയും.

വക്കി: കോഴി കട്ടവൻ പൂട തപ്പും.

ചെറിയാൻമാപ്പിള: വക്കീ !

വക്കി: എന്തോ ? എന്തു വേണം ? ഇതാ, ഇവിടെ കീശ കൂടി യുണ്ടു്. അതു തപ്പിനോക്കു്.

ചെറിയാൻമാപ്പിള: നിനക്കു തല്ലു കൊള്ളേണ്ടെങ്കിൽ അതിങ്ങു തന്നേരു്.

വക്കി: എന്തോന്നു തരണം ?

ചെറിയാൻമാപ്പിള: നീ നേരാണോ പറയുന്നതു് ?

വക്കി: അതേ.

ചെറിയാൻമാപ്പിള: എന്നാൽ പുറത്തുപോയിത്തുലയൂ.

വക്കി: നല്ല മര്യാദ ! (പോകുന്നു) സാർവ്വലൗകീകപിശുക്കന്മാർ—മുർദാബാദ്.

ചെറിയാൻമാപ്പിള: (സദസ്സിനോടു്) ഈ കള്ളക്കഴവേറിയെക്കൊണ്ടു് ഞാൻ തോററു. അവൻെറ ഒരു മുനിഞ്ഞ മോന്ത കാണുന്നതുതന്നെ എനിക്കു ശ്നിയാണു്. ഒരു വലിയ തുക വീട്ടിൽത്തന്നെ വച്ചിരുന്നാലത്തെ കുഴപ്പം എന്തു ഭയങ്കരമാണെന്നറിയാമോ ? പണമെല്ലാം ഭംഗിയായി പലിശയ്ക്കു കൊടുത്തു് നിത്യച്ചെലവിനുള്ളതു മാത്രം കയ്യിൽ വച്ചുകൊണ്ടിരിക്കുന്നവനാണു ഭാഗ്യവാൻ. ഈ വീട്ടിലെങ്ങും നോക്കിയിട്ടു് ഗോപ്യമായ ഒരു സ്ഥലം ഞാൻ കാണുന്നില്ല. (ഒരു വശത്തേക്കു നോക്കി) എന്താ നിങ്ങൾ പറഞ്ഞതു് ? ഇരുമ്പുപെട്ടിയെന്നോ ! അതു വെറുതെയാണു്. എനിക്കതിൽ വിശ്വാസമില്ല. അതിനുകൂടി പണം മുടക്കാമെന്നുമാത്രം. കള്ളന്മാരെ ആകർഷിക്കാനുള്ള ഒരു വിദ്യയാണു് ഇരുമ്പുപെട്ടി.

(ഇതിനിടയിൽ പോത്തനും ശോശാമ്മയും സ്റ്റേജിൻെറ പിൻഭാഗത്തു പ്രത്യക്ഷരായി സംസാരിച്ചുകൊണ്ടു നിൽക്കുന്നു. ചെറിയാച്ചൻ താൻ തനിച്ചാണെന്നു വിചാരിച്ചു സംസാരിക്കുകയാണു്)

അപ്പോൾ ഇന്നലെ കിട്ടിയ അൻപതിനായിരം രൂപാ തോട്ടത്തിൽ കുഴിച്ചിട്ടതു പന്തിയായോ, എന്തോ ? അൻപതിനായിരം രൂപാ എന്നു പറഞ്ഞാലേ... (പോത്തനേയും ശോശാമ്മയേയും കണ്ടു്) ദൈവമേ ! ഞാൻ പറഞ്ഞതു് അവർ കേട്ടോ, എന്തോ! മുടിഞ്ഞു ! മുടിഞ്ഞു ! ശബ്ദം അല്പം കൂടിപ്പോയെന്നു തോന്നുന്നു. (ഉറച്ചു്) നിങ്ങൾക്കെന്തു വേണം?

പോത്തൻ: ഒന്നും വേണ്ട.

ചെറിയാൻമാപ്പിള: നിങ്ങൾ ഇവിടെ വന്നു നില്ക്കാൻ തുടങ്ങിയിട്ടു വളരെ നേരമായോ ?

ശോശാമ്മ: ഇപ്പോഴിങ്ങു വന്നേയുള്ളൂ.

ചെറിയാൻമാപ്പിള: നിങ്ങൾ കേട്ടോ ?

ശോശാമ്മ: എന്താണപ്പച്ചാ ?

ചെറിയാൻമാപ്പിള: കണ്ടോ ?

ശോശാമ്മ: എന്തു കണ്ടോന്നു് ?

ചെറിയാൻമാപ്പിള: ഞാൻ കുറച്ചു മുമ്പു പറഞ്ഞതു്.

ശോശാമ്മ: ഇല്ല.

ചെറിയാൻമാപ്പിള: നിങ്ങഠം കേട്ടു. കേട്ടെന്നെനിക്കറിയാമല്ലോ.

ശോശാമ്മ: ഇല്ലപ്പച്ചാ, ഞങ്ങഠം കേട്ടില്ല.

ചെറിയാൻമാപ്പിള: നിങ്ങഠം ഏതാനും വാക്കുകഠം കേട്ടെന്നെനിക്കറിയാം. ഉള്ളതു പറയാമല്ലോ—ഇക്കാലത്തു പണമുണ്ടാക്കാനുള്ള ബുദ്ധിമുട്ടോർത്തു് ഞാൻ അങ്ങനെ പറഞ്ഞുപോയതാണു്. ഒരു അൻപതിനായിരം രൂപാ കൈയിലുള്ളവൻ ഭാഗ്യവാനാണെന്നു ഞാനങ്ങു പറഞ്ഞുപോയി.

ശോശാമ്മ: അപ്പച്ചനെ ശല്യപ്പെടുത്താതെ ഞങ്ങഠം മാറിനിന്നതാണു്.

ചെറിയാൻമാപ്പിള: ഞാൻ പറയുന്നതു കേഠംക്കു. അല്ലെങ്കിൽ നിങ്ങഠം വല്ലതും തെററിദ്ധരിച്ചേക്കാം—എൻെറ കൈയിലാണു് അൻപതിനായിരം രൂപായുള്ളതെന്നു്.

പോത്തൻ: അപ്പച്ചൻെറ കാര്യങ്ങളിൽ ഇടപെടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ചെറിയാൻമാപ്പിള: ഒരു അൻപതിനായിരം രൂപാ കിട്ടിയിരുന്നെങ്കിൽ.

പോത്തൻ: എനിക്കു തോന്നുന്നില്ല അപ്പച്ചനു്...

ചെറിയാൻമാപ്പിള: ഹായ്, എത്ര നന്നായിരുന്നു !

പോത്തൻ: അപ്പച്ചാ, വേറെ ചില കാര്യങ്ങഠം...

ചെറിയാൻമാപ്പിള: എനിക്കാ സംഖ്യ കിട്ടിയേ തീരൂ.

പോത്തൻ: എനിക്കു തോന്നുന്നതു്—

ചെറിയാൻമാപ്പിള: അതില്ലെങ്കിൽ മുടിഞ്ഞതുതന്നെ അടയാളം.

ശോശാമ്മ: അപ്പച്ചനെന്താണീ പറയുന്നതു് ?

ചെറിയാൻമാപ്പിള: അതു നടന്നാൽപ്പിന്നെ ഈ നാട്ടിൽ ക്ഷാമത്തിൻെറ പ്രശ്നമേ ഉണ്ടാവുകയില്ലായിരുന്നു.

പോത്തൻ: എന്താണപ്പച്ചാ, ഇങ്ങനെ വേവലാതിപ്പെടുന്നതു്? ഈ നാട്ടിലുള്ളവക്കൊക്കെ അറിയാം അപ്പച്ചനു് അവലുപോലെ പണമുണ്ടെന്നു്.

ചെറിയാൻമാപ്പിള: എനിക്കു പണമുണ്ടെന്നോ? ഇത്തരം നുണകഠം പരത്തുന്നവർ കള്ളന്മാരാണു്. ഇത്ര വലിയ ഒരു നുണ ഞാൻ കേട്ടിട്ടില്ല. ഇവന്മാരൊക്കെ പോക്കിരികളാണു്,

ശോശാമ്മ: അപ്പച്ചൻ എന്തിനാണു കോപിക്കുന്നതു് ?

ചെറിയാൻമാപ്പിള: എൻെറ മക്കരംതന്നെ എന്നെ ഒററിക്കൊടുക്കുന്നു; എൻെറ ശത്രുക്കളായിത്തീരുന്നു.

പോത്തൻ: അപ്പച്ചനു സ്വത്തുണ്ടെന്നു പറയുന്നതു് ഒററിക്കൊടുക്കലാണോ ?

ചെറിയാൻമാപ്പിള: അതെ. അതിനു സംശയമുണ്ടോ ? ഇങ്ങനെയുള്ള വർത്തമാനവും നിൻെറ ധൂർത്തും ഒക്കെക്കണ്ടാൽ കള്ളന്മാർ വിചാരിക്കും ഇവിടെ അപ്പിടി പൊന്നാണെന്നു്. അവന്മാർ വന്നു് എൻെറ കഴുത്തറുക്കും; കഴുത്തറുക്കും !

പോത്തൻ: ഞാനെന്തു ധൂർത്താണടിക്കുന്നതു് ?

ചെറിയാൻമാപ്പിള: നീ ഇട്ടിരിക്കുന്ന ഈ വേഷം നോക്കു്. ഈ കോട്ടും കരംസവുമെല്ലാം തല്ലിക്കേററാതെ നടക്കാമേലേ ? നടക്കുന്നു തീപ്പെട്ടിക്കോലുപോലെ. അവളും വഷളാണു്. ഞാൻ ഇന്നലെ പറഞ്ഞേയുള്ളു. അവരം നിന്നേക്കാരം ചീത്ത. നീ അവളേക്കാളും. നിങ്ങളുടെ ഈ നടപടി കർത്താവിനു് സഹിക്കുകയില്ല. നിൻെറ വേഷത്തിൻെറ വിലയ്ക്കു് എന്തു പലിശ കിട്ടുമെന്നാ നീ ധരിച്ചതു് ? നീ എൻെറ പെട്ടിക്കു കള്ളത്താക്കോലുണ്ടാക്കിയിട്ടുണ്ടു്. തീർച്ച.

പോത്തൻ: കള്ളത്താക്കോലോ ? അപ്പച്ചൻെറ പെട്ടിക്കോ ! അപ്പച്ചനല്ലേ പറഞ്ഞതു് പെട്ടിയിലൊന്നുമില്ലെന്നു്.

ചെറിയാൻമാപ്പിള: നിഷേധിത്തരം പറയുന്നോടാ? എൻെറ പെട്ടിക്കകത്തു് എന്തുണ്ടെങ്കിലും നിനക്കെന്താണു് ? നീ എങ്ങനെയാണു് ഈ ഉടുത്തുഞെളിഞ്ഞു നടക്കുന്നതു് ?

പോത്തൻ: എന്താണപ്പച്ചാ പണത്തിനിത്ര വിഷമം ? ഞാൻ കുറേശ്ശെ പന്നിമലത്തു കളിക്കുന്നുണ്ടു്. ഭാഗ്യമാണെങ്കിൽ എനിക്കങ്ങനെ കൊടികെട്ടി നില്ക്കുയാണു്. അങ്ങനെ കിട്ടുന്ന പണത്തിൽ കുറച്ചൊക്കെ ഞാൻ തുണി മേടിക്കാനും ചെലവാക്കും.

ചെറിയാൻമാപ്പിള: മോശം. വളരെ മോശം. എൻെറ മകനായിട്ടും പണം കിട്ടിയാൽ എങ്ങനെ ഉപയോഗിക്കണമെന്നു് നിനക്കറിയില്ലല്ലോ ! കിട്ടുന്ന പണമെല്ലാം പലിശയ്ക്കു കൊടുക്കണം. അങ്ങനെ അതു് വർദ്ധിച്ചു വർദ്ധിച്ചു വരും.

പോത്തൻ: എന്നിട്ടു് ?

ചെറിയാൻമാപ്പിള: പിന്നേയും വർദ്ധിക്കും.

പോത്തൻ: പിന്നേ ?

ചെറിയാൻമാപ്പിള: കുറേക്കൂടി വർദ്ധിക്കും.

പോത്തൻ: അതുകഴിഞ്ഞു് ?

ചെറിയാൻമാപ്പിള: പിന്നേയുമങ്ങു വർദ്ധിക്കും.

പോത്തൻ: ശരി ശരി. എന്നിട്ടു് ?

ചെറിയാൻമാപ്പിള: ങ്ഹാ ! ആക്ഷേപിക്കുകയാണല്ലേടാ ! പലിശസ്സു കൊടുക്കുന്നതിനു പകരം നീ എന്താണു് ചെയ്തിരിക്കുന്നതു് ? എന്തിനാടാ ഇതൊക്കെ കെട്ടിത്തൂക്കിയിരിക്കുന്നതു്. അകത്തെ വർത്തമാനം പുറത്തറിയുന്ന തുണികൊണ്ടാണോടാ കളസം തൈപ്പിക്കുന്നതു്. ദൈവമേ ! ഈ ആണുങ്ങൾ ബ്ലൗസുമിട്ടുതുടങ്ങിയല്ലോ ! നിന്റെ ഈ ബെൽട്ടിനു പകരം ഒരു നല്ല ചരടെടുത്തു കെട്ടിയാൽ പോരെ ? അവൻ ഒരു കണ്ണാടി വച്ചിരിക്കുന്നു ! നിനക്കെന്താടാ കണ്ണിനു സുഖക്കേടു് ? പെൺപിള്ളേരെ നോക്കി കോങ്കണ്ണു പിടിച്ചായിരിക്കും. ഇതെല്ലാംകൂടി വിററാൽ ഒരു നൂറു രൂപായെങ്കിലും കിട്ടും. നൂറു രൂപായ്ക്കു് ദിവസം ഒരു രൂപാവെച്ചു് വട്ടിപ്പണം കിട്ടുമല്ലോടാ.

പോത്തൻ: അപ്പച്ചൻ പറയുന്നതെല്ലാം ശരിയാണു്.

ചെറിയാൻമാപ്പിള: അതൊക്കെ നില്ക്കട്ടെ. എനിക്കു നിങ്ങളോടു് അതിപ്രധാനമായ ഒരു കാര്യത്തെപ്പററി സംസാരിക്കാനുണ്ടു്.

(പോത്തനും ശോശാമ്മയും തമ്മിൽ ആംഗ്യം കാണിക്കുന്നു)

(സദസ്യരോടു്) അവരെന്റെ പോക്കററടിക്കാൻ ആലോചിക്കയാണെന്നു തോന്നുന്നു. (ഉറക്കെ) നിങ്ങളെന്താ ആംഗ്യം കാണിച്ചതു് ?

ശോശാമ്മ: ആരാണു മുൻപു പറയേണ്ടതെന്നു് ഞങ്ങൾ സംശയിച്ചു നില്ക്കയാണു്. ഞങ്ങൾക്കു് അപ്പച്ചനോടൊരു കാര്യം പറയാനുണ്ടു്.

ചെറിയാൻമാപ്പിള: എനിക്കു് നിങ്ങളോടും ഒരു കാര്യം പറയാനുണ്ടു്.

പോത്തൻ: അതു തന്നെയാണു് എനിക്കും പറയാനുള്ളതു്.

ശോശാമ്മ: അയ്യോ അപ്പച്ചാ !

ചെറിയാൻമാപ്പിള: നീ എന്തിനാടീ പെണ്ണേ കിടന്നു നിലവിളിക്കുന്നതു് ? വിവാഹമെന്ന വാക്കോ, വിവാഹമെന്ന കർമ്മമോ—ഏതാണു നിനക്കു പേടി?

പോത്തൻ: അപ്പച്ചൻ എതിർക്കുമോ എന്നാണു ഞങ്ങൾക്കു പേടി.

ശോശാമ്മ: ഞങ്ങളുടെ ഇഷ്ടവും അപ്പച്ചന്റെ ഇഷ്ടവും തമ്മിൽ ചേരാതെ വന്നാലോ ?

ചെറിയാൻമാപ്പിള: ക്ഷമിക്കു. നിങ്ങൾ പേടിച്ചിട്ടാവശ്യമില്ല. നിങ്ങൾക്കു് നല്ലതെന്താണെന്നു് എനിക്കറിയാം,

ഇനി കാര്യം പറയാം. (പോത്തനോട്) ഇവിടെ ആ പള്ളീടെ വടക്കേ വീട്ടിൽ വന്നു താമസിക്കുന്ന മേരിക്കുട്ടി എന്ന യുവതിയെ നീ അറിയുമോ?

പോത്തൻ: അറിയാം അപ്പച്ചാ.

ചെറിയാൻമാപ്പിള: (ശോശാമ്മയോട്) നീയോ?

ശോശാമ്മ: കേട്ടിട്ടുണ്ട്.

ചെറിയാൻമാപ്പിള: നിനക്കാ പെണ്ണിനെ ഇഷ്ടമാണോ പോത്താ?

പോത്തൻ: അവൾ മനോഹരിയാണ്.

ചെറിയാൻമാപ്പിള: അവളുടെ മുഖം?

പോത്തൻ: നല്ല വിനയവും ബുദ്ധിയും ഉള്ള കൂട്ടത്തിലാണ്.

ചെറിയാൻമാപ്പിള: അവളുടെ സമ്പ്രദായവും നടവടിയും?

പോത്തൻ: ഒന്നാംതരം.

ചെറിയാൻമാപ്പിള: അങ്ങനെയൊരു പെണ്ണിന്റെ കാര്യം ആലോചിക്കുന്നതു നല്ലതാണെന്ന് നിനക്കു തോന്നുന്നില്ലേ പോത്താ?

പോത്തൻ: ഉവ്വ് അപ്പച്ചാ.

ചെറിയാൻമാപ്പിള: അവളെ വിവാഹം ചെയ്യുന്നതു് ഉത്തമമല്ലേ പോത്താ?

പോത്തൻ: ഉത്തമമാണപ്പച്ചാ.

ചെറിയാൻമാപ്പിള: പാഴ്ച്ചെലവൊന്നും ചെയ്യാതെ ഗൃഹഭരണം നടത്താൻ പ്രാപ്തിയുള്ള ഒരു ഭാര്യയായിരിക്കും അവളെന്നു നിനക്കു തോന്നുന്നില്ലേ മകനേ?

പോത്തൻ: എനിക്കാക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ചെറിയാൻമാപ്പിള: അവളോടുകൂടി രമ്യമായിട്ട് ഒരു ഭർത്താവിനു കഴിഞ്ഞുകൂടാൻ സാധിക്കുമെന്നു തോന്നുന്നില്ലേ പോത്താ?

പോത്തൻ: തീർച്ചയായും.

ചെറിയാൻമാപ്പിള: പക്ഷേ, പോത്താ ഒരു ചില്ലറ വൈഷമ്യമുണ്ട്. നമുക്കു ന്യായമായി പ്രതീക്ഷിക്കാവുന്ന സ്ത്രീധനം കിട്ടുമോ എന്ന കാര്യം സംശയമാണ്.

പോത്തൻ: അപ്പച്ചാ, സുശീലയായ ഒരു ഭാര്യയെ കിട്ടിയാൽ സ്ത്രീധനത്തിന്റെ കാര്യം എന്തിനു നോക്കണം?

ചെറിയാൻമാപ്പിള: നോക്കണം, നോക്കണം. പക്ഷേ, അതിനുമുണ്ടെടാ വേറെ ചില വഴികൾ.

പോത്തൻ: പിന്നെ അപ്പച്ചൻ നോക്കിയാൽ കാണാത്ത വഴിയുണ്ടോ ?

ചെറിയാൻമാപ്പിള: കൊള്ളാം. എൻെറ അഭിപ്രായത്തോട നിങ്ങറംക്കു് ഇത്ര യോജിപ്പുണ്ടെന്നു കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ആ പെൺകുട്ടിയുടെ വിനയവും സൗശീല്യവും എൻെറ ഹൃദയത്തെ കവന്നിരിക്കുന്നു. കുറച്ചു സ്ത്രീധനംകൂടെ കിട്ടിയാൽ അവളെ വിവാഹം ചെയ്യാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.

പോത്തൻ: ഏ ? (ബോധംകെട്ട് കസേരയിൽ വീഴുന്നു)

ചെറിയാൻമാപ്പിള: (അടുത്തു ചെന്നു നോക്കി) എന്താടാ ഇതു് ?

ശോശാമ്മ: ചുഴലിദ്ദീനമാണപ്പച്ചാ, കുഞ്ഞാങ്ങളയ്ക്കു് ഇതു് ഇടയ്ക്കിടെ വരാറുണ്ടു്.

പോത്തൻ: (എഴുന്നേററു്) അപ്പച്ചൻ നിശ്ചയിച്ചുകഴിഞ്ഞുവെന്നാണോ പറഞ്ഞതു് ?

ചെറിയാൻമാപ്പിള: മേരിക്കുട്ടിയെ വിവാഹം ചെയ്യുവാൻ...

പോത്തൻ: ആരു് അപ്പച്ചനോ ?

ചെറിയാൻമാപ്പിള: അതെ; ഞാൻതന്നെ. അതിനു് ഈ ബഹളം കാട്ടുന്നതെന്തിനു് ?

പോത്തൻ: എനിക്കു് തല ചുററുന്നപോലെ തോന്നുന്നു. എനിക്കൊന്നു കിടക്കണം.

ചെറിയാൻമാപ്പിള: ഓ—അതു സാരമില്ല. അടുക്കളയിൽ പോയി ഒരു ഗ്ലാസു് പച്ചവെള്ളം കുടിച്ചാൽ മതി. ഉടനെ സുഖമാവും.

(പോത്തൻ ആടിയാടി പോകുന്നു)

(സദസ്സിനോടു്) അതാ പോകുന്നു, ഇപ്പോഴത്തെ ഒരു പരിഷ്കാരിച്ചെറുക്കൻ. ഇവററയ്ക്കു് ഒരു കോഴിക്കുഞ്ഞിൻെറ ജീവനില്ല. പെണ്ണു കെട്ടിച്ചാലേ ഇവനൊക്കെ ശരിയാകൂ. കേട്ടോ മോളേ, ഞാൻ ഇവനൊരു വിവാഹം ആലോചിച്ചു വെച്ചിട്ടുണ്ടു്. ഇന്നു കാലത്താണു് ഞാൻ കേട്ടതു്. നല്ല ഒരു വിധവ. അതിനുംപുറമേ, നിന്നെ ഞാൻ ആ തരകനു് കെട്ടിച്ചുകൊടുക്കുവാൻ പോവുകയാണു്.

ശോശാമ്മ: ആക്കു്, തരകനോ ?

ചെറിയാൻമാപ്പിള: നല്ല മയംവന്ന ഒരു മാന്യൻ. ഒരു അൻപതു വയസ്സിൽ അധികം കാണുകയില്ല. ബർമ്മായിലായിരുന്നു. ഈയിടെ നാട്ടിലെത്തിയേയുള്ളു. അയാളുടെ സ്വത്തിനു് കണക്കില്ലെന്നാണു് ജനസംസാരം.

ശോശാമ്മ: അപ്പച്ചാ, എനിക്കു മഠത്തീപ്പോകണമെന്നാ മോഹം. എനിക്കു വല്ലാത്ത ഭക്തിയാണെന്നാ ജനസംസാരം.

ചെറിയാൻമാപ്പിള: എൻെറ പൊന്നു മോളേ. നിൻെറ ഭക്തിയൊക്കെ ആ തരകനോടായിക്കൊള്ളു. കണ്ടാൽ അമ്പതേ തോന്നുവെങ്കിലും അയാൾക്കു യഥാൎത്ഥത്തിൽ അറുപതിൽ കുറയുകയില്ല.

ശോശാമ്മ: എന്നെ ഇതിൽനിന്നു ഒഴിവാക്കണമപ്പച്ചാ.

ചെറിയാൻമാപ്പിള: നിന്നെ ഇതിൽനിന്നു ഒഴിവാക്കുകയില്ല മോളേ.

ശോശാമ്മ: എനിക്കു തരകനോട് വളരെ ബഹുമാനമുണ്ടു. പക്ഷേ, എനിക്കു അദ്ദേഹത്തെ വിവാഹം ചെയ്യണ്ട.

ചെറിയാൻമാപ്പിള: എനിക്കു നിന്നോടും വളരെ ബഹുമാനമുണ്ടു. പക്ഷേ, നീ ഇന്നുതന്നെ അയാളെ വിവാഹംചെയ്യും. ഇന്നു വൈകിട്ടു.

ശോശാമ്മ: ഇന്നു വൈകിട്ടോ ?

ചെറിയാൻമാപ്പിള: അതെ, ഇന്നു വൈകിട്ടു. രജിസ്റ്റർ കല്യാണം ! അല്ലെങ്കിൽ പസാരം കൊടുക്കണം. രജിസ്ട്രാറെ ഇവിടെ പടികെട്ടി വരുത്തും.

ശോശാമ്മ: അതു നടക്കുകയില്ലപ്പച്ചാ.

ചെറിയാൻമാപ്പിള: അതു നടക്കും മോളെ.

ശോശാമ്മ: നടക്കുകയില്ല.

ചെറിയാൻമാപ്പിള: നടക്കും.

ശോശാമ്മ: നടക്കുകയില്ലെന്നല്ലേ ഞാൻ അപ്പച്ചനോടു പറയുന്നതു.

ചെറിയാൻമാപ്പിള: നടക്കുമെന്നല്ലേ ഞാൻ മോളോടു പറയുന്നതു.

ശോശാമ്മ: ഇക്കാൎയ്യത്തിൽ അപ്പച്ചൻ എന്നെ നിർബ്ബന്ധിക്കരുതു.

ചെറിയാൻമാപ്പിള: ഈ കാൎയ്യത്തിൽ ഞാൻ നിന്നെ നിർബ്ബന്ധിക്കും,

ശോശാമ്മ: അയാളെന്നെ കെട്ടുന്നതിനുമുൻപു ഞാൻ ചത്തുകളയും.

ചെറിയാൻമാപ്പിള: നീ ചാവുകയുമില്ല, കൊല്ലുകയുമില്ല. കല്യാണവും നടക്കും. ഹൗ ! ഒരു മകൾ സ്വന്തം പിതാവിനോടിങ്ങനെ ധിക്കാരം കാണിക്കുകയോ ?

ശോശാമ്മ: ഒരു പിതാവിങ്ങനെ സ്വന്തം മകളോടു പറഞ്ഞു കേട്ടിട്ടുണ്ടോ ?

ചെറിയാൻമാപ്പിള: ഈ കല്യാണക്കാൎയ്യത്തിനു യാതൊരു തടസ്സവുമില്ല. അതറിയുന്നവർ എല്ലാം എന്നെ അഭിനന്ദിക്കുമെന്നു എനിക്കുറപ്പുണ്ടു.

ശോശാമ്മ: തലച്ചോറുള്ളവരാരും അതു് അഭിനന്ദിക്കുകയി ല്ലെന്നു് എനിക്കും ഉറപ്പുണ്ടു്.

ചെറിയാൻമാപ്പിള: അതാ, തൊമ്മി വരുന്നു. ഇക്കാര്യത്തിൽ അവനെ മദ്ധ്യസ്ഥനാക്കാം.

ശോശാമ്മ: സമ്മതം.

ചെറിയാൻമാപ്പിള: അവൻ പറയുന്നതുപോലെ നീ ചെ യ്യുമോ ?

ശോശാമ്മ: അയാൾ പറയുന്നതല്ലാതെ യാതൊന്നും ഞാൻ ചെയ്യുകയില്ല.

ചെറിയാൻമാപ്പിള: തീർച്ച ?

ശോശാമ്മ: തീർച്ച.

ചെറിയാൻമാപ്പിള: സമ്മതിച്ചു. (തൊമ്മി പ്രവേശിക്കുന്നു) തൊമ്മീ ! ഞാനും ശോശാമ്മയും തമ്മിൽ ഒരു തക്കം. അ തിൽ നിന്നെ ഞങ്ങൾ മദ്ധ്യസ്ഥനാക്കാൻ തീരുമാനിച്ചി രിക്കുന്നു.

തൊമ്മി: ചെറിയാച്ചൻമുതലാളി പറയുന്നതുതന്നെ ശരി. സംശയമുണ്ടോ ?

ചെറിയാൻമാപ്പിള: എന്താണു കാര്യമെന്നു കേട്ടിട്ടു വേണ്ടേ ?

തൊമ്മി: അതൊന്നും വേണ്ട. ചെറിയാച്ചനു് തെററു പററുമോ ? ഇതുപോലെ കൂമ്മബുദ്ധിയായ ഒരാൾക്കു്...!

ചെറിയാൻമാപ്പിള: ശ് ശ് ശ്. നല്ല സ്വത്തും വകതിരിവും— കേട്ടോണേ—നല്ല സ്വത്തും വകതിരിവും ഉള്ള ഒരാൾക്കു് ഇവളെ ഇന്നു വൈകിട്ടു് വിവാഹം ചെയ്തുകൊടുപ്പാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. ഈ പൊട്ടിപ്പെണ്ണു പറയുകയാണു് അവൾക്കു മനസ്സില്ലെന്നു്. നീ എന്തു പറയുന്നു ?

തൊമ്മി: നീ എന്തു പറയുന്നുവെന്നോ ?

ചെറിയാൻമാപ്പിള: അതെ.

തൊമ്മി: ഈ ഞാനോ ?

ചെറിയാൻമാപ്പിള: നിനക്കു ചെവി കേട്ടുകൂടേ ?

തൊമ്മി: ഞാൻ പറയുന്നതു് ആകെക്കൂടി നോക്കുമ്പോൾ അങ്ങയുടെ അഭിപ്രായത്തോടു് ഞാനും യോജിക്കുന്നുവെ ന്നാണു്. ചെറിയാച്ചൻ പറയുന്നതു് തെററുവാൻ പാടില്ല.

(ശോശാമ്മ രൂക്ഷമായി നോക്കുന്നു)

എന്നാൽ ശോശാമ്മക്കൊച്ചമ്മ പറയുന്നതിലും അല്പാല്പം കാര്യമില്ലെന്നില്ല.

ചെറിയാൻമാപ്പിള: നിനക്കെന്താ, ഒന്നും മനസ്സിലാക യില്ലേ ? ആ വയസ്സൻ ഒരു നല്ല ബന്ധുവാണു്. അയാ

ളൊരു പ്രഭുവും മാന്യനുമാണു്. ധാരാളം സ്വത്തുമുണ്ടു്, മക്കളുമില്ല ബാക്കി. ഇത്ര നല്ല ഒരു വിവാഹാലോചനയാണു് അവൾ എതിക്കുന്നതു്.

തൊമ്മി: അതു ശരിയാണു്. പക്ഷേ, അങ്ങയുടെ നിശ്ചയം അല്പം ധൃതിയിലായിപ്പോയോ എന്നു് എനിക്കൊരു സംശയം. ശോശാമ്മക്കൊച്ചമ്മയുടെ (ശോശാമ്മയുടെ നേരെ കണ്ണിറുക്കുന്നു) ഹൃദയം ഈ ബാന്ധവത്തിനനുകൂലമായി അഡ്ജസ്റ്റു് ചെയ്യുവാൻ അല്പം കാലാവധി അനുവദിക്കേണ്ടതാണെന്നും ഒരുപക്ഷം പറയാവുന്നതാണു്.

ചെറിയാൻമാപ്പിള: ഈ അവസരം നഷ്ടപ്പെടുത്തുവാൻ വയ്യാ. വേറൊരാലോചനയിൽ കിട്ടാത്ത ഒരു ഗുണംകൂടി ഇതിലുണ്ടു്. സ്ത്രീധനമൊന്നും കൂടാതെതന്നെ അയാൾ ഇവളെ കെട്ടിക്കോളും.

തൊമ്മി: സ്ത്രീധനം കൂടാതെയോ ?

ചെറിയാൻമാപ്പിള: ചില്ലിക്കാശു വേണ്ട.

തൊമ്മി: എന്നാൽ പിന്നെ എനിക്കൊന്നും പറയാനില്ല. ഒരു കല്യാണക്കാര്യത്തിൽ ഇത്ര വലിയ ന്യായം വേറെ ഇല്ല. ശോശാമ്മക്കൊച്ചമ്മ അതു സമ്മതിച്ചേ മതിയാകൂ.

ചെറിയാൻമാപ്പിള: എനിക്കിതുകൊണ്ടു് എന്തു ലാഭമാണെന്നു് ഒന്നാലോചിച്ചുനോക്കൂ തൊമ്മീ.

തൊമ്മി: സംശയമുണ്ടോ. ഇതിനെതിരു യാതൊന്നും പറയുവാനില്ല. പക്ഷേ, കൊച്ചമ്മ പറഞ്ഞേയ്ക്കും വിവാഹമെന്നു പറയുന്നതു് വളരെ ഗൗരവമുള്ള ഒരു കാര്യമാണെന്നു്. ഒരായുഷ്കാലത്തിന്റെ സുഖമോ ദുഃഖമോ അതിനെ ആശ്രയിച്ചിരിക്കുന്നു. അതിലെടുത്തുചാടുന്നതു വളരെ ആലോചിച്ചിട്ടു വേണം എന്നും മററും.

ചെറിയാൻമാപ്പിള: സ്ത്രീധനം കൂടാതെ...

തൊമ്മി: അതുതന്നെയല്ലേ ഞാനും പറഞ്ഞതു്. ചില മനുഷ്യരൊക്കെപ്പറഞ്ഞേയ്ക്കും ഇങ്ങനെയുള്ള കാര്യത്തിൽ മക്കളുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കേണ്ടതുണ്ടു്; പ്രായത്തിലും സ്വഭാവത്തിലും വാസനകളിലും ഉള്ള പൊരുത്തമില്ലായ്മ കുഴപ്പമുണ്ടാക്കിയേക്കും എന്നൊക്കെ.

ചെറിയാൻമാപ്പിള: സ്ത്രീധനം കൂടാതെ...

തൊമ്മി: ഞാനും പറയുന്നതു് അതുതന്നെയാണു്. അതിനു് എതിരില്ല. മറിച്ചാരെങ്കിലും വിചാരിക്കുമോ? ഞാൻ പറഞ്ഞുവന്നതു് സ്ത്രീധനത്തിന്റെ ലാഭത്തേക്കാൾ മകളുടെ ഭാവിയാണു് കാര്യമായി വിചാരിക്കേണ്ടതെന്നും മകളെ ബലികഴിക്കരുതെന്നും ചിലർ പറയുമെന്നാണു്.

ചെറിയാൻമാപ്പിള: സ്ത്രീധനം കൂടാതെ....

തൊമ്മി: അതെ. അതുതന്നെ. അതിനു സമാധാനമില്ല. ''സ്ത്രീധനം കൂടാതെ'' ഇത്ര ശക്തിയുള്ള ന്യായത്തിനു് ആരെന്തു പറയാനാണു് ?

ചെറിയാൻമാപ്പിള: അയ്യോ ! ഒരു പട്ടി കുരയ്ക്കുന്നതുപോലെ തോന്നുന്നു. എൻെറ നിധി ആരെങ്കിലും തട്ടിയെടുക്കാൻ വന്നതാണു്. നീ ഇവിടെ നിൽക്കു. ഞാൻ പോയി നോക്കിയിട്ടു വരാം.

(പോകുന്നു)

ശോശാമ്മ: അപ്പഴേ സാറെ, ഈ പറയുന്നതെല്ലാം കാര്യമായിട്ടു തന്നെയാണോ ?

തൊമ്മി: കിഴവനെ കോപിപ്പിച്ചിട്ടെന്താ കാര്യം ? നേരിട്ടെതിർത്താൽ കാര്യങ്ങളെല്ലാം അവതാളത്തിലാകും. ചില മനുഷ്യരെ തന്ത്രംകൊണ്ടു മാത്രമേ പാട്ടിലാക്കാൻ കഴിയൂ. എതിർപ്പു കാണുന്നതു് അവക്കു് ഒട്ടും ഇഷ്ടമല്ല. സത്യം പറഞ്ഞാൽ അവർ ചൊടിക്കും. തല്ക്കാലം അദ്ദേഹം പറയുന്നതെല്ലാം സമ്മതിച്ചേയ്ക്കുകയാണു് ബുദ്ധി.

ശോശാമ്മ: പക്ഷേ, ഈ കല്യാണക്കാര്യമോ ?

തൊമ്മി: അതിനെന്തെങ്കിലും ഒരു ഉടക്കുണ്ടാക്കണം.

ശോശാമ്മ: ഇന്നു വൈകിട്ടു നടക്കാനുള്ള കാര്യത്തിനാണു് ഉടക്കു് !

തൊമ്മി: ആരാണു് ഈ മണവാളൻ ?

ശോശാമ്മ: തരകനെന്നോ മറേറാ പറഞ്ഞു ?

തൊമ്മി: (ഞെട്ടിത്തിരിഞ്ഞു്) തരകനോ ?

ശോശാമ്മ: അതെ.

തോമ്മി: ഈ പറഞ്ഞയാൾ എവിടെയുണ്ടു് ?

ശോശാമ്മ: ഇന്നു് ഇവിടെ എത്തുമെന്നാ പറഞ്ഞതു്. ബമ്മയിലോ മറേറാ ആയിരുന്നത്രേ. എന്താ മിണ്ടാതെ നിൽക്കുന്നതു്, ങേ ? ഇന്നു് ഇവിടെ വരും. എന്താണെന്നേ ഒന്നും പറയാത്തതു് ? ഞാനെന്തു ചെയ്യണം ?

തൊമ്മി: നീട്ടിവയ്ക്കാനോ മറേറാ പറയണം. പെട്ടെന്നു് ഒരു സുഖക്കേടു വന്നാൽ മതി. പെണ്ണുങ്ങൾക്കു് ഈ വിദ്യയൊക്കെ അറിഞ്ഞുകൂടേ ?

ശോശാമ്മ: പക്ഷേ, ഡോക്ടറെ വരുത്തുമ്പോൾ ചെമ്പു പുറത്താകുമല്ലോ !

തൊമ്മി: നീ അതൊന്നും പേടിക്കണ്ട. ഈ ഡോക്ടർമാർക്കു് ഒരു ചുക്കും അറിയില്ല. എന്തു സുഖക്കേടു വേണമെങ്കിലും അഭിനയിച്ചുകൊള്ളു. ഡോക്ടർ അതിൻെറ കാരണവും കണ്ടുപിടിക്കും.

(ചെറിയാൻമാപ്പിള പുറകിൽ പ്രവേശിക്കുന്നു.)

തൊമ്മി: പണിയൊന്നും പററിയില്ലെങ്കിൽ നമുക്കു് ഇവിടന്നു് ഒളിച്ചോടണം. ശോശാമ്മേ, നിനക്കെന്നോടുള്ള സ്നേഹം...

(ശോശാമ്മ അടയാളം കാണിക്കുന്നു.)

അതെ, അതെ, ഒരു മകളുടെ ചുമതല അവളുടെ അപ്പച്ചനെ അനുസരിക്കുകയാണു്; അവളുടെ പ്രിയപ്പെട്ട അപ്പച്ചനെ! എങ്ങനെയുള്ള ഭർത്താവിനെയാണു് അപ്പച്ചൻ നിശ്ചയിക്കുന്നതെന്നു് ചോദ്യം ചെയ്യാൻ അവൾക്കവകാശമില്ല. അതിനു് പുറമെ സ്ത്രീധനം കൂടാതെയാണെന്ന കാര്യംകൂടി ഓർമ്മിക്കുമ്പോൾ ഏതു പടുകിഴവനായാലും അവൾ സ്വീകരിച്ചുകൊള്ളണം.

ചെറിയാൻമാപ്പിള: കൊള്ളാം, കൊള്ളാം, നീ നല്ലവനാടാ, തൊമ്മീ!

തൊമ്മി: ചെറിയാച്ചൻമുതലാളി വന്നതു് ഞാൻ കണ്ടില്ല. കൊച്ചമ്മയോടിത്ര ഗൗരവമായി സംസാരിക്കാൻ പാടുണ്ടോ എന്നു് എനിക്കു നിശ്ചയമില്ല.

ചെറിയാൻമാപ്പിള: എനിക്കു നിശ്ചയമുണ്ടു്. നിൻെറ ചൊല്പടിയിൽ അവൾ നില്ക്കണമെന്നാണു് എൻെറ ആഗ്രഹം. നീ അകത്തുപോടീ പെണ്ണേ. എനിക്കു് നിൻെറ പേരിലുള്ള അധികാരമെല്ലാം ഇവന്നു് കൊടുത്തിരിക്കുന്നു. ഇവൻ പറയുന്നതുപോലെ ചെയ്യണമെന്നാണു് എൻെറ ആഗ്രഹം.

തൊമ്മി: (രഹസ്യം) ഇനി ഞാൻ പറയുന്നതനുസരിച്ചില്ലെങ്കിലുണ്ടല്ലോ, ഇടിച്ചു് ഞാൻ ലിവറെടുത്തുകളയും.

ശോശാമ്മ: അങ്ങു് വന്നേരു്. (പോകുന്നു.)

തൊമ്മി: കേട്ടോ ചെറിയാച്ചാ. ഇപ്പോഴത്തെ പെൺപിള്ളേരെല്ലാം മഹാ നിഷേധികളാണു്. ശരിക്കു് ഗുണദോഷം പഠിച്ചാലേ നന്നാവൂ: ഞാൻ കൊച്ചമ്മയുടെ അടുത്തേക്കു ചെല്ലട്ടെ.

ചെറിയാൻമാപ്പിള: അതു കൊള്ളാം, നീ ചെല്ലു്.

തൊമ്മി: ശോശാമ്മക്കൊച്ചമ്മയെ നല്ല ഡിസ്ിപ്ലിനിൽ നിർത്തുകയാ വേണ്ടതു്.

ചെറിയാൻമാപ്പിള: ശരിതന്നെ. നീ അക്കാര്യമൊക്കെ....

തൊമ്മി: അതു് ഞാനേററു. കൊച്ചമ്മയെ പറഞ്ഞു സമ്മതിപ്പിക്കാമെന്നാണു് എൻെറ വിശ്വാസം.

ചെറിയാൻമാപ്പിള: പിന്നെ—അല്പം ഉച്ചത്തിൽ പറയണം, കേട്ടോ. അവരുടെ ചെവി കുറച്ച പതുക്കെയാണു്. ങാ, നീ അതു ചെയ്യുമ്പോഴേക്കും ഞാൻ ഡൗണിൽ ഒന്നു പോയേച്ചുവരട്ടെ.

തൊമ്മി: (ശോശാമ്മ പോയ വാതില്ക്കൽച്ചെന്നു് എത്തി നോക്കി അകത്തേക്കു്)

അതെ, പണത്തേക്കാരം വലുതായി യാതൊന്നുമില്ല. കൊച്ചമ്മയ്ക്കു് ഇത്രനല്ല ഒരപ്പച്ചൻ ഉണ്ടായതിനു ദൈവത്തോടു നന്ദിവേണം. സ്ത്രീധനം കൂടാതെ ഒരു പെണ്ണിനെ കെട്ടിക്കോളാമെന്നു് ആരെങ്കിലും പറഞ്ഞാൽ അപ്പോഠം കൊടുക്കണം പിടിച്ച കൈയിൽ. സൗന്ദര്യം, യൗവനം, കുലം, മാനം, മര്യാദ, ബുദ്ധി. ഓ—മാങ്ങാത്തൊലിയാണു്.

ചെറിയാൻമാപ്പിള: (സദസ്യരോടു്) ഹയ്യ! എന്തു നല്ല ചെറുക്കൻ. ഇവന്റെ വാക്കു് വേദവാക്യംപോലെയിരിക്കുന്നു. ഇങ്ങനെയുള്ള ഒരു ഭൃത്യനെ കിട്ടുന്നവനാണു് ഭാഗ്യവാൻ. ശമ്പളവും കൊടുക്കണ്ട. (പോകുന്നു.)

(തൊമ്മി അകത്തേക്കു നോക്കിനില്ക്കുന്നു. നിരാശയോടെ തിരിഞ്ഞു നടന്നു വരുന്നു)

തൊമ്മി: ഇനിയെന്താണു് ദൈവമേ ഒരു രക്ഷാമാര്ഗ്ഗം? ആ മനുഷ്യനു ഭ്രാന്താണു്. വെള്ളം ചേക്കാത്ത ഭ്രാന്തു്. ഈ വയസ്സുകാലത്തു പെണ്ണുകെട്ടാൻ നടക്കുന്നതും പോരാ, ആ പാവം പെണ്ണിനെ...(ഇരിക്കുന്നു.) എന്റെ ശോശാമ്മേ... (നെടുവീർപ്പിടുന്നു) അനുരാഗനദിക്കു് വിഘ്നം കൂടാതൊഴുക്കനുവദിക്കുകയില്ല. ദൈവം.

(നിർന്നിമേഷനായി നോക്കിയിരിക്കുന്നു.)

(ശോശാമ്മ പുറകിൽക്കൂടി പ്രവേശിച്ചു് പുറത്തു തട്ടുന്നു. തൊമ്മി ഞെട്ടിത്തിരിയുന്നു)

ശോശാമ്മ: എന്താ കരച്ചിലുവരെ എത്തിയോ? മൂച്ചൊക്കെ എവിടെപ്പോയി?

തൊമ്മി: നിനക്കറിയില്ല ശോശാമ്മേ, എന്റെ ഹൃദയത്തിലെ വേദനകഠം എന്തൊക്കെയാണെന്നു്.

ശോശാമ്മ: അപ്പച്ചനെന്താ പ്രത്യേകിച്ച വല്ലതും പറഞ്ഞോ?

തൊമ്മി: അപ്പച്ചൻ പറഞ്ഞതൊന്നുമല്ല. ശോശാമ്മ ആലോചിച്ചിട്ടുണ്ടോ, എത്രനാഠം ഞാനീ വേലക്കാരന്റെ വേഷം കെട്ടി കഴിഞ്ഞുകൂടണമെന്നു്. എനിക്കിന്നൊരു മേൽവിലാസമില്ല. എന്റെ അപ്പച്ചനും അമ്മച്ചിയും നഷ്ടപ്പെട്ടു. അവരെവിടെയാണെന്നു യാതൊരു രൂപവുമില്ല.

ശോശാമ്മ: അങ്ങു ഇതൊന്നും അറിയാതെയാണോ ഈ ഏടാകൂടത്തിൽ വന്നു തലയിട്ടതു്.

തൊമ്മി: എല്ലാമറിഞ്ഞുകൊണ്ടുതന്നെയാണു്.

ശോശാമ്മ: പിന്നെ എന്തിനാണു് ഇപ്പോൾക്കിടന്നു കരയുന്നതു്? നട്ടെല്ലില്ലെങ്കിൽ പിന്മാറിക്കോളൂ.

തൊമ്മി: പിന്മാററമില്ലാത്ത ഒരു സമരരംഗമാണിതു്.

ശോശാമ്മ: കുറേക്കൂടി ദുർഘടങ്ങൾ ഞാൻ പറഞ്ഞുതരാം. അപ്പച്ചൻെറ കോപം. നാട്ടുകാരുടെ അപവാദം അങ്ങനെ എത്രയെത്ര...

തൊമ്മി: ശ്രുണ്ഠിപിടിക്കാതെ ശോശാമ്മേ.

ശോശാമ്മ: ശ്രുണ്ഠിപിടിക്കുകയല്ല. ഇതൊക്കെ കാണുമ്പോൾ, എനിക്കു് ഒരു പേടിയേ തോന്നുന്നുള്ളു. അങ്ങു് ഇതിൽ എത്രകാലം ഉറച്ചുനിൽക്കുമെന്നു്. പാവപ്പെട്ട പെണ്ണുങ്ങൾക്കു് സാധാരണ കിട്ടുന്ന സമ്മാനമെന്താണെന്നു് പ്രസിദ്ധമാണല്ലോ.

തൊമ്മി: ആ വിദ്യയിൽ വൈദഗ്ദ്ധ്യം പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾക്കാണെന്നാണു് എൻെറ അറിവു്.

ശോശാമ്മ: ഇത്തരം അറിവും വച്ചുകൊണ്ടവിടെ ഇരുന്നാൽ മതി. (മുഷിഞ്ഞു പോകാൻ ഭാവിക്കുന്നു)

തൊമ്മി: എന്താണു് ശോശാമ്മേ ഇതു്? അനാവശ്യമായ ഒരാരോപണം എൻെറ തലയ്ക്കു് എറിഞ്ഞു്പിടിപ്പിച്ചിട്ടു് ദേഷ്യപ്പെടുക. എൻെറ വിശ്വസ്തതയ്ക്കു് എന്തു തെളിവാണു വേണ്ടതു്?

ശോശാമ്മ: ഞാൻ ആരോടും ഒരു തെളിവും ചോദിച്ചില്ല. ഞാൻ അങ്ങയെ സംശയിച്ചുമില്ല. പക്ഷേ, ഇന്നു് എന്നെ ബലമായി പിടിച്ചു കെട്ടിക്കും എന്നു് അപ്പച്ചൻ പറഞ്ഞിരിക്കുമ്പോൾ ചുണയായിട്ടെന്തെങ്കിലും ചെയ്കയല്ലേ വേണ്ടതു്? അതിനു പകരം ഇവിടെ കരഞ്ഞും പിഴിഞ്ഞും ഇരിക്കുന്നതെന്താണെന്നാ ഞാൻ ചോദിച്ചതു്.

തൊമ്മി: ഓഹോ! അതാണോ ശോശാമ്മയുടെ പേടി? അക്കാര്യത്തിൽ എനിക്കു ഭയമൊന്നുമില്ല.

ശോശാമ്മ: അതെന്താണു്?

തൊമ്മി: ആരെക്കൊണ്ടു് കെട്ടിക്കുമെന്നാ പറഞ്ഞിരിക്കുന്നതു്?

ശോശാമ്മ: തരകനെന്നോ മറേറാ ആണു് പറഞ്ഞതു്. നിങ്ങൾ കേട്ടില്ലേ?

തൊമ്മി: ഞാൻ കേട്ടു. അതാണല്ലോ എനിക്കു് ആ കാര്യത്തിൽ ഭയമില്ലെന്നു പറഞ്ഞതു്.

ശോശാമ്മ: എനിക്കൊന്നും മനസ്സിലാകുന്നില്ല

തൊമ്മി: തല്ക്കാലം ഇതിൽ കൂടുതലൊന്നും മനസ്സിലാക്കണ്ട. നിന്നെ ഒരു തരകനും കെട്ടാൻപോണില്ല.

ശോശാമ്മ: എന്താണിത്ര ഉറപ്പു്?

തൊമ്മി: അക്കാര്യം കിടക്കട്ടെ. അതൊക്കെ വഴിയേ പറയാം.

ശോശാമ്മ: ഇത്രയേറെ ഉറപ്പുണ്ടെങ്കിൽ തല്ക്കാലം ഞാൻ രക്ഷപ്പെട്ടല്ലൊ. പിന്നെയെന്താണു് അങ്ങു് ഇത്രയേറെ വ്യസനിക്കുന്നതു്?

തൊമ്മി: മൂഢശിരോമണി, നിന്നെ എവിടെയെങ്കിലും കെട്ടിക്കാതിരിക്കുന്നതിലല്ല എൻെറ താല്പര്യം. എനിക്കു കെട്ടണമെന്നതിലാണു്.

ശോശാമ്മ: കെട്ടിക്കോളൂ.

തൊമ്മി: അതിനു രണ്ടു വിലങ്ങുതടികരം ഉണ്ടു്. ഒന്നു് നിൻെറ കുഞ്ഞാങ്ങള—ആ സുന്ദരവിഡ്ഢി.

ശോശാമ്മ: പിന്നെയോ. എൻെറ...

തൊമ്മി: ഇടയ്ക്കു് കയറിപ്പറയല്ലേ. രണ്ടാമത്തതു് ധനികനും ധാരാളിയും തത്രഭവതിയുടെ പിതാവുമായ ചെറിയാൻ മാപ്പിള.

ശോശാമ്മ: വെറുതെ എൻെറ അപ്പച്ചനെ ചീത്ത പറഞ്ഞാലുണ്ടല്ലോ.

തൊമ്മി: വെറുതെയല്ല. എൻെറ ഓമനയുടെ പിതാവിനെപ്പററി ഒരക്ഷരം നല്ലതു പറയാനില്ലെന്നതു് ചരിത്രപ്രസിദ്ധമാണു്. എങ്കിലും എൻെറ നീതിബോധത്തിനു തെളിവായി ഞാൻ അദ്ദേഹത്തിൻെറ നരയും കഷണ്ടിയും നിസർഗ്ഗസുന്ദരമാണെന്നു് പ്രഖ്യാപനം ചെയ്തുകൊള്ളുന്നു.

ശോശാമ്മ: എന്നാൽ പിന്നെ അതേ തന്ത്രമുപയോഗിച്ചു് കുഞ്ഞാങ്ങളെയെക്കൂടി വശപ്പെടുത്തിക്കൂടേ?

തൊമ്മി: അതു നടപ്പില്ല. അപ്പനും മകനും രണ്ടു ലഗ്നത്തിലാണു്. പിന്നെ ചിലപ്പോരം എന്നെ സംശയമുണ്ടെന്നും വരും.

ശോശാമ്മ: എന്നാൽ കുഞ്ഞാങ്ങളെയെ നമ്മുടെ കക്ഷിയിൽ ചേർക്കണം.

തൊമ്മി: ആ റിക്രൂട്ടിംഗ്പണിയൊക്കെ കൊച്ചുപെങ്ങരം തന്നെയങ്ങു നടത്തിക്കോ.

ശോശാമ്മ: അല്ലാ—ഞാനൊന്നു ചോദിച്ചോട്ടെ. കാര്യങ്ങൾക്ക് പോംവഴിയുണ്ടെങ്കിൽ പിന്നെ എന്തിനാണങ്ങ് അവിടവിടെ പോയി വിഷാദമൂകനായിട്ടിരിക്കുന്നത്?

തൊമ്മി: കരച്ചിൽ ഒരു തൊഴിലാക്കിയിരിക്കുന്ന ശോശാമ്മയാണ് എന്നോടിതു ചോദിക്കുന്നത്?

ശോശാമ്മ: അങ്ങനെയാണെങ്കിൽ ഞാനിനി നെടുവീർപ്പിടുകയില്ല; കരയുകയില്ല; കൈലേസ് നനയ്ക്കുകയുമില്ല.

തൊമ്മി: ഭേഷ്. അങ്ങനെയാണ് ആണത്തമുള്ള പെണ്ണുങ്ങൾ പറയേണ്ടതു. അഹോ! എന്തൊരു ധീരത; എന്തൊരു പ്രേമം!

ശോശാമ്മ: എൻെറ പ്രാണനാഥൻെറയോ? അന്നു ഞങ്ങൾ തമ്മിൽ ആദ്യം കണ്ട ആ ഭയങ്കരനിമിഷം ഞാൻ എങ്ങനെ മറക്കും! അന്ന് ആ പെരുവഴിയിൽ വെച്ച് എൻെറ കൈലേസ് താഴെ വീണപ്പോൾ അദ്ദേഹം അതു ധീരമായി എടുത്ത് എന്നെ ഏല്പിച്ചു. അദ്ദേഹത്തിനു ജലദോഷം വരാമായിരുന്നു; ആ ജലദോഷം വർദ്ധിച്ച് ന്യൂമോണിയാ ആയിത്തീരാമായിരുന്നു. അതു വർദ്ധിച്ച്‌വർദ്ധിച്ച്... ഹയ്യോ! എനിക്കു സ്മരിക്കാൻ മേലാ (നിലവിളിക്കുന്നു.)

തൊമ്മി: മൈ ഡാർലിംഗ്, ശാന്തമായിരിക്കൂ. ഇതെല്ലാം ഫിലോസഫിക്കലായി കാണണം. ഇതെല്ലാം കഴിഞ്ഞിട്ടാണോ തത്രഭവതി ഇത്ര ചിന്താഗ്രസ്തയും അവനമ്രമുഖിയുമായി കാണപ്പെടുന്നത്? ശൃംഗാരദേവിയുടെ ക്ഷേത്രകവാടത്തിൽ ദീർഘകാലത്തെ തപസ്സിനു ശേഷമാണു ഭവതി ആ കമലനയനങ്ങൾ ഉന്മീലനം ചെയ്തതു്. എന്നിട്ടാണിപ്പോൾ എൻെറ പ്രേമസർവ്വസ്വം ഖിന്നയായി പ്രത്യക്ഷപ്പെടുന്നത്.

ശോശാമ്മ: തൊമ്മിച്ചേട്ടനു് മലയാളമറിഞ്ഞുകൂടേ?

തൊമ്മി; പിന്നെ, എനിക്കറിഞ്ഞുകൂടേ?

ശോശാമ്മ: എങ്കിൽപ്പിന്നെ മനുഷ്യർ പറയുന്ന ഭാഷയിൽ സംസാരിച്ചുകൂടേ?

തൊമ്മി: സഖി, ഇതു പ്രേമത്തിൻെറ ഭാഷയാണ്, ശൃംഗാരത്തിൻെറ കവിതയാണ്. ആരാധനയുടെ സുഗന്ധമാണ്.

ശോശാമ്മ: ഇരുട്ടിൻെറ വേരാണ്; നിലാവിൻെറ കുരുന്നാണ്; തലയുടെ സ്ക്രൂവാണ്.

തൊമ്മി: ഞാനിപ്പോ കരയും.

ശോശാമ്മ: പാടില്ല പാടില്ല. യാതൊരു പ്രേമരംഗത്തിലും പുരുഷന്മാർ കരഞ്ഞുകൂടാ.

തൊമ്മി: പരിപൂർണ്ണമായ അഭിപ്രായൈക്യം. ഇനി ആ മ്ലാനവദനം കഴുകിക്കളയൂ.

ശോശാമ്മ: എന്തോന്നു് ?

തൊമ്മി: ആ മ്ലാനവദനം; മുഖമേ...

ശോശാമ്മ: പൗഡറു് പോകും.

തൊമ്മി: പോയാൽത്തന്നെയെന്തു് ? ഭവതിയുടെ തോൽ ഗിനിപ്പന്നിയുടേതിനേക്കാൾ മൃദുലവും ധവളവുമാണല്ലോ.

ശോശാമ്മ: പിന്നേ—എന്നെക്കേറി ഈ തവളേന്നും പന്നീന്നും ഒക്കെ വിളിച്ചാലുണ്ടല്ലോ.

തൊമ്മി: എടീ കൊച്ചമ്മേ, അതൊക്കെ അങ്ങു വെച്ചേരു്.

ശോശാമ്മ: ഓഹോ, അപ്പച്ചൻ ഏല്പിച്ചതന്നിരിക്കയൊണല്ലൊ, അല്ലേ ?

തൊമ്മി: ഏതായാലും എനിക്കിങ്ങനെ അതുമിതു് പറഞ്ഞു നില്ക്കാൻ സമയമില്ല. ഞാൻ ഒരു ചുമതലയുള്ള ഉദ്യോഗസ്ഥനാണു്. എനിക്കു പണിയുണ്ടു്. ഞാൻ പോകട്ടെ.

ശോശാമ്മ: പോയേ തീരുവെന്നുണ്ടോ ?

തൊമ്മി: ഉണ്ടല്ലോ. അതു അപ്പച്ചൻ വരുന്നതിനുമുമ്പു വേണംതാനും. (നടക്കുന്നു.)

ശോശാമ്മ: സൊ ലോങ്ങു് ഡാർലിംഗ്.

തൊമ്മി: (തിരിഞ്ഞുനിന്നു്) മലയാളം—പ്ലീസ്. (വീണ്ടും നടക്കുന്നു) ഇനി ഞാനിവിടെ നില്ക്കുന്നതു് ആരോഗ്യത്തിനു ഹാനികരമായേക്കും. (പോകുന്നു.)

(ശോശാമ്മ ഇരുന്നു തയ്ക്കുന്നു. അല്പം കഴിഞ്ഞു പോത്തൻ പ്രവേശിക്കുന്നു. മാത്തു ഒളിഞ്ഞുനോക്കുന്നു.)

പോത്തൻ: എന്താ സദിരവസാനിച്ചോ ?

(ശോശാമ്മ നിശ്ശബ്ദം.)

വേലക്കാരുമായിട്ടാണു് ഡ്യൂവററു്

ശേശാമ്മ: ഒന്നു വെറുതെയിരി, കുഞ്ഞാങ്ങളെ. എനിക്കെന്താ ഇത്തിരി ഗ്രാമഫോൺ റെക്കാർഡു് വെച്ചുകൂടെ ?

പോത്തൻ: ഓഹോ വെയ്ക്കാം. പക്ഷെ, ഇതിനൊക്കെ റിക്കാർട്ടു വെക്കാനൊ പാടു്.

ശോശാമ്മ: കുഞ്ഞാങ്ങളയ്ക്കെന്താ വേണ്ടതു് ?

പോത്തൻ: ഞാനിങ്ങോട്ടു വന്നതു് നിന്നെക്കണ്ടു് ഒരു രഹസ്യം പറയാനാണു്. സഖാവു ഫാദർ പുറത്തെവിടെയോ പോയിരിക്കയാണു്.

ശോശാമ്മ: കേരംക്കട്ടെ, എന്താണീ വലിയ രഹസ്യം ?

പോത്തൻ: കാര്യങ്ങരം വളരെയേറെയുണ്ടു്. പ്രാരംഭമായി പറഞ്ഞാൽ പ്രേമം!

ശോശാമ്മ: പ്രേമം! അതു ശരി.

പോത്തൻ: ങ്ും ഹാ പ്രേമം!

ശോശാമ്മ: അതു മനസ്സിലായി. അതല്ലേ കുറച്ചുമുമ്പു് ആ ചുഴലിദീനം വന്നതു്. അപ്പച്ചനും നോട്ടം അവിടെ ത്തന്നെ.

പോത്തൻ: അതല്ലേ ശോ, കുഴപ്പം, പക്ഷേ ഞാനൊരു കാര്യം നേരത്തേ പറഞ്ഞേക്കാം. (മേണോ ആ ക്ക്) ,, അപ്പനെ ല്ലാതെ ചേട്ടനാരാണാശ്രയം? അതിനും പുറമേ പുത്ര നെന്ന നിലയിൽ ചേട്ടൻെറ കത്തവ്യമെന്താണു് ? അപ്പച്ചൻെറ ഇഷ്ടത്തിനു നിരുപാധികം കീഴ്പ്പെടുക. മാതാപിതാക്കന്മാരുടെ ഇഷ്ടത്തിനു് വിപരീതമായി പ്രണയബന്ധത്തിലേർപ്പെടുന്നതു് പാവമാണു്. ദൈവം ഹൃദയത്തിന്മേൽ അവക്കു് അധികാരം നൽകിയിട്ടുണ്ടു്. മൂത്തവരുടെ വാക്കു മുതുനെല്ലിക്കായും ആദ്യം കയ്പും, പിന്നെ മധുരിക്കും.'' ഇതൊന്നും നീഎന്നോടു പറയേണ്ട അതൊക്കെ ഞാൻ നേരത്തെ കണ്ടതാണു്. (പോയി ഒരു സെററിയിൽ കിടന്നു്.) പ്രേമം ഹാ!

ശോശാമ്മ: കുഞ്ഞാങ്ങളെ കാര്യംമുഴവൻ പറഞ്ഞില്ലല്ലോ. വാക്കു കൊടുത്തുപോയോ ?

പോത്തൻ: (ചാടി എണീററു്) ഇല്ല. പക്ഷേ, വാക്കുകൊടു ക്കുവാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. അതിൽ നിന്നു നീ എന്നെ പിന്തിരിപ്പിക്കാൻ ബുദ്ധിമുട്ടേണ്ട. ഞാൻ അതു സഹിക്കയില്ല.

ശോശാമ്മ: കുഞ്ഞാങ്ങളയെന്താ വിചാരിച്ചതു് ? ഞാനൊരു പെണ്ണല്ലേ ? ഞങ്ങരംക്കു ബുദ്ധിയില്ലേ ?

പോത്തൻ: അമ്പടീ! ഞങ്ങരംക്കു് (മീശയിൽ പിടിച്ചു്)ആണു ങ്ങരംക്കു് ബുദ്ധിയില്ലെന്നോ ?

ശോശാമ്മ: അതല്ല കുഞ്ഞാങ്ങളേ. ഞങ്ങരംക്കീവക കാര്യ ങ്ങളിൽ കുറച്ചു പിടിയുണ്ടു്.

പോത്തൻ: അതു ശരി ശോ. പക്ഷേ, നീയും ഞാനും തമ്മിൽ ഒരു ഭയങ്കരവ്യത്യാസമുണ്ടു്. നീ പ്രേമത്തിൽ വീണിട്ടില്ല. ഞാനോ? (ഇരുന്നു്) പ്രേമത്തിൻെറ അടി ത്തട്ടിലെത്തിയിരിക്കയാണു്. പ്രേമത്തിൻെറ സ്വാധീന ശക്തി നിനക്കറിയില്ല. നിൻെറ ചേരിചേരാനയത്തെ യാണു ഞാൻ ഭയപ്പെടുന്നതു്.

ശോശാമ്മ: എൻെറ കുഞ്ഞാങ്ങളേ, എന്നെ അത്രയേറെ ചേരി ചേരാനയക്കാരിയായൊന്നും ഗണിക്കേണ്ട കാര്യമില്ല.

പോത്തൻ: നീയും തുടങ്ങിയോ ഇപ്പണി. എടീ ! പ്രേമം ഒരു രോഗമാണ്; വസന്ത. നീ അതിൽ വീണാൽ...ഹും !

ശോശാമ്മ: വൺസ് മോർ...!

പോത്തൻ: എന്താടീ പറഞ്ഞതു് ?

ശോശാമ്മ: അതു പോകട്ടെ. നമുക്കാദ്യം കുഞ്ഞാങ്ങളയുടെ കാര്യം പറയാം. കുഞ്ഞാങ്ങള എങ്ങനെയാണ് ഈ പ്രതിയെ കണ്ടുമുട്ടിയതു് ?

പോത്തൻ: നീ തോക്കിൽക്കയറി വെടിവെയ്ക്കാതെ. എല്ലാം പറഞ്ഞുതരാം. ഭീഷണിപ്പെടുത്തിയാൽ ഞാനൊന്നും പറയില്ല; കേട്ടോ. ആകട്ടെ, നീ അവരെ കണ്ടിട്ടുണ്ടോ? അവർ പുറത്തൊന്നും ഇറങ്ങാറില്ല.

ശോശാമ്മ: പിന്നേ—നാട്ടിലെ പെൺപിള്ളേരെ നോക്കി നടക്കുകയല്ലേ എൻെറ ജോലി !

പോത്തൻ: ആയിരിക്കയില്ല. ആൺപിള്ളേരെക്കൊണ്ടു നോക്കിക്കലായിരിക്കും.

ശോശാമ്മ: ആ തത്വസംഹിതയങ്ങിരിക്കട്ടെ. ഈ അത്ഭുതസൃഷ്ടിയെപ്പററി കുഞ്ഞാങ്ങളയുടെ വിശദീകരണം തുടരട്ടെ.

പോത്തൻ: എടീ, അവരു സ്ത്രീകളിൽ എവറസ്റ്റാണ്. എന്നു പറഞ്ഞാൽ മലകളുടെ ഇടയ്ക്കു് എവറസ്റ്റ് എങ്ങനെയോ അതുപോലെയാണ് അവരു പെണ്ണുങ്ങളുടെയിടയ്ക്കു്. അവളെക്കാരു ഭംഗിയുള്ളതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല.

ശോശാമ്മ: സൗന്ദര്യത്തിൻെറ കാര്യമാണ് കുഞ്ഞാങ്ങള പറയുന്നതു്.

പോത്തൻ: സ്വഭാവവും അങ്ങനെതന്നെ. അവളുടെകൂടെ അമ്മമാത്രമേയുള്ളു. അമ്മയ്ക്കെപ്പോഴും രോഗമാണ്. ആ തള്ളയോടു് അവരുക്കുള്ള ആദരവും സ്നേഹവും, ഹൗ ! അവരു ഓരോന്നു ചെയ്യുന്നതു് നീ കാണേണ്ടതാണ്. നിനക്കുതന്നെ പ്രേമം വരും. എന്തൊരഴകു്, എന്തൊരു സൽസ്വഭാവം. അവരു തന്നെയാണ് ആ രോഗിണിയെ നോക്കുന്നതു്. ഹാ—നീ അവളെയൊന്നു കണ്ടിരുന്നെങ്കിൽ !

ശോശാമ്മ: എന്തിനധികം പറയുന്നു, കുഞ്ഞാങ്ങളയ്ക്കു് ഇത്രയധികം പിടിച്ചെങ്കിൽ അവരു കേമിതന്നെ. സംശയമില്ല.

പോത്തൻ: അവരു കേമിയാണ്, ബഹുകേമി. പക്ഷേ, സാമ്പത്തികമായി അവർ വളരെ ബുദ്ധിമുട്ടിലാണ്. ഒന്നാ

ലോചിച്ചുനോക്കു ശോ. നമുക്കു സ്നേഹമുള്ളവരെ അൽപ്പം സഹായിക്കാൻ കഴിഞ്ഞാൽ എന്തൊരാനന്ദമാണെന്നു്.

ശോശാമ്മ: കുഞ്ഞാങ്ങളയുടെ ഈദൃശവികാരങ്ങളോടു് എനിക്കുള്ള നിസ്സീമമായ അനുഭാവം രേഖപ്പെടുത്തിക്കൊള്ളുന്നു.

പോത്തൻ: ഇതെന്താ നീ ആ തൊമ്മിയുടെ ഭാഷയിൽ സംസാരിക്കുന്നതു് ?

ശോശാമ്മ: എന്തോന്നു ഭാഷ ? ങാ—നമുക്കു കുഞ്ഞാങ്ങളയുടെ കാര്യം പറയാം. അപ്പച്ചൻ ഈ കല്യാണത്തെ തീർച്ചയായും എതിർക്കും.

പോത്തൻ: എതിക്കും. പക്ഷേ, അപ്പച്ചൻെറ പിശുക്കാണോ എൻെറ പ്രേമമാണോ വലുതെന്നു് എനിക്കൊന്നറിയണം. കുഴീലോട്ടു കാലുംനീട്ടിയിരിക്കുമ്പോരം കുറെ പണം കിട്ടിയതുകൊണ്ടു് എന്താണു പ്രയോജനം ? ഒരു സിഗററു വലിക്കണമെങ്കിൽ എനിക്കു കടം മേടിക്കണം.

ശോശാമ്മ: ഒരു നല്ല സാരി വേണമെങ്കിൽ എനിക്കും കടം മേടിക്കണം.

പോത്തൻ: ങ്ഹാ—അതുതന്നെ. അപ്പച്ചൻെറ ഈ കല്യാണഭ്രാന്തു് നീ ഒന്നു മാററിത്തരണം. അപ്പച്ചൻ സമ്മതിക്കുന്നില്ലെങ്കിൽ ഞാൻ അവളുമായി വല്ല നാട്ടിലേയ്ക്കും പൊയ്ക്കളയും.

ശോശാമ്മ: അങ്ങനെയൊന്നും ചെയ്യുകളയല്ലേ. മഹാ കുഴപ്പമാണു്. പിന്നെ അപ്പച്ചൻെറ ഈ സ്വത്തിനെല്ലാം ഞാനല്ലാതെ ഒരവകാശിയില്ലെന്നു വരും. അതും ശരിയല്ല.

പോത്തൻ: എന്നാൽ നമുക്കു രണ്ടുപേക്കും പൊയ്ക്കളയാം. ഈ അടിമത്തത്തിൽനിന്നു നമുക്കു രക്ഷനേടാം.

ശോശാമ്മ: വണ്ടിക്കുലിക്കെന്താ വഴി ?

പോത്തൻ: അതാണു് മുഖ്യവിഷയം. ഞാൻ കുറച്ചു പണം കടം മേടിക്കാൻ ശ്രമിക്കുന്നുണ്ടു്. വക്കീ ഒരു വഴി കണ്ടുപിടിച്ചു. അതൊന്നു കിട്ടിക്കഴിഞ്ഞാൽ പിന്നെ എനിക്കു യാതൊന്നിനേയും പേടിയില്ല. ഞാൻ—സവ്വശ്രീപോത്തൻ അവർകരം......ങാ ! നീ ഇവിടെ ഇരിക്കു്. ഞാൻ ആ വക്കീയെ ഒന്നു നോക്കിയിട്ടു വരാം. (പോകുന്നു)

കർട്ടൻ

രംഗം രണ്ട്

[മാത്തു ''അരളിപ്പൂവേ....'' എന്ന ഈരടി പാടിക്കൊണ്ടു് വീട്ടുവേലയിൽ ഏർപ്പെട്ടിരിക്കുന്നു. ഔത പ്രവേശിക്കുന്നു]

ഔത: ഏയു്; ഏയു് !

മാത്തു: ഊം ?

ഔത: ഏയു് !

മാത്തു: എന്താടോ താൻ കെട്ട്യോളെ വിളിക്കുന്നതുപോലെ വിളിക്കുന്നതു് ?

ഔത: ആരുടെ കെട്ട്യോളെ ?

മാത്തു: കുറുമ്പു പറയുകയാ അല്ലേ ? നടന്നാട്ടെ. എടോ ! നടക്കാനാ പറഞ്ഞതു്.

ഔത: ഞാൻ വന്ന കാര്യം കഴിഞ്ഞിട്ടു് നടക്കാം.

മാത്തു: എൻെറ തല്ലു കൊള്ളാനാണോ വന്നതു് ?

ഔത: താൻ വലിയ തല്ലുകാരനാണോ ?

മാത്തു: കേട്ടിട്ടില്ലേ മാത്തുവിനെ ? മാത്തു ഒരു വലിയ തല്ലുകാരനാ.

ഔത: സമ്പാദ്യക്കാരനാ അല്ലേ ? മൊതലാളിക്കു പററിയ കൂട്ടു്.

മാത്തു: താൻ വന്ന കാര്യം പറഞ്ഞേച്ചുപോകു. അല്ലെങ്കിൽ സ്ഥലവാടക പിരിക്കേണ്ടിവരും.

ഔത: കാര്യമൊക്കെ തന്നോടു പറയണോ ?

മാത്തു: പറയാതെ അകത്തേക്കു വിടുകയില്ല. തല്ക്കാലം ഇവിടെ രണ്ടാണു ചർച്ചാവിഷയം. ഒന്നു്, എവിടെയോ കുഴിച്ചിട്ടിരിക്കുന്ന നിധി. രണ്ടു്, കല്യാണം. ഇവയിൽ ഏതിൻെറ ദല്ലാളാണു താൻ ?

ഔത: രണ്ടുമല്ല.

മാത്തു: പിന്നെ ആ പെങ്കൊച്ചിൻെറ കച്ചോടക്കാര്യമാണോ?

ഔത; ഏതു പെങ്കൊച്ചു് ?

മാത്തു: ആ മകളുപെണ്ണിില്ലേ? ഇത്തിരി വികൃതിയാണെങ്കിലും മര്യാദക്കാരിയാ. ഏതു്, ശോശ്.

ഔത: ങാ—ശോശയോ?

മാത്തു: വേറൊരു കിഴവനു് കെട്ടിച്ചുകൊടുക്കുകയാണു്.

ഔത: ആരാണീ കിഴവൻ, നമ്പർ 'ടൂ'?

മാത്തു: ഏതോ തരകനോ എന്തോ ആണു്. അയാറം പെണ്ണിനെ കണ്ടിട്ടില്ല. അയാളുടെ കുടുംബമെല്ലാം യുദ്ധത്തിൻെറ ഇടയ്ക്കു് നഷ്ടപ്പെട്ടതാണു്. ബർമ്മായിൽനിന്നു വന്നിരിക്കയാണു്.

ഔത: ഓഹോ. സ്ത്രീധനം കൊടുക്കണ്ട; അല്ലേ?

മാത്തു: ഇപ്പ പറഞ്ഞതു ശരി. ആകട്ടെ; അളിയനെന്തിനാ വന്നതെന്നു പറഞ്ഞില്ലല്ലോ.

ഔത: ഒരു ചെറിയ കാര്യം. അല്പം ഹുണ്ടി ഏർപ്പാടാണു്. അതൊന്നും പുറത്തു പറയാൻ പാടില്ല. മൂപ്പരില്ലേ ഇവിടെ?

മാത്തു: ഇല്ലല്ലോ. പഴയ രണ്ടണത്തുട്ടു മാറി വാങ്ങാൻ പോയിരിക്കയാണു്. ഏതു്, മഞ്ഞ.

ഔത: എന്നാ ഇതു തനിക്കു് നേരത്തേ പറഞ്ഞുകൂടായിരുന്നോ?

മാത്തു: പറഞ്ഞില്ലെങ്കിൽ താനെന്തു ചെയ്യും?

ഔത: ആഹാ—അത്രയ്ക്കായോ? എന്തു ചെയ്യുമെന്നു് ഞാൻ കാണിച്ചുതരാം. (അടുക്കുന്നു)

(ഏലിച്ചേടത്തി പ്രവേശിക്കുന്നു. കയ്യിൽ ഒരു കുട)

ഏലി: ഛീ, എന്താണു ഹേ. ഇതു ഗൃഹസ്ഥിക്കുള്ള സ്ഥലമാണോ?

ഔത: (രഹസ്യമായി) ഇതാരാ? മൂപ്പരുടെ പുതിയ ഭാര്യയാണോ?

മാത്തു: അല്ല, തന്നേപ്പോലെ ഒരു ദല്ലാളി—വേറൊരേർപ്പാടിൻെറ.

ഔത: ഞങ്ങടെ ഏർപ്പാടൊക്കെ അന്വേഷിക്കാൻ നിന്നെ വല്ലോരുമേല്പിച്ചിട്ടുണ്ടോ?

മാത്തു: ഛീ! അടിച്ചു ഞാൻ...ഒരു വടി ഇങ്ങു് കിട്ടിയെങ്കി...

(ഔത മാത്തുവിനെ അടിച്ചിട്ടു് ഓടുന്നു)

വരണ വയ്യാവേലി എല്ലാം തണ്ണീർമുക്കം പ്രവത്തിയാരുടെ മുതുകത്തു്.

ഏലി: സാരമില്ല മാത്തു.

മാത്തു: എന്തു സാരമില്ലെന്നു്? സ്ത്രീകറം നിന്നിട്ടാ! അല്ലെങ്കിൽ ഞാനവൻേറ...

ഏലി: മൂപ്പരെവിടേ?

മാത്തു: എനിക്കു് പറയാൻ മനസ്സില്ലാ.

ഏലി: എന്താണ്, മാത്തുച്ചേട്ടനു് ഈയിടെ എന്നോടു് സ്നേഹമില്ലെന്നു തോന്നുന്നു.

മാത്തു: മുതലാളി രണ്ടണത്തുട്ടു മാറാൻ പോയിരിക്കയാണു്,

ഏലി: എന്നാ അതു നേരത്തെ പറയാമ്മേലേ? എടോ, ഇതു് കാര്യമങ്ങനെ ചില്ലറയൊന്നുമല്ല;

മാത്തു: ഏതു്? ഈ രണ്ടണത്തുട്ടു മാറുന്നതോ?

ഏലി: അല്ലെടോ, കല്യാണം.

മാത്തു: പിന്നല്ലേ, എനിക്കറിയാം. ഞാൻ ഒന്നു കെട്ടിയതാ. ചേട്ടത്തിക്കോർമ്മയുണ്ടോ?

ഏലി: ഉണ്ടു്. ഉണ്ടു്. പക്ഷേ, മുതലാളി അങ്ങനെ ഭീരുവൊന്നുമല്ല. പണം പലിശയ്ക്കു കൊടുക്കുന്നതു കഴിച്ചാൽ പിന്നെയുള്ള സമയമെല്ലാം അങ്ങേർ കല്യാണക്കാര്യമാണാലോചിക്കുന്നതു്. അതാ വരുന്നു.

മാത്തു: അതു് മുതലാളിയല്ല, പോത്തച്ചനാ. നിങ്ങളങ്ങു പൊയ്ക്കോ. അങ്ങേർക്കു് ചേട്ടത്തിയെ കാണുന്നതു് രസിക്കുകേല്ല മൊതലാളി വന്നിട്ടു് വന്നാ മതി.

(ഏലി പോകുന്നു. മാത്തു മൂലയിലേയ്ക്കു് ഒതുങ്ങുന്നു)

(പോത്തനും പുറകെ വക്കിയും പ്രവേശിക്കുന്നു)

പോത്തൻ: എടാ തെമ്മാടീ, നീ ഇതുവരെ എവിടെയായിരുന്നു? നിന്നോടു് ഞാൻ പറഞ്ഞിട്ടില്ലേ?

വക്കി: അതെ, അതെ. പോത്തച്ചനെ കാത്താണു് ഞാനിവിടെ അനങ്ങാതിരുന്നതു്. അപ്പോഴേയ്ക്കും വന്നിരിക്കുന്നു അപ്പച്ചൻ. എന്തു രാക്ഷസനാണെന്നോ! എന്നെ ഈ രാജ്യം മുഴുവൻ ഇട്ടോടിച്ചു. തല്ലു കൊള്ളാതിരുന്നതു് ഭാഗ്യം. പിന്നേ, പോത്തച്ചാ! ഞാനൊരു കാര്യം നേരത്തെ പറഞ്ഞേക്കാം. അപ്പച്ചനെ മര്യാദയ്ക്കു വളർത്തണം.

പോത്തൻ: അതൊക്കെ ശരിയാക്കാം. എടാ വക്കീ, കാര്യമെല്ലാം കഴിഞ്ഞു. നീ കഥയറിഞ്ഞോ? എൻെറ അപ്പച്ചൻ തന്നെയാണു് എൻെറ പ്രതിനായകൻ; വില്ലൻ!

വക്കി: എന്താ പോത്തച്ചാ? അങ്ങേർക്കു് ആ പെങ്കൊച്ചിനെ കെട്ടണമെന്നോ? പോത്തച്ചൻെറ ആ ...

പോത്തൻ: അതാണു കഥ. മുതുക്കുത്തു്.

മാത്തു: ഹും! അങ്ങനെ വരട്ടെ കഥ പുറത്തു്.

പോത്തൻ: നീ എന്തു നോക്കിനിക്കുവാടാ? പോടാ അകത്തു്.

(മാത്തു പോകുന്നു)

വക്കി: മൊതലാളി കാമുകൻചമഞ്ഞിരിക്കുന്നു. എന്താ തലയ്ക്കു സ്ഥിരമില്ലേ? എത്ര നരച്ചാലും വിവേകമുണ്ടാകയില്ലേ?

പോത്തൻ: എൻെറ പാപത്തിനുള്ള ശിക്ഷയാണു്.

വക്കി: പോത്തച്ചനങ്ങു് പറയാമ്മേലായിരുന്നോ? പോത്തച്ചനും ആ പെണ്ണുമായിട്ടു് അല്പസ്വല്പം...

പോത്തൻ: അയ്യോ, അതു പററില്ല! ശരിയാക്കിക്കളയും. ഞാമ്പറയാൻ പോയതല്ലേ — അപ്പോഴേക്കും ഭദ്രകാളിയെ പിശാചു പിടിച്ചെന്നു പറഞ്ഞപോലെ...പിന്നെ വർക്കി, ആ മറേറക്കാര്യമെന്തായി?

വക്കി: അക്കാര്യം പറയണ്ട പോത്തച്ചാ. അറുത്ത കൈയ്ക്കു് ഉപ്പിടാത്തവന്മാരുടെ ഈ നാട്ടിൽ പണം കടം മേടിക്കുവാൻ പാടുതന്നെയാ.

പോത്തൻ: അപ്പോ പണം കിട്ടുല്ലേ?

വക്കി: എന്നല്ല. ഞാനൊരേജൻറിനെ ഏല്പിച്ചിട്ടുണ്ടെന്നു പറഞ്ഞില്ലേ? ഔതയെന്നാ പേരു്. അവൻ വല്ലാത്തവനാ. പോത്തച്ചൻ ഇവിടത്തെയാണെന്നവനറിയില്ല. പോത്തച്ചനെ കണ്ടിട്ടു് അവൻ ഇളകിപ്പോയത്രേ. അവൻ ഒരു പിശ്രുക്കനെ കണ്ടുപിടിച്ചിട്ടുണ്ടു്. ദുഷ്ടനാണെങ്കിലും പണം പലിശയ്ക്കു കൊടുക്കും.

പോത്തൻ: ആയിരത്തിഅഞ്ഞൂറും കിട്ടുമോ?

വക്കി: കിട്ടും. പക്ഷേ, ചില നിസ്സാര നിബന്ധനകളുണ്ടു്. അതെല്ലാം സ്വീകരിച്ചാലെ ഉടമ്പടി നടക്കുകയുള്ളു.

പോത്തൻ: പണം തരേണ്ടയാളിനെ നീ നേരിട്ടു കണ്ടോ?

വക്കി: ഇല്ല. അതല്ലേ നേരമ്പോക്കു്. ഞാനയാളെ കണ്ടിട്ടില്ല. ഈവക കാര്യങ്ങൾ അങ്ങനെയല്ല നടത്താറു്. ഇക്കാര്യം ആരും അറിയരുതെന്നു് പോത്തച്ചൻ വിചാരിക്കുന്നതുപോലെ അങ്ങേക്കും വിചാരമുണ്ടു്. ഇതിലൊക്കെ പോത്തച്ചൻ വിചാരിക്കുന്നതിലേറെ കൃത്രിമമുണ്ടു്.

പോത്തൻ: എന്താണതു്!

വക്കി: പണം കടം തരുന്നയാളിൻെറ പേരു് ഒരുകാലത്തും മിണ്ടിപ്പോകരുതെന്നാണു വ്യവസ്ഥ.

പോത്തൻ: വേണ്ട.

വക്കി: പിന്നെ അയാൾ പറയുന്ന ഒരു സ്ഥലത്തുവെച്ചു് പോത്തച്ചൻ അയാളെ കാണണം. പോത്തച്ചൻെറ കുടുംബത്തെപ്പററിയും മററും ചിലതു് അറിയാനുണ്ടു്. അതിനു കുഴപ്പവുമില്ലല്ലോ.

പോത്തൻ: അതു സാരമില്ല.

വക്കി: അപ്പച്ചൻെറ പേരു പറഞ്ഞാൽ മതിയല്ലോ.

പോത്തൻ: അല്ലെങ്കിൽത്തന്നെ മരിച്ചുപോയ എൻെറ അമ്മയുടെ ഷെയർ എനിക്കുതന്നെ വരേണ്ടതല്ലേ ?

വക്കീ: അതിനു കുഴപ്പമൊന്നുമില്ല. പലിശയാണെങ്കിൽ അഞ്ചര ശതമാനം മതി.

പോത്തൻ: നല്ല മനുഷ്യൻ.

വക്കീ: സംശയമുണ്ടോ ? പക്ഷേ, അയാളുടെ കൈയിൽ തല്ക്കാലം പണമില്ല.

പോത്തൻ: അയ്യോ !

വക്കീ: നിലവിളിക്കല്ലേ. അയാരം മറെറാരാളോടു കടം വാങ്ങിച്ചു തരും. മൂന്നാമൻെറ പലിശകൂടി നമ്മരം കൊടുക്കണമെന്നേയുള്ളു.

പോത്തൻ: അതെത്ര വരും ?

വക്കീ: സാരമില്ല. നൂററുക്കു് ഇരുപതു്.

പോത്തൻ: അയ്യോ !

വക്കീ: ഇതേന്താ ഓരോന്നു പറയുമ്പോഴേക്കും തവള കരയുന്നതുപോലെ കരയുന്നതു് ?

പോത്തൻ: ഇരുപത്തഞ്ചര ശതമാനം. അതല്പം കൂടുതലല്ലേ വക്കീ ?

വക്കീ: അല്പം. പക്ഷേ, പലിശ നേരത്തേതന്നെ അങ്ങെടുത്തോളും. നമ്മരം കൊടുത്തു ബുദ്ധിമുട്ടേണ്ട.

പോത്തൻ: ശരിയാണു്. അങ്ങനെയാകട്ടെ. ആ ദുഷ്ടൻെറ കണ്ണു പൊട്ടിപ്പോകട്ടെ.

വക്കീ: ഓ, ഒരു കാര്യം പറയാൻ മറന്നുപോയി. ഈ ആയിരത്തിയഞ്ഞൂറിൽ എണ്ണൂറു മാത്രമേ രൊക്കം തരികയുള്ളു. ബാക്കി സാധനങ്ങളായിട്ടാണു്. വീട്ടുസാമാനങ്ങരം മുതലായവ. എല്ലാം വളരെ കുറഞ്ഞ വിലയ്ക്കുതന്നെ കിട്ടും.

പോത്തൻ: അതുകൊണ്ടെന്തുചെയ്യും ? ഒളിച്ചോടുമ്പോരം ചുമന്നുകൊണ്ടു പോകുമോ ?

വക്കീ: അതൊരു പ്രശ്നമാണു്. പക്ഷേ, കച്ചവടം ലാഭമാണു്. നോക്കു്, മഞ്ഞത്തുണികൊണ്ടു് അലങ്കരിച്ചിട്ടുള്ള മേക്കട്ടിയുള്ള ഒരു കട്ടിൽ. മൂന്നു കാലിനു് കേടില്ല. ആറു കസേര. ആറിനുംകൂടി ഏകദേശം പത്തൊമ്പതു കാലുണ്ടു്.

പോത്തൻ; എനിക്കിതൊക്കെ എന്തിനാണു് ?

വക്കീ: കേരംക്കു. ധൃതിപിടിക്കാതെ. വീലുകളില്ലെങ്കിലും ടോപ്പിനു കേടില്ലാത്ത ഒരു കാറു്. പഴയ ആസ്റ്റിനാ,

പോത്തൻ; നിറുത്തു വക്കീ,

വക്കീ: നില്ക്കു്. ഞാൻ പറഞ്ഞുകഴിയട്ടെ. ശബ്ദം കേൾക്കുകയില്ലെങ്കിലും കാണാൻ ഭംഗിയുള്ള ഒരു ഹാർമ്മോണിയം.

പോത്തൻ: (ചെവി പൊത്തി) അയ്യോ !

വക്കീ: നിലവിളിക്കല്ലേന്നു്. ഇതൊന്നും കൂടാതെ മാവുകൊണ്ടുള്ള രണ്ടു ബെഞ്ചു്. ഒരു സ്ററൂൾ.

(പോത്തൻ ഓടുന്നു. വക്കീ ചെന്നു പിടിച്ചുവലിച്ചു കൊണ്ടുപോകുന്നു)

പക്ഷേ, ഇവയെല്ലാക്കെ വളരെ കുറഞ്ഞ വിലയേയിട്ടിട്ടുള്ളു. മൊത്തം എഴുനൂറു രൂപാ.

പോത്തൻ: വക്കീ ! എനിക്കു ഭ്രാന്തു വരുന്നു.

വക്കീ: ഇപ്പറഞ്ഞതെല്ലാം വളരെ ഉദാരമായ നിബന്ധനകളാണു്.

പോത്തൻ: ഉദാരം ! ദുഷ്ടൻ. അവൻെറ ഉദാരം. അവനെ ശ്വാസംമുട്ടിച്ചു കൊല്ലട്ടെ. നീചൻ. പിടിച്ചുപറിക്കാരൻ. പിശാചു്. കർത്താവേ ! എൻെറ തല അവൻെറ കക്ഷത്തിലായല്ലോ.

വക്കീ: ഇതാ പറയുന്നതു പണം കടം മേടിക്കരുതെന്നു്.

പോത്തൻ: നീ പറ വർക്കീ, ഞാനെന്തു ചെയ്യണമെന്നു്. തന്ത ചാവുന്നതുവരെ മക്കൾക്കു കാത്തിരിക്കാൻ പററുമോ ?

വക്കീ: ഉള്ളതു പറയാമല്ലോ പോത്തച്ചാ. ചെറിയാച്ചൻെറ സമ്പ്രദായം കാണുമ്പോൾ അങ്ങേരുടെ എന്തെങ്കിലും മോട്ടിക്കാൻ എന്തു രസം തോന്നുന്നുണ്ടെന്നോ ? സ്വർഗ്ഗത്തിൽ പോവാൻ പററുന്ന ഒരു മനോഗുണപ്രവൃത്തിയാണതു്.

പോത്തൻ: അതു ശരിയാണു്. വാ, ഒരു കാര്യം ചോദിക്കട്ടെ. (മൂലയ്ക്കു മാറിനിൽക്കുന്നു)

(ഔതയും ചെറിയാൻമാപ്പിളയും പ്രവേശിക്കുന്നു)

ഔത: കേട്ടോ മുതലാളി. ആ ചെറുപ്പക്കാരൻ നമ്മൾ പറയുന്നതൊക്കെ കേൾക്കും. അയാൾക്കു കുറെ പണം കിട്ടിയേ കഴിയൂ.

ചെറിയാൻമാപ്പിള: നമ്മുടെ പണം നഷ്ടപ്പെടുകയില്ലെന്നു തീർച്ചയാണോ ? കക്ഷിയുടെ പേരും, സ്വത്തും, കുടുംബവും മററും അറിയാമോ ഔതേ ?

ഔത: അതൊന്നും എനിക്കു കൃത്യമായിട്ടറിയില്ല. യദൃച്ഛയാ അങ്ങനെ അയാളുമായി പരിചയപ്പെട്ടുവെന്നേയുള്ളു. അയാൾതന്നെ എല്ലാ വിവരവും മുതലാളിയോടു പറയും. അയാളാരാണെന്നറിയുമ്പോൾ മൊതലാളിക്കുതന്നെ നല്ല ബോദ്ധ്യമാകുമെന്നാണയാളുടെ വേലക്കാരൻ പറയുന്നതു്. അയാളുടെ കുടുംബത്തിൽ ധാരാളം സ്വത്തുണ്ടത്രേ. അമ്മ

മരിച്ചുപോയി. അപ്പച്ചൻ എട്ടു മാസത്തിനുള്ളിൽ മരിക്കു മെന്നും ആ വേലക്കാരൻ ഉറപ്പുതരാൻ തയ്യാറാണും.

ചെറിയാൻമാപ്പിള: അതു കൊള്ളാമല്ലോ. കേട്ടോ ഔതേ, കഴിയുമ്പോഴൊക്കെ അന്യരെ സഹായിക്കേണ്ടതു നമ്മുടെ കടമയാണു. (രഹസ്യം പറയുന്നു)

വക്കി: ദേ, ഔതയല്ലേ നിൽക്കുന്നതു. അയാഠം എന്തിനാ പോലും ചെറിയാച്ചനുമായി സംസാരിക്കുന്നതു.

പോത്തൻ: എടാ—നീ, എന്നെ ചതിച്ചോ? ഞാൻ ആരാണെന്നും നീ അയാളോടു പറഞ്ഞോ? ആ ദുഷ്ടൻ ചെന്നു അപ്പച്ചനു കൊളുത്തിക്കൊടുത്തുകാണും.

ഔത: (വക്കിയെയും പോത്തനേയും കണ്ടു) ഹാ—കൃത്യസമയത്തു തന്നെ വന്നെത്തിയല്ലോ. പക്ഷേ, ഇവിടെ വരാൻ നിങ്ങളോടാരാണു പറഞ്ഞതു? ഏതായാലും വന്നില്ലേ. മുതലാളി എന്നെ തെററിദ്ധരിക്കരുതു. അങ്ങയുടെ പേരും മേൽവിലാസവും ഞാനല്ലേ അവർക്കു പറഞ്ഞുകൊടുത്തതു. എന്നാലും കഷ്ടമൊന്നും വരാനില്ലെന്നാണു എൻെറ അഭിപ്രായം, വിശ്വസിക്കാവുന്ന കൂട്ടരാണിവർ. മര്യാദക്കാരൻ പയ്യൻ. അവൻെറ അപ്പൻ ഒരു പരമ അക്കീസാണെന്നാണു പറയുന്നതു. വീട്ടിൽ നിധിയുണ്ടു. ങ്ഹു! നിങ്ങഠം തമ്മിൽ സംസാരിച്ചു കാര്യം തീരുമാനിക്കണം.

ചെറിയാൻമാപ്പിള: എന്തു, ഇവനോ?

ഔത: ഞാൻ പറഞ്ഞില്ലേ? ഈ ചെറുപ്പക്കാരനാണു ആയിരത്തഞ്ഞൂറു രൂപാ വേണ്ടതു.

ചെറിയാൻമാപ്പിള: എടാ നിനക്കോ?

പോത്തൻ: എന്താ, എനിക്കു കടം മേടിച്ചുകൂടേ?

ചെറിയാൻമാപ്പിള: എടാ ദ്രോഹീ! നീ ഇങ്ങനെയാണു ധൂർത്തടിക്കുന്നതു; അല്ലേ?

പോത്തൻ: അപ്പച്ചനു നാണമില്ലല്ലോ ഇത്തരം കച്ചവടങ്ങഠം നടത്താൻ.

ചെറിയാൻമാപ്പിള: എടാ പോത്താ, ഇങ്ങനെ കടം മേടിച്ചു നീ തുലയുകയാണോ?

പോത്തൻ: അപ്പച്ചനിങ്ങനെ അക്രമപ്പലിശ വാങ്ങിച്ചാണോ പണമുണ്ടാക്കുന്നതു?

ചെറിയാൻമാപ്പിള: ഹമ്പ! ഇതെല്ലാം കഴിഞ്ഞിട്ടും എൻെറ മുമ്പിൽ വന്നുനില്ക്കാനുള്ള ധൈര്യം!

പോത്തൻ: ഇത്തരം പണിയുംകൊണ്ടു ലോകരുടെ മുമ്പിൽ നിവർന്നുനില്ക്കുണയാണോ ധൈര്യം!

ചെറിയാൻമാപ്പിള: എടാ. ഇമ്മാതിരി ധൂർത്തടിക്കാൻ—ഇത്ര ഭയങ്കര ചെലവുകഠംചെയ്യാൻ—നിനക്കു ലജ്ജയില്ലേ? എന്തു കൊള്ളപ്പലിശയാടാ നീ കൊടുക്കാൻ നടക്കുന്നതു് ?

പോത്തൻ: എന്തു കൊള്ളപ്പലിശയാണു് അപ്പച്ചൻ വാങ്ങാൻ നടക്കുന്നതെന്നു് ?

ചെറിയാൻമാപ്പിള: കടന്നുപോ എൻെറ കൺമുമ്പിൽനിന്നു്. തെമ്മാടീ ! എൻെറ കണ്ണിൽ കാണരുതു് നിന്നെ. ദ്രോഹീ !

പോത്തൻ: അത്യാവശ്യത്തിനുള്ള പണം കടം വാങ്ങിക്കുന്ന ആളോ, ആവശ്യമില്ലാത്ത പണം അന്യായമായി സമ്പാദിക്കുന്നവനോ ദ്രോഹി ?

ചെറിയാൻമാപ്പിള: പോകാനല്ലേ പറഞ്ഞതു്. എന്നെ വെറുതെ ദേഷ്യപ്പെടുത്തണ്ട. (പോത്തൻ പോകുന്നു) ഇതൊരു പാഠമായിരിക്കട്ടെ. അയ്യോ ! ഇതിൻെറ ഇടയ്ക്കു് ആ നിധി വല്ലോരും കൊണ്ടുപോയോ എന്തോ. ഒന്നു പോയി നോക്കട്ടെ. (പോകുന്നു)

വക്കി: (പ്രത്യക്ഷപ്പെട്ടു്) ഇതു വളരെ നേരമ്പോക്കായിരിക്കുന്നല്ലോ. ലിസ്റ്റിൽ പറയുന്ന സാധനങ്ങഠം ആ പിശുക്കൻ എവിടെയാണു് ഒളിച്ചുവച്ചിരിക്കുന്നതു് ? അതൊന്നും ഇവിടെ കണ്ടിട്ടുള്ളതല്ലല്ലോ.

ഏലി: (പ്രവേശിച്ചു്) ഇതാരു്, നമ്മുടെ വർക്കിയല്ലേ? ഇതെന്താ, താനിവിടെ വരാൻ ?

വക്കി: ഏലിച്ചേടത്തി എന്തിനാ ഈവഴി തിരിച്ചതു് ?

ഏലി: എന്തിനാണിവിടെ വന്നതെന്നോ ? ഞാനെന്തിനാണെവിടെയെങ്കിലും പോകുന്നതു് — വല്ലവൻെറയൊക്കെ കാര്യങ്ങളിൽ തലയിടാൻ.

വക്കി: എന്നിട്ടു് ?

ഏലി: സമുദായത്തിനു പലവിധത്തിൽ സേവനം ചെയ്യാൻ.

വക്കി: ഭേഷ്, കേഠക്കട്ടെ.

ഏലി: എൻെറ ചില്ലറക്കഴിവുകഠം ഉപയോഗിച്ചു് അൽപ്പസ്വല്പം ചില്ലറ സമ്പാദിക്കാൻ. എന്താ മനസ്സിലായോ ?

വക്കി: ഓഹോ—മനസ്സിലായി.

ഏലി: എടോ വക്കീ ! തലച്ചോറുപയോഗിച്ചല്ലാതെ എന്നെപ്പോലെയുള്ളവക്കു് ഈ ലോകത്തിൽ ജീവിക്കാൻ കഴിയുമോ ?

വക്കി: ഏലിച്ചേടത്തിക്കു് ഈ വീട്ടിലെ മൂപ്പിലയുമായെന്താണേർപ്പാടു് ?

ഏലി: അതൊക്കെയുണ്ടു്. അയാറംക്കുവേണ്ടി ഞാനൊരു ചെറിയ സംഗതിയിലേർപ്പെട്ടിരിക്കയാണു്. ഒരു അരയന്നത്തിൻെറ ജോലി. എന്താ? എന്നെക്കണ്ടാൽ ഒരരയന്നമാണെന്നു തോന്നുകയില്ലേ?

വക്കി: പിന്നെ അതിനു സംശയമുണ്ടോ?

ഏലി: എനിക്കാ പണിക്കു് നല്ല പ്രതിഫലവും കിട്ടും.

വക്കി: പ്രതിഫലമോ?

ഏലി: എന്താ?

വക്കി: പ്രതിഫലം! (ചിരി) കൊച്ചുമിടുക്കി. കൊള്ളാമല്ലോ ഏലിച്ചേടത്തീ! ഞാനൊരു വത്തമാനം പറയാം. ഈ വീട്ടിൽ റെഡിക്കാശിനു് ശക്തിയായ വലിവുണ്ടു്.

ഏലി: ആയിരിക്കാം. പക്ഷേ, നമ്മുടെ ഹൃദയത്തെ ഗാഢമായി സ്പർശിക്കുന്ന ചില ഉപകാരങ്ങളുണ്ടു്.

വക്കി: ഏലിച്ചേടത്തി എന്താ പറഞ്ഞതു്? ഹൃദയമെന്നോ?

ഏലി: ങാ.

വക്കി: ആക്കു്; മൂപ്പിലച്ചോ?

ഏലി: ങാാാ!

വക്കി: ഹേയ്. അങ്ങനെയൊരു ഏർപ്പാടേ ഇല്ല. അതു് പണ്ടൊരിക്കൽ ഒരു കാലണ നഷ്ടപ്പെട്ടപ്പോറം പൊട്ടിപ്പോയതാണു്. വല്ല മുറിയോ കഷണമോ ബാക്കിയുണ്ടെങ്കിൽ മൂപ്പർ അതു കല്യാണത്തിനു വച്ചിരിക്കുവാ.

ഏലി: അതുതന്നെ കാര്യം. വക്കിക്കെന്നെ അറിയില്ല. എനിക്കതിനു് ചില വിദ്യകളൊക്കെയുണ്ടു്. കേട്ടോ വർക്കീ, ജയം വേണമെങ്കിൽ മമ്മം പഠിക്കണം ആദ്യം.

വക്കി: അയാറംക്കൊരു മമ്മവുമില്ല, ഏലിച്ചേടത്തീ. അയാറം പണ്ടെങ്ങാണ്ടോ ചത്തതാണു്. നിധി കൊണ്ടുപോകാൻ പററാത്തതുകൊണ്ടു് ഇങ്ങനെ ഭൂതംപോലെ ചുററിപ്പററി നടക്കുകയാണു്. കിഴവൻ പഠിച്ച പുസ്തകത്തിൽ ''കൊടുക്കുക'' എന്നൊരു വാക്കേ ഇല്ല. ദാ വരുന്നു സാധനം. ഞാൻ കടന്നേക്കാം.

(പോകുന്നു)

ചെറിയാൻമാപ്പിള: (പ്രവേശിച്ചു് സന്തോഷത്തോടെ) അപകടമൊന്നുമില്ല.

ഏലി: എന്തുപ്രാവശ്യം ഞാൻ അങ്ങയെ അന്വേഷിച്ചു വന്നെന്നോ?

ചെറിയാൻമാപ്പിള: ങാ — പിന്നെ എന്തൊക്കെയാ ഏലീ വിശേഷം?

ഏലി: ഹാ! അങ്ങയെ ഞാൻ നല്ലവണ്ണം ഒന്നു നോക്കട്ടെ. എന്തഴകു്; എന്താരോഗ്യം!

ചെറിയാൻമാപ്പിള: ആക്കു്; എനിക്കോ?

ഏലി: ഞാൻ അങ്ങയിൽ ഇത്രയേറെ മുഖശ്രീയും രക്തപ്രസാദവും ഇതുവരെ കണ്ടിട്ടില്ല.

ചെറിയാൻമാപ്പിള: നീ എന്നെ കളിയാക്കുകയാണോ?

ഏലി: കൊള്ളാം. അങ്ങേയ്ക്കെന്താ, യൗവനമല്ലേ. സാധാരണ ഇരുപത്തഞ്ചുകാക്കു് അങ്ങയേക്കാരം പ്രായക്കൂടുതലു തോന്നിക്കും.

ചെറിയാൻമാപ്പിള: എങ്കിലും പെണ്ണേ, എനിക്കു വയസ്സു് അറുപതു കഴിഞ്ഞല്ലോ.

ഏലി: കഴിഞ്ഞിട്ടെത്ര കൊല്ലമായി?

ചെറിയാൻമാപ്പിള: ഒരു കൊല്ലം.

ഏലി: അറുപതു്; അതൊരു ശല്യമല്ല. അതല്ലേ പൗരുഷത്തിന്റെ പ്രായം. നല്ല പ്രായത്തിന്റെ ആരംഭമാണതു്.

ചെറിയാൻമാപ്പിള: ആയിരിക്കാം. എങ്കിലും ഒരു ഇരുപതു വയസ്സു കുറവായിരുന്നെങ്കിൽ എന്നു് എനിക്കു ചിലപ്പോഴൊക്കെ തോന്നാറുണ്ടു്.

ഏലി: ചുമ്മാതിരിക്കണം. അങ്ങേയ്ക്കതിനാവശ്യമില്ല. നൂറു വയസ്സു കഴിയുന്നതുവരെ ജീവിക്കുവാനുള്ള ദേഹപ്രകൃതിയാണങ്ങേയ്ക്കുള്ളതു്.

ചെറിയാൻമാപ്പിള: ഉള്ളതാണോ? ഏലിക്കു് അങ്ങനെ തോന്നുന്നുണ്ടോ?

ഏലി: തീർച്ചയായും. അങ്ങയെക്കണ്ടാൽ അങ്ങനെയേ തോന്നുകയുള്ളൂ. ഒന്നുകൂടി നിവർന്നുനിൽക്കൂ. നോക്കട്ടെ. ഹാ! ആ നെററിയിലുള്ള വര ദീർഘായുസ്സിന്റെയല്ലാതെ എന്തിന്റേതയാണു്.

ചെറിയാൻമാപ്പിള: നിനക്കു മുഖലക്ഷണശാസ്ത്രവുമറിയാമോ?

ഏലി: പിന്നല്ലാതെ? അങ്ങയുടെ കൈ ഒന്നു നോക്കട്ടെ. കണ്ടോ കണ്ടോ—ആയുർരേഖ പോണ പോക്കു്!

ചെറിയാൻമാപ്പിള: എവിടെ; എവിടെ?

ഏലി: അങ്ങു കാണുന്നില്ലേ, ഈ രേഖ പോകുന്നതു്?

ചെറിയാൻമാപ്പിള: ശരി. അതിന്റെ അർത്ഥമെന്താണു്?

ഏലി: അർത്ഥമോ? എനിക്കു തെററിപ്പോയി. നൂറു വയസ്സെന്നല്ലേ ഞാൻ പറഞ്ഞതു്. നൂററിയിരുപതെന്നാണു പറയേണ്ടിയിരുന്നതു്.

ചെറിയാൻമാപ്പിള: അതു സാദ്ധ്യമാണോ ?

ഏലി: ഞാനല്ലേ പറയുന്നതു്? അങ്ങു ചാകണമെങ്കിൽ, അങ്ങയെ കൊല്ലണം.

ചെറിയാൻമാപ്പിള: ങേ ?

ഏലി: അങ്ങു് മക്കളേയും മക്കളുടെ മക്കളേയും കഴിച്ചിട്ടിട്ടേ ലോകം വിടുകയുള്ളു.

ചെറിയാൻമാപ്പിള: അങ്ങനെതന്നെയാണ വേണ്ടതു്. ആകട്ടെ, ഏലീ ? നമ്മുടെ കാര്യമെന്തായി ?

ഏലി: അതു ചോദിച്ചിട്ട വേണോ ? ഞാൻ ഏറെറടുത്ത ഏതെങ്കിലും കാര്യം നടക്കാതെ പോയതായി ആരെങ്കിലും കേട്ടിട്ടുണ്ടോ ? പ്രത്യേകിച്ചു് വിവാഹക്കാൎയ്യത്തിൽ എനിക്കുള്ള സാമത്ഥ്യം—അതൊന്നു വേറെതന്നെയാണു്. എനിക്കു ബന്ധിപ്പിക്കാൻ സാധിക്കാത്ത യാതൊരു സ്ത്രീയും പുരുഷനും ഇന്നു് ഭൂമുഖത്തില്ല. പക്ഷേ, നമ്മുടെ കാര്യത്തിൽ അത്രയ്ക്കു പ്രയത്നമൊന്നും വേണ്ട. ആ സ്ത്രീകളെ എനിക്കു നല്ല പരിചയമാണു്. അങ്ങയെപ്പററിയുള്ള സകല വിവരങ്ങളും അവരോടു പറഞ്ഞു. മേരിക്കുട്ടിയെ ജനാലയ്ക്കൽ കണ്ടതു മുതൽ അങ്ങേയ്ക്കു് അവളോടു പ്രേമമാണെന്നു് ഞാൻ അവളുടെ അമ്മയെ അറിയിച്ചിട്ടുണ്ടു്.

ചെറിയാൻമാപ്പിള: ഒരു കാര്യം പറഞ്ഞില്ലല്ലോ ഏലി. അവൾക്കു് എന്തു സ്ത്രീധനം കൊടുക്കുമെന്നു് അവളുടെ അമ്മയോടു ചോദിച്ചോ ? ഇക്കാര്യത്തിൽ കുറെ ബുദ്ധിമുട്ടിയെങ്കിലും എന്തെങ്കിലും ചെയ്യേണ്ടതാണെന്നു് അവരെ മനസ്സിലാക്കിയോ ? പെണ്ണിൻെറകൂടി വല്ലതും കിട്ടിയില്ലെങ്കിൽ ഈ കാലത്തു വിവാഹം വല്ലതും നടക്കുമോ ?

ഏലി: വല്ലതുമെന്നോ ? അവൾക്കാണ്ടിൽ പന്തീരായിരം രൂപായുടെ സമ്പാദ്യമുണ്ടു്.

ചെറിയാൻമാപ്പിള: ആണ്ടിൽ പന്തീരായിരം രൂപായോ ?

ഏലി: അതെ. വളരെ മിതമായി ചെലവുചെയ്യാൻ ചെറുപ്പം മുതലേ അവളെ ശീലിപ്പിച്ചിട്ടുണ്ടു്. വല്ല ചീരയും പരിപ്പുമൊക്കെ മതി അവൾക്കു്. സദ്യയും വിരുന്നുമൊന്നും അവൾക്കു വേണ്ട. ഈ ഇനത്തിൽത്തന്നെ അങ്ങേയ്ക്കാണ്ടിൽ ഒരായിരം രൂപായുടെ ലാഭമുണ്ടാകും. വസ്ത്രത്തിലാണെങ്കിൽ ഏററവും വിലകുറഞ്ഞ തുണിയേ അവൾ ഉടക്കൂ. അതും ഏററവും കുറച്ചു്. ഈ ഇനത്തിലുള്ള ലാഭം അഞ്ഞൂറെന്നു വയ്ക്കു്. പിന്നെ, സിനിമാ, നാടകം, സക്സ്സു് മുതലായവ കാണാതിരിക്കുമ്പോൾ ഒരഞ്ഞൂറു കൂടിയായി. കണക്കു ശരിക്കു കൂട്ടിയാൽ രൂപാ പന്തീരായിരം !

ചെറിയാൻമാപ്പിള: അതെന്തു കണക്കാണേലീ? അഞ്ചൂറും അഞ്ചൂറും ആയിരവും കൂട്ടിയാൽ പന്തീരായിരമോ!

ഏലി: ങാ! ഞാൻ മറന്നുപോയി. അവർ ഗോവാലോട്ടറി ച്ചേർന്ന കാര്യം പറഞ്ഞില്ല! അതിൻെറ പതിനായിരം കൂടി കൂട്ടിക്കേ.

ചെറിയാൻമാപ്പിള: അതു കൈയിൽ കിട്ടണ്ടേ?

ഏലി: അങ്ങനെ പറഞ്ഞാൽ പററില്ല. മിതവ്യയശീലം വിലതീരാത്ത ഒരു സ്ത്രീധനമാണ്.

ചെറിയാൻമാപ്പിള: ഈ സംഖ്യയ്ക്കു ഞാനെങ്ങനെയാ രശീതു കൊടുക്കുന്നതു്? എനിക്കെന്തെങ്കിലും വഹ കിട്ടിയേകഴിയൂ.

ഏലി: ഇതു വലിയ പാടാണ്. ങാ! അവർക്കു് വേറൊരു രാജ്യത്തു കുറെ സ്വത്തുണ്ടു്. അതും അങ്ങേയ്ക്കു കിട്ടും. ചെറുപ്പത്തിൽ ബമ്മായിലായിരുന്നു.

ചെറിയാൻമാപ്പിള: എന്നിട്ടെന്തുപററി?

ഏലി: യുദ്ധത്തിൻെറ ഇടയ്ക്കു് എല്ലാം ഇട്ടെറിഞ്ഞുപോന്നു. അപ്പച്ചൻ അവിടെ. യാതൊരു വിവരവുമില്ല. കൂട്ടത്തിലുണ്ടായിരുന്ന ആൺകുട്ടി ഒളിച്ചോടുകയും ചെയ്തു.

ചെറിയാൻമാപ്പിള: അതെന്തോണെന്നൊന്നന്വേഷിക്കണം, ഏലീ! അതുകൂടാതെ വെറൊരു കാര്യം. പെണ്ണു ചെറുപ്പമല്ലേ. ചെറുപ്പക്കാരികൾ ചെറുപ്പക്കാരെ ഇഷ്ടപ്പെടും. എനിക്കു പ്രായക്കൂടുതലുള്ളതുകൊണ്ടു് കുടുംബത്തിൽ ചില അസ്ംകൃതകളുണ്ടാകയില്ലേ എന്നൊരു സംശയം.

ഏലി: ങാ—അവളുടെ ഒരു പ്രത്യേക സ്വഭാവം പറയാൻ ഞാൻ മറന്നു. അവൾക്കു വയസ്സന്മാരോടാണ് പ്രതിപത്തി.

ചെറിയാൻമാപ്പിള: ഉള്ളതാണോ?

ഏലി: ഈ വിഷയത്തെപ്പററി അവൾ പറയുന്നതു കേൾക്കേണ്ടതാണ്. ചെറുപ്പക്കാരെ കാണുന്നതുതന്നെ അവൾക്കു വിരോധമാണ്.

ചെറിയാൻമാപ്പിള: വിരോധമോ?

ഏലി: ങാ! നീണ്ട താടിയോടുകൂടിയ ഒരു നല്ല വയസ്സനെ കാണുന്നതിൽക്കൂടുതൽ സന്തോഷം അവൾക്കു മറെറാന്നില്ല. പ്രായമെത്രയധികമുണ്ടോ അത്രയും കൂടുതൽ സന്തോഷമാണവൾക്കു്. ഞാൻ കാലേക്കൂട്ടിപ്പറഞ്ഞേക്കാം. വല്ലതും ചെയ്തു് ഇപ്പോഴുള്ളതിനേക്കാൾ വയസ്സു കുറയ്ക്കാൻ നോക്കരുതു്. കുറഞ്ഞപക്ഷം അറുപതു വയസ്സെങ്കിലും തോന്നിക്കണം. ആറുമാസത്തിനുമുമ്പു് ഒരു സംഭവമുണ്ടായി. അന്നൊരു വിവാഹക്കാര്യമാലോചിച്ചു വരികയായിരുന്നു. വിവാഹത്തിൻെറ തലേദിവസമാണവളറിഞ്ഞതു്, വരനമ്പതി

യാറു വയസ്സേയുള്ളുവെന്നു്. ഉടനെ അവരം ആ വിവാഹ മുപേക്ഷിച്ചു.

ചെറിയാൻമാപ്പിള: അതുകൊണ്ടു മാത്രമോ ?

ഏലി: മാത്രം. വെള്ളെഴുത്തിനു കണ്ണട വെയ്ക്കുന്നവരോടു് അവരംക്കു പ്രത്യേക താല്പര്യമാണു്.

ചെറിയാൻമാപ്പിള: അത്ഭുതം; അത്ഭുതം ?

ഏലി: ഒരുത്തരും അറിഞ്ഞിട്ടില്ല, അവരംക്കീ കാര്യത്തിൽ എത്ര വാശിയുണ്ടെന്നു്. അവളുടെ മുറി മുഴുവൻ വയസ്സന്മാരുടെ ചിത്രങ്ങരംകൊണ്ടു് അലങ്കരിച്ചിരിക്കയാണു്.

ചെറിയാൻമാപ്പിള: ബഹുരസം. എന്തു ബുദ്ധി ! ഞാൻ ഒരു സ്ത്രീയായിരുന്നെങ്കിൽ ഒരിക്കലും ഈ ചെറുപ്പക്കാരെ സ്നേഹിക്കയില്ലായിരുന്നു.

ഏലി: ചെറുപ്പക്കാരെ സ്നേഹിക്കുന്നു ! എന്തിനു കൊള്ളാം ഇവററയെ. ഈ പെണ്ണുങ്ങരംക്കു വേറെ തൊഴിലൊന്നുമില്ലേ ഈ അഴകിയ കോമരങ്ങളെ സ്നേഹിക്കാൻ ? അവരിലെന്താണിരിക്കുന്നുതെന്നു് എനിക്കൊന്നറിയണം.

ചെറിയാൻമാപ്പിള: എനിക്കറിയില്ല ഈ ചെറുപ്പക്കാർക്കെന്താ വിശേഷമെന്നു്.

ഏലി: വെറും മണ്ടികരംക്കേ അവരിൽ ഭ്രമം തോന്നൂ. ഈ ചുരുണ്ട തലമുടിക്കാരെ എനിക്കു സഹിക്കുകയില്ല. തല മുടിക്കു ഭംഗി വേണമെങ്കിൽ അങ്ങനെ വെളുത്തു നീണ്ടു കിടക്കണം.

ചെറിയാൻമാപ്പിള: അതുതന്നെയാണു ഞാനും പറയുന്നതു്. അവരുടെ പൗരുഷമില്ലാത്ത ശബ്ദം, പൂച്ചയുടേതുപോലെ മേലോട്ടു വളഞ്ഞ മീശ, അവരുടെ കരംസം, ബുഷ്ഷർട്ടു് — ശ് ശ് ശ് കോമാളിത്തം !

ഏലി: അതല്ലേ ഞാനും പറയുന്നതു്. ഈ കുരങ്ങന്മാരോടു് അങ്ങയെ താരതമ്യപ്പെടുത്താമോ ? അങ്ങയിൽ കളിയാടുന്നതു പൗരുഷമാണു്; പൗരുഷം. കണ്ണിനാനന്ദം നൽകുവാൻ വേണ്ടതുണ്ടു്. എനിക്കുതന്നെ അങ്ങയോടു പ്രേമം തോന്നിപ്പോകുന്നു.

ചെറിയാൻമാപ്പിള: ശ് ശ് ശ്. അതു വേണ്ട. അപ്പോരം ഏലി പറയുന്നതു് എന്നെക്കണ്ടാൽ വേണ്ടില്ലെന്നാണു്.

ഏലി: വേണ്ടില്ലെന്നോ ! ശരിയായിപ്പോയി! അങ്ങു് എന്തു മനോഹരനാണു്. അങ്ങയുടെ മുഖംതന്നെ എന്തു മനോഹര ചിത്രമാണു്. ദയവായി അല്പം തിരിഞ്ഞുനിൽക്കൂ.

(ചെറിയാൻമാപ്പിള തിരിഞ്ഞുനിൽക്കുന്നു)

ഇതിലും അഴകു് എവിടെക്കാണും ? അങ്ങു നടക്കുന്നതു് ഒന്നു കാണട്ടെ.

(ചെറിയാൻമാപ്പിള നടക്കുന്നു)

ഭേഷ് ! എന്തു കമനീയമായ ദേഹം ! എത്ര അന്തസ്സുള്ള നടപ്പു് ! ആരോഗ്യത്തിൻെറ യാതൊരു ലക്ഷണവും കാണുന്നില്ല.

ചെറിയാൻമാപ്പിള: എനിക്കു് രോഗം ഒന്നുമില്ല. (ചുമച്ചിട്ടു്) ഈ ചുമ മാത്രമേയുള്ളു. അതിടയ്ക്കിടയ്ക്കു വരും.

ഏലി: അതു സാരമില്ല ! ചുമ ഒരു ഭൂഷണമാണു്.

ചെറിയാൻമാപ്പിള: ഒന്നു ചോദിക്കട്ടെ ഏലീ ! മേരിക്കുട്ടി എന്നെ കണ്ടിട്ടുണ്ടോ ? ഞാനതിലേ നടന്നുപോയപ്പോൾ അവൾ എന്നെ നോക്കിയോ ?

ഏലി: ഇല്ല. പക്ഷേ, ഞാൻ അങ്ങയെപ്പററി ഒരു നല്ല വിവരണം അവൾക്കു കൊടുത്തിട്ടുണ്ടു്.

ചെറിയാൻമാപ്പിള: നീ ചെയ്തതു് വളരെ ഉചിതമായി. ഞാൻ അങ്ങനെ നന്ദിയില്ലാത്തവനല്ല.

ഏലി: അപ്പൊഴേ മുതലാളീ, തെററിദ്ധരിക്കരുതു്. എനിക്കൊരു ചെറിയ സഹായം ചെയ്തുതരണം. കുറച്ചു പണത്തിൻെറ കുറവുകൊണ്ടു് ഞാൻ ഒരു കേസ്സിൽ തോൽക്കാൻ ഭാവിക്കയാണു്.

(ചെറിയാൻമാപ്പിളയ്ക്കു ഗൗരവഭാവം)

അങ്ങയെ കാണാൻ അവൾക്കെന്തു രസമാണെന്നോ.

(ചെറിയാൻമാപ്പിളയ്ക്കു് സന്തോഷം)

ഹാ, അങ്ങയെ ഒന്നു കാണാൻ. ഈ മുണ്ടു കണ്ടാൽ മതിയല്ലോ ! വളരെ ഗൗരവമുള്ള ഒരു കേസ്സാണതു്. ഞാനതിൽ തോററാൽ മുടിഞ്ഞുപോകും.

(ചെറിയാൻമാപ്പിളയ്ക്കു് ഗൗരവം)

അവൾ താമരപ്പൂപോലല്ലേ ഇരിക്കുന്നതു്. ഒരു ചെറിയ സംഖ്യ മതി എനിക്കു രക്ഷനേടാൻ. ഞാൻ അങ്ങയെപ്പററി സംസാരിച്ചപ്പോൾ അവളുടെ മുഖം കാണേണ്ടതായിരുന്നു. ഒരു ചില്ലറ സഹായം മാത്രമല്ലേ ഇതു്. മുഖം തിളങ്ങുകയാണു് മേരിക്കുട്ടിയുടെ. മുതലാളിക്കു് അതത്ര ഭാരവുമല്ല. അതു കിട്ടിയാൽ എൻെറ കാര്യം ജയിച്ചു. ഈ വിവാഹം താമസിക്കുന്നതിൽ അവൾ വെമ്പൽകൊള്ളുകയാണു്.

ചെറിയാൻമാപ്പിള: അഹോ—ആനന്ദം.

ഏലി: എത്ര ആനന്ദമാണെന്നോ ആ കേസ്സു ജയിച്ചാൽ. മേരിക്കുട്ടി...അല്പം ചില്ലറ...എന്തൊരു സുന്ദരി.

ചെറിയാൻമാപ്പിള: ഞാൻ പോകട്ടെ ഏലീ, എനിക്കത്യാവശ്യമായി ചില എഴുത്തുകൾ എഴുതാനുണ്ട്.

ഏലി: അത്യാവശ്യംകൊണ്ടു ബുദ്ധിമുട്ടിക്കുകയാണ്. മേരിക്കുട്ടി...

ചെറിയാൻമാപ്പിള: നിങ്ങളെ അങ്ങാടിയിൽ കൊണ്ടുപോകാൻ ഞാൻ കാറ് ശരിയാക്കട്ടെ.

ഏലി: മറെറാരു വഴിയുണ്ടായിരുന്നെങ്കിൽ ഈ നിസ്സാര കാര്യവുമായി...

ചെറിയാൻമാപ്പിള: അത്താഴം വളരെ താമസിക്കയില്ല. താമസിച്ചു ഭക്ഷണം കഴിച്ചാൽ ദഹനക്കേട് വരും.

ഏലി: എന്നെ തള്ളിക്കളയല്ലേ. ഈ ഘട്ടത്തിൽ...എനിക്കു് എത്ര ആശ്വാസം.

ചെറിയാൻമാപ്പിള: (അകത്തേയ്ക്കു നോക്കി) ആരാടാ എന്നെ വിളിക്കുന്നേ? ആരോ വിളിക്കുന്നു. ഞാൻ പോകട്ടെ.

(പോകുന്നു)

ഏലി: ശനിയാ; നീ മുടിഞ്ഞുപോട്ടെ. കിഴവാ, മുതുക്കാ, അറുപിശുക്കാ, ദുഷ്ടാ, നരപ്പാ, ദാരിദ്ര്യവാസീ, നീ മുടിഞ്ഞുപോട്ടെ. ങ്ഹാ ! ഇനി മറേറക്കിഴവിയുടെ കയ്യിൽനിന്നു് എന്തെങ്കിലും കിട്ടുമോ എന്നു നോക്കുകയേ ഗതിയുള്ളൂ.

(പോകുന്നു)

കർട്ടൻ

രംഗം മൂന്ന്

[തൊമ്മി, മാത്തു എന്നിവരോടുകൂടി ചെറിയാൻമാപ്പിള പ്രവേശിക്കുന്നു.]

ചെറിയാൻമാപ്പിള: എടാ മാത്തു, ഞാൻ കെട്ടാൻ പോണ പെണ്ണു് ഇന്നിവിടെ വരും. ഒരു അഞ്ചുമണിയാകുമ്പോൾ ചായകൊടുക്കണം. രാത്രിയിൽ ഒരു ചെറിയ സദ്യയും.

മാത്തു: അങ്ങനെയാകട്ടെ.

ചെറിയാൻമാപ്പിള: കേട്ടോ തൊമ്മീ. ആദ്യം ശോശാമ്മയുടെ കല്യാണം. അതു കഴിഞ്ഞു് ഒരു വിരുന്നു്. അതും കഴിഞ്ഞിട്ടു് മേരിക്കുട്ടി അങ്ങു പോകും.

തൊമ്മി: അതു മനസ്സിലായി.

ചെറിയാൻമാപ്പിള: എടാ മാത്തു! ശ്രദ്ധിച്ചുകേൾക്കണം, തൊമ്മീം. ഒരോരുത്തരും എന്താണു് ചെയ്യേണ്ടതെന്നു് നിശ്ചയം വേണം. എന്താടാ മാത്തു, നിന്റെ കയ്യിലിരിക്കുന്നതു് ?

മാത്തു: നൂല്പു് മൊതലാളി.

ചെറിയാൻമാപ്പിള: ഹും! കൊള്ളാം. മുറിമുഴവൻതുത്തു വൃത്തിയാക്കണം. പക്ഷേ, വളരെ അമർത്തിത്തുടയ്ക്കരുതു്. തേഞ്ഞുപോകും.

മാത്തു: ചൂലോ മുതലാളീ ?

ചെറിയൻമാപ്പിള: അല്ലെടാ. സാധനങ്ങൾ. വലിയ നഷ്ടമാണു്. പിന്നെ ഒരു കാര്യം. ഒരൊററ കുപ്പി കാണാതെ പോകരുതു്.

മാത്തു: കുപ്പിയോ?

ചെറിയാൻമാപ്പിള: അതേടൊ കുപ്പി. കാണാതെപോയാൽ ശമ്പളത്തിൽ പിടിക്കും.

മാത്തു: ഇപ്പോൾത്തന്നെ അങ്ങോട്ടാണു തരാനുള്ളതു്.

ചെറിയാൻമാപ്പിള: ങാ—അങ്ങനെയാണു വേണ്ടതു്. ഇനി അതിപ്രധാനമായ ഒരു കാര്യം. ധാരാളം വെള്ളം എപ്പോഴും അടുത്തുണ്ടായിരിക്കണം. ധാരാളം വെള്ളം. അതിഥികൾ കുടിക്കാൻചോദിക്കുമ്പോൾ വെള്ളമാണു കൊടുക്കേണ്ടതു്.

തൊമ്മി: പിന്നെയല്ലേ! കുടിസാമാനത്തിൽ വെള്ളം ചേർത്തില്ലെങ്കിൽ രസമില്ല.

മാത്തു: മൊതാലാളീ, ഒരു കാര്യം പറയാൻ മറന്നുപോയി. എത്രപേരുണ്ടായിരിക്കും?

ചെറിയാൻമാപ്പിള: എട്ടോ പത്തോ. പക്ഷേ എട്ടു കണക്കാക്കിയാൽ മതി.

മാത്തു: എട്ടെങ്കി എട്ട്, പത്തെങ്കിൽ പത്ത്. അതിനുള്ള പണമിങ്ങു നേരെത്തെ ഏല്പിച്ചാൽ മതി.

ചെറിയാൻമാപ്പിള: ധിക്കാരീ! പണം, പണം, പണം. നിനക്കല്ലാതെ വേറെ വാക്കുകളൊന്നും അറിയില്ലേ? അവനു ചെവി അല്പം പതുക്കെയാ.

തൊമ്മി: എടാ വളരെ പണം ചെലവാക്കി സദ്യ നടത്തുക —അതാക്കാണെടാ മാത്തു മേലാത്തതു്? കുറച്ചു പണം കൊണ്ടു് — അഥവാ പണമില്ലാതെതന്നെ — സദ്യയുണ്ടാക്കുന്നതാണു സാമർത്ഥ്യം.

മാത്തു: കുറച്ചു പണംകൊണ്ടു നല്ല സദ്യയോ?

തൊമ്മി: അതെ.

മാത്തു: ഹേ, കാര്യസ്ഥൻ സാറെ, താനെന്തിനാ ഈ വേണ്ടാത്ത കാര്യത്തിലൊക്കെ തലയിടുന്നതു്. കുറച്ചു പണം കൊണ്ടു നല്ല സദ്യ നടത്തുന്ന വിദ്യ ഒന്നിങ്ങു പറഞ്ഞു തന്നാൽ എന്റെ അരിവെപ്പും ഡ്രൈവറുദ്യോഗവും അങ്ങോട്ടേല്പിച്ചുതന്നേക്കാം.

ചെറിയാൻമാപ്പിള: മാത്തു, നിന്റെ പ്രസംഗം ഒന്നു നിറുത്തു തിന്നാൻ എന്തെല്ലാം വേണമെന്നു് ആലോചിക്കാം.

മാത്തു: പറയാമല്ലോ. സൂപ്പ്. സൈഡ് ഡിഷ്, ആംലേററ്, ചാപ്സ്, ലഡു, ഫ്രൂട്ട്സാലേഡ്...

ചെറിയാൻമാപ്പിള: എന്തടാ, നിന്റെ ഭാവം? എന്നെ മുടിക്കനോ, ഈ രാജ്യത്തുള്ള മനുഷ്യക്കൊക്കെ തീററി കൊടുക്കാനോ?

മാത്തു: ബോംബെ ടോസ്റ്റ്...

ചെറിയാൻമാപ്പിള: ഇനിയും! മുടിഞ്ഞോ കത്താവേ!

തൊമ്മി: മാത്തു, നീ അതിഭക്ഷണംകൊണ്ടു് എല്ലാവരേയും കൊല്ലാനാണോ ഭാവം? അതിനാണോ നിന്റെ മുതലാളി ആളുകളെയൊക്കെ ക്ഷണിച്ചുവരുത്തുന്നതു് — ശ്രീമതി മേരിക്കുട്ടി ഉൾപ്പെടെ, പോടാ—പോയി കുറെ ചിന്താർമണി വായിച്ചിട്ടുവാ. അതിഭക്ഷണത്തേക്കാൾ ഭയങ്കരമായി എന്തെങ്കിലുമുണ്ടോ എന്നു ഡോക്ടർമാരോടു ചോദിക്കു.

ചെറിയാൻമാപ്പിള: തൊമ്മിപറയുന്നതു ശരിയാ മാത്തു.

തൊമ്മി: എടാ ഭക്ഷണസാധനങ്ങരംകൊണ്ടു് നടുവു വളഞ്ഞ മേശ ഒരു കൊലപാതകിയാണു്. നാം ക്ഷണിക്കുന്ന വരോടു നമുക്കു സ്നേഹമുണ്ടെങ്കിൽ മിതമായ തോതിലേ ഭക്ഷണം കഴിക്കാവൂ. പണ്ടൊരു മഹാൻ പറഞ്ഞപോലെ—ആരാ—മറന്നുപോയി സാരമില്ല— പറഞ്ഞിട്ടുള്ളതുപോലെ—ഭക്ഷിക്കാൻ ജീവിക്കുകയല്ല; ജീവിക്കാൻ ഭക്ഷിക്കു കയാണു വേണ്ടതു്.

ചെറിയാൻമാപ്പിള: ഹി! ഇവൻെറ മൊഴി എത്ര കർണ്ണാനന്ദകരം. നീ ഇങ്ങോട്ടടുത്തുവരു തൊമ്മീ. നിൻെറ ആ വാക്കുകരംക്കു നിന്നെ ആലിംഗനം ചെയ്യേണ്ടതാണു്. എൻെറ ജീവിതത്തിൽ ഞാൻ ഇങ്ങിനെ നല്ലൊരു വാക്യം കേട്ടിട്ടില്ല. ഭക്ഷിക്കാൻ ജീവിക്കണം. ഹാ — എന്തു ഭംഗി! ഇതെവിടെനിന്നാ തൊമ്മീ? പലിശക്കണക്കു പൊസ്തകത്തീന്നാണോ? ഒന്നുകൂടി പറയട്ടെ. ഭക്ഷിക്കാൻ ജീവിക്കണം; അല്ലേ? അതോ... തെററിപ്പോയോ?

തൊമ്മി: ഭക്ഷിക്കാൻ ജീവിക്കണമെന്നല്ല; ജീവിക്കാൻ ഭക്ഷിക്കണം.

ചെറിയാൻമാപ്പിള: ഭേഷ്, ഭേഷ് നീ കേട്ടോടാ അതു്? അതു പറഞ്ഞ മഹാൻെറപേരെന്താണു്?

തൊമ്മി: പേരിപ്പോരം ശരിയായി ഓർമ്മിക്കുന്നില്ല. ആ ഡീസ് അബാബയോ മറെറാ ആണു്.

ചെറിയാൻമാപ്പിള: ഏതാലീസ് ബാബായായാലും ആ വാക്യം ഞാനെൻെറ മുറിയുടെ ഭിത്തിയിൽ തങ്കലിപികളിൽ കൊത്തിച്ചുവെക്കും.

മാത്തു: വലിയ ചെലവാ മൊതലാളി.

ചെറിയാൻമാപ്പിള: ആവട്ടേടാ; ചെലവാകട്ടെ. എനിക്കു പണം ചെലവാക്കാൻ മടിയില്ല. ആവശ്യത്തിനായിരിക്കണം എന്നു മാത്രം.

മാത്തു: അടുക്കളേലെക്കാര്യം?

തൊമ്മി: അതു കളയെടാ മാത്തു. കേട്ടോ മൊതലാളി, സദ്യയുടെ കാര്യം ഞാനേററു.

മാത്തു: ആട്ടെ; എനിക്കാ ജോലി കുറഞ്ഞല്ലോ,

ചെറിയാൻമാപ്പിള: അധികം തിന്നാതെതന്നെ വിശപ്പടങ്ങുന്ന വല്ലതും. കുറച്ചു കപ്പയായാലെന്താ?

തൊമ്മി: വേണ്ട. അതു മോശം. നമ്മളൊക്കെ അല്പം വിദ്യാഭ്യാസമുള്ള കൂട്ടരല്ലേ. അപ്പോരം അല്പം ററപ്പിയോക്കാഫ്രൈ...

ചെറിയാൻമാപ്പിള: അതു മതി. എടാ മാത്തു. ചായക ഴിഞ്ഞു് ഒന്നു പുറത്തേക്കു പോകണം.

മാത്തു: ഇപ്പോഠം അങ്ങു് ആരോടാണു സംസാരിക്കുന്നതു്? ഡ്രൈവറോടാണോ അരിവെപ്പുകാരനോടാണോ? എനിക്കു രണ്ടു് ഉദ്യോഗമുണ്ടല്ലോ.

ചെറിയാൻമാപ്പിള: രണ്ടുപേരോടും.

മാത്തു: പക്ഷേ. ഇപ്പോഠം പറയാൻപോകുന്നതു്?

ചെറിയാൻമാപ്പിള: ഡ്രൈവറോടു്.

മാത്തു: എന്നാൽ ഒരു മിനിററു ക്ഷമിക്കണം.

(തൊപ്പിവെച്ചിട്ടു്) റെഡി

ചെറിയാൻമാപ്പിള: ഇപ്പോ നീ ഡ്രൈവറായോ?

മാത്തു: ആയിരിക്കുന്നു. ഇനി മൊതലാളി പറഞ്ഞാട്ടെ.

ചെറിയാൻമാപ്പിള: എടാ മാത്തു, നീ കാറൊക്കെ ഒന്നു തുടച്ചു വൃത്തിയാക്കിയിടണം.

മാത്തു: തള്ളാൻ രണ്ടാളെക്കൂടി വിളിക്കണം.

ചെറിയാൻമാപ്പിള: എന്തിനാടാ?

മാത്തു: അതു സ്റ്റാർട്ടാവൂല്ല.

ചെറിയാൻമാപ്പിള: എന്താ കുഴപ്പം?

മാത്തു: അതിൻെറ വയർ എളകി കെടക്കുവാ.

ചെറിയാൻമാപ്പിള: വേറെ വിദ്യയൊന്നുമില്ലേ?

മാത്തു: രണ്ടു പോത്തിനെ വാങ്ങി കെട്ടിയാ മതി.

(പുറകിൽനിന്നു് തൊമ്മി തോണ്ടുന്നു)

എന്നാ താൻ തള്ളിത്താടോ.

ചെറിയാൻമാപ്പിള: മാത്തു, പോത്തിനു വലിയ വിലയാടാ. നീ എങ്ങനെയെങ്കിലും കാറു ശരിയാക്കണം. ഞാൻ നിന്നോടു പറഞ്ഞില്ലേ? ഇന്നു രണ്ടു പെണ്ണുങ്ങഠം വരും.

മാത്തു: തള്ളാനോ? ഇവിടന്നങ്ങോട്ടെറക്കമാ. ഒന്നനക്കി വിട്ടാൽ മതി.

തൊമ്മി: മാത്തു, നിൻെറ നിഷേധിത്തരം ഞാൻ മാററി യേക്കാം

മാത്തു: ഊം. മാററും മാററും. പിന്നേ മൊതലാളീ, ഈ മുണ്ടൊക്കെ ഒന്നു മാറേറണ്ടേ. സ്ത്രീകളും പെണ്ണുങ്ങളുമാ വരുന്നതെന്നല്ലേ പറഞ്ഞതു്.

ചെറിയാൻമാപ്പിള: ഇപ്പോഴൊന്നും വേണ്ട. തേഞ്ഞു പോകും. കൃത്യസമയത്തു മതി.

മാത്തു: എൻെറ ബനിയൻ അല്പം കീറിയതാണു്.

ചെറിയാൻമാപ്പിള: അതിനു പണിയുണ്ടു്. നീ അതിഥി കളുടെ അടുത്തു ചെല്ലുമ്പോരം കൈപൊക്കണ്ട.

മാത്തു: (കൈപൊക്കി) ഇല്ലേ.

ചെറിയാൻമാപ്പിള: പിന്നെ... !

മാത്തു: മൊതലാളി! ഒരു കാര്യം...കാര്യം അല്പം അശ്ലീഷമാ. പക്ഷേ, സത്യം പറയാണ്ടു് ഒക്കമോ. എൻെറ മുണ്ടു് പിന്നിൽ കീറിയിരിക്കുകയാ.

ചെറിയാൻമാപ്പിള: മിണ്ടാതിരിക്കെടാ. പിൻഭാഗം എപ്പോഴും മതിലിനോടു ചേർന്നു നടന്നാൽ മതി. അതിഥികളെ മുൻഭാഗം മാത്രമെ കാണിക്കാവൂ.

മാത്തു: മുതലാളി നടക്കണെതുപോലെ.

ചെറിയാൻമാപ്പിള: കഴുത. നിന്നെക്കൊണ്ടെന്തിനു കൊള്ളാം. നീ ആ തൊമ്മിയെ നോക്കു്.

മാത്തു: ഞാൻ നോക്കണൊണ്ടു്. എനിക്കിതു കണ്ടിട്ടു കലി വരുന്നു മൊതലാളി. ഇയാളാണോ മൊതലാളിയുടെ കപ്പയും കിഴങ്ങും അരിയും ചമ്മന്തിയുമെല്ലാം സൂക്ഷിക്കുന്നതു്. ഇയാരം ചെയ്യുന്നതൊക്കെ സേവയ്ക്കാണു്. ഇവനൊക്കെ പററിക്കാൻ കൂടിയിരിക്കുവാ.

ചെറിയാൻമാപ്പിള: അപ്പോ നീയോ ?

മാത്തു: എന്തൊക്കെപ്പറഞ്ഞാലും എനിക്കു മൊതലാളിയോടല്പം സ്ഥായിയുണ്ടു്. ഇവിടത്തെ ആ വാലുമുറിയൻ നായ കഴിഞ്ഞാൽ എനിക്കു് ലോകത്തിലെക്കേററവും സ്നേഹം മൊതലാളിയോടാണു്.

ചെറിയാൻമാപ്പിള: നീ എന്താണീ പറയുന്നതു മാത്തു ?

മാത്തു: ഞാൻ പറഞ്ഞാൽ മൊതലാളി ദേഷ്യപ്പെടും.

ചെറിയാൻമാപ്പിള: ഇല്ല; പറഞ്ഞോള.

മാത്തു: ഹ ഹ ഹ. മൊതലാളി ദേഷ്യപ്പെടും.

ചെറിയാൻമാപ്പിള: ഇല്ലെന്നല്ലേ പറഞ്ഞതു്.

മാത്തു: എൻെറ പൊന്നു മൊതലാളീ, അങ്ങു് ഒരു പിശുക്കനാണെന്നാണിവൻ പറഞ്ഞുപരത്തുന്നതു്. അടുക്കളേക്കേറിയ പൂച്ചയുടെ പേരിൽ കേസ്സു് കൊടുത്തെന്നു് ഒരാരം. ആക്കോ പണം കടംകൊടുക്കാമെന്നു പറഞ്ഞതിനു് പലിശ ചോദിച്ചുവെന്നു് വേറൊരുത്തൻ. ഡിസംബറിൽ ഇരുപത്തഞ്ചാം തീയതിയില്ലെന്നു് മുതലാളി പറഞ്ഞുവെന്നു് —അയ്യോ! എന്തെല്ലാം കഥകളാണെന്നോ ഈ ദ്രോഹികരം പറഞ്ഞു പരത്തുന്നതു്!

ചെറിയാൻമാപ്പിള: (മാത്തുവിനെ തല്ലിക്കൊണ്ട്) കഴുതെ, കള്ളാ, കള്ളാ, കള്ളാ. (തൊമ്മിയോട്) അത്തരത്തിലൊരു നാലെണ്ണ മിണ്ടാട്ട പറഞ്ഞുതാടാ. ഇവനെയൊന്നു വിളിക്കട്ടെ.

മാത്തു: തല്ലിക്കോ, തല്ലിക്കോ. എത്ര തല്ലിയാലും ഞാൻ നെലോളിക്കേല. വേലിയേലിരുന്ന പാമ്പിനെടുത്തു...

ചെറിയാൻമാപ്പിള: വർത്തമാനം പറയാൻ പഠിക്കണമെടാ. വങ്കൻ! ഉം! (അകത്തേക്കു പോകുന്നു)

മാത്തു: വങ്കൻ! വർത്തമാനം പറയാൻ പഠിക്കണമെടാ. വങ്കൻ!

തൊമ്മി: എന്താടാ മാത്തു, സത്യം പറയാൻ നടന്നിട്ട് സമ്മാനം കിട്ടി; അല്ലേ?

മാത്തു: ഞെളിഞ്ഞു നടക്കുന്നു, ഒരു കാര്യസ്ഥൻ! മൊതലാളിയേക്കാം കേമനാണെന്നാണു ഭാവം. എന്നെ തല്ലുന്നതു കണ്ടു് ചിരിക്കാൻ ഞാൻ സമ്മതിക്കത്തില്ല.

തൊമ്മി: അടങ്ങു ചങ്ങാതീ, അടങ്ങ്.

മാത്തു: ആക്ഷേപിക്കയാണല്ലേടാ? നിന്നെ ഞാൻ ചിരിപ്പിച്ചേക്കാം. നീ ഇളിക്കും അല്ലേ? (തള്ളി ഒരററത്തേക്കു കൊണ്ടു പോകുന്നു.) എന്നെ തല്ലുന്നതു കണ്ടു് ഇളിക്കും അല്ലേ?

തൊമ്മി: മെല്ലേ; മെല്ലേ.

മാത്തു: എനിക്കു മനസ്സില്ല.

തൊമ്മി: നിനക്കെന്താ വേണ്ടതു്?

മാത്തു: താനൊരധികപ്രസംഗിയാണു്.

തൊമ്മി: എടാ മാത്തു!

മാത്തു: താനെന്നെ എടാ പോടാ വാടാന്നൊന്നും വിളിക്കരുതു്. തൻെറ മടീലിട്ട പേരല്ല ഒരു വടി ഇങ്ങാട്ടു കിട്ടിയെങ്കിൽ...

തൊമ്മി: (മാത്തുവിനെ അടിച്ചുകൊണ്ടു്) വടി കിട്ടിയാൽ നീ എന്തു ചെയ്യും?

മാത്തു: ഇല്ലേ. ഞാനൊന്നും പറഞ്ഞില്ലേ.

തൊമ്മി: എനിക്കു വടി ഇല്ലാതെ തല്ലാനറിയാമോടാ?

മാത്തു: അറിയാമേ!

തൊമ്മി: പാത്രം തേച്ചുമെഴുക്കുന്ന തെണ്ടീ.

മാത്തു: സംശയമുണ്ടോ?

തൊമ്മി: നീ എന്നെ തല്ലുമെന്നു പറഞ്ഞോ?

മാത്തു: തമാശയ്ക്കു പറഞ്ഞതാണേ.

തൊമ്മി: എനിക്കു നിൻെറ തമാശ ഇഷ്ടമല്ല. ഓർമ്മയിരിക്കട്ടെ.

(പോകുന്നു)

മാത്തു: സത്യം പറഞ്ഞതിനു വേണ്ടതു കിട്ടി. എവടെ ! ഈ കച്ചവടം അത്ര നല്ലതല്ല. ഇനി ഞാൻ ഈ പണിക്കു പോണില്ല. സത്യം പറയുന്നതേ അബദ്ധം. മൊതലാളി തല്ലിയതു സാരമില്ല. ഈ കാര്യസ്ഥനു തല്ലാനെന്താ കാര്യം? ഞാൻ അവനോടൊന്നു ചോദിക്കണൊണ്ടു്. (ആവർത്തിച്ചു പറഞ്ഞുകൊണ്ടു് അസ്വസ്ഥനായി നടക്കുന്നു)

(ഏലി പ്രവേശിക്കുന്നു)

ഏലി: എടോ ! മൊതലാളി അകത്തുണ്ടോ ?

മാത്തു: ഉണ്ടേ—ഞാനതു് അനുഭവിച്ചവനാണേ്.

ഏലി: കാണാൻ രണ്ടാളുകൾ വന്നിട്ടുണ്ടെന്നു പറയൂ.

(മാത്തു അകത്തേയ്ക്കു പോകുന്നു. ഏലി പുറത്തേയ്ക്കു കൈകാണിച്ചു വിളിക്കുന്നു. മേരിക്കുട്ടി പ്രവേശിക്കുന്നു)

ഏലി: മേരിക്കുട്ടീ ! ഇതാ മേരിക്കുട്ടിയുടെ ഭാവിഭവനം.

മേരിക്കുട്ടി: ഭവനം ! ദൈവമേ. ഞാൻ എന്തു പാപം ചെയ്തിട്ടാണു് ഇതെല്ലാം അനുഭവിക്കേണ്ടിവരുന്നതു്.

ഏലി: ഈ വിവാഹമെന്നു പറയുന്നതു് അങ്ങനെയൊക്കെയാ മേരിക്കുട്ടി. കുഞ്ഞിനു ലോകപരിചയമില്ലാഞ്ഞിട്ടാണു്.

മേരിക്കുട്ടി: നരയും കഷണ്ടിയും കണ്ടാൽ തിരിച്ചറിയാൻ എന്തു ലോകപരിചയം വേണം ചേടത്തീ. പെൻഷനായ ഈ അഴകിയരാവണന്മാരെ കാണുമ്പോൾ അറയ്ക്കുന്നു.

ഏലി: പക്ഷേ, കുഞ്ഞേ, ഒരു കാര്യം മറക്കരുതു്. ഈ കൊച്ചു സുന്ദരവിഡ്ഢികളില്ലേ -- അവർക്കു ചില്ലിക്കാശു സ്വന്തം കാണുകയില്ല. മേല്പടി കിഴവന്മാരുടെ കൈയിലാണെങ്കിൽ നിധിയാണിരിക്കുന്നതു്; നിധി. അധികം താമസിയാതെ അവർ സിദ്ധികൂടുകയും ചെയ്യും.

മേരിക്കുട്ടി: അതുകൊണ്ടെന്താ പ്രത്യേകിച്ചു ഗുണം ?

ഏലി: മണ്ടീ. എടി കുഞ്ഞേ, അപ്പോൾ നിനക്കു വേണ്ടവനെ തിരഞ്ഞെടുത്തു വിവാഹം ചെയ്തുകൂടേ ?

മേരിക്കുട്ടി: അതെങ്ങനെയാണേലിച്ചേടത്തീ, ഒരുത്തൻ ചാവുന്നതും കാത്തിരിക്കുന്നതു് ? സമയത്തു ചത്തില്ലെങ്കിലോ?

ഏലി: അബദ്ധം. സർവ്വാബദ്ധം. മൂന്നു മാസത്തിനുള്ളിൽ നിന്നെ വിധവയാക്കിക്കൊള്ളാമെന്ന കരാറിന്മേലാണു് ഈ വിവാഹം. പറഞ്ഞ സമയത്തു ചത്തില്ലെങ്കിൽ അതൊരു വലിയ തെററാണു്. എനിക്കയാളെ ഒന്നു കാണണം. ഇവിടെയിരി. പേടിയൊന്നുമില്ലല്ലോ ?

മേരിക്കുട്ടി: പേടിയൊന്നുമില്ല. എന്നാലും എന്നെ ഒററയ്ക്കിരുത്തിയേച്ചു പോകല്ലേ.

ഏലി: അതിനെന്താ; ഇതൊരു വീടല്ലേ ?

മേരിക്കുട്ടി: വീടാണ്. പക്ഷേ, ഒററയ്ക്കിരിക്കാൻ വയ്യാ.

പോത്തൻ: (പ്രവേശിച്ച്) ഒററയ്ക്കിരിക്കാൻ ഇഷ്ടമില്ലെങ്കിൽ വേണ്ട. അപ്പച്ചൻ വേഷംകെട്ടിത്തീന്നില്ല. ഇപ്പോഠം വരും.

ഏലി: ശോശാമ്മക്കുട്ടിയില്ലേ ഇവിടെ ?

പോത്തൻ: ഉണ്ട്; ഇപ്പോ വരും. ഏലിച്ചേടത്തിതന്നെ ചെന്നു് ഒന്നു വിളിച്ചുനോക്കു്.

ഏലി: ഞാനിപ്പോ കൊണ്ടുവരാമല്ലോ. (പോകുന്നു)

(പോത്തൻ ഏലിക്കു നാലണ കൊടുക്കുന്നു)

പോത്തൻ: കുറച്ചു് അത്ഭുതം ഉണ്ടു് അല്ലേ ?

മേരിക്കുട്ടി: എനിക്കൊന്നും മനസ്സിലാകുന്നില്ല.

പോത്തൻ: മനസ്സിലാക്കാൻ ഒന്നുമില്ല. ഇതെൻെറ വീടാണു്.

മേരിക്കുട്ടി: ഞാൻ അതു് അറിഞ്ഞിരുന്നില്ല.

പോത്തൻ: പിന്നെ എനിക്കു വീടൊന്നുമില്ലെന്നാണോ വിചാരിച്ചിരുന്നതു് ? ഞാൻ എന്താ, പെരുവഴിജീവിയോ മറേറാ ആണോ ?

മേരിക്കുട്ടി: എന്നല്ല; ഇവിടെ...

പോത്തൻ: അപ്പച്ചൻെറ കാര്യം അല്ലേ ? അതു് ഞാൻ നിന്ന കൃവിൽ അപ്പച്ചൻ തള്ളിക്കേറി മുമ്പിൽ നിന്നു എന്നുമാത്രം. അതിനും വഴിയുണ്ടു്. നിരാശപ്പെടാനൊന്നുമില്ല.

മേരിക്കുട്ടി: എന്തു വഴിയാണോ, ദൈവത്തിനറിയാം. ജീവിക്കാൻ മാർഗ്ഗമില്ലാത്തവക്കു് ഇതാണു ഗതി.

പോത്തൻ: മേരിക്കുട്ടീ, ബാലിശത്വം കാണിക്കാതെ ചുണയായി നില്ക്കേണ്ട അവസരമാണിതു്. എന്താണു് മേരിക്കുട്ടി ഇത്ര വേഗം നിരാശപ്പെടുന്നതു് ?

മേരിക്കുട്ടി: എനിക്കെന്തൊരു വഴി? ഒരപ്പനുണ്ടായിരുന്നതു് എവിടെയാണെന്നു് ആക്കുമറിവില്ല. അമ്മയാണെങ്കിൽ രോഗി. കൊച്ചിലെ ഒരു സഹോദരനുണ്ടായിരുന്നു. എവിടെപ്പോയോ; എന്തോ ? ഇന്നു കണ്ടാലറിയുകപോലുമില്ല. (കരയുന്നു)

പോത്തൻ: സാരമില്ല മേരിക്കുട്ടീ. നിൻെറ അപ്പച്ചൻ എവിടെയെങ്കിലുമാവട്ടെ. പക്ഷേ, നിനക്കൊരു അമ്മായപ്പനെ ഉണ്ടാക്കിത്തരുവാൻ എനിക്കു കഴിയും. അല്പം പിശുക്കനാണെങ്കിലും.

മേരിക്കുട്ടി: നമ്മളിങ്ങനെ സംസാരിച്ചുനിന്നാൽ ?

പോത്തൻ: പേടിക്കേണ്ട. ശോശാമ്മയോടു പതുക്കെ വന്നാൽ മതിയെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്.

മേരിക്കുട്ടി: മറേറയാളോ?

പോത്തൻ: അപ്പച്ചനോ? അതും അൽപ്പം താമസിക്കും. ഇത്തിരി മേക്കപ്പാണവിടെ. ചെറുക്കൻകാണലല്ലേ?

മേരിക്കുട്ടി: ഏലിച്ചേടത്തിയെങ്ങാൻ ചെന്നു്...

പോത്തൻ: കിഴവിക്കു നാലണ കൈയിൽ കൊടുത്തിട്ടുണ്ടു്. അപ്പച്ചൻെറകൂടെ നാലുവർഷം നടന്നാലതു കിട്ടുകേല.

മേരിക്കുട്ടി: വല്ലാത്ത ധാരാളിയാണെന്നു തോന്നുന്നു.

പോത്തൻ: ധാരാളിതന്നെ. അല്ലെങ്കിൽ പണം കൊണ്ടു പോയി മണ്ണിലിടുമോ!

മേരിക്കുട്ടി: മണ്ണിലിടുന്നോ!

പോത്തൻ: കാര്യമിതാണു മേരിക്കുട്ടീ. അപ്പച്ചൻ ഒരു നിധി ഒളിച്ചുവച്ചിട്ടുണ്ടു്. അതൊന്നു കണ്ടുകിട്ടിയാൽ നമുക്കിവിടന്നു കടന്നുകളയാമായിരുന്നു.

മേരിക്കുട്ടി: അയ്യോ! എന്താണീ പറയുന്നതു് ?

പോത്തൻ: വേറെ പോംവഴിയില്ല മേരിക്കുട്ടീ. ആ സാധനം കണ്ടുപിടിക്കാൻ ഞാനൊരാളെ ഏർപ്പാടുചെയ്തിട്ടുണ്ടു്. പക്ഷേ, അതു കിട്ടുന്നതുവരെ നമുക്കു് ഈ കല്യാണക്കാര്യം എങ്ങനെയെങ്കിലും തള്ളിനീക്കണം.

മേരിക്കുട്ടി: ഞാൻ ശ്രമിക്കാം. പക്ഷേ, ഈവക കാര്യങ്ങളിൽ പെണ്ണുങ്ങൾക്കെന്തുചെയ്യാൻ കഴിയും ?

പോത്തൻ: അതറിയണമെങ്കിൽ ഇവിടെയൊരുത്തിയുണ്ടു്. അവളോടു ചോദിക്കണം.

ശോശാമ്മ: (പ്രവേശിച്ചു്) എന്താ മേരിക്കുട്ടീ! വരാൻ താമസിച്ചതിനു മാപ്പു്. പിന്നെ ഇവിടെയൊരുത്തിയുള്ളതിനോടു് കുഞ്ഞാങ്ങള എന്തു ചോദിക്കാനിരിക്കുവാ. കേട്ടോ മേരിക്കുട്ടീ! കുഞ്ഞാങ്ങള നാക്കെടുത്താൽ വേണ്ടാത്തതേ പറയൂ.

പോത്തൻ: സ്വന്തം കുഞ്ഞാങ്ങളയെപ്പററി നല്ല റെക്കമെണ്ടേഷനാണു്.

ശോശാമ്മ: രണ്ടാനമ്മ നേരത്തെ അറിഞ്ഞിരുന്നോട്ടെ.

പോത്തൻ: എങ്കിൽ പിന്നെ നിൻെറ കാര്യം ഞാനും നോക്കിക്കൊള്ളാം. എനിക്കെല്ലാമറിയാമെടീ.

ശോശാമ്മ: കുഞ്ഞാങ്ങള ഒന്നു വെറുതെയിരിക്കു്. അപ്പച്ചനെ ഞാൻ വന്നു കാണും!

പോത്തൻ: കണ്ടാലെന്താണു് ? എനിക്കു ചുക്കാണു്.

(ചെറിയാൻമാപ്പിള വേഷഭൂഷാദികളോടുകൂടി പ്രവേശിക്കുന്നു. ഒപ്പം വക്കീയും. പോത്തൻ പതുങ്ങി സ്ഥലംവിടുന്നു. ഏലി പ്രവേശിച്ചു് മേരിക്കുട്ടിയുടെ അടുത്തു പോയി നിൽക്കുന്നു)

മേരിക്കുട്ടി: എന്താണാ വരുന്നതു് ?

ഏലി: മണവാളൻ.

മേരിക്കുട്ടി: എനിക്കെന്തോ വല്ലാതെ വരുന്നു.

ഏലി: സാരമില്ല. കുറച്ചു ദിവസം കാണുമ്പോഠം മാറി ക്കോളും.

ചെറിയാൻമാപ്പിള: സുന്ദരീ ! ഞാൻ കണ്ണടവെച്ചു വരുന്ന തിൽ പരിഭവിക്കരുതു്. വെറും കണ്ണുകൊണ്ടു് നല്ല വസ്തു ക്കഠം കാണുന്നതു് എനിക്കിഷ്ടമല്ല. കണ്ണാടിയിൽക്കൂടി യല്ലേ നാം സ്‌പുട്‌നിക്കുകളെ കാണുന്നതു് ? നീയൊരു നക്ഷത്രമാണെന്നു് ഞാൻ പറയുന്നു. നക്ഷത്രലോകത്തിലെ ഏറ്റവും ഭംഗിയുള്ള നക്ഷത്രം. (രഹസ്യമായി വർക്കിയോടു്) എന്താ, ശരിയായോടാ വക്കീ ?

വക്കി: പിന്നെയില്ലേ—ഗംഭീരം.

ചെറിയാൻമാപ്പിള: എന്താ ഏലീ ! കൊച്ചു മേരിക്കുട്ടിക്കു് ഒരു പ്രസാദം കാണുന്നില്ല.

ഏലി: നാണം മാറീട്ടില്ല. പെൺകിടാങ്ങളല്ലേ ?

ചെറിയാൻമാപ്പിള: ഏലിക്കു ബുദ്ധിയുണ്ടു്. ങാ ! ഞാനി വരെ പരിചയപ്പെടുത്തിയില്ലല്ലോ, ദാ— ഇതെൻെറ മകഠം. അവഠം അത്ര വലുതായതിലൊന്നും ഖേദിക്കേണ്ട. അവളെ ഞാൻ കളയാൻപോവുകയാണു്. നീ പോത്തനെ അറിയു മല്ലോ.

(മേരിക്കുട്ടി നിശ്ശബ്ദം)

നാണം അല്ലേ ? പോത്താ ! എടാ പോത്താ ! വീട്ടിൽ അ തിഥികഠം വരുമ്പോഴാണു് അവൻ തെണ്ടാൻ പോവുന്നതു്.

(വക്കി രംഗത്തുനിന്നു മാറുന്നു)

മേരിക്കുട്ടി: (പിറുപിറുക്കുന്നു) എന്തു ശനിയാണിയാഠം ?

ചെറിയാൻമാപ്പിള: കൊച്ചു മേരിക്കുട്ടി എന്താ പറഞ്ഞതു് ഏലീ ? അവഠംക്കും ചെവി അല്പം പതുക്കെയാ, അല്ലേ ?

ഏലി: അങ്ങു 'പുരുഷോത്തമ'നാണെന്നു്.

ചെറിയാൻമാപ്പിള : കണ്മണീ ! എനിക്കർഹതയില്ലാത്ത ആദരവാണു് നീ കാണിച്ചതു്.

മേരിക്കുട്ടി: കണ്ടാമൃഗം !

ഏലി: അങ്ങു് ഒരു മഹാനാണെന്നു് അവഠം പറയുന്നു.

ചെറിയാൻമാപ്പിള: മിടുക്കി ! ങ്‌ഹാ — അവനെ കണ്ടി ല്ലല്ലോ. പോത്താ—എടാ പോത്താ.

(പോത്തൻ പ്രവേശിക്കുന്നു)

എടാ ! ഇതാണു കൊച്ചു മേരിക്കുട്ടി. ഞാൻ കെട്ടാനുദ്ദേശി ക്കുന്ന പെണ്ണ്. കേട്ടോ മേരിക്കുട്ടി, ഇതു പോത്തൻ. എൻെറ മകനാ—ഇവനേയും ഞാൻ ഉപേക്ഷിക്കാൻ പോവുകയാണ്.

മേരിക്കുട്ടി: ഇവിടെ പലതും കാണുമെന്നു ഞാൻ പ്രതീ ക്ഷിച്ചു. പക്ഷേ, ഇതു്...

പോത്തൻ: അപ്പച്ചൻെറ തെരഞ്ഞെടുപ്പിൽ ഞാൻ അദ്ദേ ഹത്തെ അനുമോദിക്കുന്നു. ഈ വീട്ടിലേയ്ക്കു ഭവതിയെ സ്വാഗതം ചെയ്യുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്.

ചെറിയാൻമാപ്പിള: അങ്ങനെയാടാ പോത്താ വേണ്ടതു്.

പോത്തൻ: പക്ഷേ, എൻെറ രണ്ടാനമ്മയായി വരുന്നതിൽ എനിക്കത്രയേറെ താല്പര്യമൊന്നുമില്ല.

ചെറിയാൻമാപ്പിള: നിൻെറ താല്പര്യത്തിനെന്താടാ ഇവിടെ പ്രസക്തി ?

പോത്തൻ: അമ്മയെന്നു വിളിക്കണമെങ്കിൽ ഒരു കൊച്ചു പെങ്ങളേക്കാൾ പ്രായമുണ്ടായിരിക്കണമെന്നതിൽ കൂടുതൽ പ്രസക്തിയൊന്നുമില്ല.

ചെറിയാൻമാപ്പിള: അധികപ്രസംഗി. ഇങ്ങനെയാണോ ഒരു സുന്ദരിയോടു സംസാരിക്കുന്നതു്. എന്താ മേരിക്കുട്ടീ !

മേരിക്കുട്ടി: മക്കൾക്കു് എന്നെക്കാൾ പ്രായം കുറഞ്ഞിരിക്കു ന്നതാണു് എനിക്കു് ഇഷ്ടം.

ചെറിയാൻമാപ്പിള: കേട്ടോടാ — മേരിക്കുട്ടി പറഞ്ഞതു കേട്ടോടാ—മര്യാദയ്ക്കു സംസാരിക്കാൻ പഠിക്കണമെന്നാണ വൾ പറയുന്നതു്. മേരിക്കുട്ടീ ! അവൻ കഥയില്ലാത്ത ഒരു ചെറുപ്പക്കാരനാണു്. അവൻ പറയുന്നതെന്താണെന്നു് അവനു തന്നെ നിശ്ചയമില്ല.

മേരിക്കുട്ടി: സാരമില്ല. അദ്ദേഹം പറയുന്നതിൽ എനിക്കു യാതൊരു പരിഭവവുമില്ല. നേരേമറിച്ചു് ഇങ്ങനെ തുറന്നു പറയുന്നതിൽ സന്തോഷമേയുള്ളു.

ചെറിയാൻമാപ്പിള: അഹോ—എന്തൊരു ക്ഷമാശക്തി. ഇ പ്പോഴത്തെ ചെറുപ്പക്കാരല്ലേ. പ്രായമാകാത്തതുകൊണ്ടു വിവേകം വന്നിട്ടില്ല. അതെന്താ പട്ടി കുരയ്ക്കുകയല്ലേ? ഞാനിതാ വന്നേച്ചു. (പോകുന്നു)

വക്കി: (ഓടി പ്രവേശിച്ചു്) ദാ — ഇപ്പോഴാണു നിങ്ങൾ ഒരു ഡ്യൂവററ് പാടേണ്ടതു്.

പോത്തൻ: ഞങ്ങളോ ?

വക്കി: അതെ.

ശോശാമ്മ: ഇതെന്താ വക്കീ നീ പറയുന്നതു് ?

വക്കി: അവർ ഒരു ഡ്യൂവററ് പാടണമെന്നു്.

മേരിക്കുട്ടി: എനിക്കു വയ്യ.

ശോശാമ്മ: വേണ്ട. മേരിക്കുട്ടിക്കു നാണംവരും.

വക്കി: താമസിച്ചാൽ സമയം പോകും. കിഴവൻ നിധി പോയിട്ടുണ്ടോയെന്നു നോക്കാൻ പോയിരിക്കയാണു്.

പോത്തൻ: വയ്യെന്നല്ലേ വക്കീ പറയുന്നതു്.

വക്കി: ഞാനിപ്പൊ കുത്തിയിരിപ്പുസത്യാഗ്രഹം തുടങ്ങും. കൊടിപിടിക്കും.

പോത്തൻ: (മേരിക്കുട്ടിയോടടുത്തു്) വേണ്ട മേരിക്കുട്ടീ. ഇവനൊരു കോമാളിയാണു്. അവനങ്ങനെയൊക്കെ പറയും. സാരമാക്കണ്ട.

ചെറിയാൻമാപ്പിള: (പെട്ടെന്നു പ്രവേശിച്ചു്) നീ എന്താടാ അവളോടു കുശുകുശുക്കുന്നതു്?

പോത്തൻ: ഞാൻ അപ്പച്ചനുവേണ്ടി അവളോടു സാംസാരിക്കുവായിരുന്നു.

ചെറിയാൻമാപ്പിള: അതിനിത്ര മുട്ടിയുരുമ്മി നിക്കണോ?

വക്കി: അവരൊരു ഡ്യൂവററ് പാടാൻ പോവുകയായിരുന്നു.

ചെറിയാൻമാപ്പിള: അതെന്തിനാ?

പോത്തൻ: അപ്പച്ചനുവേണ്ടി. പകരം.

ചെറിയാൻമാപ്പിള: അതെന്താ എനിക്കു നാക്കില്ലേ, എന്റെ കാര്യം പറയാൻ.

പോത്തൻ: അതിനു് അപ്പച്ചൻ പാടുവോ?

വക്കി: പാടും — ചെറിയാച്ചൻ പാടും. വേണ്ടിവന്നാൽ ഇപ്പഴും പാടും.

ചെറിയാൻമാപ്പിള: പാടുമെടാ. നിന്നെ ഞാൻ കാണിച്ചു തരാം. പക്ഷേ, ഞാൻ എല്ലാവരും കാൺകെ പാടുകയില്ല.

പോത്തൻ: മേരിക്കുട്ടി കേട്ടിട്ടുണ്ടോ പേബ്ലാക്കു് ആർട്ടിസ്റ്റെന്നു്.

മേരിക്കുട്ടി: വല്യപ്പൻ പണ്ടു് സിനിമായിലായിരുന്നോ?

പോത്തൻ: എനിക്കറിയില്ല. നല്ല ഓർമ്മയില്ല.

ചെറിയാൻമാപ്പിള: നിറുത്തെടാ നിന്റെ ഫലിതം. ഞാൻ എന്റെ മേരിക്കുട്ടിയെ കാണിക്കാൻ ഒരു ഫലിതമുണ്ടാക്കിയതല്ലേ?

വക്കി: അതു ശരിയാ പോത്തച്ചാ. മൊതലാളി ഒരു ഫലിതമാണു്.

ചെറിയാൻമാപ്പിള: മതിയെടാ വക്കീ. നിൻെറ നാക്കു് നീണ്ടുപോകുന്നു. നീ വേഗം ചെന്നു ചായ തയ്യാറായോ എന്നു നോക്കു്.

വക്കി: നോക്കാനില്ല. ചായ വേണ്ടെന്നുവെച്ചിരിക്കയാ. കുറച്ചുകൂടിക്കഴിഞ്ഞുണ്ണാമല്ലോ.

ചെറിയാൻമാപ്പിള: എടാ! എന്നുവെച്ചും മേരിക്കുട്ടിയൊക്കെ വന്നിരിക്കുമ്പോൾ...

പോത്തൻ: അതൊന്നും സാരമില്ലപ്പച്ചാ. ഞാൻ അത്യാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങിയിട്ടുണ്ടു്. ജിലേബി, ഗുലാബ്ജാൻ, കേസരി അങ്ങനെ ചിലതു്.

ചെറിയാൻമാപ്പിള: എന്താടാ അവൾ എരുമയാണോ ഇതെല്ലാം തിന്നുതീർക്കാൻ ?

പോത്തൻ: നല്ല ആരോഗ്യമാണപ്പച്ചാ അവൾക്കു്.

മേരിക്കുട്ടി: എനിക്കിതൊന്നും വേണ്ടായിരുന്നു.

വക്കി: പോരെങ്കിൽ വലിയ ചെലവുമാണു്.

പോത്തൻ: എന്നൊന്നും പറയല്ലേ വക്കീ! അപ്പച്ചൻെറ ഔദാര്യം നിനക്കറിയില്ല. ഇതാ, നോക്കു്; അപ്പച്ചൻെറ കൈയിൽ കിടക്കുന്ന ഈ മോതിരം കണ്ടോ ? ലക്ഷം രൂപാ കൊടുത്താൽ കിട്ടുകയില്ല.

മേരിക്കുട്ടി: നല്ല തിളക്കമുണ്ടു്.

പോത്തൻ: ഇതാ അടുത്തുവന്നു നോക്കു്. (പോത്തൻ അതൂരി മേരിക്കുട്ടിയുടെ വിരലിൽ ഇടുന്നു)

മേരിക്കുട്ടി: നല്ല ഭംഗിയുണ്ടു്. എന്തൊരു ശോഭ !

വക്കി: നല്ല ചേർച്ച. (പോകുന്നു)

പോത്തൻ: അതവിടെ കിടന്നുകൊള്ളട്ടെ. അപ്പച്ചൻ ഭവതിക്കു തരുന്ന ഒരു സമ്മാനമാണിതു്.

ചെറിയാൻമാപ്പിള: ഞാനോ ?

പോത്തൻ: അപ്പച്ചൻെറ ഓർമ്മയ്ക്കായി അതു് ഈ സുന്ദരി ധരിക്കണമെന്നല്ലേ അപ്പച്ചൻെറ ആഗ്രഹം ?

ചെറിയാൻമാപ്പിള: എന്തു് ?

പോത്തൻ: മേരിക്കുട്ടി അതു സ്വീകരിക്കാത്തതിൽ അപ്പച്ചൻ ദേഷ്യപ്പെടുകയാണു്.

മേരിക്കുട്ടി: വേണ്ട; എന്നെ നിർബ്ബന്ധിക്കരുതു്.

പോത്തൻ : പ്രിയപ്പെട്ട മേരിക്കുട്ടീ. ഞാൻ പറയുന്നതു കേൾക്കു. അപ്പച്ചൻ അതു തിരിയെ വാങ്ങിക്കുകയില്ല.

ചെറിയാൻമാപ്പിള : ദേഷ്യംകൊണ്ടു ഞാനിപ്പോൾ ചത്തുപോകും !

മേരിക്കുട്ടി: വേണ്ടെന്നേ.

പോത്തൻ: അരുതു്. ഞാനല്ലേ പറയുന്നതു്. തിരിച്ചു കൊടു ത്താൽ അപ്പച്ചനു ദേഷ്യം വരും.

ചെറിയാൻമാപ്പിള: ഇവൻ തുലഞ്ഞുപോട്ടെ !

പോത്തൻ: കണ്ടോ മേരിക്കുട്ടീ. അപ്പച്ചൻ എന്നോടാണു ദേഷ്യപ്പെടുന്നതു്.

ചെറിയാൻമാപ്പിള: ദ്രോഹീ !

പോത്തൻ: എന്റെ തെററല്ലപ്പച്ചാ. അതു വാങ്ങിക്കയി ല്ലെന്നും അവരക്കൊരു ദുർവാശി. അക്കീസിന്റെ മുതലാ ണത്രേ.

(ഏലി പ്രവേശിക്കുന്നു)

ചെറിയാൻമാപ്പിള: നായെ, നായിന്റെ മോനെ—

പോത്തൻ: കണ്ടോ സുന്ദരീ, അപ്പച്ചൻ എന്നെ ശകാരിക്കു ന്നതു കണ്ടോ. ഭവതികാരണം എന്തെല്ലാം പൊല്ലാപ്പാണു്.

ചെറിയാൻമാപ്പിള: എടാ പോക്കിരി ! നിന്നെക്കൊണ്ടു ഞാൻ...

പോത്തൻ: എന്റെ മേരിക്കുട്ടീ, ദയവു വിചാരിച്ചു് അതൊ ന്നു സ്വീകരിക്കണം. അപ്പച്ചനു വല്ല ഹിസ്റ്റീരിയായോ മറേറാ വരും.

ഏലി: എന്താണു മേരിക്കുട്ടീ ഈ മിഴിച്ചുനിൽക്കുന്നതു്. നര ച്ചവർ പറഞ്ഞാൽ അനുസരിക്കണം. അദ്ദേഹത്തിന്റെ ഇഷ്ടു മതാണെങ്കിൽ മോതിരം കൈയിൽ ഇട്ടുകൊള്ളൂ.

മേരിക്കുട്ടി: അനുസരണത്തിനുവേണ്ടിമാത്രം ഞാൻ ഇതു ധരി ക്കുകയാണു്. വേറൊരവസരത്തിൽ ഞാൻ ഇതു തിരിച്ചു തന്നുകൊള്ളാം.

വക്കി: (പ്രവേശിച്ചു്) മൊതലാളിയെ കാണാൻ ആരോ കാത്തു നിൽക്കുന്നു.

ചെറിയാൻമാപ്പിള: എനിക്കൊഴിവില്ലെന്നു പറ. ഞാൻ ഇന്നും ആരേയും കാണുന്നില്ലെന്നു പറ.

ഏലി: അല്ല, കേക്കണേ. പെണ്ണുകെട്ടിന്റെ ഇടയ്ക്കാണു കാഴ്ച ക്കാർ !

വക്കി: മൊതലാളിക്കു തരാൻ കുറച്ചു പണം കൊണ്ടുവന്നിട്ടു ണ്ടെന്നാണു പറഞ്ഞതു്.

ചെറിയാൻമാപ്പിള: ഞാൻ ഇതാ വരുന്നു.

(പുറത്തേക്കോടുന്നു. അകത്തേക്കോടിവരുന്ന മാത്തുവുമായി കൂട്ടിമുട്ടി താഴെ വീഴുന്നു)

ചെറിയാൻമാപ്പിള: അയ്യോ !

മാത്തു: അയ്യോ; അയ്യോ !

ചെറിയാൻമാപ്പിള: ദുഷ്ടാ—നീ എന്നെ കൊന്നു.

പോത്തൻ: എന്തു പററി അപ്പച്ചാ; വല്ലതും പററിയോ ?

ചെറിയാൻമാപ്പിള: എനിക്കു പിടികിട്ടി. എന്നോടു പണം കടം മേടിച്ചവരാരെങ്കിലും ഇവനെ പറഞ്ഞയച്ചിരിക്കയാണു്, എന്നെ കൊല്ലാൻ. നിങ്ങൾക്കറിയാൻ പാടില്ല എനിക്കു ഹാർട്ടു്ഫെയിലിയറാണെന്നു്! ദേ.ഇവനറിയാം.

വക്കി: (ചെറിയാച്ചൻെറ ശരീരമെല്ലാം ഞെക്കിനോക്കിയിട്ടു്) സാരമില്ല. ഒന്നും പററീട്ടില്ല.

മാത്തു: ഞാൻ അറിഞ്ഞില്ല മൊതലാളീ. ഞാൻ മൊതലാളിയോടൊരു കാര്യം പറയാൻ ഓടിവന്നതാണു്.

ചെറിയാൻമാപ്പിള: എന്താണതു് ?

മാത്തു: ടയർ രണ്ടും വെടിതീർന്നു.

തൊമ്മി: മററതു രണ്ടും ഉണ്ടല്ലോ.

മാത്തു: അതു നേരത്തെ അഴിച്ചുവച്ചിരിക്കയാണു്.

ചെറിയാൻമാപ്പിള: അതു സാരമില്ല. കാറേക്കേറിയാലേ നടക്കാവോ വക്കി ? ഒന്നു നോക്കിയേടാ അവിടെ ആരെങ്കിലും നിൽക്കുന്നുണ്ടോ എന്നു്.

വക്കി: നോക്കാം. (പോകുന്നു)

ചെറിയാൻമാപ്പിള: പ്രിയപ്പെട്ട മേരിക്കുട്ടീ ! നിങ്ങൾ ചായ കുടിക്കുമ്പോഴേക്കും ഞാൻ മടങ്ങിവരാം.

വക്കി: (അകത്തുനിന്നു്) ചെറിയാച്ചോ ! ഔത പണവുംകൊണ്ടു കടന്നു. ഓടിവായേ.

(ചെറിയാൻമാപ്പിള ഓടിപ്പോകുന്നു)

ശോശാമ്മ: (പ്രവേശിച്ചു്) ചായ കുടിക്കാം മേരിക്കുട്ടീ.

പോത്തൻ: ഞങ്ങളു വന്നേക്കാം, ശോ.

ശോശാമ്മ: രംഗത്തു വല്ലാത്ത ആൾപ്പെരുപ്പം; അല്ലേ കുഞ്ഞാങ്ങളേ ? വിശക്കുമ്പ വന്നേക്കു്. വാ, ഏലിച്ചേടത്തീ.

(രണ്ടുപേരും പോകുന്നു)

പോത്തൻ: എത്രനേരമായി നിൽക്കുന്നു ? അവിടെയെങ്ങാൻ ഇരിക്കു. നീ എന്താണൊന്നും മിണ്ടാത്തതു് ? മേരിക്കുട്ടീ ! നമുക്കു ചങ്ങാതികൾ കൂടിവരികയാണു്. എൻെറ മേരിക്കുട്ടീ !

കർട്ടൻ

രംഗം നാല്

[പോത്തൻ, മേരിക്കുട്ടി, ശോശാമ്മ എന്നിവർ ഓരോ സ്ഥാനത്തായി ഇരിക്കുന്നു. ഏലി അൽപ്പം മാറിനിൽക്കുന്നു. എല്ലാവരുടേയും കയ്യിൽ സർബത്തുഗ്ലാസ്]

പോത്തൻ: ഇനി കുറച്ചുനേരമെങ്കിലും ശാന്തമായിരിക്കാമല്ലോ.

ശോശാമ്മ: കേട്ടോ മേരിക്കുട്ടീ, നിങ്ങടെ തമ്മിലുള്ള കാര്യമെല്ലാം കുഞ്ഞാങ്ങള എന്നോടു നേരത്തേ പറഞ്ഞിട്ടുണ്ട്.

മേരിക്കുട്ടി: എത്രനാളാ ശോശാമ്മേ, ഇങ്ങനെ ആരുമോരുമില്ലാതെ കഴിയുക?

പോത്തൻ: അതിനല്ലേ സർവ്വശ്രീ പോത്തനവർകൾ ശൃംഗാരസാമ്രാജ്യത്തിലേക്കു് ഒരു പര്യടനമാരംഭിച്ചതു് !

ശോശാമ്മ: ഏറെക്കേറി മൂക്കണ്ട. ഇപ്പോൾ വരും.

ഏലി: നിങ്ങടെ ഇതൊന്നും എന്നോടു നേരത്തെ പറയാതിരുന്നതു മോശമായിപ്പോയി.

പോത്തൻ: പറഞ്ഞിരുന്നെങ്കിൽ...?

ഏലി: കാര്യം ഇത്ര അപകടത്തിലാകുന്നതിനുമുമ്പു് എന്തെങ്കിലും ചെയ്യാൻ കഴിയുമായിരുന്നു.

മേരിക്കുട്ടി: എന്തിനാണിതൊക്കെ പറയുന്നതു് ? എൻെറ കഷ്ടകാലമെന്നു പറഞ്ഞാൽ മതിയല്ലോ.

പോത്തൻ: കണ്ടോ. ഞാൻ പറഞ്ഞില്ലേ, സ്ത്രീകൾ സ്വാർത്ഥമതികളാണെന്നു് ! മേരിക്കുട്ടിക്കു മാത്രമല്ല കഷ്ടകാലം. എനിക്കുമില്ലേ അതൊക്കെ.

ശോശാമ്മ: വെറുതെ മേരിക്കുട്ടിയെ ശല്യപ്പെടുത്താതെ.

പോത്തൻ: ശല്യപ്പെടുത്താതെ ഗത്യന്തരമില്ലല്ലോ. മേരിക്കുട്ടിയുടെ തീരുമാനം എന്താണെന്നെനിക്കറിയണം.

മേരിക്കുട്ടി: ഞാനെന്തു തീരുമാനിക്കാനാണു ശോശാമ്മേ? ഞാൻ പരാധീനയാണു്. എൻെറ അപ്പച്ചൻെറ യാതൊരു വർത്തമാനവും ഇല്ല. ആരാണെനിക്കൊരാശ്രയം?

ശോശാമ്മ: ഇത്ര പെട്ടെന്നു് നിരാശപ്പെടാതെ മേരിക്കുട്ടീ.

പോത്തൻ: ഇത്തരം നിസ്സാര പ്രതിബന്ധങ്ങളേ തരണംചെയ്യാൻ മേരിക്കുട്ടിയുടെ അനുരാഗത്തിനു ശക്തിയില്ലേ ?

ശോശാമ്മ: ഇതെന്താ കുഞ്ഞാങ്ങളേ—വല്ല പരീക്ഷയോ മറേറാ ആണോ ?

മേരിക്കുട്ടി അങ്ങു പറയുന്നതെല്ലാം ഞാൻ ചെയ്യാം. പക്ഷേ, അമ്മ പറയുന്നതെതിർക്കാൻ എനിക്കു ശക്തിയില്ല.

പോത്തൻ: ലോകരുടെ മുഴുവൻ അനുവാദം വാങ്ങിച്ചു് പ്രേമിക്കാൻ കഴിയുമോ ?

ശോശാമ്മ: സ്വന്തം അമ്മയോ ലോകർ ? കുഞ്ഞാങ്ങളയ്ക്കെന്താ സുഖക്കേടു് ?

പോത്തൻ: നിനക്കറിയാമ്മേലേ ? പ്രേമം !

ശോശാമ്മ: വെറുതെയല്ല ആ സാധനത്തിനു കണ്ണില്ലെന്നു പറഞ്ഞതു്.

ഏലി: നിങ്ങൾ ഇങ്ങനെ തക്കിച്ചതുകൊണ്ടു് ഫലമൊന്നുമില്ല. എന്താണു് ചെയ്യാൻ കഴിയുന്നതെന്നു് ആലോചിക്കണം.

പോത്തൻ: ഏലിച്ചേടത്തി ഞങ്ങളെ സഹായിക്കുമോ ?

ഏലി: എന്താ സംശയം ? ദൈവം എനിക്കു വളരെ അലിവുള്ള ഒരു ഹൃദയമാണു തന്നിരിക്കുന്നതു്.

പോത്തൻ: എന്നാപ്പിന്നെ എന്തെങ്കിലും വേഗം കണ്ടുപിടക്കു.

ശോശാമ്മ: ധൃതിപിടിക്കാതെ കുഞ്ഞാങ്ങളെ. ഈ ചെയ്തുവെച്ച വികൃതി എല്ലാംകൂടി അങ്ങനെ അങ്ങു് ഊതിയാൽ പോവുമോ ?

ഏലി: അങ്ങനെ അങ്ങു പറയണ്ട. ഞാൻ ഊതിയാൽ ചിലപ്പോൾ പോയേക്കാം.

പോത്തൻ: എന്നാ പിന്നെ വല്ലതും ചെയ്യു്.

ഏലി: മേരിക്കുട്ടിയുടെ അമ്മയെ പറഞ്ഞു സമ്മതിപ്പിക്കാം. ചെറിയാച്ചനെ മെരുക്കാനാ പാടു്.

ശോശാമ്മ: മെരുക്കണതെന്തിനാ ?

ഏലി: അങ്ങേരെ വേണ്ടെന്നുവെച്ചാൽ അങ്ങേരു് ആ പക ഉള്ളിൽ വച്ചുകൊണ്ടിരിക്കും. ഇവരുടെ കല്യാണത്തിനു് സമ്മതിക്കയുമില്ല.

പോത്തൻ: ചുററിയല്ലോ ചേടത്തീ!

ഏലി: അതിനുമുണ്ടു് ഒരു പ്ണി. ചെറിയാച്ചൻ ആ കല്യാണം വേണ്ടെന്നു വെയ്ക്കണം.

പോത്തൻ: വെക്കത്തില്ല.

ഏലി: വയസ്സിപ്പിക്കണം.

ശോശാമ്മ: അതു് ഈ ജന്മത്തുണ്ടാകുകയില്ല.

ഏലി: നിക്കണേ ശോശാമ്മക്കുഞ്ഞേ! ഞാൻ ചിലതു് ഒന്നു ചോദിച്ചോട്ടെ. കുഞ്ഞിന്റെ അപ്പച്ചനു് പെണ്ണിനേക്കാൾ ഇഷ്ടമുള്ള എന്തെങ്കിലും വസ്തു ലോകത്തുണ്ടോ?

ശോശാമ്മ: ഉണ്ടു്.

ഏലി: എന്താണതു്?

ശോശാമ്മ: പണം.

ഏലി: എന്നാലേ, കുറെ പണം കാണിച്ചാൽ മൂപ്പിലു് വീഴും.

പോത്തൻ: അതിനിവിടെ പണമെവിടെയിരിക്കുന്നു?

ഏലി: അതു് ഞാനുണ്ടാക്കാം. പണമുള്ള ഒരു വധുവിനെ കണ്ടുപിടിക്കണം. പിന്നെ ചെറിയാച്ചനെക്കൊണ്ടു് ശല്യമുണ്ടാകയില്ല.

പോത്തൻ: എന്നാൽ വേഗമാകട്ടെ, ഏലിച്ചേടത്തി. ആരെയെങ്കിലും ഒന്നു കണ്ടുപിടിക്കു. ഇല്ലെങ്കിൽ ഏലിച്ചേടത്തി തന്നെ വേഷം കെട്ടിയാലും മതി.

ഏലി: ആട്ടെ. ഒരുകൈ നോക്കാം. പക്ഷേ, അപ്പച്ചന്റെ മകനല്ലേ?

പോത്തൻ: അതു ഭയപ്പെടേണ്ട ഏലിച്ചേടത്തീ! എന്റെ കൃതജ്ഞത 'ദ്രുപഭദ്ര'മായിത്തന്നെ ഞാൻ കാണിക്കും. സമയം കളയല്ലേ; വേഗം ചെല്ലു്.

ഏലി: എന്നാ ഞാൻ പോകട്ടെ കുട്ടികളേ. (പോകുന്നു)

പോത്തൻ: നടക്കുകയാണോരോന്നു—ക്ലുട്ടിക്കൊളുത്താൻ. അവളെയൊക്കെ അടിച്ചാൽ അടിക്കണവനുംകൂടി പൊട്ടണം.

തൊമ്മി: (പ്രവേശിച്ചു്) പ്ലീസു്, പൊന്നു പോത്തച്ചാ! എന്നെ അടിച്ചേക്കല്ലേ.

മേരിക്കുട്ടി: (പെട്ടെന്നെഴുന്നേറ്റു്) ഇതാരാ ശോശാമ്മേ?

ശോശാമ്മ: ഇവിടത്തെ കാര്യസ്ഥനാ. എന്താ ചോദിച്ചതു്?

മേരിക്കുട്ടി: ഓ! വെറുതേ.

തൊമ്മി: നിങ്ങളെന്തിനാ ഇങ്ങനെ വെറുതെ ഇരിക്കണതു്?

ശോശാമ്മ: പിന്നെ ഞങ്ങളെന്തു വേണം?

തൊമ്മി: മണവാട്ടിപ്പെണ്ണു് കുടുംബത്തീക്കേറിവരുമ്പം എതിരേല്ക്കണം.

പോത്തൻ: തൊമ്മീ! വലിയ കളിയാക്കലൊന്നും വേണ്ട കേട്ടോ?

തൊമ്മി: ഓ...വിപ്രലംഭശൃംഗാരം; അല്ലേ ?

ശോശാമ്മ: ഒന്നു വെറുതെയിരിക്കു തൊമ്മിച്ചേട്ടാ.

പോത്തൻ: തൊമ്മിച്ചേട്ടനോ ? അല്ല - റേറാമീ മൈ ഡാർലിംഗ് !

തൊമ്മി: സ്വന്തം മീശ പിരിക്ക മോനേ! ശോശാമ്മേ ! ഇവിടെ നിൻെറ സഹോദരൻെറ സ്നേഹിത വന്നിരിക്കയാണ്. നമുക്ക് അവളുടെ ഒരു പാട്ടു കേരംക്കണം.

മേരിക്കുട്ടി: എനിക്കു വയ്യ.

ശോശാമ്മ: വേണ്ട തൊമ്മിച്ചേട്ടാ. മേരിക്കുട്ടിയെ നിർബന്ധിക്കണ്ട. പരിചയമില്ലാത്ത ആളുകളും വീടും ഒക്കെ...

തൊമ്മി: അവരംക്ക് ഇവിടെയുള്ളതൊന്നും പരിചയമില്ലെന്നു് ശോശാമ്മ എങ്ങനെ അറിഞ്ഞു ?

ശോശാമ്മ: കുഞ്ഞാങ്ങളയുടെ കാര്യമാണോ ?

തൊമ്മി: അല്ല; അല്ല.

ശോശാമ്മ: എന്നാൽ പിന്നെ ഞാൻ മാത്രമല്ലേ ബാക്കിയുള്ളു.

തൊമ്മി: അപ്പ ഞാനോ ?

ശോശാമ്മ: തൊമ്മിച്ചേട്ടനും അവളുമായിട്ടെന്താ ?

തൊമ്മി: കേട്ടോ പോത്തച്ചാ. മേരിക്കുട്ടി എൻെറ കൊച്ചനുജത്തിയാണ്. നിൻെറ അപ്പച്ചൻെറ ഈ ഭ്രമം കണ്ടപ്പോരം ഞാനും ചില അന്വേഷണങ്ങരം നടത്തി. പണ്ട് ബർമ്മയിൽവെച്ചു രക്ഷപ്പെട്ടുപോന്ന എൻെറ കൊച്ചനുജത്തിയാണിവരം.

ശോശാമ്മ: എന്നിട്ടെന്താണ് മേരിക്കുട്ടിക്കു മനസ്സിലാകാതിരുന്നതു് ?

തൊമ്മി: വർഷമെത്രയായെന്നറിയാമോ ?

മേരിക്കുട്ടി: എനിക്കു സംശയം തോന്നി. പക്ഷേ, വേലക്കാരൻെറ വേഷത്തിൽ...!

തൊമ്മി: അതിലൊക്കെ വലിയ കൃത്രിമമുണ്ട് മേരിക്കുട്ടി.

മേരിക്കുട്ടി: അപ്പച്ചനെപ്പററി വല്ല വിവരവുമുണ്ടോ ചേട്ടാ ?

തൊമ്മി: ഇതുവരെ ഒന്നും കിട്ടിയിരുന്നില്ല. ഇവിടെ ഒരാരംക്കു ചില കല്യാണാലോചനകളൊക്കെ നടക്കുന്നുവെന്നറിഞ്ഞപ്പോരം ഞാനും ചിലതൊക്കെ അന്വേഷിച്ചു. ചിലക്കു ചില മേൽവിലാസവുമൊക്കെ പറഞ്ഞുകൊടുത്തിട്ടുണ്ട്. ചിലപ്പോരം വല്ല സംഭവവികാസവും ഉണ്ടായേക്കും.

വക്കി: (പ്രവേശിച്ച്, ദാ വരണേ ! ഓടിക്കോ. കുററീം പറിച്ചാ വരണതു്. ഞാൻ ടയറിൻെറ കാററു കളഞ്ഞു. എന്നിട്ടും പററിയില്ല.

(എല്ലാവരും ഭയന്നു മാറുന്നു. പോത്തനും മേരിക്കുട്ടിയും അടുത്തുതന്നെ ഇരിക്കുന്നു. ചെറിയാൻമാപ്പിള പ്രവേശിക്കുന്നു)

ചെറിയാൻമാപ്പിള: അതുകൊള്ളാം.

(പോത്തൻ ഞെട്ടിയെണീക്കുന്നു)

രണ്ടാനമ്മയുടെ അടുത്താണവൻ കൊഞ്ചിക്കുഴയുന്നതു്. അവരംക്കാണെങ്കിൽ അതിലത്ര വിരോധവും കാണുന്നില്ല! എന്താണിതിൻെറ രഹസ്യം? എടാ പോത്താ!

പോത്തൻ: വെറുതെയിരിക്കുകയല്ലേ എന്നു വിചാരിച്ചു...

ചെറിയാൻമാപ്പിള: വെറുതെയിരിക്കുമ്പ മേരിക്കുട്ടീടെ അടുത്താണോ ശല്യം? മേരിക്കുട്ടീ! ഇവൻ ഒരു കൊള്ളരുതാത്തവനാ. അതെല്ലാം പൊറുക്കണം.

ശോശാമ്മ: അപ്പച്ചാ, ഞങ്ങരം അങ്ങകത്തേക്കു പോട്ടെ. മേരിക്കുട്ടിയെ വീടൊന്നു കാണിച്ചുകൊടുക്കട്ടെ.

ചെറിയാൻമാപ്പിള: കൊള്ളാം മോളെ, ചെല്ലു്. മേരിക്കുട്ടിയും ചെല്ലു്.

(എല്ലാവരും പോകുന്നു. പുറകെ പോത്തനും)

പോത്താ! നിന്നോടകത്തേയ്ക്കു പോകാൻ ആരാ പറഞ്ഞതു്?

പോത്തൻ: ആരും പറഞ്ഞിട്ടല്ല. അങ്ങു പോയി എന്നേയുള്ളു.

ചെറിയാൻമാപ്പിള: നീ അവിടെ നിൽക്കു. എനിക്കു നിന്നോടു ചില കാര്യങ്ങരം പറയാനുണ്ടു്.

പോത്തൻ: ഞാൻ ചെന്നു് ആ കാറൊന്നു തള്ളിക്കൊടുക്കാം.

ചെറിയാൻമാപ്പിള: വേണ്ട പോത്താ! നിനക്കാ പെണ്ണിനെപ്പററി എന്തു തോന്നുന്നു?

പോത്തൻ: എന്തു തോന്നുന്നുവെന്നോ?

ചെറിയാൻമാപ്പിള: അതെ. അവളുടെ ആകൃതി, പ്രകൃതി, സൗന്ദര്യം, ബുദ്ധിശക്തി—ഇവയെപ്പററിയെല്ലാം നിൻെറ അഭിപ്രായമെനിക്കറിയണം.

പോത്തൻ: തരക്കേടില്ല.

ചെറിയാൻമാപ്പിള: എങ്കിലും?

പോത്തൻ: സത്യം പറയാമല്ലോ. ഞാൻ പ്രതീക്ഷിച്ചതൊന്നും അവളിൽക്കണ്ടില്ല. അവളുടെ സമ്പ്രദായം ഒരു കുഴഞ്ഞാട്ടക്കാരിയുടേതാണു്. ആകൃതിയാണെങ്കിൽ എന്തോ വൈരൂപ്യമുണ്ടു്. സൗന്ദര്യം ഒരിടത്തരം എന്നു പറയാം. ബുദ്ധിയാണെങ്കിൽ പറയത്തക്കതായിട്ടൊന്നുമില്ല. അപ്പച്ചനവളോടു വിരോധം തോന്നുവാനല്ല ഞാനിതു പറയുന്നതു്. എനിക്കൊരു രണ്ടാനമ്മ കൂടിയേ തീരുവെങ്കിൽ അതവരംതന്നെയായിക്കൊള്ളട്ടെ.

ചെറിയാൻമാപ്പിള: എന്നിട്ടാണോ നീ അല്പം മുമ്പു് അവളു മായി രഹസ്യം പറയുന്നതു കേട്ടതു്.

പോത്തൻ: അപ്പച്ചൻെറ പേക്കേ ഞാൻ ചില ഭംഗിവാക്കു കഠം പറഞ്ഞെന്നുമാത്രം—അപ്പച്ചനു പകരമായിട്ടു്.

ചെറിയാൻമാപ്പിള: അപ്പോഠം നിനക്കവളോടു പ്രത്യേകമായിട്ടു് താല്പര്യമൊന്നുമില്ല ?

പോത്തൻ: ആക്കു് ? എനിക്കോ ? ഒന്നുമില്ല.

ചെറിയാൻമാപ്പിള: അതു കഷ്ടമായിപ്പോയല്ലോ. എനിക്കൊരുപായം തോന്നിയതാണു്. പക്ഷേ, ഇനി പറഞ്ഞിട്ടു ഫലമില്ല. അവളെ കണ്ടതിനുശേഷം ഞാനെൻെറ പ്രായത്തെക്കുറിച്ചാലോചിക്കുകയായിരുന്നു. ഇത്ര ചെറുപ്പക്കാരിയായൊരു പെണ്ണിനെ വിവാഹം ചെയ്താൽ കുബുദ്ധികഠം എന്നെ കുററം പറയുമെന്നു തോന്നി. അതുകൊണ്ടു് ആ വിവാഹക്കാര്യം വേണ്ടെന്നുവച്ചു. പക്ഷേ, ഞാൻ വാക്കു കൊടുത്തുപോയതല്ലേ. അതിനൊരു പൊറുതിയായിട്ടു് അവളെ നിനക്കു കെട്ടിച്ചുതരാമെന്നു വിചാരിച്ചു. പക്ഷേ, നിനക്കിഷ്ടമില്ലാത്ത സ്ഥിതിക്കു് അതാലോചിച്ചിട്ടു ഫലമില്ലല്ലോ.

പോത്തൻ: എനിക്കോ ?

ചെറിയാൻമാപ്പിള: നിനക്കു്.

പോത്തൻ: വിവാഹമോ ?

ചെറിയാൻമാപ്പിള: അതെ. വിവാഹം ചെയ്തുതരാൻ.

പോത്തൻ: എനിക്കാ കാര്യത്തിൽ വലിയ താല്പര്യമില്ലെന്നതു വാസ്തവമാണു്. പക്ഷേ, അപ്പച്ചനു് അതു താല്പര്യമുണ്ടെങ്കിൽ ഒരുകൈ നോക്കാം. അപ്പച്ചൻെറ വാക്കും പാലിക്കാമല്ലോ.

ചെറിയാൻമാപ്പിള: വേണ്ട. എനിക്കൽപ്പം വിവേകമുണ്ടു്. ഇഷ്ടമില്ലാത്ത ഒരു പെണ്ണിനെ കല്യാണം കഴിച്ചുതരിക. ഛ ഛ. ഞാനില്ല.

പോത്തൻ: എന്നില്ല. അപ്പച്ചനു നിർബന്ധമാണെങ്കിൽ ഞാൻ അവളെ സ്നേഹിക്കാൻ ഒന്നു പരിശ്രമിച്ചുനോക്കാം.

ചെറിയാൻമാപ്പിള: വേണ്ട. സ്നേഹമില്ലാത്ത വിവാഹം ശുഭമായിരിക്കയില്ല.

പോത്തൻ: അപ്പച്ചാ ! സ്നേഹം പിന്നെയുണ്ടായെന്നു വരും. വിവാഹം കഴിഞ്ഞു പ്രേമം ഉണ്ടാകാമെന്നു കേട്ടിട്ടുണ്ടു്.

ചെറിയാൻമാപ്പിള: ഞാൻ സമ്മതിക്കയില്ല. പുരുഷനു സ്നേഹമില്ലെങ്കിൽ വിവാഹം പാടില്ല.

പോത്തൻ: ഇപ്പോഠത്തന്നെ എനിക്കു് സ്നേഹം വർദ്ധിച്ചു വരുന്നതായി തോന്നുന്നു!

ചെറിയാൻമാപ്പിള: എന്നുതന്നെയല്ല, എനിക്കവളോടു പ്രേമം ഉണ്ടുതാനും. അതുകൊണ്ടു് എൻെറ മുൻനിശ്ചയമനുസരിച്ചു് ഞാൻ അവളെ വിവാഹംചെയ്യാൻ തീരുമാനിച്ചിരിക്കുന്നു.

പോത്തൻ: അപ്പച്ചൻ ഇത്രയും പറഞ്ഞ സ്ഥിതിക്കു് ഞാൻ കാര്യമെല്ലാം തുറന്നുപറയാം. ഞങ്ങളുടെ രഹസ്യം ഇനിയും മറച്ചുവയ്ക്കുന്നില്ല. വാസ്തവം പറയട്ടെ. ഞാൻ ഒരു ദിവസം അവളെ പാർക്കിൽവച്ചു കണ്ടു. അന്നുമുതൽ ഞാൻ അവളെ സ്നേഹിക്കാൻ തുടങ്ങിയതാണു്. അന്നുതന്നെ ഞാൻ അപ്പച്ചനോടു പറയാൻ ഭാവിച്ചു. പക്ഷേ, അപ്പോഴേക്കും അപ്പച്ചൻ കല്യാണാലോചന തുടങ്ങി. ഞാൻ മിണ്ടിയുമില്ല.

ചെറിയാൻമാപ്പിള: നീ അവളെ അവളുടെ വീട്ടിൽവെച്ചു കണ്ടിട്ടുണ്ടോ ?

പോത്തൻ: ഉവ്വു്.

ചെറിയാൻമാപ്പിള: പല പ്രാവശ്യം ?

പോത്തൻ: പലപ്പോഴും.

ചെറിയാൻമാപ്പിള: നിന്നെ അവഠ സന്തോഷത്തോടുകൂടി സ്വീകരിച്ചോ ?

പോത്തൻ: ഉവ്വു്. ഞാനാരാണെന്നു് അവഠക്കറിഞ്ഞുകൂടായിരുന്നു. അതുകൊണ്ടാണു് ഇന്നവഠ ഇവിടെ വന്നപ്പോഠ ഇത്രയ്ക്കു് അത്ഭുതം കാണിച്ചതു്.

ചെറിയാൻമാപ്പിള: നീ അവളെ സ്നേഹിക്കുന്നുവെന്നും അവളെ വിവാഹംചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും അവളോടു പറഞ്ഞിട്ടുണ്ടോ ?

പോത്തൻ: പറഞ്ഞിട്ടുണ്ടു്. അവളുടെ അമ്മയോടും പറഞ്ഞിട്ടുണ്ടു്.

ചെറിയാൻമാപ്പിള: മകളുടെ ഈ വിവാഹാലോചന അവൾക്കു സമ്മതമായിരുന്നോ ?

പോത്തൻ: വളരെ വളരെ.

ചെറിയാൻമാപ്പിള: അങ്ങോട്ടുള്ളതുപോലെ ഇങ്ങോട്ടും സ്നേഹമുണ്ടോ ?

പോത്തൻ: ബാഹ്യലക്ഷണങ്ങഠ നോക്കിയാൽ അങ്ങനെയാണു തോന്നുന്നതു്.

ചെറിയാൻമാപ്പിള: (സദസ്യരോടു്) കണ്ടോ—കണ്ടോ ഞാനെത്ര വല്ലാത്തവനാണെന്നു്. അവനെല്ലാം കിളിപോലെ പറഞ്ഞതു കേട്ടില്ലേ ? ഇതുതന്നെയാണു് എനിക്കറിയേണ്ടിയിരുന്നതു്. (പോത്തനോടു്) എടാ, ഞാനൊരു കാര്യം പറ

യട്ടെ. നിനക്കാ പെണ്ണിനോടുള്ള സ്നേഹം അങ്ങ് ഉപേക്ഷി ച്ചേര്. അതു ഞാൻ കെട്ടാൻപോണ പെണ്ണാണ്. നിനക്കു കെട്ടാൻ പെണ്ണു ഞാൻ കണ്ടുവെച്ചിട്ടുണ്ട്. പക്ഷേ, അതു മേരിക്കുട്ടിയല്ല.

പോത്തൻ: അപ്പച്ചനെന്നെ പററിച്ചല്ലോ. ശരി. സംഗതി കഠം ഈ നിലയിലായ സ്ഥിതിക്കു ഞാൻ ഉള്ള കാര്യമങ്ങു പറഞ്ഞേക്കാം. മേരിക്കുട്ടിയെ ഞാൻ വിട്ടുതരികയില്ല. അപ്പച്ചനു അവളെ കിട്ടാതിരിക്കാനുള്ള എല്ലാ ഉപായവും ഞാൻ നോക്കും. പെണ്ണിന്റെ അമ്മമാത്രം സമ്മതിച്ചാൽ പോരല്ലോ.

ചെറിയാൻമാപ്പിള: എടാ തെമ്മാടീ, നീ എന്റെ അവകാശ ത്തിൽ കൈവെയ്ക്കുന്നോ ?

പോത്തൻ: അപ്പച്ചനാണെന്റെ അവകാശത്തിൽ കൈവെ ച്ചതു്. ഞാനാണവളെ ആദ്യം കണ്ടതു്.

ചെറിയാൻമാപ്പിള: ഞാൻ നിന്റെ തന്തയല്ലേ ? ഞാൻ പറ യുന്നതു നീ അനുസരിക്കേണ്ടതല്ലേ ?

പോത്തൻ: ചില കാര്യങ്ങളിൽ മക്കഠം തന്തയെ അനുസരി ക്കേണ്ട കാര്യമില്ല—അനുരാഗം ഒരുദാഹരണം.

ചെറിയാൻമാപ്പിള: തല്ലുകൊണ്ടേ നീ പഠിക്കൂ.

പോത്തൻ: അപ്പച്ചന്റെ ഈ ഇമ്പാച്ചിയൊന്നും എന്നോടു നടക്കുകയില്ല.

ചെറിയാൻമാപ്പിള: നീ മേരിക്കുട്ടിയെ വിടില്ലേ ?

പോത്തൻ: ഒരിക്കലുമില്ല.

ചെറിയാൻമാപ്പിള: എടാ വക്കീ, തൊമ്മീ, മാത്തു, ചാണ്ടീ, എവിടെടാ എന്റെ ചൂരൽ ? (ലഹളയ്ക്കൊരുങ്ങുന്നു)

(മാത്തു ഓടിവരുന്നു)

മാത്തു: അയ്യോ ! ഓടിവായേ. ഇവിടെ തന്തയും മോനുംകൂടി വഴക്കുണ്ടാക്കുന്നേ.

പോത്തൻ: എനിക്കതു പുല്ലുവിലയാണ്.

മാത്തു: ക്ഷമിക്കൂ പോത്തച്ചാ,

ചെറിയാൻമാപ്പിള: അവന്റെ അഹങ്കാരം കണ്ടില്ലേ ?

മാത്തു: മൊതലാളിയും ക്ഷമിക്കണം.

പോത്തൻ: ഞാൻ നിശ്ചയിച്ചുകഴിഞ്ഞു.

മാത്തു: അങ്ങനെയൊക്കെ അപ്പച്ചനോടു പറയാമോ പോത്തച്ചാ ?

ചെറിയാൻമാപ്പിള: അവൻ തല്ലുകൊണ്ടേ അടങ്ങൂ. ഞാൻ കാണിച്ചുകൊടുക്കാം!

മാത്തു: മകനോടിങ്ങനെ പെരുമാറുന്നതു ശരിയല്ല മൊതലാളീ. വേണമെങ്കിൽ തല്ലിക്കോ. അതു സാരമില്ല.

ചെറിയാൻമാപ്പിള: എടാ, നീതന്നെ ഇതിൽ മദ്ധ്യസ്ഥനാവണം. അപ്പോഠം നിനക്കു കാണാം എൻെറ ഭാഗത്താണു ന്യായമെന്നു്.

മാത്തു: സന്തോഷം. നിങ്ങഠം രണ്ടുപേരും കുറേയങ്ങു മാറി നിന്നാട്ടെ. (രണ്ടുപേരെയും രണ്ടററത്തായി നിർത്തുന്നു)

ചെറിയാൻമാപ്പിള: ഞാൻ സ്നേഹിക്കയും വിവാഹംചെയ്യാൻ ആലോചിക്കുകയും ചെയ്യുന്ന ഒരു യുവതിയുണ്ടു്. അവളെ ഈ പോക്കിരിയും സ്നേഹിക്കുന്നുവെന്നു്! എന്നുതന്നെയല്ല, എൻെറ ആജ്ഞയ്ക്കു വിപരീതമായി അവളെ വിവാഹം ചെയ്യുമെന്നും പറയുന്നു.

മാത്തു: അയ്യോ! അങ്ങനെ പോത്തച്ചനു ചെയ്യാൻ പാടില്ല— നിഷേധി!

ചെറിയാൻമാപ്പിള: അപ്പച്ചനോടു മത്സരിക്കാൻ മടിക്കാത്ത ഒരു മകൻെറ ധിക്കാരം സഹിക്കാമോ? എൻെറ പ്രേമകാര്യത്തിൽ തലയിടാതിരിക്കേണ്ടതു് അവൻെറ ചുമതലയല്ലേ?

മാത്തു: മുതലാളി പറയുന്നതു് അക്ഷരംപ്രതി ശരിയാണു്. ഞാൻ പോയി പോത്തച്ചനോടു സംസാരിക്കട്ടെ.

(പോത്തൻെറ അടുത്തുചെന്നു് രഹസ്യം പറയുന്നു)

പോത്തൻ: കൊള്ളാം. അപ്പച്ചനു നിൻെറ മദ്ധ്യസ്ഥത മതിയെങ്കിൽ എനിക്കും സമ്മതംതന്നെ. ആരായിരുന്നാലും എനിക്കൊരുപോലെയാണു്. ഈ തക്കത്തിനു് നീ ഒരു തീരുമാനമുണ്ടാക്കണം.

മാത്തു: എല്ലാം പോത്തച്ചൻെറ ഇഷ്ടം.

പോത്തൻ: ഞാൻ ഒരു യുവതിയെ സ്നേഹിക്കുന്നു. അവഠംക്കെന്നോടും സ്നേഹമുണ്ടു്. എൻെറ ഹൃദയാർപ്പണം അവഠം സ്വീകരിച്ചിരിക്കുന്നു. അതിൻെറ ഇടയ്ക്കുചാടി അപ്പച്ചൻ അവളെ വിവാഹംചെയ്യാൻ ആലോചിച്ചു കുഴപ്പമുണ്ടാക്കുന്നു.

മാത്തു: അങ്ങനെ ഒരിക്കലും ചെയ്യാൻ പാടുള്ളതല്ല. മുതുക്കൻ!

പോത്തൻ: ഈ വയസ്സുകാലത്തു വിവാഹാലോചനയിൽ ഏർപ്പെടുന്നതുതന്നെ ലജ്ജാവഹം. പ്രേമവും മററും അപ്പച്ചൻെറ പ്രായത്തിലുള്ള ഒരാഠംക്കു ചേർന്നതാണോ! അതെല്ലാം ചെറുപ്പക്കാർക്കു വിട്ടുകൊടുക്കുകയല്ലേ വേണ്ടതു്?

മാത്തു: പോത്തച്ചൻ പറയുന്നതു ശരിയാണു്. പക്ഷേ, ആ കിഴവനു ബോധമില്ല. ഞാൻ ഒന്നു പറഞ്ഞുനോക്കട്ടെ (ചെറിയാൻമാപ്പിളയുടെ അടുത്തു ചെന്നു്) പോത്തച്ചൻ, മൊതലാളി വിചാരിക്കുന്നതു പോലെ അത്ര മുട്ടാളനൊന്നുമല്ല ന്യായം പോലെ പെരുമാറാൻ ഒരുക്കമൊണു്. മൊതലാളിയോടു് പോത്തച്ചനു് ഇപ്പോഴും ഭയഭക്തിയാണെന്നും തല്ക്കാലത്തെ ദേഷ്യത്തിനു ഒരോന്നു പറഞ്ഞുപോയതാണെന്നും ആണു പറയുന്നതു്. മൊതലാളി കുറച്ചുകൂടി ദയവായി പെരുമാറുകയാണെങ്കിൽ പറയുന്നതെല്ലാം കേൾക്കാൻ പോത്തച്ചൻ തയ്യാറാണു്. പോത്തച്ചന്റെ ഇഷ്ടത്തിനു ചേർന്ന ഒരു പെണ്ണിനെ വിവാഹം ചെയ്തുകൊടുക്കുകയും ചെയ്യാം.

ചെറിയാൻമാപ്പിള: അങ്ങനെയാണോ ? എന്നാലവനു് എന്നെക്കൊണ്ടു് എന്തുവേണമെങ്കിലും സാധിക്കാമല്ലോ! മേരിക്കുട്ടിയെ ഒഴിച്ചു് അവൻ ആരെയെങ്കിലും വിവാഹം ചെയ്യുന്നതിൽ എനിക്കു വിരോധമില്ല.

മാത്തു: അക്കാര്യം ഞാനേററു. (പോത്തന്റെ അടുത്തു ചെന്നു്) മൊതലാളി അങ്ങു വിചാരിക്കുന്നതുപോലെ അത്ര വാശിക്കാരനൊന്നുമല്ല, പോത്തച്ചാ. പോത്തച്ചന്റെ അധികപ്രസംഗമാണു് അദ്ദേഹത്തെ കോപിപ്പിച്ചതെന്നു പറയുന്നു. പോത്തച്ചന്റെ സമ്പ്രദായമാണങ്ങേക്കു ഇഷ്ടമില്ലാത്തതു്. മര്യാദയായി പെരുമാറുകയും, ഒരു മകൻ അപ്പച്ചനോടു് കാണിക്കേണ്ട എല്ലാ ബഹുമാവും കാണിക്കുകയും ചെയ്താൽ പോത്തച്ചൻ പറയുതെല്ലാം സാധിച്ചുതരാൻ അങ്ങേർ ഒരുക്കമൊണു്.

പോത്തൻ: അങ്ങനെയാണെങ്കിൽ മേരിക്കുട്ടിയെ എനിക്കു വിവാഹംചെയ്തുതന്നാൽ ഞാൻ അപ്പച്ചൻ പറയുന്നതൊക്കെ അനുസരിക്കാമെന്നും, അനുസരണമുള്ള ഒരു മകനായിരിക്കാമെന്നും പറയു.

മാത്തു: (ചെറിയാൻമാപ്പിളയോടടുത്തു്) കാര്യമെല്ലാം ശരിപ്പെട്ടു. മൊതലാളി പറയുന്നതെല്ലാം പോത്തച്ചൻ സമ്മതിച്ചു.

ചെറിയാൻമാപ്പിള: അതു നന്നായി.

മാത്തു: (പോത്തന്റടുത്തു്) എല്ലാം സുമാർ. പോത്തച്ചന്റെ വാക്കുമതി മൊതലാളിക്കു്.

പോത്തൻ: ദൈവാധീനം.

മാത്തു: ഇനി മൊതലാളീം പോത്തച്ചനുംകൂടി കാര്യങ്ങൾ പറഞ്ഞു്, ഒരു ഒത്തുതീർപ്പിൽ എത്തിച്ചേർന്നാൽ മതി. ഇപ്പോൾ നിങ്ങൾതമ്മിൽ തക്കമൊന്നുമില്ല. അന്യോന്യം മനസ്സിലാക്കാഞ്ഞിട്ടാണു് നിങ്ങൾ തമ്മിൽ വക്കാണത്തിനു പുറപ്പെട്ടതു്.

പോത്തൻ: എൻെറ മാത്തു! നീ ചെയ്തഉപകാരം ഞാൻ ഒരിക്കലും മറക്കുകയില്ല.

മാത്തു: ഓ! അതിനെപ്പററി അത്രയ്യൊന്നും പറയാനില്ല.

ചെറിയാൻമാപ്പിള: എടാ മാത്തു! നീ, ഈ ചെയ്തതിനു് നിനക്കു് ഒരു സമ്മാനം തരേണ്ടതാണു്.

(പോക്കററിൽ കൈ ഇടുന്നു. മാത്തു കൈ നീട്ടുന്നു. പക്ഷേ, ഉറുവാലയാണു് എടുക്കുന്നതു്.)

നീ ഇപ്പോഠം പോ. പിന്നെ ആകട്ടെ. ഞാൻ മറക്കുന്ന കൂട്ടത്തിലല്ല.

മാത്തു: വളരെ സന്തോഷം മൊതലാളി. (പോകുന്നതിനിടയിൽ) ,,ഇപ്പ പോ'' (പോകുന്നു.)

പോത്തൻ: അപ്പച്ചാ! ഞാൻ കോപിച്ചതു ക്ഷമിക്കണം.

ചെറിയാൻമാപ്പിള: അതു സാരമില്ല.

പോത്തൻ: എനിക്കതിനെപ്പററി വളരെ മനസ്താപമുണ്ടു്.

ചെറിയാൻമാപ്പിള: നിനക്കു ബുദ്ധി തെളിഞ്ഞതിൽ എനിക്കു വളരെ സന്തോഷം.

പോത്തൻ: എൻെറ കുററം ഇത്രവേഗം ക്ഷമിച്ചതു് എൻെറ കാരുണ്യംകൊണ്ടാണു്.

ചെറിയാൻമാപ്പിള: മക്കഠംക്കു കത്തവ്യബോധമുണ്ടാകുമ്പോഠം അവരുടെ തെററുകഠം പിതാക്കന്മാർ എളുപ്പത്തിൽ മറന്നു കളയുന്നു

പോത്തൻ: ഞാൻ ശുണ്ഠിയെടുത്തതിനു് അപ്പച്ചനെന്നോടു ദേഷ്യമില്ലേ?

ചെറിയാൻമാപ്പിള: നിൻെറ വിനയവും അനുസരണവും കൊണ്ടു് ഞാൻ എൻെറ ദേഷ്യം മറന്നുകളഞ്ഞിരിക്കുന്നു.

പോത്തൻ: അപ്പച്ചൻെറ കാരുണ്യം ഞാൻ ഒരിക്കലും മറന്നു കളയുകയില്ല.

ചെറിയാൻമാപ്പിള: നിനക്കെന്തുവേണമെങ്കിലും തരാമെന്നു ഞാൻ ഏററിരിക്കുന്നു.

പോത്തൻ: ഞാൻ കൂടുതലൊന്നും ചോദിക്കുന്നില്ല. അപ്പച്ചൻ എനിക്കു മേരിക്കുട്ടിയെ തന്നതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

ചെറിയാൻമാപ്പിള: നീ എന്താണു പറഞ്ഞതു്?

പോത്തൻ: അല്ലാ; അപ്പച്ചൻ എനിക്കുവേണ്ടി ചെയ്തിട്ടുള്ളതിനൊക്കെ ഞാൻ നന്ദിയുള്ളവനാണെന്നും, മേരിക്കുട്ടിയെ കിട്ടിയപ്പോഠം എനിക്കാവശ്യമുള്ളതൊക്കെ കിട്ടിക്കഴിഞ്ഞുവെന്നുമാണു് ഞാൻ പറഞ്ഞതു്.

ചെറിയാൻമാപ്പിള: മേരിക്കുട്ടിയെ നിനക്കു തന്നുവെന്നു നിന്നോടാരു പറഞ്ഞു ?

പോത്തൻ: അപ്പച്ചനെല്ലേ പറഞ്ഞതു് ?

ചെറിയാൻമാപ്പിള: ഞാനോ ?

പോത്തൻ: അതെ.

ചെറിയാൻമാപ്പിള: എന്തു് ? നീയല്ലേ പറഞ്ഞതു് അവളെ വിട്ടുതന്നേക്കാമെന്നു്.

പോത്തൻ: ഞാനവളെ വിട്ടുതരികയോ ?

ചെറിയാൻമാപ്പിള: അതെ.

പോത്തൻ: ശരിയായിപ്പോയി!

ചെറിയാൻമാപ്പിള: നിൻെറ അവകാശം നീ ഒഴിഞ്ഞില്ലേ ?

പോത്തൻ: നേരെമറിച്ചു് അവളെ കിട്ടാൻ ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കയാണു്.

ചെറിയാൻമാപ്പിള: എടാ ദ്രോഹീ! നീ പിന്നേയും തുടങ്ങിയല്ലോ.

പോത്തൻ: എൻെറ മനസ്സു് ഒന്നുകൊണ്ടും മാറുകയില്ല.

ചെറിയാൻമാപ്പിള: നിന്നെ എൻെറ കൈയിൽ കിട്ടുമെടാ തെമ്മാടീ.

പോത്തൻ: അപ്പച്ചനിഷ്ടംപോലെ ചെയ്തോളു.

ചെറിയാൻമാപ്പിള: എൻെറ കൺമുന്നിൽ നിന്നെയിനി കാണരുതു്.

പോത്തൻ: കണ്ണടച്ചോ.

ചെറിയാൻമാപ്പിള: ഞാൻ നിന്നെ ഉപേക്ഷിച്ചിരിക്കുന്നു.

പോത്തൻ: ഉപേക്ഷിച്ചോളു.

ചെറിയാൻമാപ്പിള: എൻെറ സ്വത്തിൽ നിനക്കു് യാതൊരവകാശവുമില്ല.

പോത്തൻ: അതു പണ്ടുമില്ലായിരുന്നു.

ചെറിയാൻമാപ്പിള: ഞാൻ നിനക്കെൻെറ ശാപം തരുന്നു.

പോത്തൻ: അപ്പച്ചൻെറ ദാനമൊന്നും എനിക്കു വേണ്ട.

ചെറിയാൻമാപ്പിള: നിന്നെ ഞാൻ... നിന്നെ... (രോഷാന്ധനായി പോകുന്നു)

വക്കി: (ഒരു പെട്ടിയും ചുമന്നുകൊണ്ടു പ്രവേശിച്ചു്) പോത്തച്ചനു ഭാഗ്യമുണ്ടു്. വേഗമാകട്ടെ. എൻെറ കൂടെ വരൂ.

പോത്തൻ: എന്താണു സംഗതി ?

വക്കി: വരാനല്ലേ പറഞ്ഞതു്. പണി പററിപ്പോയി.

പോത്തൻ: എന്തു്; എന്തു് ?

വക്കി: ഈ ദിവസം മുഴുവൻ ഞാൻ ഇതിനാണു കാത്തിരുന്നതു്.

പോത്തൻ: അതിനകത്തെന്താണു്?

വക്കി: കൃഷി.

പോത്തൻ: കൃഷിയോ?

വക്കി: ങാ, കൃഷി. അപ്പച്ചൻെറ കൃഷി. തോട്ടത്തിൽ കുഴിച്ചിട്ടതാണു്; മുളയ്ക്കാനായിരിക്കും.

പോത്തൻ: അപ്പച്ചൻെറ നിധിയോ?

വക്കി: പിന്നല്ലാതെ?

പോത്തൻ: നീ എങ്ങനെ കാര്യം പററിച്ചു?

വക്കി: അതൊക്കെ പിന്നെ പറയാം. നമുക്കിവടം ഉടനെ വിടണം. വേഗം.

പോത്തൻ: ശരി; അപ്പോ മേരിക്കുട്ടിയോ?

വക്കി: മേരിക്കുട്ടീടെ അമ്മൂമ്മ ഇതിൻെറ പുറകെ വരും.

(പുറത്തു് 'അയ്യോ' എന്ന ശബ്ദം.)

ചുററിയല്ലോ കർത്താവേ! അയാളം വരുന്നുണ്ടു്.

പോത്തൻ: ഞാൻ കൊണ്ടുപൊയ്ക്കോളാം. ഇങ്ങു തന്നേരെ.

വക്കി: ആരാൻ മീൻ തിന്നാൻ—പാറു കൊട്ടുകൊള്ളാൻ അല്ലേ. വേണ്ട; ഇതാണു വിദ്യ (പെട്ടി നിലത്തുവെച്ചു മേശവിരി അതിന്മേലിടുന്നു, അതിന്മേലിരിക്കുന്നു.)

(പോത്തൻ പോകുന്നു. ചെറിയാൻമാപ്പിള ഓടിയെത്തുന്നു.)

ചെറിയാൻമാപ്പിള: കള്ളൻ! കള്ളൻ! കൊലപാതകികരം! ഈ ലോകത്തിൽ നീതിയുണ്ടോ? ദൈവമേ! അയ്യോ എന്നെക്കൊന്നേ! അവരെൻെറ കഴുത്തറുത്തേ. അവരെൻെറ പണം മോട്ടിച്ചേ. ആരായിരിക്കാമതു്? അവനെവിടെയാണൊളിച്ചിരിക്കുന്നതു്? അവനെ കണ്ടുപിടിക്കാൻ ഞാനെങ്ങോട്ടോടണം; ഞാനെങ്ങോട്ടാണോടാതിരിക്കേണ്ടതു്? അവൻ ഇവിടെത്തന്നെയില്ലേ? ഇതാരാണു്; നിൽക്കു. എടാ എൻെറ പണമിങ്ങു താടാ. അയ്യോ! ഇതെൻെറ കൈതന്നെയാണല്ലോ. എനിക്കു ഭ്രാന്തു പിടിച്ചോ? ഞാൻ എവിടെയാണു്? ആരാണു്? എന്താണു ചെയ്യുന്നതു്? എനിക്കൊന്നുമറിഞ്ഞുകൂടാ. അയ്യോ! എൻെറ പ്രിയപ്പെട്ട പണമേ, എൻെറ പൊയ്പോയ നിധിയേ. എൻെറ ഓമനപ്പെട്ടിയേ, നീ പോയതുകൊണ്ടെനിക്കൊരാശ്വാസവും ആശ്രയവും സുഖവും ഇല്ല. ഈ ലോകത്തിൽ ഇല്ല. നിന്നെക്കൂടാതെ എനിക്കു ജീവിക്കാൻ സാധിക്കയില്ല. ഞാനിതാ ചാവുന്നു. ഞാൻ ചത്തു.

(പണപ്പെട്ടിയിൽ ഇരിക്കുന്നു.)

വക്കി: ആമീൻ!

ചെറിയാൻമാപ്പിള: എന്നെ കുഴിച്ചിട്ടു. ഞാൻ കുഴിയിൽ നിന്നെണീക്കണമെങ്കിൽ എൻെറ പ്രിയപ്പെട്ട പണം എനിക്കു തിരിച്ചുകിട്ടണം. ആരാണതു കട്ടതു്? ഹൊ—എന്തൊരാൾക്കൂട്ടമാണു്. നിങ്ങളിലാരെങ്കിലുമാണിതു കട്ടതു്. നാടകത്തിനു കാശു ചെലവാക്കുന്ന ധൂർത്തന്മാർ. എല്ലാം കള്ളന്മാർ. ദയവുതോന്നി നിങ്ങൾക്കാർക്കെങ്കിലും കക്കാനറിയാമെങ്കിൽ അതെന്നോടു പറയണേ! അവൻ നിങ്ങളുടെ ഇടയിൽ എവിടെയോ ഒളിച്ചിരിപ്പുണ്ടു്. എല്ലാവരും എന്നെ നോക്കിച്ചിരിക്കുകയാണു്. ആഹാ—ഞാൻ മജിസ്ട്രേട്ടിനെ കൊണ്ടുവരും. മജിസ്ട്രേട്ടു്, പോലീസ് ഇൻസ്പെക്ടർ, ജഡ്ജി, ചാട്ട, തൂക്കുമരം, ആരാച്ചാരു്—ഞാൻ എല്ലാവരേയും തൂക്കിലിടും. എൻെറ പണം കിട്ടിയില്ലെങ്കിൽ ഞാൻതന്നെ തൂങ്ങിച്ചാകും!

കർട്ടൻ

രംഗം അഞ്ചു്

[ചെറിയാൻമാപ്പിള പിരിയിളകി ഓടിനടക്കുന്നു. പണപ്പെട്ടിയിൽ ഇരിക്കുന്നു]

ഔത: (പ്രവേശിച്ചു്) ഇവിടെയാണോ ഒരു കല്യാണമുണ്ടെന്നു പറഞ്ഞതു്?

ചെറിയാൻമാപ്പിള: ആരുടെ കല്യാണമാടാ? എൻെറ നിധീം പോയി. ഇനി കല്യാണമില്ലാത്ത കുറവമാ!

ഔത: എന്തു്, മുതലാളിയുടെ നിധി പോയെന്നോ?

ചെറിയാൻമാപ്പിള: അതേന്നു്! ആരാ ഔതയോ?

ഔത: ആങ്ഹാ! കാര്യമെല്ലാം എന്നെ ഏല്പിച്ചേക്കു്. ചെയ്യേണ്ടതെന്താണെന്നു് എനിക്കറിയാം. കൊള്ളാം. കള്ളന്മാരെ പിടിക്കാൻ ഞാനിതാദ്യമായിട്ടാണോ ഇറങ്ങുന്നതു്? ആ കടുവാ രാമൻപിള്ളേടെ പുറകേ ഞാനെത്ര നടന്നിട്ടുണ്ടെന്നാ? എത്രയെണ്ണത്തിനെ തൂക്കിലിടീട്ടുണ്ടെന്നാ?

ചെറിയാൻമാപ്പിള: (എഴുന്നേറ്റു്) ഇന്നാട്ടിലുള്ള ഓരോ മജിസ്ട്രേട്ടും ഇക്കാര്യത്തിലിടപെടണം. എൻെറ പണം തിരിച്ചു

കിട്ടിയില്ലെങ്കിൽ കോടതിക്കെതിരായി ഞാൻ കേസ്സു കൊടുക്കും.

ഔത: വേണ്ട നടപടിയെല്ലാം ഞാൻ നടത്തിക്കൊള്ളാമെന്നു പറഞ്ഞില്ലേ. ആകട്ടെ പെട്ടിയിലെന്തുണ്ടായിരുന്നു.

ചെറിയാൻമാപ്പിള: രൂപാ അൻപതിനായിരം !

ഔത: അൻപതിനായിരമോ ?

ചെറിയാൻമാപ്പിള: അതെ, അൻപതിനായിരം.

ഔത: ഇതങ്ങനെ ചില്ലറ മോഷണമൊന്നുമല്ലല്ലോ!

ചെറിയാൻമാപ്പിള: ഈ കുററത്തിനു പ്രതിയെ പിടിച്ചില്ലെങ്കിൽ പിന്നെ ജീവിച്ചിരുന്നിട്ടു കാര്യമില്ല.

ഔത: ചെറിയാച്ചനു വല്ലവരേയും സംശയമുണ്ടോ ?

ചെറിയാൻമാപ്പിള: എല്ലാവരേയും. സകലരേയും, ഈ രാജ്യത്തുള്ള എല്ലാവരേയും അറസ്ററു ചെയ്യിക്കണം.

ഔത: പതുക്കെവേണം. ധൃതിപിടിച്ചാൽ കുഴപ്പമാണു്.

മാത്തു: (പ്രവേശിച്ചു ദൂരത്തേയ്ക്കു നോക്കി) ഇതാ ഉടനെ വന്നേക്കാം. അവൻെറ കഴുത്തറുക്കണം. അവനെ തിളച്ച വെള്ളത്തിലിട്ടു തൊലി പൊളിക്കണം. എന്നിട്ടു് തലകീഴായി കെട്ടിത്തൂക്കണം.

ചെറിയാൻമാപ്പിള: ആഹാ—കള്ളനെ പിടിച്ചോ ? ഭേഷ് !

മാത്തു: അതല്ല മുതലാളി. തൊമ്മിച്ചേട്ടൻ ഇപ്പോൾ കൊടുത്തയച്ച ഒരു പോക്കിൻെറ കാര്യം പറയുകയായിരുന്നു. അവനെ വേവിക്കുന്ന കാര്യത്തിൽ ഞാൻ എൻെറ സാമർത്ഥ്യം മുഴുവൻ കാണിക്കാൻ നിശ്ചയിച്ചിരിക്കയാണു്.

ചെറിയാൻമാപ്പിള: ഇതൊക്കെ ഇവിടെവന്നു പറയുന്നതെന്തിനാണു് ?

മാത്തു: ആഹാ—എനിക്കിതിലേ നടക്കാമ്മേലേ ? എന്നാ പോയേക്കാം.

(നടക്കുന്നു)

ഔത: നില്ലവിടെ. നിന്നോടു ചില കാര്യങ്ങൾ ചോദിക്കാനുണ്ടു്.

മാത്തു: ഇയാളാരാ ?

ഔത: നിനക്കറിയില്ലേ ?

മാത്തു: എനിക്കറിയാം. അതല്ലേ ചോദിച്ചതു്. എന്താ കല്യാണമുണ്ണാൻ വന്നിരിക്കയാണോ ?

ഔത: നിൻെറ ഒരു സദ്യ!

മാത്തു: സദ്യ നന്നായില്ലെങ്കിൽ ഞാനല്ല തെററുകാരൻ. ആ തൊമ്മി മഹാ പിശുക്കനാണു്. ചെവിയും കേൾക്കുല്ല.

ദരിദ്രവാസി. പണം ചെലവാക്കാതെ സദ്യ നന്നാക്കുന്ന തെങ്ങനെയാ ?

ഔത: അതല്ലടാ ഇവിടത്തെ ചർച്ചാവിഷയം.

ചെറിയാൻമാപ്പിള: തെമ്മാടീ, സദ്യയുടെ കാര്യം നിന്നോടാരാ ചോദിച്ചതു്. നീ എൻെറ പണം മോഷ്ടിച്ച കാര്യമാ ചോദിച്ചതു്.

മാത്തു: മൊതലാളീട കയ്യിൽനിന്നു പണം വല്ലതും മോഷണം പോയോ ?

ചെറിയാൻമാപ്പിള: ഉവ്വെടാ കള്ളാ, നീ അതു തിരിച്ചു തന്നില്ലെങ്കിൽ നിന്നെ ഞാൻ തൂക്കിലിടും.

ഔത: അവനോടു നയത്തിൽ പെരുമാറണം. എടാ മാത്തു, ഉള്ള സത്യമങ്ങു പറഞ്ഞേക്കാമെങ്കിൽ നിനക്കു രക്ഷയുണ്ടു്. അല്ലെങ്കിൽ കാര്യം കുഴപ്പമാ !

മാത്തു: ഞാൻ പറയുന്നതു തെററിദ്ധരിക്കരുതു്. എനിക്കു് ഈ ഭൂമുഖത്തു യാതൊരുത്തനോടും വിരോധമില്ല. പക്ഷേ, സത്യം പറഞ്ഞാൽ ചിലതൊക്കെ കുഴപ്പത്തിലാകും. (സദസ്സിനോടു്) നിങ്ങൾതന്നെ പറയൂ. ഉള്ളതു പറഞ്ഞാൽ കുഴപ്പമല്ലേ ? നിങ്ങൾ കണ്ടതല്ലേ ?

ചെറിയാൻമാപ്പിള: നീ എന്താടാ അവിടെനിന്നു പിറുപിറുക്കുന്നതു് ?

ഔത: അവനെ ശല്യപ്പെടുത്തേണ്ട. അവൻ സകലതും പറയും. ഞാൻ നേരത്തെ പറഞ്ഞില്ലേ ഇവനൊരു മര്യാദക്കാരനാണെന്നു്.

മാത്തു: അയാളെന്നെ തല്ലുന്നതു തടഞ്ഞേക്കാമെങ്കിൽ ഞാൻ കാര്യം പറയാം.

ഔത: ആരാ ?

മാത്തു: ആരാ?—ഇവിടത്തെ കാര്യസ്ഥനേ! ആ സുന്ദര വിഡ്ഢി ! അവനല്ലാതെ ആരുമല്ല ഇതു ചെയ്തതു്.

ഔത: എന്തു ചെയ്തതാണു് ?

മാത്തു: അതെനിക്കറിയില്ല. എന്തായാലും അതയാളാണു്.

ചെറിയാൻമാപ്പിള: എൻെറ പണപ്പെട്ടി മോഷണം പോയതു നീ അറിഞ്ഞില്ലേ ?

മാത്തു: അപ്പ മൊതലാളീടെ കയ്യിൽ പണമില്ലെന്നല്ലേ പറഞ്ഞതു് ?

ചെറിയാൻമാപ്പിള: അതു നീ കാററു് കൂടുതലോടിക്കാതിരിക്കാനല്ലേ ?

മാത്തു: അതിനു മറുപടി പറയണമെങ്കിൽ ഇനി ഡ്രൈവറുടെ തൊപ്പി എടുത്തുകൊണ്ടു വരണം.

ഔത: വേണ്ട; വേണ്ട. തൊമ്മിയാണ കട്ടതെന്നാണോ നീ പറയുന്നതു് ?

മാത്തു: ആയിരിക്കണം.

ചെറിയാൻമാപ്പിള: എന്നോടിത്ര വിശ്വസ്തനായി പെരുമാറിയ അവനോ ?

മാത്തു: അയാളുതന്നെ. അയാളാണു് ഈ മോഷണം നടത്തിയതെന്നും് എനിക്കുറപ്പുണ്ടു്.

ഔത: നിനക്കിത്ര ഉറപ്പുതോന്നാൻ കാരണമെന്തു് ?

മാത്തു: ഉറപ്പുതോന്നാൻ കാരണമോ ?

ഔത: അതെ.

മാത്തു: എനിക്കുറപ്പു തോന്നുന്നതു് എനിക്കു് ഉറപ്പു തോന്നിയിട്ടുതന്നെ.

ഔത: പക്ഷേ, അതിൻെറ തെളിവുകൾകൂടി നീ പറയണം.

ചെറിയാൻമാപ്പിള: ഞാൻ പണം സൂക്ഷിക്കുന്നിടത്തു് ചുററിപ്പററി അവൻ നിൽക്കുന്നതു നീ കണ്ടിട്ടുണ്ടോ ?

മാത്തു: പിന്നെയില്ലേ ? എവിടെയായിരുന്നു മൊതലാളി പണം സൂക്ഷിച്ചു വച്ചിരുന്നതു് ?

ചെറിയാൻമാപ്പിള: തോട്ടത്തിൽ.

മാത്തു: ദേ—അങ്ങനെ വരട്ടെ. അയാൾ തോട്ടത്തിൽ ഉറക്കം തൂങ്ങി നിൽക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എന്തിലായിരുന്നു പണം വച്ചിരുന്നതു് ?

ചെറിയാൻമാപ്പിള: ഒരു പെട്ടിയിൽ.

മാത്തു: അതുതന്നെയാണ ഞാനും പറയുന്നതു്. അയാളുടെ കയ്യിൽ ഒരു പെട്ടിയിരിക്കുന്നതും കണ്ടു.

ഔത: ആ പെട്ടി എങ്ങനെയിരുന്നു ? മൊതലാളീടേതാണെന്നറിയണമല്ലോ.

മാത്തു: ആ പെട്ടി എങ്ങനെയിരുന്നുവെന്നോ ?

ഔത: അതെ.

മാത്തു: അതു്...അതു്...ഒരു പെട്ടിപോലെയിരുന്നു.

ഔത: അതു പറഞ്ഞാൽ പററില്ല. പെട്ടി അതുതന്നെയാണോ എന്നറിയാൻ നീ അതിനെ ഒന്നു വർണ്ണിക്കു.

മാത്തു: അതൊരു വലിയ പെട്ടിയായിരുന്നു.

ചെറിയാൻമാപ്പിള: എൻെറ പെട്ടി ചെറുതായിരുന്നു.

മാത്തു: ഒരു വിധത്തിൽ പറഞ്ഞാൽ ചെറുതുതന്നെ. ഞാൻ വലിയതു് എന്നു പറഞ്ഞതു് അതിൻെറ അകത്തെ നിക്ഷേപത്തെയോത്താണു്,

ഔത: അതിൻെറ നിറമെന്തായിരുന്നു ?

മാത്തു: നിറമോ ?

ഔത: അതെ.

മാത്തു: അതിൻെറ നിറം...ഒരുവക...ഒരു വല്ലാത്ത...എനിക്കു വാക്കു കിട്ടുന്നില്ല.

ചെറിയാൻമാപ്പിള: ഊംഹ്ഹും.

മാത്തു: ഒരുവക ചുവപ്പല്ലേ ?

ചെറിയാൻമാപ്പിള: അല്ല, പച്ചനിറം.

മാത്തു: ദേ—അങ്ങനെ വരട്ടെ. ഒരുവക ചുവന്ന പച്ചനിറം. അതാണു ഞാൻ പറയാൻ ഉദ്ദേശിച്ചതു്.

ചെറിയാൻമാപ്പിള: ഇനി സംശയമില്ല. എൻെറ പെട്ടി അതുതന്നെ. തീർച്ചയാണു്. ഇവൻെറ പേരിൽ കേസ്സു കൊടുക്കു. ദൈവമേ! എങ്ങനെ മനുഷ്യരെ വിശ്വസിക്കും ? ആരേയും വിശ്വസിക്കാൻ പാടില്ലാതായിരിക്കുന്നു! ഞാൻ തന്നെ എൻെറ മുതൽ മോഷ്ടിക്കുമെന്നു തോന്നിത്തുടങ്ങിയിരിക്കുന്നു.

മാത്തു: അതാ, അയാൾ വരുന്നുണ്ടു്. ഞാനാണു പറഞ്ഞതെന്നു പറയരുതേ. അയാളെന്നെ തല്ലും,

(തൊമ്മി പ്രവേശിക്കുന്നു)

ചെറിയാൻമാപ്പിള: ആങ്ഹാ. അവൻ വന്നല്ലോ. വാ; ഇവിടെ അടുത്തു വരു. നീ ചെയ്ത നീചകൃത്യം അങ്ങു സമ്മതിച്ചേരു്. അല്ലെങ്കിൽ എന്താണെന്നറിയാമോ ?

തൊമ്മി: അങ്ങേയ്ക്കെന്തു വേണം ?

ചെറിയാൻമാപ്പിള: എടാ ദ്രോഹീ! ഇത്ര വലിയ ഒരു കുററം ചെയ്തിട്ടു് നിനക്കു നാണമില്ലല്ലോ.

തൊമ്മി: എന്തു കുററമാണങ്ങു പറയുന്നതു് ?

ചെറിയാൻമാപ്പിള: എന്തു കുററമാണു ഞാൻ പറയുന്നതെന്നോ ? എടാ ദുഷ്ടാ—ഞാൻ എന്തിനെക്കുറിച്ചാണു പറയുന്നതെന്നു നിനക്കറിയില്ല; അല്ലേ ? ഇനി അതുകൊണ്ടൊന്നും ഒരു ഗുണവും ഇല്ല. നിൻെറ ചെമ്പു തെളിഞ്ഞുപോയി. നീ എൻെറ വിശ്വാസം സമ്പാദിച്ചു് ഈ വീട്ടിൽ കടന്നുകൂടിയിട്ടു് ഇത്തരമൊരു നന്ദികേടു് നീ എന്നോടു ചെയ്തില്ലേ ?

തൊമ്മി: എല്ലാം അങ്ങു് അറിഞ്ഞുകഴിഞ്ഞ സ്ഥിതിക്കു്, ഞാൻ യാതൊന്നും മറച്ചുവെയ്ക്കുന്നില്ല. ഞാൻ ചെയ്തതിനു് ഒഴികഴിവു കണ്ടുപിടിക്കാനും ശ്രമിക്കുന്നില്ല.

(ഔതയും മാത്തുവും പോകുന്നു)

ഞാൻ ഇതിനെപ്പററി നേരത്തെ അങ്ങയോട്ട പറയണമെന്നു വിചാരിച്ചിരുന്നതാണ്. അതിനവസരം കിട്ടിയില്ല. ഇനി ദേഷ്യപ്പെടാതെ അങ്ങ് എൻെറ ശരിയായ ഉദ്ദേശം മനസ്സിലാക്കണം.

ചെറിയാൻമാപ്പിള: എടാ പെരുങ്കള്ളാ. എന്തു ശരിയായ ഉദ്ദേശമാടാ നിനക്കിതിലുള്ളതു് ?

തൊമ്മി: കള്ളനെന്ന പേര് ഞാനർഹിക്കുന്നില്ല. ഞാന ങ്ങയെ വഞ്ചിച്ചതു ശരിതന്നെ. പക്ഷേ, എൻെറ തെററു ക്ഷമിക്കത്തക്കതാണ്.

ചെറിയാൻമാപ്പിള: നിൻെറ തെററു ക്ഷമിക്കത്തക്കതാണോ എന്നു നീതന്നെയാണോ തീരുമാനിക്കേണ്ടതു് ?

തൊമ്മി: അങ്ങു ദേഷ്യപ്പെടരുതു്. എനിക്കു പറയാനുള്ളതു മുഴുവൻ പറഞ്ഞുകഴിയുമ്പോഴം ഞാൻ ചെയ്തതു് അത്ര ഭയങ്കര തെററൊന്നുമല്ലെന്നു് അങ്ങേയ്ക്കു മനസ്സിലാവും.

ചെറിയാൻമാപ്പിള: മനസ്സിലാവും, അല്ലേ? എടാ! നീ എൻെറ ചങ്കിലെ രക്തമല്ലേ ഊററിക്കുടിച്ചതു്, ദ്രോഹീ!

തൊമ്മി: അങ്ങയുടെ രക്തം എൻെറ കൈയിൽ വന്നതു കൊണ്ടു് അതിനു് മാലിന്യം ഒന്നും ഉണ്ടായിട്ടില്ല. ഒട്ടും കുറവല്ലാത്ത ഒരു സ്ഥിതി എനിക്കുണ്ടു്. പരിഹരിക്കാൻ വയ്യാത്ത അപകടമൊന്നും ഉണ്ടായിട്ടില്ല.

ചെറിയാൻമാപ്പിള: പരിഹാരം നിന്നിൽനിന്നുതന്നെ ഈടാക്കണമെന്നാണു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്.

തൊമ്മി: അങ്ങയുടെ സ്ഥിതിക്കനുസരിച്ചുള്ള പരിഹാരം ഞാൻ ചെയ്യാം.

ചെറിയാൻമാപ്പിള: ഇവിടെ സ്ഥിതിയല്ല കാര്യം. ഇത്ര ഭയങ്കര ദ്രോഹം ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്?

തൊമ്മി: അതു ചോദിച്ചിട്ടാവശ്യമില്ല.

ചെറിയാൻമാപ്പിള: ആവശ്യമുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

തൊമ്മി: എൻെറ ഹൃദയത്തെ പിടിച്ചടക്കിയ ശക്തി ലോകത്തെ മുഴുവനും അടക്കി ഭരിക്കുന്ന ശക്തിയാണ്— പ്രേമം!

ചെറിയാൻമാപ്പിള: പ്രേമമോ?

തൊമ്മി: അതെ.

ചെറിയാൻമാപ്പിള: ഇത്ര ചെറുപ്പത്തിലാണോടാ പ്രേമം? പ്രേമമാണത്രേ! എൻെറ പണത്തോടുള്ള പ്രേമം.

തൊമ്മി: അങ്ങയുടെ സ്വത്തല്ല എന്നെ ആകർഷിച്ചതു്. എന്റെ കൈയിൽ കിട്ടിയ സ്വത്തു് അനുഭവിക്കാൻ അങ്ങു് അനുവദിക്കയാണെങ്കിൽ അങ്ങയുടെ വേറെ യാതൊരു സ്വത്തും എനിക്കു വേണ്ട.

ചെറിയാൻമാപ്പിള: ഇല്ല; ഞാൻ അനുവദിക്കയില്ല. ഇത്ര വലിയ ധിക്കാരം ആരെങ്കിലും കേട്ടിട്ടുണ്ടോ? എന്നിൽ നിന്നു മോഷ്ടിച്ചതു് അനുഭവിക്കണംപോലും!

തൊമ്മി: മോഷണമാണെന്നാണോ പറയുന്നതു്?

ചെറിയാൻമാപ്പിള: മോഷണമെന്നു പറഞ്ഞുകൂടെ ഇത്ര വലിയ നിധി മോഷ്ടിച്ചിട്ടു്?

തൊമ്മി: അതൊരു നിധിയാണെന്നും, ലോകത്തിൽവെച്ചു് എനിക്കേററവും പ്രിയപ്പെട്ട നിധിയാണെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ എനിക്കതു തന്നതുകൊണ്ടു് അങ്ങേയ്ക്കു് യാതൊരു നഷ്ടവും വരാനില്ല. സന്മനസ്സോടെ അതെനിക്കു തരൂ.

ചെറിയാൻമാപ്പിള: എന്റെ പണത്തിൽ നിനക്കിത്ര പ്രേമം കടന്നുകൂടിയതെങ്ങനെയാണു്?

തൊമ്മി: അതു് ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. ഇക്കാര്യത്തിൽ സ്വാർത്ഥതയ്ക്കു് സ്ഥാനമില്ല. മഹത്തായ ഒരു പ്രചോദനമാണു് എന്റെ ഹൃദയം കവർന്നതു്.

ചെറിയാൻമാപ്പിള: ഈ കളി ഇപ്പോഴത്തന്നെ ഞാൻ അവസാനിപ്പിച്ചേക്കാം. എടാ പോക്കിരി, ഈ നാട്ടിൽ നീതിയും ന്യായവും ഉണ്ടോ എന്നു ഞാനൊന്നു നോക്കട്ടെ.

തൊമ്മി: അതെല്ലാം അങ്ങയുടെ ഇഷ്ടം. പക്ഷേ, ഒരു കാര്യം നേരത്തെ പറഞ്ഞേക്കാം. ഞാൻ മാത്രമാണു് ഇതിൽ കുററക്കാരൻ. അങ്ങയുടെ മകൾ ഇതിൽ യാതൊരു കുററവും ചെയ്തിട്ടില്ല.

ചെറിയാൻമാപ്പിള: എന്റെ മകൾ കുററം ചെയ്തുവെന്നാരു പറഞ്ഞു? അവളും ഇതിൽ പങ്കാളിയാണെങ്കിൽ അത്ഭുതം തന്നെ. പക്ഷേ, എന്റെ നിധി വീണ്ടെടുക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. നീ എവിടെയാണതു് ഒളിച്ചുവെച്ചതെന്നു് തുറന്നുപറഞ്ഞേക്കുകയാണു് നല്ലതു്.

തൊമ്മി: ഞാനെങ്ങും ഒളിച്ചുവെച്ചിട്ടില്ല. ഈ വീട്ടിൽത്തന്നെയുണ്ടു്.

ചെറിയാൻമാപ്പിള: ഹാ, എന്റെ നിധി ഈ വീടുവിട്ടു പുറത്തുപോയിട്ടില്ലെന്നോ?

തൊമ്മി: ഇല്ല.

ചെറിയാൻമാപ്പിള: സത്യം പറയണം, നീ എന്തെങ്കിലും കൈയേററം ചെയ്തിട്ടുണ്ടോ?

തൊമ്മി: ഞങ്ങളെ ഇതുപോലെ അകാരണമായി കുററപ്പെടുത്തരുതേ. എൻെറ ഹൃദയത്തിൽ ജ്വലിക്കുന്ന പ്രേമാഗ്നി നിർമ്മലവും പരിശുദ്ധവുമാണു്.

ചെറിയാൻമാപ്പിള: എൻെറ പണത്തിനോടവനു് പ്രേമാഗ്നി!

തൊമ്മി: വിചാരത്തിൽപോലും അങ്ങനെയൊരു കളങ്കം ഉണ്ടാകുന്നതിനുമുമ്പു് ഞാൻ മരിക്കുകയാണു് ഭേദം. ഇത്ര വിനയവും അടക്കമൊതുക്കവും ഞാൻ കണ്ടിട്ടില്ല.

ചെറിയാൻമാപ്പിള: പണപ്പെട്ടിക്കു വിനയമോ — അടക്കമൊതുക്കമോ?

തൊമ്മി: കാഴ്ചയിലുള്ള സന്തോഷം മാത്രമെ ഞാൻ അനുഭവിച്ചിട്ടുള്ളു. ആ മനോഹരമായ നേത്രങ്ങൾ എന്നിലുദിപ്പിച്ച പ്രേമത്തെ മലിനപ്പെടുത്തുന്ന യാതൊന്നും സംഭവിച്ചിട്ടില്ല.

ചെറിയാൻമാപ്പിള: എൻെറ പണപ്പെട്ടിക്കു മനോഹരമായ നേത്രങ്ങളുണ്ടെന്നു് ഇപ്പോഴാണു ഞാനറിയുന്നതു്. വല്ലാത്ത മറിമായം!

തൊമ്മി: ഇവിടത്തെ വേലക്കാരി റീത്തയോടു ചോദിച്ചാൽ എല്ലാ വിവരവും അറിയാം.

ചെറിയാൻമാപ്പിള: അപ്പോൾ വേലക്കാരിക്കും ഉണ്ടു് അതിൽ പങ്കു്, അല്ലേ?

തൊമ്മി: അതെ, ഞങ്ങളുടെ പരസ്പരവാഗ്ദാനത്തിനു അവളും ഒരു സാക്ഷിയാണു്. എൻെറ പ്രേമം നിഷ്കളങ്കമാണെന്നു് ബോദ്ധ്യമായതിനു ശേഷമാണു് എനിക്കു വാക്കു തരുവാൻ അങ്ങയുടെ മകളെ അവൾ പ്രേരിപ്പിച്ചതു്.

ചെറിയാൻമാപ്പിള: എന്താണിവൻ പറയുന്നതു്? ശിക്ഷഭയന്നു ഭ്രാന്തു പിടിച്ചതായിരിക്കും. നീ എൻെറ മകളെപ്പററി എന്തു പിച്ചുംപേയുമാണു് ഈ പറയുന്നതു്?

തൊമ്മി: പ്രേമം പിച്ചുംപേയുമല്ല. ആയിരുന്നെങ്കിൽ അങ്ങയുടെ മകൾ എനിക്കു വാക്കു തരുമായിരുന്നില്ല.

ചെറിയാൻമാപ്പിള: എന്തിനു് വാക്കുതന്നു?

തൊമ്മി: വിവാഹം കഴിക്കാമെന്നു്!

ചെറിയാൻമാപ്പിള: കർത്താവേ! വേറൊരാപത്തുംകൂടി വന്നുപെട്ടോ? ആപത്തു വരുമ്പോൾ കൂട്ടത്തോടെ. ഇനി ജീവിച്ചിരുന്നിട്ടു കാര്യമില്ല. ഇനി കേസ്സു മാത്രമാണു് ഗതി. ഇവനെ എൻെറ പണം മോഷ്ടിച്ചതിനും മകളെ തട്ടിയെടുത്തതിനും അറസ്ററുചെയ്തു് ശിക്ഷിപ്പിക്കണം.

(ശോശാമ്മയും മേരിക്കുട്ടിയും പ്രവേശിക്കുന്നു)

ശോശാമ്മ: അപ്പച്ചാ, കുറേക്കൂടി ദയവു കാണിക്കണം. അപ്പച്ചൻെറ അധികാരം ദുർവിനിയോഗം ചെയ്തു ഞങ്ങളെ അപകടത്തിലാക്കല്ലേ. അദ്ദേഹം വളരെ യോഗ്യനായ ഒരു മനുഷ്യനാണ്.

ചെറിയാൻമാപ്പിള: എനിക്കു യാതൊന്നും കേൾക്കണ്ട. ന്യായം മുറപോലെ നടക്കും.

തൊമ്മി: ഞാൻ അങ്ങയുടെ മകളെ സ്നേഹിക്കുന്നതു് ശിക്ഷാനിയമത്തിൻെറ ഏതു വകുപ്പിലാണു പെടുക?

ചെറിയാൻമാപ്പിള: അതു ഞാൻ തീരുമാനിച്ചോളാമെടാ. അമ്പ! അവൻ രഹസ്യം അറിയാൻ ചോദിക്കയാ. മോഷണത്തിനില്ലേടാ വകുപ്പ്?

തൊമ്മി: ഉണ്ടെങ്കിൽ കൊണ്ടുപോയിച്ചുട്. ചെറിയാച്ചൻെറ ഈ പണം ആർക്കു വേണം?

ചെറിയാൻമാപ്പിള: വേണ്ടാഞ്ഞിട്ടാണോ നീ കട്ടതു്?

തൊമ്മി: ചെറിയാച്ചാ!

ചെറിയാൻമാപ്പിള: പറഞ്ഞാലെന്തുചെയ്യുമെടാ നീ? (തല്ലാൻ അടുക്കുന്നു)

(തരകൻ പ്രവേശിക്കുന്നു. കൂടെ വക്കീയും പോത്തനും)

മേരിക്കുട്ടി: (തരകൻെറ കാല്ക്കൽ വീഴുന്നു) അപ്പച്ചാ — എൻെറ അപ്പച്ചാ.

തരകൻ: (പിടിച്ചെഴുന്നേല്പിക്കുന്നു) എഴുന്നേൽക്കു മോളേ. മരിക്കുന്നതിനു മുൻപ്പ് നിന്നെ കാണാനൊക്കുമെന്നു് ഞാൻ വിചാരിച്ചതല്ല. എന്താണിവിടെ ആകപ്പാടെ ഒരു വല്ലായ്മ?

മേരിക്കുട്ടി: അപ്പച്ചനെങ്ങനെയാണിവിടെ എത്തിയതു്?

തരകൻ: അതൊരു നീണ്ട കഥയാണു മോളെ. എല്ലാം പിന്നെ പറയാം.

മേരിക്കുട്ടി: അമ്മയെ കണ്ടോ?

തരകൻ: കണ്ടു മോളേ. ആരോ എനിക്കു നിങ്ങളുടെ മേൽവിലാസമെത്തിച്ചുതന്നു. അമ്മയാണു പറഞ്ഞതു് നീ ഇവിടെയുണ്ടെന്നു്.

മേരിക്കുട്ടി: ചേട്ടൻ...!

ശോശാമ്മ: മേരിക്കുട്ടീ! എൻെറ അപ്പച്ചനെ പരിചയപ്പെടുത്തിക്കൊടുക്കൂ. വക്കീച്ചേട്ടാ...!

വക്കി: തരകച്ചനിങ്ങോട്ടു് ഇരുന്നാട്ടെ. മൊതലാളീ! ഇതാണു തരകച്ചൻ.

ചെറിയാൻമാപ്പിള: അറിയാം, അറിയാം. ഇരിക്കു.

തരകൻ: ചെറിയാച്ചനിരിക്കു്,

ചെറിയാൻമാപ്പിള: ഞാനിവിടെ ഇരിക്കാം. (പണപ്പെട്ടിമേൽ ഇരിക്കുന്നു) എന്തു ചെയ്യാനാ, തരകൻ. ലോകം മുഴുവൻ കള്ളന്മാരെക്കൊണ്ടും ഭ്രാന്തന്മാരെക്കൊണ്ടും നിറഞ്ഞു.

തരകൻ: അത്രയേറെ കയ്പോടുകൂടി സംസാരിക്കാതെ ചെറിയാച്ചാ. എനിക്കു് ഇവരെയൊക്കെ പരിചയപ്പെടുത്തിത്തരണ്ടേ.

ചെറിയാൻമാപ്പിള: എനിക്കു ബുദ്ധി ഉറയ്ക്കുന്നില്ല. എടാ വക്കീ!

വക്കി: ഞാൻ ചെയ്തേക്കാമേ. ദേ—ഇതു ചെറിയാച്ചൻ മുതലാളിതന്നെ.

തരകൻ: സമ്മതിച്ചു.

വക്കി: ആ നിൽക്കണതു് മൂത്തപുത്രൻ; പോത്തൻ.

തരകൻ: കൊള്ളാം.

വക്കി: ഇതു ശോശാമ്മക്കുട്ടി. മകളാ—ഇതു്...

തരകൻ: അറിയാം; അറിയാം. കൂടുതൽ പറയണ്ട. ആ ചെറുപ്പക്കാരനോ?

വക്കി: അതിങ്ങനെ ഇവിടെ ഒഴുകി വന്നുകേറിയതാണു്. പേരു തൊമ്മീന്നു്!

തരകൻ: ഇപ്പോഴെല്ലാം മനസ്സിലായി ചെറിയാച്ചാ! വളരെ സന്തോഷം.

ചെറിയാൻമാപ്പിള: എന്തു പറഞ്ഞിട്ടെന്താ. എനിക്കെൻെറ പണം കിട്ടണം.

തരകൻ: പണത്തിനെന്തുപററി?

ചെറിയാൻമാപ്പിള: ദാ— ആ നിൽക്കുന്നവനില്ലേ; അവൻ—

തരകൻ: അവൻ മോഷ്ടിച്ചെന്നാണോ?

ചെറിയാൻമാപ്പിള: മോഷ്ടിച്ചെന്നോ? അവൻ എൻെറ മകളേയും മോഷ്ടിച്ചു! അതു പക്ഷേ, തരകച്ചൻെറ കാര്യം. വേണമെങ്കിൽ സ്വന്തം ചെലവിൽ കേസ്സു് കൊടുത്തു ശിക്ഷിപ്പിച്ചോ. പക്ഷേ, എൻെറ പണത്തിൻെറ കാര്യം ഞാൻ വിടുകയില്ല.

പോത്തൻ: ഇതെല്ലാമൊരു തമാശയാണപ്പച്ചാ.

ചെറിയാൻമാപ്പിള: പോടാ അവിടന്നു്.

തരകൻ: ക്ഷമിക്കു ചെറിയാച്ചാ. നമുക്കു കുട്ടികളെപ്പോലെ ക്ഷോഭിക്കാമോ?

ചെറിയാൻമാപ്പിള: പോയതു പണമാ!

ശോശാമ്മ: അതിനിവിടെക്കിടന്നു വിളിച്ചുകൂവീട്ടെന്താ ഫലം?

ചെറിയാൻമാപ്പിള: ഞാൻ വിളിച്ചുകൂവും. എല്ലാത്തിനേയും കൊല്ലും.

വക്കി: അതു വേണ്ട ചെറിയാച്ചാ. എല്ലാത്തിനേം പിടിച്ചു പെണ്ണുകെട്ടിച്ചാ മതി. ഇന്നാളും ചെറിയാച്ചൻ പറയുന്നതു കേട്ടല്ലോ.

തരകൻ: ആ വിദ്യ നല്ലതാ ചെറിയാച്ചാ.

വക്കി: ആളു തികയുമോ എന്നാണ് എനിക്കു സംശയം.

തരകൻ: അതെന്താടാ വക്കീ ! നമുക്കോരോന്നാലോചിക്കാം. ആ നിൽക്കുന്ന വികൃതിപ്പെണ്ണില്ലേ ? എന്താണവളുടെ പേര് ?

മേരിക്കുട്ടി: ശോശാമ്മ.

തരകൻ: അവളെ ഞാനിങ്ങോട്ടു കെട്ടിയേക്കാം. ഞാൻ നേരത്തെ ഏററതല്ലേ ?

മേരിക്കുട്ടി: എന്താണപ്പച്ചാ ഈ പറയുന്നത് !

തരകൻ: മിണ്ടാതിരി മോളേ. ഇപ്പ വയസ്സന്മാർക്കാണ് മാക്കററ്. പക്ഷേ, എനിക്കു സ്ത്രീധനം കൂടിയേ കഴിയൂ.

ചെറിയാൻമാപ്പിള: എൻെറ കൈയിൽ യാതൊന്നുമില്ല.

തരകൻ: എങ്കിൽ ആ കാര്യം കള. അവരു വല്ല മഠത്തിലോ മറേറാ പോട്ടെ. ഇനി നിൻെറ കാര്യം ആലോചിക്കാം.

മേരിക്കുട്ടി: വേണ്ട. എനിക്കും മഠത്തീപ്പോണം.

തരകൻ: എടീ ! ചെറിയാച്ചനെ കല്യാണം കഴിക്കുന്നതു മഠത്തീപ്പോണപോലെയാ.

പോത്തൻ: കാര്യം ശരിയാ. പക്ഷേ, ഞങ്ങൾക്കു സ്ത്രീധനം കിട്ടണം.

ചെറിയാൻമാപ്പിള: ആക്കാടാ, നിനക്കോ ?

പോത്തൻ: ആക്കായാലും.

തരകൻ: ഞാൻ തരികയില്ല. അല്ലാതെ കെട്ടാമെങ്കി കെട്ടിക്കോ.

വക്കി: ഒരു കുഴപ്പമുണ്ടല്ലോ തരകച്ചാ.

തരകൻ: എന്താ വക്കീ ?

വക്കി: ഈ പണം പോയിരിക്കുമ്പോൾ അങ്ങേരുടെ ഹൃദയസ്തംഭനം നിന്നുപോയാലോ ?

ചെറിയാൻമാപ്പിള: നിങ്ങൾ അതുമിതും പറഞ്ഞ് എൻെറ പണത്തിൻെറ കാര്യം മറക്കരുത്.

തരകൻ: അതിനു വഴിയുണ്ടാക്കാം ചെറിയാച്ചാ.

ചെറിയാൻമാപ്പിള: ആദ്യം ഇവൻെറ പേരിൽ കേസ്സു കൊടുക്കണം.

തരകൻ: അവനാണോ കട്ടതു് ?

ചെറിയാൻമാപ്പിള: എന്നവൻതന്നെ പറഞ്ഞു.

ശോശാമ്മ: അപ്പച്ചനു കിറുക്കാണു്.

തരകൻ: അതു മഠത്തീപ്പോണ പെണ്ണുങ്ങൾക്കു പററിയ ഭാഷയല്ല.

ശോശാമ്മ: ആരു പറഞ്ഞു ഞാൻ മഠത്തീപ്പോണെന്നു് ?

തരകൻ: എന്നാലെ ചെറിയാച്ചാ, നമുക്കു് ഇവളെ ഒരു പാഠം പഠിപ്പിക്കണം. അവളെ കെട്ടിച്ചുവിടാം. ആ നിൽക്കുന്ന വേലക്കാരനുതന്നെ പിടിച്ചു കൊടുക്കാം.

ചെറിയാൻമാപ്പിള: വേലക്കാരനോ ! ഏതു് ?

തരകൻ: ആ നിക്കണവനോ. എന്താണവന്റെ പേരു് ?

വക്കി: തോമ്മസ്സു് എന്നാണു്. ഇംഗ്ലീഷിൽ കൊച്ചമ്മ വിളിക്കും റോമീ മൈ ഡാർലിംഗ് എന്നു്.

തരകൻ: എടാ തൊമ്മീ ! നിനക്കു് ഈ നിഷേധിപ്പെണ്ണിനെ കെട്ടാൻ ഇഷ്ടമാണോ ?

തൊമ്മി: അപ്പച്ചനെങ്ങനെയാണു് എന്നെ മനസ്സിലായതു് ?

തരകൻ: ഒന്നുമറിയാതെയാണോടാ മനുഷ്യരു് നടക്കുന്നതു് ? കേട്ടോ ചെറിയാച്ചാ ! ഇവൻ എന്റെ മകനാണു്. എന്റെ സകല അവകാശങ്ങളും ഞാൻ ഇവനു വിട്ടുകൊടുക്കയാണു്.

പോത്തൻ: ഇവിടെ ഒരാളു് മിച്ചം വന്നിട്ടുണ്ടേ.

തരകൻ: ഓ — ഇനി നിന്റെ കാര്യം നോക്കിയില്ലെന്നു വേണ്ട. നിനക്കു വേണമെങ്കിൽ ഈ പെണ്ണിനെ എടുത്തോളു. ഞാൻ നേരത്തെ മുന്നറിയിപ്പു തന്നേക്കാം. മഹാ വികൃതിയാണു്.

ചെറിയാൻമാപ്പിള: ഞാനിതൊന്നും സമ്മതിച്ചിട്ടില്ല. എന്റെ പണം കിട്ടാതെ ഞാൻ ആരേയും വിടുകയില്ല. അവൻ നിങ്ങളുടെ മകനാണെങ്കിൽ എനിക്കെന്താ ? ഞാൻ നിങ്ങളേയും അറസ്ററുചെയ്യിക്കും.

പോത്തൻ: അപ്പച്ചനെന്താണു വേണ്ടതു് ?

ചെറിയാൻമാപ്പിള: എനിക്കെന്റെ പണം വേണം.

പോത്തൻ: അതു ഞാനുണ്ടാക്കിത്തരാം.

ചെറിയാൻമാപ്പിള: നീയോ ?

പോത്തൻ: എന്താ എനിക്കു പാടില്ലേ. എനിക്കറിയാം പെട്ടി എവിടെയാണെന്നു്.

ചെറിയാൻമാപ്പിള: എവിടെയാടാ ? കൊണ്ടുവാടാ !

പോത്തൻ: ആദ്യം ഈ രണ്ടു കല്യാണത്തിനും അനുവാദം തരണം.

ചെറിയാൻമാപ്പിള: എനിക്കെൻെറ പെട്ടി ഒന്നു കാണിച്ചു തരണം. (ഇരിക്കുന്നു)

പോത്തൻ: അതിനൊരു കുഴപ്പവുമില്ല. കാണിച്ചുതരാം. ആദ്യം കല്യാണത്തിനു് അനുവാദം.

ചെറിയാൻമാപ്പിള: പെട്ടിയിൽ കുറവു വല്ലതും വന്നിട്ടുണ്ടോ?

പോത്തൻ: ഇല്ല.

ചെറിയാൻമാപ്പിള: നിനക്കെന്തെങ്കിലും സ്ത്രീധനം കൂടി കിട്ടണം.

പോത്തൻ: അതു ഞാൻ വാങ്ങിച്ചോളാം.

ചെറിയാൻമാപ്പിള: കല്യാണച്ചെലവു് ഞാൻ വഹിക്കയില്ല.

തരകൻ: അതു ഞാൻ വഹിച്ചോളാം ചെറിയാച്ചാ.

ചെറിയാൻമാപ്പിള: രണ്ടു കല്യാണത്തിനു് എനിക്കു് രണ്ടു ഷർട്ടും മുണ്ടും വേണം.

തരകൻ: തരാം. കല്യാണക്കാര്യം സമ്മതിച്ചോ?

ചെറിയാൻമാപ്പിള: ഇല്ല; പെട്ടിതരാതെ ഒരു സമ്മതവുമില്ല.

പോത്തൻ: അപ്പച്ചൻ അവിടെനിന്നെഴുന്നേററേ.

(ചെറിയാൻമാപ്പിള എഴുന്നേൽക്കുന്നു. പോത്തൻ മേശവിരി വലിച്ചു മാററുന്നു)

പോത്തൻ: ഇതാ ഒരു മാജിക്കു്.

ചെറിയാൻമാപ്പിള: എൻെറ പെട്ടി! എനിക്കിതു് എണ്ണി നോക്കണം.

തരകൻ: അകത്തു പോയി എണ്ണിനോക്കാം. വരൂ.

(പെട്ടിയുമായി അകത്തേയ്ക്കു പോകുന്നു)

കർട്ടൻ

★

1128-ൽ ക്രൈം 27

പാത്രങ്ങൾ

1, സ്റ്റേജും മാനേജർ
2, ഗുരു
3 ശിഷ്യൻ }
4 സഖറിയാ } പത്രാധിപന്മാർ
5 രാമകൃഷ്ണൻ }
6 ഗോപി
7 ശാസ്ത്രി
8 കിഴവൻ
9 എറുപ്പക്കാ
10 ചക്കി
11 ജഡ്ജി
12 സർക്കാർവക്കീൽ
13 പ്രതിവക്കീൽ
14 സാക്ഷി
15 303 }
16 516 } പോലീസുകാർ
17 വക്കി — പ്രതി
18 മക്കോസും

പ്രവേശിക

[വാദ്യസംഗീതത്തിന്റെ ഉച്ചകോടിയിൽ പെട്ടെന്നു് കർട്ടനുയരുന്നു. സംഗീതം നിലയ്ക്കുന്നു. രംഗത്തിന്റെ മുൻഭാഗത്തു് വെള്ളത്താടിയുള്ള ഒരു വൃദ്ധൻ—ഗുരു—ചാരുകസേരയിൽ കിടന്നു് പൈപ്പ് കൊളുത്താൻ ഭാവിക്കുകയാണു്. അപ്രതീക്ഷിതമായി കർട്ടനുയരുന്നതു കണ്ടു് അമ്പരന്നു് പിടഞ്ഞെണീററു് ചുററും നോക്കുന്നു. ആരെയും കാണാത്തതുകൊണ്ടു് ക്ഷോഭിച്ച് അകത്തേയ്ക്കു തിരിയുന്നു]

ഗുരു: ഏയ്യ് ! ഏയ്യ് ! ആരുപറഞ്ഞു കർട്ടനുയർത്താൻ ? (ഉത്തരമില്ല. അസംതൃപ്തനായി തലകുലുക്കിക്കൊണ്ടു നിലത്തുനോക്കി ലാത്തുന്നു) അവനു തോന്നുമ്പോഴാം അവൻ കർട്ടനുയർത്തിയാൽ, എനിക്കു തോന്നുമ്പോഴാം ഞാൻ നാടകം കളിക്കും. അത്രതന്നെ.

(സ്റ്റേജ് വിട്ടു് അകത്തേയ്ക്കു പോകാൻ ഭാവിക്കുന്നു. സ്റ്റേജ്മാനേജർ പുറകിൽക്കൂടി പ്രവേശിച്ച് ഗുരുവിന്റെ പുറത്തു തൊടുന്നു)

സ്റ്റേജ്മാനേജർ: സാർ !

ഗുരു: (ഞെട്ടിത്തിരിഞ്ഞു് സ്റ്റേജ്മാനേജരെ അഭിമുഖീകരിച്ച്) ഉം ?

സ്റ്റേജ്മാനേജർ: നാടകം തുടങ്ങി.

ഗുരു: തുടങ്ങിയെന്നാരു പറഞ്ഞു ?

സ്റ്റേജ്മാനേജർ: അതു് തീരുമാനിക്കേണ്ടയാഠം ഞാനാണല്ലോ. ഞാനാണു് സ്റ്റേജ്മാനേജർ. സംസ്കൃതത്തിൽ പരിപാർശ്വികൻ എന്നും പറയും.

ഗുരു: ഹും ! താൻ പറയുമ്പോഴൊക്കെ നാടകം കളിക്കാൻ എനിക്കു് മനസ്സില്ല.

(പിന്നെയും പോകാൻ ഭാവിക്കുന്നു)

സ്റ്റേജ്മാനേജർ: സാറു് കോപിച്ചതുകൊണ്ടു്...

ഗുരു: കോപിച്ചാലെന്താണെടോ. താനെന്നെ ശിക്ഷിക്കുമോ? വന്നിരിക്കുന്നു, ഒരു നാടകക്കാരൻ ! തനിക്കു പോയി വല്ല മന്ത്രിയോ മറേറാ ആയിക്കൂടെ ?

സ്റ്റേജ്മാനേജർ: ഈ ഹാലിളക്കംകൊണ്ടു പ്രയോജനമൊന്നുമില്ല, സാറേ. മനുഷ്യരു് കാണും. (ചൂണ്ടിക്കാണിച്ച്) കർട്ടൻ പൊങ്ങിയാണിരിക്കുന്നതു്.

ഗുരു: അതിനു് താൻ ചെന്നു് കർട്ടനിടാൻ പറയൂ.

സ്റ്റേജ്മാനേജർ: സാദ്ധ്യമല്ല സാർ. ആളുകൾ കാശു കൊടുത്താണു് ടിക്കററു മേടിച്ചതു്. മര്യാദയ്ക്കു നാടകം തുടങ്ങിയില്ലെങ്കിൽ അവരു കൂവും.

ഗുരു: കൂവിയാൽ നാടകം കാണുന്നതു് വീട്ടിലാണു്.

സ്റ്റേജ്മാനേജർ: സാറിതൊക്കെ അവരോടു നേരിട്ടു പറഞ്ഞുകൊള്ളു. എനിക്കു് അകത്തല്പം ജോലിയുണ്ടു്. (പോകാൻ ഭാവിക്കുമ്പോൾ ശിഷ്യൻ പ്രവേശിക്കുന്നതു കണ്ടു നിൽക്കുന്നു) താനെവിടെ പോകുന്നു ?

ശിഷ്യൻ: (അതിവിനയം അഭിനയിച്ച്) ഞാനിതുവഴിയേ ഒന്നങ്ങു കടന്നുപോകാമെന്നു വിചാരിച്ചു.

ഗുരു: ഓ ! നമ്മുടെ പ്രിയശിഷ്യൻ !

സ്റ്റേജ്മാനേജർ: (ഗുരുവിനെയും ശിഷ്യനെയും മാറിമാറി നോക്കിക്കൊണ്ടു്) ഒരു ഗുരുവും ശിഷ്യനും ! (ശിഷ്യനോടു്) എടോ ! ഇതു മെയിൻറോഡല്ല, സ്റ്റേജാണു്. സ്റ്റേജ് ! ഓടെടോ. ഉം. ഓടു് !

ശിഷ്യൻ: (ശാന്തനായിത്തന്നെ സ്റ്റേജ്മാനേജരെ ആപാദചൂഡം ഒന്നു നോക്കീട്ട്) തൻെറ പല്ലു് ദന്തവൈദ്യൻ തന്നതായിരിക്കാം. പക്ഷേ, എൻെറ ചെരുപ്പു് തൻെറയൊക്കെ മുഖത്തിട്ടു് തൊഴിക്കാനുണ്ടാക്കിയതല്ല.

(അടിക്കുമെന്ന ഭാവത്തിൽ അടുക്കുന്നു)

സ്റ്റേജ്മാനേജർ: (ഭയപ്പെട്ടു് പുറകോട്ടു മാറിക്കൊണ്ടു്) ഏ... ഏ... ഏ

ഗുരു: (ഹസ്തതാഡനം) മിടുക്കൻ ! മിടുക്കൻ !

സ്റ്റേജ്മാനേജർ: നാടകം തുടങ്ങി. എന്നിട്ടു് സല്ലപിച്ചോണ്ടു നിൽക്കുകയാണു്, ഒരു ഗുരുവും ഒരു ശിഷ്യനും !

ഗുരു: എടോ തന്നോടു പോകാനാണു പറഞ്ഞതു്. പോയില്ലെങ്കിൽ ഇവൻെറ കാലുകൊണ്ടു ഞാൻ തന്നോടു സംസാരിക്കും.

സ്റ്റേജ്മാനേജർ: (നിരാശയോടെ കൈമലർത്തി) കള്ളു കുടിച്ച കുരങ്ങിൻെറ വാലിൽ തേളും കുത്തി !

(പോകുന്നു)

ശിഷ്യൻ: സാർ !

ഗുരു: ഉം ?

ശിഷ്യൻ: സാറു്...

ഗുരു: എന്താ നിറുത്തിക്കളഞ്ഞതു്? നാണം വരുന്നുണ്ടോ?

ശിഷ്യൻ: അതല്ല സാർ.

ഗുരു: ഏതല്ല?

ശിഷ്യൻ: (അക്ഷമനായി) ഈ സാർ കാര്യം പറയാൻകൂടി സമ്മതിക്കുകയില്ല.

ഗുരു: ഞാൻ നിന്റെ വായു് പൊത്തിപ്പിടിച്ചോ?

ശിഷ്യൻ: ഒരു ന്യൂസു് കേട്ടു, സാറു്...സാറു്...

ഗുരു: എന്നുമുതലാണു് നിനക്കു വിക്കു തുടങ്ങിയതു്?

ശിഷ്യൻ: ഇതുവരെ തുടങ്ങിയില്ല.

ഗുരു: പിന്നെ നേരേചൊവ്വേ അങ്ങു പറഞ്ഞുകൂടേ?

ശിഷ്യൻ: പറയാനല്ലേ തുടങ്ങുന്നതു്.

ഗുരു: പിന്നെയെന്താ അതിനു് ഉൽഘാടനമോ മറേറാ വേണോ?

ശിഷ്യൻ: (തല ചൊറിഞ്ഞുകൊണ്ടു്) അതല്ല സാർ.

ഗുരു: നീ ആദ്യം പോയി തലയിലെ പേൻ കൊന്നിട്ടു വരൂ.

ശിഷ്യൻ: ഞാൻ കല്യാണം കഴിച്ചിട്ടില്ല സാർ.

ഗുരു: ശ്ശ്ശ്. കല്യാണം മുതലായ അസുഖകരങ്ങളായ കാര്യങ്ങളെപ്പററിയുള്ള സകല ചർച്ചകളും ഇവിടെ നിരോധിച്ചിരിക്കുന്നു. ഇവിടെ വളരെ വിനോദകരമായ ഒരു മരണം നടക്കാനിരിക്കുകയാണു്. അതിനിടയിൽ അവൻ വലിച്ചുകൊണ്ടു വരികയാണു്...

ശിഷ്യൻ: അതല്ല സാർ.

ഗുരു: മൂന്നു്.

ശിഷ്യൻ: എന്തു്?

ഗുരു: ഇനി നീ ''അതല്ല സാർ'' എന്നു പറയാൻ ഉദ്ദേശിക്കുന്നെങ്കിൽ നേരത്തെ പറയണം. കടലാസും പെൻസിലുമെടുത്തു വയ്ക്കാനാണു്.

ശിഷ്യൻ: അതേ...(കൈ കടിക്കുന്നു)

ഗുരു: മൂന്നര.

ശിഷ്യൻ: സാറു് മരിച്ചുവെന്നു കേട്ടു.

ഗുരു: അതു ശരി. ലേററസ്റ്റു് ശവവുമായി ഒരു അഭിമുഖ സംഭാഷണം നടത്തി പത്രത്തിനു് റിപ്പോർട്ടെഴുതാമെന്നുദ്ദേശിച്ചു വന്നതാണു്, അല്ലേ.

ശിഷ്യൻ: ഇത്തരം കാര്യങ്ങൾ എങ്ങിനെയാണു് സാർ തമാശയാകുന്നതു്?

ഗുരു: ഏത്തരം?

ശിഷ്യൻ: മരണംപോലെ.

ഗുരു: ആരുടെ മരണം?

ശിഷ്യൻ: ആരുടെയായാലും.

ഗുരു: തല്ക്കാലം ആരുടെ മരണമാണു് ചർച്ചാവിഷയം?

ശിഷ്യൻ: സാറിന്റെ.

ഗുരു: ശരി. അതുതന്നെയാണു് ഞാൻ പറഞ്ഞതു്. എടോ മരണം ഒരു ഫലിതമാണു്. പ്രത്യേകിച്ചും അവനവന്റെ മരണം.

ശിഷ്യൻ: എന്റേതാണെങ്കിലും?

ഗുരു: മേല്പടി. നീ മരിച്ചാൽ എനിക്കു് ചില വികാരങ്ങൾ ഉണ്ടായിയെന്നുവരാം–നീ കൊള്ളരുതാത്തവനാണെങ്കിലും. പക്ഷേ, നിന്നെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാര സംഭവമാണു്. ഒരു വെറും ഫലിതം.

ശിഷ്യൻ: ഇതൊരു വിചിത്രവേദാന്തമാണല്ലോ.

ഗുരു: വിചിത്രമല്ലാത്തതെങ്ങിനെയാണു് വേദാന്തമാവുക?

ശിഷ്യൻ: ഇനി സാർ അതുവഴി പോവുകയായി. നില്ക്കണേ! സാറു പറഞ്ഞതു് എനിക്കിതുവരെ മനസ്സിലായില്ല. (കസേരയിലിരിക്കുന്നു) ഒന്നു പറഞ്ഞുതരൂ.

ഗുരു: പറഞ്ഞുതരുന്നതുകൊണ്ടു വിശേഷമൊന്നുമില്ല. നിനക്കു മനസ്സിലാവുകയില്ല. കാണിച്ചുതരാം. (പുറകോട്ടു തിരിഞ്ഞു്) ഹെയ് കർട്ടൻ?

(കർട്ടൻ ഉയരുന്നു)

രംഗം ഒന്ന്

[ഒരു പത്രമാപ്പീസ്. സമയം രാത്രി. മേശകരം, കസേരകരം, ടെലഫോൺ, പത്രങ്ങരം മുതലായവ. സഖറിയാ, രാമകൃഷ്ണൻ എന്നിവർ നിശ്ചലരായി ഇരിക്കുന്നു. മേശപ്പുറത്തിരിക്കുന്ന അതിശക്തമായ വിളക്കു കൊണ്ടാണ് കഥാപാത്രങ്ങളെ കാണുന്നതു്. ശിഷ്യന്റെ ആദ്യവാചകത്തോടുകൂടി ആ വിളക്കു് പ്രകാശിക്കയും രംഗത്തിന്റെ മുൻഭാഗത്തെ വിളക്കുകരം അണയുകയും ചെയ്യുന്നു.]

ശിഷ്യൻ: ഇതെന്റെ പത്രമാപ്പീസാണല്ലോ.

ഗുരു: അതെ. നീയും ചെല്ലു്. നടക്കുന്നതെന്താണെന്നു് നോക്കു്.

(ശിഷ്യൻ പുറകോട്ടുനടന്നു് ഒരു ഒഴിഞ്ഞ കസേരയിലിരിക്കുന്നു. ഗുരു ഒരുവശത്തേക്കു പോകുന്നു.)

സഖറിയാ: ഓ, താനും വന്നോ? എന്താണിത്ര താമസിച്ചതു്.

ശിഷ്യൻ: ഒരു മരണമന്വേഷിച്ചു് പോയിരുന്നു.

സഖറിയാ: ആരുടെ?

ശിഷ്യൻ: നടന്നതല്ല. അൺകൺഫേംഡ് ന്യൂസ്. വിശേഷം വല്ലതുമുണ്ടോ?

സഖറിയാ: ഒന്നുമില്ലെന്നുതന്നെ. എറണാകുളം കവറു് വന്നിട്ടില്ല. യതൊരുമന്ത്രിയും പ്രസംഗിച്ചിട്ടില്ല. ഉൽഘാടനങ്ങളില്ല. ഒരു മന്ത്രിക്കു് ജലദോഷമെങ്കിലും പിടിച്ചിട്ടില്ല.

ശിഷ്യൻ: അപ്പോരം പേജുനിറയ്ക്കാൻ പാടാണല്ലോ.

സഖറിയാ: സൊള്ളിക്കൊണ്ടിരിക്കാതെ വല്ലതുമെഴുതിയുണ്ടാക്കെടോ.

ശിഷ്യൻ: ഞാനെന്നാ കവിതയെഴുതണോ?

രാമകൃഷ്ണൻ: "പ്രത്യേകലേഖകനു"ണ്ടാക്കിക്കൂടേ? അല്ലെങ്കിലൊരു ഇൻറർവ്യൂ?

(ടെലഫോൺ മണിയടിക്കുന്നു.)

സഖറിയാ: ഒന്നററൻഡ് ചെയ്യൂ, രാമകൃഷ്ണാ.

(ഫോണെടുത്ത്)ഹല്ലോ. ഹല്ലോ ഉം...പിള്ളയോ...ആ...എന്താണ്...ഉം..കൊലക്കേസോ.(പെട്ടെന്ന് ഉത്സാഹഭരിതനാകുന്നു. പുഞ്ചിരിക്കുന്നു.)എവിടെ...ഉം...ആര്..ഓ...നില്ക്കൂ ഇത്തിരി കടലാസെടുക്കട്ടെ. (കടലാസും പെൻസിലുമെടുത്തു കുറിച്ചുകൊണ്ട്.) ...ഉം, ഉം...എന്നിട്ട്...ഉം...ചൂള! ഏ?...കുമ്മായച്ചൂളയോ ...ശരി....ഉം...ഉം...ങ്...ഉം...ഉ...പിടിച്ചോ...ഉം. പിടിച്ചെങ്കിൽ ന്യൂസിൻെറ വിലപോയി...ഉം, സാരമില്ല... ഇന്നിവിടെ എന്തുകിട്ടിയാലും കൊള്ളാം. എറണാകുളം കവറ് വന്നിട്ടില്ല..ഉണ്ട്...മാത്യുവുമുണ്ട്. കൃഷ്ണപിള്ളസ്സാറ് വന്നിട്ടില്ല. ഇന്ന് ഡേഡ്യൂട്ടിയാണ്...കൂടുതൽ വല്ലതും കിട്ടിയാൽ വിളിക്കണേ...ഉം. .നിറുത്തട്ടേ.

(ഫോൺ താഴെവെയ്ക്കുന്നു.)

സഖറിയാ: }
ശിഷ്യൻ: } എന്താണെടോ?

രാമകൃഷ്ണൻ: മഹാഭാഗ്യം! ഒരു കൊലക്കേസ്. കഞ്ഞിക്കുഴിഭാഗത്ത്.

ശിഷ്യൻ: ആരാണ് ?

സഖറിയാ: ആര്, ആരെ, എപ്പോൾ, എവിടെ വച്ച്, എന്തിന് കൊന്നു. സന്ദർഭം വെളിവാക്കി അലങ്കാരം നിശ്ചയിച്ച് ഉത്തരമെഴുതുക.

രാമകൃഷ്ണൻ: കഥാനായകൻ മക്കോസ്. കഥ ട്രാജഡിയാണ്. അതു കൊണ്ടു മേല്പടിയാൻ മരണപ്പെട്ടു. വില്ലൻെറ നാമധേയം വക്കി. രണ്ടുപേരും ഒരു കുമ്മായച്ചൂളയിലെ ഭഗീരഥന്മാരാണ്. ഇവരിൽ രണ്ടാംപേരുകാരൻ ഒന്നാംപേരുകാരനെ വധിച്ചു. നിഷ്കരുണം !

(തുടർന്നുള്ള സംഭാഷണത്തിൽ ശിഷ്യൻ സംസാരിക്കുന്നവരുടെ മുഖത്ത് അത്ഭുതപരതന്ത്രനായി മാറിമാറി നോക്കിക്കൊണ്ടിരിക്കുന്നു.)

സഖറിയാ: ഹിയർ. ഹിയർ. ആയുധം ?

രാമകൃഷ്ണൻ: അഗ്നിപ്രവേശം.

സഖറിയാ: സതിയോ മററോ ആണോ ?

രാമകൃഷ്ണൻ: ചൂളയിലാണു ജോലിയെന്നു പറഞ്ഞില്ലേ. വക്കിയുടെ താഡനമേററു മക്കോസ് അഗ്നികുണ്ഡത്തിൽ നിപതിച്ചു. ശുഭമസ്തു !

സഖറിയാ: (ആലോചിച്ച്) എങ്കിലും ഡബിൾകോളത്തിനു പോറുകയില്ല. കൊല്ലണമെങ്കിൽ വല്ല സിനിമാതാരത്തേയോ കോടീശ്വരനെയോ കൊല്ലണം. എന്നാലേ ന്യൂസ് വാല്യൂ ഉള്ളൂ.

രാമകൃഷ്ണൻ: അതിന്ന് വേറെ വഴിനോക്കണം. തല്ക്കാലം ഉള്ളതുകൊണ്ടു മുതലെടുക്കുക തന്നെ. സാറു് ഹെഡ്ഡിംഗു കണ്ടുപിടിച്ചുകൊള്ളൂ. ഞാനൊരു മൂന്നുകോളം മാററർ എഴുതിയുണ്ടാക്കാം. (എഴുത്തുതുടങ്ങുന്നു)

സഖറിയാ: ഇന്നു് മാത്യ ഒരു ഹെഡ്ഡിംഗ് ഉണ്ടാക്കു. കാണട്ടെ.

ശിഷ്യൻ: എനിക്കു് ഒന്നും തോന്നുന്നില്ല.

സഖറിയാ: ഹെയ്! അതു മോശം. ഒന്നു ശ്രമിച്ചുനോക്കു്. ''ക്രൂരമായ പ്രതികാരം,'' ''ഹൃദയശൂന്യമായ നരവധം'' അങ്ങനെ ഏതെങ്കിലും...

(രാമകൃഷ്ണൻ മണിയടിക്കുന്നു.)

രാമകൃഷ്ണൻ: സാറേ, ആ വേലപ്പനെ വിളിച്ചു് ഒന്നുപറഞ്ഞേരു് സംഭവസ്ഥലത്തുപോയി ഒരു ഫോട്ടോയോ മറേറാ കിട്ടുമോ എന്നുനോക്കാൻ.

സഖറിയാ: (ഫോണെടുത്തു് ഡയൽചെയ്യുന്നു.)ഹല്ലോ..ഉം. വേലപ്പനല്ലേ...അതെ. അതെ. കൊലക്കേസിൻെറ കാര്യം കേട്ടില്ലേ ...ഒന്നു പോയി നോക്കു്. ചൂളയുടെ ഒരു ഫേട്ടോ വേണം... ഏ...പ്രതിയുടെ ഒരു പോർട്രെയിറേറാ...ഓഹോ. (രാമകൃഷ്ണൻ മണിയടിക്കുന്നു.) ഏ ? അതോ. അതു് രാമകൃഷ്ണൻ മണിയടിച്ചതാണു്. എന്തിനാണെന്നറിയില്ല. മേശപ്പുറത്തിരുന്നു. വെറുതേ അടിച്ചതായിരിക്കും...ആ...നിറുത്തട്ടെ. ഉം... (ഫോൺ താഴെവയ്ക്കുന്നു. രാമകൃഷ്ണൻ മണിയടിക്കുന്നു) താനെന്തിനാടോ ആ മണിയോടു് യുദ്ധം ചെയ്യുന്നതു് ?

രാമകൃഷ്ണൻ: പിന്നെ സാറു് ചായവാങ്ങിക്കൊണ്ടുതരുമോ. ദാഹിച്ചിട്ടാണെങ്കിൽ...

സഖറിയാ: ഒരുത്തനും വരുകില്ലെടോ.

(ശാസ്ത്രി പ്രവേശിക്കുന്നു.)

രാമകൃഷ്ണൻ: (നോക്കാതെ) എടോ ഒരു ചായകുടിക്കണം. (തലയുയർത്തിനോക്കി ശാസ്ത്രിയാണെന്നുകണ്ടു് ഇളിഭ്യനായി) ...ഏ...

ശാസ്ത്രി: (സന്തോഷത്തോടെ) കുടിക്കാം. എപ്പോഴാണു് ഒരു ചായ കഴിക്കാൻ വയ്യാത്തതു്. നമസ്കാരം. നമസ്കാരം. ലോകാ സമസ്താ സുഖിനോ ഭവന്തു !

രാമകൃഷ്ണൻ: അല്ല. അതു് (വിശദീകരണം അസാദ്ധ്യമെന്നുകണ്ടു് നിറുത്തിക്കളയുന്നു. പിന്നെയും മണിയടിക്കുന്നു.)

സഖറിയാ: ഓ കള ! (മണിയെടുത്തു താഴെയിടുന്നു.)

ശാസ്ത്രി: (ഇരുന്നു്) പിന്നെവൃത്താന്തമെന്തൊക്കെ ?

സഖറിയാ: ഒരു മണ്ണാങ്കട്ടയുമില്ല.

ശാസ്ത്രി: നമ്മുടെ ആ....

സഖറിയാ: ശാസ്ത്രി ഒരല്പംകഴിഞ്ഞിട്ടാട്ടെ. ഇതൊക്കെ ഒന്നു തീർത്തിട്ടു് കാര്യം പറയാം.

രാമകൃഷ്ണൻ: നശിച്ച ആഫീസ് ! (ഇറങ്ങിപ്പോകുന്നു.)

സഖറിയാ: മാത്യു, ആ ലോക്കൽന്യൂസ് കുറച്ചധികം എടുത്തു കൊടുക്കു്. അവൻെറയൊക്കെ അമ്മായിഅമ്മ പെണ്ണുകെട്ടിയതും ബി. ഏ. പാസായതുമെല്ലാം. കുറച്ചു പഴകിയാലും വേണ്ടില്ലേ.

(ഗോപികയറിവരുന്നു. പ്രസ്സിലെമഷിയുണ്ടു്.) എന്താ ഗോപീ വിളിച്ചാൽ വന്നു കൂടെ?

ഗോപി: കേട്ടില്ല സാർ. പ്രസ്സിലെ ശബ്ദം.

സഖറിയാ: നിൻെറയൊക്കെ ചെവിയിൽ വെടിവെച്ചാലും കേൾക്കുല്ല. ഉം. എന്തു വേണം ?

ഗോപി: മൂന്നാംപേജ് കിട്ടി. ഇനി രണ്ടാംപേജിനു നാലരക്കോളം മാററർകൂടി വേണമെന്നു് അയ്യപ്പൻ പറഞ്ഞു.

സഖറിയാ: പൊയ്ക്കോ. കൊടുത്തയച്ചേക്കാം. രാമകൃഷ്ണൻ സാറിൻെറ കണക്കിൽ നാലുചായയും വാങ്ങിച്ചുകൊണ്ടു പോരു്.

(ഗോപി പോകുന്നു,)

ശിഷ്യൻ: എഴുതിത്തീർന്നില്ലല്ലൊ.

സഖറിയ: ഏതായാലും അവനിവിടെ നിന്നിട്ടെന്തുഫലം. രാമകൃഷ്ണൻവന്നാൽ പടയുമാവും.

ശാസ്ത്രി: കൊലക്കേസ് എവിടെയെത്തി ?

സഖറിയാ: ശാസ്ത്രീ, നിങ്ങൾക്കൊന്നു വെറുതേയിരിക്കാമോ. അല്ലെങ്കിൽ ഇവിടെ ഒരു കൊലക്കേസുകൂടി നടക്കുന്ന ലക്ഷണമുണ്ടു്.

രാമകൃഷ്ണൻ: (പ്രവേശിക്കുന്നു. അണിയറയിലേക്കു തിരിഞ്ഞു്) വേഗം വേണം കേട്ടോ.

ശാസ്ത്രി: അല്ല സഖാവേ, താങ്കൾ തെററിദ്ധരിക്കുന്നു. താങ്കളുടെ ലക്ഷ്യപ്രാപ്തിയ്ക്കുപയുക്തമായ നിർദ്ദേശംതന്നെയാണെനിക്കും തരുവാനുള്ളതു്. ഇന്നു നടന്ന കൊലപാതകം ഞാൻ ജോലിചെയ്യുന്ന വ്യവസായശാലയിലാണു നടന്നതെന്ന വസ്തുത നിങ്ങൾക്കറിവുണ്ടോ ?

(എല്ലാവക്കും അത്ഭുതം)

സഖറിയ: സത്യം ?

ശാസ്ത്രി: ഒരുവിധത്തിൽ പറഞ്ഞാൽ ഞാൻ കൃത്യംകേട്ട സാക്ഷിയാണു്. ഞാനതിനെപ്പററി ഒരു വിശദീകരണം തരാം,

സഖറിയാ: ഇവിടെ നിഘണ്ടുവുണ്ടോ രാമകൃഷ്ണാ? ഇത്തിരി വലിയ ഒരെണ്ണം.

രാമകൃഷ്ണൻ: ഇല്ലല്ലോ.

സഖറിയാ: എന്നാൽ ശാസ്ത്രീ, നിങ്ങളുടെ വർണ്ണന തല്ക്കാലം ആവശ്യമില്ല. മലയാളത്തിൽ പറയാമെങ്കിൽ....

ശാസ്ത്രി: വേണ്ടെങ്കിൽ വേണ്ട. അതിനു പകരം ഞാനൊരു പ്രസ്താവന തരാം. ഈയിടെയായി ഇന്നാട്ടിൽ കൊലപാതകങ്ങൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു അതിനെ തടയേണ്ടതു ജനക്ഷേമതൽപരരായ...

സഖറിയാ: താനും തൻെറ പ്രസ്താവനയും! ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു, മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പററി പ്രസ്താവനയിറക്കുന്നു! ഒരെണ്ണം നടത്താമെങ്കിൽ നടത്തു.

ശാസ്ത്രി: ശാന്തം പാപം! (ഫോൺ മണിയടിക്കുന്നു.)

സഖറിയാ: ഒന്നററൻഡു് ചെയ്യു രാമകൃഷ്ണാ.

രാമകൃഷ്ണൻ: (ഫോണെടുത്തു്)ആ...അതെ...ഉണ്ടു്...ഉം (കടലാസും പെൻസിലുമെടുത്തു് കുറിക്കുന്നു.) അച്ചനമായിട്ടോ...ങ്ഹാ... അതെന്തിനു്...വേറെയാരെയും ഇൻറർവ്യൂ ചെയ്യാൻ കിട്ടിയില്ലേ? (ചിരിക്കുന്നു)...ആ...പക്ഷേ, ഇനി തറവാടക കിട്ടുകയില്ലല്ലോ—ഏ?—ഡമറേജോ—ശരി...തെമ്മാടിക്കുഴിയോ...അതെന്താണു്—ചക്കാത്തോ—അതെ—ഇനി ഒരു കുഴിയും വേണ്ടല്ലോ—എന്നിട്ടു് അനിച്ചന്നു പറഞ്ഞു—ശരിയാണു്—പള്ളിക്കാക്കു കാശു കിട്ടുകയില്ല—ഹ—ഹ—ഹ. കുമ്മായം നന്നായിരിക്കും—ഹേ—എന്തു് കുർബ്ബാന! സ്വർഗ്ഗത്തിലേക്കു ററിക്കററു് ബുക്കുചെയ്യുകയല്ലേ—ആഹാ—അതിനു് കാശു കിട്ടുമായിരിക്കും—പ്രസ്താവനയോ—ഉം—നോക്കട്ടെ (ഫോൺ താഴെ വയ്ക്കുന്നു) എന്താണു് മാത്യു ഈ അനീദാ യെന്നു പറയുന്നതു്?

സഖറിയാ: ഇനി അയാളും തുടങ്ങി വല്ലതും എഴുതിയുണ്ടാക്കെടൊ! ഫോറം കേററാറായി

രാമകൃഷ്ണൻ: സാറു് കഥ കേട്ടില്ലല്ലൊ. പിള്ളയാണു വിളിച്ചതു്. സംഭവത്തിൻെറ അന്തർദ്ദേശീയപ്രത്യാഘാതങ്ങളെപ്പററിയുള്ള ഒരു പര്യവേക്ഷണം. പിള്ള പള്ളിയിലെ അച്ചനുമായി ഒരു ഇൻറർവ്യൂ നടത്തിയിരിക്കുന്നു. മരിച്ചവനോടു കുഴിക്കാണം വങ്ങാൻ നിവൃത്തിയില്ലാത്തതു കൊണ്ടു് അച്ചൻ ഖേദിക്കുന്നത്രേ. കുഴിക്കാണം കൊടുത്തില്ലെങ്കിൽ സ്വർഗ്ഗത്തിൽപോവുകയില്ലെന്നു വേദം,

ശിഷ്യൻ: അതിനൊക്കെ വഴിയുണ്ടെടോ.

രാമകൃഷ്ണൻ: പിള്ള അതും പറഞ്ഞു. കുർബ്ബാനയെന്നോ അനീദായെന്നോ എന്തോ ഒക്കെപ്പറഞ്ഞു. പക്ഷേ, അവിടെ ഭയങ്കരമായ ഒരു ദുർഘടപ്രശ്നം ഉത്ഭവിച്ചു. കുർബ്ബാനയും മററും ക്രിസ്ത്യാനികൾക്കല്ലേ പററൂ. മക്കോസ് ദഹിച്ചുപോയതുകൊണ്ട് ഹിന്ദുവായിത്തീർന്നുവെന്നാണ് പിള്ളയുടെ വാദം. സത്യക്രിസ്ത്യാനികളെ കുഴിച്ചിടുകയാണു വേണ്ടതു്. ഇനി മക്കോസിനു സ്വർഗ്ഗത്തിൽ പോകണമെങ്കിൽ കുർബ്ബാനചൊല്ലിയാൽ പോരാ, പിണ്ഡംവച്ചു് ബലിയിടണം.

ശിഷ്യൻ: അച്ചനതൊന്നും സമ്മതിക്കില്ലെടോ. ഞങ്ങളതിനൊക്കെ വിദ്യയുണ്ടാക്കും.

രാമകൃഷ്ണൻ: ഇനി എന്തുചെയ്യും? സംഭവം കഴിഞ്ഞില്ലേ?

ശിഷ്യൻ: റിട്രോസ്പെക്റ്റീവ് ഇഫെക്റ്റ് ഉള്ള വേലത്തരങ്ങളുമുണ്ടെടോ.

ശാസ്ത്രി: സഖാവേ, ഒന്നു പറഞ്ഞുകൊള്ളട്ടെ.

സഖറിയാ: ഒന്നോ രണ്ടോ. ഏതു വാദ്ധ്യാരെ സ്ഥലം മാററിയതിലാണ് ബഹുജനങ്ങൾ അമർഷംകൊള്ളുന്നതു്?

ശാസ്ത്രി: അതൊന്നുമല്ല സാർ ...

രാമകൃഷ്ണൻ: നില്ക്കണേ. ഒരുകാര്യം വിട്ടുപോയി. പിള്ള പറയുന്നതും ഈ കൊലക്കേസിനെപ്പററി ഒരു പ്രസ്താവനയുംകൂടി ഉണ്ടായിരുന്നാൽ കൊള്ളാമെന്നാണ്.

ശാസ്ത്രി: അതുതന്നെയല്ലേ, ഏതാനും നിമിഷങ്ങൾക്കുമുമ്പു നിങ്ങൾ നിഷേധിച്ച വസ്തുത?

ശിഷ്യൻ: പാടില്ല. അയാൾ കേസിലെ സാക്ഷിയാകാൻ വഴിയുണ്ട്.

രാമകൃഷ്ണൻ: ഞാനുദ്ദേശിച്ചതു് അയാളുടെ പ്രസ്താവനയല്ല. ശ്രീമതി എറുപ്പക്കായുടെ വകയായി ഒന്ന്.

ശാസ്ത്രി: അവർ നിരക്ഷരകുക്ഷിയാണല്ലോ.

രാമകൃഷ്ണൻ: അതു സാരമില്ല. ശാസ്ത്രിതന്നെ ഒരെണ്ണമങ്ങു തയ്യാറാക്കിയാൽ മതി. ഞങ്ങൾ ഒപ്പിട്ടു വാങ്ങിച്ചുകൊള്ളാം.

സഖറിയാ: ഗീർവ്വാണം അല്പം കുറഞ്ഞിരിക്കണേ.

ശാസ്ത്രി: വരട്ടെ. ഇവിടെ പാനീയപരമായി എന്തോ ചില ചർച്ചകൾ നടന്നു. പക്ഷേ, അവയൊന്നും പ്രവൃത്തിപദ്ധതിയിലെത്തിക്കണ്ടില്ല.

രാമകൃഷ്ണൻ: എത്തുമെടോ എത്തും. പ്രതീക്ഷിപ്പിൻ പ്രതീക്ഷിപ്പിൻ! (ഗോപി നാലുകപ്പു ചായയുമായി പ്രവേശിക്കുന്നു. ചായ കുടിക്കുന്നു. സഖറിയാ മുറുക്കുന്നു. മററുള്ളവർ വലിക്കുന്നു. ഗോപി പോകുന്നു.)

സഖറിയാ: (കടലാസും പെൻസിലും നീട്ടിക്കൊണ്ടു്) എന്നാൽ ശാസ്ത്രീ, ഇനി മിസ്സിസ് മക്കോസിൻെറ പ്രസ്താവന.

ശാസ്ത്രി: സമ്മതം. സമ്മതം. ത്വരിതഗതിയിൽ തന്നെ. (എഴുത്തു തുടങ്ങുന്നു. ഗോപി പ്രവേശിച്ചു് ഒരു നീണ്ട നീലക്കവർ കൊടുക്കുന്നു)

സഖറിയാ: (കവർ വാങ്ങിച്ചു്) എന്താണിത്ര താമസിച്ചതു്?

ഗോപി: വണ്ടി താമസിച്ചെന്നു പറഞ്ഞു. വഴിക്കു മരം വീണുകിടന്നിരുന്നു. (പോകുന്നു.)

സഖറിയാ: (കവർ പൊട്ടിച്ചു് നോക്കി മുഖഭാവം മാറുന്നു.) ഗോപീ, (ഉച്ചത്തിൽ) ഗോപീ! (ഗോപി പ്രവേശിക്കുന്നു.) പ്രസ്സ് നിറുത്താൻ പറ. കമ്പോസിംഗും. മാത്യൂ, ന്യൂസുണ്ടു്. മലമ്പ്രദേശങ്ങളിൽ തറാവുകൃഷി നടത്തുന്നതിനെപ്പററി ധനകാര്യമന്ത്രിയുടെ പ്രസ്സ് കോൺഫ്രൻസ്. കുറെയുണ്ടു്!

രാമകൃഷ്ണൻ: അപ്പോഠം ഇതോ?

സഖറിയാ: ഏതു്?

രാമകൃഷ്ണൻ: കൊലക്കേസ്. അഭിമുഖസംഭാഷണം, പ്രസ്താവന...

സഖറിയാ: അതെല്ലാം എടുത്തുകള. രണ്ടാംപേജിൽ കുമാരി പിൽസിൻെറ താഴെ ഒരു കുറിപ്പു കൊടുത്താൽ മതി. (എല്ലാവരും ധൃതിയിൽ ജോലി. ശാസ്ത്രി വാ പൊളിച്ചിരിക്കുന്നു,)

ശാസ്ത്രി: അപ്പോഠം—

സഖറിയാ: ശാസ്ത്രി വിഷമിക്കണ്ട. ഇനി പ്രസ്താവനയ്ക്കു് സ്ഥലമുണ്ടാകുമെന്നു തോന്നുന്നില്ല.

(ശാസ്ത്രി നിരാശനായി എഴുന്നേററു പോകുന്നു. ഗുരു, രംഗത്തിൻെറ മുൻഭാഗത്തു പ്രത്യക്ഷപ്പെട്ടു് ശിഷ്യനെ വിളിക്കുന്നു. ശിഷ്യൻ എഴുന്നേററു് മുന്നോട്ടു വരുന്നു. ശിഷ്യൻെറ പുറകിൽ കർട്ടൻ വീഴുന്നു.)

ശിഷ്യൻ: (പിറുപിറുക്കുന്നു.) ഒരു മരണത്തിൽ അവക്കുള്ള താല്പര്യം!

ഗുരു: എന്താണു നടന്നതു്?

ശിഷ്യൻ: ഒരു കൊലക്കേസ്.

ഗുരു: അനുശോചനമോ മറേറാ ഉണ്ടായിരുന്നോ?

ശിഷ്യൻ: ഞാൻ പത്രമാഫീസിലായിരുന്നു സാർ. അവിടെ അനുശോചനമൊന്നുമുണ്ടായിരുന്നില്ല. വല്ലതുമുണ്ടായിരുന്നെങ്കിൽ തന്നെ അതു് അനുമോദനമാണു്.

ഗുരു: ഒരു ശവത്തുക്കം ന്യൂസ്. അല്ലേ ?

ശിഷ്യൻ: സാറും ഇത്ര ഹൃദയമില്ലാത്തവനാണോ ?

ഗുരു: അതിലപ്പുറമെന്തോ ഉണ്ടെന്നു ധരിച്ചതാനാണു മഠയൻ.

ശിഷ്യൻ: ഇനിയത്തെ പരിപാടിയെന്താണു സാർ ?

ഗുരു: നമുക്കു് മരിച്ചവൻെറ വീട്ടിലൊന്നു പോകാം ?

ശിഷ്യൻ: എനിക്കു വിരോധമില്ല.

ഗുരു: റിപ്പോർട്ടിനുവേണ്ടിയാണെങ്കിൽ എൻെറകൂടെ വരണ്ട.

ശിഷ്യൻ: അല്ല. വെറും നിഷ്കാമകർമ്മം.

(രണ്ടുപേരും വലത്തുവശത്തുകൂടി പോകുന്നു.)

കർട്ടൻ

രംഗം രണ്ടു്

[കർട്ടനുയരുന്നു. എല്ലുന്തിയ ഒരു കിഴവൻ മുറുക്കാനിടിച്ചുകൊണ്ടിരിക്കുന്നു. മക്കോസിൻെറ ഭാര്യ, എറുപ്പക്കാ — വേണ്ടില്ല — രംഗത്തേയ്ക്കു് പ്രവേശിക്കുന്നു]

കിഴവൻ: (തലയുയർത്തി) ന്റീ, എറുപ്പക്കാ, ആ കൊച്ചുങ്ങളെ വിളിച്ചു് ത്ര കാപ്പിവെള്ളോററ കൊടുക്കു്.

എറുപ്പക്കാ: എന്തെടുത്തിട്ടാ കാപ്പി ഒണ്ടാക്കണെ. അപ്പനൊന്നു് ചുമ്മായിരി.

കിഴവൻ: അവരെന്ത്യേ ?

എറുപ്പക്കാ: ചെവിതല കേക്കാമ്മേലാഞ്ഞിട്ടു് ഞാനാപ്പറമ്പിൽക്കൊണ്ടുവിട്ടു. അവിടെയെങ്ങാന്നിന്നു കളിക്കട്ടെ.

കിഴവൻ: ഇനിക്കാണങ്കീത്ര കുറുപ്പുതിന്നാണ്ടെ വഴിയില്ലാണ്ടായി.

എറുപ്പക്കാ: കറപ്പും കഞ്ചാവും ! ഇഞ്ഞി എല്ലാമൊണ്ടാവും,

കിഴവൻ: നീ എന്തിനാടീ എന്നോട്ട് മെക്കിട്ട കേറണതു് ?

എറുപ്പുക്കാ: കാര്യം പറേണതു് മെക്കിട്ട് കേറുവാ ?

കിഴവൻ: അല്ലേലും നീ...

എറുപ്പുക്കാ: തൊടങ്ങി ഓരോന്നു്.

കിഴവൻ: പിന്നെ ഞാനെന്നാ വേണോടീ ?

എറുപ്പുക്കാ: അതാ ഞാനും ചോയിക്കണെ.

കിഴവൻ: ചോയിച്ചോണ്ടിവിടെ ഇരുന്നേച്ചാ മതിയല്ലോ.

എറുപ്പുക്കാ: പിന്നെ ഞാനെന്നാ, ഒലക്കയെടുത്തു് പുഴുങ്ങണോ?

കിഴവൻ: എടീ. എറുപ്പുക്കാ, ന്നീ...

എറുപ്പുക്കാ: കറപ്പുതീററ നിറുത്തിക്കോ. കഞ്ഞിക്കുള്ള വഴിയില്ലാത്തപ്പഴാ കറപ്പ് !

കിഴവൻ: ഈ വയസ്സുകാലത്തു്...ഉം...കർത്താവേ !

(ശാസ്ത്രി പ്രവേശിക്കുന്നു)

ശാസ്ത്രി: ഇതാണോ മക്കോസ് തൊഴിലാളിയുടെ ഗൃഹം ?

കിഴവൻ: ഉം ?

എറുപ്പുക്കാ: മക്കോസിൻെറ എന്തോന്നു് ?

ശാസ്ത്രി: ഗൃഹം. വീട്. വീട്. അഥവാ കുടിൽ.

കിഴവൻ: എന്നാ വേണം ?

ശാസ്ത്രി: അസ്മാദൃശൻ മക്കോസ് തൊഴിലാളിയുടെ അന്ത്യകാലങ്ങളിലെ വേതനവുമായി ആഗതനായിരിക്കുകയാണു്. കലിവർഷം 1128 കുംഭമാസം പതിനാറാം തീയതിയിലെയും പതിനേഴാംതീയതിയിലെയും കൂലികൾ.

എറുപ്പുക്കാ: അത്രേയൊള്ളോ ?

കിഴവൻ: അതു പോരാ. അവൻ കൊറെ ദെവസത്തേയ്ക്കു് കൂലി മേടിച്ചിട്ടില്ല.

എറുപ്പുക്കാ: അപ്പനൊന്നു മിണ്ടാണ്ടിരി. ഇവടെ പത്താന്തി മുതൽ കൂലി കൊണ്ടോന്നിട്ടില്ല.

ശാസ്ത്രി: അവയെല്ലാം പൂർവ്വകാലങ്ങളിൽ കൊടുത്തുപോയി. ചെലവായിപ്പോയിക്കാണും. പണമല്ലേ. പണം.

കിഴവൻ: അവനോ ചത്തു. ഇനിയെങ്കിലും ഞങ്ങളെ കളിപ്പിക്കല്ലേ.

ശാസ്ത്രി: ആ പ്രസ്താവന പിൻവലിക്കേണ്ടതാണു്. നിങ്ങളുടെ തീവ്രദുഃഖത്തിൽ ഞങ്ങൾ വളരെ സഹതപിക്കുന്നുണ്ടു്. പക്ഷേ, ഞങ്ങളുടെ സത്യസന്ധതയെ ചോദ്യംചെയ്യുന്ന പ്രസ്താവനയിൽ പ്രതിഷേധിക്കാതെ ഗത്യന്തരമില്ല.

(കിഴവനും എറുപ്പുക്കായും പരസ്പരം മിഴിച്ചുനോക്കുന്നു)

കിഴവൻ: താനെന്താണിപ്പറയുന്നതു് ?

എറുപ്പുക്കാ: കലകലാന്നു് ചെലയ്ക്കാതെ ക്ലലിതാ.

ശാസ്ത്രി: തത്രഭവതി ഞാൻ പറയുന്നതു് വിശ്വസിക്കുകയേ മാർഗ്ഗമുള്ളൂ. അല്ലെങ്കിൽ ആഫീസിൽ വന്നു് കണക്കു നോക്കാം. മററു വഴികൾ ഒന്നുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല.

എറുപ്പുക്കാ: ഒട്ടക്കത്തെ കുടീംകുടിച്ചു് മുടിച്ചാരിക്കും.

കിഴവൻ: വല്ലോരും നിക്കുമ്പെ അതുമിതും പറയല്ലേടീ എറുപ്പുക്കാ. സാറേ, സാറിതൊന്നും നോക്കണ്ട. ഇതൊക്കെ കഴിഞ്ഞേപ്പിന്നെ അവക്കു് തലയ്ക്കു് ഇച്ചിരെയേതാണ്ടോരു... സാറാ കാശങ്ങു് കൊടുത്തേച്ചാ മതി.

ശാസ്ത്രി: (പണമെണ്ണിക്കൊടുത്തുകൊണ്ടു്) ഇതാ ധനം.

എറുപ്പുക്കാ: (മടിയിൽ തിരുകി) കുറുവാന ചൊല്ലിക്കാനായി.

കിഴവൻ: എത്രയൊണ്ടു് ?

എറുപ്പുക്കാ: എത്രേങ്കിലുമാവട്ടെ. ഇതീന്നിപ്പ കറപ്പു മേടിക്കണ്ട.

ശാസ്ത്രി: (വാച്ചു നോക്കി) ശുഭമസ്തു. എന്നാൽ ഞാനൊന്നിറങ്ങട്ടെ. (പോകുന്നു. നടന്നു് തിരിയുമ്പോൾ പ്രവേശിക്കുന്ന ചക്കിയുമായി കൂട്ടിമുട്ടുന്നു) ക്ഷമാപണം, ക്ഷമാപണം സോദരീ !

ചക്കി: പോടോ അവിടന്നു്. പെണ്ണുങ്ങളെ കേറി മുട്ടാന്നടക്കണു് യോഖ്യമ്മാരു്. ഛം്ശ്രു !

(ശാസ്ത്രി ഭയന്നോടുന്നു)

എറുപ്പുക്കാ: എന്നാ ചക്കിച്ചോത്തീ ?

ചക്കി: ഒന്നൂല്ല. വേണ്ടപ്പെട്ടോരു് മരിച്ചിട്ടു് ഒന്നു് കേറി വന്നില്ലല്ലോന്നു് പറയൂല്ലോന്നു വിചാരിച്ചാ. കാര്യോക്കെ എങ്ങനെയാ ?

എറുപ്പുക്കാ: (നാണയങ്ങൾ മടിയിൽനിന്നെടുത്തു കാണിച്ചുകൊണ്ടു്) ഇതുതന്നെ. ബാക്കി ഒക്കെ കൊണ്ടോയി കുടിച്ചു.

ചക്കി: ഇഞ്ഞി എന്നത്തിനാ അതുമിതും പറയണതു് ? ചത്തുപോയില്ലേ.

എറുപ്പുക്കാ: അല്ലെങ്കിലെന്തു് പുകിലാന്നെന്നോ. കെടപ്പു് കള്ളഷാപ്പിലാന്നു.

കിഴവൻ: എടീ, നിന്റെ നാക്കു് പുഴുത്തുപോവും.

എറുപ്പുക്കാ: ഞാമ്പറയണതു് നൊണയാണെങ്കി പുഴക്കട്ടെ.

ചക്കി: അതുകൊണ്ടു് വെല്യ നഷ്ടോമൊണ്ടായില്ലല്ലോ.

കിഴവൻ: കേസെങ്ങനെയാ ? അവനെ പിടിച്ചോ ?

ചക്കി: പിന്നെ പിടിക്കാണ്ടിരിക്കുവോ. ഇടിച്ച ചമ്മന്തി യാക്കീന്നാ കേട്ടതു്. തൂക്കാൻ വിധിക്കുന്നാ പറേണതു്.

എറുപ്പുക്കാ: തീർച്ചയാണോ?

ചക്കി: ചന്തേലെ സമസാരമാ.

എറുപ്പുക്കാ: കേസു വരുമ്പ ഞാനും കച്ചേരി കേറണാരിക്കും.

ചക്കി: പിന്നെ കേറാണ്ടൊക്കുവോ?

എറുപ്പുക്കാ: എല്ലാരും അറിയൂല്ലേ.

ചക്കി: അതിനു് പത്രത്തിലൊണ്ടല്ലോ.

എറുപ്പുക്കാ: ദൈവമേ, എൻെറ പേരുങ്കൂടെ ചീത്തയാക്കി. അവൻ തൂങ്ങട്ടെ. വല്ല പെണ്ണുങ്ങടേം പേരും പറഞ്ഞോണ്ടു് നടക്കുവാ.

ചക്കി: എന്നാലും ഒള്ളതു് പറയണോല്ലോ. അങ്ങേരു് നേര ത്തു് കാശുതരുവാന്നു.

എറുപ്പുക്കാ: ഓശാരാല്ലല്ലോ.

കിഴവൻ: അവനിവടെ വരണതേ ഇനിക്കു് ദേഷ്യാർന്നു. അവൻ തൂങ്ങട്ടെ.

എറുപ്പുക്കാ: നന്നായിപ്പോയി. ഒരുത്തൻ ചത്തു. മററവൻ കഴവേലും. കടിച്ചതുമില്ല, പിടിച്ചതുമില്ല. അമ്മേടെ തലേമില്ല.

ചക്കി: നിങ്ങളതൊന്നും വിചാരിക്കണ്ട. ഇഞ്ഞീം ആരെങ്കി ലുമൊക്കെയൊണ്ടാവും. ഞാൻ ത്ര വെയിട്ടു് വരാം. (കുറച്ച നേരം മിഴിച്ചുനിൽക്കുന്നു) ഇനി നിങ്ങാം ഇങ്ങു് പോരെ. അതു പറയാനല്ല പറഞ്ഞതു്. നിങ്ങളുടെ... (ക്ഷമകെട്ട പ്രോംപ്ററർ കൈയിൽ പുസ്തകവുമായി രംഗത്തേക്കു കടന്നു ചക്കിയെ പിടിച്ചു വലിക്കുന്നു)

ഗുരു: (പെട്ടെന്നു പ്രത്യക്ഷപ്പെട്ടു്) നിൽക്കു് കൃഷ്ണൻനായർ. അത്ര യൊരബദ്ധമൊക്കെ ആർക്കും പററും. ആദ്യമായി സ്റ്റേജിൽ കയറുകയല്ലേ. (സദസ്സിനോടു്) കുമാരി ചക്കിക്കുവേണ്ടി എൻെറ ക്ഷമാപണം സ്വീകരിക്കുക. നിറുത്തേണ്ടതെവിടെ യെന്നു് ഓമ്മയില്ലാതെപോയി. (സ്ത്രീകളോടു്) ഭേഷായി മിസ്സിസ് മക്കോസ്. കുമാരി ചക്കിയും നന്നായി. നി ങ്ങൾ കാര്യങ്ങളെല്ലാം വ്യക്തമായി പറഞ്ഞു. കുറച്ചു സെക്സ പ്പീൽ കൂടിയുണ്ടെങ്കിൽ അടുത്ത സിനിമായിലേക്കു് റെക്ക മെണ്ടു് ചെയ്യാമായിരുന്നു. ഇനി പൊയ്ക്കോളൂ.

(സ്ത്രീകളും പ്രോംപ്ററും പോകുന്നു. പിൻകർട്ടൻ താഴുന്നു. ഗുരു സൈഡ്കർട്ടൻെറ അടുത്തു ചെന്നു് കൈകാണിക്കുന്നു. ശിഷ്യൻ പ്രവേശി ക്കുന്നു)

ഗുരു: ഇതാണു് മരണം. നീ കണ്ടില്ലേ? ഒരു മരണം സംഭ വിച്ചു. ശവത്തിൻെറ ചുററും നടക്കുന്ന ബഹളങ്ങളാണു് ഇതെല്ലാം.

ശിഷ്യൻ: അങ്ങനെ ഹൃദയശൂന്യമായിട്ടങ്ങു പറഞ്ഞാൽ ഞാനതൊക്കെ സമ്മതിച്ചുതരണമെന്നു നിയമമില്ലല്ലോ. മരണത്തിനുശേഷമുള്ള വേദനകളൊന്നും സാറു് കാണിച്ചുതന്നില്ല. അതൊന്നും അംഗീകരിക്കാനും ഭാവമില്ല.

ഗുരു: നീ വിചാരിക്കുന്നതു് ഒരു മരണം നടന്നുകഴിഞ്ഞാൽ പിന്നെ ഭൂമിയുടെ കറക്കം നിന്നുപോകുമെന്നാണു്. പിന്നെ മഴ പെയ്യുകയില്ല; സൂര്യനുദിക്കുകയില്ല; പുല്ലു മുളയ്ക്കുകയില്ല. അതൊന്നുമില്ലെടോ. കാര്യങ്ങളെല്ലാം പിന്നെയും മുറപോലെ നടക്കും.

ശിഷ്യൻ: സാറൊരു സിനിക്കാണെന്നു തോന്നുന്നു.

ഗുരു: എന്നുമുതലാണു് ഈ തോന്നൽ?

ശിഷ്യൻ: കുറച്ചു നാളായി.

ഗുരു: ആഹാ! അതുവരെ ഞാനെന്താണെന്നാണു് നീ വിചാരിച്ചിരുന്നതു്? മായനോ? നുണയനോ?

ശിഷ്യൻ; ഞാൻ തോററു.

ഗുരു: നീയെന്നെ കളിയാക്കാതെ കാര്യം മനസ്സിലാക്കാൻ ശ്രമിക്കു്.

ശിഷ്യൻ: എന്തു കാര്യമാണു് ഞാൻ മനസ്സിലാക്കേണ്ടതു്? മരിച്ചവൻെറ ബന്ധുക്കൾ എല്ലു കിട്ടിയ പട്ടികളെപ്പോലെ കടിപിടി കൂടുന്നതോ?

ഗുരു: മററുള്ളവർ മരിക്കാതിരിക്കുവാനുള്ള സമരമാണതു്. മരിച്ചവനു വേണ്ടിയല്ല. സ്വന്തം കാര്യം.

ശിഷ്യൻ: അതിശയോക്തിയാണു സാറേ.

ഗുരു: പിന്നെ നീ വിചാരിച്ചതു് അവർ ഒരു വിലാപകാവ്യവും എഴുതി അച്ചടിപ്പിച്ചു കൊണ്ടുനടക്കുമെന്നാണോ? അതോ ചിതാപ്രവേശം ചെയ്യുമെന്നോ? അതുമല്ലെങ്കിൽ, "ഹേ കഠാരമേ, ഹൃദന്തകുന്തമേ!" എന്നു തുടങ്ങി ഒരു മൈതാനപ്രസംഗവും ചെയ്തു് സദസ്യരോടു് എണ്ണിയെണ്ണി യാത്രയും പറഞ്ഞു് കുത്തിച്ചാവുമെന്നോ?

ശിഷ്യൻ: നമ്മളിവിടെ ഫിലോസഫിയും പറഞ്ഞുനിന്നാൽ ആളുകൾ മുഷിയും. കാശുകൊടുത്തു് ആളുകൾ നാടകം കാണുന്നതു് രസിക്കാനാണു്. ഫിലോസഫിയൊക്കെ നമുക്കു വല്ല ചായക്കടയിലും ചെന്നിരുന്നു പറയാം.

ഗുരു: തനിക്കൊക്കെ മുലകുപ്പിയാണു വേണ്ടതു്. ഏയു്, കർട്ടൻ!

(മുൻകർട്ടൻ താഴുന്നു)

രംഗം മൂന്നു്

[ഗുരുവും ശിഷ്യനും സംസാരിച്ചുകൊണ്ടു പ്രവേശിക്കുന്നു]

ഗുരു: നിനക്കെന്താണിത്ര നിർബ്ബന്ധം ?

ശിഷ്യൻ: നീതിയെന്നൊന്നില്ലേ സാറേ ?

ഗുരു: ഉണ്ടായിരിക്കാം. അതിനു് കോടതിയിൽ പോകണ മെന്നുണ്ടോ ?

ശിഷ്യൻ: അവിടെയല്ലേ നീതി വിതരണം ചെയ്യുന്നതു് ?

ഗുരു: ആർക്കു് ?

ശിഷ്യൻ: മരിച്ചവനു്.

ഗുരു: മരിച്ചവനോ ?

ശിഷ്യൻ: അതെ.

ഗുരു: ഈ വിചാരണകൊണ്ടു് മരിച്ചവനെന്തു നീതി ലഭിക്കു മെന്നാണു നീ പ്രതീക്ഷിക്കുന്നതു് ?

ശിഷ്യൻ: കൊലപാതകം ചെയ്തവൻ ശിക്ഷിക്കപ്പെടുന്നതു് നീതിയാണു്.

ഗുരു: നിയമമാണു്. നീതിയാണെന്നെന്താ തീർച്ച ? ഒരുത്ത നേക്കൂടി മരിപ്പിച്ചതുകൊണ്ടു് മരിച്ചുപോയവനു യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. ഇവിടെ നടന്നതു് ഒരു മരണ മാണു്. പക്ഷേ, നിയമത്തിനു മരണത്തിൽ താല്പര്യമില്ല. കൊലക്കേസിൽ മാത്രമേയുള്ളു. അതു മരിച്ചവനുവേണ്ടി യല്ല. ജീവിക്കുന്നവനുവേണ്ടിയാണു്. കൊന്നവൻ പി ന്നെയും കൊല്ലുമെന്ന ഭയം. അതുകൊണ്ടു് അവനെ കൊന്നു കളയാമെന്നു്. അത്രതന്നെ. മനസ്സിലായോ ?

ശിഷ്യൻ: ഒരു കണക്കിനു് അതു ശരിയാണു്.

ഗുരു: സകല കണക്കിനും ഭൂമിശാസ്ത്രത്തിനും അതുതന്നെ യാണു ശരി. പക്ഷേ, എനിക്കു നിന്നോടു തർക്കിക്കാൻ കഴി യില്ല. കണ്ടോളൂ. (ഉച്ചത്തിൽ) കർട്ടൻ !

(കർട്ടനുയരുന്നു. ഒരു കോടതിക്കു് വേണ്ട സജ്ജീകരണങ്ങളെല്ലാ മുണ്ടു്. ഒരു മൂലയ്ക്കായി ജഡ്ജിയുടെ മേശ. വക്കീലന്മാർ, ശിപായിമാർ, പ്രതി, സാക്ഷികൾ മുതലായവർ. എല്ലാവരും നിശ്ചലം. നിശ്ശബ്ദം. അവർ അർദ്ധപ്രകാശത്തിലാണു്)

ഗുരു: അതാ നോക്കു. (സദസ്സിനോട്) അവയെല്ലാം എൻെറ പാവകളാണു്. ഇതൊരു കോടതിയാണു്. ഇവിടെ ഒരു കേസിൻെറ വിചാരണ നടന്നുകൊണ്ടിരിക്കുന്നു. ഒരു കൊല ക്കേസു്. 1128 ൽ ക്രൈം 27. ആ ഇരിക്കുന്ന തടിയനാണു ജഡ്ജി. കൂട്ടിൽ നിൽക്കുന്നതു പ്രതി. അതിനപ്പുറം സാക്ഷികൾ. വക്കീലന്മാരെ കറുത്ത കുപ്പായംകൊണ്ടറിക. നിങ്ങളുടെയിടയിൽ വക്കീലന്മാരാരെങ്കിലുമുണ്ടെങ്കിൽ ദൈവത്തെയോർത്തുപദ്രവിക്കരുതു്. ഈ കോടതിയിലെ നടപടികളൊന്നും അത്രയ്ക്കു കൗടാതീകമായിരിക്കുകയില്ല. എന്നല്ല, ഇതൊരു കോടതിയേയല്ല. ഇതു് ഈ മറയനെ ചിലതെല്ലാം പഠിപ്പിക്കാൻവേണ്ടി ഉണ്ടാക്കിയ ഒരു രംഗമാണു്. കേസും തഥൈവ. യാതൊരു വിചാരണയും — ബലാൽസംഗക്കേസൊഴിച്ചു്—കേട്ടുനിൽക്കാൻ രസമില്ല. അതുകൊണ്ടു് അത്യാവശ്യമായതു മാത്രമേ കാണിക്കുന്നുള്ളു. (ശിഷ്യനോട്) നീ കുറച്ചങ്ങു മാറിനിൽക്കു. ആ കസേരയും മാററിയിടു. അവരും കണ്ടുകൊള്ളട്ടെ. കാശു തന്നതല്ലേ.

(ശിഷ്യൻ ഒരു വശത്തേയ്ക്കു മാറിനിന്നു് നോട്ടുബുക്കും പെൻസിലു മെടുക്കുന്നു)

ശിഷ്യൻ: സാറെന്താ പറഞ്ഞതു് 28-ൽ 27 എന്നോ, 27-ൽ 28 എന്നോ ?

ഗുരു: നീ എന്തു ചെയ്യാനാണു് ഭാവം ?

ശിഷ്യൻ: കൊലക്കേസല്ലേ ? ഒരു റിപ്പോർട്ടെഴുതിയാൽ നാളത്തെ പത്രത്തിൽ...

ഗുരു: (പൊട്ടിച്ചിരിച്ചു്) ഓ ഞാൻ മറന്നുപോയി, ആരെങ്കിലും മരിച്ചാൽ നിന്നക്കൊരു നാലരഇഞ്ചു് ന്യൂസ്. നടക്കട്ടെ. നടക്കട്ടെ. (പുറകോട്ടു തിരിഞ്ഞു് ഉച്ചത്തിൽ) ആക്ഷൻ !

(ജഡ്ജി ചുററികകൊണ്ടു് മേശപ്പുറത്തിടിക്കുന്നു. മുൻഭാഗത്തെ വിളക്കുകൾ അണയുകയും പിൻഭാഗത്തെ വിളക്കുകൾ പ്രകാശിക്കുകയുംചെയ്യുന്ന രംഗം സജീവമാകുന്നു)

ജഡ്ജി: വിസ്താരം തുടരട്ടെ.

സർക്കാർവക്കീൽ: നിങ്ങൾ പ്രതിയെ നേരിട്ടറിയുമോ?

സാക്ഷി: പിന്നെ അറിയുവോന്നു് !

സർക്കാർവക്കീൽ: ചോദ്യത്തിനുത്തരം പറയണം.

സാക്ഷി: പറയാമേ ! (ഭയന്നു വിറയ്ക്കുന്നു)

സർക്കാർവക്കീൽ: നിങ്ങൾ പ്രതിയെ അറിയുമോ ?

(സാക്ഷി വിഷമിച്ചു പോലീസുകാരുടെ നേരെ നോക്കുന്നതല്ലാതെ യാതൊന്നും പറയുന്നില്ല)

ജഡ്ജി: അറിയുമെങ്കിൽ അറിയുമെന്നു പറയണം. മറെറാന്നും പറയണ്ട.

സാക്ഷി: അറിയും.

സക്കാർവക്കീൽ: അയാഠം എന്തു ചെയ്യുന്നു ?

സാക്ഷി: കൊല്ലുന്നു. (എല്ലാവരും ചിരിക്കുന്നു. പോലീസുകാർ മീശ പിരിക്കുന്നു)

സക്കാർവക്കീൽ: അയാഠം സാധാരണയായി ഉപജീവനത്തിനു് എന്താണു് ചെയ്യുക ?

സാക്ഷി: കക്കാനീററും.

സക്കാർവക്കീൽ: കക്കാ നീററുന്നതെങ്ങനെയാണു് ?

സാക്ഷി: അയ്യയ്യ ! വക്കീൽസാറിതുവരെ കണ്ടിട്ടില്ലേ ?

സക്കാർവക്കീൽ: ഞാൻ കണ്ടിട്ടുണ്ടോ എന്നു് നിങ്ങഠം ആലോചിക്കേണ്ട കാര്യമില്ല. നിങ്ങഠം ബഹുമാനപ്പെട്ട കോടതി മുമ്പാകെയാണു് മോഴി ബോധിപ്പിക്കുന്നതു്.

സാക്ഷി: അപ്പോ ഏമാ... (എന്തോ അബദ്ധമുണ്ടെന്നു തോന്നി നിറുത്തിക്കളയുന്നു)

സക്കാർവക്കീൽ: എങ്ങനെയാണു് കക്കാ നീററുന്നതെന്നു് വിസ്തരിച്ചു പറയണം.

സാക്ഷി: (അറിയാവുന്ന ഒരു വിഷയത്തെക്കുറിച്ചു പറയാൻ അവസരം ലഭിച്ചതിലുള്ള സന്തോഷത്തോടെ) ആദ്യം വെല്യ ഒരു ചൂള. അതിൻെറയകത്തു് കക്കായും വെറകുമിടണം. മഴ നനയാതിരിക്കാൻ മേപ്പെര കെട്ടണം, ഓലകൊണ്ടു്. എന്നിട്ടു് തീവെയ്ക്കണം.

സക്കാർവക്കീൽ: ഓലയ്ക്കോ ?

സാക്ഷി: ഛേ...ഛേ...ഛേ. ഓലയ്ക്കു തീവെച്ചാൽ കത്തിപ്പോവും. വെറകിനു് തീവെയ്ക്കണം. അങ്ങനെയാണു കുമ്മായമുണ്ടാകുന്നതു്.

സക്കാർവക്കീൽ: ചൂളയ്ക്കു വളരെ ചൂടുണ്ടോ ?

സാക്ഷി: ഒരുപാടു്.

സക്കാർവക്കീൽ: ഒരാളെ ചുട്ടുകളയാൻ മാത്രമുണ്ടോ ?

പ്രതിവക്കീൽ: (ചാടി എണീററു്) യുവർ ഓണർ, ഞാനാ ചോദ്യത്തെ എതിക്കുന്നു. അതു ലീഡിംഗ് കൊസ്റ്റ്യനാണു്.

സക്കാർവക്കീൽ: അതു് ക്രൈമിൻെറ സ്വഭാവത്തേ...

ജഡ്ജി: ചോദ്യം അനുവദിക്കത്തക്കതല്ല.

സക്കാർവക്കീൽ: കക്കാ നീററുമ്പോഠം വളരെ ദുർഗ്ഗന്ധമുണ്ടോ ?

സാക്ഷി: (മൂക്കു പൊത്തുന്നു) ഒണ്ടോന്നു് ?

സക്കാർവക്കീൽ: ആ ദുർഗ്ഗന്ധം എങ്ങനെയിരിക്കും ?

സാക്ഷി: (മൂക്കിൽനിന്നു കൈയെടുക്കാതെ) മനുഷ്യേൻേറതുപോലെ.

ജഡ്ജി: എന്നുവച്ചാൽ ?

സാക്ഷി: ഉത്തരവ്വ്. (എന്തു പറയണമെന്നു നിശ്ചയമില്ലാതെ പോലീസുദ്യോഗസ്ഥനോട്ട് ആംഗ്യം കാണിച്ചു ചോദിക്കുന്നു)

ജഡ്ജി: (ചുററികകൊണ്ടു മേശപ്പുറത്തിടിച്ച്) സാക്ഷി ആരോടും സംശയം ചോദിക്കാൻ പാടില്ല. സാക്ഷി ആദ്യമായി മൂക്കിൽനിന്നും കൈയെടുക്കണം. ഇവിടെ നാററമുണ്ടോ ?

സാക്ഷി: (കൈയെടുത്തു മണത്തുകൊണ്ട്) ഇവിടെ...ഇല്ല...ഇല്ല.

ജഡ്ജി: മനുഷ്യൻെറ നാററമെന്നു പറഞ്ഞതെന്താണ് ?

സാക്ഷി: മനുഷേനെ ചുട്ടാൽ വെല്യ നാററമാണേമാനേ.

ജഡ്ജി: തുടരാം.

സക്കാർവക്കീൽ: 1128 കുംഭം പതിനേഴാംതീയതി നിങ്ങളെവിടെയായിരുന്നു ?

സാക്ഷി: ഞാനെങ്ങും പോയില്ല.

സക്കാർവക്കീൽ: എവിടെയായിരുന്നുവെന്നാണ് ചോദിച്ചതു്.

സാക്ഷി: ചൂളേല്.

സക്കാർവക്കീൽ: പൊള്ളിയില്ലല്ലോ, ഭാഗ്യം. അന്ന് അവിടെ ആരൊക്കെയുണ്ടായിരുന്നു ?

സാക്ഷി: (വിരൽ മടക്കി എണ്ണിക്കൊണ്ട്) ഞാൻ, വക്കി, പിന്നെ മരിച്ച ശവം.

സക്കാർവക്കീൽ: ശവമോ ?

സാക്ഷി: അല്ല. ആദ്യം മക്കോസ്. പിന്നെ ശവം.

സക്കാർവക്കീൽ: ശവമായതു് എങ്ങനെ ?

സാക്ഷി: വക്കി മക്കോസിനെ പിടിച്ച് ചൂളേലേക്കു തള്ളി.

സക്കാർവക്കീൽ: അതു നിങ്ങൾ കണ്ടോ ?

സാക്ഷി: കണ്ടു.

സക്കാർവക്കീൽ: അപ്പോൾ നിങ്ങൾ എവിടെയായിരുന്നു ?

സാക്ഷി: ഞാൻ അത്താഴമുണ്ണുകയായിരുന്നു.

സക്കാർവക്കീൽ: എന്തിനാണ് പ്രതി മക്കോസിനെ തള്ളിയതു് ?

സാക്ഷി: പ്രതിയും മക്കോസുംതമ്മിൽ വഴക്കുകൂടി.

സക്കാർവക്കീൽ: അവർ തമ്മിൽ എന്തെല്ലാം പറഞ്ഞു ?

സാക്ഷി: അതൊന്നും കൊള്ളാവുന്നവരുടെ കേക്കെ പറയാൻ കൊള്ളില്ല. വേണങ്കി വക്കീൽസാറിനോടു രഹസ്യമായി പറയാം.

ഗുരു: (സദസ്സിനോടു രഹസ്യം പറയുന്നതുപോലെ) നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇട്ടുകളയരുതെന്നു വേദവാക്യം.

ജഡ്ജി: (ചുററികകൊണ്ടടിച്ചുകൊണ്ട്) നിശ്ശബ്ദം! നിശ്ശബ്ദം! ആരാണവിടെനിന്നു് വർത്തമാനം പറയുന്നതു്?

ഗുരു: (ശബ്ദം താഴ്ത്തി) അടടാ! ഇതു നല്ല കൂത്തായല്ലോ. ഞാനുണ്ടാക്കിയ പാവകൾ എന്നോടുകേറിക്കോർത്തുതുടങ്ങിയോ?

ശിഷ്യൻ: മിണ്ടണ്ട സാർ. കാലം ചീത്തയാണു്.

(രണ്ടുപേരും നിലത്തിരിക്കുന്നു)

സർക്കാർവക്കീൽ: അവർ എവിടെവെച്ചാണു് വഴക്കു കൂടിയതു്?

സാക്ഷി: ചൂളേടെ മോളിലു്.

സർക്കാർവക്കീൽ: അവിടെ അവർ എന്തു ചെയ്യുകയായിരുന്നു?

സാക്ഷി: തീ എളക്കുവാൻ.

സർക്കാർവക്കീൽ: പ്രതിക്കു് മക്ക്രോസിനോടു് വിരോധമുണ്ടാകാൻ കാരണമുണ്ടോ?

സാക്ഷി: ഒണ്ടു്.

സർക്കാർവക്കീൽ: എന്തു കാരണം?

സാക്ഷി: പ്രതിയും മക്ക്രോസിൻെറ ഭാര്യയുമായി എന്തോ ഒക്കെയുണ്ടെന്നാണു് ജനസംസാരം.

സർക്കാർവക്കീൽ: എന്തോ ഒക്കെ എന്നുവച്ചാലെന്താണു്?

സാക്ഷി: (അല്പം മടിച്ചു്) പാപംചെയ്യലു്.

സർക്കാർവക്കീൽ: അതു ശരിയാണോ?

സാക്ഷി: എനിക്കറിയില്ല.

സർക്കാർവക്കീൽ: മക്ക്രോസിൻെറ ഭാര്യ സുന്ദരിയാണോ?

പ്രതിവക്കീൽ: യുവർ ഓണർ, ആ ചോദ്യം അനാവശ്യമാണു്.

സർക്കാർവക്കീൽ: ആ ചോദ്യത്തിനു് കുററത്തിൻെറ ഉദ്ദേശ്യവുമായി ബന്ധമുണ്ടു്.

ജഡ്ജി: ചോദ്യം അനുവദിക്കത്തക്കതാണു്.

സർക്കാർവക്കീൽ: സാക്ഷി ഉത്തരം പറയണം.

സാക്ഷി: എന്തിനു്?

സർക്കാർവക്കീൽ: മക്ക്രോസിൻെറ ഭാര്യ സുന്ദരിയാണോ?

സാക്ഷി: അറിയില്ല. (സ്വയം) എന്നിട്ടു വേണം അയാൾ എൻെറ പെടലി ഒടിക്കാൻ.

സർക്കാർവക്കീൽ: പ്രതി വഴക്കുണ്ടാക്കിയപ്പോൾ നിങ്ങൾ അയാളെ തടയാൻ ശ്രമിച്ചോ?

സാക്ഷി: ഇല്ല.

സൎക്കാർവക്കീൽ: എന്തുകൊണ്ടു് ?

സാക്ഷി: എനിക്കു പേടിയായി. പ്രതി അല്പം മദ്യപാനം സേവിച്ചിട്ടുണ്ടായിരുന്നു.

സൎക്കാർവക്കീൽ: മാൎക്കോസ് തീയിൽ വീണുകഴിഞ്ഞു് നിങ്ങൾ അയാളെ കണ്ടോ ?

സാക്ഷി: ഇല്ല. ഞാൻ ചുറ്റേല്ലു് നോക്കി. താണുപോയിക്കാണും.

സൎക്കാർവക്കീൽ: പിന്നെ മൎക്കോസ് മരിച്ചുവെന്നു നിങ്ങൾ എങ്ങനെയറിഞ്ഞു ?

സാക്ഷി: വെന്ത നാററംകൊണ്ടു്.

സൎക്കാർവക്കീൽ: പിന്നെ നിങ്ങൾ എന്തുചെയ്തു ?

സാക്ഷി: ഞാൻ ഓടിപ്പോയി സ്റ്റേഷനീച്ചെന്നു പറഞ്ഞു.

സൎക്കാർവക്കീൽ: ഇപ്പോൾ മൎക്കോസിൻെറ കുടുംബത്തെ രക്ഷിക്കുന്നതാരാണു് ?

സാക്ഷി: ആരും രക്ഷിക്കണില്ല.

സൎക്കാർവക്കീൽ: അയാൾക്കു് എത്ര കുട്ടികളുണ്ടു് ?

സാക്ഷി: നാലു്.

സൎക്കാർവക്കീൽ: അവരിപ്പോൾ എങ്ങനെ കഴിയുന്നു ?

സാക്ഷി: പട്ടിണിയാണു്.

സൎക്കാർവക്കീൽ: അവിടെ ജോലിചെയ്യാൻ കഴിവുള്ള ആരെങ്കിലുമുണ്ടോ ?

സാക്ഷി: ഇല്ല. അയാളുടെ കെട്ട്യോളും കെഴവൻ തന്തയും മാത്രേയൊള്ളു. വെല്യ കഷ്ടമാ.

(സൎക്കാർവക്കീൽ ഇരിക്കുന്നു)

ജഡ്ജി: ക്രോസ്.

പ്രതിവക്കീൽ: ഉണ്ടു്. (സാക്ഷിയോടു്) നിങ്ങൾ ഇതിനുമുമ്പു് എപ്പോഴെങ്കിലും സാക്ഷി പറഞ്ഞിട്ടുണ്ടോ ?

സാക്ഷി: ഇതിനുമുമ്പു് ഇങ്ങനത്തതൊന്നും ഞാൻ ചെയ്തിട്ടില്ല.

പ്രതിവക്കീൽ: സാക്ഷിപറയാൻവേണ്ടി നിങ്ങൾക്കു് ആരെങ്കിലും പണം തന്നിട്ടുണ്ടോ ?

സാക്ഷി: ഇല്ല.

പ്രതിവക്കീൽ: ഭീഷണിപ്പെടുത്തിയിട്ടുണ്ടോ ?

സാക്ഷി: ഇല്ല.

പ്രതിവക്കീൽ: നിങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ പിടിച്ചു സത്യം ചെയ്തിട്ടാണു് മൊഴി ബോധിപ്പിക്കുന്നതെന്നോൎമ്മയുണ്ടോ ?

സാക്ഷി: ഒണ്ടു്.

പ്രതിവക്കീൽ: കള്ളസാക്ഷി പറഞ്ഞാൽ ശിക്ഷയെന്താണെന്നറിയാമോ ?

സാക്ഷി: അറിയാം. (കോടതിയിൽ അത്ഭുതം)

പ്രതിവക്കീൽ: ഉം ! എന്താണു് ശിക്ഷ ?

സാക്ഷി: നരകത്തീപ്പോവും. (കോടതിയിൽ ചിരി)

പ്രതിവക്കീൽ: നിങ്ങരം എപ്പോഴാണു് അത്താഴം കഴിക്കുക ?

സാക്ഷി: സന്ധ്യ കഴിഞ്ഞു്.

പ്രതിവക്കീൽ: സന്ധ്യ കഴിഞ്ഞു നിങ്ങരംക്കു് എത്രയകലെ കാണാൻ കഴിയും ?

സാക്ഷി: സന്ധ്യകഴിഞ്ഞു്...ങ്ങ്...ഇരുട്ടല്ലേ. കാണാമ്മേല.

പ്രതിവക്കീൽ: പിന്നെയെങ്ങനെയാണ നിങ്ങരം കൃത്യം കണ്ടതു് ?

സാക്ഷി: (ഒന്നു മിഴിച്ചു നിന്നിട്ടു്) വെളക്കൊണ്ടാന്നു.

പ്രതിവക്കീൽ: നിങ്ങരം പതിവായി പോലീസ്സ്റേറഷനിൽ പോകാറുണ്ടോ ?

സാക്ഷി: ഞാൻ പതിവായി പോലീസ്സ്റേറഷനിൽ പോകാറില്ല.

പ്രതിവക്കീൽ: നിങ്ങരം പഞ്ചാംഗം നോക്കാറുണ്ടോ ?

സാക്ഷി: ഇല്ല.

പ്രതിവക്കീൽ: സംഭവം നടന്നതു കുംഭം പതിന്നാലാംതീയതിയാണെന്നു തീർച്ചയുണ്ടോ ?

സാക്ഷി: ഒണ്ടു്.

സക്കാർവക്കീൽ: യുവർ ഓണർ, ആ ചോദ്യം അനാവശ്യമാണു്.

പ്രതിവക്കീൽ: സാക്ഷി ചോദ്യത്തിനുത്തരം പറഞ്ഞുകഴിഞ്ഞു. ചോദ്യവും ഉത്തരവും രേഖപ്പെടുത്തണമെന്നു ഞാനപേക്ഷിക്കുന്നു.

ജഡ്ജി: (സക്കാർവക്കീലിനോടു്) മി. കരുണാകരൻനായർ എന്തു പറയുന്നു ?

സക്കാർവക്കീൽ: എൻെറ ഒബ്ജക്ഷനുംകൂടി രേഖപ്പെടുത്തണം.

ജഡ്ജി: ശരി. ക്രോസ്സ് തുടരാം.

പ്രതിവക്കീൽ: ചൂളയുടെ മുകളിൽനിന്നു മക്കോസ് വീഴുന്നതു നിങ്ങരം കണ്ടോ ?

സാക്ഷി: കണ്ടു.

പ്രതിവക്കീൽ: കക്കാ നീററിക്കഴിയാൻ എത്ര ദിവസം വേണം ?

സാക്ഷി: രണ്ടു്.

പ്രതിവക്കീൽ: കക്കായുടെ നാററവും മനുഷ്യൻെറ നാററവും നിങ്ങ൦ക്കു തിരിച്ചറിയാൻ കഴിയുമോ ?

സാക്ഷി: ഇല്ല.

പ്രതിവക്കീൽ: മക്കോസ് നിങ്ങളുടെ പെടലി ഒടിച്ചേയ്ക്കു മെന്നു നിങ്ങ൦ ഭയപ്പെട്ടു. അല്ലേ ?

സാക്ഷി: അതെ.

പ്രതിവക്കീൽ: മക്കോസ് ചൂളയിൽ വീണപ്പോ൦ വെള്ള മൊഴിച്ചു തീകെടുത്താൻ പാടില്ലായിരുന്നോ ?

സാക്ഷി: (പൊട്ടിച്ചിരിച്ചു്) നീററുകക്കായിൽ വെള്ളമൊഴി ക്കാനോ ! നല്ല കളിയായി !

പ്രതിവക്കീൽ: എന്തുകൊണ്ടു് ?

സാക്ഷി: മുഴുവനും തവിടുപൊടിയായിപ്പോകും.

പ്രതിവക്കീൽ: നിങ്ങ൦ കള്ളു കുടിക്കാറുണ്ടോ ?

സാക്ഷി: ഇല്ല.

പ്രതിവക്കീൽ: പ്രതിയും മക്കോസിൻെറ ഭാര്യയുമായി എന്തോ ഒക്കെ ഉണ്ടെന്നല്ലേ നിങ്ങ൦ പറഞ്ഞതു് ?

സാക്ഷി: മനുഷേരു പറയണതാ.

പ്രതിവക്കീൽ: അതു ശരിയാണെങ്കിൽ മക്കോസല്ലേ ദേഷ്യ പ്പെടേണ്ടതു് ?

സാക്ഷി: അതു്...ങ്ങ്...

ഗുരു: (രംഗമദ്ധ്യത്തിലേക്കു കടന്നുവന്നു്) കട്ടു് ! കട്ടു് ! കട്ടു് ! കർട്ടൻ താഴ്ത്താനാണു പറഞ്ഞതു്.

(കോടതിയുടെ കർട്ടൻ താഴുന്നു)

ഗുരു: തല്ക്കാലം കോടതി നില്ക്കട്ടെ. നിനക്കു് കാര്യം മനസ്സി ലായോ ?

ശിഷ്യൻ: എന്തുകാര്യം ?

ഗുരു: ആ വക്കീലു ചോദിക്കുന്നതു കേട്ടില്ലേ ? മരിച്ചവൻെറ കുടുംബത്തെ രക്ഷിക്കുന്നതു് ആരാണെന്നു് ?

ശിഷ്യൻ: അതെ. അതുതന്നെയാണു് ഞാനും ആലോചിക്കു ന്നതു്. പാവങ്ങ൦ പട്ടിണിതന്നെ മിച്ചം. ഒരുക്കൂട്ടം യാചക ന്മാർകൂടി വർദ്ധിച്ചു.

ഗുരു: നീ മാത്രമല്ല ലോകത്തിലെ സകല മനുഷ്യന്മാരും അതു തന്നെയാണാലോചിക്കുന്നതു്. മരണമെന്നു കേട്ടാൽ ഉടനെ ആലോചനയായി, മരിച്ചവനെക്കൊണ്ടു കാലക്ഷേപം കഴിച്ചിരുന്നവൻെറ ഗതിയെപ്പററി. മരിച്ചവൻെറ ഭാര്യ,

മക്കാം, അടുത്തുള്ള കള്ളഷാപ്പുകാരൻ, കട്ടിലിലെ മൂട്ട, പള്ളീലെ അച്ചൻ, പരിചയമുള്ള സാഹിത്യകാരന്മാർ, അങ്ങനെ നീണ്ടുനീണ്ടു പോകുന്ന ഒരു വംശാവലി. ഒന്നും കിട്ടാത്തവൻ റിപ്പോർട്ടെഴുതി കാശുണ്ടാക്കുകയും ചെയ്യും.

ശിഷ്യൻ: ഇതൊന്നുമല്ലാതെ പിന്നെയെന്താണു് സാർ ആലോചിക്കേണ്ടതു് ?

ഗുരു: അതുതന്നെയാണെടാ നിങ്ങളൊക്കെ ആലോചിക്കേണ്ടതു്. ഞാൻ മരിച്ചാൽ എന്റെ ഒടിഞ്ഞ കുട, ചിതലു തിന്ന പുസ്തകം ഇവയൊക്കെ തട്ടിയെടുക്കുന്നതെങ്ങിനെയെന്നാലോചിക്കണം. യാതൊരു സ്വാർത്ഥതയുമില്ലാത്ത ചിന്താഗതി ! എടോ, എന്നെ കുഴിച്ചിടുന്ന കാര്യംപോലും ആലോചിക്കണ്ടേ ?

ശിഷ്യൻ: അതും വേണം.

ഗുരു: വേണമത്രെ. എനിക്കതല്ലാതെ പിന്നെയെന്താണു വേണ്ടതു് ?

ശിഷ്യൻ: അങ്ങിനെയാണെങ്കിൽ, സാറിനു് അതും വേണ്ടല്ലോ ?

ഗുരു: ഹാവൂ. നിനക്കിത്രയെങ്കിലും ബുദ്ധിയുണ്ടല്ലോ. എന്നെ കുഴിച്ചിടുന്നതും എനിക്കുവേണ്ടിയല്ല.

ശിഷ്യൻ: അതുകൊണ്ടു് ?

ഗുരു: അതുകൊണ്ടൊന്നുമില്ല. എന്റെ മരണംകൊണ്ടു് എനിക്കു നഷ്ടമൊന്നും വരാനില്ലെന്നുമാത്രം. വല്ല നഷ്ടവുമുണ്ടെങ്കിൽ അതു നിങ്ങൾക്കാണു്. എനിക്കു യാതൊരു സങ്കടത്തിനും അവകാശമില്ല. സങ്കടപ്പെടാൻ ഞാനുണ്ടായിരിക്കയില്ലല്ലോ.

ശിഷ്യൻ: അതുകൊണ്ടു് മരണം നിസ്സാരമാണെന്നു വരുമോ?

ഗുരു: എന്നാരു പറഞ്ഞു ?

ശിഷ്യൻ: പിന്നെയെന്താണു് സാറീ പറയുന്നതു് ?

ഗുരു: അവനവന്റെ മരണത്തെപ്പററി അവനവനുണ്ടാകേണ്ട വിചാരമാണു ഞാൻ പറഞ്ഞതു്. വെറും ഫലിതം.

ശിഷ്യൻ: സാറിന്റെ നർമ്മബോധം ഇത്തിരി...

ഗുരു: നിന്റെ സാഹിത്യവിമർശം കൊണ്ടുപോയിച്ചുട്ടു്. മരണത്തിന്റെ വേദന ശരിയായി കാണിച്ചുതരാം. (പുറകോട്ടു്) ഹെയു് കർട്ടൻ !

(കോടതിയുടെ കർട്ടനുയരുന്നു)

(കോടതി. രണ്ടു പോലീസുകാരല്ലാതെ മററാരുമില്ല)

ഗുരു: ഏയ് !

303: തനിക്കെന്തുവേണം ?

ഗുരു: ഈ കോടതിയിലെ ആളുകളെല്ലാമെവിടെപ്പോയി ?

516: ഇതൊക്കെ ചോദിക്കാൻ താനാരാ ?

ഗുരു: ഞാൻ ദേവേന്ദ്രൻെറ അച്ഛൻ മുത്തുപ്പട്ടരു്. ചോദിച്ചതിന്നുത്തരം പറഞ്ഞുകൂടെ ?

516: വയസ്സുകാലത്തു് ക്ഷയംപിടിച്ചു മരിക്കണമെന്നാണോ കാരണവരുടെ ജാതകം ?

ശിഷ്യൻ: മയ്യാദയ്ക്കു് ഒരു ചോദ്യം ചോദിച്ചാൽ മയ്യാദയ്ക്കു മറുപടി പറയുന്നതു് നിങ്ങളുടെ ഉദ്യോഗത്തിനു പോരായ്മയാണോ ?

516: ഇവനേതാടാ ? (ശിഷ്യൻെറ നേരെ തിരിയുന്നു. ഇതിനിടയിൽ ഗുരു അകത്തേയ്ക്കു പോകുന്നു)

303: ഓ, അവനാ പത്രത്തിലേതാണ്ടു പേനയുന്തിക്കൊണ്ടു നടക്കുന്നവനാ.

516: ആഹാ ! താൻ പത്രത്തിലെഴുതിക്കളയുമെന്നായിരിക്കും ഭാവം. ഒലക്കേടെ മൂടാണു്; ഒലക്കേടെ !

ശിഷ്യൻ: ചേട്ടാ, നിങ്ങളെന്തിനാ വെറുതേ ആളെ കളിയാക്കുന്നതു്. അവരെല്ലാം എവിടെപ്പോയിയെന്നു പറഞ്ഞുകൂടെ ?

303: ശരി. ബഹുമാനപ്പെട്ട കോടതി ലഞ്ചിനു പിരിഞ്ഞിരിക്കുകയാണു്.

ശിഷ്യൻ: പ്രതിയൊ ?

303: ബഹുമാനപ്പെട്ട പ്രതിയും ലഞ്ചിനു പിരിഞ്ഞിരിക്കുന്നു.

516: എന്തിനാ ഇതൊക്കെ അന്വേഷിക്കുന്നതു് ? പത്രത്തിലിടാനാണോ ? ഞങ്ങൾക്കു പേടിയുണ്ടായിട്ടൊന്നുമല്ല.

ശിഷ്യൻ: ഏയു്. അതൊന്നുമല്ല. വെറുതേ അന്വേഷിച്ചുവെന്നുമാത്രം. അങ്ങത്തയായിരിക്കും പ്രതിയെ അറസ്ററു് ചെയ്തതു്.

303: അല്ല സാറേ, അദ്ദേഹത്തെ ക്ഷണിച്ചു കൊണ്ടുവന്നതു് ഈ വിനീതവിധേയനാണു്.

ശിഷ്യൻ: അകത്തെ കഥയെങ്ങിനെയാണു് ? അയാൾക്കു വല്ല സൗകയ്യങ്ങളുമുണ്ടോ ?

303: സാറെന്താ വിചാരിച്ചതു്. സ്വീകരണസൽക്കാരം സാറൊന്നു കാണേണ്ടതായിരുന്നു.

516: പക്ഷേ, അദ്ദേഹത്തിനു കുളിക്കാൻ ബലാഗുളിച്യാദി എണ്ണ കൊണ്ടുവന്നതു് അടിയനാണേ.

303: ഫൂ, തൻെറ എണ്ണ ! ഞാനാ പിയേഴ്സ് സോപ്പു കൊണ്ടുവന്നില്ലെങ്കിൽ തൻെറ എണ്ണ എങ്ങനെ കഴുകിക്കളയും ?

(ശിഷ്യൻ മിഴിച്ചുനിൽക്കുന്നു)

516: ഓ, ഒരു സോപ്പിൻെറ വില ! കുളിക്കാൻ വെള്ളം ചൂടാക്കിയതു് ആരാണു് ? താനൊന്നു പറയൂ. ആരാണു് ?

303: ആരാണു പുറം തേച്ചുകൊടുത്തതു് ? പറ. ആരാണു സാനട്ടോജൻ കൊണ്ടുവന്നതു് ?

ശിഷ്യൻ: നില്ക്കണേ. നില്ക്കണേ. നിങ്ങൾ പറയുന്നതു കേട്ടിട്ടു് പ്രതി ഏതോ സ്റ്റേററ്ഗസ്റ്റാണെന്നു തോന്നുമല്ലോ!

303: എന്താ സംശയം. ശ്രീ പപ്പനാവൻെറ ഗസ്റ്റ്.

516: പോരെങ്കിൽ അദ്ദേഹം ഒരു സൈക്കളൊജിക്കൽ കേസുകൂടിയാണു്.

ശിഷ്യൻ: സൈക്കോളജി !

516: സാറിനിതൊന്നും അറിയുകയില്ല. ക്രിമിനൽ കുററം മനശ്ശാസ്ത്രത്തിലെ ഒരു പ്രശ്നമാണു്. ഞങ്ങൾ പുള്ളികളെയെല്ലാം രോഗികളായിട്ടാണു ഗണിക്കുന്നതു്.

303: നിങ്ങൾക്കറിയാമോ ഞങ്ങളെന്തെല്ലാം ചികിത്സകളാണു നടത്തുന്നതെന്നു്. ധാര, പിഴിച്ചിൽ, കഷായം...

516: കായകല്പത്തിനു് സജ്ജീകരണങ്ങൾ എല്ലാം നടക്കുന്നുണ്ടു്.

(ശിഷ്യൻ ഒന്നു മിഴിച്ചു് ബോധംകെട്ടു് താഴെ വീഴുന്നു. പോലീസുകാർ ചിരിക്കുന്നു. ഗുരു പ്രവേശിക്കുന്നു)

ഗുരു: എന്തുപററി ?

303: അദ്ദേഹം ചിന്തിക്കുകയാണു്.

ഗുരു: വാഴത്തടിപോലെ കിടന്നാണോ ചിന്തിക്കുന്നതു് ?

516: അതു വിഷയത്തിൻെറ ഗൗരവമനുസരിച്ചിരിക്കും.

ഗുരു: എന്താണു വിഷയം ?

(ഇതിനിടയിൽ ശിഷ്യൻ എഴുന്നേററിരിക്കുന്നു)

ഗുരു: നീ എഴുന്നേററുനില്ക്കു്. ഞാനാ ജഡ്ജിയോടും മററും വരാൻ പറഞ്ഞിട്ടുണ്ടു്. അയാൾ വരുമ്പോൾ നീ ഇങ്ങനെ കിടന്നാലോ ?

303: (ശിഷ്യനെ പിടിച്ചെഴുന്നേല്പിക്കുന്നു. ഗുരുവിനോടു തിരിഞ്ഞു്) കുറച്ചുമുമ്പു സാറെന്തോ ചോദിക്കാൻ തുടങ്ങിയല്ലോ.

ഗുരു: വിശേഷിച്ചൊന്നുമില്ല. ഈ മരണത്തെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണു് ?

303: അഭിപ്രായമോ ?

ഗുരു: അതെ. അഭിപ്രായം.

303: ഒരു വെറും കൊലക്കേസ്. ഒരു നിർഭാഗ്യവാൻ മരിച്ചു.

516: മററൊരു നിർഭാഗ്യവാൻ മരിക്കാൻ പോകുന്നതു വിട്ടു കളയേണ്ട.

ഗുരു: അവനെ ശിക്ഷിക്കുമെന്നു തീർച്ചയുണ്ടോ ?

303: എന്താ സംശയം ?

ഗുരു: വിചാരണ കഴിഞ്ഞില്ലല്ലോ.

516: ഇങ്ങേർക്കു വലിയ കാര്യവിവരമൊന്നുമില്ലെന്നു തോന്നുന്നു. ഞാൻ പറഞ്ഞുതരാം. ഞങ്ങൾ ബഹുമാനപ്പെട്ട പ്രതിയുമായി ഒരു അഭിമുഖസംഭാഷണം നടത്തി. അദ്ദേഹം സകലതും തുറന്നു പറഞ്ഞു. അദ്ദേഹം ഒരു കൊല ചെയ്തുവെന്നേയുള്ളു. അതും കോപംകൊണ്ട്. പക്ഷേ, അദ്ദേഹം കളവു പറയുന്ന സ്വഭാവക്കാരനല്ല.

303: വലിയ ഈശ്വരഭക്തനുമാണ്.

516: പക്ഷേ, വേണ്ടത്ര സംസ്കാരമില്ല. അതാണ് ഇവരുടെയൊക്കെ കുഴപ്പം.

(ഇതിനിടയിൽ ജഡ്ജിയും മററും കോടതിയിലേയ്ക്കു കയറിവരുന്നു. 303 'ശ്ശ്ശ്' എന്നു പറഞ്ഞു ഡ്യൂട്ടിനിൽക്കുന്നു. ജഡ്ജി ചുററികകൊണ്ട് മേശപ്പുറത്തു ഇടിക്കുന്നു.)

ജഡ്ജി: അടുത്ത സാക്ഷി.

ശബ്ദം: (അണിയറയിൽ) അഞ്ചാംസാക്ഷി നാരായണപിള്ള ഗോപാലകൃഷ്ണശാസ്ത്രി.

മററൊരു ശബ്ദം: (അണിയറയിൽ) അഞ്ചാംസാക്ഷി നാരായണപിള്ള ഗോപാലകൃഷ്ണശാസ്ത്രി !

(ശാസ്ത്രി പ്രവേശിച്ച് സാക്ഷിക്കൂട്ടിൽ നിൽക്കുന്നു പോലീസുകാരൻ രാമായണം കൊടുക്കുന്നു)

ശാസ്ത്രി: ഒരു വിനീതമായ അപേക്ഷ.

ജഡ്ജി: ഉം ?

ശാസ്ത്രി: വിശുദ്ധഗ്രന്ഥത്തിൽ പിടിച്ച് സത്യം ചെയ്യണമെന്നാണെങ്കിൽ ഈ ഗ്രന്ഥം എനിക്കു സ്വീകാര്യമല്ല.

ജഡ്ജി: പിന്നെയെന്ത് ? കൊറാൻ വേണോ ?

ശാസ്ത്രി: അല്ല.

ജഡ്ജി: പിന്നെ ?

ശാസ്ത്രി: കാറൽമാർക്സിന്റെ കാപ്പിററൽ എന്ന മഹൽഗ്രന്ഥം.

ജഡ്ജി: (അല്പം ആലോചിച്ച്) അത് നിയമമനുവദിക്കുന്നില്ല. സാക്ഷിക്കു വേദമില്ലാതെ സത്യപ്രതിജ്ഞ നടത്താം.

(ശാസ്ത്രി സത്യപ്രതിജ്ഞ നടത്തുന്നു. തീരെ താഴ്ന്ന ശബ്ദത്തിലായതുകൊണ്ടു കേൾക്കുന്നില്ല)

സക്കാർവക്കീൽ: പേരു്.

ശാസ്ത്രി: ഗോപാലകൃഷ്ണശാസ്ത്രി.

സക്കാർവക്കീൽ: വയസ്സു്.

ശാസ്ത്രി: ഇരുപത്തിനാലു്.

സക്കാർവക്കീൽ: ജാതി.

ശാസ്ത്രി: ഭാരതീയഹിന്ദു.

സക്കാർവക്കീൽ: തൊഴിൽ.

ശാസ്ത്രി: കണക്കെഴുത്തു്.

സക്കാർവക്കീൽ: എവിടെയാണു കണക്കെഴുത്തു് ?

ശാസ്ത്രി: പണിക്കരു് മുതലാളിയുടെ കുമ്മായഫാക്ടറിയിൽ.

സക്കാർവക്കീൽ: നിങ്ങൾ പ്രതിയെ അറിയുമോ ?

ശാസ്ത്രി: അറിയും.

സക്കാർവക്കീൽ: അയാൾക്കെന്താണു ജോലി ?

ശാസ്ത്രി: കുമ്മായച്ചൂളയിലെ ജോലി.

സക്കാർവക്കീൽ: അയാളും മരിച്ചയാളും തമ്മിൽ എന്തെങ്കിലും വിരോധമുള്ളതായിട്ടറിയാമോ ?

ശാസ്ത്രി: ഇല്ല.

സക്കാർവക്കീൽ: 1128 കുംഭമാസം പതിനേഴാംതീയതി നിങ്ങൾ കടയിൽ പോയിരുന്നോ ?

ശാസ്ത്രി: പോയിരുന്നു.

സക്കാർവക്കീൽ: അന്നു് പ്രതിയും മരിച്ചയാളും ജോലിക്കു വന്നിരുന്നോ ?

ശാസ്ത്രി: വന്നിരുന്നു.

സക്കാർവക്കീൽ: എപ്പോഴാണു നിങ്ങൾ അവരെ അവസാനമായി കണ്ടതു് ?

ശാസ്ത്രി: മരിച്ചയാളിനെ ഉച്ചയ്ക്കു കണ്ടു. പ്രതിയെ ഇപ്പോഴും കാണുന്നു.

സക്കാർവക്കീൽ: പ്രതി വിവാഹിതനാണോ ?

ശാസ്ത്രി: അല്ല.

ജഡ്ജി: ക്രോസ് !

പ്രതിവക്കീൽ: പ്രതിയും മരിച്ചയാളും ഒരുമിച്ചാണോ ജോലിക്കു വന്നുകൊണ്ടിരുന്നതു് ?

ശാസ്ത്രി: അതെ.

പ്രതിവക്കീൽ: അവർ തമ്മിൽ ഇതിനു മുമ്പു് വഴക്കുണ്ടായിട്ടുണ്ടോ ?

ശാസ്ത്രി: എന്റെ അറിവിൽ ഇല്ല.

പ്രതിവക്കീൽ: മരിച്ചയാൾ വിവാഹിതനാണോ?

ശാസ്ത്രി: അതെ.

(പ്രതിവക്കീൽ ഇരിക്കുന്നു)

ജഡ്ജി: (ചുററികകൊണ്ടിടിക്കുന്നു) അടുത്ത സാക്ഷി.

ഗുരു: മതിമതി. കർട്ടൻ!

(കോടതിയുടെ കർട്ടൻ താഴ്ത്തുന്നു)

ശിഷ്യൻ: എന്താ നിറുത്തിക്കളഞ്ഞതു്?

ഗുരു: ഇന്നത്തേക്കു് ഇത്ര ദോഷം മതി. നീയെന്താ കുറിപ്പെഴുത്തു നിറുത്തിക്കളഞ്ഞതു്?

ശിഷ്യൻ: ഇതൊന്നും ഒരു പത്രത്തിനു കൊള്ളുകയില്ല.

ഗുരു: നിനക്കിപ്പോൾ ഇതെല്ലാം ഒരു സ്ഥലവാർത്ത! അല്ലേ?

ശിഷ്യൻ: സാറിനതും പുച്ഛം. ഞാനേതായാലും ചെന്നു് വല്ലതുമൊക്കെ എഴുതിക്കൊടുക്കട്ടെ. (പോകുന്നു)

ഗുരു: ശരി ശരി.

(ഒരു ചാരുകസേര വലിച്ചിട്ടു് ഇരിക്കുന്നു. കൈകൊണ്ടു് ആംഗ്യം കാണിക്കുമ്പോൾ മുൻകർട്ടൻ വീഴുന്നു)

രംഗം നാല്

[പത്രമാഫീസാണു്. സഖറിയായും രാമകൃഷ്ണനും ജോലിചെയ്തു കൊണ്ടിരിക്കുകയാണു്. ശിഷ്യൻ പ്രവേശിക്കുന്നു]

സഖറിയാ: വിചാരണയുടെ റിപ്പോർട്ടു കിട്ടിയോ?

ശിഷ്യൻ: കുറെയൊക്കെ.

സഖറിയാ: ഹും? എന്താ തനിക്കൊരു രസമില്ലാത്തതുപോലെ?

ശിഷ്യൻ: എന്തുരസമാണു ചെങ്ങാതീ, രണ്ടുവക്കീലന്മാരും ഒരോ പാവങ്ങളെയിട്ടു കൊത്തിപ്പറിക്കുന്നതു്. കാര്യം വല്ലതുമുണ്ടോ, അതൊട്ടില്ലതാനും.

സഖറിയാ: പിന്നെ താൻ വിചാരിച്ചതു കേസുവിചാരണ നിയമസഭപോലെയിരിക്കുമെന്നാണോ!

രാമകൃഷ്ണൻ; നിയമസഭയിൽ രസം കൂട്ടക്കണക്കിനാണു്!

സഖറിയാ: എന്തെങ്കിലുമാകട്ടെ. എഴുതി ഉണ്ടാക്കൂ. (ഫോൺ മണിയടിക്കുന്നു. സഖറിയാ ഫോണെടുക്കുന്നു.) ഹലോ! അതെ—ഉം —അങ്ങനെയാകട്ടെ... നാളത്തന്നെ വേണോ?—ഉം. (ഫോൺ താഴെവയ്ക്കുന്നു)

സഖറിയാ: വിദ്യാഭ്യാസമന്ത്രിയുടെ പ്രസംഗത്തിലൊരു തിരുത്തുണ്ടത്രേ. എഴുതിക്കൊടുത്തയയ്ക്കാമെന്നു പറയുന്നു. അതു മാത്രമേ പബ്ലിഷ് ചെയ്യാവൂ എന്നു്.

രാമകൃഷ്ണൻ: പ്ലാററ്ഫാറത്തിൽ കേറിയാൽ കണ്ടപത്രാദിയെല്ലാം വലിച്ചുവാരി പറയും. എന്നിട്ടു് പിന്നെ തിരുത്താൻനടക്കുകയാണു്. പറഞ്ഞെന്നും, പറഞ്ഞില്ലെന്നും, പറഞ്ഞെന്നുപറഞ്ഞില്ലെന്നും!

സഖറിയാ: ഏതായാലും കുന്തമാണു്. പിള്ള ഇപ്പോഠം റിപ്പോർട്ടുമായിട്ടു വരും. അയാഠം വഴിക്കിരിക്കുന്നിടം നോക്കി നടക്കുകയാണു്. എടോ മാത്യു, ആ കേസെങ്ങനെയാ. ശിക്ഷിക്കുമോ?

ശിഷ്യൻ: എന്നാണു തോന്നുന്നതു്. കൃത്യം കണ്ടസാക്ഷി, കേട്ട സാക്ഷി. പിന്നെ കണക്കെഴുതിയ സാക്ഷി, മൂന്നാം സാക്ഷി, നാലാംസാക്ഷി, ലാത്തി, ചട്ടകം പിന്നെയെന്താണു വേണ്ടതു്?

രാമകൃഷ്ണൻ: ശവം കിട്ടിയോ?

സഖറിയാ: അതെത്രാം സാക്ഷിയാണു്?

ശിഷ്യൻ: ബോറടിക്കാതെ. ഈ നരകമൊന്നു് എഴുതിത്തീക്കട്ടെ.

രാമകൃഷ്ണൻ: (ഉച്ചത്തിൽ) ഗോപീ! ഗോപീ!

സഖറിയാ: എടോ രാമകൃഷ്ണാ, എനിക്കൊരല്പം ഫിലോസഫി വരുന്നു.

രാമകൃഷ്ണൻ: പേടിക്കണം; പേടിക്കണം. വേഗം ഛർദ്ദിച്ചേക്കുക.

സഖറിയാ: ഒന്നും ഒന്നും കൂട്ടിയാൽ പൂജ്യമാണോ?

രാമകൃഷ്ണൻ: അതു ഫിലോസഫി അല്ല. മാതമാററിക്സാണു്.

സഖറിയാ: പ്രസ്ഥാനമേതെങ്കിലുമാകട്ടെ. ഉത്തരം പറയൂ.

രാമകൃഷ്ണൻ: പക്ഷാന്തരമുണ്ടു്. ഉമ്മിണി വല്യ ഒന്നാണെന്നൊരഭിപ്രായം പ്രചരിച്ചിട്ടുണ്ടു്. ചിലപ്പോഠം മൂന്നായി കണ്ടിട്ടുണ്ടു്. ഞങ്ങഠം കുടിപ്പള്ളിക്കൂടത്തിൽ പഠിച്ചതു് രണ്ടാണെന്നാണു്.

സഖറിയ: ഏതായാലും പൂജ്യമാകുമോ?

രാമകൃഷ്ണൻ: ഇല്ലെന്നാണു വിദ്വന്മതം.

സഖറിയാ: പിന്നെയെന്തിനാ ഒരുത്തൻ ചത്തതിനു വേറൊരുത്തനെക്കൂടിക്കൊല്ലുന്നതു്?

ശിഷ്യൻ: (തലപൊക്കി)മററു രണ്ടുപേരേക്കൂടി കൊല്ലാൻ നിവൃത്തിയില്ലാത്തതുകൊണ്ടു്.

സഖറിയാ: അയാളതു തമാശാക്കുകയാണു്.

ശിഷ്യൻ: ആരോഗ്യമുള്ള മറേറാരുത്തനേക്കൂടി കൊല്ലുന്നതു തമാശല്ലാതെ പിന്നെയെന്താണു്.

രാമകൃഷ്ണൻ: നിയമം.

സഖറിയാ: ചഞ്ചലബുദ്ധിയായിക്കൂടെ?

രാമകൃഷ്ണൻ: എന്നുവച്ചാൽ?

ശിഷ്യൻ: ഗ്രാമ്യഭാഷയിൽ, ഭ്രാന്തു്.

സഖറിയാ: അത്ര കടത്തിപ്പറയാൻ ഞാൻ തയാറില്ല. എങ്കിലും ഈ ഏർപ്പാടു് അത്രസുചിന്തിതമാണെന്നെനിക്കഭിപ്രായമില്ല.

രാമകൃഷ്ണൻ: ഏതേർപ്പാടു്?

സഖറിയാ: ഒരുത്തൻ മരിച്ചതിൻെറ പരിഹാരമയി മറെറാരുത്തനെക്കൂടി കൊല്ലുന്ന ഏർപ്പാടു്.

രാമകൃഷ്ണൻ: പിന്നെ നിയമമൊക്കെ അങ്ങു പോകട്ടെയെന്നോ?

സഖറിയാ: എടോ തനിക്കിതൊരു കേസും വിചാരണയുമായിട്ടേ കാണാൻ കഴിയുന്നുള്ളു. കൊലക്കേസെന്നുവച്ചാൽ അതു് നിയമപുസ്തകത്തിലെ ഒരു വകുപ്പുമാത്രമല്ല

രാമകൃഷ്ണൻ: പിന്നെയെന്തുകൂടിയാണു്?

സഖറിയാ: ആദ്യമായി അതൊരു മരണമാണു്.

രാമകൃഷ്ണൻ: ഓ, ചരിത്ര പ്രാധാന്യമുള്ള ഒരു കണ്ടുപിടുത്തം!

സഖറിയാ: സാധാരണയായി, ഒരു മരണമുണ്ടായാൽ താനാലോചിക്കുന്നതു് അടുത്താരാണു മരിക്കേണ്ടതെന്നാണോ?

രാമകൃഷ്ണൻ: അല്ലായിരിക്കാം പക്ഷേ, ഇതു വെറുമൊരു മരണമല്ല. ഒരു കൊലയാണു്.

സഖറിയാ: അതെ. അതു കൊണ്ടുതന്നെയാണു് കൊല്ലപ്പെട്ടവൻകൂടി പരിഗണനയിൽ വരണമെന്നു ഞാൻ പറയുന്നതു്.

ശിഷ്യൻ: അതൊക്കെ ഞാൻ കണ്ടതാണു്. അവിടെ മരിച്ചവനും കൊല്ലുന്നവനുമെല്ലാം നീതി തന്നെയാണു ലഭിക്കുന്നതു്! അതൊക്കെ പറയാതിരിക്കുകയാണു നല്ലതു്. മരിച്ചവനെ സംബന്ധിച്ചു് അവിടെ എന്തെങ്കിലും ശ്രദ്ധയുള്ളതായി ഞാൻ കണ്ടില്ല. മരിച്ചവൻെറ മേൽവിലാസത്തിൽ അവർ നിയമപൂജ നടത്തുകയാണു ചെയ്യുന്നതു്.

രാമകൃഷ്ണൻ: കേമമായി! മരിച്ചവൻ മരിച്ചുകഴിഞ്ഞില്ലേ ?

സഖറിയാ: അതുകൊണ്ടു ?

രാമകൃഷ്ണൻ. അതുകൊണ്ടു ശവത്തെപ്രതിയല്ല എന്തെങ്കിലും ചെയ്യേണ്ടതെന്നു്. ജീവിക്കുന്നവരെപ്രതിയാണു്. കൊന്ന വനൊഴിച്ചു്.

സഖറിയാ: കൊന്നവനെ കൊന്നാൽ ജീവിക്കുന്നവനെല്ലാം രക്ഷപെടുമോ ?

രാമകൃഷ്ണൻ: കൊന്നവൻ പിന്നെയും കൊല്ലാതിരിക്കും.

സഖറിയാ: കൊന്നവൻ പിന്നെയും കൊല്ലുകയെന്നതൊരു വിശ്വാസ സത്യമാണോ ?

രാമകൃഷ്ണൻ: സംഭവ്യതയുണ്ടല്ലോ.

സഖറിയാ: അങ്ങനെയെങ്കിൽ കൊലചെയ്യാൻ കഴിവുള്ള വനെയെല്ലാം കൊല്ലണം, മിക്ക കൊലപാതകികളും അനാഘ്രാതകുസുമങ്ങളാണു്.

ശിഷ്യൻ: നിങ്ങളും മരണത്തെപ്പററി സംസാരിക്കുന്നതു കേട്ടിട്ടു് ഡോക്ടർ പോസ്റ്റുമാർട്ടം നടത്തുന്നതോർമ്മവരുന്നു.

രാമകൃഷ്ണൻ: പിന്നെ ഞങ്ങളിരുന്നു കരയണോ ?

ശിഷ്യൻ: കരയണ്ട. എങ്കിലും മരണത്തോടു സാധാരണ കാണിക്കാറുള്ള ആദരവെങ്കിലും കാണിക്കണ്ടേ? ഒരാറം മരിച്ചു. ഇനിയുമൊരാറം അവമാനകരമായ ഒരു മരണത്തെ പ്രതീക്ഷിച്ചിരിക്കുന്നു.

സഖറിയാ: മാത്യു പറയുന്നതിലും കാര്യമുണ്ടു്.

രാമകൃഷ്ണൻ: അതിനു നമ്മളെന്തുചെയ്യണം ?

സഖറിയാ: ഒന്നും ചെയ്യണമെന്നില്ല.

ശിഷ്യൻ: എന്തുകൊണ്ടു് ?

രാമകൃഷ്ണൻ: പ്രതിയെ ജയിൽ ചാടാൻ സഹായിക്കാം.

ശിഷ്യൻ: എന്നല്ല ഞാൻ പറഞ്ഞതു്.

രാമകൃഷ്ണൻ: കൊലപാതകിയോടുള്ള കരുണ.

ശിഷ്യൻ: ഒന്നാലോചിക്കു് രാമകൃഷ്ണൻ. ഈ സംഭവം നടന്നതെങ്ങിനെയെന്നു് നമുക്കു നിശ്ചയമില്ല. കേസിലെ തെളിവും ജനസംസാരവും മാത്രമാണാധാരം. സംഭവം നടന്നതു് ഇങ്ങനെയാണെന്നു സങ്കല്പിക്കുക. മക്കോസിൻെറ ഭാര്യ അല്പം — ഉം — മഹാമനസ്കയാണെന്നിരിക്കട്ടെ. വക്കീയാണെങ്കിൽ അവിവാഹിതനും. അങ്ങനെയിരിക്കെ മക്കോസിനു് അല്പം സംശയമുദിച്ചു. വാക്കേററമായി കൈയേററമായി. ലഹളയ്ക്കിടയിൽ ഒരാറം തീയിൽ വീണു. അതൊരു ഭയങ്കരപാതകമായി ചിത്രീകരിക്കുന്നതു് കഷ്ടമല്ലേ ?

രാമകൃഷ്ണൻ: ആ കൃത്യത്തിൻെറ ഭവിഷ്യത്തെന്താടണന്നോ ൎമിച്ചു വേണം അതിനു് ഗുരുലഘുത്വം കല്പിക്കുന്നതു്.

ശിഷ്യൻ: ഒരു ചെറിയ വഴക്കുണ്ടാക്കിയതിനു് അയാൾ തൂങ്ങണമെന്നാണോ ?

രാമകൃഷ്ണൻ: അതിത്തിരി കൂടുതലായിരിക്കും. എങ്കിലും...

ശിഷ്യൻ: പോരാ; ഒന്നുകൂടി ആലോചിക്കണം. അരഡസൻ കൊലക്കേസിനുള്ള ശിക്ഷ ഇപ്പോൾത്തന്നെ അയാൾ അനുഭവിച്ചുകാണും.

രാമകൃഷ്ണൻ: നമുക്കെന്തുചെയ്യാൻ കഴിയും.

സഖറിയാ: എനിക്കൊന്നു തോന്നുന്നുണ്ടു്. അയാളിപ്പോൾ കഷ്ടപ്പെടുകയല്ലേ. നമുക്കു് അയാൾക്കു വല്ല സൗകര്യങ്ങളുമുണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കാം.

ശിഷ്യൻ: അതത്ര എളുപ്പമായിരിക്കുമെന്നു തോന്നുന്നില്ല.

രാമകൃഷ്ണൻ: അതിനു വഴിയുണ്ടാക്കാം.

സഖറിയാ: വല്യ ഗുണമൊന്നുമുണ്ടായിട്ടില്ല. മരണത്തെ പ്രതീക്ഷിച്ചിരിക്കുന്നവനു മെത്തകിട്ടിയതുകൊണ്ടും വിശേഷമില്ലല്ലോ.

രാമകൃഷ്ണൻ: എന്തെങ്കിലുമാകട്ടെ.

ശിഷ്യൻ: നമുക്കു് ആ സത്താറിനെക്കൂടി ഒന്നു കണ്ടേക്കാം. അയാളെ ഒന്നുൽസാഹിപ്പിക്കണം. വല്ല ഗുണവുമുണ്ടാകുന്നെങ്കിൽ ഉണ്ടാകട്ടെ.

സഖറിയാ: ഒരു കാര്യം ചെയ്യാം. നിങ്ങൾ രണ്ടുപേരുംകൂടി ചെല്ലു്. ഞാനിവിടത്തെകാര്യം നോക്കിക്കൊള്ളാം. എന്താ?

ശിഷ്യൻ: സാറും രാമകൃഷ്ണനുംകൂടി പോവുകയാണു് ഭേദം. ഞാനിവിടെ ഇരിക്കാം.

സഖറിയാ: എന്താ പേടിയുണ്ടോ ?

ശിഷ്യൻ: ഇല്ലെന്നില്ല.

സഖറിയാ: (ചിരിക്കുന്നു) ശരി. വരൂ രാമകൃഷ്ണാ.

(കർട്ടൻ)

രംഗം അഞ്ച്

[പോലീസ്സ്റ്റേഷനടുത്തുള്ള പെരുവഴി കർട്ടനുയരുമ്പോഴ് സഖറിയാ ആരെയോ പ്രതീക്ഷിച്ചു നിൽക്കുകയാണ്. അല്പസമയത്തിനുള്ളിൽ 303, 516 എന്നിവരുമായി രാമകൃഷ്ണൻ രംഗത്തെത്തുന്നു. രാമകൃഷ്ണൻ അവരുമായി സംസാരിച്ചുകൊണ്ടാണു പ്രവേശിക്കുന്നത്.]

രാമകൃഷ്ണൻ: ഞങ്ങൾക്കു അല്പം താല്പര്യമുള്ള കാര്യമാണു്. ഇതാണു് മി. സഖറിയാ. (പോലീസുകാർ സലാം കൊടുക്കുന്നു)

303: ഇത്തിരി താമസിച്ചുപോയി.

സഖറിയാ: സാരമില്ല. മി. രാമകൃഷ്ണൻ കാര്യമെല്ലാം പറഞ്ഞുകാണുമല്ലോ.

303: ഏതാണ്ടൊക്കെ.

സഖറിയാ: അയാൾ എന്റെ ഒരാശ്രിതനാണു്. അയാൾക്കു വേണ്ടതെല്ലാം കൊടുത്താൽ കൊള്ളാം. ചെലവൊക്കെ എന്റെ വക.

303: കൊടുത്തു. അസലായി കൊടുത്തു.

സഖറിയാ: ഭക്ഷണവും മററും.

303: അതിനു കുഴപ്പമില്ല. മാസ്സട്ടിൽനിന്നു് ബോയി വരും.

(സഖറിയായും രാമകൃഷ്ണനും പരസ്പരം മിഴിച്ചുനോക്കുന്നു)

516: വെള്ളിയാഴ്ചയും ശനിയാഴ്ചയും ബ്രാഹ്മണഹോട്ടലിൽനിന്നാണു്. അതു ഞാൻതന്നെയാണു് കൊണ്ടുവന്നു കൊടുക്കുന്നതു്.

സഖറിയാ: കിടക്കാൻ വല്ലതുമുണ്ടോ ?

516: ഒരു മെത്തയും നാലു തലയണയും മാത്രമേയുള്ളു. കട്ടിലു കൊടുക്കുന്നതു് റൂളിനു വിരുദ്ധമാണു്. പക്ഷേ, അവിടെ വലിയ തണുപ്പൊന്നുമില്ല.

സഖറിയാ: കുളി ?

303: അതു മാത്രമാണു കുഴപ്പം. ചൂടുവെള്ളം കൊടുക്കുന്നുണ്ടു്. പക്ഷേ, തെർമോമീററില്ലാത്തതുകൊണ്ടു ചിലപ്പോൾ ചൂടു

കൂടുതലായിപ്പോകും. പക്ഷേ, അദ്ദേഹം അതൊന്നും വക വയ്ക്കുകയില്ല. വലിയ ക്ഷമാശീലക്കാരനാണ്.

രാമകൃഷ്ണൻ: വായിക്കാൻ വല്ലതുമുണ്ടോ ?

303: ഹിൻഡു, ഇല്ലസ്റ്റ്രേററഡ് വീക്ക്‌ലി, ദീപിക. കമ്യൂണിസ്ററ് പത്രങ്ങാം കൊടുക്കുന്നില്ല. മോഡേൺ റിവ്യൂവിൻെറ പഴയ ലക്കങ്ങാം ചിലതുണ്ട്. അതിൽ കൂടുതലൊക്കെ കൊടുക്കാൻ ഞങ്ങളുടെ കൈയിൽ പണമില്ല സാറേ. ഞങ്ങാം തുച്ഛശമ്പളക്കാരാണ്.

516: പുകയ്ക്കുന്ന കാര്യമാണു വിഷമം. സിഗററുണ്ട്. പക്ഷേ, ഇൻസ്പെക്ടറദ്യം ഉള്ളപ്പോാം വലിക്കരുതെന്നാണ് മുറ.

സഖറിയാ: അതു സാരമില്ല. മുറുക്കാമോ ?

516: മുറുക്കാം. മുറുക്കാം. എത്രവേണമെങ്കിലും.

303: പിന്നെയൊരു കാര്യം ചോദിക്കരുതേ സാറേ. അതിനു യാതൊരു സൗകര്യവുമില്ല. (പുഞ്ചിരിക്കുന്നു)

സഖറിയാ: എല്ലാ പ്രതികാംക്കും ഈ സൗകര്യങ്ങളെല്ലാമുണ്ടോ ?

303: മിക്കവാറും. പിന്നെ ചിലക്ക് ഇതൊന്നും അത്ര ഇഷ്ടമല്ല. അവക്ക് അവരുടെ സ്വന്ത വീടുകളിൽനിന്നു കൊണ്ടുവരും.

സഖറിയാ: ചെലവു കുറെയാകുമല്ലോ !

303: എന്തുചെയ്യാം സാറേ.

സഖറിയാ: ആകട്ടെ. ഇതു് ഞങ്ങളുടെ സ്വന്തമാളാണ്. അതുകൊണ്ട് ഞങ്ങളുടെ വകയായി ഒരു പത്തുരൂപാ ഏല്പിച്ചാലോ ?

516: പണമോ ? വയ്യാ. ഞങ്ങാംക്കു വേണ്ട.

303: സാറിൻെറ സദുദ്ദേശത്തെ ഞങ്ങാം മാനിക്കുന്നുണ്ട്. പക്ഷേ, ഒരു സൽക്കർമ്മം ചെയ്യുന്നതിനു പ്രതിഫലം പററാൻ ആവശ്യപ്പെടരുതെന്നൊരപേക്ഷയുണ്ട്.

സഖറിയാ: നിങ്ങാംക്കല്ല. പുള്ളിയുടെ ചെലവുകാംക്കു വേണ്ടി.

303: നിവൃത്തിയില്ല. സാറു് നിർബ്ബന്ധിക്കരുതു്.

രാമകൃഷ്ണൻ: വേണ്ട സാറേ. അവരാണതു തീരുമാനിക്കേണ്ടതു്. അവരെ എനിക്കറിയാം.

303: ഞങ്ങാംക്കു് ഇത്തിരി ജോലിത്തിരക്കുണ്ട്.

സഖറിയാ: എന്നാൽ അങ്ങനെയാകട്ടെ.

516: എന്നാൽ നില്ക്കട്ടെ. (പോലീസുകാർ തൊഴുതു പോകുന്നു)

സഖറിയാ: എടോ !

രാമകൃഷ്ണൻ: ഉം ?

സഖറിയാ: ഞാൻ ജോലി രാജിവയ്ക്കുകയാണു്.

രാമകൃഷ്ണൻ: ഉം?

സഖറിയാ: എന്നിട്ടു് ആരെയെങ്കിലും കൊന്നു് അകത്തു കേറാൻ പോകുന്നു.

രാമകൃഷ്ണൻ: അകത്തു കേറാൻ വിഷമമില്ല. പക്ഷേ, ആരെയാണു് കൊല്ലുന്നതു്?

സഖറിയാ: വാ കണ്ടുപിടിക്കാം.

(രണ്ടുപേരും പോകുന്നു)

(കർട്ടൻ)

രംഗം ആറു്

[ഗുരുവും ശിഷ്യനും പ്രവേശിക്കുന്നു]

ഗുരു: കർട്ടൻ! (പിൻകർട്ടനയരുന്നു കാണുന്നതു് രംഗവേദിയുടെ ഏററവും പുറകിലുള്ള മൂലയാണു്. ഒരു തടവുമുറിയാണെന്നു തോന്നും. ഗുരു അകത്തേക്കു നോക്കി കൈയടിക്കുമ്പോൾ രണ്ടു നാടകജോലിക്കാർ പ്രവേശിക്കുന്നു) ഈ രംഗത്തിൽ ഒരു സ്പോട്ടു്ലൈററു് മാത്രം മതി. ബാക്കി വിളക്കുകളെല്ലാം കെടുത്തണം. (ഒരു ജോലിക്കാരൻ അകത്തേക്കു പോയി വിളക്കുകൾ ഓരോന്നായി കെടുത്തുന്നു. അപരൻ സ്പോട്ടു്ലൈററു് ശരിയാക്കുന്നു) അതു തടവുമുറിയാണു്. പ്രതിക്കു് ഇരിക്കാൻ ഒരു സ്ററൂളോ മറേറാ കൊടുക്കു്. രംഗത്തിൻെറ പുറകിൽ പോയി നിലത്തിരുന്നാൽ രംഗവാസികൾക്കു് ഒന്നും കാണാൻ കഴിയില്ലെന്നറിഞ്ഞുകൂടെ? (സദസ്സിനോടു്) പ്രതിയുടെ ആത്മഗതമാണു്. ആത്മഗതം നാടകത്തിൽ പാടില്ലെന്നാണു നിയമം. പക്ഷേ, ഇവിടെ ആ നിയമം തെററിക്കാതെ നിവൃത്തിയില്ല. അയാളുടെ മനസ്സിലിരിക്കുന്നതു് നമുക്കു മനസ്സിലാക്കുവാനുള്ള ഏകമാർഗ്ഗം ഇതാണു്. (ജോലിക്കാരോടു്) അയാൾക്കു് ഒരു ഉച്ചഭാഷിണിയും കൊടുക്കു്. ആത്മഗതമല്ലേ. അല്പം ചില പ്രത്യേകതകളുമിരിക്കട്ടെ. (പ്രതി പുറകിലെ സ്ററൂളിൽ ഇരിക്കുന്നു. മുഖത്തു് സ്പോട്ടു്ലൈററു്. അടുത്തു ഡമ്മിമൈക്കു്. ഗുരുവും ശിഷ്യനും മാറിനിൽക്കുന്നു. പ്രകാശം നിറമുള്ളതാക്കുകയും പശ്ചാത്തലസംഗീതം ഉപയോഗിക്കുകയും ചെയ്യാം. സാവധാനത്തിൽ നിയന്ത്രിതവികാര

ത്തോടെ കേൾക്കുന്ന ആത്മഗതത്തിന്റെ സമയത്ത് പ്രതിയുടെ ചുണ്ടനങ്ങുന്നില്ല. മുഖം വികാരത്തിനനുസരിച്ച മാറിക്കൊണ്ടിരിക്കുന്നുണ്ട്)

പ്രതിയുടെ ശബ്ദം: (നെടുവീർപ്പ്) ദൈവമേ, എന്തു ചെയ്തിട്ടാണു് ഞാനിതനുഭവിക്കുന്നതു് ! ഞാനയാളെ കൊല്ലാൻ വിചാരിച്ചുന്തിയതല്ല......അയാളങ്ങു വീണുപോയി...ഞാനെന്തുചെയ്യും ?...ഓടി...ഓടിയില്ലെങ്കിലും അവർ പിടിക്കും.. ഓടാതെന്തുചെയ്യും ?...വല്ലടത്തും പോയി രക്ഷപെടാൻ...ഹ്ഉം ! അതിനും വിധിയില്ല...ദൈവമേ — എന്നെ രക്ഷിക്കണേ ?... എന്നെക്കൂടെ കൊന്നിട്ടവർക്കെന്തു കിട്ടാനാണു്...എന്റെയമ്മോ !...ഇവരെന്തിനാ എന്നെ ഇങ്ങനെ ഇടിക്കണതു്? (പുറം തടവുന്നു) ...ഓ!...അമ്മേ ! ഇതിലും ഭേദം മരിക്കുകയാണു് .. കൊല്ലട്ടെ; ഇനി ഈ നരകം അനുഭവിക്കാതിരുന്നാ മതിയായിരുന്നു...ആ ദ്രോഹി...അവൻ വരുത്തിവച്ചതല്ലേ ഈ വിനയൊക്കെ .. അവൻ വിചാരിച്ചു ഞാൻ ദിവസവും അവിടെ പോണൊണ്ടെന്നു്...ഓ....ഒരു സുന്ദരിക്കോത...വേറെയെങ്ങും പെണ്ണില്ലാത്തതുപോലെ. ഇത്തരം പെങ്കോന്തന്മാരുണ്ടോ !...നശിച്ച ഏർപ്പാടു്...ഇതൊന്നും വേണ്ടായിരുന്നു. ഇതു ദൈവശിക്ഷയായിരിക്കും ....എന്തൊരു ശിക്ഷ......ദൈവമേ...ഈ ഇടിയെല്ലാം...എന്തിനാണോ ഇവന്മാരിങ്ങനെ ചെയ്യണതു്...ഇതീഭേദം മരിക്കുകയായിരുന്നു. അവർക്കങ്ങു കൊന്നേക്കാമ്മേലേ?...ഇങ്ങനെയൊക്കെ ചെയ്തേച്ചുവേണോ കൊല്ലാൻ...ഏതായാലും കൊല്ലും...തൂക്കിക്കൊല്ലും....അയ്യോ...അതോക്കാമ്മേല...... (കണ്ണുപൊത്തുന്നു) അതെങ്ങനെയായിരിക്കും ? മരിക്കുക...എന്തിനാണു് ?...അയ്യോ !....അമ്മേ ! (കരയുന്നു) പിന്നെയൊന്നുമില്ല...ഞാനില്ല ഒന്നുമില്ല ഏ!... അല്ല. ഇവരെല്ലാമുണ്ടു്. ഞാൻ മാത്രം.... (ഞരക്കം) ഇല്ല...ഇല്ല....എനിക്കു് ജീവിക്കണം. എനിക്കു് ജീവിക്കണം...എന്റെ ദൈവമേ ! എനിക്കു് മരിക്കാൻ വയ്യാ !...ദൈവമേ!...മരിക്കുക!...(ഭയം) അവരു കുഴിച്ചിടും...മണ്ണിന്റെ അടിയിലു്...ഓ...പേടിയാവുന്നു...പ്രേതം (ഉച്ചത്തിൽ) പിശാചു്! എന്റെ കർത്താവേ! എനിക്കു വയ്യാ ! ആ ! (ബോധശൂന്യനായി വീഴുന്നു)

കർട്ടൻ

ഗുരു: നന്നായില്ല. മോശം. തീരെ മോശം. ഞാൻ അന്നേ പറഞ്ഞതാണു് അയാളീ ഭാഗം അഭിനയിച്ചാൽ നന്നാവുകയില്ലെന്നു്. എഴുതിയതും നന്നായില്ല.

ശിഷ്യൻ: (അണിയറയിലേക്കു നോക്കി) സാറേ ഓടിക്കോ. ആരോ വരുന്നു. മിററിംഗിനു് ക്ഷണിക്കാനാണെന്നു തോന്നുന്നു.

(ഗുരു ഒരു കസേരയുടെ കീഴിൽ കയറി ഒളിക്കുന്നു)

ശാസ്ത്രി: (പ്രവേശിച്ച് പുഞ്ചിരിച്ച്) പ്രൊഫസ്സറിവിടെയില്ലേ?

ശിഷ്യൻ: എന്തിനാണ്?

ശാസ്ത്രി: മൂലമൂട് പ്രൈമറിസ്കൂളിന്റെ വാർഷികയോഗം പ്രമാണിച്ച് ഒരു ചെറിയ യോഗമുണ്ട് — ആ അനർഘ സന്ദർഭത്തിൽ...

ശിഷ്യൻ: (ചെവി പൊത്തിക്കൊണ്ട്) അങ്ങേരു് മരിച്ചുപോയി.

ശാസ്ത്രി: മരിച്ചോ!

ശിഷ്യൻ: മരിച്ചു. മരിച്ചു. മരിച്ചു, ചത്തു.

ശാസ്ത്രി: എന്നാൽ ഒരു അനുശോചനയോഗം...

ശിഷ്യൻ: (ശാസ്ത്രിയെ അടിക്കാൻ ചെല്ലുന്നു. ശാസ്ത്രി ഓടുന്നു) പോയി.

ഗുരു: (പുറത്തു വന്ന്) അമ്മോ! രക്ഷപെട്ടു!

(മുൻകർട്ടൻ)

രംഗം ഏഴ്

[ഗുരുശിഷ്യന്മാർ ചായ കുടിച്ചുകൊണ്ടിരിക്കുന്നു. ആരും ഒന്നും മിണ്ടുന്നില്ല. ഒരു പയ്യൻ പ്രവേശിച്ച് പത്രം കൊടുക്കുന്നു. ഗുരു വാങ്ങി വായിച്ചിട്ട് ശിഷ്യന്റെനേരെ തിരിയുന്നു. ഗുരു കണ്ണടവച്ചാണിരിക്കുന്നത്]

ഗുരു: ആ, കണ്ടോ! അതാണ് സകല മനുഷ്യരുടെയും വ്യാമോഹം.

ശിഷ്യൻ: എന്ത്?

ഗുരു: പറഞ്ഞതു കേട്ടില്ലേ?

ശിഷ്യൻ: കേട്ടു. പക്ഷേ, സംഗീതനാടകത്തിലേതുപോലെ വല്ലതുമൊക്കെ പിറുപിറുത്താൽ മററുള്ളവർ എന്താണ് മനസ്സിലാക്കേണ്ടത്?

ഗുരു: എടോ, ഒരു മരണത്തെ മറെറാരു മരണംകൊണ്ടു മറയ്ക്കാൻ കഴിയുമോ? അതു വ്യാമോഹമാണെന്നാണു പറഞ്ഞത്.

ശിഷ്യൻ: ഇനി അതിന്റെ ടിപ്പണികൂടി പറയണം.

ഗുരു: വ്യാമോഹം എന്നു പറഞ്ഞതാണോ മനസ്സിലാകാത്തതു്? വ്യാമോഹം എന്നു പറഞ്ഞാൽ പച്ചമലയാളത്തിൽ ഇല്യൂഷൻ.

ശിഷ്യൻ: എന്നിട്ടും മനസ്സിലായില്ലെങ്കിലോ?

ഗുരു: പരിണാമം പൂർത്തിയാകാത്ത ഇരുകാലികളോടു് എന്തെങ്കിലും പറഞ്ഞു മനസ്സിലാക്കാൻ സാദ്ധ്യമല്ല.

ശിഷ്യൻ: പരിണാമം പൂർത്തിയായ മനുഷ്യക്കെല്ലാം നരച്ച താടിയും വെള്ളെഴുത്തുകണ്ണാടിയും ഹനുമാന്റെ വാലും ഉണ്ടായിരിക്കുമോ?

ഗുരു: നിന്റെ വർത്തമാനം കേട്ടാൽ തോന്നും ഞാൻ ഇതുവരെ നിന്നെ പഠിപ്പിച്ചതു് എന്നെ ചീത്തപറയാൻ മാത്രമാണെന്നു്.

ശിഷ്യൻ: അതു ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ വലിയ ഭാഗ്യമായിരുന്നു. പക്ഷേ, ഇവിടെ പ്രശ്നം വേറെയാണു്. സാറു ചിന്തിച്ചിട്ടു് അടുത്തു നിൽക്കുന്നവരുടെമേൽ ചെളി തെറിക്കുന്നു.

ഗുരു: എന്താടോ, ഞാൻ ചിന്തിക്കുന്നതു് മോഡൽ ററി. ഫോർഡു് ആക്സിലറേററു ചെയ്യുന്നതുപോലെയാണോ?

ശിഷ്യൻ: ആ പത്രമൊന്നു തരാമോ?

ഗുരു: എന്തിനു്? നിനക്കു മനസ്സിലാവുകയില്ല. (പത്രം കൊടുക്കുന്നു) ഇല്ലിററേററ് ഗ്രാജ്വേറ്റ്സ്!

ശിഷ്യൻ: (പത്രം നോക്കി ചാടി എണീററ്) ഇതെന്തു കൂത്താണു്! ഇടിവെട്ടിയവനെ പാമ്പുകടിക്കുകയോ! എന്നാലിതു നേരേയങ്ങു പറഞ്ഞുകൂടെ?

ഗുരു: ഏ? എന്തു്?

ശിഷ്യൻ: സാറതും കണ്ടില്ലേ? അപ്പോൾ സാറെന്താണീ പത്രത്തിൽ വായിച്ചുകൊണ്ടിരുന്നതു്? ലൂഡിയാനായിൽ സ്വല്പം സൗജന്യമെന്നോ? ആ പ്രതി ആത്മഹത്യചെയ്യാൻ ശ്രമിച്ചെന്നോ? അതിനയാളുടെമേൽ കേസെടുക്കാതിരിക്കുമോ?

ഗുരു: ഞാനിത്രയും സമയം പറഞ്ഞുകൊണ്ടിരുന്നിട്ടും മനസ്സിലായില്ല. അച്ചടിയക്ഷരത്തിൽ കാണണം ചിലക്കെന്തെങ്കിലും മനസ്സിലാകണമെങ്കിൽ.

ശിഷ്യൻ: എങ്കിൽ പിന്നെ അതു് നേരേചൊവ്വേ അങ്ങു പറഞ്ഞുകൂടെ?

ഗുരു: പിന്നെ ഞാൻ കഥകളിമുദ്ര കാണിക്കുകയായിരുന്നോ? മരണം എന്ന വാക്കിനർത്ഥം മനസ്സിലായില്ലേ? രണ്ടാമത്തെ മരണത്തിനുമർത്ഥം അതുതന്നെ. മരിക്കുക എന്നതിന്റെ അർത്ഥം...ഉം?

ശിഷ്യൻ: ഏ? മരണത്തെ....മരണം....കൊണ്ട്... മറയ്ക്കാമെന്ന്...ഓഹോ, ഇതാണോ പറഞ്ഞത്?

ഗുരു: ബുദ്ധി ഒച്ചിന്റെ വേഗത്തിൽ ജോലിചെയ്യുന്നു.

ശിഷ്യൻ: കഷ്ടം!

ഗുരു: കഷ്ടമോ? നീയെന്താണു കഷ്ടമെന്നു പറഞ്ഞത്?

ശിഷ്യൻ: അയാളുടെ ഭാഗ്യദോഷം.

ഗുരു: അയാൾക്കു മരിക്കാൻ കഴിയാത്തതാണോ ഭാഗ്യദോഷം?

ശിഷ്യൻ: സാറെന്താണീ പറയുന്നത്? മനുഷ്യവിദ്വേഷത്തിനും വേണം ഒരതിര്.

ഗുരു: അപ്പോൾ നീയും അവരുടെ കൂടെയാണ്.

ശിഷ്യൻ: ആരുടെ?

ഗുരു: അയാളുടെ ആരാച്ചാരുടെ അളിയനാണു നീ.

ശിഷ്യൻ: സാർ!

ഗുരു: അയാൾ നേരെ പാട്ടിനു ചാകാൻപോലും നിങ്ങൾ സമ്മതിക്കുകയില്ല. അയാളെ തൂക്കിക്കൊന്നേ അടങ്ങൂ. എടോ, സകല മനുഷ്യരും അങ്ങനെയാണ്. 'ക്രൂശിക്ക', 'ക്രൂശിക്ക', അതാണ് ജനാധിപത്യത്തിന്റെ സനാതനമന്ത്രം. നീയും ആ ഹിംസ്രജന്തുക്കളുടെ കൂട്ടത്തിൽ പെട്ടവനാണ്. ആ കയർ കഴുത്തിലിറങ്ങുന്നതു കണ്ടാലേ നീയൊക്കെ അടങ്ങൂ. ശവംതീനികൾ!

ശിഷ്യൻ: ഇതിനൊന്നും ഞാനുത്തരവാദിയല്ല.

ഗുരു: പിന്നെ നീയെന്താണു പറഞ്ഞത്? ഭാഗ്യദോഷം? എന്തു ഭാഗ്യദോഷം? അയാൾ ചാവാൻ പോയാൽ സമ്മതിക്കുകയില്ല. സ്വയം ശിക്ഷിച്ചാലും പോരാ. ആ ബലികർമ്മം നടത്താനുള്ള അവകാശം നിങ്ങളുടെ കുത്തകയാണ്. ഒരു കൈയിൽ നിയമപുസ്തകവും മറുകൈയിൽ പഴപ്പിച്ച ചട്ടകവുമായി നടക്കുകയാണ്. എന്തിന്? അയാളെക്കുരുതി കഴിക്കാൻ. അയാൾ ആ പണി സ്വയമങ്ങു ചെയ്തേക്കാമെന്നുവെച്ചാൽ നിങ്ങൾ ഓടിക്കൂടുകയായി. ബ്ലഡ്ട്രാൻസ്ഫ്യൂഷൻ, ഓക്സിജൻ, സൂചികുത്ത്, മരുന്ന്, ഡോക്ടർ, നഴ്സ്. ഒരുതരത്തിൽ മരണത്തിന്റെ വായിൽനിന്നു രക്ഷപ്പെടുത്തി, എന്നിട്ട് കെങ്കേമമായി വിചാരണ നടത്തി ആഘോഷമായി തൂക്കിക്കൊല്ലുക—രണ്ടു കുററത്തിന്! ഏതായാലും മരിക്കാൻ പോവുകയാണ്. അവമാനം കൂടാതെ മരിക്കാനെങ്കിലും അനുവദിച്ചുകൂടെ? അതും സമ്മതിക്കില്ല. ഹള്ളാവേ! എന്തൊരു വർഗ്ഗം! കാപാലികന്മാർ!

ശിഷ്യൻ: ചുരുക്കിപ്പറഞ്ഞാൽ ആത്മഹത്യാവകാശം അംഗീകരിക്കണമെന്ന്.

ഗുരു: കോവർകഴുത ! ചക്കെന്നു പറഞ്ഞാൽ ചക്കിയെന്നു കേൾക്കും. അതങ്ങനെയേ വരൂ. ജ്വരം ചക്കിയുടെ അടുത്തല്ലേ. എടോ, ആത്മഹത്യാവകാശം കൊടുക്കണമെന്നു ഞാൻ പറഞ്ഞില്ല.

ശിഷ്യൻ: ഇല്ലേ ?

ഗുരു: ഇല്ല.

ശിഷ്യൻ: തീർച്ച ?

ഗുരു: തീർച്ച.

ശിഷ്യൻ: എന്തുകൊണ്ടു് ?

ഗുരു: എടോ, അതിനു് അവകാശം ആവശ്യമില്ല. അതിനു ശ്രമിച്ചു പരാജയപ്പെടുന്നതിനു മാത്രമേ ശിക്ഷയുള്ളു. അത്തരക്കാരെ ദുഃഖശിക്ഷയ്ക്കു വിധിക്കുന്നതിനും എനിക്കു വിരോധമില്ല.

ശിഷ്യൻ: ആത്മഹത്യയെപ്പററി സാറിൻെറ അഭിപ്രായമെന്താണു് ?

ഗുരു: അതൊക്കെ നീ കേട്ടെങ്കിൽ പിന്നെ എന്തിനാണു് കേറിച്ചോദിക്കുന്നതു്, പത്രക്കാരെപ്പോലെ ? എടോ, ആത്മഹത്യയും മരണത്തിൻെറ വകഭേദമാണു്. അതുകൊണ്ടുതന്നെ അതൊരു ഫലിതവുമാണു്. തലവേദന ഭേദമാക്കാൻ തല വെട്ടിക്കളയുന്നതുപോലെയുള്ള ഒരു ചികിത്സയാണു് ആത്മഹത്യ. പക്ഷേ, ആത്മഹത്യാശ്രമം കുററകരമാക്കിയിരിക്കുന്നതു് സന്മാർഗ്ഗപരമായ കാരണങ്ങളൊന്നുംകൊണ്ടല്ല. സമുദായത്തിനു് അങ്ങനെയൊരു ബോധമുണ്ടായിരുന്നെങ്കിൽ ക്ലിയോപാട്രായുടെയും വേലുത്തമ്പിയുടെയും ആത്മഹത്യയെ വാനോളം വാഴ്ത്തുകയില്ലായിരുന്നു. ഈ നിയമം മരിക്കാൻപോകുന്നവനെ പ്രതിയുമല്ല ഉണ്ടാക്കിയിരിക്കുന്നതു്. ജീവിതത്തെ ധീരമായി നേരിടാൻ നിയമം യാതൊരു സഹകരണവും കൊടുക്കുന്നില്ല. എന്നാൽ ജീവിതായോധനത്തിൽനിന്നു് ഒളിച്ചോടുന്നതിനെ തടയുവാൻ നിയമമുണ്ടു്. ഇതാണു നിയമാവലിയിലെ ഏററവും മൂർത്തിമത്തായ സ്വാതന്ത്ര്യം. മരിക്കാൻ പുറപ്പെടുന്നവൻെറ താല്പര്യത്തെ അതും ഗണിക്കുന്നില്ല, അങ്ങനെയെങ്കിൽ ഇവിടെ ഈ സാധു മരിക്കാൻ അനുവദിക്കുകയല്ലേ വേണ്ടതു് ? സമുദായത്തിൻെറ പരാതി ഇതാണു്. മററുള്ളവർക്കു് അയാളെ ദ്രോഹിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നുവെന്നതാണു്. ആ മനുഷ്യൻ രണ്ടു കൊലക്കേസിനുമാത്രം അനുഭവിച്ചുകഴിഞ്ഞു. ഇതിൻെറ പകുതി അനുഭവിച്ചാൽ ഒരാളെ പുണ്യാളനാക്കാവുന്നതാണു്. മനസ്സിലായോ കഴുതേ ?

ശിഷ്യൻ: ഒരു കഴുതയായിരിക്കുന്നതു നല്ലതാണ്. ലോകത്തിൽ ഒരൊററ കഴുതയെങ്കിലും മനുഷ്യരെ ചീത്ത വിളിച്ചിട്ടില്ല.

ഗുരു: ഏ! ഏ! ഇവനിനി വല്ലതുമൊക്കെ പറയും! അതിനു മുമ്പേ,—''ഏയ്, കർട്ടൻ!''

(കർട്ടൻ വീഴുന്നു)

രംഗം എട്ട്

[കർട്ടനുയരുന്നു. കോടതിയാണ്. സർക്കാർവക്കീലിൻെറ ഹീയറിംഗിനിടയിലാണു രംഗം ആരംഭിക്കുന്നത്]

സർക്കാർവക്കീൽ: (അതിഗൗരവമായ മുഖഭാവം)...അങ്ങനെ പ്രതി അരക്ഷിതനായ മക്കോസിനെ നിഷ്കരുണം അഗ്നികുണ്ഡത്തിലേക്കു തള്ളിയിട്ടുവെന്നും തൽഫലമായി അയാൾ ദയനീയമായ നിലയിൽ മരണമടഞ്ഞുവെന്നും ഇതഃപര്യന്തം നടന്ന സാക്ഷിവിസ്താരംകൊണ്ടു് നിസ്സന്ദേഹം തെളിയുന്നു. പ്രതിക്കു് ദുസ്സഹമായ പ്രകോപനമുണ്ടായിരുന്നു എന്ന വാസ്തവം ഞാൻ നിഷേധിക്കുന്നില്ല. മരിച്ചുപോയ മക്കോസിൻെറ അനിയന്ത്രിതമായ ശകാരവർഷവും, ഒരുപക്ഷേ, നിർദ്ദയമായ കൈയേററവും പ്രതിയെ പ്രകോപിപ്പിച്ചിരിക്കാമെന്നു ഞാൻ സമ്മതിക്കുന്നതോടുകൂടിത്തന്നെ അതു് കുററത്തിൻെറ ഗൗരവം കുറയ്ക്കുന്നില്ലെന്നും, അന്യഥാ തെളിവിനെ ബലപ്പെടുത്തുന്നുണ്ടെന്നുംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. പ്രതിയുടെ കുററസമ്മതത്തിനു് എന്തെങ്കിലും നിയമതടസ്സമുണ്ടായിരുന്നെങ്കിൽ പ്രതിയുടെ പ്രവൃത്തികൊണ്ടു് അതും നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ആത്മഹത്യാശ്രമത്തെപ്പോലെ, കുററകരമായ മനസ്സാക്ഷിയെ വിളംബരംചെയ്യുന്ന മറെറാരു തെളിവില്ല. യാദൃച്ഛികസംഭവമെന്ന വാദഗതിയും ഇവിടെ നിലനിൽക്കുന്നതല്ല. കുമ്മായച്ചൂളയിൽ ജോലിചെയ്യുന്ന പ്രതിക്കു് ഒരു മനുഷ്യശരീരം ആ തീയിൽ വീണാൽ എന്തു സംഭവിക്കുമെന്നു മനസ്സിലാക്കാൻ വേണ്ട ബുദ്ധിയും അറിവുമുണ്ടു്. ഉണ്ടായിരിക്കേണ്ടതാണ്.

കുററത്തിൻെറ പരിതസ്ഥിതികൾവച്ചു നോക്കിയാൽ ഇതു് 299-ാം വകുപ്പുപ്രകാരമുള്ള ഒരു കുററമല്ല. വധിക്കണെ

മെന്നുള്ള ഉദ്ദേശ്യം പ്രകടമായി കാണുന്നുണ്ട്. അതു നിയമാനുസൃതം തെളിഞ്ഞിട്ടുമുണ്ട്. ഇവിടെ സംഗതമായിരിക്കുന്നതു് 300-ാംവകുപ്പു തന്നെയാണു്. നീതിയും നിയമവും അനുശാസിക്കുന്നതു്, മരണശിക്ഷതന്നെ.

യുവർ ഓണർ, ഞാൻ ഉപസംഹരിക്കട്ടെ. എത്രതന്നെ പ്രകോപനമുണ്ടായിരുന്നാലും ഒരു വ്യക്തി മററൊരു വ്യക്തിയുടെ ജീവിതത്തിനു വിരാമമിടുന്നതിനെ നിയമമനുവദിക്കുന്നില്ല. ജീവിതം ദിവ്യമാണു്; അതു് ഈശ്വരദത്തവുമാണു്. ഒരു തൃണത്തെപ്പോലും മുളപ്പിക്കുവാൻ മനുഷ്യനു കഴിവില്ല. അതുകൊണ്ടു് ഈശ്വരസൃഷ്ടികളിൽ ഏററവും മാഹാത്മ്യമേറിയ മനുഷ്യജീവനെ ഹനിക്കുന്നവൻ അതിനുള്ള ശിക്ഷ അനുഭവിക്കുകതന്നെ വേണം.

(സർക്കാർവക്കീൽ ഇരിക്കുന്നു. ജഡ്ജി എന്തോ എഴുതാനാരംഭിക്കുന്നു. സൈഡ്കർട്ടൻെറ പുറകിൽ മറഞ്ഞുനിൽക്കുന്ന ഗുരു, ശിഷ്യനേയുംകൂട്ടി രംഗത്തിൻെറ മുൻഭാഗത്തു കൊണ്ടുവന്നു് സംസാരിക്കുന്നു)

ഗുരു: നീ കേട്ടോ ?

ശിഷ്യൻ: എന്തു് ?

ഗുരു: ആ തട്ടുപൊളിപ്പൻ. (ശിഷ്യൻ തലകുലുക്കുന്നു) ആ ! അതൊന്നുംകേട്ടു് ഇളകണ്ട ! അതൊക്കെ കൃത്രിമവാഗ്മിത്തമാണു്. മരിച്ചവനോടുള്ള സ്നേഹംകൊണ്ടൊന്നുമല്ല അയാളിതൊക്കെ പറഞ്ഞുകൂട്ടിയതു്.

ശിഷ്യൻ: പിന്നെയെന്തിനാ ? ഒരു രസത്തിനാണോ ?

ഗുരു: അതൊന്നുമല്ലെടോ. ഇവിടെ ഒരു നാടകം കളിക്കുകയാണെന്നു് അയാൾക്കറിയാം. ഒരു നല്ല നടനാണെന്നു പേരെടുക്കണമെന്നാണു മോഹം. അതിനു് ഒരു നല്ല സ്പീച്ചങ്ങു് വെച്ചുകൊടുക്കണം. കൊടുത്താൽ ക്ളാപ്സ് ! അതാണു കാര്യം.

ശിഷ്യൻ: ശ്ശ്ശ്ശ്. അവിടെ എഴുത്തെല്ലാം കഴിഞ്ഞെന്നു തോന്നുന്നു.

(ജഡ്ജി ചുററികകൊണ്ടു് മേശപ്പുറത്തിടിക്കുന്നു. ഗുരുവും ശിഷ്യനും ഒളിക്കുന്നു)

ജഡ്ജി: മി. അബ്ദുൾ സത്താർ,

പ്രതിവക്കീൽ: (എഴുന്നേററു് ചുററും നോക്കി പുഞ്ചിരിച്ചുകൊണ്ടു്) എനിക്കു വളരെ കുറച്ചേ പറയാനുള്ളു. (കടലാസുകൾ നോക്കി സാവധാനം) പ്രതി കുററം ചെയ്തു എന്നു് ഇതുവരെ തെളിഞ്ഞിട്ടില്ല. മൃതദേഹമെവിടെ എന്ന ചോദ്യത്തിനു് ഇതുവരെ തൃപ്തികരമായ ഒരുത്തരമുണ്ടായിട്ടുമില്ല. ദഹിച്ചുപോയതാണെങ്കിൽ അസ്ഥികളെങ്കിലുമുണ്ടായിരിക്കണം. ആ നിലയ്ക്കു് മക്ഗ്രേസ് തീയിൽ വീണുവെന്നോ മരിച്ചു

വെന്നോ വിധിക്കുന്നതു സാഹസമായിരിക്കും. ശവം കിട്ടാത്ത അവസ്ഥയിൽ ഈ വിചാരണ നടത്തുന്നതുതന്നെ നിയമവിരുദ്ധമാണെന്നെനിക്കഭിപ്രായമുണ്ടു്. കൃത്യം കണ്ട സാക്ഷികൾ പലരുണ്ടെന്ന വാദമാണു് പ്രോസിക്യൂഷൻ ഭാഗത്തുനിന്നുന്നയിച്ചിരിക്കുന്നതു്. യഥാൎത്ഥത്തിൽ കൃത്യം കണ്ടതായി ഒരു സാക്ഷി മാത്രമേ അവകാശപ്പെടുന്നുള്ളു. ആ സാക്ഷിയുടെ മൊഴി അത്രയ്ക്കു സ്വീകാൎയ്യമല്ല ഒന്നാമതു സാക്ഷി, മൊഴിയിൽ തീയതി തെററിച്ചാണു പറഞ്ഞിരിക്കുന്നതു്. ഒരു പ്രാവശ്യം തെററിച്ചും മറെറാരു പ്രാവശ്യം ശരിയായും പറഞ്ഞിരിക്കുന്നതുകൊണ്ടു ററ്യൂട്ടേർഡ് വിററ്നസ്സാണെന്നു വ്യക്തം. രണ്ടാമതു്, കൃത്യം നടന്നുവെന്നു പറയുന്ന സമയത്തു് ഇരുട്ടായിരുന്നു. ഒന്നും വ്യക്തമായി കണ്ടിരിക്കാൻ ഇടയില്ല. പോരെങ്കിൽ അയാൾ മദ്യപിച്ചിരുന്നുവെന്നും വിചാരിക്കാവുന്നതാണു്. ഒരു ചൂളയിലെ മൂന്നു ജോലിക്കാരിൽ രണ്ടുപേർ മാത്രം കുടിച്ചു എന്നു വിചാരിക്കുക അത്ര എളുപ്പമല്ല. ഇത്രയ്ക്കു ദുർബലമായ തെളിവിന്മേൽ ഒരു കൊലക്കേസ് നടത്താൻ പ്രോസിക്യൂഷൻ എങ്ങനെ ധൈൎയ്യപ്പെട്ടുവെന്നുതന്നെ എനിക്കു മനസ്സിലാകുന്നില്ല.

ഇനി, വാദത്തിനുവേണ്ടി, ഈ കൃത്യം നടന്നതാണു് എന്നുതന്നെ സങ്കല്പിക്കുക. എന്താണതിൻെറ പരിതസ്ഥിതികൾ? ക്ഷണനേരത്തെ കോപത്താൽ പ്രേരിതനായി പ്രതി മക്കോസിനെ കയ്യേററം ചെയ്തിരിക്കാം. പക്ഷേ, അത്തരമൊരു കലഹം പ്രതി ആരംഭിക്കുകയില്ലെന്നു തീൎച്ചയാണു്. മക്കോസിൻെറ ഭാൎയ്യയുടെ നടപടിദൂഷ്യമാണു് കലഹകാരണം. പ്രതി അവിവാഹിതനാണു്. അതുകൊണ്ടു്, ഏതവസ്ഥയിലും, അവമാനിതനായ മക്കോസ് കലഹമാരംഭിച്ചുവെന്നു് ഗണിക്കുകയായിരിക്കും ഉത്തമം. പ്രതിക്കു് ആരെയും കൊല്ലണമെന്നു് ഉദ്ദേശ്യമുണ്ടായിരുന്നു എന്നു തെളിഞ്ഞിട്ടില്ല. ക്ഷുഭിതമായ ഒരു മനസ്സിനു്, പ്രത്യേകിച്ചും കുടിച്ചിരിക്കുമ്പോൾ, ഒരു ചെറിയ കയ്യേററത്തിൻെറ ഭവിഷ്യത്തുകൾ വിഭാവനം ചെയ്യുവാൻ കഴിഞ്ഞെന്നു വരികയില്ല. കുററത്തെ സംബന്ധിച്ചു് ആകെയുള്ള തെളിവു് പ്രതിയുടെ കുററസമ്മതം മാത്രമാണു്. കുറെനാൾ ലോക്കപ്പിൽ കിടന്ന ഒരു പുള്ളിയുടെ കുററസമ്മതം അത്ര വിലയുള്ളതല്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഞാൻ വിനയപുരസ്സരം സമർപ്പിക്കുന്നു; ഈ പ്രതി നിരപരാധിയാണു്. പ്രോസിക്യൂഷൻ ഇക്കാൎയ്യത്തിൽ ഇത്രയധികം പ്രതികാരബുദ്ധി കാണിക്കുന്നതു് എന്നെ അത്ഭുതപ്പെടുത്തുന്നു.

ജഡ്ജി: പ്രതികാരമോ?

പ്രതിവക്കീൽ: മരണശിക്ഷയുടെ ഉത്ഭവംതന്നെ പ്രതികാര ബുദ്ധിയിൽ നിന്നാണു്.

ജഡ്ജി: മിസ്റ്റർ അബ്ദുൾസത്താർ, ഒരു ന്യായാധിപനു് നിലവിലുള്ള നിയമം വ്യാഖ്യാനിക്കുവാനേ അവകാശമുള്ളു.

പ്രതിവക്കീൽ: ന്യായാധിപനു് നിയമം ഭേദഗതി ചെയ്യുവാൻ അവകാശമില്ലെന്നു ഞാൻ സമ്മതിച്ചു. പക്ഷേ, വ്യക്തമായ തെളിവില്ലാത്തിടത്തു് സംശയത്തിൻെറ ബലം പ്രതിക്കു സഹായകമാക്കിത്തീർക്കുവാൻ കഴിയും.

ഇനി ആത്മഹത്യാശ്രമത്തെപ്പററി ഒരു വാക്കു്. നമ്മുടെ നിയമസമ്പ്രദായത്തിൻെറ പല ഘട്ടങ്ങളിലും ജീവിതത്തെക്കാൾ ഭേദം മരണമാണെന്നു തോന്നുന്നതു് അസാധാരണമല്ല. നിയമം പലപ്പോഴും ശിക്ഷയെക്കാളും ഭയങ്കരമാകാറുണ്ടു്.

എൻെറ ബഹുമാന്യസ്നേഹിതൻെറ വാദങ്ങളിൽ ചിലതിനോടു ഞാൻ യോജിക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ രക്തദാഹത്തോടല്ല; അത്രയധികം പ്രതികാരബുദ്ധി എനിക്കില്ല. അദ്ദേഹത്തിൻെറ തത്വസംഹിത എൻെറ കക്ഷിക്കും ബാധകമാണെന്നു മാത്രമാണു ഞാൻ വാദിക്കുന്നതു്. ''ജീവിതം ദിവ്യമാണു്; അതു് ഈശ്വരദത്തവുമാണു്.'' ജീവൻ നശിപ്പിക്കുന്നതു പാപംതന്നെ. മക്കോസിൻെറതു മാത്രമല്ല, പ്രതിയുടേതും. പ്രതി എന്തു കുററം ചെയ്തിരുന്നാലും അയാൾ നന്നാകുവാനുള്ള ശിക്ഷയിലധികം ചോദിക്കുന്നതും—അതു കൊടുക്കുന്നതും—പാപകരംതന്നെ.

സർക്കാർവക്കീൽ: പക്ഷേ, ഈ വധം സമുദായം സ്വയരക്ഷയ്ക്കും നീതിന്യായപാലനത്തിനുംവേണ്ടി ചെയ്യുന്നതാണു്.

പ്രതിവക്കീൽ: ആയിരിക്കാം. എങ്കിലും അതു വധംതന്നെ. ആരു കൊല്ലുന്നു എന്നതനുസരിച്ചു് കൊലയുടെ സ്വഭാവം മാറുന്നില്ല. കൊല്ലപ്പെടുന്നയാളിനേ സംബന്ധിച്ചിടത്തോളം, വ്യക്തിയോ സമുദായമോ കൊലയാളി എന്ന പ്രശ്നം പ്രസക്തമേയല്ല. എങ്കിൽ ജനക്കൂട്ടം അവർക്കിഷ്ടമില്ലാത്ത പ്രവാചകന്മാരെയും കുററക്കാരെയും വിദേശികളെയും പിച്ചിക്കീറുമ്പോൾ അതിനെയും നീതീകരിക്കേണ്ടിവരും.

സർക്കാർവക്കീൽ: അതിനു നിയമസമ്മതമില്ല.

പ്രതിവക്കീൽ: ഇല്ല. തൂക്കുശിക്ഷയുടെ പുറകിൽ നിയമസമ്മതമുണ്ടുതാനും. പക്ഷേ, നിയമമുണ്ടെന്നുള്ളതുകൊണ്ടു് ജീവിതത്തിൻെറ ദിവ്യത്വം പൊയ്പോകുന്നില്ലെന്നാണെൻെറ

വിനീതമായ അഭിപ്രായം. ന്യായവും നീതിയും അനുസരിച്ചു കൊല്ലാമെന്നാണു വാദമെങ്കിൽ പ്രതിയുടെ കുററത്തിന്റെ പുറകിലുള്ള സാമാന്യനീതിയെക്കൂടി പരിഗണിക്കണമെന്നു ഞാനഭ്യർത്ഥിക്കുന്നു. പ്രകോപനം മാത്രമല്ല, ആഭാസമായ ഒരാരോപണവും, ഈ നീതിനിയമത്തിന്റെ പരിധിയിൽ നിൽക്കുന്നില്ലെന്നു ഞാൻസമ്മതിച്ചു. പക്ഷേ, യഥാർത്ഥ നീതിയനുസരിച്ചു് ഒരാളെ കൊല്ലുന്നതു് നീതീകരിക്കത്തക്കതല്ലെങ്കിൽ നീതിയുടെ ആവരണം മാത്രമായ നിയമത്തിന്റെ അക്ഷരങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി ഒരാളെ കൊല്ലുന്നതു നീതീകരിക്കാമോ? കണ്ണിനു പകരം കണ്ണു് എന്ന നിയമം പരിഷ്കൃതമനുഷ്യന്റേതല്ല. അതു് സമരരംഗത്തിന്റെ ഒരു പൈശാചികസന്തതിയാണു്. കാടത്തത്തിന്റെ അവശിഷ്ടമാണു്. മനുഷ്യജീവന്റെ ദിവ്യത്വത്തെയും സഹിഷ്ണുതയുടെ മഹത്വത്തെയും ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

(ഗുരു ഹസ്തതാഡനം ചെയ്യുന്നു. ശിഷ്യൻ തടയുന്നു)

(മുൻകർട്ടൻ)

രംഗം ഒമ്പതു്

[പത്രമാഫീസ്. രാമകൃഷ്ണനും സഖറിയായും ജോലിചെയ്തുകൊണ്ടിരിക്കുന്നു. മാത്യു പ്രവേശിക്കുന്നു]

രാമകൃഷ്ണൻ: എടോ മാത്യു, കേസെവിടെയെത്തി?

ശിഷ്യൻ: (ഉദാസീനനായി) വിധിപറയാൻ വെച്ചിരിക്കുകയാണു്. സത്താർ കാളമൂത്രംപോലെ കുറെ പ്രസംഗിച്ചിട്ടുണ്ടു്. പക്ഷേ, പ്രയോജനമുണ്ടെന്നു തോന്നുന്നില്ല.

രാമകൃഷ്ണൻ: ഇത്രവേഗം വിധിയുമായോ?

ശിഷ്യൻ: തെളിവു് വിശേഷമാണുപോലും.

സഖറിയാ: അതിനു തനിക്കെന്താണെടോ?

ശിഷ്യൻ: എന്തെന്നറിയില്ല. എനിക്കാ പാവത്തിനെ മറക്കാൻ കഴിയുന്നില്ല.

സഖറിയാ: സകല ക്രിമിനൽസും അങ്ങനെയാണെടോ.

ശിഷ്യൻ: അതൊക്കെ ശരിയാണ്. പക്ഷേ, ഇതിനെന്തോ ഒരു പ്രത്യേകത.

രാമകൃഷ്ണൻ: സാറേ, നമുക്കെന്തെങ്കിലും ചെയ്യാൻ കഴിയുമോ? ഈ മാത്യുവിന്റെ മുഖം കണ്ടിട്ട് എനിക്കും എന്തൊക്കെയോ തോന്നുന്നു.

സഖറിയാ: ചെയ്യാനല്ലേ ഇന്നാള് നോക്കിയതു് ?

രാമകൃഷ്ണൻ: ഒരപ്പീലോ മറേറാ.

സഖറിയാ: പണമെവിടെ ?

രാമകൃഷ്ണൻ: ഒരു പിരിവെടുത്താലോ ?

സഖറിയാ: ഒരു വെറും കൊലക്കേസിന്റെ ഡിഫൻസിനു് ആരാണു പണം തരുക ? വല്ല രാഷ്ട്രീയകൊലയുമായിരുന്നെങ്കിൽ...

രാമകൃഷ്ണൻ: പത്രത്തിൽക്കൂടി വല്ലതും ചെയ്യാനുണ്ടോ ?

സഖറിയാ: പത്രത്തിൽ ഇത്തരം അപേക്ഷകൾ ഇപ്പോൾ ത്തന്നെ കുറെയുണ്ടു്.

രാമകൃഷ്ണൻ: കേസിന്റെ തെളിവിനെപ്പററി ഒന്നു വിമർശിച്ചാലോ ?

സഖറിയാ: വയ്യ. വയ്യ. സബ്ജൂഡീസ്. എന്നല്ല, അതൊക്കെ ആരു വകവെക്കാനാണു് ? ഒരു വകയും ചെയ്യാനുണ്ടെന്നു തോന്നുന്നില്ല.

ശിഷ്യൻ: ചാവാൻപോണവനേ രക്ഷിക്കാൻ മാഗ്ഗമുണ്ടാവും. വേണ്ടത്ര താല്പര്യമുണ്ടെങ്കിൽ.

സഖറിയാ: താനെന്തിനാടോ ഇതിലിത്ര ക്ഷോഭിക്കുന്നതു് ? ഇതു് ഒരു കഥ മാത്രമല്ലേ. ഒരു വെറും അന്തർനാടകം ?

ശിഷ്യൻ: (ചാടി എണീററ്) അയ്യയ്യോ ! ഞാനെന്തു മറയനാണു് ! ഇതൊരു നാടകമല്ലേ. ഇതൊക്കെ എന്റെ ആശാനുണ്ടാക്കിയ ഏർപ്പാടാണു്. അദ്ദേഹത്തിനോടു് പറഞ്ഞാൽ മതി. കാൎയ്യമെല്ലാം ശരിയാക്കും.

രാമകൃഷ്ണൻ: എങ്കിൽപ്പിന്നെ താനെന്തിനാ ഇത്ര പാടു പെടുന്നതു് ?

ശിഷ്യൻ: അങ്ങനെയല്ലെടോ. അതിൽ കാൎയ്യമുണ്ടു്.

(മാത്യു പോകുന്നു. മററവർ ജോലി തുടരുന്നു)

(കർട്ടൻ)

രംഗം പത്ത്

[ഗുരു പുസ്തകവായനയിൽ ശ്രദ്ധിച്ചിരിക്കുന്നു. ശിഷ്യൻ ഓടി പ്രവേശിക്കുന്നു]

ശിഷ്യൻ: സാറേ !

ഗുരു: ഉം.

ശിഷ്യൻ: എഴുന്നേൽക്കു്—വേഗം.

ഗുരു: എന്താണു് ? ഭൂമികുലുക്കമോ മറേറാ ഉണ്ടോ ?

ശിഷ്യൻ: നമുക്കു് ആ കോടതിയിലൊന്നു പോകണം.

ഗുരു: എന്തിനു് ?

ശിഷ്യൻ: ആ കേസു് ഇന്നു വിധിപറയാൻ വെച്ചിരിക്കുകയാണു്.

ഗുരു: അതുകൊണ്ടു് ? തനിക്കു് ആ രസമൊന്നു കാണണമല്ലേ ?

ശിഷ്യൻ: സാറു് വേണ്ടാത്തതൊന്നും പറഞ്ഞുകൂട്ടണ്ട. എനിക്കൊരു കാര്യം സാധിച്ചുതരണം.

ഗുരു: ഉം ?

ശിഷ്യൻ: ആ പാവത്തിനെ ശിക്ഷിക്കുന്നതു കഷ്ടമാണു്. സാറു് അയാളെ രക്ഷിക്കണം.

ഗുരു: ഞാനോ ? എനിക്കു് എന്താണതിൽ കാര്യം ?

ശിഷ്യൻ: സാറല്ലേ ഇക്കഥയുണ്ടാക്കിയതു്. അതിൽ പ്രതി രക്ഷപെടുന്നതായി മാററിയെഴുതിയാൽ മതി.

ഗുരു: അതുവയ്യാ. ഞാനീ കഥ തുടങ്ങിയെന്നുമാത്രം. അനന്തര സംഭവങ്ങൾ അതിൻെറ ഗതിയനുസരിച്ചുതന്നെ നടക്കണം.

ശിഷ്യൻ: സാറു് ആ കോടതിവരെ ഒന്നു വരൂ. എനിക്കുവേണ്ടി.

ഗുരു: എന്തൊരു ബോറു് ! (പോകാൻ തയാറാകുന്നു) ഏതായാലും പോകാം. ഏയു് കർട്ടൻ !

(കർട്ടനുയരുന്നു. കോടതിയാണു്. എല്ലാവരും മൂകരായിരിക്കുകയാണു്. ഗുരുവിനെക്കണ്ടു സക്കാർവക്കീൽ മുന്നോട്ടുവന്നു ഗുരുവിനെ വന്ദിക്കുന്നു)

ഗുരു: ഇതു മഹാകുഴപ്പമായല്ലോ. കഥാപാത്രങ്ങളെല്ലാം ഇങ്ങനെ രംഗത്തുനിന്നിറങ്ങി നടന്നാലോ ?

സക്കാർവക്കീൽ: അതിന്നു മതിയായ കാരണമുണ്ടു സാർ. ഇന്നു കേസ് വിധിപറയാൻ വെച്ചിരിക്കയായിരുന്നു. പക്ഷേ, ഇനി കേസു തുടരാൻ നിവൃത്തിയില്ല.

ഗുരു: എന്തുകൊണ്ട് ?

സക്കാർവക്കീൽ: പ്രതി മരിച്ചുപോയി.

ശിഷ്യൻ: ഏ ?

സക്കാർവക്കീൽ: അയാളുടെ ഹൃദയത്തിന്ന് എന്തോ തകരാറുണ്ടായിരുന്നു. ഇനി കേസു നടത്താൻ ഒരു വഴിയുമില്ല. എന്തു ചെയ്യണമെന്നറിയാനാണു വന്നതു്.

ഗുരു: അയാൾ മരിച്ചതു് 309-ാം വകുപ്പു പ്രകാരമോ, എവിഡൻസ് ആക്ററ് പ്രകാരമോ ?

സക്കാർവക്കീൽ: ഇതു രണ്ടുമല്ല സാർ. അതൊരു സാധാരണ മരണമായിരുന്നു. ആയുസ്സെത്തി.

ഗുരു: വൈദ്യസഹായമുണ്ടായിരുന്നോ ?

സക്കാർവക്കീൽ: ഡോക്ടറില്ലെങ്കിലും മരിക്കാൻ വഴികളുണ്ടു സാർ.

ഗുരു: ഹൃദയസ്തംഭനംകൊണ്ടോ മററുമല്ലല്ലോ ? പ്രസ്സ്നോട്ടിറക്കിയോ ?

സക്കാർവക്കീൽ: ഞാൻ പറഞ്ഞതു സത്യമാണു്. പാവം !

ഗുരു: പാവം ! അല്പംമുമ്പു് ആ പാവത്തിനെ തൂക്കിക്കൊല്ലാനല്ലേ നിങ്ങൾ കിടന്നു നിലവിളിക്കുന്നതു കേട്ടതു് ?

സക്കാർവക്കീൽ: അതു ഡ്യൂട്ടി.

ഗുരു: ഡ്യൂട്ടി ബാധിച്ചാൽപ്പിന്നെ നിങ്ങൾ മനുഷ്യനല്ലാതായിത്തീരുമോ ? ശരി, നിങ്ങൾ പൊയ്ക്കൊള്ളൂ. (വക്കീൽ പോകാൻ ഭാവിക്കുന്നു) നിൽക്കു്, നിൽക്കു്. ഒരിത്തിരി കാര്യമുണ്ടു്. അതുകൂടികഴിഞ്ഞു് പോകാം.

ശിഷ്യൻ: ആ പാവം ഏതായാലും മരിച്ചു.

ഗുരു: കാര്യമുണ്ടെടോ. പ്രതി മരിച്ചാലും നമുക്കു കേസു നിറുത്താൻ വയ്യ. ഇവിടെ ഒരു പുതിയ മരണമുണ്ടു്. നമുക്കു് ഇവരെയൊന്നു വിസ്തരിക്കാം.

ശിഷ്യൻ: എന്നുവച്ചാൽ ?

ഗുരു: (പുറകോട്ടു നടന്നുകൊണ്ടു്) എന്നുവച്ചാൽ ഇനി ഞാൻ കുറേ നേരത്തേക്കു് ജഡ്ജിയാകാം. ഒരു പ്രതിയുണ്ടായിരുന്നതു നഷ്ടപ്പെട്ടു. അതുകൊണ്ടു് ഇനി ഒരു പ്രതിയെ കണ്ടുപിടിക്കണം. (ജഡ്ജിയോടു്) അങ്ങു് പ്രതിക്കൂട്ടിൽ നിൽക്കണം.

(വക്കീലന്മാരോട്) നിങ്ങളൊക്കെ കൂട്ടുപ്രതികളാണ്. കേസു നടത്താൻ ഞാനൊരാളെ കൊണ്ടുവരാം.

(ഗുരു അകത്തേയ്ക്കു പോകുന്നു. ജഡ്ജി ശിഷ്യന്റെ അടുത്തുവന്നു ഗുരുവിനു ഭ്രാന്തുണ്ടോ എന്ന് ആംഗ്യം കാണിച്ചു ചോദിക്കുന്നു. ശിഷ്യൻ അടിക്കാൻ ഭാവിക്കുന്നു. ശിഷ്യൻ ജഡ്ജിയെ പ്രതിക്കൂട്ടിൽ നിറുത്തുമ്പോഴേയ്ക്കും ഗുരു ചക്കിയുമായി പ്രവേശിക്കുന്നു)

ഗുരു: ഇതാ നിങ്ങളുടെ പുതിയ പ്രോസിക്യൂട്ടർ. നിങ്ങളുടെ കുററം നിരപരാധിയായ ഒരു മനുഷ്യനെ കൊല്ലാൻവേണ്ടി നിയമത്തിന്റെ മറവിൽ നിന്നുകൊണ്ടു ഗൂഢാലോചന നടത്തി എന്നതാണ്.

(ഗുരു ജഡ്ജിയുടെ സ്ഥാനത്തിരിക്കുന്നു)

ഗുരു: (ചുററികകൊണ്ടിടിച്ചുകൊണ്ട്) ചീഫ് !

ചക്കി: (സക്കാർവക്കീലിനോട്) നിങ്ങൾ ഈ പ്രതിയെ അറിയുമോ ?

സക്കാർവക്കീൽ: അറിയും.

ചക്കി: അയാൾക്ക് എന്താണ് ജോലി ?

സക്കാർവക്കീൽ: (പുഞ്ചിരിച്ച്) കൊല്ലുക.

ചക്കി: നിയമമനുസരിച്ചോ നിയമവിരുദ്ധമായോ ?

സക്കാർവക്കീൽ: നിയമാനുസൃതം.

ചക്കി: ഇതു രണ്ടും തമ്മിൽ മരിക്കുന്നവനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും വ്യത്യാസമുണ്ടോ ?

സക്കാർവക്കീൽ: ഇല്ല.

ചക്കി: മരിച്ചവനെയും കൊന്നവനെയും ആശ്രയിച്ച് കഴിയുന്നവരെ സംബന്ധിച്ചോ ?

സക്കാർവക്കീൽ: അക്കാര്യത്തിലും വ്യത്യാസമില്ല.

ചക്കി: ഈ രണ്ടുതരം മരണങ്ങളെപ്പററി നിങ്ങളുടെ വ്യക്തിപരമായ അഭിപ്രായമെന്താണ് ?

സക്കാർവക്കീൽ: ഒന്നിൽ പണമുണ്ട്. മററതിലില്ല.

ഗുരു: മരണത്തിന്റെ വില നിങ്ങൾ കണക്കാക്കുന്നതു് അണപൈസയിലാണോ ?

സക്കാർവക്കീൽ: രൂപയിലാണ് യുവർ ഓണർ.

ഗുരു: തുടരാം.

ചക്കി: പണത്തിനുവേണ്ടി മാത്രമാണോ നിങ്ങൾ ഈ ഗൂഢാലോചനയിൽ ചേർന്നതു് ?

സക്കാർവക്കീൽ: ഏതു ഗൂഢാലോചന ?

ചക്കി: മരിച്ചുപോയ വക്കീലിയെ കൊല്ലാനുള്ള ഗൂഢാലോചനയിൽ.

സക്കാർവക്കീൽ: അങ്ങനെയൊരു ഗൂഢാലോചനയുണ്ടായിരുന്നെന്നു് ഞാൻ സമ്മതിച്ചിട്ടില്ല.

ചക്കി: ഗൂഢമല്ലെന്നിരിക്കട്ടെ. ആലോചനയുണ്ടായിരുന്നില്ലേ ?

സക്കാർവക്കീൽ: വിചാരണമാത്രം.

ചക്കി: വിചാരണയ്ക്കു് ആലോചിക്കേണ്ടയാവശ്യമില്ലെന്നായിരിക്കും !

(വക്കീൽ നിശ്ശബ്ദം)

ചക്കി: സാക്ഷി ഉത്തരം പറയണം.

സക്കാർവക്കീൽ: ചോദ്യമുണ്ടെങ്കിൽ ഉത്തരം പറയാം.

ചക്കി: (പെട്ടെന്നു് തനി ചക്കിയായി) എടോ താനെന്നോടു് പറഞ്ഞു് നേടാന്നു് വിചാരിച്ചിരിക്കുവാണോ ?

ഗുരു: (ചുററികകൊണ്ടിടിച്ചു്) കുമാരി ചക്കീ, ഭാഷ പാർലമെൻററിയല്ലാതായിത്തീരാതിരിക്കാൻ ശ്രദ്ധിക്കണം.

ചക്കി: യെസ്സ് യുവർ ഓണർ. (വക്കീലിനോടു്) നിങ്ങൾക്കു് മരിച്ചുപോയ വക്കിയോടു് വല്ല പൂർവ്വവിരോധവുമുണ്ടായിരുന്നോ ?

സക്കാർവക്കീൽ: ഇല്ല.

ചക്കി: പ്രതി കുററക്കാരനാണെന്നു് ഉത്തമബോദ്ധ്യമുണ്ടായിരുന്നോ ?

സക്കാർവക്കീൽ: ഉണ്ടായിരുന്നു.

ചക്കി: നിങ്ങൾ ദൃക്സാക്ഷിയാണോ ?

സക്കാർവക്കീൽ: അല്ല.

ചക്കി: പിന്നെ എന്തുത്തമബോദ്ധ്യമാണു് ?

സക്കാർവക്കീൽ: ഒരു പ്രോസിക്യൂട്ടർക്കു വേണ്ടിടത്തോളം തെളിവുണ്ടായിരുന്നു.

ചക്കി: യുവർ ഓണർ, ഈ പ്രതിയെ വിസ്തരിച്ചതുകൊണ്ടു വലിയ ഗുണമുണ്ടെന്നു തോന്നുന്നില്ല. അയാൾക്കു മനുഷ്യത്വമെന്നതു മനസ്സിലാവുകയില്ല. അയാളെ നിയമപുസ്തകം കൊണ്ടുണ്ടാക്കിയതാണു്.

ഗുരു: ശരി. ഇനി ഒന്നാംപ്രതിയെ വിസ്തരിക്കണം.

ചക്കി: പ്രതിവക്കീലും മററും കഴിഞ്ഞിട്ടു പോരേ ?

ഗുരു: വിരോധമില്ല. (പ്രതിവക്കീൽ കൂട്ടിൽ കയറുന്നു)

ചക്കി: നിങ്ങളുടെ വാദം വളരെ നന്നായിയെന്നു് കേട്ടു.

പ്രതിവക്കീൽ: എൻെറ കഴിവനുസരിച്ചു്...

ഗുരു: അതെയതെ കഴിവിനപ്പുറംതന്നെ.

ചക്കി: എങ്കിലും നിങ്ങൾക്കു് പ്രതിയെ രക്ഷിക്കാൻ കഴിഞ്ഞില്ലല്ലോ.

പ്രതിവക്കീൽ: അതെങ്ങനെ പറയും. വിധി പ്രസ്താവിച്ചില്ലല്ലോ.

ചക്കി: ഏതായാലും അയാൾ മരിച്ചല്ലോ.

പ്രതിവക്കീൽ: അതുകൊണ്ടെന്തു്? നിയമപരമായി അയാൾ വിട്ടയയ്ക്കപ്പെട്ടമായിരുന്നു.

ചക്കി: അതുകൊണ്ട തൃപ്തിപ്പെട്ടോ?

പ്രതിവക്കീൽ: പിന്നെയെന്താണു വേണ്ടതു്?

ചക്കി: ഇവിടെ ചോദ്യം ചോദിക്കുന്നതു ഞാനാണു്. ഈ കേസിനെപ്പററി നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ?

പ്രതിവക്കീൽ: ആ ബോറൊഴിഞ്ഞു.

ചക്കി: ഒരു മരണത്തെപ്പററി അതാണു് അയാളുടെ സുചിന്തിതമായ അഭിപ്രായം. യുവർ ഓണർ, ഈ മനുഷ്യനെ വിസ്തരിക്കുന്നതു സമയം കളയുകയാണു്. ഇയാൾ മററവനേക്കാൾ കഷ്ടം.

ഗുരു: അടുത്തതു്.

ചക്കി: 303! (303 കൂട്ടിൽ കയറുന്നു) ഈ കുററം തെളിയിക്കാൻ എന്തുചെയ്തു?

303: വേണ്ടതെല്ലാം ചെയ്തു. വിദുരോപദേശം ആറാവർത്തി വായിച്ചുകേൾപ്പിച്ചു.

ചക്കി: ഉപനിഷത്തു് വായിച്ചോ?

303: ഇല്ല.

ചക്കി: ശാസ്ത്രങ്ങൾ വായിച്ചതുകൊണ്ട കുററം സമ്മതിച്ചോ?

303: ഇല്ല.

ചക്കി: പിന്നെ എന്തുചെയ്തു?

303: കുറച്ചു ധാര. ഇളനീർ കുഴമ്പു്. പിഴിച്ചിൽ, കുഴമ്പു്, തിരുമ്മു്. കായകല്പം ഏപ്പാടുചെയ്തുകൊണ്ടിരുന്നപ്പോഴാണു തീപ്പെട്ടുപോയതു്.

ചക്കി: തീപ്പെട്ടുപോയതു് മക്കോസല്ലേ?

303: കാലധമ്മം പ്രാപിച്ചതു്.

ചക്കി: ഈ ചികിൽസാരൂപംകൊണ്ടാണോ പരേതനായതു്?

303: ഹേയ്, അല്ല.

ചക്കി: നിങ്ങൾക്കു കഥകളി അറിയാമോ?

303: അറിയില്ല.

ചക്കി: ഒരു ദുര്യോധനവധമെങ്കിലും?

303: ഇല്ല.

ചക്കി: എവിഡൻസ് ആക്ടനുസരിച്ചാണെങ്കിലോ ?

303: ഈ പോച്ചയൊക്കെ നിൻെറ മററവനോടു ചെന്നു പറ. ഒരുത്തി വന്നിരിക്കുന്നു സമാധാനം ചോദിക്കാൻ. ഹ്ഹം ! ഇടിച്ചു സൂപ്പാക്കിക്കളയും. (ഇറങ്ങിപ്പോകുന്നു)

ചക്കി: യുവർ ഓണർ, സാക്ഷി ഹോസ്റ്റൈലായി.

ഗുരു: സാരമില്ല. തുടൎന്നുകൊള്ളു.

ചക്കി: ഈ ന്യായാധിപൻതന്നെയാകട്ടെ. ആ വിചാരണ ക്കിടയിൽ നിങ്ങഠം എന്താണാലോചിച്ചുകൊണ്ടിരുന്നതു് ?

ജഡ്ജി: വളരെ പ്രധാനപ്പെട്ട ഒരു കാൎയ്യമാണു്. കുടവയറൻ എന്ന വാക്കിനു് കൊടന്ത എന്നും അൎത്ഥമുണ്ടു്. കൊടന്ത പ്രയോഗം ശരിയാകാൻ മാൎഗ്ഗമില്ല. അമ്പർലാസ്റ്റൊമക്കൻ എന്നല്ലേ മൂലധാതു. അങ്ങനെ വരുമ്പോഠം കൊടന്തയാവില്ല. കുടന്തയാണു്. കുട + ന്ത = കുടന്ത. ഏ ?

ഗുരു: ശരിശരി. സീതാദേവിക്കുട, അല്പാക്കുകുട, ഓലക്കുട, പച്ചമത്തി, കുമ്പളങ്ങാ, അദ്വൈതം, കുന്തപ്പയററു്. കേട്ടില്ലേ ഒരു കൊലക്കേസിൻെറ വിചാരണക്കിടയിൽ അയാഠം ആലോചിച്ചുകൊണ്ടിരുന്ന വിഷയം. കുമാരി ചക്കീ, ആ മനുഷ്യനെ വിസ്തരിച്ചതുകൊണ്ടു് എന്തു ഗുണമാണുണ്ടാകാൻ പോകുന്നതെന്നെനിക്കു നിശ്ചയമില്ല.

(ഇതിനിടയിൽ പോലീസുകാർ രണ്ടുപേരുംകൂടി ശിഷ്യനെ പിടികൂടി കോടതിമുമ്പാകെ ഹാജരാക്കുന്നു. അയാഠം 'വിടു് വിടു്' എന്നു പറയുന്നുണ്ടു്.)

516: ഉത്തരവു്.

ഗുരു: ഉത്തരവെന്താണു് ?

516: ഈയാളും ഈ കേസിൽ പ്രതിയാണു്.

ഗുരു: അയാഠം എന്തുചെയ്തു ?

516: അയാഠം ഇതുകൊണ്ടു മുതലെടുക്കുകയായിരുന്നു.

ഗുരു: എങ്ങനെ ?

516: അയാഠം ഇതിൻെറ റിപ്പോർട്ടെഴുതി കാശു മേടിച്ചു.

ഗുരു: അതു ഞാൻ നോക്കിക്കൊള്ളാം. അയാളെ വിടു്.

(പോലീസുകാർ മാറിനിന്നു് കുശുകുശുക്കുന്നു)

ശിഷ്യൻ: സാർ, ഇതെന്തു കുഴഞ്ഞ കേസാണു് ?

ഗുരു: പിന്നെ കൊലക്കേസെല്ലാം അങ്കം രംഗം മുതലായവ അനുസരിച്ചല്ലേ നടത്തുന്നതു് !

ശിഷ്യൻ: ഇത്തരത്തിലൊരു കഥ ലോകത്തിലെവിടെയെങ്കിലുമുണ്ടോ സാറെ ?

ഗുരു: എടോ, അഞ്ചു കാൎയ്യം പറയാം. ഒന്നു് നീയൊരു കഴുതയാണു്. രണ്ടു് എൻെറ സൃഷ്ടികളുടെ മുൻപിൽവെച്ചു് എനിക്കെതിരു പറയരുതു്. മൂന്നു് നടക്കാവുന്ന കഥകളുടെ കാററു് ലോഗു് നിൻെറ കൈയിലില്ല. അഞ്ചു്...

ശിഷ്യൻ: നാലു് വിട്ടുപോയി.

ഗുരു: നാലു്. ഞാൻ പറയുന്നതിനിടയിൽ കടന്നു പറയരുതു്. അഞ്ചു്. ഈ കഥ നടക്കാൻവേണ്ടിയുണ്ടാക്കിയതല്ല.

ശിഷ്യൻ: കഥയെല്ലാം കഴിഞ്ഞോ ?

ഗുരു: ആരുടെ ?

ശിഷ്യൻ: സാറിൻെറ...എന്നുവച്ചാൽ സാറുണ്ടാക്കിയതു്.

ഗുരു: താനെന്താണരുട്ടിക്കൊണ്ടുവരുന്നതു് ?

ശിഷ്യൻ: ഒരു പ്രേതം.

ഗുരു: (ഭയപ്പെട്ടു്) പ്രേതമോ ?

ശിഷ്യൻ: അതെ, പ്രേതം.

ഗുരു: (ചാടി എണീക്കുന്നു. കോടതിയിൽ അമ്പരപ്പു്) എവിടെ ?

ശിഷ്യൻ: സാറു പേടിക്കേണ്ട. ഈ നാടകത്തിൽ ഒരു പ്രേതമില്ല. അതൊരു കുറവാണു്. ഹാംലെററിൽ പ്രേതമുണ്ടു്. ഇബ്സനു് ഡസൻകണക്കിൽ പ്രേതങ്ങളുണ്ടു്. അങ്ങനെ എല്ലായിടത്തും. നമുക്കുമാത്രം ഒരു പ്രേതമില്ല. ഇവിടെയാണെങ്കിൽ മക്കോസിൻെറ പ്രേതം അങ്ങനെ ഉടമസ്ഥനില്ലാതെ ഉഴപ്പി നടക്കുകയാണു്. അയാളുടെ വ്യൂപോയിൻറും ഒന്നറിയണ്ടേ ?

ഗുരു: നിവൃത്തിയില്ല. അയാൾക്കു് വ്യൂപോയിൻേറയില്ല.

ശിഷ്യൻ: ആരെയെങ്കിലും മക്കോസിൻെറ പ്രേതം ബാധിക്കാൻ ഏൎപ്പാടു ചെയ്തുകൂടേ ?

ഗുരു: രക്ഷയില്ല. ഇപ്പോഴത്തെ മനുഷ്യരെ പ്രേതങ്ങൾക്കു പേടിയാണു്.

ശിഷ്യൻ: അതു വലിയ കഷ്ടമായല്ലോ. കഥയാണെങ്കിൽ കോമഡിയുമല്ല ട്രാജഡിയുമല്ല !

ഗുരു: ഒന്നുകിൽ കഥകളെല്ലാം ആയുരാരോഗ്യസന്താനസമ്പൽസമൃദ്ധിയോടുകൂടി ചിരകാലം വാഴണം. അല്ലെങ്കിൽ നായകനും നായികയും സ്റ്റേജു്മാനേജരും എല്ലാം ഒന്നടങ്കം കുത്തിച്ചാവണം.

സ്റ്റേജു്മാനേജർ: (പ്രവേശിച്ചു്) സാറെ, നാടകത്തിൻെറയിടയിൽ അതുമിതും പറയരുതേ. സദസ്യർ കേൾക്കും.

ഗുരു: അതിനുതന്നെയാണു പറയുന്നതു്. താൻ വിചാരിച്ചിരിക്കുന്നതു് സദസ്യരില്ലാതെയാണു നാടകം കളിക്കുന്നതെ

ന്നാണ്. അവരില്ലെങ്കിൽ എന്തിനാടോ ഈ പാടൊക്കെ പെടുന്നതു് ?

സ്റ്റേജ്മാനേജർ: സമ്മതിച്ചു, സമ്മതിച്ചു. ഇനിയെങ്കിലും നിറുത്തു്. ഞാൻ പോയേക്കാം. ഈശ്വരാ! എന്തൊരു ലാത്തി!

(പോകുന്നു)

ശിഷ്യൻ: ഗുരോ!

ഗുരു: എന്തോ!

ശിഷ്യൻ: പ്രേതം!

ഗുരു: പ്രേതത്തെ തരാൻ നിവൃത്തിയില്ല. മരിക്കാത്തവൻെറ പ്രേതമെങ്ങനെ തരും? (ഉച്ചത്തിൽ) മക്കോസ്! (മക്കോസ് പ്രവേശിക്കുന്നു. എല്ലാവരും അമ്പരക്കുന്നു. ജഡ്ജിയോടു്) ഇയാളെ കൊന്നതിനല്ലേ നിങ്ങരം മററൊരുത്തനെ കൊല്ലാൻ പോയതു്? (കസേരയിൽനിന്നു താഴെയിറങ്ങിവന്നു് ശിഷ്യനോടു്) നീ ഇയാളെയുംകൊണ്ടു് ഇയാളുടെ വീട്ടിൽ പോകണം. എനിക്കു് അത്യാവശ്യമായി മററൊരുവഴി പോകാനുണ്ടു്. (സദസ്സിനോടു്) നിങ്ങരംക്കു വല്ല സംശയവുമുണ്ടെങ്കിൽ ഈ ക്ലൂശ്മാണ്ഡവിസ്റ്റിയോടു ചോദിച്ചുകൊള്ളു. അയാളെ ഞാൻ എൻെറ അനന്തരാവകാശിയായി അഭിഷേകം ചെയ്തുകൊള്ളുന്നു. (താടി പറിച്ചു ശിഷ്യനു കൊടുക്കുന്നു) എല്ലാവക്കും കാര്യമെല്ലാം മനസ്സിലായോ?

എല്ലാവരും: മനസ്സിലായി.

ഗുരു: എങ്കിൽ എൻെറ ശ്രമം മുഴുവനും പരാജയപ്പെട്ടു. സലാം! (പോകുന്നു)

ശിഷ്യൻ: എല്ലാവരും പോകിൻ! (മക്കോസൊഴിച്ചു് എല്ലാവരും പോകുന്നു) താനെന്തൊരു ദുഷ്ടനാണ്.

മക്കോസ്: അവൻ ചാവുമെന്നു ഞാനറിഞ്ഞോ? അവനു് നാലിടി വാങ്ങിച്ചുകൊടുക്കണമെന്നുണ്ടായിരുന്നു.

ശിഷ്യൻ: അതിനു് ഒരുത്തനെ തൂക്കണോ?

മക്കോസ്: അതിനു ഞാനാണോ ഉത്തരവാദി? ചൂളേലു് വീണാൽ പുകഞ്ഞുപോകാൻ ഞാനെന്നാ വെണ്ണയാണോ?

ശിഷ്യൻ: ഏതായാലും വരു. തന്നെ വീട്ടിൽ കൊണ്ടാക്കേണ്ട ചുമതല എനിക്കാണ്.

(രണ്ടുപേരും പോകുന്നു. അല്പം കഴിഞ്ഞു് രണ്ടു പോലീസുകാർ പാത്തും പതുങ്ങിയും പ്രവേശിച്ചു് എല്ലാ സ്ഥലവും പരിശോധിക്കുന്നു)

303: അവൻ കടന്നുകളഞ്ഞു.

516; കിട്ടും അവനെ. അന്നു കൊടുത്തോളാം—അല്പം ലേഹ്യം.

303; ചത്തെന്നുംപറഞ്ഞു് ഒളിച്ചോടുക!

516: ആദ്യം ഞാൻ വിചാരിച്ചു പ്രേതമാണെന്നു്.
303: ഇനി പ്രേതംതന്നെയാണോ ?
516: ഏ ?

(രണ്ടുപേരും ഭയന്നു നിലത്തിരിക്കുന്നു)

(കർട്ടൻ)

രംഗം പതിനൊന്നു്

[മക്കോസിൻെറ ഗൃഹം. കിഴവനും എറുപ്പുക്കായും ഇരിക്കുന്നു. ശാസ്ത്രി പ്രവേശിക്കുന്നു]

കിഴവൻ: സാറെന്താ വന്നതു് ?

ശാസ്ത്രി: സഹൃദയഹൃദയാഹ്ലാദകരമായ ഒരു വൎത്തമാനം.

എറുപ്പുക്കാ: ഉം ?

ശാസ്ത്രി: മുതലാളി നിങ്ങൾക്കൊരു പാരിതോഷികം തരാൻ തീരുമാനിച്ചിട്ടുണ്ടു്.

കിഴവൻ: എന്നുവെച്ചാലെന്നാ സാറേ ?

ശാസ്ത്രി: മക്കോസു് ഇത്രയുംകാലം അദ്ദേഹത്തെ സേവിച്ചതല്ലേ ? അതുകൊണ്ടു നിങ്ങളുടെ ഒക്കെ രക്ഷയ്ക്കുവേണ്ടി അല്പം...

കിഴവൻ: (ചാടി എണീറ്റു്) ശുഭോ !

ശാസ്ത്രി: അതെ. ധനം. പക്ഷേ, ഒരു കാൎയ്യം മുഖവുരയായി പറയേണ്ടതുണ്ടു്. ഈ പണത്തിനു നിങ്ങൾക്കു് അവകാശമൊന്നുമില്ല. മക്കോസു് തൻെറ ജോലിക്കിടയിൽ വീണതല്ല. കൊലപാതകമാണു്.

എറുപ്പുക്കാ: എത്രയൊണ്ടു് ?

ശാസ്ത്രി: നൂറുരൂപാ.

കിഴവൻ: എവടെ ?

ശാസ്ത്രി: വരട്ടെ. വരട്ടെ. അതിനിടയിൽ ഒരു പ്രതിസന്ധിഘട്ടം ഉത്ഭവിച്ചു. കുറേ മേൽവിലാസമില്ലാത്ത ചെറുപ്പക്കാർ അവിടെ ആവിർഭവിച്ചു. ആയിരം രൂപാ കൊടുക്കണമെന്ന വാദം അവർ മുന്നോട്ടുവച്ചു.

എറുപ്പുക്കാ: ആരാണതു്, മുടിഞ്ഞുപോകാൻ.

കിഴവൻ: അവക്കു കൊടുക്കണമെന്നോ ?

ശാസ്ത്രി: അല്ല. അല്ല. അവൎക്കു കൊടുക്കണമെന്നല്ല. നിങ്ങൾക്കു തരണമെന്നു്.

എറുപ്പക്കാ: അതിനു് അവൻെറയൊക്കെ തന്തയാണോ ചത്തതു് ?

ശാസ്ത്രി: അതുതന്നെയാണു ഞാനും ചോദിക്കുന്നതു്. ഉള്ളതു കൂടി ഇല്ലാതാക്കാനുള്ള മാർഗ്ഗം. എങ്കിലും ശ്രീമതിയുടെ ഭാഷ കുറേക്കൂടി പാർലമെൻററിയായിരുന്നാൽ കൊള്ളാമെന്നു് ഒരപേക്ഷ.

കിഴവൻ: അവരിങ്ങനെ ചത്തേടത്തെല്ലാം പോകുവോ ?

എറുപ്പക്കാ: ഞങ്ങളിപ്പ എന്നാ ചെയ്യണം ?

കിഴവൻ: എടീ ഇതിലേതാണ്ടു കളിയൊണ്ടു്. ഞാമ്പോയി അന്വേഷിച്ചേച്ചു വരാം.

ശാസ്ത്രി: അതൊന്നും വേണ്ട. (ഒരു കടലാസ്സെടുത്തു നീട്ടി) ഇതാ, ഇതിലൊരു ഹസ്തമുദ്ര പതിക്കമാത്രമേ വേണ്ടു. പണം ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. ഇതാ. ഒപ്പു്. ഒപ്പു്.

എറുപ്പക്കാ: ഞങ്ങക്കു് രണ്ടായിരം രൂപാ കിട്ടണം.

ശാസ്ത്രി: എന്തു് ? രണ്ടായിരം രൂപായോ ? ഇതു് നഷ്ടപരിഹാരത്തുകയൊന്നുമല്ലെന്നു മനസ്സിലായില്ലേ ? മുതലാളിയുടെ ഹൃദയാലുത്തംകൊണ്ടു തരുന്നതാണു്.

എറുപ്പക്കാ: അതീക്കൊറച്ചു് എനിക്കു വേണ്ട.

ശാസ്ത്രി: ഒരു ദമ്പിടിയെങ്കിലും തരാൻ ഭാവമില്ലെങ്കിലോ ?

(ശാസ്ത്രി പോകുന്നു)

കിഴവൻ: സാറേ, സാറേ. ദാ അയാളു പോയി. എന്തിനാടീ അയാളെ പെണക്കിവിട്ടതു് ? നിനക്കു വേണ്ടെങ്കി ഞാമ്മേടിച്ചോളാം.

എറുപ്പക്കാ: കിട്ടുങ്കിപ്പോയി മേടിച്ചോ.

കിഴവൻ: എടീ, കിട്ടീതു മേടിക്കാമ്മേലാന്നോ ? പിന്നെപ്പോരെന്നു പറയാമ്മേലേ ? ഏതായാലും ഞാനൊരുകൈ നോക്കട്ടെ.

(വടിയുംകുത്തി എഴുന്നേൽക്കുന്നു)

എറുപ്പക്കാ: അതീന്നിപ്പ കറപ്പു് മേടിക്കും !

കിഴവൻ: നീ മുടിഞ്ഞുപോവുമെടീ ! (ചക്കി കയറിവരുന്നു) അല്ലങ്കി ഞാനിപ്പ പോണില്ല. കേട്ടോ ചക്കിച്ചോത്തീ, ഒന്നു പറഞ്ഞേ, ആ മനുഷേൻ...

ചക്കി: ശ്ശ്. ആരാണ്ടൊക്കെ ഇങ്ങോട്ടു വരണൊണ്ടു്. ഒന്നു മിണ്ടാണ്ടിരി.

(ഇതിനിടയിൽ ശാസ്ത്രിയും ശിഷ്യനും സ്റ്റേജിൻെറ മുൻഭാഗത്തു വന്നു് എന്തോ രഹസ്യം പറയുന്നു. ശാസ്ത്രി സമ്മതഭാവത്തിൽ തലകുലുക്കി എറുപ്പക്കായുടെ അടുത്തെത്തുന്നു)

ശാസ്ത്രി: ശ്രീമതി എറുപ്പക്കാ, ആയിരംരൂപാ തരാം. സമ്മതമാണോ ? (എറുപ്പക്കാ സമ്മതംമൂളുന്നു) പക്ഷേ, അതിനു മുമ്പായി നിങ്ങളുടെ അവകാശത്തക്കം ഒന്നു തീരണം.

കിഴവൻ: ഒപ്പം പങ്കിടാന്നാണ ഞാമ്പറയണത്ു്.

എറുപ്പുക്കാ: സാധിക്കുല്ല. ഒററക്കാശു ഞാന്തരുല്ല.

കിഴവൻ: എങ്കി നീ ഇന്നു കാശു വാങ്ങിക്കുകേമില്ല.

എറുപ്പുക്കാ: ഞാനൊപ്പിട്ടുല്ല.

ശാസ്ത്രി: നിങ്ങരം ഇങ്ങനെ കലഹിച്ചാൽ ഈയുള്ളവൻ എന്തു ചെയ്യും ?

എറുപ്പുക്കാ: നിങ്ങളാ കാശിങ്ങ് തന്നേച്ചു പോണൊണ്ടോ മനുഷേനെ ?

ശാസ്ത്രി: ഛെ ! ശണ്ഠയാണ സകല മനുഷ്യദുരിതങ്ങരംക്കും മൂലകാരണം. സമാധാനം വിജയിപ്പതാക !

എറുപ്പുക്കാ: ഞാമ്മരിച്ചോൻെറ കെട്ടിയോളാണോ ?

ശാസ്ത്രി: ആയിരിക്കാം. ആയിരിക്കാം. എങ്കിലും...

കിഴവൻ: ഹും ! മരിച്ചവനെ ജനിപ്പിച്ചവനിവിടെ ഇരിക്കു മ്പഴാ അവൻെറ കെട്ടിയോളു്.

എറുപ്പുക്കാ: നരച്ചാലും മയ്യാദയില്ല.

കിഴവൻ: അവളെന്നെക്കൊണ്ടു പറയിക്കും......എടീ, നീ വിരിച്ച പായേ കെടക്കാഞ്ഞിട്ടല്ലേ അവൻ ചത്തത്ു് ?

എറുപ്പുക്കാ: മൂത്തുക്കായാലെന്തും പറയാമെന്നാരിക്കും. വെറുതേ മിണ്ടാണ്ടിരുന്നില്ലെങ്കിൽ എൻെറടുക്കേന്നു കേക്കും നല്ലത്ു്.

ശാസ്ത്രി: ശാന്തി ! ശാന്തി ! നിങ്ങരം ഇങ്ങനെ കലഹി ക്കാതെ എന്തെങ്കിലുമൊരു തീരുമാനമെടുത്തേ കഴിയൂ.

എറുപ്പുക്കാ: എന്തു തീരുമാനം ?

കിഴവൻ: നീ ഇങ്ങനെ കലഹിക്കാതെ അങ്ങേരു പറേണതു കേളു്.

ശാസ്ത്രി: ഈശ്വരാ !

ശിഷ്യൻ: (പ്രവേശിച്ച്) ശ്രീമതി എറുപ്പുക്കാ, ഞാനിതിനു് ഒരു വഴിയുണ്ടാക്കിത്തരാം.

എറുപ്പുക്കാ: തന്നെയാരാ ഇങ്ങോട്ടു ക്ഷണിച്ചത്ു് ?

ശിഷ്യൻ: ദാ അയാളാണു്. (ചൂണ്ടുന്നു. മക്കോസ് പ്രവേശിക്കുന്നു)

ചക്കി: പ്രേതം ! (എല്ലാവക്കും ഭയം)

മക്കോസ്: നിൻെറയൊക്കെ തന്തയാ പ്രേതം.

എറുപ്പുക്കാ: പിന്നെ ഒണ്ടല്ലോ—എൻെറ മാപ്പളേനെ പ്രേതോ ന്നു വിളിച്ചാലൊണ്ടല്ലോ.

മക്കോസ്: (എറുപ്പുക്കായുടെ അടുത്തെത്തി) വിളിച്ചാൽ അവൻെറ യൊക്കെ തലയ്ക്കു് ഞാനിങ്ങനെ ഇടിക്കും.

എറുപ്പുക്കാ: അയ്യോ !

കിഴവൻ: എൻെറ മോനേ, നീ എങ്ങനെയാടാ ഉയത്ത്ു്.

മക്കോസ്: ബസ്സുവഴി.

ശാസ്ത്രി: അപ്പോറം ഈ സഖാവല്ലേ കൊല്ലറപ്പെട്ടുവെന്നു വ്യവഹരിക്കപ്പെട്ടിരുന്നതു്.

മക്ക്ോസ്: ആ പട്ടി എൻെറ കരണക്കററിക്കു് അടിച്ചു. ഞാൻ ചൂളേടെ താഴെ വീണു. അവൻ ചൂളേലേക്കു നോക്കി നിന്നു. നല്ല ഇരുട്ടല്ലേ. ഇനിക്കൊരു പണി തോന്നി. ഞാൻ വയനാട്ടിനും പോയി. അവനെ തൂക്കിക്കഴിഞ്ഞു വരാമെന്നുവച്ചു.

ശാസ്ത്രി: ഇല്ല. ആ സഖാവു് കാരാഗാരത്തിൻെറ ഇരുമ്പഴികറംക്കുള്ളിൽ കിടന്നു മരിച്ചു. ഏതായാലും മുതലാളിക്കു് ആയിരം രൂപ ലാഭം. നമസ്തേ ! ഞാൻ പോകട്ടെ.

മക്ക്ോസ്: ആയിരം രൂപയോ ? ഏ ! എന്തുരൂപാ ?

ശാസ്ത്രി: അതു മററൊരു വിഷയം.

ഏററപ്പുക്കാ: (ശാസ്ത്രിയോട്) കൊറച്ചെങ്കിലും കിട്ടൂല്ലേ സാറേ !

ശാസ്ത്രി: പരിശ്രമിക്കുക. പരിശ്രമിക്കുക.

മക്ക്ോസ്: (ചാടി ഏററപ്പുക്കായുടെ കൈയ്യു പിടിച്ച്) എന്തു രൂപായാടീ ? പറ. ഉം.

ശിഷ്യൻ: എയ് നിറുത്തു് നിറുത്തു്. തൻെറ ഭാഗം കഴിഞ്ഞു. ഇനി തനിക്കു പോകാം.

മക്ക്ോസ്: എന്നോടു നിറുത്താൻ പറയാൻ താനാരാ ? പോകണംപോലും. ഇതെൻെറ വീടാണു്.

ശിഷ്യൻ: സഖാവേ, ഇതൊരു സ്റ്റേജാണു്. തനിക്കു് അഭിനയിക്കാനുള്ളതു കഴിഞ്ഞു. അതുകൊണ്ടു തന്നോടു പോകാനാണു പറഞ്ഞതു്.

മക്ക്ോസ്: ഇല്ല. എനിക്കു കുറച്ചുകൂടി അഭിനയിക്കണം. ഞാൻ പോവൂല്ല.

ശിഷ്യൻ: മാന്യസഭാവസികളേ ! കാര്യം കുഴഞ്ഞല്ലോ. നാടകം തുടങ്ങിയപ്പോറം ഇയാറംക്കു ജീവനില്ലായിരുന്നു. കരുണ വിചാരിച്ചു് ഇയാളെ ഉയർപ്പിച്ചതാണു്. എന്നിട്ടിപ്പോറം എതിർക്കാൻ തുടങ്ങിയിരിക്കയാണു്. അതുകൊണ്ടു ബാക്കി കഥ...

സ്റ്റേജുമാനേജർ: (പ്രവേശിച്ച്) എല്ലാവരും പൗഡർ കഴുകിക്കളഞ്ഞു സ്ഥലംവിട്ടു. ഇനിയും ചത്തവരൊക്കെ ഉയക്കുന്നതിനുമുമ്പു കഥ നിറുത്താം.

ശിഷ്യൻ: ഓ. ശരി. നമസ്കാരം. കർട്ടൻ !

(വീഴുന്നതു് മുൻകർട്ടനാണു്)

കഥ കഴിഞ്ഞു

നി.ന്ദു. ശോഭന്

Indic Digital Archive Foundation
gpura.org